# ശ്രീമദ്വാല്മീകിരാമായണം

## കിഷ്കിന്ധാകാണ്ഡം

(അന്വയക്രമഭാഷാവ്യാഖ്യാനസഹിതം).

***Dharmalaya Edition.***


വ്യാഖ്യാതാവ്:

ബ്രഹ്മശ്രീ ജി. എസ്സ്. ശ്രീനിവാസയ്യർ, ബി. എ., എൽ. ടി.

ഹെഡ്മാസ്റ്റർ, ഹൈസ്കൂൾ, ആലത്തൂർ.



Published with the aid of

Sri M. N. RAMASWAMY IYER,

BANKER

By

R. SUBRAHMANYA VADHYAR & SONS,

BOOK-SELLERS & PUBLISHERS,

KALPATHI-PALGHAT

Price Rs. 5] 1940

*Printed at*
*THE SCHOLAR PRESS,*
*PALGHAT*
*31st May 1940*

# വിഷയാനുക്രമണിക.


| സൎഗ്ഗം | വിഷയം | ശ്ലോകസംഖ്യ | ഭാഗം |
|---|---|---|---|
| 1. | പമ്പാസരസ്സിന്റെ വൎണ്ണന | 150 | 2 |
| 2. | ശ്രീരാമന്റെ അടുക്കൽ ഹനുമാനെ പറഞ്ഞയക്കുന്നത്. | 29 | 37 |
| 3. | ഹനുമാൻ സുഗ്രീവനെക്കുറിച്ച് അറിയിക്കുന്നത് | 40 | 44 |
| 4. | ശ്രീരാമലക്ഷ്മണന്മാർ സുഗ്രീവന്റെ അടുക്കൽ എഴുന്നെള്ളുന്നത് | 35 | 55 |
| 5. | ശ്രീരാമസുഗ്രീവന്മാർ തമ്മിൽ സഖ്യംചെയ്യുന്നത് | 33 | 63 |
| 6. | സീതയുടെ ആഭരണങ്ങളെ കണ്ട് ശ്രീരാമൻ പ്രലപിക്കുന്നത് | 27 | 71 |
| 7. | സുഗ്രീവൻ ശ്രീരാമനെ ആശ്വസിപ്പിക്കുന്നത് | 25 | 78 |
| 8. | ബാലിവധത്തെ പ്രതിജ്ഞചെയ്യുന്നത് | 46 | 85 |
| | 13-ാംദിവസം കിഷ്കിന്ധാകാണ്ഡത്തിൽ ഗാനംചെയ്ത ശ്ലോകസംഖ്യ | 385 | |
| 9. | മായാവിയെ വധിച്ച കഥ | 27 | 97 |
| 10. | സുഗ്രീവനെ രാജ്യത്തിൽനിന്ന് ആട്ടിപ്പായിക്കുന്നത് | 36 | 103 |
| 11. | ബാലിയുടെ പരാക്രമത്തെ വൎണ്ണിക്കുന്നത് | 95 | 112 |
| 12. | സുഗ്രീവന്ന് വിശ്വാസം വരുത്തുന്നത് | 44 | 134 |
| 13. | സപ്തജനരെന്ന മഹൎഷികളുടെ ആശ്രമത്തെ സന്ദൎശിക്കുന്നത് | 30 | 145 |
| 14. | യുദ്ധത്തിന്നായി ബാലിയെ വിളിക്കുന്നത് | 23 | 151 |
| 15. | താരയുടെ ഉപദേശം | 31 | 157 |
| 16. | ബാലിയുടെ വധം | 40 | 166 |
| 17. | ബാലി ശ്രീരാമനെ നിന്ദിക്കുന്നത് | 54 | 176 |
| 18. | ബാലിവധത്തെ സാധൂകരിക്കുന്നത് | 69 | 190 |
| 19. | പോൎക്കളത്തിൽ താര എത്തുന്നതു് | 29 | 208 |
| 20. | താരയുടെ വിലാപം | 27 | 215 |
| 21. | ഹനുമാൻ താരയെ സമാധാനിപ്പിക്കുന്നതു് | 16 | 222 |
| 22. | ബാലി പ്രാണൻ വെടിയുന്നത് | 33 | 226 |
| 23. | താര വീണ്ടും പ്രലപിക്കുന്നത് | 31 | 235 |
| 24. | ശ്രീരാമൻ താരയെ സമാധാനിപ്പിക്കുന്നതു് | 45 | 243 |
| 25. | ബാലിയെ സംസ്കരിക്കുന്നതു് | 54 | 261 |
| 26. | സുഗ്രീവന്റേയും അംഗദന്റേയും പട്ടാഭിഷേകം | 42 | 273 |
| 27. | പ്രസ്രവണമെന്ന ഒതുക്കിൽ വസിക്കുന്നതു് | 48 | 283 |
| 28. | വൎഷകാലവൎണ്ണന | 67 | 294 |
| 29. | ഹനുമാൻ സുഗ്രീവനെ ഓൎമ്മപ്പെടുത്തുന്നതു് | 35 | 312 |
| | 14-ാംദിവസം ഗാനംചെയ്ത ശ്ലോകസംഖ്യ | 876 | |
| 30. | ശരത്കാലവൎണ്ണന | 85 | 323 |
| 31. | ലക്ഷ്മണന്റെ വരവിനെ അംഗദൻ അറിയിക്കുന്നതു് | 57 | 347 |
| 32. | ഹനുമാൻ ലക്ഷ്മണനെ സമാധാനിപ്പിപ്പാനായി പറയുന്നതു് | 22 | 361 |
| 33. | താര ലക്ഷ്മണനെ സമാധാനിപ്പിക്കുന്നതു് | 66 | 367 |

| സൎഗ്ഗം | വിഷയം | ശ്ലോകസംഖ്യ. | | ഭാഗം |
|---|---|---|---|---|
| 34. | സുഗ്രീവനെ ഭയപ്പെടുത്തുന്നതു് | 19 | | 384 |
| 35. | താര ലക്ഷ്മണനെ വീണ്ടും സമാധാനിപ്പിക്കുന്നതു് | 24 | | 389 |
| 36. | സുഗ്രീവൻ ലക്ഷ്മണനെ പ്രസാദിപ്പിക്കുന്നതു് | 20 | | 395 |
| 37. | വാനരസൈന്യങ്ങളുടെ വരവു് | 37 | | 400 |
| 38. | സുഗ്രീവൻ ശ്രീരാമന്റെ അടുക്കൽ ചെല്ലുന്നതു് | 34 | | 408 |
| 39. | വാനരസേനകളുടെ സംഖ്യയെപ്പററി പറയുന്നതു് | 44 | | 416 |
| 40. | കിഴക്കുദിക്കിലേക്കു് വിനതനെ പറഞ്ഞയക്കുന്നതു് | 32 | | 425 |
| 41. | തെക്കുദിക്കിലേക്കു് ഹനുമാനെ പറഞ്ഞയക്കുന്നതു് | 52 | | 441 |
| 42. | പടിഞ്ഞാറെദിക്കിലേക്കു് സുഷേണനെ പറഞ്ഞയക്കുന്നതു് | 59 | | 453 |
| 43. | കിഴക്കോട്ടു് ശതബലിയെ പറഞ്ഞയക്കുന്നതു് | 65 | | 467 |
| 44. | ഹനുമാന്റെ വശം മുദ്രമോതിരത്തെ ഏല്പിക്കുന്നതു് | 17 | | 480 |
| 45. | സീതയെ തിരയുവാനായി വാനരസൈന്യം പുറപ്പെടുന്നതു് | 17 | | 485 |
| 46. | സുഗ്രീവൻ ഭൂഗോളവിജ്ഞാനകാരണത്തെപ്പററി പറയുന്നതു് | 26 | | 489 |
| 47. | മൂന്നു വാനരസേനകൾ മടങ്ങുന്നതു് | 25 | | 494 |
| 48. | വിന്ധ്യന്റെ ഗുഹകളിൽ സീതയെ തേടുന്നതു് | 25 | | 497 |
| 49. | വാനരന്മാർ രജതമല മുതലായവയിൽ തിരയുന്നതു് | 22 | | 503 |
| 50. | ഋക്ഷബിലത്തിൽ പ്രവേശിക്കുന്നതു് | 41 | | 508 |
| | 15-ാംദിവസം ഗാനംചെയ്ത ശ്ലോകസംഖ്യ | | 817 | |
| 51. | സ്വയംപ്രഭ ചെയ്ത അതിഥിസത്കാരം | 19 | | 517 |
| 52. | ഗുഹയിൽ കടപ്പാനുള്ള കാരണംപറയുന്നതു് | 20 | | 521 |
| 53. | പ്രായോപവേശം ചെയ്വാൻ തീൎച്ചപ്പെടുത്തുന്നതു് | 40 | | 526 |
| 54. | ഹനുമാൻ അംഗദനെ ഭയപ്പെടുത്തുന്നതു് | 22 | | 536 |
| 55. | വാനരന്മാർ പ്രായോപവേശം ചെയ്യുന്നതു് | 24 | | 543 |
| 56. | അംഗദനും സമ്പാതിയും തമ്മിൽ സംഭാഷണം ചെയ്യുന്നതു് | 25 | | 548 |
| 57. | ശ്രീരാമന്റെ ചരിത്രത്തെ മുഴുവൻ പറയുന്നതു് | 20 | | 554 |
| 58. | ലങ്കയിൽ സീതയിരിക്കുന്നതിനെ പറഞ്ഞുകൊടുക്കുന്നതു് | 37 | | 558 |
| 59 | സുപാൎശ്വൻ പറഞ്ഞതിനെ കഥിക്കുന്നതു് | 30 | | 567 |
| 60. | സമ്പാതി തന്റെ ചരിത്രത്തെ കഥിക്കുന്നതു് | 21 | | 574 |
| 61. | തന്റെ ചിറകുകൾ കരിഞ്ഞ കാരണത്തെപ്പററി പറയുന്നതു് | 17 | | 578 |
| 62. | ചിറകുമുളപ്പാനുള്ള സമയത്തെപ്പററി പറയുന്നതു് | 16 | | 582 |
| 63. | സമ്പാതിക്കു് ചിറകുമുളയ്ക്കുന്നതും വാനരന്മാർ പുറപ്പെടുന്നതും | 16 | | 586 |
| 64. | സമുദ്രത്തെ തരണംചെയ്വാൻ ആലോചിക്കുന്നതു് | 25 | | 590 |
| 65. | അവനവന്റെ ശക്തിയെപ്പററി പറയുന്നതു് | 35 | | 595 |
| 66. | സമുദ്രലംഘനത്തിന്നു് ജാംബവാൻ ഹനുമാനെ പ്രേരിപ്പിക്കുന്നതു് | 40 | | 604 |
| 67. | ഹനുമാൻ മഹേന്ദ്രശിഖരത്തിൽ കയറുന്നതു് | 53 | | 612 |
| | 16-ാംദിവസം കിഷ്കിന്ധാകാണ്ഡത്തിൽ ഗാനംചെയ്ത ശ്ലോകസംഖ്യ | | 460 | |
| | | | 2538 | |

# ശ്രീമത് കിഷ്കിന്ധാകാണ്ഡസ്യ അംഗന്യാസാദി മന്ത്രാഃ.

അസ്യ ശ്രീ കിഷ്കിന്ധാകാണ്ഡ മഹാമന്ത്രസ്യ അഗസ്ത്യഋഷിഃ, അനുഷ്ടുപ് ഛന്ദഃ, സുഗ്രീവോ ദേവതാ-സും ബീജം-നമഃ ശക്തിഃ-സുഗ്രീവായേതി കീലകം-സുഗ്രീവസഹിതശ്രീരാമചന്ദ്രപ്രീത്യർത്ഥേ ജപേ വിനിയോഗഃ.

'സുഗ്രീവഃ' അംഗുഷ്ഠാഭ്യാം നമഃ; 'സൂര്യതനയഃ' തർജ്ജനീഭ്യാം നമഃ; 'സർവ്വവാനരപുംഗവഃ' മദ്ധ്യമാഭ്യാം നമഃ; 'ബലവാൻ' അനാമികാഭ്യാം നമഃ; 'രാഘവസഖഃ' കനിഷ്ഠികാഭ്യാം നമഃ; 'മാം പായാത് കരുണാനിധിഃ' കരതലകരപൃഷ്ഠാഭ്യാം നമഃ

'സുഗ്രീവഃ' ഹൃദയായ നമഃ; 'സൂര്യതനയഃ' ശിരസേ സ്വാഹാ; 'സർവ്വവാനരപുംഗവഃ' ശിഖായൈവഷട്; 'ബലവാൻ' കവചായ ഹും; 'രാഘവസഖഃ' നേത്രത്രയായവൌഷട്; 'മാം പായാത് കരുണാനിധിഃ' അസ്ത്രായഫട്; ഓം ഭൂർഭുവസ്സുവരോം ഇതി ദിഗ്ബന്ധഃ.

ധ്യാനം:— സുഗ്രീവമർക്കതനയം കപിവര്യവന്ദ്യം
ആരാധിതാച്യുതപദാംബുജമാദരേണ
ദൈത്യപ്രഹാരകുശലം ബലപൌരുഷാഢ്യം
ഐശ്വര്യദാനനിപുണം ഹൃദി ഭാവയാമി.
സുഗ്രീവാദിയുതം രാമം ശൈലകൂടകൃതാലയം
മഹേശ്വരസമം ധ്യായേത് കിഷ്കിന്ധാകാണ്ഡ ഉത്തമേ.

അഥ പഞ്ചോപചാരാഃ —

ലം പൃഥിവ്യാത്മനേ ഗന്ധാൻ കല്പയാമി. ഹം ആകാശാത്മനേ പുഷ്പാണി സമർപ്പയാമി യം വായ്വാത്മനേ ധൂപമാഘ്രാപയാമി. രം വഹ്ന്യാത്മനേ ദീപം ദർശയാമി വം അമൃതാത്മനേ അമൃതോപഹാരം നിവേദയാമി. സം സർവ്വാത്മനേ സർവ്വോപചാരാൻ സമർപ്പയാമി.

അഥ മൂലമന്ത്രഃ:—

"സുഗ്രീവഃ സൂര്യ തനയഃ സർവ്വവാനരപുംഗവഃ
ബലവാൻ രാഘവസഖോ മാം പായാത് കരുണാനിധിഃ."
ഏതം മന്ത്രം യഥാശക്തി ജപേത്.

അനന്തരം പാരായണം കൃത്വാ തദവസാനേ മൂലമന്ത്രം യഥാശക്തി ജപ്ത്വാ, 'ലം' ഇത്യാദി പഞ്ചോപചാരകല്പനാനന്തരം ദിഗ്വിമോകം കുര്യാത്.

ശുഭമസ്തു.

ശ്രീരാമജയം.

# ശ്രീമദ്രാമായണപൂജാക്രമഃ.

ആചമ്യ ശുക്ലാം + ശാന്തയേ. ഓം ഭൂഃ + ഭൂർഭുവസ്സുവരോം. മമോപാത്ത സമസ്ത ദുരിതക്ഷയദ്വാരാ ശ്രീപരമേശ്വരപ്രീത്യർത്ഥം ശ്രീ സീതാലക്ഷ്മണഭരതശത്രുഘ്നഹനൂമത്സമേതശ്രീരാമചന്ദ്രപ്രസാദസിദ്ധ്യർത്ഥം ശ്രീരാമചന്ദ്രപ്രസാദേന സർവ്വാനിഷ്ടനിവാരണാർത്ഥം സർവ്വാഭീഷ്ടസിദ്ധ്യർത്ഥം യാവച്ഛക്തി പൂജാം പാരായണം ച കരിഷ്യേ.

തദംഗം കലശ-ശംഖ-ആത്മ-പീഠ-പൂജാം ച കരിഷ്യേ.

അസ്മിൻ പുസ്തകേ ശ്രീ സീതാലക്ഷ്മണഭരതശത്രുഘ്നഹനൂമത്സമേത ശ്രീരാമചന്ദ്രം ധ്യായാമി. ആവാഹയാമി. ആസനം സമർപ്പയാമി. പാദ്യം സമർപ്പയാമി. അർഘ്യം സമർപ്പയാമി. ആചമനീയം സമർപ്പയാമി. മധുപർക്കം സമർപ്പയാമി. സ്നാനം സമർപ്പയാമി. സ്നാനാനന്തരം ആചമനീയം സമർപ്പയാമി. വസ്ത്ര-യജ്ഞോപവീത-ഉത്തരീയ-ആഭരണാർത്ഥം അക്ഷതാൻ സമർപ്പയാമി. ഗന്ധാൻ ധാരയാമി. ഗന്ധോപരി അക്ഷതാൻ സമർപ്പയാമി. പുഷ്പാണി സമർപ്പയാമി.

| | | |
|---|---|---|
| ഓം അച്യുതായ നമഃ | ഓം മധുസൂദനായ നമഃ | ഓം ശ്രീരാമഭദ്രായ നമഃ |
| ,, അനന്തായ നമഃ | ,, ത്രിവിക്രമായ നമഃ | ,, ശ്രീരാമചന്ദ്രായ നമഃ |
| ,, ഗോവിന്ദായ നമഃ | ,, വാമനായ നമഃ | ,, വേധസേ നമഃ |
| ,, കേശവായ നമഃ | ,, ശ്രീധരായ നമഃ | ,, രഘുനാഥായ നമഃ |
| ,, നാരായണായ നമഃ | ,, ഹൃഷീകേശായ നമഃ | ,, നാഥായ നമഃ |
| ,, മാധവായ നമഃ | ,, പത്മനാഭായ നമഃ | ,, സീതായാഃപതയേ നമഃ |
| ,, ഗോവിന്ദായ നമഃ | ,, ദാമോദരായ നമഃ | ,, പിതൃഭക്തായ നമഃ |
| ,, വിഷ്ണവേ നമഃ | ,, ശ്രീരാമായ നമഃ | ,, കോദണ്ഡപാണയേ നമഃ |

ഓം സച്ചിദാനന്ദവിഗ്രഹായ നമഃ. നാനാവിധ പരിമളപുഷ്പാണി സമർപ്പയാമി. ശ്രീരാമചന്ദ്രായ നമഃ. ധൂപം ആഘ്രാപയാമി. ദീപം ദർശയാമി. നൈവേദ്യം (ക്ഷീരം-ഫലം, അഥവാ നാളികേരഖണ്ഡദ്വയം) നിവേദയാമി. താംബൂലം സമർപ്പയാമി-കർപ്പൂരനീരാജനം ദർശയാമി. ഛത്രചാമരാദി സമസ്ത രാജോപചാരദേവോപചാരാൻ സമർപ്പയാമി. അനേകകോടി പ്രദക്ഷിണ നമസ്കാരാൻ സമർപ്പയാമി.

# ശ്രീരാമായണപാരായണോപക്രമശ്ലോകാഃ

വാഗീശാദ്യാഃ സുമനസഃ സർവ്വാർത്ഥാനാമുപക്രമേ
യന്നത്വാ കൃതകൃത്യാഃ സ്യുസ്തന്നമാമി ഗജാനനം. 1

ദോർഭിര്യുക്താ ചതുർഭിഃ സ്ഫടികമണിമയീമക്ഷമാലാം ദധാനാ
ഹസ്തേനൈകേന പദ്മം സിതമപി ച ശുകം പുസ്തകം ചാപരേണ
ഭാസാ കുന്ദേന്ദുശംഖസ്ഫടികമണിനിഭാ ഭാസമാനാഽസമാനാ
സാ മേ വാഗ്ദേവതേയം നിവസതു വദനേ സർവ്വദാ സുപ്രസന്നാ. 2

കൂജന്തം രാമ രാമേതി മധുരം മധുരാക്ഷരം
ആരുഹ്യ കവിതാശാഖാം വന്ദേ വാല്മീകികോകിലം. 3

വാല്മീകേർമ്മുനിസിംഹസ്യ കവിതാവനചാരിണഃ
ശൃണ്വൻ രാമകഥാനാദം കോ ന യാതി പരാം ഗതിം. 4

യഃ പിബൻ സതതം രാമചരിതാമൃതസാഗരം
അതൃപ്തസ്തം മുനിം വന്ദേ പ്രാചേതസമകല്മഷം. 5

ഗോഷ്പദീകൃതവാരാശിം മശകീകൃതരാക്ഷസം
രാമായണമഹാമാലാരത്നം വന്ദേഽനിലാത്മജം. 6

അഞ്ജനാനന്ദനം വീരം ജാനകിശോകനാശനം
കപീശമക്ഷഹന്താരം വന്ദേ ലങ്കാഭയങ്കരം. 7

ഉല്ലംഘ്യ സിന്ധോഃ സലിലം സലീലം യഃ ശോകവഹ്നിം ജനകാത്മജായാഃ
ആദായ തേനൈവ ദദാഹ ലങ്കാം നമാമി തം പ്രാഞ്ജലിരാഞ്ജനേയം. 8

ആഞ്ജനേയമതിപാടലാനനം കാഞ്ചനാദ്രികമനീയവിഗ്രഹം
പാരിജാതതരുമൂലവാസിനം ഭാവയാമി പവമാനനന്ദനം. 9

യത്ര യത്ര രഘുനാഥകീർത്തനം തത്ര തത്ര കൃതമസ്തകാഞ്ജലിം
ബാഷ്പവാരിപരിപൂർണ്ണലോചനം മാരുതിം നമത രാക്ഷസാന്തകം. 10

മനോജവം മാരുതതുല്യവേഗം ജിതേന്ദ്രിയം ബുദ്ധിമതാം വരിഷ്ഠം
വാതാത്മജം വാനരയൂഥമുഖ്യം ശ്രീരാമദൂതം ശിരസാ നമാമി. 11

യഃ കർണ്ണാഞ്ജലിസമ്പുടൈരഹരഹഃ സമ്യക് പിബത്യാദരാ-
ദ്വാല്മീകേർവ്വദനാരവിന്ദഗളിതം രാമായണാഖ്യം മധു
ജന്മവ്യാധിജരാവിപത്തിമരണൈരത്യന്തസോപദ്രവം
സംസാരം സ വിഹായ ഗച്ഛതി പുമാൻ വിഷ്ണോഃ പദം ശാശ്വതം. 12

തദുപഗതസമാസസന്ധിയോഗം സമമധുരോപനതാർത്ഥവാക്യബദ്ധം
രഘുവരചരിതം മുനിപ്രണീതം ദശശിരസശ്ച വധം നിശാമയധ്വം. 13

വാല്മീകിഗിരിസംഭൂതാ രാമസാഗരഗാമിനീ
പുനാതി ഭുവനം പുണ്യാ രാമായണമഹാനദീ. 14

ശ്ലോകസാരജലാകീർണ്ണം സർഗ്ഗകല്ലോലസങ്കുലം
കാണ്ഡഗ്രാഹമഹാമീനം വന്ദേ രാമായണാർണ്ണവം. 15

വേദവേദ്യേ പരേ പുംസി ജാതേ ദശരഥാത്മജേ
വേദഃ പ്രാചേതസാദാസീത്സാക്ഷാദ്രാമായണാത്മനാ. 16

വൈദേഹീസഹിതം സുരദ്രുമതലേ ഹൈമേ മഹാമണ്ഡപേ
മദ്ധ്യേപുഷ്പകമാസനേ മണിമയേ വീരാസനേ സുസ്ഥിതം
അഗ്രേ വാചയതി പ്രഭഞ്ജനസുതേ തത്വം മുനിഭ്യഃ പരം
വ്യാഖ്യാന്തം ഭരതാദിഭിഃ പരിവൃതം രാമം ഭജേ ശ്യാമളം. 17
വാമേ ഭൂമിസുതാ പുരശ്ച ഹനുമാൻ പശ്ചാത്സുമിത്രാസുതഃ
ശത്രുഘ്നോ ഭരതശ്ച പാർശ്വദളയോർവ്വായ്വാദികോണേഷു ച
സുഗ്രീവശ്ച വിഭീഷണശ്ച യുവരാട് താരാസുതോ ജാംബവാൻ
മദ്ധ്യേ നീലസരോജകോമളരുചിം രാമം ഭജേ ശ്യാമളം. 18
നമോഽസ്തു രാമായ സലക്ഷ്മണായ ദേവ്യൈ ച തസ്യൈ ജനകാത്മജായൈ
നമോഽസ്തു രുദ്രേന്ദ്രയമാനിലേഭ്യോ നമോഽസ്തു ചന്ദ്രാർക്കമരുദ്ഗണേഭ്യഃ. 19

## പാരായണസമാപനശ്ലോകാഃ

സ്വസ്തി പ്രജാഭ്യഃ പരിപാലയന്താം ന്യായേന മാർഗ്ഗേണ മഹീം മഹീശാഃ
ഗോബ്രാഹ്മണേഭ്യഃ ശുഭമസ്തു നിത്യം ലോകാഃ സമസ്താഃ സുഖിനോ ഭവന്തു.
കാലേ വർഷതു പർജ്ജന്യഃ പൃഥിവീ സസ്യശാലിനീ
ദേശോഽയം ക്ഷോഭരഹിതോ ബ്രാഹ്മണാഃ സന്തുനിർഭയാഃ. 2
അപുത്രാഃ പുത്രിണഃ സന്തു പുത്രിണഃ സന്തു പൌത്രിണഃ
അധനാഃ സധനാഃ സന്തു ജീവന്തു ശരദാം ശതം. 3
ചരിതം രഘുനാഥസ്യ ശതകോടിപ്രവിസ്തരം
ഏകൈകമക്ഷരം പ്രോക്തം മഹാപാതകനാശനം. 4
ശൃണ്വൻ രാമായണം ഭക്ത്യാ യഃ പാദം പദമേവ വാ
സ യാതി ബ്രഹ്മണഃ സ്ഥാനം ബ്രാഹ്മണാ പൂജ്യതേ സദാ. 5
രാമായ രാമഭദ്രായ രാമചന്ദ്രായ വേധസേ
രഘുനാഥായ നാഥായ സീതായാഃ പതയേ നമഃ. 6
യന്മംഗളം സഹസ്രാക്ഷേ സർവ്വദേവനമസ്കൃതേ
വൃത്രനാശേ സമഭവത് തത്തേ ഭവതു മംഗളം. 7
യന്മംഗളം സുപർണ്ണസ്യ വിനതാഽകല്പയത് പുരാ
അമൃതം പ്രാർത്ഥയാനസ്യ തത്തേ ഭവതു മംഗളം. 8
അമൃതോത്പാദനേ ദൈത്യാൻ ഘ്നതോ വജ്രധരസ്യ യത്
അദിതിർമ്മംഗളം പ്രാദാത് തത്തേ ഭവതു മംഗളം. 9
ത്രീൻ വിക്രമാൻ പ്രക്രമതോ വിഷ്ണോരമിതതേജസഃ
യദാസീന്മംഗളം രാമ തത്തേ ഭവതു മംഗളം. 10
ഋതവഃ സാഗരാ ദ്വീപാ വേദാ ലോകാ ദിശശ്ച തേ
മംഗളാനി മഹാബാഹോ ദിശന്തു തവ സർവ്വദാ. 11
കായേന വാചാ മനസേന്ദ്രിയൈർവ്വാ ബുദ്ധ്യാത്മനാ വാ പ്രകൃതേഃസ്വഭാവാത്
കരോമി യദ്യത്സകലം പരസ്മൈ നാരായണായേതി സമർപ്പയാമി. 12

ഹരിഃ ഓം ശ്രീഗുരുഭ്യോനമഃ

ശ്രീ സീതാ ലക്ഷ്മണ ഭരത ശത്രുഘ്ന ഹനുമത്സമേത ശ്രീരാമചന്ദ്രസ്വാമിനേ നമഃ

# ശ്രീമദ്വാല്മീകിരാമായണം

## കിഷ്കിന്ധാകാണ്ഡം.

[പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ ദ്വാത്രിംശദ്ദിനേഷു ഗീതേ ശ്രീമദ്രാമായണേ ത്രയോദശേഽഹനി ആരണ്യകാണ്ഡേ ചതുഃഷഷ്ടിതമസൎഗ്ഗമാരഭ്യ യാവത്കാണ്ഡസമാപ്തി, കിഷ്കിന്ധാകാണ്ഡേ ആദിതഃ അഷ്ടമസൎഗ്ഗ-പൎയ്യന്തം ച (8817—9637 ശ്ലോകാഃ) ഗീതം. തസ്മിൻ ദിനേ ഗീതാഃ ശ്ലോകാശ്ച 821.

പണ്ടു് കുശലവന്മാരാൽ ശ്രീരാമസന്നിധാനത്തിൽ അശ്വമേധയാഗശാലയിൽവെച്ചു് മുപ്പത്തിരണ്ടു ദിവസങ്ങളിലായി ഗാനം ചെയ്യപ്പെട്ട ശ്രീരാമായണത്തിൽ പതിമൂന്നാം ദിവസം ആരണ്യകാണ്ഡത്തിൽ 64-ാംസൎഗ്ഗം തുടങ്ങി ആ കാണ്ഡം അവസാനം വരേയും, കിഷ്കിന്ധാകാണ്ഡത്തിൽ ആദ്യംമുതൽ എട്ടാംസൎഗ്ഗം കൂടിയും (8817 മുതൽ 9637വരെ ശ്ലോകങ്ങൾ) ഗാനംചെയ്യപ്പെട്ടു. അന്നദിവസം ഗാനം ചെയ്യപ്പെട്ട ശ്ലോകസംഖ്യ 821.]

[ആരണ്യകാണ്ഡത്തിൽ ദീനജനസംരക്ഷണരൂപമായ ധൎമ്മം അനുഷ്ഠിക്കപ്പെട്ടു. ഈ കിഷ്കിന്ധാകാണ്ഡത്തിൽ മിത്രസംരക്ഷണരൂപമായ ധൎമ്മം അനുഷ്ഠിക്കപ്പെടുന്നു. അപ്രകാരംതന്നെ പൂൎവ്വകാണ്ഡത്തിൽ മോക്ഷപ്രദത്വരൂപമായ പരതത്വലക്ഷണം പ്രദൎശിപ്പിക്കപ്പെട്ടു. ഇതിൽ അസംഖ്യങ്ങളായ കല്യാണഗുണാകരത്വം പ്രതിപാദിക്കപ്പെടുന്നു. വാസ്തവത്തിലാകട്ടെ ബാലകാണ്ഡത്തിൽ ശരണാഗതിമന്ത്രത്തിന്റെ ശ്രീമല്പദഗതമായ ശ്രീമത്വം പറയപ്പെട്ടു. അയോദ്ധ്യാകാണ്ഡത്തിൽ സൎവ്വജനങ്ങളേയും വ്യാമോഹിപ്പിക്കുന്ന വിഷയപ്രതിപാദനംകൊണ്ടു് നാരായണപദാൎത്ഥം പറയപ്പെട്ടു. ആരണ്യകാണ്ഡത്തിൽ പഞ്ചവടീവാസംവരെയുള്ള വൃത്താന്തംകൊണ്ടു്, മുനിജനങ്ങളുടെ കൈങ്കൎയ്യപ്രതിപാദനത്താൽ ചതുൎത്ഥീപ്രത്യയാൎത്ഥം പറയപ്പെട്ടു. ഖരാദിവധവൃത്താന്തംകൊണ്ടു് നമഃ എന്ന പദാൎത്ഥം പറയപ്പെട്ടു. പിന്നെ മാരീചദൎശനവൃത്താന്തം തുടങ്ങി ചേതനയുടെ മുക്തിക്കുള്ള മാൎഗ്ഗം കാണിക്കപ്പെടുന്നു. അതിൽ മാരീചസന്ദൎശചരിത്രത്താൽ ഭഗവാന്റെ നിത്യാനുഭവത്തിന്നു് യോഗ്യമായ ചേതനയ്ക്കു് വിഷയാദിസംബന്ധത്താൽ ആ അനുഭവം ഇല്ലാതാകുന്നുവെന്നും, തന്മൂലം രാവണരൂപമായ മഹാമോഹത്തിന്റെ അധീനത്തിലകപ്പെടുന്നുവെന്നും കാണിക്കപ്പെടുന്നു. ജടായുചരിത്രംകൊണ്ടു്, കേവലകൎമ്മം സംസാരനിവൎത്തകമല്ലാത്തതിനാൽ, ആ കൎമ്മം ആ മോഹത്തിൽനിന്നും, തന്മൂലം സംസാരത്തിൽനിന്നും ചേതനയെ നിവൎത്തിപ്പാൻ ശക്തമല്ലെന്നു് കാണിക്കപ്പെടുന്നു. സീതയുടെ ലങ്കാപ്രവേശംകൊണ്ടു് ചേതനയുടെ ശരീരപ്രവേശം പറയപ്പെടുന്നു. ഏകാക്ഷി, ഏകകൎണ്ണി ഇത്യാദി രാക്ഷസികളുടെ വ്യാപാരം ആദ്ധ്യാത്മികം, ആധിഭൌതികം, ആധിദൈവികം, എന്ന താപത്രയത്തെ കാണിക്കുന്നു. രാമാന്വേഷണംകൊണ്ടു് ചേതനയുടെ മോക്ഷോപായത്തെ ഭഗവാൻ ചിന്തിക്കുന്നതു് വിവക്ഷിക്കപ്പെടുന്നു. അനന്തരം ഈ കിഷ്കിന്ധാകാണ്ഡത്തിൽ ആചാൎയ്യൻ മൂലമായി ചേതനക്കു് സ്വവിഷയകമായ ഭക്തിയെ ഉത്പാദിപ്പിപ്പാനായി ആ ആചാൎയ്യാന്വേഷണം പറയപ്പെടുന്നു. അതിൽ പ്രഥമസൎഗ്ഗത്തിൽ വൈകുണ്ഠത്തിലുള്ള നിത്യകൈങ്കൎയ്യനിരതന്മാരായ നിത്യസൂരികളെക്കണ്ടു്, ഈ പദവിയെ പ്രാപിക്കേണ്ടവരായ ജീവവൎഗ്ഗങ്ങൾ തങ്കൽ ഭക്തിയില്ലാത്ത കാരണം പ്രാപിക്കാതിരിക്കുന്നുവല്ലൊ എന്നു് ഭഗവാൻ ക്ലേശിക്കുന്നു. ഗോ. രാ.]

# പ്രഥമഃ സർഗ്ഗഃ = ഒന്നാംസർഗ്ഗം.

[പമ്പാവർണ്ണനം = പമ്പാസരസ്സിന്റെ വർണ്ണന.]

സ താം പുഷ്കരിണീം ഗത്വാ പദ്മോത്പലഝഷാകുലാം
രാമഃ സൌമിത്രിസഹിതോ വിലലാപാകുലേന്ദ്രിയഃ. 1

| | | | |
|---|---|---|---|
| സഃ | ആ | പദ്മോത്പല ഝഷാകുലാം | താമര, നീലോത്പലം മീൻ, എന്നിവ നിറഞ്ഞതായ |
| സൌമിത്രി-സഹിതഃ | ലക്ഷ്മണസഹിതനായ | | |
| രാമഃ, | ശ്രീരാമൻ, | പുഷ്കരിണീം | സരസ്സിനെ |
| ആകുലേന്ദ്രിയഃ | സ്വാഭാവികശക്തിയ | ഗത്വാ, | പ്രാപിച്ച്, |
| താം | ആ [റവനായി | വിലലാപ. | കണ്ണീർ വാർത്തു. |

[താമര സീതയുടെ മുഖത്തേയും, ഉത്പലം നേത്രത്തേയും, മീൻ നേത്രചലനത്തേയും ഓർമ്മപ്പെടുത്തിയതിനാൽ കണ്ണീർ വാർത്തു. (തനിശ്ലോകി). "സരസ്സ്" പമ്പാനദി ഒഴുകുന്നതായ പമ്പാസരസ്സാകുന്നു. ഇതിന്ന് മതംഗസരസ്സ് എന്നും പേരുണ്ടെന്ന് തിലകം. പമ്പാനദി തുംഗഭദ്രാനദിയുടെ ഒരു പോഷകനദിയാകുന്നു. അത്ു് ഹൈദരബാദിൽ റെയിച്ചൂർ ജില്ലയിൽ അനഗംദി (Anagandi Hills) കുന്നുകൾ എന്നവയിൽനിന്ന് എട്ടുമയിൽ ദൂരെയുള്ള ഋശ്യമൂകപർവ്വതത്തിൽനിന്നുത്ഭവിച്ച് തുംഗഭദ്രയിൽ ചേരുന്നു. "സതാം" എന്ന് ഒററപ്പദമായെടുത്ത് 'സജ്ജനോപഭോഗ്യമായ' എന്നും അർത്ഥം പറയാമെന്ന് സത്യധർമ്മതീർത്ഥീയം.]

തസ്യ ദൃഷ്ട്വൈവ താം ഹർഷാദിന്ദ്രിയാണി ചകമ്പിരേ
സ കാമവശമാപന്നഃ സൌമിത്രിമിദമബ്രവീത്. 2

| | | | |
|---|---|---|---|
| താം | അതിനെ | സഃ | അദ്ദേഹം |
| ദൃഷ്ട്വാ ഏവ | സന്ദർശിച്ച ഉടനെ | കാമവശം ആപന്നഃ | പ്രേമപാരവശ്യം പൂണ്ടവനായി |
| തസ്യ | അദ്ദേഹത്തിന്റെ | | |
| ഇന്ദ്രിയാണി | ഇന്ദ്രിയങ്ങൾ, | സൌമിത്രിം | ലക്ഷ്മണനോട് |
| ഹർഷാത് | ആനന്ദത്താൽ | ഇദം | ഇപ്രകാരം |
| ചകമ്പിരേ; | ഇളകിമറിഞ്ഞു; | അബ്രവീത്. | അരുളിച്ചെയ്തു. |

[സീതാദേവിയുടെ മുഖനേത്രാദികളെ സ്മരിച്ച് ഹർഷാധിക്യത്താൽ അവയവങ്ങൾ വിറച്ചു. തന്മൂലം സീതാവിഷയകമായ അത്യന്തോൽക്കണ്ഠാഹേതുകമായതദന്വേഷണജനിതവിവിധ ചേഷ്ടകളാലുപലക്ഷിതമായ ശോഭാവിശേഷത്തെ പ്രാപിച്ചു. ശിരോമണി.]

സൌമിത്രേ ശോഭതേ പമ്പാ വൈഡൂര്യവിമലോദകാ
ഫുല്ലപദ്മോത്പലവതീ ശോഭിതാ വിവിധൈർദ്രുമൈഃ. 3

| | | | |
|---|---|---|---|
| "സൌമിത്രേ! | "ലക്ഷ്മണ! | ഫുല്ലപദ്മോ-ത്പലവതീ | വികസിച്ച താമര, ഇന്ദീവരം എന്നവയോടുകൂടിയതായി |
| പമ്പാ | പമ്പാസരസ്സ് | വിവിധൈഃ | പലപല [കൂടിയതായി |
| വൈഡൂര്യ-വിമലോദകാ | വൈഡൂര്യംപോലെ നിർമ്മലമായ ജലത്തോടുകൂടിയതായി | ദ്രുമൈഃ | തരുക്കളാൽ |
| | | ശോഭിതാ | ഭംഗിയധികരിക്കപ്പെട്ട |
| | | ശോഭതേ. | വിലസുന്നു. [തായി |

[ഇതിൽ ഭക്തിപാരവശ്യംമൂലം ആ ഭക്തിയെ സൂചിപ്പിക്കുന്ന മുഖപ്രസാദത്തോടുകൂടിയ ഭക്തൻ വ്യംഗ്യമായി സൂചിപ്പിക്കപ്പെടുന്നു. ഗോവിന്ദരാജീയം.]

സൌമിത്രേ പശ്യ പമ്പായാഃ കാനനം ശുഭദൎശനം
യത്ര രാജന്തി ശൈലാഭാ ദ്രുമാഃ സശിഖരാ ഇവ. 4

| | |
|---|---|
| "സൌമിത്രേ! | "ലക്ഷ്മണ! |
| പമ്പായാഃ | പമ്പയുടെ |
| ശുഭദൎശനം | മനോഹരമായ |
| കാനനം പശ്യ; | തോപ്പു കണ്ടാലും; |
| യത്ര | അതിൽ |
| ദ്രുമാഃ | തരുക്കൾ |
| സശിഖരാഃ | കൊമ്പുകളോടുകൂടിയവയായി |
| ശൈലാഭാഃ ഇവ | മലകൾ ശോഭിക്കുന്ന [പോലെ |
| രാജന്തി. | വിലസുന്നു. |

മാം തു ശോകാഭിസന്തപ്തം മാധവഃ പീഡയന്നിവ
ഭരതസ്യ ച ദുഃഖേന വൈദേഹ്യാ ഹരണേന ച. 5

| | |
|---|---|
| "ഭരതസ്യ | "ഭരതന്റെ |
| ദുഃഖേന ച | അപൂൎവ്വഭക്തിയെ ഓൎത്ത ദുഃഖംകൊണ്ടും |
| വൈദേഹ്യാഃ | ജാനകിയുടെ |
| ഹരണേന ച | അപഹരണത്താലും |
| തു | അത്യധികം |
| ശോകാഭി സന്തപ്തം | ശോകത്തിൽ നിമഗ്നനായ |
| മാം | എന്നെ |
| മാധവഃ | വസന്ത ഋതു |
| പീഡയൻ ഇവ. | ഇനിയും പീഡിക്കുന്ന പോലെയിരിക്കുന്നു. |

[''ഭരതസ്യ ദുഃഖേന'' ഭരതന്റെ വിയോഗദുഃഖംകൊണ്ടു്, (സ). 'ഇവ' ശബ്ദം വാസ്തവത്തിൽ പീഡയില്ലെന്നു് സൂചിപ്പിക്കുന്നു (ശൊ. രാ.) ഈ ശ്ലോകത്തിൽ ജീവന്നു് സംസാരംകൊണ്ടുള്ള ദുഃഖം സൂചിപ്പിക്കപ്പെടുന്നു. ഗോ. രാ.]

ശോകാൎത്തസ്യാപി മേ പമ്പാ ശോഭതേ ചിത്രകാനനാ
വ്യവകീൎണ്ണാ ബഹുവിധൈഃ പുഷ്പൈഃ ശീതോദകാ ശിവാ. 6

| | |
|---|---|
| "പമ്പാ, | "പമ്പ, |
| ചിത്രകാനനാ, | അത്ഭുതമായ തോപ്പുകളോടുകൂടിയതായി, |
| ബഹുവിധൈഃ | പലമാതിരി |
| പുഷ്പൈഃ | പുഷ്പങ്ങളാൽ |
| വ്യവകീൎണ്ണാ, | എങ്ങും ചിന്നി നിറയപ്പെട്ടതായി, |
| ശീതോദകാ, | തണുത്ത ജലമാൎന്നതായി, |
| ശിവാ | മംഗളകരമായി, |
| ശോകാൎത്തസ്യ | ദുഃഖവ്യാകുലിതനായ |
| മേ അപി | എനിക്കുംകൂടി |
| ശോഭതേ. | ശോഭിക്കുന്നു. |

നളിനൈരപി സഞ്ഛന്നാ ഹ്യത്യൎത്ഥം ശുഭദൎശനാ
സൎപ്പവ്യാളാനുചരിതാ മൃഗദ്വിജസമാകുലാ. 7

| | |
|---|---|
| "സൎപ്പവ്യാളാനുചരിതാ | "സൎപ്പങ്ങൾ, മലമ്പാമ്പുകൾ ഇവയാൽ വാസംചെയ്യപ്പെട്ടതും |
| മൃഗദ്വിജസമാകുലാ ഹി | മാനുകൾ, പക്ഷികൾ എന്നവയാൽ നിറയപ്പെട്ടതും, |
| നളിനൈഃ | താമരകളാൽ |
| സഞ്ഛന്നാ അപി | മൂടപ്പെട്ടിരിക്കുന്നതും ആയ ഇതു് |
| അത്യൎത്ഥം | ഏററവും |
| ശുഭദൎശനാ. | രമണീയമായിരിക്കുന്നു. |

അധികം പ്രതിഭാത്യേതന്നീലപീതം തു ശാദ്വലം
ദ്രുമാണാം വിവിധൈഃ പുഷ്പൈഃ പരിസ്തോമൈരിവാർപ്പിതം. 8

| | |
|---|---|
| "ഏതത് | "ഈ |
| ശാദ്വലം | ഇളംപുൽത്തറ, |
| ദ്രുമാണാം | വൃക്ഷങ്ങളുടെ |
| വിവിധൈഃ | പലപല |
| പുഷ്പൈഃ | കുസുമങ്ങൾമൂലം, |
| പരിസ്തോമൈഃ | രത്നകംബളങ്ങളാൽ |
| അർപ്പിതം ഇവ | വിരിക്കപ്പെട്ടതെന്നപോലെ, |
| അധികം | ഏററം |
| നീലപീതം തു | നീലനിറവും മഞ്ഞനിറവും കലന്നതായി |
| പ്രതിഭാതി. | വിളങ്ങുന്നു. |

നാനാപ്രഖ്യാതകുസുമൈശ് ഛന്നാ ഭൂർഭാതി ലക്ഷ്മണ. 9

| | |
|---|---|
| "ലക്ഷ്മണ! | "ഹേ ലക്ഷ്മണ! |
| ഭൂഃ | നിലം മുഴുവനും |
| നാനാപ്രഖ്യാത കുസുമൈഃ | പല ഉത്തമകുസുമങ്ങളാൽ |
| ഛന്നാ | നിറയപ്പെട്ടതായി |
| ഭാതി. | വിളങ്ങുന്നു. |

പുഷ്പഭാരസമൃദ്ധാനി ശിഖരാണി സമന്തതഃ
ലതാഭിഃ പുഷ്പിതാഗ്രാഭിരുപഗൂഢാനി സർവ്വതഃ. 10

| | |
|---|---|
| "പുഷ്പിതാഗ്രാഭിഃ | പൂത്തുനില്ക്കുന്ന ചില്ലകളോടുകൂടിയ |
| ലതാഭിഃ | ലതകളാൽ |
| സർവ്വതഃ | എങ്ങും |
| ഉപഗൂഢാനി | ചുററപ്പെട്ടവയായ |
| ശിഖരാണി | കൊമ്പുകൾ |
| സമന്തതഃ | നാലുപാടും |
| പുഷ്പഭാരസമൃദ്ധാനി. | പുഷ്പഭാരത്താൽ സമൃദ്ധിപൂണ്ടവയായിരിക്കുന്നു. |

സുഖാനിലോƨയം സൌമിത്രേ കാലഃ പ്രചുരമന്മഥഃ
ഗന്ധവാൻ സുരഭിർമാസോ ജാതപുഷ്പഫലദ്രുമഃ. 11

| | |
|---|---|
| "സൌമിത്രേ! | "ലക്ഷ്മണ! |
| അയം | ഈ |
| സുരഭിഃ മാസഃ | വസന്തമാസം |
| സുഖാനിലഃ; | സുഖമായ മന്ദമാരുതനോടുകൂടിയതാകുന്നു; |
| പ്രചുരമന്മഥഃ | മന്മഥൻ കളിയാടുന്ന |
| കാലഃ; | കാലം; |
| ഗന്ധവാൻ; | നറുമണം വീശുന്നത്; |
| ജാതപുഷ്പഫലദ്രുമഃ. | നല്ല പൂക്കളും പഴങ്ങളും നിറഞ്ഞ വൃക്ഷങ്ങളോടുകൂടിയത്. |

പശ്യ രൂപാണി സൌമിത്രേ വനാനാം പുഷ്പശാലിനാം
സൃജതാം പുഷ്പവർഷാണി തോയം തോയമുചാമിവ. 12

| | |
|---|---|
| "സൌമിത്രേ! | "ലക്ഷ്മണ! |
| തോയമുചാം | മേഘങ്ങളുടെ |
| തോയം ഇവ | ജലവർഷംപോലെയുള്ള |
| പുഷ്പവർഷാണി | പുഷ്പവർഷങ്ങളെ |
| സൃജതാം | പൊഴിക്കുന്ന |
| പുഷ്പശാലിനാം | പൂക്കൾ നിറഞ്ഞ |
| വനാനാം | വനങ്ങളുടെ |
| രൂപാണി | ഭംഗിയുള്ള കാഴ്ചകൾ |
| പശ്യ. | കണ്ടാലും. |

പ്രസ്തരേഷു ച രമ്യേഷു വിവിധാഃ കാനനദ്രുമാഃ
വായുവേഗപ്രചലിതാഃ പുഷ്പൈരവകിരന്തി ഗാം. 13

| | | | |
|---|---|---|---|
| "വിവിധാഃ | "പലപല | പ്രസ്തരേഷു | പാറകളിലും |
| കാനനദ്രുമാഃ | കാട്ടുമരങ്ങൾ | ഗാം ച | നിലത്തും |
| വായുവേഗ-പ്രചലിതാഃ | കാററിൻെറ ഊക്കുകൊണ്ട് ഉലയുന്നവയായി | പുഷ്പൈഃ | പുഷ്പങ്ങളെ |
| രമ്യേഷു | മനോഹരമായുള്ള | അവകിരന്തി. | വൎഷിക്കുന്നു. |

പതിതൈഃ പതമാനൈശ്ച പാദപസ്ഥൈശ്ച മാരുതഃ
കുസുമൈഃ പശ്യ സൌമിത്രേ ക്രീഡന്നിവ സമന്തതഃ. 14

| | | | |
|---|---|---|---|
| "സൌമിത്രേ! | "ലക്ഷ്മണ! | പാദപസ്ഥൈഃ ച | മരങ്ങളിൽതന്നെ നില്ക്കുന്നവയും ആയ |
| സമന്തതഃ, | എവിടെനോക്കിയാലും, | കുസുമൈഃ | പുഷ്പങ്ങളെക്കൊണ്ട് |
| മാരുതഃ, | വായുഭഗവാൻ, | ക്രീഡൻ ഇവ | ക്രീഡചെയ്യുന്നവനെന്നപോലെ കാണപ്പെടുന്നു |
| പതിതൈഃ | വീണുള്ളവയും | പശ്യ! | കണ്ടാലും! |
| പതമാനൈഃ ച | വീണുകൊണ്ടിരിക്കുന്നവയും | | |

വിക്ഷിപൻ വിവിധാഃ ശാഖാ നഗാനാം കുസുമോല്കചാഃ
മാരുതശ്ചലിതസ്ഥാനൈഃ ഷഡ്പദൈരനുഗീയതേ. 15

| | | | |
|---|---|---|---|
| "മാരുതഃ | "വായുഭഗവാൻ | വിക്ഷിപൻ, | ഉലച്ചുകൊണ്ട്, |
| നഗാനാം | മരങ്ങളുടെ | ചലിതസ്ഥാനൈഃ | സ്ഥാനംവിട്ടിളകിയ |
| കുസുമോല്കചാഃ | പൂക്കൾ നിറഞ്ഞ | ഷഡ്പദൈഃ | വണ്ടുകളാൽ |
| വിവിധാഃ ശാഖാഃ | പല കൊമ്പുകളെ | അനുഗീയതേ. | ഗാനംചെയ്യപ്പെടുന്നു. |

[ഇതിൽ, "ജ്ഞാനീ ത്വാത്മൈവ മേ മതം" (ഗീത), ജ്ഞാനിയായവൻ ഞാൻതന്നെയാകുന്നു, എന്ന വചനപ്രകാരം ആത്മഭൂതന്മാരായ ജ്ഞാനികളുടെ ഭക്തിവൃദ്ധിക്കുവേണ്ടി ഭഗവാൻ ഭൂമിയിൽ അവതീൎണ്ണനായിരിക്കുമ്പോൾ, "ഇമാംല്ലോകാൻ കാമാന്നീകാമരൂപ്യനുസഞ്ചരൻ. ഏതത്സാമ ഗായന്നാസ്തേ" (തൈത്തിരീയോപനിഷത്ത്) "മോക്ഷംലഭിച്ച ആത്മാവ് ഇഷ്ടമുള്ള എണ്ണമില്ലാത്ത ലോകങ്ങൾ സഞ്ചരിച്ച് എണ്ണമററ ആനന്ദസുഖമനുഭവിച്ചുകൊണ്ട് 'ഹാ ഉ ഹാ ഉ' എന്നിത്യാദിയായ ആനന്ദജനിതമായ സാമഗാനത്തെ ചെയ്തുംകൊണ്ടിരിക്കുന്നു," എന്നു പറഞ്ഞമാതിരി ആ പരമാത്മാവിനെ അനുഗമിക്കുന്ന ഭക്തലോകം പറയപ്പെട്ടിരിക്കുന്നു. ഗോ. രാ.]

മത്തകോകിലസംനാദൈൎന്നൎത്തയന്നിവ പാദപാൻ
ശൈലകന്ദരനിഷ്ക്രാന്തഃ പ്രഗീത ഇവ ചാനിലഃ. 16

| | | | |
|---|---|---|---|
| "ശൈലകന്ദര നിഷ്ക്രാന്തഃ | "മലയുടെ ഗുഹകളിൽ നിന്നു പുറത്തുവന്ന | പ്രഗീതഃ | ഗാനംചെയ്യുന്നവൻ |
| അനിലഃ | വായുഭഗവാൻ | ഇവ ച | എന്നപോലെ, |
| മത്തകോകില-സംനാദൈഃ | മദിച്ച കോകിലങ്ങളുടെ നിനാദത്താൽ | പാദപാൻ | വൃക്ഷങ്ങളെ |
| | | നൎത്തയൻ | നൎത്തനംചെയ്യിക്കുന്നവൻ— |
| | | ഇവ. | എന്നപോലിരിക്കുന്നു. |

[ഗുഹയിൽനിന്ന് കാററു പുറപ്പെടുമ്പോൾ ഉണ്ടാകുന്നത് പാട്ടും, കോകിലഗാനം പിൻപാട്ടും, ഗുഹ അണിയറയും ആകുന്നു. ഇതിൽ വേദപ്രവൎത്തനമുഖേന ജനങ്ങൾക്ക് ഭക്തി ഉളവാക്കുവാൻ ഭഗവാൻ വൈകുണ്ഠത്തിൽനിന്ന് അവതരിച്ചിരിക്കുന്നു, എന്ന് സൂചന. ഗോ. രാ.]

തേന വിക്ഷിപതാऽത്യർത്ഥം പവനേന സമന്തതഃ
അമീ സംസക്തശാഖാഗ്രാ ഗ്രഥിതാ ഇവ പാദപാഃ. 17

| | | | |
|---|---|---|---|
| "സമന്തതഃ | "എങ്ങും | അമീ പാദപാഃ | ഈ വൃക്ഷങ്ങൾ |
| അത്യർത്ഥം | ഏററം | സംസക്ത-ശാഖാഗ്രാഃ | ശാഖാഗ്രങ്ങൾ തമ്മിൽ ചേൎന്ന് |
| വിക്ഷിപതാ | അടിച്ചുലയ്ക്കുന്ന | ഗ്രഥിതാഃ ഇവ. | പിണഞ്ഞവയായി കാണപ്പെടുന്നു. |
| തേന | ആ | | |
| പവനേന, | വായുവിനാൽ,. | | |

[ഇതിനാൽ, ഭഗവാന്റെ കൃപകൊണ്ട് അന്യോന്യം അനുരക്തന്മാരായ ഭാഗവതോത്തമന്മാർ പറയപ്പെടുന്നു. ഗോ. രാ.]

സ ഏഷ സുഖസംസ്പർശോ വാതി ചന്ദനശീതളഃ
ഗന്ധമഭ്യാവഹൻ പുണ്യം ശ്രമാപനയനോऽനിലഃ. 18

| | | | |
|---|---|---|---|
| "സഃ | "അപ്രകാരമുള്ള | ഗന്ധം | നറുമണം |
| ഏഷഃ അനിലഃ | ഈ വായുഭഗവാൻ, | അഭ്യാവഹൻ, | വഹിച്ചുകൊണ്ട്, |
| സുഖസംസ്പർശഃ | ഏററക്കുറവില്ലാതെ സുഖമായി വീശുന്നവനായി | പുണ്യം | പരിശുദ്ധമായി |
| ചന്ദനശീതളഃ | ചന്ദനംപോലെ തണുപ്പോടുകൂടിയവനായി | ശ്രമാപനയനഃ | ക്ഷീണം പോക്കുന്നവനായി |
| | | വാതി. | വീശുന്നു. |

[ഇതിനാൽ "സർവ്വഗന്ധഃ സർവ്വരസഃ" ഇത്യാദിശ്രുതിവാക്യപ്രതിപാദിതനായ ഭഗവാൻ ഭക്തന്മാരുടെ ഹൃദയത്തിൽ വസിക്കുന്നു, എന്നു് സൂചന. ഗോ. രാ.]

അമീ പവനവിക്ഷിപ്താ വിനദന്തീവ പാദപാഃ
ഷഡ്പദൈരനുകൂജന്തോ വനേഷു മധുഗന്ധിഷു. 19

| | | | |
|---|---|---|---|
| "മധുഗന്ധിഷു | "മധുമണമൊലുന്ന | പാദപാഃ | വൃക്ഷങ്ങൾ |
| വനേഷു | കാടുകളിൽ | പവന-വിക്ഷിപ്താഃ | കാററിൽ ഉലയ്ക്കപ്പെട്ടവയായി |
| ഷഡ്പദൈഃ | വണ്ടുകളാൽ | വിനദന്തി ഇവ. | ശബ്ദിക്കുന്നപോലെ ഇരിക്കുന്നു. |
| അനുകൂജന്തഃ | കൂടെ ശബ്ദിക്കപ്പെട്ട | | |
| അമീ | ഈ | | |

[ഇതിൽ ഭഗവദ്ഭക്തിപാരവശ്യംകൊണ്ട് "ഏതത്സാമ ഗായന്നാസ്തേ" എന്നുപറഞ്ഞ സാമഗാനരസികന്മാർ വിവക്ഷിക്കപ്പെടുന്നു. ഗോ. രാ.]

ഗിരിപ്രസ്ഥേഷു സംരൂഢൈഃ പുഷ്പവദ്ഭിർമ്മനോരമൈഃ
സംസക്തശിഖരാഃ ശൈലാ വിരാജന്തി മഹാദ്രുമൈഃ. 20

| | | | |
|---|---|---|---|
| "മനോരമൈഃ | "രമണീയങ്ങളും | മഹാദ്രുമൈഃ | വൻതരുക്കളാൽ |
| പുഷ്പവദ്ഭിഃ | പൂക്കളാന്നവയും ആയ | ശൈലാഃ | മലകൾ |
| ഗിരിപ്രസ്ഥേഷു | മലന്താഴ്വരകളിൽ | സംസക്ത-ശിഖരാഃ | ഒന്നിച്ചു ചേൎക്കപ്പെട്ടവയായി |
| സംരൂഢൈഃ | വളന്ന | വിരാജന്തി. | വിലസുന്നു. |

[ഇതിൽ എല്ലാ ജ്ഞാനികളും ഒരേ ജീവിതത്തെ നയിക്കുകയും ഒരേ തത്വത്തെ ഉപദേശിക്കുകയും ചെയ്യുന്നു, എന്നു് വിവക്ഷ. ഗോ. രാ.]

പുഷ്പസംഛന്നശിഖരാ മാരുതോത്ക്ഷേപചഞ്ചലാഃ
അമീ മധുകരോത്തംസാഃ പ്രഗീതാ ഇവ പാദപാഃ. 21

| | | | |
|---|---|---|---|
| "അമീ | "ഈ | മധുകരോത്തംസാഃ | വണ്ടുകളാകുന്ന ശിരോഭൂഷണങ്ങളാൎന്നവയായി |
| പാദപാഃ | വൃക്ഷങ്ങൾ | പ്രഗീതാഃ | പാട്ടുപാടുന്ന നൎത്തകന്മാർ |
| പുഷ്പസംഛന്നശിഖരാഃ | പൂക്കൾ നിറഞ്ഞ ചില്ലകളോടുകൂടിയവയായി | ഇവ. | എന്നപോലെയിരിക്കുന്നു. |
| മാരുതോത്ക്ഷേപചഞ്ചലാഃ | കാററിൽ ഉലയ്ക്കപ്പെട്ടു് ആടുന്നവയായി | | |

സുപുഷ്പിതാംസ്തു പശ്യേമാൻ കൎണ്ണികാരാൻ സമന്തതഃ
ഹാടകപ്രതിസംഛന്നാൻ നരാൻ പീതാംബരാനിവ. 22

| | | | |
|---|---|---|---|
| "സമന്തതഃ | "നാലുപാടും | നരാൻ ഇവ | നരന്മാരെപ്പോലെ, |
| ഹാടകപ്രതിസംഛന്നാൻ | പൊൻപണ്ടങ്ങളണിഞ്ഞു് | സുപുഷ്പിതാൻ | നന്നായി പൂത്തുള്ള |
| പീതാംബരാൻ തു | മഞ്ഞപ്പട്ടുമുടുത്ത | ഇമാൻ | ഈ |
| | | കൎണ്ണികാരാൻ | കൊന്നമരങ്ങളെ |
| | | പശ്യ! | കണ്ടാലും! |

അയം വസന്തഃ സൌമിത്രേ നാനാവിഹഗനാദിതഃ
സീതയാ വിപ്രഹീണസ്യ ശോകസന്ദീപനോ മമ. 23

| | | | |
|---|---|---|---|
| "സൌമിത്രേ! | "ലക്ഷ്മണ! | വിപ്രഹീണസ്യ | വേറിട്ടിരിക്കുന്നവനായ |
| നാനാവിഹഗനാദിതഃ | പലപല പക്ഷികൾ ശബ്ദിക്കുന്നതായ | മമ | എനിക്കു് |
| അയം വസന്തഃ | ഈ വസന്തകാലം | ശോകസന്ദീപനഃ. | ശോകാധിക്യത്തെ നല്കുന്നതായിട്ടാണിരിക്കുന്നതു്. |
| സീതയാ | സീതയോടു | | |

[ഇപ്രകാരം എന്റെ ജ്ഞാനംകൊണ്ടു് ഭക്തന്മാർ തൃപ്തരായിരിക്കെ സംസാരബദ്ധന്മാർ എന്നെ ദുഃഖിപ്പിക്കുന്നു എന്നു് വ്യംഗ്യം. ഈ വസന്തവൎണ്ണനംകൊണ്ടു് അയോദ്ധ്യാനഗരം വിട്ടതിൽ പിന്നെ പതിമൂന്നുസംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു, എന്നു് ഗ്രാഹ്യം. ഗോ. രാ.]

മാം ഹി ശോകസമാക്രാന്തം സന്താപയതി മന്മഥഃ
ഹൃഷ്ടഃ പ്രവദമാനശ്ച മാമാഹ്വയതി കോകിലഃ 24

| | | | |
|---|---|---|---|
| "കോകിലഃ | "കുയിൽ | ഹി | അതിനാൽ |
| ഹൃഷ്ടഃ | സന്തോഷത്തോടെ | ശോകസമാക്രാന്തം | ശോകത്തിലാണ്ടുകിടക്കുന്ന |
| പ്രവദമാനഃ | കൂജനംചെയ്യുന്നതായി | മാം ച | എന്നെയും |
| മാം | എന്നെ | മന്മഥഃ | പ്രേമാതിശയം |
| ആഹ്വയതി; | ആഹ്വാനംചെയ്യുന്നു; | സന്താപയതി. | വാട്ടുന്നു. |

[വസന്തകാലപുഷ്പസമൃദ്ധിയെ വിവരിച്ചശേഷം ഇതുമുതൽ ഉദ്ദീപനകരമായ പക്ഷിനിനദങ്ങളെ വൎണ്ണിക്കുന്നു.]

ഏഷ നത്യൂഹകോ ഹൃഷ്ടോ രമ്യേ മാം വനനിർഝരേ
പ്രണദന്മന്മഥാവിഷ്ടം ശോചയിഷ്യതി ലക്ഷ്മണ. 25

| | | | |
|---|---|---|---|
| "ലക്ഷ്മണ ! | "ലക്ഷ്മണ ! | വനനിർഝരേ | മലഞ്ചോലയിൽ |
| ഏഷഃ | ഈ | പ്രണദൻ | ശബ്ദിച്ചുംകൊണ്ട് |
| നത്യൂഹകഃ | നീർക്കോഴി | മന്മഥാവിഷ്ടം | പ്രേമാവേശത്താൽ |
| ഹൃഷ്ടഃ | സന്തോഷത്തോടെ | മാം | എന്നെ [തപിക്കുന്ന |
| രമ്യേ | രമണീയമായ | ശോചയിഷ്യതി. | ദുഃഖിപ്പിക്കുന്നു. |

ശ്രുത്വൈതസ്യ പുരാ ശബ്ദമാശ്രമസ്ഥാ മമ പ്രിയാ
മാമാഹൂയ പ്രമുദിതാ പരമം പ്രത്യനന്ദത. 26

| | | | |
|---|---|---|---|
| "പുരാ, | "മുമ്പൊരിക്കൽ, | ശ്രുത്വാ, | കേട്ട്, |
| ആശ്രമസ്ഥാ | ആശ്രമത്തിലിരുന്നി | പ്രമുദിതാ | അതിപ്രീതയായി, |
| മമ | എന്റെ [രുന്ന | മാം | എന്നെ |
| പ്രിയാ | പ്രിയയായ സീത | ആഹൂയ | വിളിച്ചുകേൾപ്പിച്ച് |
| ഏതസ്യ | ഇതിന്റെ | പരമം | ഏററം |
| ശബ്ദം | ശബ്ദത്തെ | പ്രത്യനന്ദത. | സന്തോഷിച്ചു. |

ഏവം വിചിത്രാഃ പതഗാ നാനാരാവവിരാവിണഃ
വൃക്ഷഗുല്മലതാഃ പശ്യ സംപതന്തി സമന്തതഃ. 27

| | | | |
|---|---|---|---|
| "ഏവം | "ഇപ്രകാരം | സമന്തതഃ | നാലുഭാഗത്തുനിന്നും |
| വിചിത്രാഃ | പലപല | വൃക്ഷഗുല്മ-ലതാഃ | വൃക്ഷങ്ങളിലും ചെടിക്കൂട്ടുകളിലും ലത[കളിലും |
| പതഗാഃ | പക്ഷികൾ | | |
| നാനാരാവ-വിരാവിണഃ | പലമാതിരി ശബ്ദങ്ങളോടുകൂടിയവയായി | സംപതന്തി. | വന്നുകൂടുന്നു. |
| | | പശ്യ. | കണ്ടാലും. |

വിമിശ്രാ വിഹഗാഃ പുംഭിരാത്മവ്യൂഹാഭിനന്ദിതാഃ
ഭൃംഗരാജപ്രമുദിതാഃ സൌമിത്രേ മധുരസ്വരാഃ. 28

| | | | |
|---|---|---|---|
| "സൌമിത്രേ ! | "ലക്ഷ്മണ ! | ആത്മവ്യൂഹാഭി-നന്ദിതാഃ | സ്വന്തം കൂട്ടത്തിലുള്ളവകളോടൊന്നിച്ചിരിക്കയാൽ സന്തോഷംപൂണ്ടവയായി |
| വിഹഗാഃ | പെൺപക്ഷികൾ | | |
| പുംഭിഃ | ആൺപക്ഷികളോട് | ഭൃംഗരാജ-പ്രമുദിതാഃ | തേനീച്ചകൾപോലെ മദിച്ചുപുളച്ചവയായി |
| വിമിശ്രാഃ | കൂടിയിരുന്നുകൊണ്ട് | മധുരസ്വരാഃ. | മധുരമായി കൂകുന്നു. |

[തേനീച്ചകളുടെ ഝങ്കാരം കേട്ട് മദിച്ചവയായി എന്ന് ഗോ. രാ. ഇതിൽ ആചാര്യന്മാർക്ക് അധീനപ്പെട്ടവരായ സാമഗാനരതന്മാർ പറയപ്പെടുന്നു. ഗോ. രാ.]

അസ്യാഃ കൂലേ പ്രമുദിതാഃ സംഘശഃ ശകുനാസ്ത്വിഹ. 29

| | | | |
|---|---|---|---|
| "അസ്യാഃ | "ഇതിന്റെ | സംഘശഃ | കൂട്ടത്തോടെ |
| കൂലേ | കരയിൽ | ശകുനാഃ തു | അനേകം പരുന്തുകൾ |
| ഇഹ | ഇപ്പോൾ, | പ്രമുദിതാഃ. | ഉത്സാഹം പൂണ്ടവയായി വിളങ്ങുന്നു. |

നത്യൂഹരുതവിക്രന്ദൈഃ പുംസ്കോകിലരുതൈരപി
സ്വനന്തി പാദപാശ്ചേമേ മമാനംഗപ്രദീപകാഃ. 30

| | |
|---|---|
| "ഇമേ പാദപാഃ | "ഈ വൃക്ഷങ്ങൾ |
| നത്യൂഹരുതവിക്രന്ദൈഃ ച | നീർക്കോഴികൾ ശബ്ദിക്കുന്ന ശബ്ദങ്ങളാലും |
| പുംസ്കോകിലരുതൈഃ അപി | ആൺകുയിലുകളുടെ ശബ്ദങ്ങളാലും |
| മമ | എനിക്ക് |
| അനംഗപ്രദീപകാഃ | മനോദുഃഖമുണ്ടാക്കുന്നവയായി |
| സ്വനന്തി. | ശബ്ദിക്കുന്നു. |

[ഈ രണ്ടു ശ്ലോകങ്ങളിൽ, നാനാവിധ ഭഗവന്നാമസങ്കീർത്തനപരന്മാർ ശ്ലാഘിക്കപ്പെടുന്നു. ഗോ. രാ.]

അശോകസ്തബകാംഗാരഃ ഷട്പദസ്വനനിസ്വനഃ
മാം ഹി പല്ലവതാമ്രാർച്ചിർവ്വസന്താഗ്നിഃ പ്രധക്ഷ്യതി. 31

| | |
|---|---|
| "വസന്താഗ്നിഃ | "വസന്തകാലമാകുന്ന അഗ്നി |
| അശോകസ്തബകാംഗാരഃ | അശോകത്തിന്റെ പൂങ്കൊത്തുകളാകുന്ന കനലോടു കൂടിയതായി |
| പല്ലവതാമ്രാർച്ചിഃ | തളിരുകളാകുന്ന ചുവന്ന ജ്വാലകളോടു കൂടിയതായി |
| ഷട്പദസ്വനനിസ്വനഃ ഹി | വണ്ടുകളുടെ ശബ്ദമാകുന്ന, തീയ്യാളുന്ന ശബ്ദത്തോടു കൂടിയതായി |
| മാം പ്രധക്ഷ്യതി. | എന്നെ ദഹിപ്പിക്കുന്നു. |

[ഇവിടെ സ്വപ്രേമത്തെ ജനിപ്പിക്കുന്ന ഭക്തന്മാർ പറയപ്പെടുന്നു ഗോ. രാ.]

ന ഹി താം സൂക്ഷ്മപക്ഷ്മാക്ഷീം സുകേശീം മൃദുഭാഷിണീം
അപശ്യതോ മേ സൌമിത്രേ ജീവിതേഽസ്തി പ്രയോജനം. 32

| | |
|---|---|
| "സൌമിത്രേ! | "ലക്ഷ്മണ! |
| സൂക്ഷ്മപക്ഷ്മാക്ഷീം | ഭംഗിയേറിയ ഇമകളോടുകൂടിയ നേത്രങ്ങളുള്ളവളും |
| സുകേശീം | ചുരുണ്ട കുന്തളമുള്ളവളും |
| മൃദുഭാഷിണീം | തേൻ മൊഴിയാളും ആയ |
| താം ഹി | അവളെയും |
| അപശ്യതഃ | കാണാത്തവനായ |
| മേ | എനിക്ക് |
| ജീവിതേ | ജീവനോടിരിക്കുന്നതിൽ |
| പ്രയോജനം | പ്രയോജനം |
| അസ്തി ന. | ഇല്ല. |

[ഇവരെല്ലാം ഇപ്രകാരം ഭക്തിപാരതന്ത്ര്യന്മാരായിരിക്കെ, സംസാരിയായ ചേതനൻ ദുഃഖത്തെ അനുഭവിക്കുന്നു എന്നുള്ളത് എനിക്ക് അസഹ്യമായിരിക്കുന്നു, എന്നു വിവക്ഷ. ഗോ. രാ.]

അയം ഹി രുചിരസ്തസ്യാഃ കാലോ രുചിരകാനനഃ
കോകിലാകുലസീമാന്തോ ദയിതായാ മമാനഘ. 33

| | |
|---|---|
| "അനഘ! | "പുണ്യാത്മാവായ [ലക്ഷ്മണ! |
| മമ | എന്റെ |
| ദയിതായാഃ | ദയിതയായ |
| തസ്യാഃ, | അവൾക്ക്, |
| രുചിരകാനനഃ | തോപ്പുകൾ രമണീയമായിരിക്കുന്നതും |
| കോകിലാകുലസീമാന്തഃ | എങ്ങുനോക്കിയാലും കുയിലുകൾ നിറഞ്ഞു |
| അയം | ഈ [ലസിക്കുന്നതുമായ |
| കാലഃ ഹി | വസന്തകാലം തന്നെയാണ് |
| രുചിരഃ. | ഏററം പ്രിയമായുള്ളതു. |

മന്മഥായാസസംഭൂതോ വസന്തഗുണവർദ്ധിതഃ
അയം മാം ധക്ഷ്യതി ക്ഷിപ്രം ശോകാഗ്നിർന ചിരാദിവ. 34

| | | | |
|---|---|---|---|
| "മന്മഥായാസ-സംഭൂതഃ | "പ്രേമാതിശയ ദുഃഖത്താൽ നേരിട്ടതായ | വസന്തഗുണ-വർദ്ധിതഃ, | വസന്തകാലത്തിന്റെ മനോഹരതയാൽ വർദ്ധിപ്പിക്കപ്പെട്ടതായി, |
| അയം | ഈ | ന ചിരാത് | ഉടനെ |
| ശോകാഗ്നിഃ, | ശോകാനലൻ, | മാം ധക്ഷ്യതി ഇവ. | എന്നെ ചുട്ടുകളയുമൊ എന്നു തോന്നുന്നു. |
| ക്ഷിപ്രം | വിരവോടെ | | |

അപശ്യതസ്ത്വാം ദയിതാം പശ്യതോ രുചിരദ്രുമാൻ
മമായമാത്മപ്രഭവോ ഭൂയസ്ത്വമുപയാസ്യതി. 35

| | | | |
|---|---|---|---|
| "ദയിതാം | "പ്രിയയായ | മമ | എന്റെ |
| ത്വാം | അവളെ | അയം | ഈ |
| അപശ്യതഃ | കാണാതെ | ആത്മപ്രഭവഃ | മനസ്സിലുള്ളതായ വിരഹചിന്ത |
| രുചിരദ്രുമാൻ | ഈ മനോഹരങ്ങളായ തരുക്കളെ | ഭൂയസ്ത്വം | അസഹ്യമായ വൃദ്ധിയെ |
| പശ്യതഃ | കാണുന്നവനായ | ഉപയാസ്യതി. | പ്രാപിക്കും. |

[" ആത്മപ്രഭവഃ," ആത്മാവിൽനിന്ന്, മനസ്സിൽനിന്ന് ജനിച്ചവൻ, മന്മഥൻ, എന്നു ഗോ. രാ.]

അദൃശ്യമാനാ വൈദേഹീ ശോകം വർദ്ധയതേ മമ
ദൃശ്യമാനോ വസന്തശ്ച സ്വേദസംസർഗ്ഗദൂഷകഃ. 36

| | | | |
|---|---|---|---|
| "വൈദേഹീ | "ജാനകി | വസന്തഃ | വസന്തം |
| അദൃശ്യമാനാ | കാണപ്പെടുവാൻ കഴിയാത്തവളായി | ദൃശ്യമാനഃ ച | കാണപ്പെടുന്നതായും |
| മമ ശോകം | എന്റെ ശോകത്തെ | സ്വേദസംസർഗ്ഗദൂഷകഃ | താപത്തോടു കൂടിയ വിഷമമായ് ത്തീർന്നിരിക്കുന്നു. |
| വർദ്ധയതേ; | വർദ്ധിപ്പിക്കുന്നു; | | |

["സ്വേദസംസർഗ്ഗദൂഷകഃ" മലയാനിലസമ്പർക്കം ഹേതുവാൽ വിയപ്പിനെ നീക്കുന്നതായിരിക്കുന്നു. (തിലകം; ഗോ. രാ.)]

മാം ഹ്യദ്യ മൃഗശാബാക്ഷീചിന്താശോകബലാത് കൃതം
സന്താപയതി സൌമിത്രേ ക്രൂരശ്ചൈത്രോ വനാനിലഃ. 37

| | | | |
|---|---|---|---|
| "സൌമിത്രേ! | "ലക്ഷ്മണ! | അദ്യ | ഇപ്പോൾ |
| മൃഗശാബാക്ഷീ ചിന്താശോക-ബലാത് കൃതം | ഇളമാൻ മിഴിയാളുടെ ചിന്തകൊണ്ടു ശോകത്തിൽ ആണ്ടിരിക്കുന്നവനായ | ചൈത്രഃ | ചൈത്രമാസത്തിലെ |
| | | വനാനിലഃ ഹി | കോടക്കാററും |
| | | ക്രൂരഃ | അസഹ്യമാംവണ്ണം |
| മാം, | എന്നെ, | സന്താപയതി. | തപിപ്പിക്കുന്നു. |

അമീ മയൂരാഃ ശോഭന്തേ പ്രനൃത്യന്തസ്തതസ്തതഃ
സ്വൈഃ പക്ഷൈഃ പവനോദ്ധൂതൈർഗ്ഗവാക്ഷൈഃ സ്ഫാടികൈരിവ.

| | |
|---|---|
| " അമീ | " ഈ |
| മയൂരാഃ, | മയിലുകൾ, |
| സ്ഫാടികൈഃ | സ്ഫടികക്കല്ലുകൾകൊണ്ടു നിർമ്മിച്ച |
| പവനോദ്ധൂതൈഃ, | കാററടിച്ചിളകുന്നവയായ |
| ഗവാക്ഷൈഃ ഇവ, | ജനവാതിലുകളെക്കൊണ്ടെന്നപോലെ, |
| ശൈലാഃ | അവയുടെ |
| പക്ഷൈഃ | പീലിച്ചിറകുകളോടു |
| തതസ്തതഃ | അങ്ങുമിങ്ങും [ക്രീഡി |
| പ്രനൃത്യന്തഃ | നൃത്തംചെയ്യുന്നവയായി |
| ശോഭന്തേ. | വിലസുന്നു. [യി |

[ഇതിനാൽ ഭഗവത്കൃപാപ്രവർത്തിതന്മാരായ പല കർമ്മതല്പരന്മാർ പറയപ്പെടുന്നു. ഗോ. രാ.]

ശിഖിനീഭിഃ പരിവൃതാസ്ത ഏതേ മദമൂർച്ഛിതാഃ
മന്മഥാഭിപരീതസ്യ മമ മന്മഥവർദ്ധനാഃ. 39

| | |
|---|---|
| " തേ | " അപ്രകാരമുള്ള |
| ഏതേ, | ഈ ആൺമയിലുകൾ, |
| ശിഖിനീഭിഃ | മയിൽപേടകളാൽ |
| പരിവൃതാഃ, | ചൂഴപ്പെട്ടവയായി, |
| മദമൂർച്ഛിതാഃ | ഉത്സാഹത്താൽ തന്നെത്താൻ മറന്നവയായി |
| മന്മഥാഭിപരീതസ്യ | വിരഹതാപത്താൽ ദുഃഖിക്കുന്നവനായ |
| മമ | എനിക്ക് |
| മന്മഥവർദ്ധനാഃ | വിരഹതാപത്തെ അധികമാക്കുന്നു. |

[ശിഷ്യവർഗ്ഗത്തോടുകൂടിയുള്ള ഭക്തന്മാരുടെ ദർശനം, എല്ലാവരേയും ഭക്തന്മാരായി കാണ്മാനുള്ള ആഗ്രഹത്തെ ഭഗവാന്ന് ജനിപ്പിക്കുന്നു എന്ന് വ്യംഗ്യം. ഗോ. രാ.]

പശ്യ ലക്ഷ്മണ നൃത്യന്തം മയൂരമുപനൃത്യതി
ശിഖിനീ മന്മഥാർത്തൈഷാ ഭർത്താരം ഗിരിസാനുഷു. 40

| | |
|---|---|
| " ലക്ഷ്മണ ! | " ലക്ഷ്മണ ! |
| പശ്യ ; | കണ്ടാലും ; |
| ഗിരിസാനുഷു | മലന്താഴ്വരകളിൽ |
| നൃത്യന്തം | നർത്തനംചെയ്യുന്ന, |
| ഭർത്താരം | ഭർത്താവായ |
| മയൂരം | ആൺമയിലിനെ, |
| ഏഷാ ശിഖിനീ | ഈ മയിൽപേട |
| മന്മഥാർത്താ | കാമാർത്തയായി |
| ഉപനൃത്യതി. | അനുസരിച്ചുംകൊണ്ടു ആടുന്നു. |

താമേവ മനസാ രാമാം മയൂരോऽപ്യുപധാവതി
വിതത്യ രുചിരൌ പക്ഷൌ രുതൈരുപഹസന്നിവ 41

| | |
|---|---|
| " മയൂരഃ അപി | " ആൺമയിലും |
| രുചിരൌ | അഴകാന്ന |
| പക്ഷൌ | ചിറകുകളെ |
| വിതത്യ, | പരത്തിക്കൊണ്ട്, |
| രുതൈഃ | കേകാരവങ്ങളോടുകൂടി, |
| ഉപഹസന്നിവ | പ്രസന്നഭാവത്തോടെ |
| താം | ആ |
| രാമാം ഏവ | പേടയെത്തന്നെ |
| മനസാ | പ്രീതിപൂണ്ട് |
| ഉപധാവതി. | അടുക്കുന്നു. |

[ഈ രണ്ടു ശ്ലോകങ്ങളിൽ ശിഷ്യനും ആചാര്യനും തമ്മിലുള്ള അന്യോന്യപ്രീതി വ്യഞ്ജിക്കുന്നു. ഗോ. രാ.]

മയൂരസ്യ വനേ നൂനം രക്ഷസാ ന ഹൃതാ പ്രിയാ
തസ്മാന്നൃത്യതി രമ്യേഷു വനേഷു സഹ കാന്തയാ. 42

| | |
|---|---|
| "പ്രിയാ | "പ്രിയയായ സീത, |
| രക്ഷസാ | രാക്ഷസനാൽ |
| മയൂരസ്യ വനേ | മയിലുകൾ ഇരിക്കുന്നതായ കാട്ടിൽ |
| നൂനം | തീൎച്ചയായും |
| ന ഹൃതാ, | അപഹരിക്കപ്പെട്ടില്ല, |
| തസ്മാത് | അതുകൊണ്ടുതന്നെയാണു് |
| കാന്തയാ സഹ | മയിൽപേടയോടുകൂടി |
| രമ്യേഷു | രമണീയങ്ങളായ |
| വനേഷു | വനപ്രദേശങ്ങളിൽ |
| നൃത്യതി. | ഉത്സാഹത്തോടെ നൎത്തനം ചെയ്യുന്നതു്. |

മമ ത്വയം വിനാവാസഃ പുഷ്പമാസേ സുദുഃസഹഃ 43

| | |
|---|---|
| "പുഷ്പമാസേ | "വസന്തമാസത്തിൽ |
| അയം | ഈ |
| വിനാവാസഃ | വേൎപിരിഞ്ഞുള്ള വാസം |
| മമ തു | എനിക്കു |
| സുദുഃസഹഃ. | അസഹനീയംതന്നെ. |

പശ്യ ലക്ഷ്മണ സംയോഗം തിൎയ്യഗ്യോനിഗതേഷ്വപി
യദേഷാ ശിഖിനീ കാമാദ് ഭൎത്താരമഭിവൎത്തതേ. 44

| | |
|---|---|
| "ഏഷാ | "ഈ |
| ശിഖിനീ | മയിൽപേട |
| കാമാത് | കാമംമൂലം |
| ഭൎത്താരം | കാന്തനെ |
| അഭിവൎത്തതേ; | അടുക്കുന്നു; |
| ലക്ഷ്മണ! | ലക്ഷ്മണ! |
| യത് | എന്നതുകൊണ്ടു് |
| തിൎയ്യഗ്യോനി-ഗതേഷു അപി | തിൎയ്യക്കുകളായ പക്ഷികളുടെ സംഗതിയിലുംകൂടി |
| സംയോഗം | (ഈ വസന്തകാലത്തിൽ) ഇണപിരിയാതിരിക്കുക എന്ന അവസ്ഥയെ |
| പശ്യ! | കണ്ടാലും! |

മാമപ്യേവം വിശാലാക്ഷീ ജാനകീ ജാതസംഭ്രമാ
മദനേനാഭിവൎത്തേത യദി നാപഹൃതാ ഭവേത്. 45

| | |
|---|---|
| "വിശാലാക്ഷീ | "തടമിഴിയാളായ |
| ജാനകി | ജാനകി |
| അപഹൃതാ | അപഹരിക്കപ്പെട്ടവളായി |
| ന ഭവേത് യദി, | ഭവിക്കാതിരുന്നാൽ, |
| ഏവം | ഇപ്രകാരം തന്നെ |
| മാം അപി, | എന്നെക്കുറിച്ചും |
| ജാതസംഭ്രമാ | പ്രിയത്തോടുകൂടിയവളായി |
| മദനേന | ഉത്സാഹത്തോടുകൂടി |
| അഭിവൎത്തേത. | എന്റെ സമീപത്തിൽ വരുമായിരുന്നു. |

പശ്യ ലക്ഷ്മണ പുഷ്പാണി നിഷ്ഫലാനി ഭവന്തി മേ
പുഷ്പഭാരസമൃദ്ധാനാം വനാനാം ശിശിരാത്യയേ. 46

| | |
|---|---|
| "ലക്ഷ്മണ! | "ലക്ഷ്മണ! |
| പശ്യ; | നോക്കുക; |
| ശിശിരാത്യയേ | ഈ വസന്ത ഋതുവിൽ |
| പുഷ്പഭാര-സമൃദ്ധാനാം | പുഷ്പങ്ങൾ നിറയെപ്പൂത്തുനില്ക്കുന്ന |
| വനാനാം | വൃക്ഷങ്ങളുടെ |
| പുഷ്പാണി | കുസുമങ്ങൾ |
| മേ | എനിക്കു് |
| നിഷ്ഫലാനി | പ്രയോജനമില്ലാത്തവയായി |
| ഭവന്തി. | ഇരിക്കുന്നു. |

രുചിരാണ്യപി പുഷ്പാണി പാദപാനാമതിശ്രിയാ
നിഷ്ഫലാനി മഹീം യാന്തി സമം മധുകരോത്കരൈഃ 47

| | | | |
|---|---|---|---|
| "പാദപാനാം | "വൃക്ഷങ്ങളുടെ | നിഷ്ഫലാനി | പ്രയോജനമില്ലാത്തവ[യായി] |
| പുഷ്പാണി | പൂക്കൾ | മഹീം | ഭൂമിയിൽ |
| അതിശ്രിയാ | അധികകാന്തിമൂലം | മധുകരോത്-കരൈഃ | വണ്ടിൻ കൂട്ടങ്ങളോടു |
| രുചിരാണി അപി, | മനോഹരങ്ങളെന്നിരിക്കിലും, | സമം യാന്തി. | കൂടെത്തന്നെ വീഴുന്നു. |

വദന്തി രാവം മുദിതാഃ ശകുനാഃ സംഘശഃ കലം
ആഹ്വയന്ത ഇവാന്യോന്യം കാമോന്മാദകരാ മമ. 48

| | | | |
|---|---|---|---|
| "ശകുനാഃ | "പക്ഷികൾ | മമ | എനിക്ക് |
| മുദിതാഃ | സന്തോഷത്തോടെ | കാമോന്മാദ-കരാഃ, | സ്മൃതിയാൽ മനശ്ചാഞ്ചല്യത്തെ ഉണ്ടാക്കുന്നവയായി, |
| സംഘശഃ | ഒന്നിച്ചുകൂടിക്കൊണ്ട്, | കലം | മധുരമായ |
| അന്യോന്യം | ഒന്നിനൊന്ന് | രാവം, | ശബ്ദത്തെ, |
| ആഹ്വയന്തഃ ഇവ | വിളിക്കുന്നവ എന്നപോലെ, | വദന്തി. | പുറപ്പെടീക്കുന്നു. |

[പക്ഷികളുടെ മധുരസ്വരത്തെ ശ്രവിക്കുമ്പോൾ സീതയുടെ വാങ്മാധുൎയ്യം ഓൎമ്മവരുന്നു എന്നു് സാരം.

എനിക്കു് കാമോന്മാദത്തെ വൎദ്ധിപ്പിപ്പാൻ പക്ഷികൾ ഒന്നിച്ചുകൂടുവാൻ അന്യോന്യം വിളിച്ചുകൂട്ടുന്നപോലെ ശബ്ദിക്കുന്നു എന്നു് ഗോ. രാ.

ഇതിൽ ഭഗവത്കാരുണ്യത്തെ ജീവിതസൎവ്വസ്വമായി കരുതുന്ന ജ്ഞാനികളുടെ വ്യാപാരം സൂചിപ്പിക്കപ്പെടുന്നു. ഗോ. രാ.]

വസന്തോ യദി തത്രാപി യത്ര മേ വസതി പ്രിയാ
നൂനം പരവശാ സീതാ സാഽപി ശോചത്യഹം യഥാ. 49

| | | | |
|---|---|---|---|
| "മേ | "എന്റെ | അഹം | ഞാൻ |
| പ്രിയാ സീതാ | പ്രേമഭാജനമായ സീത | യഥാ | എപ്രകാരമോ അപ്രകാരംതന്നെ |
| യത്ര | എവിടെ | | |
| വസതി | വസിക്കുന്നുവോ, | സാ അപി | അവളും |
| തത്ര അപി | അവിടേയും | പരവശാ, | പരവശയായി, |
| വസന്തഃ | വസന്തകാലം | നൂനം | നിശ്ചയമായും |
| യദി, | ആണെന്നാൽ, | ശോചതി. | ദുഃഖിക്കും. |

നൂനം ന തു വസന്തോഽയം ദേശം സ്പൃശതി യത്ര സാ
കഥം ഹ്യസിതപദ്മാക്ഷീ വൎത്തയേത്സാ മയാ വിനാ. 50

| | | | |
|---|---|---|---|
| "സാ | "അവൾ | അസിത-പദ്മാക്ഷീ | ചെന്താർനേത്രയായ |
| യത്ര | എവിടെയോ ആ | | |
| ദേശം | പ്രദേശത്തെ | സാ | അവൾ |
| അയം | ഈ | മയാ വിനാ | എന്നോടു വേറിട്ടവളായി, |
| വസന്തഃ | വസന്തകാലം | | |
| നൂനം | ഒരുസമയം | കഥം ഹി | എപ്രകാരംതന്നെയാ[ണ്] |
| ന സ്പൃശതി തു | അടുത്തില്ലെന്നാലും, | വൎത്തയേത്. | ജീവിച്ചിരിക്കുക. |

അഥവാ വൎത്തതേ തത്ര വസന്തോ യത്ര മേ പ്രിയാ.
കിം കരിഷ്യതി സുശ്രോണീ സാ തു നിൎഭൎത്സിതാ പരൈഃ. 51

| | | | |
|---|---|---|---|
| "മേ | "എന്റെ | സുശ്രോണീ | സന്മാൎഗ്ഗത്തിൽതന്നെ ചരിക്കുന്നവളായ |
| പ്രിയാ | പ്രിയതമ | സാ | അവൾ |
| യത്ര | എവിടെയുണ്ടോ | പരൈഃ | ശത്രുക്കളാൽ |
| തത്ര | അവിടെയും | നിൎഭൎത്സിതാ | ഭയപ്പെടുത്തപ്പെട്ടവളാ |
| വസന്തഃ | വസന്തകാലം | തു | ഇരിക്കുന്ന സമയം [യി |
| വൎത്തതേ; | തന്നെയാണ്; | കിം കരിഷ്യതി? | എന്തുചെയ്യുമോ ? |
| അഥവാ | എന്നാലും | | |

ശ്യാമാ പദ്മപലാശാക്ഷീ മൃദുപൂൎവ്വാഭിഭാഷിണീ
നൂനം വസന്തമാസാദ്യ പരിത്യക്ഷ്യതി ജീവിതം. 52

| | | | |
|---|---|---|---|
| "പദ്മപലാശാക്ഷീ | "പങ്കജദളനേത്രയും | വസന്തം | വസന്തകാലത്തെ |
| മൃദുപൂൎവ്വാഭിഭാഷിണീ | മൃദുവായി സംസാരിക്കുന്നവളും ആയ | ആസാദ്യ, | പ്രാപിച്ച്, |
| ശ്യാമാ, | എന്റെ ഭാൎയ്യയായ അവൾ | നൂനം | തീൎച്ചയായും |
| | | ജീവിതം | ജീവനെ |
| | | പരിത്യക്ഷ്യതി. | ഉപേക്ഷിക്കും. |

ദൃഢം ഹി ഹൃദയേ ബുദ്ധിൎമ്മമ സംപ്രതി വൎത്തതേ
നാലം വൎത്തയിതും സീതാ സാധ്വീ മദ്വിരഹം ഗതാ 53

| | | | |
|---|---|---|---|
| "സാധ്വീ | "മഹാപതിവ്രതയായ | ന അലം, | സഹിക്കുകയില്ല, |
| സീതാ ഹി | സീതയാകട്ടെ, | ബുദ്ധിഃ | എന്നുള്ളതായ വിചാരം |
| മദ്വിരഹം ഗതാ | എന്നോടു വേറിട്ടവളായി | മമ ഹൃദയേ | എന്റെ മനസ്സിൽ |
| വൎത്തയിതും | ജീവനോടിരിക്കുക എന്നതിനെ | ദൃഢം | ദൃഢമായി |
| | | സംപ്രതി | ഇപ്പോൾ |
| | | വൎത്തതേ. | വൎത്തിക്കുന്നു. |

മയി ഭാവോഽപി വൈദേഹ്യാസ്തത്വതോ വിനിവേശിതഃ
മമാപി ഭാവഃ സീതായാം സൎവ്വഥാ വിനിവേശിതഃ. 54

| | | | |
|---|---|---|---|
| "വൈദേഹ്യാഃ | "വൈദേഹിയുടെ | മമ ഭാവഃ | എന്റെ ജീവൻ |
| ഭാവഃ | ജീവൻ | സീതായാം അപി | സീതയിങ്കലും |
| മയി അപി | എങ്കൽ തന്നെ | സൎവ്വഥാ | സൎവ്വപ്രകാരത്തിലും |
| തത്വതഃ | മുഴുവനും | വിനിവേശിതഃ. | നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. |
| വിനിവേശിതഃ; | വെക്കപ്പെട്ടിരിക്കുന്നു; | | |

[ഇവിടെ ഭഗവാനും ജീവനുമായുള്ള സ്വാഭാവികസംബന്ധം വ്യംഗ്യമായി കാണിക്കപ്പെട്ടിരിക്കുന്നു. ഗോ. ര.]

ഏഷ പുഷ്പവഹോ വായുഃ സുഖസ്പർശോ ഹിമാവഹഃ
താം വിചിന്തയതഃ കാന്താം പാവകപ്രതിമോ മമ. 55

| | | | |
|---|---|---|---|
| "പുഷ്പവഹഃ | "പൂമണമേറ്റു വീശുന്നതും | താം | ആ |
| ഹിമാവഹഃ | ശീതളമായതും | കാന്താം | പ്രിയതമയെത്തന്നെ |
| സുഖസ്പർശഃ | സുഖമായ സ്പർശത്തോടുകൂടിയതുമായ | വിചിന്തയതഃ | ചിന്തിച്ചുകൊണ്ടിരിക്കുന്നവനായ |
| ഏഷഃ | ഈ | മമ | എനിക്ക് |
| വായുഃ, | മന്ദമാരുതൻ, | പാവകപ്രതിമഃ. | ചെന്തീയെന്നപോലെയിരിക്കുന്നു. |

സദാ സുഖമഹം മന്യേ യം പുരാ സഹ സീതയാ
മാരുതഃ സ വിനാ സീതാം ശോകം വർദ്ധയതേ മമ. 56

| | | | |
|---|---|---|---|
| "പുരാ | "ഇതിന്നുമുമ്പ് | സഃ | ആ |
| സദാ | എല്ലായ്പോഴും | മാരുതഃ, | മന്ദമാരുതൻ, |
| സീതയാ സഹ | സീതയോടുകൂടിയിരുന്ന | സീതാം വിനാ | സീതയെപിരിഞ്ഞവനായ |
| അഹം, | ഞാൻ, | മമ | എനിക്ക് |
| യം | യാതൊന്നിനെ | ശോകം | ശോകത്തെ |
| സുഖം | സുഖംനൽകുന്നതായി | വർദ്ധയതേ. | വർദ്ധിപ്പിക്കുന്നതായാണിരിക്കുന്നതു്. |
| മന്യേ, | ഓർത്തിരുന്നുവൊ, | | |

താം വിനാ സ വിഹംഗോ യഃ പക്ഷീ പ്രണദിതസ്തദാ
വായസഃ പാദപഗതഃ പ്രഹൃഷ്ടമഭിനർദ്ദതി. 57

| | | | |
|---|---|---|---|
| "യഃ പക്ഷീ | "യാതൊരു പക്ഷി | സഃ വായസഃ | ആ കാകൻ, |
| താം വിനാ | അവളെപിരിഞ്ഞു്, | പാദപഗതഃ | വൃക്ഷത്തിലിരുന്നുകൊണ്ടു് |
| തദാ | ആ സമയം | പ്രഹൃഷ്ടം | നന്മയെ അറിയിക്കുന്നതായി |
| വിഹംഗഃ | ആകാശത്തിലിരുന്നുകൊണ്ടു് | അഭിനർദ്ദതി. | മൃദുവായ് ശബ്ദിക്കുന്നു. (കുറിക്കുന്നു) |
| പ്രണദിതഃ | അപസ്വരം പുറപ്പെടീച്ചുകൊണ്ടിരുന്നുവോ | | |

[സീതാവിയോഗത്തിന്നുമുമ്പ് ആ വിയോഗത്തെ സൂചിപ്പിക്കുമാറ് പരുഷമായി ശബ്ദിച്ചിരുന്ന വായസം, ഇപ്പോൾ സീതാസമാഗമത്തിന്ന് ഹേതുഭൂതമായ ബന്ധുസമാഗമത്തെ സൂചിപ്പിക്കുന്നതായി ശോഭനകരമാംവണ്ണം ശബ്ദിക്കുന്നു എന്നു സാരം.]

ഏഷ വൈ തത്ര വൈദേഹ്യാ വിഹഗഃ പ്രതിഹാരകഃ
പക്ഷീ മാം തു വിശാലാക്ഷ്യാഃ സമീപമുപനേഷ്യതി. 58

| | | | |
|---|---|---|---|
| "തത്ര | "ആ സമയം | മാം | എന്നെ |
| വൈദേഹ്യാഃ | വൈദേഹിക്ക് | വിശാലാക്ഷ്യാഃ | വിശാലാക്ഷിയായ സീതയുടെ |
| വിഹഗഃ | ഒരു പക്ഷി | സമീപം | സമീപത്തിലേക്ക് |
| പ്രതിഹാരകഃ വൈ; | കാവലായി നിന്നിരുന്നു; | ഉപനേഷ്യതി. | കൂട്ടിക്കൊണ്ടുപോവാൻപോകുന്നതു്. |
| ഏഷഃ പക്ഷീ തു | എന്നാൽ ഈ പക്ഷി തന്നെയാണു് | | |

ശൃണു ലക്ഷ്മണ സന്നാദം വനേ മദവിവർദ്ധനം
പുഷ്പിതാഗ്രേഷു വൃക്ഷേഷു ദ്വിജാനാമുപകൂജതാം 59

| | | | |
|---|---|---|---|
| "വനേ | "കാട്ടിൽ | ദ്വിജാനാം | പക്ഷികളുടെ |
| പുഷ്പിതാഗ്രേഷു | പൂത്തുനില്ക്കുന്ന അഗ്രങ്ങളോടുകൂടിയ | മദവിവർദ്ധനം | ഉത്സാഹവർദ്ധകമായ |
| | | സന്നാദം | കൂകലിനെ |
| വൃക്ഷേഷു | വൃക്ഷങ്ങളിൽ | ലക്ഷ്മണ! | അല്ലയോ ലക്ഷ്മണ! |
| ഉപകൂജതാം | കൂകിക്കൊണ്ടിരിക്കുന്ന | ശൃണു. | കേൾക്കുക. |

[ഇതിനാൽ ജ്ഞാനപ്രധാനമായുള്ള പരമപദത്തിൽ നിത്യമുക്തന്മാരായ സാമഗായകന്മാരുടെ സ്ഥിതി പറയപ്പെടുന്നു. ഗോ. രാ.]

വിക്ഷിപ്താം പവനേനൈതാമസൗ തിലകമഞ്ജരീം
ഷട്പദഃ സഹസാഽഭ്യേതി മദോദ്ധൂതാമിവ പ്രിയാം. 60

| | | | |
|---|---|---|---|
| "അസൗ | "ഈ | മദോദ്ധൂതാം | ഉത്സാഹംപൂണ്ട |
| ഷട്പദഃ | ഭ്രമരം | പ്രിയാം | പ്രിയയെ |
| പവനേന | കാററിനാൽ | ഇവ, | എന്നവണ്ണം |
| വിക്ഷിപ്താം | ഉലയ്ക്കപ്പെട്ടതായ | സഹസാ | വിരവോടെ |
| ഏതാം തിലകമഞ്ജരീം | ഈ മയിലെള്ളിന്റെ പൂങ്കൊത്തിനെ | അഭ്യേതി. | അടുക്കുന്നു. |

[ഇതിൽ ഭഗവാന്റെ കരുണയ്ക്കു പാത്രീഭൂതന്മാരായവൎക്കു സംസാരസാഗരതരണത്തിന്നുതകുന്നതായ വിദ്യയെയും അവിദ്യയെയും പററിയ രണ്ടു തത്വങ്ങളും ഉത്തരക്ഷണത്തിൽതന്നെ ലഭിക്കുന്നു എന്നു വ്യംഗ്യം. ഗോ. രാ.]

കാമിനാമയമത്യന്തമശോകഃ ശോകവർദ്ധനഃ
സ്തബകൈഃ പവനോത്ക്ഷിപ്തൈസ്തർജ്ജയന്നിവ മാം സ്ഥിതഃ 61

| | | | |
|---|---|---|---|
| "കാമിനാം | "വിരഹികൾക്ക് | സ്തബകൈഃ | പൂങ്കൊത്തുകളാൽ |
| ശോകവർദ്ധനഃ | ദുഃഖത്തെ വർദ്ധിപ്പിക്കുന്നതായ | മാം | എന്നെ |
| അയം | ഈ | അത്യന്തം | ഏററം |
| അശോകഃ | അശോകവൃക്ഷം | തർജ്ജയൻ ഇവ | മിരട്ടുന്നതുപോലെ |
| പവനോത്ക്ഷിപ്തൈഃ | കാററിലാടുന്നവയായ | സ്ഥിതഃ. | വർത്തിക്കുന്നു. |

[സംസാരികൾക്കു തത്വജ്ഞാനത്തെ ഉളവാക്കാത്ത എന്നെ ജ്ഞാനികൾ ലജ്ജിപ്പിക്കുന്നു എന്നു വ്യംഗ്യം. ഗോ. രാ.]

അമീ ലക്ഷ്മണ ദൃശ്യന്തേ ചൂതാഃ കുസുമശാലിനഃ
വിഭ്രമോത്സിക്തമനസഃ സാംഗരാഗാ നരാ ഇവ. 62

| | | | |
|---|---|---|---|
| "ലക്ഷ്മണ! | "ലക്ഷ്മണ! | വിഭ്രമോത്സിക്തമനസഃ | കാമസംഭ്രമംപൂണ്ട ചിത്തത്തോടുകൂടിയവരായ |
| കുസുമശാലിനഃ | വളരെപൂത്തുനില്ക്കുന്നവയായ | നരാഃ | ആളുകൾ |
| അമീ | ഈ | ഇവ, | എന്നപോലെ, |
| ചൂതാഃ, | മാവുകൾ, | ദൃശ്യന്തേ. | കാണപ്പെടുന്നു. |
| സാംഗരാഗാഃ | കളഭക്കൂട്ടുമുതലായവ പൂശിക്കൊണ്ട് | | |

സൌമിത്രേ പശ്യ പമ്പായാശ്ചിത്രാസു വനരാജിഷു
കിന്നരാ നരശാർദ്ദൂല വിചരന്തി സമന്തതഃ. 63

| | | | |
|---|---|---|---|
| "നരശാർദ്ദൂല! | "പുരുഷോത്തമ! | വനരാജിഷു, | തരുനിരകൾക്കിടയിൽ, |
| സൌമിത്രേ! | ലക്ഷ്മണ! | സമന്തതഃ | അങ്ങുമിങ്ങും |
| പശ്യ; | കണ്ടാലും; | കിന്നരാഃ | കിന്നരന്മാർ |
| പമ്പായാഃ | പമ്പയുടെ | വിചരന്തി. | ഉലാത്തിക്കൊണ്ടിരിക്കുന്നു. |
| ചിത്രാസു | രമണീയങ്ങളായ | | |

ഇമാനി ശുഭഗന്ധീനി പശ്യ ലക്ഷ്മണ സർവ്വശഃ
നളിനാനി പ്രകാശന്തേ ജലേ തരുണസൂര്യ്യവത്. 64

| | | | |
|---|---|---|---|
| "ലക്ഷ്മണ! | "ലക്ഷ്മണ! | നളിനാനി, | ചെന്താമരപ്പൂക്കൾ, |
| പശ്യ; | നോക്കുക; | തരുണസൂര്യ്യവത് | ബാലസൂര്യ്യനെപ്പോലെ |
| ശുഭഗന്ധീനി | നറുമണം വീശുന്ന | ജലേ സർവ്വശഃ | വെള്ളത്തിൽ എങ്ങും |
| ഇമാനി | ഈ | പ്രകാശന്തേ. | പ്രകാശിക്കുന്നു. |

ഏഷാ പ്രസന്നസലിലാ പദ്മനീലോത്പലായുതാ
ഹംസകാരണ്ഡവാകീർണ്ണാ പമ്പാ സൌഗന്ധികായുതാ. 65

| | | | |
|---|---|---|---|
| "ഏഷാ പമ്പാ | "ഈ പമ്പാസരസ്സ് | ഹംസ-കാരണ്ഡ-വാകീർണ്ണാ; | അരയന്നം, നീർക്കോഴി, എന്നവയാൽ വിലസുന്നു; |
| പ്രസന്ന-സലിലാ; | നിർമ്മല ജലമാർന്നതായിരിക്കുന്നു; | സൌഗന്ധി-കായുതാ. | കൽഹാര പുഷ്പങ്ങൾ നിറഞ്ഞതായുമിരിക്കുന്നു. |
| പദ്മനീലോ-ത്പലായുതാ; | താമര, കുവലയം, എന്നവ നിറഞ്ഞതായിരിക്കുന്നു; | | |

ജലേ തരുണസൂര്യ്യാഭൈഃ ഷഡ്പദാഹതകേസരൈഃ
പങ്കജൈഃ ശോഭതേ പമ്പാ സമന്താദഭിസംവൃതാ. 66

| | | | |
|---|---|---|---|
| "പമ്പാ, | "പമ്പാസരസ്സ്, | തരുണ-സൂര്യ്യാഭൈഃ | ബാലസൂര്യ്യ കാന്തിയോടു കൂടിയവയും ആയ |
| ജലേ | വെള്ളത്തിൽ | പങ്കജൈഃ, | താമരപ്പൂക്കളാൽ, |
| ഷഡ്പദാ-ഹത-കേസരൈഃ | വണ്ടുകളാൽ ഉതിർന്ന കേസരങ്ങളോടു കൂടിയവയും | സമന്താത് | എങ്ങുനോക്കിയാലും |
| | | അഭിസംവൃതാ | നിറയപ്പെട്ടതായി |
| | | ശോഭതേ. | പരിലസിക്കുന്നു. |

ചക്രവാകയുതാ നിത്യം ചിത്രപ്രസ്ഥവനാന്തരാ
മാതംഗമൃഗയൂഥൈശ്ച ശോഭതേ സലിലാർത്ഥിഭിഃ. 67

| | | | |
|---|---|---|---|
| "നിത്യം | "എല്ലായ്പ്പോഴും | സലിലാർത്ഥിഭിഃ | വെള്ളം കുടിപ്പാനായെത്തുന്ന |
| ചിത്രപ്രസ്ഥ-വനാന്തരാ | അഴകാർന്ന നിരന്ന വനപ്രദേശങ്ങളോടു കൂടി | മാതംഗമൃഗ-യൂഥൈഃ ച | കാട്ടാന, മാൻ എന്നവയുടെ കൂട്ടങ്ങളാൽ |
| ചക്രവാകയുതാ | ചക്രവാകങ്ങൾ നിറഞ്ഞതായി | ശോഭതേ. | (പമ്പ)പരിലസിക്കുന്നു. |

പവനാഹതവേഗാഭിരൂർമ്മിഭിർവ്വിമലേഽംഭസി
പങ്കജാനി വിരാജന്തേ താഡ്യമാനാനി ലക്ഷ്മണ. 68

| | | | |
|---|---|---|---|
| "ലക്ഷ്മണ! | "ലക്ഷ്മണ! | വിമലേ | നിർമ്മലമായ |
| പങ്കജാനി | താമരപ്പൂക്കൾ | അംഭസി | ജലത്തിൽ |
| പവനാഹതവേഗാഭിഃ | കാററടിക്കപ്പെട്ട് ഊക്കോടു കൂടിയ | താഡ്യമാനാനി | ഉലയുന്നവയായി |
| ഊർമ്മിഭിഃ, | ഓളങ്ങളാൽ, | വിരാജന്തെ. | അത്യന്തം ശോഭിക്കുന്നു. |

പദ്മപത്രവിശാലാക്ഷീം സതതം പങ്കജപ്രിയാം
അപശ്യതോ മേ വൈദേഹീം ജീവിതം നാഭിരോചതേ. 69

| | | | |
|---|---|---|---|
| "പദ്മപത്രവിശാലാക്ഷീം | "ചെന്താർമിഴിയാളും | വൈദേഹീം | ജാനകിയെ |
| സതതം | എല്ലായ്പോഴും | അപശ്യതഃ | കാണാത്തവനായ |
| പങ്കജപ്രിയാം | താമരസപുഷ്പങ്ങളിൽ അതിപ്രിയമുള്ളവളും ആയ | മേ | എനിക്ക് |
| | | ജീവിതം | ജീവിച്ചിരിപ്പാൻ |
| | | ന അഭിരോചതേ. | ആഗ്രഹമില്ല. |

അഹോ കാമസ്യ വാമത്വം യോ ഗതാമപി ദുർല്ലഭാം
സ്മാരയിഷ്യതി കല്യാണീം കല്യാണതരവാദിനീം. 70

| | | | |
|---|---|---|---|
| "ഗതാം അപി | "കാണാതിരിക്കുന്നവളെങ്കിലും അവളെ | യഃ | യാതൊന്ന് |
| കല്യാണീം | മംഗളസ്വരൂപിണിയായി | സ്മാരയിഷ്യതി | ഇടവിടാതെ ഓർമ്മപ്പെടുത്തുന്നുവൊ, |
| കല്യാണതരവാദിനീം | മൃദുമധുരഭാഷിണിയായി | കാമസ്യ | അപ്രകാരമുള്ള പ്രേമത്തിന്റെ |
| ദുർല്ലഭാം | അത്യന്തപ്രിയതരയായി | വാമത്വം | കുടിലവൃത്തി |
| | | അഹോ! | എത്രയെന്നുനോക്കുക! |

ശക്യോ ധാരയിതും കാമോ ഭവേദദ്യാഗതോ മയാ
യദി ഭൂയോ വസന്തോ മാം ന ഹന്യാത് പുഷ്പിതദ്രുമഃ. 71

| | | | |
|---|---|---|---|
| "പുഷ്പിതദ്രുമഃ | "പുഷ്പിച്ച തരുക്കളോടുകൂടിയതായി | ന ഹന്യാത് യദി, | ഓർമ്മപ്പെടുത്തി ഉപദ്രവിക്കാതിരുന്നാൽ |
| അദ്യ | ഇപ്പോൾ | കാമഃ, | ആ പ്രേമാതിശയം, |
| ആഗതഃ | ഉള്ളതായ | മയാ | എന്നാൽ |
| വസന്തഃ, | ഈ വസന്തകാലം, | ധാരയിതും ശക്യഃ | സഹിച്ചിരിക്കത്തക്കതായി |
| ഭൂയഃ | മുമ്പേതിലും അധികമായി | ഭവേത്. | തീരുമായിരുന്നു. |
| മാം | എന്നെ | | |

യാനി സ്മ രമണീയാനി തയാ സഹ ഭവന്തി മേ
താന്യേവാരമണീയാനി ജായന്തേ മേ തയാ വിനാ. 72

| | |
|---|---|
| " തയാ സഹ | " അവളോടുകൂടിയിരുന്നവനായ |
| മേ | എനിക്ക് |
| രമണീയാനി | പ്രീതികരങ്ങളായി |
| യാനി | ഏതെല്ലാം |
| ഭവന്തി സ്മ, | ഉണ്ടായിരുന്നുവോ, |
| താനി ഏവ, | അവയെല്ലാംതന്നെ, |
| തയാ വിനാ | അവളെ വിട്ടുപിരിഞ്ഞിരിക്കുന്നവനായ |
| മേ, | എനിക്ക്, |
| അരമണീയാനി | അപ്രീതികരങ്ങളായി |
| ജായന്തേ. | തീൎന്നിരിക്കുന്നു. |

പദ്മകോശപലാശാനി ദ്രഷ്ട്വാ ദൃഷ്ടിർവിമന്യതേ
സീതായാ നേത്രകോശാഭ്യാം സദൃശാനീതി ലക്ഷ്മണ. 73

| | |
|---|---|
| " ലക്ഷ്മണ ! | " ലക്ഷ്മണ ! |
| പദ്മകോശ-പലാശാനി | താമരമൊട്ടിന്റെ എതളുകൾ |
| സീതായാഃ | സീതയുടെ |
| നേത്ര-കോശാഭ്യാം | കൂമ്പിയ കണ്ണുകൾക്ക് |
| സദൃശാനി ഇതി | സദൃശങ്ങളെന്ന് |
| ദ്രഷ്ട്വാ | ഓൎത്ത് |
| ദൃഷ്ടിഃ | എന്റെ ബുദ്ധി |
| വിമന്യതേ. | നേരെ പോകാതിരിക്കുന്നു. |

പദ്മകേസരസംസൃഷ്ടോ വൃക്ഷാന്തരവിനിഃസൃതഃ
നിശ്വാസ ഇവ സീതായാ വാതി വായുർമനോഹരഃ. 74

| | |
|---|---|
| " പദ്മ-കേസര-സംസൃഷ്ടഃ | " താമരപ്പൂമ്പൊടികളുടെ വാസനയോടുകൂടിയതായി |
| വൃക്ഷാന്തര-വിനിഃസൃതഃ | വൃക്ഷങ്ങളുടെ ഇടയിൽനിന്ന് വീശുന്നതായ |
| മനോഹരഃ | മനോഹരമായ |
| വായുഃ, | മാരുതൻ |
| സീതായാഃ | സീതയുടെ |
| നിശ്വാസഃ | നിശ്വാസം |
| ഇവ, | എന്നപോലിരിക്കുന്നതിനാൽ, |
| വാതി. | ദുഃഖപ്പെടുത്തുന്നു. |

സൌമിത്രേ പശ്യ പമ്പായാ ദക്ഷിണേ ഗിരിസാനുനി
പുഷ്പിതാം കൎണ്ണികാരസ്യ യഷ്ടിം പരമശോഭിതാം. 75

| | |
|---|---|
| " സൌമിത്രേ ! | " ലക്ഷ്മണ ! |
| പമ്പായാഃ | പമ്പയുടെ |
| ദക്ഷിണേ | തെക്കുഭാഗത്തുള്ള |
| ഗിരിസാനുനി, | മലന്താഴ്വരയിൽ, |
| പരമശോഭിതാം | അതിമനോഹരമായി |
| പുഷ്പിതാം | പൂത്തുനില്ക്കുന്ന |
| കൎണ്ണികാരസ്യ യഷ്ടിം | കൊന്നമരക്കൊമ്പിനെ |
| പശ്യ. | നോക്കുക. |

അധികം ശൈലരാജോऽയം ധാതുഭിഃ സുവിഭൂഷിതഃ
വിചിത്രം സൃജതേ രേണും വായുവേഗവിഘട്ടിതം. 76

| | |
|---|---|
| " അയം | " ഈ |
| ശൈലരാജഃ | ഗിരിവരൻ |
| ധാതുഭിഃ | ധാതുക്കൾകൊണ്ട് |
| സുവിഭൂഷിതഃ | അത്യധികം രമണീയമായി |
| വായുവേഗ-വിഘട്ടിതം | കാററിന്റെ ഊക്കുകൊണ്ട് പറപ്പിക്കപ്പെട്ട |
| വിചിത്രം | പലപലനിറത്തിലുള്ള |
| രേണും | പൊടിയെ |
| അധികം സൃജതേ. | നിറയെ തൂകുന്നു. |

ഗിരിപ്രസ്ഥാസ്തു സൌമിത്രേ സൎവ്വതഃ സംപ്രപുഷ്പിതൈഃ
നിഷ്പത്രൈഃ സൎവ്വതോരമ്യൈഃ പ്രദീപ്താ ഇവ കിംശുകൈഃ. 77

| | |
|---|---|
| "സൌമിത്രേ! | "ലക്ഷ്മണ! |
| ഗിരിപ്രസ്ഥാഃ തു | മലനിരപ്പുകളെല്ലാം |
| സൎവ്വതഃ | എങ്ങും |
| സംപ്രപുഷ്പിതൈഃ | നല്ലപോലെ പൂത്ത് |
| നിഷ്പത്രൈഃ | ഇലകളുതിൎന്ന് |
| സൎവ്വതോരമ്യൈഃ | മുഴുവൻ ഭംഗിവാൎന്നവയായ |
| കിംശുകൈഃ, | പ്ലാശുമരങ്ങൾമൂലം, |
| പ്രദീപ്താഃ ഇവ. | തീപ്പിടിപെട്ടു കത്തുന്നവോ എന്നു തോന്നുന്നു. |

പമ്പാതീരരുഹാശ്ചേമേ സംസക്താ മധുഗന്ധിനഃ
മാലതീമല്ലികാഷണ്ഡാഃ കരവീരാശ്ച പുഷ്പിതാഃ 78
കേതക്യഃ സിന്ധുവാരാശ്ച വാസന്ത്യശ്ച സുപുഷ്പിതാഃ
മാധവ്യോ ഗന്ധപൂൎണ്ണാശ്ച കുന്ദഗുല്മാശ്ച സൎവ്വശഃ 79
ചിരിബില്വാ മധൂകാശ്ച വഞ്ജുളാ വകുളാസ്തഥാ
ചമ്പകാസ്തിലകാശ്ചൈവ നാഗവൃക്ഷാശ്ച പുഷ്പിതാഃ 80
നീപാശ്ച വരണാശ്ചൈവ ഖൎജ്ജൂരാശ്ച സുപുഷ്പിതാഃ
പദ്മകാശ്ചോപശോഭന്തേ നീലാശോകാശ്ച പുഷ്പിതാഃ. 81

| | |
|---|---|
| "ഇമേ | "ഈ |
| സംസക്താഃ | ഇടതിങ്ങി |
| പമ്പാതീരരുഹാഃ | പമ്പാതീരത്തിൽ വളരുന്ന |
| മധുഗന്ധിനഃ | തേൻമണം വീശുന്നവയായ |
| മാലതീമല്ലികാഷണ്ഡാഃ ച, | പിച്ചകം, മുല്ല എന്നവയുടെ തതികളും |
| പുഷ്പിതാഃ | പൂത്തുനില്ക്കുന്ന |
| കരവീരാഃ ച, | കണവീരങ്ങളും, (അരളി) |
| കേതക്യഃ, | കൈതകളും, |
| സിന്ധുവാരാഃ ച, | കരുനൊച്ചികളും, |
| സുപുഷ്പിതാഃ | വളരെ പൂത്തവയായ |
| വാസന്ത്യഃ ച | കാട്ടുമുല്ലകളും |
| ഗന്ധപൂൎണ്ണാഃ | പരിമളം നിറഞ്ഞവയായ |
| മാധവ്യഃ ച | മരമുല്ലകളും |
| സൎവ്വശഃ | പലമാതിരി |
| കുന്ദഗുല്മാഃ ച | കുരുക്കത്തിമുല്ലപ്പടപ്പുകളും |
| ചിരിബില്വാഃ | ആവലുകളും |
| മധൂകാഃ ച | ഇരിപ്പകളും |
| വഞ്ജുളാഃ | വഞ്ഞികളും |
| വകുളാഃ തഥാ | എരഞ്ഞികളും |
| ചമ്പകാഃ ച | ചമ്പകങ്ങളും |
| തിലകാഃ ഏവ | മയിലെള്ളുകളും |
| പുഷ്പിതാഃ | പുഷ്പംനിറഞ്ഞ |
| നാഗവൃക്ഷാഃ ച | നാകമരങ്ങളും |
| നീപാഃ ച | കദംബവൃക്ഷങ്ങളും |
| വരണാഃ ച ഏവ | നീൎമ്മാതളങ്ങളും |
| ഖൎജ്ജൂരാഃ ച | ഈത്തകളും |
| സുപുഷ്പിതാഃ | നന്നായി പൂത്തുള്ള |
| പദ്മകാഃ ച | പത്മകങ്ങളും |
| പുഷ്പിതാഃ | പുഷ്പിച്ച |
| നീലാശോകാഃ ച | നീല അശോകങ്ങളും |
| ഉപശോഭന്തേ. | ഭംഗിയായി വിളങ്ങുന്നു. |

ലോധ്രാശ്ച ഗിരിപൃഷ്ഠേഷു സിംഹകേസരപിഞ്ജരാഃ
അംകോലാശ്ച കരണ്ടാശ്ച പൂൎണ്ണകാഃ പാരിഭദ്രകാഃ 82
ചൂതാഃ പാടലയശ്ചൈവ കോവിദാരാശ്ച പുഷ്പിതാഃ
മുചുളിന്ദാൎജ്ജുനാശ്ചൈവ ദൃശ്യന്തേ ഗിരിസാനുഷു 83
കേതകോദ്ദാലകാശ്ചൈവ ശിരീഷാഃ ശിംശുപാ ധവാഃ
ശാല്മല്യഃ കിംശുകാശ്ചൈവ രക്താഃ കുരവകാസ്തഥാ
തിനിശാ നക്തമാലാശ്ച ചന്ദനാഃ സ്യന്ദനാസ്തഥാ. 84

| | | | |
|---|---|---|---|
| “ലോധ്രാഃ ച | “വെള്ളിലത്തികളും | ധവാഃ | ഞമകളും |
| അംകോലാഃ ച | അമുഞ്ഞികളും | ശാല്മല്യഃ ച | പൂളകളും |
| കരണ്ടാഃ ച | പൊങ്കുരുഞ്ഞികളും | കിംശുകാഃ ഏവ | പലാശങ്ങളും |
| പൂൎണ്ണകാഃ | പരുത്തികളും | രക്താഃ | ചുവന്ന |
| പാരിഭദ്രകാഃ | വേപ്പുകളും | കുരവകാഃ തഥാ | മയിലാഞ്ചികളും |
| ചൂതാഃ ച | മാവുകളും | തിനിശാഃ | തൊടുകാരകളും |
| പാടലയഃ ഏവ | പൂപ്പാതിരികളും | നക്തമാലാഃ ച | ഉങ്ങുകളും |
| പുഷ്പിതാഃ | പൂത്തുള്ള | ചന്ദനാഃ | ചന്ദനമരങ്ങളും |
| കോവിദാരാഃ ച | മലമന്ദാരകളും | സ്യന്ദനാഃ തഥാ | കാരകളും |
| മുചുളിന്ദാഃ ച | നാരകങ്ങളും | ഗിരിസാനുഷു | മലന്താഴ്വരകളിലും |
| അൎജ്ജുനാഃ ഏവ | മരുതുകളും | ഗിരിപൃഷ്ഠേഷു | മലഞ്ചരിവുകളിലും |
| കേതകോ-ദ്ദാലകാഃ ച | കൈതകളും | സിംഹകേസര-പിഞ്ജരാഃ | സിംഹത്തിന്റെ സട കൾപോലെ പൊൻനിറം പൂണ്ടവയായി |
| ശിരീഷാഃ ഏവ | വാകമരങ്ങളും | | |
| ശിംശുപാഃ | ഇരുമുള്ളകളും | ദൃശ്യന്തേ. | കാണപ്പെടുന്നു. |

പുഷ്പിതാൻ പുഷ്പിതാഗ്രാഭിൎല്ലതാഭിഃ പരിവേഷ്ടിതാൻ
ദ്രുമാൻ പശ്യേഹ സൌമിത്രേ പമ്പായാ രുചിരാൻ ബഹൂൻ. 85

| | | | |
|---|---|---|---|
| “സൌമിത്രേ! | “ലക്ഷ്മണ! | പുഷ്പിതാൻ | പൂത്തുനില്ക്കുന്നവയും |
| ഇഹ, | ഇപ്പോൾ, | രുചിരാൻ | അഴകാന്ന [ആയ |
| പുഷ്പിതാഗ്രാഭിഃ | പൂത്ത അഗ്രങ്ങളാന്ന | പമ്പായാഃ | പമ്പയിലുള്ള |
| ലതാഭിഃ | ലതകളാൽ | ബഹൂൻ ദ്രുമാൻ | പല വൃക്ഷങ്ങളെ |
| പരിവേഷ്ടിതാൻ | ചുററപ്പെട്ടവയും | പശ്യ. | നോക്കുക. |

വാതവിക്ഷിപ്തവിടപാൻ യഥാഽഽസന്നാൻ ദ്രുമാനിമാൻ
ലതാഃ സമനുവൎത്തന്തേ മത്താ ഇവ വരസ്ത്രിയഃ. 86

| | | | |
|---|---|---|---|
| “വാത-വിക്ഷിപ്ത-വിടപാൻ | “കാററുകൊണ്ടുലയ്ക്കപ്പെട്ട കൊമ്പുകളാന്നവയായി | ദ്രുമാൻ, | വൃക്ഷങ്ങളെ, |
| | | ലതാഃ, | ലതകൾ, |
| | | മത്താഃ | പരിതുഷ്ടകളായ |
| യഥാ | അവ്വണ്ണംതന്നെ | വരസ്ത്രിയഃ | ഉത്തമസ്ത്രീകൾ |
| ആസന്നാൻ | അടുത്തുള്ളവയായ | ഇവ, | എന്നപോലെ, |
| ഇമാൻ | ഈ | സമനുവൎത്തന്തേ. | ഉപചരിക്കുന്നു. |

പാദപാത് പാദപം ഗച്ഛൻ ശൈലാച്ഛൈലം വനാദ്വനം
വാതി നൈകരസാസ്വാദഃ സംമോദിത ഇവാനിലഃ. 87

| | | | |
|---|---|---|---|
| "അനിലഃ | "വായു | വനം, | മറെറാരു വനത്തിലേക്കും, |
| പാദപാത്, | ഒരു തരുവിൽനിന്ന് | നൈക-രസാസ്വാദഃ | പലമാതിരി സുഗന്ധത്തോടു കൂടി |
| പാദപം, | മറെറാരു തരുവിലേക്കും, | സംമോദിതഃ | ഉത്സാഹം പൂണ്ടതായി |
| ശൈലാത് | ഒരുമലയിൽനിന്ന് | ഗച്ഛൻ ഇവ | അടിച്ചുകൊണ്ടു തന്നെ |
| ശൈലം | മറെറാരു മലയിലേക്കും | വാതി. | വീശുന്നു. |
| വനാത് | ഒരു വനത്തിൽ നിന്ന് | | |

കേചിത് പര്യാപ്തകുസുമാഃ പാദപാ മധുഗന്ധിനഃ
കേചിന്മുകുളസംവീതാഃ ശ്യാമവർണ്ണാ ഇവാബഭുഃ. 88

| | | | |
|---|---|---|---|
| "കേചിത് പാദപാഃ | "ചില വൃക്ഷങ്ങൾ | കേചിത് | ചിലവ |
| മധുഗന്ധിനഃ | നറുമണമാർന്നതും | ശ്യാമവർണ്ണാഃ | കറുത്തവയായി |
| പര്യാപ്ത-കുസുമാഃ | നന്നായി വിടർന്നതുമായ പൂക്കളോടു കൂടിയതായും, | മുകുള-സംവീതാഃ ഇവ | മൊട്ടുകൾ നിറഞ്ഞവയായും |
| | | ആബഭുഃ. | വിളങ്ങി. |

ഇദം മൃഷ്ടമിദം സ്വാദു പ്രഫുല്ലമിദമിത്യപി
രാഗമത്തോ മധുകരഃ കുസുമേഷ്വവലീയതേ. 89

| | | | |
|---|---|---|---|
| "മധുകരഃ, | "വണ്ട്, | പ്രഫുല്ലം ; | നന്നായി വികസിച്ചത് ;' |
| 'ഇദം | 'ഇത് | ഇതി അപി | എന്നിങ്ങിനെ |
| മൃഷ്ടം ; | മനോഹരമായത് ; | രാഗമത്തഃ | ഉത്സാഹം അധികരിച്ചതായി |
| ഇദം | ഇത് | കുസുമേഷു | പുഷ്പങ്ങളിൽ |
| സ്വാദു ; | രുചികരമായതു ; | അവലീയതേ. | മറയുന്നു. |
| ഇദം | ഇത് | | |

നിലീയ പുനരുത്പത്യ സഹസാऽന്യത്ര ഗച്ഛതി
മധുലുബ്ധോ മധുകരഃ പമ്പാതീരദ്രുമേഷ്വസൌ. 90

| | | | |
|---|---|---|---|
| "അസൌ | "ഈ | പുനഃ | വീണ്ടും |
| മധുകരഃ, | വണ്ടത്താൻ, | ഉത്പത്യ, | പുറത്തുവന്ന്, |
| നിലീയ, | മറഞ്ഞു, | അന്യത്ര | മറെറാരു ദിക്കിൽ |
| മധുലുബ്ധഃ | തേനിലുള്ള കൊതി കൊണ്ടു | പമ്പാതീര-ദ്രുമേഷു | പമ്പക്കരയിലുള്ള തരുക്കളിൽ |
| സഹസാ | പെട്ടെന്ന് | ഗച്ഛതി. | ചുററിത്തിരിയുന്നു. |

ഇയം കുസുമസംഘാതൈരുപസ്തീർണ്ണാ സുഖാകൃതാ
സ്വയം നിപതിതൈർഭൂമിഃ ശയനപ്രസ്തരൈരിവ. 91

| | |
|---|---|
| "ഇയം | "ഈ |
| ഭൂമിഃ | ഭൂപ്രദേശം |
| സ്വയം നിപതിതൈഃ | സ്വയമായി വീണ |
| കുസുമസംഘാതൈഃ | പുഷ്പനികരങ്ങളാൽ |
| ഉപസ്തീൎണ്ണാ, | മൂടപ്പെട്ടതായി |
| ശയനപ്രസ്തരൈഃ ഇവ | മെത്തകൾകൊണ്ടെന്നപോലെ |
| സുഖാകൃതാ. | സുഖകരമായി വിലസുന്നു. |

വിവിധാ വിവിധൈഃ പുഷ്പൈസ്തൈരേവ നഗസാനുഷു
വികീൎണ്ണൈഃ പീതരക്താ ഹി സൌമിത്രേ പ്രസ്തരാഃ കൃതാഃ. 92

| | |
|---|---|
| "സൌമിത്രേ | "ലക്ഷ്മണ! |
| നഗസാനുഷു | മലന്താഴ്വരകളിൽ |
| വികീൎണ്ണൈഃ | ചിതറിക്കിടക്കുന്ന |
| തൈഃ | ആ |
| വിവിധൈഃ | പലമാതിരിയായ |
| പുഷ്പൈഃ ഏവ | പൂക്കളാൽതന്നെ |
| പീതരക്താഃ | മഞ്ഞയായും ചുവന്നതായുമുള്ള |
| വിവിധാഃ | പലപല |
| പ്രസ്തരാഃ ഹി കൃതാഃ. | മേൽവിരിപ്പുകൾ വിരിക്കപ്പെട്ടു വിളങ്ങുന്നു. |

ഹിമാന്തേ പശ്യ സൌമിത്രേ വൃക്ഷാണാം പുഷ്പസഞ്ചയം. 93

| | |
|---|---|
| "സൌമിത്രേ! | "ലക്ഷ്മണ! |
| ഹിമാന്തേ | വസന്തകാലത്തിൽ |
| വൃക്ഷാണാം | വൃക്ഷങ്ങളുടെ |
| പുഷ്പസഞ്ചയം | കുസുമസമൂഹത്തെ |
| പശ്യ. | കണ്ടാലും. |

പുഷ്പമാസേ ഹി തരവഃ സംഘൎഷാദിവ പുഷ്പിതാഃ
ആഹ്വയന്ത ഇവാന്യോന്യം നഗാഃ ഷൾപദനിസ്വനൈഃ. 94

| | |
|---|---|
| "തരവഃ ഹി | "വൃക്ഷങ്ങളെല്ലാം |
| പുഷ്പമാസേ, | വസന്തമാസത്തിൽ |
| സംഘൎഷാത് ഇവ, | അന്യോന്യം മത്സരിക്കുന്നപോലെ, |
| പുഷ്പിതാഃ; | പുഷ്പിച്ചിരിക്കുന്നു; |
| നഗാഃ | വൃക്ഷങ്ങൾ |
| ഷൾപദനിസ്വനൈഃ | വണ്ടുകളുടെ ഝങ്കാരങ്ങളാൽ |
| അന്യോന്യം | ഒന്നിനെയൊന്ന് |
| ആഹ്വയന്തേ ഇവ. | സ്വാഗതംപറയുന്നപോലെയിരിക്കുന്നു. |

കുസുമോത്തംസവിടപാഃ ശോഭന്തേ ബഹു ലക്ഷ്മണ. 95

| | |
|---|---|
| "ലക്ഷ്മണ! | "ലക്ഷ്മണ! |
| കുസുമോത്തംസവിടപാഃ | പൂക്കൾ നിറഞ്ഞ കൊമ്പുകളോടുകൂടിയ ആയവ |
| ബഹു | ഏററം |
| ശോഭന്തേ. | മനോഹരമായിരിക്കുന്നു. |

ഏഷ കാരണ്ഡവഃ പക്ഷീ വിഗാഹ്യ സലിലം ശുഭം
രമതേ കാന്തയാ സാൎദ്ധം കാമമുദ്ദീപയൻ മമ. 96

| | |
|---|---|
| "ഏഷഃ | "ഈ |
| കാരണ്ഡവഃ പക്ഷീ | നീർക്കോഴിപ്പക്ഷി |
| ശുഭം | തെളിഞ്ഞതായ |
| സലിലം | വെള്ളത്തിൽ |
| കാന്തയാ സാൎദ്ധം | പേടയോടുകൂടി |
| വിഗാഹ്യ, | കുളിച്ച്, |
| മമ കാമം | എന്റെ മനോരഥത്തെ |
| ഉദ്ദീപയൻ | ഓൎമ്മയിൽ വരുത്തുന്നതായി |
| രമതേ. | കളിയാടുന്നു. |

മന്ദാകിന്യാസ്തു യദിദം രൂപമേതന്മനോഹരം
സ്ഥാനേ ജഗതി വിഖ്യാതാ ഗുണാസ്തസ്യാ മനോരമാഃ. 97

| | | | |
|---|---|---|---|
| "തസ്യാഃ | "ആ | വിഖ്യാതാഃ; | വിഖ്യാതി പൂണ്ടവയാ |
| മന്ദാകിന്യാഃ | മന്ദാകിനിയുടെ | ഇദം, | ഇപ്പോൾ, [കുന്നു; |
| ഗുണാഃ | ഗുണങ്ങൾ | മനോഹരം | മനോഹരമായ |
| മനോരമാഃ തു | മനസ്സിനെ കവരുന്നവ യായി | ഏതത് | ഈ |
| | | രൂപം | കാഴ്ച |
| യത്, | ഇരിക്കുന്നകാരണം, | സ്ഥാനേ. | അതിന്റെറതെന്ന പോലെയിരിക്കുന്നു. |
| ജഗതി | ലോകത്തിൽ | | |

യദി ദൃശ്യേത സാ സാധ്വീ യദി ചേഹ വസേമഹി
സ്പൃഹയേയം ന ശക്രായ നായോദ്ധ്യായൈ രഘൂത്തമ. 98

| | | | |
|---|---|---|---|
| "രഘൂത്തമ! | "ലക്ഷ്മണ! | ശക്രായ | ഇന്ദ്രനെക്കുറിച്ചും |
| സാധ്വീ | സുശീലയായ | സ്പൃഹയേയം ന; | ഞാൻ അസൂയപ്പെടുക യില്ല; |
| സാ | അവൾ | | |
| ദൃശ്യേത യദി | കാണപ്പെടുന്നുവെന്നാ [ൽ | അയോദ്ധ്യായൈ | അയോദ്ധ്യയെക്കുറിച്ചും |
| ഇഹ ച | ഇവിടെത്തന്നെ | ന. | ഞാൻ ആഗ്രഹിക്ക യില്ല. |
| വസേമഹി യദി, | നാം പാക്കുന്നുവെന്നും വന്നാൽ | | |

ന ഹ്യേവം രമണീയേഷു ശാദ്വലേഷു തയാ സഹ
രമതോ മേ ഭവേച്ചിന്താ ന സ്പൃഹാऽന്യേഷു വാ ഭവേത്. 99

| | | | |
|---|---|---|---|
| "തയാ സഹ | "അവളോടുകൂടി | ഏവം ഹി | ഇപ്രകാരമായാൽ |
| രമണീയേഷു | മനോഹരങ്ങളായ | ചിന്താ | മറെറാന്നിന്റെയും വി |
| ശാദ്വലേഷു | ഇളം പുൽത്തറകളിൽ | ന ഭവേത്; | ഉണ്ടാകയില്ല; [ചാരം |
| രമതഃ | ഉല്ലാസത്തോടെ കാലം കഴിക്കുന്നവനായ | അന്യേഷു വാ | മറെറാന്നിലും |
| | | സ്പൃഹാ | ആഗ്രഹവും |
| മേ, | എനിക്ക്, | ഭവേത് ന. | ഉണ്ടാകയില്ല. |

അമീ ഹി വിവിധൈഃ പുഷ്പൈസ്തരവോ രുചിരച്ഛദാഃ
കാനനേऽസ്മിൻ വിനാ കാന്താം ചിത്തമുന്മാദയന്തി മേ. 100

| | | | |
|---|---|---|---|
| "അസ്മിൻ | "ഈ | കാന്താം | പ്രേയസിയെ |
| കാനനേ | കാട്ടിൽ | വിനാ | പിരിഞ്ഞ |
| വിവിധൈഃ | പലപല | മേ ഹി | എന്റെയും |
| പുഷ്പൈഃ | പുഷ്പങ്ങളാൽ | ചിത്തം | ചിത്തത്തെ |
| രുചിരച്ഛദാഃ | ഭംഗിയിൽ മൂടപ്പെട്ട | ഉന്മാദയന്തി. | തകക്കുകയാണ് ചെ യ്യുന്നതു്. |
| അമീ തരവഃ, | ഈ വൃക്ഷങ്ങൾ, | | |

പശ്യ ശീതജലാം ചേമാം സൌമിത്രേ പുഷ്കരായുതാം
ചക്രവാകാനുചരിതാം കാരണ്ഡവനിഷേവിതാം. 101

പ്ലവൈഃ ക്രൌഞ്ചൈശ്ച സംപൂൎണ്ണാം വരാഹമൃഗസേവിതാം. 102

| | |
|---|---|
| “ സൌമിത്രേ! | “ ലക്ഷ്മണ! |
| പുഷ്കരായുതാം | തണ്ടാർ നിറഞ്ഞുള്ളതും |
| ചക്രവാകാനുചരിതാം | ചക്രവാകങ്ങൾ സഞ്ചരിക്കുന്നതും |
| കാരണ്ഡവനിഷേവിതാം | നീൎക്കോഴികൾ നിറഞ്ഞുള്ളതും |
| വരാഹമൃഗസേവിതാം | പന്നി മാൻ എന്നവ കരകളിലുള്ളതും |
| പ്ലവൈഃ | താറാവുകളാലും |
| ക്രൌഞ്ചൈഃ ച | ക്രൌഞ്ചപ്പക്ഷികളാലും |
| സംപൂൎണ്ണാം ച | നിറയപ്പെട്ടതും |
| ശീതജലാം | കുളുത്ത വെള്ളമുള്ളതുമായ |
| ഇമാം | ഈ പമ്പയെ |
| പശ്യ. | നോക്കുക. |

അധികം ശോഭതേ പമ്പാ വികൂജദ്ഭിൎവിഹംഗമൈഃ. 103

| | |
|---|---|
| “ പമ്പാ | “ പമ്പാസരസ്സ് |
| വികൂജദ്ഭിഃ | ഭംഗിയിൽ കൂകുന്ന |
| വിഹംഗമൈഃ | പക്ഷികളാൽ |
| അധികം | ഏററവും |
| ശോഭതേ. | രമ്യമായിരിക്കുന്നു. |

ദീപയന്തീവ മേ കാമം വിവിധാ മുദിതാ ദ്വിജാഃ
ശ്യാമാം ചന്ദ്രമുഖീം സ്മൃത്വാ പ്രിയാം പദ്മനിഭേക്ഷണാം. 104

| | |
|---|---|
| “ വിവിധാഃ | “ പലമാതിരിയായ |
| മുദിതാഃ | ഉത്സാഹം പൂണ്ട |
| ദ്വിജാഃ, | പക്ഷികൾ, |
| ചന്ദ്രമുഖീം | മതിമുഖിയും |
| പദ്മനിഭേക്ഷണാം | ചെന്താർനേത്രയും |
| ശ്യാമാം | എന്റെ നിഴൽപോലെയുള്ളവളും ആയ |
| പ്രിയാം | പ്രിയതമയെ |
| മേ | എന്റെ |
| സ്മൃത്വാ | ഓൎമ്മയിൽ വരുത്തി, |
| കാമം | മനോഭാവത്തെ |
| ദീപയന്തി ഇവ. | അധികരിക്കുന്നവയായിത്തന്നെയിരിക്കുന്നു. |

പശ്യ സാനുഷു ചിത്രേഷു മൃഗീഭിഃ സഹിതാൻ മൃഗാൻ
മാം പുനൎമ്മൃഗശാബാക്ഷ്യാ വൈദേഹ്യാ വിരഹീകൃതം. 105

| | |
|---|---|
| “ ചിത്രേഷു | “ ഭംഗിയേറിയ |
| സാനുഷു, | മലന്താഴ്വരകളിൽ, |
| മൃഗീഭിഃ | പേടമാനുകളോടൊന്നിച്ച് |
| സഹിതാൻ | ഇരിക്കുന്നവയായ |
| മൃഗാൻ, | മാനുകളെയും |
| പുനഃ | പിന്നെ |
| മൃഗശാബാക്ഷ്യാഃ | ഇളമാൻ കണ്ണാളായ |
| വൈദേഹ്യാ | വൈദേഹിയുമായി |
| വിരഹീകൃതം | വേറിട്ടിരിക്കുന്ന |
| മാം | എന്നെയും |
| പശ്യ. | നോക്കുക. |

വ്യഥയന്തീവ മേ ചിത്തം സംചരന്തസ്തതസ്തതഃ
അസ്മിൻ സാനുനി രമ്യേ ഹി മത്തദ്വിജഗണായുതേ. 106

| | |
|---|---|
| “ മത്തദ്വിജഗണായുതേ | “പുളച്ച പക്ഷിഗണങ്ങളാൎന്ന |
| അസ്മിൻ | ഈ |
| രമ്യേ | രമ്യമായ |
| സാനുനി | താഴ്വരയിൽ |
| തതസ്തതഃ | അങ്ങുമിങ്ങും |
| സംചരന്തഃ, | ഓടിത്തിരിയുന്ന അവ |
| മേ | എന്റെ |
| ചിത്തം ഹി | ചിത്തത്തെയും |
| വ്യഥയന്തി ഇവ. | ദുഃഖിപ്പിക്കുകതന്നെ ചെയ്യുന്നു. |

പശ്യേയം യദി താം കാന്താം തതഃ സ്വസ്തി ഭവേന്മമ. 107

| | | | |
|---|---|---|---|
| " താം | " ആ | മമ | എനിക്ക് |
| കാന്താം | പ്രേയസിയെ | സ്വസ്തി | നല്ലതുതന്നെ |
| പശ്യേയം യദി, | ഞാൻ കാണുമെന്നാൽ | ഭവേത്. | ഉണ്ടാകും. |
| തതഃ | അതുമുതൽ | | |

ജീവേയം ഖലു സൌമിത്രേ മയാ സഹ സുമദ്ധ്യമാ
സേവതേ യദി വൈദേഹീ പമ്പായാഃ പവനം സുഖം. 108

| | | | |
|---|---|---|---|
| " സൌമിത്രേ! | " ലക്ഷ്മണ! | മയാ സഹ | എന്നോടുകൂടി |
| സുമദ്ധ്യമാ | സുന്ദരിയായ | സേവതേ യദി, | അനുഭവിക്കുന്നുവെങ്കിൽ, |
| വൈദേഹീ, | വൈദേഹി, | ഖലു ജീവേയം | ഞാൻ നാൾപോയതറിയാതെ തീൎച്ചയായും കാലം കഴിക്കും. |
| പമ്പായാഃ | പമ്പയിലുള്ള | | |
| സുഖം | സുഖകരമായ | | |
| പവനം | കാററിനെ | | |

പദ്മസൌഗന്ധികവഹം ശിവം ശോകവിനാശനം
ധന്യാ ലക്ഷ്മണ സേവന്തേ പംപോപവനമാരുതം. 109

| | | | |
|---|---|---|---|
| " ലക്ഷ്മണ! | " ലക്ഷ്മണ! | പംപോപവന-മാരുതം | പമ്പയുടെ ഉപവനപവനനെ |
| പദ്മസൌഗ-ന്ധികവഹം | തണ്ടാർ തൂമണം വീശുന്നതും | ധന്യാഃ | ഭാഗ്യവാന്മാരാണ് |
| ശിവം | ആരോഗ്യകരവും | സേവന്തേ. | അനുഭവിക്കുന്നത്. |
| ശോക-വിനാശനം | ക്ലേശനാശകവും ആയ | | |

ശ്യാമാ പദ്മപലാശാക്ഷീ പ്രിയാ വിരഹിതാ മയാ
കഥം ധാരയതി പ്രാണാൻ വിവശാ ജനകാത്മജാ. 110

| | | | |
|---|---|---|---|
| " പദ്മ-പലാശാക്ഷീ | " ചെന്താർദളനേത്രയും | മയാ വിരഹിതാ | എന്നെപ്പിരിഞ്ഞു |
| ശ്യാമാ | എൻെറ നിഴലായുള്ളവളുമായ | വിവശാ | പരാധീനയായി |
| പ്രിയാ | പ്രിയതമയായ | പ്രാണാൻ | പ്രാണങ്ങളെ |
| ജനകാത്മജാ, | ജാനകി, | കഥം | എങ്ങിനെയാണു |
| | | ധാരയതി.' | ധരിച്ചിരിക്കുക? |

കിം നു വക്ഷ്യാമി രാജാനം ധൎമ്മജ്ഞം സത്യവാദിനം
സീതായാ ജനകം പൃഷ്ടഃ കുശലം ജനസംസദി. 111

| | | | |
|---|---|---|---|
| " ജനസംസദി | " സഭനടുവിൽ | സത്യവാദിനം | പരിശുദ്ധാശയനുമായ |
| സീതായാഃ | സീതയുടെ | ജനകം രാജാനം | ജനകമഹാരാജാവിനോട് |
| കുശലം | ക്ഷേമത്തെക്കുറിച്ചു | കിം നു വക്ഷ്യാമി! | എന്തുത്തരം പറയും! |
| പൃഷ്ടഃ | ചോദിക്കപ്പെട്ടവനായ | | |
| ധൎമ്മജ്ഞം | ധൎമ്മജ്ഞനാം [ഞാൻ | | |

യാ മാമനുഗതാ മന്ദം പിത്രാ പ്രവ്രാജിതം വനം
സീതാ സത്പഥമാസ്ഥായ ക്വ നു സാ വർത്തതേ പ്രിയാ. 112

| | | | |
|---|---|---|---|
| "പിത്രാ | "പിതാവിനാൽ | ആസ്ഥായ | സർവ്വോത്കൃഷ്ടമായ്ക്ക |
| വനം | കാട്ടിലേക്ക് | മന്ദം | സ്വേച്ഛയായി [രുതി |
| പ്രവ്രാജിതം | പറഞ്ഞയക്കപ്പെട്ടവനായ | അനുഗതാ, | അനുഗമിച്ചുവോ, |
| | | സാ | ആ |
| മാം, | എന്നെ, | പ്രിയാ സീതാ, | പ്രേയസിയായ സീത, |
| യാ | യാതൊരുവൾ | ക്വ നു | എങ്ങുതന്നെയാണോ |
| സത്പഥം | പതിവ്രതാധർമ്മത്തെ | വർത്തതേ! | വർത്തിക്കുന്നതു്! |

തയാ വിഹീനഃ കൃപണഃ കഥം ലക്ഷ്മണ ധാരയേ
യാ മാമനുഗതാ രാജ്യാദ് ഭ്രഷ്ടം വിഗതചേതനം. 113

| | | | |
|---|---|---|---|
| "ലക്ഷ്മണ! | "ലക്ഷ്മണ! | അനുഗതാ, | പിൻതുടൎന്നുവന്നുവൊ, |
| രാജ്യാത് | രാജ്യത്തിൽനിന്ന് | തയാ വിഹീനഃ | അവളില്ലാതെ |
| ഭ്രഷ്ടം | ഭ്രഷ്ടനാക്കപ്പെട്ടു് | കൃപണഃ | എന്തുചെയ്യേണ്ടതെന്ന |
| വിഗതചേതനം | ഉത്സാഹരഹിതനായിരുന്ന | | റിയാതിരിക്കുന്ന ഞാൻ |
| | | കഥം | എങ്ങിനെ |
| മാം, | എന്നെ, | ധാരയേ! | ജീവസന്ധാരണം ചെയ്യും! |
| യാ | യാതൊരുവൾ | | |

തച്ചാർവ്വഞ്ചിതപക്ഷ്മാക്ഷം സുഗന്ധി ശുഭമവ്രണം
അപശ്യതോ മുഖം തസ്യാഃ സീദതീവ മനോ മമ. 114

| | | | |
|---|---|---|---|
| "തസ്യാഃ | "അവളുടെ | മുഖം | മുഖമണ്ഡലത്തെ |
| ചാർവ്വഞ്ചിത-പക്ഷ്മാക്ഷം | ഭംഗിവാച്ച എമകളാന്ന നേത്രങ്ങളോടുകൂടി | അപശ്യതഃ | കാണാതിരിക്കുന്നവനായ |
| ശുഭം | പാവനവും [യതും | മമ | എൻെറ |
| സുഗന്ധി | ശോഭനകരവും | മനഃ | ചിത്തം |
| അവ്രണം | നിസ്സീമവും ആയ | സീദതി ഇവ. | പിടഞ്ഞുകൊണ്ടിരിക്കുന്നു. |
| തത് | ആ | | |

സ്മിതഹാസ്യാന്തരയുതം ഗുണവന്മധുരം ഹിതം
വൈദേഹ്യാ വാക്യമതുലം കദാ ശ്രോഷ്യാമി ലക്ഷ്മണ. 115

| | | | |
|---|---|---|---|
| "ലക്ഷ്മണ! | "ലക്ഷ്മണ! | അതുലം | നിസ്തുല്യവും ആയ |
| സ്മിതഹാ-സ്യാന്തരയുതം | ഇടയ്ക്കിടെ പുഞ്ചിരിയോടുകൂടിയതും | വൈദേഹ്യാഃ | വൈദേഹിയുടെ |
| ഗുണവത് | നന്മവിളയിക്കുന്നതും | വാക്യം, | മൊഴിയെ, |
| മധുരം | മനോഹരവും | കദാ | എപ്പോഴാണ് |
| ഹിതം | സമയോചിതവും | ശ്രോഷ്യാമി! | ഞാൻ കേൾക്കുക! |

പ്രാപ്യ ദുഃഖം വനേ ശ്യാമാ സാ മാം മന്മഥകർശിതം
നഷ്ടദുഃഖേവ ഹൃഷ്ടേവ സാധ്വീ സാധ്വഭ്യഭാഷത. 116

| | | | |
|---|---|---|---|
| "സാധ്വീ | "പതിവ്രതാശിരോമണിയും | നഷ്ടദുഃഖാ ഇവ | ആ അസൌകര്യത്തെ ഒട്ടും കരുതാത്തവളായി |
| ശ്യാമാ | എന്റെ നിഴലായിരിക്കുന്നവളും ആയ | ഹൃഷ്ടാ ഇവ, | സന്തോഷംപൂണ്ടവളായ്ത്തന്നെ, |
| സാ, | അവൾ, | മന്മഥകർശിതം | വാത്സല്യംമൂലം ദുഃഖിക്കുന്നവനായ |
| വനേ | വനത്തിൽ | മാം | എന്നെനോക്കി |
| ദുഃഖം | വല്ലതും ഒരു അസൌകര്യത്തെ | സാധു | മനസ്സുഖകുമാറ് |
| പ്രാപ്യ, | പ്രാപിച്ചുവെന്നാൽ, | അഭ്യഭാഷത. | പറക പതിവായിരുന്നവല്ലോ. |

കിം നു വക്ഷ്യാമി കൌസല്യാമയോദ്ധ്യായാം നൃപാത്മജ
ക്വ സാ സ്നുഷേതി പൃച്ഛന്തീം കഥം ചാതിമനസ്വിനീം. 117

| | | | |
|---|---|---|---|
| "നൃപാത്മജ! | "ലക്ഷ്മണ! | പൃച്ഛന്തീം | ചോദിക്കുന്നവളും |
| അയോദ്ധ്യായാം | അയോദ്ധ്യയിൽചെ[ന്നശേഷം | അതി-മനസ്വിനീം | ഏററം പ്രിയമുള്ളവളും ആയ |
| 'സാ | 'ആ | കൌസല്യാം ച | കൌസല്യാമാതാവിനോടും |
| സ്നുഷാ | മരുമകൾ | കിം നു | എന്തുതന്നെയാണ് |
| കഥം? | എങ്ങിനെയിരിക്കുന്നു? | വക്ഷ്യാമി! | ഞാൻ പറയുക! |
| ക്വ?' | എവിടെ?' | | |
| ഇതി | എന്ന് | | |

ഗച്ഛ ലക്ഷ്മണ പശ്യ ത്വം ഭരതം ഭ്രാതൃവത്സലം
ന ഹ്യഹം ജീവിതും ശക്തസ്താമൃതേ ജനകാത്മജാം. 118

| | | | |
|---|---|---|---|
| "ജനകാത്മജാം | "ജനകസുതയായ | ലക്ഷ്മണ! | ലക്ഷ്മണ! |
| താം ഋതേ | അവളെക്കൂടാതെ | ഗച്ഛ; | പൊയ്ക്കൊൾക; |
| അഹം | ഞാൻ | ഭ്രാതൃവത്സലം | ഭ്രാതൃപ്രിയനായ |
| ജീവിതും ശക്തഃ ന; | ജീവനോടിരിക്കയില്ല; | ഭരതം | ഭരതനെ |
| | | ത്വം | നീ |
| ഹി | ആകയാൽ | പശ്യ." | ആശ്രയിക്കുക." |

ഇതി രാമസ്തു വിലപൻ ഹതനൌരിവ സാഗരേ
ന ദദർശ തദാ പാരം ശോകസ്യ പുരുഷർഷഭഃ. 119

| | | | |
|---|---|---|---|
| പുരുഷർഷഭഃ | പുരുഷോത്തമനായ | ഇതി വിലപൻ തു, | ഇപ്രകാരം പ്രലപിക്കുന്നവനായ്ത്തന്നെ |
| രാമഃ | ശ്രീരാമൻ | തദാ | ആ സമയം |
| സാഗരേ | സമുദ്രത്തിൽ | ശോകസ്യ | ശോകത്തിന്റെ |
| ഹതനൌഃ ഇവ, | അടിപെട്ടു ചിതറിയ കപ്പൽ പോലെയായി, | പാരം | അവസാനത്തെ |
| | | ന ദദർശ. | കാണാതിരുന്നു. |

സ ശുഭ്രേ ശഷ്പശയനേ നിശ്വസ്യ നിഷസാദ ച
സർപ്പപര്യായസംപന്നോ ദശാം താമനുദർശയൻ. 120

| | | | |
|---|---|---|---|
| സഃ | അദ്ദേഹം | ദശാം | വിധിയുടെ ഫലത്തെ |
| സർപ്പപര്യായ-സംപന്നഃ | സർപ്പത്തിന്നു സാമ്യത പൂണ്ടവനായി | അനുദർശയൻ ച, | പ്രദർശിപ്പിക്കുന്നവനായി, |
| നിശ്വസ്യ, | ദീർഘനിശ്വാസംചെയ്ത് | ശുഭ്രേ | രമ്യമായ |
| താം | അപ്രകാരമുള്ള | ശഷ്പശയനേ | പുൽത്തറയിൽ |
| | | നിഷസാദ. | ഇരുന്നു. |

തം ദാശരഥിമാസീനം ഭൃശം സംക്ഷുഭിതേന്ദ്രിയം
നിശ്വസന്തം തതോ വാഗ്മീ പ്രത്യുവാച സ ലക്ഷ്മണഃ. 121

| | | | |
|---|---|---|---|
| തതഃ | ആ സമയം | തം | ആ |
| ഭൃശം | ഏററവും | ദാശരഥിം, | ശ്രീരാമനെ നോക്കി, |
| സംക്ഷുഭി-തേന്ദ്രിയം | ഇന്ദ്രിയങ്ങൾ ക്ഷോഭിച്ചവനായി | വാഗ്മീ | ചാതുര്യമായി പറയുന്നവനായ |
| നിശ്വസന്തം | നെടുവീർപ്പോടുകൂടി | സഃ | ആ |
| ആസീനം | ഇരുന്നിരുന്ന | ലക്ഷ്മണഃ | ലക്ഷ്മണൻ |
| | | പ്രത്യുവാച. | ഇങ്ങിനെ ഉരചെയ്തു. |

ദീനരൂപേണ കാകുത്സ്ഥ വൈദേഹീമനുതപ്യസേ
വാരിവേഗേന മഥിതാം കിന്നരീമിവ കിന്നരഃ. 122

| | | | |
|---|---|---|---|
| "കാകുത്സ്ഥ! | "ശ്രീരാമ! | കിന്നരഃ ഇവ | ആൺ കിന്നരം എപ്രകാരമോ അപ്രകാരം |
| വാരിവേഗേന | പെരുവെള്ളം കാരണം | ദീനരൂപേണ | ദൈന്യംകെട്ട് |
| മഥിതാം | ഇരിക്കുന്നസ്ഥലം അറിയാതായ്പോയ | വൈദേഹീം | ജാനകീദേവിയെക്കുറിച്ച് |
| കിന്നരീം | പെൺ കിന്നരപ്പക്ഷിയെക്കുറിച്ച് | അനുതപ്യസേ. | നിന്തിരുവടി പരിതപിക്കുന്നു. |

ദുർല്ലഭാ ഹി തഥാരൂപാ മാനുഷീ പുരുഷർഷഭ
സർവ്വസ്വമപി സംത്യജ്യ പൂജ്യോ ധർമ്മോ ഹി രാഘവ. 123

| | | | |
|---|---|---|---|
| "പുരുഷർഷഭ! | "പുരുഷോത്തമ! | അപി | എന്നിരുന്നാലും |
| തഥാരൂപാ | തഥാവിധഗുണസമ്പന്നയായ | സർവ്വസ്വം | എന്തിനേയും |
| മാനുഷീ | ഒരു മനുഷ്യസ്ത്രീ | സംത്യജ്യ | തീരെ ത്യജിച്ച് |
| ദുർല്ലഭാ ഹി; | ദുർല്ലഭംതന്നെ; | ധർമ്മഃ ഹി | ധർമ്മം ഒന്നുമാത്രമാണല്ലോ |
| രാഘവ! | ശ്രീരാഘവ! | പൂജ്യഃ. | വലുതായ് കൊണ്ടാടത്തക്കതു്. |

ധൎമ്മേ പ്രയതമാനസ്യ ന കിഞ്ചിദിഹ ദുൎല്ലഭം
ധീരാ ഹ്യേവ വിവൎദ്ധന്തേ ധീരാ ഹ്യേവാധിരോഹിണഃ. 124

| | |
|---|---|
| "ധൎമ്മേ | "ധൎമ്മത്തിൽ |
| പ്രയതമാനസ്യ | അചഞ്ചലവിശ്വാസത്തോടുകൂടിയ ഒരുവന്ന് |
| ഇഹ | ഈ ലോകത്തിൽ |
| ദുൎല്ലഭം | ദുൎല്ലഭമായുള്ളതു് |
| കിഞ്ചിത് ന; | യാതൊന്നുമില്ല; |

| | |
|---|---|
| ധീരാഃ ഹി ഏവ | ധൎമ്മാനുഷ്ഠാനനിരതന്മാർ മാത്രമാണ് |
| വിവൎദ്ധന്തേ; | അഭിവൃദ്ധിപൂണ്ടു് വിളങ്ങുന്നതു്; |
| ധീരാഃ ഹി ഏവ | ധൎമ്മനിഷ്ഠന്മാർ മാത്രമാണു് |
| അധിരോഹിണഃ. | സൎവ്വോത്കൃഷ്ടരായ് വിളങ്ങുന്നതു്. |

ന നീചഃ സഹതേ കിംചിന്നിഃസാരോऽല്പതയാऽനഘ
ത്വാദൃശസ്ത്വേവ സഹതേ കാലപൎയ്യായകോവിദഃ. 125

| | |
|---|---|
| "അനഘ! | "പുണ്യാത്മാവെ! |
| നിഃസാരഃ | ജീവിതരഹസ്യത്തെ അറിയാത്ത |
| നീചഃ, | അല്പനായ ഒരുവൻ, |
| അല്പതയാ | ബുദ്ധിശ്ശൂന്യതകാരണം |
| കിംചിത് സഹതേ ന; | ഒന്നിനെയും സഹിപ്പാൻ ശക്തനാകുന്നില്ല; |

| | |
|---|---|
| കാലപൎയ്യായകോവിദഃ | ദൈവവിധിയെക്കുറിച്ചു് നന്നായറിവുള്ള |
| ത്വാദൃശഃ തു | നിന്തിരുവടിയെപ്പോലെയുള്ളവനാണെന്നാൽ |
| സഹതേ ഏവ. | ധൈൎയ്യത്തോടെതന്നെ വൎത്തിക്കുന്നു. |

ദുഃഖമുച്ചാവചം പ്രാപ്തോ വായുവേഗമിവാചലഃ
രാജ്യം ഹി സമഭിത്യജ്യ ഭോഗാംശ്ചാപ്യതിമാനുഷാൻ. 126

| | |
|---|---|
| "രാജ്യം ഹി | "രാജ്യത്തേയും |
| അതിമാനുഷാൻ | മനുഷ്യദുൎല്ലഭങ്ങളായ |
| ഭോഗാൻ ച അപി | ഭോഗങ്ങളേയും |
| സമഭിത്യജ്യ, | ഒരു കാൎയ്യമാക്കാതെ തള്ളിക്കളഞ്ഞ്, |

| | |
|---|---|
| അചലഃ | ഒരു പൎവ്വതം |
| വായുവേഗം | കൊടുങ്കാററിനെ |
| ഇവ, | എന്നപോലെ, |
| ഉച്ചാവചം | പലമാതിരിയായ |
| ദുഃഖം | ദുഃഖത്തെ |
| പ്രാപ്തഃ. | നിന്തിരുവടി സഹിച്ചു. |

തപ്യസേ തമസാ ഛന്നോ നീചഃ കാപുരുഷോ യഥാ
സ പൂൎവ്വഭാവാദ്ഭൂയിഷ്ഠമാത്മാനം യോക്തുമൎഹസി. 127

| | |
|---|---|
| "തമസാ | "അജ്ഞാനത്താൽ |
| ഛന്നഃ | ആവൃതനായ |
| കാപുരുഷഃ | വല്ലതുമൊരു |
| നീചഃ | വിവേകശ്ശൂന്യൻ |
| യഥാ | എന്നപോലെ |
| തപ്യസേ; | നിന്തിരുവടി തപിക്കുന്നു; |
| സഃ | സൎവ്വോത്കൃഷ്ടനായ നിന്തിരുവടി, |

| | |
|---|---|
| പൂൎവ്വഭാവാത് | പൂൎവ്വസിദ്ധമായ സ്വഭാവത്താൽ |
| ആത്മാനം | നിജസ്വരൂപത്തെ |
| ഭൂയിഷ്ഠം | നല്ലപോലെ |
| യോക്തും അൎഹസി. | ചിന്തയിൽ ഓൎമ്മിപ്പാൻ തിരുമനസ്സുണ്ടാകേണം. |

സുഖദുഃഖേന ഭദ്രം തേ സദശ്വാനിവ സാരഥിഃ
വീര ത്വം തു പ്രമാദ്ദ്യേഷു മാ ശോകേഷു മനഃ കൃഥാഃ. 128

| | |
|---|---|
| " സാരഥിഃ | " ഒരു സാരഥി, |
| സദശ്വാൻ | നല്ല കുതിരകളെ |
| ഇവ, | പ്രാപിച്ച് എപ്രകാരമോ അപ്രകാരം, |
| സുഖദുഃഖേന | സുഖം ദുഃഖം എന്നവ രണ്ടിനാലും |
| തേ ഭദ്രം ; | നിന്തിരുവടിക്ക് നന്മ തന്നെയുണ്ടാകും ; |

| | |
|---|---|
| വീര! | ധർമ്മാത്മാവേ ! |
| ത്വം | നിന്തിരുവടി |
| പ്രമാദ്ദ്യേഷു തു | ആപത്തിനെ മാത്രം ഉളവാക്കുന്നതായ |
| ശോകേഷു | ശോകങ്ങളിൽ |
| മനഃ | മനസ്സിനെ |
| മാ കൃഥാഃ. | ചെലുത്താതിരുന്നാലും. |

[നല്ല കുതിരകളുള്ള ഒരു സാരഥിക്ക് നല്ല വഴിയിലും ചീത്തവഴിയിലും കേട തട്ടാതിരിക്കുന്നതുപോലെ, സുസ്ഥിരയുക്തനായ നിന്തിരുവടിക്ക് സുഖത്തിലും ദുഃഖത്തിലും നല്ലതുതന്നെ സംഭവിക്കും എന്നു സാരം. " വിജ്ഞാനസാരഥിര്യസ്തു മനഃ പ്രഗ്രഹവാന്നരഃ സോഽദ്ധ്വനഃ പാരമാപ്നോതി. " എന്ന് ശ്രുതി.]

ദർശയന്നിവ സങ്കല്പമുദധിർവ്വേഗവാനിവ
വിനിസ്തീര്യ്യ വനേ വാസം വസുധാം പ്രതിപദ്യ ച. 129
ലപ്സ്യസേ പരമാം പ്രീതിം കീർത്തിം ധർമ്മം ബലോദ്ധതഃ
അപീദാനീം സ മൃഗ്യേത സീതാമപി ജഹാര യഃ. 130

| | |
|---|---|
| " വേഗവാൻ | " ജൃംഭിക്കുന്നതായ |
| ഉദധിഃ ഇവ | സമുദ്രമെന്നപോലെ |
| ബലോദ്ധതഃ, | ധൈര്യ്യത്തെ കയ്ക്കൊണ്ടവനായ നിന്തിരുവടി, |
| സങ്കല്പം | വാദത്തെ |
| ദർശയൻ ഇവ, | നന്നായി ചിന്തയിലോർത്ത്, |
| വനേ വാസം | വനവാസത്തെ |
| വിനിസ്തീര്യ്യ, | മുഴുവനും കഴിച്ചുകൂട്ടി, |
| വസുധാം | രാജ്യത്തെ |
| പ്രതിപദ്യ ച, | കയ്ക്കൊണ്ടശേഷം, |
| പരമാം | സർവ്വോത്കൃഷ്ടമായ |

| | |
|---|---|
| പ്രീതിം | മനസ്സന്തുഷ്ടിയേയും |
| കീർത്തിം | വിഖ്യാതിയേയും |
| ധർമ്മം | ധർമ്മഫലത്തെയും |
| ലപ്സ്യസേ ; | പ്രാപിക്കുന്നതാണ് ; |
| യഃ | യാതൊരുവൻ |
| സീതാം അപി | സീതാദേവിയേയും |
| ജഹാര, | കട്ടുകൊണ്ടുപോയിരിക്കുന്നുവോ, |
| സഃ | അവൻ |
| ഇദാനീം അപി | ഇപ്പോൾതന്നെ |
| മൃഗ്യേത. | കണ്ടുപിടിക്കപ്പെടേണ്ടതാണ്. |

ആത്മനോ ജീവിതാന്തായ മൃത്യോഃ കൂടമിവാസ്പൃശൻ
തം ഹത്വാ മൈഥിലീം സീതാമുപലഭ്യ സുഖീ ഭവ. 131

| | |
|---|---|
| " ആത്മനഃ | " തന്റെ |
| ജീവിതാന്തായ | ജീവനാശത്തിന്നുവേ [ണ്ടി |
| മൃത്യോഃ | കാലന്റെ |
| കൂടം ഇവ | പാശത്തെത്തന്നെ |
| അസ്പൃശൻ ; | അവൻ അറിയാതിരി [ക്കുന്നു ; |
| തം | അവനെ |

| | |
|---|---|
| ഹത്വാ | ഹനിച്ച് |
| മൈഥിലീം | മിഥിലാധിപസുത [യായ |
| സീതാം | സീതാദേവിയെ |
| ഉപലഭ്യ | പ്രാപിച്ച് |
| സുഖീ ഭവ. | സന്തുഷ്ടചിത്തനായ് ഭവിച്ചാലും. |

ഏതത്തേ നരശാർദ്ദൂല കൃത്യമാത്യയികം പരം. 132

| | |
|---|---|
| " നരശാർദ്ദൂല ! | " പുരുഷോത്തമ ! |
| തേ | നിന്തിരുവടിക്ക് |
| ആത്യയികം | ഉടനെചെയ്യേണ്ടതായ |
| പരം | മുഖ്യമായ |
| കൃത്യം | കാര്യം |
| ഏതത്. | ഇതാണ്. |

സംസ്തംഭ രാമ ഭദ്രം തേ മാ ശുചഃ പുരുഷർഷഭ
നേദൃശാനാം മതിർമന്ദാ ഭവത്യകലുഷാത്മനാം. 133

| | |
|---|---|
| " രാമ ! | " ശ്രീരാമ ! |
| സംസ്തംഭ ! | ധൈര്യം അവലംബിച്ചാലും ! |
| തേ ഭദ്രം! | നിന്തിരുവടി കൃതകൃത്യനായ് ഭവിക്കും !' |
| പുരുഷർഷഭ ! | പുരുഷോത്തമ ! |
| മാ ശുചഃ ; | പരിതപിക്കാതിരുന്നാലും ; |
| അകലുഷാത്മനാം | ശോകമോഹാദികളിൽ സ്ഥിതിചെയ്യാത്ത |
| ഈദൃശാനാം | നിന്തിരുവടിയെപ്പോലെയുള്ളവരുടെ |
| മതിഃ | ചിത്തം |
| മന്ദാ ഭവതി ന. | മന്ദീഭവിക്കമാറില്ല. |

സ്മൃത്വാ വിയോഗജം ദുഃഖം ത്യജ സ്നേഹം പ്രിയേ ജനേ
അതിസ്നേഹപരിഷംഗാദ്വർത്തിരാർദ്രാഽപി ദഹ്യതേ. 134

| | |
|---|---|
| "പ്രിയേ ജനേ | " സ്നേഹപാത്രമായ ജനത്തിൻെറ സംഗതിയിൽ, |
| സ്നേഹം | പ്രേമത്തെ |
| സ്മൃത്വാ, | ഇപ്രകാരം അതിയായ് ഓർത്തുകൊണ്ട്, |
| വിയോഗജം | കാണാതായതുകൊണ്ടുള്ള |
| ദുഃഖം | ദുഃഖത്തെ |
| ത്യജ ; | വിട്ടൊഴിച്ചാലും ; |
| വർത്തിഃ | വിളക്കിലുള്ള തിരി |
| ആർദ്രാ അപി | നനഞ്ഞതായിരുന്നാലും |
| അതിസ്നേഹപരിഷംഗാത് | ധാരാളം എണ്ണ ചേരുന്നതിനാൽ |
| ദഹ്യതേ. | കത്തിപ്പോകുന്നുണ്ടല്ലോ |

[''സ്നേഹം''-എണ്ണ എന്നും പ്രേമം എന്നും അർത്ഥം; നനഞ്ഞ വസ്തുക്കൾ സാധാരണ കത്തുകയില്ലെന്നാലും, വേണ്ടതിലധികം എണ്ണപകർന്നാൽ, അതു ദഹിച്ചുപോകുന്നതുപോലെ, അതിയായ സ്നേഹം ഉണ്ടെന്നാൽ, വിയോഗം വരുമ്പോൾ, ദുഃഖം സഹിക്കാവുന്നതല്ല. അതിനാൽ അതിസ്നേഹത്തെ ത്യജിച്ചാലും എന്നും സാരം ]

യദി ഗച്ഛതി പാതാളം തതോ ഹ്യധികമേവ വാ
സർവ്വഥാ രാവണസ്താത ന ഭവിഷ്യതി രാഘവ. 135

| | |
|---|---|
| " താത ! | " ജ്യേഷ്ഠ ! |
| രാഘവ ! | ശ്രീരാഘവ ! |
| രാവണഃ | രാവണൻ |
| പാതാളം | പാതാളലോകത്തെ |
| ഗച്ഛതി യദി | പ്രാപിച്ചിരിക്കുന്നുവെന്നാലും ശരി |
| അധികം ഏവ വാ, | അതിലും മേലായതിനെ ആയാലും ശരി, |
| സർവ്വഥാ | എന്തായാലും |
| തതഃ ഹി | അവിടേയും |
| ഭവിഷ്യതി ന. | ജീവനോടുകൂടി വർത്തിക്കയില്ല. |

പ്രവൃത്തിർലഭ്യതാം താവത് തസ്യ പാപസ്യ രക്ഷസഃ
തതോ ഹാസ്യതി വാ സീതാം നിധനം വാ ഗമിഷ്യതി. 136

| | |
|---|---|
| "താവത് | "ഏതിന്നുംമുമ്പിലായി |
| തസ്യ | ആ |
| പാപസ്യ | പാപിഷ്ഠനായ |
| രക്ഷസഃ പ്രവൃത്തിഃ | രാക്ഷസനെ നേരിൽ കണ്ടുപിടിക്കുക എന്നതിനെ |
| ലഭ്യതാം; | സാധിച്ചാലും; |
| തതഃ | അപ്രകാരമായാൽ |
| സീതാം | സീതയെ |
| ഹാസ്യതി വാ; | വിട്ടോടിക്കളയും; |
| നിധനം വാ | മരണത്തെയും |
| ഗമിഷ്യതി. | പ്രാപിക്കും. |

യദി യാത്യദിതേർഗൎഭം രാവണഃ സഹ സീതയാ
തത്രാപ്യേനം ഹനിഷ്യാമി ന ചേദ്ദാസ്യതി മൈഥിലീം. 137

| | |
|---|---|
| "സീതയാ | "സീതയോട് |
| സഹ | കൂടിഒളിച്ചിരിക്കുന്ന |
| രാവണഃ, | രാവണൻ, |
| മൈഥിലീം | മൈഥിലിയെ |
| ദാസ്യതി ന ചേത്, | തിരിയെത്തരാതിരിക്കുന്നു എന്നുവരികിൽ |
| അദിതേഃ | അദിതിയുടെ |
| ഗൎഭം യാതി യദി | ഗൎഭത്തിൽ പ്രവേശിച്ച് അമരത്വത്തെ പ്രാപിച്ചിരിക്കുന്നു എന്നു വന്നാലും, |
| ഏനം | ഇവനെ |
| തത്ര അപി | അവിടെയും |
| ഹനിഷ്യാമി. | ഞാൻ കൊല്ലുകതന്നെ ചെയ്യും. |

സ്വാസ്ഥ്യം ഭദ്രം ഭജസ്വാൎയ്യ ത്യജ്യതാം കൃപണാ മതിഃ. 138

| | |
|---|---|
| "ആൎയ്യ! | "ജ്യേഷ്ഠ! |
| കൃപണാ | എന്തുചെയ്യേണ്ടുന്നതെന്ന് ഉറപ്പില്ലാത്ത |
| മതിഃ | മനോഭാവം |
| ത്യജ്യതാം; | ത്യജിക്കപ്പെടട്ടെ; |
| ഭദ്രം | സകലൎക്കും നന്മയുളവാക്കുന്നതായ |
| സ്വാസ്ഥ്യം | നിജസ്വഭാവഗുണത്തെ |
| ഭജസ്വ. | അവലംബിച്ചാലും. |

അൎത്ഥോ ഹി നഷ്ടകാൎയ്യാൎത്ഥൈൎന്നായത്നേനാധിഗമ്യതേ. 139

| | |
|---|---|
| "നഷ്ട-കാൎയ്യാൎത്ഥൈഃ | "കാൎയ്യത്തിന്റെ ഫലസിദ്ധിയെക്കുറിച്ച് ഓൎക്കാതിരിക്കുന്നവരാൽ, |
| അൎത്ഥഃ | ആകാൎയ്യത്തിന്റെഫലം |
| അയത്നേന | പ്രയത്നം ചെയ്യായ്കകാരണം |
| ന അധിഗമ്യതേ ഹി. | പ്രാപിക്കപ്പെടുന്നില്ല തന്നെ. |

ഉത്സാഹോ ബലവാനാൎയ്യ നാസ്ത്യുത്സാഹാത് പരം ബലം
സോത്സാഹസ്യാസ്തി ലോകേഽസ്മിൻ ന കിഞ്ചിദപി ദുൎല്ലഭം. 140

| | |
|---|---|
| "ആൎയ്യ! | "ജ്യേഷ്ഠ! |
| ഉത്സാഹഃ | സ്ഥിരോത്സാഹം |
| ബലവാൻ; | എന്തിനേയും സാധിപ്പിക്കത്തക്കതാകുന്നു; |
| ഉത്സാഹാത് | ഉത്സാഹത്തെക്കാൾ |
| ബലം; | ഫലത്തെ തരുന്നതായി |
| പരം അസ്തി ന; | മറ്റൊന്ന് ഇല്ല; |
| സോത്സാഹസ്യ | ഉത്സാഹശീലന്ന് |
| അസ്മിൻ ലോകേ | ഈ ലോകത്തിൽ |
| ദുൎല്ലഭം | പ്രാപിക്കത്തക്കതല്ലാത്തത് |
| കിഞ്ചിത് അപി | യാതൊന്നുംതന്നെ |
| ന അസ്തി. | ഇല്ല. |

ഉത്സാഹവന്തഃ പുരുഷാ നാവസീദന്തി കർമ്മസു. 141

| | |
|---|---|
| "ഉത്സാഹവന്തഃ | "ഉത്സാഹശീലന്മാരായ |
| പുരുഷാഃ, | ആളുകൾ, |
| കർമ്മസു | കാര്യങ്ങളിൽ |
| അവസീദന്തി ന. | മനസ്സുതളർന്നുപോക മാറില്ല. |

ഉത്സാഹമാത്രമാശ്രിത്യ സീതാം പ്രതിലഭേമഹി. 142

| | |
|---|---|
| "ഉത്സാഹമാത്രം | "ഉത്സാഹത്തെ മാത്രം |
| ആശ്രിത്യ, | കയ്ക്കൊണ്ട്, |
| സീതാം | സീതാദേവിയെ |
| പ്രതിലഭേമഹി. | നമുക്ക് പ്രാപിക്കാം. |

ത്യജ്യതാം കാമവൃത്തത്വം ശോകം സംന്യസ്യ പൃഷ്ഠതഃ
മഹാത്മാനം കൃതാത്മാനമാത്മാനം നാവബുദ്ധ്യസേ. 143

| | |
|---|---|
| "ആത്മാനം, | "തന്നെ, |
| കൃതാത്മാനം | സ്വസ്വരൂപത്തെ ഗ്രഹിച്ചവനായ |
| മഹാത്മാനം | മഹാത്മാവാണെന്ന് |
| ന അവബുദ്ധ്യസേ ; | നിന്തിരുവടി ബോധിക്കാതിരിക്കയാണ് ; |
| ശോകം | അന്തസ്താപത്തെ |
| പൃഷ്ഠതഃ സംന്യസ്യ | പ്രയോജനമററതെന്ന് വലിച്ചെറിഞ്ഞ് |
| കാമവൃത്തത്വം | പ്രേമത്തിന്ന് അടിമപ്പെട്ടിരിക്കുന്നതായ അവസ്ഥയെ |
| ത്യജ്യതാം." | വെടിഞ്ഞാലും." |

ഏവം സംബോധിതസ്തേന ശോകോപഹതചേതനഃ
ന്യസ്യ ശോകം ച മോഹം ച രാമോ ധൈര്യമുപാഗമത്. 144

| | |
|---|---|
| ശോകോപഹതചേതനഃ | ശോകത്താൽ മാഴ്കിയ ചിത്തത്തോടുകൂടിയവനായിരുന്ന |
| രാമഃ, | ശ്രീരാമൻ, |
| തേന | ആ ലക്ഷ്മണനാൽ |
| ഏവം | മേൽപ്രകാരം |
| സംബോധിതഃ | വിജ്ഞാപനം ചെയ്യപ്പെട്ടവനായി |
| ശോകം ച | വ്യസനത്തേയും |
| മോഹം ച | ബുദ്ധിമാന്ദ്യത്തേയും |
| ന്യസ്യ, | വെടിഞ്ഞ്, |
| ധൈര്യം | സ്ഥൈര്യത്തെ |
| ഉപാഗമത്. | കയ്ക്കൊണ്ടു. |

സോഽഭ്യതിക്രാമദവ്യഗ്രസ്താമചിന്ത്യപരാക്രമഃ
രാമഃ പമ്പാം സുരുചിരാം രമ്യപാരിപ്ലവദ്രുമാം. 145

| | |
|---|---|
| അചിന്ത്യപരാക്രമഃ | ഇത്രയെന്ന് അറിയപ്പെടാത്ത പരാക്രമശാലിയായ |
| സഃ രാമഃ, | ആ ശ്രീരാഘവൻ, |
| അവ്യഗ്രഃ, | ചിത്തത്തെ സ്ഥിരപ്പെടുത്തിക്കൊണ്ട്, |
| രമ്യപാരിപ്ലവദ്രുമാം | ഭംഗിയിൽ ഉലയുന്ന മരങ്ങളാർന്ന |
| താം | ആ |
| സുരുചിരാം | മനോഹരമായ |
| പമ്പാം | പമ്പയെ |
| അഭ്യതിക്രാമത്. | കടന്നുചെന്നു. |

നിരീക്ഷമാണഃ സഹസാ മഹാത്മാ
സൎവ്വം വനം നിൎഝരകന്ദരാംശ്ച
ഉദ്വിഗ്നചേതാഃ സഹ ലക്ഷ്മണേന
വിചാൎയ്യ ദുഃഖോപഹതഃ പ്രതസ്ഥേ. 146

| | | | |
|---|---|---|---|
| മഹാത്മാ | മഹാത്മാവായ അദ്ദേഹം | ഉദ്വിഗ്നചേതാഃ, | (കാണാതായ്പോയ സീതയെക്കുറിച്ച്) വിചാരപ്പെടുന്നവനായി, |
| വനം | വനം | സഹസാ | ഉടനെ |
| സൎവ്വം, | മുഴുവനും, | വിചാൎയ്യ, | ഒരുമാതിരി നിശ്ചയിച്ചുകൊണ്ട്, |
| നിൎഝരകന്ദരാൻ ച | മലയരുവികളേയും, ഗുഹകളേയും, | ലക്ഷ്മണേന സഹ | ലക്ഷ്മണനോടുംകൂടി |
| ദുഃഖോപഹതഃ | ദുഃഖത്തെ മറന്നവനായി, | | |
| നിരീക്ഷമാണഃ, | നോക്കിയുംകൊണ്ട്, | പ്രതസ്ഥേ. | യാത്രചെയ്തു. |

തം മത്തമാതംഗവിലാസഗാമീ
ഗച്ഛന്തമവ്യഗ്രമനാ മഹാത്മാ
സ ലക്ഷ്മണോ രാഘവമപ്രമത്തോ
രരക്ഷ ധൎമ്മേണ ബലേന ചൈവ. 147

| | | | |
|---|---|---|---|
| മത്തമാതംഗവിലാസഗാമീ | മദഗജംപോലെ ഉത്സാഹത്തോടുകൂടി നടക്കുന്നവനായ | ബലേന ഏവ | ധൈൎയ്യത്തെ അവലംബിച്ച് |
| മഹാത്മാ | മഹാത്മാവായ | അപ്രമത്തഃ, | തന്റേടത്തോടുകൂടി ശരിയായ പഥത്തിൽ വൎത്തിക്കുന്നവനായി, |
| സഃ ലക്ഷ്മണഃ | ആ ലക്ഷ്മണൻ | | |
| ധൎമ്മേണ ച | ധൎമ്മത്തിലുള്ള വിശ്വാസത്താൽ | തം | ആ |
| | | ഗച്ഛന്തം | പൊയ്ക്കൊണ്ടിരുന്നവനായ |
| അവ്യഗ്രമനാഃ | കുലുങ്ങാത്ത ചിത്തത്തോടുകൂടിയവനായി | രാഘവം | ശ്രീരാഘവനെ |
| | | രരക്ഷ. | കാത്തുംകൊണ്ടുനടന്നു. |

താവൃശ്യമൂകസ്യ സമീപചാരീ
ചരൻ ദദൎശാദ്ഭുതദൎശനീയൌ
ശാഖാമൃഗാണാമധിപസ്തരസ്വീ
വിഭ്രാന്തിമത് തസ്യ ബഭൂവ ചിത്തം. 148

| | | | |
|---|---|---|---|
| അദ്ഭുതദൎശനീയൌ | അദ്ഭുതവടിവാൎന്നവരായ | തരസ്വീ, | ധൈൎയ്യശാലിയും, |
| | | ശാഖാമൃഗാണാം | വാനരന്മാൎക്ക് |
| തൌ, | അവർ രണ്ടുപേരെയും, | അധിപഃ | അധിപനും ആയ സുഗ്രീവൻ |
| ഋശ്യമൂകസ്യ | ഋശ്യമൂകപൎവ്വതത്തിന്റെ | ദദൎശ; | കണ്ടു; |
| സമീപചാരീ, | സമീപത്തിൽ വസിക്കുന്നവനും, | തസ്യ | അവന്റെ |
| ചരൻ, | ഒരേടിക്കിൽ തന്നെ വൎത്തിച്ച് കാലം കഴിക്കുന്നവനും, | ചിത്തം | ചിത്തം |
| | | വിഭ്രാന്തിമത് | പരിഭ്രമിച്ചതായി |
| | | ബഭൂവ. | ഭവിച്ചു. |

സ തൌ മഹാത്മാ ഗജമന്ദഗാമീ
ശാഖാമൃഗസ്തത്ര ചരംശ്ചരന്തൌ
ദൃഷ്ട്വാ വിഷാദം പരമം ജഗാമ
ചിന്താപരീതോ ഭയഭാരമഗ്നഃ. 149

| | |
|---|---|
| തത്ര | ആ സമയം |
| ഗജമന്ദഗാമീ | ആനപോലെ അയഞ്ഞു നടക്കുന്നവനും |
| ചരൻ | അവിടെത്തന്നെ വസിച്ചുവരുന്നവനും |
| മഹാത്മാ | മഹാത്മാവുമായ |
| സഃ | ആ |
| ശാഖാമൃഗഃ, | വാനരനായ സുഗ്രീവൻ, |
| ചരന്തൌ | വഴിനടന്നു വന്നിരുന്നവരായ |
| തൌ | അവർ രണ്ടുപേരേയും |
| ദൃഷ്ട്വാ, | നോക്കി, |
| ചിന്താപരീതഃ, | പലമാതിരി വിചാരമുൾക്കൊണ്ടവനായി, |
| ഭയഭാരമഗ്നഃ, | ഭയാധിക്യത്തിലാണ്ടവനായി, |
| പരമം | വല്ലാതെ |
| വിഷാദം ജഗാമ. | വിഷാദിച്ചു. |

തമാശ്രമം പുണ്യസുഖം ശരണ്യം
സദൈവ ശാഖാമൃഗസേവിതാന്തം
ത്രസ്താശ്ച ദൃഷ്ട്വാ ഹരയോഽഭിജഗ്മുർ-
മഹൌജസൌ രാഘവലക്ഷ്മണൌ തൌ. 150

| | |
|---|---|
| ഹരയഃ | വാനരന്മാർ |
| മഹൌജസൌ | മഹാതേജസ്വികളായ |
| തൌ | ആ |
| രാഘവലക്ഷ്മണൌ | ശ്രീരാമലക്ഷ്മണന്മാരെ |
| ദൃഷ്ട്വാ | കണ്ടു് |
| ത്രസ്താഃ, | ഭയംപൂണ്ടവരായി |
| ശാഖാമൃഗസേവിതാന്തം | വാനരന്മാൎക്കു് പോകത്തക്ക അതൃത്തിയിലുള്ളതും |
| പുണ്യസുഖം | പുണ്യത്തേയും സുഖത്തേയും തരുന്നതും |
| സദാ ഏവ | എല്ലായ്പോഴും |
| ശരണ്യം ച | ആപത്തില്ലാതെ പാൎക്കാവുന്ന സ്ഥലവുമായ |
| തം | ആ |
| ആശ്രമം | മതംഗാശ്രമത്തിലേക്കു് |
| അഭിജഗ്മുഃ. | ഓടിപ്പോയ്ക്കളഞ്ഞു. |

[" ആശ്രമം, " മതംഗമഹൎഷിയുടെ ശാപം മൂലം ബാലിക്കു് പ്രവേശിപ്പാൻ സാധിക്കാത്തതായ മതംഗാശ്രമം. (തീൎത്ഥീയം).

പമ്പാദൎശനംകൊണ്ടു് സീതാവിരഹദുഃഖാൎത്തനായ്തീൎന്നതിനാൽ, ആ വിരഹദുഃഖത്തിന്റെ വൎദ്ധനയ്ക്കു് ഹേതുവായ്തീൎന്ന ഭ്രമരാദികളെ ശ്രീരാമൻ ശപിച്ചതായി ഇതരപുരാണങ്ങളിൽ പറയുന്നു. " വൈമുഖ്യം ഗന്ധഫല്യാസ്തു ഭ്രമരാനശപത് പ്രഭുഃ. കോകാൻ നിശീഥേ വിശ്ലേഷം പികമന്യവിവൎദ്ധനം. ചന്ദനം സൎപ്പനിലയം വായും സൎപ്പാശനം തഥാ. ജ്യോത്സ്നാം കളങ്കസംഛന്നാം ശശാപ രഘുനന്ദനഃ " (സ്കാന്ദം.)]

**ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ**
**പ്രഥമഃ സൎഗ്ഗഃ = ഒന്നാംസൎഗ്ഗം സമാപ്തം.**

ആദ്യം മുതൽ ശ്ലോകസംഖ്യ **9402**; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ **150.**

# ദ്വിതീയഃ സൎഗ്ഗഃ = രണ്ടാംസൎഗ്ഗം.

[സുഗ്രീവേണ രാമഭാവജ്ഞാനായ ഹനുമത്പ്രേഷണം = സുഗ്രീവൻ ശ്രീരാമന്റെ ഉദ്ദേശത്തെ അറിവാനായി ഹനുമാനെ പറഞ്ഞയക്കുന്നതു്.]

തൌ ദൃഷ്ട്വാ തു മഹാത്മാനൌ ഭ്രാതരൌ രാമലക്ഷ്മണൌ
വരായുധധരൌ വീരൌ സുഗ്രീവഃ ശങ്കിതോഽഭവത് 1

| | | | |
|---|---|---|---|
| സുഗ്രീവഃ | സുഗ്രീവൻ | തൌ | ആ |
| വരായുധധരൌ | ഉത്തമങ്ങളായ ആയുധങ്ങളെ ധരിച്ചവരും | രാമലക്ഷ്മണൌ | ശ്രീരാമലക്ഷ്മണന്മാരെ |
| വീരൌ | വീരന്മാരും | ദൃഷ്ട്വാ തു | കണ്ടതുമുതൽ |
| മഹാത്മാനൌ | മഹാത്മാക്കളും | ശങ്കിതഃ | ഉള്ളം കലങ്ങിയവനായി |
| ഭ്രാതരൌ | ഭ്രാതാക്കന്മാരും ആയ | അഭവത്. | ഭവിച്ചു. |

ഉദ്വിഗ്നഹൃദയഃ സൎവ്വാ ദിശഃ സമവലോകയൻ
ന വ്യതിഷ്ഠത കസ്മിംശ്ചിദ്ദേശേ വാനരപുംഗവഃ. 2

| | | | |
|---|---|---|---|
| വാനരപുംഗവഃ | വാനരോത്തമനായ അവൻ | സമവലോകയൻ | മിഴിച്ചുനോക്കുന്നവനായി |
| ഉദ്വിഗ്നഹൃദയഃ | അമ്പരന്ന ചിത്തത്തോടുകൂടിയവനായി | കസ്മിംശ്ചിത് ദേശേ | ഒരുദിക്കിലും |
| സൎവ്വാഃ ദിശഃ | എല്ലാ ദിക്കുകളേയും | വ്യതിഷ്ഠത ന. | ഉറച്ചുനില്ക്കാതിരുന്നു. |

നൈവ ചക്രേ മനഃ സ്ഥാനേ വീക്ഷമാണോ മഹാബലൌ
കപേഃ പരമഭീതസ്യ ചിത്തം വ്യവസസാദ ഹ. 3

| | | | |
|---|---|---|---|
| മഹാബലൌ | മഹാബലവാന്മാരായ അവരിരുവരേയും | ന ചക്രേ ഏവ; | നിൎത്തുവാൻ കഴിയാതിരുന്നു; |
| വീക്ഷമാണഃ | നോക്കുന്നവനായ അവൻ | പരമഭീതസ്യ | ഏററം ഭീതിപൂണ്ട |
| | | കപേഃ | ആ കപിയുടെ |
| മനഃ | മനസ്സിനെ | ചിത്തം | ചിത്തം |
| | | ഹ | പരിതാപകരമാംവണ്ണം |
| സ്ഥാനേ | നിലയ്ക്കു | വ്യവസസാദ. | വാടിത്തളൎന്നു. |

ചിന്തയിത്വാ സ ധൎമ്മാത്മാ വിമൃശ്യ ഗുരുലാഘവം
സുഗ്രീവഃ പരമോദ്വിഗ്നഃ സൎവ്വൈരനുചരൈഃ സഹ. 4

| | | | |
|---|---|---|---|
| സഃ | ആ | വിമൃശ്യ | താരതമ്യപ്പെടുത്തി |
| ധൎമ്മാത്മാ | ധൎമ്മാത്മാവായ | ചിന്തയിത്വാ, | പലവാറായി ആലോചിച്ചു് |
| സുഗ്രീവഃ | സുഗ്രീവൻ | അനുചരൈഃ | തന്നെച്ചേൎന്നവരായ |
| ഗുരുലാഘവം | ശത്രുവായ ബാലിയുടെ ശക്തിയെക്കുറിച്ചും തന്റെ ദൈന്യതയെക്കുറിച്ചും | സൎവ്വൈഃ | എല്ലാവരോടും, |
| | | സഹ | കൂടി |
| | | പരമോദ്വിഗ്നഃ. | വളരെ വിചാരപ്പെട്ടു. |

തതഃ സ സചിവേഭ്യസ്തു സുഗ്രീവഃ പ്ലവഗാധിപഃ
ശശംസ പരമോദ്വിഗ്നഃ പശ്യംസ്തൌ രാമലക്ഷ്മണൌ. 5

| | |
|---|---|
| സഃ | ആ |
| പ്ലവഗാധിപഃ | വാനരാധിപനായ |
| സുഗ്രീവഃ, | സുഗ്രീവൻ, |
| തൌ | ആ |
| രാമലക്ഷ്മണൌ | ശ്രീരാമലക്ഷ്മണന്മാരെ |
| തതഃ | അവിടെ ദൂരത്തിൽ നിന്നുതന്നെ |
| പശ്യൻ | കാണുന്നവനായി |
| പരമോദ്വിഗ്നഃ, | നടുനടുങ്ങിയവനായി, |
| സചിവേഭ്യഃ | മന്ത്രിമാരെനോക്കി |
| തു | ഇക്കാര്യത്തെക്കുറിച്ച് ഇപ്രകാരം |
| ശശംസ. | ഉരചെയ്തു. |

ഏതൌ വനമിദം ദുർഗ്ഗം വാലിപ്രണിഹിതൌ ധ്രുവം
ഛദ്മനാ ചീരവസനൌ പ്രചരന്താവിഹാഗതൌ. 6

| | |
|---|---|
| " ദുർഗ്ഗം | " പ്രവേശിപ്പാൻ കഴിയാത്ത |
| ഇദം | ഈ |
| വനം, | വനത്തിൽ, |
| ഇഹ | ഇപ്പോൾ |
| ആഗതൌ | വന്നിരിക്കുന്നവരായ |
| ഏതൌ, | ഈ രണ്ടുപേരും, |
| ഛദ്മനാ | കപടബുദ്ധിയോടുകൂടി |
| ചീരവസനൌ | മരവുരിയുടുത്തവരായി, |
| വാലിപ്രണിഹിതൌ | ബാലിയാൽ പറഞ്ഞയക്കപ്പെട്ടവരായി |
| പ്രചരന്തൌ, | വരുന്നവരായിരിക്കണം, |
| ധ്രുവം." | തീർച്ചതന്നെ." |

തതഃ സുഗ്രീവസചിവാ ദൃഷ്ട്വാ പരമധന്വിനൌ
ജഗ്മുർഗിരിതടാത് തസ്മാദന്യച്ഛിഖരമുത്തമം. 7

| | |
|---|---|
| തതഃ | അപ്പോൾ |
| സുഗ്രീവസചിവാഃ | സുഗ്രീവനും മന്ത്രിമാരും |
| പരമധന്വിനൌ | നല്ല വില്ലാളിമാരായ അവരിരുവരേയും |
| ദൃഷ്ട്വാ, | കണ്ട്, |
| തസ്മാത് | ആ |
| ഗിരിതടാത് | പർവ്വതപ്രദേശത്തിൽനിന്നും |
| അന്യത് | മറ്റൊരു |
| ഉത്തമം | ഉയർന്ന |
| ശിഖരം | കൊടുമുടിയിലേക്കായി |
| ജഗ്മുഃ. | ഓടിപ്പോയി. |

തേ ക്ഷിപ്രമധിഗമ്യാഥ യൂഥപാ യൂഥപർഷഭം
ഹരയോ വാനരശ്രേഷ്ഠം പരിവാര്യോപതസ്ഥിരേ. 8

| | |
|---|---|
| അഥ | പിന്നെ |
| തേ | ആ |
| യൂഥപാഃ | വീരന്മാരായ |
| ഹരയഃ, | കപികൾ, |
| യൂഥപർഷഭം | വാനരഗണങ്ങൾക്ക് മുഖ്യനും |
| വാനരശ്രേഷ്ഠം | വാനരത്തലവനുമായ ആ സുഗ്രീവനെ |
| ക്ഷിപ്രം | വേഗത്തിൽ |
| അധിഗമ്യ, | അടുത്ത്, |
| പരിവാര്യ, | ചൂഴ്ന്നുകൊണ്ട്, |
| ഉപതസ്ഥിരേ. | നിന്നുകൊണ്ടിരുന്നു. |

ഏകമേകായനഗതാഃ പ്ലവമാനാ ഗിരേർഗ്ഗിരിം
പ്രകമ്പയന്തോ വേഗേന ഗിരീണാം ശിഖരാണ്യപി. 9

| | | | |
|---|---|---|---|
| ഗിരീണാം | മലകളുടെ | ഗിരേഃ | മലയിൽനിന്നു |
| ശിഖരാണി അപി | ശിഖരങ്ങളെ | ഏകം | മുമ്പുനിന്നിരുന്ന |
| | | ഗിരിം | മലയ്ക്കുതന്നെ |
| വേഗേന | ചാട്ടത്തിൽ ഊക്കുകൊണ്ട് | പ്ലവമാനാഃ | ചാടിച്ചെന്നുകൊണ്ട്, |
| പ്രകമ്പയന്തഃ | കുലുക്കുന്നവരായി, | ഏകായനഗതാഃ. | അതിൽ ഒരുദിക്കിൽ വന്നെത്തി. |

തതഃ ശാഖാമൃഗാഃ സൎവ്വേ പ്ലവമാനാ മഹാബലാഃ
ബഭഞ്ജുശ്ച നഗാംസ്തത്ര പുഷ്പിതാൻ ദുൎഗ്ഗസംശ്രിതാൻ. 10

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | തത്ര | അദ്ദിക്കിൽ |
| പ്ലവമാനാഃ | കുതിച്ചുചെല്ലുന്ന | പുഷ്പിതാൻ | നന്നായി പൂത്തവയും |
| മഹാബലാഃ | മഹാബലശാലികളായ | ദുൎഗ്ഗസംശ്രിതാൻ | ഇടതിങ്ങി വളൎന്നിരുന്നവയും ആയ |
| ശാഖാമൃഗാഃ | ആ വാനരന്മാർ | നഗാൻ | വൃക്ഷങ്ങളെ |
| സൎവ്വേ ച, | എല്ലാവരും, | ബഭഞ്ജുഃ. | ഒടിച്ചുവീഴ്ത്തി. |

ആപ്ലവന്തോ ഹരിവരാഃ സൎവ്വതസ്തം മഹാഗിരിം
മൃഗമാൎജ്ജാരശാൎദ്ദൂലാൻ ത്രാസയന്തോ യയുസ്തദാ. 11

| | | | |
|---|---|---|---|
| തം | ആ | മൃഗമാൎജ്ജാരശാൎദ്ദൂലാൻ | മാൻ, കാട്ടുപൂച്ച, നരി എന്നവയെ |
| മഹാഗിരിം | പാവനമായ ഗിരിയിൽ | | |
| സൎവ്വതഃ | എങ്ങും | ത്രാസയന്തഃ | വിറപ്പിച്ചും കൊണ്ട് |
| ആപ്ലവന്തഃ | കുതിച്ചുകൊണ്ടിരുന്ന | തദാ | ആ സമയം |
| ഹരിവരാഃ, | വാനരവീരന്മാർ, | യയുഃ. | ചുററിത്തിരിഞ്ഞു. |

തതഃ സുഗ്രീവസചിവാഃ പൎവ്വതേന്ദ്രം സമാശ്രിതാഃ
സംഗമ്യ കപിമുഖ്യേന സൎവ്വേ പ്രാഞ്ജലയഃ സ്ഥിതാഃ. 12

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | സുഗ്രീവസചിവാഃ | സുഗ്രീവ സചിവന്മാർ |
| കപിമുഖ്യേന | വാനരാധിപനായ | | |
| സംഗമ്യ | കൂടി [സുഗ്രീവനോടും | സൎവ്വേ | എല്ലാവരും |
| പൎവ്വതേന്ദ്രം | ആ ശ്രേഷ്ഠപൎവ്വതത്തിൽ | പ്രാഞ്ജലയഃ | കൈക്കൂപ്പിക്കൊണ്ട് |
| സമാശ്രിതാഃ | വന്നെത്തിയ | സ്ഥിതാഃ. | കാത്തുനിന്നു. |

തതസ്തം ഭയസന്ത്രസ്തം വാലികില്ബിഷശങ്കിതം
ഉവാച ഹനുമാൻ വാക്യം സുഗ്രീവം വാക്യകോവിദഃ. 13

| | | | |
|---|---|---|---|
| വാക്യകോവിദഃ | വാക്യനിപുണനായ | ഭയസന്ത്രസ്തം | ഭയന്നു വിറച്ചവനായ |
| ഹനുമാൻ | ഹനുമാൻ | തം | ആ |
| തതഃ | അപ്പോൾ, | | |
| വാലികില്ബിഷശങ്കിതം | ബാലിയുടെ ദുഷ്പ്രവൃത്തികളെ ഓൎത്ത് | സുഗ്രീവം | സുഗ്രീവനോടായി |
| | | വാക്യം ഉവാച. | ഇങ്ങിനെ ഉണൎത്തിച്ചു. |

സംഭ്രമസ്ത്യജ്യതാമേഷഃ സർവ്വൈർവ്വാലികൃതോ മഹാൻ
മലയോഽയം ഗിരിവരോ ഭയം നേഹാസ്തി വാലിനഃ. 14

| | | | |
|---|---|---|---|
| "വാലികൃതഃ | "ബാലിയെക്കുറിച്ചുള്ള | അയം | ഈ |
| മഹാൻ | വലുതായ [തായ | ഗിരിവരഃ | ശ്രേഷ്ഠഗിരി |
| ഏഷഃ | ഈ | മലയഃ; | മലയമെന്നതാണല്ലൊ; |
| സംഭ്രമഃ | പരിഭ്രമം | വാലിനഃ | അതിനാൽ ബാലിയിൽ |
| സർവ്വൈഃ | എല്ലാവരാലും | ഭയം | ഭയം [നിന്നുള്ള |
| ത്യജ്യതാം | ത്യജിക്കപ്പെടട്ടെ; | ഇഹ അസ്തി ന. | ഇവിടെ ഇല്ലതന്നെ. |

['മലയം' എന്നത് ഋശ്യമൂകഗിരിയുടെ ഒരു ഭാഗമാണെന്നു തീൎച്ചയം. ഇനിയത്തെ സൎഗ്ഗം ഒന്നാം ശ്ലോകത്തിൽ 'ഹനുമാൻ ഋശ്യമൂകഗിരിയിൽ നിന്ന് കുതിച്ചു', എന്നു പറഞ്ഞിരിക്കുന്നതും കാണുക.]

യസ്മാദുദ്വിഗ്നചേതാസ്ത്വം പ്രദ്രുതോ ഹരിപുംഗവ
തം ക്രൂരദൎശനം ക്രൂരം നേഹ പശ്യാമി വാലിനം. 15

| | | | |
|---|---|---|---|
| "ഹരിപുംഗവ! | "വാനരോത്തമ! | ക്രൂരദൎശനം | ഭയങ്കര രൂപിയും |
| യസ്മാത് | യാതൊരുവനിൽ നിന്നു | ക്രൂരം | ദുഷ്പ്രവൃത്തിയാന്നവനും ആയ |
| ത്വം | നിന്തിരുവടി | | |
| ഉദ്വിഗ്നചേതാഃ | മനസ്സുപതറി | വാലിനം | ബാലിയെ |
| പ്രദ്രുതഃ, | ഓടിവന്നിരിക്കുന്നുവോ, | ഇഹ | ഇവിടെ |
| തം | ആ | പശ്യാമി ന. | ഞാൻ കാണുന്നില്ല. |

യസ്മാത്തവ ഭയം സൌമ്യ പൂൎവ്വജാത് പാപകൎമ്മണഃ
സ നേഹ വാലീ ദുഷ്ടാത്മാ ന തേ പശ്യാമ്യഹം ഭയം. 16

| | | | |
|---|---|---|---|
| "സൌമ്യ! | "പ്രിയപ്പെട്ടവനേ! | ദുഷ്ടാത്മാ | ദുഷ്ടാത്മാവായ |
| യസ്മാത് | യാതൊരു | വാലീ | ബാലി |
| പാപകൎമ്മണഃ | പാപവൃത്തിയാന്നുള്ള | ഇഹ ന; | ഇവിടെയില്ല; |
| പൂൎവ്വജാത് | ജ്യേഷ്ഠനിൽ നിന്ന് | തേ | അവിടുത്തേയ്ക്ക് |
| തവ | അവിടുത്തേക്ക് | ഭയം | യാതൊരാപത്തിനേ [യും |
| ഭയം, | ആപത്തോ, | അഹം | ഞാൻ |
| സഃ | ആ | പശ്യാമി ന. | കാണുന്നുമില്ല. |

അഹോ ശാഖാമൃഗത്വം തേ വ്യക്തമേവ പ്ലവംഗമ
ലഘുചിത്തതയാഽഽത്മാനം ന സ്ഥാപയസി യോ മതൌ. 17

| | | | |
|---|---|---|---|
| "പ്ലവംഗമ! | "വാനരവീര! | യഃ | യാതൊരു ഭവാൻ |
| അഹോ! | എന്തോരു കഷ്ടമാണി | ലഘു- } | ചപലബുദ്ധികാരണം |
| തേ | നിന്തിരുവടിയുടെ [ത്! | ചിത്തതയാ } | കൊണ്ടാണ് |
| ശാഖാമൃഗത്വം } | കപിത്വം തന്നെയാണ് | ആത്മാനം | തന്നത്താൻ |
| ഏവ } | | മതൌ | ദൃഢമായനിശ്ചയത്തിൽ |
| വ്യക്തം; | ഇപ്പോൾ പ്രകാശിക്കുന്നത്; | ന സ്ഥാപയസി. | ഉറപ്പിക്കാതിരിക്കുന്നത്? |

ബുദ്ധിവിജ്ഞാനസംപന്ന ഇംഗിതൈഃ സൎവ്വമാചര
ന ഹ്യബുദ്ധിം ഗതോ രാജാ സൎവ്വഭൂതാനി ശാസ്തി ഹി. 18

| | |
|---|---|
| “ബുദ്ധിവിജ്ഞാനസംപന്ന! | “ബുദ്ധിയിലും കാൎയ്യങ്ങളുടെ ഗുണദോഷചിന്തയിലും നിപുണനായുള്ളോവേ! |
| സൎവ്വം | ഏതിനേയും |
| ഇംഗിതൈഃ ഹി | ആലോചിച്ചുറച്ചു നിശ്ചയങ്ങളെക്കൊണ്ടുതന്നെ |
| ആചര; | പ്രവൃത്തിച്ചാലും; |

| | |
|---|---|
| ഹി | എന്തെന്നാൽ |
| രാജാ | ഒരു അരചൻ |
| അബുദ്ധിം ഗതഃ, | നിശ്ചിതബുദ്ധിയില്ലാതിരുന്നാൽ |
| സൎവ്വഭൂതാനി | യാതൊരു പ്രാണികളേയും |
| ശാസ്തി ന.” | ഭരിക്കുന്നതിനു ശക്തനാകുന്നില്ല.” |

സുഗ്രീവസ്തു ശുഭം വാക്യം ശ്രുത്വാ സൎവ്വം ഹനൂമതഃ
തതഃ ശുഭതരം വാക്യം ഹനൂമന്തമുവാച ഹ. 19

| | |
|---|---|
| സുഗ്രീവഃ, | സുഗ്രീവൻ, |
| ഹനൂമതഃ | ഹനുമാന്റെ |
| ശുഭം | ഹിതകരമായ |
| വാക്യം | വാക്യം |
| സൎവ്വം തു | എല്ലാററിനേയും |
| ശ്രുത്വാ, | കേട്ട്, |

| | |
|---|---|
| തതഃ | അതിനേക്കാളും |
| ശുഭതരം | സമയോചിതമായ |
| വാക്യം | വാക്യത്തെ |
| ഹനൂമന്തം ഹ | ഹനുമാനോടായി |
| ഉവാച. | അരുൾചെയ്തു. |

ദീൎഘബാഹൂ വിശാലാക്ഷൌ ശരചാപാസിധാരിണൌ
കസ്യ ന സ്യാദ്ഭയം ദൃഷ്ട്വാ ഹ്യേതൌ സുരസുതോപമൌ. 20

| | |
|---|---|
| “ദീൎഘബാഹൂ | “ആജാനുബാഹുക്കളും |
| വിശാലാക്ഷൌ | വിശാലനേത്രന്മാരും |
| ശരചാപാസിധാരിണൌ | അമ്പും, വില്ലും, വാളും ധരിച്ചവരും |
| സുരസുതോപമൌ | ദേവകുമാരതുല്യരുമായ |

| | |
|---|---|
| ഏതൌ | ഇവർ രണ്ടുപേരേയും |
| ദൃഷ്ട്വാ | കണ്ട്, |
| കസ്യ ഹി | ആൎക്കുതന്നെയാണ് |
| ഭയം ന സ്യാത്? | ഭയമുണ്ടാകാത്തത്? |

വാലിപ്രണിഹിതാവേതൌ ശങ്കേഽഹം പുരുഷോത്തമൌ
രാജാനോ ബഹുമിത്രാശ്ച വിശ്വാസോ നാത്ര ഹി ക്ഷമഃ. 21

| | |
|---|---|
| “പുരുഷോത്തമൌ | “പുരുഷോത്തമന്മാരായ |
| ഏതൌ | ഇവരെ |
| വാലിപ്രണിഹിതൌ | ബാലിയാൽ പറഞ്ഞയയ്ക്കപ്പെട്ടവരെന്നു് |
| അഹം | ഞാൻ |
| ശങ്കേ; | സംശയിക്കുന്നു; |

| | |
|---|---|
| രാജാനഃ | രാജാക്കന്മാർ |
| ബഹുമിത്രാഃ ച; | അനേകസഹായികളോടുകൂടിയവരാകുന്നു; |
| അത്ര | ഇക്കാൎയ്യത്തിൽ |
| വിശ്വാസഃ | ആലോചിക്കാതെ ഒരു നിശ്ചയം ചെയ്യുന്നതു് |
| ക്ഷമഃ ന ഹി. | യുക്തമല്ല. |

അരയശ്ച മനുഷ്യേണ വിജ്ഞേയാശ്ഛന്നചാരിണഃ
വിശ്വസ്താനാമവിശ്വസ്താശ്ഛിദ്രേഷു പ്രഹരന്തി ഹി. 22

| | |
|---|---|
| "ഛന്നചാരിണഃ | "അകത്തുള്ളതെന്തെന്ന് കാണിക്കാത്ത നാട്യത്തോടുകൂടിയ |
| അരയഃ ച, | ശത്രുക്കൾ |
| മനുഷ്യേണ | ഒരുവനാൽ |
| വിജ്ഞേയാഃ; | നല്ലപോലെ ആരാഞ്ഞറിയപ്പെടേണ്ടവരാകുന്നു; |
| ഹി | എന്തെന്നാൽ |
| അവിശ്വസ്താഃ | എതിരാളികളെക്കുറിച്ച് വിശ്വസിക്കാത്തവരായ അവർ |
| വിശ്വസ്താനാം | ആലോചിക്കാതെ തങ്ങളെ വിശ്വസിച്ച അവക്ക് |
| ഛിദ്രേഷു | അന്യസഹായമില്ലാത്ത ഘട്ടങ്ങളിൽ |
| പ്രഹരന്തി. | ആപത്തിനെ വിളയിക്കുന്നു. |

കൃത്യേഷു വാലീ മേധാവീ രാജാനോ ബഹുദർശിനഃ
ഭവന്തി പരഹന്താരസ്തേ ജ്ഞേയാഃ പ്രാകൃതൈർന്നരൈഃ. 23

| | |
|---|---|
| "വാലീ | "ബാലി |
| കൃത്യേഷു | കാൎയ്യം നിവൎത്തിക്കേണ്ട വിഷയങ്ങളിൽ |
| മേധാവീ; | സൂക്ഷ്മബുദ്ധിയോടുകൂടിയവനാണ്; |
| രാജാനഃ | രാജാക്കന്മാർ |
| ബഹുദർശിനഃ | പലപല കാൎയ്യങ്ങൾ കാണുന്നവരായി |
| പരഹന്താരഃ | ശത്രുക്കളെ അമൎത്തുന്നവരായി |
| ഭവന്തി; | ഭവിക്കുന്നു; |
| തേ | അവർ |
| പ്രാകൃതൈഃ | വേഷഛന്നന്മാരായ |
| നരൈഃ | ആളുകളാൽ |
| ജ്ഞേയാഃ | സൂക്ഷ്മം അറിഞ്ഞ് കണ്ടുപിടിക്കപ്പെടേണ്ടവരാകുന്നു. |

തൌ ത്വയാ പ്രാകൃതേനൈവ ഗത്വാ ജ്ഞേയൌ പ്ലവംഗമ
ഇംഗിതാനാം പ്രകാരൈശ്ച രൂപവ്യാഭാഷണേന ച. 24

| | |
|---|---|
| "പ്ലവംഗമ! | "വാനരവര! |
| തൌ | അവർ രണ്ടുപേരും |
| പ്രാകൃതേന | വേഷഛന്നനായ |
| ത്വയാ ഏവ | ഭവാനാൽതന്നെ |
| ഗത്വാ, | അവിടെച്ചെന്ന് |
| രൂപവ്യാഭാഷണേന ച | ഭംഗിയുള്ള പലവിധ സംഭാഷണങ്ങളെക്കൊണ്ടും |
| ഇംഗിതാനാം പ്രകാരൈഃ ച | ആശയഭേദങ്ങൾ കൊണ്ടും |
| ജ്ഞേയൌ. | അറിയപ്പെടേണ്ടവരാകുന്നു. |

ലക്ഷയസ്വ തയോർഭാവം പ്രഹൃഷ്ടമനസൌ യദി
വിശ്വാസയൻ പ്രശംസാഭിരിംഗിതൈശ്ച പുനഃ പുനഃ. 25

| | |
|---|---|
| "പ്രഹൃഷ്ടമനസൌ യദി | "നല്ലവിചാരത്തോടുകൂടിയവരാണെന്നാൽ |
| പ്രശംസാഭിഃ | സ്തോത്രങ്ങൾ കൊണ്ടും |
| ഇംഗിതൈഃ ച | അവയ്ക്കനുസരിച്ച അംഗചേഷ്ടകൾ കൊണ്ടും |
| പുനഃ പുനഃ | മേല്ക്കുമേൽ |
| വിശ്വാസയൻ, | വിശ്വാസം ജനിപ്പിച്ച്, |
| തയോഃ | അവർ രണ്ടുപേരുടേയും |
| ഭാവം | ആവശ്യമെന്തെന്ന് |
| ലക്ഷയസ്വ. | അറിഞ്ഞുവരിക. |

മമൈവാഭിമുഖം സ്ഥിത്വാ പൃച്ഛ ത്വം ഹരിപുംഗവ
പ്രയോജനം പ്രവേശസ്യ വനസ്യാസ്യ ധനുർദ്ധരൌ. 26

| | |
|---|---|
| "ഹരിപുംഗവ! | "വാനരോത്തമ! |
| ധനുർദ്ധരൌ | ധനുഷ്പാണികളായ അവർ രണ്ടുപേരേയും |
| ത്വം | ഭവാൻ, |
| സ്ഥിത്വാ, | വിനയഭാവത്തിൽ |
| അസ്യ | ഈ [അടുത്ത്, |
| വനസ്യ | വനത്തിൽ |
| പ്രവേശസ്യ | പ്രവേശിച്ചതിന്റെ |
| പ്രയോജനം | ഉദ്ദേശമെന്തെന്ന് |
| മമ അഭിമുഖം ഏവ | ഞാൻ ആവശ്യപ്പെട്ടതായി തന്നെ |
| പൃച്ഛ. | ചോദിച്ചറിയുക. |

[ഇനിയത്തെ സർഗ്ഗത്തിൽ രാമലക്ഷ്മണന്മാരെ സ്തോത്രം ചെയ്ത്, അവർ ഒന്നും പറയുന്നതിന്ന് മുമ്പുതന്നെ ഹനുമാൻ തന്റെ വാസ്തവത്തെ അവരോട് പറയുന്നു. അതുകൊണ്ട് 'മമ അഭിമുഖം ഏവ' എന്നതിന്ന് ഇപ്പറഞ്ഞ അർത്ഥം സാധുവാണെന്നു തോന്നുന്നു. "മമ അഭിമുഖം സ്ഥിത്വാ." എന്നതിന്ന് "എനിക്ക് സഹായികളായി ആക്കിത്തീർത്ത്" എന്നു ഗോ. രാ ]

ശുദ്ധാത്മാനൌ യദി ത്വേതൌ ജാനീഹി ത്വം പ്ലവംഗമ
വ്യാഭാഷിതൈർവ്വാ രൂപൈർവ്വാ വിജ്ഞേയാ ദുഷ്ടതാഽനയോഃ. 27

| | |
|---|---|
| "അനയോഃ | "ഇവർ രണ്ടുപേരുടേയും |
| വ്യാഭാഷിതൈഃ വാ | സംഭാഷണങ്ങളെക്കൊണ്ടും |
| രൂപൈഃ വാ | അവരുടെ ഭാവങ്ങൾ കൊണ്ടും |
| ദുഷ്ടതാ | ദുരുദ്ദേശമുണ്ടോ എന്ന് |
| വിജ്ഞേയാ; | അറിയപ്പെടേണ്ടതാണ്; |
| പ്ലവംഗമ! | വാനരവീര! |
| ഏതൌ | ഇവർ രണ്ടുപേരും |
| ശുദ്ധാത്മാനൌ യദി | നല്ല ഉദ്ദേശത്തോടു കൂടിയവരാണെന്നു ബോദ്ധ്യം വന്നാൽ, |
| തു | അതിൽ പിന്നെ |
| ത്വം ജാനീഹി." | ഭവാൻ ബന്ധുഭാവം കയ്ക്കൊണ്ടാലും." |

ഇത്യേവം കപിരാജേന സന്ദിഷ്ടോ മാരുതാത്മജഃ
ചകാര ഗമനേ ബുദ്ധിം യത്ര തൌ രാമലക്ഷ്മണൌ. 28

| | |
|---|---|
| കപിരാജേന | വാനരാധിപനാൽ |
| ഇതി ഏവം | മേൽപ്രകാരം |
| സന്ദിഷ്ടഃ | ആജ്ഞാപിക്കപ്പെട്ടവനായ |
| മാരുതാത്മജഃ, | വായുപുത്രൻ |
| തൌ | ആ |
| രാമലക്ഷ്മണൌ | ശ്രീരാമലക്ഷ്മണന്മാർ |
| യത്ര | ഉണ്ടായിരുന്ന ദിക്കിലേക്ക് |
| ഗമനേ | പോകുവാനായി |
| ബുദ്ധിം ചകാര. | തയ്യാറായി. |

തഥേതി സംപൂജ്യ വചസ്തു തസ്യ തത്
കപേഃ സുഭീതസ്യ ദുരാസദസ്യ ച
മഹാനുഭാവോ ഹനുമാൻ യയൌ തദാ
സ യത്ര രാമോഽതിബലശ്ച ലക്ഷ്മണഃ. 29

| | |
|---|---|
| മഹാനുഭാവഃ | മഹാനുഭാവനായ |
| ഹനുമാൻ, | ഹനുമാൻ, |
| ദുരാസദസ്യ | ഇതെവരെ ഉണ്ടാകാത്തമാതിരി |
| സുഭീതസ്യ | ഏററം ഭയന്നിരുന്നവനായ |
| തസ്യ കപേഃ | ആ സുഗ്രീവന്റെ |
| തത് വചഃ | ആ ആജ്ഞയെ |
| സംപൂജ്യ തു, | ശിരസാ വഹിച്ച്, |
| 'തഥാ,' ഇതി, | 'കല്പനപോലെ,' എന്ന് ഉണർത്തിച്ച്, |
| തദാ | ആ സമയം |
| സഃ രാമഃ ച | ആ ശ്രീരാമനും |
| അതിബലഃ | മഹാബലശാലിയായ |
| ലക്ഷ്മണഃ ച | ലക്ഷ്മണനും |
| യത്ര | ഉണ്ടായിരുന്ന ദിക്കിലേക്ക് |
| യയൗ. | പുറപ്പെട്ടു ചെന്നു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ ദ്വിതീയഃ സർഗ്ഗഃ = രണ്ടാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 9431 ; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 179.

## തൃതീയഃ സർഗ്ഗഃ = മൂന്നാംസർഗ്ഗം.

[ഹനുമതാ സുഗ്രീവവൃത്താന്തനിവേദനം = ഹനുമാൻ സുഗ്രീവനെക്കുറിച്ച് അറിയിക്കുന്നത്.]

**വചോ വിജ്ഞായ ഹനുമാൻ സുഗ്രീവസ്യ മഹാത്മനഃ**
**പർവ്വതാദൃശ്യമൂകാത്തു പുപ്ലുവേ യത്ര രാഘവൗ.** 1

| | |
|---|---|
| ഹനുമാൻ, | ഹനുമാൻ, |
| മഹാത്മനഃ | മഹാത്മാവായ |
| സുഗ്രീവസ്യ | സുഗ്രീവന്റെ |
| വചഃ | ആജ്ഞ |
| വിജ്ഞായ, | കയ്ക്കൊണ്ട്, |
| ഋശ്യമൂകാത് പർവ്വതാത് തു | ഋശ്യമൂകപർവ്വതത്തിൽനിന്നും, |
| രാഘവൗ | ശ്രീരാമലക്ഷ്മണന്മാർ |
| യത്ര | ഉണ്ടായിരുന്ന ദിക്കിലേക്ക് |
| പുപ്ലുവേ. | വേഗത്തിൽ പുറപ്പെട്ടു. |

**കപിരൂപം പരിത്യജ്യ ഹനുമാൻ മാരുതാത്മജഃ**
**ഭിക്ഷുരൂപം തതോ ഭേജേ ശഠബുദ്ധിതയാ കപിഃ.** 2

| | |
|---|---|
| മാരുതാത്മജഃ | വായുപുത്രനും |
| കപിഃ | വാനരനുമായ |
| ഹനുമാൻ | ഹനുമാൻ, |
| തതഃ | അപ്പോൾ, |
| ശഠബുദ്ധിതയാ | മദ്ധ്യസ്ഥനുവേണ്ട അറിവുകയ്ക്കൊണ്ട്, |
| കപിരൂപം | കപിരൂപത്തെ |
| പരിത്യജ്യ, | ഉപേക്ഷിച്ച്, |
| ഭിക്ഷുരൂപം | ബ്രഹ്മചാരിയുടെ വേഷത്തെ |
| ഭേജേ. | ധരിച്ചു. |

[“ശഠബുദ്ധിതയാ,” ശ്രീരാമലക്ഷ്മണന്മാർ തന്റെ സൂക്ഷ്മം അറിയാതിരിപ്പാനായി വഞ്ചകബുദ്ധി കയ്ക്കൊണ്ട്, എന്നു (ഗോ. രാ.) “അശഠബുദ്ധിതയാ” എന്നു പദച്ഛേദമെന്നു (ശിരോമണി) വാനരന്മാർക്കു സഹജമായ ശഠബുദ്ധിയെ, ചപലബുദ്ധിയെ, വെടിഞ്ഞ്, എന്ന് ഈ പക്ഷത്തിൽ അർത്ഥം.]

തതഃ സ ഹനുമാൻ വാചാ ശ്ലക്ഷ്ണയാ സുമനോജ്ഞയാ
വിനീതവദുപാഗമ്യ രാഘവൌ പ്രണിപത്യ ച
ആബഭാഷേ ച തൌ വീരൌ യഥാവത് പ്രശശംസ ച. 3

| | | | |
|---|---|---|---|
| തതഃ, | അതിൽപിന്നെ, | യഥാവത് | വിധിപോലെ |
| സഃ ഹനുമാൻ, | ആ ഹനുമാൻ, | പ്രണിപത്യ, | വന്ദിച്ച്, |
| | | പ്രശശംസ ച; | പ്രശംസിച്ചു; |
| തൌ വീരൌ | ആ വീരന്മാരായ | ശ്ലക്ഷ്ണയാ | അന്തരംഗമായ |
| രാഘവൌ ച | ശ്രീരാമലക്ഷ്മണന്മാരേയും | സുമനോജ്ഞയാ ച | അതിമനോഹരമായ |
| വിനീതവത് | വിനയഭാവത്തോടെ | വാചാ | വാക്കുകൊണ്ട് |
| ഉപാഗമ്യ, | അടുത്ത്, | ആബഭാഷേ. | സ്വാഗതമരുളി. |

സംപൂജ്യ വിധിവദ്വീരോ ഹനുമാൻ മാരുതാത്മജഃ
ഉവാച കാമതോ വാഗ്ഭിർമൃദ്വീഭിഃ സത്യവിക്രമൌ. 4

| | | | |
|---|---|---|---|
| മാരുതാത്മജഃ | വായുപുത്രനും | മൃദ്വീഭിഃ | തന്റെ സൌശീല്യത്തെ പ്രകടിപ്പിക്കുന്നതായ |
| വീരഃ ഹനുമാൻ, | വീരനുമായ ഹനുമാൻ, | | |
| വിധിവത് | വഴിപോലെ | | |
| സംപൂജ്യ, | ബഹുമാനിച്ചശേഷം | വാഗ്ഭിഃ, | വാക്കുകൾകൊണ്ട്, |
| സത്യവിക്രമൌ | സത്യപരാക്രമന്മാരായ അവരിരുവരേയും നോക്കി | കാമതഃ | ഹൃദയപൂർവ്വകമായി |
| | | ഉവാച. | ഇപ്രകാരം ഉണർത്തിച്ചു. |

["കാമതഃ" (സുഗ്രീവോപദേശത്തിന്ന് വിരുദ്ധം വരാതെ സ്വേച്ഛയായി) എന്നു രാമാനുജീയം; (സുഗ്രീവന്റെ ഇച്ഛപ്രകാരം). എന്ന് ശിരോമണി; (ഭക്തിപുരസ്സരം) എന്നു ഗോ. ര.]

രാജർഷിദേവപ്രതിമൌ താപസൌ സംശിതവ്രതൌ
ദേശം കഥമിമം പ്രാപ്തൌ ഭവന്തൌ വരവർണ്ണിനൌ 5
ത്രാസയന്തൌ മൃഗഗണാനന്യാംശ്ച വനചാരിണഃ
പമ്പാതീരരുഹാൻ വൃക്ഷാൻ വീക്ഷമാണൌ സമന്തതഃ. 6

| | | | |
|---|---|---|---|
| "രാജർഷിദേവപ്രതിമൌ, | "രാജർഷികൾക്കും ദേവന്മാർക്കും സമന്മാരായി, | വനചാരിണഃച | വനത്തിൽ ചരിക്കുന്ന പ്രാണികളേയും |
| | | ത്രാസയന്തൌ, | മിരട്ടിക്കൊണ്ട്, |
| വരവർണ്ണിനൌ, | അപൂർവ്വതേജസ്സോടുകൂടിയവരായി, | സംശിതവ്രതൌ | കഠിന വ്രതാനുഷ്ഠാനങ്ങളോടുകൂടിയവരായി |
| സമന്തതഃ | നാലുപാടും | താപസൌ | തപസ്വികളായി വില |
| പമ്പാതീരരുഹാൻ | പമ്പാതീരത്തിലുള്ള | ഭവന്തൌ, | നിങ്ങളിരുവരും,[സുന്ന |
| | | ഇമം | ഈ |
| വൃക്ഷാൻ | തരുക്കളെ | ദേശം | പ്രദേശത്തിലേക്ക് |
| വീക്ഷമാണൌ, | നോക്കിയുംകൊണ്ട്, | കഥം | എന്താവശ്യമായിട്ടാണ് |
| മൃഗഗണാൻ | മാൻകൂട്ടങ്ങളേയും | പ്രാപ്തൌ ? | എഴുന്നെള്ളിയിരിക്കുന്നത് ? |
| അന്യാൻ | മററുള്ളവയായ | | |

ഇമാം നദീം ശുഭജലാം ശോഭയന്തൌ തരസ്വിനൌ
ധൈര്യവന്തൌ സുവര്‍ണ്ണാഭൌ കൌ യുവാം ചീരവാസസൌ 7
നിശ്വസന്തൌ വരഭുജൌ പീഡയന്താവിമാഃ പ്രജാഃ
സിംഹവിപ്രേക്ഷിതൌ വീരൌ സിംഹാതിബലവിക്രമൌ. 8
ശക്രചാപനിഭേ ചാപേ ഗൃഹീത്വാ ശത്രുസൂദനൌ
ശ്രീമന്തൌ രൂപസംപന്നൌ വൃഷഭശ്രേഷ്ഠവിക്രമൌ. 9
ഹസ്തിഹസ്തോപമഭുജൌ ദ്യുതിമന്തൌ നരര്‍ഷഭൌ. 10

| | |
|---|---|
| “ തരസ്വിനൌ, | “ ചുറുക്കുള്ളവരും, |
| ധൈര്യവന്തൌ, | പ്രശാന്തഗംഭീരമനസ്കന്മാരും |
| സുവര്‍ണ്ണാഭൌ, | സ്വര്‍ണ്ണകാന്തി ചിന്നുന്നവരും |
| നിശ്വസന്തൌ, | ദീര്‍ഘശ്വാസം ചെയ്യുന്നവരും, |
| വരഭുജൌ, | ഉത്തമബാഹുക്കളാന്നവരും, |
| ഇമാഃ | ഈ |
| പ്രജാഃ | പ്രാണികളെ |
| പീഡയന്തൌ, | സംഭ്രമിപ്പിക്കുന്നവരും |
| സിംഹവിപ്രേക്ഷിതൌ, | സിംഹത്തിന്റെ ഗംഭീരമായ നോട്ടമുള്ളവരും, |
| വീരൌ | കൊണ്ടാടത്തക്കവരും |
| സിംഹാതിബലവിക്രമൌ | സിംഹത്തെപ്പോലെ ശ്രേഷ്ഠമായ ബലവും പരാക്രമവുമാന്നവരും |
| വൃഷഭശ്രേഷ്ഠവിക്രമൌ, | വൃഷഭത്തെപ്പോലെ ശ്രേഷ്ഠമായ ഗതിയോടുകൂടിയവരും, |
| ഹസ്തിഹസ്തോപമഭുജൌ, | തുമ്പിക്കയ്യൊത്ത ഭുജങ്ങളാന്നവരും, |
| ശക്രചാപനിഭേ | ഇന്ദ്രചാപംപോന്ന |
| ചാപേ | രണ്ടുചാപങ്ങളെ |
| ഗൃഹീത്വാ | ധരിച്ചുകൊണ്ടു് |
| ശ്രീമന്തൌ, | ആരുടെ ദൃഷ്ടിയേയും കവരുന്നവരായി, |
| രൂപസംപന്നൌ, | രൂപസുഷമയാന്നവരായി |
| ദ്യുതിമന്തൌ | കാന്തിമാന്മാരായി |
| നരര്‍ഷഭൌ, | പുരുഷോത്തമന്മാരായി |
| ചീരവാസസൌ | മരവുരിയുടുത്തവരായി |
| ശത്രുസൂദനൌ | കണ്ടക്ഷണത്തില്‍ തന്നെ ശത്രുക്കളെ കീഴടക്കുന്നവരായി |
| ശുഭജലാം | സ്വച്ഛജലമാന്ന |
| ഇമാം | ഈ |
| നദീം | നദിയെ |
| ശോഭയന്തൌ | പ്രകാശിപ്പിക്കുന്നവരായ |
| യുവാം | നിങ്ങളിരുവരും |
| കൌ ? | ആരാകുന്നു ? |

[“ സുവര്‍ണ്ണാഭൌ, ” (ശോഭനമായ വര്‍ണ്ണത്തോടും കാന്തിയോടും കൂടിയവര്‍), തിലകം.]

പ്രഭയാ പര്‍വ്വതേന്ദ്രോയം യുവയോരവഭാസിതഃ. 11

| | |
|---|---|
| “ അയം | “ ഈ |
| പര്‍വ്വതേന്ദ്രഃ | ശ്രേഷ്ഠപര്‍വ്വതം |
| യുവയോഃ | നിങ്ങളിരുവരുടേയും |
| പ്രഭയാ | കാന്തിയാല്‍ |
| അവഭാസിതഃ. | ഉല്ലസിക്കുന്നു. |

രാജ്യാര്‍ഹാവമരപ്രഖ്യൌ കഥം ദേശമിഹാഗതൌ
പദ്മപത്രേക്ഷണൌ വീരൌ ജടാമണ്ഡലധാരിണൌ 12
അന്യോന്യസദൃശൌ വീരൌ ദേവലോകാദിവാഗതൌ
യദൃച്ഛയേവ സംപ്രാപ്തൌ ചന്ദ്രസൂര്യൌ വസുന്ധരാം 13

# हनुमान्‌जीकी प्रार्थना



एकु मंद मैं मोहबस कुटिलहृदय अग्यान
पुनि प्रभु मोहि बिसारेहु दीनबंधु भगवान ॥

THE GITA PRESS, GORAKHPUR.

വിശാലവക്ഷസൌ വീരൌ മാനുഷൌ ദേവരൂപിണൌ
സിംഹസ്കന്ധൌ മഹാസത്വൌ സമദാവിവ ഗോവൃഷൌ. 14

| | |
|---|---|
| "രാജ്യാൎഹൌ, | രാജലക്ഷണങ്ങളാൎന്നവരും, |
| അമരപ്രഖ്യൌ, | ദേവന്മാരെപ്പോലെ വിളങ്ങുന്നവരും, |
| പത്മപത്രേക്ഷണൌ | ചെന്താർദളനേത്രന്മാരും |
| വീരൌ | യോഗ്യതയാൎന്നവരും |
| ജടാമണ്ഡലധാരിണൌ | ജടമുടിധരിച്ചവരും |
| അന്യോന്യസദൃശൌ | അന്യോന്യസാദൃശ്യമാൎന്നവരായി |
| ദേവലോകാത് | വൈകുണ്ഠത്തിൽനിന്ന് |
| ആഗതൌ | അവതരിച്ചവരായ |
| വീരൌ ഇവ, | രണ്ടു വിഷ്ണുഭഗവാന്മാരെപ്പോലെയിരിക്കുന്നവരും, |
| വസുന്ധരാം | ഭൂലോകത്തെ |
| യദൃച്ഛയാ | ഏതോ ഒരു കാരണത്താൽ |
| സംപ്രാപ്തൌ, | പ്രാപിച്ചിരിക്കുന്നവരും, |
| ചന്ദ്രസൂൎയ്യൌ ഇവ, | ചന്ദ്രസൂൎയ്യന്മാരെപ്പോലെയിരിക്കുന്നവരും, |
| ദേവരൂപിണൌ | ദേവന്മാരുടെ വടിവു കയ്ക്കൊണ്ടു |
| വിശാലവക്ഷസൌ | വിസ്തൃതമായ മാറിടത്തോടുകൂടിയവരായി |
| സിംഹസ്കന്ധൌ, | സിംഹത്തിന്നൊത്ത ചുമലുകളാൎന്നവരായി, |
| സമദൌ | ഉത്സാഹത്തോടുകൂടിയ |
| ഗോവൃഷൌ ഇവ, | വൃഷഭങ്ങൾപോലെയിരിക്കുന്നവരായി, |
| മഹാസത്വൌ | അതിശക്തരായി |
| വീരൌ | വീരന്മാരായി |
| മാനുഷൌ | മാനുഷരായ നിങ്ങൾ |
| ഇഹ | ഈ രണ്ടുപേരും |
| ദേശം | ദിക്കിലേക്ക് |
| കഥം | എന്തുകാരണമായാണ് |
| ആഗതൌ? | എഴുന്നെള്ളിയിരിക്കുന്നതു്? |

ആയതാശ്ച സുവൃത്താശ്ച ബാഹവഃ പരിഘോപമാഃ
സൎവ്വഭൂഷണഭൂഷാൎഹാഃ കിമൎത്ഥം ന വിഭൂഷിതാഃ. 15

| | |
|---|---|
| "ആയതാഃ ച | "നീണ്ടവയും |
| സുവൃത്താഃ ച | ഭംഗിയിൽ ഉരുണ്ടവയും |
| പരിഘോപമാഃ | പരിഘതുല്യങ്ങളും |
| സൎവ്വഭൂഷണഭൂഷാൎഹാഃ | സൎവ്വാലങ്കാരങ്ങളും അണിവാൻ യോഗ്യങ്ങളും ആയ |
| ബാഹവഃ, | ബാഹുക്കൾ, |
| കിമൎത്ഥം | എന്തുകാരണത്താലാണ് |
| ന വിഭൂഷിതാഃ? | അലങ്കരിക്കപ്പെടാതിരിക്കുന്നതു്; |

ഉഭൌ യോഗ്യാവഹം മന്യേ രക്ഷിതും പൃഥിവീമിമാം
സസാഗരവനാം കൃത്സ്നാം വിന്ധ്യമേരുവിഭൂഷിതാം. 16

| | |
|---|---|
| "സസാഗരവനാം | "സമുദ്രങ്ങളും വനങ്ങളും അടങ്ങിയതും |
| വിന്ധ്യമേരുവിഭൂഷിതാം | വിന്ധ്യഗിരിയാലും മേരുഗിരിയാലും ഭംഗി വാച്ചതും ആയ |
| ഇമാം പൃഥിവീം | ഈ ഭൂമിയെ |
| കൃത്സ്നാം | മുഴുവനും |
| രക്ഷിതും, | രക്ഷിപ്പാൻ, |
| ഉഭൌ | നിങ്ങളിരുവരും |
| യോഗ്യൌ | യോഗ്യന്മാർ തന്നെയെന്നും |
| അഹം | ഞാൻ |
| മന്യേ. | വിചാരിക്കുന്നു. |

ഇമേ ച ധനുഷീ ചിത്രേ ശ്ലക്ഷ്ണേ ചിത്രാനുലേപനേ
പ്രകാശേതേ യഥേന്ദ്രസ്യ വജ്രേ ഹേമവിഭൂഷിതേ. 17

| | | | |
|---|---|---|---|
| "ചിത്രേ | "അത്ഭുതകരങ്ങളും | ഇമേ ധനുഷീ ച, | ഈ രണ്ടു വില്ലുകളും, |
| ശ്ലക്ഷ്ണേ | തിളങ്ങുന്നവയും | ഇന്ദ്രസ്യ | ഇന്ദ്രന്റെ |
| ചിത്രാനുലേപനേ | ഭംഗിയിൽ നിറം കയറിയവയും | വജ്രേ | രണ്ടു വജ്രായുധങ്ങൾ |
| ഹേമവിഭൂഷിതേ | സ്വർണ്ണാലംകൃതങ്ങളും ആയ | യഥാ, | പോലെ, |
| | | പ്രകാശേതേ. | ഉല്ലസിക്കുന്നു. |

സംപൂർണ്ണാ നിശിതൈർബ്ബാണൈസ്തൂണ്യൗ ച ശുഭദർശനൗ
ജീവിതാന്തകരൈർഘോരൈർജ്വലദ്ഭിരിവ പാവകൈഃ. 18

| | | | |
|---|---|---|---|
| "ജീവിതാന്തകരൈഃ | "ജീവനെ ഇല്ലാതാക്കുന്നവയും | നിശിതൈഃ | കൂർത്തവയും ആയ |
| ഘോരൈഃ | ഉഗ്രങ്ങളും | ബാണൈഃ, | ബാണങ്ങളാൽ, |
| ജ്വലദ്ഭിഃ | ഉജ്ജ്വലിക്കുന്ന | ശുഭദർശനൗ | ഭംഗിയേറിയ |
| പാവകൈഃ ഇവ | അഗ്നി ശിഖകൾ പോലെയുള്ളവയും | തൂണ്യൗ ച | ആവനാഴികളും |
| | | സംപൂർണ്ണൗ. | നിറയപ്പെട്ടിരിക്കുന്നു. |

മഹാപ്രമാണൗ വിപുലൗ തപ്തഹാടകഭൂഷിതൗ
ഖഡ്ഗാവേതൗ വിരാജേതേ നിർമ്മുക്താവിവ പന്നഗൗ. 19

| | | | |
|---|---|---|---|
| "വിപുലൗ | "പെരുത്ത് | ഖഡ്ഗൗ | ഖഡ്ഗങ്ങളും |
| മഹാപ്രമാണൗ | ഏറെ നീണ്ടുള്ളവയും | നിർമ്മുക്തൗ | വളയൂരിയ |
| തപ്തഹാടകഭൂഷിതൗ | തങ്കപ്പിടികളാലലങ്കരിക്കപ്പെട്ടവയും ആയ | പന്നഗൗ ഇവ | രണ്ടു സർപ്പങ്ങൾ എന്നപോലെ |
| ഏതൗ | ഈ രണ്ടു | വിരാജേതേ. | പ്രശോഭിക്കുന്നു. |

ഏവം മാം പരിഭാഷന്തം കസ്മാദ്വൈ നാഭിഭാഷഥഃ. 20

| | | | |
|---|---|---|---|
| "ഏവം | "ഈവിധം | കസ്മാത് വൈ | എന്തുകാരണത്താലാണോ |
| പരിഭാഷന്തം | ഉണർത്തിക്കുന്നവനായ | ന അഭിഭാഷഥഃ. | നിങ്ങൾ ഒന്നും ഉരിയാടാതിരിക്കുന്നത് ? |
| മാം | അടിയനോടായി | | |

സുഗ്രീവോ നാമ ധർമ്മാത്മാ കശ്ചിദ്വാനരയൂഥപഃ
വീരോ വിനികൃതോ ഭ്രാത്രാ ജഗദ്ഭ്രമതി ദുഃഖിതഃ. 21

| | | | |
|---|---|---|---|
| "ധർമ്മാത്മാ | "ധർമ്മാത്മാവും | ഭ്രാത്രാ | ജ്യേഷ്ഠനാൽ |
| വീരഃ | വീരനും | വിനികൃതഃ | ആട്ടിപ്പായിയ്ക്കപ്പെട്ട് |
| വാനരയൂഥപഃ | വാനരാധിപനും ആയ | ദുഃഖിതഃ | വ്യസനാക്രാന്തനായി |
| സുഗ്രീവഃ നാമ | സുഗ്രീവൻ എന്ന | ജഗത് | ലോകത്തിൽ |
| കശ്ചിത്, | ഒരുവൻ, | ഭ്രമതി. | അലഞ്ഞുതിരിയുന്നു. |

പ്രാപ്തോऽഹം പ്രേഷിതസ്തേന സുഗ്രീവേണ മഹാത്മനാ
രാജ്ഞാ വാനരമുഖ്യാനാം ഹനുമാൻ നാമ വാനരഃ. 22

| | |
|---|---|
| "വാനരമുഖ്യാനാം | "വാനരവീരന്മാൎക്ക് |
| രാജ്ഞാ, | അരചനും, |
| മഹാത്മനാ | മഹാത്മാവും ആയ |
| തേന | ആ |
| സുഗ്രീവേണ | സുഗ്രീവനാൽ |
| പ്രേഷിതഃ | പറഞ്ഞയക്കപ്പെട്ടവനും |
| ഹനുമാൻ നാമ | ഹനുമാൻ എന്ന പേരുള്ള |
| വാനരഃ | വാനരനുമായ |
| അഹം | ഞാൻ |
| പ്രാപ്തഃ | ഇതാ വന്നിരിക്കുന്നു. |

യുവാഭ്യാം സഹ ധൎമ്മാത്മാ സുഗ്രീവഃ സഖ്യമിച്ഛതി
തസ്യ മാം സചിവം വിദ്ധി വാനരം പവനാത്മജം 23
ഭിക്ഷുരൂപപ്രതിച്ഛന്നം സുഗ്രീവപ്രിയകാമ്യയാ
ഋശ്യമൂകാദിഹ പ്രാപ്തം കാമഗം കാമരൂപിണം. 24

| | |
|---|---|
| "ധൎമ്മാത്മാ | "ധൎമ്മാത്മാവായ |
| സുഗ്രീവഃ, | സുഗ്രീവമഹാരാജാവ്, |
| യുവാഭ്യാം സഹ | നിങ്ങളിരുവരുമായി |
| സഖ്യം | മൈത്രിയെ |
| ഇച്ഛതി; | പ്രാൎത്ഥിക്കുന്നു; |
| മാം | എന്നെ |
| പവനാത്മജം | വായുപുത്രനായ |
| വാനരം, | വാനരനെന്നും, |
| കാമരൂപിണം, | ഇഷ്ടംപോലെ രൂപമെടുപ്പാൻ കഴിവുള്ളവനെന്നും, |
| സുഗ്രീവപ്രിയകാമ്യയാ | സുഗ്രീവന്റെ നന്മയെ ഉദ്ദേശിച്ച് |
| ഭിക്ഷുരൂപപ്രതിച്ഛന്നം, | ബ്രാഹ്മണബ്രഹ്മചാരിയുടെ രൂപം കയ്ക്കൊണ്ട്, |
| ഋശ്യമൂകാത് | ഋശ്യമൂകത്തിൽനിന്ന് |
| ഇഹ | ഇങ്ങ് |
| പ്രാപ്തം | വന്നിരിക്കുന്നവനാണെന്നും |
| കാമഗം, | എങ്ങും ഗമിപ്പാൻ ശക്തിയുള്ളവനെന്നും |
| തസ്യ | അദ്ദേഹത്തിന്റെ |
| സചിവം | മന്ത്രിയാണെന്നും |
| വിദ്ധി." | ധരിച്ചാലും" |

ഏവമുക്ത്വാ തു ഹനുമാൻ തൌ വീരൌ രാമലക്ഷ്മണൌ
വാക്യജ്ഞൌ വാക്യകുശലഃ പുനൎന്നോവാച കിഞ്ചന 25

| | |
|---|---|
| വാക്യകുശലഃ | സംഭാഷണപടുവായ |
| ഹനുമാൻ, | ഹനുമാൻ, |
| വാക്യജ്ഞൌ | വാക്യസാരജ്ഞന്മാരായ |
| തൌ | ആ രണ്ടു |
| വീരൌ | വീരന്മാരായ |
| രാമലക്ഷ്മണൌ തു | ശ്രീരാമലക്ഷ്മണന്മാരോടായി |
| ഏവം | ഇപ്രകാരം |
| ഉക്ത്വാ, | ഉണൎത്തിച്ചശേഷം |
| പുനഃ | അതിൽപിന്നെ |
| കിഞ്ചന | യാതൊന്നും |
| ഉവാച ന, | മിണ്ടിയില്ല. |

ഏതച്ഛ്രുത്വാ വചസ്തസ്യ രാമോ ലക്ഷ്മണമബ്രവീത്
പ്രഹൃഷ്ടവദനഃ ശ്രീമാൻ ഭ്രാതരം പാർശ്വതഃ സ്ഥിതം. 26

| | | | |
|---|---|---|---|
| ശ്രീമാൻ | ശ്രീമാനായ | പ്രഹൃഷ്ടവദനഃ, | പ്രസന്നമുഖനായി, |
| രാമഃ | ശ്രീരാമൻ | പാർശ്വതഃ | അടുത്തു് |
| തസ്യ | ആ ഹനുമാന്റെ | സ്ഥിതം | നിന്നിരുന്ന |
| ഏതത് | ഈ | ഭ്രാതരം | അനുജനായ |
| വചഃ | വാക്ക് | ലക്ഷ്മണം | ലക്ഷ്മണനോടായി |
| ശ്രുത്വാ | കേട്ടു് | അബ്രവീത്. | ഇങ്ങിനെ ഉണർത്തിച്ചു. |

സചിവോഽയം കപീന്ദ്രസ്യ സുഗ്രീവസ്യ മഹാത്മനഃ
തമേവ കാംക്ഷമാണസ്യ മമാന്തികമുപാഗതഃ. 27

| | | | |
|---|---|---|---|
| " മഹാത്മനഃ | " മഹാത്മാവായ | തം ഏവ | ആ സുഗ്രീവനെത്തന്നെ |
| കപീന്ദ്രസ്യ | വാനരരാജാവായ | കാംക്ഷമാണസ്യ | കാണ്മാൻ കൊതിക്കു- |
| സുഗ്രീവസ്യ | സുഗ്രീവന്റെ | മമ | എന്റെ [ന്നവനായ |
| സചിവഃ | സചിവനായ | അന്തികം | സമീപത്തിൽ |
| അയം, | ഇവൻ, | ഉപാഗതഃ. | ഇതാവന്നിരിക്കുന്നു. |

അഭിഭാഷസ്വ സൌമിത്രേ സുഗ്രീവസചിവം കപിം
വാക്യജ്ഞം മധുരൈർവ്വാക്യൈഃ സ്നേഹയുക്തമരിന്ദമ. 28

| | | | |
|---|---|---|---|
| " അരിന്ദമ ! | " ജയശാലിയായ | സ്നേഹയുക്തം | അന്തരംഗവിശ്വാസം |
| സൌമിത്രേ ! | ലക്ഷ്മണ ! | | പൂണ്ടവനും |
| മധുരൈഃ | ഇമ്പംകലന്ന | സുഗ്രീവസചിവം | സുഗ്രീവന്റെ മന്ത്രിയും |
| വാക്യൈഃ | വാക്കുകളെക്കൊണ്ടു് | കപിം | വാനരനോടായി [ആയ |
| വാക്യജ്ഞം | സംസാരിക്കുന്നതിൽ സമർത്ഥനും | അഭിഭാഷസ്വ. | നീതന്നെ മറുപടി പറയുക. |

നാനൃഗ്വേദവിനീതസ്യ നായജുർവ്വേദധാരിണഃ
നാസാമവേദവിദുഷഃ ശക്യമേവം പ്രഭാഷിതും. 29

| | | | |
|---|---|---|---|
| " അനൃഗ്വേദവിനീതസ്യ | " ഋഗ്വേദത്തെ അദ്ധ്യയനം ചെയ്യാത്ത ഒരുവന്നു് | അയജുർവ്വേദധാരിണഃ | യജുർവ്വേദം അഭ്യസിക്കാത്തവന്നും |
| ഏവം | ഇപ്രകാരം | ന ; | അല്ല ; |
| പ്രഭാഷിതും | സംസാരിക്കുന്നതു് | അസാമവേദവിദുഷഃ | സാമവേദത്തിൽ സമർത്ഥനല്ലാത്തവന്നും |
| ശക്യം ന ; | ശക്യമല്ല ; | ന ; | അല്ല ; |

[ഈ ശ്ലോകത്തിൽ സീതാന്വേഷിണിയായ ചേതനയെ ഉജ്ജീവിപ്പിക്കാനുള്ള ആചാര്യലാഭത്തെ പറയുന്നു. ഹനുമാൻതന്നെ ആ ആചാര്യൻ. അപ്രകാരമുള്ള ആചാര്യന്നു വേണ്ടതായ ഗുണങ്ങളെ ഹനുമാനിൽ ഉണ്ടെന്നു് ഇതിൽ പറയപ്പെടുന്നു. ആചാര്യലക്ഷണം എപ്രകാരമെന്നാൽ " ആചാര്യോ വേദ

നൂനം വ്യാകരണം കൃത്സ്നമനേന ബഹുധാ ശ്രുതം
ബഹുവ്യാഹരതാഽനേന ന കിഞ്ചിദപശബ്ദിതം. 30

| | | | |
|---|---|---|---|
| “വ്യാകരണം | “വ്യാകരണശാസ്ത്രം | ബഹു | വളരെ |
| കൃത്സ്നം, | പരിപൂർത്തിയായും, | വ്യാഹരതാ | സംഭാഷണംചെയ്യുവനായ |
| അനേന | ഇദ്ദേഹത്താൽ | അനേന | ഇദ്ദേഹത്താൽ |
| ബഹുധാ | പലപ്രാവശ്യം | കിഞ്ചിത് | യാതൊന്നുംതന്നെ |
| നൂനം | നിശ്ചയമായും | അപശബ്ദിതം ന. | അപശബ്ദമായി പറയപ്പെട്ടില്ല |
| ശ്രുതം; | പഠിച്ചറിയപ്പെട്ടിട്ടുണ്ട്; | | |

ന മുഖേ നേത്രയോർവ്വാഽപി ലലാടേ ച ഭ്രുവോസ്തഥാ
അന്യേഷ്വപി ച ഗാത്രേഷു ദോഷഃ സംവിദിതഃ കചിത്. 31

| | | | |
|---|---|---|---|
| “മുഖേ ച | “മുഖത്തിലാകട്ടെ | അന്യേഷു | മററ് |
| നേത്രയോഃ അപി | രണ്ടു നേത്രങ്ങളിൽതന്നെയാകട്ടെ | ഗാത്രേഷു വാ | അവയവങ്ങളിലാകട്ടെ |
| | | കചചിത് അപി | ഒരേടിക്കിലും |
| ലലാടേ ച | നെററിയിലാകട്ടേ, | ദോഷഃ | ഒരു ഗോഷ്ഠിയും |
| ഭ്രുവോഃ തഥാ | പുരികങ്ങളിലാകട്ടെ | ന സംവിദിതഃ. | ഉള്ളതായി കാണപ്പെട്ടില്ല. |

സമ്പന്നോ വിഷ്ണുഭക്തോ വിമത്സരഃ. മന്ത്രജ്ഞോ മന്ത്രഭക്തശ്ച സദാ മന്ത്രാത്ഥദഃ ശുചിഃ. ഗുരുഭക്തി സമായുക്തഃ പുരാണജ്ഞോ വിശേഷതഃ. ഏവം ലക്ഷണസമ്പന്നോ ഗുരുരിത്യഭിധീയതേ.” ഇതിൽ പറയുന്നതായ “വേദസമ്പന്നഃ” എന്ന ലക്ഷണത്തെപ്പററി പറയുന്നു. “ഉഭൌ യോഗ്യാവഹം മന്യേ രക്ഷിതും പൃഥിവീമിമാം” എന്ന് ഹനുമാൻ പറഞ്ഞതിൽനിന്നു “ബ്രഹ്മ വാ ഇദമേക ഏവാഗ്ര ആസീത്,” എന്നിത്യാദിയായി ഋഗ്വേദപ്രോക്തമായ ഐതരേയോപനിഷത്ത് മുതലായവയിൽ പറഞ്ഞിരിക്കുന്നതായ ഭഗവൽസൃഷ്ടിസ്ഥിതിസംഹാരകർത്തൃത്വം വിവക്ഷിക്കപ്പെടുന്നതിനാൽ “ഋഗ്വേദവിനീതൻ” എന്നും; “മാനുഷൌ ദേവരൂപിണൌ” എന്നിത്യാദിയായ ഹനുമദ്വചനത്തിൽനിന്ന് “അജായമാനോ ബഹുധാ വിജായതേ; മരീചീനാം പദമിച്ഛന്തി വേധസഃ.” എന്നിത്യാദിയായി യജൂർവ്വേദപ്രോക്തമായ “നാരായണസൂക്തം” മുതലായവയിൽ പറഞ്ഞിരിക്കുന്നതായ അവതാരരഹസ്യം വിവക്ഷിക്കപ്പെടുന്നതിനാൽ, “യജുർവ്വേദധാരി” എന്നും സുവർണ്ണാഭൌ പദ്മപത്രേക്ഷണൌ” എന്നുമുതലായ ഹനുമദുക്തിയിൽനിന്ന്, “അഥ യ ഏഷോന്തരാദിത്യേ ഹിരണ്മയഃ പുരുഷോ ദൃശ്യതേ, ഹിരണ്യശ്മശ്രുർഹിരണ്യകേശ ആപ്രണഖാത്സർവ്വ ഏവ സുവർണ്ണഃ” എന്നിത്യാദിയായി സാമവേദപ്രോക്തമായ ഛാന്ദോഗ്യോപനിഷത്ത് മുതലായവയിൽ പറയപ്പെട്ടുന്നതായ ഭഗവത്സ്വരൂപം വർണ്ണിക്കപ്പെടുന്നതിനാൽ “സാമവേദവിദ്വാൻ” എന്നും; ഗ്രാഹ്യമാകുന്നു.

ഇതുകൂടാതെ, ഹനുമാൻെറ സംഭാഷണരീതിയിൽ പ്രത്യക്ഷരവും സ്വരപ്രാധാന്യം, മനോനിയമനം, സാവധാനോച്ചാരണം, എന്നവ കാണപ്പെട്ടതിനാൽ ഋഗ്വേദപാരംഗതത്വവും; യജുർവ്വേദത്തിലുള്ള അനുവാകാന്തരവാക്യങ്ങളുടെ സാങ്കര്യമില്ലാതെ ഉച്ചാരണം ചെയ്യത്തക്കതായ ധാരണാശക്തിയെ, തൻെറ വാക്യങ്ങളിൽ പൂർവ്വാപരസാങ്കര്യമില്ലാതെ ധാരണയോടുകൂടി പ്രകടിപ്പിച്ചതിനാൽ യജുർവ്വേദനൈപുണ്യവും; സാമവേദത്തിലുള്ള ഊഹരഹസ്യാദികളിൽ ഗർഭിതമായ ഗാനവിശേഷങ്ങളുടെ ദുർവ്വിജ്ഞേയതപോലെ, തൻെറ വാക്യങ്ങളിൽ അന്തർഭവിച്ചതായ സ്വരവ്യത്യാസങ്ങളെക്കൊണ്ട് തൻെറ അന്തർഗ്ഗതങ്ങളെ പ്രകടിപ്പിച്ചതിനാൽ സാമവേദപാടവവും പ്രത്യക്ഷപ്പെടുന്നു. (ഗോ. രാ.]

[വേദങ്ങളും മാത്രമല്ല, വേദാംഗങ്ങളേയും അറിയുമെന്നു പറയുന്നു. “അപശബ്ദിതം,” പ്രകൃതി പ്രത്യയം, സമാസം, സന്ധി, മുതലായവയിൽ യാതൊരു പിഴയും വരുത്തപ്പെട്ടില്ല, എന്നു സാരം. (ഗോ. രാ.)]

[ഇനി നാലുശ്ലോകങ്ങളെക്കൊണ്ട് "ശിക്ഷാ" എന്ന വേദാംഗത്തിലുള്ള പാടവം പറയപ്പെടുന്നു. "ഗീതീ ശീഘ്രീ ശിരഃകമ്പീ തഥാ ലിഖിതപാഠകഃ അനർത്ഥജ്ഞോ£ല്പകണ്ഠശ്ച ഷഡേതേ പാഠകാധമാഃ. ന ശിരഃ കമ്പയേദ്ഗാത്രം ഭ്രുവൌ ചാപ്യക്ഷിണീ തഥാ തൈലപൂർണ്ണമിവാത്മാനം തഥാ വർണ്ണാൻ പ്രയോജയേത്." എന്നു ശിക്ഷാശാസ്ത്രത്തിൽ പഠനസമയത്തിലുള്ള മുഖവികാരാദികളെപ്പററിപറയുന്നു.]

അവിസ്തരമസന്ദിഗ്ദ്ധമവിളംബിതമവ്യഥം
ഉരഃസ്ഥം കണ്ഠഗം വാക്യം വർത്തതേ മദ്ധ്യമേ സ്വരേ. 32

| | | | |
|---|---|---|---|
| "മദ്ധ്യമേ സ്വരേ | "പക്ഷപാതമില്ലായ്മയെ കാണിക്കുന്ന മദ്ധ്യമസ്വരത്തിൽ, | അവിളംബിതം | താമസിക്കാതെ പറയപ്പെട്ടതായും |
| വാക്യം | പറയുന്ന വാക്ക്, | അവ്യഥം | ധൈര്യത്തോടുകൂടിയതായും |
| അവിസ്തരം | ചുരുക്കമായും | ഉരഃസ്ഥം | ഹൃദയത്തിൽ ഉള്ള മാതിരിതന്നെ |
| അസന്ദിഗ്ധം | വിശ്വസിക്കത്തക്കതായും | കണ്ഠഗം | മുഖത്തിൽനിന്നു വന്നതായും |
| | | വർത്തതേ. | ഇരിക്കുന്നു. |

[ഇതിൽ വാക്യപ്രയോഗചാതുര്യത്തെ വർണ്ണിക്കുന്നു. "അവിളംബിതം" (സംസാരിപ്പാനുള്ള അശക്തിയെ പ്രകടിപ്പിക്കുന്ന താമസഗതിയില്ലാതെ); "അദ്രുതം" (മററുള്ളവക്ക് മനസ്സിലാകാതിരിക്കത്തക്ക ദ്രുതഗതിയില്ലാതെ); "ഉരഃസ്ഥം കണ്ഠഗം വാക്യം മദ്ധ്യമേ സ്വരേ വർത്തതേ," (മന്ദ്രവും മദ്ധ്യവുമായ വാക്യമെല്ലാം മദ്ധ്യമസ്വരത്തിൽ ഉച്ചരിക്കപ്പെടുന്നു). ഇതിൽ പഠനരീതിയിൽ പറയപ്പെട്ട പതിന്നാലു ദോഷങ്ങൾക്ക് ഉപലക്ഷണമായി ചിലതുമാത്രം പറയപ്പെട്ടിരിക്കുന്നു. അപ്രകാരമുള്ള ദോഷങ്ങൾ യാതൊന്നുമില്ലെന്നു താല്പര്യം. "ശങ്കിതം ഭീതമുദ്ഘുഷ്ടമവ്യക്തമനുനാസികം. കാകസ്വരം ശീർഷഗതം തഥാ സ്ഥാനവിവർജ്ജിതം. വിസ്വരം വിരസം ചൈവ വിശ്ലിഷ്ടം വിഷമാഹതം വ്യാകുലം താലുഭിന്നം ച പാഠദോഷാശ്ചതുർദ്ദശ;" (ശിക്ഷാശാസ്ത്രം). "ഉപാംശു ദഷ്ടം ത്വരിതം നിരസ്തം വിളംബിതം ഗദ്ഗദിതം പ്രഗീതം നിഷ്പീഡിതം ഗ്രസ്തപദാക്ഷരം ച വദേന്ന ദീനം ന തു സാനുനാസ്യം" എന്നും അന്യത്ര പറയപ്പെട്ടിട്ടുണ്ട്. (ഗോ. രാ.)]

സംസ്കാരക്രമസമ്പന്നാമദ്രുതാമവിളംബിതാം
ഉച്ചാരയതി കല്യാണീം വാചം ഹൃദയഹർഷിണീം. 33

| | | | |
|---|---|---|---|
| "സംസ്കാര-ക്രമ-സമ്പന്നാം | "പഠിച്ചഭ്യസിച്ച ക്രമത്തോടുകൂടിയതും | കല്യാണീം | കൊണ്ടാടത്തക്കതും |
| അദ്രുതാം | സ്പഷ്ടവും | ഹൃദയ-ഹർഷിണീം | ഹൃദയത്തെ ആകർഷിക്കുന്നതും ആയ |
| അവിളംബിതാം | അല്പാല്പമായി പറയപ്പെടാത്തതും | വാചം | വാക്കിനെ |
| | | ഉച്ചാരയതി. | ഉച്ചരിക്കുന്നു. |

[ഇപ്രകാരം പാഠദോഷങ്ങളില്ലെന്നുപറഞ്ഞ്, ഇതിൽ ഗുണങ്ങളെ പറയുന്നു. സംസ്കാരം (വ്യാകരണകൃതമായ ശബ്ദശുദ്ധി), ക്രമം, (വർണ്ണങ്ങളുടെ ക്രമം അതായതു അക്ഷരവ്യക്തി), എന്നവയോടുകൂടിയതു്; "കല്യാണീം" (ഇതരഗുണങ്ങളോടുകൂടിയതു്); "ഹൃദയകാരിണീം" (മാധുര്യമുള്ളതു്). "മാധുര്യമക്ഷരവ്യക്തിഃ പദച്ഛേദസ്തു£സ്വരഃ. ധൈര്യം ലയസമത്വം ച ഷഡേതേ പാഠകാ ഗുണാഃ" (ശിക്ഷാ.) (ഗോവിന്ദരാജീയം).]

അനയാ ചിത്രയാ വാചാ ത്രിസ്ഥാനവ്യഞ്ജനസ്ഥയാ
കസ്യ നാരാദ്ധ്യതേ ചിത്തമുദ്യതാസേരരേരപി. 34

| | | | |
|---|---|---|---|
| " ത്രിസ്ഥാന-വ്യഞ്ജന-സ്ഥയാ | " ഹൃദയം, കണ്ഠം, ശിരസ്സ് എന്ന മൂന്ന് സ്ഥാനങ്ങളിൽ നി[ല്ക്കുന്നതായ | ഉദ്യതാസേഃ | വാളുരിപ്പിടിച്ചിരിക്കുന്ന |
| അനയാ | ഈ | അരേഃ അപി | ശത്രുവിൻെറയെന്നിരു[ന്നാലുംകൂടി |
| ചിത്രയാ | അത്ഭുതകരമായ | കസ്യ | ആരുടെ |
| വാചാ, | വാക്കിനാൽ, | ചിത്തം | മനസ്സാണ് |
| | | ആരാദ്ധ്യതേ ന! | അലിഞ്ഞുപോകാതിരി[ക്കുന്നത്. |

[മാധുര്യത്തിൻെറ പരമകാഷ്ഠയെ ഇവിടെ പറയുന്നു. "ഉദാത്തം, അനുദാത്തം, സ്വരിതം" എന്നവയാണ് ഇവിടെ ത്രിസ്ഥാനങ്ങളെക്കൊണ്ടു വിവക്ഷിക്കപ്പെട്ടിരിക്കുന്നത്. "അനുദാത്തോ ഹൃദിജ്ഞേയോ മൂർദ്ധ്ന്യുദാത്ത ഉദാഹൃതഃ. സ്വരിതഃ കണ്ഠമൂലീയഃ പാശ്ചാസ്യേ പ്രചയസ്യ തു." എന്നു ശിക്ഷാ. (ഗോ. രാ.)]

ഏവംവിധോ യസ്യ ദൂതോ ന ഭവേത് പാർത്ഥിവസ്യ തു
സിദ്ധ്യന്തി ഹി കഥം തസ്യ കാര്യാണാം ഗതയോऽനഘ. 35

| | | | |
|---|---|---|---|
| " അനഘ! | " പുണ്യാത്മാവേ! | തസ്യ | അവൻെറ |
| ഏവംവിധഃ | ഇപ്രകാരമുള്ള | കാര്യാണാം | കാര്യങ്ങളുടെ |
| ദൂതഃ | ദൂതൻ | ഗതയഃ | ഉദ്ദേശങ്ങൾ |
| യസ്യ | യാതൊരു | കഥം ഹി | എങ്ങിനെതന്നെയാണ് |
| പാർത്ഥിവസ്യ | അരചന്ന് | സിദ്ധ്യന്തി! | സാദ്ധ്യമാവുക! |
| ന ഭവേത് തു, | ഇല്ലാതിരിക്കുന്നുവോ, | | |

ഏവം ഗുണഗണൈര്യുക്താ യസ്യ സ്യുഃ കാര്യസാധകാഃ
തസ്യ സിദ്ധ്യന്തി സർവ്വാർത്ഥാ ദൂതവാക്യപ്രചോദിതാഃ. 36

| | | | |
|---|---|---|---|
| " യസ്യ | " യാതൊരുവന്ന് | തസ്യ | അവൻെറ |
| ഏവം | ഇപ്രകാരമുള്ള | സർവ്വാർത്ഥാഃ | സർവ്വോദ്ദേശ്യങ്ങളും |
| ഗുണഗണൈഃ | ശുഭഗുണഗണങ്ങളോടു[കൂടി | ദൂതവാക്യ-പ്രചോദിതാഃ | ദൂതൻെറ വാക്യപ്രകാരംതന്നെ തീർച്ചയാക്കപ്പെട്ടവയായി |
| യുക്താഃ | വിളങ്ങുന്നവരായ | | |
| കാര്യസാധകാഃ | കാര്യസ്ഥന്മാർ | | |
| സ്യുഃ, | ഉണ്ടോ, | സിദ്ധ്യന്തി." | സഫലങ്ങളാകുന്നു." |

ഏവമുക്തസ്തു സൗമിത്രിഃ സുഗ്രീവസചിവം കപിം
അഭ്യഭാഷത വാക്യജ്ഞോ വാക്യജ്ഞം പവനാത്മജം. 37

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | വാക്യജ്ഞം | വാക്സാരഗ്രാഹിയും |
| ഉക്തഃ | ഉരചെയ്യപ്പെട്ടവനും | സുഗ്രീവസചിവം | സുഗ്രീവമന്ത്രിയും ആയ |
| വാക്യജ്ഞഃ തു | വാക്യമർമ്മജ്ഞനും ആയ | കപിം | വാനരനോടായി |
| സൗമിത്രിഃ | ലക്ഷ്മണൻ | അഭ്യഭാഷത. | ഇങ്ങിനെ ഉരചെയ്തു. |
| പവനാത്മജം | വായുപുത്രനും | | |

വിദിതാ നൌ ഗുണാ വിദ്വൻ സുഗ്രീവസ്യ മഹാത്മനഃ
തമേവ ചാവാം മാർഗ്ഗാവഃ സുഗ്രീവം പ്ലവഗേശ്വരം. 38

| | | | |
|---|---|---|---|
| "വിദ്വൻ! | "എല്ലാം അറിഞ്ഞവനേ! | പ്ലവഗേശ്വരം | വാനരാധിപനായ |
| മഹാത്മനഃ | മഹാത്മാവായ | തം | ആ |
| സുഗ്രീവസ്യ | സുഗ്രീവന്റെ | സുഗ്രീവം ഏവ | സുഗ്രീവനെത്തന്നെയാണ് |
| ഗുണാഃ | ഗുണങ്ങൾ | ആവാം ച | ഞങ്ങൾ രണ്ടുപേരും |
| നൌ | ഞങ്ങൾ രണ്ടുപേൎക്കും | മാർഗ്ഗാവഃ. | തിരഞ്ഞുനടന്നുകൊണ്ടിരിക്കുന്നത്. |
| വിദിതാഃ; | മുമ്പുതന്നെ അറിവുണ്ട്; | | |

യഥാ ബ്രവീഷി ഹനുമൻ സുഗ്രീവവചനാദിഹ
തത്തഥാ ഹി കരിഷ്യാവോ വചനാത് തവ സത്തമ. 39

| | | | |
|---|---|---|---|
| "സത്തമ! | "ഉത്തമനായ | യഥാ ബ്രവീഷി | എങ്ങിനെ പറയുന്നുവോ, അപ്രകാരം |
| ഹനുമൻ! | ഹനുമാനേ! | തവ | ഭവാന്റെ |
| ഇഹ | ഇപ്പോൾ | വചനാത് ഹി | ഇഷ്ടംപോലെതന്നെ |
| സുഗ്രീവവചനാത് | സുഗ്രീവന്റെ ആജ്ഞപ്രകാരം | തത് തഥാ | അതിനെ മുഴുവനും |
| | | കരിഷ്യാവഃ." | ഞങ്ങൾ ചെയ്യുന്നുണ്ട്." |

തത് തസ്യ വാക്യം നിപുണം നിശമ്യ
പ്രഹൃഷ്ടരൂപഃ പവനാത്മജഃ കപിഃ
മനഃ സമാധായ ജയോപപത്തൌ
സഖ്യം തദാ കൎത്തുമിയേഷ താഭ്യാം. 40

| | | | |
|---|---|---|---|
| പവനാത്മജഃ | വായുപുത്രനായ | തദാ | ആ സമയം |
| കപിഃ, | കപിവരൻ, | ജയോപപത്തൌ | കാൎയ്യസിദ്ധിയുണ്ടാകേണ്ടുന്ന വിഷയത്തിൽ |
| തസ്യ | ആ ലക്ഷ്മണന്റെ | മനഃ സമാധായ, | മനസ്സിൽ നിശ്ചയം ചെയ്തുകൊണ്ട്, |
| നിപുണം | സ്നേഹയുക്തമായ | താഭ്യാം | അവരിരുവരോടുംകൂടി |
| തത് വാക്യം | ആ വാക്യത്തെ | സഖ്യം കൎത്തും | സംഖ്യം ചെയ്യാനായി |
| നിശമ്യ, | കേട്ട്, | ഇയേഷ. | കരുതി. |
| പ്രഹൃഷ്ടരൂപഃ | കോൾമയിർകൊണ്ടവനായി | | |

["താഭ്യാം" (ശ്രീരാമസുഗ്രീവന്മാർ തമ്മിൽ). എന്നു തിലകം. "മാരുതിപ്രേഷണം ശ്രുത്വാ സദ്ഗുരും ലഭതേ നരഃ രാമമാരുതിസംവാദശ്രവണാദ്രാജ്യമാപ്നുയാത്." എന്നിങ്ങിനെ സ്കാന്ദത്തിൽ സൎഗ്ഗശ്രവണഫലം. (ടീകാ ശിരോമണി).]

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
തൃതീയഃ സൎഗ്ഗഃ = മൂന്നാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 9471; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 219.

# ചതുൎത്ഥഃ സൎഗ്ഗഃ = നാലാംസൎഗ്ഗം.

[ശ്രീരാമലക്ഷ്മണയോഃ സുഗ്രീവസമീപഗമനം = ശ്രീരാമലക്ഷ്മണന്മാർ സുഗ്രീവന്റെ അടുക്കൽ എഴുന്നെള്ളുന്നതു്]

തതഃ പ്രഹൃഷ്ടോ ഹനുമാൻ കൃത്യവാനിതി തദ്വചഃ
ശ്രുത്വാ മധുരഭാവം ച സുഗ്രീവം മനസാ ഗതഃ. 1

| | | | |
|---|---|---|---|
| ഹനുമാൻ | ഹനുമാൻ | കൃത്യവാൻ | കാൎയ്യം സാധിച്ചവനായി |
| മധുരഭാവം | കാൎയ്യത്തിന്നു അനുഗുണമായിരിക്കുന്ന | ഇതി | കരുതി |
| തത് വചഃ | ആ വാക്കു | പ്രഹൃഷ്ടഃ ച, | സന്തുഷ്ടഹൃദയനായി, |
| ശ്രുത്വാ, | കേട്ട്, | സുഗ്രീവം | സുഗ്രീവനെക്കുറിച്ച് |
| തതഃ | അതിനാൽ | മനസാ | മനസ്സുകൊണ്ട് |
| | | ഗതഃ. | ചിന്തിച്ചു. |

ഭവ്യോ രാജ്യാഗമസ്തസ്യ സുഗ്രീവസ്യ മഹാത്മനഃ
യദയം കൃത്യവാൻ പ്രാപ്തഃ കൃത്യം ചൈതദുപാഗതം. 2

| | | | |
|---|---|---|---|
| "അയം ച | "ഇദ്ദേഹവും | ഏതത് | ഇതാ |
| കൃത്യവാൻ | കാൎയ്യത്തെ ഉദ്ദേശിച്ചുവനായ്ത്തന്നെയാണ് | ഉപാഗതം; | പ്രാപ്തമായി; |
| | | തസ്യ | ആ |
| പ്രാപ്തഃ; | എഴുന്നെള്ളിയിരിക്കുന്നത്; | മഹാത്മനഃ | മഹാത്മാവായ |
| | | സുഗ്രീവസ്യ | സുഗ്രീവന്ന് |
| യത് | അയതുകൊണ്ട് | രാജ്യാഗമഃ | രാജ്യപ്രാപ്തി |
| കൃത്യം | കാൎയ്യസിദ്ധ്യുപായം | ഭവ്യഃ." | ലബ്ധപ്രായംതന്നെ." |

തതഃ പരമസംഹൃഷ്ടോ ഹനുമാൻ പ്ലവഗൎഷഭഃ
പ്രത്യുവാച തതോ വാക്യം രാമം വാക്യവിശാരദഃ. 3

| | | | |
|---|---|---|---|
| വാക്യവിശാരദഃ | വാൿസാമൎത്ഥ്യമുള്ളവനും | പരമസംഹൃഷ്ടഃ | ഏററം സന്തുഷ്ടഹൃദയനായി |
| | | തതഃ | അതിൽപിന്നെ |
| പ്ലവഗൎഷഭഃ | വാനരോത്തമനുമായ | രാമം | ശ്രീരാമനോടായി |
| ഹനുമാൻ | ഹനുമാൻ | വാക്യം | ഇപ്രകാരം |
| തതഃ | അതിനാൽ | പ്രത്യുവാച. | ഉണൎത്തിച്ചു. |

[ഈ ശ്ലോകത്തിൽ രണ്ടാംപാദത്തിലെ ഗ കാരം ഗായത്രിയിലെ പത്താമത്തെ അക്ഷരമാകുന്നു. എന്നു ഗോവിന്ദരാജപക്ഷം.]

കിമൎത്ഥം ച വനം ദുൎഗ്ഗം പമ്പാകാനനമണ്ഡിതം
ആഗതഃ സാനുജോ ഘോരം നാനാവ്യാളമൃഗായുതം. 4

| | | | |
|---|---|---|---|
| "പമ്പാകാനനമണ്ഡിതം | "പമ്പാതീരത്തിലുള്ള വനങ്ങളാൽ ഭംഗിവാച്ചതും | വനം | വനത്തിലേക്ക്, |
| | | സാനുജഃ | അനുജനോടുംകൂടി |
| ദുൎഗ്ഗം | ദുഷ്പ്രവേശ്യവും | കിമൎത്ഥം | എന്തുകാൎയ്യമായിട്ടാണ് |
| ഘോരം | ഭയങ്കരവും | | |
| നാനാവ്യാളമൃഗായുതം ച | പല ദുഷ്ടമൃഗങ്ങൾ സഞ്ചരിക്കുന്നതും ആയ | ആഗതഃ ?" | നിന്തിരുവടി എഴുന്നെള്ളിയിരിക്കുന്നത് ?" |

തസ്യ തദ്വചനം ശ്രുത്വാ ലക്ഷ്മണോ രാമചോദിതഃ
ആചചക്ഷേ മഹാത്മാനം രാമം ദശരഥാത്മജം. 5

| | | | |
|---|---|---|---|
| രാമചോദിതഃ | ശ്രീരാമനാൽ ആജ്ഞാപിക്കപ്പെട്ട | തസ്യ, | ആ ഹനുമാനോടായി, |
| ലക്ഷ്മണഃ | ലക്ഷ്മണൻ | ദശരഥാത്മജം | ദശരഥപുത്രനും |
| തത് വചനം-ശ്രുത്വാ, | ആ വാക്കുകേട്ട്, | മഹാത്മാനം | മഹാത്മാവുമായ |
| | | രാമം | ശ്രീരാമനെക്കുറിച്ച് |
| | | ആചചക്ഷേ. | ഇപ്രകാരം ഉരചെയ്തു. |

രാജാ ദശരഥോ നാമ ദ്യുതിമാൻ ധർമ്മവത്സലഃ
ചാതുർവ്വർണ്ണ്യം സ്വധർമ്മേണ നിത്യമേവാഭ്യപാലയത്. 6

| | | | |
|---|---|---|---|
| "ദ്യുതിമാൻ | "അതികാന്തിമാനും | നിത്യം ഏവ | എപ്പോഴുംതന്നെ |
| ധർമ്മവത്സലഃ | ധർമ്മത്തിൽ അചഞ്ചലനിഷ്ഠയാർന്നവനും ആയ | സ്വധർമ്മേണ | സ്വധർമ്മത്തിൽനിന്നു വ്യതിചലിക്കാതെ |
| ദശരഥഃ നാമ | ദശരഥൻ എന്ന | ചാതുർവ്വർണ്ണ്യം | നാലുജാതിയിലുംപെട്ട ജനത്തെ |
| രാജാ, | ചക്രവർത്തി, | അഭ്യപാലയത്. | പരിപാലിച്ചുവന്നു. |

ന ദ്വേഷ്ടാ വിദ്യതേ തസ്യ ന ച സ ദ്വേഷ്ടി കംചന
സ ച സർവ്വേഷു ഭൂതേഷു പിതാമഹ ഇവാപരഃ
അഗ്നിഷ്ടോമാദിഭിർയ്യജ്ഞൈരിഷ്ടവാനാപ്തദക്ഷിണൈഃ. 7

| | | | |
|---|---|---|---|
| "തസ്യ | "അദ്ദേഹത്തിന് | അപരഃ | മറ്റൊരു |
| ദ്വേഷ്ടാ | വൈരിയായി ഒരുവനും | പിതാമഹഃ | ബ്രഹ്മദേവൻ |
| ന വിദ്യതേ; | ഇല്ല; | ഇവ; | എന്നപോലെ വർത്തിക്കുന്നവനായിരുന്നു; |
| സഃ ച | അദ്ദേഹവും | | |
| കംചന | ആരെക്കുറിച്ചും | ആപ്ത-ദക്ഷിണൈഃ | വേണ്ടുന്ന ദക്ഷിണകളോടുകൂടിയ |
| ന ദ്വേഷ്ടി; | ദ്വേഷബുദ്ധി കരുതിയിരുന്നില്ല; | അഗ്നിഷ്ടോമാദിഭിഃ | അഗ്നിഷ്ടോമം മുതലായ |
| സഃ | അദ്ദേഹം | യജ്ഞൈഃ | യാഗങ്ങളെക്കൊണ്ട് |
| ഭൂതേഷു സർവ്വേഷു ച | സർവ്വപ്രാണികളുടെ സംഗതിയിലും | ഇഷ്ടവാൻ. | യജനംചെയ്തു. |

തസ്യായം പൂർവ്വജഃ പുത്രോ രാമോ നാമ ജനൈഃ ശ്രുതഃ
ശരണ്യഃ സർവ്വഭൂതാനാം പിതുർന്നിർദ്ദേശപാരഗഃ. 8

| | | | |
|---|---|---|---|
| "തസ്യ | "അദ്ദേഹത്തിന്റെ | ശ്രുതഃ! | അറിയപ്പെടുന്നു; |
| പൂർവ്വജഃ പുത്രഃ | ജ്യേഷ്ഠപുത്രനാകുന്ന | സർവ്വഭൂതാനാം | എല്ലാപ്രാണികൾക്കും |
| അയം; | ഇദ്ദേഹം; | ശരണ്യഃ; | രക്ഷകനായുള്ളവൻ; |
| രാമഃ | ശ്രീരാമൻ | പിതുഃ | പിതാവിന്റെ |
| നാമ | എന്നു | നിർദ്ദേശപാരഗഃ. | ആജ്ഞയെ സർവ്വഥാ അനുഷ്ഠിക്കുന്നവൻ. |
| ജനൈഃ | ജനങ്ങളാൽ | | |

വീരോ ദശരഥസ്യായം പുത്രാണാം ഗുണവത്തമഃ
രാജലക്ഷണസംപന്നഃ സംയുക്തോ രാജസംപദാ 9
രാജ്യാദ് ഭ്രഷ്ടോ വനേ വസ്തും മയാ സാൎദ്ധമിഹാഗതഃ
ഭാൎയ്യയാ ച മഹാതേജാഃ സീതയാऽനുഗതോ വശീ
ദിനക്ഷയേ മഹാതേജാഃ പ്രഭയേവ ദിവാകരഃ. 10

| | |
|---|---|
| “ദശരഥസ്യ | “ദശരഥമഹാരാജാവിന്റെ |
| പുത്രാണാം, | പുത്രന്മാരിൽവെച്ച്, |
| അയം | ഇദ്ദേഹം |
| ഗുണവത്തമഃ; | ഉത്തമഗുണമാന്നവനാകുന്നു; |
| വീരഃ; | വീരൻ; |
| മഹാതേജാഃ | മഹാതേജസ്വി; |
| വശീ | ജിതേന്ദ്രിയൻ |
| രാജലക്ഷണസംപന്നഃ | രാജലക്ഷണയുക്തനും |
| രാജസംപദാ | രാജസമ്പത്തോടുകൂടി |
| സംയുക്തഃ, | ഇരുന്നവനും ആയ ഇദ്ദേഹം, |
| വനേ | കാട്ടിൽ |
| വസ്തും | വസിക്കേണമെന്നുവെച്ച്, |
| രാജ്യാത് | രാജ്യത്തിൽനിന്നും |
| ഭ്രഷ്ടഃ, | പറഞ്ഞയക്കപ്പെട്ടവനായി |
| മയാ | എന്നോടു |
| സാൎദ്ധം, | കൂടി, |
| ദിനക്ഷയേ | വൈകുന്നേരസമയം |
| മഹാതേജാഃ | മഹാതേജസ്വിയായ |
| ദിവാകരഃ | ആദിത്യൻ |
| പ്രഭയാ | സ്വകാന്തിയോടുകൂടി |
| ഇവ, | എന്നപോലെ, |
| ഭാൎയ്യയാ | ഭാൎയ്യയായ |
| സീതയാ ച | സീതാദേവിയാലും |
| അനുഗതഃ, | അനുഗമിക്കപ്പെട്ടവനായി, |
| ഇഹ | ഇദ്ദിക്കിൽ |
| ആഗതഃ. | വന്നു. |

അഹമസ്യാവരോ ഭ്രാതാ ഗുണൈൎദ്ദാസ്യമുപാഗതഃ
കൃതജ്ഞസ്യ ബഹുജ്ഞസ്യ ലക്ഷ്മണോ നാമ നാമതഃ 11
സുഖാൎഹസ്യ മഹാൎഹസ്യ സൎവ്വഭൂതഹിതാത്മനഃ
ഐശ്വൎയ്യേണ ച ഹീനസ്യ വനവാസാശ്രിതസ്യ ച. 12

| | |
|---|---|
| “കൃതജ്ഞസ്യ | “നന്ദിയുള്ളവനും |
| ബഹുജ്ഞസ്യ | എല്ലാമറിഞ്ഞവനും, |
| സുഖാൎഹസ്യ | സുഖമായി കഴിയേണ്ടവനും |
| മഹാൎഹസ്യ | എല്ലാവരാലും പൂജിക്കത്തക്കവനും |
| സൎവ്വഭൂതഹിതാത്മനഃ | സൎവ്വപ്രാണികൾക്കും നന്മതന്നെ ചെയ്വാൻ ആഗ്രഹമുള്ളവനും |
| ഐശ്വൎയ്യേണ ഹീനസ്യ ച | രാജ്യാധികാരത്തെ ഉപേക്ഷിച്ച് |
| വനവാസാശ്രിതസ്യ ച | വനവാസത്തെ സ്വീകരിച്ചിരിക്കുന്നവനുമായ |
| അസ്യ | ഇദ്ദേഹത്തിന്റെ |
| അവരഃ ഭ്രാതാ | ഇളയസഹോദരനായ |
| അഹം, | ഞാൻ, |
| ഗുണൈഃ | അദ്ദേഹത്തിന്റെ ശോഭനഗുണസമ്പത്തുകളാൽ |
| ദാസ്യം ഉപാഗതഃ; | കൈങ്കൎയ്യം ചെയ്യുവാൻ സങ്കല്പം പൂണ്ടിരിക്കുന്നവനാണ്; |
| ലക്ഷ്മണഃ നാമ നാമതഃ. | ലക്ഷ്മണൻ എന്നാകുന്നു എന്റെ പേർ. |

[“കൃതജ്ഞസ്യ ബഹുജ്ഞസ്യ” (സ്വല്പമായി ചെയ്യപ്പെട്ട കൈങ്കൎയ്യമെന്നിരുന്നാലും അതിനെ വലുതായി കരുതുന്നവൻ). ഗോ. രാ.]

രക്ഷസാഽപഹൃതാ ഭാൎയ്യാ രഹിതേ കാമരൂപിണാ
തച്ച ന ജ്ഞായതേ രക്ഷഃ പത്നീ യേനാസ്യ സാ ഹൃതാ. 13

| | | | |
|---|---|---|---|
| "രഹിതേ | "ആരുമില്ലാതിരുന്ന സമയത്തിൽ | അസ്യ | ഇദ്ദേഹത്തിന്റെ |
| കാമരൂപിണാ | ഇഷ്ടംപോലെ രൂപം കയ്ക്കൊള്ളുന്ന | സാ പത്നീ, | ആ ഭാൎയ്യ, |
| രക്ഷസാ | ഒരു രാക്ഷസനാൽ | യേന | യാതൊരുവനാൽ |
| ഭാൎയ്യാ | ഭാൎയ്യയായ സീതാദേവി | ഹൃതാ, | അപഹരിക്കപ്പെട്ടുവൊ, |
| അപഹൃതാ; | അപഹരിക്കപ്പെട്ടിരിക്കുന്നു; | തത് | ആ |
| | | രക്ഷഃ ച | രാക്ഷസനെക്കുറിച്ചുള്ളതെല്ലാം |
| | | ന ജ്ഞായതേ. | അറിയപ്പെടുന്നില്ല. |

ദനുൎന്നാമ ദിതേഃ പുത്രഃ ശാപാദ്രാക്ഷസതാം ഗതഃ
ആഖ്യാതസ്തേന സുഗ്രീവഃ സമൎത്ഥോ വാനരാധിപഃ. 14

| | | | |
|---|---|---|---|
| "ദിതേഃ | "ദിതിദേവിയുടെ | തേന | അവനാൽ |
| പുത്രഃ | പുത്രനായ | വാനരാധിപഃ | വാനരാധിപതിയായ |
| ദനുഃ | ദനുകബന്ധൻ | സുഗ്രീവഃ | സുഗ്രീവൻ |
| നാമ, | എന്നവൻ, | സമൎത്ഥഃ | കാൎയ്യസാദ്ധ്യത്തിനു തക്ക സമൎത്ഥനെന്ന് |
| ശാപാത് | ശാപത്താൽ | ആഖ്യാതഃ. | ഇപ്രകാരം അറിയിക്കപ്പെട്ടു. |
| രാക്ഷസതാം | ക്രൌൎയ്യഭാവത്തെ | | |
| ഗതഃ; | പ്രാപിച്ചിരുന്നു; | | |

സ ജ്ഞാസ്യതി മഹാവീൎയ്യസ്തവ ഭാൎയ്യാപഹാരിണം
ഏവമുക്ത്വാ ദനുഃ സ്വൎഗ്ഗം ഭ്രാജമാനോ ഗതഃ സുഖം. 15

| | | | |
|---|---|---|---|
| "'മഹാവീൎയ്യഃ | "'മഹാവീൎയ്യശാലിയായ | ഏവം | ഇപ്രകാരം |
| സഃ | ആ സുഗ്രീവൻ | ഉക്ത്വാ, | ഉരചെയ്ത്, |
| തവ | അവിടുത്തെ | ഭ്രാജമാനഃ | തേജസ്വിയായി വിളങ്ങിക്കൊണ്ട് |
| ഭാൎയ്യാപഹാരിണം | ഭാൎയ്യയെ അപഹരിച്ചവനെ | സുഖം | സുഖമായി |
| ജ്ഞാസ്യതി;' | അറിയും;' | സ്വൎഗ്ഗം | സ്വൎഗ്ഗത്തെ |
| ദനുഃ | ദനുകബന്ധൻ | ഗതഃ. | പ്രാപിച്ചു. |

ഏതത്തേ സൎവ്വമാഖ്യാതം യാഥാതഥ്യേന പൃച്ഛതഃ. 16

| | | | |
|---|---|---|---|
| "പൃച്ഛതഃ | "ചോദിച്ചവനായ | സൎവ്വം | എല്ലാം |
| തേ | ഭവാനോട് | യാഥാതഥ്യേന | ഉള്ളവണ്ണംതന്നെ |
| ഏതത് | ഇത് | ആഖ്യാതം. | അറിയിക്കപ്പെട്ടു. |

അഹം ചൈവ ഹി രാമശ്ച സുഗ്രീവം ശരണം ഗതൌ. 17

| | | | |
|---|---|---|---|
| "രാമഃ ച | "ശ്രീരാമനും | ശരണം | സഹായിയായി തിരഞ്ഞ് |
| അഹം ച ഏവ | ഞാനും | | |
| സുഗ്രീവം ഹി | സുഗ്രീവനെത്തന്നെ | ഗതൌ. | വന്നിരിക്കുന്നു. |

ഏഷ ദത്വാ ച വിത്താനി പ്രാപ്യ ചാനുത്തമം യശഃ
ലോകനാഥഃ പുരാ ഭൂത്വാ സുഗ്രീവം നാഥമിച്ഛതി. 18

| | | | |
|---|---|---|---|
| "ഏഷഃ | "ഇദ്ദേഹം | ലോകനാഥഃ | ലോകനാഥനായി |
| വിത്താനി ച | രാജ്യാധികാരങ്ങളേയും | ഭൂത്വാ ച, | ഇരുന്നിട്ടും, |
| ദത്വാ, | ഉപേക്ഷിച്ച്, | സുഗ്രീവം | സുഗ്രീവനെ |
| അനുത്തമം | നിസ്തുല്യമായ | നാഥം | സഹായരക്ഷകനായി |
| യശഃ | യശസ്സിനെ | പുരാ | ഇപ്പോൾ |
| പ്രാപ്യ, | ലഭിച്ച്, | ഇച്ഛതി. | ആവശ്യപ്പെടുന്നു. |

[“പുരാ ലോകനാഥഃ ഭൂത്വാ ച സുഗ്രീവം നാഥം ഇച്ഛതി” (ലോകനാഥനായി സർവ്വോപരി വർത്തിക്കുന്ന കാരണത്താൽ സുഗ്രീവനു രക്ഷകനായിരിപ്പാൻ ഇതാ വന്നിരിക്കുന്നു). എന്നും (ഗോ. രാ; ശിരോ.)]

പിതാ യസ്യ പുരാ ഹ്യാസീച്ഛരണ്യോ ധർമ്മവത്സലഃ
തസ്യ പുത്രഃ ശരണ്യഃ സൻ സുഗ്രീവം ശരണം ഗതഃ. 19

| | | | |
|---|---|---|---|
| "പുരാ | "ഇതിന്നുമുമ്പ് | തസ്യ | ആ പിതാവിന്റെ |
| യസ്യ | യാതൊരുവന്റെ | പുത്രഃ സൻ | പുത്രനായി |
| പിതാ | പിതാവ്, | ശരണ്യഃ | സർവ്വശരണ്യനായ ഇദ്ദേഹം |
| ധർമ്മവത്സലഃ | ധർമ്മനിഷ്ഠനായി | സുഗ്രീവം | സുഗ്രീവനെ |
| ശരണ്യഃ | എല്ലാവർക്കും രക്ഷകനായി | ശരണം ഗതഃ. | സഹായിയായി ആവശ്യപ്പെടുന്നു. |
| ആസീത് ഹി, | വർത്തിച്ചിരുന്നുവോ, | | |

സർവ്വലോകസ്യ ധർമ്മാത്മാ ശരണ്യഃ ശരണം പുരാ
ഗുരുർമ്മേ രാഘവഃ സോഽയം സുഗ്രീവം ശരണം ഗതഃ. 20

| | | | |
|---|---|---|---|
| "പുരാ | "ഇതുവരെയ്ക്കു | മേ | എനിക്ക് |
| രാഘവഃ | ശ്രീരാഘവൻ | ഗുരുഃ ; | ഗുരുവായവൻ ; |
| ധർമ്മാത്മാ ; | ധർമ്മത്തിൽനിന്ന് തെറ്റാത്തവനാകുന്നു ; | സഃ | അപ്രകാരമുള്ള |
| സർവ്വലോകസ്യ | എല്ലാലോകത്തിന്നും | അയം, | ഇദ്ദേഹം, |
| ശരണ്യഃ ; | ശരണാഗതരക്ഷകൻ ; | സുഗ്രീവം | സുഗ്രീവനെ |
| ശരണം ; | ശരണം പ്രാപിക്കുന്നവർക്ക് തക്ക പ്രാപ്യസ്ഥാനമായവൻ ; | ശരണം ഗതഃ. | സഹായകനായി തിരഞ്ഞുവന്നിരിക്കുന്നു. |

യസ്യ പ്രസാദേ സതതം പ്രസീദേയുരിമാഃ പ്രജാഃ
സ രാമോ വാനരേന്ദ്രസ്യ പ്രസാദമഭികാംക്ഷതേ. 21

| | | | |
|---|---|---|---|
| "സതതം | "എപ്പോഴും | സഃ | അപ്രകാരമുള്ള |
| യസ്യ | യാതൊരുവന്റെ | രാമഃ | ശ്രീരാമൻ |
| പ്രസാദേ | പ്രസാദത്തിൽ | വാനരേന്ദ്രസ്യ | വാനരാധിപന്റെ |
| ഇമാഃ പ്രജാഃ | ഈ ജനങ്ങൾ | പ്രസാദം | സഹായത്തെ |
| പ്രസീദേയുഃ | സന്തോഷിക്കുമായിരുന്നുവോ | അഭികാംക്ഷതേ. | അനുഗ്രഹിക്കുന്നു. |

യേന സൎവ്വഗുണോപേതാഃ പൃഥിവ്യാം സൎവ്വപാൎത്ഥിവാഃ
മാനിതാഃ സതതം രാജ്ഞാ സദാ ദശരഥേന വൈ 22
തസ്യായം പൂൎവ്വജഃ പുത്രസ്ത്രിഷു ലോകേഷു വിശ്രുതഃ
സുഗ്രീവം വാനരേന്ദ്രം തു രാമഃ ശരണമാഗതഃ. 23

| | |
|---|---|
| "സദാ | "എല്ലായ്പോഴും |
| യേന | യാതൊരു |
| ദശരഥേന രാജ്ഞാ | ദശരഥചക്രവൎത്തിയാൽ |
| പൃഥിവ്യാം | ലോകത്തിൽ |
| സൎവ്വഗുണോപേതാഃ | സൎവ്വസദ്ഗുണസമ്പന്നന്മാരായ |
| സൎവ്വപാൎത്ഥിവാഃ | എല്ലാ രാജാക്കന്മാരും |
| സതതം | ശാശ്വതമായി |
| മാനിതാഃ വൈ, | ബഹുമാനിക്കപ്പെട്ടുവോ |
| തസ്യ | അദ്ദേഹത്തിന്റെ |
| പൂൎവ്വജഃ പുത്രഃ | ജ്യേഷ്ഠപുത്രനും |
| ത്രിഷു ലോകേഷു | മൂന്നുലോകങ്ങളിലും |
| വിശ്രുതഃ തു | പ്രസിദ്ധനും ആയ |
| രാമഃ തു | ശ്രീരാമനും |
| അയം | ഈ |
| വാനരേന്ദ്രം | വാനരോത്തമനായ |
| സുഗ്രീവം | സുഗ്രീവനെ |
| ശരണം ആഗതഃ. | സഹായമായി അന്വേഷിച്ചു വന്നിരിക്കുന്നു. |

["സുഗ്രീവനെ ശരണമായി എത്തിയിരിക്കുന്നു," എന്നും ഭാവം.]

ശോകാഭിഭൂതേ രാമേ തു ശോകാൎത്തേ ശരണം ഗതേ
കൎത്തുമൎഹതി സുഗ്രീവഃ പ്രസാദം ഹരിയൂഥപഃ. 24

| | |
|---|---|
| "രാമേ | "ശ്രീരാമൻ |
| ശോകാൎത്തേ | ശോകത്താൽ അവശനായി |
| ശോകാഭിഭൂതേ | ദുഃഖത്താൽ മതിമറന്നവനായി |
| ശരണം ഗതേ തു, | സഹായത്തെ അന്വേഷിച്ചുവന്നിരിക്കുമ്പോൾ |
| ഹരിയൂഥപഃ | വാനരോത്തമനായ |
| സുഗ്രീവഃ | സുഗ്രീവൻ |
| പ്രസാദം കൎത്തും അൎഹതി." | വേണ്ടുന്ന സഹായത്തെ ചെയ്യേണ്ടതു യുക്തമാണ്." |

["ശോകാഭിഭൂതനും ശോകാൎത്തനുമായ സുഗ്രീവന്റെ സംഗതിയിൽ, ശ്രീരാമൻ ശരണമായി എത്തിയിരിക്കുമ്പോൾ, സുഗ്രീവൻ സന്തോഷത്തെ കൈക്കൊള്ളേണ്ടതാണ്;" എന്നും ആന്തരാൎത്ഥം. "ശോകഃ അഭിഭൂതോ യേന സഃ ശോകാഭിഭൂതഃ" (ശോകം ആരാൽ ജയിക്കപ്പെട്ടുവോ അപ്രകാരമുള്ളവൻ). ശോകത്താൽ ആൎത്തനെന്നപോലെ വൎത്തിച്ച് എന്ന് (സ).]

ഏവം ബ്രുവാണം സൌമിത്രിം കരുണം സാശ്രുപാതനം
ഹനുമാൻ പ്രത്യുവാചേദം വാക്യം വാക്യവിശാരദഃ. 25

| | |
|---|---|
| വാക്യവിശാരദഃ | വാക്ചാതുൎയ്യമുള്ളവനായ |
| ഹനുമാൻ, | ഹനുമാൻ, |
| ഏവം | ഇപ്രകാരം |
| സാശ്രുപാതനം | കണ്ണീർ പൊഴിച്ചുകൊണ്ട് |
| കരുണം | ദയതോന്നിക്കുമാറ് |
| ബ്രുവാണം | ഉരചെയ്യുന്നവനായ |
| സൌമിത്രിം | ലക്ഷ്മണനോടായി |
| ഇദം | ഇപ്രകാരം |
| വാക്യം | വാക്യത്തെ |
| പ്രത്യുവാച. | മറുപടിയുണൎത്തിച്ചു. |

["ലക്ഷ്മണൻ ഇപ്രകാരം കനിഞ്ഞുരചെയ്യുമ്പോൾ ഹനുമാൻ (സന്തോഷത്താൽ) അശ്രുപാതത്തോടുകൂടി ഉരചെയ്തു" എന്നും സൂക്ഷ്മം.]

ഈദൃശാ ബുദ്ധിസമ്പന്നാ ജിതക്രോധാ ജിതേന്ദ്രിയാഃ
ദ്രഷ്ടവ്യാ വാനരേന്ദ്രേണ ദിഷ്ട്യാ ദൎശനമാഗതാഃ. 26

| | |
|---|---|
| "ബുദ്ധി-സമ്പന്നാഃ | "ബുദ്ധിമാന്മാരും |
| ജിതക്രോധാഃ | കോപമററവരും, |
| ജിതേന്ദ്രിയാഃ | ഇന്ദ്രിയങ്ങളെ വശീകരിച്ചവരും ആയ |
| ഈദൃശാഃ, | ഇപ്രകാരമുള്ളവർ, |
| വാനരേന്ദ്രേണ | വാനരരാജാവിനാൽ |
| ദ്രഷ്ടവ്യാഃ, | തേടിപ്പിടിക്കപ്പെടേണ്ടവരായിരിക്കെ, |
| ദൎശനം ആഗതാഃ | അവർ കാണ്മാൻ ഉദ്ദേശിച്ച് നേരിൽ എഴുന്നെള്ളിയിരിക്കുന്നു |
| ദിഷ്ട്യാ!" | ഇത് അദ്ദേഹത്തിന്റെ ഭാഗ്യവിശേഷം തന്നെ!" |

ഇത്യേവമുക്ത്വാ ഹനുമാൻ ശ്ലക്ഷ്ണം മധുരയാ ഗിരാ
ബഭാഷേ സോഽഭിഗച്ഛേമ സുഗ്രീവമിതി രാഘവം. 27

| | |
|---|---|
| സഃ ഹനുമാൻ | ആ ഹനുമാൻ |
| ഇതി ഏവം | മേൽപ്രകാരം |
| ഉക്ത്വാ, | ഉരചെയ്തു, |
| ശ്ലക്ഷ്ണം | കപടരഹിതനായ |
| രാഘവം | ലക്ഷ്മണനോടായി |
| മധുരയാ | ഇമ്പം കലൎന്ന |
| ഗിരാ | മൊഴികൊണ്ടു |
| ബഭാഷേ; | ഇപ്രകാരവും ഉണൎത്തിച്ചു; |
| "സുഗ്രീവം | "സുഗ്രീവന്റെ അടുക്കലെയ്ക്കു |
| അഭിഗച്ഛേമ. | നാം ചെല്ലുക. |

സ ഹി രാജ്യാത് പരിഭ്രഷ്ടഃ കൃതവൈരശ്ച വാലിനാ
ഹൃതദാരോ വനേ ത്യക്തോ ഭ്രാത്രാ വിനികൃതോ ഭൃശം. 28

| | |
|---|---|
| "സഃ ഹി | "അദ്ദേഹവും |
| ഭ്രാത്രാ | ജ്യേഷ്ഠനായ |
| വാലിനാ, | ബാലിയാൽ, |
| രാജ്യാത് | രാജ്യത്തിൽ നിന്ന് |
| പരിഭ്രഷ്ടഃ | തുരത്തപ്പെട്ടു |
| കൃതവൈരഃ, | ദ്വേഷം കരുതപ്പെട്ടവനായി, |
| ഹൃതദാരഃ | ഭാൎയ്യ അപഹരിക്കപ്പെട്ടവനായി, |
| വനേ | വനത്തിലേയ്ക്കു |
| ത്യക്തഃ ച | ഓടിക്കപ്പെട്ടവനായി, |
| ഭൃശം | അസഹ്യമായി |
| വിനികൃതഃ. | പീഡിക്കപ്പെട്ടിരിക്കുന്നു. |

കരിഷ്യതി സ സാഹായ്യം യുവയോൎഭാസ്കരാത്മജഃ
സുഗ്രീവഃ സഹ ചാസ്മാഭിഃ സീതായാഃ പരിമാൎഗ്ഗണേ. 29

| | |
|---|---|
| "ഭാസ്കരാത്മജഃ | "സൂൎയ്യപുത്രനായ |
| സഃ | ആ |
| സുഗ്രീവഃ, | സുഗ്രീവൻ, |
| അസ്മാഭിഃ ച സഹ | ഞങ്ങളോടും കൂടി |
| സീതായാഃ | സീതാദേവിയുടെ |
| പരിമാൎഗ്ഗണേ | അന്വേഷണ കാൎയ്യത്തിൽ |
| യുവയോഃ | നിങ്ങളിരുവൎക്കും |
| സാഹായ്യം | വേണ്ടുന്ന സഹായത്തെ |
| കരിഷ്യതി." | ചെയ്യുന്നതാണ്." |

ഏവം ബ്രുവാണം ധർമ്മാത്മാ ഹനുമന്തം സ ലക്ഷ്മണഃ
പ്രതിപൂജ്യ യഥാന്യായമിദം പ്രോവാച രാഘവം. 30

| | | | |
|---|---|---|---|
| സഃ | ആ | യഥാന്യായം | വഴിപോലെ |
| ധർമ്മാത്മാ | ധർമ്മാത്മാവായ | പ്രതിപൂജ്യ, | പ്രശംസിച്ച്, |
| ലക്ഷ്മണഃ, | ലക്ഷ്മണൻ, | രാഘവം | ശ്രീരാഘവനോടായി |
| ഏവം | ഇപ്രകാരം | ഇദം | ഇപ്രകാരം |
| ബ്രുവാണം | ഉണർത്തിക്കുന്ന | പ്രോവാച. | ഉണർത്തിച്ചു. |
| ഹനുമന്തം | ഹനുമാനെ | | |

കപിഃ കഥയതേ ഹൃഷ്ടോ യഥാഽയം മാരുതാത്മജഃ
കൃത്യവാൻ സോഽപി സംപ്രാപ്തഃ കൃതകൃത്യോഽസി രാഘവ. 31

| | | | |
|---|---|---|---|
| "രാഘവ! | "ശ്രീരാമ! | ഹൃഷ്ടഃ | (തന്മൂലം) സന്തുഷ്ടി പൂണ്ടവനായി |
| സഃ | യാതൊരു | കഥയതേ; | സംഭാഷണംചെയ്യുന്നു; |
| അയം | ഈ | യഥാ | ആകയാൽ |
| മാരുതാത്മജഃ | വായുപുത്രനായ | സംപ്രാപ്തഃ | ഇവിടെ എഴുന്നെള്ളിയ നിന്തിരുവടിയും |
| കപിഃ, | വാനരൻ, | കൃതകൃത്യഃ അസി. | കാര്യം സാധിച്ചവൻ തന്നെയാകുന്നു. |
| കൃത്യവാൻ അപി | (തന്റെ സ്വാമിയായ) സുഗ്രീവനും കാര്യം സാധിക്കേണ്ടവനായി | | |

[സുഗ്രീവനും സ്വന്തം കാര്യം നമ്മെക്കൊണ്ടു ഉണ്ടാകേണ്ടതുണ്ടെന്നു ഹനുമാൻ പറയുന്നതുകൊണ്ട് നാം ഇവിടെ വന്നതിൽ അങ്ങ് കൃതകൃത്യൻ തന്നെ എന്നു സാരം.]

പ്രസന്നമുഖവർണ്ണശ്ച വ്യക്തം ഹൃഷ്ടശ്ച ഭാഷതേ
നാനൃതം വക്ഷ്യതേ വീരോ ഹനുമാൻ മാരുതാത്മജഃ. 32

| | | | |
|---|---|---|---|
| "പ്രസന്നമുഖവർണ്ണഃ ച | "തെളിവാർന്ന വദനകാന്തിയോടുകൂടിയും | മാരുതാത്മജഃ | വായുപുത്രനും |
| ഹൃഷ്ടഃ ച | സന്തുഷ്ടചിത്തനായും | വീരഃ | ശൂരനും ആയ |
| വ്യക്തം | നിസ്സന്ദേഹമാംവണ്ണം | ഹനുമാൻ, | ഹനുമാൻ, |
| ഭാഷതേ; | പറയുന്നുണ്ട്; | അനൃതം | കളവ് |
| | | ന വക്ഷ്യതേ." | പറകയില്ല." |

തതഃ സ തു മഹാപ്രാജ്ഞോ ഹനുമാൻ മാരുതാത്മജഃ
ജഗാമാദായ തൌ വീരൌ ഹരിരാജായ രാഘവൌ. 33

| | | | |
|---|---|---|---|
| മാരുതാത്മജഃ | വായുപുത്രനും | വീരൌ | വീരന്മാരായ |
| മഹാപ്രാജ്ഞഃ | മഹാബുദ്ധിമാനുമായ | രാഘവൌ | ശ്രീരാമലക്ഷ്മണന്മാരെ |
| സഃ | ആ | ഹരിരാജായ | വാനരാധിപന്റെ സമീപത്തിലേയ്ക്കു് |
| ഹനുമാൻ തു, | ഹനുമാൻ, | ആദായ | കൂട്ടിക്കൊണ്ട് |
| തതഃ | അപ്പോൾ | ജഗാമ. | പുറപ്പെട്ടു. |
| തൌ | ആ | | |

ഭിക്ഷുരൂപം പരിത്യജ്യ വാനരം രൂപമാസ്ഥിതഃ
പൃഷ്ഠമാരോപ്യ തൌ വീരൌ ജഗാമ കപികുഞ്ജരഃ. 34

| | | | |
|---|---|---|---|
| കപികുഞ്ജരഃ | ആ വാനരോത്തമൻ | തൌ | ആ |
| ഭിക്ഷുരൂപം | ബ്രാഹ്മണബ്രഹ്മചാരി | വീരൌ | രണ്ടുവീരന്മാരേയും |
| പരിത്യജ്യ, | വെടിഞ്ഞ്, [രൂപത്തെ | പൃഷ്ഠം | ചുമലിൽ |
| വാനരം രൂപം | വാനരരൂപത്തെ | ആരോപ്യ | എടുത്തുകൊണ്ട് |
| ആസ്ഥിതഃ, | കയ്ക്കൊണ്ടവനായി, | ജഗാമ. | നടന്നു. |

സ തു വിപുലയശാഃ കപിപ്രവീരഃ
പവനസുതഃ കൃതകൃത്യവാൻ പ്രഹൃഷ്ടഃ
ഗിരിവരമുരുവിക്രമഃ പ്രയാതഃ
സ ശുഭമതിഃ സഹ രാമലക്ഷ്മണാഭ്യാം. 35

| | | | |
|---|---|---|---|
| വിപുലയശാഃ | മഹാകീർത്തിശാലിയും | തു | അതിനാൽ |
| കപിപ്രവീരഃ | വാനരോത്തമനും | പ്രഹൃഷ്ടഃ ; | സന്തുഷ്ടചിത്തനായി ഭവിച്ചു ; |
| പവനസുതഃ | വായുപുത്രനും | സഃ | അദ്ദേഹം |
| ശുഭമതിഃ | സദ്ബുദ്ധിയാർന്നവനും | രാമലക്ഷ്മണാഭ്യാം | ശ്രീരാമലക്ഷ്മണന്മാരോടും |
| ഉരുവിക്രമഃ | അതിപരാക്രമശാലിയും ആയ | സഹ | കൂടി |
| സഃ, | ആ ഹനുമാൻ, | ഗിരിവരം | ആ ശ്രേഷ്ഠഗിരിയിലേക്കായി |
| കൃതകൃത്യവാൻ, | പോന്നകാര്യം സാധിച്ചവനായി, | പ്രയാതഃ. | ചെന്നു. |

["വിപുലയശാഃ" (സർവ്വ ദേവന്മാരുടെയും വരപ്രസാദത്താൽ ത്രിലോകപ്രസിദ്ധി പൂണ്ടവൻ) (ഗോ. രാ.)]

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ചതുർത്ഥഃ സർഗ്ഗഃ = നാലാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 9506 ; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 254

## പഞ്ചമഃ സർഗ്ഗഃ = അഞ്ചാംസർഗ്ഗം.

[ശ്രീരാമസുഗ്രീവസഖ്യം = ശ്രീരാമസുഗ്രീവന്മാർ തമ്മിൽ സഖ്യം ചെയ്യുന്നത്]

ഋശ്യമൂകാത്തു ഹനുമാൻ ഗത്വാ തു മലയം ഗിരിം
ആചചക്ഷേ തദാ വീരൌ ഹരിരാജായ രാഘവൌ. 1

| | | | |
|---|---|---|---|
| ഹനുമാൻ | ഹനുമാൻ | വീരൌ | വീരന്മാരായ |
| തദാ തു | ഉടനെ | രാഘവൌ തു | ശ്രീരാമലക്ഷ്മണന്മാരെക്കുറിച്ച് |
| ഋശ്യമൂകാത് | ഋശ്യമൂകഗിരിയിൽനിന്ന് | | |
| മലയം ഗിരിം | മലയപർവ്വതത്തിൽ | ഹരിരാജായ | കപിരാജാവിനോടായി |
| ഗത്വാ, | വന്നുചേർന്ന്, | ആചചക്ഷേ. | ഇപ്രകാരം ഉണർത്തിച്ചു. |

അയം രാമോ മഹാപ്രാജ്ഞഃ സംപ്രാപ്തോ ദൃഢവിക്രമഃ
ലക്ഷ്മണേന സഹ ഭ്രാത്രാ രാമോऽയം സത്യവിക്രമഃ. 2

| | | | |
|---|---|---|---|
| "അയം | "ഇദ്ദേഹംതന്നെയാണ് | അയം | ഈ |
| രാമഃ; | ശ്രീരാമൻ; | രാമഃ | ശ്രീരാമൻ |
| മഹാപ്രാജ്ഞഃ; | മഹാബുദ്ധിമാൻ; | ഭ്രാത്രാ | അനുജനായ |
| ദൃഢവിക്രമഃ; | ഒന്നിനും കുലുങ്ങാത്ത പരാക്രമത്തോടുകൂടിയവൻ; | ലക്ഷ്മണേന സഹ | ലക്ഷ്മണനോടുംകൂടി |
| സത്യവിക്രമഃ; | അമോഘവിക്രമം പൂണ്ടുള്ളവൻ; | സംപ്രാപ്തഃ. | എന്നാൽ സന്ദർശിക്കപ്പെട്ടു. |

ഇക്ഷ്വാകൂണാം കുലേ ജാതോ രാമോ ദശരഥാത്മജഃ
ധർമ്മേ നിഗദിതശ്ചൈവ പിതുർന്നിർദ്ദേശപാരഗഃ. 3

| | | | |
|---|---|---|---|
| "രാമഃ | "ശ്രീരാമൻ | പിതുഃ | പിതാവിന്റെ |
| ദശരഥാത്മജഃ | ദശരഥപുത്രനായി | നിർദ്ദേശപാരഗഃ; | നിദേശത്തെ ശിരസാ വഹിക്കുന്നവൻ; |
| ഇക്ഷ്വാകൂണാം കുലേ | ഇക്ഷ്വാകുവംശത്തിൽ | ധർമ്മേ ച ഏവ | ധർമ്മാനുഷ്ഠാനത്തിലും |
| ജാതഃ; | അവതരിച്ചവൻ; | നിഗദിതഃ. | പ്രസിദ്ധിപൂണ്ടവൻ. |

തസ്യാസ്യ വസതോऽരണ്യേ നിയതസ്യ മഹാത്മനഃ
രാവണേന ഹൃതാ ഭാര്യാ സ ത്വാം ശരണമാഗതഃ. 4

| | | | |
|---|---|---|---|
| "തസ്യ | "അദ്ദേഹം | ഹൃതാ; | കട്ടുകൊണ്ടുപോകപ്പെട്ടിരിക്കുന്നു; |
| അരണ്യേ | വനത്തിൽ | സഃ | അദ്ദേഹം |
| വസതഃ, | വസിച്ചുകൊണ്ടിരിക്കെ, | ത്വാം | നിന്തിരുവടിയുടെ അടുക്കൽ |
| അസ്യ | ആ | ശരണം | സഹായാർത്ഥമായി |
| നിയതസ്യ | ജിതേന്ദ്രിയനായ | ആഗതഃ. | എഴുന്നെള്ളിയിരിക്കുന്നു. |
| മഹാത്മനഃ | മഹാത്മാവിന്റെ | | |
| ഭാര്യാ, | ഭാര്യ, | | |
| രാവണേന | രാവണനാൽ | | |

രാജസൂയാശ്വമേധൈശ്ച വഹ്നിര്യേനാഭിതർപ്പിതഃ
ദക്ഷിണാശ്ച തഥോത്സൃഷ്ടാ ഗാവഃ ശതസഹസ്രശഃ 5
തപസാ സത്യവാക്യേന വസുധാ യേന പാലിതാ
സ്ത്രീഹേതോസ്തസ്യ പുത്രോऽയം രാമസ്ത്വാം ശരണം ഗതഃ. 6

| | | | |
|---|---|---|---|
| "യേന | "യാതൊരുവനാൽ | ദക്ഷിണാഃ ച | ദക്ഷിണകളും |
| രാജസൂയാശ്വമേധൈഃ ച | രാജസൂയം, അശ്വമേധം മുതലായ യാഗങ്ങളാൽ | ഗാവഃ | പശുക്കളും |
| വഹ്നിഃ | ദേവസമൂഹം | തഥാ | അപ്രകാരം |
| അഭിതർപ്പിതഃ, | തൃപ്തിപ്പെടുത്തപ്പെട്ടുവൊ, | ഉത്സൃഷ്ടാഃ, | ദാനംചെയ്യപ്പെട്ടുവോ, |
| ശതസഹസ്രശഃ | അപരിമിതമായ | യേന | യാതൊരുവനാൽ |
| | | വസുധാ | ഭൂമി |

| | | | |
|---|---|---|---|
| തപസാ | തപസ്സിന്റെ ഫലത്താ | അയം | ഈ |
| സത്യവാക്യേന | സത്യനിഷ്ഠയാലും [ലും | രാമഃ, | ശ്രീരാമൻ, |
| പാലിതാ, | പരിപാലിക്കപ്പെട്ടവോ, | സ്ത്രീഹേതോഃ | ഭാൎയ്യകാരണമായി |
| | | ത്വാം | നിന്തിരുവടിയെ |
| തസ്യ | അപ്രകാരമുള്ള അദ്ദേ | ശരണം | സഹായാൎത്ഥിയായി |
| പുത്രഃ | പുത്രനായ[ഹത്തിന്റെ | ഗതഃ. | പ്രാപിച്ചിരിക്കുന്നു. |

[“ അവിട്ടത്തേക്ക് ശരണമായി എഴുന്നെള്ളിയിരിക്കുന്നു.” എന്നും സൂക്ഷ്മം.]

ഭവതാ സഖ്യകാമൌ തൌ ഭ്രാതരൌ രാമലക്ഷ്മണൌ
പ്രതിഗൃഹ്യാൎച്ചയസ്വൈതൌ പൂജനീയതമാവുഭൌ. 7

| | | | |
|---|---|---|---|
| “ ഏതൌ | “ ഈ | ഭവതാ | നിന്തിരുവടിയുമായി |
| രാമലക്ഷ്മണൌ | ശ്രീരാമലക്ഷ്മണന്മാ[രായ | സഖ്യകാമൌ | സഖ്യത്തെ കാംക്ഷിക്കുന്നവരായ |
| ഉഭൌ | രണ്ടു | | |
| ഭ്രാതരൌ | സഹോദരന്മാരും | തൌ | ഇവരിരുവരേയും |
| പൂജനീയതമൌ; | ഏററം പൂജിക്കത്തക്കവരാകുന്നു; | പ്രതിഗൃഹ്യ | സ്വാഗതം നൽകി |
| | | അൎച്ചയസ്വ.” | ബഹുമാനിച്ചാലും.” |

ശ്രുത്വാ ഹനുമതോ വാക്യം സുഗ്രീവോ ഹൃഷ്ടമാനസഃ
ഭയം ച രാഘവാദ്ഘോരം പ്രജഹൌ വിഗതജ്വരഃ. 8

| | | | |
|---|---|---|---|
| സുഗ്രീവഃ | സുഗ്രീവൻ | ഹൃഷ്ടമാനസഃ | സന്തുഷ്ടചിത്തനായി |
| ഹനുമതഃ | ഹനുമാന്റെ | രാഘവാത് | ശ്രീരാമനെക്കുറിച്ചുള്ള |
| വാക്യം ശ്രുത്വാ, | വാക്യത്തെ കേട്ട്, | ഘോരം | അസഹ്യമായ |
| വിഗതജ്വരഃ, | വ്യാകുലത നീങ്ങിയവനായി, | ഭയം ച | ഭയത്തെയും |
| | | പ്രജഹൌ. | വെടിഞ്ഞു. |

സ കൃത്വാ മാനുഷം രൂപം സുഗ്രീവഃ പ്ലവഗാധിപഃ
ദൎശനീയതമോ ഭൂത്വാ പ്രീത്യാ പ്രോവാച രാഘവം. 9

| | | | |
|---|---|---|---|
| സഃ | ആ | ദൎശനീയതമഃ | അതിസുന്ദരരൂപനായി |
| പ്ലവഗാധിപഃ | വാനരാധിപനായ | ഭൂത്വാ, | ഭവിച്ച്, |
| സുഗ്രീവഃ, | സുഗ്രീവൻ, | രാഘവം | ശ്രീരാമനോടായി |
| മാനുഷം രൂപം | മനുഷ്യവടിവ് | പ്രീത്യാ | പ്രീതിപൂണ്ട് |
| കൃത്വാ, | കയ്ക്കൊണ്ട്, | പ്രോവാച. | ഇപ്രകാരം ഉരചെയ്തു. |

ഭവാൻ ധൎമ്മവിനീതശ്ച വിക്രാന്തഃ സൎവ്വവത്സലഃ
ആഖ്യാതാ വായുപുത്രേണ തത്വതോ മേ ഭവദ്ഗുണാഃ. 10

| | | | |
|---|---|---|---|
| “ വായുപുത്രേണ | “ വായുപുത്രനാൽ | ഭവാൻ ച | അവിട്ടുന്നാകട്ടെ |
| മേ | എന്നോട് | ധൎമ്മവിനീതഃ, | ധൎമ്മനിഷ്ഠപൂണ്ടവനും, |
| ഭവദ്ഗുണാഃ | അവിട്ടത്തെ ഗുണഗണ[ങ്ങൾ | വിക്രാന്തഃ | സൎവ്വശത്രുഞ്ജയനും |
| തത്വതഃ | ഉള്ളപോലെ | സൎവ്വവത്സലഃ. | സൎവ്വകാരുണ്യശീലനും ആകുന്നു. |
| ആഖ്യാതാഃ; | പറഞ്ഞറിയിക്കപ്പെട്ടിരിക്കുന്നു; | | |

തന്മമൈഷ ച സത്കാരോ ലാഭശ്ചൈവോത്തമഃ പ്രഭോ
യത് ത്വമിച്ഛസി സൌഹാൎദ്ദം വാനരേണ മയാ സഹ. 1

| | |
|---|---|
| "പ്രഭോ ! | "പ്രഭോ ! |
| വാനരേണ | വാനരനായ |
| മയാ സഹ | എന്നോടുകൂടി |
| യത് തത് | യാതൊരു അ |
| സൌഹാൎദ്ദം | സഖ്യത്തെ |
| ത്വം | നിന്തിരുവടി |
| ഇച്ഛസി, | ഇച്ഛിക്കുന്നുവൊ, |

| | |
|---|---|
| ഏഷഃ ച | ആയതു് |
| മമ ഏവ | എനിക്കുതന്നെയാണു് |
| സത്കാരഃ | മഹാസഹായവും |
| ഉത്തമഃ | അത്യുത്കൃഷ്ടമായ |
| ലാഭഃ ഏവ. | മഹാഭാഗ്യവും ആയിരിക്കുന്നതു്. |

രോചതേ യദി വാ സഖ്യം ബാഹുരേഷ പ്രസാരിതഃ
ഗൃഹ്യതാം പാണിനാ പാണിൎമ്മൎയ്യാദാ ബദ്ധ്യതാം ധ്രുവാ. 12

| | |
|---|---|
| "സഖ്യം | "അന്യോന്യസഖ്യമെന്നതു് |
| രോചതേ യദി വാ, | തിരുവുള്ളപ്രകാരമാണെന്നാൽ |
| ബാഹുഃ | കൈ |
| ഏഷഃ | ഇതാ |
| പ്രസാരിതഃ; | നീട്ടപ്പെട്ടിരിക്കുന്നു; |

| | |
|---|---|
| പാണിഃ | എന്റെ ഈ കരം |
| പാണിനാ | നിന്തിരുവടിയുടെ കരത്താൽ |
| ഗൃഹ്യതാം; | ഗ്രഹിക്കപ്പെടട്ടെ; |
| ധ്രുവാ | അചഞ്ചലമായ |
| മൎയ്യാദാ ബദ്ധ്യതാം" | സ്നേഹബന്ധം ഉളവാക്കപ്പെടട്ടെ" |

ഏതത്തു വചനം ശ്രുത്വാ സുഗ്രീവേണ സുഭാഷിതം
സംപ്രഹൃഷ്ടമനാ ഹസ്തം പീഡയാമാസ പാണിനാ. 13

| | |
|---|---|
| സുഗ്രീവേണ | സുഗ്രീവനാൽ |
| സുഭാഷിതം | നല്ലപോലെ ഉരചെയ്യപ്പെട്ടതായ |
| ഏതത് | ഈ |
| വചനം ശ്രുത്വാ, | വാക്യത്തെ കേട്ടു്, |
| തു | അതിനാൽ |

| | |
|---|---|
| സംപ്രഹൃഷ്ടമനാഃ | സന്തുഷ്ടഹൃദയനായി |
| പാണിനാ | കരംകൊണ്ടു് |
| ഹസ്തം | കരത്തെ |
| പീഡയാമാസ. | പിടിച്ചു. |

ഹൃദ്യം സൌഹൃദമാലംബ്യ പൎയ്യഷ്വജത പീഡിതം. 14

| | |
|---|---|
| ഹൃദ്യം | മനഃപൂൎവ്വമായ |
| സൌഹൃദം | സൌഹാൎദ്ദത്തെ |

| | |
|---|---|
| ആലംബ്യ, | അവലംബിച്ചു്, |
| പീഡിതം | ഗാഢമായി |
| പൎയ്യഷ്വജത. | ആലിംഗനംചെയ്തു. |

തതോ ഹനുമാൻ സംത്യജ്യ ഭിക്ഷുരൂപമരിന്ദമഃ
കാഷ്ഠയോഃ സ്വേന രൂപേണ ജനയാമാസ പാവകം. 15

| | |
|---|---|
| തതഃ | അപ്പോൾ |
| ഭിക്ഷുരൂപം | ബ്രഹ്മചാരിരൂപത്തെ |
| സംത്യജ്യ, | വെടിഞ്ഞു്, |
| സ്വേന രൂപേണ | സ്വയരൂപം കയ്ക്കൊണ്ടിരുന്നവനും |

| | |
|---|---|
| അരിന്ദമഃ | കാമക്രോധാദികളായ അരിവൎഗ്ഗത്തെ ജയിച്ചവനും ആയ |
| ഹനുമാൻ | ഹനുമാൻ |
| കാഷ്ഠയോഃ | രണ്ടു വിറകുകൊള്ളികളാൽ |
| പാവകം | അഗ്നിയെ |
| ജനയാമാസ. | ഉളവാക്കി. |

ദീപ്യമാനം തതോ വഹ്നിം പുഷ്പൈരഭ്യൎച്ച്യ പൂജിതം
തയോൎമ്മദ്ധ്യേഽഥ സുപ്രീതോ നിദധേ സുസമാഹിതഃ. 16

| | | | |
|---|---|---|---|
| സുസമാഹിതഃ | അതിഭക്തിമാനായ അവൻ | പൂജിതം | പൂജചെയ്യപ്പെട്ടതും |
| സുപ്രീതഃ, | അതിസന്തുഷ്ടിയാൎന്നവനായി, | ദീപ്യമാനം | കത്തിജ്വലിക്കുന്നതും |
| | | വഹ്നിം | അഗ്നിയെ [ആയ |
| | | തതഃ | അവിടെ |
| അഥ | ആ സമയം | തയോഃ | അവരിരുവരുടേയും |
| പുഷ്പൈഃ | പുഷ്പങ്ങൾകൊണ്ടു് | മദ്ധ്യേ | മദ്ധ്യത്തിലായി |
| അഭ്യൎച്ച്യ | അൎച്ചിച്ചു് | നിദധേ. | വെച്ചു. |

തതോഽഗ്നിം ദീപ്യമാനം തൌ ചക്രതുശ്ച പ്രദക്ഷിണം
സുഗ്രീവോ രാഘവശ്ചൈവ വയസ്യത്വമുപാഗതൌ. 17

| | | | |
|---|---|---|---|
| തതഃ | ആ സമയം | സുഗ്രീവഃ ച | സുഗ്രീവനും |
| ദീപ്യമാനം | ഉജ്ജ്വലിക്കുന്നതായ | രാഘവഃ ഏവ | ശ്രീരാമനും |
| അഗ്നിം | അഗ്നിയെ | വയസ്യത്വം ച | ശാശ്വതമൈത്രിയെയും |
| തൌ | അവരിരുവരും | ഉപാഗതൌ. | അന്യോന്യം പ്രതിജ്ഞ ചെയ്തു. |
| പ്രദക്ഷിണം ചക്രതുഃ; | പ്രദക്ഷിണം ചെയ്തു; | | |

തതഃ സുപ്രീതമനസൌ താവുഭൌ ഹരിരാഘവൌ
അന്യോന്യമഭിവീക്ഷന്തൌ ന തൃപ്തിമുപജഗ്മതുഃ. 18

| | | | |
|---|---|---|---|
| ഹരിരാഘവൌ | വാനരനും ശ്രീരാഘവനുമായ | അഭിവീക്ഷന്തൌ | പലസംഗതികളെക്കുറിച്ചു് സംഭാഷിക്കുന്നവരായി |
| തൌ ഉഭൌ | അവർ രണ്ടുപേരും | | |
| സുപ്രീതമനസൌ, | പരിപൂൎണ്ണപ്രീതി കയ്ക്കൊണ്ടവരായി, | തൃപ്തിം | നിൎവ്യാകുലമായ മനോ |
| | | തതഃ | ആസമയം [ഭാവത്തെ |
| അന്യോന്യം | തമ്മിൽതമ്മിൽ | ന ഉപജഗ്മതുഃ. | പ്രാപിക്കയുണ്ടായില്ല. |

[തങ്ങൾ തങ്ങൾക്കുണ്ടായിരുന്ന ദുഃഖത്തിന്നു് ശാന്തിയുണ്ടായില്ല, എന്നു് സാരം. തമ്മിൽ തമ്മിൽ സംഭാഷണംചെയ്തു് ഒട്ടും മതിയാകാതിരുന്നു, എന്നും സ്പഷ്ടാൎത്ഥം.]

ത്വം വയസ്യോഽസി ഹൃദ്യോ മേ ഹ്യേകം ദുഃഖം സുഖം ച നൌ
സുഗ്രീവോ രാഘവശ്ചൈവമൂചതുസ്തൌ പ്രഹൃഷ്ടവത്. 19

| | | | |
|---|---|---|---|
| "ത്വം | "അവിടുന്നു് | ഏകം ഹി;" | പൊതുവായതാകുന്നു;" |
| മേ | എനിക്കു് | ഏവം | ഇപ്രകാരം |
| ഹൃദ്യഃ | മനസ്സിണങ്ങിയ | തൌ | ആ രണ്ടുപേരായ |
| വയസ്യഃ അസി; | മിത്രമാകുന്നു; | സുഗ്രീവഃ | സുഗ്രീവനും |
| നൌ | നമ്മൾ രണ്ടുപേൎക്കുമുള്ള | രാഘവഃ ച, | ശ്രീരാഘവനും, |
| ദുഃഖം | ദുഃഖവും | പ്രഹൃഷ്ടവത് | സന്തോഷംപൂണ്ടു് |
| സുഖം ച | സുഖവും | ഊചതുഃ. | ഉരചെയ്തു. |

തതഃ സുപൎണ്ണബഹുലാം ഭങ്ക്ത്വാ ശാഖാം സുപുഷ്പിതാം
സാലസ്യാസ്തീൎയ്യ സുഗ്രീവോ നിഷസാദ സരാഘവഃ. 20

| | | | |
|---|---|---|---|
| സുഗ്രീവഃ, | സുഗ്രീവൻ, | സാലസ്യ ശാഖാം | ഒരു സാലവൃക്ഷക്കൊമ്പിനെ |
| തതഃ | അപ്പോൾ | ഭങ്ക്ത്വാ, | ഒടിച്ച്, |
| സുപുഷ്പിതാം | നന്നായി പൂത്തിരുന്നതും | ആസ്തീൎയ്യ | നിലത്തിട്ട് |
| സുപൎണ്ണബഹുലാം | ഇലകൾ തഴച്ചിരുന്നതും ആയ | സരാഘവഃ | ശ്രീരാമനോടും കൂടി |
| | | നിഷസാദ. | അതിൽ ഇരുന്നു. |

ലക്ഷ്മണായാഥ സംഹൃഷ്ടോ ഹനുമാൻ പ്ലവഗൎഷഭഃ
ശാഖാം ചന്ദനവൃക്ഷസ്യ ദദൌ പരമപുഷ്പിതാം. 21

| | | | |
|---|---|---|---|
| പ്ലവഗൎഷഭഃ | വാനരോത്തമനായ | പരമപുഷ്പിതാം | നന്നായിപൂത്ത |
| ഹനുമാൻ | ഹനുമാൻ | ശാഖാം | ഒരു കൊമ്പിനെ |
| അഥ | അപ്പോൾ | ലക്ഷ്മണായ | ലക്ഷ്മണന്ന് |
| സംഹൃഷ്ടഃ | ആനന്ദം പൂണ്ടവനായി | ദദൌ. | കൊടുത്തു. |
| ചന്ദനവൃക്ഷസ്യ | ചന്ദനമരത്തിൻെറ | | |

തതഃ പ്രഹൃഷ്ടഃ സുഗ്രീവഃ ശ്ലക്ഷ്ണം മധുരയാ ഗിരാ
പ്രത്യുവാച തദാ രാമം ഹൎഷവ്യാകുലലോചനഃ. 22

| | | | |
|---|---|---|---|
| തദാ | ആ സമയം | മധുരയാ | മധുരമായ |
| സുഗ്രീവഃ | സുഗ്രീവൻ | ഗിരാ, | വാക്കുകൊണ്ട്, |
| പ്രഹൃഷ്ടഃ | ആനന്ദമുൾക്കൊണ്ടവനായി | ശ്ലക്ഷ്ണം | കല്യാണരൂപിയായ |
| ഹൎഷവ്യാകുലലോചനഃ | സന്തോഷത്താൽ വിടൎന്ന നേത്രങ്ങളോടുകൂടിയവനായി | രാമം, | ശ്രീരാമനെ നോക്കി, |
| | | തതഃ | അതിൽ പിന്നെ |
| | | പ്രത്യുവാച. | ഉര ചെയ്തു. |

അഹം വിനികൃതോ രാമ ചരാമീഹ ഭയാൎദ്ദിതഃ
ഹൃതഭാൎയ്യോ വനേ ത്രസ്തോ ദുൎഗ്ഗമേതദുപാശ്രിതഃ. 23

| | | | |
|---|---|---|---|
| "രാമ! | "ശ്രീരാമ! | ഭയാൎദ്ദിതഃ | ആപത്തിനെത്തന്നെ ഭയാത്ത് പീഡിതനായി |
| അഹം | ഞാൻ | | |
| ഇഹ | ഇപ്പോൾ | വനേ | വനത്തിൽ |
| വിനികൃതഃ | അവമാനിക്കപ്പെട്ടവനായി | ദുൎഗ്ഗം | ശത്രുവിന്ന് അടുപ്പാൻ കഴിയാത്തതായ |
| ഹൃതഭാൎയ്യഃ | ഭാൎയ്യ അപഹരിക്കപ്പെട്ടവനായി, | ഏതത് | ഇതിനെ |
| | | ഉപാശ്രിതഃ | പ്രാപിച്ച് [യാണ്. |
| ത്രസ്തഃ | നടുങ്ങി. | ചരാമി. | കാലം കഴിച്ചുകൂട്ടുക— |

സോഽഹം ത്രസ്തോ വനേ ഭീതോ വസാമ്യുദ്ഭ്രാന്തചേതനഃ
വാലിനാ നികൃതോ ഭ്രാതാ കൃതവൈരശ്ച രാഘവ. 24

| | | | |
|---|---|---|---|
| "രാഘവ ! | "ശ്രീരാഘവ ! | ഭീതഃ | ഭീതിപൂണ്ടു് |
| ഭ്രാത്രാ | ജ്യേഷ്ഠനായ | ത്രസ്തഃ, | നടുങ്ങിയവനായി, |
| വാലിനാ | ബാലിയാൽ | ഉദ്ഭ്രാന്ത-ചേതനഃ | ചിത്തം കലങ്ങിയവനായ |
| നികൃതഃ, | അവമാനിക്കപ്പെട്ടവനായി, | സഃ അഹം, | ആ ഞാൻ, |
| കൃതവൈരഃ ച | വൈരം കയ്ക്കൊള്ളപ്പെട്ടവനായി | വനേ | കാട്ടിൽ |
| | | വസാമി. | വസിച്ചുവരുന്നു. |

വാലിനോ മേ മഹാഭാഗ ഭയാർത്തസ്യാഭയം കുരു
കർത്തുമർഹസി കാകുത്സ്ഥ ഭയം മേ ന ഭവേദ്യഥാ. 25

| | | | |
|---|---|---|---|
| "മഹാഭാഗ ! | "പുണ്യാത്മാവായവനേ ! | മേ | എനിക്കു് |
| വാലിനഃ | ബാലിയിൽനിന്നു് | ഭയം | ആപത്തു് |
| ഭയാർത്തസ്യ | ഭയന്നു് ദുഃഖിക്കുന്ന | ന ഭവേത് യഥാ | എപ്രകാരമായാലുണ്ടാകാതിരിക്കുമോ അപ്രകാരം |
| മേ, | എനിക്കു്, | | |
| അഭയം കുരു ; | അഭയം നല്കിയാലും ; | കർത്തും അർഹസി." | ചെയ്യാൻ കനിഞ്ഞരുളിയാലും." |
| കാകുത്സ്ഥ ! | ശ്രീരാമ ! | | |

ഏവമുക്തസ്തു തേജസ്വീ ധർമ്മജ്ഞോ ധർമ്മവത്സലഃ
പ്രത്യഭാഷത കാകുത്സ്ഥഃ സുഗ്രീവം പ്രഹസന്നിവ. 26

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | കാകുത്സ്ഥഃ | കാകുത്സ്ഥൻ |
| ഉക്തഃ | പ്രാർത്ഥിക്കപ്പെട്ടവനും | സുഗ്രീവം | സുഗ്രീവനോടായി |
| തേജസ്വീ | തേജസ്വിയും | പ്രഹസൻ ഇവ | മന്ദസ്മിതംപൂണ്ടു് |
| ധർമ്മജ്ഞഃ | ധർമ്മങ്ങളെ അറിഞ്ഞവനും | പ്രത്യഭാഷത. | ഇങ്ങിനെ മറുപടിയരുളി. |
| ധർമ്മവത്സലഃ തു | ധർമ്മതല്പരനും ആയ | | |

ഉപകാരഫലം മിത്രം വിദിതം മേ മഹാകപേ
വാലിനം തം വധിഷ്യാമി തവ ഭാര്യാപഹാരിണം. 27

| | | | |
|---|---|---|---|
| "മഹാകപേ ! | "വാനരോത്തമ ! | തവ | ഭവാന്റെ |
| മിത്രം | മൈത്രിയെന്നതു് | ഭാര്യാ-പഹാരിണം | ഭാര്യയെ അപഹരിച്ച |
| ഉപകാരഫലം | ഉപകാരം പ്രയോജനമായിട്ടുള്ളതാണെന്നു് | തം | ആ |
| മേ | എനിക്കു് | വാലിനം | ബാലിയെ |
| വിദിതം ; | അറിവുള്ളതാണു് ; | വധിഷ്യാമി. | ഞാൻ വധിക്കുന്നുണ്ടു്. |

അമോഘാഃ സൂര്യസംകാശാ മമൈതേ നിശിതാഃ ശരാഃ
തസ്മിൻ വാലിനി ദുർവൃത്തേ നിപതിഷ്യന്തി വേഗിതാഃ 28
കങ്കപത്രപ്രതിച്ഛന്നാ മഹേന്ദ്രാശനിസന്നിഭാഃ
തീക്ഷ്ണാഗ്രാ ഋജുപർവ്വാണഃ സരോഷാ ഭുജഗാ ഇവ. 29

| | |
|---|---|
| "അമോഘാഃ | "ഒരിക്കലും നിഷ്ഫലമാകാത്തവയും |
| സൂര്യസംകാശാഃ | സൂര്യസദൃശങ്ങളും |
| നിശിതാഃ | കൂർത്തവയും |
| കങ്കപത്രപ്രതിച്ഛന്നാഃ | കഴുകിൻ തൂവലുകൾ കെട്ടപ്പെട്ടവയും |
| മഹേന്ദ്രാശനിസന്നിഭാഃ | ഇന്ദ്രന്റെ വജ്രായുധത്തിനൊത്തവയും |
| തീക്ഷ്ണാഗ്രാഃ | മൂർച്ചവരുത്തിയ അഗ്രങ്ങളാർന്നവയും |
| ഋജുപർവ്വാണഃ | ചൊവ്വുള്ള കണകളുള്ളവയും ആയ |

| | |
|---|---|
| മമ | എന്റെ |
| ഏതേ | ഈ |
| ശരാഃ | ശരങ്ങൾ |
| സരോഷാഃ | ചീറുന്ന |
| ഭുജഗാഃ | സർപ്പങ്ങൾ |
| ഇവ, | എന്നപോലെ, |
| വേഗിതാഃ | ഉഗ്രതയോടെ |
| തസ്മിൻ | ആ |
| ദുർവൃത്തേ | ദുഷ്ടനായ |
| വാലിനി | ബാലിയുടെമേൽ |
| നിപതിഷ്യന്തി. | വീഴുന്നതാണ്. |

തമദ്യ വാലിനം പശ്യ ക്രൂരൈരാശീവിഷോപമൈഃ
ശരൈർവ്വിനിഹതം ഭൂമൌ വികീർണ്ണമിവ പർവ്വതം. 30

| | |
|---|---|
| "ക്രൂരൈഃ | "ഘോരങ്ങളായ |
| ആശീവിഷോപമൈഃ | സർപ്പങ്ങൾപോലെയുള്ള |
| ശരൈഃ | ബാണങ്ങളെക്കൊണ്ട് |
| തം | ആ |
| വാലിനം | ബാലിയെ |

| | |
|---|---|
| ഭൂമൌ | ഭൂമിയിൽ |
| വികീർണ്ണം | ചിതറിവീണ |
| പർവ്വതം ഇവ | പർവ്വതത്തെപ്പോലെ |
| വിനിഹതം | ചത്തുകിടക്കുന്നവനായി |
| അദ്യ | ഇപ്പോൾ |
| പശ്യ." | കണ്ടുകൊൾക." |

സ തു തദ്വചനം ശ്രുത്വാ രാഘവസ്യാത്മനോ ഹിതം
സുഗ്രീവഃ പരമപ്രീതഃ സുമഹദ്വാക്യമബ്രവീത്. 31

| | |
|---|---|
| സഃ | ആ |
| സുഗ്രീവഃ | സുഗ്രീവൻ, |
| ആത്മനഃ | തനിക്കു |
| ഹിതം | ഹിതമായുള്ള |
| രാഘവസ്യ | ശ്രീരാഘവന്റെ |
| തത് | ആ |

| | |
|---|---|
| വചനം | വാക്യത്തെ |
| ശ്രുത്വാ, | കേട്ട്, |
| പരമപ്രീതഃ | അത്യാനന്ദമുൾക്കൊണ്ടവനായി |
| സുമഹത് | ശ്രേഷ്ഠമായ |
| വാക്യം തു | ഈ വാക്യത്തെ |
| അബ്രവീത്. | ഉര ചെയ്തു. |

തവ പ്രസാദേന നൃസിംഹ രാഘവ
പ്രിയാം ച രാജ്യം ച സമാപ്നുയാമഹം
തഥാ കുരു ത്വം നരദേവ വൈരിണം
യഥാ നിഹംസ്യദ്യ രിപും മമാഗ്രജം. 32

| | | | |
|---|---|---|---|
| "നൃസിംഹ! | "പുരുഷോത്തമ! | ത്വം | നിന്തിരുവടി, |
| നരദേവ! | നരവര! | മമ | എനിക്ക് |
| രാഘവ! | ശ്രീരാമ! | രിപും | ശത്രുവായി |
| തവ | നിന്തിരുവടിയുടെ | വൈരിണം | ആപത്തു വിളയിക്കുന്നവനായ |
| പ്രസാദേന | പ്രസാദത്താൽ | അഗ്രജം | ജ്യേഷ്ഠനെ |
| പ്രിയാം ച | ഭാൎയ്യയേയും | അദ്യ | ഇപ്പോൾ |
| രാജ്യം ച | രാജ്യത്തേയും | നിഹംസി യഥാ തഥാ | കൊല്ലുന്നത് എപ്രകാരമൊ അപ്രകാരം |
| അഹം | ഞാൻ | കുരു." | ചെയ്യരുളിയാലും." |
| സമാപ്നുയാം; | പ്രാപിക്കേണം; | | |

സീതാകപീന്ദ്രക്ഷണദാചരാണാം
രാജീവഹേമജ്വലനോപമാനി
സുഗ്രീവരാമപ്രണയപ്രസംഗേ
വാമാനി നേത്രാണി സമം സ്ഫുരന്തി. 33

| | | | |
|---|---|---|---|
| സുഗ്രീവരാമ-പ്രണയ-പ്രസംഗേ | സുഗ്രീവനും ശ്രീരാമനും തമ്മിൽ അൻപോടെ സംഭാഷണംചെയ്തു കൊണ്ടിരിക്കെ | രാജീവഹേമ-ജ്വലനോപ-മാനി | ചെന്താമരപോലും, സ്വൎണ്ണംപോലും, അഗ്നിപോലും വിളങ്ങിയവയായ |
| സീതാ-കപീന്ദ്ര-ക്ഷണദാ-ചരാണാം | സീതാദേവിയുടെയും, ബാലിയുടെയും, രാവണന്റെയും | വാമാനി നേത്രാണി | ഇടത്തെ കണ്ണുകൾ |
| | | സമം | ഒരേ സമയത്തിൽ |
| | | സ്ഫുരന്തി. | തുടിച്ചുകൊണ്ടിരുന്നു. |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
പഞ്ചമഃ സൎഗ്ഗഃ = അഞ്ചാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 9539; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 287.

## ഷഷ്ഠഃ സൎഗ്ഗഃ = ആറാംസൎഗ്ഗം.

[സീതാഭരണദൎശനേന ശ്രീരാമസ്യ പരിദേവനം = സീതയുടെ ആഭരണങ്ങളെക്കണ്ടു് ശ്രീരാമൻ പ്രലപിക്കുന്നതു്]

പുനരേവാബ്രവീത് പ്രീതോ രാഘവം രഘുനന്ദനം. 1

| | | | |
|---|---|---|---|
| പ്രീതഃ, | ഏററം സന്തുഷ്ടിപൂണ്ടവനായ സുഗ്രീവൻ, | രാഘവം | ശ്രീരാഘവനോടായി |
| രഘുനന്ദനം | രഘുകുലതിലകനായ | പുനഃ ഏവ | ഇപ്രകാരവും |
| | | അബ്രവീത്. | ഉണൎത്തിച്ചു. |

അയമാഖ്യാതി മേ രാമ സചിവോ മന്ത്രിസത്തമഃ
ഹനുമാൻ യന്നിമിത്തം ത്വം നിർജ്ജനം വനമാഗതഃ 2
ലക്ഷ്മണേന സഹ ഭ്രാത്രാ വസതശ്ച വനേ തവ
രക്ഷസാഽപഹൃതാ ഭാര്യ്യാ മൈഥിലീ ജനകാത്മജാ 3
ത്വയാ വിയുക്താ രുദതീ ലക്ഷ്മണേന ച ധീമതാ
അന്തരപ്രേപ്സുനാ തേന ഹത്വാ ഗൃദ്ധ്രം ജടായുഷം. 4

| | |
|---|---|
| "രാമ! | "ശ്രീരാമ! |
| മേ | എന്റെ |
| മന്ത്രിസത്തമഃ | മന്ത്രിമാരിൽവെച്ച് ഉത്തമനായ |
| സചിവഃ | മന്ത്രിയായ |
| അയം | ഈ |
| ഹനുമാൻ, | ഹനുമാൻ, |
| ത്വം | നിന്തിരുവടി |
| നിർജ്ജനം | മനുഷ്യസഞ്ചാരവർജ്ജിതമായ |
| വനം | കാട്ടിലേക്ക് |
| യന്നിമിത്തം | എന്തുകാരണമായി |
| ആഗതഃ, | വന്നിരിക്കുന്നു എന്നുള്ളതിനേയും, |
| വനേ | കാട്ടിൽ |
| ഭ്രാത്രാ | അനുജനായ |
| ലക്ഷ്മണേന സഹ | ലക്ഷ്മണനോടുംകൂടി |
| തവ വസതഃ ച, | നിന്തിരുവടി വസിച്ചുകൊണ്ടിരിക്കെ, |
| അന്തരപ്രേപ്സുനാ | തക്കസമയം കാത്തിരുന്ന |
| തേന | ആ |
| രക്ഷസാ | രാക്ഷസനാൽ |
| ത്വയാ | നിന്തിരുവടിയാലും |
| ധീമതാ | ധീമാനായ |
| ലക്ഷ്മണേന ച | ലക്ഷ്മണനാലും |
| വിയുക്താ | വേർപിരിയപ്പെട്ട് |
| ഭാര്യ്യാ | ഭാര്യ്യയായ |
| ജനകാത്മജാ | ജനകനന്ദിനിയായ |
| മൈഥിലീ | സീതാദേവി, |
| രുദതീ | കരഞ്ഞുകൊണ്ടിരിക്കുന്നവളായി |
| ജടായുഷം | ജടായു എന്ന |
| ഗൃദ്ധ്രം | കഴുകിനെയും |
| ഹത്വാ | വധിച്ച് |
| അപഹൃതാ | അപഹരിക്കപ്പെട്ടു എന്നതിനേയും |
| ആഖ്യാതി. | അറിയിക്കുന്നു. |

ഭാര്യ്യാവിയോഗജം ദുഃഖമചിരാത് ത്വം വിമോക്ഷ്യസേ
അഹം താമാനയിഷ്യാമി നഷ്ടാം വേദശ്രുതീമിവ. 5

| | |
|---|---|
| "ത്വം | "നിന്തിരുവടി |
| ഭാര്യ്യാവിയോഗജം | ഭാര്യ്യയെ പിരിഞ്ഞിരിക്കുന്നതിനാലുള്ള |
| ദുഃഖം | ദുഃഖത്തെ |
| അചിരാത് | ഏറെത്താമസിയാതെ |
| വിമോക്ഷ്യസേ; | ഒഴിക്കുന്നതാണ്; |
| നഷ്ടാം | (പണ്ട് മധുകൈടഭന്മാരാൽ) അപഹരിക്കപ്പെട്ട |
| വേദശ്രുതീം ഇവ | വേദമൊഴിയെ (മത്സ്യരൂപിയായ ഭഗവാൻ) എന്നപോലെ, |
| അഹം | ഞാൻ |
| താം | ആ സീതാദേവിയെ |
| ആനയിഷ്യാമി. | വീണ്ടുകൊണ്ടുവരുന്നുണ്ട്. |

രസാതലേ വാ വർത്തന്തീം വർത്തന്തീം വാ നഭഃസ്ഥലേ
അഹമാനീയ ദാസ്യാമി തവ ഭാര്യാമരിന്ദമ 6

| | | | |
|---|---|---|---|
| " അരിന്ദമ! | " ശത്രുനാശന! | തവ | നിന്തിരുവടിയുടെ |
| രസാതലേ | പാതാളലോകത്തിൽ | ഭാര്യാം, | ഭാര്യയെ, |
| വർത്തന്തീം വാ | ഇരിക്കുന്നവളായാലും വേണ്ടതില്ല | അഹം | ഞാൻ |
| നഭഃസ്ഥലേ | ആകാശത്തിൽ | ആനീയ | കൊണ്ടുവന്ന് |
| വർത്തന്തീം വാ | ഇരിക്കുന്നവളായാലും വേണ്ടതില്ല | ദാസ്യാമി. | സമർപ്പിക്കുന്നുണ്ട്. |

ഇദം തഥ്യം മമ വചസ്ത്വമവേഹി ച രാഘവ
ന ശക്യാ സാ ജരയിതുമപി സേന്ദ്രൈഃ സുരാസുരൈഃ 7
തവ ഭാര്യാ മഹാബാഹോ ഭക്ഷ്യം വിഷകൃതം യഥാ. 8

| | | | |
|---|---|---|---|
| " രാഘവ! | " ശ്രീരാമ! | വിഷകൃതം | വിഷംകലന്ന |
| മമ | എന്റെ | ഭക്ഷ്യം | ആഹാരത്തെ |
| ഇദം വചഃ | ഈ വാക്ക് | ജരയിതും | ജീർണ്ണപ്പെടുത്തുക എന്നത് |
| തഥ്യം ഹി | വാസ്തവമായതെന്ന് | യഥാ, | എപ്രകാരമോ അപ്രകാരം, |
| ത്വം ച | അങ്ങ് | സേന്ദ്രൈഃ | ഇന്ദ്രനടങ്ങിയ |
| അവേഹി; | വിശ്വസിച്ചാലും; | സുരാസുരൈഃ അപി | ദേവാസുരന്മാരാലുംകൂടി നശിപ്പിപ്പാൻ |
| മഹാബാഹോ! | മഹാബാഹുവായവനേ! | | |
| തവ ഭാര്യാ | അവിടുത്തെഭാര്യയായ | | |
| സാ, | അവൾ, | ന ശക്യാ. | സാദ്ധ്യപ്പെടുന്നവളല്ല. |

ത്യജ ശോകം മഹാബാഹോ താം കാന്താമാനയാമി തേ
അനുമാനാത്തു ജാനാമി മൈഥിലീ സാ ന സംശയഃ 9
ഹ്രിയമാണാ മയാ ദൃഷ്ടാ രക്ഷസാ ക്രൂരകർമ്മണാ
ക്രോശന്തീ രാമ രാമേതി ലക്ഷ്മണേതി ച വിസ്വരം
സ്ഫുരന്തീ രാവണസ്യാങ്കേ പന്നഗേന്ദ്രവധൂര്യഥാ. 10

| | | | |
|---|---|---|---|
| " ക്രൂരകർമ്മണാ | " ദുഷ്ടപ്രവൃത്തിയായ | മയാ | എന്നാൽ |
| രക്ഷസാ | രാക്ഷസനാൽ | ദൃഷ്ടാ | കാണപ്പെട്ട |
| ഹ്രിയമാണാ, | എടുത്തുകൊണ്ടുപോകപ്പെടുന്നവളായി, | സാ തു | അവൾതന്നെയാണ് |
| രാമ, | രാമ! | മൈഥിലീ, | ജാനകീദേവിയെന്ന്, |
| രാമ, ഇതി | രാമ! എന്നും | അനുമാനാത് | ലക്ഷണംകൊണ്ട് |
| ലക്ഷ്മണ | ലക്ഷ്മണ! | ജാനാമി, | ഞാൻ അറിയുന്നു, |
| ഇതി ച | എന്നും | ന സംശയഃ; | സംശയമില്ല; |
| വിസ്വരം | ദീനസ്വരത്തിൽ | തേ | നിന്തിരുവടിയുടെ |
| ക്രോശന്തീ, | കരയുന്നവളായി, | താം കാന്താം | ആ പ്രേയസിയെ |
| രാവണസ്യ | രാവണന്റെ | ആനയാമി; | ഞാൻ കൊണ്ടുവന്നു തരുന്നുണ്ട്; |
| അങ്കേ | മടിയിൽ, | | |
| പന്നഗേന്ദ്രവധൂഃ | നാഗരാജസ്ത്രീ | മഹാബാഹോ! | മഹാബാഹുവായവനെ! |
| യഥാ | എന്നവണ്ണം | ശോകം | വ്യസനത്തെ |
| സ്ഫുരന്തീ, | പിടയുന്നവളായി, | ത്യജ. | വെടിഞ്ഞാലും. |

ആത്മനാ പഞ്ചമം മാം ഹി ദൃഷ്ട്വാ ശൈലതടേ സ്ഥിതം
ഉത്തരീയം തയാ ത്യക്തം ശുഭാന്യാഭരണാനി ച. 11

| | | | |
|---|---|---|---|
| "ആത്മനാ | "എന്നെക്കൂടി, | തയാ | അവളാൽ |
| പഞ്ചമം | അഞ്ചുപേരോടുകൂടിയിരുന്നിരുന്നവനായ | ഉത്തരീയം | മേലാക്കും |
| മാം | എന്നെ | ശുഭാനി | അഴകാന്ന |
| ശൈലതടേ | മലയുടെ താഴ്വരയിൽ | ആഭരണാനി, | ആഭരണങ്ങളും |
| സ്ഥിതം | വർത്തിച്ചിരുന്നവനായി | ച | കൂട്ടിക്കെട്ടി |
| ദൃഷ്ട്വാ ഹി, | കണ്ടതും, | ത്യക്തം. | താഴത്തിടപ്പെട്ടു. |

താന്യസ്മാഭിർഗൃഹീതാനി നിഹിതാനി ച രാഘവ
ആനയിഷ്യാമ്യഹം താനി പ്രത്യഭിജ്ഞാതുമർഹസി. 12

| | | | |
|---|---|---|---|
| "അസ്മാഭിഃ | "ഞങ്ങളാൽ | ആനയിഷ്യാമി; | കൊണ്ടുവരുന്നുണ്ട്; |
| താനി | ആയവ | രാഘവ! | ശ്രീരാമ! |
| ഗൃഹീതാനി | എടുക്കപ്പെട്ടവയായി | പ്രത്യ-ഭിജ്ഞാതും | അവ മുമ്പ് പരിചയമുള്ളവതന്നെയോ എന്നു നോക്കിക്കാണ്മാൻ |
| നിഹിതാനി; | ഭദ്രമായി വെക്കപ്പെട്ടിരിക്കുന്നു; | | |
| താനി ച | അവയെ ഇപ്പോൾ | | |
| അഹം | ഞാൻ [തന്നെ | അർഹസി." | ദയവുചെയ്യാലും." |

തമബ്രവീത് തതോ രാമഃ സുഗ്രീവം പ്രിയവാദിനം
ആനയസ്വ സഖേ ശീഘ്രം കിമർത്ഥം ത്വം വിലംബസേ. 13

| | | | |
|---|---|---|---|
| തതഃ | ആസമയം | ശീഘ്രം | വേഗത്തിൽ |
| പ്രിയവാദിനം | പ്രിയവർത്തമാനത്തെ [കഥിക്കുന്ന | ത്വം | അങ്ങ് |
| തം | ആ | ആനയസ്വ; | കൊണ്ടുവന്നാലും; |
| സുഗ്രീവം | സുഗ്രീവനോടായി | കിമർത്ഥം | എന്തിനായിട്ടാണ് |
| രാമഃ, | ശ്രീരാമൻ, | വിലംബസേ?" | താമസിക്കുന്നത്?" |
| "സഖേ! | "സ്നേഹിത! | അബ്രവീത്. | എന്ന് അരുളിച്ചെയ്തു. |

ഏവമുക്തസ്തു സുഗ്രീവഃ ശൈലസ്യ ഗഹനാം ഗുഹാം
പ്രവിവേശ തതഃ ശീഘ്രം രാഘവപ്രിയകാമ്യയാ. 14

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | രാഘവപ്രിയ-കാമ്യയാ | ശ്രീരാമന്റെ ഹിതത്തെ ചെയ്വാൻ ആഗ്രഹം പൂണ്ടവനായി |
| ഏവം | ഇപ്രകാരം | | |
| ഉക്തഃ | അവശ്യപ്പെടപ്പെട്ട | ശൈലസ്യ | മലയുടെ |
| സുഗ്രീവഃ, | സുഗ്രീവൻ, | ഗഹനാം | രഹസ്യമായ |
| | | ഗുഹാം | ഒരു ഗുഹയിൽ |
| ശീഘ്രം തു | ഉടനെതന്നെ | പ്രവിവേശ. | പ്രവേശിച്ചു. |

ഉത്തരീയം ഗൃഹീത്വാ തു സ താന്യാഭരണാനി ച
ഇദം പശ്യേതി രാമായ ദർശയാമാസ വാനരഃ. 15

| | | | |
|---|---|---|---|
| സഃ വാനരഃ, | ആ വാനരൻ, | "ഇദം | "ഇതിനെ |
| താനി | ആ | പശ്യ," | നോക്കിയാലും," |
| ആഭരണാനി ച | ആഭരണങ്ങളേയും | ഇതി | എന്നു പറഞ്ഞ് |
| ഉത്തരീയം തു | മേൽ വസ്ത്രത്തേയും | രാമായ | ശ്രീരാമന്ന് |
| ഗൃഹീത്വാ, | എടുത്തുകൊണ്ട്, | ദർശയാമാസ. | കാണിച്ചു കൊടുത്തു. |

തതോ ഗൃഹീത്വാ തദ്വാസഃ ശുഭാന്യാഭരണാനി ച
അഭവദ് ബാഷ്പസംരുദ്ധോ നീഹാരേണേവ ചന്ദ്രമാഃ. 16

| | | | |
|---|---|---|---|
| തതഃ, | അപ്പോൾ, | ഗൃഹീത്വാ, | കയ്യിൽ വാങ്ങിക്കൊ[ണ്ട്, |
| തത് | ആ | ചന്ദ്രമാഃ | ചന്ദ്രൻ |
| വാസഃ | വസ്ത്രത്തേയും | നീഹാരേണ ഇവ | മഞ്ഞുകൊണ്ടെന്നപോ[ലെ, |
| ശുഭാനി | അഴകാന്ന | ബാഷ്പസംരുദ്ധഃ | ബാഷ്പാർദ്രനായി |
| ആഭരണാനി ച | ആഭരണങ്ങളേയും | അഭവത്. | ഭവിച്ചു. |

സീതാസ്നേഹപ്രവൃത്തേന സ തു ബാഷ്പേണ ദൂഷിതഃ
ഹാ പ്രിയേതി രുദൻ ധൈര്യമുത്സൃജ്യ ന്യപതത് ക്ഷിതൌ. 17

| | | | |
|---|---|---|---|
| സഃ തു | അദ്ദേഹമാകട്ടെ | ഉത്സൃജ്യ, | കൈവെടിഞ്ഞ്, |
| സീതാസ്നേഹ-പ്രവൃത്തേന | സീതയെക്കുറിച്ചുള്ള സ്നേഹാധിക്യത്താലുളവായ | "ഹാ | "ഹാ |
| | | പ്രിയേ!" | പ്രേയസി!" |
| | | ഇതി | എന്ന് |
| ബാഷ്പേണ | കണ്ണീരിനാൽ | രുദൻ, | മുറയിട്ടുകൊണ്ട്, |
| ദൂഷിതഃ, | നനയ്ക്കപ്പെട്ടവനായി, | ക്ഷിതൌ | നിലത്ത് |
| ധൈര്യം | ധൈര്യത്തെ | ന്യപതത്. | വീണുപോയി. |

ഹൃദി കൃത്വാ തു ബഹുശസ്തമലങ്കാരമുത്തമം
നിശശ്വാസ ഭൃശം സർപ്പോ ബിലസ്ഥ ഇവ രോഷിതഃ. 18

| | | | |
|---|---|---|---|
| തം | ആ | ബിലസ്ഥഃ | പൊത്തിനുള്ളിലുള്ള |
| ഉത്തമം | ശ്രേഷ്ഠമായ | രോഷിതഃ | ക്രുദ്ധിച്ച |
| അലംകാരം | ഭൂഷണജാലത്തെ | സർപ്പഃ ഇവ, | സർപ്പംഎന്നപോലെ |
| ബഹുശഃ | പലകുറി | ഭൃശം നിശശ്വാസ. | നെടുവീർപ്പിട്ടു. |
| ഹൃദി കൃത്വാ തു, | മാറോടണച്ചുകൊണ്ട് | | |

അവിച്ഛിന്നാശ്രുവേഗസ്തു സൌമിത്രിം വീക്ഷ്യ പാർശ്വതഃ
പരിദേവയിതും ദീനം രാമഃ സമുപചക്രമേ. 19

| | | | |
|---|---|---|---|
| അവിച്ഛിന്നാ-ശ്രുവേഗഃ | ധാരമുറിയാതെ കണ്ണീർ വാർത്തുകൊണ്ടിരുന്ന | വീക്ഷ്യ, | കണ്ട്, |
| | | ദീനം | പരിതാപകരമാംവണ്ണം |
| രാമഃ തു, | ശ്രീരാമനും, | പരിദേവയിതും | പ്രലപിപ്പാൻ |
| പാർശ്വതഃ | അരികിൽ നിന്നിരുന്ന | സമുപചക്രമേ. | തുടങ്ങി. |
| സൌമിത്രിം | ലക്ഷ്മണനെ | | |

പശ്യ ലക്ഷ്മണ വൈദേഹ്യാ സംത്യക്തം ഹ്രിയമാണയാ
ഉത്തരീയമിദം ഭൂമൌ ശരീരാദ്ഭൂഷണാനി ച. 20

| | | | |
|---|---|---|---|
| " ലക്ഷ്മണ ! | " ലക്ഷ്മണ ! | സംത്യക്തം | അഴിച്ചിടപ്പെട്ട |
| ഹ്രിയമാണയാ | എടുത്തുകൊണ്ടുപോക | ഇദം | ഈ |
| വൈദേഹ്യാ | ജാനകിയാൽ [പ്പെടുന്ന | ഉത്തരീയം, | ഉത്തരീയത്തേയും, |
| ശരീരാത് | ദേഹത്തിൽനിന്ന് | ഭൂഷണാനി ച | പണ്ടങ്ങളേയും |
| ഭൂമൌ | ഭൂമിയിൽ | പശ്യ. | നോക്കുക. |

ശാദ്വലിന്യാം ധ്രുവം ഭൂമ്യാം സീതയാ ഹ്രിയമാണയാ
ഉത്സൃഷ്ടം ഭൂഷണമിദം തഥാരൂപം ഹി ദൃശ്യതേ. 21

| | | | |
|---|---|---|---|
| " ഹ്രിയമാണയാ | " എടുത്തുകൊണ്ടുപോകപ്പെടുന്ന | ഉത്സൃഷ്ടം | അഴിച്ചിടപ്പെട്ടതു്, എന്നുള്ളതു് |
| സീതയാ | സീതയാൽ | ധ്രുവം ; | തീർച്ചതന്നെ ; |
| ശാദ്വലിന്യാം ഭൂമ്യാം | ഇളം പുൽത്തറയിൽ തന്നെയാണ് | ഹി | എന്തെന്നാൽ |
| ഇദം | ഈ | തഥാരൂപം | കേടുവരാതെ അതേമാതിരിയായിതന്നെ |
| ഭൂഷണം | ആഭരണജാലം | ദൃശ്യതേ." | കാണപ്പെടുന്നുണ്ട്." |

ഏവമുക്തസ്തു രാമേണ ലക്ഷ്മണോ വാക്യമബ്രവീത്
നാഹം ജാനാമി കേയൂരേ നാഹം ജാനാമി കുണ്ഡലേ
നൂപുരേ ത്വഭിജാനാമി നിത്യം പാദാഭിവന്ദനാത്. 22

| | | | |
|---|---|---|---|
| രാമേണ | ശ്രീരാമനാൽ | ജാനാമി ന ; | അറികയില്ല ; |
| ഏവം | മേൽപ്രകാരം | അഹം | ഞാൻ |
| ഉക്തഃ | ഉരചെയ്യപ്പെട്ട | കുണ്ഡലേ | കുണ്ഡലങ്ങളേയും |
| ലക്ഷ്മണഃ, | ലക്ഷ്മണൻ, | ജാനാമി ന ; | നോക്കീട്ടില്ല ; |
| തു | ആ സമയം | നിത്യം | നിത്യം |
| വാക്യം അബ്രവീത് | ഇപ്രകാരം ഉണർത്തിച്ചു ; | പാദാഭിവന്ദനാത് | തൃപ്പാദങ്ങളെ വന്ദിച്ചുവന്നിരുന്ന കാരണം |
| " അഹം | " ഞാൻ | നൂപുരേ തു | രണ്ടു കാൽചിലമ്പുകളെമാത്രം |
| കേയൂരേ | കൈവളകളെക്കുറിച്ച് | അഭിജാനാമി." | നല്ല പരിചയമുണ്ട്." |

തതഃ സ രാഘവോ ദീനഃ സുഗ്രീവമിദമബ്രവീത്. 23

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | സുഗ്രീവം | സുഗ്രീവനോടായി |
| സഃ രാഘവഃ, | ആ ശ്രീരാഘവൻ, | ഇദം | ഇങ്ങിനെ |
| ദീനഃ | ദീനനായി | അബ്രവീത്. | അരുളിച്ചെയ്തു. |

ബ്രൂഹി സുഗ്രീവ കം ദേശം ഹ്രിയന്തീ ലക്ഷിതാ ത്വയാ
രക്ഷസാ രൌദ്രരൂപേണ മമ പ്രാണപ്രിയാ ഹൃതാ. 24

| | |
|---|---|
| "സുഗ്രീവ! | "സുഗ്രീവ! |
| മമ | എന്റെ |
| പ്രാണപ്രിയാ, | പ്രാണപ്രേയസിയായ അവൾ, |
| രൌദ്രരൂപേണ | ഘോരരൂപിയായ |
| രക്ഷസാ | രാക്ഷസനാൽ |
| ഹൃതാ | അപഹരിക്കപ്പെട്ട് |
| കം ദേശം | ഏതു ദിക്കിലേക്ക് |
| ഹ്രിയന്തി, | എടുത്തുകൊണ്ടുപോക പ്പെട്ടവളായിട്ടാണ്, |
| ത്വയാ | ഭവാനാൽ |
| ലക്ഷിതാ | കാണപ്പെട്ടതു് |
| ബ്രൂഹി. | പറഞ്ഞാലും. |

ക്വ വാ വസതി തദ്രക്ഷോ മഹദ്വ്യസനദം മമ
യന്നിമിത്തമഹം സർവ്വാൻ നാശയിഷ്യാമി രാക്ഷസാൻ 25
ഹരതാ മൈഥിലീം യേന മാം ച രോഷയതാ ഭൃശം
ആത്മനോ ജീവിതാന്തായ മൃത്യുദ്വാരമപാവൃതം. 26

| | |
|---|---|
| "മൈഥിലീം | "മൈഥിലിയെ |
| ഹരതാ, | അപഹരിച്ചവനായി, |
| മാം ച | എനിക്ക് |
| ഭൃശം രോഷയതാ | അതിയായ ക്രോധത്തെ ഉളവാക്കിയ |
| യേന, | യാതൊരുവനാൽ, |
| ആത്മനഃ | തന്റെ |
| ജീവിതാന്തായ | ജീവനാശത്തിന്നായി |
| മൃത്യുദ്വാരം | യമലോകത്തിന്റെ [വാതിൽ |
| അപാവൃതം | തുറന്നുവെക്കപ്പെട്ടിരിക്കുന്നുവോ |
| യന്നിമിത്തം | യാതൊരുവന്റെ കാരണമായി |
| രാക്ഷസാൻ | രാക്ഷസന്മാരെ |
| സർവ്വാൻ | ആസകലം |
| അഹം | ഞാൻ |
| നാശയിഷ്യാമി | നശിപ്പിപ്പാൻ പോകുന്നുവൊ, അപ്രകാര |
| മമ | എനിക്ക് [മുള്ളവനും |
| മഹദ്വ്യസനദം | അപാരമായ വ്യസനത്തെ ഉളവാക്കിയവ |
| തത് | ആ [നും ആയ |
| രക്ഷഃ | രാക്ഷസൻ |
| ക്വ വാ | എവിടെത്തന്നെയാണ് |
| വസതി? | വസിക്കുന്നതു്? |

മമ ദയിതതരാ ഹൃതാ വനാന്താദ്രജനിചരേണ വിമഥ്യ യേന സാ
കഥയ മമ രിപും ത്വമദ്യ വൈ പ്ലവഗപതേ യമസാദനം നയാമി. 27

| | |
|---|---|
| "മമ | "എന്റെ |
| ദയിതതരാ | പ്രിയതമയായ |
| സാ, | അവൾ, |
| യേന | യാതൊരു |
| രജനിചരേണ | രാത്രിഞ്ചരനാൽ |
| വനാന്താത് | കാട്ടിൽനിന്നു് |
| വിമഥ്യ | ബലാത്കാരമായി |
| ഹൃതാ, | അപഹരിക്കപ്പെട്ടുവൊ അപ്രകാരമുള്ള |
| മമ | എന്റെ |
| രിപും | ശത്രുവിനെ |
| യമസാദനം, | യമപുരത്തിലേക്ക്, |
| അദ്യ വൈ | ഇപ്പോൾതന്നെ |
| നയാമി; | ഞാൻ അയക്കുന്നുണ്ടു്; |
| പ്ലവഗപതേ! | വാനരാധിപ! |
| ത്വം | ഭവാൻ |
| കഥയ. | എല്ലാം വിവരമായി പറഞ്ഞാലും. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ ഷഷ്ഠഃ സർഗ്ഗഃ = ആറാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 9566; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 314.

# സപ്തമഃ സൎഗ്ഗഃ = ഏഴാംസൎഗ്ഗം.

[സുഗ്രീവേണ ശ്രീരാമസമാശ്വാസനം = സുഗ്രീവൻ ശ്രീരാമനെ ആശ്വസിപ്പിക്കുന്നതു്.]

ഏവമുക്തസ്തു സുഗ്രീവോ രാമേണാൎത്തേന വാനരഃ
അബ്രവീത് പ്രാഞ്ജലിൎവ്വാക്യം സബാഷ്പം ബാഷ്പഗദ്ഗദം. 1

| | | | |
|---|---|---|---|
| ആൎത്തേന | ദുഃഖപീഡിതനായ | പ്രാഞ്ജലിഃ | കൈകൂപ്പി |
| രാമേണ | ശ്രീരാമനാൽ | സബാഷ്പം | കണ്ണീർവാൎത്തുകൊണ്ടു് |
| ഏവം | ഇപ്രകാരം | ബാഷ്പഗദ്ഗദം | അശ്രുക്കൾമൂലം തൊണ്ടയിടറിക്കൊണ്ടു് |
| ഉക്തഃ | പറയപ്പെട്ട | | |
| വാനരഃ | വാനരനായ | വാക്യം അബ്രവീത്. | ഇങ്ങിനെ ഉണൎത്തിച്ചു. |
| സുഗ്രീവഃ തു, | സുഗ്രീവനും, | | |

ന ജാനേ നിലയം തസ്യ സൎവ്വഥാ പാപരക്ഷസഃ
സാമൎത്ഥ്യം വിക്രമം വാഽപി ദൌഷ്കുലേയസ്യ വാ കുലം. 2

| | | | |
|---|---|---|---|
| "ദൌഷ്കുലേയസ്യ | "ഹീനജാതിയിൽ പിറന്നവനായ | സാമൎത്ഥ്യം | സാമൎത്ഥ്യത്തെക്കുറിച്ചാകട്ടെ |
| തസ്യ | ആ | വിക്രമം | പരാക്രമമാകട്ടെ |
| പാപരക്ഷസഃ | ദുഷ്ടരാക്ഷസന്റെ | കുലം അപി വാ, | കുലത്തെയെങ്കിലുമാകട്ടെ, |
| നിലയം | പാൎപ്പിടത്തെപ്പററിയാകട്ടെ | സൎവ്വഥാ വാ | യാതൊന്നിനേയും |
| | | ന ജാനേ. | ഞാൻ അറികയില്ല. |

[ഈ ശ്ലോകത്തിൽ സുഗ്രീവൻ പറയുന്നതും, മേൽ 41-ാം സൎഗ്ഗത്തിൽ "ദ്വീപസ്തസ്യാപരേ പാരേ ശതയോജനമായതഃ. അഗമ്യോ മാനുഷൈൎദ്ദേവൈസ്തം മാൎഗ്ഗദ്ധ്വം സമന്തതഃ, സ ഹി ദേശസ്തു വദ്ധ്യസ്യ രാവണസ്യ ദുരാത്മനഃ രാക്ഷസാധിപതേൎവ്വാസഃ സഹസ്രാക്ഷസമദ്യുതേഃ" എന്നിത്യാദിയായി പറയുന്നതും തമ്മിൽ പ്രത്യക്ഷവിരോധം കാണുന്നു. മേല്പറഞ്ഞ ശ്ലോകങ്ങളിൽ രാവണന്റെ വാസസ്ഥലം, സാമൎത്ഥ്യം, പരാക്രമം എന്നിവയെക്കുറിച്ചു് സുഗ്രീവനു അറിവുണ്ടെന്നുള്ളതു സ്പഷ്ടമാണ്. എന്നാൽ തന്റെ സ്വന്തം കാൎയ്യത്തിൽ ശ്രീരാമൻ ആദ്യം ഉദ്യമിക്കേണമെന്നുവെച്ചാണ്, സുഗ്രീവൻ ഇങ്ങിനെ ഒന്നും അറിവില്ലെന്നു പറയുന്നതു്. ആദ്യംതന്നെ ഇപ്രകാരം കളവുപറയുന്നതുകൊണ്ടു് മിത്രദ്രോഹം ചെയ്യുന്നു എന്നു് പറയുവാനില്ല. എന്തെന്നാൽ ദീൎഘദൎശിയായ സുഗ്രീവൻ താഴെപ്രകാരം ആലോചന ചെയ്തിരിക്കണം. "ഞാൻ രാവണനെക്കുറിച്ചുതന്നെ ആദ്യം പറയുന്നതായാൽ, ശ്രീരാമൻ അതിദുഃഖിതനായി സീതാന്വേഷണകൃത്യത്തിൽ തന്നെയാണ് ആദ്യം എന്നെ പ്രേരിപ്പിക്കുക. അങ്ങിനെയായാൽ അതു ശരിയാകയില്ല. എന്തെന്നാൽ സീതയെ അന്വേഷിക്കുന്നതിന്നും, രാവണനുമായി യുദ്ധംചെയ്യുന്നതിന്നും അനവധി വാനരന്മാരുടെ സഹായം ആവശ്യമാകുന്നു. എന്നാൽ വാനരന്മാരെല്ലാം ബാലിയുടെ അധീനത്തിലുമാണ്. വല്ലതും ചിലരെ സ്വാധീനപ്പെടുത്തുവാൻ സാധിച്ചുവെന്നാലുംകൂടി രാവണനുമായി സഖ്യം ചെയ്തവനായ ബാലി, ഞങ്ങളുടെ ഇഷ്ടപ്രകാരമുള്ള പ്രവൃത്തിക്കു് പ്രതിബന്ധമായി നില്ക്കയെ ഉണ്ടാകയുള്ളു. ആകയാൽ എന്റെ കാൎയ്യവും ശ്രീരാമന്റെ കാൎയ്യവും, രണ്ടും, സാദ്ധ്യമാകാതെ പോയ്ക്കളയുന്നതാണ്. ഇപ്രകാരമുള്ള ആലോചനകൾകൊണ്ടാണ് രാവണനെക്കുറിച്ചു് ഒന്നും അറിവില്ലെന്നു് സുഗ്രീവൻ നടിച്ചതു്.

പിന്നെ സുഗ്രീവൻ ഈ സംഗതികളെക്കുറിച്ചു് വാനരന്മാരോടു വിവരിക്കുമ്പോൾ, ശ്രീരാമൻ സുഗ്രീവനെ ശങ്കിക്കാതിരിക്കുന്നതിന്നു കാരണം, ആദ്യം സുഗ്രീവൻ അറിഞ്ഞിരിക്കയില്ലെന്നും, പിന്നെ താരവക്കൽനിന്നു് അറിഞ്ഞിട്ടുണ്ടായിരിക്കുമെന്നും ധരിച്ചതിനാലായിരിക്കണം. താഴെ 35-ാം സൎഗ്ഗത്തിൽ താര ലക്ഷ്മണനോടു പറയുന്നതു കാണുക. "ശതകോടി സഹസ്രാണി ലങ്കായാം കില

സത്യം തേ പ്രതിജാനാമി ത്യജ ശോകമരിന്ദമ
കരിഷ്യാമി തഥാ യത്നം യഥാ പ്രാപ്സ്യസി മൈഥിലീം. 3

| | | | |
|---|---|---|---|
| "മൈഥിലീം | "ജാനകീദേവിയെ | അരിന്ദമ! | സൎവ്വശത്രുഞ്ജയനായുള്ളോവേ! |
| യഥാ | എങ്ങിനെയായാൽ | തേ | നിന്തിരുവടിയോട് |
| പ്രാപ്സ്യസി, | അങ്ങ് പ്രാപിക്കുമോ | സത്യം | സത്യമായും |
| തഥാ യത്നം | അപ്രകാരമുള്ള യത്നത്തെ | പ്രതിജാനാമി; | ഞാൻ ശപഥംചെയ്യുന്നു; |
| | | ശോകം | ശോകത്തെ |
| കരിഷ്യാമി; | ഞാൻ ചെയ്യുന്നുണ്ട്; | ത്യജ! | കളഞ്ഞാലും! |

രാവണം സഗണം ഹത്വാ പരിതോഷ്യാത്മപൌരുഷം
തഥാഽസ്മി കൎത്താ ന ചിരാദ്യഥാ പ്രീതോ ഭവിഷ്യസി. 4

| | | | |
|---|---|---|---|
| "സഗണം | "കൂട്ടത്തോടെ | പ്രീതഃ | മനഃസംതൃപ്തിപൂണ്ടവനായി, |
| രാവണം | രാവണനെ | അസ്മി | ഞാൻ |
| ഹത്വാ, | കൊന്ന്, | യഥാ | എപ്രകാരം ചെയ്താൽ |
| ആത്മപൌരുഷം | നിന്തിരുവടിയുടെ പൌരുഷത്തെ | ഭവിഷ്യസി, | നിന്തിരുവടി ഭവിക്കുമോ, |
| | | തഥാ | അപ്രകാരം |
| പരിതോഷ്യ, | ഞങ്ങൾ കണ്ടാനന്ദിക്കുമാറാക്കി, | ന ചിരാത് | ഏറെത്താമസിയാതെ |
| | | കൎത്താ. | ഞാൻ ചെയ്യുന്നുണ്ട്. |

അലം വൈക്ലബ്യമാലംബ്യ ധൈൎയ്യമാത്മഗതം സ്മര
ത്വദ്വിധാനാമസദൃശമീദൃശം ബുദ്ധിലാഘവം. 5

| | | | |
|---|---|---|---|
| "വൈക്ലബ്യം | "അവശത | ത്വദ്വിധാനാം | നിന്തിരുവടിയെപ്പോലെയുള്ളവൎക്ക് |
| ആലംബ്യ അലം; | കയ്ക്കൊണ്ടത് മതി; | | |
| ആത്മഗതം | സഹജമായ | ഈദൃശം | ഇപ്രകാരമുള്ള |
| ധൈൎയ്യം | ധൈൎയ്യത്തെ | ബുദ്ധിലാഘവം | മനശ്ചാഞ്ചല്യം |
| സ്മര; | ഓൎത്തുകൊണ്ടാലും; | അസദൃശം. | യുക്തമല്ല. |

രാക്ഷസാഃ. അയുതാനി ച ഷട്ത്രിംശത് സഹസ്രാണി ശതാനി ച. അഹത്വാ താംശ്ച ദുൎദ്ധൎഷാൻ രാക്ഷസാൻ കാമരൂപിണഃ. അശക്യം രാവണം ഹന്തും യേന സാ മൈഥിലീ ഹൃതാ. തേന ശക്യാ രണേ ഹന്തുമസഹായേന ലക്ഷ്മണ. രാവണഃ ക്രൂരകൎമ്മാ ച സുഗ്രീവേണ വിശേഷതഃ. ഏവമാഖ്യാതവാൻ വാലീ സ ഹ്യഭിജ്ഞോ ഹരീശ്വരഃ."

കൂടാതെ, ലോകാലോകംവരെ സഞ്ചരിച്ച് സുഗ്രീവന്ന് ഈ വിവരം അറികയില്ലെന്നതും ശരിയല്ല. ശ്രീരാമന്റെ ബലപരീക്ഷ ചെയ്യുന്നസമയം ദുന്ദുഭി മുതലായവരുടെ ആക്രമത്തെ കുറിച്ച് പറയുന്ന ഘട്ടത്തിൽ അവശ്യം പറയപ്പെടേണ്ടതാണെങ്കിലും, ബാലി രാവണനെ ജയിച്ച വൃത്താന്തത്തെക്കുറിച്ച് സുഗ്രീവൻ പറയാതെ മറച്ചുവെക്കുന്നു. ഇതും താര പറഞ്ഞതിൽപ്പിന്നെ സുഗ്രീവൻ ഗ്രഹിച്ചതാണെന്ന് വിചാരിപ്പാൻ തരമില്ല. എന്തെന്നാൽ താരയെ കണ്ടതുമുതൽ അവളിൽ അനുരക്തനായി ഭവിച്ച സുഗ്രീവന്ന് ശ്രീരാമകാൎയ്യത്തെക്കുറിച്ചുള്ള ആലോചനതന്നെ ഉണ്ടാകുന്നില്ല.

ആകയാൽ, സുഗ്രീവൻ, തനിക്കറിവുണ്ടായിരുന്ന സംഗതികളെ ബുദ്ധിപൂൎവ്വകം മറച്ചുവെച്ചതു തന്നെയെന്ന് ഗ്രാഹ്യമാകുന്നു. എന്നു (ഗോവിന്ദരാജീയം).

"നിലയം" എന്നതിന്ന് 'സീതയെ ഒളിച്ചുവെച്ചിരിക്കുന്ന സ്ഥലം' എന്നാകുന്നു അൎത്ഥം' (എന്നു തിലകം). ഇപ്രകാരമുള്ള ദുഷ്പ്രവൃത്തി ചെയ്തശേഷം, രാവണൻ സീതയെ സ്വരാജധാനിയിൽ വെച്ചിരിക്കയില്ല എന്നു സുഗ്രീവൻ ഊഹിക്കുന്നു.

മയാऽപി വ്യസനം പ്രാപ്തം ഭാൎയ്യാഹരണജം മഹത്
ന ചാഹമേവം ശോചാമി ന ച ധൈൎയ്യം പരിത്യജേ. 6

| | |
|---|---|
| “ മയാ അപി | “ എന്നാലും |
| ഭാൎയ്യാഹരണജം | ഭാൎയ്യ അപഹരിക്കപ്പെട്ടതുകൊണ്ടുള്ള |
| മഹത് വ്യസനം | അതിയായ ദുഃഖം |
| പ്രാപ്തം; | പ്രാപിക്കപ്പെട്ടു; |
| അഹം | ഞാൻ |
| ഏവം ച | ഇപ്രകാരമായിട്ടും |
| ശോചാമി ന; | ദുഃഖിക്കുന്നില്ല; |
| ധൈൎയ്യം ച | ധൈൎയ്യത്തെയും |
| പരിത്യജേ ന. | വിട്ടുകളയുന്നില്ല. |

നാഹം താമനുശോചാമി പ്രാകൃതോ വാനരോऽപി സൻ
മഹാത്മാ ച വിനീതശ്ച കിം പുനൎധൃതിമാൻ ഭവാൻ 7

| | |
|---|---|
| “ അഹം | “ ഞാനാകട്ടെ |
| പ്രാകൃതഃ | മഹാന്മാരാൽ ഉപദേശിക്കപ്പെടാത്ത |
| വാനരഃ സൻ അപി | വാനരനായിരുന്നിട്ടും |
| താം | അവളെ |
| അനുശോചാമി ന; | വിചാരിച്ചു വ്യസനപരവശനാകുന്നില്ല; |
| മഹാത്മാ ച | മഹാത്മാവും |
| വിനീതഃ | മഹദുപദേശം സിദ്ധിച്ചവനും |
| ധൃതിമാൻ ച | വരുന്നതെല്ലാം നന്മക്കായ്ത്തന്നെയെന്ന ദൃഢബുദ്ധികൈക്കൊണ്ടവനും ആയ |
| ഭവാൻ, | നിന്തിരുവടി, |
| കിം പുനഃ? | ഇപ്രകാരം വ്യസനിക്കാമൊ? |

ബാഷ്പമാപതിതം ധൈൎയ്യാന്നിഗ്രഹീതും ത്വമൎഹസി
മൎയ്യാദാം സത്വയുക്താനാം ധൃതിം നോത്സ്രഷ്ടുമൎഹസി. 8

| | |
|---|---|
| “ ത്വം | “ നിന്തിരുവടി |
| ധൈൎയ്യാത്, | ധൈൎയ്യത്തെ അവലംബിച്ച് |
| ആപതിതം | പെരുകുന്നതായ |
| ബാഷ്പം | കണ്ണീരിനെ |
| നിഗ്രഹീതും അൎഹസി | തടഞ്ഞുനിൎത്തേണ്ടതാണ് |
| സത്വയുക്താനാം | സാത്വികഗുണസമ്പന്നന്മാൎക്കുള്ള |
| മൎയ്യാദാം | അനുഷ്ഠാനമായിരിക്കേണ്ടതായ |
| ധൃതിം | (വരുന്നതെല്ലാം നന്മയ്ക്കായ്ത്തന്നെയെന്നുള്ള) മനോദാൎഢ്യത്തെ |
| ഉത്സ്രഷ്ടും ന അൎഹസി. | കൈവെടിയുവാൻ പാടുള്ളതല്ല. |

വ്യസനേ വാऽൎത്ഥകൃച്ഛ്രേ വാ ഭയേ വാ ജീവിതാന്തകേ
വിമൃശൻ വൈ സ്വയാ ബുദ്ധ്യാ ധൃതിമാൻ നാവസീദതി 9

| | |
|---|---|
| “ ധൃതിമാൻ, | “ എല്ലാം നല്ലതിന്നുതന്നെയെന്ന ബുദ്ധികൈക്കൊണ്ട ഒരുവൻ, |
| വ്യസനേ വാ | ദുഃഖത്തിൽത്തന്നെയാകട്ടെ |
| അൎത്ഥകൃച്ഛ്രേ, | ധനനാശവിഷയത്തിലാകട്ടെ, |
| ഭയേ വാ | ആപത്തിലാകട്ടെ |
| ജീവിതാന്തകേ വാ | ജീവൻപോകുന്ന സമയത്തിലുംതന്നെയാകട്ടെ |
| സ്വയാ | സ്വന്തം |
| ബുദ്ധ്യാ | സത്വബുദ്ധികൊണ്ട് |
| വിമൃശൻ വൈ | പൎയ്യാലോചനചെയ്ത് |
| അവസീദതി ന. | പരവശത കൈക്കൊള്ളാതിരിക്കുന്നു. |

ബാലിശസ്തു നരോ നിത്യം വൈക്ലബ്യം യോഽനുവർത്തതേ
സ മജ്ജത്യവശഃ ശോകേ ഭാരാക്രാന്തേവ നൌർജലേ. 10

| | | | |
|---|---|---|---|
| "യഃ നരഃ | "യാതൊരു മനുഷ്യൻ | അവശഃ, | ഒന്നിനും കൊള്ളാത്തവനായി, |
| ബാലിശഃ തു | വിവേകശൂന്യനായി | ഭാരാക്രാന്താ | ഭാരം കവിഞ്ഞ |
| വൈക്ലബ്യം | പാരവശ്യത്തെ | നൌഃ | തോണി |
| നിത്യം | എപ്പോഴും | ജലേ ഇവ, | വെള്ളത്തിൽ എപ്രകാരമോ അപ്രകാരം |
| അനുവർത്തതേ, | കയ്ക്കൊണ്ടിരിക്കുന്നുവോ, | ശോകേ | ശോകത്തിൽ |
| സഃ | അവൻ | മജ്ജതി. | ആണ്ടുപോകുന്നു. |

ഏഷോഽഞ്ജലിർമയാ ബദ്ധഃ പ്രണയാത് ത്വാം പ്രസാദയേ
പൌരുഷം ശ്രയ ശോകസ്യ നാന്തരം ദാതുമർഹസി. 11

| | | | |
|---|---|---|---|
| "മയാ | "എന്നാൽ | പ്രസാദയേ ; | ഞാൻ പ്രാർത്ഥിക്കയാണ് ; |
| ഏഷഃ | ഈ | പൌരുഷം | ധൈര്യത്തെ |
| അഞ്ജലിഃ | അഞ്ജലി | ശ്രയ ; | അവലംബിച്ചാലും ; |
| ബദ്ധഃ ; | ഇതാ കൂപ്പപ്പെട്ടിരിക്കുന്നു ; | ശോകസ്യ | വ്യസനത്തിന്ന് |
| ത്വാം | നിന്തിരുവടിയോട് | അന്തരം ദാതും | ഇടകൊടുക്കുന്നതു് |
| പ്രണയാത് | സ്നേഹംകൊണ്ടു് | അർഹസി ന. | യുക്തമല്ല. |

യേ ശോകമനുവർത്തന്തേ ന തേഷാം വിദ്യതേ സുഖം
തേജശ്ച ക്ഷീയതേ തേഷാം ന ത്വം ശോചിതുമർഹസി. 12

| | | | |
|---|---|---|---|
| "യേ | "യാതൊരുവർ | തേഷാം | അവരുടെ |
| ശോകം | ശോകത്തിന്നു | തേജഃ ച | വീര്യവും |
| അനുവർത്തന്തേ, | വശംവദരാകുന്നുവോ, | ക്ഷീയതേ ; | ക്ഷയിച്ചു പോകുന്നു ; |
| തേഷാം | അവർക്ക് | ത്വം | നിന്തിരുവടി |
| സുഖം | സുഖമെന്നത് | ശോചിതും | ദുഃഖിക്കുന്നത് |
| ന വിദ്യതേ ; | ഉണ്ടാകുന്നില്ല ; | അർഹസി ന. | ഉചിതമല്ല. |

ശോകേനാഭിപ്രപന്നസ്യ ജീവിതേ ചാപി സംശയഃ
സ ശോകം ത്യജ രാജേന്ദ്ര ധൈര്യമാശ്രയ കേവലം. 13

| | | | |
|---|---|---|---|
| "ശോകേന | "ശോകത്താൽ | സഃ | അപ്രകാരമുള്ള നിന്തിരുവടി |
| അഭിപ്രപന്നസ്യ, | ആക്രാന്തനായ ഒരുവന്ന്, | ശോകം | ശോകത്തെ |
| ജീവിതേ ച | ജീവിച്ചിരിക്കുന്ന കാര്യത്തിലും | ത്യജ ! | കൈവെടിഞ്ഞാലും ! |
| സംശയഃ അപി; | ആപത്തുതന്നെ; | കേവലം ധൈര്യം | പരിപൂർണ്ണമായ ധൈര്യം ഒന്നിനെത്തന്നെ |
| രാജേന്ദ്ര ! | രാജേന്ദ്ര ! | ആശ്രയ. | കയ്ക്കൊണ്ടാലും. |

ഹിതം വയസ്യഭാവേന ബ്രൂമി നോപദിശാമി തേ
വയസ്യതാം പൂജയൻ മേ ന ത്വം ശോചിതുമർഹസി. 14

| | |
|---|---|
| "വയസ്യ-ഭാവേന | "ആപ്തമിത്രമെന്ന ഭാവത്തിൽ |
| ഹിതം | ഹിതത്തെ |
| ബ്രൂമി; | ഞാൻ ഉണർത്തിക്കയാണ്; |
| തേ | നിന്തിരുവടിയെ |
| ഉപദിശാമി ന; | ഞാൻ ഉപദേശിക്കയല്ല; |
| ത്വം | നിന്തിരുവടി |
| മേ | എന്നോടുള്ള |
| വയസ്യതാം | മൈത്രീബന്ധത്തെ |
| പൂജയൻ, | വിലവെച്ച്, |
| ശോചിതും | ദുഃഖിപ്പാൻ |
| അർഹസി ന." | അവസരം നൽകാതിരുന്നാലും." |

മധുരം സാന്ത്വിതസ്തേന സുഗ്രീവേണ സ രാഘവഃ
മുഖമശ്രുപരിക്ലിന്നം വസ്ത്രാന്തേന മമാർജ്ജ തത്. 15

| | |
|---|---|
| തേന | ആ |
| സുഗ്രീവേണ | സുഗ്രീവനാൽ |
| മധുരം | ഭംഗിയിൽ |
| സാന്ത്വിതഃ | ഇപ്രകാരം ആശ്വസിപ്പിക്കപ്പെട്ട |
| സഃ | ആ |
| രാഘവഃ, | ശ്രീരാഘവൻ, |
| അശ്രുപരിക്ലിന്നം | കണ്ണീരിനാൽ ആർദ്രമായിരുന്ന |
| തത് | ആ |
| മുഖം | തിരുമുഖമണ്ഡലത്തെ |
| വസ്ത്രാന്തേന | വസ്ത്രാഗ്രംകൊണ്ട് |
| മമാർജ്ജ. | തുടച്ചു. |

പ്രകൃതിസ്ഥസ്തു കാകുത്സ്ഥഃ സുഗ്രീവവചനാത് പ്രഭുഃ
സംപരിഷ്വജ്യ സുഗ്രീവമിദം വചനമബ്രവീത്. 16

| | |
|---|---|
| പ്രഭുഃ | പ്രഭുവായ |
| കാകുത്സ്ഥഃ, | ശ്രീരാമൻ, |
| സുഗ്രീവ-വചനാത് | സുഗ്രീവവാക്യത്താൽ |
| പ്രകൃതിസ്ഥഃ തു, | നിജപ്രകൃതി കയ്ക്കൊണ്ടവനായ്ത്തന്നെ, |
| സുഗ്രീവം | സുഗ്രീവനെ |
| സംപരിഷ്വജ്യ, | ആലിംഗനംചെയ്ത്, |
| ഇദം വചനം | ഇപ്രകാരം |
| അബ്രവീത്. | അരുളിച്ചെയ്തു. |

കർത്തവ്യം യദ്വയസ്യേന സ്നിഗ്ദ്ധേന ച ഹിതേന ച
അനുരൂപം ച യുക്തം ച കൃതം സുഗ്രീവ തത് ത്വയാ. 17

| | |
|---|---|
| "സുഗ്രീവ! | "സുഗ്രീവ! |
| സ്നിഗ്ദ്ധേന ച | സ്നേഹയുക്തനും |
| ഹിതേന ച | സഹായം ചെയ്യുന്നവനും ആയ |
| വയസ്യേന | ആപ്തസ്നേഹിതനാൽ, |
| അനുരൂപം ച | അനുകൂലവും |
| യുക്തം ച | സമയോചിതവും ആയ |
| യത് | യാതൊന്ന് |
| കർത്തവ്യം, | ചെയ്യത്തക്കതോ, |
| തത് | ആയത് |
| ത്വയാ | ഭവാനാൽ |
| കൃതം. | ചെയ്യപ്പെട്ടു. |

ഏഷ ച പ്രകൃതിസ്ഥോഽഹമനുനീതസ്ത്വയാ സഖേ
ദുർല്ലഭോ ഹീദൃശോ ബന്ധുരസ്മിൻ കാലേ വിശേഷതഃ 18

| | |
|---|---|
| "സഖേ! | "സഖേ! |
| ത്വയാ | ഭവാനാൽ |
| അനുനീതഃ | സമാശ്വസിപ്പിക്കപ്പെട്ട |
| ഏഷഃ | ഈ |
| അഹം | ഞാൻ |
| പ്രകൃതിസ്ഥഃ ച; | സ്വസ്ഥനായിത്തീർന്നിരിക്കുന്നു; |
| വിശേഷതഃ | വിശേഷിച്ചും |
| അസ്മിൻ | ഈ |
| കാലേ | ദുർഭാഗ്യകാലത്തിൽ |
| ഈദൃശഃ | ഏതാദൃശനായ |
| ബന്ധുഃ | ആപ്തസ്നേഹിതൻ |
| ദുർല്ലഭഃ ഹി. | ലഭിക്കപ്പെടുകഎന്നതു് പ്രയാസംതന്നെ. |

കിന്തു യത്നസ്ത്വയാ കാര്യോ മൈഥില്യാഃ പരിമാർഗ്ഗണേ
രാക്ഷസസ്യ ച രൌദ്രസ്യ രാവണസ്യ ദുരാത്മനഃ 19

| | |
|---|---|
| "കിന്തു | "ആകയാൽ |
| ദുരാത്മനഃ | ദുഷ്ടനും |
| രൌദ്രസ്യ | ക്രൂരനും |
| രാക്ഷസസ്യ | രാക്ഷസനുമായ |
| രാവണസ്യ | രാവണനെയും |
| മൈഥില്യാഃ ച | ജാനകിയേയും |
| പരിമാർഗ്ഗണേ | തിരഞ്ഞുപിടിക്കുന്ന കാര്യത്തിൽ |
| യത്നഃ | വേണ്ടുന്നയത്നം |
| ത്വയാ | ഭവാനാൽ |
| കാര്യഃ. | കയ്യേല്ക്കപ്പെടേണ്ടതാണു്. |

മയാ ച യദനുഷ്ഠേയം വിസ്രബ്ധേന തദുച്യതാം
വർഷാസ്വിവ ച സുക്ഷേത്രേ സർവ്വം സംപദ്യതേ തവ. 20

| | |
|---|---|
| "മയാ | "എന്നാൽ |
| അനുഷ്ഠേയം | (ഭവാനു്) ചെയ്യപ്പെടേണ്ടതായുള്ളതു് |
| യത് | യാതൊന്നൊ |
| തത് | ആയതെന്തെന്നു് |
| വിസ്രബ്ധേന തു | തുറന്നു |
| ഉച്യതാം; | പറഞ്ഞാലും; |
| സുക്ഷേത്രേ | നല്ല വളക്കൂറുള്ള നിലത്തിൽ |
| വർഷാസു | മഴക്കാലങ്ങളിൽ |
| ഇവ ച, | വിതച്ചവിത്തുകൾ [പോലെ |
| തവ | ഭവാനു് |
| സർവ്വം സംപദ്യതേ. | എല്ലാം സഫലമായി വരുന്നതാണു്. |

മയാ ച യദിദം വാക്യമഭിമാനാത് സമീരിതം
തത് ത്വയാ ഹരിശാർദ്ദൂല തത്ത്വമിത്യുപധാര്യതാം. 21

| | |
|---|---|
| "ഹരിശാർദ്ദൂല! | "വാനരോത്തമ! |
| മയാ | എന്നാൽ |
| യത് ഇദം | യാതൊരു ഈ |
| വാക്യം | വാക്യം |
| അഭിമാനാത് ച | അഭിമാനംമൂലമാണു് |
| സമീരിതം; | കഥിക്കപ്പെട്ടതു്; |
| തത് | ആയതു് |
| ത്വയാ | ഭവാനാൽ |
| തത്ത്വം ഇതി | വാസ്തവമെന്നു് |
| ഉപധാര്യതാം. | വിശ്വസിക്കപ്പെടേണ്ടതാണു്. |

അനൃതം നോക്തപൂർവ്വം മേ ന ച വക്ഷ്യേ കദാചന
ഏതത്തേ പ്രതിജാനാമി സത്യേനൈവ ശപാമി തേ. 22

| | | | |
|---|---|---|---|
| “ മേ | “ എന്നാൽ | ഏതത് | ഇതിനെ |
| അനൃതം | അസത്യമായതു് | പ്രതിജാനാമി ; | ഞാൻ ശപഥംചെയ്യുന്നു ; |
| ഉക്തപൂർവ്വം ന ; | ഇതേവരെയും പറയപ്പെട്ടിട്ടില്ല ; | സത്യേന ഏവ | സത്യത്തെത്തൊട്ടുതന്നെ |
| കദാചന ച | ഇനിമേലും എപ്പോഴും | തേ ശപാമി.” | ഭവാനോട് ഞാൻ പ്രതിജ്ഞചെയ്യുന്നു.” |
| വക്ഷ്യേ ന ; | ഞാൻ പറകയുമില്ല ; | | |
| തേ | ഭവാനോട് | | |

തതഃ പ്രഹൃഷ്ടഃ സുഗ്രീവോ വാനരൈഃ സചിവൈഃ സഹ
രാഘവസ്യ വചഃ ശ്രുത്വാ പ്രതിജ്ഞാതം വിശേഷതഃ. 23

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | വിശേഷതഃ | വിശേഷമായി |
| വാനരൈഃ സചിവൈഃ സഹ | വാനരസചിവന്മാരോടുംകൂടി | പ്രതിജ്ഞാതം | പ്രതിജ്ഞചെയ്യപ്പെട്ട |
| | | രാഘവസ്യ | ശ്രീരാഘവന്റെ |
| | | വചഃ ശ്രുത്വാ | വാക്ക് കേട്ട് |
| സുഗ്രീവഃ | സുഗ്രീവൻ | പ്രഹൃഷ്ടഃ. | ആനന്ദിച്ചു. |

ഏവമേകാന്തസംപൃക്തൌ തതസ്തൌ നരവാനരൌ
ഉഭാവന്യോന്യസദൃശം സുഖം ദുഃഖം പ്രഭാഷതാം. 24

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | അന്യോന്യ-സദൃശം | രണ്ടുപേർക്കും ഒരേമാതിരിയായി ഏർപ്പെട്ടതായ |
| തൌ | ആ | ദുഃഖം | ദുഃഖത്തെക്കുറിച്ചും |
| നരവാനരൌ | നരനും വാനരനുമായ | സുഖം | അതിനുള്ള നിവാരണത്തെക്കുറിച്ചും |
| ഉഭൌ, | രണ്ടുപേരും, | | |
| ഏവം | ഇപ്രകാരം | | |
| ഏകാന്ത-സംപൃക്തൌ | ഒരു ഏകാന്തസ്ഥലത്തെ പ്രാപിച്ചവരായി | പ്രഭാഷതാം. | സംഭാഷണംചെയ്തുകൊണ്ടിരുന്നു. |

മഹാനുഭാവസ്യ വചോ നിശമ്യ ഹരിർന്നരാണാമൃഷഭസ്യ തസ്യ
കൃതം സ മേനേ ഹരിവീരമുഖ്യസ്തദാ സ്വകാര്യം ഹൃദയേന വിദ്വാൻ.

| | | | |
|---|---|---|---|
| ഹരിഃ | വാനരനും | തസ്യ | ആ |
| ഹരിവീരമുഖ്യഃ | വാനരവീരന്മാരിൽ വെച്ച് ഉത്തമനും | മഹാനുഭാവസ്യ | മഹാനുഭാവന്റെ |
| | | വചഃ നിശമ്യ, | വാക്യത്തെ കേട്ട്, |
| വിദ്വാൻ | അറിവുള്ളവനും ആയ | തദാ | ആ സമയം |
| സഃ, | അവൻ, | സ്വകാര്യം | തന്റെ കാര്യം |
| നരാണാം ഋഷഭസ്യ | പുരുഷോത്തമനായ | കൃതം | സാധിച്ചതായി |
| | | ഹൃദയേന മേനേ. | മനസ്സിൽ നിശ്ചയിച്ചു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
സപ്തമഃ സർഗ്ഗഃ = ഏഴാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ **9591**.; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ **339.**

## അഷ്ടമഃ സൎഗ്ഗഃ = എട്ടാംസൎഗ്ഗം.

[വാലിവധപ്രതിജ്ഞാ = ബാലിവധത്തെ പ്രതിജ്ഞചെയ്യുന്നതു്].

പരിതുഷ്ടസ്തു സുഗ്രീവസ്തേന വാക്യേന വാനരഃ
ലക്ഷ്മണസ്യാഗ്രതോ രാമമിദം വചനമബ്രവീത് 1

| | |
|---|---|
| സുഗ്രീവഃ | സുഗ്രീവനെന്ന |
| വാനരഃ | വാനരൻ |
| തേന | ആ |
| വാക്യേന | വാക്യത്താൽ |
| പരിതുഷ്ടഃ തു, | അതിയായ സന്തുഷ്ടിപൂണ്ടവനായി, |
| രാമം, | ശ്രീരാമനോടായി, |
| ലക്ഷ്മണസ്യ | ലക്ഷ്മണന്റെ |
| അഗ്രതഃ, | മുമ്പിൽ വെച്ചു്, |
| ഇദം | ഇപ്രകാരം |
| വചനം | വാക്യത്തെ |
| അബ്രവീത്. | ഉരചെയ്തു. |

സൎവ്വഥാഽഹമനുഗ്രാഹ്യോ ദേവതാനാമസംശയഃ
ഉപപന്നഗുണോപേതഃ സഖാ യസ്യ ഭവാൻ മമ. 2

| | |
|---|---|
| "ഉപപന്നഗുണോപേതഃ | "കല്യാണഗുണഗണസമ്പന്നനായ |
| ഭവാൻ, | നിന്തിരുവടി, |
| യസ്യ | യാതൊരു |
| മമ | എനിക്കു് |
| സഖാ, | മിത്രമോ, അപ്രകാരമുള്ള |
| അഹം | ഞാൻ, |
| സൎവ്വഥാ | സൎവ്വപ്രകാരത്തിലും |
| ദേവതാനാം | ദേവന്മാരുടെ |
| അനുഗ്രാഹ്യഃ, | അനുഗ്രഹത്തിന്നു് പാത്രീഭൂതനായി, |
| അസംശയഃ. | സംശയമില്ല. |

ശക്യം ഖലു ഭവേദ്രാമ സഹായേന ത്വയാഽനഘ
സുരരാജ്യമപി പ്രാപ്തും സ്വരാജ്യം കിം പുനഃ പ്രഭോ. 3

| | |
|---|---|
| "അനഘ! | "നിൎദ്ദോഷമാകുംവണ്ണം |
| പ്രഭോ! | എന്തും ചെയ്വാൻ പ്രഭാവമുള്ളവനായ |
| രാമ! | ശ്രീരാമ! |
| ത്വയാ സഹായേന | നിന്തിരുവടിയാൽ സഹായിക്കപ്പെട്ട ഒരുവനാൽ |
| സുരരാജ്യം അപി | ദേവന്മാരുടെ രാജ്യത്തെത്തന്നെ |
| പ്രാപ്തും | പ്രാപിപ്പാൻ |
| ശക്യം ഭവേത്; | സാദ്ധ്യമാകുന്നതാണു്; |
| സ്വരാജ്യം ഖലു | എന്റെ സ്വന്തം രാജ്യത്തെമാത്രമെന്നുവെച്ചാൽ |
| കിം പുനഃ? | പറയേണ്ടതുണ്ടോ? |

സോഽഹം സഭാജ്യോ ബന്ധൂനാം സുഹൃദാം ചൈവ രാഘവ
യസ്യാഗ്നിസാക്ഷികം മിത്രം ലബ്ധം രാഘവവംശജം. 4

| | |
|---|---|
| "രാഘവ! | "ശ്രീരാഘവ! |
| യസ്യ | യാതൊരുവന്നു്, |
| രാഘവവംശജം | രഘുകുലജാതനായ നിന്തിരുവടി |
| അഗ്നിസാക്ഷികം | അഗ്നിസാക്ഷിയായി |
| മിത്രം | മിത്രമായി |
| ലബ്ധം, | പ്രാപിക്കപ്പെട്ടുവോ, |
| സഃ അഹം | ആ ഞാൻ |
| ബന്ധൂനാം ച | ബന്ധുക്കളുടേയും |
| സുഹൃദാം ഏവ | സുഹൃത്തുക്കളുടേയും |
| സഭാജ്യഃ. | ബഹുമാനത്തിന്നു പാത്രീഭവിച്ചിരിക്കുന്നു. |

അഹമപ്യനുരൂപസ്തേ വയസ്യോ ജ്ഞാസ്യസേ ശനൈഃ
ന തു വക്തും സമർത്ഥോഽഹം സ്വയമാത്മഗതാൻ ഗുണാൻ. 5

| | |
|---|---|
| "തേ | "നിന്തിരുവടിക്ക് |
| അഹം അപി | ഞാൻതന്നെ |
| അനുരൂപഃ | തക്ക |
| വയസ്യഃ, | സ്നേഹിതൻ എന്നുള്ളതിനെ, |
| ശനൈഃ | കാലക്രമംകൊണ്ട് |
| ജ്ഞാസ്യസേ; | നിന്തിരുവടി അറിയാറാകും; |
| അഹം | ഞാൻ, |
| സ്വയം തു | ഞാൻതന്നെ, |
| ആത്മഗതാൻ | എന്നിലുള്ള |
| ഗുണാൻ | ഗുണങ്ങളെ |
| വക്തും | എടുത്തുപറയുന്നതിന്ന് |
| സമർത്ഥഃ ന. | ആളല്ല. |

മഹാത്മാനം തു ഭൂയിഷ്ഠം ത്വദ്വിധാനാം കൃതാത്മനാം
നിശ്ചലാ ഭവതി പ്രീതിർധൈര്യമാത്മവതാമിവ. 6

| | |
|---|---|
| "ത്വദ്വിധാനാം | "നിന്തിരുവടിയെപ്പോലെയുള്ള |
| കൃതാത്മനാം | ആത്മജ്ഞാനികളായ |
| മഹാത്മനാം | മഹാന്മാരുടെ |
| പ്രീതിഃ തു, | പ്രീതിയാകട്ടെ, |
| ആത്മവതാം | ആത്മജ്ഞാനികളുടെ |
| ഭൂയിഷ്ഠം | മഹത്തായ |
| ധൈര്യം | നിശ്ചലമനസ്കത |
| ഇവ, | പോലെ, |
| നിശ്ചലാ ഭവതി. | സ്ഥിരമായതാകുന്നു. |

രജതം വാ സുവർണ്ണം വാ വസ്ത്രാണ്യാഭരണാനി ച
അവിഭക്താനി സാധൂനാമവഗച്ഛന്തി സാധവഃ. 7

| | |
|---|---|
| "രജതം വാ | "വെള്ളിയൊ |
| സുവർണ്ണം | സ്വർണ്ണമൊ |
| വസ്ത്രാണി ച | വസ്ത്രങ്ങളൊ |
| ആഭരണാനി വാ, | ആഭരണങ്ങളൊ എന്തുതന്നെയായാലും |
| സാധവഃ | സജ്ജനങ്ങൾ |
| സാധൂനാം | മിത്രന്മാൎക്ക് |
| അവിഭക്താനി | വ്യത്യാസമില്ലാതെ |
| അവഗച്ഛന്തി. | കരുതുന്നു. |

ആഢ്യോ വാഽപി ദരിദ്രോ വാ ദുഃഖിതഃ സുഖിതോഽപി വാ
നിർദ്ദോഷോ വാ സദോഷോ വാ വയസ്യഃ പരമാ ഗതിഃ. 8

| | |
|---|---|
| "ആഢ്യഃ വാ അപി | "ധനികനൊ |
| ദരിദ്രഃ വാ, | ദരിദ്രനൊ ആയിരുന്നാലും, |
| ദുഃഖിതഃ അപി | ദുഃഖപ്പെടുന്നവനൊ |
| സുഖിതഃ വാ | സുഖം പൂണ്ടവനൊ ആയാലും |
| നിർദ്ദോഷഃ വാ, | ദോഷരഹിതനൊ |
| സദോഷഃ വാ, | ദോഷയുക്തനൊ ആയാലും, |
| വയസ്യഃ | ഒരു സ്നേഹിതൻതന്നെയാണ് |
| പരമാ ഗതിഃ. | ഉത്തമമായ ആശ്രയമായിട്ടുള്ളത്. |

ധനത്യാഗഃ സുഖത്യാഗോ ദേഹത്യാഗോഽപി വാ പുനഃ
വയസ്യാർത്ഥേ പ്രവർത്തന്തേ സ്നേഹം ദൃഷ്ട്വാ തഥാവിധം 9

| | | | |
|---|---|---|---|
| "തഥാവിധം | "അപ്രകാരമുള്ള | സുഖത്യാഗഃ | തന്റെ സുഖങ്ങളെയെല്ലാം വെടിയുന്നതും |
| സ്നേഹം ദൃഷ്ട്വാ | സ്നേഹത്തെ കരുതി | പുനഃ വാ | വേണമെങ്കിൽ |
| വയസ്യാൎത്ഥേ | സ്നേഹിതന്റെ സംഗതിയിൽ | ദേഹത്യാഗഃ അപി | ജീവനെത്തന്നെ ഉപേക്ഷിക്കുന്നതും |
| ധനത്യാഗഃ | തന്റെ സ്വത്തിനെ മുഴുവൻ സമൎപ്പണം ചെയ്യുന്നതും | പ്രവൎത്തന്തേ." | ധൎമ്മമായി ഭവിക്കുന്നു." |

തത്തഥേത്യബ്രവീദ്രാമഃ സുഗ്രീവം പ്രിയവാദിനം
ലക്ഷ്മണസ്യാഗ്രതോ ലക്ഷ്മ്യാ വാസവസ്യേവ ധീമതഃ 10

| | | | |
|---|---|---|---|
| രാമഃ, | ശ്രീരാമൻ, | പ്രിയവാദിനം | ഇങ്ങിനെ ഹിതമായി ഉണൎത്തിച്ചവനായ |
| ലക്ഷ്മ്യാ | തേജസ്സുകൊണ്ടു് | സുഗ്രീവം, | സുഗ്രീവനോടായി, |
| വാസവസ്യ ഇവ | ഇന്ദ്രതുല്യനും | "തത് തഥാ," ഇതി | "അയത് ഭവാൻ പറയുന്നപ്രകാരം തന്നെ" എന്നു് |
| ധീമതഃ | ധീമാനുമായ | | |
| ലക്ഷ്മണസ്യ | ലക്ഷ്മണന്റെ | | |
| അഗ്രതഃ, | മുമ്പിൽ വെച്ചു്, | അബ്രവീത്. | അരുളിച്ചെയ്തു. |

തതോ രാമം സ്ഥിതം ദൃഷ്ട്വാ ലക്ഷ്മണം ച മഹാബലം
സുഗ്രീവഃ സൎവ്വതശ്ചക്ഷുൎവ്വനേ ലോലമപാതയത്. 11

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ലക്ഷ്മണം ച | ലക്ഷ്മണനേയും അപ്രകാരം നില്ക്കുന്നവനായും |
| സുഗ്രീവഃ | സുഗ്രീവൻ | ദൃഷ്ട്വാ, | കണ്ടു്, |
| രാമം | ശ്രീരാമനെ | ലോലം ചക്ഷുഃ | തന്റെ ചഞ്ചലനേത്രത്തെ |
| സ്ഥിതം, | നിന്നുകൊണ്ടിരിക്കുന്നവനായും, | വനേ | കാട്ടിൽ |
| | | സൎവ്വതഃ | നാലുപാടും, |
| മഹാബലം | മഹാബലശാലിയായ | അപാതയത്. | ഓടിച്ചു. |

[" തതഃ " (ആഭരണങ്ങളെ വാങ്ങിനോക്കിയതിന്നുശേഷം) എന്നു ഗോ. രാ. (പിറ്റെ ദിവസം) എന്നു രാമാനുജീയം].

സ ദദൎശ തതഃ സാലമവിദൂരേ ഹരീശ്വരഃ
സുപുഷ്പമീഷത്പത്രാഢ്യം ഭ്രമരൈരുപശോഭിതം. 12

| | | | |
|---|---|---|---|
| ഹരീശ്വരഃ | വാനരാധിപനായ | ഈഷത്-പത്രാഢ്യം | അല്പം ഇലകളോടു കൂടിയതും |
| സഃ | ആ സുഗ്രീവൻ | | |
| തതഃ | അള്ളിക്കിൽ | ഭ്രമരൈഃ | വണ്ടത്താന്മാരാൽ |
| അവിദൂരേ | അരികിലായി | ഉപശോഭിതം സാലം | രമ്യമായിരിക്കുന്നതും ആയ ഒരു സാലവൃക്ഷത്തെ |
| സുപുഷ്പിതം | നന്നായി പൂത്തുനില്ക്കുന്നതും | ദദൎശ. | കണ്ടു. |

തസ്യൈകാം പർണ്ണബഹുലാം ഭങ്ക്ത്വാ ശാഖാം സുപുഷ്പിതാം
സാലസ്യാസ്തീര്യ്യ സുഗ്രീവോ നിഷസാദ സരാഘവഃ. 13

| | | | |
|---|---|---|---|
| സുഗ്രീവഃ | സുഗ്രീവൻ, | ഭങ്ക്ത്വാ | ഒടിച്ച് |
| തസ്യ സാലസ്യ | ആ സാലമരത്തിൽ | ആസ്തീര്യ്യ, | താഴത്തിട്ട്, |
| സുപുഷ്പിതാം | നന്നായി പൂത്ത് | സരാഘവഃ | ശ്രീരാമനോടുംകൂടി |
| പർണ്ണബഹുലാം | ഇലകൾ ധാരാളമുള്ള | നിഷസാദ. | ഇരുന്നു. |
| ഏകാം ശാഖാം | ഒരു ചില്ല് | | |

താവാസീനൗ തതോ ദൃഷ്ട്വാ ഹനുമാനപി ലക്ഷ്മണം
സാലശാഖാം സമുത്പാട്യ വിനീതമുപവേശയത്. 14

| | | | |
|---|---|---|---|
| ഹനുമാൻ | ഹനുമാൻ | സാലശാഖാം | ഒരു സാലവൃക്ഷക്കൊ[മ്പിനെ |
| തതഃ | അവിടെ | സമുത്പാട്യ | ഒടിച്ച്, |
| തൗ | അവർ രണ്ടുപേരേയും | വിനീതം | വിനയഭാവത്തിൽ |
| ആസീനൗ | ഇരിക്കുന്നവരായി | ലക്ഷ്മണം അപി | ലക്ഷ്മണനേയും |
| ദൃഷ്ട്വാ, | കണ്ട്, | ഉപവേശയത്. | ഇരുത്തി. |

സുഖോപവിഷ്ടം രാമം തു പ്രസന്നമുദധിം യഥാ
ഫലപുഷ്പസമാകീർണ്ണേ തസ്മിൻ ഗിരിവരോത്തമേ. 15
തതഃ പ്രഹൃഷ്ടഃ സുഗ്രീവഃ ശ്ലക്ഷ്ണയാ ശുഭയാ ഗിരാ
ഉവാച പ്രണയാദ്രാമം ഹർഷവ്യാകുലിതാക്ഷരം. 16

| | | | |
|---|---|---|---|
| തതഃ | ആ സമയം | രാമം | അഭിരാമനായ |
| സുഗ്രീവഃ | സുഗ്രീവൻ | രാമം തു | ശ്രീരാമനോടായി |
| തസ്മിൻ | ആ | പ്രഹൃഷ്ടഃ | സന്തുഷ്ടഹൃദയനായി |
| ഫലപുഷ്പ-സമാകീർണ്ണേ | പഴങ്ങളും പൂക്കളും നിറഞ്ഞതായ | പ്രണയാത് | ബഹുമാനപുരസ്സരം |
| ഗിരി-വരോത്തമേ, | ഉത്തമപർവ്വതത്തിൽ, | ശ്ലക്ഷ്ണയാ | മധുരമായ |
| പ്രസന്നം ഉദധിം യഥാ | ശാന്തമായ സമുദ്രമെന്നപോലെ | ശുഭയാ ഗിരാ, | തക്കമൊഴികൊണ്ട്, |
| സുഖോപവിഷ്ടം | സുഖാസീനനായി ഇരുന്നിരുന്ന | ഹർഷ-വ്യാകുലിതാ-ക്ഷരം | സന്തോഷത്താൽ ഇടറുന്ന അക്ഷരങ്ങളോടുകൂടി |
| | | ഉവാച. | ഉണർത്തിച്ചു. |

അഹം വിനികൃതോ ഭ്രാത്രാ ചരാമ്യേഷ ഭയാർദിതഃ
ഋശ്യമൂകം ഗിരിവരം ഹൃതഭാര്യ്യഃ സുദുഃഖിതഃ. 17

| | | | |
|---|---|---|---|
| "ഏഷഃ അഹം | "ഈ ഞാൻ | ഭയാർദിതഃ | ആപത്തിനെത്തന്നെ ഓർത്ത് ദുഃഖംപൂണ്ട് |
| ഭ്രാത്രാ | ജ്യേഷ്ഠനാൽ | സുദുഃഖിതഃ | ഉള്ളം കലങ്ങിയവനായി |
| വിനികൃതഃ | അവമാനിക്കപ്പെട്ട് | ഋശ്യമൂകം ഗിരിവരം | ഋശ്യമൂകഗിരിയിൽ |
| ഹൃതഭാര്യ്യഃ | ഭാര്യ്യ അപഹരിക്കപ്പെട്ടവനായി | ചരാമി. | കാലംകഴിക്കുകയാണ്. |

സോऽഹം ത്രസ്തോ ഭയേ മഗ്നോ വസാമ്യുദ്ഭ്രാന്തചേതനഃ
വാലിനാ നികൃതോ ഭ്രാത്രാ കൃതവൈരശ്ച രാഘവ. 18

| | |
|---|---|
| "രാഘവ! | "ശ്രീരാമ! |
| ഭ്രാത്രാ വാലിനാ | ജ്യേഷ്ഠനായ ബാലിയാൽ |
| നികൃതഃ | ചതിക്കപ്പെട്ട് |
| കൃതവൈരഃ ച | പക കരുതപ്പെട്ടവനായി |
| ഭയേ മഗ്നഃ | ആപത്തിലകപ്പെട്ട് |
| ഉദ്ഭ്രാന്തചേതനഃ | ചിത്തം പതറുന്നവനായി |
| ത്രസ്തഃ | നടുങ്ങിയവനായ |
| സഃ അഹം വസാമി. | അപ്രകാരമുള്ള ഞാൻ ഇവിടെ ചുററിത്തിരിയുന്നു. |

വാലിനോ മേ ഭയാർത്തസ്യ സർവ്വലോകാഭയംകര
മമാപി ത്വമനാഥസ്യ പ്രസാദം കർത്തുമർഹസി. 19

| | |
|---|---|
| "സർവ്വലോകാഭയംകര! | "എല്ലാലോകത്തിന്നും അഭയം നൽകുന്നവനെ |
| വാലിനഃ | ബാലിയിൽനിന്നു |
| ഭയാർത്തസ്യ | ഭയാകുലിതനായ് |
| അനാഥസ്യ | നിസ്സഹായനായിരിക്കുന്ന |
| മേ | എനിക്കും |
| മമ അപി | എന്നെച്ചൂന്നവക്കും |
| ത്വം | നിന്തിരുവടി |
| പ്രസാദം കർത്തും അർഹസി." | ശരണം നൽകുവാൻ പ്രസാദിച്ചരുളിയാലും." |

ഏവമുക്തസ്തു തേജസ്വീ ധർമ്മജ്ഞോ ധർമ്മവത്സലഃ
പ്രത്യുവാച സ കാകുത്സ്ഥഃ സുഗ്രീവം പ്രഹസന്നിവ. 20

| | |
|---|---|
| ഏവം | മേൽപ്രകാരം |
| ഉക്തഃ | ഉരചെയ്യപ്പെട്ടവനും |
| തേജസ്വീ | തേജസ്വിയും |
| ധർമ്മജ്ഞഃ | ധർമ്മജ്ഞനും |
| ധർമ്മവത്സലഃ തു | ധർമ്മതല്പരനും ആയ |
| സഃ കാകുത്സ്ഥഃ | ആ ശ്രീരാമൻ |
| പ്രഹസൻ ഇവ | അല്പം പുഞ്ചിരിപൂണ്ടവനായി |
| സുഗ്രീവം പ്രത്യുവാച. | സുഗ്രീവനോടായി അരുളിച്ചെയ്തു. |

ഉപകാരഫലം മിത്രമപകാരോऽരിലക്ഷണം
അദ്യൈവ തം ഹനിഷ്യാമി തവ ഭാര്യാപഹാരിണം. 21

| | |
|---|---|
| "മിത്രം | "മിത്രനാകട്ടെ |
| ഉപകാരഫലം; | ഉപകാരത്തെ വിലവെക്കുന്നവനാകുന്നു; |
| അപകാരഃ | അപകാരമെന്നതു് |
| അരിലക്ഷണം | ശത്രുക്കൾക്കുള്ള ലക്ഷണവുമാകുന്നു |
| തവ ഭാര്യാപഹാരിണം | ഭവാന്റെ ഭാര്യയെ അപഹരിച്ച |
| തം | അവനെ |
| അദ്യ ഏവ | ഇപ്പോൾതന്നെ |
| ഹനിഷ്യാമി. | ഞാൻ സംഹരിക്കുന്നുണ്ടു്. |

ഇമേ ഹി മേ മഹാഭാഗ പത്രിണസ്തിഗ്മതേജസഃ
കാർത്തികേയവനോദ്ഭൂതാഃ ശരാ ഹേമവിഭൂഷിതാഃ 22
കങ്കപത്രപ്രതിച്ഛന്നാ മഹേന്ദ്രാശനിസന്നിഭാഃ
സുപർവ്വാണഃ സുതീക്ഷ്ണാഗ്രാഃ സരോഷാ ഭുജഗാ ഇവ. 23

| | |
|---|---|
| "മഹാഭാഗ! | "മഹാഭാഗ്യശാലിയായവനേ! |
| പത്രിണഃ | കത്തിമുനയുള്ളവയും |
| തിഗ്മതേജസഃ | ഉഗ്രതേജസ്സാർന്നവയും |
| കാർത്തികേയവനോദ്ഭൂതാഃ | കാർത്തികേയവനത്തിൽ (ശരവണം) ഉണ്ടായവയും |
| ഹേമവിഭൂഷിതാഃ | സ്വർണ്ണംകെട്ടിയവയും |
| കങ്കപത്രപ്രതിച്ഛന്നാഃ | കഴുകിൻ ചിറകുകൾ കെട്ടിയവയും |
| മഹേന്ദ്രാശനിസന്നിഭാഃ | ഇന്ദ്രന്റെ വജ്രായുധത്തിനു തുല്യമായവയും |
| സുപർവ്വാണഃ | ഉഴിഞ്ഞ കണുക്കളാർന്നവയും |
| സുതീക്ഷ്ണാഗ്രാഃ | കൂർത്ത അഗ്രങ്ങളുള്ളവയും ആയ |
| മേ | എന്റെ |
| ഇമേ ശരാഃ ഹി | ഈ ബാണങ്ങൾ |
| സരോഷാഃ | ചീറുന്ന |
| ഭുജഗാഃ ഇവ. | സർപ്പങ്ങൾപോലെയുള്ളവയാകുന്നു. |

ഭ്രാതൃസംജ്ഞമമിത്രം തേ വാലിനം കൃതകില്ബിഷം
ശരൈർവിനിഹതം പശ്യ വികീർണ്ണമിവ പർവ്വതം. 24

| | |
|---|---|
| "ഭ്രാതൃസംജ്ഞം | "ജ്യേഷ്ഠനെന്ന പേരുമാത്രംവെച്ചുംകൊണ്ടു |
| തേ | ഭവാന്റെ |
| അമിത്രം | ശത്രുവായി |
| കൃതകില്ബിഷം | തിന്മചെയ്യുന്നവനായ |
| വാലിനം, | ബാലിയെ, |
| ശരൈഃ, | ബാണങ്ങളെക്കൊണ്ടു |
| വികീർണ്ണം | തകർന്നുകിടക്കുന്ന |
| പർവ്വതം ഇവ | പർവ്വതമെന്നപോലെ |
| വിനിഹതം | കൊല്ലപ്പെട്ടു വീണുകിടക്കുന്നവനായി |
| പശ്യ." | കണ്ടുകൊൾക." |

രാഘവസ്യ വചഃ ശ്രുത്വാ സുഗ്രീവോ വാഹിനീപതിഃ
പ്രഹർഷമതുലം ലേഭേ സാധു സാധ്വിതി ചാബ്രവീത്. 25

| | |
|---|---|
| വാഹിനീപതിഃ | വൻസൈന്യത്തിന്നധിപതിയായ |
| സുഗ്രീവഃ, | സുഗ്രീവൻ, |
| രാഘവസ്യ | ശ്രീരാമന്റെ |
| വചഃ ശ്രുത്വാ, | അരുളപ്പാടുകേട്ട്, |
| അതുലാ | അളവററ |
| പ്രഹർഷം ലേഭേ; | സന്തോഷമുൾക്കൊണ്ടു; |
| "സാധു | "ഇതു മഹാ |
| സാധു," | ഭാഗ്യംതന്നെ," |
| ഇതി ച | എന്നും |
| അബ്രവീത്. | ഉരചെയ്തു. |

രാമ ശോകാഭിഭൂതോഽഹം ശോകാർത്താനാം ഭവാൻ ഗതിഃ
വയസ്യ ഇതി കൃത്വാ ഹി ത്വയ്യഹം പരിദേവയേ. 26

| | | | |
|---|---|---|---|
| " രാമ! | " ശ്രീരാമ! | ഗതിഃ; | ഗതി; |
| അഹം | ഞാൻ | അഹം | ഞാൻ |
| ശോകാഭിഭൂതഃ; | ദുഃഖത്തിലാണ്ടുകിടക്കുന്നു; | വയസ്യഃ ഇതി കൃത്വാ ഹി | മിത്രമാണെന്ന ഭാവത്തെ കയ്ക്കൊണ്ടുതന്നെ |
| ശോകാർത്താനാം | ദുഃഖാക്രാന്തന്മാരായവർക്ക് | ത്വയി പരിദേവയേ | നിന്തിരുവടിയോട് എന്റെ ദുഃഖത്തെക്കുറിച്ച് പ്രലപിക്കയാണ്. |
| ഭവാൻ | നിന്തിരുവടിയാണല്ലോ | | |

ത്വം ഹി പാണിപ്രദാനേന വയസ്യോ മേഽഗ്നിസാക്ഷികം
കൃതഃ പ്രാണൈർബഹുമതഃ സത്യേനാപി ശപാമ്യഹം. 27

| | | | |
|---|---|---|---|
| " പാണി-പ്രദാനേന | കൈതന്ന് | പ്രാണൈഃ | എന്റെ ജീവനെക്കാളും |
| അഗ്നിസാക്ഷികം | അഗ്നിസാക്ഷിയായി | ബഹുമതഃ ഹി; | വലുതായി കരുതപ്പെട്ടവൻതന്നെയാണ്; |
| മേ | എനിക്ക് | അഹം | ഞാൻ |
| വയസ്യഃ കൃതഃ | സഖാവായി തീർന്നവനായ | സത്യേന അപി | സത്യത്തെത്തൊട്ടും |
| ത്വം, | നിന്തിരുവടി, | ശപാമി. | ശപഥംചെയ്യുന്നു. |

വയസ്യ ഇതി കൃത്വാ ച വിസ്രബ്ധഃ പ്രവദാമ്യഹം
ദുഃഖമന്തർഗതം യന്മേ മനോ ദഹതി നിത്യശഃ. 28

| | | | |
|---|---|---|---|
| " അഹം | ഞാൻ | അന്തർഗതം | മനസ്സിലുള്ള |
| വയസ്യഃ ഇതി | മിത്രമാണെന്നുള്ള | ദുഃഖം | ദുഃഖം |
| കൃത്വാ ച, | ഭാവത്തിൽതന്നെ, | യത് | യാതൊന്നോ, അത് |
| വിസ്രബ്ധഃ | ഒന്നിനേയും മറച്ചുവെക്കാതെ | മേ മനഃ | എന്റെ ചിത്തത്തെ |
| പ്രവദാമി; | ഉണർത്തിക്കുന്നു; | നിത്യശഃ | സദാ |
| | | ദഹതി." | ദഹിപ്പിക്കുന്നു." |

ഏതാവദുക്ത്വാ വചനം ബാഷ്പദൂഷിതലോചനഃ
ബാഷ്പോപഹതയാ വാചാ നോച്ചൈഃ ശക്നോതി ഭാഷിതും. 29

| | | | |
|---|---|---|---|
| ബാഷ്പദൂഷിത-ലോചനഃ | അശ്രുക്കൾകൊണ്ട് കലങ്ങിയ നേത്രങ്ങളാർന്നവനായ അവൻ | ഏതാവത് | ഇത്രത്തോളമുള്ള |
| ബാഷ്പോപ-ഹതയാ | അശ്രുക്കൾ കാരണം ഇടറുന്ന | വചനം | മൊഴി |
| വാചാ | വാക്കുകൊണ്ട് | ഉക്ത്വാ, | ഉരചെയ്തശേഷം, |
| | | ഭാഷിതും | ഒന്നുംപറവാൻ |
| | | ഉച്ചൈഃ | ഒട്ടും |
| | | ശക്നോതി ന. | ശക്തനായില്ല. |

ബാഷ്പവേഗം തു സഹസാ നദീവേഗമിവാഗതം
ധാരയാമാസ ധൈര്യേണ സുഗ്രീവോ രാമസന്നിധൌ. 30

| | |
|---|---|
| സുഗ്രീവഃ | സുഗ്രീവൻ |
| രാമസന്നിധൌ | ശ്രീരാമന്റെ തിരുമുമ്പിൽ |
| നദീവേഗം ഇവ | നദീപ്രവാഹത്തെപ്പോലെ |
| ആഗതം | പെരുകിയതായ |
| ബാഷ്പവേഗം തു | അശ്രുപാതത്തെയും |
| ധൈര്യേണ | ധൈര്യത്തെ അവലംബിച്ച് |
| സഹസാ | വളരെ കഷ്ടപ്പെട്ട് |
| ധാരയാമാസ. | ഒതുക്കിനിർത്തി. |

സംനിഗൃഹ്യ തു തം ബാഷ്പം പ്രമൃജ്യ നയനേ ശുഭേ
വിനിശ്വസ്യ ച തേജസ്വീ രാഘവം പുനരബ്രവീത്. 31

| | |
|---|---|
| തേജസ്വീ | തേജസ്വിയായ അവൻ |
| തം ബാഷ്പം | ആ ബാഷ്പത്തെ |
| സംനിഗൃഹ്യ, | തടഞ്ഞു്, |
| ശുഭേ | അഴകാർന്ന |
| നയനേ തു | നേത്രങ്ങൾ രണ്ടിനെയും |
| പ്രമൃജ്യ, | തുടച്ച്, |
| വിനിശ്വസ്യ ച | ദീർഘമായി നിശ്വസിച്ചുംകൊണ്ട് |
| പുനഃ | വീണ്ടും |
| രാഘവം അബ്രവീത്. | ശ്രീരാമനോടായി ഉണർത്തിച്ചു. |

പുരാഽഹം വാലിനാ രാമ രാജ്യാത്സ്വാദവരോപിതഃ
പരുഷാണി ച സംശ്രാവ്യ നിർദ്ധൂതോഽസ്മി ബലീയസാ. 32

| | |
|---|---|
| “രാമ! | “ശ്രീരാമ! |
| ബലീയസാ | അതിബലശാലിയായ |
| വാലിനാ, | ബാലിയാൽ, |
| പുരാ | ആദ്യം |
| പരുഷാണി | പരുഷവാക്കുകൾ |
| സംശ്രാവ്യ, | ഉരചെയ്തു്, |
| നിർദ്ധൂതഃ ച | അവമാനിക്കപ്പെട്ടവനായി |
| സ്വാത് | സ്വന്തം |
| രാജ്യാത് | രാജ്യത്തിൽനിന്നും |
| അവരോപിതഃ | ആട്ടിക്കളയപ്പെട്ടവനായി |
| അഹം അസ്മി. | ഞാൻ വർത്തിക്കുന്നു. |

ഹൃതാ ഭാര്യാ ച മേ തേന പ്രാണേഭ്യോഽപി ഗരീയസീ
സുഹൃദശ്ച മദീയാ യേ സംയതാ ബന്ധനേഷു തേ. 33

| | |
|---|---|
| “മേ | “എന്റെ |
| പ്രാണേഭ്യഃ അപി | പ്രാണങ്ങളെക്കാളും |
| ഗരീയസീ | പ്രിയപ്പെട്ടവളായ |
| ഭാര്യാ ച, | ഭാര്യയും, |
| തേന | അവനാൽ |
| ഹൃതാ ; | അപഹരിക്കപ്പെട്ടു ; |
| മദീയാഃ | എന്റെ |
| സുഹൃദഃ | സ്നേഹിതന്മാർ |
| യേ | യാതൊരുവരോ |
| തേ ച, | അവരും, |
| ബന്ധനേഷു | തടവുകളിൽ |
| സംയതാഃ. | ബന്ധിക്കപ്പെട്ടിരിക്കുന്നു. |

യത്നവാംശ്ച സുദുഷ്ടാത്മാ മദ്വിനാശായ രാഘവ
ബഹുശസ്തത്പ്രയുക്താശ്ച വാനരാ നിഹതാ മയാ 34

| | | | |
|---|---|---|---|
| "രാഘവ! | "ശ്രീരാമ! | തത്- പ്രയുക്താഃ ച | അവനാൽ അയക്കപ്പെട്ട |
| സുദുഷ്ടാത്മാ | അതിദുഷ്ടനായ അവൻ | വാനരാഃ ച | വാനരന്മാരും, |
| മദ്വിനാശായ | എന്നെക്കൊല്ലുവാനായി | മയാ | എന്നാൽ |
| ബഹുശഃ | പലകുറി | നിഹതാഃ. | വധിക്കപ്പെട്ടു. |
| യത്നവാൻ; | ശ്രമിച്ചു; | | |

ശങ്കയാ ത്വേതയാ ചേഹ ദൃഷ്ട്വാ ത്വാമപി രാഘവ
നോപസർപ്പാമ്യഹം ഭീതോ ഭയേ സർവ്വേ ഹി ബിഭ്യതി. 35

| | | | |
|---|---|---|---|
| "രാഘവ! | "ശ്രീരാമ! | ത്വാം ദൃഷ്ട്വാ അപി | നിന്തിരുവടിയെ കണ്ടിട്ടുംകൂടി |
| ഭീതഃ | ആപത്തിലകപ്പെട്ടവനായ | ഉപസർപ്പാമി ന; | അടുക്കാതിരിക്കുന്നതു്; |
| അഹം | ഞാൻ | സർവ്വേ ച | എല്ലാവരുംതന്നെ |
| ഏതയാ ശങ്കയാ തു | ഈ ആപത്തുമൂലംതന്നെയാണു് | ഭയേ | ആപത്തുകാലത്തിൽ |
| ഇഹ | ഇപ്പോൾ | ബിഭ്യതി ഹി. | ഭീതികയ്ക്കൊള്ളുന്നവരാണല്ലൊ. |

കേവലം ഹി സഹായാ മേ ഹനുമത്പ്രമുഖാസ്ത്വിമേ
അതോഽഹം ധാരയാമ്യദ്യ പ്രാണാൻ കൃച്ഛ്രഗതോഽപി സൻ. 36

| | | | |
|---|---|---|---|
| "ഹനുമത്- പ്രമുഖാഃ | "ഹനുമാൻ മുതലായ | അദ്യ | ഇപ്പോൾ |
| ഇമേ കേവലം | ഇവർ മാത്രമാണു് | അഹം | ഞാൻ |
| മേ | എനിക്കു് | കൃച്ഛ്രഗതഃ | കഷ്ടപ്പെടുന്നവനായി |
| സഹായാഃ തു; | സഹായികളായുള്ളതു്; | അപി സൻ | ഇരുന്നിട്ടും |
| അതഃ ഹി | ഇതിനാൽതന്നെയാണു് | പ്രാണാൻ | ജീവനെ |
| | | ധാരയാമി. | വെച്ചുകൊണ്ടിരിക്കുന്നതു്. |

ഏതേ ഹി കപയഃ സ്നിഗ്ദ്ധാ മാം രക്ഷന്തി സമന്തതഃ
സഹ ഗച്ഛന്തി ഗന്തവ്യേ നിത്യം തിഷ്ഠന്തി ച സ്ഥിതേ. 37

| | | | |
|---|---|---|---|
| "ഏതേ | "ഈ | ഗന്തവ്യേ | വല്ല ദിക്കിലേക്കും പോകേണ്ടതായി വരുമ്പോൾ |
| കപയഃ ഹി | വാനരന്മാർ തന്നെ | സഹ | കൂടെ |
| സ്നിഗ്ദ്ധാഃ | ഏററം പ്രിയം പൂണ്ടവരായി, | ഗച്ഛന്തി; | വരുന്നു; |
| സമന്തതഃ | ചുററും നിന്നുകൊണ്ടു് | നിത്യം | എപ്പോഴും |
| മാം | എന്നെ | സ്ഥിതേ ച | ഇരിക്കുന്ന ദിക്കിലെല്ലാം |
| രക്ഷന്തി; | രക്ഷിച്ചുവരുന്നു; | തിഷ്ഠന്തി. | കൂടെ കാത്തുനില്ക്കുന്നു. |

സംക്ഷേപസ്ത്വേഷ മേ രാമ കിമുക്ത്വാ വിസ്തരം ഹി തേ
സ മേ ജ്യേഷ്ഠോ രിപുർഭ്രാതാ വാലീ വിശ്രുതപൌരുഷഃ. 38

| | | | |
|---|---|---|---|
| "രാമ! | "ശ്രീരാമ! | ഉക്ത്വാ കിം? | ഉണർത്തിക്കേണ്ടതില്ലല്ലൊ? |
| ഏഷഃ തു | ഇതുതന്നെയാണ് | സഃ | ആ |
| മേ | എന്നെക്കുറിച്ചുള്ള | വിശ്രുത-പൌരുഷഃ | വിഖ്യാതവിക്രമനായ |
| സംക്ഷേപഃ; | സംഗതികളുടെ ചുരുക്കം; | ജ്യേഷ്ഠഃ ഭ്രാതാ | ജ്യേഷ്ഠനായ |
| തേ | നിന്തിരുവടിയോടു | വാലീ | ബാലിയാകുന്ന |
| വിസ്തരം ഹി | വിസ്തരിച്ച് | മേ രിപുഃ. | എന്റെ ശത്രു. |

തദ്വിനാശാദ്ധി മേ ദുഃഖം പ്രനഷ്ടം സ്യാദനന്തകം
സുഖം മേ ജീവിതം ചൈവ തദ്വിനാശനിബന്ധനം. 39

| | | | |
|---|---|---|---|
| "തദ്വിനാശാത് ഹി | "അവൻ നശിച്ചാൽ മാത്രമേ | മേ | എനിക്ക് |
| മേ | എനിക്ക് | സുഖം | സംതൃപ്തിയെന്നത് |
| അനന്തകം | അവസാനമില്ലാത്ത | തദ്വിനാശ-നിബന്ധനം | അവന്റെ നാശത്തെ ആശ്രയിച്ചതാകുന്നു; |
| ദുഃഖം | ദുഃഖം [തായ | ജീവിതം ച ഏവ. | ജീവനം അപ്രകാരം തന്നെ. |
| പ്രനഷ്ടം സ്യാത്; | ഇല്ലാതാകയുള്ളു; | | |

ഏഷ മേ രാമ ശോകാന്തഃ ശോകാർത്തേന നിവേദിതഃ
ദുഃഖിതോഽദുഃഖിതോ വാഽപി സഖ്യുർനിത്യം സഖാ ഗതിഃ. 40

| | | | |
|---|---|---|---|
| "രാമ! | "ശ്രീരാമ! | സഖ്യുഃ | ഒരു സ്നേഹിതന്ന് |
| ഏഷഃ | ഇതുമാത്രമാണ് | ദുഃഖിതഃ | താൻ ദുഃഖിതനായാലും |
| മേ | എനിക്കുള്ള | അദുഃഖിതഃ വാ അപി | സുഖിതനായാലും |
| ശോകാന്തഃ; | വ്യസനത്തിന്റെ പര്യവസാനം; | നിത്യം | എപ്പോഴും |
| ശോകാർത്തേന | ദുഃഖാക്രാന്തനായ എന്നാൽ | സഖാ | തന്റെമിത്രംതന്നെയാണ് |
| നിവേദിതഃ; | എല്ലാം ഉണർത്തിക്കപ്പെട്ടുകഴിഞ്ഞു; | ഗതിഃ." | ഗതിയായുള്ളതു്." |

ശ്രുത്വൈതച്ച വചോ രാമഃ സുഗ്രീവമിദമബ്രവീത്
കിന്നിമിത്തമഭൂദ്വൈരം ശ്രോതുമിച്ഛാമി തത്ത്വതഃ. 41

| | | | |
|---|---|---|---|
| രാമഃ | ശ്രീരാമൻ | "കിംനിമിത്തം | "എന്തുകാരണത്താലാണ് |
| ഏതത് വചഃ | ഈവാക്കു | വൈരം | വൈരം |
| ശ്രുത്വാ ച, | കേട്ട്, | അഭൂത്? | ഉത്ഭവിച്ചതു്? |
| സുഗ്രീവം | സുഗ്രീവനോടായി | തത്ത്വതഃ | നടന്നപോലെത്തന്നെ |
| ഇദം | ഇപ്രകാരം | ശ്രോതും | ധരിപ്പാൻ |
| അബ്രവീത്; | അരുളിച്ചെയ്തു; | ഇച്ഛാമി. | ഞാൻ ആഗ്രഹിക്കുന്നു. |

സഖ്യം ഹി കാരണം ശ്രുത്വാ വൈരസ്യ തവ വാനര
ആനന്തര്യം വിധാസ്യാമി സംപ്രധാര്യ്യ ബലാബലം. 42

| | | | |
|---|---|---|---|
| "വാനര! | "കപിശ്രേഷ്ഠ! | സംപ്രധാര്യ്യ ഹി | ആലോചിച്ചുറച്ചതിൽ പിന്നെമാത്രമെ |
| വൈരസ്യ കാരണം ശ്രുത്വാ, | വൈരകാരണത്തെ അറിഞ്ഞശേഷം, | തവ | ഭവാന് |
| | | സഖ്യം | ഹിതമാകുംവണ്ണം |
| | | ആനന്തര്യം | മേൽവേണ്ടതിനെ |
| ബലാബലം | ചെയ്യേണ്ടതും ചെയ്യപ്പെടാത്തതുംഎന്തെന്ന് | വിധാസ്യാമി. | ഞാൻ തീൎച്ചയാക്കുകയുള്ളു. |

ബലവാൻ ഹി മമാമൎഷഃ ശ്രുത്വാ ത്വാമവമാനിതം
വൎദ്ധതേ ഹൃദയോത്കംപീ പ്രാവൃഡ്വേഗ ഇവാംഭസഃ. 43

| | | | |
|---|---|---|---|
| "ത്വാം | "ഭവാനെ | ഹൃദയോത്-കംപീ, | ഉള്ളം തുടിക്കുമാറ്, |
| അവമാനിതം | അവമാനിക്കപ്പെട്ടവനായി | | |
| ശ്രുത്വാ ഹി, | കേട്ടകാരണം, | അംഭസഃ | വെള്ളത്തിന്റെ |
| മമ | എന്റെ | പ്രാവൃഡ്വേഗഃ ഇവ | മഴക്കാലത്തിലുള്ള പ്രവാഹംപോലെ |
| അമൎഷഃ | കോപം | | |
| ബലവാൻ | അധികമായി | വൎദ്ധതേ. | പൊങ്ങിവരുന്നു. |

ഹൃഷ്ടഃ കഥയ വിസ്രബ്ധോ യാവദാരോപ്യതേ ധനുഃ
സൃഷ്ടശ്ച ഹി മയാ ബാണോ നിരസ്തശ്ച രിപുസ്തവ. 44

| | | | |
|---|---|---|---|
| "ഹൃഷ്ടഃ | "സന്തുഷ്ടചിത്തനായി | ആരോപ്യതേ, | കുലയ്ക്കപ്പെട്ട് |
| വിസ്രബ്ധഃ | ഒന്നുംമറച്ചുവെക്കാതെ | ബാണഃ ച | ബാണവും |
| കഥയ; | ഉരചെയ്യുക; | സൃഷ്ടഃ, | എയ്യപ്പെടുന്നുവോ, |
| ഹി | എന്തെന്നാൽ, | | അപ്പോൾതന്നെ |
| മയാ | എന്നാൽ | തവ രിപുഃ | ഭവാന്റെ ശത്രു |
| ധനുഃ | വില്ല് | നിരസ്തഃ ച." | ഹനിക്കപ്പെട്ടവനാണ്." |
| യാവത് | എപ്പോൾ | | |

ഏവമുക്തസ്തു സുഗ്രീവഃ കാകുത്സ്ഥേന മഹാത്മനാ
പ്രഹൎഷമതുലം ലേഭേ ചതുൎഭിഃ സഹ വാനരൈഃ. 45

| | | | |
|---|---|---|---|
| മഹാത്മനാ | മഹാത്മാവായ | വാനരൈഃ | വാനരന്മാരോടും |
| കാകുത്സ്ഥേന | ശ്രീരാമനാൽ | സഹ, | കൂടി, |
| ഏവം ഉക്തഃ | ഇപ്രകാരം അരുൾ ചെയ്യപ്പെട്ടവനായ | അതുലം | അതിരുകവിഞ്ഞ |
| സുഗ്രീവഃ, | സുഗ്രീവൻ, | പ്രഹൎഷം തു | സന്തുഷ്ടിയേയും |
| ചതുൎഭിഃ | നാലു | ലേഭേ. | കയ്ക്കൊണ്ടു. |

തതഃ പ്രഹൃഷ്ടവദനഃ സുഗ്രീവോ ലക്ഷ്മണാഗ്രജേ
വൈരസ്യ കാരണം തത്വമാഖ്യാതുമുപചക്രമേ. 46

| | | | |
|---|---|---|---|
| തതഃ | അതിൽപിന്നെ | തത്വം, | നടന്നപ്രകാരം, |
| സുഗ്രീവഃ, | സുഗ്രീവൻ, | ലക്ഷ്മണാഗ്രജേ | ലക്ഷ്മണാഗ്രജനോടായി |
| പ്രഹൃഷ്ടവദനഃ | പ്രസന്നവദനനായി | ആഖ്യാതും | ഉണർത്തിപ്പാൻ |
| വൈരസ്യ കാരണം | ദ്വേഷത്തിന്നുള്ള കാരണത്തെക്കുറിച്ച് | ഉപചക്രമേ. | തുടങ്ങി. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
അഷ്ടമഃ സർഗ്ഗഃ = എട്ടാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ **9637**; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ **385**.

ഇതി പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ ദ്വാത്രിംശദ്ദിനേഷു ഗീതേ
ശ്രീമദ്രാമായണെ ത്രയോദശേഽഹനി ഗീതാഃ ശ്ലോകാഃ സമാപ്താഃ.

ഇപ്രകാരം പണ്ട് അശ്വമേധയാഗശാലയിൽ ശ്രീരാമസന്നിധിയിൽവെച്ച്
കുശലവന്മാരാൽ ഗാനംചെയ്യപ്പെട്ടതായ ശ്രീരാമായണത്തിൽ
പതിമൂന്നാംദിവസം ഗാനംചെയ്ത കഥ അവസാനിച്ചു.

[പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ ചതുർദ്ദശേഽഹനി കിഷ്കിന്ധാകാണ്ഡേ നവമസർഗ്ഗാദാരഭ്യ ഏകോനത്രിംശസർഗ്ഗപര്യന്തം (9638—10513 ശ്ലോകാഃ) ഗീതം. തസ്മിൻ ദിനേ ഗീതാഃ ശ്ലോകാഃ 876.

പണ്ടു കുശലവന്മാരാൽ ശ്രീരാമസന്നിധിയിൽ അശ്വമേധയാഗ മണ്ഡപത്തിൽവെച്ചു് പതിനാലാം ദിവസം കിഷ്കിന്ധാകാണ്ഡത്തിൽ 9-ാം സർഗ്ഗം മുതൽ 29-ാം സർഗ്ഗം വരെ (9638—10513 ശ്ലോകങ്ങൾ) ഗാനംചെയ്യപ്പെട്ടു. അന്നു ഗാനംചെയ്യപ്പെട്ട ശ്ലോകസംഖ്യ 876.]

# നവമഃ സർഗ്ഗഃ = ഒമ്പതാംസർഗ്ഗം.

[മായാവിവധകഥനം = മായാവിയെ വധിച്ച കഥ.]

ശ്രൂയതാം രാമ യദ്വൃത്തമാദിതഃ പ്രഭൃതി ത്വയാ
യഥാ വൈരം സമുദ്ഭൂതം യഥാ ചാഹം നിരാകൃതഃ. 1

| | | | |
|---|---|---|---|
| "രാമ! | "ശ്രീരാഘവ! | സമുദ്ഭൂതം | ഉത്ഭവിച്ചുവോ അതും |
| ആദിതഃപ്രഭൃതി | ആദ്യംമുതൽ | അഹം | ഞാൻ |
| യത് വൃത്തം | യാതൊന്നു് സംഭവിച്ചുവോ അതും | യഥാ | എങ്ങിനെ [അതും |
| യഥാ | ഏതുവിധത്തിൽ | നിരാകൃതഃ ച | അപമാനിക്കപ്പെട്ടുവോ- |
| വൈരം | ദ്വേഷം | ത്വയാ | നിന്തിരുവടിയാൽ |
| | | ശ്രൂയതാം. | കേൾക്കപ്പെടട്ടെ. |

വാലീ നാമ മമ ഭ്രാതാ ജ്യേഷ്ഠഃ ശത്രുനിഷൂദനഃ
പിതുർബ്ബഹുമതോ നിത്യം മമ ചാപി തഥാ പുരാ. 2

| | | | |
|---|---|---|---|
| "ശത്രുനിഷൂദനഃ | "ശത്രുക്കളെ നശിപ്പിക്കുന്നവനായ | പിതുഃ | പിതാവിന്റെ |
| വാലീ നാമ | ബാലിയെന്ന | ബഹുമതഃ; | വാത്സല്യത്തിന്നു് പാത്രീഭവിച്ചവനായിരുന്നു; |
| മമ | എന്റെ | പുരാ | മുമ്പു് |
| ജ്യേഷ്ഠഃ ഭ്രാതാ | ജ്യേഷ്ഠഭ്രാതാവു് | മമ ച അപി | എനിക്കും |
| നിത്യം | എപ്പോഴും | തഥാ. | അങ്ങിനെതന്നെയായിരുന്നു. |

പിതര്യുപരതേഽസ്മാകം ജ്യേഷ്ഠോഽയമിതി മന്ത്രിഭിഃ
കപീനാമീശ്വരോ രാജ്യേ കൃതഃ പരമസമ്മതഃ. 3

| | | | |
|---|---|---|---|
| "അസ്മാകം | "ഞങ്ങളുടെ | ഇതി | എന്നനിലയ്ക്കു് |
| പിതരി | അച്ഛൻ | പരമസമ്മതഃ, | എല്ലാവരാലും കൊണ്ടാടപ്പെട്ടവനായി, |
| ഉപരതേ, | മരിച്ചുപോയപ്പോൾ, | കപീനാം രാജ്യേ | വാനരരാജ്യത്തിൽ |
| മന്ത്രിഭിഃ | മന്ത്രിമാരാൽ | ഈശ്വരഃ | രാജാവായി |
| 'അയം ജ്യേഷ്ഠഃ' | 'ഇവൻ മൂത്തവൻ | കൃതഃ. | വാഴിക്കപ്പെട്ടു. |

രാജ്യം പ്രശാസതസ്തസ്യ പിതൃപൈതാമഹം മഹത്
അഹം സൎവ്വേഷു കാലേഷു പ്രണതഃ പ്രേഷ്യവത് സ്ഥിതഃ 4

| | | | |
|---|---|---|---|
| "പിതൃപൈതാമഹം | "അച്ഛൻ, മുത്തച്ഛൻ വഴിയായി ലഭിച്ച | അഹം | ഞാൻ |
| മഹത് | മഹത്തായ | സൎവ്വേഷു കാലേഷു | എല്ലായ്പ്പോഴും |
| രാജ്യം, | രാജ്യത്തെ, | പ്രണതഃ | വണക്കത്തോടുകൂടിയവനായി |
| തസ്യ | അവൻ | | |
| പ്രശാസതഃ | പരിപാലനംചെയ്തിരുന്നകാലം, | പ്രേഷ്യവത് | ദാസനെന്നവിധം |
| | | സ്ഥിതഃ. | വൎത്തിച്ചിരുന്നു. |

മായാവീ നാമ തേജസ്വീ പൂൎവ്വജോ ദുന്ദുഭേഃ സുതഃ
തേന തസ്യ മഹദ്വൈരം സ്ത്രീകൃതം വിശ്രുതം പുരാ. 5

| | | | |
|---|---|---|---|
| "തേജസ്വീ | "പരാക്രമശാലിയായ | സ്ത്രീകൃതം | ഒരു സ്ത്രീനിമിത്തം |
| മായാവീ നാമ, | മായാവിയെന്നവൻ, | മഹത് | കലശലായ |
| ദുന്ദുഭേഃ | ദുന്ദുഭിയെന്ന അസുരന്റെ | വൈരം | വിരോധം |
| | | തേന | അവനുമായി |
| പൂൎവ്വജഃ സുതഃ; | ജ്യേഷ്ഠപുത്രനായിരുന്നു; | തസ്യ | അവനുണ്ടായിരുന്നു |
| പുരാ | പണ്ട് | വിശ്രുതം. | പ്രസിദ്ധി. [എന്നാണ് |

[ഉത്തരകാണ്ഡം 12-ാം സൎഗ്ഗത്തിൽ, മായാവിയും ദുന്ദുഭിയും മണ്ഡോദരിയുടെ സഹോദരന്മാരായി, മയനെന്ന അസുരന്ന് ഹേമ എന്ന അപ്സരസ്ത്രീയിൽ ജനിച്ചവരാണെന്നു പറയപ്പെട്ടിരിക്കുന്നു.]

സ തു സുപ്തജനേ രാത്രൌ കിഷ്കിന്ധാദ്വാരമാഗതഃ
നൎദ്ദതി സ്മ സുസംരബ്ധോ വാലിനം ചാഹ്വയദ്രണേ 6

| | | | |
|---|---|---|---|
| "സഃ തു | "ആ മായാവിയാകട്ടെ, | സുസംരബ്ധഃ | വൎദ്ധിച്ച കോപാവേശം പൂണ്ടവനായി |
| സുപ്തജനേ, | ജനങ്ങളെല്ലാം ഉറങ്ങിക്കൊണ്ടിരിക്കുമ്പോൾ, | നൎദ്ദതി സ്മ; | അട്ടഹസിച്ചു; |
| രാത്രൌ | രാത്രിയിൽ | വാലിനം ച | ബാലിയേയും |
| കിഷ്കിന്ധാദ്വാരം | കിഷ്കിന്ധാനഗരദ്വാരത്തിൽ | രണേ | പോരിന്നായി |
| ആഗതഃ, | വന്നു, | ആഹ്വയത്. | വിളിച്ചു. |

പ്രസുപ്തസ്തു മമ ഭ്രാതാ നൎദ്ദിതം ഭൈരവസ്വനം
ശ്രുത്വാ ന മമൃഷേ വാലീ നിഷ്പപാത ജവാത്തദാ. 7

| | | | |
|---|---|---|---|
| "പ്രസുപ്തഃ | "നല്ലപോലെ ഉറങ്ങിക്കൊണ്ടിരുന്ന | ശ്രുത്വാ | കേട്ട് |
| | | മമൃഷേ ന | അക്ഷമനായ് ഭവിച്ചു; |
| മമ | എന്റെ | തദാ | ആ സമയം |
| ഭ്രാതാ തു, | ജ്യേഷ്ഠനാകട്ടെ, | വാലീ | ബാലി |
| ഭൈരവസ്വനം | ഭയങ്കരസ്വരത്തിലുള്ള | ജവാത് | വേഗത്തിൽ |
| നൎദ്ദിതം | ആ അട്ടഹാസത്തെ | നിഷ്പപാത. | പുറത്തേക്കുവന്നു. |

സ തു വൈ നിഃസൃതഃ ക്രോധാത് തം ഹന്തുമസുരോത്തമം
വാൎയ്യമാണസ്തതഃ സ്ത്രീഭിൎമ്മയാ ച പ്രണതാത്മനാ. 8

| | | | |
|---|---|---|---|
| "ക്രോധാത് | "കോപം മൂലം | സഃ തു, | അവനും, |
| തം | ആ | തതഃ | ആ സമയം |
| അസുരോത്തമം | അസുരശ്രേഷ്ഠനെ | സ്ത്രീഭിഃ വൈ | അന്തഃപുര സ്ത്രീകളാലും, |
| ഹന്തും | കൊല്ലുവാനായി | പ്രണതാത്മനാ | വിനീതനായ |
| നിഃസ്സൃതഃ | പുറത്തേക്ക് ചാടി വന്ന | മയാ ച | എന്നാലും, |
| | | വാൎയ്യമാണഃ. | വിലക്കപ്പെട്ടു. |

സ തു നിൎദ്ധൂയ സൎവ്വാൻ നോ നിൎജ്ജഗാമ മഹാബലഃ
തതോഽഹമപി സൌഹാൎദ്ദാന്നിഃസ്സൃതോ വാലിനാ സഹ. 9

| | | | |
|---|---|---|---|
| "മഹാബലഃ | "അതി ബലവാനായ | തതഃ | അതിനാൽ |
| സഃ തു, | അവനാകട്ടെ, | അഹം അപി | ഞാനും |
| നഃ | ഞങ്ങളെ | സൌഹാൎദ്ദാത് | സ്നേഹം മൂലം |
| സൎവ്വാൻ | എല്ലാവരെയും | വാലിനാ | ബാലിയോടു |
| നിൎദ്ധൂയ | തട്ടിക്കൊണ്ട് | സഹ | കൂടെത്തന്നെ |
| നിൎജ്ജഗാമ ; | പുറത്തേക്കു ചെന്നു ; | നിഃസ്സൃതഃ. | പുറത്തിറങ്ങി. |

സ തു മേ ഭ്രാതരം ദൃഷ്ട്വാ മാം ച ദൂരാദവസ്ഥിതം
അസുരോ ജാതസന്ത്രാസഃ പ്രദുദ്രാവ തതോ ഭൃശം. 10

| | | | |
|---|---|---|---|
| "സഃ | "ആ | മാം ച ദൃഷ്ട്വാ, | എന്നെയും കണ്ട്, |
| അസുരഃ തു | അസുരനും | ജാതസന്ത്രാസഃ | പേടിച്ചുവിറയ്ക്കുന്നവ[നായി |
| മേ ഭ്രാതരം | എന്റെ ജ്യേഷ്ഠനേയും | തതഃ | അവിടെനിന്നും |
| ദൂരാത് | അകലെയായി | ഭൃശം | വേഗത്തിൽ |
| അവസ്ഥിതം | വന്നുകൊണ്ടിരുന്ന | പ്രദുദ്രാവ. | കുതിച്ചുപാഞ്ഞു. |

തസ്മിൻ ദ്രവതി സന്ത്രസ്തേ ഹ്യാവാം ദ്രുതതരം ഗതൌ
പ്രകാശോ ഹി കൃതോ മാൎഗ്ഗശ്ചന്ദ്രേണോദ്ഗച്ഛതാ തദാ. 11

| | | | |
|---|---|---|---|
| "തസ്മിൻ | "അവൻ | മാൎഗ്ഗഃ ഹി | വഴിയും |
| സന്ത്രസ്തേ | പേടിപൂണ്ട് | തദാ | അപ്പോൾ |
| ദ്രവതി, | ഓടുമ്പോൾ, | ഉദ്ഗച്ഛതാ | ഉദിച്ചുയൎന്ന |
| ആവാം ഹി | ഞങ്ങളിരുവരും | ചന്ദ്രേണ | ചന്ദ്രനാൽ |
| ദ്രുതതരം ഗതൌ ; | അതിലും വേഗതയോടെ പിന്തുടൎന്നു ; | പ്രകാശഃ കൃതഃ. | പ്രകാശിപ്പിക്കപ്പെട്ടു. |

സ തൃണൈരാവൃതം ദുൎഗ്ഗം ധരണ്യാ വിവരം മഹത്
പ്രവിവേശാസുരോ വേഗാദാവാമാസാദ്യ വിഷ്ഠിതൌ. 12

| | | | |
|---|---|---|---|
| "സഃ അസുരഃ | "ആ അസുരൻ | വിവരം | ഒരു ഗുഹയിൽ |
| തൃണൈഃ | പുല്ലുകൊണ്ട് | വേഗാത് | ഉടനെ |
| ആവൃതം | മൂടപ്പെട്ടിരുന്നതും | പ്രവിവേശ ; | ചെന്നൊളിച്ചു ; |
| ദുൎഗ്ഗം | കടക്കുവാൻ പ്രയാസമുള്ളതും | ആവാം | ഞങ്ങൾ രണ്ടുപേരും |
| മഹത് | വമ്പിച്ചതുമായ | ആസാദ്യ | അവിടെച്ചെന്ന് |
| ധരണ്യാഃ | നിലത്തുള്ള | വിഷ്ഠിതൌ. | നില്ക്കയായി. |

തം പ്രവിഷ്ടം രിപും ദൃഷ്ട്വാ ബിലം രോഷവശം ഗതഃ
മാമുവാച തദാ വാലീ വചനം ക്ഷുഭിതേന്ദ്രിയഃ. 13

| | | | |
|---|---|---|---|
| “തദാ | “അസമയം, | ക്ഷുഭിതേന്ദ്രിയഃ | ഇന്ദ്രിയങ്ങൾ ക്ഷോഭിച്ച് |
| വാലീ | ബാലി | | |
| തം രിപും | ആ ശത്രുവിനെ | രോഷവശം ഗതഃ, | അരിശംപൂണ്ടവനായി |
| ബിലം | ഗുഹയ്ക്കുള്ളിൽ | | |
| പ്രവിഷ്ടം | ഒളിച്ചവനായി | മാം | എന്നെനോക്കി |
| ദൃഷ്ട്വാ, | കണ്ടു്, | വചനം ഉവാച. | ഇങ്ങിനെ പറഞ്ഞു. |

ഇഹ തിഷ്ഠാദ്യ സുഗ്രീവ ബിലദ്വാരി സമാഹിതഃ
യാവദത്ര പ്രവിശ്യാഹം നിഹന്മി സമരേ രിപും. 14

| | | | |
|---|---|---|---|
| “‘സുഗ്രീവ! | “‘സുഗ്രീവ! | നിഹന്മി; | കൊല്ലുന്നുണ്ടു്; |
| അഹം | ഞാൻ | യാവത് അത്ര | അതുവരെ |
| അദ്യ | ഇപ്പോൾ | ബിലദ്വാരി | ഗുഹാദ്വാരത്തിൽ |
| പ്രവിശ്യ | അകത്തുകടന്നു് | ഇഹ | ഇവിടെത്തന്നെ |
| സമരേ | പോരിൽ | സമാഹിതഃ | ജാഗ്രതയോടുകൂടി |
| രിപും | ശത്രുവിനെ | തിഷ്ഠ.’ | കാത്തുനില്ക്കുക.’ |

മയാ ത്വേതദ്വചഃ ശ്രുത്വാ യാചിതഃ സ പരന്തപഃ
ശാപയിത്വാ തു മാം പദ്ഭ്യാം പ്രവിവേശ ബിലം തതഃ. 15

| | | | |
|---|---|---|---|
| “പരന്തപഃ | “ശത്രുഹന്താവായ | തതഃ തു | അക്കാരണത്താൽ തന്നെ |
| സഃ, | അവൻ, | മാം | എന്നെ |
| മയാ | എന്നാൽ | പദ്ഭ്യാം | അവന്റെ കാലുകൾ തൊട്ടു് |
| തു | ഈ സംഗതിയിൽ | | |
| യാചിതഃ; | (ഞാനുംകൂടെവരാമെന്നു്) അപേക്ഷിക്കപ്പെട്ടു; | ശാപയിത്വാ | അവിടെത്തന്നെ നില്ക്കാമെന്നു് സത്യം ചെയ്യിച്ചശേഷം |
| ഏതത് | ഈ | | |
| വചഃ | അപേക്ഷയെ | ബിലം | ഗുഹയ്ക്കുള്ളിൽ |
| ശ്രുത്വാ, | കേട്ടു്, | പ്രവിവേശ. | കടന്നു. |

തസ്യ പ്രവിഷ്ടസ്യ ബിലം സാഗ്രഃ സംവത്സരോ ഗതഃ
സ്ഥിതസ്യ ച മമ ദ്വാരി സ കാലോ വ്യത്യവർത്തത. 16

| | | | |
|---|---|---|---|
| “തസ്യ | “അവൻ | മമ ച, | എനിക്കും, |
| ബിലം | ഗുഹയിൽ | ദ്വാരി | ഗുഹാദ്വാരത്തിൽ |
| പ്രവിഷ്ടസ്യ, | പ്രവേശിച്ചതിൽപിന്നെ, | സ്ഥിതസ്യ | കാത്തും കൊണ്ടു് |
| സാഗ്രഃ | തികച്ചും | സഃ | അത്രയും |
| സംവത്സരഃ | ഒരു വത്സരം | കാലഃ | കാലം |
| ഗതഃ; | കഴിഞ്ഞു; | വ്യത്യവർത്തത. | കഴിഞ്ഞു. |

അഹം തു നഷ്ടം തം ജ്ഞാത്വാ സ്നേഹാദാഗതസംഭ്രമഃ
ഭ്രാതരം ഹി ന പശ്യാമി പാപാശങ്കി ച മേ മനഃ. 17

| | | | |
|---|---|---|---|
| "തു | "എന്നിട്ടും | ജ്ഞാത്വാ, | തീൎച്ചപ്പെടുത്തിക്കൊണ്ട്, |
| ഭ്രാതരം | ജ്യേഷ്ഠനെ | | |
| പശ്യാമി ന ; | കാണുന്നതുമില്ല ; | സ്നേഹാത് | വാത്സല്യം മൂലം |
| ഹി, | അതിനാൽ, | ആഗതസംഭ്രമഃ ; | പരവശനായ്ത്തീൎന്നു ; |
| തം | അവൻ | മേ | എന്റെ |
| നഷ്ടം | മരിച്ചുപോയിരിക്കു | മനഃ ച | മനസ്സും |
| അഹം | ഞാൻ [മെന്ന് | പാപാശങ്കി. | ആപത്തിനെ ഭയപ്പെട്ടു. |

അഥ ദീൎഘസ്യ കാലസ്യ ബിലാത്തസ്മാദ്വിനിഃസൃതം
സഫേനം രുധിരം രക്തമഹം ദൃഷ്ട്വാ സുദുഃഖിതഃ. 18

| | | | |
|---|---|---|---|
| "അഥ ദീൎഘസ്യ കാലസ്യ | "പിന്നെയും വളരെ കാലത്തിന്നു ശേഷം | രക്തം | തുടുത്ത |
| | | രുധിരം | ചോര |
| തസ്മാത് | ആ | വിനിഃസൃതം | പുറത്തേക്കുവരുന്ന |
| ബിലാത് | ഗുഹയിൽ നിന്ന് | അഹം ദൃഷ്ട്വാ | ഞാൻകണ്ട് [തായി |
| സഫേനം | നുരയോടു കൂടിയതായ | സുദുഃഖിതഃ. | അത്യധികം ദുഃഖിച്ചു. |

നൎദതാമസുരാണാം ച ധ്വനിൎമേ ശ്രോത്രമാഗതഃ
നിരസ്തസ്യ ച സംഗ്രാമേ ക്രോശതോ നിഃസ്വനോ ഗുരോഃ. 19

| | | | |
|---|---|---|---|
| "നൎദതാം | "അട്ടഹസിച്ചുകൊണ്ടിരുന്ന | സംഗ്രാമേ | പോരിൽ |
| | | നിരസ്തസ്യ | തോല്പിക്കപ്പെട്ടു് |
| അസുരാണാം | അസുരന്മാരുടെ | ക്രോശതഃ | നിലവിളിച്ചിരുന്ന |
| ധ്വനിഃ | ശബ്ദം | ഗുരോഃ | ജ്യേഷ്ഠന്റെ |
| മേ ശ്രോത്രം | എന്റെ ചെവിയിൽ | നിഃസ്വനഃ ച | ദീനസ്വരവും |
| ആഗതഃ | കേൾക്കാറായി | ച. | കേൾക്കപ്പെട്ടു. |

അഹം ത്വവഗതോ ബുദ്ധ്യാ ചിഹ്നൈസ്തൈൎഭ്രാതരം ഹതം
പിധായ ച ബിലദ്വാരം ശിലയാ ഗിരിമാത്രയാ
ശോകാൎത്തശ്ചോദകം കൃത്വാ കിഷ്കിന്ധാമാഗതഃ സഖേ. 20

| | | | |
|---|---|---|---|
| "സഖേ ! | "സ്നേഹിത ! | ശോകാൎത്തഃ | ദുഃഖാക്രാന്തനായി |
| അഹം | ഞാൻ | ഗിരിമാത്രയാ | മലപോലെയുള്ള |
| തൈഃ | ആ | ശിലയാ | ഒരു പാറകൊണ്ട് |
| ചിഹ്നൈഃ, | ലക്ഷണങ്ങളാൽ, | ബിലദ്വാരം | ഗുഹാദ്വാരത്തെ |
| ഭ്രാതരം | ജ്യേഷ്ഠനെ | പിധായ ച, | അടച്ചശേഷം |
| ഹതം | കൊല്ലപ്പെട്ടവനെന്ന് | ഉദകം ച | ഉദകക്രിയയേയും |
| ബുദ്ധ്യാ അവഗതഃ ; | തീൎച്ചയാക്കി | കൃത്വാ, | ചെയ്തു്, |
| | | കിഷ്കിന്ധാം | കിഷ്കിന്ധയിൽ |
| തു | അതിനാൽ | ആഗതഃ. | വന്നുചേൎന്നു. |

ഗൂഹമാനസ്യ മേ തത്വം യത്നതോ മന്ത്രിഭിഃ ശ്രുതം
തതോഽഹം തൈഃ സമാഗമ്യ സംമതൈരഭിഷേചിതഃ. 21

| | |
|---|---|
| " മേ | " ഞാൻ |
| ഗൂഹമാനസ്യ | എല്ലാസംഗതിയും മറച്ചുവെച്ചിരിക്കെ |
| മന്ത്രിഭിഃ | മന്ത്രിമാരാൽ |
| യത്നതഃ | ഇടവിടാതെയുള്ള നിർബ്ബന്ധംകൊണ്ടും |
| തത്വം | വൃത്താന്തം |

| | |
|---|---|
| ശ്രുതം; | മനസ്സിലാക്കപ്പെട്ടു; |
| തതഃ | അതിൽപിന്നെ |
| സമാഗമ്യ | ഒന്നിച്ചുകൂടി |
| സംമതൈഃ | ആലോചിച്ചുറച്ച് |
| തൈഃ | അവരാൽ |
| അഹം | ഞാൻ |
| അഭിഷേചിതഃ. | അഭിഷേകംചെയ്യപ്പെട്ടു. |

രാജ്യം പ്രശാസതസ്തസ്യ ന്യായതോ മമ രാഘവ
ആജഗാമ രിപും ഹത്വാ ദാനവം സ തു വാനരഃ. 22

| | |
|---|---|
| " രാഘവ ! | " ശ്രീരാമ ! |
| തസ്യ | അപ്രകാരമുള്ള |
| മമ, | ഞാൻ, |
| ന്യായതഃ | നീതിയോടെ |
| രാജ്യം | രാജ്യത്തെ |
| പ്രശാസതഃ; | പരിപാലിച്ചുവന്നിരുന്നസമയം, |

| | |
|---|---|
| സഃ | ആ |
| വാനരഃ, | ബാലി, |
| രിപും | ശത്രുവായ |
| ദാനവം തു | അസുരനെയും |
| ഹത്വാ | കൊന്നു് |
| ആജഗാമ. | തിരിച്ചെത്തി. |

അഭിഷിക്തം തു മാം ദൃഷ്ട്വാ വാലീ സംരക്തലോചനഃ
മദീയാൻ മന്ത്രിണോ ബദ്ധ്വാ പരുഷം വാക്യമബ്രവീത്. 23

| | |
|---|---|
| " വാലീ, | " ബാലി, |
| തു | അപ്പോൾ |
| മാം | എന്നെ |
| അഭിഷിക്തം | നാടുവാഴുന്നവനായി |
| ദൃഷ്ട്വാ, | കണ്ടു്, |
| സംരക്ത-ലോചനഃ, | കണ്ണുകൾ ചുവപ്പിച്ച്, |

| | |
|---|---|
| മദീയാൻ | എന്റെ |
| മന്ത്രിണഃ | മന്ത്രിമാരെ |
| ബദ്ധ്വാ, | പിടിച്ചു തടവിലിട്ടു്, |
| പരുഷം | കഠോരമായ |
| വാക്യം | വാക്കുകളെ |
| അബ്രവീത്. | പറഞ്ഞു. |

നിഗ്രഹേ ച സമർത്ഥസ്യ തം പാപം പ്രതി രാഘവ
ന പ്രാവർത്തത മേ ബുദ്ധിർഭ്രാതൃഗൗരവയന്ത്രിതാ. 24

| | |
|---|---|
| " രാഘവ ! | " ശ്രീരാമ ! |
| നിഗ്രഹേ ച | അവനെ നിഗ്രഹിക്കുന്നതിനും |
| സമർത്ഥസ്യ | പോരുമായിരുന്ന |
| മേ ബുദ്ധിഃ, | എന്റെ ബുദ്ധി, |
| ഭ്രാതുഃ | ഭ്രാതാവിനോടുള്ള |

| | |
|---|---|
| ഗൗരവ-യന്ത്രിതാ | ഭക്തിയ്ക്കു് വശമായിരുന്നതിനാൽ |
| തം | ആ |
| പാപം പ്രതി | പാപിഷ്ഠന്റെ സംഗതിയിൽ |
| ന പ്രാവർത്തത. | ഒന്നിനും തുനിഞ്ഞില്ല. |

ഹത്വാ ശത്രും സ മേ ഭ്രാതാ പ്രവിവേശ പുരം തദാ
മാനയംസ്തം മഹാത്മാനം യഥാവച്ചാഭ്യവാദയം. 25

| | | | |
|---|---|---|---|
| "ശത്രും | "ശത്രുവിനെ | തദാ ച | തൽക്ഷണംതന്നെ |
| ഹത്വാ | കൊന്നശേഷം, | മഹാത്മാനം | മഹാധീരനായ |
| സഃ | ആ | തം | അവനെ |
| മേ | എന്റെ | മാനയൻ | ബഹുമാനിച്ചുകൊണ്ടു് |
| ഭ്രാതാ | ജ്യേഷ്ഠൻ | യഥാവത് | വഴിപോലെ |
| പുരം | നഗരത്തിൽ | അഭ്യവാദയം. | ഞാൻ വന്ദിച്ചു. |
| പ്രവിവേശ; | വന്നുചേൎന്നു; | | |

ഉക്താശ്ച നാശിഷസ്തേന സന്തുഷ്ടേനാന്തരാത്മനാ. 26

| | | | |
|---|---|---|---|
| "തേന | "അവനാൽ | ആശിഷഃ | ആശീൎവ്വചനങ്ങൾ |
| സന്തുഷ്ടേന അന്തരാത്മനാ | സന്തോഷമുൾക്കൊണ്ടു്, | ഉക്താഃ ന ച. | പറയപ്പെട്ടുകതന്നെയുണ്ടായില്ല. |

നത്വാ പാദാവഹം തസ്യ മകുടേനാസ്പൃശം പ്രഭോ
അപി വാലീ മമ ക്രോധാന്ന പ്രസാദം ചകാര സഃ. 27

| | | | |
|---|---|---|---|
| "പ്രഭോ! | "പ്രഭോ! | അപി | എങ്കിലും |
| അഹം | ഞാൻ | സഃ | ആ |
| തസ്യ | അവന്റെ | വാലീ, | ബാലി, |
| പാദൌ | പാദങ്ങളിൽ | ക്രോധാത്, | ക്രോധത്താൽ, |
| നത്വാ, | നമസ്കരിച്ചു്, | മമ | എന്റെപേരിൽ |
| മകുടേന | കിരീടംകൊണ്ടു് | പ്രസാദം ചകാര ന. | പ്രസാദിച്ചരുളിയതേ ഇല്ല. |
| അസ്പൃശം; | സ്പൎശിച്ചു; | | |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
നവമഃ സൎഗ്ഗഃ = ഒമ്പതാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 9664; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 412.

## ദശമഃ സൎഗ്ഗഃ = പത്താംസൎഗ്ഗം.

[സുഗ്രീവസ്യ രാജ്യാന്നിൎവ്വാസനം = സുഗ്രീവനെ രാജ്യത്തിൽനിന്നു ആട്ടിപ്പായിക്കുന്നതു്.]

തതഃ ക്രോധസമാവിഷ്ടം സംരബ്ധം തമുപാഗതം
അഹം പ്രസാദയാംചക്രേ ഭ്രാതരം പ്രിയകാമ്യയാ. 1

| | | | |
|---|---|---|---|
| "തതഃ | "അപ്പോൾ | തം ഭ്രാതരം, | ആ ഭ്രാതാവിനെ |
| ഉപാഗതം, | തിരിച്ചെത്തിയവനും, | പ്രിയകാമ്യയാ, | സ്നേഹത്തേയോൎത്തു്, |
| സംരബ്ധം | അരിശംപൂണ്ടു് | അഹം | ഞാൻ |
| ക്രോധസമാവിഷ്ടം | മനസ്സുകലങ്ങിയിരിക്കുന്നവനുമായ | പ്രസാദയാംചക്രേ. | ഇപ്രകാരം പ്രസാദിപ്പിക്കുവാൻ മുതിൎന്നു. |

ദിഷ്ട്യാസി കുശലീ പ്രാപ്തോ നിഹതശ്ച ത്വയാ രിപുഃ
അനാഥസ്യ ഹി മേ നാഥസ്ത്വമേകോഽനാഥനന്ദനഃ. 2

"'ത്വയാ — "'നിന്തിരുവടിയാൽ
രിപുഃ ച — ശത്രുവും
നിഹതഃ; — വധിക്കപ്പെട്ടു;
ദിഷ്ട്യാ — ഭാഗ്യവിശേഷത്താലാണ്
കുശലീ — ക്ഷേമത്തോടെ
പ്രാപ്തഃ അസി; — അങ്ങ് തിരിച്ചെത്തിയതു്;

അനാഥനന്ദനഃ — അനാഥരക്ഷകനായ
ത്വം ഏകഃ ഹി — ഭവാനൊരുവൻതന്നെയാണ്
അനാഥസ്യ — നാഥനില്ലാത്ത
മേ — എനിക്ക്
നാഥഃ. — നാഥനായുള്ളതു്.

ഇദം ബഹുശലാകം തേ പൂർണ്ണചന്ദ്രമിവോദിതം
ഛത്രം സവാലവ്യജനം പ്രതീച്ഛസ്വ മയോദ്ധൃതം. 3

"'ബഹുശലാകം — "'അനേകം കിരണങ്ങളോടുകൂടി
ഉദിതം — ഉദിച്ചുയന്ന
പൂർണ്ണചന്ദ്രം — പൂർണ്ണചന്ദ്രനെ
ഇവ — പോലെയിരിക്കുന്നതും
തേ — അങ്ങേക്കായ്ക്കൊണ്ടു്

മയാ ഉദ്ധൃതം — എന്നാൽ ഉയർത്തിപ്പിടിക്കപ്പെട്ടതും
സവാലവ്യജനം — വെൺചാമരത്തോടുകൂടിയതും ആയ
ഇദം — ഈ
ഛത്രം — വെൺകൊററക്കുടയെ
പ്രതീച്ഛസ്വ. — സ്വീകരിച്ചാലും.

[("ബഹുശലാകം" (വളരെ കമ്പികളുള്ളതു്) എന്നർത്ഥത്തിൽ കുടയ്ക്കും വിശേഷണം.]

ആർത്തശ്ചാഥ ബിലദ്വാരി സ്ഥിതഃ സംവത്സരം നൃപ!
ദൃഷ്ട്വാഹം ശോണിതം ദ്വാരി ബിലാച്ചാപി സമുത്ഥിതം. 4

"'നൃപ! — "'രാജാവേ!
സംവത്സരം — ഒരു സംവത്സരക്കാലം
ബിലദ്വാരി ച — ഗുഹാദ്വാരത്തിൽ
സ്ഥിതഃ — കാത്തുനിന്നിരുന്ന
അഹം, — ഞാൻ,
ബിലാത് ച — ഗുഹയിൽനിന്നും

ദ്വാരി — ദ്വാരത്തിൽ
സമുത്ഥിതം — പൊങ്ങിവന്ന
ശോണിതം അപി — രക്തത്തെയും
ദൃഷ്ട്വാ, — കണ്ടു്,
അഥ — അക്കാരണത്താൽ
ആർത്തഃ. — ശോകാർത്തനായിഭവിച്ചു.

ശോകസംരക്തനയനോ ഭൃശം വ്യാകുലിതേന്ദ്രിയഃ
അപിധായ ബിലദ്വാരം ശൈലശൃംഗേണ തത്തഥാ
തസ്മാദ്ദേശാദപാക്രമ്യ കിഷ്കിന്ധാം പ്രാവിശം പുനഃ. 5

"'തത് — "'അതിനാൽ
ശോകസംരക്തനയനഃ — ദുഃഖത്താൽ കലുഷമായ നേത്രങ്ങളോടുകൂടിയവനായി
ഭൃശം — ഏററവും
വ്യാകുലിതേന്ദ്രിയഃ, — ക്ഷോഭിച്ച ഇന്ദ്രിയങ്ങളോടുകൂടിയവനായി,
തഥാ — അപ്രകാരംതന്നെ
ബിലദ്വാരം — ഗുഹാമുഖത്തെ

ശൈലശൃംഗേണ — ഒരു ശൈലശിഖരംകൊണ്ടു്
അപിധായ, — അടച്ചു്,
തസ്മാത് ദേശാത് — ആ സ്ഥലത്തിൽനിന്നും
അപാക്രമ്യ — വിട്ടു്,
കിഷ്കിന്ധാം — കിഷ്കിന്ധയിലേക്കു
പുനഃ പ്രാവിശം. — തിരിച്ചുപോന്നു.

വിഷാദാത് ത്വിഹ മാം ദൃഷ്ട്വാ പൌരൈർമ്മന്ത്രിഭിരേവ ച
അഭിഷിക്തോ ന കാമേന തന്മേ ത്വം ക്ഷന്തുമർഹസി. 6

| | | | |
|---|---|---|---|
| "'ഇഹ | "'ഇവിടെ | അഭിഷിക്തഃ; | ഞാൻ മുടിചൂട്ടപ്പെട്ടു; |
| മാം | എന്നെ | കാമേന ന; | എന്റെ ഇഷ്ടപ്രകാരമല്ല; |
| ദൃഷ്ട്വാ, | കണ്ടു്, | | |
| ച | അതിൽ പിന്നെ | തത് | ആകയാൽ |
| പൌരൈഃ | നാട്ടാരാലും | ത്വം | നിന്തിരുവടി |
| മന്ത്രിഭിഃ ഏവ | മന്ത്രിമാരാലും | മേ | എന്നിൽ |
| വിഷാദാത് തു | മററു നിർവ്വാഹമില്ലായ്കയാൽ | ക്ഷന്തും അർഹസി. | ക്ഷമിച്ചരുളേണം. |

ത്വമേവ രാജാ മാനാർഹഃ സദാ ചാഹം യഥാപുരം
രാജഭാവനിയോഗോഽയം മയാ ത്വദ്വിരഹാത് കൃതഃ. 7

| | | | |
|---|---|---|---|
| "'മാനാർഹഃ | "'മാന്യനായ | രാജഭാവനിയോഗഃ | രാജാവായി രാജ്യംഭരിക്കുകയെന്ന |
| ത്വം ഏവ | നിന്തിരുവടി തന്നെ | അയം | ഇക്കാര്യത്തെ |
| രാജാ; | രാജാവ്; [യാണ് | ത്വദ്വിരഹാത് | നിന്തിരുവടിയുടെ അഭാ [വത്തിൽ |
| അഹം ച | ഞാനോ, | മയാ | എന്നാൽ |
| സദാ | എല്ലായ്പോഴും | കൃതഃ. | സ്വീകരിക്കപ്പെട്ടതു മാത്രമാണ്. |
| യഥാപുരം; | മുമ്പെത്തെപ്പോലെതന്നെ വർത്തിക്കുന്നുണ്ട്; | | |

സാമാത്യപൌരനഗരം സ്ഥിതം നിഹതകണ്ടകം
ന്യാസഭൂതമിദം രാജ്യം തവ നിര്യ്യാതയാമ്യഹം. 8

| | | | |
|---|---|---|---|
| "'സാമാത്യപൌരനഗരം | "'മന്ത്രിമാരും പുരവാസികളും നഗരങ്ങളും നിറഞ്ഞിരിക്കുന്നതും | ഇദം രാജ്യം | ഈ രാജ്യത്തെ |
| | | നിഹതകണ്ടകം | വൈരികളൊടുങ്ങിയതായി |
| ന്യാസഭൂതം | തിരിയെത്തരേണ്ടതും | തവ | നിന്തിരുവടിക്ക് |
| സ്ഥിതം | മുറപ്രകാരം അവിടുത്തേക്ക് അവകാശപ്പെട്ടതുമായ | അഹം | ഞാൻ |
| | | നിര്യ്യാതയാമി. | തിരികെ സമർപ്പിച്ചുകൊള്ളുന്നു. |

മാ ച രോഷം കൃഥാഃ സൌമ്യ മയി ശത്രുനിബർഹണ. 9

| | | | |
|---|---|---|---|
| "'ശത്രുനിബർഹണ! | "'ശത്രുനാശന! | മയി ച | എന്നിൽ |
| സൌമ്യ! | കാരുണ്യശീല! | രോഷം മാ കൃഥാഃ. | കോപം കയ്ക്കൊള്ളാതിരുന്നാലും. |

യാചേ ത്വാം ശിരസാ രാജൻ മയാ ബദ്ധോഽയമഞ്ജലിഃ 10

| | | | |
|---|---|---|---|
| "'രാജൻ! | "'രാജാവേ! | മയാ | എന്നാൽ |
| ത്വാം | നിന്തിരുവടിയെ | അയം | ഇതാ |
| ശിരസാ | തലകുമ്പിട്ട് | അഞ്ജലിഃ ബദ്ധഃ. | കൈകൾ കൂപ്പപ്പെട്ടിരിക്കുന്നു. |
| യാചേ; | ഞാൻ പ്രാർത്ഥിക്കുന്നു; | | |

ബലാദസ്മി സമാഗമ്യ മന്ത്രിഭിഃ പുരവാസിഭിഃ
രാജഭാവേ നിയുക്തോഽഹം ശൂന്യദേശജിഗീഷയാ. 11

| | | | |
|---|---|---|---|
| "'മന്ത്രിഭിഃ | "'മന്ത്രിമാരാലും | അഹം | ഞാൻ |
| പുരവാസിഭിഃ, | പൌരന്മാരാലും, | ബലാത്, | നിൎബ്ബന്ധിക്കപ്പെട്ട്, |
| സമാഗമ്യ | ചേൎന്ന് | രാജഭാവേ | രാജ്യാധികാരത്തിൽ |
| ശൂന്യദേശ-ജിഗീഷയാ | രാജാവില്ലാത്ത രാജ്യമാക്കരുതെന്നുവെച്ച് | നിയുക്തഃ അസ്മി.' | നിയമിക്കപ്പെട്ടു.' |

സ്നിഗ്ദ്ധമേവം ബ്രുവാണം മാം സ തു നിൎഭൎത്സ്യ വാനരഃ
ധിക് ത്വാമിതി ച മാമുക്ത്വാ ബഹു തത്തദുവാച ഹ 12

| | | | |
|---|---|---|---|
| "വാനരഃ | "വാനരനായ | മാം | എന്നെനോക്കി |
| സഃ തു | അവനാകട്ടെ | 'ത്വാം ധിക്' | 'നിന്റെ മുഖത്ത് ഞാൻ മിഴിക്കയില്ല' |
| ഏവം | മേൽപ്രകാരം | ഇതി | എന്നിങ്ങിനെ |
| സ്നിഗ്ദ്ധം | സ്നേഹപൂൎവ്വം | ഉക്ത്വാ ച, | പഴിച്ച്, |
| ബ്രുവാണം | പറയുന്നവനായ | ബഹു ഹ | പലവിധത്തിലുള്ള |
| മാം | എന്നെ | തത് തത് | നിന്ദ്യമായ വാക്കുകളെ |
| നിൎഭൎത്സ്യ | ധിക്കരിച്ച് | ഉവാച. | പറഞ്ഞു. |

പ്രകൃതീശ്ച സമാനീയ മന്ത്രിണശ്ചൈവ സമ്മതാൻ
മാമാഹ സുഹൃദാം മദ്ധ്യേ വാക്യം പരമഗൎഹിതം. 13

| | | | |
|---|---|---|---|
| "പ്രകൃതീഃ ച | "പ്രജകളെയും | മദ്ധ്യേ, | ഇടയിൽവെച്ച്, |
| സമ്മതാൻ | യോഗ്യന്മാരായ | മാം | എന്നെപ്പററി |
| മന്ത്രിണഃ ച ഏവ | മന്ത്രിമാരേയും | പരമഗൎഹിതം | ഏററവും നിന്ദ്യമായ |
| സമാനീയ, | വരുത്തി, | വാക്യം | വാക്യത്തെ |
| സുഹൃദാം | സുഹൃത്തുക്കളുടെ | ആഹ. | ഇപ്രകാരം പറഞ്ഞു. |

വിദിതം വോ യഥാ രാത്രൌ മായാവീ സ മഹാസുരഃ
മാം സമാഹ്വയത ക്രൂരോ യുദ്ധകാംക്ഷീ സുദുൎമ്മതിഃ. 14

| | | | |
|---|---|---|---|
| "സഃ | "ആ | രാത്രൌ | രാത്രിയിൽ |
| മഹാസുരഃ | മഹാസുരനും | മാം | എന്നെ |
| ക്രൂരഃ | ക്രൂരനുമായ | സമാഹ്വയത, | പോൎക്കുവിളിച്ചു, |
| മായാവീ | മായാവിയെന്നവൻ | യഥാ | എന്നത് |
| സുദുൎമ്മതിഃ | ദുഷ്ടവിചാരത്തോടെ | വഃ | നിങ്ങൾക്കെല്ലാം |
| യുദ്ധകാംക്ഷീ, | യുദ്ധംചെയ്യുന്നതിന്നാഗ്രഹിച്ച്, | വിദിതം. | അറിവുണ്ടല്ലൊ. |

തസ്യ തദ്ഭാഷിതം ശ്രുത്വാ നിഃസൃതോഽഹം നൃപാലയാത്
അനുയാതശ്ച മാം തൂർണ്ണമയം ഭ്രാതാ സുദാരുണഃ. 15

| | | | |
|---|---|---|---|
| "'അഹം | "'ഞാൻ | അയം | ഈ |
| തസ്യ | അവന്റെ | സുദാരുണഃ | മഹാദുഷ്ടനായ |
| തത് ഭാഷിതം | ആ വിളി | ഭ്രാതാ ച | അനുജനും |
| ശ്രുത്വാ | കേട്ട് | തൂർണ്ണം | ഉടനെ |
| നൃപാലയാത് | രാജധാനിയിൽനിന്ന് | മാം | എന്നെ |
| നിഃസൃതഃ; | പുറത്തിറങ്ങി; | അനുയാതഃ. | പിൻതുടൎന്നുവന്നു. |

സ തു ദൃഷ്ട്വൈവ മാം രാത്രൌ സദ്വിതീയം മഹാബലഃ
പ്രാദ്രവദ്ഭയസംത്രസ്തോ വീക്ഷ്യാവാം സമനുദ്രുതൌ. 16

| | | | |
|---|---|---|---|
| "'മഹാബലഃ | "'അതിബലവാനായ | തു | അതിനാൽ |
| സഃ ഏവ | ആ ദൈത്യനും | ഭയസംത്രസ്തഃ | ഭയത്താലുള്ളം നടുങ്ങിയവനായി |
| രാത്രൌ | രാത്രിയിൽ | പ്രാദ്രവത്; | കുതിച്ചോടി; |
| മാം | എന്നെ | ആവാം | ഞങ്ങളിരുവരും |
| സദ്വിതീയം | രണ്ടാമനായ ഒരു സഹായിയോടുംകൂടി | വീക്ഷ്യ | അതുകണ്ട് |
| ദൃഷ്ട്വാ, | കണ്ട്, | സമനുദ്രുതൌ. | ഒപ്പം പാഞ്ഞു. |

അനുദ്രുതശ്ച വേഗേന പ്രവിവേശ മഹാബിലം. 17

| | | | |
|---|---|---|---|
| "'വേഗേന | "'ഊക്കോടെ | ച | ഉടനെ |
| അനുദ്രുതഃ | ഒപ്പം പാഞ്ഞെത്തപ്പെട്ടവനായ അവൻ | മഹാബിലം | ഒരു വലിയ ഗുഹയ്ക്കുള്ളിൽ |
| | | പ്രവിവേശ | പ്രവേശിച്ചുകളഞ്ഞു. |

തം പ്രവിഷ്ടം വിദിത്വാ തു സുഘോരം സുമഹദ്ബിലം
അയമുക്തോഽഥ മേ ഭ്രാതാ മയാ തു ക്രൂരദർശനഃ. 18

| | | | |
|---|---|---|---|
| "'സുഘോരം | "'അതിഭയങ്കരമായതും | മേ | എന്റെ |
| സുമഹത് | ഏററം വമ്പിച്ചതുമായ | ക്രൂരദർശനഃ | നിഷ്ഠുരഹൃദയനായ |
| ബിലം | ഗുഹയിൽ | ഭ്രാതാ അയം, | അനുജനായ ഇവൻ, |
| പ്രവിഷ്ടം | പ്രവേശിച്ചവനെന്ന് | മയാ തു | എന്നാൽതന്നെ |
| തം വിദിത്വാ, | അവനെ അറിഞ്ഞ്, | അഥ | ഇപ്രകാരം |
| തു | ആ സമയം | ഉക്തഃ. | ആജ്ഞാപിക്കപ്പെട്ടു. |

അഹത്വാ നാസ്തി മേ ശക്തിഃ പ്രതിഗന്തുമിതഃ പുരീം
ബിലദ്വാരി പ്രതീക്ഷസ്വ യാവദേനം നിഹന്മ്യഹം. 19

| | | | |
|---|---|---|---|
| "'അഹത്വാ | "'ഇവനെവധിക്കാതെ, | അഹം | ഞാൻ |
| ഇതഃ | ഇവിടെനിന്ന് | ഏനം | ഇവനെ |
| പുരീം | നഗരത്തിലേക്ക് | നിഹന്മി; | കൊന്നുകളയാം; |
| പ്രതിഗന്തും, | തിരിച്ചുപോകുന്നതിന്ന്, | യാവത് | അതുവരെ |
| മേ | എനിക്ക് | ബിലദ്വാരി | ഗുഹാദ്വാരത്തിൽ |
| ശക്തിഃ അസ്തി ന; | മനസ്സില്ല; | പ്രതീക്ഷസ്വ. | കാത്തുനില്ക്കുക. |

സ്ഥിതോऽയമിതി മത്വാ തു പ്രവിഷ്ടോऽഹം ദുരാസദം
തം മേ മാർഗ്ഗയതസ്തത്ര ഗതഃ സംവത്സരസ്തദാ. 20

| | | | |
|---|---|---|---|
| " അഹം | " 'ഞാൻ | പ്രവിഷ്ടഃ ; | പ്രവേശിച്ചു ; |
| അയം | ഇവൻ | തത്ര | അവിടെ |
| സ്ഥിതഃ, | കാത്തുനില്ക്കുന്നുണ്ട്, | തദാ | അപ്പോൾ |
| ഇതി | എന്നു | തം | അവനെ |
| മത്വാ തു | വിശ്വസിച്ചുകൊണ്ടു തന്നെ | മാർഗ്ഗയതഃ | തിരഞ്ഞുകൊണ്ടിരുന്ന |
| | | മേ | എനിക്ക് |
| ദുരാസദം | ദുഷ്പ്രവേശ്യമായ അതിൽ | സംവത്സരഃ | ഒരു കൊല്ലം |
| | | ഗതഃ. | കഴിഞ്ഞുപോയി. |

സ തു ദൃഷ്ടോ മയാ ശത്രുരനിർവ്വേദാദ് ഭയാവഹഃ
നിഹതശ്ച മയാ തത്ര സോऽസുരോ ബന്ധുഭിഃ സഹ. 21

| | | | |
|---|---|---|---|
| " 'ഭയാവഹഃ | " 'ഭയങ്കരനായ | തത്ര | അപ്പോൾ തന്നെ |
| ശത്രുഃ | വൈരിയായ | സഃ അസുരഃ | ആ അസുരൻ |
| സഃ, | അവൻ, | ബന്ധുഭിഃ സഹ | ബന്ധുക്കളോടു കൂടി |
| മയാ തു | എന്നാൽ തന്നെ | മയാ | എന്നാൽ |
| അനിർവ്വേദാത് | വളരെ കഷ്ടപ്പെട്ട് | നിഹതഃ ച. | കൊല്ലപ്പെടുകയും ചെയ്തു. |
| ദൃഷ്ടഃ ; | കണ്ടുപിടിക്കപ്പെട്ടു ; | | |

തസ്യൈവ ച പ്രവൃത്തേന രുധിരൗഘേണ തദ്ബിലം
പൂർണ്ണമാസീദ്ദുരാക്രാമം സ്തനതസ്തസ്യ ഭൂതലേ. 22

| | | | |
|---|---|---|---|
| " 'ഭൂതലേ | " 'നിലത്ത് | രുധിരൗഘേണ ഏവ | രക്തപ്രവാഹത്താൽ തന്നെ, |
| തസ്യ | അവൻ | തത് ബിലം | ആ ഗുഹ |
| സ്തനതഃ, | കിടന്നു ശ്വാസംവലിക്കുന്ന സമയം, | ദുരാക്രാമം | കടപ്പാൻ കഴിയാത്തതായി |
| തസ്യ | അവന്ന് | പൂർണ്ണം ച ആസീത്. | നിറഞ്ഞുപോയി. |
| പ്രവൃത്തേന | ഉണ്ടായ | | |

സൂദയിത്വാ തു തം ശത്രും ബലിനം ദുന്ദുഭേഃ സുതം
നിഷ്ക്രാമൻ നൈവ പശ്യാമി ബിലസ്യ പിഹിതം മുഖം. 23

| | | | |
|---|---|---|---|
| " 'ദുന്ദുഭേഃ | " 'ദുന്ദുഭിയുടെ | നിഷ്ക്രാമൻ, | പുറത്തേക്കു വരുന്നവനായ ഞാൻ, |
| സുതം | പുത്രനും | | |
| ബലിനം | ബലശാലിയും | ബിലസ്യ | ഗുഹയുടെ |
| ശത്രും | ശത്രുവുമായ | പിഹിതം | അടയ്ക്കപ്പെട്ടിരുന്നതായ |
| തം | അവനെ | മുഖം ഏവ | ദ്വാരത്തെത്തന്നെ |
| സൂദയിത്വാ തു, | വധിച്ചുശേഷം, | പശ്യാമി ന. | കാണുകയുണ്ടായില്ല. |

വിക്രോശമാനസ്യ തു മേ സുഗ്രീവേതി പുനഃ പുനഃ
യതഃ പ്രതിവചോ നാസ്തി തതോऽഹം ഭൃശദുഃഖിതഃ. 24

| | | | |
|---|---|---|---|
| "'പുനഃ പുനഃ | "'പലപ്രാവശ്യവും | യതഃ | ഒരുദിക്കിൽനിന്നും |
| സുഗ്രീവ! | സുഗ്രീവ! | അസ്തി ന; | ഉണ്ടായില്ല; |
| ഇതി | എന്നു | തതഃ | അതിനാൽ |
| വിക്രോശമാനസ്യ തു, | ഉറക്കെ വിളിച്ചിട്ടും, | അഹം | ഞാൻ |
| മേ | എനിക്കു | ഭൃശദുഃഖിതഃ | അതിദുഃഖിതനായി തീൎന്നു. |
| പ്രതിവചഃ | മറുപടി | | |

പാദപ്രഹാരൈരസ്തു മയാ ബഹുഭിഃ സ വിദാരിതഃ
തതോऽഹം തേന നിഷ്ക്രമ്യ യത്നാത് പുനരുപാഗതഃ. 25

| | | | |
|---|---|---|---|
| "'സഃ | "'അതു് | അഹം | ഞാൻ |
| മയാ | എന്നാൽ | തേന | ആ വഴിയായി |
| യത്നാത് | വളരെ പണിപ്പെട്ടു് | തതഃ | അവിടെനിന്നു് |
| ബഹുഭിഃ | പല | നിഷ്ക്രമ്യ | പുറത്തുവന്നു് |
| പാദപ്രഹാരൈഃ തു | ചവിട്ടുകൾകൊണ്ടു് | പുനഃ | വീണ്ടും |
| വിദാരിതഃ; | പൊടിപെടുത്തപ്പെട്ടു; | ഉപാഗതഃ. | ഇവിടെ എത്തിച്ചേൎന്നു. |

തത്രാനേനാസ്മി സംരുദ്ധോ രാജ്യം പ്രാൎത്ഥയതാऽऽത്മനഃ
സുഗ്രീവേണ നൃശംസേന വിസ്മൃത്യ ഭ്രാതൃസൌഹൃദം. 26

| | | | |
|---|---|---|---|
| "'ഭ്രാതൃസൌഹൃദം | "'ഭ്രാതൃസ്നേഹത്തെ | നൃശംസേന | പരമദുഷ്ടനായ |
| വിസ്മൃത്യ, | മറന്നു്, | അനേന | ഈ |
| ആത്മനഃ | തനിക്കു് | സുഗ്രീവേണ, | സുഗ്രീവനാൽ, |
| രാജ്യം | രാജ്യത്തെ | തത്ര | അവിടെ |
| പ്രാൎത്ഥയതാ | കാംക്ഷിച്ച | അസ്മി | ഞാൻ |
| | | സംരുദ്ധഃ'. | നിരോധിക്കപ്പെട്ടു.' |

ഏവമുക്ത്വാ തു മാം തത്ര വസ്ത്രേണൈകേന വാനരഃ
തദാ നിൎവ്വാസയാമാസ വാലീ വിഗതസാദ്ധ്വസഃ. 27

| | | | |
|---|---|---|---|
| "വാനരഃ | "വാനരനായ | തു | അതിൽ പിന്നെ |
| വാലീ, | ബാലി, | ഏകേന | ഒററ |
| തദാ | അപ്പോൾ | വസ്ത്രേണ | വസ്ത്രത്തോടുകൂടി |
| തത്ര | അവിടെ വെച്ചു് | വിഗതസാദ്ധ്വസഃ | ഒരു കൂസലുമില്ലാതെ |
| മാം | എന്നെ നോക്കി | നിൎവ്വാസയാമാസ. | എന്നെ ബഹിഷ്കരിച്ചു. |
| ഏവം | മേൽപ്രകാരം | | |
| ഉക്ത്വാ, | ഗഹിച്ചു്, | | |

തേനാഹമപവിദ്ധശ്ച ഹൃതദാരശ്ച രാഘവ
തദ്ഭയാച്ച മഹീ കൃത്സ്നാ ക്രാന്തേയം സവനാൎണ്ണവാ. 28

| | | | |
|---|---|---|---|
| "രാഘവ! | "ശ്രീരാഘവ! | സവനാൎണ്ണവാ | കാടുംകടലുമടങ്ങിയ |
| അഹം | ഞാൻ | ഇയം | ഈ |
| തേന | അവനാൽ | മഹീ | ഭൂമി |
| അപവിദ്ധഃ ച | തള്ളി പുറത്താക്കപ്പെട്ടു. | കൃത്സ്നാ, | മുഴുവനും, |
| ഹൃതദാരഃ ച; | ഭാൎയ്യയുമപഹരിക്കപ്പെട്ടു; | ക്രാന്താ. | എന്നാൽ ഓടിത്തിരിയപ്പെട്ടു. |
| തദ്ഭയാത് ച | അവനിലുള്ള ഭയംകൊണ്ടുതന്നെ | | |

ഋശ്യമൂകം ഗിരിവരം ഭാൎയ്യാഹരണദുഃഖിതഃ
പ്രവിഷ്ടോऽസ്മി ദുരാധൎഷം വാലിനഃ കാരണാന്തരേ. 29

| | | | |
|---|---|---|---|
| "കാരണാന്തരേ | "ഒരു സംഗതിവശാൽ | ഋശ്യമൂകം, | ഋശ്യമൂകത്തിൽ, |
| വാലിനഃ | ബാലിക്കു | ഭാൎയ്യാഹരണ-ദുഃഖിതഃ | ഭാൎയ്യ അപഹരിക്കപ്പെട്ട മനോവേദനയോടു കൂടിയവനായി |
| ദുരാധൎഷം | കടന്നുചെല്ലുവാൻ പാടില്ലാത്ത | പ്രവിഷ്ടഃ | പ്രവേശിച്ചു് |
| ഗിരിവരം | വൻപൎവ്വതമായ | അസ്മി. | പാൎത്തുവരുന്നു. |

ഏതത്തേ സൎവ്വമാഖ്യാതം വൈരാനുകഥനം മഹത്
അനാഗസാ മയാ പ്രാപ്തം വ്യസനം പശ്യ രാഘവ. 30

| | | | |
|---|---|---|---|
| "തേ, | "നിന്തിരുവടിയോടു്, | രാഘവ! | രഘുവര! |
| വൈരാനുകഥനം | വൈരത്തെ സംബന്ധിച്ച കഥയായ | അനാഗസാ | നിരപരാധിയായ |
| ഏതത് സൎവ്വം, | ഇതെല്ലാം, | മയാ | എന്നാൽ |
| മഹത് | വിസ്തരിച്ചു് | പ്രാപ്തം | അനുഭവിക്കപ്പെട്ടതായ |
| ആഖ്യാതം, | പറയപ്പെട്ടു, | വ്യസനം | കഷ്ടത്തെ |
| | | പശ്യ. | നിന്തിരുവടി അറിഞ്ഞാലും. |

വാലിനസ്തു ഭയാത്തസ്യ സൎവ്വഭൂതഭയാപഹ
കൎത്തുമൎഹസി മേ വീര പ്രസാദം തസ്യ നിഗ്രഹാത്. 31

| | | | |
|---|---|---|---|
| "സൎവ്വഭൂത-ഭയാപഹ! | "എല്ലാ പ്രാണികൾക്കും അഭയം നൽകുന്നവനായ | മേ, | എനിക്കു്, |
| വീര! | വീര! | തസ്യ നിഗ്രഹാത് തു | അവനെവധിച്ചുതന്നെ |
| വാലിനഃ | ബാലിയിൽനിന്നു | പ്രസാദം കൎത്തും | അനുഗ്രഹിച്ചരുളുവാൻ |
| ഭയാൎത്തസ്യ | ഭയന്നു നടുങ്ങിക്കിടക്കുന്ന | അൎഹസി." | തിരുമനസ്സുണ്ടാകേണം." |

ഏവമുക്തസ്തു തേജസ്വീ ധർമ്മജ്ഞോ ധർമ്മസംഹിതം
വചനം വക്തുമാരേഭേ സുഗ്രീവം പ്രഹസന്നിവ. 32

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ധർമ്മസംഹിതം | ധർമ്മാനുസൃതമായ |
| ഉക്തഃ | പറയപ്പെട്ട | വചനം | ഈ വാക്യത്തെ |
| തേജസ്വീ | തേജസ്വിയും [ഹം | സുഗ്രീവം തു | സുഗ്രീവനോടായി |
| ധർമ്മജ്ഞഃ | ധർമ്മജ്ഞനുമായ അദ്ദേ- | വക്തും } | അരുൾചെയ്യാൻ |
| പ്രഹസൻ } | അല്പം മന്ദഹാസം | ആരേഭേ. } | തുടങ്ങി. |
| ഇവ } | പൂണ്ടുകൊണ്ട് | | |

അമോഘാഃ സൂര്യസംകാശാ മമൈതേ നിശിതാഃ ശരാഃ
തസ്മിൻ വാലിനി ദുർവൃത്തേ നിപതിഷ്യന്തി വേഗിതാഃ 33

| | | | |
|---|---|---|---|
| "അമോഘാഃ | "നിഷ്ഫലമാകാത്തവയും | ദുർവൃത്തേ | നീചവൃത്തിയാന്ന |
| സൂര്യസംകാശാഃ | ആദിത്യസദൃശങ്ങളും | തസ്മിൻ | ആ |
| നിശിതാഃ | മൂർച്ചയുള്ളവയുമായ | വാലിനി | ബാലിയുടെമേൽ |
| മമ | എന്റെ | വേഗിതാഃ | ഉഗ്രതയോടെ |
| ഏതേ ശരാഃ, | ഈ ബാണങ്ങൾ, | നിപതിഷ്യന്തി. | പതിക്കുന്നതാണ്. |

യാവത്തം ന ഹി പശ്യാമി തവ ഭാര്യാപഹാരിണം
താവത്സ ജീവേത് പാപാത്മാ വാലീ ചാരിത്രദൂഷകഃ. 34

| | | | |
|---|---|---|---|
| "തവ | "ഭവാന്റെ | താവത് ഹി | അതുവരെ മാത്രമെ, |
| ഭാര്യാപ- } | ഭാര്യയെ അപഹരിച്ചി | പാപാത്മാ | പാപിഷ്ഠനും |
| ഹാരിണം } | രിക്കുന്ന | ചാരിത്രദൂഷകഃ | കുലദൂഷകനുമായ |
| തം യാവത് | അവനെ ഏതുവരെ | സഃ | ആ |
| പശ്യാമി ന | ഞാൻ കണ്ടെത്താതിരി | വാലീ | ബാലി |
| | ക്കുന്നുവൊ, | ജീവേത്. | ജീവനോടിരിക്കുകയുള്ളു. |

ആത്മാനുമാനാത് പശ്യാമി മഗ്നസ്ത്വം ശോകസാഗരേ
ത്വാമഹം താരയിഷ്യാമി സുഖം പ്രാപ്സ്യസി പുഷ്കലം. 35

| | | | |
|---|---|---|---|
| "ത്വം | "അങ്ങ് | ത്വാം | അങ്ങയെ |
| ശോകസാഗരേ | ശോകാർണ്ണവത്തിൽ | താരയിഷ്യാമി; | കഷ്ടത്തിൽനിന്നു |
| മഗ്നഃ, | ആണ്ടുകിടക്കുന്നതു് | | കരകയററുന്നുണ്ട്; |
| ആത്മാനു- } | എന്നെപ്പോലെതന്നെ | സുഖം | സർവ്വാഭീഷ്ടത്തേയും |
| മാനാത് } | യെന്ന് ഊഹിച്ച് | പുഷ്കലം | കുറവില്ലാതെ |
| പശ്യാമി; | ഞാൻ അറിയുന്നു; | പ്രാപ്സ്യസി". | ഭവാൻ പ്രാപിക്കുമാറാ |
| അഹം | ഞാൻ | | കും." |

തസ്യ തദ്വചനം ശ്രുത്വാ ഹർഷപൌരുഷവർദ്ധനം
സുഗ്രീവഃ പരമപ്രീതഃ സുമഹദ്വാക്യമബ്രവീത്. 35

| | | | |
|---|---|---|---|
| സുഗ്രീവഃ | സുഗ്രീവൻ, | പരമപ്രീതഃ | അത്യന്തം സന്തുഷ്ടനായി |
| തസ്യ | അദ്ദേഹത്തിന്റെ | സുമഹത് വാക്യം | പ്രത്യേകിച്ചറിയിക്കുവാനുള്ളതിനെക്കുറിച്ച് |
| ഹർഷ- പൌരുഷ- വർദ്ധനം | ഉത്സാഹത്തേയും വീര്യത്തേയും വർദ്ധിപ്പിക്കുന്നതായ | അബ്രവീത്. | താഴെവരുമാറ് ഉണർത്തിച്ചു. |
| തത് വചനം | ആ വാക്യത്തെ | | |
| ശ്രുത്വാ | കേട്ട്, | | |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ ദശമഃ സർഗ്ഗഃ = പത്താംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 9700 ; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 448.

## ഏകാദശഃ സർഗ്ഗഃ = പതിനൊന്നാംസർഗ്ഗം.

[വാലിപരാക്രമവർണ്ണനം = വാലിയുടെ പരാക്രമത്തെ വർണ്ണിക്കുന്നതു്.]

രാമസ്യ വചനം ശ്രുത്വാ ഹർഷപൌരുഷവർദ്ധനം
സുഗ്രീവഃ പൂജയാംചക്രേ രാഘവം പ്രശശംസ ച. 1

| | | | |
|---|---|---|---|
| സുഗ്രീവഃ | സുഗ്രീവൻ | വചനം ശ്രുത്വാ | വാക്യത്തെ കേട്ട് |
| ഹർഷ- പൌരുഷ- വർദ്ധനം | ഉത്സാഹത്തെയും പൌരുഷത്തെയും വളർത്തുന്നതായ | രാഘവം | ശ്രീരാമനെ |
| | | പൂജയാംചക്രേ; | താണുവണങ്ങി; |
| രാമസ്യ | ശ്രീരാമന്റെ | പ്രശശംസ ച. | ഇപ്രകാരം പുകഴ്ത്തുകയും ചെയ്തു. |

അസംശയം പ്രജ്വലിതൈസ്തീക്ഷ്ണൈർമർമാതിഗൈഃ ശരൈഃ
ത്വം ദഹേഃ കുപിതോ ലോകാൻ യുഗാന്ത ഇവ ഭാസ്കരഃ. 2

| | | | |
|---|---|---|---|
| പ്രജ്വലിതൈഃ | "ഉജ്ജ്വലിക്കുന്നവയും | ഇവ, | എന്നപോലെ, |
| തീക്ഷ്ണൈഃ | നിശിതങ്ങളും | ത്വം | നിന്തിരുവടി ഏകൻതന്നെ |
| മർമാതിഗൈഃ | മർമ്മങ്ങളെ തുളയ്ക്കുന്നവയുമായ | അസംശയം | സംശയംകൂടാതെ |
| ശരൈഃ, | ബാണങ്ങളാൽ, | ലോകാൻ | ലോകങ്ങളെയെല്ലാം |
| യുഗാന്തേ | പ്രളയകാലത്തിൽ | ദഹേഃ. | ദഹിപ്പിപ്പാൻ കഴിവുള്ളവനാണ്. |
| കുപിതഃ | ഉഗ്രതപൂണ്ട | | |
| ഭാസ്കരഃ | സൂര്യൻ | | |

വാലിനഃ പൌരുഷം യത്തദ്യച്ച വീര്യം ധൃതിശ്ച യാ
തന്മമൈകമനാഃ ശ്രുത്വാ വിധത്സ്വ യദനന്തരം. 3

| | | | |
|---|---|---|---|
| “വാലിനഃ | “ബാലിയുടെ | യാ ച | യാതൊന്നൊ അതിനേയും, |
| പൌരുഷം | പൌരുഷം | മമ | എങ്കൽനിന്ന് |
| യത് | യാതൊന്നൊ | ഏകമനാഃ | ശ്രദ്ധയോടെ |
| തത്, | അതിനെയും, | ശ്രുത്വാ, | കേട്ട്, |
| വീര്യം | പ്രഭാവം | യത് അനന്തരം | മേലിൽ വേണ്ടുന്നതിനെ |
| യത് | യാതൊന്നൊ | വിധത്സ്വ. | ചെയ്തരുളിയാലും. |
| തത് ച, | അതിനെയും, | | |
| ധൃതിഃ | ധൈര്യം | | |

സമുദ്രാത് പശ്ചിമാത് പൂർവ്വം ദക്ഷിണാദപി ചോത്തരം
ക്രാമത്യനുദിതേ സൂര്യേ വാലീ വ്യപഗതക്ലമഃ 4

| | | | |
|---|---|---|---|
| “വാലീ | “ബാലി | പൂർവ്വം ച, | കിഴക്കെ സമുദ്രത്തിലേക്കും, |
| സൂര്യേ | ആദിത്യൻ | ദക്ഷിണാത് | തെക്കേതിൽനിന്ന് |
| അനുദിതേ | ഉദിക്കുന്നതിന്നുമുമ്പ് | ഉത്തരം അപി | വടക്കേതിലേക്കും |
| പശ്ചിമാത് | പടിഞ്ഞാറെ | വ്യപഗതക്ലമഃ | അനായാസമായി |
| സമുദ്രാത് | സമുദ്രത്തിൽനിന്ന് | ക്രാമതി. | ചാടിക്കടക്കാറുണ്ട്. |

അഗ്രാണ്യാരുഹ്യ ശൈലാനാം ശിഖരാണി മഹാന്ത്യപി
ഊർദ്ധ്വമുത്ക്ഷിപ്യ തരസാ പ്രതിഗൃഹ്ണാതി വീര്യവാൻ. 5

| | | | |
|---|---|---|---|
| “വീര്യവാൻ, | “വീര്യവാനായ അവൻ, | തരസാ | ഊക്കോടെ |
| ശൈലാനാം | മലകളുടെ | ഊർദ്ധ്വം | മേല്പോട്ട് |
| അഗ്രാണി | ശിഖരങ്ങളിൽ | ഉത്ക്ഷിപ്യ | പുഴക്കിയെടുത്തെറിഞ്ഞു |
| ആരുഹ്യ, | കയറി, | പ്രതിഗൃഹ്ണാതി. | പിടിക്കാറുണ്ട്. |
| മഹാന്തി | വലിയ | | |
| ശിഖരാണി അപി | കൊടുമുടികളെയും | | |

ബഹവഃ സാരവന്തശ്ച വനേഷു വിവിധാ ദ്രുമാഃ
വാലിനാ തരസാ ഭഗ്നാ ബലം പ്രഥയതാഽഽത്മനഃ. 6

| | | | |
|---|---|---|---|
| “ആത്മനഃ | “തന്റെ | സാരവന്തഃ | കാതലോടുകൂടിയ |
| ബലം | കൈയൂക്കിനെ | വിവിധാഃ | പലവിധത്തിലുള്ള |
| പ്രഥയതാ | പ്രദർശിപ്പിപ്പാൻ ഇച്ഛി[ച്ച | ബഹവഃ ദ്രുമാഃ ച, | അനവധി മരങ്ങളും, |
| വാലിനാ, | ബാലിയാൽ, | തരസാ, | ശക്തികൊണ്ട്, |
| വനേഷു | കാടുകളിൽ | ഭഗ്നാഃ. | തകൎക്കപ്പെട്ടിട്ടുണ്ട്. |

മഹിഷോ ദുന്ദുഭിർനാമ കൈലാസശിഖരപ്രഭഃ
ബലം നാഗസഹസ്രസ്യ ധാരയാമാസ വീര്യവാൻ. 7

| | | | |
|---|---|---|---|
| “വീര്യവാൻ | “പരാക്രമശാലിയായ | മഹിഷഃ | മഹിഷരൂപം കൈക്കൊണ്ട് |
| ദുന്ദുഭിഃ നാമ | ദുന്ദുഭിയെന്ന ഒരു അസുരൻ | നാഗസഹസ്രസ്യ | ആയിരം ആനകളുടെ |
| കൈലാസശിഖരപ്രഭഃ | കൈലാസശിഖരത്തിന്ന് തുല്യനായി | ബലം | ബലത്തെ |
| | | ധാരയാമാസ. | വഹിച്ചിരുന്നു. |

സ വീൎയ്യോത്സേക ദൃഷ്ടാത്മാ വരദാനാച്ച മോഹിതഃ
ജഗാമ സുമഹാകായഃ സമുദ്രം സരിതാം പതിം. 8

| | |
|---|---|
| " വീൎയ്യോത്സേകഃ | " സ്വവീൎയ്യത്താൽ ഗൎവ്വംകൊണ്ട |
| ദൃഷ്ടാത്മാ | ദൃഷ്ടനും |
| വരദാനാത് | വരം ലഭിച്ചതിനാൽ |
| മോഹിതഃ | മദംകൊണ്ടവനും |
| സുമഹാകായശ്ച | വമ്പിച്ച ശരീരമുള്ളവനുമായ |
| സഃ | അവൻ |
| സരിതാം | നദികൾക്കെല്ലാം |
| പതിം | നാഥനായ |
| സമുദ്രം ജഗാമ. | സമുദ്രത്തെ പ്രാപിച്ചു. |

ഊൎമ്മിമന്തമതിക്രമ്യ സാഗരം രത്നസഞ്ചയം
മഹ്യം യുദ്ധം പ്രയച്ഛേതി തമുവാച മഹാൎണ്ണവം. 9

| | |
|---|---|
| " ഊൎമ്മിമന്തം | " തിരമാലകളാൎന്നതും |
| രത്നസഞ്ചയം | രത്നങ്ങൾ നിറഞ്ഞതും |
| സാഗരം | സഗരപുത്രന്മാരാൽ വൎദ്ധിപ്പിക്കപ്പെട്ടതുമായ |
| തം | ആ |
| മഹാൎണ്ണവം | സമുദ്രത്തെ |
| അതിക്രമ്യ, | എതിൎത്ത് |
| ' മഹ്യം | ' എനിക്ക് |
| യുദ്ധം | യുദ്ധത്തെ |
| പ്രയച്ഛ ' | നൽകുക ' |
| ഇതി ഉവാച. | എന്നു പറഞ്ഞു. |

തതഃ സമുദ്രോ ധൎമ്മാത്മാ സമുത്ഥായ മഹാബലഃ
അബ്രവീദ്വചനം രാജന്നസുരം കാലചോദിതം. 10

| | |
|---|---|
| " രാജൻ! | " രാജാവെ! |
| തതഃ | അപ്പോൾ |
| മഹാബലഃ | അതിബലവാനും |
| ധൎമ്മാത്മാ | ധൎമ്മാത്മാവുമായ |
| സമുദ്രഃ, | സമുദ്രം |
| സമുത്ഥായ, | എഴുന്നേറ്റു്, |
| കാലചോദിതം | കാലപാശത്തിൽ കുടുങ്ങിയവനായ |
| അസുരം | അസുരനെനോക്കി |
| വചനം | ഇങ്ങിനെ |
| അബ്രവീത്. | മറുപടിപറഞ്ഞു. |

സമൎത്ഥോ നാസ്മി തേ ദാതും യുദ്ധം യുദ്ധവിശാരദ
ശ്രൂയതാം ത്വഭിധാസ്യാമി യസ്തു യുദ്ധം പ്രദാസ്യതി. 11

| | |
|---|---|
| "'യുദ്ധവിശാരദ! | "'രണകുശലനായവനെ! |
| തേ | നിണക്ക് |
| യുദ്ധം | യുദ്ധം |
| ദാതും | നൽകുന്നതിന്ന് |
| സമൎത്ഥഃ അസ്മി ന; | കഴിവുള്ളവനല്ല ഞാൻ; |
| യഃ | യാതൊരുവൻ |
| തേ | നിണക്ക് |
| യുദ്ധം | യുദ്ധത്തെ |
| പ്രദാസ്യതി | പ്രദാനം ചെയ്യുമൊ, |
| തു | ഇതാ [അവനെ |
| അഭിധാസ്യാമി; | ഞാൻ പറഞ്ഞുതരാം; |
| ശ്രൂയതാം. | കേട്ടുകൊൾക. |

ശൈലരാജോ മഹാരണ്യേ തപസ്വിശരണം പരം
ശങ്കരശ്വശുരോ നാമ്നാ ഹിമവാനിതി വിശ്രുതഃ 12
ഗുഹാപ്രസ്രവണോപേതോ ബഹുകന്ദരനിർഝരഃ
സ സമർത്ഥസ്തവ പ്രീതിമതുലാം കർത്തുമാഹവേ. 13

| | |
|---|---|
| " 'മഹാരണ്യേ | " 'വൻകാട്ടിൽ |
| ശൈലരാജഃ | പർവ്വതശ്രേഷ്ഠനായി |
| പരം തപസ്വിശരണം | ഉത്തമമായ തപോധനവാസസ്ഥാനവും, |
| ശങ്കരശ്വശുരഃ | മഹേശ്വരന്റെ ഭാര്യയുടെ പിതാവും |
| ഗുഹാപ്രസ്രവണോപേതഃ | ഗുഹകളും ചോലകളും നിറഞ്ഞതും |
| ബഹുകന്ദരനിർഝരഃ | പല താഴ്വരകളും അരുവികളുമുള്ളതും |
| നാമ്നാ | പേർകൊണ്ട് |
| ഹിമവാൻ ഇതി | ഹിമവാൻ എന്ന് |
| വിശ്രുതഃ | പ്രസിദ്ധമായതുമായ |
| സഃ, | അതു, |
| ആഹവേ | പോരിൽ |
| തവ | നിണക്ക് |
| അതുലാം | നിസ്തുല്യമായ |
| പ്രീതിം | മനഃസംതൃപ്തിയെ |
| കർത്തും | നൽകുന്നതിന്ന് |
| സമർത്ഥഃ.' | കഴിവുള്ളതാകുന്നു.' |

തം ഭീത ഇതി വിജ്ഞായ സമുദ്രമസുരോത്തമഃ
ഹിമവദ്വനമാഗച്ഛച്ഛരശ്ചാപാദിവ ച്യുതഃ. 14

| | |
|---|---|
| "അസുരോത്തമഃ | "അസുരശ്രേഷ്ഠൻ, |
| തം സമുദ്രം | ആ പയോധിയെ |
| ഭീതഃ ഇതി | ഭീരു എന്ന് |
| വിജ്ഞായ, | കരുതി, |
| ചാപാത് | വില്ലിൽ നിന്ന് |
| ച്യുതഃ | എയ്യപ്പെട്ട |
| ശരഃ ഇവ | ബാണം പോലെ |
| ഹിമവദ്വനം | ഹിമവാനിലെ അരണ്യപ്രദേശത്തിൽ |
| അഗച്ഛത്. | ചെന്നു. |

തതസ്തസ്യ ഗിരേഃ ശ്വേതാ ഗജേന്ദ്രവിപുലാഃ ശിലാഃ
ചിക്ഷേപ ബഹുധാ ഭൂമൌ ദുന്ദുഭിർവിനനാദ ച. 15

| | |
|---|---|
| "തതഃ | "അവിടെ |
| ദുന്ദുഭിഃ, | ദുന്ദുഭി, |
| തസ്യ | ആ |
| ഗിരേഃ | ശൈലത്തിലെ |
| ഗജേന്ദ്രവിപുലാഃ | വൻ ഗജങ്ങൾക്കു തുല്യങ്ങളായ |
| ശ്വേതാഃ | വെളുത്ത |
| ശിലാഃ | പാറകളെ |
| ഭൂമൌ | ഭൂമിയിൽ |
| ബഹുധാ | അങ്ങുമിങ്ങും |
| ചിക്ഷേപ; | പിളന്നെറിഞ്ഞു; |
| വിനനാദ ച. | അട്ടഹസിക്കയുംചെയ്തു. |

തതഃ ശ്വേതാംബുദാകാരഃ സൌമ്യഃ പ്രീതികരാകൃതിഃ
ഹിമവാനബ്രവീദ്വാക്യം സ്വ ഏവ ശിഖരേ സ്ഥിതഃ. 16

| | |
|---|---|
| "തതഃ | "അപ്പോൾ |
| ഹിമവാൻ, | ഹിമവാൻ, |
| ശ്വേതാംബുദാകാരഃ | വെൺമുകിലിന്നുതുല്യമായ രൂപത്തോടെ |
| സൌമ്യഃ | ശാന്തനായി |
| പ്രീതികരാകൃതിഃ | പ്രിയദർശനനായി |
| സ്വേ | സ്വന്തം |
| ശിഖരേ | ശിഖരത്തിൽ |
| സ്ഥിതഃ ഏവ | വർത്തിച്ചുകൊണ്ടു തന്നെ |
| വാക്യം അബ്രവീത്. | ഇങ്ങിനെ പറഞ്ഞു. |

ക്ലേഷ്ടുമർഹസി മാം ന ത്വം ദുന്ദുഭേ ധർമ്മവത്സല
രണകർമ്മസ്വകുശലസ്തപസ്വീ ശരണോ ഹ്യഹം. 17

| | | | |
|---|---|---|---|
| "'ധർമ്മവത്സല! | "'ധർമ്മതല്പരനായ | തപസ്വീ | കഴിവററവനായി |
| ദുന്ദുഭേ! | ദുന്ദുഭേ! | ശരണഃ; | ശരണംപ്രാപിച്ചവ |
| അഹം | ഞാൻ | ത്വം | നീ [നായിരിക്കുന്നു; |
| രണകർമ്മസു | യുദ്ധകൃത്യങ്ങളിൽ | മാം | എന്നെ |
| അകുശലഃ; | പരിചയമില്ലാത്തവ | ക്ലേഷ്ടും അർഹസി ന.' | ഉപദ്രവിക്കാതിരുന്നാലും.' |
| ഹി | അതിനാൽ [നാകുന്നു; | | |

തസ്യ തദ്വചനം ശ്രുത്വാ ഗിരിരാജസ്യ ധീമതഃ
ഉവാച ദുന്ദുഭിർവാക്യം ക്രോധാത്സംരക്തലോചനഃ. 18

| | | | |
|---|---|---|---|
| "ദുന്ദുഭിഃ, | "ദുന്ദുഭി, | ശ്രുത്വാ | കേട്ട് |
| ധീമതഃ | ബുദ്ധിമാനായ | ക്രോധാത് | കോപത്താൽ |
| തസ്യ | ആ | സംരക്തലോചനഃ | ചുടുത്ത കണ്ണുകളോടുകൂടിയവനായി |
| ഗിരിരാജസ്യ | പർവ്വതരാജാവിന്റെ | വാക്യം ഉവാച. | ഇപ്രകാരം പറഞ്ഞു. |
| തത് വചനം | ആ വാക്യത്തെ | | |

യദി യുദ്ധേഽസമർത്ഥസ്ത്വം മദ്ഭയാദ്വാ നിരുദ്യമഃ
തമാചക്ഷ്വ പ്രദദ്യാന്മേ യോഽദ്യ യുദ്ധം യുയുത്സതഃ. 19

| | | | |
|---|---|---|---|
| "'ത്വം | "'നീ | യുയുത്സതഃ | യുദ്ധകാംക്ഷിയായ |
| യുദ്ധേ | യുദ്ധത്തിൽ | മേ | എന്നോടുകൂടി |
| മദ്ഭയാത് | എന്നിലുള്ളഭയം നിമിത്തം | അദ്യ | ഇപ്പോൾ |
| നിരുദ്യമഃ | അതിന്നുമുതിരാതിരിക്കുന്നവനൊ | യഃ | യാതൊരുവൻ |
| അസമർത്ഥഃ യദി വാ | യുദ്ധപരിചയമില്ലാത്തവനൊ ആയ്ക്കൊള്ളട്ടെ | യുദ്ധം പ്രദദ്യാത് | യുദ്ധം ചെയ്യുമൊ |
| | | തം | അവനെ |
| | | ആചക്ഷ്വ.' | പറഞ്ഞുതരിക.' |

ഹിമവാനബ്രവീദ്വാക്യം ശ്രുത്വാ വാക്യവിശാരദഃ
അനുക്തപൂർവ്വം ധർമ്മാത്മാ ക്രോധാത്തമസുരോത്തമം. 20

| | | | |
|---|---|---|---|
| "വാക്യവിശാരദഃ | "വാക്യകുശലനും | ക്രോധാത്തം | കോപംപൂണ്ട |
| ധർമ്മാത്മാ | ധർമ്മിഷ്ഠനുമായ | അസുരോത്തമം | അസുരവര്യനോടായി |
| ഹിമവാൻ, | ഹിമവാൻ, | അനുക്തപൂർവ്വം | അതുവരെ ആരും അറിയിക്കാത്ത ഒരു സംഗതിയെക്കുറിച്ച് |
| വാക്യം | ആ വാക്യത്തെ | അബ്രവീത്. | പറഞ്ഞു. |
| ശ്രുത്വാ, | കേട്ട്, | | |

[തന്നോട് ഇപ്രകാരം ഇതുവരെ ആരും പറഞ്ഞിട്ടില്ലാത്തതുകൊണ്ട്, ഹിമവാൻ ക്രുദ്ധിച്ച് ഇപ്രകാരം പറഞ്ഞുവെന്ന് വ്യാഖ്യാനാന്തരങ്ങൾ.]

ബാലീ നാമ മഹാപ്രാജ്ഞഃ ശക്രപുത്രഃ പ്രതാപവാൻ
അധ്യാസ്തേ വാനരഃ ശ്രീമാൻ കിഷ്കിന്ധാമതുലപ്രഭാം. 21

| | | | |
|---|---|---|---|
| "'അതുലപ്രഭാം | "'നിസ്തുല്യഭംഗിയാൎന്ന | ശക്രപുത്രഃ | ഇന്ദ്രപുത്രനും |
| കിഷ്കിന്ധാം, | കിഷ്കിന്ധയിൽ | വാലീ | ബാലിഎന്ന |
| മഹാപ്രാജ്ഞഃ | അതിബുദ്ധിമാനും | നാമ | പേരോടുകൂടിയവനും |
| ശ്രീമാൻ | ശ്രീമാനും | വാനരഃ | ഒരു വാനരൻ [ആയ |
| പ്രതാപവാൻ | പ്രതാപശാലിയും | അധ്യാസ്തേ. | വസിച്ചുവരുന്നുണ്ട്. |

സ സമൎത്ഥോ മഹാപ്രാജ്ഞസ്തവ യുദ്ധവിശാരദഃ
ദ്വന്ദ്വയുദ്ധം മഹദ്ദാതും നമുചേരിവ വാസവഃ. 22

| | | | |
|---|---|---|---|
| "'മഹാപ്രാജ്ഞഃ | "'ബുദ്ധിശാലിയും | തവ, | നിണക്കു, |
| യുദ്ധവിശാരദഃ | യുദ്ധനിപുണനുമായ | മഹത് | അന്യാദൃശമായ |
| സഃ, | അവൻ, | ദ്വന്ദ്വയുദ്ധം | ദ്വന്ദ്വയുദ്ധത്തെ |
| വാസവഃ | ഇന്ദ്രൻ | ദാതും | നൽകുന്നതിന്ന് |
| നമുചേഃ ഇവ, | നമുചിയ്ക്കെന്നപോലെ, | സമൎത്ഥഃ. | പോരുന്നവനാണ്. |

തം ശീഘ്രമഭിഗച്ഛ ത്വം യദി യുദ്ധമിഹേച്ഛസി
സ ഹി ദുർമ്മൎഷണോ നിത്യം ശൂരഃ സമരകൎമ്മണി. 23

| | | | |
|---|---|---|---|
| "'സഃ ഹി, | "'അവനാകട്ടെ, | യുദ്ധം | യുദ്ധം |
| നിത്യം | എപ്പോഴും | ഇച്ഛസി യദി | വേണമെന്നുള്ള പക്ഷം |
| സമരകൎമ്മണി | യുദ്ധം ചെയ്യുന്നതിൽ | ശീഘ്രം | ഉടനെ |
| ദുർമ്മൎഷണഃ | അസഹ്യമായ ശൌൎയ്യ | ത്വം | നീ |
| ശൂരഃ; | ത്തോടു കൂടിയവനാ | തം | അവനെ |
| ഇഹ | ഇപ്പോൾ [കുന്നു; | അഭിഗച്ഛ." | ചെന്നു കാണുക." |

ശ്രുത്വാ ഹിമവതോ വാക്യം ക്രോധാവിഷ്ടഃ സ ദുന്ദുഭിഃ
ജഗാമ താം പുരീം തസ്യ കിഷ്കിന്ധാം വാലിനസ്തദാ 24
ധാരയന്മാഹിഷം രൂപം തീക്ഷ്ണശൃംഗോ ഭയാവഹഃ
പ്രാവൃഷീവ മഹാമേഘസ്തോയപൂൎണ്ണോ നഭഃസ്ഥലേ. 25

| | | | |
|---|---|---|---|
| "സഃ ദുന്ദുഭിഃ, | "ആ ദുന്ദുഭി | ഹിമവതഃ | ഹിമവാന്റെ |
| മാഹിഷം രൂപം | മഹിഷരൂപം | വാക്യം | ആ വാക്യത്തെ |
| ധാരയൻ, | കയ്ക്കൊണ്ട്, | ശ്രുത്വാ | കേട്ട് |
| തീക്ഷ്ണശൃംഗഃ | കൂൎത്തകൊമ്പുകളോടു കൂടിയവനായി | ക്രോധാവിഷ്ടഃ, | കോപാവേഗമുൾക്കൊണ്ടവനായി, |
| നഭഃസ്ഥലേ | ആകാശത്തിൽ | തദാ | ആ സമയം |
| പ്രാവൃഷി | വൎഷകാലത്തിൽ | തസ്യ വാലിനഃ | ആ ബാലിയുടെ |
| തോയപൂൎണ്ണഃ | നീരുണ്ട | താം | ആ |
| മഹാമേഘഃ | വൻമേഘം | കിഷ്കിന്ധാം | കിഷ്കിന്ധാപുരിയിലേക്ക് |
| ഇവ | പോലെ | പുരീം | |
| ഭയാവഹഃ, | ഭയങ്കരനായി, | ജഗാമ. | ചെന്നു. |

തതസ്തദ്ദ്വാരമാഗമ്യ കിഷ്കിന്ധായാ മഹാബലഃ
നനർദ കമ്പയൻ ഭൂമിം ദുന്ദുഭിർദുന്ദുഭിര്യഥാ 26
സമീപജാൻ ദ്രുമാൻ ഭഞ്ജൻ വസുധാം ദാരയൻ ഖുരൈഃ
വിഷാണേനോല്ലിഖൻ ദർപ്പാത് തദ്ദ്വാരം ദ്വിരദോ യഥാ. 27

| | | | |
|---|---|---|---|
| " തതഃ | " അപ്പോൾ | ദാരയൻ, | പിളക്കുന്നവനായി, |
| മഹാബലഃ | അതിബലവാനായ | ദർപ്പാത്, | മദത്താൽ, |
| ദുന്ദുഭിഃ, | ദുന്ദുഭി, | ദ്വിരദഃ | ആന |
| കിഷ്കിന്ധായാഃ | കിഷ്കിന്ധയുടെ | യഥാ, | എന്നപോലെ, |
| തത് | ആ | തത് | ആ |
| ദ്വാരം | ദ്വാരപ്രദേശത്തെ | ദ്വാരം | നഗരദ്വാരത്തെ |
| ആഗമ്യ, | പ്രാപിച്ചു്, | വിഷാണേന | കൊമ്പുകൾകൊണ്ടു് |
| സമീപജാൻ | സമീപത്തിലുണ്ടായി | ഉല്ലിഖൻ, | കുത്തിപ്പിളക്കുന്നവനായി, |
| ദ്രുമാൻ | വൃക്ഷങ്ങളെ [രുന്ന | | |
| ഭഞ്ജൻ | പൃഴക്കി മറിച്ചുകൊണ്ടു് | ദുന്ദുഭിഃ യഥാ | പെരുമ്പറപോലെ |
| വസുധാം | നിലത്തെ | ഭൂമിം കമ്പയൻ | ഭൂമി കുലുങ്ങുമാറു് |
| ഖുരൈഃ | കുളമ്പുകൾകൊണ്ടു് | നനർദ. | ഗർജ്ജിച്ചു. |

അന്തഃപുരഗതോ വാലീ ശ്രുത്വാ ശബ്ദമമർഷണഃ
നിഷ്പപാത സഹ സ്ത്രീഭിസ്താരാഭിരിവ ചന്ദ്രമാഃ. 28

| | | | |
|---|---|---|---|
| "അന്തഃപുരഗതഃ | " അന്തഃപുരത്തിലിരു [ന്നിരുന്ന | താരാഭിഃ | നക്ഷത്രങ്ങളോടുകൂടി |
| വാലീ, | ബാലി, | ചന്ദ്രമാഃ ഇവ | ചന്ദ്രൻ എന്നപോലെ |
| ശബ്ദം ശ്രുത്വാ, | ആ ശബ്ദം കേട്ടു്, | സ്ത്രീഭിഃ സഹ, | പത്നിമാരോടുംകൂടി, |
| അമർഷണഃ | പൊറുക്കാത്തവനായി | നിഷ്പപാത. | പുറത്തുവന്നു. |

മിതം വ്യക്താക്ഷരപദം തമുവാചാഥ ദുന്ദുഭിം
ഹരീണാമീശ്വരോ വാലീ സർവ്വേഷാം വനചാരിണാം. 29

| | | | |
|---|---|---|---|
| " ഹരീണാം | " വാനരന്മാക്കും | ദുന്ദുഭിം, | ദുന്ദുഭിയോടായി, |
| വനചാരിണാം | വന്യമൃഗങ്ങൾ | വ്യക്താക്ഷരപദം | തന്റെ ഗൌരവത്തെ ഒരുകുറവില്ലാതെ പ്രദർശിപ്പിച്ചുകൊണ്ടു് |
| സർവ്വേഷാം | എല്ലാററിനും | | |
| ഈശ്വരഃ വാലീ | രാജാവായ ബാലി | | |
| അഥ | ആ സമയം | മിതം | ചുരുക്കത്തിൽ |
| തം | ആ | ഉവാച. | ഇപ്രകാരം പറഞ്ഞു. |

കിമർത്ഥം നഗരദ്വാരമിദം രുദ്ധ്വാ വിനർദസി
ദുന്ദുഭേ വിദിതോ മേഽസി രക്ഷ പ്രാണാന്മഹാബല. 30

| | | | |
|---|---|---|---|
| "' ദുന്ദുഭേ! | "' എടോ ദുന്ദുഭേ! | മഹാബല! | അതിബലമാന്നവനേ! |
| ഇദം നഗരദ്വാരം | ഈ പുരദ്വാരത്തെ | മേ വിദിതഃ അസി; | ഞാൻ നിന്നെ അറിയും; |
| രുദ്ധ്വാ, | നിരോധിച്ചു്, | | |
| കിമർത്ഥം | എന്തിനായ്ക്കൊണ്ടാണു് | പ്രാണാൻ | ജീവനെ |
| വിനർദസി? | നീ ഗർജ്ജിക്കുന്നതു്? | രക്ഷ.' | രക്ഷിച്ചുകൊൾക.' |

തസ്യ തദ്വചനം ശ്രുത്വാ വാനരേന്ദ്രസ്യ ധീമതഃ
ഉവാച ദുന്ദുഭിർവാക്യം ക്രോധാത്സംരക്തലോചനഃ. 31

| | | | |
|---|---|---|---|
| ദുന്ദുഭിഃ | ദുന്ദുഭി | ക്രോധാത് | ക്രോധത്താൽ |
| ധീമതഃ തസ്യ | ധീമാനായ ആ | സംരക്ത-ലോചനഃ | കണ്ണുകൾ ചുകന്ന് |
| വാനരേന്ദ്രസ്യ | വാനരാധിപന്റെ | | |
| തത് വചനം | ആ വാക്യത്തെ | വാക്യം ഉവാച. | ഇങ്ങിനെ മറുപടി |
| ശ്രുത്വാ, | കേട്ട്, | | പറഞ്ഞു. |

ന ത്വം സ്ത്രീസന്നിധൌ വീര വചനം വക്തുമർഹസി
മമ യുദ്ധം പ്രയച്ഛാദ്യ തതോ ജ്ഞാസ്യാമി തേ ബലം. 32

| | | | |
|---|---|---|---|
| "'വീര! ത്വം | "'ശൂര ! നീ | അദ്യ | ഇപ്പോൾതന്നെ |
| സ്ത്രീസന്നിധൌ | സ്ത്രീകളുടെ അടുത്തു | യുദ്ധം പ്രയച്ഛ; | പോരാടുക; |
| വചനം | വീരവാദം [വെച്ച് | തതഃ | അതിൽനിന്ന് |
| വക്തും അർഹസി ന; | പറയേണ്ടതില്ല; | തേ ബലം | നിന്റെ വീര്യത്തെ |
| | | ജ്ഞാസ്യാമി. | ഞാൻഅറിഞ്ഞുകൊ |
| മമ | എന്നോടുകൂടി | | ള്ളാം. |

അഥവാ ധാരയിഷ്യാമി ക്രോധമദ്യ നിശാമിമാം
ഗൃഹ്യതാമുദയഃ സ്വൈരം കാമഭോഗേഷു വാനര. 33

| | | | |
|---|---|---|---|
| "അഥവാ, | "അല്ലെന്നാൽ, | വാനര! | എടാ കുരങ്ങ! |
| അദ്യ | ഇന്ന് | കാമഭോഗേഷു | കാമഭോഗങ്ങളിൽ |
| ഇമാം നിശാം | ഈ രാത്രിയോളം | ഉദയഃ | തൃപ്തി |
| ക്രോധം | ക്രോധത്തെ | സ്വൈരം | നിന്റെ ഇഷ്ടംപോലെ |
| ധാരയിഷ്യാമി; | ഞാൻ ഒതുക്കുന്നുണ്ട്; | ഗൃഹ്യതാം. | കയ്ക്കൊള്ളപ്പെടട്ടെ. |

ദീയതാം സംപ്രദാനം ച പരിഷ്വജ്യ ച വാനരാൻ
സർവ്വശാഖാമൃഗേന്ദ്രസ്ത്വം സംസാദയ സുഹൃജ്ജനാൻ 34
സുദൃഷ്ടാം കുരു കിഷ്കിന്ധാം കുരുഷ്വാത്മസമം പുരേ
ക്രീഡസ്വ ച സഹ സ്ത്രീഭിരഹം തേ ദർപ്പനാശനഃ. 35

| | | | |
|---|---|---|---|
| "'ത്വം | "'നീ | പരിഷ്വജ്യ | പുൽകിയണച്ച്, |
| സർവ്വശാഖാ-മൃഗേന്ദ്രഃ; | വാനരർക്കെല്ലാമധിപൻ; | സംസാദയ; | യാത്രപറഞ്ഞുകൊൾക; |
| | | കിഷ്കിന്ധാം | കിഷ്കിന്ധയെ |
| അഹം ച | ഞാനാകട്ടെ, | സുദൃഷ്ടാം കുരു; | നല്ലപോലെ ഏല്പിച്ചു |
| തേ | നിന്റെ | | കൊള്ളുക; |
| ദർപ്പനാശനഃ; | മദത്തെ ഒതുക്കുവാൻ | പുരേ | നഗരത്തിൽ |
| | വന്നവനാണ്; | ആത്മസമം | നിണക്കു തുല്യനായ |
| സംപ്രദാനം | വല്ലവർക്കും വല്ലതുംകൊ | | ഒരുവനെ |
| | ടുക്കേണമെന്നുള്ളത് | കുരുഷ്വ; | വാഴിച്ചുകൊൾക; |
| ദീയതാം; | കൊടുക്കപ്പെടട്ടെ; | ച | ഇപ്പോൾ |
| സുഹൃജ്ജനാൻ | സുഹൃത്തുകളായ | സ്ത്രീഭിഃ സഹ | ഭാര്യമാരുമായി |
| വാനരാൻ ച | വാനരന്മാരെയെല്ലാം | ക്രീഡസ്വ. | സുഖിച്ചുകൊള്ളുക. |

യോ ഹി മത്തം പ്രമത്തം വാ സുപ്തം വാ വ്യഥിതം ഭൃശം
ഹന്യാത്സ ഭ്രൂണഹാ ലോകേ ത്വദ്വിധം മദമോഹിതം. 36

| | | | |
|---|---|---|---|
| " 'ലോകേ | " 'ലോകത്തിൽ | വ്യഥിതം, | ഭയത്തോടുന്നവനേ |
| യഃ | യാതൊരുവൻ | ത്വദ്വിധം | നിന്നെപ്പോലെ [യൊ, |
| മത്തം വാ | കുടിച്ചുമയങ്ങിയവനേയൊ | മദമോഹിതം വാ, | കാമത്താൽ മതിമറന്നവനേയൊ, |
| പ്രമത്തം, | ഉന്മാദമുള്ളവനേയൊ, | ഹന്യാത്, | കൊല്ലുന്നുവോ, |
| സുപ്തം, | ഉറങ്ങിക്കൊണ്ടിരിക്കുന്നവനേയൊ, | സഃ | അവൻ |
| ഭൃശം | ഏററവും | ഭ്രൂണഹാ ഹി.' | ഗർഭത്തിലെചെയ്ത പാപമുള്ളവൻതന്നെ.' |

["ന ച ഹന്യാത് സ്ഥലാരൂഢം ന ക്ലീബം ന കൃതാഞ്ജലിം. ന മുക്തകേശം നാസീനം ന തവാസ്മീതി വാദിനം. ന സുപ്തം ന വിസന്നാഹം ന നഗ്നം ന നിരായുധം. നായുധ്യമാനം പശ്യന്തം ന പരേണ സമാഗതം. നായുധവ്യസനപ്രാപ്തം നാർത്തം നാതിപരിക്ഷതം. ന ഭീതം ന പരാവൃത്തം സതാം ധർമ്മമനുസ്മരൻ." ഇപ്രകാരമുള്ളവരെല്ലാം അവധ്യന്മാരാകുന്നു എന്ന് (മനു).]

സ പ്രഹസ്യാബ്രവീന്മന്ദം ക്രോധാത്തമസുരോത്തമം
വിസൃജ്യ താഃ സ്ത്രിയഃ സർവ്വാസ്താരാപ്രഭൃതികാസ്തദാ. 37

| | | | |
|---|---|---|---|
| " സഃ | " അവൻ | താഃ | അവരെ |
| തദാ | അപ്പോൾ | വിസൃജ്യ, | പറഞ്ഞയച്ച്, |
| താരാപ്രഭൃതികാഃ | താരമുതലായ | ക്രോധാത് | ക്രോധത്തോടെ |
| സ്ത്രിയഃ | പത്നിമാർ | തം അസുരോത്തമം | ആ അസുരശ്രേഷ്ഠനെ നോക്കി |
| സർവ്വാഃ, | എല്ലാവരേയും നോക്കി, | | |
| മന്ദം പ്രഹസ്യ | പുഞ്ചിരിക്കൊണ്ട് | അബ്രവീത്. | പറഞ്ഞു. |

മത്തോഽയമിതി മാ മംസ്ഥാ യദ്യഭീതോഽസി സംയുഗേ
മദോഽയം സംപ്രഹാരേഽസ്മിൻ വീരപാനം സമർത്ഥ്യതാം. 38

| | | | |
|---|---|---|---|
| " 'അയം | " ' ഈ ഞാൻ | അസി യദി, | നീ എങ്കിൽ, |
| മത്തഃ ഇതി | കുടിച്ചുമയങ്ങിയവനാണെന്ന് | അയം മദഃ, | ഈ മദം, |
| മാ മംസ്ഥാഃ; | നീ വിചാരിക്കേണ്ട; | അസ്മിൻ സംപ്രഹാരേ | ഈ യുദ്ധത്തിന്നായുള്ള |
| സംയുഗേ | സമരത്തിൽ | വീരപാനം | വീരപാനമാണെന്ന് |
| അഭീതഃ | ഭയമില്ലാത്തവനാണ് | സമർത്ഥ്യതാം. | കരുതപ്പെടട്ടെ. |

["വീരപാനം" (യുദ്ധംചെയ്യുന്നതിന്നുമുമ്പ് കഴിക്കുന്നതായ ലഹരിസാധനം).]

തമേവമുക്ത്വാ സംക്രുദ്ധോ മാലാമുത്ക്ഷിപ്യ കാഞ്ചനീം
പിത്രാ ദത്താം മഹേന്ദ്രേണ യുദ്ധായ വ്യവതിഷ്ഠത. 39

| | | | |
|---|---|---|---|
| " തം | " അവനോടായി | കാഞ്ചനീംമാലാം | സ്വർണ്ണമാലയെ |
| ഏവം ഉക്ത്വാ, | ഇപ്രകാരം പറഞ്ഞ്, | ഉത്ക്ഷിപ്യ, | അണിഞ്ഞുകൊണ്ട്, |
| പിത്രാ, | പിതാവായ | യുദ്ധായ | പോരിന്നായി [ടെ |
| മഹേന്ദ്രേണ | ഇന്ദ്രനാൽ | സംക്രുദ്ധഃ | വർദ്ധിച്ച കോപത്തോ- |
| ദത്താം | നൽകപ്പെട്ടതായ | വ്യവതിഷ്ഠത. | സന്നദ്ധനായിനിന്നു. |

വിഷാണയോൎഗ്ഗൃഹീത്വാ തം ദുന്ദുഭിം ഗിരിസന്നിഭം
ആവിധ്യത തദാ വാലീ വിനദൻ കപികുഞ്ജരഃ. 40

| | | | |
|---|---|---|---|
| "തദാ | "ആ സമയം | ഗിരിസന്നിഭം | ഗിരിതുല്യനായ |
| കപികുഞ്ജരഃ | വാനരോത്തമനായ | ദുന്ദുഭിം, | ദുന്ദുഭിയെ, |
| വാലീ, | ബാലി, | വിഷാണയോഃ | ഇരുകൊമ്പുകളിലും |
| വിനദൻ, | ഗൎജ്ജിച്ചുകൊണ്ടു്, | ഗൃഹീത്വാ, | പിടിച്ചുകൊണ്ടു്, |
| തം | ആ | ആവിധ്യത. | ഊക്കോടെ വീശി. |

വാലീ വ്യാപാതയാഞ്ചക്രേ നനൎദ ച മഹാസ്വനം. 41

| | | | |
|---|---|---|---|
| "വാലീ | "ബാലി (അവനെ) | മഹാസ്വനം | ഉച്ചസ്വരത്തിൽ |
| വ്യാപാതയാം-ചക്രേ ; | നിലത്തെറിഞ്ഞു ; | നനൎദ ച. | ഗൎജ്ജിക്കുകയും ചെയ്തു. |

തയോസ്തു ക്രോധസംരംഭാത് പരസ്പരജയൈഷിണോഃ
യുദ്ധം സമഭവദ്ഘോരം ദുന്ദുഭേൎവ്വാനരസ്യ ച. 42

| | | | |
|---|---|---|---|
| "പരസ്പര-ജയൈ-ഷിണോഃ | അന്യോന്യം ജയിപ്പാനാഗ്രഹിച്ച | വാനരസ്യ ച, | വാനരനുംതമ്മിൽ, |
| | | ക്രോധ-സംരംഭാത് | കോപാവേശംമൂലം |
| തയോഃ തു | ഇരുവരായ | ഘോരം | ഭയങ്കരമായ |
| ദുന്ദുഭേഃ | ദുന്ദുഭിക്കും | യുദ്ധം | സമരം |
| | | സമഭവത്. | സംഭവിച്ചു. |

അയുധ്യത തദാ വാലീ ശക്രതുല്യപരാക്രമഃ
മുഷ്ടിഭിൎജ്ജാനുഭിശ്ചൈവ ശിലാഭിഃ പാദപൈസ്തഥാ. 43

| | | | |
|---|---|---|---|
| "ശക്രതുല്യ-പരാക്രമഃ | "ഇന്ദ്രതുല്യപരാക്രമിയായ | ജാനുഭിഃ ഏവ | മുഴങ്കാലുകൾകൊണ്ടും |
| വാലീ, | ബാലി, | ശിലാഭിഃ | കല്ലുകൾകൊണ്ടും |
| തദാ | അപ്പോൾ | പാദപൈഃ തഥാ | മരങ്ങൾകൊണ്ടും |
| മുഷ്ടിഭിഃ ച | മുഷ്ടികൾകൊണ്ടും | അയുധ്യത. | പോരാടി. |

പരസ്പരം ഘ്നതോസ്തത്ര വാനരാസുരയോസ്തദാ
ആസീദ്ധീനോഽസുരോ യുദ്ധേ ശക്രസൂനുൎവ്യവൎദ്ധത. 44

| | | | |
|---|---|---|---|
| "തദാ | "അപ്പോൾ | വാനരാസുരയോഃ | വാനരനും അസുരനുമായ ആ രണ്ടുപേരിൽ |
| തത്ര | അവിടെ | അസുരഃ | അസുരൻ |
| യുദ്ധേ | യുദ്ധത്തിൽ | ഹീനഃ ആസീത് ; | ക്ഷീണിച്ചുതളൎന്നു ; |
| പരസ്പരം | അന്യോന്യം | ശക്രസൂനുഃ | ഇന്ദ്രാത്മജനായ ബാലി |
| ഘ്നതോഃ | പ്രഹരിച്ചുകൊണ്ടിരുന്ന | വ്യവൎദ്ധത. | ഉത്സാഹംകൊണ്ടു് വളൎന്നു. |

വ്യാപാരവീൎയ്യധൈൎയ്യൈശ്ച പരിക്ഷീണം പരാക്രമൈഃ
തം തു ദുന്ദുഭിമുത്പാട്യ ധരണ്യാമഭ്യപാതയത്. 45

| | |
|---|---|
| "വ്യാപാര-വീൎയ്യ-ധൈൎയ്യൈഃ | "പരിശ്രമം, ഊക്ക്, കരളുറപ്പ്, എന്നിവയോടുകൂടിയ |
| പരാക്രമൈഃ ച | പരാക്രമപ്രവൃത്തികളാൽ |

| | |
|---|---|
| പരിക്ഷീണം | അവശനായ്ഭവിച്ച |
| തം ദുന്ദുഭിം തു | ആ ദുന്ദുഭിയേയും |
| ഉത്പാട്യ | പൊന്തിച്ചെടുത്ത് |
| ധരണ്യാം | നിലത്ത് |
| അഭ്യപാതയത്. | അടിച്ചു. |

യുദ്ധേ പ്രാണഹരേ തസ്മിന്നിഷ്പിഷ്ടോ ദുന്ദുഭിസ്തദാ
സ്രോതോഭ്യോ ബഹുരക്തം തു തസ്യ സുസ്രാവ പാത്യതഃ
പപാത ച മഹാകായഃ ക്ഷിതൌ പഞ്ചത്വമാഗതഃ. 46

| | |
|---|---|
| "തദാ | "അപ്പോൾ |
| ദുന്ദുഭിഃ, | ദുന്ദുഭി, |
| തസ്മിൻ | ആ |
| പ്രാണഹരേ | ജീവഹാനികരമായ |
| യുദ്ധേ | പോരിൽ |
| നിഷ്പിഷ്ടഃ; | ഞെക്കിപ്പിഴിയപ്പെട്ടു; |
| പാത്യതഃ | നിലത്തു് എറിയപ്പെടുന്നവനായ |
| തസ്യ | അവന്റെ |

| | |
|---|---|
| സ്രോതോഭ്യോ | രക്തനാഡികളിൽനിന്നും |
| ബഹുരക്തം തു | ഒട്ടധികം രക്തം |
| സുസ്രാവ; | ഒഴുകി; |
| മഹാകായഃ | ഭീമകായനായ അവൻ |
| പഞ്ചത്വം ആഗതഃ | മരണം പ്രാപിച്ചവനായി |
| ക്ഷിതൌ | ഭൂമിയിൽ |
| പപാത ച. | മറിഞ്ഞു വീഴുകയും ചെയ്തു. |

തസ്മിൻ പഞ്ചത്വമാപന്നേ വാലീ ക്രോധേന ചാന്വിതഃ
തത്കായം ലോഷ്ടവത് ക്ഷേപ്തുമാരബ്ധോ വീൎയ്യവാംസ്തദാ. 47

| | |
|---|---|
| "തദാ | "അപ്പോൾ |
| വീൎയ്യവാൻ വാലീ, | ബലശാലിയായ ബാലി, |
| തസ്മിൻ | അവൻ |
| പഞ്ചത്വം ആപന്നേ, | ചത്തുവീണപ്പോൾ, |
| ക്രോധേന | ക്രോധത്തോടു |

| | |
|---|---|
| അന്വിതഃ, | കൂടിയവനായി, |
| തത് കായം | അവന്റെ ശരീരത്തെ |
| ലോഷ്ടവത് ച | മൺകട്ടയെ എന്നപോലെ |
| ക്ഷേപ്തും | വീശിയെറിയുന്നതിന്നു |
| ആരബ്ധഃ. | മുതിൎന്നു. |

തം തോലയിത്വാ ബാഹുഭ്യാം ഗതസത്വമചേതനം
ചിക്ഷേപ വേഗവാൻ വാലീ വേഗേനൈകേന യോജനം. 48

| | |
|---|---|
| "വേഗവാൻ | "ബലിഷ്ഠനായ |
| വാലീ, | ബാലി, |
| ഗതസത്വം | ജീവനില്ലാതായ് |
| അചേതനം തം, | ഇളകാതെ ശവമായി കിടന്നിരുന്ന അവനെ, |

| | |
|---|---|
| ബാഹുഭ്യാം | ഇരുകൈകൾ കൊണ്ടും |
| തോലയിത്വാ | പൊന്തിച്ചെടുത്ത്, |
| ഏകേന വേഗേന | ഒരേ ഊക്കിൽ [യായി |
| യോജനം | ഒരു യോജനയകലെ- |
| ചിക്ഷേപ. | ച്ചുഴററിയെറിഞ്ഞു. |

തസ്യ വേഗപ്രവിദ്ധസ്യ വക്ത്രാത് ക്ഷതജബിന്ദവഃ
പ്രപേതുൎമ്മാരുതോത്ക്ഷിപ്താ മതംഗസ്യാശ്രമം പ്രതി. 49

| | | | |
|---|---|---|---|
| "വേഗ-പ്രവിദ്ധസ്യ | "ഊക്കോടെ എറിയപ്പെട്ട | മാരുതോത്-ക്ഷിപ്താഃ | കാററിൽ അടിക്കപ്പെട്ടവയായി |
| തസ്യ | അവന്റെ | മതംഗസ്യ | മതംഗമഹർഷിയുടെ |
| വക്ത്രാത്, | വായിൽനിന്ന്, | ആശ്രമം പ്രതി, | ആശ്രമപ്രദേശത്തിൽ |
| ക്ഷതജബിന്ദവഃ | ചോരത്തുള്ളികൾ | പ്രപേതുഃ. | പതിച്ചു. |

താൻ ദൃഷ്ട്വാ പതിതാംസ്തത്ര മുനിഃ ശോണിതവിപ്രുഷഃ
ക്രുദ്ധസ്തത്ര മഹാഭാഗശ്ചിന്തയാമാസ കോ ന്വയം. 50

| | | | |
|---|---|---|---|
| "തത്ര | "അപ്പോൾ | ശോണിത-വിപ്രുഷഃ | ചോരത്തുള്ളികളെ |
| മഹാഭാഗഃ | പുണ്യാത്മാവായ | | |
| മുനിഃ | മുനിവരൻ | ദൃഷ്ട്വാ, | കണ്ട്, |
| തത്ര | അവിടെ | ക്രുദ്ധഃ | കുപിതനായി |
| പതിതാൻ | വന്നുവീണ | ചിന്തയാമാസ ; | ആലോചിച്ചു ; |
| താൻ | ആ | 'അയം കഃ നു ? | 'ഇവൻ ആരാണ് ? |

യേനാഹം സഹസാ സ്പൃഷ്ടഃ ശോണിതേന ദുരാത്മനാ
കോഽയം ദുരാത്മാ ദുർബ്ബുദ്ധിരകൃതാത്മാ ച ബാലിശഃ. 51

| | | | |
|---|---|---|---|
| "'സഹസാ | "'വിചാരിയാതെ തന്നെ | സ്പൃഷ്ടഃ ച ? | അശുദ്ധപ്പെടുത്തപ്പെ [ട്ടു് ? |
| | | ദുരാത്മാ | ദുഷ്ടനും |
| യേന | ഏതൊരു | ദുർബ്ബുദ്ധിഃ | നീചബുദ്ധിയും |
| ദുരാത്മനാ, | ദുഷ്ടനാലാണ്, | അകൃതാത്മാ ച | താന്തോന്നിയും |
| അഹം | ഞാൻ | ബാലിശഃ | മൂഢനുമായ |
| ശോണിതേന | രക്തത്താൽ | അയം കഃ ?' | ഇവൻ ആരാണ് ?' |

ഇത്യുക്ത്വാഽഥ വിനിഷ്ക്രമ്യ ദദർശ മുനിപുംഗവഃ
മഹിഷം പർവ്വതാകാരം ഗതാസും പതിതം ഭുവി. 52

| | | | |
|---|---|---|---|
| "അഥ, | "അനന്തരം, | ഗതാസും | ജീവൻപോയി |
| മുനിപുംഗവഃ | മുനിവര്യൻ | പതിതം | വീണുകിടന്നിരുന്ന |
| ഇതി | മേൽപ്രകാരം | പർവ്വതാകാരം | ഗിരിതുല്യനായ |
| ഉക്ത്വാ, | തന്നത്താൻപറഞ്ഞ്, | മഹിഷം | ഒരുപോത്തിനെ |
| വിനിഷ്ക്രമ്യ, | പുറത്തുവന്നസമയം, | | |
| ഭുവി | തറയിൽ | ദദർശ. | കണ്ടു. |

സ തു വിജ്ഞായ തപസാ വാനരേണ കൃതം ഹി തത്
ഉത്സസർജ്ജ തദാ ശാപം ക്ഷേപ്താരം വാലിനം പ്രതി. 53

| | | | |
|---|---|---|---|
| "സഃ | "അദ്ദേഹം | വിജ്ഞായ, | അറിഞ്ഞ്, |
| തത് | ആയതു് [യാണ് | തദാ, | ആസമയം, |
| വാനരേണ ഹി | വാനരനാൽതന്നെ— | ക്ഷേപ്താരം | എറിഞ്ഞവനായ |
| കൃതം തു | ചെയ്യപ്പെട്ടിരിക്കുന്നതെന്ന് | വാലിനം പ്രതി | ബാലിയെ ഉദ്ദേശിച്ച് |
| തപസാ | തപോമഹിമയാൽ | ശാപം ഉത്സസർജ്ജ. | ഇങ്ങിനെ ശപിച്ചു. |

ഇഹ തേനാപ്രവേഷ്ടവ്യം പ്രവിഷ്ടസ്യ വധോ ഭവേത്
വനം മത്സംശ്രയം യേന ദൂഷിതം രുധിരസ്രവൈഃ
സംഭഗ്നാഃ പാദപാശ്ചേമേ ക്ഷിപതേഹാസുരീം തനും. 54

| | |
|---|---|
| "'യേന | "'യാതൊരുവനാൽ |
| മത്സംശ്രയം | എൻെറ വസതിയായ |
| വനം, | ഈ വനപ്രദേശം, |
| രുധിരസ്രവൈഃ | രക്തപ്രവാഹങ്ങളാൽ |
| ദൂഷിതം, | മലിനമാക്കപ്പെട്ടുവോ, |
| ആസുരീം | അസുരൻെറ |
| തനും | ദേഹത്തെ |
| ഇഹ | ഇവിടെ |
| ക്ഷിപതാ | എറിഞ്ഞ യാതൊരു |
| ഇമേ | ഈ [വനാൽ |

| | |
|---|---|
| പാദപാഃ ച | വൃക്ഷങ്ങളും |
| സംഭഗ്നാഃ, | നശിപ്പിക്കപ്പെട്ടുവോ, |
| തേന | അവനാൽ |
| ഇഹ | ഈ പ്രദേശം |
| അപ്രവേഷ്ടവ്യം; | പ്രവേശിക്കത്തക്കതല്ലാത്തതായിഭവിക്കട്ടെ; |
| പ്രവിഷ്ടസ്യ | പ്രവേശിക്കുന്നപക്ഷം അവന്ന് |
| വധഃ | മരണം |
| ഭവേത്. | സംഭവിക്കട്ടെ. |

സമന്താദ്യോജനം പൂൎണ്ണമാശ്രമം മാമകം യദി
ആക്രമിഷ്യതി ദുർബുദ്ധിർവ്യക്തം സ ന ഭവിഷ്യതി. 55

| | |
|---|---|
| "'മാമകം | "'എൻെറ |
| ആശ്രമം | ആശ്രമത്തിന്നു |
| സമന്താത്, | ചുററും, |
| പൂൎണ്ണം | തികച്ചും |
| യോജനം, | ഒരു യോജനയ്ക്കുള്ളിൽ, |
| ദുർബുദ്ധിഃ | ദുഷ്ടനായ |

| | |
|---|---|
| സഃ | അവൻ |
| ആക്രമിഷ്യതി യദി, | കടക്കുന്നുവെങ്കിൽ, |
| വ്യക്തം | തീൎച്ചയായും |
| ഭവിഷ്യതി ന. | പിന്നെ അവനുണ്ടാകയില്ല. |

യേ ചാസ്യ സചിവാഃ കേചിത് സംശ്രിതാ മാമകം വനം
ന ച തൈരിഹ വസ്തവ്യം ശ്രുത്വാ യാന്തു യഥാസുഖം. 56

| | |
|---|---|
| "'മാമകം | "'എൻെറ |
| വനം | ഉപവനത്തെ |
| സംശ്രിതാഃ | പ്രാപിച്ചവരായ |
| അസ്യ | ഇവൻെറ |
| സചിവാഃ | അനുചരന്മാർ |
| യേ കേചിത്, | യാതൊരുവരോ, |
| തൈഃ ച, | അവരാലും, |

| | |
|---|---|
| ഇഹ | ഇവിടെ |
| വസ്തവ്യം ന; | വസിക്കപ്പെടാവുന്നതല്ല; |
| ശ്രുത്വാ | ഈ സംഗതി ധരിച്ച് |
| യഥാസുഖം | ഇഷ്ടംപോലെ |
| യാന്തു. | ഒഴിഞ്ഞുപൊയ്ക്കൊള്ളട്ടെ. |

യദി തേഽപീഹ തിഷ്ഠന്തി ശപിഷ്യേ താനപി ധ്രുവം
വനേഽസ്മിന്മാമകേ നിത്യം പുത്രവത് പരിരക്ഷിതേ
പത്രാങ്കുരവിനാശായ ഫലമൂലാഭവായ ച. 57

| | |
|---|---|
| "'നിത്യം | "'നാൾതോറും |
| പുത്രവത് | സ്വന്തം പുത്രനെപ്പോലെ |
| പരിരക്ഷിതേ | പരിപാലിച്ചുവരപ്പെട്ടതായ |

| | |
|---|---|
| മാമകേ | എൻെറ |
| അസ്മിൻ | ഈ |
| വനേ, | തപോവനത്തിൽ, |
| പത്രാങ്കുരവിനാശായ | ഇല, തളിർ ഇവയുടെ നാശത്തിന്നായും |

| | |
|---|---|
| ഫലമൂലാ-<br>ഭവായ ച } | പഴങ്ങൾ, കിഴങ്ങുകൾ ഇവയുടെ നാശഹേതുവായും |
| തേ | അവർ |
| അപി | ഇനിയും |
| ഇഹ | ഇവിടെത്തന്നെ |
| തിഷ്ഠന്തി യദി | 'പാൎക്കുന്നപക്ഷം |
| താൻ അപി | അവരേയും |
| ധ്രുവം | നിശ്ചയമായും |
| ശപിഷ്യേ. | ഞാൻ ശപിച്ചുകളയും. |

ദിവസശ്ചാദ്യ മൎയ്യാദാ യം ദ്രഷ്ടാ ശ്വോഽസ്മി വാനരം
ബഹുവൎഷസഹസ്രാണി സ വൈ ശൈലോ ഭവിഷ്യതി. 58

| | |
|---|---|
| "'അദ്യ | "'ഇപ്പോഴുള്ള |
| മൎയ്യാദാ | നടവടി |
| ദിവസഃ ച; | ഇന്നെയ്ക്കുമാത്രമെയുള്ളൂ; |
| ശ്വഃ | നാളെ |
| യം | ഏതെങ്കിലും ഒരു |
| വാനരം | വാനരനെ |
| അസ്മി ദ്രഷ്ടാ, | ഞാൻ കാണുന്നുവെങ്കിൽ, |
| സഃ | അവൻ |
| ബഹുവൎഷ-<br>സഹസ്രാണി } | അനേകായിരമാണ്ടുകൾ |
| ശൈലഃ വൈ | കല്ലായി |
| ഭവിഷ്യതി.' | തീരുന്നതാണ്.' |

തതസ്തേ വാനരാഃ ശ്രുത്വാ ഗിരം മുനിസമീരിതാം
നിശ്ചക്രമുൎവ്വനാത്തസ്മാത്താൻ ദൃഷ്ട്വാ വാലിരബ്രവീത്. 59

| | |
|---|---|
| "തതഃ | "അപ്പോൾ |
| തേ | ആ |
| വാനരാഃ | വാനരന്മാർ |
| മുനിസമീരിതാം | മുനിയാൽ ശപിക്കപ്പെട്ടതായ |
| ഗിരം | ആ വാക്യത്തെ |
| ശ്രുത്വാ, | കേട്ട്, |
| തസ്മാത് | ആ |
| വനാത് | വനത്തിൽനിന്നു |
| നിശ്ചക്രമുഃ; | പോയ്ക്കളഞ്ഞു; |
| വാലിഃ | ബാലി |
| താൻ | അവരെയെല്ലാം |
| ദൃഷ്ട്വാ | കണ്ടപ്പോൾ |
| അബ്രവീത്. | ഇങ്ങിനെ ചോദിച്ചു. |

കിം ഭവന്തഃ സമസ്താശ്ച മതംഗവനവാസിനഃ
മത്സമീപമനുപ്രാപ്താ അപി സ്വസ്തി വനൌകസാം. 60

| | |
|---|---|
| "'മതംഗ-<br>വനവാസിനഃ } | "മതംഗവനവാസികളായ |
| ഭവന്തഃ | നിങ്ങൾ |
| സമസ്താഃ ച, | എല്ലാവരുംതന്നെ, |
| മത്സമീപം | എന്റെ അടുത്തേക്ക് |
| കിം | എന്താണ് |
| അനുപ്രാപ്താഃ? | വന്നിരിക്കുന്നതു? |
| വനൌകസാം | വാനരന്മാൎക്ക് |
| അപി സ്വസ്തി?' | സൌഖ്യം തന്നെയല്ലെ?' |

തതസ്തേ കാരണം സൎവ്വം തദാ ശാപം ച വാലിനഃ
ശശംസുൎവ്വാനരാഃ സൎവ്വേ വാലിനേ ഹേമമാലിനേ. 61

| | |
|---|---|
| "തേ | "ആ |
| വാനരാഃ സൎവ്വേ, | വാനരന്മാരെല്ലാവരും, |
| ഹേമമാലിനേ | സ്വൎണ്ണമാലയണിഞ്ഞവനായ |
| വാലിനേ, | ആ ബാലിയോടായി, |
| വാലിനഃ | ബാലിയുടെ |
| ശാപം ച, | ശാപത്തെക്കുറിച്ചും, |
| തതഃ | അതുകൂടാതെ |
| തദാ | അപ്പോൾ |
| കാരണം | നടന്നസംഗതി |
| സൎവ്വം | എല്ലാററിനെക്കുറിച്ചും |
| ശശംസുഃ. | അറിയിച്ചു. |

ഏതച്ഛ്രുത്വാ തദാ വാലീ വചനം വാനരേരിതം
തം മഹർഷിം സമാസാദ്യ യാചതേ സ്മ കൃതാഞ്ജലിഃ. 62

| | | | |
|---|---|---|---|
| "തദാ | "അപ്പോൾ | ശ്രുത്വാ, | കേട്ട്, |
| വാലി | ബാലി | തം മഹർഷിം | ആ മുനീശ്വരനെ |
| വാനരേരിതം | വാനരന്മാരാൽ പറയ | സമാസാദ്യ, | സമീപിച്ച്, |
| ഏതത് | ഈ [പ്പെട്ട | കൃതാഞ്ജലിഃ | കൈകൂപ്പിക്കൊണ്ട് |
| വചനം | വർത്തമാനത്തെ | യാചതേ സ്മ. | പ്രാർത്ഥിച്ചു. |

മഹർഷിസ്തമനാദൃത്യ പ്രവിവേശ സ്വമാശ്രമം. 63

| | | | |
|---|---|---|---|
| "മഹർഷിഃ, | "മഹർഷി, | സ്വം | തന്റെ |
| തം | അവനെ | ആശ്രമം | ആശ്രമത്തിലേക്ക് |
| അനാദൃത്യ, | ഗണിക്കാതെ, | പ്രവിവേശ. | പോയ്ക്കളഞ്ഞു. |

ശാപകാരണഭീതസ്തു വാലീ വിഹ്വലതാം ഗതഃ. 64

| | | | |
|---|---|---|---|
| "വാലീ തു | "ബാലിയും | വിഹ്വലതാം ഗതഃ. | അസ്വസ്ഥനായി ഭവിച്ചു. |
| ശാപകാരണഭീതഃ; | ശാപത്തിന്റെ കാരണമായി ഭയന്ന് | | |

തതഃ ശാപഭയാദ്ഭീത ഋശ്യമൂകം മഹാഗിരിം
പ്രവേഷ്ടും നേച്ഛതി ഹരിർദ്രഷ്ടും വാऽപി നരേശ്വര. 65

| | | | |
|---|---|---|---|
| "നരേശ്വര! | "പുരുഷോത്തമ! | മഹാഗിരിം | വൻപർവ്വതമായ |
| ഹരിഃ, | ബാലി, | ഋശ്യമൂകം പ്രവേഷ്ടും | ഋശ്യമൂകത്തിൽ കടക്കുന്നതിന്നൊ |
| തതഃ | അന്നുമുതൽ | | |
| ശാപഭയാത് | ശാപംകൊണ്ടുള്ള ഭയത്തിനാൽ | ദ്രഷ്ടും അപി വാ | കണ്ണുകൊണ്ടുനോക്കുന്നതിന്നുതന്നെയൊ |
| ഭീതഃ, | ഭയന്നവനായി, | ഇച്ഛതി ന. | ആഗ്രഹിക്കാറില്ല. |

തസ്യാപ്രവേശം ജ്ഞാത്വാऽഹമിദം രാമ മഹാവനം
വിചരാമി സഹാമാത്യോ വിഷാദേന ച വർജ്ജിതഃ. 66

| | | | |
|---|---|---|---|
| "രാമ! | "ശ്രീരാമ! | ജ്ഞാത്വാ, ച | അറിഞ്ഞ്, അതിനാൽ |
| അഹം | ഞാൻ | സഹാമാത്യഃ | സചിവന്മാരൊന്നിച്ച് |
| മഹാവനം | ആ മഹാവനത്തെ | വിഷാദേന വർജ്ജിതഃ | പേടികൂടാതെതന്നെ |
| തസ്യ | അവന്ന് | | |
| അപ്രവേശം | പ്രവേശിക്കരുതാത്തതാണെന്ന് | ഇദം | ഇതിൽ |
| | | വിചരാമി. | വസിച്ചുവരികയാണ്. |

ഏഷോऽസ്ഥിനിചയസ്തസ്യ ദുന്ദുഭേഃ സംപ്രകാശതേ
വീര്യോത്സേകാന്നിരസ്തസ്യ ഗിരികൂടനിഭോ മഹാൻ. 67

| | | | |
|---|---|---|---|
| "വീര്യോത്സേകാത് | "കൈയൂക്കിന്റെ തള്ളിച്ചകൊണ്ട് | അസ്ഥിനിചയഃ, | അസ്ഥികൂടം, |
| | | മഹാൻ | വമ്പിച്ചതായി |
| നിരസ്തസ്യ | എറിയപ്പെട്ടവനായ | ഗിരികൂടനിഭഃ | മലയുടെ കൊടുമുടി |
| തസ്യ | ആ | ഏഷഃ | ഇതാ [യ്യൊത്തതായി |
| ദുന്ദുഭേഃ | ദുന്ദുഭിയുടെ | സംപ്രകാശതേ. | കാണപ്പെടുന്നു. |

ഇമേ ച വിപുലാഃ സാലാഃ സപ്തശാഖാവലംബിനഃ
യത്രൈകം ഘടതേ വാലീ നിഷ്പത്രയിതുമോജസാ. 68

| | | | |
|---|---|---|---|
| "സപ്ത | "ഏഴ് | യത്ര | ഇതിൽ |
| സാലാഃ, | സാലങ്ങൾ, | ഏകം | ഒരേസമയത്തിൽ |
| വിപുലാഃ | വമ്പിച്ചവയായി | ഓജസാ | ബലംപ്രയോഗിച്ച് കുലുക്കി |
| ശാഖാ-വലംബിനഃ | തഴച്ചുപടന്ന കൊമ്പുകളോടുകൂടിയവയായി | നിഷ്പത്രയിതും | ഇലകളെല്ലാം കൊഴിച്ചുവീഴ്ത്തുവാൻ |
| ഇമേ ച; | ഇതാ ഉണ്ട്; | | |
| വാലീ | ബാലി | ഘടതേ. | സമർത്ഥനാകുന്നു. |

["ഏകം" (ഏഴുമരങ്ങളിൽ ഒന്നിനെ) എന്നു ചിലർ; "നിഷ്പത്രയിതും" (ബാണം പ്രയോഗിച്ച്, അതു വൃക്ഷത്തെ തുളച്ച്, മറ്റൊന്നിൽ കടന്ന്, ഇങ്ങിനെ ഏഴിനേയും തുളച്ച്, ബാണത്തിൻെറ തൂവലുകളില്ലാതാക്കുവാൻ) എന്നും പക്ഷാന്തരം. "ഉണങ്ങാതെ നില്ക്കുന്ന ഇലകളെ കൊഴിക്കുവാൻ ശക്തിയുള്ളതുകൊണ്ട് വായുവിനേക്കാൾ ബലം അധികമുള്ളവനാകുന്നു എന്നു പറയുന്നു." (തിലകം)

ഈ ഏഴു സാലങ്ങൾ, താലങ്ങളാണെന്നും (പനകൾ), അവയേ ഓരോന്നിനേയും കുലുക്കി ഇലകളെ കൊഴിക്കുവാൻ ശക്തിയുണ്ടെന്നും അദ്ധ്യാത്മരാമായണത്തിൽ പറയുന്നു. "ഏതേ താലാ മഹാസാരാഃ സപ്ത പശ്യ രഘൂത്തമ. ഏകൈകം ചാലയിത്വാഽസൌ നിഷ്പത്രാൻ കുരുതേഽഞ്ജസാ- യദി ത്വമേകബാണേന വിദ്ധ്വാ ഛിദ്രം കരോഷി ചേത്- ഹതസ്ത്വയാ തദാ വാലീ വിശ്വാസോ മേ പ്രജായതേ."

ഈ വൃക്ഷങ്ങൾ ഏഴും ചക്രാകാരത്തിലുള്ള ഏഴു പനകളാണെന്നാണ് ആനന്ദരാമായണം സാരകാണ്ഡം 8-ാം സർഗ്ഗത്തിൽ പറയുന്നത്. ഒരിക്കൽ യദൃച്ഛയായി ഒരുവൻ ഏഴു പനമ്പഴം കൊണ്ടുവന്നതിനെ ബാലിയുടെ ഗുഹയിൽ ബാലിയുടെ ആവശ്യപ്രകാരം വെച്ചുപോകയും, പിന്നെ അവ ഒരു സർപ്പരൂപമായ്ത്തീരുകയും, ആ സർപ്പത്തിൻെറ ദേഹത്തിൽ ഏഴു പനകൾ മുളക്കട്ടെ എന്ന് ബാലി ശപിക്കുകയും, ഉടനെ സർപ്പം ഈ മരങ്ങളെ തുളയ്ക്കുന്നവൻതന്നെ നിന്നെ കൊല്ലട്ടെ എന്നു മറുശാപം നൽകുകയും ചെയ്തതായും, ശ്രീരാമൻ ലക്ഷ്മണൻെറ കാൽ പെരുവിരലിൽ ചവുട്ടിയപ്പോൾ, ആദിശേഷസ്വരൂപമായിരുന്ന സർപ്പം വടിപോലെയായ്ത്തീരുകയാൽ ഏഴു വൃക്ഷങ്ങളും ഒരേ വരിയായ്ത്തീരുകയും, ഒരു ബാണംകൊണ്ട് ശ്രീരാമൻ അവ ഏഴിനേയും തുളച്ചു എന്നും അതിൽ പറഞ്ഞിട്ടുണ്ട്. "ചക്രാകാരാൻ സപ്ത താലാൻ ദൃഷ്ട്വാ ദേഹേ ഹ്യഹേഃ പ്രഭുഃ സ്വീയാംഗുഷ്ഠേന സൌമിത്രേഃ പദം കിഞ്ചിദ്വിമർദ്ദ്യ ച. ഋജ്വം കൃത്വാ പന്നഗം തം ശേഷാംശേന സ്ഥിതം ഭുവി. സുഗ്രീവപ്രത്യയാർത്ഥം ഹി സപ്തതാലാൻ ബിഭേദ സഃ. ഗുഹായാമേകദാ താലഫലാനി സ്ഥാപിതാനി ഹി. ബാലിനാ സപ്ത നീതാനി കേന സർപ്പം ദദർശ സഃ. തം ശപത് ത്വയി വൃക്ഷാശ്ച ഭവിഷ്യന്തീതി വാനരഃ. സർപ്പോഽപ്യാഹാഥ താൻ ഛേത്താ യസ്സ്തേ ഹന്താ ന സംശയഃ."]

ഏതദസ്യാസമം വീര്യം മയാ രാമ പ്രകീർത്തിതം. 69

| | | | |
|---|---|---|---|
| "രാമ! | "ശ്രീരാമ! | വീര്യം | വീര്യം |
| അസ്യ | ഇവൻെറ | മയാ | എന്നാൽ |
| ഏതത് | ഇപ്രകാരമുള്ള | | |
| അസമം | നിസ്തുല്യമായ | പ്രകീർത്തിതം. | പറഞ്ഞറിയിക്കപ്പെട്ടു. |

കഥം തം വാലിനം ഹന്തും സമരേ ശക്ഷ്യസേ നൃപ. 70

| | | | |
|---|---|---|---|
| "നൃപ! | "രാജാവേ! | ഹന്തും | വധിക്കുന്നതിന്നു |
| തം വാലിനം | ആ ബാലിയെ | കഥം ശക്ഷ്യസേ?" | എങ്ങിനെയാണു ഭവാൻ ശക്തനാവുക?" |
| സമരേ | പോരിൽ | | |

തഥാ ബ്രുവാണം സുഗ്രീവം പ്രഹസംല്ലക്ഷ്മണോഽബ്രവീത്
കസ്മിൻ കർമ്മണി നിർവൃത്തേ ശ്രദ്ദധ്യാ വാലിനോ വധം. 71

| | | | |
|---|---|---|---|
| തഥാ | മേൽപ്രകാരം | കർമ്മണി | കാര്യം |
| ബ്രുവാണം | പറയുന്നവനായ | നിർവൃത്തേ | ചെയ്തുനിവൃത്തിച്ചാലാണു |
| സുഗ്രീവം | സുഗ്രീവനെനോക്കി | | |
| ലക്ഷ്മണഃ | ലക്ഷ്മണൻ | വാലിനഃ | ബാലിയുടെ |
| പ്രഹസൻ | പുഞ്ചിരിയിട്ടുകൊണ്ടു | വധം | വധത്തെക്കുറിച്ചു |
| അബ്രവീത്; | പറഞ്ഞു; | ശ്രദ്ദധ്യാഃ?" | അങ്ങു വിശ്വസിക്കുക?" |
| "കസ്മിൻ | "എന്തൊരു | | |

തമുവാചാഥ സുഗ്രീവഃ സപ്തസാലാനിമാൻ പുരാ
ഏവമേകൈകശോ വാലീ വിവ്യാഥാഥ സ ചാസകൃത്. 72

| | | | |
|---|---|---|---|
| സുഗ്രീവഃ | സുഗ്രീവൻ | സാലാൻ ച | സാലവൃക്ഷങ്ങളെയും |
| തം | അദ്ദേഹത്തോടായി | അഥ, | ഒന്നിച്ചും, |
| അഥ | ഇപ്രകാരം | ഏവം | ഇക്കാണുന്നമാതിരി |
| ഉവാച; | ഉണർത്തിച്ചു; | ഏകൈകശഃ, | ഒന്നൊന്നായിട്ടും |
| "പുരാ | "മുമ്പൊരുകാലം | അസകൃത്, | പലപ്രാവശ്യവും, |
| ഇമാൻ | ഈ | സഃ വാലീ | ആ ബാലി |
| സപ്ത | ഏഴു | വിവ്യാഥ. | തുളച്ചിട്ടുണ്ടു. |

രാമോ നിർദാരയേദേഷാം ബാണേനൈകേന ച ദ്രുമം
വാലിനം നിഹതം മന്യേ ദൃഷ്ട്വാ രാമസ്യ വിക്രമം. 73
ഹതസ്യ മഹിഷസ്യാസ്ഥി പാദേനൈകേന ലക്ഷ്മണ
ഉദ്യമ്യ പ്രക്ഷിപേച്ചാപി തരസാ ദ്വേ ധനുഃശതേ 74

| | | | |
|---|---|---|---|
| "ലക്ഷ്മണ! | "ലക്ഷ്മണ! | ഉദ്യമ്യ | പൊക്കി |
| രാമഃ | ശ്രീരാമൻ | തരസാ | ഊക്കോടെ |
| ഏഷാം | ഇവയിൽ | ദ്വേ ധനുഃശതേ | ഇരുനൂറു വിൽപാടുദൂരം |
| ദ്രുമം | ഒരു വൃക്ഷത്തെ | പ്രക്ഷിപേത് ച അപി | എറിയുമെങ്കിലും |
| ഏകേന | ഒരു | | |
| ബാണേന | ബാണംകൊണ്ടു | രാമസ്യ | ശ്രീരാമന്റെ |
| നിർദാരയേത് ച | പിളക്കുമെങ്കിലും | വിക്രമം | പരാക്രമത്തെ |
| ഹതസ്യ | ചത്തുകിടക്കുന്ന | ദൃഷ്ട്വാ, | പ്രത്യക്ഷമായി കണ്ടറിഞ്ഞു, |
| മഹിഷസ്യ | പോത്തിന്റെ | വാലിനം | ബാലിയെ |
| അസ്ഥി, | അസ്ഥിക്കൂടത്തെ, | നിഹതം | വധിക്കപ്പെട്ടവനെന്നു |
| ഏകേന | ഒരു | മന്യേ. | ഞാൻ ഇപ്പോൾതന്നെ കരുതുന്നതാണു. |
| പാദേന | കാൽകൊണ്ടു | | |

ഏവമുക്ത്വാ തു സുഗ്രീവോ രാമം രക്താന്തലോചനം
ധ്യാത്വാ മുഹൂർത്തം കാകുത്സ്ഥം പുനരേവ വചോഽബ്രവീത്. 75

| | | | |
|---|---|---|---|
| സുഗ്രീവഃ | സുഗ്രീവൻ | രക്താന്ത-ലോചനം | കടക്കൺ ചുവന്നിരിക്കുന്ന |
| ഏവം | മേൽപ്രകാരം | കാകുത്സ്ഥം | കാകുത്സ്ഥനായ |
| ഉക്ത്വാ, | അഭിപ്രായപ്പെട്ടശേഷം | രാമം ഏവ, | ശ്രീരാമനോടായിത്തന്നെ, |
| തു | വീണ്ടും | പുനഃ | വീണ്ടും |
| മുഹൂർത്തം | അല്പനേരം | വചഃ അബ്രവീത്. | ഇപ്രകാരം പറഞ്ഞു. |
| ധ്യാത്വാ, | എന്തോ ചിലതു് ആലോചിച്ച്, | | |

ശൂരശ്ചാസുരഘാതീ ച പ്രഖ്യാതബലപൌരുഷഃ
ബലവാന്വാനരോ വാലീ സംയുഗേഷ്വപരാജിതഃ. 76

| | | | |
|---|---|---|---|
| “ വാനരഃ | “ വാനരനായ | പ്രഖ്യാതബല-പൌരുഷഃ | സുപ്രസിദ്ധമായ ബലവും പൌരുഷവുമാർന്നവൻ ; |
| വാലീ, | ബാലി, | | |
| ബലവാൻ | ബലശാലി ; | | |
| ശൂരഃ ച | ശൂരൻ ; | സംയുഗേഷു | സമരങ്ങളിൽ |
| അസുരഘാതീ | അസുരന്മാരെ കൊന്നവൻ ; | അപരാജിതഃ ച. | തോല്വിയെന്നതറിയാത്തവൻ. |

ദൃശ്യന്തേ ചാസ്യ കർമ്മാണി ദുഷ്കരാണി സുരൈരപി
യാനി സഞ്ചിന്ത്യ ഭീതോഽഹമൃശ്യമൂകം സമാശ്രിതഃ. 77

| | | | |
|---|---|---|---|
| “ അസ്യ | “ ഇവന്റെ | യാനി | അങ്ങിനെയുള്ള അവയെ |
| കർമ്മാണി | പ്രവൃത്തികൾ | സംചിന്ത്യ | ഓർത്തു്, |
| സുരൈഃ അപി | ദേവന്മാരാലും കൂടി | ഭീതഃ | ഭീതനായി |
| ദുഷ്കരാണി ച | ചെയ്വാൻ കഴിയാത്തവയായി | ഋശ്യമൂകം | ഋശ്യമൂകത്തെ |
| | | അഹം | ഞാൻ |
| ദൃശ്യന്തേ ; | ഇരിക്കുന്നു ; | സമാശ്രിതഃ. | ആശ്രയിച്ചിരിക്കുകയാണു്. |

തമജയ്യമധൃഷ്യം ച വാനരേന്ദ്രമമർഷണം
വിചിന്തയൻ ന മുഞ്ചാമി ഋശ്യമൂകമഹം ത്വിമം. 78

| | | | |
|---|---|---|---|
| “അഹം | “ഞാൻ | അമർഷണം ച, | കുററത്തെ ക്ഷമിക്കാത്തവനെന്നും, |
| തം | ആ | | |
| വാനരേന്ദ്രം | വാനരാധിപനെ | വിചിന്തയൻ തു | അറിയുന്നതുകൊണ്ടുതന്നെയാണ് |
| അജയ്യം, | ജയിക്കപ്പെട്ടുവാൻ കഴിയാത്തവനെന്നും, | ഇമം | ഈ |
| | | ഋശ്യമൂകം | ഋശ്യമൂകത്തെ |
| അധൃഷ്യം, | മദിച്ചവനെന്നും, | ന മുഞ്ചാമി. | വിട്ടുപോകാതിരിക്കുന്നതു്. |

ഉദ്വിഗ്നഃ ശങ്കിതശ്ചാപി വിചരാമി മഹാവനേ
അനുരക്തൈഃ സഹാമാത്യൈർഹനുമത് പ്രമുഖൈർവരൈഃ. 79

| | |
|---|---|
| "മഹാവനേ | "ഈ പെരുംകാട്ടിൽ |
| അനുരക്തൈഃ | എന്നിൽ പ്രീതിയുള്ളവരും |
| വരൈഃ | ശ്രേഷ്ഠന്മാരുമായ |
| ഹനുമത്-പ്രമുഖൈഃ | ഹനുമാൻ മുതലായ |
| അമാത്യൈഃ സഹ, | സചിവരൊന്നിച്ച്, |
| ശങ്കിതഃ ച | ശങ്കിതനായും |
| ഉദ്വിഗ്നഃ അപി | വ്യാകുലചിത്തനായും |
| വിചരാമി. | ഞാൻ ചുററിത്തിരിയുന്നു. |

ഉപലബ്ധം ച മേ ശ്ലാഘ്യം സന്മിത്രം മിത്രവത്സല
ത്വാമഹം പുരുഷവ്യാഘ്ര ഹിമവന്തമിവാശ്രിതഃ. 80

| | |
|---|---|
| "മിത്രവത്സല! | "സുഹൃത്പ്രിയ! |
| മേ | എനിക്ക് |
| ശ്ലാഘ്യം | പ്രശംസിക്കത്തക്ക |
| സന്മിത്രം ച | സന്മിത്രംതന്നെയാണ് |
| ഉപലബ്ധം; | ലഭിക്കപ്പെട്ടിരിക്കുന്നത്; |
| പുരുഷവ്യാഘ്ര! | പുരുഷോത്തമ! |
| അഹം | ഞാൻ |
| ഹിമവന്തം | ഹിമവാനെ |
| ഇവ | പോലെയിരിക്കുന്ന |
| ത്വാം | നിന്തിരുവടിയെ |
| ആശ്രിതഃ. | ശരണംപ്രാപിച്ചിരിക്കുന്നു. |

കിന്തു തസ്യ ബലജ്ഞോഽഹം ദുർഭ്രാതുർബലശാലിനഃ
അപ്രത്യക്ഷം തു മേ വീര്യം സമരേ തവ രാഘവ. 81

| | |
|---|---|
| "കിന്തു | "എങ്കിലും, |
| അഹം | ഞാൻ |
| ബലശാലിനഃ | ബലശാലിയായ |
| തസ്യ | ആ |
| ദുർഭ്രാതുഃ | ദുഷ്ടനായ ജ്യേഷ്ഠന്റെ |
| ബലജ്ഞഃ; | ശക്തിയെ നല്ലപോലെ അറിയുന്നവനാണ്; |
| രാഘവ! | ശ്രീരാമ! |
| സമരേ | പോരിൽ |
| തവ | നിന്തിരുവടിയുടെ |
| വീര്യം തു | വീര്യമോ, |
| മേ | എനിക്കു |
| അപ്രത്യക്ഷം. | അനുഭവമില്ലാതാനും. |

ന ഖല്വഹം ത്വാം തുലയേ നാവമന്യേ ന ഭീഷയേ
കർമ്മഭിസ്തസ്യ ഭീമൈസ്തു കാതര്യം ജനിതം മമ. 82

| | |
|---|---|
| "അഹം | "ഞാൻ |
| ത്വാം | നിന്തിരുവടിയെ |
| തുലയേ ന; | തൂക്കിനോക്കുകയല്ല; |
| അവമന്യേ ന; | അവമാനിക്കുകയുമല്ല; |
| ഭീഷയേ ന; | ഭയപ്പെടുത്തുകയുമല്ല; |
| ഖലു; | അങ്ങിനെ കരുതാതിരുന്നാലും; |
| തസ്യ | അവന്റെ |
| ഭീമൈഃ | ഭയങ്കരങ്ങളായ |
| കർമ്മഭിഃ തു | കൃത്യങ്ങൾകാരണം |
| മമ | എനിക്ക് |
| കാതര്യം | ചാഞ്ചല്യം |
| ജനിതം. | ഉളവായിരിക്കുന്നുവെന്നുമാത്രമാണ്. |

കാമം രാമ ഭവദ്വാണീ പ്രമാണം ധൈര്യമാകൃതിഃ
സൂചയന്തി പരം തേജോ ഭസ്മച്ഛന്നമിവാനലം. 83

| | | | |
|---|---|---|---|
| "രാമ! | "രഘുവര! | ഭസ്മച്ഛന്നം | ചാരംമൂടിയ |
| കാമം, | അപ്രകാരമായാലും, | അനലം | അഗ്നിയെ |
| ഭവദ്വാണീ | അങ്ങയുടെ വാക്കും | ഇവ, | എന്നപോലെ, |
| പ്രമാണം | സ്ഥൈര്യവും | പരം | അപ്രത്യക്ഷമായ |
| ധൈര്യം | നിശ്ചലതയും | തേജഃ | തേജോവിശേഷത്തെ |
| ആകൃതിഃ, | രൂപവിശേഷവും, | സൂചയന്തി." | സൂചിപ്പിക്കുന്നുണ്ട്." |

തസ്യ തദ്വചനം ശ്രുത്വാ സുഗ്രീവസ്യ മഹാത്മനഃ
സ്മിതപൂർവ്വമഥോ രാമഃ പ്രത്യുവാച ഹരിം പ്രഭുഃ 84

| | | | |
|---|---|---|---|
| പ്രഭുഃ | പ്രഭുവായ | തത് വചനം ശ്രുത്വാ, | ആ വാക്യത്തെ കേട്ട്, |
| രാമഃ, | ശ്രീരാമൻ, | ഹരിം | വാനരനെനോക്കി |
| മഹാത്മനഃ | മഹാത്മാവായ | സ്മിതപൂർവ്വം | പുഞ്ചിരിതൂകിക്കൊണ്ട് |
| തസ്യ | ആ | അഥോ, | ഇപ്രകാരം, |
| സുഗ്രീവസ്യ | സുഗ്രീവൻെറ | പ്രത്യുവാച. | മറുപടിയരുളി. |

യദി ന പ്രത്യയോഽസ്മാസു വിക്രമേ തവ വാനര
പ്രത്യയം സമരേ ശ്ലാഘ്യമഹമുത്പാദയാമി തേ. 85

| | | | |
|---|---|---|---|
| "വാനര! | "വാനര! | ന യദി, | ഇല്ലാതിരിക്കുന്നതിനാൽ, |
| സമരേ | പോരിൽ | അഹം | ഞാൻ |
| വിക്രമേ | പരാക്രമത്തെക്കുറിച്ച്, | തേ | ഭവാനു |
| അസ്മാസു | ഞങ്ങളുടെപേരിൽ | ശ്ലാഘ്യം | ഇഷ്ടപോലുള്ള |
| തവ | ഭവാന്ന് | പ്രത്യയം, | വിശ്വാസത്തെ, |
| പ്രത്യയഃ | വിശ്വാസം | ഉത്പാദയാമി." | ഉളവാക്കുന്നുണ്ട്." |

ഏവമുക്ത്വാ തു സുഗ്രീവം സാന്ത്വം ലക്ഷ്മണപൂർവ്വജഃ
രാഘവോ ദുന്ദുഭേഃ കായം പാദാംഗുഷ്ഠേന തോലയൻ
പുനശ്ച ലീലയാ രാമശ്ചിക്ഷേപ ദശയോജനം. 86

| | | | |
|---|---|---|---|
| ലക്ഷ്മണപൂർവ്വജഃ | ലക്ഷ്മണജ്യേഷ്ഠനായി | ദുന്ദുഭേഃ | ദുന്ദുഭിയുടെ |
| രാഘവഃ | രഘുകുലത്തിൽപിറന്ന | കായം, | അസ്ഥികൂടത്തെ |
| രാമഃ, | ശ്രീരാമൻ, | പാദാംഗുഷ്ഠേന ച | കാൽപെരുവിരൽ കൊണ്ടുതന്നെ |
| ഏവം | ഇപ്രകാരം | | |
| സാന്ത്വം | സമാധാനിപ്പിച്ചു കൊണ്ട് | തോലയൻ, | ഇളക്കി, |
| സുഗ്രീവം | സുഗ്രീവനോടായി | ലീലയാ തു | നിഷ്പ്രയാസം |
| ഉക്ത്വാ, | അരുളിച്ചെയ്ത്, | ദശയോജനം | പത്തുയോജന അകലേയായി, |
| പുനഃ | അതിൽപിന്നെ | ചിക്ഷേപ. | എടുത്തെറിഞ്ഞു. |

അസുരസ്യ തനും ശുഷ്കാം പാദാംഗുഷ്ഠേന വീര്യവാൻ
ക്ഷിപ്തം ദൃഷ്ട്വാ തതഃ കായം സുഗ്രീവഃ പുനരബ്രവീത്. 87

| | | | |
|---|---|---|---|
| വീര്യവാൻ | വീര്യശാലിയായ | അസുരസ്യ | ആ അസുരന്റെ |
| സുഗ്രീവഃ, | സുഗ്രീവൻ, | തനും | ദേഹം |
| തതഃ | അപ്പോൾ | ശുഷ്കാം | ഉണങ്ങിവരണ്ടിരിക്കു |
| കായം | അസുരശരീരത്തെ [ങ്ങ് | ദൃഷ്ട്വാ, | ഓർത്ത്, [ന്നതിനെ |
| പാദാംഗുഷ്ഠേന, | കാൽപെരുവിരൽകൊ | അബ്രവീത്. | ഉള്ളിൽ തന്നെ അതിനെക്കുറിച്ച് ആലോചിച്ചു. |
| ക്ഷിപ്തം പുനഃ, | എറിയപ്പെട്ടതായെന്നിരുന്നാലും, | | |

ലക്ഷ്മണസ്യാഗ്രതോ രാമമിദം വചനമബ്രവീത്. 88

| | | | |
|---|---|---|---|
| ലക്ഷ്മണസ്യ | ലക്ഷ്മണന്റെ | ഇദം | ഇപ്രകാരം |
| അഗ്രതഃ, | മുമ്പിൽ, | വചനം | ഉണർത്തിക്കയും ചെയ്തു. |
| രാമം | ശ്രീരാമനോടായി | അബ്രവീത്. | |

ആർദ്രഃ സമാംസഃ പ്രത്യഗ്രഃ ക്ഷിപ്തഃ കായഃ പുരാ സഖേ
ലഘുഃ സംപ്രതി നിർമ്മാംസസ്തൃണഭൂതശ്ച രാഘവ. 89

| | | | |
|---|---|---|---|
| "സഖേ! | "സ്നേഹിതാ! | സമാംസഃ; | മാംസത്തോടു കൂടിയതുമായിരുന്നു; |
| പുരാ | പണ്ടു | രാഘവ! | ശ്രീരാമ! |
| ക്ഷിപ്തഃ | എറിയപ്പെട്ടതായ | സംപ്രതി ച | ഇപ്പോഴാണെന്നാൽ, |
| കായഃ, | ഈ ശരീരം, | നിർമാംസഃ | ദശയില്ലാത്തതായി |
| പ്രത്യഗ്രഃ | പുതിയതും, | ലഘുഃ | ഘനമില്ലാത്തതായി |
| ആർദ്രഃ | രക്തം നനഞ്ഞിരുന്നതും, | തൃണഭൂതഃ. | പുല്ലുപോലെയായ്ത്തീർന്നിരിക്കുന്നു. |

പരിശ്രാന്തേന മത്തേന ഭ്രാത്രാ മേ വാലിനാ തദാ
ക്ഷിപ്തമേവം പ്രഹർഷേണ ഭവതാ രഘുനന്ദന
നാത്ര ശക്യം ബലം ജ്ഞാതും തവ വാ തസ്യ വാഽധികം. 90

| | | | |
|---|---|---|---|
| "തദാ, | "അന്ന്, | ഭവതാ | നിന്തിരുവടിയാലാണ് |
| പരിശ്രാന്തേന | ഏററവും ക്ഷീണിച്ചവനും | ഏവം; | ഇപ്രകാരം എറിയപ്പെട്ടിരിക്കുന്നത്; |
| മത്തേന | കുടിച്ചു മയങ്ങിയിരുന്ന [വനുമായ | അത്ര | ഇക്കാര്യത്തിൽ |
| മേ | എന്റെ | അധികം | അധികരിച്ച |
| ഭ്രാത്രാ | ഭ്രാതാവായ | ബലം | ബലം |
| വാലിനാ | ബാലിയാലാണ് | തവ വാ | നിന്തിരുവടിക്കോ |
| ക്ഷിപ്തം; | എറിയപ്പെട്ടത്; | തസ്യ വാ | അവനോ എന്നുള്ളതു |
| രഘുനന്ദന! | ശ്രീരാഘവ! | ജ്ഞാതും | അറിവാൻ കഴിയപ്പെടുന്നതല്ല. |
| പ്രഹർഷേണ | ഉത്സാഹത്തോടുകൂടിയവനായ | ന ശക്യം. | |

ആർദ്രം ശുഷ്കമിതി ഹ്യേതത്സുമഹദ്രാഘവാന്തരം
സ ഏവ സംശയസ്താത തവ തസ്യ ച യദ്ബലേ. 91

| | |
|---|---|
| "രാഘവ ! | "ശ്രീരാമ ! |
| ഏതത് | ഇത് |
| ആർദ്രം, | പച്ച, |
| ശുഷ്കം, | ഉണങ്ങിയതു്, |
| ഇതി | എന്നുള്ളതായ |
| അന്തരം | വ്യത്യാസം |
| സുമഹത് ; | വലുതായതാണു് ; |
| താത ! | പ്രഭോ ! |
| യത് ഏവ | ഇക്കാരണത്താൽതന്നെ |
| തവ | നിന്തിരുവടിയുടെയും |
| തസ്യ ച | അവന്റെയും |
| ബലേ | ബലത്തെ സംബന്ധിച്ചേടത്തോളം |
| സഃ ഹി സംശയഃ. | മുമ്പുണ്ടായിരുന്ന സംശയം വർത്തിക്കതന്നെ ചെയ്യുന്നു. |

സാലമേകം തു നിർഭിന്ദ്യാ ഭവേദ്വ്യക്തിർബലാബലേ. 92

| | |
|---|---|
| "ഏകം | "ഒരു |
| സാലം | സാലവൃക്ഷത്തെ |
| നിർഭിന്ദ്യാഃ ; | നിന്തിരുവടി പിളന്നാലും ; |
| തു | എന്നാൽ |
| ബലാബലേ | ബലാബലങ്ങളെക്കുറിച്ചു് |
| വ്യക്തിഃ | സ്പഷ്ടത |
| ഭവേത്. | ഉണ്ടാകുന്നതാണു്. |

കൃത്വേദം കാർമ്മുകം സജ്യം ഹസ്തിഹസ്തമിവാതതം
ആകർണ്ണപൂർണ്ണമായമ്യ വിസൃജസ്വ മഹാശരം. 93

| | |
|---|---|
| ഹസ്തിഹസ്തം ഇവ | "ആനയുടെ തുമ്പിക്കയ്യിനെപ്പോലെ |
| ആതതം | നീണ്ടിരിക്കുന്ന |
| ഇദം | ഈ |
| കാർമുകം | ധനുസ്സിനെ |
| സജ്യം കൃത്വാ | ഞാണേററി |
| ആകർണ്ണപൂർണ്ണം | കാതോളം |
| ആയമ്യ | വലിച്ചു് |
| മഹാശരം | മഹത്തായ ബാണത്തെ |
| വിസൃജസ്വ. | പ്രയോഗിച്ചാലും. |

ഇമം ഹി സാലം പ്രഹിതസ്ത്വയാ ശരോ
ന സംശയോഽത്രാസ്തി വിദാരയിഷ്യതി
അലം വിമർശേന മമ പ്രിയം ധ്രുവം
കുരുഷ്വ രാജാത്മജ ശാപിതോ മയാ. 94

| | |
|---|---|
| "ത്വയാ | "നിന്തിരുവടിയാൽ |
| പ്രഹിതഃ | എയ്യപ്പെട്ട |
| ശരഃ, | ബാണം, |
| ഇമം | ഈ |
| സാലം | സാലത്തെ |
| വിദാരയിഷ്യതി | തുളയ്ക്കുവാൻപോകുന്നു; |
| അത്ര ഹി | ഈ കാര്യത്തിൽ |
| സംശയഃ | സംശയമെന്നതു് |
| അസ്തി ന; | അല്പവും ഇല്ല; |
| വിമർശേന അലം; | എന്റെ പരീക്ഷ ഇതോടുകൂടി നിർത്തിയേക്കാം; |
| രാജാത്മജ ! | ചക്രവർത്തികുമാര ! |
| മയാ | എന്നാൽ |
| ശാപിതഃ, | യാചിക്കപ്പെട്ട നിന്തിരുവടി |
| മമ | എന്റെ |
| പ്രിയം, | ഈ ആഗ്രഹത്തെ |
| ധ്രുവം | നിഃസംശയമായി |
| കുരുഷ്വ. | ചെയ്തരുളിയാലും. |

യഥാ ഹി തേജസ്സു വരഃ സദാ രവിഃ
യഥാ ഹി ശൈലോ ഹിമവാന്മഹാദ്രിഷു
യഥാ ചതുഷ്പാത്സു ച കേസരീ വരഃ
തഥാ നരാണാമസി വിക്രമേ വരഃ. 95

| | | | |
|---|---|---|---|
| "തേജസ്സു | "പ്രകാശമുള്ളവയിൽ വെച്ച് | ചതുഷ്പാത്സു | നാല്ക്കാലികളിൽ [വെച്ച് |
| വരഃ | ശ്രേഷ്ഠതയാന്ന | വരഃ | ശ്രേഷ്ഠമായ |
| രവിഃ | ആദിത്യഭഗവാൻ | കേസരീ | സിംഹം |
| യഥാ ഹി, | എന്നപോലെയും, | യഥാ തഥാ ച, | എന്നതുപോലെയും, |
| മഹാദ്രിഷു | വൻമലകളിൽ | സദാ | എന്നും |
| ഹിമവാൻ } ശൈലഃ | ഹിമാചലം | നരാണാം | മനുഷ്യരിൽവെച്ച് |
| | | വിക്രമേ | പരാക്രമത്തിൽ |
| | | വരഃ അസി. | ഉത്കൃഷ്ടനാകുന്നു നിന്തിരുവടി. |
| യഥാ ഹി, | എന്നതുപോലെയും, | | |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ ഏകാദശഃ സർഗ്ഗഃ = പതിനൊന്നാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ **9795**; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ **543.**

## ദ്വാദശഃ സർഗ്ഗഃ = പന്ത്രണ്ടാംസർഗ്ഗം.

[സുഗ്രീവപ്രത്യായനം = സുഗ്രീവന്ന് വിശ്വാസം വരുത്തുന്നത്.]

ഏതച്ച വചനം ശ്രുത്വാ സുഗ്രീവേണ സുഭാഷിതം
പ്രത്യയാർത്ഥം മഹാതേജാ രാമോ ജഗ്രാഹ കാർമ്മുകം. 1

| | | | |
|---|---|---|---|
| മഹാതേജാഃ } രാമഃ | അതിതേജസ്വിയായ ശ്രീരാമൻ | ശ്രുത്വാ, | സ്വീകരിച്ചുകൊണ്ട്, |
| സുഗ്രീവേണ | സുഗ്രീവനാൽ | പ്രത്യയാർത്ഥം ച | വിശ്വാസം ജനിപ്പിക്കുവാനായി |
| സുഭാഷിതം | മധുരമായി പറയപ്പെട്ട | കാർമ്മുകം | കോദണ്ഡത്തെ |
| ഏതത് | ഈ | ജഗ്രാഹ. | കയ്യിലെടുത്തു. |
| വചനം | അപേക്ഷയെ | | |

സ ഗൃഹീത്വാ ധനുർഘോരം ശരമേകം ച മാനദഃ
സാലമുദ്ദിശ്യ ചിക്ഷേപ ജ്യാസ്വനൈഃ പൂരയൻ ദിശഃ. 2

| | | | |
|---|---|---|---|
| "മാനദഃ | "അക്കം അഭീഷ്ടത്തെ നൽകുന്നവനായ | ദിശഃ | ദിക്കുകളെ |
| സഃ, | ആ ശ്രീരാമൻ, | പൂരയൻ, | മുഴക്കിക്കൊണ്ട്, |
| ഘോരം | ഭയങ്കരമായ | സാലം | ഒരു സാലവൃക്ഷത്തെ |
| ധനുഃ | ധനുസ്സിനെ | ഉദ്ദിശ്യ | ലക്ഷ്യമാക്കി |
| ഗൃഹീത്വാ, | കയ്യിലെടുത്ത്, | ഏകം ശരം ച | ഒരു ബാണത്തെ |
| ജ്യാസ്വനൈഃ | ഞാണൊലിയാൽ | ചിക്ഷേപ. | എയ്തു. |

സ വിസൃഷ്ടോ ബലവതാ ബാണഃ സ്വർണ്ണപരിഷ്കൃതഃ
ഭിത്ത്വാ സാലാൻ ഗിരിപ്രസ്ഥേ സപ്ത ഭൂമിം വിവേശ ഹ. 3

| | |
|---|---|
| ബലവതാ | ബലശാലിയായ അദ്ദേഹത്താൽ |
| വിസൃഷ്ടഃ | വിടപ്പെട്ടതായ |
| സ്വർണ്ണ-പരിഷ്കൃതഃ | പൊൻകെട്ടുകളാന്ന |
| സഃ ബാണഃ, | ആ ബാണം, |
| സപ്ത | ഏഴു |
| സാലാൻ | സാലവൃക്ഷങ്ങളേയും |
| ഭിത്ത്വാ, | പിളൎന്നുകൊണ്ടു്, |
| ഗിരിപ്രസ്ഥേ | മലയുടെ താഴ്വരയിൽ |
| ഭൂമിം | ഭൂമിയ്ക്കുള്ളിൽ |
| വിവേശ ഹ! | പ്രവേശിച്ചു കണ്ടാലും! |

പ്രവിഷ്ടസ്തു മുഹൂർത്തേന ധരാം ഭിത്ത്വാ മഹാജവഃ
നിഷ്പത്യ ച പുനസ്തൂർണ്ണം സ്വതൂണീം പുനരാവിശത്. 4

| | |
|---|---|
| മഹാജവഃ | അതിവേഗതയുള്ള അതു് |
| പ്രവിഷ്ടഃ തു | ഭൂമിയിൽ പ്രവേശിച്ചു ഉടനെ |
| മുഹൂർത്തേന | ഒരു നൊടിയിടയിൽ |
| ധരാം | ഭൂമിയെ |
| ഭിത്ത്വാ, | പിളൎന്നുകൊണ്ടു്, |
| തൂർണ്ണം ച | തൽക്ഷണംതന്നെ |
| പുനഃ | വീണ്ടും |
| നിഷ്പത്യ, | പുറത്തുവന്നു്, |
| പുനഃ | മുൻപോലെ |
| സ്വതൂണീം | തന്റെ തൂണീരത്തിൽ |
| ആവിശത്. | വന്നുചേൎന്നു. |

താൻ ദൃഷ്ട്വാ സപ്ത നിർഭിന്നാൻ സാലാൻ വാനരപുംഗവഃ
രാമസ്യ ശരവേഗേന വിസ്മയം പരമം ഗതഃ. 5

| | |
|---|---|
| വാനരപുംഗവഃ, | വാനരോത്തമൻ, |
| രാമസ്യ | ശ്രീരാമന്റെ |
| ശരവേഗേന | ശരവേഗതയാൽ |
| താൻ | ആ |
| സപ്ത | ഏഴു |
| സാലാൻ | സാലങ്ങളും |
| നിർഭിന്നാൻ | ഭേദിക്കപ്പെട്ടവയായി |
| ദൃഷ്ട്വാ, | കണ്ടു്, |
| പരമം വിസ്മയം ഗതഃ | ഇപ്രകാരം ഏററവും അത്ഭുതപ്പെട്ടു. |

അഹോ ശരനിപാതേന രാമസ്യാക്ലിഷ്ടകർമ്മണഃ
യദഗണ്യാപദോ ഹ്യേഷ മൃത്യുപാശവശംഗതഃ. 6

| | |
|---|---|
| "അക്ലിഷ്ട-കർമ്മണഃ | "എന്തും നിഷ്പ്രയാസം ചെയ്വാൻ കഴിവുള്ളവനായ |
| രാമസ്യ | ശ്രീരാഘവന്റെ |
| ശരനിപാതേന | ബാണപാതത്താൽ |
| ഏഷഃ ഹി | ഈ ബാലിയും കൂടി |
| അഗണ്യാപദഃ | അത്യാപത്തിൽ പെട്ടവനായി |
| മൃത്യുപാശ-വശംഗതഃ | മൃത്യുപാശത്തിൽ കുടുങ്ങിയവനായിതീൎന്നു, |
| യത് | എന്നുള്ളതു് |
| അഹോ!" | എന്തൊരാശ്ചൎയ്യമാണു്!" |

വിസ്മയന്തേ ച തേ സവ്വേ ഹനുമത്പ്രമുഖാസ്തദാ
സുഗ്രീവോ രാഘവം ഭൂയഃ പ്രശശംസ കൃതാഞ്ജലിഃ. 7

| | |
|---|---|
| തദാ | അപ്പോൾ |
| ഹനുമത്-പ്രമുഖാഃ | ഹനുമാൻ മുതലായ |
| തേ | അവർ |
| സവ്വേ ച, | എല്ലാവരും, |
| വിസ്മയന്തേ ; | ആശ്ചര്യപ്പെടുകയായി ; |
| സുഗ്രീവഃ | സുഗ്രീവൻ |
| രാഘവം | ശ്രീരാഘവനെ |
| കൃതാഞ്ജലിഃ | കൈകൂപ്പിക്കൊണ്ട് |
| ഭൂയഃ | വീണ്ടും |
| പ്രശശംസ. | ഇപ്രകാരം പുകഴ്ത്തിപ്പറഞ്ഞു. |

അദ്യ മേ സഫലം ജന്മ അദ്യ മേ സഫലം ശ്രമഃ
അദ്യ മേ നിഹതഃ ശത്രുഃ സ്വരാജ്യേऽവസ്ഥിതോ ഹ്യഹം. 8

| | |
|---|---|
| "അദ്യ | "ഇന്നുതന്നെയാണ് |
| മേ | എന്റെ |
| ജന്മ | ജന്മം |
| സഫലം; | സഫലമായത് ; |
| അദ്യ | ഇന്നുതന്നെയാണ് |
| മേ | എന്റെ |
| ശ്രമഃ | ദുഃഖവും |
| സഫലം ; | അവസാനിച്ചത് ; |
| അദ്യ | ഇന്നുതന്നെയാണ് |
| മേ | എന്റെ |
| ശത്രുഃ | ശത്രു |
| നിഹതഃ; | നശിച്ചവനായിത്തീന്നത് ; |
| അഹം ഹി | ഞാനും |
| സ്വരാജ്യേ | എന്റെ രാജ്യത്തിൽ |
| അവസ്ഥിതഃ. | നിലച്ചത്. |

സേന്ദ്രാനപി സുരാൻ സവ്വാംസ്ത്വം ബാണൈഃ പുരുഷർഷഭ
സമത്ഥഃ സമരേ ഹന്തും കിം പുനവ്വാലിനം പ്രഭോ. 9

| | |
|---|---|
| "പ്രഭോ ! | "പ്രഭോ ! |
| പുരുഷർഷഭ ! | പുരുഷോത്തമ ! |
| ത്വം | നിന്തിരുവടി |
| സമരേ | പോരിൽ |
| ബാണൈഃ | ബാണങ്ങളാൽ |
| സേന്ദ്രാൻ | ഇന്ദ്രനോടുകൂടിയ |
| സുരാൻ | ദേവന്മാർ |
| സവ്വാൻ അപി | എല്ലാവരെത്തന്നെയും |
| ഹന്തും | നിഗ്രഹിക്കുന്നതിന്ന് |
| സമത്ഥഃ ; | കഴിവുള്ളവനാണ് ; |
| വാലിനം | ബാലിയെപ്പററി |
| കിം പുനഃ? | പിന്നെ പറയേണ്ടതുണ്ടോ ? |

യേന സപ്തമഹാസാലാ ഗിരിഭ്രൂമിശ്ച ദാരിതാഃ
ബാണേനൈകേന കാകുത്സ്ഥ സ്ഥാതാ തേ കോ രണാഗ്രതഃ. 10

| | |
|---|---|
| "കാകുത്സ്ഥ ! | "ശ്രീരാഘവ ! |
| യേന | യാവനൊരുവനാൽ |
| ഏകേന | ഒരു |
| ബാണേന | ബാണത്താൽ |
| സപ്ത | ഏഴ് |
| മഹാസാലാഃ | വമ്പിച്ച സാലവൃക്ഷങ്ങളും |
| ഗിരിഃ | ശൈലവും |
| ഭൂമിഃ ച | ഭൂമിയും |
| ദാരിതാഃ, | ഭേദിക്കപ്പെട്ടുവോ, |
| തേ | അപ്രകാരമുള്ള നിന്തിരുവടിക്ക് |
| രണാഗ്രതഃ സ്ഥാതാ | യുദ്ധത്തിൽ എതിരായി നില്ക്കുന്നവൻ |
| കഃ ? | ആരുണ്ട് ? |

അദ്യ മേ വിഗതഃ ശോകഃ പ്രീതിരദ്യ പരാ മമ
സുഹൃദം ത്വാം സമാസാദ്യ മഹേന്ദ്രവരുണോപമം. 11

| | | | |
|---|---|---|---|
| "മഹേന്ദ്ര-വരുണോപമം | "ഇന്ദ്രനും വരുണനും തുല്യനായ | വിഗതഃ; | വിട്ടകന്നിരിക്കുന്നു; |
| ത്വാം | നിന്തിരുവടിയെ | മമ | എനിക്ക് |
| സുഹൃദം | സുഹൃത്തായി | അദ്യ | ഇപ്പോൾ |
| സമാസാദ്യ, | പ്രാപിച്ചതിനാൽ, | പരാ | അത്യുത്കൃഷ്ടമായ |
| മേ | എന്റെ | പ്രീതിഃ. | മനഃസന്തുഷ്ടി ലഭിച്ചിരിക്കുന്നു. |
| ശോകഃ | ശോകമെന്നതു് | | |

തമദ്യൈവ പ്രിയാൎത്ഥം മേ വൈരിണം ഭ്രാതൃരൂപിണം
വാലിനം ജഹി കാകുത്സ്ഥ മയാ ബദ്ധോഽയമഞ്ജലിഃ. 12

| | | | |
|---|---|---|---|
| "കാകുത്സ്ഥ! | "ശ്രീരാമ! | പ്രിയാൎത്ഥം, | നമ്മക്കായി, |
| ഭ്രാതൃരൂപിണം | സഹോദരനായി രൂപം കൈക്കൊണ്ട | അദ്യ ഏവ | ഇന്നുതന്നെ |
| വൈരിണം | ശത്രുവായ | ജഹി; | സംഹരിച്ചരുളിയാലും; |
| തം | ആ | മയാ | എന്നാൽ |
| വാലിനം, | ബാലിയെ, | അയം | ഇതാ |
| മേ | എന്റെ | അഞ്ജലിഃ ബദ്ധഃ" | കൈകൂപ്പി പ്രാൎത്ഥിക്കപ്പെടുന്നു." |

തതോ രാമഃ പരിഷ്വജ്യ സുഗ്രീവം പ്രിയദൎശനം
പ്രത്യുവാച മഹാപ്രാജ്ഞോ ലക്ഷ്മണാനുമതം വചഃ. 13

| | | | |
|---|---|---|---|
| മഹാപ്രാജ്ഞഃ | ബുദ്ധിശാലിയായ | പരിഷ്വജ്യ, | ആലിംഗനംചെയ്തു് |
| രാമഃ, | ശ്രീരാമൻ, | ലക്ഷ്മണാനുമതം | ലക്ഷ്മണനും പ്രിയമാ |
| പ്രിയദൎശനം | പ്രസന്നതപൂണ്ടു വിളങ്ങിയവനായ | തതഃ | ആ സമയം [കുംവണ്ണം |
| സുഗ്രീവം | സുഗ്രീവനെ | വചഃ പ്രത്യുവാച. | ഇങ്ങിനെ ഉത്തരം അരുളിച്ചെയ്തു. |

അസ്മാദ്ഗച്ഛാമ കിഷ്കിന്ധാം ക്ഷിപ്രം ഗച്ഛ ത്വമഗ്രതഃ
ഗത്വാ ചാഹ്വയ സുഗ്രീവ വാലിനം ഭ്രാതൃഗന്ധിനം. 14

| | | | |
|---|---|---|---|
| "സുഗ്രീവ! | "സുഗ്രീവ! | ഗച്ഛ; | പൊയ്ക്കൊൾക; |
| കിഷ്കിന്ധാം | കിഷ്കിന്ധയിലേക്ക് | ഗത്വാ ച, | പോയ ഉടനെ |
| അസ്മാത് | ഇവിടെനിന്നു് | ഭ്രാതൃഗന്ധിനം | ഭ്രാതാവെന്നു് പേരുമാത്രമുള്ള |
| ഗച്ഛാമ; | നാം പോവുക; | വാലിനം | ആ ബാലിയെ |
| ത്വം | ഭവാൻ | ആഹ്വയ." | പോൎക്കുവിളിച്ചുകൊൾക." |
| അഗ്രതഃ | മുമ്പിൽ | | |
| ക്ഷിപ്രം | വേഗത്തിൽ | | |

സർവ്വേ തേ ത്വരിതം ഗത്വാ കിഷ്കിന്ധാം വാലിനഃ പുരീം
വൃക്ഷൈരാത്മാനമാവൃത്യ വ്യതിഷ്ഠൻ ഗഹനേ വനേ. 15

| | | | |
|---|---|---|---|
| തേ | അവർ | ഗത്വാ, | ചെന്ന്, |
| സർവ്വേ, | എല്ലാവരും, | ഗഹനേ വനേ, | തഴച്ചിരുണ്ട കാട്ടിൽ, |
| ത്വരിതം | വേഗത്തിൽ | വൃക്ഷൈഃ | മരങ്ങളാൽ |
| വാലിനഃ | ബാലിയുടെ | ആത്മാനം | തങ്ങളെ |
| പുരീം | നഗരമായ | ആവൃത്യ, | മറച്ചുകൊണ്ട്, |
| കിഷ്കിന്ധാം | കിഷ്കിന്ധയിലേക്ക് | വ്യതിഷ്ഠൻ. | നിന്നു. |

സുഗ്രീവോ വ്യനദദ്ഘോരം വാലിനോ ഹ്വാനകാരണാത്
ഗാഢം പരിഹിതോ വേഗാന്നാദൈർഭിന്ദന്നിവാംബരം. 16

| | | | |
|---|---|---|---|
| സുഗ്രീവഃ | സുഗ്രീവൻ | വേഗാത് | ഊക്കോടെ |
| വാലിനഃ | ബാലിയെ | നാദൈഃ | ഗർജ്ജനകളാൽ |
| ഹ്വാനകാരണാത്, | പോർക്കുവിളിക്കുവാൻ ഉദ്ദേശിച്ച്, | അംബരം | ആകാശത്തെ |
| | | ഭിന്ദൻ ഇവ, | പിളർക്കുമാറ്, |
| ഗാഢം പരിഹിതഃ, | കച്ചമുറുക്കിക്കൊണ്ട്, | ഘോരം | ഭയങ്കരമായി |
| | | വ്യനദത്. | അട്ടഹാസം ചെയ്തു. |

തം ശ്രുത്വാ നിനദം ഭ്രാതുഃ ക്രുദ്ധോ വാലീ മഹാബലഃ
നിഷ്പപാത സുസംരബ്ധോ ഭാസ്കരോഽസ്തതടാദിവ. 17

| | | | |
|---|---|---|---|
| ഭ്രാതുഃ | ഭ്രാതാവിന്റെ | വാലീ, | ബാലി, |
| തം | ആ | സുസംരബ്ധഃ, | ചൊടിച്ച് |
| നിനദം | ഗർജ്ജനം | ഭാസ്കരഃ | ആദിത്യദേവൻ |
| ശ്രുത്വാ | കേട്ട് | അസ്തതടാത് ഇവ, | അസ്തമനപർവ്വതത്തിൽ നിന്നെന്നപോലെ, |
| ക്രുദ്ധഃ, | കുപിതനായ | | |
| മഹാബലഃ | മഹാബലിഷ്ഠനായ | നിഷ്പപാത. | ഇറങ്ങിവന്നു. |

[അസ്തമനഗിരി എന്നു പറഞ്ഞതിൽനിന്ന് ബാലിയുടെ വീര്യം അസ്തമിക്കാറായി എന്നു ദ്യോതനം. "അസ്തതടം ഉദ്ദിശ്യ യഥാ നിഷ്പതതി തഥാ" (അസ്തമനപ്രദേശത്തെ ഉദ്ദേശിച്ച് ഏപ്രകാരം ഇറങ്ങുമോ അപ്രകാരം), എന്നും വിഗ്രഹിക്കാം. (സ.)]

തതഃ സുതുമുലം യുദ്ധം വാലിസുഗ്രീവയോരഭൂത്
ഗഗനേ ഗ്രഹയോർഘോരം ബുധാംഗാരകയോരിവ. 18

| | | | |
|---|---|---|---|
| ഗഗനേ, | ആകാശത്തിൽ, | ഘോരം | ഭയങ്കരമായ |
| ബുധാംഗാരകയോഃ | ബുധൻ അംഗാരകൻ എന്ന | സുതുമുലം യുദ്ധം, | കോലാഹലയുദ്ധം, |
| | | തതഃ | അപ്പോൾ |
| ഗ്രഹയോഃ | രണ്ടുഗ്രഹങ്ങൾതമ്മിൽ | വാലിസുഗ്രീവയോഃ | വാലിസുഗ്രീവന്മാർ തമ്മിൽ |
| ഇവ, | എന്നപോലെ, | അഭൂത്. | ഉണ്ടായി. |

["ജീവേന്ദൂഷ്ണകരാഃ കുജസ്യ സുഹൃദഃ ജ്ഞോഽരിഃ" എന്ന വാക്യപ്രകാരം ബുധൻ, കുജന്റെ നൈസർഗ്ഗികശത്രുവാകുന്നു.]

തലൈരശനികല്പൈശ്ച വജ്രകല്പൈശ്ച മുഷ്ടിഭിഃ
ജഘ്നതുഃ സമരേഽന്യോന്യം ഭ്രാതരൗ ക്രോധമൂർച്ഛിതൌ. 19

| | | | |
|---|---|---|---|
| ക്രോധമൂർച്ഛിതൌ | കോപംമുഴുത്ത | അശനികല്പൈഃ | ഇടിക്കുതുല്യമായ |
| ഭ്രാതരൗ, | ആ സഹോദരന്മാരിരുവരും, | തലൈഃ ച, | കയ്ത്തലങ്ങൾകൊണ്ടും, |
| സമരേ | പോരിൽ | വജ്രകല്പൈഃ | വജ്രതുല്യങ്ങളായ |
| അന്യോന്യം | ഒരുവനെയൊരുവൻ | മുഷ്ടിഭിഃ ച | മുഷ്ടികളാലും |
| | | ജഘ്നതുഃ. | പ്രഹരിച്ചു. |

തതോ ധനുഷി സന്ധായ സായകം വജ്രസന്നിഭം
വാലിസുഗ്രീവയോർഭ്രാത്രോർന്ന വ്യക്തമുപധാരയത്. 20

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ഭ്രാത്രോഃ | സഹോദരന്മാരായ |
| വജ്രസന്നിഭം | വജ്രസദൃശമായ | വാലിസുഗ്രീവയോഃ | ബാലിസുഗ്രീവന്മാരെക്കുറിച്ചു് |
| സായകം | ബാണത്തെ | വ്യക്തം | സ്പഷ്ടമായി |
| ധനുഷി | വില്ലിൽ | ഉപധാരയത് | തിരിച്ചറിയുവാൻ |
| സന്ധായ, | തൊടുത്തുകൊണ്ടു്, | ന. | കഴിയാതിരുന്നു. |

തതോ രാമോ ധനുഷ്പാണിസ്താവുഭൗ സമുദൈക്ഷത
അന്യോന്യസദൃശൗ വീരാവുഭൗ ദേവാവിവാശ്വിനൗ. 21

| | | | |
|---|---|---|---|
| തതഃ, | അപ്പോൾ, | അശ്വിനൗ ദേവൗ | അശ്വിനീദേവന്മാർ |
| ധനുഷ്പാണിഃ | ധനുഷ്പാണിയായ | ഉഭൗ | രണ്ടുപേരേയും |
| രാമഃ, | ശ്രീരാമൻ, | ഇവ, | എന്നപോലെ, |
| തൗ | ആ | അന്യോന്യസദൃശൗ | അന്യോന്യസദൃശന്മാരായിരിക്കുന്നതു് |
| വീരൗ | വീരന്മാർ | സമുദൈക്ഷത. | കണ്ടു. |
| ഉഭൗ | ഇരുവരെയും | | |

യന്നാവഗച്ഛത്സുഗ്രീവം വാലിനം വാഽപി രാഘവഃ
തതോ ന കൃതവാൻ ബുദ്ധിം മോക്തുമന്തകരം ശരം. 22

| | | | |
|---|---|---|---|
| രാഘവഃ | ശ്രീരാഘവൻ | തതഃ | അപ്പോൾ, |
| സുഗ്രീവം | സുഗ്രീവനെയാകട്ടെ | അന്തകരം | നിഗ്രഹിപ്പാനുള്ള |
| വാലിനം വാ അപി | ബാലിയെയാകട്ടെ | ശരം | ബാണത്തെ |
| അവഗച്ഛത് ന; | തിരിച്ചറികയുണ്ടായില്ല; | മോക്തും | പ്രയോഗിക്കുവാൻ |
| യത് | അതിനാൽ, | ബുദ്ധിം ന കൃതവാൻ. | മനസ്സുവന്നില്ല. |

ഏതസ്മിന്നന്തരേ ഭഗ്നഃ സുഗ്രീവസ്തേന വാലിനാ
അപശ്യൻ രാഘവം നാഥമൃശ്യമൂകം പ്രദുദ്രുവേ 23

| | | | |
|---|---|---|---|
| ഏതസ്മിൻ അന്തരേ | ഈ സന്ദർഭത്തിൽ | നാഥം | രക്ഷകനായ |
| സുഗ്രീവഃ | സുഗ്രീവൻ | രാഘവം | ശ്രീരാഘവനെ |
| തേന വാലിനാ | ആ ബാലിയാൽ | അപശ്യൻ, | കാണാത്തവനായി, |
| ഭഗ്നഃ, | തോല്പിക്കപ്പെട്ടവനായി, | ഋശ്യമൂകം | ഋശ്യമൂകത്തിലേക്കായി |
| | | പ്രദുദ്രുവേ. | ഓടി. |

ക്ലാന്തോ രുധിരസിക്താംഗഃ പ്രഹാരൈർജ്ജർജ്ജരീകൃതഃ
വാലിനാഽഭിദ്രുതഃ ക്രോധാത് പ്രവിവേശ മഹദ്വനം. 24

| | | | |
|---|---|---|---|
| ക്ലാന്തഃ | ഏററവും തളൎന്ന് | വാലിനാ | ബാലിയാൽ |
| രുധിര-സിക്താംഗഃ | ദേഹമെല്ലാം ചോരയൊലിക്കുന്നവനായി | അഭിദ്രുതഃ | തുരത്തപ്പെട്ടവനായ സുഗ്രീവൻ |
| പ്രഹാരൈഃ | പ്രഹരങ്ങളേററ് | മഹത് വനം | മഹത്തായ ആ മതംഗ വനത്തിൽ |
| ജർജ്ജരീകൃതഃ, | വ്രണപ്പെട്ടവനായി, | | |
| ക്രോധാത് | കോപാവേശത്തോടുകൂടി | പ്രവിവേശ. | പ്രവേശിച്ചു. |

തം പ്രവിഷ്ടം വനം ദൃഷ്ട്വാ വാലീ ശാപഭയാത്തതഃ
മുക്തോ ഹ്യസി ത്വമിത്യുക്ത്വാ സംനിവൃത്തോ മഹാബലഃ 25

| | | | |
|---|---|---|---|
| തതഃ | അവിടെ | ശാപഭയാത്, | ശാപത്തിലുള്ള ഭയം നിമിത്തം |
| മഹാബലഃ | മഹാബലവാനായ | | |
| വാലീ, | ബാലി, | "ത്വം | "നീ |
| തം | അവനെ | മുക്തഃ ഹി അസി," | ഇപ്പോൾ വിടപ്പെട്ടു," |
| വനം | ആ വനത്തിൽ | | |
| പ്രവിഷ്ടം | പ്രവേശിച്ചവനായി | ഇതി ഉക്ത്വാ, | എന്നുപറഞ്ഞുകൊണ്ടു, |
| ദൃഷ്ട്വാ, | കണ്ടു, | സംനിവൃത്തഃ. | മടങ്ങിപ്പോയി. |

രാഘവോഽപി സഹ ഭ്രാത്രാ സഹ ചൈവ ഹനൂമതാ
തദേവ വനമാഗച്ഛത്സുഗ്രീവോ യത്ര വാനരഃ. 26

| | | | |
|---|---|---|---|
| രാഘവഃ അപി | ശ്രീരാഘവനും | സുഗ്രീവഃ | സുഗ്രീവൻ |
| ഭ്രാത്രാ | അനുജനോട് | യത്ര | എവിടെയുണ്ടായിരുന്നുവോ |
| സഹ ച, | ഒരുമിച്ച്, | | |
| ഹനൂമതാ സഹ ഏവ | ഹനുമത്സമേതനായി | തത് | ആ |
| | | വനം ഏവ | വനത്തിലേക്കുതന്നെ |
| വാനരഃ | വാനരനായ | ആഗച്ഛത്. | വന്നു. |

തം സമീക്ഷ്യാഗതം രാമം സുഗ്രീവഃ സഹലക്ഷ്മണം
ഹ്രീമാൻ ദീനമുവാചേദം വസുധാമവലോകയൻ. 27

| | | | |
|---|---|---|---|
| സുഗ്രീവഃ | സുഗ്രീവൻ | ഹ്രീമാൻ | ലജ്ജിതനായി |
| സഹലക്ഷ്മണം | ലക്ഷ്മണസഹിതനായി | വസുധാം | നിലം |
| ആഗതം | തിരിച്ചെത്തിയ | അവലോകയൻ, | നോക്കിക്കൊണ്ട്, |
| തം | ആ | ഇദം | ഇങ്ങിനെ |
| രാമം | ശ്രീരാമനെ | ദീനം | ദയനീയമാംവണ്ണം |
| സമീക്ഷ്യ | കണ്ടിട്ട് | ഉവാച. | പരിഭവമായി പറഞ്ഞു. |

ആഹ്വയസ്വേതി മാമുക്ത്വാ ദർശയിത്വാ ച വിക്രമം
വൈരിണാ ഘാതയിത്വാ ച കിമിദാനീം ത്വയാ കൃതം. 28

| | | | |
|---|---|---|---|
| "വിക്രമം | "പരാക്രമത്തെ | ഉക്ത്വാ, | ആജ്ഞാപിച്ചതിൽ പിന്നെ, |
| ദർശയിത്വാ ച, | കാണിച്ചുതന്നശേഷം | വൈരിണാ | ശത്രുവിനെക്കൊണ്ട്, |
| മാം | എന്നോട് | ഘാതയിത്വാ ച | പ്രഹരിപ്പിച്ച്, |
| 'ആഹ്വയസ്വ' | 'പോരിനുവിളിക്കുക' | ത്വയാ | നിന്തിരുവടിയാൽ |
| | | ഇദാനീം കൃതം | ഈ ചെയ്യപ്പെട്ടത് |
| ഇതി | എന്ന് | കിം. | എന്തൊന്നാണ് ? |

താമേവ വേലാം വക്തവ്യം ത്വയാ രാഘവ തത്ത്വതഃ
വാലിനം തം ന ഹന്മീതി തതോ നാഹമിതോ വ്രജേ. 29

| | | | |
|---|---|---|---|
| "രാഘവ! | "ശ്രീരാഘവ! | തത്ത്വതഃ | വാസ്തവമായി |
| താം | ആ | ത്വയാ | നിന്തിരുവടി |
| വേലാം ഏവ | അവസരത്തിൽതന്നെ | വക്തവ്യം; | അരുളിച്ചെയ്യേണ്ടതായിരുന്നു; |
| 'തം | 'ആ | തതഃ | അപ്പോൾ |
| വാലിനം | ബാലിയെ | ഇതഃ | ഇവിടെനിന്ന് |
| ഹന്മി ന,' | ഞാൻ വധിക്കുകയില്ല' | അഹം | ഞാൻ |
| ഇതി | എന്ന് | ന വ്രജേ." | പോകയില്ലായിരുന്നു." |

തസ്യ ചൈവം ബ്രുവാണസ്യ സുഗ്രീവസ്യ മഹാത്മനഃ
കരുണം ദീനയാ വാചാ രാഘവഃ പുനരബ്രവീത്. 30

| | | | |
|---|---|---|---|
| തസ്യ | ആ | ബ്രുവാണസ്യ ച | ഉണർത്തിച്ചപ്പോൾ, |
| മഹാത്മനഃ | മഹാത്മാവായ | രാഘവഃ | ശ്രീരാമൻ |
| സുഗ്രീവസ്യ | സുഗ്രീവൻ | കരുണം | കനിവോടെ |
| ദീനയാ | പരിതാപകരമായ | പുനഃ | വീണ്ടും |
| വാചാ | വാക്കുകൊണ്ട് | അബ്രവീത്. | ഇപ്രകാരം മറുപടിയരുളി. |
| ഏവം | മേൽപ്രകാരം | | |

സുഗ്രീവ ശ്രൂയതാം താത ക്രോധശ്ച വ്യപനീയതാം
കാരണം യേന ബാണോऽയം ന മയാ സ വിസർജ്ജിതഃ 31

| | | | |
|---|---|---|---|
| "താത! | "ആര്യ! | ബാണഃ, | ബാണം |
| സുഗ്രീവ! | സുഗ്രീവ! | മയാ | എന്നാൽ |
| ക്രോധഃ ച | ക്രോധമെന്നതു് | യേന | എന്തുകൊണ്ടു് |
| വ്യപനീയതാം; | ഉപേക്ഷിക്കപ്പെടട്ടെ; | വിസർജിതഃ ന, | എയ്യപ്പെട്ടില്ലയോ, |
| സഃ | അപ്രകാരമുള്ള | കാരണം | ആ കാരണം |
| അയം | ഈ | ശ്രൂയതാം. | കേൾക്കപ്പെടട്ടെ. |

അലങ്കാരേണ വേഷേണ പ്രമാണേന ഗതേന ച
ത്വം ച സുഗ്രീവ വാലീ ച സദൃശൌ സ്ഥഃ പരസ്പരം 32

| | | | |
|---|---|---|---|
| "സുഗ്രീവ! | "സുഗ്രീവ! | പ്രമാണേന | ആകൃതികൊണ്ടും |
| ത്വം ച | നീയും | ഗതേന ച, | നടത്തം കൊണ്ടും |
| വാലീ ച | ബാലിയും | പരസ്പരം | അന്യോന്യം |
| അലങ്കാരേണ | അലങ്കാരം കൊണ്ടും | സദൃശൌ സ്ഥഃ. | തുല്യന്മാരായി ഇരിക്കുന്നുണ്ടു്. |
| വേഷേണ | ഉടുപ്പുകൊണ്ടും | | |

സ്വരേണ വർചസാ ചൈവ പ്രേക്ഷിതേന ച വാനര
വിക്രമേണ ച വാക്യൈശ്ച വ്യക്തിം വാം നോപലക്ഷയേ. 33

| | | | |
|---|---|---|---|
| "വാനര! | "വാനരശ്രേഷ്ഠ! | വാക്യൈഃ ച | വാക്കുകൾകൊണ്ടും |
| സ്വരേണ | ശബ്ദംകൊണ്ടും | വാം | നിങ്ങൾ രണ്ടുപേക്കും |
| വർചസാ ഏവ | കാന്തികൊണ്ടും | വ്യക്തിം ച | ഒരു ഭേദത്തെയും |
| പ്രേക്ഷിതേന ച | രൂപംകൊണ്ടും | ന ഉപലക്ഷയേ. | ഞാൻ കാണുന്നില്ല. |
| വിക്രമേണ ച | പരാക്രമംകൊണ്ടും | | |

തതോऽഹം രൂപസാദൃശ്യാന്മോഹിതോ വാനരോത്തമ. 34

| | | | |
|---|---|---|---|
| "വാനരോത്തമ! | "ഹരീശ്വര! | രൂപസാദൃശ്യാത് | രൂപസാമ്യതകൊണ്ടു് |
| അഹം | ഞാൻ | മോഹിതഃ. | പരിഭ്രമിച്ചുപോയി. |
| തതഃ | അപ്പോൾ | | |

നോത്സൃജാമി മഹാവേഗം ശരം ശത്രുനിബർഹണം
ജീവിതാന്തകരം ഘോരം സാദൃശ്യാത്തു വിശങ്കിതഃ
മൂലഘാതോ ന നൌ സ്യാദ്ധി ദ്വയോരപി കൃതോ മയാ. 35

| | | | |
|---|---|---|---|
| "നൌ | "നമ്മൾ | ഘോരം | ഭയങ്കരവും |
| ദ്വയോഃ അപി | രണ്ടുപേരുടേയും | മഹാവേഗം | മഹാശക്തിയുള്ളതും |
| മൂലഘാതഃ | മൂലനാശം | ശത്രു-നിബർഹണം | ശത്രുധ്വംസകവും |
| മയാ | എന്നാൽ | | |
| കൃതഃ | ചെയ്യപ്പെട്ടു എന്നു് | ജീവിതാന്തകരം | പ്രാണനാശകവുമായ |
| ന സ്യാത് ഹി, | വരരുതെന്നുവെച്ചാ | ശരം | ബാണത്തെ |
| സാദൃശ്യാത് | സാമ്യതയാൽ [ണ്ടു് | | |
| വിശങ്കിതഃ തു, | വാസ്തവമറിയാതിരുന്നവനായ ഞാൻ, | ഉത്സൃജാമി ന. | പ്രയോഗിക്കാതിരുന്നതു്. |

ത്വയി വീരേ വിപന്നേ ഹി അജ്ഞാനാല്ലാഘവാന്മയാ
മൌഢ്യം ച മമ ബാല്യം ച ഖ്യാപിതം സ്യാത് കപീശ്വര. 36

| | | | |
|---|---|---|---|
| "കപീശ്വര! | "വാനരേശ്വര! | വിപന്നേ ഹി, | ആപത്തിൽ ചാടിക്ക പ്പെട്ടുവെന്നുവരികിൽ |
| വീരേ | വീരനായ | | |
| ത്വയി | ഭവാൻ | മമ മൌഢ്യം | എന്റെ മൂഢതയും |
| മയാ | എന്നാൽ | ബാല്യം ച | ബുദ്ധിയില്ലായ്മയും |
| അജ്ഞാനാത് | അറിവില്ലാതെ | ഖ്യാപിതം | എങ്ങും പരക്കുന്നതാ |
| ലാഘവാത് | ബദ്ധപ്പെട്ടു് | സ്യാത് ച. | ണല്ലൊ. |

ദത്താഭയവധോ നാമ പാതകം മഹദച്യുതേ. 37

| | | | |
|---|---|---|---|
| "ദത്താഭയ-വധഃ നാമ | "അഭയം നൽകപ്പെട്ട ഒരുവനെ വധിക്കുക | പാതകം | പാതകമാണെന്നു് |
| മഹത് | ഘോരമായ [എന്നതു് | ഉച്യതേ. | ശാസ്ത്രങ്ങളിൽ പറയ പ്പെടുന്നു. |

അഹം ച ലക്ഷ്മണശ്ചൈവ സീതാ ച വരവൎണ്ണിനീ
ത്വദധീനാ വയം സൎവ്വേ വനേഽസ്മിൻ ശരണം ഭവാൻ. 38

| | | | |
|---|---|---|---|
| "അഹം ച | "ഞാനും | സൎവ്വേ, | എല്ലാവരും, |
| ലക്ഷ്മണഃ ച ഏവ | സൌമിത്രിയും | ത്വദധീനാഃ; | ഭവാന്റെ അധീനത്തി ലുള്ളവരാകുന്നു; |
| | | അസ്മിൻ | ഈ |
| വരവൎണ്ണിനീ | വനിതാരത്നമായ | വനേ | അരണ്യത്തിൽ |
| സീതാ ച, | സീതയും, | ഭവാൻ | ഭവാനാണു് |
| വയം | ഞങ്ങൾ | ശരണം. | ഉററബന്ധു. |

തസ്മാദ്യുദ്ധ്യസ്വ ഭൂയസ്ത്വം മാ ശങ്കാം ഗന്തുമൎഹസി
ഏതന്മുഹൂൎത്തേ സുഗ്രീവ പശ്യ വാലിനമാഹവേ
നിരസ്തമിഷുണൈകേന വേഷ്ടമാനം മഹീതലേ. 39

| | | | |
|---|---|---|---|
| "തസ്മാത്, | "ആകയാൽ, | ആഹവേ | പോരിൽ |
| ത്വം | ഭവാൻ | വാലിനം | ബാലിയെ |
| ഭൂയഃ | വീണ്ടും | ഏകേന ഇഷുണാ | ഒരു ബാണത്താൽ |
| യുദ്ധ്യസ്വ; | യുദ്ധംചെയ്യുക; | നിരസ്തം | വീഴ്ത്തപ്പെട്ടു് |
| ശങ്കാം ഗന്തും മാ അൎഹസി; | സംശയിക്കകതന്നെ വേണ്ട; | മഹീതലേ | ഭൂമിയിൽ |
| | | വേഷ്ടമാനം | കിടന്നു പിടയുന്നവനാ യി |
| സുഗ്രീവ! | സുഗ്രീവ! | | |
| ഏതന്മുഹൂൎത്തേ | ഇക്ഷണംതന്നെ | പശ്യ. | കണ്ടുകൊൾക. |

അഭിജ്ഞാനം കുരുഷ്വ ത്വമാത്മനോ വാനരോത്തമ
യേന ത്വാമഭിജാനീയാം ദ്വന്ദ്വയുദ്ധമുപാഗതം. 40

| | | | |
|---|---|---|---|
| "വാനരോത്തമ! | "വാനരശ്രേഷ്ഠ! | അഭിജാനീയാം | ഞാൻ തിരിച്ചറിയുമോ ആ വിധത്തിലുള്ള |
| ദ്വന്ദ്വയുദ്ധം | ദ്വന്ദ്വയുദ്ധത്തെ | | |
| ഉപാഗതം | കയ്യേറ്റവനായ | അഭിജ്ഞാനം, | അടയാളത്തെ, |
| ത്വാം, | ഭവാനെ, | ത്വം ആത്മനഃ | ഭവാൻ ദേഹത്തിൽ |
| യേന | യാതൊന്നുകൊണ്ടു് | കുരുഷ്വ. | ധരിച്ചുകൊണ്ടാലും. |

ഗജപുഷ്പീമിമാം ഫുല്ലാമുത്പാട്യ ശുഭലക്ഷണാം
കുരു ലക്ഷ്മണ കണ്ഠേഽസ്യ സുഗ്രീവസ്യ മഹാത്മനഃ. 41

| | | | |
|---|---|---|---|
| " ലക്ഷ്മണ! | " ലക്ഷ്മണ! | ഉത്പാട്യ, | വലിച്ചെടുത്തു്, |
| ശുഭലക്ഷണാം | നല്ല അഴകാന്ന് | അസ്യ | ഈ |
| ഫുല്ലാം | പുഷ്പിച്ചുനില്ക്കുന്ന | മഹാത്മനഃ | മഹാത്മാവായ |
| ഇമാം | ഈ | സുഗ്രീവസ്യ | സുഗ്രീവന്റെ |
| ഗജപുഷ്പീം | ഗജപുഷ്പിയെന്ന (കുരുക്കുത്തിമുല്ല) വള്ളിയെ | കണ്ഠേ | കഴുത്തിൽ |
| | | കുരു." | ചാത്തുക." |

[" ശുഭലക്ഷണാം " (ശുഭപ്രദമായ) എന്നും.]

തതോ ഗിരിതടേ ജാതാമുത്പാട്യ കുസുമാകുലാം
ലക്ഷ്മണോ ഗജപുഷ്പീം താം തസ്യ കണ്ഠേ ന്യസർജ്ജയത്. 42

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | താം | ആ |
| ലക്ഷ്മണഃ | ലക്ഷ്മണൻ | ഗജപുഷ്പീം | കുന്ദലതയെ |
| ഗിരിതടേ | പർവ്വതപാർശ്വത്തിൽ | ഉത്പാട്യ, | പറിച്ചെടുത്തു്, |
| ജാതാം | മുളച്ചിരുന്ന | തസ്യ | ആ സുഗ്രീവന്റെ |
| കുസുമാകുലാം | പുഷ്പങ്ങൾ നിറഞ്ഞിരുന്നതായ | കണ്ഠേ | കഴുത്തിൽ |
| | | ന്യസർജ്ജയത്. | അണിയിച്ചു. |

സ തയാ ശുശുഭേ ശ്രീമാംല്ലതയാ കണ്ഠസക്തയാ 43

| | | | |
|---|---|---|---|
| ശ്രീമാൻ | ശ്രീമാനായ | തയാ | ആ |
| സഃ | അവൻ | ലതയാ | വള്ളികൊണ്ടു് |
| കണ്ഠസക്തയാ | കഴുത്തിലിടപ്പെട്ടതായ | ശുശുഭേ. | നന്നായി പരിലസിച്ചു. |

മാലയേവ ബലാകാനാം സസന്ധ്യ ഇവ തോയദഃ
വിഭ്രാജമാനോ വപുഷാ രാമവാക്യസമാഹിതഃ
ജഗാമ സഹ രാമേണ കിഷ്കിന്ധാം വാലിപാലിതാം. 44

| | | | |
|---|---|---|---|
| ബലാകാനാം | കൊക്കുകളുടെ | രാമവാക്യ-സമാഹിതഃ, | ശ്രീരാമവാക്യങ്ങളാൽ സമാശ്വസിപ്പിക്കപ്പെട്ടവനായി, |
| മാലയാ | നിരയാൽ | | |
| സസന്ധ്യഃ | സന്ധ്യാകാലത്തോടു കൂടിയ | രാമേണ സഹ, | ശ്രീരാമനോടുംകൂടി, |
| തോയദഃ ഇവ, | മേഘമെന്നപോലെ | വാലിപാലിതാം | ബാലിയാൽ പരിപാലിക്കപ്പെട്ടതായ |
| വപുഷാ ഇവ | അഴകാന്നു് ഏററം | | |
| വിഭ്രാജമാനഃ, | പരിശോഭിക്കുന്നവനായ സുഗ്രീവൻ, | കിഷ്കിന്ധാം | കിഷ്കിന്ധയിലേക്കു് |
| | | ജഗാമ. | പുറപ്പെട്ടു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ദ്വാദശഃ സർഗ്ഗഃ = പന്ത്രണ്ടാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 9839; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 587.

# ത്രയോദശഃ സർഗ്ഗഃ = പതിമൂന്നാംസർഗ്ഗം.

[സപ്തജനാശ്രമദർശനം = സപ്തജനരെന്ന മഹർഷികളുടെ ആശ്രമത്തെ സന്ദർശിക്കുന്നത്].

ഋശ്യമൂകാത്സ ധർമ്മാത്മാ കിഷ്കിന്ധാം ലക്ഷ്മണാഗ്രജഃ
ജഗാമ സഹസുഗ്രീവോ വാലിവിക്രമപാലിതാം. 1
സമുദ്യമ്യ മഹച്ചാപം രാമഃ കാഞ്ചനഭൂഷിതം
ശരാംശ്ചാദിത്യസംകാശാൻ ഗൃഹീത്വാ രണസാധകാൻ. 2

| | |
|---|---|
| സഃ ധർമ്മാത്മാ | ആ ധർമ്മാത്മാവും |
| ലക്ഷ്മണാഗ്രജഃ | ലക്ഷ്മണജ്യേഷ്ഠനമായ |
| രാമഃ, | ശ്രീരാമൻ, |
| കാഞ്ചനഭൂഷിതം | സ്വർണ്ണഭൂഷിതമായ |
| മഹത് ചാപം | മഹത്തായ ചാപത്തെ |
| സമുദ്യമ്യ, | കുലച്ചുകൊണ്ട്, |
| ആദിത്യ-സങ്കാശാൻ | സൂര്യനു തുല്യമായവയും |
| രണ-സാധകാൻ ച | യുദ്ധത്തിൽ ജയം നേടുന്നവയുമായ |
| ശരാൻ | ബാണങ്ങളേയും |
| ഗൃഹീത്വാ, | എടുത്തുകൊണ്ട്, |
| വാലിവിക്രമ-പാലിതാം | ബാലിയുടെ പരാക്രമത്താൽ പരിപാലിക്കപ്പെട്ടതായ |
| കിഷ്കിന്ധാം | കിഷ്കിന്ധാപുരിയിലേക്കായി |
| ഋശ്യമൂകാത് | ഋശ്യമൂകത്തിൽ നിന്ന് |
| സഹസുഗ്രീവഃ | സുഗ്രീവനോടുംകൂടി |
| ജഗാമ. | നടകൊണ്ടു. |

അഗ്രതസ്തു യയൌ തസ്യ രാഘവസ്യ മഹാത്മനഃ
സുഗ്രീവഃ സംഹതഗ്രീവോ ലക്ഷ്മണശ്ച മഹാബലഃ. 3

| | |
|---|---|
| തസ്യ | ആ |
| മഹാത്മനഃ | മഹാത്മാവായ |
| രാഘവസ്യ | ശ്രീരാഘവന്റെ |
| അഗ്രതഃ, | മുമ്പിലായി, |
| സുഗ്രീവഃ | സുഗ്രീവൻ |
| സംഹതഗ്രീവഃ | കഴുത്തുയർത്തിപ്പിടിച്ചുകൊണ്ട് |
| യയൌ ; | ചെന്നു ; |
| മഹാബലഃ | മഹാബലശാലിയായ |
| ലക്ഷ്മണഃ തു | ലക്ഷ്മണനും |
| ച. | അപ്രകാരംതന്നെ ചെന്നു. |

പൃഷ്ഠതോ ഹനുമാൻ വീരോ നളോ നീലശ്ച വാനരഃ
താരശ്ചൈവ മഹാതേജാ ഹരിയൂഥപയൂഥപഃ. 4

| | |
|---|---|
| വീരഃ | വീരനായ |
| ഹനുമാൻ, | ഹനുമാനും |
| നളഃ, | നളനും, |
| നീലഃ | നീലനെന്ന |
| വാനരഃ ച, | വാനരനും, |
| മഹാതേജാ | അതിബലവാനും |
| ഹരിയൂഥപ-യൂഥപഃ | വാനരസേനാധിപനമായ |
| താരഃ ച, | താരനും |
| പൃഷ്ഠതഃ ഏവ | പിന്നിലായിതന്നെ നടന്നു. |

തേ വീക്ഷമാണാ വൃക്ഷാംശ്ച പുഷ്പഭാരാവലംബിനഃ
പ്രസന്നാംബുവഹാംശ്ചൈവ സരിതഃ സാഗരംഗമാഃ 5
കന്ദരാണി ച ശൈലാംശ്ച നിർഝരാണി ഗുഹാസ്തഥാ
ശിഖരാണി ച മുഖ്യാനി ദരീശ്ച പ്രിയദർശനാഃ. 6
വൈഡൂര്യ്യവിമലൈസ്തോയൈഃ പദ്മൈശ്ചാശോകകുഡ്മളൈഃ
ശോഭിതാൻ സജലാൻ മാർഗ്ഗേ തടാകാംശ്ച വ്യലോകയൻ. 7
കാരണ്ഡവൈഃ സാരസൈശ്ച ഹംസൈർവഞ്ജുളകൈർജ്ജലകുക്കുടൈഃ
ചക്രവാകൈസ്തഥാ ചാന്യൈഃ ശകുനൈഃ പ്രതിനാദിതാൻ. 8

| | |
|---|---|
| തേ | അവർ |
| വീക്ഷമാണാഃ, | ചുററും നോക്കുന്നവരായി, |
| പുഷ്പഭാരാവലംബിനഃ | പുഷ്പഭാരത്താൽ ചാഞ്ഞുനില്ക്കുന്ന |
| വൃക്ഷാൻ ച, | വൃക്ഷങ്ങളേയും, |
| പ്രസന്നാംബുവഹാഃ | സ്വച്ഛജലമൊഴുകുന്നവയും |
| സാഗരംഗമാഃ ച | സമുദ്രത്തിലേക്കു ചെല്ലുന്നവയുമായ |
| സരിതഃ ഏവ, | നദികളേയും, |
| കന്ദരാണി ച | താഴ്വരകളേയും, |
| ശൈലാഃ ച | പർവ്വതങ്ങളേയും, |
| നിർഝരാണി ച | മലയരുവികളേയും, |
| ഗുഹാഃ തഥാ | ഗുഹകളേയും, |
| മുഖ്യാനി | ശ്രേഷ്ഠങ്ങളായ |
| ശിഖരാണി ച | ശിഖരങ്ങളേയും, |
| പ്രിയദർശനാഃ | കമനീയങ്ങളായ |
| ദരീഃ ച, | പിളൎപ്പുകളേയും, |
| വൈഡൂര്യ്യവിമലൈഃ | വൈഡൂര്യ്യംപോലെ തെളിവാൎന്ന |

| | |
|---|---|
| തോയൈഃ | ജലങ്ങളാലും |
| പദ്മൈഃ, | താമരകളാലും, |
| അശോകകുഡ്മളൈഃ | അശോകത്തിന്റെ വിടരുന്ന മൊട്ടുകളാലും, |
| ശോഭിതാൻ | പരിലസിക്കുന്നവയും |
| സജലാൻ | വെള്ളംനിറഞ്ഞ് |
| കാരണ്ഡവൈഃ | നീർക്കോഴികളാലും |
| സാരസൈഃ | വാത്തുകളാലും |
| ഹംസൈഃ | അരയന്നങ്ങളാലും, |
| വഞ്ജുളൈഃ | വഞ്ജുളപക്ഷികളാലും |
| ജലകുക്കുടൈഃ | നീർക്കോഴികളാലും, |
| ചക്രവാകൈഃ തഥാ | ചക്രവാകങ്ങളാലും, |
| അന്യൈഃ | മററുള്ള പല |
| ശകുനൈഃ ച | പക്ഷികളാലും |
| പ്രതിനാദിതാൻ | ശബ്ദിക്കപ്പെട്ടവയുമായ |
| തടാകാൻ ച, | തടാകങ്ങളേയും, |
| മാർഗ്ഗേ | വഴിയിൽ |
| വ്യലോകയൻ. | വീക്ഷിച്ചു. |

മൃദുശഷ്പാങ്കുരാഹാരാൻ മൃഗപോതാംശ്ച നിർഭയാൻ
ചരതഃ സർവ്വതോऽപശ്യൻ സ്ഥലീഷു ഹരിണാൻ സ്ഥിതാൻ. 9

| | |
|---|---|
| നിർഭയാൻ | ഭയമില്ലാതെ |
| മൃദുശഷ്പാങ്കുരാഹാരാൻ | മൃദുവായ ഇളംപുല്ലു തിന്നുന്ന |
| മൃഗപോതാൻ, | മാൻകുട്ടികളെയും, |
| സ്ഥലീഷു | പലസ്ഥലങ്ങളിലും |

| | |
|---|---|
| സ്ഥിതാൻ, | നിന്നുകൊണ്ടിരുന്നവയും, |
| സർവ്വതഃ | എങ്ങും |
| ചരതഃ ച | നടന്നുകൊണ്ടിരുന്നവയും ആയ |
| ഹരിണാൻ, | മാനുകളേയും, |
| അപശ്യൻ. | കണ്ടു. |

തടാകവൈരിണശ്ചാപി ശുക്ലദന്തവിഭൂഷിതാൻ
ഘോരാനേകചരാൻ വന്യാൻ ദ്വിരദാൻ കൂലഘാതിനഃ. 10
മത്താൻ ഗിരിതടോത്കൃഷ്ടാൻ പൎവ്വതാനിവ ജംഗമാൻ
വാരണാൻ വാരിദപ്രഖ്യാൻ മഹീരേണുസമുക്ഷിതാൻ 11
വനേ വനചരാംശ്ചാന്യാൻ ഖേചരാംശ്ച വിഹംഗമാൻ
പശ്യന്തസ്ത്വരിതാ ജഗ്മുഃ സുഗ്രീവവശവൎത്തിനഃ. 12

| | |
|---|---|
| സുഗ്രീവവശവൎത്തിനഃ, | സുഗ്രീവന്നു സഹായമായിച്ചെന്നിരുന്ന അവർ |
| തടാകവൈരിണഃ | തടാകങ്ങളെ കലക്കിമറിക്കുന്നവയും |
| ശുക്ലദന്തവിഭൂഷിതാൻ | വെളുത്തകൊമ്പുകളാൽ അഴകാൎന്നുവിളങ്ങുന്നവയും |
| ഘോരാൻ | ഭയങ്കരമായവയും |
| ഏകചരാൻ | ഒററയായി സഞ്ചരിക്കുന്നവയും, |
| കൂലഘാതിനഃ | കരയെ ഇടിച്ചുതകൎക്കുന്നവയും, |
| മത്താൻ | മദിച്ചവയും |
| ഗിരിതടോത്കൃഷ്ടാൻ | ഗിരിതടങ്ങളെ മേന്മപ്പെടുത്തുന്നവയും |
| ജംഗമാൻ | നടക്കുന്ന |
| പൎവ്വതാൻ ഇവ, | ശൈലങ്ങളെപ്പോലെയിരിക്കുന്നവയും, |
| വാരിദപ്രഖ്യാൻ, | മേഘതുല്യങ്ങളും |
| മഹീരേണുസമുക്ഷിതാൻ | നിലത്തുള്ള പൂഴിയണിഞ്ഞവയും |
| ദ്വിരദാൻ അപി | ഇരുകൊമ്പുകളുള്ളവയുമായ |
| വന്യാൻ വാരണാൻ ച | കാട്ടാനകളേയും |
| വനേ | കാട്ടിൽ |
| അന്യാൻ | മററുള്ള |
| വനചരാൻ ച | വന്യമൃഗങ്ങളെയും |
| ഖേചരാൻ | ആകാശത്തിൽ പറക്കുന്ന |
| വിഹംഗമാൻ ച | പക്ഷികളെയും |
| പശ്യന്തഃ | നോക്കിക്കൊണ്ടു |
| ത്വരിതാഃ | വേഗത്തിൽ |
| ജഗ്മുഃ. | നടന്നുചെന്നു. |

തേഷാം തു ഗച്ഛതാം തത്ര ത്വരിതം രഘുനന്ദനഃ
ദ്രുമഷണ്ഡം വനം ദൃഷ്ട്വാ രാമഃ സുഗ്രീവമബ്രവീത് 13

| | |
|---|---|
| തത്ര | അപ്പോൾ |
| തേഷാം | അവർ |
| ത്വരിതം | വേഗത്തിൽ |
| ഗച്ഛതാം തു, | പൊയ്ക്കൊണ്ടിരിക്കെ, |
| രഘുനന്ദനഃ | രഘുകുലതിലകനായ |
| രാമഃ, | ശ്രീരാമൻ, |
| ദ്രുമഷണ്ഡം | മരങ്ങൾ തിങ്ങിവളൎന്നിരുന്ന |
| വനം | ഒരു വനത്തെ |
| ദൃഷ്ട്വാ, | കണ്ടു, |
| സുഗ്രീവം | സുഗ്രീവനോടായി |
| അബ്രവീത്. | ചോദിച്ചു. |

ഏഷ മേഘ ഇവാകാശേ വൃക്ഷഷണ്ഡഃ പ്രകാശതേ
മേഘസംഘാതവിപുലഃ പൎയ്യന്തകദളീവൃതഃ 14

| | |
|---|---|
| "ഏഷഃ | "ഈ |
| വൃക്ഷഷണ്ഡഃ, | മരക്കൂട്ടം |
| മേഘസംഘാതവിപുലഃ | മുകിൽനിരപോലെ വിശാലമായി |
| പൎയ്യന്തകദളീവൃതഃ | നാലുപുറവും വാഴകളാൽ ചൂഴപ്പെട്ടതായി |
| ആകാശേ | ആകാശത്തിൽ |
| മേഘഃ ഇവ | മേഘമെന്നപോലെ |
| പ്രകാശതേ. | ശോഭിക്കുന്നു. |

കിമേതത് ജ്ഞാതുമിച്ഛാമി സഖേ കൌതൂഹലം മഹത്
കൌതൂഹലാപനയനം കർത്തുമിച്ഛാമ്യഹം ത്വയാ. 15

| | | | |
|---|---|---|---|
| "സഖേ! | "സ്നേഹിതാ! | ത്വയാ | ഭവാൻ മൂലമായി |
| ഏതത് കിം | ഇതെന്താണെന്ന് | അഹം | ഞാൻ |
| ജ്ഞാതും ഇച്ഛാമി; | അറിഞ്ഞാൽ കൊള്ളാം; | കൌതൂഹലാപനയനം കർത്തും | ആ കൌതുകത്തെ നീക്കുവാൻ |
| കൌതൂഹലം | കൌതുകം | ഇച്ഛാമി" | ആശിക്കുന്നു." |
| മഹത്; | വളരെയുണ്ട്; | | |

തസ്യ തദ്വചനം ശ്രുത്വാ രാഘവസ്യ മഹാത്മനഃ
ഗച്ഛന്നേവാചചക്ഷേഽഥ സുഗ്രീവസ്തന്മഹദ്വനം. 16

| | | | |
|---|---|---|---|
| സുഗ്രീവഃ | സുഗ്രീവൻ | തത് | ആ |
| തസ്യ മഹാത്മനഃ | ആ മഹാത്മാവായ | മഹത് വനം, | മഹാവനത്തെപ്പററി, |
| രാഘവസ്യ | ശ്രീരാഘവന്റെ | ഗച്ഛൻ ഏവ, | നടന്നുകൊണ്ടു തന്നെ, |
| തത് വചനം | ആ ചോദ്യത്തെ | അഥ | ഇപ്രകാരം |
| ശ്രുത്വാ, | കേട്ട്, | ആചചക്ഷേ. | അറിയിച്ചു. |

ഏതദ്രാഘവ വിസ്തീർണ്ണമാശ്രമം ശ്രമനാശനം
ഉദ്യാനവനസമ്പന്നം സ്വാദുമൂലഫലോദകം. 17

| | | | |
|---|---|---|---|
| രാഘവ! | "ശ്രീരാമ! | ഉദ്യാനവനസമ്പന്നം | പൂന്തോട്ടങ്ങൾ നിറഞ്ഞതും |
| ഏതത് | ഈ | സ്വാദുമൂലഫലോദകം. | സ്വാദുള്ള കിഴങ്ങുകളും ഫലങ്ങളും തീർത്ഥങ്ങളുമുള്ളതും ആകുന്നു. |
| ആശ്രമം | ആശ്രമം; | | |
| വിസ്തീർണ്ണം | വിശാലമായതും | | |
| ശ്രമനാശനം | വിശ്രമം നൽകുന്നതും | | |

അത്ര സപ്തജനാ നാമ മുനയഃ സംശിതവ്രതാഃ
സപ്തൈവാസന്നധഃശീർഷാ നിയതാ ജലശായിനഃ. 18

| | | | |
|---|---|---|---|
| "സപ്തജനാഃ | "സപ്തജനങ്ങൾ എന്ന | സംശിതവ്രതാഃ | കഠിനതപസ്സുചെയ്തുകൊണ്ട് |
| സപ്ത മുനയഃ, | ഏഴുമുനിമാർ, | നിയതാഃ | ജിതേന്ദ്രിയന്മാരായി |
| അധഃശീർഷാഃ | തലകീഴായി | അത്ര | ഇവിടെ |
| ജലശായിനഃ ഏവ | ജലത്തിൽതന്നെ വസിക്കുന്നവരായി | ആസൻ. | വർത്തിച്ചിരുന്നു. |

സപ്തരാത്രകൃതാഹാരാ വായുനാ വനവാസിനഃ
ദിവം വർഷശതൈര്യാതാഃ സപ്തഭിഃ സകളേബരാഃ. 19

| | | | |
|---|---|---|---|
| "വനവാസിനഃ | "ജലത്തിൽ പാർക്കുന്നവരായ ഇവർ | സപ്തഭിഃ വർഷശതൈഃ | എഴുനൂറുവർഷങ്ങൾക്കശേഷം |
| വായുനാ | വായുകൊണ്ട് | സകളേബരാഃ | ശരീരങ്ങളോടുകൂടി തന്നെ |
| സപ്തരാത്രകൃതാഹാരാഃ, | ഏഴുദിവസത്തിലൊരിക്കൽ ആഹാരം കഴിക്കുന്നവരായി, | ദിവം യാതാഃ. | സ്വർഗ്ഗപ്രാപ്തരായി. |

തേഷാമേവംപ്രഭാവാനാം ദ്രുമപ്രാകാരസംവൃതം
ആശ്രമം സുദുരാധൎഷമപി സേന്ദ്രൈഃ സുരാസുരൈഃ. 20

| | | | |
|---|---|---|---|
| "ഏവം-പ്രഭാവാനാം | "ഇപ്രകാരമുള്ള മഹിമയോടുകൂടിയ | സേന്ദ്രൈഃ | ഇന്ദ്രനടക്കമുള്ള |
| തേഷാം | അവരുടെ | സുരാസുരൈഃ അപി | ദേവന്മാരാലും അസുരന്മാരാലുംകൂടി |
| ആശ്രമം, | ഈ ആശ്രമം, | സുദുരാധൎഷം. | പ്രവേശിക്കപ്പെട്ടുവാൻ കഴിവില്ലാത്തതാകുന്നു. |
| ദ്രുമപ്രാകാര-സംവൃതം | വൃക്ഷങ്ങളാകുന്ന മതിലുകളാൽ ചൂഴപ്പെട്ടതായി | | |

പക്ഷിണോ വൎജ്ജയന്ത്യേതത് തഥാന്യേ വനചാരിണഃ
വിശന്തി മോഹാദ്യേ തത്ര നിവൎത്തന്തേ ന തേ പുനഃ. 21

| | | | |
|---|---|---|---|
| "പക്ഷിണഃ | "പക്ഷികളും | മോഹാത് | അറിവില്ലാതെ |
| തഥാ | അതുപോലെതന്നെ | യേ | യാതൊരുവർ |
| അന്യേ | മററുള്ള | വിശന്തി, | പ്രവേശിക്കുന്നുവോ, |
| വനചാരിണഃ | വന്യമൃഗങ്ങളും | തേ | അവർ |
| ഏതത് | ഇതിനെ | പുനഃ | വീണ്ടും |
| വൎജ്ജയന്തി | വിട്ടകന്നുപോകുന്നു; | നിവൎത്തന്തേ ന. | ജീവനോടെ മടങ്ങുന്നില്ല. |
| തത്ര | ഇതിൽ | | |

വിഭൂഷണരവാസ്തത്ര ശ്രൂയന്തേ സകലാക്ഷരാഃ
തൂൎയ്യഗീതസ്വനാശ്ചാത്ര ഗന്ധോ ദിവ്യശ്ച രാഘവ. 22

| | | | |
|---|---|---|---|
| "തത്ര | "ഇവിടെ | ശ്രൂയന്തേ; | കേൾക്കപ്പെടുന്നു; |
| വിഭൂഷണരവാഃ | ആഭരണങ്ങളുടെ ഒലികളും | രാഘവ! | ശ്രീരാമ! |
| സകലാക്ഷരാഃ | മധുരാക്ഷരങ്ങളോടുകൂടിയ | അത്ര | ഇവിടെ |
| തൂൎയ്യഗീത-സ്വനാഃ | വാദ്യം, ഗീതം ഇവയുടെ ധ്വനിയും | ദിവ്യഃ | ദിവ്യമായ |
| | | ഗന്ധഃ | സുഗന്ധവും |
| | | ച. | അതുപോലെതന്നെ വീശുന്നു. |

ത്രേതാഗ്നയോഽപി ദീപ്യന്തേ ധൂമോ ഹ്യത്ര പ്രകാശതേ
വേഷ്ടയന്നിവ വൃക്ഷാഗ്രാൻ കപോതാംഗാരുണോ ഘനഃ. 23

| | | | |
|---|---|---|---|
| "ത്രേതാഗ്നയഃ അപി | "ത്രേതാഗ്നികളും | ധൂമഃ, | പുക, |
| ദീപ്യന്തേ; | ജ്വലിച്ചുകൊണ്ടിരിക്കുന്നു; | ഘനഃ | മേഘം |
| ഹി | അതിനാൽ | ഇവ | എന്നതുപോലെ |
| അത്ര | ഇവിടെ | വൃക്ഷാഗ്രാൻ | തരുശിഖരങ്ങളെ |
| കപോതാം-ഗാരുണഃ | മാടപ്രാവിന്റെ ദേഹം പോലെ തവിട്ടുനിറമാൎന്നതായ | വേഷ്ടയൻ | ചുററി പടൎന്നുകൊണ്ട് |
| | | പ്രകാശതേ. | വിലസുന്നു. |

ഏതേ വൃക്ഷാഃ പ്രകാശന്തേ ധൂമസംസക്തമസ്തകാഃ
മേഘജാലപ്രതിച്ഛന്നാ വൈഡൂര്യഗിരയോ യഥാ. 24

| | | | |
|---|---|---|---|
| ഏതേ | ഈ | മേഘജാല-പ്രതിച്ഛന്നാഃ | മുകിൽനിരയാൽ മറയ്ക്കപ്പെട്ടവയായി |
| വൃക്ഷാഃ | വൃക്ഷങ്ങൾ | വൈഡൂര്യ-ഗിരയഃ യഥാ | വൈഡൂര്യമലകൾ എന്നപോലെ |
| ധൂമസംസക്ത-മസ്തകാഃ | പുകയോടിണങ്ങിയ അഗ്രഭാഗങ്ങളോടു കൂടിയവയായി | പ്രകാശന്തേ. | പരിശോഭിക്കുന്നു. |

കുരു പ്രണാമം ധർമ്മാത്മംസ്താൻ സമുദ്ദിശ്യ രാഘവ
ലക്ഷ്മണേന സഹ ഭ്രാത്രാ പ്രയതഃ സംയതാഞ്ജലിഃ. 25

| | | | |
|---|---|---|---|
| "ധർമ്മാത്മൻ! | "ധർമ്മാത്മാവേ! | താൻ | അവരെ |
| രാഘവ! | ശ്രീരാഘവ! | സമുദ്ദിശ്യ, | ഉദ്ദേശിച്ച്, |
| ഭ്രാത്രാ | അനുജനായ | പ്രയതഃ | ഭക്തിയോടെ |
| ലക്ഷ്മണേന സഹ, | സൌമിത്രിയോടുംകൂടി, | സംയതാഞ്ജലിഃ | കൈകൂപ്പി |
| | | പ്രണാമം കുരു. | നമസ്കരിച്ചാലും. |

പ്രണമന്തി ഹി യേ തേഷാം മുനീനാം ഭാവിതാത്മനാം
ന തേഷാമശുഭം കിഞ്ചിച്ഛരീരേ രാമ വിദ്യതേ. 26

| | | | |
|---|---|---|---|
| "രാമ! | "ശ്രീരാമ! | പ്രണമന്തി ഹി, | നമസ്കാരംചെയ്യുന്നു [വോ, |
| തേഷാം | ആ | തേഷാം | അവർക്ക് |
| ഭാവിതാത്മനാം | ആത്മജ്ഞാനികളായ | ശരീരേ | ശരീരത്തിൽ |
| മുനീനാം, | മുനിശ്വരന്മാർക്കായ്ക്കൊണ്ട്, | കിഞ്ചിത് | യാതൊരു |
| | | അശുഭം | പീഡയും |
| യേ | യാതൊരുവർ | ന വിദ്യതേ." | ഉണ്ടാകുന്നില്ല." |

തതോ രാമഃ സഹ ഭ്രാത്രാ ലക്ഷ്മണേന കൃതാഞ്ജലിഃ
സമുദ്ദിശ്യ മഹാത്മാനസ്താനൃഷീനഭ്യവാദയത്. 27

| | | | |
|---|---|---|---|
| തതഃ, | അപ്പോൾ, | കൃതാഞ്ജലിഃ | അഞ്ജലിഹസ്തനായി |
| രാമഃ | ശ്രീരാമൻ | താൻ | ആ |
| ഭ്രാത്രാ | സഹോദരനായ | മഹാത്മാനഃ | മഹാത്മാക്കളായ |
| | | ഋഷീൻ | മഹർഷിമാരെ |
| ലക്ഷ്മണേന | ലക്ഷ്മണനോടും | സമുദ്ദിശ്യ | സങ്കല്പിച്ച് |
| സഹ, | കൂടി, | അഭ്യവാദയൻ. | അഭിവാദ്യംചെയ്തു. |

അഭിവാദ്യ ച ധർമ്മാത്മാ രാമോ ഭ്രാതാ ച ലക്ഷ്മണഃ
സുഗ്രീവോ വാനരാശ്ചൈവ ജഗ്മുഃ സംഹൃഷ്ടമാനസാഃ. 28

| | | | |
|---|---|---|---|
| അഭിവാദ്യ ച | അങ്ങിനെ വന്ദിച്ചശേ [ഷം, | സുഗ്രീവഃ ച, | സുഗ്രീവനും, |
| ധർമ്മാത്മാ | ധർമ്മാത്മാവായ | വാനരാഃ ഏവ | വാനരന്മാരും, |
| രാമഃ, | ശ്രീരാമനും, | സംഹൃഷ്ട-മാനസാഃ | അകംകുളുത്തവരായി |
| ഭ്രാതാ | ഭ്രാതാവായ | | |
| ലക്ഷ്മണഃ ച, | ലക്ഷ്മണനും, | ജഗ്മുഃ. | നടന്നു ചെന്നു. |

തേ ഗത്വാ ദൂരമദ്ധ്വാനം തസ്മാത്സപ്തജനാശ്രമാത്
ദദൃശുസ്താം ദുരാധർഷാം കിഷ്കിന്ധാം വാലിപാലിതാം. 29

| | |
|---|---|
| തേ | അവർ |
| തസ്മാത് | ആ |
| സപ്തജനാശ്രമാത് | സപ്തജനാശ്രമത്തിൽ നിന്ന് |
| ദൂരം അദ്ധ്വാനം | വളരെ വഴി |
| ഗത്വാ, | നടന്നശേഷം, |
| വാലിപാലിതാം | ബാലിയാൽ പരിപാലിക്കപ്പെട്ട |
| ദുരാധർഷാം | ദുഷ്പ്രവേശ്യമായ |
| താം | ആ |
| കിഷ്കിന്ധാം | കിഷ്കിന്ധയെ |
| ദദൃശുഃ. | ദർശിച്ചു. |

തതസ്തു രാമാനുജരാമവാനരാഃ
പ്രഗൃഹ്യ ശസ്ത്രാണ്യുദിതാഗ്ര്യതേജസഃ
പുരീം സുരേശാത്മജവീര്യപാലിതാം
വധായ ശത്രോഃ പുനരാഗതാഃ സഹ. 30

| | |
|---|---|
| തതഃ, | അനന്തരം, |
| രാമാനുജരാമവാനരാഃ തു, | ലക്ഷ്മണനും, ശ്രീരാമനും വാനരന്മാരും, |
| ഉദിതാഗ്ര്യതേജസഃ, | വർദ്ധിച്ചതായ ഉത്തമതേജസ്സാർന്നവരായി, |
| ശത്രോഃ | ശത്രുവിന്റെ |
| വധായ, | വധത്തിന്നായി |
| ശസ്ത്രാണി | ആയുധങ്ങളെ |
| പ്രഗൃഹ്യ, | എടുത്തുകൊണ്ട്, |
| സുരേശാത്മജവീര്യപാലിതാം | ഇന്ദ്രപുത്രനായ ബാലിയുടെ ഭുജവീര്യത്താൽ പരിരക്ഷിതമായ |
| പുരീം | ആ നഗരത്തിലേക്ക |
| സഹ, | ഒന്നിച്ച് |
| പുനഃ ആഗതാഃ. | വീണ്ടും വന്നെത്തി. |

["ഉദിതാഗ്ര്യതേജസഃ" (സപ്തജനമുനിമാരുടെ പ്രസാദത്താൽ വർദ്ധിച്ച തേജസ്സോടുകൂടിയവരായി) ഗോ. രാ.]

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ ത്രയോദശഃ സർഗ്ഗഃ = പതിമൂന്നാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 9869; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 617.

## ചതുർദ്ദശഃ സർഗ്ഗഃ = പതിന്നാലാംസർഗ്ഗം.

[യുദ്ധായ വാല്യാഹ്വാനം = യുദ്ധത്തിന്നായി ബാലിയെ വിളിക്കുന്നതു്.]

സർവ്വേ തേ ത്വരിതം ഗത്വാ കിഷ്കിന്ധാം വാലിനഃ പുരീം
വൃക്ഷൈരാത്മാനമാവൃത്യ വ്യതിഷ്ഠൻ ഗഹനേ വനേ. 1

| | |
|---|---|
| തേ സർവ്വേ, | അവർ എല്ലാവരും, |
| വാലിനഃ | ബാലിയുടെ |
| പുരീം | പുരിയായ |
| കിഷ്കിന്ധാം | കിഷ്കിന്ധയെ |
| ത്വരിതം | വേഗത്തിൽ |
| ഗത്വാ, | പ്രാപിച്ച്, |
| ഗഹനേ | ഇടതിങ്ങിയതായ |
| വനേ | ഒരു കാട്ടിൽ |
| വൃക്ഷൈഃ | വൃക്ഷങ്ങൾക്കിടയിൽ |
| ആത്മാനം | തങ്ങളെ |
| ആവൃത്യ | മറച്ചുകൊണ്ട് |
| വ്യതിഷ്ഠൻ. | കാത്തുനിന്നു. |

വിസാര്യ്യ സർവ്വതോ ദൃഷ്ടിം കാനനേ കാനനപ്രിയഃ
സുഗ്രീവോ വിപുലഗ്രീവഃ ക്രോധമാഹാരയദ് ഭൃശം. 2

| | | | |
|---|---|---|---|
| വിപുലഗ്രീവഃ | വൻകഴുത്തുള്ള | ദൃഷ്ടിം വിസാര്യ്യ, | ചുററിനോക്കി, |
| കാനനപ്രിയഃ | വാനരനായ | ഭൃശം | അതിയായ |
| സുഗ്രീവഃ, | സുഗ്രീവൻ, | | |
| കാനനേ | കാട്ടിൽ | ക്രോധം | കോപം |
| സർവ്വതഃ | നാലുപുറവും | ആഹാരയത്. | ഉൾക്കൊണ്ടു. |

തതഃ സ നിനദം ഘോരം കൃത്വാ യുദ്ധായ ചാഹ്വയത്
പരിവാരൈഃ പരിവൃതോ നാദൈർഭിന്ദന്നിവാംബരം. 3
ഗർജ്ജന്നിവ മഹാമേഘോ വായുവേഗപുരഃസരഃ. 4

| | | | |
|---|---|---|---|
| പരിവാരൈഃ | അനുചരന്മാരാൽ | മഹാമേഘഃ | വന്മേഘം |
| പരിവൃതഃ സഃ, | ചൂഴപ്പെട്ടിരുന്ന അവൻ, | ഇവ, | എന്നപോലെ, |
| നാദൈഃ | അട്ടഹാസങ്ങളാൽ | തതഃ | അപ്പോൾ |
| അംബരം | ആകാശത്തെ | ഘോരം | ഭയങ്കരമായി |
| ഭിന്ദൻ ഇവ, | പിളക്കുന്നവൻ എന്ന പോലെ, | നിനദം | ഗർജ്ജനം |
| | | കൃത്വാ ച, | ചെയ്തുകൊണ്ട്, |
| വായുവേഗ-പുരഃസരഃ | കാററിന്റെ ഊക്കിനാൽ കൂട്ടിമുട്ടിയതായി | യുദ്ധായ | പോരിന്നായി |
| ഗർജ്ജൻ | ഇടിവെട്ടുന്ന | ആഹ്വയത്. | വിളിച്ചു. |

അഥ ബാലാർക്കസദൃശോ ദൃപ്തസിംഹഗതിസ്തദാ
ദൃഷ്ട്വാ രാമം ക്രിയാദക്ഷം സുഗ്രീവോ വാക്യമബ്രവീത്. 5

| | | | |
|---|---|---|---|
| തദാ, | അപ്പോൾ, | ക്രിയാദക്ഷം | കാര്യ്യകുശലനായ |
| ബാലാർക്ക-സദൃശഃ | ബാലസൂര്യ്യനുതുല്യനും | രാമം | ശ്രീരാമനെ |
| | | ദൃഷ്ട്വാ, | നോക്കി, |
| ദൃപ്തസിംഹ-ഗതിഃ | മദിച്ച സിംഹത്തിന്റെ നടയോടുകൂടിയ | അഥ | ഇപ്രകാരം |
| | | വാക്യം | |
| സുഗ്രീവഃ, | സുഗ്രീവൻ, [വനുമായ | അബ്രവീത്. | ഉണർത്തിച്ചു. |

ഹരിവാഗുരയാ വ്യാപ്താം തപ്തകാഞ്ചനതോരണാം
പ്രാപ്താഃ സ്മ ധ്വജയന്ത്രാഢ്യാം കിഷ്കിന്ധാം വാലിനഃ പുരീം. 6

| | | | |
|---|---|---|---|
| "ഹരിവാഗുരയാ" | വാനരന്മാരാകുന്ന കാവൽപ്പടയാൽ | ധ്വജ-യന്ത്രാഢ്യാം | കൊടികളോടും കെണികളോടും കൂടിയ |
| | | വാലിനഃ | ബാലിയുടെ [ത്തും ആയ |
| വ്യാപ്താം, | നിറയപ്പെട്ടതും, | പുരീം | നഗരിയായ |
| തപ്തകാഞ്ചന-തോരണാം | തങ്കത്തോരണങ്ങളോടു കൂടിയതും | കിഷ്കിന്ധാം | കിഷ്കിന്ധയിൽ |
| | | പ്രാപ്താഃ സ്മ. | നാം എത്തിക്കഴിഞ്ഞു. |

പ്രതിജ്ഞാ യാ ത്വയാ വീര കൃതാ വാലിവധേ പുരാ
സഫലാം താം കുരു ക്ഷിപ്രം ലതാം കാല ഇവാഗതഃ. 7

| | | | |
|---|---|---|---|
| "വീര! | "വീര! | താം, | അതിനെ, |
| പുരാ | മുമ്പ് | ആഗതഃ കാലഃ | ശരിയായി എത്തിയ [കാലം |
| വാലിവധേ | ബാലിയുടെ വധത്തെ സംബന്ധിച്ച് | ലതാം | വള്ളിയെ |
| ത്വയാ | നിന്തിരുവടിയാൽ | ഇവ, | എന്നപോലെ, |
| യാ പ്രതിജ്ഞാ | യാതൊരു വാഗ്ദത്തം | ക്ഷിപ്രം, | താമസംകൂടാതെ |
| കൃതാ | ചെയ്യപ്പെട്ടുവോ | സഫലാം | ഫലത്തോടുകൂടിയതാ[ക്കി |
| | | കുരു." | ചെയ്തരുളിയാലും" |

ഏവമുക്തസ്തു ധൎമ്മാത്മാ സുഗ്രീവേണ സ രാഘവഃ
തമഥോവാച സുഗ്രീവം വചനം ശത്രുസൂദനഃ. 8

| | | | |
|---|---|---|---|
| ഏവം | മേൽപ്രകാരം | സഃ രാഘവഃ, | ആ ശ്രീരാഘവൻ, |
| സുഗ്രീവേണ | സുഗ്രീവനാൽ | തം | ആ |
| ഉക്തഃ | അപേക്ഷിക്കപ്പെട്ട | സുഗ്രീവം | സുഗ്രീവനെനോക്കി |
| ധൎമ്മാത്മാ | ധൎമ്മാത്മാവും | അഥ | ഇപ്രകാരം |
| ശത്രുസൂദനഃ തു | ശത്രുസംഹാരകനുമായ | വചനം ഉവാച. | അരുളിച്ചെയ്തു. |

കൃതാഭിജ്ഞാനചിഹ്നസ്ത്വമനയാ ഗജസാഹ്വയാ
ലക്ഷ്മണേന സമുത്പാട്യ യൈഷാ കണ്ഠേ കൃതാ തവ. 9

| | | | |
|---|---|---|---|
| "ലക്ഷ്മണേന | "ലക്ഷ്മണനാൽ | അനയാ | അപ്രകാരമുള്ള ഈ |
| യാ ഏഷാ | യാതൊരു ഈ വള്ളി | ഗജസാഹ്വയാ | ഗജപുഷ്പിയെന്ന ലത[യാൽ |
| സമുത്പാട്യ | പറിച്ചെടുത്ത് | ത്വം | ഭവാൻ |
| തവ കണ്ഠേ | ഭവാന്റെ കഴുത്തിൽ | കൃതാഭിജ്ഞാനചിഹ്നഃ. | അടയാളപ്പെടുത്തപ്പെട്ടവനായിരിക്കുന്നു. |
| കൃതാ, | അണിയിക്കപ്പെട്ടുവോ, | | |

ശോഭസേ ഹ്യധികം വീര ലതയാ കണ്ഠസക്തയാ
വിപരീത ഇവാകാശേ സൂൎയ്യോ നക്ഷത്രമാലയാ. 10

| | | | |
|---|---|---|---|
| "വീര! | "ശൂര! | വിപരീതഃ സൂൎയ്യഃ | നിശാപൂൎണ്ണചന്ദ്രൻ |
| കണ്ഠസക്തയാ | കഴുത്തിലണിഞ്ഞിരിക്കുന്ന | നക്ഷത്രമാലയാ ഇവ | നക്ഷത്രമാലയാലെന്നപോലെ |
| ലതയാ, | ഈ ലതയാൽ, | അധികം ഹി | അത്യധികം |
| ആകാശേ | ആകാശത്തിൽ | ശോഭസേ. | ഭവാൻ ശോഭിക്കുന്നു. |

["ആകാശേ വിപരീതേ സൂൎയ്യഃ ഇവ":—"പരീതം തു ദിവാ പ്രോക്തം വിപരീതം തു ശൎവ്വരീ പൌൎണ്ണമാസീഗതശ്ചന്ദ്രഃ സൂൎയ്യ ഇത്യഭിധീയതേ." എന്ന വാക്യപ്രകാരം 'വിപരീതം' എന്നതു് രാത്രിയും, സൂൎയ്യൻ പൂൎണ്ണചന്ദ്രനുമാകുന്നു. അതായതു 'രാത്രിയിൽ പൂൎണ്ണചന്ദ്രൻ ആകാശത്തിലെന്നപോലെ,' എന്നു സാരം. അഥവാ, "വിപരീതഃ സൂൎയ്യ ഇവ" (വിശേഷേണ പരിതഃ ചന്ദ്രമാഃ ഇവ) നക്ഷത്രമാലയാൽ ഭംഗിയിൽ ചൂഴപ്പെട്ട ചന്ദ്രൻ എന്നപോലെ; അഥവാ, "സൂൎയ്യൻ നക്ഷത്രങ്ങളാൽ ചൂഴപ്പെട്ടാൽ എന്നപോലെ," എന്ന അൎത്ഥത്തിൽ അഭൂതോപമ; അഥവാ, "നക്ഷത്രങ്ങളാൽ ചൂഴപ്പെട്ട ആദിത്യൻ എന്നപോലെ" എന്ന അൎത്ഥത്തിൽ, ബാലിയ്ക്കു് ആപത്തിനെ സൂചിപ്പിക്കുന്നതായ നക്ഷത്രയുക്തനായ സൂൎയ്യൻ എന്നപോലെ സുഗ്രീവൻ കുരുക്കുത്തി മുല്ലപ്പൂക്കളൊന്ന വള്ളിയാൽ ചൂഴപ്പെട്ടവനായി വിളങ്ങി എന്നും അൎത്ഥം പറയാം. ആപത്കാലങ്ങളിൽ സൂൎയ്യൻ ഇങ്ങിനെ നക്ഷത്രങ്ങളോടുകൂടി കാണപ്പെടുന്നുവെന്നു് ശാസ്ത്രം. "രാത്രാവിന്ദ്രധനുൎദ്ദൃശ്യ ദിവാനക്ഷത്രദൎശനേ തദ്രാഷ്ട്രനാഥനാശഃ സ്യാദിതി ഗൎഗ്ഗസ്യ ഭാഷിതം." ഗോ. രാ.]

അദ്യ വാലിസമുത്ഥം തേ ഭയം വൈരം ച വാനര
ഏകേനാഹം പ്രമോക്ഷ്യാമി ബാണമോക്ഷേണ സംയുഗേ. 11

| | |
|---|---|
| "വാനര! | "കപിവര! |
| അദ്യ | ഇപ്പോൾ |
| സംയുഗേ | സമരത്തിൽ |
| അഹം | ഞാൻ |
| ഏകേന | ഒരു |
| ബാണമോക്ഷേണ | ബാണം പ്രയോഗിച്ച് |
| വാലിസമുത്ഥം | ബാലിയിൽനിന്നുണ്ടായിരിക്കുന്ന |
| തേ | ഭവാന്റെ |
| ഭയം | ഭീതിയേയും |
| വൈരം ച | ദ്വേഷത്തേയും |
| പ്രമോക്ഷ്യാമി. | ഇല്ലാതാക്കുന്നുണ്ട്. |

മമ ദർശയ സുഗ്രീവ വൈരിണം ഭ്രാതൃരൂപിണം
വാലീ വിനിഹതോ യാവദ്വനേ പാംസുഷു വേഷ്ടതേ. 12

| | |
|---|---|
| "സുഗ്രീവ! | "സുഗ്രീവ! |
| ഭ്രാതൃരൂപിണം | സഹോദരരൂപംകൈക്കൊണ്ട |
| വൈരിണം | ശത്രുവായ അവനെ |
| മമ | എനിക്ക് |
| ദർശയ; | കാണിച്ചുതരിക; |
| യാവത് | ആ നിമിഷത്തിൽ തന്നെ |
| വനേ | കാട്ടിൽ |
| വാലീ | ബാലി |
| വിനിഹതഃ | ഹനിക്കപ്പെട്ടവനായി |
| പാംസുഷു | മണ്ണിൽ |
| വേഷ്ടതേ. | ഉരുണ്ടുപോകും. |

യദി ദൃഷ്ടിപഥം പ്രാപ്തോ ജീവൻ സ വിനിവർത്തതേ
തതോ ദോഷേണ മാഽഽഗച്ഛേത് സദ്യോ ഗർഹേച്ച മാ ഭവാൻ. 13

| | |
|---|---|
| "ദൃഷ്ടിപഥം | "കണ്ണിനു മുന്നിൽ |
| പ്രാപ്തഃ, | അകപ്പെട്ടവനായ, |
| സഃ ഹി | അവൻ |
| ജീവൻ | ജീവനോടെ |
| വിനിവർത്തതേ | തിരിച്ചുപോകുന്നു |
| യദി, | എന്നുവരികിൽ, |
| തതഃ | അതിനാൽ |
| സദ്യഃ | അപ്പോൾ |
| ഭവാൻ | ഭവാൻ |
| മാ | എന്നെ |
| ഗർഹേത്; | കുററപ്പെടുത്തിക്കൊള്ളുക; |
| ദോഷേണ ച | ആ കുററം കാരണം |
| മാ ആഗച്ഛേത്. | തിരിഞ്ഞു നോക്കേണ്ടതുമില്ല. |

പ്രത്യക്ഷം സപ്ത തേ സാലാ മയാ ബാണേന ദാരിതാഃ
തേനാവേഹി ബലേനാദ്യ വാലിനം നിഹതം മയാ. 14

| | |
|---|---|
| "തേ | "ആ |
| സപ്ത | ഏഴ് |
| സാലാഃ | സാലവൃക്ഷങ്ങളും |
| മയാ | എന്നാൽ |
| ബാണേന | ഒരു ബാണം കൊണ്ടു |
| പ്രത്യക്ഷം | ഭവാന്റെ മുന്നിൽ വെച്ചുതന്നെ |
| ദാരിതാഃ; | ഭേദിക്കപ്പെട്ടു; |
| അദ്യ | ഇപ്പോൾ |
| തേന | അതേ |
| ബലേന, | ശക്തി പ്രയോഗിച്ചു |
| മയാ | എന്നാൽ |
| നിഹതം | നിഗ്രഹിക്കപ്പെട്ടവനാണെന്ന് |
| വാലിനം | ബാലിയെ |
| അവേഹി. | നിശ്ചയിച്ചുകൊണ്ടാലും. |

അനൃതം നോക്തപൂൎവ്വം മേ കൃച്ഛ്രേ മഹതി തിഷ്ഠതാ
ധൎമ്മലോഭപരീതേന ന ച വക്ഷ്യേ കഥഞ്ചന. 15

| | |
|---|---|
| "ധൎമ്മലോഭപരീതേന | "ധൎമ്മത്തിൽ ആസക്തിയുള്ളവനായ |
| മേ, | എന്നാൽ, |
| മഹതി | എത്രയോ വലുതായ |
| കൃച്ഛ്രേ | കഷ്ടദശയിൽ |
| തിഷ്ഠതാ, | ഇരിക്കുന്നവനായിട്ടും, |
| അനൃതം | അസത്യം എന്നതു് |
| ന ഉക്തപൂൎവ്വം; | ഇതിന്നുമുമ്പുപറയപ്പെട്ടിട്ടില്ല; |
| കഥഞ്ചന ച | ഇനിമേലിലും ഒരിക്കലും |
| വക്ഷ്യേ ന. | ഞാൻ പറകയുമില്ല. |

സഫലാം ച കരിഷ്യാമി പ്രതിജ്ഞാം ജഹി സംഭ്രമം
പ്രസൂതം കളമം ക്ഷേത്രേ വൎഷേണേവ ശതക്രതുഃ. 16

| | |
|---|---|
| "ക്ഷേത്രേ | "വയലിൽ |
| പ്രസൂതം | മുളച്ചിരിക്കുന്ന |
| കളമം | നെല്ലിനെ |
| ശതക്രതുഃ | ഇന്ദ്രൻ |
| വൎഷേണ | മഴയാൽ |
| ഇവ, | എന്നപോലെ, |
| പ്രതിജ്ഞാം | എന്റെ ശപഥത്തെ |
| സഫലാം ച | ഫലവത്താക്കി |
| കരിഷ്യാമി; | ചെയ്യുന്നുണ്ടു്; |
| സംഭ്രമം | പരിഭ്രമത്തെ |
| ജഹി. | വിട്ടൊഴിച്ചാലും. |

തദാഹ്വാനനിമിത്തം ത്വം വാലിനോ ഹേമമാലിനഃ
സുഗ്രീവ കുരു തം ശബ്ദം നിഷ്പതേദ്യേന വാനരഃ. 17

| | |
|---|---|
| "സുഗ്രീവ! | "സുഗ്രീവ! |
| തത്, | ആകയാൽ, |
| ത്വം, | ഭവാൻ, |
| ഹേമമാലിനഃ | പൊൻമാലയണിഞ്ഞവനായ |
| വാലിനഃ | ബാലിയെ |
| ആഹ്വാനനിമിത്തം | വിളിച്ചുവരുത്തുന്നതിന്നായുള്ള |
| തം | ആ |
| ശബ്ദം | ഗൎജ്ജനത്തെ |
| കുരു; | ചെയ്യുക; |
| യേന | യാതൊരു ആ ഗൎജ്ജനകൊണ്ടു് |
| വാനരഃ | ബാലി |
| നിഷ്പതേത്. | വന്നെതിക്കട്ടെ. |

ജിതകാശീ ബലശ്ലാഘീ ത്വയാ ചാധൎഷിതഃ പുരാ
നിഷ്പതിഷ്യത്യസംഗേന വാലീ സ പ്രിയസംയുഗഃ. 18

| | |
|---|---|
| "ജിതകാശീ | "ജയശാലിയെന്ന മദംകൊണ്ടു് |
| ബലശ്ലാഘീ | തന്റെ കൈയൂക്കിനെ കൊണ്ടാടുന്നവനും |
| പ്രിയസംയുഗഃ, | സമരപ്രിയനും |
| പുരാ | ഇതിന്നുമുമ്പു് |
| ത്വയാ | ഭവാനാൽ |
| അധൎഷിതഃ ച | അടക്കുവാൻ കഴിയാതിരുന്നവനുമായ |
| സഃ | ആ |
| വാലീ, | ബാലി, |
| അസംഗേന | ഉടനെതന്നെ |
| നിഷ്പതിഷ്യതി. | വന്നേക്കും. |

രിപൂണാം ധൎഷണം ശൂരാ മൎഷയന്തി ന സംയുഗേ
ജാനന്തസ്തു സ്വകം വീൎയ്യം സ്ത്രീസമക്ഷം വിശേഷതഃ. 19

| | |
|---|---|
| "സംയുഗേ | "സമരത്തിൽ |
| സ്വകം | തങ്ങളുടെ |
| വീൎയ്യം | പരാക്രമത്തെ |
| ജാനന്തഃ | അറിയുന്നവരായ |
| ശൂരാഃ തു, | ശൂരന്മാരാകട്ടെ, |
| രിപൂണാം | ശത്രുക്കളുടെ |
| ധൎഷണം | നിന്ദയെ |
| വിശേഷതഃ | പ്രത്യേകിച്ചും |
| സ്ത്രീസമക്ഷം | അബലകളുടെ മുമ്പിൽ വെച്ച് |
| മൎഷയന്തി ന." | സഹിക്കുകയില്ല." |

സ തു രാമവചഃ ശ്രുത്വാ സുഗ്രീവോ ഹേമപിംഗളഃ
നനൎദ്ദ ക്രൂരനാദേന വിനിൎഭിന്ദന്നിവാംബരം. 20

| | |
|---|---|
| സഃ | ആ |
| ഹേമപിംഗളഃ | പൊൻപോലെ മഞ്ഞ [നിറമാൎന്ന |
| സുഗ്രീവഃ, | സുഗ്രീവൻ, |
| രാമവചഃ | ശ്രീരാമവാക്യത്തെ |
| ശ്രുത്വാ തു, | കേട്ട ഉടനെ, |
| അംബരം | ആകാശത്തെ |
| വിനിൎഭിന്ദൻ ഇവ | തകൎക്കുമാറു്, |
| ക്രൂരനാദേന | ഗംഭീരശബ്ദത്തിൽ |
| നനൎദ്ദ. | ഗൎജ്ജിച്ചു. |

തസ്യ ശബ്ദേന വിത്രസ്താ ഗാവോ യാന്തി ഹതപ്രഭാഃ
രാജദോഷപരാമൃഷ്ടാഃ കുലസ്ത്രീയ ഇവാകുലാഃ. 21

| | |
|---|---|
| തസ്യ | സുഗ്രീവന്റെ |
| ശബ്ദേന | ആ ശബ്ദത്താൽ |
| ഗാവഃ | ഭൂതലവാസികൾ, |
| രാജദോഷ-പരാമൃഷ്ടാഃ | അരാജക ദോഷത്താൽ അന്യരാൽ ബലം പ്രയോഗിക്കപ്പെട്ടു് |
| ആകുലാഃ | പരിതപിക്കുന്ന |
| കുലസ്ത്രീയഃ ഇവ, | കുലസ്ത്രീകളെന്നപോലെ, |
| വിത്രസ്താഃ | പരിഭ്രാന്തചിത്തരായി, |
| ഹതപ്രഭാഃ | ശോഭമങ്ങിയവരായി, |
| യാന്തി. | ഭവിച്ചു. |

["ഗാവഃ ആകുലാഃ യാന്തി" (പശുക്കൾ പേടിച്ചു് അങ്ങുമിങ്ങും ഓടി) എന്നും പറയാം. ഇതിനാൽ വൈകുന്നേരസമയമായെന്നു് ഗ്രാഹ്യം. എന്നു ഗോ രാജീയം.]

ദ്രവന്തി ച മൃഗാഃ ശീഘ്രം ഭഗ്നാ ഇവ രണേ ഹയാഃ
പതന്തി ച ഖഗാ ഭൂമൗ ക്ഷീണപുണ്യാ ഇവ ഗ്രഹാഃ. 22

| | |
|---|---|
| മൃഗാഃ ച, | മൃഗങ്ങളും, |
| രണേ | പോരിൽ |
| ഭഗ്നാഃ | മുറിവേററ |
| ഹയാഃ ഇവ, | കുതിരകളെന്നപോലെ, |
| ശീഘ്രം | അതിവേഗത്തിൽ |
| ദ്രവന്തി; | പായുന്നു; |
| ഖഗാഃ ച, | പക്ഷികളും, |
| ക്ഷീണപുണ്യാഃ | പുണ്യം നശിച്ച |
| ഗ്രഹാഃ | നക്ഷത്രങ്ങൾ |
| ഇവ, | എന്നപോലെ, |
| ഭൂമൗ | നിലത്തു |
| പതന്തി. | വീഴുകയായി. |

തതഃ സ ജീമൂതഗണപ്രണാദോ
നാദം വിമുഞ്ചംസ്ത്വരയാ പ്രതീതഃ
സൂര്യാത്മജഃ ശൌര്യവിവൃദ്ധതേജാഃ
സരിത്പതിർവ്വാനിലചഞ്ചലോർമ്മിഃ. 23

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | അനിലചഞ്ചലോർമ്മിഃ | കാററിൽ ഇളകിമറിയുന്ന തിരമാലയോടു കൂടിയ |
| സൂര്യാത്മജഃ | സൂര്യപുത്രനായ | സരിത്പതിഃ വാ, | സമുദ്രമെന്നപോലെ |
| സഃ, | ആ സുഗ്രീവൻ, | ശൌര്യവിവൃദ്ധതേജാഃ | ശൌര്യത്താൽ വർദ്ധിച്ച തേജസ്സോടു കൂടിയവനായി |
| ജീമൂതഗണപ്രണാദഃ, | കരിമുകിൽ നിരപോലെ ഗർജ്ജിക്കുന്നവനായി, | പ്രതീതഃ. | ഉത്സാഹമുൾക്കൊണ്ടു. |
| ത്വരയാ | ധൃതിപ്പെട്ട് | | |
| നാദം | അട്ടഹാസം | | |
| വിമുഞ്ചൻ, | മുഴക്കിക്കൊണ്ട്, | | |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ചതുർദ്ദശഃ സർഗ്ഗഃ = പതിനാലാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 9892; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ **640**.

## പഞ്ചദശഃ സർഗ്ഗഃ = പതിനഞ്ചാംസർഗ്ഗം.

[താരോപദേശഃ = താരയുടെ ഉപദേശം.]

അഥ തസ്യ നിനാദം തം സുഗ്രീവസ്യ മഹാത്മനഃ
ശുശ്രാവാന്തഃപുരഗതോ വാലീ ഭ്രാതുരമർഷണഃ. 1

| | | | |
|---|---|---|---|
| അഥ | അപ്പോൾ | തസ്യ | ആ |
| അന്തഃപുരഗതഃ | അന്തഃപുരത്തിലിരുന്നിരുന്ന | സുഗ്രീവസ്യ | സുഗ്രീവന്റെ |
| വാലീ, | ബാലി, | തം നിനാദം | ആ ഗർജ്ജനത്തെ |
| ഭ്രാതുഃ | ഭ്രാതാവും | അമർഷണഃ | അസഹ്യതയോടുകൂടിയവനായി |
| മഹാത്മനഃ | മഹാത്മാവുമായ | ശുശ്രാവ. | ശ്രവിച്ചു. |

ശ്രുത്വാ തു തസ്യ നിനദം സർവ്വഭൂതപ്രകമ്പനം
മദശ്ചൈകപദേ നഷ്ടഃ ക്രോധശ്ചാപതിതോ മഹാൻ. 2

| | | | |
|---|---|---|---|
| സർവ്വഭൂതപ്രകമ്പനം | സർവ്വപ്രാണികളെയും ഞെട്ടിപ്പിക്കുന്നതായ | ഏകപദേ | അതേസമയത്തിൽ |
| തസ്യ | അവന്റെ | മദഃ ച | മദ്യലഹരിയും തന്നെ |
| നിനദം | ഘോഷത്തെ | നഷ്ടഃ; | ഒഴിഞ്ഞു; |
| ശ്രുത്വാ തു, | കേട്ട ഉടനെ, | ക്രോധഃ ച | ക്രോധവും |
| | | മഹാൻ ആപതിതഃ. | അത്യധികം പൊങ്ങി. |

സ തു രോഷപരീതാംഗോ വാലീ സന്ധ്യാതപപ്രഭഃ
ഉപരക്ത ഇവാദിത്യഃ സദ്യോ നിഷ്പ്രഭതാം ഗതഃ. 3

| | |
|---|---|
| സദ്യഃ | ഉടൻതന്നെ |
| സഃ | ആ |
| വാലീ തു, | ബാലി, |
| രോഷപരീതാംഗഃ | കോപാക്രാന്തനായി, |
| സന്ധ്യാതപപ്രഭഃ, | സന്ധ്യാകാലത്തിലെ ചൂടററ വെയിലോടു കൂടിയ |
| ഉപരക്തഃ | രാഹുഗ്രസ്തനായ |
| ആദിത്യഃ ഇവ | സൂര്യനെന്നപോലെ |
| നിഷ്പ്രഭതാം ഗതഃ. | പ്രഭയില്ലാത്തവനായ് ഭവിച്ചു. |

വാലീ ദംഷ്ട്രാകരാളസ്തു ക്രോധാദ്ദീപ്താഗ്നിസന്നിഭഃ
ഭാത്യുത്പതിതപദ്മാഭഃ സമൃണാള ഇവ ഹ്രദഃ. 4

| | |
|---|---|
| ദംഷ്ട്രാകരാളഃ | തേററപ്പല്ലുകളാൽ ഭയങ്കരനായ |
| വാലീ, | ബാലി, |
| ക്രോധാത് | കോപാവേശത്താൽ |
| ദീപ്താഗ്നിസന്നിഭഃ തു | കത്തിജ്വലിക്കുന്ന അഗ്നിക്കുതുല്യനായി |
| ഉത്പതിതപദ്മാഭഃ | വികസിച്ച താമരപ്പൂക്കൾ വിളങ്ങുന്നതും |
| സമൃണാളഃ | താമരവളയങ്ങളോടു കൂടിയതുമായ |
| ഹ്രദഃ ഇവ | കയമെന്നപോലെ |
| ഭാതി. | പരിശോഭിച്ചു. |

[കോപംകൊണ്ടുള്ള രക്തിമ, ഉജ്ജ്വലിക്കുന്ന അഗ്നിക്കു, ദംഷ്ട്രകൾ മൃണാളങ്ങൾക്കും സാമ്യം. "ഉത്പതിതപദ്മാഭഃ" താമരപ്പൂക്കൾ പറിക്കപ്പെട്ടു് വിളങ്ങുന്നതു് എന്നും ചിലർ.]

ശബ്ദം ദുർമ്മർഷണം ശ്രുത്വാ നിഷ്പപാത തതോ ഹരിഃ
വേഗേന ചരണന്യാസൈർദ്ദാരയന്നിവ മേദിനീം. 5

| | |
|---|---|
| തതഃ | അപ്പോൾ |
| ഹരിഃ, | വാനരനായ ബാലി, |
| ദുർമ്മർഷണം | അസഹ്യമായ |
| ശബ്ദം | ആ ശബ്ദത്തെ |
| ശ്രുത്വാ, | കേട്ടു്, |
| ചരണന്യാസൈഃ | കാൽവെപ്പുകളാൽ |
| മേദിനീം | ഭൂമിയെ |
| ദാരയൻ ഇവ, | പിളക്കുന്നവനെന്നപോലെ, |
| വേഗേന | അതിവേഗത്തിൽ |
| നിഷ്പപാത. | പുറത്തേക്കുചാടി. |

തം തു താരാ പരിഷ്വജ്യ സ്നേഹാദ്ദർശിതസൌഹൃദാ
ഉവാച ത്രസ്തസംഭ്രാന്താ ഹിതോദർക്കമിദം വചഃ. 6

| | |
|---|---|
| ത്രസ്തസംഭ്രാന്താ | പേടിച്ചു് അമ്പരന്നവളായ |
| താരാ, | താര, |
| സ്നേഹാത് | സ്നേഹപൂർവ്വം |
| തം | അവനെ |
| പരിഷ്വജ്യ തു | പുല്കിക്കൊണ്ടു് |
| ദർശിതസൌഹൃദാ, | പ്രേമത്തെ പ്രദർശിപ്പിക്കുന്നവളായി |
| ഹിതോദർക്കം | ഹിതകരമായ |
| ഇദം വചഃ | ഈ വാക്യത്തെ |
| ഉവാച. | പറഞ്ഞു. |

സാധു ക്രോധമിമം വീര നദീവേഗമിവാഗതം
ശയനാദുത്ഥിതഃ കാല്യാം ത്യജ ഭുക്താമിവ സ്രജം. 7

| | |
|---|---|
| "വീര! | "നാഥ! |
| നദീവേഗം | നദിയിലെ പ്രവാഹം |
| ഇവ | പോലെ |
| ആഗതം | പെരുകിവന്നതായ |
| ഇമം ക്രോധം, | ഈ കോപത്തെ, |
| കാല്യം | പ്രഭാതത്തിൽ |
| ശയനാത് | ശയ്യയിൽനിന്ന് |
| ഉത്ഥിതഃ | എഴുന്നേററ ഒരുവൻ |
| ഭുക്താം | ചൂടിക്കഴിഞ്ഞ |
| സ്രജം | മാലയെ |
| ഇവ, | എന്നപോലെ, |
| ത്യജ; | വലിച്ചെറിഞ്ഞാലും; |
| സാധു. | നിന്തിരുവടിയ്ക്കു നന്മയുണ്ടാവും. |

കാല്യമേതേന സംഗ്രാമം കരിഷ്യസി ച വാനര
വീര തേ ശത്രുബാഹുല്യം ഫല്ഗുതാ വാ ന വിദ്യതേ. 8

| | |
|---|---|
| "വാനര! | "കപിവര! |
| ഏതേന | ഇവനോടുകൂടി |
| കാല്യം | (നാളെ) രാവിലെ |
| സംഗ്രാമം കരിഷ്യസി; | യുദ്ധംചെയ്യാം; |
| ച | അതിനാൽ |
| വീര! | നാഥ! |
| ശത്രുബാഹുല്യം | ശത്രുവിന്ന് ഒരു മെച്ചമോ |
| തേ | അവിടുത്തേയ്ക്കു് |
| ഫല്ഗുതാ വാ | ഒരു കുറവോ |
| വിദ്യതേ ന. | വരുന്നതല്ല. |

[ഈ സന്ധ്യയാകാറായ അസമയത്തിൽ എതിർക്കേണ്ടതില്ല എന്നു സാരം.]

സഹസാ തവ നിഷ്ക്രാമോ മമ താവന്ന രോചതേ
ശ്രൂയതാം ചാഭിധാസ്യാമി യന്നിമിത്തം നിവാര്യസേ. 9

| | |
|---|---|
| "തവ | "നിന്തിരുവടിയുടെ |
| സഹസാ | പെട്ടെന്നുള്ള |
| നിഷ്ക്രാമഃ, | ഈ പുറപ്പാട്, |
| മമ താവത് | എനിയ്ക്കാണെങ്കിൽ |
| രോചതേ ന; | ഒട്ടും രുചിക്കുന്നില്ല; |
| യന്നിമിത്തം | എന്തുകാരണത്താലാണ് |
| നിവാര്യസേ | ഇപ്രകാരം എന്നാൽ അവിടുന്ന് നിരോധിക്കപ്പെടുന്നതെന്ന് |
| അഭിധാസ്യാമി, | ഞാൻ വിശദമായി ഉണർത്തിക്കാം, |
| ശ്രൂയതാം ച. | ശ്രദ്ധിച്ചുകേട്ടാലും. |

പൂർവ്വമാപതിതഃ ക്രോധാത്സ ത്വാമാഹ്വയതേ യുധി
നിഷ്പത്യ ച നിരസ്തസ്തേ ഹന്യമാനോ ദിശോ ഗതഃ. 10

| | |
|---|---|
| "പൂർവ്വം | "കുറച്ചുമുമ്പ് |
| യുധി | പോരിൽ |
| ആപതിതഃ | ഏററവനായി |
| തേ | അങ്ങയാൽ |
| ഹന്യമാനഃ | താഡിക്കപ്പെട്ട് |
| നിരസ്തഃ | പരാജിതനായി |
| ദിശഃ | ദൂരെ |
| ഗതഃ | ഓടിപ്പോയ്ക്കളഞ്ഞ |
| സഃ ച | അവൻതന്നെയാണല്ലോ |
| നിഷ്പത്യ | തിരിച്ചുവന്ന് |
| ത്വാം | നിന്തിരുവടിയെ |
| ക്രോധാത് | ക്രോധത്തോടെ |
| ആഹ്വയതേ. | പോരിന്നുവിളിക്കുന്നത്. |

ത്വയാ തസ്യ നിരസ്തസ്യ പീഡിതസ്യ വിശേഷതഃ
ഇഹൈത്യ പുനരാഹ്വാനം ശങ്കാം ജനയതീവ മേ. 11

| | | | |
|---|---|---|---|
| " ത്വയാ | " നിന്തിരുവടിയാൽ | പുനഃ ഏത്യ | വീണ്ടും വന്ന് |
| വിശേഷതഃ | നല്ലപോലെ | തസ്യ | അവൻ ഇങ്ങിനെ പോക്കുവിളിക്കുന്നതു് |
| പീഡിതസ്യ | ഹിംസിക്കപ്പെട്ട അവൻ | ആഹ്വാനം | |
| | | മേ | എനിക്ക് |
| നിരസ്തസ്യ, | ആട്ടിപ്പായിക്കപ്പെട്ടവനായിരിക്കെ, | ഇവ | അതിയായ |
| | | ശങ്കാം | സംഭ്രമത്തെ |
| ഇഹ | ഇവിടെ | ജനയതി. | ജനിപ്പിക്കുന്നു. |

ദർപ്പശ്ച വ്യവസായശ്ച യാദൃശസ്തസ്യ നർദ്ദതഃ
നിനാദസ്യ ച സംരംഭോ നൈതദല്പം ഹി കാരണം. 12

| | | | |
|---|---|---|---|
| " നർദ്ദതഃ | " ഗർജ്ജിക്കുന്നവനായ | ച ; | അവഗണിക്കത്തക്കതല്ല ; |
| തസ്യ | അവന്റെ | നിനാദസ്യ | ഗർജ്ജനയുടെ |
| യാദൃശഃ | ഇപ്രകാരമുള്ള | സംരംഭഃ, | ഊക്കും, |
| ദർപ്പഃ | അഹമ്മതി | ച ; | ഗണിക്കാതിരിക്കത്തക്കതല്ല ; |
| അല്പം ന ; | നിസ്സാരമാക്കത്തക്കതല്ല ; | ഏതത് | ഇപ്പോഴുള്ള ഈ |
| | | കാരണം ച | പ്രവൃത്തിയും |
| വ്യവസായഃ | (യുദ്ധങ്ങളിലുള്ള) സൂത്രവും | ഹി. | അതുപോലെ കൂട്ടാക്കാതിരിപ്പാൻ പാടുള്ളതല്ല. |

നാസഹായമഹം മന്യേ സുഗ്രീവം തമിഹാഗതം
അവഷ്ടബ്ധസഹായശ്ച യമാശ്രിത്യൈഷ ഗർജ്ജതി. 13

| | | | |
|---|---|---|---|
| " ഇഹ | " ഇപ്പോൾ | ഏഷഃ | ഇവൻ |
| ആഗതം | വന്നിരിക്കുന്ന | യം | ആരെയൊ |
| തം സുഗ്രീവം | ആ സുഗ്രീവനെ | ആശ്രിത്യ, | ശരണംപ്രാപിച്ച്, |
| അസഹായം | പിൻതുണയില്ലാത്തവനാണെന്ന് | അവഷ്ടബ്ധസഹായഃ ച | സഹായം ലഭിച്ചവനായിത്തന്നെയാണ് |
| അഹം മന്യേ ന; | ഞാൻ കരുതുന്നില്ല ; | ഗർജ്ജതി. | ഗർജ്ജിക്കുന്നതു്. |

പ്രകൃത്യാ നിപുണശ്ചൈവ ബുദ്ധിമാംശ്ചൈവ വാനരഃ
അപരീക്ഷിതവീര്യേണ സുഗ്രീവഃ സഹ നൈഷ്യതി 14

| | | | |
|---|---|---|---|
| " പ്രകൃത്യാ | " സ്വതേതന്നെ | സുഗ്രീവഃ, | സുഗ്രീവൻ, |
| ബുദ്ധിമാൻ ച | ബുദ്ധിശാലിയും | അപരീക്ഷിതവീര്യേണ സഹ ഏവ | വീര്യം പരീക്ഷിച്ചറിയാത്ത ഒരുവനോടുകൂടി |
| നിപുണഃ ഏവ | സമർത്ഥനുമായ | | |
| വാനരഃ ച | വാനരനായ | ഏഷ്യതി ന. | വരികയില്ല. |

പൂർവ്വമേവ മയാ വീര ശ്രുതം കഥയതോ വചഃ
അംഗദസ്യ കുമാരസ്യ വക്ഷ്യാമി ത്വാ ഹിതം വചഃ. 15

| | | | |
|---|---|---|---|
| "വീര! | "നാഥ! | മയാ | എന്നാൽ |
| പൂർവ്വം ഏവ | ഇതിന്നുമുമ്പുതന്നെ | ശ്രുതം; | കേൾക്കപ്പെട്ടു; |
| കഥയതഃ | വർത്തമാനം പറഞ്ഞു കൊണ്ടിരുന്ന | ഹിതം | ഗുണകരമായ |
| കുമാരസ്യ | കുമാരനായ | വചഃ | ആ വാക്കിനെ |
| അംഗദസ്യ | അംഗദന്റെ | തവ | നിന്തിരുവടിയോട് |
| വചഃ | ഒരു വാക്യം | വക്ഷ്യാമി. | ഞാൻ പറയുന്നു. |

അംഗദസ്തു കുമാരോഽയം വനാന്തമുപനിർഗ്ഗതഃ
പ്രവൃത്തിസ്തേന കഥിതാ ചാരൈരാപ്തൈർന്നിവേദിതാ 16
അയോദ്ധ്യാധിപതേഃ പുത്രൗ ശൂരൗ സമരദുർജ്ജയൗ
ഇക്ഷ്വാകൂണാം കുലേ ജാതൗ പ്രഥിതൗ രാമലക്ഷ്മണൗ
സുഗ്രീവപ്രിയകാമാർത്ഥം പ്രാപ്തൗ തത്ര ദുരാസദൗ. 17

| | | | |
|---|---|---|---|
| "അയം | "ഈ | രാമലക്ഷ്മണൗ | രാമലക്ഷ്മണരെന്നു് |
| കുമാരഃ | കുമാരനായ | പ്രഥിതൗ, | വിഖ്യാതരുമായ ഇരുവർ, |
| അംഗദഃ, | അംഗദൻ, | സുഗ്രീവപ്രിയകാമാർത്ഥം | സുഗ്രീവനെ സഹായിക്കുന്നതിന്നായി |
| വനാന്തം | കാട്ടിന്നുള്ളിൽ | തത്ര | അവിടെ വന്നിരിക്കുന്നു," എന്നിപ്രകാരം |
| ഉപനിർഗ്ഗതഃ; | പോയിരുന്നു; | പ്രാപ്തൗ," | |
| 'അയോദ്ധ്യാധിപതേഃ | 'അയോദ്ധ്യാധിപതിയുടെ | ആപ്തൈഃ | വിശ്വസ്തന്മാരായ |
| പുത്രൗ, | പുത്രന്മാരും, | ചാരൈഃ | ചാരന്മാരാൽ |
| ശൂരൗ, | ശൂരന്മാരും, | കഥിതാ | അറിയിക്കപ്പെട്ട |
| സമരദുർജ്ജയൗ, | പോരിൽ അജയ്യന്മാരും, | പ്രവൃത്തിഃ | വർത്തമാനം |
| ഇക്ഷ്വാകൂണാം | ഇക്ഷ്വാകുക്കളുടെ | തേന തു | അവനാൽതന്നെയാണു് |
| കുലേ | കുലത്തിൽ | നിവേദിതാ. | പറയപ്പെട്ടതു്. |
| ജാതൗ, | പിറന്നവരും, | | |
| ദുരാസദൗ, | അതുലവിക്രമികളും, | | |

തവ ഭ്രാതുർഹി വിഖ്യാതഃ സഹായോ രണകർക്കശഃ
രാമഃ പരബലാമർദ്ദീ യുഗാന്താഗ്നിരിവോത്ഥിതഃ. 18

| | | | |
|---|---|---|---|
| "തവ | "അങ്ങയുടെ | പരബലാമർദ്ദീ | ശത്രുവിന്റെ ശക്തിയെ പാടെ ഇല്ലാതാക്കുന്നവൻ; |
| ഭ്രാതുഃ | ഭ്രാതാവിന്റെ | യുഗാന്താഗ്നിഃ ഇവ | കല്പാന്താഗ്നി എന്നപോലെ |
| സഹായഃ | സഹായിയായ | ഉത്ഥിതഃ. | ഉത്ഭവിച്ചിരിക്കുന്നവൻ. |
| രാമഃ ഹി | ശ്രീരാഘവനാകട്ടെ, | | |
| വിഖ്യാതഃ | ത്രിലോകപ്രസിദ്ധൻ; | | |
| രണകർക്കശഃ; | പോരിൽ പരിമിതമല്ലാത്ത പരാക്രമമുള്ളവൻ; | | |

[ഇതുതുടങ്ങി മൂന്നു ശ്ലോകങ്ങളെക്കൊണ്ടു്, ശ്രീരാമഗുണഗണങ്ങളെ വർണ്ണിക്കുന്നതിനാൽ, രാമലക്ഷ്മണന്മാരായ ഇരുവരുടെയും സ്വരൂപം വിവരിക്കപ്പെടുന്നു.

നിവാസവൃക്ഷഃ സാധൂനാമാപന്നാനാം പരാ ഗതിഃ
ആൎത്താനാം സംശ്രയശ്ചൈവ യശസശ്ചൈകഭാജനം. 19

| | | | |
|---|---|---|---|
| “സാധൂനാം | “കന്മഷമില്ലാത്തവരെ | ഗതിഃ ച ; | ആശ്രയസ്ഥാനം ; |
| നിവാസവൃക്ഷഃ; | കാത്തരുളുന്ന കല്പകം; | ആൎത്താനാം | അഗതികൾക്ക് |
| ആപന്നാനാം | കഷ്ടത്തിലകപ്പെട്ടവൎക്ക് | സംശ്രയഃ ഏവ; | രക്ഷകൻ ; |
| | | യശസഃ ച | യശസ്സിന്ന് |
| പരാ | അത്യുത്കൃഷ്ടമായ | ഏകഭാജനം. | തക്കതായ ഇരിപ്പിടം. |

ജ്ഞാനവിജ്ഞാനസംപന്നോ നിദേശേ നിരതഃ പിതുഃ
ധാതൂനാമിവ ശൈലേന്ദ്രോ ഗുണാനാമാകരോ മഹാൻ. 20

| | | | |
|---|---|---|---|
| “ജ്ഞാന-വിജ്ഞാന-സംപന്നഃ | “പരമാത്മജ്ഞാനത്തിലും ഇതരവിഷയകമായ ജ്ഞാനത്തിലും നിപുണൻ ; | ധാതൂനാം | ധാതുക്കൾക്ക് |
| | | ശൈലേന്ദ്രഃ | ഹിമവാൻ |
| | | ഇവ | എന്നപോലെ, |
| പിതുഃ | പിതാവിന്റെ | ഗുണാനാം | ഗുണഗണങ്ങൾക്കെല്ലാം |
| നിദേശേ | ആജ്ഞയിൽ | | |
| നിരതഃ ; | നിശ്ചഞ്ചലമായി വൎത്തിക്കുന്നവൻ ; | മഹാൻ | ഉത്കൃഷ്ടമായ |
| | | ആകരഃ. | ഇരുപ്പിടം. |

“തവ ഭ്രാതുഃ ഹി സഹായഃ” (സുഗ്രീവനെ സഹായിക്കുന്നവൻ); ‘അദ്ദേഹം എന്തുകൊണ്ട് എന്നേയും സഹായിക്കയില്ല?’ എന്നാണെങ്കിൽ, ‘തന്നെ ശരണം പ്രാപിച്ച ആൎത്തന്മാരായ സജ്ജനങ്ങൾക്ക് ആശ്രയമായിട്ടുള്ളവനാകുന്നു’, എന്നു പറയുന്നു. കാൎയ്യത്തിന്റെ സൂക്ഷ്മം ആലോചിക്കാതെ അനുജനെ ആട്ടിപ്പായിച്ച്, പുത്രിയായി ഗണിക്കപ്പെടേണ്ടവളായ തദ്ഭാൎയ്യയായ രുമയെ പരിഗ്രഹിച്ചിരിക്കുന്നതിനാൽ സന്മാൎഗ്ഗവിവൎജ്ജിതനാണെന്നും സ്വവീൎയ്യപ്രഭാവാദികളിൽ വിശ്വസിച്ചവനാകയാൽ ആൎത്തനൊ ശരണാഗതനൊ അല്ലാതെ ദൎപ്പിതനാണെന്നും വിവക്ഷ-താഴെ, 17-ാം സൎഗ്ഗം 41-ാം ശ്ലോകത്തിൽ “എന്നോട്ട് അവിടുന്ന് ഒരു വാക്കു പറഞ്ഞിരുന്നാൽ ഞാൻ സീതയെ കൊണ്ടുവന്നു തരുമായിരുന്നുവല്ലൊ,” എന്നു പറഞ്ഞതിൽനിന്നു ഈ അഹങ്കാരം വ്യക്തമാകുന്നുണ്ട്.

“സ്വരക്ഷണത്തിന്നു തന്നെ അശക്തനായി, അവശനായ സുഗ്രീവനെ മിത്രമായി കൊണ്ടിരിക്കുന്നു; ശക്തനാണെന്നിരുന്നാൽ എന്നോടുകൂടിയാണല്ലൊ സഖ്യം ചെയ്യുക”—എന്നതിന്ന് ശ്രീരാമൻ രണകൎക്കശനും, പരബലമൎദ്ദനനുമായി, യുഗാന്താഗ്നിപോലെ സമുത്ഥിതനായവനാകുന്നു, എന്നു പറയുന്നു.

“നിവാസവൃക്ഷഃ സാധൂനാം ആപന്നാനാം”:—“വാസുദേവതരുച്ഛായാ നാതിശീതാ ന ഘൎമ്മദാ നരകാങ്ഗാരശമനീ സാ കിമൎത്ഥം ന സേവ്യതേ,” എന്നു പറഞ്ഞമാതിരി, സ്വച്ഛായയെ അപേക്ഷിച്ച് തദ്ഗതമാനസരായ സജ്ജനങ്ങൾക്ക് നിരന്തരമായ തണലിനെ നൽകുന്നതായ ആശ്രയവൃക്ഷമാകുന്നു. വെയിലിനെ നിവാരണം ചെയ്തു്, പിന്നെ പുഷ്പഫലാദിയെ നൽകുന്നതുപോലെ, സന്താപശമനാനന്തരം സൎവ്വേന്ദ്രിയങ്ങൾക്കും സംതൃപ്തിയേകുന്നവൻ എന്നു താല്പൎയ്യം. “അനന്യാശ്ചിന്തയന്തോ മാം യേ ജനാഃ പൎയ്യുപാസതേ തേഷാം നിത്യാഭിയുക്താനാം യോഗക്ഷേമം വഹാമ്യഹം,” എന്ന ഭഗവദ്വാക്യപ്രകാരം, ആശ്രിതന്മാരുടെ കാൎയ്യത്തിൽ മുക്തിയ്ക്കായുള്ള ഉപായംമുതൽ ഫലപൎയ്യന്തം, സൎവ്വകാൎയ്യങ്ങളേയും കയ്യേററവൻ എന്നു സാരം.

“ചതുൎവ്വിധാ ഭജന്തേ മാം ജനാഃ സുകൃതിനോഽൎജ്ജുന ആൎത്തോ ജിജ്ഞാസുരൎത്ഥാൎത്ഥീ ജ്ഞാനീ ച ഭരതൎഷഭ,” എന്ന ഗീതാവാക്യപ്രകാരം, നാലുപ്രകാരത്തിലുള്ള അധികാരങ്ങളും ഇതിൽ വിവക്ഷിക്കപ്പെട്ടിരിക്കുന്നു. “സാധൂനാം” എന്ന പദംകൊണ്ട് കൈവല്യേച്ഛുക്കളായ ‘ജിജ്ഞാ

തത് ക്ഷമം ന വിരോധസ്തേ സഹ തേന മഹാത്മനാ
ദുർജ്ജയേനാപ്രമേയേന രാമേണ രണകർമ്മസു. 21

| | | | |
|---|---|---|---|
| "തത് | "അതിനാൽ | മഹാത്മനാ | മഹാത്മാവുമായ |
| രണകർമ്മസു | യുദ്ധകൃത്യങ്ങളിൽ | തേന | ആ |
| അപ്രമേയേന, | പരാക്രമമെത്രയെന്ന് അറിവാൻ കഴിയപ്പെടാത്തവനും, | രാമേണ സഹ, | ശ്രീരാമനോടുകൂടി, |
| | | തേ | നിന്തിരുവടിക്ക് |
| | | വിരോധഃ | വിരോധമെന്നത് |
| ദുർജ്ജയേന | അജയ്യനും | ക്ഷമം ന. | നല്ലതല്ല. |

ശൂര വക്ഷ്യാമി തേ കിഞ്ചിന്ന ചേച്ഛാമ്യഭ്യസൂയിതും
ശ്രൂയതാം ക്രിയതാം ചൈവ തവ വക്ഷ്യാമി യദ്ധിതം. 22

| | | | |
|---|---|---|---|
| "ശൂര! | "ഹേ ശൂര! | യത് | യാതൊന്ന് |
| തേ | നിന്തിരുവടിയോട് | ഹിതം ച ഏവ | ഗുണകരമായതൊ അതിനെ മാത്രമാണ് |
| കിഞ്ചിത് വക്ഷ്യാമി; | ഞാൻ കുറഞ്ഞൊന്നു ഉണർത്തിക്കുന്നു; | വക്ഷ്യാമി; | ഞാൻ ഉണർത്തിക്കുന്നത്; |
| അഭ്യസൂയിതും ച | ദൂഷ്യം കല്പിപ്പാൻ | ശ്രൂയതാം | ചെവിക്കൊള്ളപ്പെടട്ടെ; |
| ഇച്ഛാമി ന; | ഞാൻ ഒരുങ്ങുകയില്ല; | ക്രിയതാം. | തിരുവുള്ളംപോലെ ചെയ്യപ്പെടട്ടെ. |
| തവ | നിന്തിരുവടിക്ക് | | |

സുഖം' വിവക്ഷിക്കപ്പെട്ടിരിക്കുന്നു. "ആപന്നാനാം" എന്ന പദംകൊണ്ട് സ്വർഗ്ഗാദി അപൂർവ്വൈശ്വര്യകാമന്മാരായ 'അർത്ഥാർത്ഥികൾ' വിവക്ഷിക്കപ്പെട്ടിരിക്കുന്നു; "ആർത്താനാം" എന്ന പദംകൊണ്ട് നഷ്ടമായിപ്പോയ ഐശ്വര്യത്തെ കാമിക്കുന്ന 'ആർത്തന്മാർ' വിവക്ഷിക്കപ്പെടുന്നു. "യശസൈ്യകഭാജനം" എന്നതുകൊണ്ട്, "ജ്ഞാനീത്വാത്മൈവ മേ മതം" എന്നപ്രകാരം ജ്ഞാനമാകുന്ന യശസ്സിന്ന് പാത്രീഭവിച്ച "ജ്ഞാനി" പറയപ്പെടുന്നു. ദുർല്ലഭത്വംകൊണ്ട്, ഈ ഒടുവിലത്തേതിന്ന് ഏകവചനപ്രയോഗം.

അഥവാ "സകൃദേവ പ്രപന്നായ തവാസ്മീതി ച യാചതേ, അഭയം സർവ്വഭൂതേഭ്യോ ദദാമ്യേതദ്വ്രതം മമ," എന്ന ശ്രീരാമവാക്യപ്രകാരം, "ആപന്നാനാം" ഈഷത്പ്രപന്നന്മാരായി, "ആർത്താനാം" ആർത്തന്മാരായ, "സാധൂനാം" ഉപാസകന്മാർക്ക്, നിവാസവൃക്ഷമായുള്ളവൻ. "ഏകഭാജനം" എന്നതിനാൽ ഏവംഭൂതനായി മററാരുമില്ലെന്നു വിവക്ഷ.

"ജ്ഞാനവിജ്ഞാനസമ്പന്നഃ," എന്നതുകൊണ്ട് ആശ്രിതഫലപ്രദാനത്തിന്ന് ഉപയുക്തമായ ജ്ഞാനസമ്പത്തി പറയപ്പെടുന്നു. ജ്ഞാനം (ലൌകികജ്ഞാനം) വിജ്ഞാനം (ശാസ്ത്രജന്യമായ ജ്ഞാനം); അഥവാ, ജ്ഞാനസ്വരൂപനായി ധർമ്മസ്വരൂപനായവൻ, എന്നുമാം.

"നിദേശേ നിരതഃ പിതുഃ" എന്നതുകൊണ്ട്, പിതൃവാക്യപരിപാലനോപലക്ഷിതമായ, സാർവ്വത്രികധർമ്മാനുഷ്ഠാനത്തിൽ അവസ്ഥിതനായവൻ, എന്നു ബോദ്ധ്യം. ഇതിൽ സൌലഭ്യം പറയപ്പെട്ടു.

"ഗുണാനാം ആകരഃ" എന്നതുകൊണ്ട് അനന്തകല്യാണഗുണസമൃദ്ധി പറയപ്പെട്ടു. "ആകരഃ" (നിധി, ഇരിപ്പിടം) എന്ന പദംകൊണ്ട് ഗുണങ്ങളുടെ അനന്തത്വം പറയപ്പെട്ടു. "മഹാൻ" എന്ന പദംകൊണ്ടു ഗുണങ്ങൾക്കും കൂടി ഉത്കർഷത്തെ കൊടുക്കുന്ന ഗുണിസ്വരൂപം പറയപ്പെട്ടു. "ധാതൂനാം" എന്നതുകൊണ്ട്, ജ്ഞാനം, ശക്തി, ബലം, ഐശ്വര്യം ഇത്യാദിയായി ഗുണങ്ങളുടെ നാനാത്വം പറയപ്പെട്ടു. "ശൈലേന്ദ്രഃ," എന്നതുകൊണ്ട് 'അപ്രകമ്പ്യത്വം' (കുലുക്കമില്ലായ്മ) പറയപ്പെട്ടു. (ഗോവിന്ദരാജീയം)].

യൌവരാജ്യേ തു സുഗ്രീവം തൂർണ്ണം സാധ്വഭിഷേചയ
വിഗ്രഹം മാ കൃഥാ വീര ഭ്രാത്രാ രാജൻ ബലീയസാ. 23

| | | | |
|---|---|---|---|
| "വീര! | "നാഥ! | രാജൻ! | രാജൻ! |
| ബലീയസാ | തക്ക സഹായിയെ പ്രാപിച്ച | സുഗ്രീവം തു | സുഗ്രീവനെ ഇപ്പോൾ |
| | | തൂർണ്ണം | വേഗത്തിൽ [തന്നെ |
| ഭ്രാത്രാ | ഭ്രാതാവുമായി | സാധു | മനഃപൂർവ്വമായി |
| വിഗ്രഹം മാ കൃഥാഃ; | കലഹിക്കാതിരുന്നാലും; | യൌവരാജ്യേ | യുവരാജ്യാധികാര |
| | | അഭിഷേചയ. | വാഴിച്ചാലും. [ത്തിൽ |

അഹം ഹി തേ ക്ഷമം മന്യേ തേന രാമേണ സൌഹൃദം
സുഗ്രീവേണ ച സംപ്രീതിം വൈരമുത്സൃജ്യ ദൂരതഃ. 24

| | | | |
|---|---|---|---|
| "തേന രാമേണ | "ആ ശ്രീരാമനുമായുള്ള | സംപ്രീതിം ച | വാത്സല്യത്തോടിരിക്കുക എന്നുള്ളതുംതന്നെയാണ് |
| സൌഹൃദം ഹി, | മൈത്രിയും | തേ | നിന്തിരുവടിക്ക് |
| വൈരം | ദ്വേഷബുദ്ധിയെ | ക്ഷമം | നല്ലതായുള്ളത് എന്ന് |
| ദൂരതഃ | തീരെ | അഹം മന്യേ ഹി. | ഞാൻ ദൃഢമായി വിശ്വസിക്കുന്നു. |
| ഉത്സൃജ്യ | വിട്ടൊഴിച്ച് | | |
| സുഗ്രീവേണ | സുഗ്രീവനുമായി | | |

ലാളനീയോ ഹി തേ ഭ്രാതാ യവീയാനേഷ വാനരഃ
തത്ര വാ സന്നിഹസ്ഥോ വാ സർവ്വഥാ ബന്ധുരേവ തേ. 25

| | | | |
|---|---|---|---|
| "ഏഷഃ | "ഈ | തത്ര സൻ വാ | ദൂരത്തിലിരിക്കുന്നവനായാലും |
| വാനരഃ, | സുഗ്രീവൻ, | ഇഹസ്ഥഃ വാ, | അടുത്തിരിക്കുന്നവനായാലും, |
| തേ | നിന്തിരുവടിക്ക് | സർവ്വഥാ | ഏതുവിധത്തിലും |
| യവീയാൻ ഭ്രാതാ; | അനുജനാണല്ലൊ; | തേ | നിന്തിരുവടിയുടെ |
| ഹി, | അകയാൽ, | ബന്ധുഃ ഏവ. | സഹോദരൻതന്നെയാണല്ലൊ. |
| ലാളനീയഃ; | ലാളിക്കപ്പെടേണ്ടവനാകുന്നു; | | |

["പിതേവ പാലയേത് പുത്രാൻ ജ്യേഷ്ഠോ ഭ്രാതൄൻ യവീയസഃ, പുത്രവച്ചാപി വർത്തേരൻ ജ്യേഷ്ഠേ ഭ്രാതരി ധർമ്മതഃ," എന്നു ജ്യേഷ്ഠൻ അനുജനെ പുത്രനെയെന്നപോലെ സംരക്ഷിക്കേണ്ടതാണെന്നു മനു ]

ന ഹി തേന സമം ബന്ധും ഭുവി പശ്യാമി കംചന
ദാനമാനാദിസത്കാരൈഃ കുരുഷ്വ പ്രത്യനന്തരം. 26

| | | | |
|---|---|---|---|
| "ഹി | "അതുകൊണ്ട് | ദാനമാനാദിസത്കാരൈഃ | രക്ഷിക്കുക, സ്നേഹിക്കുക ഇത്യാദിസത്കാരങ്ങളാൽ |
| ഭുവി, | ഈ ലോകത്തിൽ, | | |
| തേന സമം | തത്തുല്യമായ | | |
| കംചന ബന്ധും | മറെറാരു ബന്ധുവിനെ | പ്രത്യനന്തരം | തനിക്കടുത്തവനാക്കി |
| പശ്യാമി ന; | ഞാൻ അറിയുന്നില്ല; | കുരുഷ്വ. | ചെയ്തുകൊണ്ടാലും. |

വൈരമേതത്സമുത്സൃജ്യ തവ പാർശ്വേ സ തിഷ്ഠതു
സുഗ്രീവോ വിപുലഗ്രീവസ്തവ ബന്ധുഃ സദാ മതഃ. 27

| | | | |
|---|---|---|---|
| "സഃ | "അദ്ദേഹം | സുഗ്രീവഃ, | ആ സുഗ്രീവൻ, |
| ഏതത് | ഈ | സദാ | ഏതുസമയത്തും |
| വൈരം | ശത്രുത്വം | തവ | നിന്തിരുവടിക്ക് |
| സമുത്സൃജ്യ | വിട്ടൊഴിച്ച് | ബന്ധുഃ | ഉററസഹായിയാണെ |
| തവ | നിന്തിരുവടിയുടെ | | ന്നാണ് |
| പാർശ്വേ | സമീപത്തിൽ | മതഃ. | ഞാൻ വിചാരിക്കുന്ന |
| തിഷ്ഠതു; | വർത്തിക്കട്ടെ; [വനായ | | ത്." |
| വിപുലഗ്രീവഃ | വിരിഞ്ഞ കഴുത്തുള്ള- | | |

ഭ്രാതുഃ സൌഹൃദമാലംബ നാന്യാ ഗതിരിഹാസ്തി തേ. 28

| | | | |
|---|---|---|---|
| "ഭ്രാതുഃ | "സഹോദരനിൽ | തേ | നിന്തിരുവടിക്ക് |
| സൌഹൃദം | വാത്സല്യത്തെ | അന്യഥാ | വേറൊരു |
| ആലംബ; | കയ്ക്കൊള്ളുക; | | |
| ഇഹ | ഇപ്പോൾ | ഗതിഃ അസ്തി ന. | ശരണമില്ല." |

യദി തേ മത്പ്രിയം കാര്യം യദി ചാവൈഷി മാം ഹിതാം
യാച്യമാനഃ പ്രയത്നേന സാധു വാക്യം കുരുഷ്വ മേ. 29

| | | | |
|---|---|---|---|
| "തേ | "നിന്തിരുവടിക്ക് | യാച്യമാനഃ, | എന്നാൽ അഭ്യർത്ഥിക്ക |
| മത്പ്രിയം | ഞാൻ ഇഷ്ടപ്പെടുന്നത് | | പ്പെട്ട നിന്തിരുവടി |
| കാര്യം യദി, | ചെയ്യപ്പെടേണ്ടതാ | മേ | എന്റെ |
| | ണെന്നിരുന്നാൽ | വാക്യം | അപേക്ഷയെ |
| മാം | എന്നെ [നും | പ്രയത്നേന | താല്പര്യത്തോടെ |
| ഹിതാം ച | ഗുണകാംക്ഷിയാണെ- | സാധു | നന്മയെന്ന് |
| അവൈഷി യദി | അറിയുന്നുണ്ടെങ്കിൽ | കുരുഷ്വ. | സ്വീകരിച്ചരുളിയാലും." |

പ്രസീദ പഥ്യം ശൃണു ജല്പിതം ഹി മേ
ന രോഷമേവാനുവിധാതുമർഹസി
ക്ഷമോ ഹി തേ കോസലരാജസൂനുനാ
ന വിഗ്രഹഃ ശക്രസമാനതേജസാ. 30

| | | | |
|---|---|---|---|
| "പ്രസീദ! | "പ്രസാദിക്കണമെ! | ഹി | എന്തെന്നാൽ |
| മേ | എന്റെ | ശക്രസമാന- } | ഇന്ദ്രനുതുല്യമായ |
| പഥ്യം | ഹിതകരമായ | തേജസാ } | ശൌര്യം കയ്ക്കൊണ്ടവ |
| ജല്പിതം | വാക്യത്തെ | തേ, | നിന്തിരുവടിക്ക് [നായ |
| ശൃണു; | ചെവിക്കൊണ്ടാലും; | കോസല- } | കോസലരാജകുമാരനു |
| രോഷം | കോപത്തെ | രാജസൂനുനാ } | മായി |
| അനുവിധാതും } | നിരന്തരംകയ്ക്കൊൾ | വിഗ്രഹഃ | കലഹിക്കുക എന്നത് |
| ഏവ } | വാൻ | ക്ഷമഃ ന, | ഉചിതമല്ല, |
| അർഹസി ന; | പാടുള്ളതല്ല; | ഹി." | നിശ്ചയംതന്നെ." |

[ഇന്ദ്രപുത്രനായ ബാലിക്ക് ഇന്ദ്രതുല്യതയുണ്ടെന്നാലും, സർവ്വശക്തനായ ശ്രീരാമനുമായി കലഹിപ്പാനുള്ള പ്രാഭവമില്ലെന്നു സാരം. "ശക്രസമാനതേജസാ കോസലരാജസൂനുനാ" എന്നും എടുക്കാം.]

തദാ ഹി താരാ ഹിതമേവ വാക്യം
തം വാലിനം പത്ഥ്യമിദം ബഭാഷേ
ന രോചതേ തദ്വചനം ഹി തസ്യ
കാലാഭിപന്നസ്യ വിനാശകാലേ. 31

| | | | |
|---|---|---|---|
| തദാ | ആ സമയം | ബഭാഷേ ; | ഉണൎത്തിച്ചു ; |
| താരാ ഹി, | താരതന്നെ | വിനാശകാലേ, | നാശകാലമാകയാൽ, |
| തം വാലിനം, | ആ ബാലിയോടായി | കാലാഭി-പന്നസ്യ | കാലപാശത്തിൽ കുടുങ്ങിയ |
| ഇദം | മേൽപ്രകാരം | തസ്യ ഹി, | അവന്നാകട്ടെ, |
| ഹിതം | ന്യായയുക്തവും | തത് വചനം | ആ വാക്യം |
| പത്ഥ്യം ഏവ | ക്ഷേമകരവുംആയ | ന രോചതേ. | രുചിക്കയുണ്ടായില്ല. |
| വാക്യം | വാക്യത്തെ | | |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ പഞ്ചദശഃ സൎഗ്ഗഃ = പതിനഞ്ചാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 9923; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 671.

## ഷോഡശഃ സൎഗ്ഗഃ = പതിനാറാംസൎഗ്ഗം.

[വാലിവധഃ = ബാലിയുടെ വധം.]

താമേവം ബ്രുവതീം താരാം താരാധിപനിഭാനനാം
വാലീ നിൎഭൎത്സയാമാസ വചനം ചേദമബ്രവീത്. 1

| | | | |
|---|---|---|---|
| വാലീ | ബാലി | നിൎഭൎത്സയാ-മാസ ; | നിരസിച്ചു ; |
| ഏവം | മേൽപ്രകാരം | താം | അവളോടായി |
| ബ്രുവതീം | പറഞ്ഞുകൊണ്ടിരുന്ന | ഇദം | ഇപ്രകാരം |
| താരാധിപ-നിഭാനനാം | മതിനേർമുഖിയായ | വചനം ച | വാക്യത്തേയും |
| താരാം | താരയെ | അബ്രവീത്. | പറഞ്ഞു. |

ഗൎജ്ജതോഽസ്യ സുസംരബ്ധം ഭ്രാതുഃ ശത്രോൎവ്വിശേഷതഃ
മൎഷയിഷ്യാമ്യഹം കേന കാരണേന വരാനനേ. 2

| | | | |
|---|---|---|---|
| " വരാനനേ ! | " ശുഭാനനേ ! | അസ്യ | ഇവന്റെ |
| ഗൎജ്ജതഃ | ധിക്കരിച്ചു് ഗൎജ്ജിക്കുന്ന | സുസംരബ്ധം | ഈ അഹംഭാവത്തെ |
| ഭ്രാതുഃ, | അനുജനും, | അഹം | ഞാൻ |
| വിശേഷതഃ | അതിലും വിശേഷിച്ചു്, | കേന | എന്തു |
| ശത്രോഃ | ശത്രുവുമായ | കാരണേന | കാരണം കൊണ്ടാണു് |
| | | മൎഷയിഷ്യാമി. | പൊറുത്തിരിക്കേണ്ടതു് ? |

അധൎഷിതാനാം ശൂരാണാം സമരേഷ്വനിവൎത്തിനാം
ധൎഷണാമൎഷണം ഭീരു മരണാദതിരിച്യതേ. 3

| | | | |
|---|---|---|---|
| "ഭീരു! | "അല്ലേ ഭീരു! | ശൂരാണാം | വീരന്മാൎക്ക് |
| സമരേഷു | പോരിൽ | ധൎഷണാമൎഷണം | അപമാനത്തെ സഹിച്ചിരിക്കുകയെന്നതു |
| അനിവൎത്തിനാം | പിന്തിരിയാത്തവരായി, | | |
| അധൎഷിതാനാം | പരാജയമെന്തെന്നറിയാത്തവരായ | മരണാത് | മരണത്തെക്കാളും |
| | | അതിരിച്യതേ. | കഠിനമായതാണ്. |

സോഢും ന ച സമൎത്ഥോഽഹം യുദ്ധകാമസ്യ സംയുഗേ
സുഗ്രീവസ്യ ച സംരംഭം ഹീനഗ്രീവസ്യ ഗൎജ്ജതഃ. 4

| | | | |
|---|---|---|---|
| "യുദ്ധകാമസ്യ | "യുദ്ധംകൊതിച്ചു് | സംയുഗേ | പോരിൽ |
| ഗൎജ്ജതഃ | ഗൎജ്ജിക്കുന്ന | സോഢും | ക്ഷമിച്ചിരിപ്പാൻ |
| ഹീനഗ്രീവസ്യ | കോല്ക്കഴുത്തനായ | അഹം ച | ഞാൻ മാത്രം |
| സുഗ്രീവസ്യ | ആ സുഗ്രീവന്റെ | | |
| സംരംഭം ച | ഈ ആൎഭാടത്തെ | സമൎത്ഥഃ ന. | വഴിപ്പെടുന്നതല്ല. |

["ഹീനഗ്രീവൻ (നിന്ദ്യമായ കഴുത്തുള്ളവൻ) എന്നു് ക്രോധംകൊണ്ടു പറയുന്ന വാക്കാകുന്നു]

ന ച കാൎയ്യോ വിഷാദസ്തേ രാഘവം പ്രതി മത്കൃതേ
ധൎമ്മജ്ഞശ്ച കൃതജ്ഞശ്ച കഥം പാപം കരിഷ്യതി. 5

| | | | |
|---|---|---|---|
| "മത്കൃതേ | "എന്റെ സംഗതിയിൽ | കൃതജ്ഞഃ ച | ധൎമ്മത്തെമാത്രം അനുഷ്ഠിക്കുന്നവനുമായ അദ്ദേഹം |
| രാഘവം പ്രതി | ശ്രീരാഘവനെ വിചാരിച്ചു് | | |
| തേ | നിണക്ക് | | |
| വിഷാദഃ ച | യാതൊരു വിചാരവും | പാപം | ചെയ്യാൻ പാടില്ലാത്ത കൃത്യത്തെ |
| കാൎയ്യഃ ന; | ആവശ്യമില്ല; | | |
| ധൎമ്മജ്ഞഃ ച | ധൎമ്മങ്ങളെ നല്ലപോലെ അറിയുന്നവനും | കഥം കരിഷ്യതി? | ചെയ്കയുണ്ടാകുമോ? |

നിവൎത്തസ്വ സഹ സ്ത്രീഭിഃ കഥം ഭൂയോഽനുഗച്ഛസി
സൌഹൃദം ദൎശിതം താരേ മയി ഭക്തിഃ കൃതാ ത്വയാ. 6

| | | | |
|---|---|---|---|
| "താരേ! | "താരേ! | മയി | എന്നിലുള്ള |
| കഥം | എന്തിന്നാണ് | ഭക്തിഃ | ഭക്തിയും |
| ഭൂയഃ | ഇനിയും | ത്വയാ | നിന്നാൽ |
| അനുഗച്ഛസി? | നീ കൂടെവരുന്നതു്? | കൃതാ; | വിശദമാക്കപ്പെട്ടു; |
| സൌഹൃദം | നിന്റെ സൽബുദ്ധി | സ്ത്രീഭിഃ സഹ | മററു സ്ത്രീകളോടുംകൂടി |
| ദൎശിതം; | നല്ലപോലെ കാണിക്കപ്പെട്ടു; | നിവൎത്തസ്വ. | മടങ്ങിച്ചെല്ലുക. |

പ്രതിയോത്സ്യാമ്യഹം ഗത്വാ സുഗ്രീവം ജഹി സംഭ്രമം
ദർപ്പം ചാസ്യ വിനേഷ്യാമി ന ച പ്രാണൈർവ്വിമോക്ഷ്യതേ. 7

| | |
|---|---|
| "അഹം | "ഞാൻ |
| ഗത്വാ, | ചെന്നു്, |
| സുഗ്രീവം | സുഗ്രീവനുമായി |
| പ്രതിയോത്സ്യാമി; | എതിൎത്തുപൊരുതുവാൻ പോകുന്നു; |
| അസ്യ | ഇവന്റെ |
| ദർപ്പം ച | ഗർവ്വത്തെമാത്രം |
| വിനേഷ്യാമി; | അടക്കിയേക്കാം; |
| സംഭ്രമം ജഹി; | ഒട്ടും അന്ധാളിക്കേണ്ട; |
| പ്രാണൈഃ ച വിമോക്ഷ്യതേ ന | അവന്നു ജീവഹാനി വരുത്തുകയില്ല. |

അഹം ഹ്യാജിസ്ഥിതസ്യാസ്യ കരിഷ്യാമി യഥേപ്സിതം
വൃക്ഷൈർമ്മുഷ്ടിപ്രഹാരൈശ്ച പീഡിതഃ പ്രതിയാസ്യതി. 8

| | |
|---|---|
| "ആജിസ്ഥിതസ്യ | "യുദ്ധത്തിൽ എതിൎത്തുനില്ക്കുന്ന |
| അസ്യ, | ഇവനുമായി, |
| യഥേപ്സിതം ഹി | നിന്റെ ഇഷ്ടപ്രകാരം (ജീവഹാനി വരുത്താതെ) മാത്രമെ |
| അഹം | ഞാൻ |
| കരിഷ്യാമി; | പോർചെയ്യുകയുള്ളു; |
| വൃക്ഷൈഃ | വൃക്ഷങ്ങൾകൊണ്ടും |
| മുഷ്ടിപ്രഹാരൈഃ ച | മുഷ്ടികൊണ്ടുള്ള ഇടികൾകൊണ്ടും |
| പീഡിതഃ | പീഡിക്കപ്പെട്ടവനായി |
| പ്രതിയാസ്യതി. | അവൻ പിന്തിരിഞ്ഞോടിക്കൊള്ളും. |

ന മേ ഗർവ്വിതമായസ്തം സഹിഷ്യതി ദുരാത്മവാൻ
കൃതം താരേ സഹായത്വം സൌഹൃദം ദർശിതം മയി. 9

| | |
|---|---|
| "ദുരാത്മവാൻ | "ദുഷ്ടാത്മാവായ അവൻ |
| ഗർവ്വിതം | അവന്റെ മദത്താൽ വർദ്ധിച്ചതായ |
| മേ | എന്റെ |
| ആയസ്തം | മുഷ്കിനെ |
| സഹിഷ്യതി ന; | താങ്ങുകയില്ല; |
| താരേ! | താരെ! |
| സഹായത്വം | നിന്നാൽ ചെയ്യപ്പെടേണ്ടതായ സഹായം |
| കൃതം; | ചെയ്യപ്പെട്ടു; |
| മയി | എന്നിലുള്ള |
| സൌഹൃദം | വാത്സല്യവും |
| ദർശിതം. | പ്രദർശിക്കപ്പെട്ടു. |

["ഞാൻ അവനോടു മര്യാദയായി പെരുമാറുന്നതായാൽ, എന്റെ ആ സമാധാന പ്രവൃത്തിയെ (ആയസ്തം), അവൻ ഗർവ്വംകൊണ്ടു് ഒട്ടും വകവെക്കുകയില്ല. നി അവനുംവേണ്ടി ചെയ്യേണ്ട സഹായം ചെയ്തുകഴിഞ്ഞു." എന്നിങ്ങിനെ, "ദാനമാനാദിസൽകാരൈഃ കുരുഷ്വ പ്രത്യനന്തരം" എന്ന താരയുടെ വാക്യത്തെ നിരസിക്കുന്നു. (ശിരോമണി)]

ശാപിതാഽസി മമ പ്രാണൈർന്നിവർത്തസ്വ ജയേന ച
അഹം ജിത്വാ നിവർത്തിഷ്യേ തമഹം ഭ്രാതരം രണേ. 10

| | |
|---|---|
| "മമ | "എന്റെ |
| പ്രാണൈഃ | പ്രാണങ്ങളെത്തൊട്ടും |
| ജയേന ച | ജയത്തെത്തൊട്ടും, |
| ശാപിതാ അസി; | ആണയിട്ടു് നിന്നോടു് ഞാൻ ആവശ്യപ്പെട്ടുന്നു; |
| നിവർത്തസ്വ; | നീ തിരിയെ പോവുക; |
| അഹം | ഞാൻ |
| രണേ | പോരിൽ |
| തം | ആ |
| ഭ്രാതരം | ഭ്രാതാവിനെ |
| ജിത്വാ | വെന്നു്, |
| അഹം | ഞാൻ |
| നിവർത്തിഷ്യേ. | മടങ്ങിവരുന്നുണ്ടു്. |

തം തു താരാ പരിഷ്വജ്യ വാലിനം പ്രിയവാദിനീ
ചകാര രുദതീ മന്ദം ദക്ഷിണാ സാ പ്രദക്ഷിണം. 11

| | | | |
|---|---|---|---|
| "ദക്ഷിണാ | "സമഭാവനയുള്ളവളും | തം | ആ |
| പ്രിയവാദിനീ | മൃദുഭാഷിണിയുമായ | വാലിനം | ബാലിയെ |
| സാ താരാ, | ആ താര, | പരിഷ്വജ്യ | പുണൎന്ന് |
| തു | ഈ കാൎയ്യത്തിൽ | രുദതി | കരഞ്ഞുകൊണ്ടുതന്നെ |
| മന്ദം | പറഞ്ഞതിനെ ഗ്രഹിക്കാതിരുന്ന | പ്രദക്ഷിണം | പ്രദക്ഷിണം |
| | | ചകാര. | ചെയ്തു. |

["മന്ദം പ്രദക്ഷിണം ചകാര" (മെല്ലെ പ്രദക്ഷിണം ചെയ്തു) എന്ന അൎത്ഥം സ്പഷ്ടം].

തതഃ സ്വസ്ത്യയനം കൃത്വാ മന്ത്രവദ്വിജയൈഷിണീ
അന്തഃപുരം സഹ സ്ത്രീഭിഃ പ്രവിഷ്ടാ ശോകമോഹിതാ. 12

| | | | |
|---|---|---|---|
| തതഃ | അനന്തരം | സ്വസ്ത്യയനം | ദൈവപ്രാൎത്ഥനയെ |
| ശോകമോഹിതാ | ശോകത്താൽ മതിമറന്നവളായ അവൾ | കൃത്വാ, | ചെയ്തശേഷം, |
| വിജയൈഷിണീ | ഇവന്ന് വിജയത്തെ പ്രാൎത്ഥിക്കുന്നവളായി | സ്ത്രീഭിഃ സഹ | മററു സ്ത്രീകളോടുകൂടി |
| മന്ത്രവത് | വിധിപോലെ | അന്തഃപുരം | അന്തഃപുരത്തിൽ |
| | | പ്രവിഷ്ടാ. | പ്രവേശിച്ചു. |

പ്രവിഷ്ടായാം തു താരായാം സഹ സ്ത്രീഭിഃ സ്വമാലയം
നഗരാന്നിൎയ്യയൗ ക്രുദ്ധോ മഹാസൎപ്പ ഇവ ശ്വസൻ. 13

| | | | |
|---|---|---|---|
| താരായാം | താര | ഇവ | എന്നപോലെ |
| സ്ത്രീഭിഃ സഹ | സപത്നിമാരോടുംകൂടി | ശ്വസൻ, | ചീറിക്കൊണ്ട്, |
| സ്വം | തന്റെ | ക്രുദ്ധഃ | ക്രോധാവിഷ്ടനായ അവൻ |
| ആലയം | അരമനയിലേക്ക് | | |
| പ്രവിഷ്ടായാം തു | പോയതിൽപിന്നെ | നഗരാത് | നഗരത്തിൽനിന്ന് |
| മഹാസൎപ്പഃ | മഹാസൎപ്പം | നിൎയ്യയൗ. | നിൎഗ്ഗമിച്ചു. |

സ നിശ്വസ്യ മഹാവേഗോ വാലീ പരമരോഷണഃ
സൎവ്വതശ്ചാരയൻ ദൃഷ്ടിം ശത്രുദൎശനകാംക്ഷയാ. 14

| | | | |
|---|---|---|---|
| സഃ | ആ | മഹാവേഗഃ | അതിവേഗത്തിൽ |
| വാലീ, | ബാലി, | നിശ്വസ്യ, | നെടുവീൎപ്പിട്ടുകൊണ്ട് |
| പരമരോഷണഃ | അതികുപിതനായി | സൎവ്വതഃ | എങ്ങും |
| ശത്രുദൎശനകാംക്ഷയാ | ശത്രുവിനെ കണ്ടുകിട്ടുവാനുള്ള ആഗ്രഹത്തോടെ | ദൃഷ്ടിം | ദൃഷ്ടിയെ |
| | | ചാരയൻ. | വ്യാപരിപ്പിച്ചു. |

സ ദദർശ തതഃ ശ്രീമാൻ സുഗ്രീവം ഹേമപിംഗളം
സുസംവീതമവഷ്ടബ്ധം ദീപ്യമാനമിവാനലം. 15

| | |
|---|---|
| ഹേമപിംഗളം | സ്വർണ്ണനിറമാർന്നവനും, |
| ദീപ്യമാനം | ഉജ്ജ്വലിക്കുന്ന |
| അനലം | അഗ്നിയെ |
| ഇവ | പോലെയിരിക്കുന്നവ |
| സുസംവീതം | കച്ചകെട്ടി [നും, |
| അവഷ്ടബ്ധം | ഉറച്ചു നിന്നിരുന്നവനു |
| സുഗ്രീവം, | സുഗ്രീവനെ [മായ |
| സഃ ശ്രീമാൻ | ആ ശ്രീമാനായ ബാലി |
| തതഃ | ആ സമയം |
| ദദർശ. | കണ്ടു. |

തം സ ദൃഷ്ട്വാ മഹാവീര്യഃ സുഗ്രീവം പര്യവസ്ഥിതം
ഗാഢം പരിദധേ വാസോ വാലീ പരമരോഷണഃ. 16

| | |
|---|---|
| മഹാവീര്യഃ | അതി വീര്യവാനായ |
| സഃ വാലീ, | ആ ബാലി, |
| തം സുഗ്രീവം | ആ സുഗ്രീവനെ |
| പര്യവസ്ഥിതം | യുദ്ധസന്നദ്ധനായി നില്ക്കുന്നതു |
| ദൃഷ്ട്വാ, | കണ്ടു്, |
| പരമരോഷണഃ | അതികുപിതനായി |
| വാസഃ | വസ്ത്രത്തെ |
| ഗാഢം | മുറുകെ |
| പരിദധേ. | ചുററിക്കെട്ടി. |

സ വാലീ ഗാഢസംവീതോ മുഷ്ടിമുദ്യമ്യ വീര്യവാൻ
സുഗ്രീവമേവാഭിമുഖോ യയൌ യോദ്ധും കൃതക്ഷണഃ, 17

| | |
|---|---|
| ഗാഢസംവീതഃ | കച്ചകെട്ടി മുറുക്കിയ |
| സഃ വീര്യവാൻ | ആ വീര്യശാലിയായ |
| വാലീ, | ബാലി, |
| സുഗ്രീവം ഏവ | സുഗ്രീവനെമാത്രം |
| അഭിമുഖഃ, | എതിരെ കാണുന്നവനായി, |
| കൃതക്ഷണഃ, | തക്കസമയമെന്നുറച്ചു്, |
| മുഷ്ടിം ഉദ്യമ്യ | കൈചുരുട്ടിഓങ്ങിക്കൊണ്ടു് |
| യോദ്ധും | പോരാടുവാൻ |
| യയൌ. | കുതിച്ചുചെന്നു. |

ശ്ലിഷ്ടമുഷ്ടിം സമുദ്യമ്യ സംരബ്ധതരമാഗതഃ
സുഗ്രീവോഽപി സമുദ്ദിശ്യ വാലിനം ഹേമമാലിനം. 18

| | |
|---|---|
| സുഗ്രീവഃ അപി | സുഗ്രീവനും |
| ഹേമമാലിനം | പൊൻമാലയണിഞ്ഞിരുന്ന |
| വാലിനം, | ബാലിയെ, |
| സമുദ്ദിശ്യ | ലക്ഷ്യമാക്കി |
| ശ്ലിഷ്ടമുഷ്ടിം | മുറുകെച്ചുരുട്ടിപ്പിടിച്ച കയ്യിനെ |
| സമുദ്യമ്യ, | ഓങ്ങിക്കൊണ്ടു്, |
| സംരബ്ധതരം | വർദ്ധിച്ചകോപത്തെ |
| ആഗതഃ. | കൈക്കൊണ്ടു. |

തം വാലീ ക്രോധതാമ്രാക്ഷഃ സുഗ്രീവം രണപണ്ഡിതം
ആപതന്തം മഹാവേഗമിദം വചനമബ്രവീത്. 19

| | |
|---|---|
| വാലീ, | ബാലി, |
| രണപണ്ഡിതം | യുദ്ധവിദഗ്ദ്ധനും |
| മഹാവേഗം | അതിവേഗതയോടെ |
| ആപതന്തം | നേരിട്ടെതിക്കുന്നവനു |
| തം | ആ [മായ |
| സുഗ്രീവം | സുഗ്രീവനെനോക്കി |
| ക്രോധ-താമ്രാക്ഷഃ | കോപത്താൽ ചുവന്ന കണ്ണുകളോടുകൂടിയവ |
| ഇദം വചനം | ഇപ്രകാരം [നായി |
| അബ്രവീത്. | പറഞ്ഞു. |

ഏഷ മുഷ്ടിർമ്മയാ ബദ്ധോ ഗാഢഃ സന്നിഹിതാംഗുലിഃ
മയാ വേഗവിമുക്തസ്തേ പ്രാണാനാദായ യാസ്യതി. 20

| | | | |
|---|---|---|---|
| "സന്നി-ഹിതാംഗുലിഃ | "വിരലുകളെല്ലാം തിങ്ങുമാറു് | മയാ | എന്നാൽ, |
| മുഷ്ടിഃ | ഈ മുഷ്ടി | വേഗവിമുക്തഃ | ഊക്കോടെ പ്രയോഗിക്കപ്പെടുന്ന ഇതു് |
| ഗാഢഃ | ദൃഢമായി | തേ | നിന്റെ |
| ഏഷഃ മയാ | ഇതാ എന്നാൽ | പ്രാണാൻ | പ്രാണങ്ങളെ |
| ബദ്ധഃ; | ചുരുട്ടിപ്പിടിക്കപ്പെട്ടു കഴിഞ്ഞു; | ആദായ യാസ്യതി." | കൊണ്ടു പോയ്ക്കളയും." |

ഏവമുക്തസ്തു സുഗ്രീവഃ ക്രുദ്ധോ വാലിനമബ്രവീത്
തവൈവ ചാഹരൻ പ്രാണാന്മുഷ്ടിഃ പതതു മൂർദ്ധനി. 21

| | | | |
|---|---|---|---|
| ഏവം ഉക്തഃ | ഇപ്രകാരം പറയപ്പെട്ട | തവ മൂർദ്ധനി, | നിന്റെ തലയിൽ, |
| സുഗ്രീവഃ തു | സുഗ്രീവനും | പ്രാണാൻ | പ്രാണങ്ങളെ |
| ക്രുദ്ധഃ, | ക്രുദ്ധനായി, | ആഹരൻ ച | കവൎന്നുകൊണ്ടു് |
| വാലിനം | ബാലിയോടായി, | പതതു" | പതിക്കട്ടെ," എന്നു് |
| "മുഷ്ടിഃ ഏവ | "ഈ എന്റെ മുഷ്ടിയും | അബ്രവീത്. | ധിക്കരിച്ചു പറഞ്ഞു. |

താഡിതസ്തേന സംക്രുദ്ധഃ സമഭിഗമ്യ വേഗിതഃ
അഭവച്ഛോണിതോദ്ഗാരീ സോത്പീഡ ഇവ പൎവ്വതഃ. 22

| | | | |
|---|---|---|---|
| സംക്രുദ്ധഃ | ക്രുദ്ധിച്ചു് | താഡിതഃ, | ഇടിക്കപ്പെട്ടവനായി, |
| സമഭിക്രമ്യ വേഗിതഃ, | ഊക്കോടെ പാഞ്ഞടുത്ത ആ സുഗ്രീവൻ, | സോത്പീഡഃ | അരുവികളാൎന്ന |
| | | പൎവ്വതഃ ഇവ, | പൎവ്വതംപോലെ, |
| തേന | ആ ബാലിയാൽ | ശോണിതോദ്-ഗാരീ അഭവത്. | ചോരകക്കിത്തുടങ്ങി. |

["സമഭിക്രമ്യ" (ദ്വന്ദ്വയുദ്ധമൎയ്യാദയെ അതിക്രമിച്ചു്) എന്നു തീൎത്ഥീയം, "ധിരഃ പ്രവൎത്ത തേ പൂൎവ്വം, ധിക്കൎത്താ തദനന്തരം സമയോഽയം ദ്വന്ദ്വയുദ്ധേ," എന്നിങ്ങിനെ ധിക്കരിക്കുന്നവൻ ആദ്യം ദ്വന്ദ്വയുദ്ധം തുടങ്ങുവാൻ പാടില്ലെന്നു മൎയ്യാദ.]

സുഗ്രീവേണ തു നിഃസംഗം സാലമുത്പാട്യ തേജസാ
ഗാത്രേഷ്വഭിഹതോ വാലീ വജ്രേണേവ മഹാഗിരിഃ. 23

| | | | |
|---|---|---|---|
| തു, | അപ്രകാരമിരുന്നിട്ടും, | ഉത്പാട്യ, | പറിച്ചെടുത്തു്, |
| വാലീ, | ബാലി, | മഹാഗിരിഃ | ഒരു വൻമല |
| സുഗ്രീവേണ | സുഗ്രീവനാൽ, | വജ്രേണ ഇവ, | വജ്രായുധത്താൽ എന്നപോലെ, |
| തേജസാ | ഊക്കോടെ | | |
| സാലം | ഒരു സാലവൃക്ഷത്തെ | ഗാത്രേഷു അഭിഹതഃ. | ദേഹത്തിൽ തിരിച്ചും മറിച്ചും അടിക്കപ്പെട്ടു. |
| നിഃസംഗം | വേരോടുകൂടി | | |

സ തു വാലീ പ്രചലിതഃ സാലതാഡനവിഹ്വലഃ
ഗുരുഭാരസമാക്രാന്തോ നൌസാൎത്ഥ ഇവ സാഗരേ. 24

| | | | |
|---|---|---|---|
| സഃ | ആ | ഗുരുഭാരസമാക്രാന്തഃ | അതിയായ ഭാരത്തോടുകൂടി അങ്ങുമിങ്ങുമുലയുന്ന |
| വാലീ തു, | ബാലിയും, | നൌസാൎത്ഥഃ | വലിയകപ്പൽ |
| സാലതാഡനവിഹ്വലഃ, | സാലപ്രഹരമേററു് അവശനായി, | ഇവ, | എന്നപോലെ, |
| സാഗരേ | സമുദ്രത്തിൽ | പ്രചലിതഃ. | തുള്ളി ആടിത്തുടങ്ങി. |

തൌ ഭീമബലവിക്രാന്തൌ സുപൎണ്ണാനിലവേഗിതൌ
പ്രവൃദ്ധൌ ഘോരവപുഷൌ ചന്ദ്രസൂൎയ്യാവിവാംബരേ. 25
പരസ്പരമമിത്രഘ്നൌ ഛിദ്രാന്വേഷണതത്പരൌ. 26

| | | | |
|---|---|---|---|
| ഭീമബലവിക്രാന്തൌ | കടുതായ ബലപൌരുഷങ്ങളാൎന്നവരും | പരസ്പരം | അന്യോന്യം |
| അമിത്രഘ്നൌ | ശത്രുക്കളെ നശിപ്പിക്കുന്നവരും | ഛിദ്രാന്വേഷണതത്പരൌ | പഴുതുനോക്കുന്നതിൽ ശ്രദ്ധയോടുകൂടിയവരായി |
| അംബരേ | ആകാശത്തിൽ | സുപൎണ്ണാനിലവേഗിതൌ | ഗരുഡനും വായുവിനും തുല്യമായ വേഗതയോടെ |
| ചന്ദ്രസൂൎയ്യൌ ഇവ | (വെളുത്ത വാവിലെ) ചന്ദ്രസൂൎയ്യന്മാരെന്നപോലിരിക്കുന്നവരുമായ | ഘോരവപുഷൌ | ഭയങ്കരരൂപികളായി |
| തൌ | അവരിരുവരും | പ്രവൃദ്ധൌ. | വൎദ്ധിച്ചു. |

[“ചന്ദ്രസൂൎയ്യന്മാർ” എന്നു പറഞ്ഞതിൽനിന്നു്, അത്യുഗ്രനായ ബാലിയുടെ നാശം സൂചിപ്പിക്കപ്പെടുന്നു.]

തതോഽവൎദ്ധത വാലീ തു ബലവീൎയ്യസമന്വിതഃ. 27

| | | | |
|---|---|---|---|
| തതഃ | അനന്തരം | ബലവീൎയ്യസമന്വിതഃ | ബലപൌരുഷയുക്തനായി |
| വാലീ തു, | ബാലിയും, | അവൎദ്ധത. | ഉത്സാഹംകൊണ്ടു വൎദ്ധിച്ചു. |

സൂൎയ്യപുത്രോ മഹാവീൎയ്യഃ സുഗ്രീവഃ പരിഹീയതേ. 28

| | | | |
|---|---|---|---|
| മഹാവീൎയ്യഃ | അതിവീൎയ്യവാനും | സുഗ്രീവഃ, | സുഗ്രീവൻ, |
| സൂൎയ്യപുത്രഃ | സൂൎയ്യാത്മജനുമായ | പരിഹീയതേ. | ക്ഷീണിച്ചുതുടങ്ങി. |

വാലിനാ ഭഗ്നദൎപ്പസ്തു സുഗ്രീവോ മന്ദവിക്രമഃ
വാലിനം പ്രതി സാമൎഷോ ദൎശയാമാസ ലാഘവം. 29

| | | | |
|---|---|---|---|
| വാലിനാ, | ബാലിയാൽ, | സാമൎഷഃ തു | അക്ഷമനായി, |
| ഭഗ്നദൎപ്പഃ | ഗൎവ്വമടക്കപ്പെട്ടു് | വാലിനം പ്രതി | ബാലിയുടെ നേരെ, |
| മന്ദവിക്രമഃ | പരാക്രമം കുറഞ്ഞവനായ | ലാഘവം | തന്റെ സാമൎത്ഥ്യത്തെ മുഴുവനും |
| സുഗ്രീവഃ, | സുഗ്രീവൻ, | ദൎശയാമാസ. | പ്രകടിപ്പിച്ചു. |

बालि-सुग्रीव-युद्ध



बहु छल बल सुग्रीव कर हियँ हारा भय मानि । मारा बालि राम तब हृदय माझ सर तानि ॥

GITA PRESS, GORAKHPUR.

No. 474.

വൃക്ഷൈഃ സശാഖൈഃ സശിഖൈർവ്വജ്രകോടിനിഭൈർന്നഖൈഃ
മുഷ്ടിഭിർജ്ജാനുഭിഃ പദ്ഭിർബ്ബാഹുഭിശ്ച പുനഃ പുനഃ
തയോര്യുദ്ധമഭൂദ്ഘോരം വൃത്രവാസവയോരിവ. 30

| | | | |
|---|---|---|---|
| വൃത്ര-വാസവയോഃ | വൃത്രാസുരനും ഇന്ദ്രനും തമ്മിൽ | നഖൈഃ, | നഖങ്ങൾകൊണ്ടും, |
| ഇവ | എന്നപോലെ | മുഷ്ടിഭിഃ, | മുഷ്ടികൾകൊണ്ടും, |
| തയോഃ, | അവരിരുവർക്കുംതമ്മിൽ | ജാനുഭിഃ, | മുഴങ്കാലുകൾകൊണ്ടും, |
| സശാഖൈഃ | കൊമ്പുള്ളവയും | പദ്ഭിഃ, | കാലുകൾകൊണ്ടും, |
| സശിഖൈഃ | ചില്ലകളുള്ളവയും ആയ | ബാഹുഭിഃ ച, | കൈകൾകൊണ്ടും, |
| വൃക്ഷൈഃ | വൃക്ഷങ്ങളെക്കൊണ്ടും, | പുനഃ പുനഃ | മാറിമാറി |
| വജ്രകോടി-നിഭൈഃ | വജ്രമുനകൾക്കൊത്ത | ഘോരം | അതിഘോരമായ |
| | | യുദ്ധം അഭൂത്. | യുദ്ധം സംഭവിച്ചു. |

തൌ ശോണിതാക്തൌ യുദ്ധ്യേതാം വാനരൌ വനചാരിണൌ
മേഘാവിവ മഹാശബ്ദൈസ്തർജ്ജയാനൌ പരസ്പരം. 31

| | | | |
|---|---|---|---|
| വനചാരിണൌ | വനത്തിൽ സഞ്ചരിക്കുന്ന | ഇവ, | എന്നപോലെ, |
| വാനരൌ | വാനരന്മാരായ | മഹാശബ്ദൈഃ | അട്ടഹാസങ്ങളാൽ |
| തൌ, | അവരിരുവരും, | പരസ്പരം | അന്യോന്യം |
| ശോണി-താക്തൌ, | രക്തംപുരണ്ടു്, | തർജ്ജയാനൌ | ഭീഷണിപ്പെടുത്തിക്കൊണ്ടു് |
| മേഘൌ | രണ്ടുമേഘങ്ങൾ | യുദ്ധ്യേതാം. | പൊരുതി. |

ഹീയമാനമഥോഽപശ്യത് സുഗ്രീവം വാനരേശ്വരം
വീക്ഷമാണം ദിശശ്ചൈവ രാഘവഃ സ മുഹുർമ്മുഹുഃ. 32

| | | | |
|---|---|---|---|
| സഃ രാഘവഃ, | ആ ശ്രീരാഘവൻ, | ദിശഃ ച | നാലുപുറവും |
| അഥോ, | ആസമയം | മുഹുഃ മുഹുഃ | കൂടെക്കൂടെ |
| വാനരേശ്വരം | വാനരവീരനായ | വീക്ഷമാണം ഏവ | മിഴിച്ചുനോക്കുന്നവനായും |
| സുഗ്രീവം | സുഗ്രീവനെ | | |
| ഹീയമാനം, | തളരുന്നവനായും, | അപശ്യത്. | വീക്ഷിച്ചു. |

തതോ രാമോ മഹാതേജാ ആർത്തം ദൃഷ്ട്വാ ഹരീശ്വരം
ശരം ച വീക്ഷതേ വീരോ വാലിനോ വധകാരണാത്. 33

| | | | |
|---|---|---|---|
| മഹാതേജാഃ | അമാനുഷപ്രഭാവയുക്തനും | ദൃഷ്ട്വാ, | കണ്ടു്, |
| വീരഃ ച | വീരനുമായ | തതഃ | അതിനാൽ |
| രാമഃ, | ശ്രീരാമൻ, | വാലിനഃ | ബാലിയുടെ |
| ഹരീശ്വരം | വാനരേശ്വരനായ സുഗ്രീവനെ | വധകാരണാത് | വധത്തെ ഉദ്ദേശിച്ചു് |
| ആർത്തം | അതിദയനീയമായ നിലയിലിരിക്കുന്നവനായി | ശരം | ബാണത്തെ |
| | | വീക്ഷതേ. | നിരീക്ഷിക്കയായി. |

തതോ ധനുഷി സന്ധായ ശരമാശീവിഷോപമം
പൂരയാമാസ തച്ചാപം കാലചക്രമിവാന്തകഃ. 34

തതഃ, അതിൽപിന്നെ,
ആശീവിഷോപമം സർപ്പതുല്യമായ
ശരം ശരത്തെ
ധനുഷി വില്ലിൽ
സന്ധായ, തൊടുത്തു്,
അന്തകഃ യമൻ
കാലചക്രം യമദണ്ഡത്തെ
ഇവ, എന്നപോലെ,
തത് ചാപം ആ ധനുസ്സിനെ
പൂരയാമാസ. ആകർഷണംചെയ്തു.

തസ്യ ജ്യാതലഘോഷേണ ത്രസ്താഃ പത്രരഥേശ്വരാഃ
പ്രദുദ്രുവുർമൃഗാശ്ചൈവ യുഗാന്ത ഇവ മോഹിതാഃ. 35

തസ്യ അദ്ദേഹത്തിന്റെ
ജ്യാതലഘോഷേണ ഞാണിന്റെ ടങ്കാരസ്വനത്താൽ
യുഗാന്തേ പ്രളയകാലത്തിൽ
ഇവ, എന്നപോലെ,
പത്രരഥേശ്വരാഃ ച പക്ഷിശ്രേഷ്ഠന്മാരും
മൃഗാഃ ഏവ മൃഗങ്ങളും
ത്രസ്താഃ ഭയന്നുവിറച്ചു്
മോഹിതാഃ അമ്പരന്നവയായി
പ്രദുദ്രുവുഃ. എങ്ങും പാഞ്ഞുതുടങ്ങി.

മുക്തസ്തു വജ്രനിർഘോഷഃ പ്രദീപ്താശനിസന്നിഭഃ
രാഘവേണ മഹാബാണോ വാലിവക്ഷസി പാതിതഃ. 36

വജ്രനിർഘോഷഃ ഇടിമുഴക്കംപോലെ ശബ്ദിക്കുന്നതായി
പ്രദീപ്താശനിസംനിഭഃ ആളുന്ന ഇടിത്തീപോലെയുള്ളതായി
രാഘവേണ ശ്രീരാഘവനാൽ
മുക്തഃ തു എയ്യപ്പെട്ടതായ
മഹാബാണഃ, ആ മഹാശരം,
വാലിവക്ഷസി ബാലിയുടെ വക്ഷസ്സിൽ
പാതിതഃ. തറച്ചു.

തതസ്തേന മഹാതേജാ വീര്യോത്സിക്തഃ കപീശ്വരഃ
വേഗേനാഭിഹതോ വാലീ നിപപാത മഹീതലേ. 37

തതഃ, അപ്പോൾ,
മഹാതേജാഃ അതിതേജസ്വിയും
വീര്യോത്സിക്തഃ സ്വവീര്യത്താൽ ഗർവ്വം പൂണ്ടവനുമായ
കപീശ്വരഃ വാനരാധിപനായ
വാലീ, ബാലി
തേന അതിനാൽ
വേഗേന ഊക്കോടെ
അഭിഹതഃ തുളയ്ക്കപ്പെട്ടവനായി
മഹീതലേ ഭൂമിയിൽ
നിപപാത. പതിച്ചു.

ഇന്ദ്രധ്വജ ഇവോദ്ധൂതഃ പൌർണ്ണമാസ്യാം മഹീതലേ
ആശ്വയുക്സമയേ മാസി ഗതശ്രീകോ വിചേതനഃ. 38

| | |
|---|---|
| ആശ്വയുക്-സമയേ മാസി | ആശ്വിയുജമാസത്തിൽ |
| പൌൎണ്ണമാസ്യാം | പൌൎണ്ണമിദിവസം |
| മഹീതലേ | ഭൂമിയിൽ |
| ഉദ്ധൃതഃ | വീഴ്ത്തപ്പെട്ട |
| ഇന്ദ്രധ്വജഃ | ഇന്ദ്രദ്ധ്വജം |
| ഇവ | എന്നപോലെ, |
| വിചേതനഃ | പ്രജ്ഞയററ് |
| ഗതശ്രീകഃ. | ഒളിമങ്ങിയവനായി ഭവിച്ചു. |

[ആശ്വിയുജമാസത്തിൽ (തുലാം) പൌൎണ്ണമിദിവസം ഇന്ദ്രോത്സവം കാലം കൂടുന്നു. ഇത് ഗൌഡദേശത്തിൽ പ്രധാനമായതാകുന്നു.]

നരോത്തമഃ കാലയുഗാന്തകോപമം
ശരോത്തമം കാഞ്ചനരൂപ്യഭൂഷിതം
സസജ്ജ ദീപ്തം തമമിത്രമൎദ്ദനം
സധൂമമഗ്നിം മുഖതോ യഥാ ഹരഃ. 39

| | |
|---|---|
| നരോത്തമഃ, | പുരുഷോത്തമനായ ശ്രീരാമൻ, |
| കാലയുഗാന്ത-കോപമം | പ്രളയകാലത്തിലെ അന്തകനുതുല്യമായതും |
| കാഞ്ചന-രൂപ്യഭൂഷിതം | സ്വൎണ്ണത്താലും വെള്ളിയാലും അലങ്കരിക്കപ്പെട്ടതും |
| അമിത്രമൎദ്ദനം | ശത്രുനാശകവും |
| ദീപ്തം | ഉജ്ജ്വലിക്കുന്നതുമായ |
| തം | ആ |
| ശരോത്തമം, | ഉത്തമബാണത്തെ, |
| ഹരഃ | മഹേശ്വരൻ |
| സധൂമം | പുകയോടുകൂടിയ |
| അഗ്നിം | പ്രളയകാലാഗ്നിയെ |
| മുഖതഃ | മുഖത്തിൽനിന്ന് |
| യഥാ | എപ്രകാരമോ, അപ്രകാരം, |
| സസജ്ജ. | ഉത്പാദിപ്പിച്ചു. |

അഥോക്ഷിതഃ ശോണിതതോയവിസ്രവൈഃ
സുപുഷ്പിതാശോക ഇവാനിലോദ്ധതഃ
വിചേതനോ വാസവസൂനുരാഹവേ
വിഭ്രംശിതേന്ദ്രധ്വജവത് ക്ഷിതിം ഗതഃ 40

| | |
|---|---|
| വാസവസൂനുഃ | ഇന്ദ്രാത്മജനായ ബാലി |
| ആഹവേ | പോരിൽ |
| ശോണിത-തോയ-വിസ്രവൈഃ | രക്തവെള്ളംപെരുകി |
| ഉക്ഷിതഃ, | നനയ്ക്കപ്പെട്ടവനായി, |
| വിചേതനഃ, | നഷ്ടസംജ്ഞനായി, |
| അനിലോദ്ധതഃ | കൊടുംകാററിനാൽ പുഴക്കിവീഴ്ത്തപ്പെട്ട |
| സുപുഷ്പിതാ-ശോകഃ | പുഷ്പിച്ചുനില്ക്കുന്ന അശോകം |
| ഇവ, | എന്നപോലെയും, |
| വിഭ്രംശിതേന്ദ്ര-ധ്വജവത് | വീഴ്ത്തപ്പെട്ട ഇന്ദ്രദ്ധ്വജം എന്നപോലെയും |
| അഥ | ആസമയം |
| ക്ഷിതിം ഗതഃ. | നിലത്തുപതിച്ചു. |

[“ഗിരീണാം ഭേദനം ചൈവ കിഷ്കിന്ധാഗമനം തഥാ ബാലിസുഗ്രീവയോൎയ്യുദ്ധം ശ്രുത്വാ വിജയപൂൎവ്വകം, യുദ്ധേ വിജയമാപ്നോതി വാലിനോ വിജയം യഥാ.” എന്നിങ്ങിനെ സ്കാന്ദപുരാണത്തിൽ സൎഗ്ഗശ്രവണപഠനഫലനം. (തീൎത്ഥീയം)]

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ഷോഡശഃ സൎഗ്ഗഃ = പതിനാറാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ **9963**; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ **711**.

# സപ്തദശഃ സൎഗ്ഗഃ = പതിനേഴാംസൎഗ്ഗം.

[വാലിനാ രാമഗൎഹണം = ബാലി ശ്രീരാമനെ നിന്ദിക്കുന്നതു്].

തതഃ ശരേണാഭിഹതോ രാമേണ രണകൎക്കശഃ
പപാത സഹസാ വാലീ നികൃത്ത ഇവ പാദപഃ 1

| | | | |
|---|---|---|---|
| രണകൎക്കശഃ, | രണധീരനായ | അഭിഹതഃ, | എയ്യപ്പെട്ടവനായി, |
| വാലീ | ബാലി | നികൃത്തഃ | വേരറുക്കപ്പെട്ട |
| രാമേണ | ശ്രീരാമനാൽ | പാദപഃ ഇവ | മരംപോലെ |
| ശരേണ | ഒരു ബാണംകൊണ്ടു് | തതഃ പപാത. | ആസമയം വീണു പോയി. |
| സഹസാ | ഊക്കോടെ | | |

സ ഭൂമൌ ന്യസ്തസൎവ്വാംഗസ്തപ്തകാഞ്ചനഭൂഷണഃ
അപതദ്ദേവരാജസ്യ മുക്തരശ്മിരിവ ധ്വജഃ. 2

| | | | |
|---|---|---|---|
| തപ്തകാഞ്ചന-ഭൂഷണഃ | തങ്കക്കോപ്പുകളണിഞ്ഞവനായ | മുക്തരശ്മിഃ | കയറഴിക്കപ്പെട്ട |
| സഃ | അവൻ | ദേവരാജസ്യ ധ്വജഃ ഇവ | ഇന്ദ്രധ്വജമെന്നപോലെ |
| ഭൂമൌ | നിലത്തു് | | |
| ന്യസ്തസൎവ്വാംഗഃ | സൎവ്വാംഗവും പതിഞ്ഞവനായി | അപതത്. | വീണുകിടന്നിരുന്നു. |

തസ്മിന്നിപതിതേ ഭൂമൌ ഹൎയ്യൃക്ഷാണാം ഗണേശ്വരേ
നഷ്ടചന്ദ്രമിവ വ്യോമ ന വിരാജത ഭൂതലം. 3

| | | | |
|---|---|---|---|
| ഹൎയ്യൃക്ഷാണാം | കപികളുടേയും കരടികളുടേയും | നിപതിതേ | വീണതിനാൽ |
| | | നഷ്ടചന്ദ്രം | ചന്ദ്രനില്ലാത്ത |
| ഗണേശ്വരേ | ഗണങ്ങൾക്കെല്ലാം നാഥനായ | വ്യോമ | ആകാശമണ്ഡലം |
| | | ഇവ, | എന്നപോലെ, |
| തസ്മിൻ | അവൻ | ഭൂതലം | അവന്റെ രാജ്യം |
| ഭൂമൌ | ഭൂമിയിൽ | വ്യരാജത ന. | നിഷ്പ്രഭമായ്‌ ചമഞ്ഞു. |

ഭൂമൌ നിപതിതസ്യാപി തസ്യ ദേഹം മഹാത്മനഃ
ന ശ്രീൎജ്ജഹാതി ന പ്രാണാ ന തേജോ ന പരാക്രമഃ. 4

| | | | |
|---|---|---|---|
| ഭൂമൌ | ഭൂമിയിൽ | പ്രാണാഃ | പ്രാണങ്ങളും |
| നിപതിതസ്യ | വീഴ്ത്തപ്പെട്ട | ന; | ഉപേക്ഷിച്ചിരുന്നില്ല; |
| തസ്യ | ആ | തേജഃ | ശരീരകാന്തിയും |
| മഹാത്മനഃ | മഹാത്മാവിന്റെ | ന; | വെടിഞ്ഞില്ല; |
| ദേഹം, | ദേഹത്തെ, | പരാക്രമഃ അപി | ധൈൎയ്യവും |
| ശ്രീഃ | സൌന്ദൎയ്യവും | ന. | വിട്ടുകന്നില്ല. |
| ന ജഹാതി; | വിട്ടൊഴിഞ്ഞില്ല; | | |

ശക്രദത്താ വരാ മാലാ കാഞ്ചനീ വജ്രഭൂഷിതാ
ദധാര ഹരിരാജസ്യ പ്രാണാംസ്തേജഃ ശ്രിയം ച സാ. 5

| | | | |
|---|---|---|---|
| കാഞ്ചനീ | സ്വൎണ്ണമയവും | സാ | ആ |
| വജ്രഭൂഷിതാ | വൈരക്കല്ലുകൾ വെച്ചതും | വരാ മാലാ | ഉത്തമമായ മാല |
| ശക്രദത്താ | ഇന്ദ്രനാൽ നല്കപ്പെട്ടതുമായ | പ്രാണാൻ | പ്രാണങ്ങളെയും |
| ഹരിരാജസ്യ | വാനരനാഥന്റെ | തേജഃ | തേജസ്സിനേയും |
| | | ശ്രിയം ച | ശ്രീയേയും |
| | | ദധാര. | നിലനിൎത്തി. |

സ തയാ മാലയാ വീരോ ഹൈമയാ ഹരിയൂഥപഃ
സന്ധ്യാനുഗതപൎയ്യന്തഃ പയോധര ഇവാഭവത്. 6

| | | | |
|---|---|---|---|
| ഹരിയൂഥപഃ | വാനരാധീശനും | സന്ധ്യാനുഗതപൎയ്യന്തഃ | ചുററും അന്തിച്ചുവപ്പാൎന്ന |
| വീരഃ | വീരനുമായ | പയോധരഃ | മേഘം |
| സഃ, | അവൻ, | ഇവ | എന്നപോലെ, |
| തയാ | ആ | അഭവത്. | വിലസി. |
| ഹൈമയാ മാലയാ | പൊന്മാലയാൽ | | |

തസ്യ മാലാ ച ദേഹശ്ച മൎമ്മഘാതീ ച യഃ ശരഃ
ത്രിധേവ രചിതാ ലക്ഷ്മീഃ പതിതസ്യാപി ശോഭതേ. 7

| | | | |
|---|---|---|---|
| മാലാ ച | മാലയും, | രചിതാ ഇവ, | വിഭജിക്കപ്പെട്ടിരുന്നതെന്നപോലെ |
| ദേഹഃ ച | ശരീരവും, | പതിതസ്യ | താഴത്ത് വീണുകിടന്നിരുന്ന |
| മൎമ്മഘാതീ | മൎമ്മത്തെ പിളൎന്നതായ | തസ്യ | അവന്റെ |
| ശരഃ | ശരം | ലക്ഷ്മീഃ, | കാന്തി, |
| യഃ ച | യാതൊന്നോ അതും, | ശോഭതേ. | വിളങ്ങിക്കൊണ്ടിരുന്നു. |
| അപി | ഇപ്രകാരം | | |
| ത്രിധാ | മൂന്നായി | | |

തദസ്ത്രം തസ്യ വീരസ്യ സ്വൎഗ്ഗമാൎഗ്ഗപ്രഭാവനം
രാമബാണാസനക്ഷിപ്തമാവഹത് പരമാം ഗതിം. 8

| | | | |
|---|---|---|---|
| രാമബാണാസനക്ഷിപ്തം | ശ്രീരാമന്റെ കാൎമ്മുകത്തിൽനിന്ന് വിടപ്പെട്ടതും | തത് | ആ |
| സ്വൎഗ്ഗമാൎഗ്ഗപ്രഭാവനം | സ്വൎഗ്ഗമാകുന്ന ലക്ഷ്യത്തിൽ എത്തിക്കുന്നതുമായ | അസ്ത്രം, | ബാണം, |
| | | വീരസ്യ | വീരനായ |
| | | തസ്യ | അവന്നു |
| | | പരമാം ഗതിം | സദ്ഗതി |
| | | ആവഹത്. | വരുത്തി. |

തം തദാ പതിതം സംഖ്യേ ഗതാർച്ചിഷമിവാനലം 9
യയാതിമിവ പുണ്യാന്തേ ദേവലോകാത് പരിച്യുതം
ആദിത്യമിവ കാലേന യുഗാന്തേ ഭുവി പാതിതം 10
മഹേന്ദ്രമിവ ദുർദ്ധർഷം മഹേന്ദ്രമിവ ദുഃസഹം
മഹേന്ദ്രപുത്രം പതിതം വാലിനം ഹേമമാലിനം. 11
സിംഹോരസ്കം മഹാബാഹും ദീപ്താസ്യം ഹരിലോചനം
ലക്ഷ്മണാനുചരോ രാമോ ദദർശ ഗതചേതനം. 12

| | |
|---|---|
| രാമഃ | ശ്രീരാമൻ |
| തദാ | അപ്പോൾ |
| ലക്ഷ്മണാനുചരഃ, | ലക്ഷ്മണനാലനുഗമിക്കപ്പെട്ടവനായി |
| ഗതാർച്ചിഷം | കത്തിശ്ശമിച്ചു |
| അനലം ഇവ, | അഗ്നിയെപ്പോലിരിക്കുന്നവനും, |
| പുണ്യാന്തേ | പുണ്യം ക്ഷയിച്ച് |
| ദേവലോകാത് | ദേവലോകത്തിൽനി[ന്ന് |
| പരിച്യുതം | വീണ |
| യയാതിം ഇവ, | യയാതിയെപ്പോലിരിക്കുന്നവനും |
| യുഗാന്തേ | പ്രളയകാലത്തിൽ |
| കാലേന | രുദ്രമൂർത്തിയാൽ |
| ഭുവി | ഭൂമിയിൽ |
| പാതിതം | വീഴ്ത്തപ്പെട്ട |
| ആദിത്യം | ആദിത്യനെ |
| ഇവ | പോലെയിരിക്കുന്നവനും |
| മഹേന്ദ്രം ഇവ | മഹേന്ദ്രപർവ്വതംപോലെ |
| ദുർദ്ധർഷം, | ധൈര്യമുള്ളവനും, |

| | |
|---|---|
| മഹേന്ദ്രം | ഇന്ദ്രനെ |
| ഇവ | പോലെ |
| ദുഃസഹം, | അടുപ്പാൻ കഴിയാത്തവനും, |
| സിംഹോരസ്കം, | സിംഹത്തിന്നുതുല്യമായ വക്ഷസ്സുള്ളവനും |
| മഹാബാഹും, | നീണ്ടകൈകളോടുകൂടിയവനും |
| ദീപ്താസ്യം, | ഉജ്ജ്വലിക്കുന്ന മുഖത്തോടുകൂടിയവനും |
| ഹരിലോചനം, | മഞ്ഞനിറമുള്ള കണ്ണുകളോടുംകൂടിയവനും |
| പതിതം, | ധർമ്മമാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചവനും, |
| സംഖ്യേ | പോരിൽ |
| ഗതചേതനം | പ്രജ്ഞയില്ലാതെ |
| പതിതം, | ഭൂമിയിൽവീണുകിട[ന്നിരുന്നവനുമായ |
| തം | അ |
| ഹേമമാലിനം | സ്വർണ്ണമാലയണിഞ്ഞ |
| മഹേന്ദ്രപുത്രം | ഇന്ദ്രാത്മജനായ |
| വാലിനം | ബാലിയെ |
| ദദർശ. | വീക്ഷിച്ചു. |

ബഹുമാന്യ ച തം വീരം വീക്ഷമാണം ശനൈരിവ
ഉപയാതൌ മഹാവീര്യൌ ഭ്രാതരൌ രാമലക്ഷ്മണൌ. 13

| | |
|---|---|
| മഹാവീര്യൌ | മഹാവീരന്മാരും |
| ഭ്രാതരൌ | ഭ്രാതാക്കന്മാരുമായ |
| രാമലക്ഷ്മണൌ, | ശ്രീരാമലക്ഷ്മണന്മാർ, |
| വീരം | ശൂരനും |
| ശനൈഃ ഇവ | വയ്യായ്മയോടെ |

| | |
|---|---|
| വീക്ഷമാണം ച | നോക്കുന്നവനുമായ |
| തം | അവനെ |
| ബഹുമാന്യ, | ബഹുമാനിച്ചുകൊണ്ട് സാവധാനത്തിൽ |
| ഉപയാതൌ. | അടുത്തു. |

സ ഭൂമാവല്പതേജോഽസുർന്നിഹതോ നഷ്ടചേതനഃ. 14

| | | | |
|---|---|---|---|
| സഃ | അവൻ | അല്പ-തേജോഽസുഃ | മങ്ങിയ ശോഭയോടും ജീവനോടും കൂടിയവനായി |
| നഷ്ടചേതനഃ | ബോധരഹിതനായി | ഭൂമൗ | നിലത്തു |
| | | നിഹതഃ. | വീഴ്ത്തപ്പെട്ടിരുന്നു. |

അർത്ഥസംഹിതയാ വാചാ ഗർവ്വിതം രണഗർവ്വിതഃ
തം ദൃഷ്ട്വാ രാഘവം വാലീ ലക്ഷ്മണം ച മഹാബലം
അബ്രവീത് പ്രശ്രിതം വാക്യം പരുഷം ധർമ്മസംഹിതം. 15

| | | | |
|---|---|---|---|
| രണഗർവ്വിതഃ | പോരിൽ ഗർവ്വം കൊണ്ടവനായ | പ്രശ്രിതം | വിനയഭാവത്തിൽ പറയപ്പെട്ടതും ആയ |
| വാലീ, | ബാലി, | വാക്യം, | വാക്യത്തെ, |
| അർത്ഥ-സംഹിതയാ | സൽഫലത്തെ ഉളവാക്കുന്നതായ | തം | ആ |
| വാചാ, | വാക്കുകൊണ്ടു, | രാഘവം | ശ്രീരാഘവനേയും |
| ഗർവ്വിതം | അഹങ്കാരത്തെ കാണിക്കുന്നതും | മഹാബലം | മഹാ ബലശാലിയായ |
| | | ലക്ഷ്മണം ച | ലക്ഷ്മണനേയും |
| പരുഷം | കുററപ്പെടുത്തുന്നതും | ദൃഷ്ട്വാ | നോക്കി |
| ധർമ്മസംഹിതം | ധർമ്മമിടകലർന്നതും | അബ്രവീത്. | ഇപ്രകാരം പറഞ്ഞു. |

[" പരുഷം " (ബാഹ്യദൃഷ്ട്യാ പരുഷമായി തോന്നുന്നതും), വാസ്തവത്തിൽ " പ്രശ്രിതം " (വിനയയുക്തവും), " ധർമ്മസംഹിതം " (ധർമ്മയുക്തവും) " അഗർവ്വിതം " (ഗർവ്വമററതും) ആയ വാക്യത്തെ ബാലി പറഞ്ഞുവെന്നു സൂക്ഷ്മാർത്ഥം. (തീർത്ഥീയം.) ബാലിക്കു ശ്രീരാമലക്ഷ്മണന്മാരുടെ സൂക്ഷ്മം അറിയുമെന്നു 19-ാം സർഗ്ഗം 59-ാംശ്ലോകത്തിൽ, " അവിടുത്തെ കയ്യാൽ മരിക്കേണമെന്നുവെച്ചു തന്നെയാണു അവിടുത്തെ വാക്കിനെ തട്ടിക്കൊണ്ടു ഞാൻ സുഗ്രീവനുമായി യുദ്ധത്തിനു വന്നതു " എന്നു ശ്രീരാമനോടു പറയുന്നതിൽനിന്നു, കവിതന്നെ സൂചിപ്പിക്കുന്നു. ബാലിയുടെ വാക്യങ്ങൾക്കു ശ്രീരാമപ്രശംസയായി അർത്ഥങ്ങളും മഹേശ്വരതീർത്ഥീയവ്യാഖ്യാനത്തിൽ കൊടുക്കപ്പെട്ടിട്ടുണ്ടു. അവ ക്ലിഷ്ടങ്ങളാകയാൽ എടുത്തുപറയപ്പെടുന്നില്ല.

ആനന്ദരാമായണത്തിലും ബാലിക്കു ശ്രീരാമന്റെ സൂക്ഷ്മം അറിവുണ്ടെന്നു പറയപ്പെട്ടിരിക്കുന്നു. " ജാനാമ്യഹം രാഘവം തം നരരൂപധരം ഹരിം. തസ്യ ഹസ്താന്മൃതിമേഽസ്തി ഗച്ഛാമി പരമം പദം. സുഖം ത്വം തിഷ്ഠ താരേഽത്ര സുഗ്രീവം ഭജ സർവ്വദാ. യദാ ത്വയാ സ സുഗ്രീവഃ കരിഷ്യതി രതിം പ്രിയേ. തദാ തത്പതിഭോഗസ്യാനൃണ്യം ഗച്ഛാമി ഭാമിനി. അത ഏവ മാലികാ മേ ഇന്ദ്രദത്താഽഭ്രുത് പശ്യ മത്പ്രിയേ. അദ്യാഹം രാമബാണേന പതിഷ്യാമി രണാങ്കണേ." (സാരകാണ്ഡം 8-ാം സർഗ്ഗം).]

പരാങ്മുഖവധം കൃത്വാ കോ നു പ്രാപ്തസ്ത്വയാ ഗുണഃ
യദഹം യുദ്ധസംരബ്ധഃ ശരേണോരസി താഡിതഃ 16

| | | | |
|---|---|---|---|
| " യുദ്ധസംരബ്ധഃ | " യുദ്ധത്തിൽ ഏർപ്പെട്ടിരുന്നവനായ | പരാങ്മുഖ-വധം കൃത്വാ, | നേരേനിന്നു യുദ്ധംചെയ്യാത്തവനെ വധിച്ചതുകൊണ്ടു, |
| അഹം | ഞാൻ, | | |
| ശരേണ | ഒരു ബാണം കൊണ്ടു | ത്വയാ | അങ്ങയാൽ |
| ഉരസി | മാർവ്വിടത്തിൽ | പ്രാപ്തഃ | പ്രാപിക്കപ്പെട്ട |
| താഡിതഃ | താഡിക്കപ്പെട്ടു | ഗുണഃ കഃ നു? | ഫലം എന്തുതന്നെയാണ് ? |
| യത്, | എന്നതുകൊണ്ടു, | | |

ത്വം നരാധിപതേഃ പുത്രഃ പ്രഥിതഃ പ്രിയദൎശനഃ
കുലീനഃ സത്വസമ്പന്നസ്തേജസ്വീ ചരിതവ്രതഃ. 17

| | |
|---|---|
| " ത്വം | " നിന്തിരുവടി |
| നരാധിപതേഃ | ഒരു ചക്രവൎത്തിയുടെ |
| പുത്രഃ; | തനയൻ; |
| പ്രിയദൎശനഃ; | സദ്വൃത്തൻ;[ന്നവൻ; |
| കുലീനഃ; | ഉയൎന്നകുലത്തിൽ പിറ- |
| സത്വസമ്പന്നഃ; | നൈസൎഗ്ഗികമായ സദ്ഗുണങ്ങളാൎന്നവൻ; |
| തേജസ്വീ; | തേജസ്വി; |
| ചരിതവ്രതഃ; | ധൎമ്മാനുഷ്ഠാനനിരതൻ; |
| പ്രഥിതഃ. | വിശ്വവിഖ്യാതൻ. |

രാമഃ കരുണവേദീ ച പ്രജാനാം ച ഹിതേ രതഃ
സാനുക്രോശോ മഹോത്സാഹഃ സമയജ്ഞോ ദൃഢവ്രതഃ
ഇതി തേ സൎവ്വഭൂതാനി കഥയന്തി യശോ ഭുവി. 18

| | |
|---|---|
| " രാമഃ; | " ലോകാഭിരാമൻ; |
| കരുണവേദീ | കാരുണ്യത്തിന്റെ മഹിമയെ പ്രദൎശിപ്പിക്കുന്നവനായ |
| സാനുക്രോശഃ; | ദയാലു; |
| പ്രജാനാം | പ്രജകളുടെ |
| ഹിതേ ച | നന്മയൊന്നിൽതന്നെ |
| രതഃ; | താല്പൎയ്യത്തോടുകൂടിയവൻ; |
| മഹോത്സാഹഃ; | അമാനുഷപ്രഭാവൻ; |
| സമയജ്ഞഃ; | ലൌകികനീതികളറിഞ്ഞവൻ; |
| ദൃഢവ്രതഃ; | ധൎമ്മത്തിൽനിന്നണുവും പിഴയ്ക്കാത്തവൻ; |
| ഭുവി | ലോകത്തിൽ |
| സൎവ്വഭൂതാനി | പ്രാണികളെല്ലാം |
| തേ | അങ്ങയുടെ |
| യശഃ | കീൎത്തിയെ |
| ഇതി ച | ഇപ്രകാരമെല്ലാം |
| കഥയന്തി. | പുകഴ്ത്തിപ്പറയുന്നു. |

ദമഃ ശമഃ ക്ഷമാ ധൎമ്മോ ധൃതിഃ സത്യം പരാക്രമഃ
പാൎത്ഥിവാനാം ഗുണാ രാജൻ ദണ്ഡശ്ചാപ്യപകാരിഷു. 19

| | |
|---|---|
| " രാജൻ! | " രാജാവേ! [രിക്കുക, |
| ദമഃ, | പാപബുദ്ധിയില്ലാതി- |
| ശമഃ, | ഇന്ദ്രിയങ്ങളെ ഒതു |
| ക്ഷമാ, | പൊറുമ, [ക്കുക, |
| ധൎമ്മഃ, | ധൎമ്മാനുഷ്ഠാനം, |
| ധൃതിഃ, | പൌരുഷം, |
| സത്യം, | സത്യം, |
| പരാക്രമഃ, | ശൌൎയ്യം, |
| അപകാരിഷു അപി | അപകാരംചെയ്യുവരുടെ സംഗതിയിൽമാത്രം |
| ദണ്ഡഃ ച, | ശിക്ഷകല്പിക്കുക, എന്നിവയാകുന്നു |
| പാൎത്ഥിവാനാം | രാജാക്കന്മാൎക്കുള്ള |
| ഗുണാഃ. | ഗുണങ്ങൾ. |

താൻ ഗുണാൻ സംപ്രധാൎയ്യാഹമഗ്ര്യം ചാഭിജനം തവ
താരയാ പ്രതിഷിദ്ധഃ സൻ സുഗ്രീവേണ സമാഗതഃ. 20

| | |
|---|---|
| " താരയാ പ്രതിഷിദ്ധഃ സൻ, | " താരയാൽ നിരോധിക്കപ്പെട്ടവനായിട്ടും, |
| അഹം, | ഞാൻ, |
| തവ | അങ്ങയുടെ |
| അഗ്ര്യം | സൎവ്വോത്കൃഷ്ടമായ |
| അഭിജനം, | കുലമഹിമയേയും, |
| താൻ | വാചാമഗോചരങ്ങളായ |
| ഗുണാൻ ച | ശുഭഗുണങ്ങളേയും |
| സംപ്രധാൎയ്യ, | വിശ്വസിച്ചിട്ടാണ് |
| സുഗ്രീവേണ | സുഗ്രീവനുമായി |
| സമാഗതഃ. | ഏറ്റെതിൎക്കുവാൻ വന്നതു്. |

ന മാമന്യേന സംരബ്ധം പ്രമത്തം യോദ്ധുമർഹതി
ഇതി മേ ബുദ്ധിരുത്പന്നാ ബഭൂവാദർശനേ തവ. 21

“ തവ — “ അങ്ങയെ
അദർശനേ, — കാണാതിരുന്നപ്പോൾ,
‘ അന്യേന — ‘ വേറൊരുവനുമായി
സംരബ്ധം, — ക്രുദ്ധിച്ച്,
പ്രമത്തം — ഭവാനെ ശ്രദ്ധിക്കാതെ നിന്നിരുന്ന
മാം — എന്നെ
യോദ്ധും അർഹതി ന’ — എതൃക്കുകയില്ല,’
ഇതി — എന്നിങ്ങിനെ
ഉത്പന്നാ — ആലോചിച്ചുണ്ടായ
ബുദ്ധിഃ — നിശ്ചയം
മേ — എനിക്ക്
ബഭൂവ. — ഉണ്ടായി.

ന ത്വാം വിനിഹതാത്മാനം ധർമ്മധ്വജമധാർമ്മികം
ജാനേ പാപസമാചാരം തൃണൈഃ കൂപമിവാവൃതം. 22

“ ത്വാം — അങ്ങയെ
വിനിഹതാത്മാനം, — ആത്മഘാതകനെന്നും,
ധർമ്മധ്വജം — ധർമ്മക്കൊടിക്കൂറയാന്ന
അധാർമ്മികം — അധാർമ്മികനെന്നും,
പാപസമാചാരം, — ദുശ്ചരിതനെന്നും,
തൃണൈഃ — പുല്ലുകൾകൊണ്ട്
ആവൃതം — മൂടപ്പെട്ട
കൂപം ഇവ, — കിണറെന്നപോലെയുള്ളവനെന്നും
ന ജാനേ — ഇതുവരേയും ഞാനറിഞ്ഞിരുന്നില്ല.

സതാം വേഷധരം പാപം പ്രച്ഛന്നമിവ പാവകം
നാഹം ത്വാമഭിജാനാമി ധർമ്മച്ഛദ്മാഭിസംവൃതം. 23

“ത്വാം — “ അങ്ങയെ
സതാം — സജ്ജനങ്ങളുടെ
വേഷധരം — വേഷംധരിച്ച
പാപം, — പാപിയാണെന്നും,
പ്രച്ഛന്നം — വെണ്ണീറുകൊണ്ടുമൂടപ്പെട്ട
പാവകം ഇവ — തീയ്യിനെപ്പോലെ
ധർമ്മച്ഛദ്മാഭിസംവൃതം — കപടധർമ്മം കയ്ക്കൊണ്ട് മറഞ്ഞുനില്ക്കുന്ന
അഹം — ഞാൻ[വഞ്ചകനെന്നും,
ന അഭിജാനാമി. — ഇതുവരെയും ധരിക്കയുണ്ടായില്ല.

വിഷയേ വാ പുരേ വാ തേ യദാ നാപകരോമ്യഹം
ന ച ത്വാമവജാനേ ച കസ്മാത് ത്വം ഹംസ്യകില്ബിഷം 24
ഫലമൂലാശനം നിത്യം വാനരം വനഗോചരം
മാമിഹാപ്രതിയുദ്ധ്യന്തമന്യേന ച സമാഗതം. 25

“ തേ — “ നിന്തിരുവടിയുടെ
വിഷയേ വാ — രാജ്യത്തിലൊ
പുരേ വാ — നഗരത്തിലൊ
അഹം — ഞാൻ
അപകരോമി ന; — ഒരപരാധവും ചെയ്കയുണ്ടായില്ല;
ത്വാം ച — ഭവാനെയും
അവജാനേ ന ച; — അവമതിയ്ക്കയുണ്ടായിട്ടില്ല;
യദാ, — അപ്രകാരമിരിക്കെ,
കസ്മാത് — എന്തുകാരണംകൊണ്ടാണ്
ത്വം, — അവിടുന്ന്,
നിത്യം — എല്ലാസമയത്തിലും

| | |
|---|---|
| വനഗോചരം, | വനത്തിൽ ചുററിത്തിരിയുന്നവനും, |
| ഫലമൂലാശനം | കനികളും കിഴങ്ങുകളും തിന്നുപജീവിക്കുന്ന |
| വാനരം, | വാനരനും, |
| അന്യേന ച | മറെറാരുത്തനുമായി |
| സമാഗതം | മല്ലിടുന്നവനായി |

| | |
|---|---|
| അപ്രതിയുധ്യന്തം, | അങ്ങയെ എതിക്കാതിരുന്നവനും, |
| അകില്ബിഷം | പാപരഹിതനും ആയ |
| മാം | എന്നെ |
| ഇഹ | ഇപ്പോൾ |
| ഹംസി? | വധിക്കുന്നതു്? |

["വിഷയേ വാ പുരേ വാ തേ" എന്നുപറഞ്ഞതിൽനിന്നു് "നാം തമ്മിൽ സ്വാമി സാമന്തത്വാദി ഭാവമില്ലാത്തതുകൊണ്ടു്, അതിർത്തക്കമോ, ജലവിവാദമോ, ഗോഭൂമ്യാദി വിവാദമോ, കുലഗതമായ വൈരമോ, നാരീവിഷയകമായ ശണ്ഠയോ ഇല്ല" എന്നു സാരം. (തനി ശ്ലോകി).]

കഃ ക്ഷത്രിയകുലേ ജാതഃ ശ്രുതവാൻ നഷ്ടസംശയഃ
ധമ്മലിംഗപ്രതിച്ഛന്നഃ ക്രൂരം കമ്മ സമാചരേത്. 26

| | |
|---|---|
| "ക്ഷത്രിയകുലേ ജാതഃ | "ക്ഷത്രിയകുലത്തിൽ ജനിച്ചവനും |
| നഷ്ടസംശയഃ | സംശയരഹിതമാകുംവണ്ണം |
| ശ്രുതവാൻ | ശാസ്ത്രങ്ങളെ ബോധിച്ചവനുമായ |
| കഃ | ഏതൊരുവനാണു് |

| | |
|---|---|
| ധമ്മലിംഗപ്രതിച്ഛന്നഃ | ധമ്മത്തിന്റെ കപടലക്ഷണങ്ങളാൽ ആച്ഛാദിതനായി |
| ക്രൂരം | നിഷ്ഠുരമായ |
| കമ്മ | പ്രവൃത്തിയെ |
| സമാചരേത്? | ചെയ്യുന്നതിന്നു് മുതിരുക? |

രാമ രാജകുലേ ജാതോ ധമ്മവാനിതി വിശ്രുതഃ
അഭവ്യോ ഭവ്യരൂപേണ കിമത്ഥം പരിധാവസി. 27

| | |
|---|---|
| "രാമ! | "ശ്രീരാമ! |
| രാജകുലേ | രാജവംശത്തിൽ |
| ജാതഃ | പിറന്നവനെന്നും |
| ധമ്മവാൻ ഇതി | ധമ്മിഷ്ഠനെന്നും |
| വിശ്രുതഃ, | പ്രശസ്തനായ അവിടുന്നു്, |

| | |
|---|---|
| അഭവ്യഃ | ദുഷ്കൃത്യം ചെയ്യുന്നവനായി |
| ഭവ്യരൂപേണ | നല്ലവനെന്നപോലെ |
| കിമത്ഥം | എന്തിന്നാണു് |
| പരിധാവസി. | ഇങ്ങിനെ നടക്കുന്നതു്? |

സാമ ദാനം ക്ഷമാ ധമ്മഃ സത്യം ധൃതിപരാക്രമൌ
പാത്ഥിവാനാം ഗുണാ രാജൻ ദണ്ഡശ്ചാപ്യപകാരിഷു. 28

| | |
|---|---|
| "രാജൻ! | "നൃപവര! |
| സാമ | സാമം |
| ദാനം, | ദാനം, |
| ക്ഷമാ, | ക്ഷമ, |
| ധമ്മഃ | ധമ്മാനുഷ്ഠാനം |
| സത്യം | സത്യം |

| | |
|---|---|
| ധൃതിപരാക്രമൌ | പൌരുഷം ധൈയ്യം |
| അപകാരിഷു അപി | അപരാധം ചെയ്തവരിൽമാത്രം |
| ദണ്ഡഃ ച | ശിക്ഷവിധിക്കുക, ഇവയെല്ലാമാണു് |
| പാത്ഥിവാനാം ഗുണാഃ | രാജാക്കന്മാക്ക തക്കതായ ഗുണങ്ങൾ. |

[നല്ലവനെന്നപോലെ നടിക്കുന്ന രാജാവായ ഭവാങ്കൽ, രാജാവിന്നു വേണ്ടതക്കതായ സാമദാനാദ്യുപായങ്ങൾ കാണുന്നില്ല. മറഞ്ഞുനിന്നു യുദ്ധം ചെയ്തതിനാൽ ധൃതിപരാക്രമങ്ങളില്ല, കുററം ചെയ്യാത്ത എന്നെ ശിക്ഷിക്കുന്നതിനാൽ ന്യായവും ധമ്മവും ക്ഷമയും ഇല്ല എന്നു സാരം.]

വയം വനചരാ രാമ മൃഗാ മൂലഫലാശനാഃ 29

| | | | |
|---|---|---|---|
| " രാമ! | " രാഘവ! | വനചരാഃ | വനസഞ്ചാരികളായ |
| വയം | ഞങ്ങളാണെങ്കിൽ | | |
| മൂലഫലാശനാഃ | കിഴങ്ങുകളും ഫലങ്ങളും തിന്നുപജീവിക്കുന്ന | മൃഗാഃ. | മൃഗങ്ങൾ. |

ഏഷാ പ്രകൃതിരസ്മാകം പുരുഷസ്ത്വം നരേശ്വര. 30

| | | | |
|---|---|---|---|
| " നരേശ്വര! | " നരവര! | പ്രകൃതിഃ; | ജാതിസ്വഭാവം; |
| ഏഷാ | ഇതു | ത്വം | ഭവാനാണെങ്കിൽ |
| അസ്മാകം | ഞങ്ങളുടെ | പുരുഷഃ. | മനുഷ്യനാകുന്നു. |

[മനുഷ്യനും, അതിലും വിശേഷിച്ച് രാജാവും, രാജ്യഭോഗ്യവസ്തുക്കളെ അനുഭവിക്കുന്നവനും നഗരവാസിയും ആയ ഭവാൻ കേവലമൃഗവും, ഫലമൂലാദി ഭുജിക്കുന്നവനും, വനവാസിയും, ആയ ഇവങ്കൽ എന്തു കുററത്തെയാണ് ആരോപിക്കുന്നതു് ? എന്ന് സാരം.]

ഭൂമിർഹിരണ്യം രൂപ്യം ച വിഗ്രഹേ കാരണാനി ച
തത്ര കസ്തേ വനേ ലാഭോ മദീയേഷു ഫലേഷു വാ. 31

| | | | |
|---|---|---|---|
| " ഭൂമിഃ | " മണ്ണും | മദീയേഷു | എനിക്കുള്ളവയായ |
| ഹിരണ്യം | പൊന്നും | ഫലേഷു വാ, | സ്വത്തുക്കളിലാവട്ടെ, |
| രൂപ്യം ച | വെള്ളിയും | വനേ | കാട്ടിൽ |
| വിഗ്രഹേ | കലഹത്തിന്ന് | തേ | അങ്ങയ്ക്കു് |
| കാരണാനി ച ; | കാരണങ്ങളാകുന്നു ; | ലാഭഃ | ലഭിപ്പാൻതക്കതു് |
| തത്ര | ഇതിൽ | കഃ ? | എന്തൊന്നാണുള്ളതു് ? |

നയശ്ച വിനയശ്ചോഭൗ നിഗ്രഹാനുഗ്രഹാവപി
രാജവൃത്തിരസംകീർണ്ണാ ന നൃപാഃ കാമവൃത്തയഃ 32

| | | | |
|---|---|---|---|
| " നയഃ ച | " ലൌകികനയം | രാജവൃത്തിഃ | രാജവൃത്തിയെന്നതു് |
| വിനയഃ ച | ധർമ്മാനുഷ്ഠാനം | അസങ്കീർണ്ണാ ; | (അന്യായം, അധർമ്മം എന്നവരയോടു്) ഇട കലന്നതായിരിപ്പാൻ പാടുള്ളതല്ല ; |
| ഉഭൌ, | എന്ന രണ്ടും, | | |
| നിഗ്രഹാ- നുഗ്രഹൌ | ശിക്ഷാരക്ഷണങ്ങളും | നൃപാഃ | രാജാക്കന്മാർ |
| അപി | ഇവയെല്ലാം ചേർന്നതായ | കാമവൃത്തയഃ | സ്വേച്ഛാപ്രഭുക്കന്മാ [രായി |
| | | ന. | ഇരിക്കരുതു്. |

[വധിക്കുക, രക്ഷിക്കുക, എന്നതിലും അന്യരാജാക്കന്മാർ, പ്രജകൾ മുതലായവരുമായുള്ള നടവടികളിലും, തന്റെ സ്വന്തം പ്രവൃത്തികളിലും, രാജാക്കന്മാർ സ്വേച്ഛപോലെ ചെയ്യാതെ, രാജനീതിക്കും ധർമ്മത്തിന്നും അനുസരിച്ചു നടക്കേണ്ടതാണെന്ന് താല്പര്യം.

"വിനയോ വിപരീതനയഃ"; "നീതി, അനീതി, ശിക്ഷ, രക്ഷ, എന്നിവ ഇടകലത്താവുന്നതല്ല, സദ്രാജധർമ്മം നീതിയും, രക്ഷയും, അസദ്രാജധർമ്മം അനീതിയും, നിഗ്രഹവും ആകുന്നു. രാജാവിന്റെ ഇഷ്ടംപോലെ നയവിനയാദികൾ അനുഷ്ഠിക്കത്തക്കതല്ല" (ഗോ. രാ.).]

ത്വം തു കാമപ്രധാനശ്ച കോപനശ്ചാനവസ്ഥിതഃ
രാജവൃത്തൈശ്ച സങ്കീൎണ്ണഃ ശരാസനപരായണഃ. 33

| | | | |
|---|---|---|---|
| "ത്വം തു | "ഭവാനാകട്ടെ, | സങ്കീൎണ്ണഃ, | പിഴച്ചവനായി, |
| കാമപ്രധാനഃ ച; | തോന്നിയപോലെ പ്രവൃത്തിക്കുന്നവനായിരിക്കുന്നു; | അനവസ്ഥിതഃ; | ധൎമ്മശ്രദ്ധയററവനായിരിക്കുന്നു; |
| കോപനഃ ച; | കോപവശഗനായിരിക്കുന്നു; | ശരാസനപരായണഃ | എന്തുകാൎയ്യത്തിന്നും വില്ലിൽ ഒന്നിൽതന്നെ വിശ്വസിച്ചവനായുമിരിക്കുന്നു. |
| രാജവൃത്തൈഃ ച | രാജനീതികളിലും | | |

ന തേƒസ്ത്യപചിതിർധൎമ്മേ നാൎത്ഥേ ബുദ്ധിരവസ്ഥിതാ
ഇന്ദ്രിയൈഃ കാമവൃത്തഃ സൻ കൃഷ്യസേ മനുജേശ്വര. 34

| | | | |
|---|---|---|---|
| "മനുജേശ്വര! | "മന്നവ! | അവസ്ഥിതാ ന; | സ്ഥിരമായി നില്ക്കുന്നില്ല; |
| ധൎമ്മേ | ധൎമ്മത്തിൽ | | |
| തേ | നിന്തിരുവടിക്ക് | കാമവൃത്തഃ സൻ | സ്വേച്ഛപോലെ എന്തും പ്രവൃത്തിക്കുന്നവനായി |
| അപചിതിഃ | ശ്രദ്ധയെന്നതു് | | |
| അസ്തി ന; | ഇല്ല; | ഇന്ദ്രിയൈഃ | ഇന്ദ്രിയങ്ങളാൽ |
| അൎത്ഥേ | ഒരുകാൎയ്യത്തിൽ | കൃഷ്യസേ. | വലിച്ചുകൊണ്ടുപോകപ്പെടുന്നു. |
| ബുദ്ധിഃ | ബുദ്ധിയും | | |

ഹത്വാ ബാണേന കാകുത്സ്ഥ മാമിഹാനപരാധിനം
കിം വക്ഷ്യസി സതാം മദ്ധ്യേ കൎമ്മ കൃത്വാ സുദുഷ്കരം. 35

| | | | |
|---|---|---|---|
| "കാകുത്സ്ഥ! | "രാഘവ! | സുദുഷ്കരം | ഒരിക്കലും ചെയ്യാൻ പാടില്ലാത്ത |
| ഇഹ | ഇപ്പോൾ | കൎമ്മ കൃത്വാ, | കൃത്യത്തെ ചെയ്തു്, |
| അനപരാധിനം | കുററമൊന്നുംചെയ്യാത്ത | സതാം | സജ്ജനങ്ങളോടു് |
| മാം | എന്നെ | മദ്ധ്യേ | ന്യായത്തിൻെറ സംഗതിയിൽ |
| ബാണേന | ബാണംകൊണ്ടു് | | |
| ഹത്വാ | ഹനിച്ചു് | കിം വക്ഷ്യസി? | എന്താണു് പറയുക? |

രാജഹാ ബ്രഹ്മഹാ ഗോഘ്നശ്ചോരഃ പ്രാണിവധേ രതഃ
നാസ്തികഃ പരിവേത്താ ച സൎവ്വേ നിരയഗാമിനഃ. 36

| | | | |
|---|---|---|---|
| "രാജഹാ, | "രാജാവിനെ കൊന്നവനും, | രതഃ | താല്പൎയ്യത്തോടുകൂടിയവനും, |
| ബ്രഹ്മഹാ, | ബ്രാഹ്മണനെ വധിച്ചവനും, | നാസ്തികഃ, | ദൈവവിശ്വാസമില്ലാത്തവനും, |
| ഗോഘ്നഃ, | ഗോവധം ചെയ്തവനും, | പരിവേത്താ | ജ്യേഷ്ഠൻ വേൾക്കുന്നതിന്നുമുമ്പ് വിവാഹം കഴിക്കുന്നവനും, |
| ചോരഃ, | അന്യൻെറ സ്വത്തിനെ അപഹരിച്ചവനും, | സൎവ്വേ ച | ഇവരെല്ലാവരുംതന്നെ |
| പ്രാണിവധേ | പ്രാണിഹിംസയിൽ | നിരയഗാമിനഃ. | നരകത്തിലേക്കു പോകുന്നവരാണ്. |

സൂചകശ്ച കദര്യശ്ച മിത്രഘ്നോ ഗുരുതല്പഗഃ
ലോകം പാപാത്മനാമേതേ ഗച്ഛന്തേ നാത്ര സംശയഃ. 37

| | | | |
|---|---|---|---|
| "സൂചകഃ ച, | "രഹസ്യത്തെ പരസ്യമാക്കുന്നവനും, | ഏതേ | ഇവരെല്ലാം |
| കദര്യഃ ച, | ദുരാഗ്രഹിയും, | പാപാത്മനാം | പാപികൾക്കുള്ള |
| മിത്രഘ്നഃ, | വിശ്വസിച്ചവനെ ചതിക്കുന്നവനും, | ലോകം | ലോകത്തെ |
| ഗുരുതല്പഗഃ | ഗുരുപത്നിയെ പ്രാപിക്കുന്നവനും, | ഗച്ഛന്തേ, | പ്രാപിക്കുന്നു |
| | | അത്ര | എന്നതിൽ |
| | | സംശയഃ ന. | സംശയംതന്നെയില്ല. |

അധാര്യം ചർമ്മ മേ സദ്ഭീ രോമാണ്യസ്ഥി ച വർജ്ജിതം
അഭക്ഷ്യാണി ച മാംസാനി ത്വദ്വിധൈർധർമ്മചാരിഭിഃ. 38

| | | | |
|---|---|---|---|
| "ത്വദ്വിധൈഃ | "അങ്ങയെപ്പോലെയുള്ള | അധാര്യം; | ധരിക്കപ്പെടത്തക്കതല്ല; |
| ധർമ്മചാരിഭിഃ | ധർമ്മാനുഷ്ഠാനനിരതരായ | രോമാണി | രോമങ്ങളും |
| സദ്ഭിഃ | പരിശുദ്ധന്മാരാൽ | അസ്ഥി ച | അസ്ഥിയും |
| മേ ചർമ്മ | എൻെറ തോൽ | വർജ്ജിതം | വർജ്ജ്യവുമാകുന്നു; |
| | | മാംസാനി ച | മാംസങ്ങളും |
| | | അഭക്ഷ്യാണി | ഭുജിക്കത്തക്കവയല്ല. |

പഞ്ച പഞ്ചനഖാ ഭക്ഷ്യാ ബ്രഹ്മക്ഷത്രേണ രാഘവ
ശല്യകഃ ശ്വാവിധോ ഗോധാ ശശഃ കൂർമ്മശ്ച പഞ്ചമഃ. 39

| | | | |
|---|---|---|---|
| "രാഘവ! | "രഘൂത്തമ! | ശശഃ | മുയൽ, |
| ബ്രഹ്മക്ഷത്രേണ | ബ്രാഹ്മണന്മാരാലും ക്ഷത്രിയന്മാരാലും | പഞ്ചമഃ | അഞ്ചാമതായ |
| ശല്യകഃ | മുള്ളൻപന്നി | കൂർമ്മഃ ച | ആമ, എന്നു |
| ശ്വാവിധഃ | പന്നി, | പഞ്ച } | അഞ്ചുനഖമുള്ളവയായ |
| ഗോധാ | ഉടുമ്പ്, | പഞ്ചനഖാഃ } | അഞ്ചു ജന്തുക്കൾ മാത്രം |
| | | ഭക്ഷ്യാഃ. | ഭക്ഷിക്കത്തക്കവയാണല്ലോ. |

ചർമ്മ ചാസ്ഥി ച മേ രാജൻ ന സ്പൃശന്തി മനീഷിണഃ
അഭക്ഷ്യാണി ച മാംസാനി സോഽഹം പഞ്ചനഖോ ഹതഃ. 40

| | | | |
|---|---|---|---|
| "രാജൻ! | "രാജാവേ! | സ്പൃശന്തി ന; | കൈകൊണ്ടു തൊടു |
| മേ | എൻെറ | മാംസാനി ച | മാംസങ്ങളോ [ന്നില്ല; |
| ചർമ്മ ച | തോലിനേയും | അഭക്ഷ്യാണി; | ഭക്ഷിക്കാനുതകാത്തവ; |
| അസ്ഥി ച | എല്ലിനേയും | പഞ്ചനഖഃ | അഞ്ചുനഖമുള്ള |
| മനീഷിണഃ | മഹാന്മാർ | സഃ അഹം | അപ്രകാരമുള്ള ഞാൻ |
| | | ഹതഃ. | കൊല്ലപ്പെട്ടു. |

താരയാ വാക്യമുക്തോƒഹം സത്യം സർവ്വജ്ഞയാ ഹിതം
തദതിക്രമ്യ മോഹേന കാലസ്യ വശമാഗതഃ. 41

| | | | |
|---|---|---|---|
| "സർവ്വജ്ഞയാ | "കാര്യത്തിന്റെ സൂക്ഷ്മഗതികളറിയുന്ന | അഹം | ഞാൻ |
| താരയാ, | താരയാൽ, | തത് | അതിനെ |
| ഹിതം | ഹിതവും | മോഹേന | ബുദ്ധിഹീനതയാൽ |
| സത്യം | വാസ്തവവുമായ | അതിക്രമ്യ, | അനുസരിക്കാതെ |
| വാക്യം ഉക്തഃ | വാക്ക് ഉപദേശിക്കപ്പെട്ടവനായ | കാലസ്യ വശം ആഗതഃ. | മൃത്യുവിന്നധീനനായി ഭവിച്ചു. |

ത്വയാ നാഥേന കാകുത്സ്ഥ ന സനാഥാ വസുന്ധരാ
പ്രമദാ ശീലസമ്പന്നാ ധൂർത്തേന പതിനാ യഥാ. 42

| | | | |
|---|---|---|---|
| "ശീലസമ്പന്നാ | "സത്സ്വഭാവിയായ | നാഥേന | രക്ഷകനായ |
| പ്രമദാ, | ഒരു വനിത, | ത്വയാ | ഭവാനാൽ |
| ധൂർത്തേന | വഞ്ചകനായ | വസുന്ധരാ | ഈ ഭൂമി |
| പതിനാ | ഭർത്താവിനാൽ | സനാഥാ | അനുയോജിച്ചു നാഥനോടുകൂടിയതായി |
| യഥാ, | എന്നപോലെ, | | |
| കാകുത്സ്ഥ! | അല്ലേ ശ്രീരാമ! | ന. | ആകുന്നില്ല. |

ശഠോ നൈകൃതികഃ ക്ഷുദ്രോ മിഥ്യാപ്രശ്രിതമാനസഃ
കഥം ദശരഥേന ത്വം ജാതഃ പാപോ മഹാത്മനാ. 43

| | | | |
|---|---|---|---|
| "ശഠഃ | "മൂഢനും | ത്വം, | ഭവാൻ, |
| നൈകൃതികഃ | വഴിപിഴച്ചവനും | കഥം | എങ്ങിനെതന്നെയാണോ |
| ക്ഷുദ്രഃ | ദുഷ്ടനും | | |
| മിഥ്യാപ്രശ്രിതമാനസഃ | ശുദ്ധനെന്ന് നടിക്കുന്ന കപടനും, | മഹാത്മനാ | മഹാത്മാവായ |
| | | ദശരഥേന | ദശരഥനാൽ |
| പാപഃ | ദുശ്ചരിത്രനുമായ | ജാതഃ ? | ഉത്പാദിതനായത് ? |

ഛിന്നചാരിത്രകക്ഷ്യേണ സതാം ധർമ്മാതിവർത്തിനാ
ത്യക്തധർമ്മാങ്കുശേനാഹം നിഹതോ രാമഹസ്തിനാ. 44

| | | | |
|---|---|---|---|
| "ഛിന്നചാരിത്രകക്ഷ്യേണ | പൊട്ടിക്കപ്പെട്ട സദ്വൃത്തിയാകുന്ന ചങ്ങലയോടുകൂടിയതും | സതാം ധർമ്മാതിവർത്തിനാ | സന്മാർഗ്ഗംവിട്ട് സഞ്ചരിക്കുന്നതും ആയ |
| ത്യക്തധർമ്മാങ്കുശേന | ധർമ്മമാകുന്ന തോട്ടിക്ക് അടങ്ങാത്തതും | രാമഹസ്തിനാ | രാമനെന്ന ആനയാൽ |
| | | അഹം | ഞാൻ |
| | | നിഹതഃ! | ഹതനായി! |

അശുഭം ചാപ്യയുക്തം ച സതാം ചൈവ വിഗർഹിതം
വക്ഷ്യസേ ചേദൃശം കൃത്വാ സദ്ഭിഃ സഹ സമാഗതഃ. 45

| | | | |
|---|---|---|---|
| **"അശുഭം ച** | "പാപകരവും | സദ്ഭിഃ സഹ | സത്തുക്കളുമായി |
| **അയുക്തം ച,** | ചെയ്യാൻ പാടില്ലാത്ത | സമാഗതഃ ച | കൂടിച്ചേരുന്നവനായ അങ്ങ് |
| **സതാം ച** | സജ്ജനങ്ങൾക്ക് [തും, | | |
| **വിഗർഹിതം ഏവ** | നിന്ദ്യവുമായതിനെ | ഈദൃശം ച | ഇപ്രകാരമെല്ലാം |
| **കൃത്വാ,** | ചെയ്തശേഷം, | അപി വക്ഷ്യസേ ? | പരസ്യമായി സമ്മതിക്കുമോ ? |

ഉദാസീനേഷു യോഽസ്മാസു വിക്രമോഽയം പ്രകാശിതഃ
അപകാരിഷു തേ രാമ നൈവ പശ്യാമി വിക്രമം. 46

| | | | |
|---|---|---|---|
| **"രാമ !** | "ശ്രീരാമ ! | പ്രകാശിതഃ, | കാണിക്കപ്പെട്ടുവോ, |
| **ഉദാസീനേഷു** | (അങ്ങയുടെ കാര്യങ്ങളിൽ പ്രവേശിക്കാത്ത) സ്വസ്ഥന്മാരായ | തേ | അങ്ങയുടെ |
| | | വിക്രമം | ആ പരാക്രമത്തെ, |
| | | അപകാരിഷു | അപകാരം ചെയ്തവരിൽ |
| **അസ്മാസു** | ഞങ്ങളിൽ | | |
| **യഃ** | യാതൊരു | ന പശ്യാമി ഏവ. | ഞാൻ കാണുന്നില്ലല്ലോ. |
| **അയം വിക്രമഃ** | ഈ പരാക്രമം | | |

[കുററം ചെയ്തവരായ രാവണാദികളിൽ ഈ പരാക്രമം കാണിക്കപ്പെടുന്നില്ല. എന്നു ഭാവം.]

ദൃശ്യമാനസ്തു യുധ്യേഥാ മയാ യദി നൃപാത്മജ
അദ്യ വൈവസ്വതം ദേവം പശ്യേസ്ത്വം നിഹതോ മയാ. 47

| | | | |
|---|---|---|---|
| **"നൃപാത്മജ !** | "രാജകുമാര ! | ത്വം | അങ്ങ് |
| **മയാ** | എന്നാൽ | മയാ | എന്നാൽ |
| **ദൃശ്യമാനഃ തു** | കാണപ്പെട്ടവനായിത്തന്നെ | നിഹതഃ | കൊല്ലപ്പെട്ടവനായി |
| **യുധ്യേഥാഃ യദി,** | യുദ്ധം ചെയ്തതായിരുന്നുവെങ്കിൽ, | വൈവസ്വതം ദേവം | യമധർമ്മരാജാവിനെ |
| **അദ്യ** | അപ്പോൾ തന്നെ | പശ്യേഃ. | നേരിൽ ദർശിക്കുമായിരുന്നു. |

ത്വയാഽദൃശ്യേന തു രണേ നിഹതോഽഹം ദുരാസദഃ
പ്രസുപ്തഃ പന്നഗേനേവ നരഃ പാനവശം ഗതഃ. 48

| | | | |
|---|---|---|---|
| **"രണേ** | "യുദ്ധത്തിൽ | പന്നഗേന | ഒരു സർപ്പത്തിനാൽ |
| **ദുരാസദഃ** | അജയ്യനായ | ഇവ | എന്നപോലെ |
| **അഹം,** | ഞാൻ, | ത്വയാ | ഭവാനാൽ, |
| **പാനവശംഗതഃ** | മദ്യപിച്ച് | | |
| **പ്രസുപ്തഃ** | മയങ്ങിക്കിടക്കുന്ന | അദൃശ്യേന തു | മറഞ്ഞിരുന്നുതന്നെ |
| **നരഃ** | മനുഷ്യൻ | നിഹതഃ, | കൊല്ലപ്പെട്ടു. |

സുഗ്രീവപ്രിയകാമേന യത്കൃതേഽസ്മി ഹതസ്ത്വയാ
മാമേവ യദി പൂൎവ്വം ത്വമേതദൎത്ഥമചോദയഃ
മൈഥിലീമഹമേകാഹ്നാ ത്വാനയിഷ്യാമ്യസംശയം. 49

| | | | |
|---|---|---|---|
| "സുഗ്രീവപ്രിയകാമേന | "സുഗ്രീവന്നു നന്മചെയ്യുവാനിച്ഛിച്ചു | അചോദയഃ യദി, | ഏല്പിച്ചിരുന്നുവെങ്കിൽ, |
| ത്വയാ, | ഭവാനാൽ, | മൈഥിലീം | ജാനകീദേവിയെ |
| യത് കൃതേ | എന്തുദ്ദേശത്തോടുകൂടി | അഹം | ഞാൻ |
| ഹതഃ അസ്മി, | ഞാൻ വധിക്കപ്പെട്ടു[വോ, | ഏകാഹ്നാ തു | ഒരുദിവസംകൊണ്ടുതന്നെ |
| ഏതദൎത്ഥം | ഇക്കാൎയ്യത്തിൽ | ആനയിഷ്യാമി, | കൊണ്ടുവന്നിട്ടുണ്ടായിരിക്കും; |
| മാം ഏവ | എന്നെത്തന്നെ | | |
| പൂൎവ്വം | ആദ്യം | | |
| ത്വം | ഭവാൻ | അസംശയം. | സംശയമില്ല. |

[ബാലി അധൎമ്മിഷ്ഠനാകയാൽ അവനുമായി സഖ്യം ചെയ്യാതിരുന്നു എന്ന മതിയായ കാരണത്തിന്നുപുറമെ, ബാലിയുമായി സഖ്യം ചെയ്യുന്നതാണെങ്കിൽ, അവതാരത്തിന്റെ ഉദ്ദേശംതന്നെ ഇല്ലാതായ്പ്പോകും എന്നുവെച്ച് അങ്ങിനെ ചെയ്തില്ല എന്ന് സ്കാന്ദത്തിൽ പറയുന്നു. "അഭയേ വാലിനോ ദത്തേ പ്രതിജ്ഞാ പരിഹീയതേ. രാവണസ്യ സഖാ വാലീ രാവണോഽപി വ്രജേത്തു മാം. രാവണസ്യ വധാഭാവാദവതാരഫലം ന ഹി."]

രാക്ഷസം ച ദുരാത്മാനം തവ ഭാൎയ്യാപഹാരിണം
ഗ്രീവായാം തു ദശഗ്രീവം ബദ്ധ്വാ സംപ്രദദേ തവ. 50

| | | | |
|---|---|---|---|
| "തവ | "ഭവാന്റെ | ദശഗ്രീവം ച | ദശാസ്യനേയും |
| ഭാൎയ്യാപഹാരിണം | ഭാൎയ്യയെ അപഹരിച്ചവനും | ഗ്രീവായാം ബദ്ധ്വാ | കഴുത്തിൽ കുടുക്കിട്ട് |
| ദുരാത്മാനം | ദുഷ്ടനും | തവ തു | അങ്ങയുടെ അടുക്കൽ |
| രാക്ഷസം | രാക്ഷസനുമായ | സംപ്രദദേ. | കൊണ്ടുവന്നു തരുമായിരുന്നു. |

ന്യസ്താം സാഗരതോയേ വാ പാതാളേ വാഽപി മൈഥിലീം
ആനയേയം തവാദേശാച്ഛ്വേതാമശ്വതരീമിവ. 51

| | | | |
|---|---|---|---|
| "സാഗരതോയേ വാ | "സമുദ്രജലത്തിലോ | ആദേശാത്, | ഇഷ്ടപ്രകാരം, |
| പാതാളേ വാ അപി | പാതാളത്തിൽ തന്നെയോ | ശ്വേതാം അശ്വതരീം | വെള്ളക്കുതിരയെ |
| ന്യസ്താം, | വെയ്ക്കപ്പെട്ടവളായിരുന്നാലും, | ഇവ | (ഹയഗ്രീവൻ) എന്നതുപോലെ |
| മൈഥിലീം | മൈഥിലിയെ | ആനയേയം. | ഞാൻകൊണ്ടുവരുമായിരുന്നു. |
| തവ | ഭവാന്റെ | | |

[മധുകൈടഭന്മാരാൽ ബ്രഹ്മാവിന്റെ കയ്യിൽനിന്ന് അപഹരിച്ചുകൊണ്ടുപോയി പാതാളത്തിൽ സൂക്ഷിക്കപ്പെട്ട ശ്വേതാശ്വതരീരൂപമായ വേദത്തെ, ഹയഗ്രീവാവതാരം എടുത്ത് മഹാവിഷ്ണു വീണ്ടുകൊണ്ടുവന്നതുപോലെ എന്നു സാരം. ഹയഗ്രീവാവതാരം ശാന്തിപൎവ്വം 357-ാം അദ്ധ്യായത്തിൽ കാണുക.]

യുക്തം യത് പ്രാപ്നുയാദ്രാജ്യം സുഗ്രീവഃ സ്വർഗ്ഗതേ മയി
അയുക്തം യദധർമ്മേണ ത്വയാഽഹം നിഹതോ രണേ. 52

| | | | |
|---|---|---|---|
| "മയി | "ഞാൻ | രണേ | പോരിൽ |
| സ്വർഗ്ഗതേ, | മരിച്ചാൽ, | ത്വയാ | അങ്ങയാൽ |
| സുഗ്രീവഃ | സുഗ്രീവൻ | അധർമ്മേണ | ധർമ്മത്തിന്നു വിപരീതമായി |
| രാജ്യം | രാജ്യത്തെ | അഹം | ഞാൻ |
| പ്രാപ്നുയാത് | പ്രാപിക്കും | നിഹതഃ | വധിക്കപ്പെട്ടു |
| യത് | എന്നുള്ളത് | യത് | എന്നത് |
| യുക്തം ; | ശരിതന്നെ ; | അയുക്തം. | അന്യായമായതുമാകുന്നു. |

['ഞാൻ മരിച്ചാൽ സുഗ്രീവൻ രാജ്യാവകാശിയാകുന്നു എന്നുള്ളതുകൊണ്ട്, സുഗ്രീവൻ എന്നോടു ചൊരുതി എന്നെ വധിപ്പാൻ ശ്രമിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. എന്നാൽ അങ്ങ് ഇങ്ങിനെ ചെയ്തതു് ഒട്ടും ന്യായമല്ല. ഇതിൽ സ്വാത്മലാഭംകൂടിയില്ലല്ലോ. എന്നു ഭാവം.]

കാമമേവംവിധേ ലോകഃ കാലേന വിനിയുജ്യതേ
ക്ഷമം ചേദ്ഭവതാ പ്രാപ്തമുത്തരം സാധു ചിന്ത്യതാം. 53

| | | | |
|---|---|---|---|
| "കാമം ; | "കഴിഞ്ഞതു കഴിഞ്ഞു; | ഭവതാ | ഭവാനാൽ |
| ഏവം വിധേ | ഇങ്ങിനെതന്നെയാണ് | പ്രാപ്തം | ചെയ്യപ്പെട്ടത് |
| ലോകഃ | ലോകം | ക്ഷമം ചേത് | ന്യായമാണെന്നാൽ |
| കാലേന | ദൈവവിധിയാൽ | സാധു ; | വളരെ നന്നായി; |
| | | ഉത്തരം | മേൽവേണ്ടുന്നത് |
| വിനിയുജ്യതേ ; | നടത്തപ്പെടുന്നതു ; | ചിന്ത്യതാം." | ആലോചിക്കപ്പെടട്ടെ." |

["ഭവാനാൽ ചെയ്യപ്പെട്ടതായ ഈ ചതിയായുള്ള വധം ന്യായമായതുതന്നെയെന്നാൽ തക്കതായ മറുപടി ആലോചിക്കപ്പെടട്ടെ." (ഗോ. രാ മുതലായവ).]

ഇത്യേവമുക്ത്വാ പരിശുഷ്കവക്ത്രഃ
ശരാഭിഘാതാദ്വ്യഥിതോ മഹാത്മാ
സമീക്ഷ്യ രാമം രവിസംനികാശം
തൂഷ്ണീം ബഭൂവാമരരാജസൂനുഃ. 54

| | | | |
|---|---|---|---|
| അമരരാജസൂനുഃ | ഇന്ദ്രാത്മജനും, | ഇതി<br>ഏവം, | } മേൽപ്രകാരം, |
| മഹാത്മാ | അതിധീരനും, | രവിസംനികാശം | ആദിത്യസദൃശനായ |
| ശരാഭിഘാതാത് | ബാണപ്രഹരത്താൽ | രാമം | ശ്രീരാമനെ |
| വ്യഥിതഃ, | പീഡിതനും, | സമീക്ഷ്യ | നോക്കി |
| പരിശുഷ്കവക്ത്രഃ, | വാടിയ വദനത്തോടുകൂടിയവനുമായ അവൻ | ഉക്ത്വാ | പറഞ്ഞശേഷം, |
| | | തൂഷ്ണീം ബഭൂവ. | മൌനം കയ്ക്കൊണ്ടു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
സപ്തദശഃ സർഗ്ഗഃ = പതിനേഴാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 10017; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 765.

# അഷ്ടാദശഃ സർഗ്ഗഃ = പതിനെട്ടാംസർഗ്ഗം.

[വാലിവധസമർത്ഥനം = ബാലിവധത്തെ സാധൂകരിക്കുന്നത്.]

ഇത്യുക്തഃ പ്രശ്രിതം വാക്യം ധർമ്മാർത്ഥസഹിതം ഹിതം
പരുഷം വാലിനാ രാമോ നിഹതേന വിചേതസാ 1

| | | | |
|---|---|---|---|
| വിചേതസാ | ബോധഹീനനായി | ഹിതം | ന്യായമായതും |
| നിഹതേന | എയ്തുവീഴ്ത്തപ്പെട്ട | പ്രശ്രിതം | മര്യാദയായ് പറയപ്പെട്ടതും |
| വാലിനാ, | ബാലിയാൽ, | | |
| രാമഃ | ശ്രീരാമൻ | പരുഷം | കണ്ണുകഠോരവും ആയ |
| ധർമ്മാർത്ഥസഹിതം | ധർമ്മത്തെക്കുറിച്ചുള്ള കാരണങ്ങളോടുകൂടിയതും | വാക്യം | വാക്യത്തെ |
| | | ഇതി | മേൽപ്രകാരം |
| | | ഉക്തഃ. | ഉരചെയ്യപ്പെട്ടു. |

[“ധർമ്മാർത്ഥസഹിതം, ഹിതം”, ധർമ്മത്തിനു അനുയോജിച്ചതും ന്യായമായുള്ളതും ധർമ്മത്തെപ്പററി ചോദിക്കുന്നതും തനിക്ക് ഹിതമായതും (ഇത്യാദിയും).]

തം നിഷ്പ്രഭമിവാദിത്യം മുക്തതോയമിവാംബുദം
ഉക്തവാക്യം ഹരിശ്രേഷ്ഠമുപശാന്തമിവാനലം 2
ധർമ്മാർത്ഥഗുണസംപന്നം ഹരീശ്വരമനുത്തമം
അധിക്ഷിപ്തസ്തദാ രാമഃ പശ്ചാദ്വാലിനമബ്രവീത്. 3

| | | | |
|---|---|---|---|
| തദാ | ആ സമയം | അനലം ഇവ, | അഗ്നിയെപ്പോലെയിരിക്കുന്നവനും, |
| അധിക്ഷിപ്തഃ | നിന്ദിച്ചുരചെയ്യപ്പെട്ട | | |
| രാമഃ, | ശ്രീരാമൻ, [വനായ | ഹരീശ്വരം | വാനരരാജാവും |
| നിഷ്പ്രഭം | പ്രഭയററ | ഉക്തവാക്യം | പറഞ്ഞവസാനിച്ചവ |
| ആദിത്യം ഇവ, | ആദിത്യനെപ്പോലെയിരിക്കുന്നവനും, | തം | ആ [നും ആയ |
| | | വാലിനം, | ബാലിയോടായി, |
| മുക്തതോയം | മഴപെയ്തൊഴിച്ചു | പശ്ചാത് | അതിൽപിന്നെ |
| അംബുദം | മേഘം | അനുത്തമം | ഉത്കൃഷ്ടമായും |
| ഇവ, | പോലെയിരിക്കുന്നവനും, | ധർമ്മാർത്ഥഗുണസംപന്നം | ധർമ്മത്തിന്റെ സൂക്ഷ്മസ്വഭാവത്തോടുകൂടിയതായും |
| ഹരിശ്രേഷ്ഠം, | വാനരോത്തമനും, | | |
| ഉപശാന്തം | കത്തിശ്ശമിച്ച | അബ്രവീത്. | ഉരചെയ്തു. |

[ആദിത്യനെപ്പോലെയിരിക്കുന്നവനെങ്കിലും പ്രഭയില്ലാത്തവനായും മേഘംപോലെയിരിക്കുന്നവനെങ്കിലും മഴപൊഴിക്കാത്തവനായും; എന്ന ഉപമകൾകൊണ്ട് ധർമ്മത്തെപ്പററി പ്രതിപാദിക്കുന്നവനാണെങ്കിലും ധർമ്മാചാരഹീനനാകുന്നു, ബാലി എന്നു വ്യംഗ്യം. “ഉപശാന്തം അനലം ഇവ”, എന്നതിൽനിന്നു പരഹിംസയാകുന്ന പാപത്തെ ചെയ്വാൻ മേലിൽ സാധിക്കാത്തവൻ എന്നു വ്യംഗ്യം. “ധർമ്മാർത്ഥഗുണസംപന്നം” (ധർമ്മത്തിന്റെ സ്വഭാവത്തെ ഗൌണമായി പ്രതിപാദിക്കുന്നവൻ), “അനുത്തമം” (അനുജന്റെ ഭാരങ്ങളെ ഗ്രഹിക്കുന്ന അധർമ്മത്തെ ചെയ്യുന്ന അധമൻ), എന്ന അർത്ഥത്തിൽ ബാലിയ്ക്കു വിശേഷണങ്ങളായും എടുക്കാം.]

ധൎമ്മമൎത്ഥം ച കാമം ച സമയം ചാപി ലൌകികം
അവിജ്ഞായ കഥം ബാല്യാന്മാമിഹാദ്യ വിഗൎഹസേ. 4

| | | | |
|---|---|---|---|
| “ധൎമ്മം ച, | “ധൎമ്മത്തെപ്പററിയും, | ബാല്യാത് | പൂൎത്തിയായ അറിവില്ലായ്മമൂലം |
| കാമം | അതിനാൽ ആഗ്രഹിക്കപ്പെടുന്നതായ | അവിജ്ഞായ ച, | നല്ലപോലെ ഗ്രഹിക്കാതെ, |
| അൎത്ഥം ച, | പുരുഷാൎത്ഥത്തെക്കുറിച്ചും, | അദ്യ | ഇപ്പോൾ |
| ലൌകികം സമയം അപി, | ലൌകികാചാരത്തെപ്പററിയ നിയമത്തെക്കുറിച്ചും, | ഇഹ മാം | ഇക്കാൎയ്യത്തിൽ എന്നെ |
| | | കഥം | എന്തിന്നായിട്ടാണ് |
| | | വിഗൎഹസേ? | കുററപ്പെടുത്തുന്നത്? |

അപൃഷ്ട്വാ ബുദ്ധിസംപന്നാൻ വൃദ്ധാനാചാൎയ്യസമ്മതാൻ
സൌമ്യ വാനരചാപല്യാത് കിം മാം വക്തുമിഹേച്ഛസി. 5

| | | | |
|---|---|---|---|
| “സൌമ്യ! | “ശുഭശീല! | വാനരചാപല്യാത് | കപിചാപല്യംമൂലം |
| ബുദ്ധിസംപന്നാൻ | സൂക്ഷ്മബുദ്ധിയുള്ളവരും | മാം | എന്നെ |
| ആചാൎയ്യസമ്മതാൻ | ആചാൎയ്യന്മാരെന്ന് അംഗീകരിക്കപ്പെട്ടവരും | ഇഹ | ഇക്കാൎയ്യത്തിൽ |
| വൃദ്ധാൻ | മഹാന്മാരോട് [ആയ | കിം | എന്തിന്നായിട്ടാണ് |
| അപൃഷ്ട്വാ, | ചോദിച്ചുമനസ്സിലാക്കാതെ, | വക്തും | ദുഷിപ്പാൻ |
| | | ഇച്ഛസി? | തുനിയുന്നത്? |

ഇക്ഷ്വാകൂണാമിയം ഭൂമിഃ സശൈലവനകാനനാ
മൃഗപക്ഷിമനുഷ്യാണാം നിഗ്രഹാനുഗ്രഹേഷ്വപി. 6

| | | | |
|---|---|---|---|
| “സശൈലവനകാനനാ | മലകളും, കാടുകളും ഉപവനങ്ങളും ചേൎന്ന [തായ | നിഗ്രഹാനുഗ്രഹേഷു | ശിക്ഷിക്കുക, രക്ഷിക്കുക എന്ന സംഗതികളിൽ |
| ഇയം | ഈ | | |
| ഭൂമിഃ, | ലോകം, | ഇക്ഷ്വാകൂണാം അപി. | ഇക്ഷ്വാകുവംശരാജാക്കന്മാൎക്കുതന്നെ സ്വായത്തമായതാകുന്നു. |
| മൃഗപക്ഷിമനുഷ്യാണാം | മൃഗപക്ഷിനരന്മാരെക്കുറിച്ച് | | |

[ഇതിൽ മുൻസൎഗ്ഗത്തിൽ 24-ാം ശ്ലോകത്തിൽ “വിഷയേ വാ പുരേ വാ തേ,” എന്നിത്യാദി ആക്ഷേപത്തിന്നു സമാധാനം പറയുന്നു.]

താം പാലയതി ധൎമ്മാത്മാ ഭരതഃ സത്യവാഗൃജുഃ
ധൎമ്മകാമാൎത്ഥതത്വജ്ഞോ നിഗ്രഹാനുഗ്രഹേ രതഃ. 7

| | | | |
|---|---|---|---|
| “ധൎമ്മാത്മാ | “ധൎമ്മാത്മാവും | നിഗ്രഹാനുഗ്രഹേ | (ആ സ്വധൎമ്മമായ) ശിക്ഷാരക്ഷണവിഷയത്തിൽ |
| സത്യവാക് | സത്യസന്ധനും, | | |
| ഋജുഃ | നേൎവഴിനടക്കുന്നവനും | രതഃ | ജാഗ്രതയോടുകൂടി വൎത്തിക്കുന്നവനും ആയ |
| ധൎമ്മകാമാൎത്ഥതത്വജ്ഞഃ | സധൎമ്മാചരണംകൊണ്ട് ആഗ്രഹിക്കത്തക്കതത് പുരുഷാൎത്ഥം തന്നെയെന്ന തത്വത്തെ ആഗ്രഹിച്ചവനായി | ഭരതഃ, | ഭരതൻ, |
| | | താം | അതിനെ |
| | | പാലയതി. | പരിപാലിച്ചുവരുന്നു. |

നയശ്ച വിനയശ്ചോഭൌ യസ്മിൻ സത്യം ച സുസ്ഥിതം
വിക്രമശ്ച യഥാദൃഷ്ടഃ സ രാജാ ദേശകാലവിത്. 8

| | |
|---|---|
| "യസ്മിൻ | "യാതൊരു അവങ്കൽ |
| സത്യം | സത്യം |
| സുസ്ഥിതം, | ദൃഢമായി സ്ഥിതിചെയ്യുന്നുവോ, |
| നയഃ | ലോകാചാരവും |
| വിനയഃ ച | വിശിഷ്ടധർമ്മാനുഷ്ഠാന |
| ഉഭൌ | ഇവരണ്ടും [വും |
| ച, | അപ്രകാരംതന്നെ സ്ഥിതിചെയ്യുന്നുവോ, |

| | |
|---|---|
| യഥാദൃഷ്ടഃ | ശാസ്ത്രങ്ങളിൽ അംഗീകരിക്കപ്പെട്ടതായ |
| വിക്രമഃ ച, | പരാക്രമവും അപ്രകാരം വർത്തിക്കുന്നുവോ, |
| ദേശകാലവിത് | ധർമ്മശാസ്ത്രങ്ങളേയും തക്കകാലങ്ങളേയും നല്ലപോലെ അറിയുന്നവനായ |
| സഃ ച | അദ്ദേഹംതന്നെയാണ് |
| രാജാ. | ചക്രവർത്തി. |

തസ്യ ധർമ്മകൃതാദേശാ വയമന്യേ ച പാർത്ഥിവാഃ
ചരാമോ വസുധാം കൃത്സ്നാം ധർമ്മസന്താനമിച്ഛവഃ. 9

| | |
|---|---|
| "ധർമ്മകൃതാദേശാഃ | "ധർമ്മത്തെമാത്രം ഫലമായികണ്ടുകൊണ്ട്, കല്പനകളെ അനുസരിച്ചു വരുന്നവരായ |
| വയം അന്യേ | ഞങ്ങളും മററുള്ള |
| പാർത്ഥിവാഃ ച, | അരചന്മാരും, |

| | |
|---|---|
| ധർമ്മസന്താനം | ധർമ്മാഭിവൃദ്ധിയെ |
| ഇച്ഛവഃ, | ആഗ്രഹിക്കുന്നവരായി, |
| തസ്യ | അദ്ദേഹത്തിന്റെ |
| വസുധാം കൃത്സ്നാം | രാജ്യത്തിലെങ്ങും |
| ചരാമഃ. | സഞ്ചരിച്ചുവരുന്നു. |

["ധർമ്മകൃതാദേശാഃ" (ധർമ്മം ഉപലക്ഷണമായ ധർമ്മാധർമ്മങ്ങളെക്കുറിച്ച് അന്വേഷിപ്പാൻ നിയോഗിക്കപ്പെട്ടവരായി) എന്നു (തീർത്ഥീയം).]

തസ്മിൻ നൃപതിശാർദ്ദൂലേ ഭരതേ ധർമ്മവത്സലേ
പാലയത്യഖിലാം ഭൂമിം കശ്ചരേദധർമ്മനിഗ്രഹം. 10

| | |
|---|---|
| "തസ്മിൻ | "ആ |
| നൃപതിശാർദ്ദൂലേ | രാജശ്രേഷ്ഠനും |
| ധർമ്മവത്സലേ | ധർമ്മതല്പരനും ആയ |
| ഭരതേ | ഭരതൻ |
| അഖിലാം ഭൂമിം, | ഭൂമിമുഴുവനും |

| | |
|---|---|
| പാലയതി, | പരിപാലിക്കുമ്പോൾ, |
| കഃ | ആർതന്നെയാണ് |
| ധർമ്മനിഗ്രഹം | ധർമ്മത്തിനു ഉടവ് |
| ചരേത് ? | വരുത്തുക ? |

["ന ച ത്വാമവജാനേ ച," എന്നുള്ളതിനു ഉത്തരം പറയുന്നു. പ്രജ, മററുള്ള പ്രജകൾക്ക് നേരെ ചെയ്യുന്ന കുററം രാജാവിനോട് ചെയ്യുന്നതെന്നു സാരം.]

തേ വയം ധർമ്മവിഭ്രഷ്ടം സ്വധർമ്മേ പരമേ സ്ഥിതാഃ
ഭരതാജ്ഞാം പുരസ്കൃത്യ നിഗൃഹ്ണീമോ യഥാവിധി. 11

| | |
|---|---|
| "തേ | "അപ്രകാരമുള്ള |
| വയം | ഞങ്ങൾ, |
| പരമേ | ഉത്കൃഷ്ടമായ |
| സ്വധർമ്മേ | ഞങ്ങളുടെ ധർമ്മത്തിൽ |
| സ്ഥിതാഃ, | വ്യവസ്ഥിതിചെയ്യുന്നവരായി, |

| | |
|---|---|
| ഭരതാജ്ഞാം | ഭരതന്റെ അധികാരത്തെ |
| പുരസ്കൃത്യ, | കയ്ക്കൊണ്ടുതന്നെ, |
| ധർമ്മവിഭ്രഷ്ടം | ധർമ്മഭ്രംശം വരുത്തിയ |
| യഥാവിധി | ധർമ്മമുറപ്രകാരം [വനെ |
| നിഗൃഹ്ണീമഃ. | ശിക്ഷിച്ചുവരുന്നു. |

ത്വം തു സംക്ലിഷ്ടധർമ്മാ ച കർമ്മണാ ച വിഗർഹിതഃ
കാമതന്ത്രപ്രധാനശ്ച ന സ്ഥിതോ രാജവർത്മനി. 12

| | | | |
|---|---|---|---|
| "ത്വം തു | "നീയാകട്ടെ | കാമതന്ത്ര-പ്രധാനഃ ച; | സ്വേച്ഛാധികാരത്തെ പ്രധാനമായ് കയ്ക്കൊണ്ടവൻ (കാമത്തിൽ മുഴുകിയവൻ); |
| സംക്ലിഷ്ട-ധർമ്മാ ച; | ധർമ്മത്തിൽ നിന്നു വഴുതിയവൻ; | രാജവർത്മനി ന സ്ഥിതഃ. | രാജനീതിയിൽ വർത്തിക്കാത്തവൻ. |
| കർമ്മണാ വിഗർഹിതഃ ച; | നീചകൃത്യമാർന്നവൻ; | | |

ജ്യേഷ്ഠോ ഭ്രാതാ പിതാ വാഽപി യശ്ച വിദ്യാം പ്രയച്ഛതി
ത്രയസ്തേ പിതരോ ജ്ഞേയാ ധർമ്മേ പഥി ഹി വർത്തിനഃ. 13

| | | | |
|---|---|---|---|
| "ധർമ്മേ പഥി വർത്തിനഃ, | "ധർമ്മമാർഗ്ഗത്തിൽ സ്ഥിതിചെയ്യുന്ന ഒരുവന്ന്, | വിദ്യാം | വിദ്യയെ |
| ജ്യേഷ്ഠഃ ഭ്രാതാ, | ജ്യേഷ്ഠസഹോദരനും, | പ്രയച്ഛതി ച | പ്രദാനം ചെയ്യുന്നുവോ അവനും, |
| പിതാ വാ അപി, | പിതാവും, | തേ ത്രയഃ ഹി | ആ മൂന്നുപേരും |
| യഃ | യാതൊരുവൻ | പിതരഃ | പിതാക്കന്മാരെന്ന് |
| | | ജ്ഞേയാഃ. | ഭാവിക്കപ്പെടേണ്ടവരാകുന്നു. |

യവീയാൻ സോദരഃ പുത്രഃ ശിഷ്യശ്ചാപി ഗുണാന്വിതഃ
പുത്രവത്തേ ത്രയശ്ചിന്ത്യാ ധർമ്മശ്ചേദത്ര കാരണം. 14

| | | | |
|---|---|---|---|
| "യവീയാൻ സോദരഃ | "ഇളയ സഹോദരനും, | പുത്രവത് | പുത്രനെന്നപോലെ |
| പുത്രഃ | പുത്രനും, | ചിന്ത്യാഃ; | ഭാവിക്കപ്പെടേണ്ടവരാകുന്നു; |
| ഗുണാന്വിതഃ | സദ്ഗുണയുക്തനായ | അത്ര | ഇതിന്നു |
| ശിഷ്യഃ അപി, | ശിഷ്യനും, | ധർമ്മഃ ചേത് | ധർമ്മശാസ്ത്രം തന്നെ |
| തേ ത്രയഃ ച | ആ മൂന്നുപേരും | കാരണം. | പ്രമാണം. |

സൂക്ഷ്മഃ പരമദുർജ്ഞേയഃ സതാം ധർമ്മഃ പ്ലവംഗമ
ഹൃദിസ്ഥഃ സർവ്വഭൂതാനാമാത്മാ വേദ ശുഭാശുഭം. 15

| | | | |
|---|---|---|---|
| "പ്ലവംഗമ! | "വാനര! | സർവ്വഭൂതാനാം | സർവ്വപ്രാണികളുടെയും |
| സതാം | പുണ്യവാന്മാരുടെ | ഹൃദിസ്ഥഃ | ഹൃദയാന്തർവ്വർത്തിയായ |
| സൂക്ഷ്മഃ ധർമ്മഃ | സൂക്ഷ്മമായ ധർമ്മം | ആത്മാ | പരമാത്മാവ് |
| പരമ-ദുർജ്ഞേയഃ; | അന്യരാൽ കഷ്ടപ്പെട്ടും അറിയപ്പെടുവാൻ പ്രയാസമായതാകുന്നു; | ശുഭാശുഭം | നന്മതിന്മകളെ |
| | | വേദ. | അറിയും. |

ചപലഃ ചപലൈഃ സാർദ്ധം വാനരൈരകൃതാത്മഭിഃ
ജാത്യന്ധ ഇവ ജാത്യന്ധൈർമന്ത്രയൻ ദ്രക്ഷ്യസേ ന കിം. 16

| | | | |
|---|---|---|---|
| "ജാത്യന്ധഃ | "ജനിക്കുമ്പോൾതന്നെ അന്ധനായ ഒരുവൻ | വാനരൈഃ സാർദ്ധം, | വാനരന്മാരോടുകൂടി |
| ജാത്യന്ധൈഃ | മററു ജാത്യന്ധന്മാരോ[ടുകൂടി | മന്ത്രയൻ, | മന്ത്രാലോചന ചെയ്തു്, |
| ഇവ, | എന്ന പോലെ, | കിം ന | എന്തൊന്നിനെത്തന്നെയാണ് |
| ചപലഃ | ചപലചിത്തനായ നീ | ദ്രക്ഷ്യസേ ? | കണ്ടറിവാൻ പോകുന്നത് ? |
| ചപലൈഃ | ചപലചിത്തന്മാരും | | |
| അകൃതാത്മഭിഃ | ഗുരുകുലവാസം ചെയ്തു് ബുദ്ധിക്ക് പാകത വരാത്തവരുമായ | | |

അഹം തു വ്യക്തതാമസ്യ വചനസ്യ ബ്രവീമി തേ
ന ഹി മാം കേവലം രോഷാത് ത്വം വിഗർഹിതുമർഹസി. 17

| | | | |
|---|---|---|---|
| "അഹം തു | "ഞാൻ തന്നെ | മാം ഹി | എന്നെയാകട്ടെ |
| അസ്യ | ഈ | കേവലം | കേവലമായ |
| വചനസ്യ | വാക്യത്തിന്റെ | രോഷാത് | ക്രോധം കൈക്കൊണ്ടു് |
| വ്യക്തതാം | സാരത്തെ | ത്വം | നീ |
| തേ | ഭവാന്നു് | വിഗർഹിതും | നിന്ദിക്കുന്നതു് |
| ബ്രവീമി; | പറഞ്ഞുതരുന്നുണ്ടു്; | അർഹസി ന. | യുക്തമല്ല. |

["ഹേ വ്യക്തതാമസ്യ!" (വ്യക്തമായ താമസത്തോടു, തമോഗുണത്തോടുകൂടിയവനേ!) "കസ്മാത് ത്വം ഹംസ്യകില്ബിഷം" എന്നു നീ ചോദിച്ചതായ, "തേ വചനസ്യ" (നിന്റെ വാക്യത്തിന്നു്), "അഹം ബ്രവീമി" ഞാൻ മറുപടി പറയാം. എന്നു് (സ)]

തദേതത് കാരണം പശ്യ യദർത്ഥം ത്വം മയാ ഹതഃ
ഭ്രാതുർവർത്തസി ഭാര്യായാം ത്യക്ത്വാ ധർമ്മം സനാതനം. 18

| | | | |
|---|---|---|---|
| "ത്വം | "നീ | പശ്യ; | അറിഞ്ഞുകൊൾക; |
| മയാ | എന്നാൽ | സനാതനം | സനാതനമായ |
| യദർത്ഥം | എന്തുകാരണത്താൽ | ധർമ്മം ത്യക്ത്വാ | ധർമ്മത്തെ ത്യജിച്ചു് |
| ഹതഃ | ഹനിക്കപ്പെട്ടുവോ | ഭ്രാതുഃ | അനുജന്റെ |
| തത് | ആ | ഭാര്യായാം | ഭാര്യയിൽ |
| ഏതത് കാരണം | ഈ കാരണത്തെ | വർത്തസി. | നീ രമിക്കുന്നു. |

["കഥം ഹംസ്യകില്ബിഷം?" (യാതൊരു കുററവും ചെയ്യാത്ത എന്നെ എന്തിന്നായിട്ടാണ് വധിക്കുന്നതു്), എന്നതിന്നു് പറയുന്നു:—

കനിഷ്ഠസഹോദരൻ പുത്രതുല്യനാണെന്നു മുമ്പു് പറയപ്പെട്ടിരിക്കയാൽ കനിഷ്ഠഭാര്യാഗമനം ഗുരുപത്നീഗമനമാകുന്ന മഹാപാതകത്തിന്നു സമമാകുന്നുവെന്നു ബോദ്ധ്യം. ("ബ്രഹ്മഹത്യാ സുരാപാനം സ്തേയം ഗുർവ്വംഗനാഗമഃ മഹാന്തി പാതകാന്യാഹുഃ സംസർഗ്ഗശ്ചാപി തൈഃ സഹ." എന്നു പഞ്ചമഹാപാതകങ്ങൾ.) "രേതഃ സേകഃ സ്വയോനീഷു കുമാരീഷ്വന്ത്യജാസു ച സഖ്യുഃ പുത്രസ്യ ച സ്ത്രീഷു ഗുരുതല്പസമം വിദുഃ" എന്നു് പുത്രഭാര്യാഗമനം ഗുരുതല്പഗമനത്തിന്നു തുല്യമാണെന്നു് മനുവാക്യം. "ഭ്രാതുർജ്ജ്യേഷ്ഠസ്യ ഭാര്യാ യാ ഗുരുപത്ന്യനുജസ്യ സാ. യവീയസസ്തു യാ ഭാര്യാ സ്നുഷാ ജ്യേഷ്ഠസ്യ സാ സ്മൃതാ. ജ്യേഷ്ഠോ യവീയസോ ഭാര്യാം യവീയാൻ വാഗ്രജസ്ത്രിയം പതിതൌ ഭവതോ ഗത്വാ നിയുക്താവപ്യനാപദി." (മനു)].

അസ്യ ത്വം ധരമാണസ്യ സുഗ്രീവസ്യ മഹാത്മനഃ
രുമായാം വൎത്തസേ കാമാത് സ്നുഷായാം പാപകൎമ്മകൃത്. 19

| | |
|---|---|
| "ത്വം | "നീ |
| ധരമാണസ്യ | ജീവനോടിരിക്കുന്ന |
| അസ്യ | ഈ |
| മഹാത്മനഃ | മഹാത്മാവായ |
| സുഗ്രീവസ്യ | സുഗ്രീവന്നു് |
| പാപകൎമ്മകൃത് | തിന്മവിളയിക്കുന്നവനായി |
| കാമാത് | കാമവശഗനായി |
| സ്നുഷായാം | പുത്രഭാൎയ്യയായ |
| രുമായാം | രുമയിൽ |
| വൎത്തസേ. | രമിക്കുന്നു. |

തദ്വ്യതീതസ്യ തേ ധൎമ്മാത് കാമവൃത്തസ്യ വാനര
ഭ്രാതൃഭാൎയ്യാവമൎശേഽസ്മിൻ ദണ്ഡോഽയം പ്രതിപാദിതഃ. 20

| | |
|---|---|
| "വാനര! | "വാനര! |
| അസ്മിൻ | ഈ |
| ഭ്രാതൃഭാൎയ്യാവമൎശേ | കനിഷ്ഠഭ്രാതാവിന്റെ ഭാൎയ്യയെ സ്പൎശിച്ചതിൽ |
| കാമവൃത്തസ്യ | കാമവൃത്തിയാന്നവനായി |
| ധൎമ്മാത് | ധൎമ്മത്തിൽനിന്നു് |
| വ്യതീതസ്യ | വ്യതിക്രമിച്ചവനായ |
| തത് തേ, | ആ നിനക്കു്, |
| അയം | ഈ |
| ദണ്ഡഃ | ശിക്ഷ |
| പ്രതിപാദിതഃ. | നല്കപ്പെട്ടു. |

ന ഹി ധൎമ്മവിരുദ്ധസ്യ ലോകവൃത്താദപേയുഷഃ
ദണ്ഡാദന്യത്ര പശ്യാമി നിഗ്രഹം ഹരിയൂഥപ. 21

| | |
|---|---|
| "ഹരിയൂഥപ! | "വാനരാധിപ! |
| ധൎമ്മവിരുദ്ധസ്യ | ധൎമ്മത്തിന്നു് വിരോധമായി |
| ലോകവൃത്താത് | ലോകാചാരത്തിൽനിന്നു് |
| അപേയുഷഃ | വ്യതിചലിച്ചവന്നു് |
| ദണ്ഡാത് ഹി | ശരീരദണ്ഡത്തേക്കാൾ |
| അന്യത്ര | മറെറാരു |
| നിഗ്രഹം | ശിക്ഷയെ |
| ന പശ്യാമി. | ഞാൻ അറിയുന്നില്ല. |

ന ച തേ മൎഷയേ പാപം ക്ഷത്രിയോഽഹം കുലോദ്ഭവഃ. 22

| | |
|---|---|
| "കുലോത്ഭവഃ | "സത്കുലജാതനായ |
| ക്ഷത്രിയഃ | ക്ഷത്രിയനായ |
| അഹം, | ഞാൻ, |
| തേ | നിന്റെ |
| പാപം ച | പാപകൃത്യത്തെ |
| മൎഷയേ ന. | ഒരിക്കലും ക്ഷമിക്കയില്ല. |

ഔരസീം ഭഗിനീം ചാപി ഭാൎയ്യാം വാപ്യനുജസ്യ യഃ
പ്രചരേത നരഃ കാമാത് തസ്യ ദണ്ഡോ വധഃ സ്മൃതഃ. 23

| | |
|---|---|
| "യഃ നരഃ | "യാതൊരു മനുഷ്യൻ |
| ഔരസീം വാ | പുത്രിയെയാകട്ടെ |
| ഭഗിനീം അപി | സോദരിയെയാകട്ടെ |
| അനുജസ്യ | അനുജന്റെ |
| ഭാൎയ്യാം ച, | ഭാൎയ്യയെയാകട്ടെ |
| കാമാത് | കാമവെറികൊണ്ടു് |
| പ്രചരേത, | കൈവെക്കുന്നുവോ, |
| തസ്യ | അവന്നു് |
| വധഃ അപി | വധം മാത്രമാണു് |
| ദണ്ഡഃ | ശിക്ഷ |
| സ്മൃതഃ. | വിധിക്കപ്പെട്ടിരിക്കുന്നതു്. |

ഭരതസ്തു മഹീപാലോ വയം ത്വാദേശവൎത്തിനഃ
ത്വം ച ധൎമ്മാദതിക്രാന്തഃ കഥം ശക്യമുപേക്ഷിതും. 24

| | | | |
|---|---|---|---|
| " ഭരതഃ തു | " ഭരതൻതന്നെയാകുന്നു | ധൎമ്മാത് | ധൎമ്മത്തിൽനിന്ന് |
| മഹീപാലഃ ; | രാജ്യം ഭരിക്കുന്നത് ; | അതിക്രാന്തഃ ; | അതിക്രമിച്ച് നടന്നവൻ ; |
| വയം | ഞങ്ങൾ | കഥം തു | എങ്ങിനെയാണ് |
| ആദേശവൎത്തിനഃ ; | ധൎമ്മവിധിതെറ്റി നടക്കാത്തവരാകുന്നു ; | ഉപേക്ഷിതും | ശിക്ഷിക്കാതെ വിട്ടയപ്പാൻ |
| ത്വം ച | നീയാകട്ടെ | ശക്യം ? | സാധിക്കുക ? |

ഗുരുൎധൎമ്മവ്യതിക്രാന്തം പ്രാജ്ഞോ ധൎമ്മേണ പാലയൻ
ഭരതഃ കാമവൃത്താനാം നിഗ്രഹേ പൎയ്യവസ്ഥിതഃ. 25

| | | | |
|---|---|---|---|
| " കാമവൃത്താനാം | " തോന്നിയപോലെ പ്രവൃത്തിക്കുന്നവരുടെ | ഗുരുഃ | ചക്രവൎത്തിയും ആയ |
| ധൎമ്മവ്യതിക്രാന്തം | ധൎമ്മവ്യതിക്രമത്തെ, | ഭരതഃ | ഭരതൻ |
| ധൎമ്മേണ | സ്വധൎമ്മപ്രകാരം | നിഗ്രഹേ | തക്കശിക്ഷ നൽകുന്നതിൽ |
| പാലയൻ | രക്ഷിക്കുന്നവനും | പൎയ്യവസ്ഥിതഃ. | ദൃഢനിശ്ചയം പൂണ്ടവനാകുന്നു. |
| പ്രാജ്ഞഃ | ശാസ്ത്രജ്ഞനും | | |

വയം തു ഭരതാദേശം വിധിം കൃത്വാ ഹരീശ്വര
ത്വദ്വിധാൻ ഭിന്നമൎയ്യാദാൻ നിഹന്തും പൎയ്യവസ്ഥിതാഃ. 26

| | | | |
|---|---|---|---|
| " ഹരീശ്വര ! | " വാനരാധിപ ! | ത്വദ്വിധാൻ | നിന്നെപ്പോലെയുള്ള |
| വയം തു | ഞങ്ങളാകട്ടെ | ഭിന്നമൎയ്യാദാൻ | അതിരുതെറ്റി നടക്കുന്നവരെ |
| ഭരതാദേശം | ഭരതന്റെ മേലധികാരത്തെ | നിഹന്തും | ശിക്ഷിപ്പാൻ |
| വിധിം | ധൎമ്മമായി | പൎയ്യവസ്ഥിതാഃ. | ബദ്ധകങ്കണന്മാരാകുന്നു. |
| കൃത്വാ, | കയ്ക്കൊണ്ട്, | | |

[ഇതേവരെ പറഞ്ഞതുകൊണ്ട്, "പാപരഹിതനായ എന്നെ എന്തിന്നായാണ് വധിക്കുന്നത്", എന്നതിന്ന് മറുപടി പറയപ്പെട്ടു. "കനിഷ്ഠഭാൎയ്യയെ നീ വെച്ചിരിക്കുന്നതുകൊണ്ട്, നീ വധശിക്ഷക്ക് അൎഹനാണ്. അങ്ങിനെ ശിക്ഷിക്കുന്നത് രാജധൎമ്മമാണ്." എന്നു സാരം.

എന്നാൽ "ഹൃദ്യപേക്ഷയാ തു മനുഷ്യാധികാരത്വാത്" (ബ്രഹ്മസൂത്രം I-iii-25) എന്ന സൂത്രപ്രകാരം, ശാസ്ത്രങ്ങൾ മനുഷ്യൎക്ക മാത്രം വിധിക്കപ്പെട്ടതായിരിക്കെ, വാനരനായ ബാലിക്ക് എങ്ങിനെ ബാധകമാകാമെന്നുള്ള ആക്ഷേപത്തിന്ന്, "തദുപൎയ്യപി ബാദരായണഃ സംഭവാത്" എന്ന സൂത്രത്തിൽ, ശാസ്ത്രങ്ങൾ മനുഷ്യേതരന്മാരായ ദേവഗന്ധൎവ്വാദികൾക്കും ബാധകംതന്നെയെന്നു ശാങ്കരഭാഷ്യത്തിൽ സാധിച്ചിരിക്കുന്നു. ചന്ദ്രൻ, വരുണൻ മുതലായ ദേവന്മാർ യജ്ഞങ്ങൾ ചെയ്തതായി പുരാണങ്ങളിൽ പറയപ്പെട്ടിരിക്കുന്നു. "ഏകശതം ഹ വൈ വൎഷാണി മഘവാൻ പ്രജാപതൌ ബ്രഹ്മചൎയ്യമുവാസ" എന്നിത്യാദിയായി ഇന്ദ്രൻ ബ്രഹ്മചൎയ്യവ്രതം അനുഷ്ഠിച്ചതായി പറയപ്പെട്ടിരിക്കുന്നു. ആകയാൽ ശാസ്ത്രാദി വിധികളെ ആചരിക്കുന്നതിൽ, അവയെ അറിയത്തക്കതായ ജ്ഞാനംതന്നെയാകുന്നു പ്രമാണം, എന്നു ഗ്രാഹ്യമാകുന്നു. ബാലിയാകട്ടെ

ദേവയോനിയിൽ ജനിച്ചവനായി, അപ്രകാരമുള്ള ശാസ്ത്രബോധത്തോടുകൂടിയവനാകയാൽ, അപ്രകാരമുള്ള ശാസ്ത്രവിധിനിഷേധങ്ങൾക്ക് ബാദ്ധ്യതപ്പെട്ടവനാണെന്നു ഗ്രാഹ്യമാകുന്നു. ആകയാൽതന്നെയാണ് ബാലി ഓരോ സന്ധ്യകളിൽ ഓരോ സമുദ്രത്തിൽ സന്ധ്യാകൃത്യങ്ങൾ ചെയ്തിരുന്നു എന്നും മററും പറയപ്പെട്ടിരിക്കുന്നത്. (ഉത്തരകാണ്ഡം 34-ാംസൎഗ്ഗം നോക്കുക). ഈ കാരണംകൊണ്ടുതന്നെയാണ് ശ്രീരാമൻ പക്ഷിയായ ജടായുസ്സിനെ സംസ്കരിക്കുന്നതും, സമ്പാതി ജടായുവിന്ന് ഉദകക്രിയ മുതലായത് ചെയ്യുന്നതും. ഇതേ കാരണംകൊണ്ടുതന്നെയാണ് പക്ഷിമൃഗാദികളായ നന്ദിശംഖഗരുഡകാകഭുശുണ്ഡാദികൾക്ക് വേദാധികാരം പറയപ്പെട്ടിരിക്കുന്നതും, എന്നു ബോദ്ധ്യം.]

സുഗ്രീവേണ ച മേ സഖ്യം ലക്ഷ്മണേന യഥാ തഥാ
ദാരരാജ്യനിമിത്തം ച നിഃശ്രേയസകരഃ സ മേ. 27

| | | | |
|---|---|---|---|
| "ലക്ഷ്മണേന | "ലക്ഷ്മണനോടുകൂടി | ദാരരാജ്യ-നിമിത്തം ച | ഭാൎയ്യനിമിത്തമായും, രാജ്യനിമിത്തമായും, തന്നെ; |
| യഥാ തഥാ, | എപ്രകാരമോ അപ്രകാരം, | സഃ ച | അവൻതന്നെയാകുന്നു |
| സുഗ്രീവേണ | സുഗ്രീവനുമായി | മേ | എനിക്ക് |
| മേ | എനിക്കുണ്ടായിട്ടുള്ള | നിഃശ്രേയസകരഃ. | നന്മ ചെയ്യുവാൻ ശ്രമിക്കുന്നവൻ. |
| സഖ്യം | മൈത്രി, | | |

[തനിക്കു നേരിട്ട് അപകാരം ചെയ്തിട്ടില്ലെങ്കിലും, രാജാവിന്നു നേരെ കുററം ചെയ്തതുപോലെ, അഗ്നിസാക്ഷികമായി മൈത്രിയുണ്ടായ തന്റെ മിത്രമായ സുഗ്രീവന്ന് ദ്രോഹം ചെയ്തതിനാലും, താൻ വദ്ധ്യനാകുന്നു എന്നു സാരം. (ഈ ന്യായം ഇക്കാലത്തിലുള്ള രാജാക്കന്മാരും അനുഷ്ഠിച്ചുവരുന്നുണ്ട് എന്നുള്ളത്, പോലാണ്ടിനെ എതിൎത്തതായ ജൎമ്മനിക്കുനേരെ, ഇംഗ്ലാണ്ടും ഫ്രാൻസും യുദ്ധം ചെയ്യുന്നു എന്നുള്ളതിൽനിന്ന് വ്യക്തമാകുന്നു. "ത്വം വയസ്യോऽസി ഹൃദ്യോ മേ," "ഏകം ദുഃഖം സുഖം ച നൌ" എന്നിത്യാദിയായി രാമസുഗ്രീവന്മാർ തമ്മിലുണ്ടാകുന്ന പ്രതിജ്ഞതന്നെയാകുന്നു, ഇപ്പോൾ കടലാസ്സിൽ എഴുതി ഒപ്പിട്ടു വെക്കാറുള്ള ഉടമ്പടികൾ (treaty obligations) എന്നു ഗ്രാഹ്യം).]

പ്രതിജ്ഞാ ച മയാ ദത്താ തദാ വാനരസന്നിധൌ
പ്രതിജ്ഞാ ച കഥം ശക്യാ മദ്വിധേനാനവേക്ഷിതും. 28

| | | | |
|---|---|---|---|
| "തദാ | "ആ സമയം | മദ്വിധേന | എന്നെപ്പോലെയുള്ളവനാൽ |
| വാനര-സന്നിധൌ | വാനരന്മാരുടെ മുമ്പിൽ വെച്ച് | പ്രതിജ്ഞാ | പ്രതിജ്ഞയെന്നത് |
| മയാ | എന്നാൽ | അനവേക്ഷിതും | തെററിക്കുന്നത് |
| പ്രതിജ്ഞാ ച | പ്രതിജ്ഞയും | കഥം ച | എന്തുകാരണത്താലാണ് |
| ദത്താ; | ചെയ്യപ്പെട്ടു; | ശക്യാ? | സാദ്ധ്യമാവുക? |

["അമോഘാഃ സൂൎയ്യസങ്കാശാ മമൈതേ നിശിതാഃ ശരാഃ. തസ്മിൻ വാലിനി ദുർവൃത്തേ നിപതിഷ്യന്തി വേഗിതാഃ" എന്നിത്യാദിയായി ബാലിയെ വധിക്കുന്നുണ്ടെന്നു പ്രതിജ്ഞ ചെയ്തതിനാലും അതിന്നു ബാദ്ധ്യതപ്പെട്ടവനാകുന്നു എന്നു സാരം. ഒരു പ്രതിജ്ഞയെ നിറവേററുന്നതിൽ അനീതിയായതു ചെയ്യേണ്ടിവന്നാലുംകൂടി ആ പ്രതിജ്ഞയെ പൂൎത്തിയാക്കേണ്ടതാകുന്നു. എന്നു ഗ്രാഹ്യം.

(ഭാരതം ഗദാപൎവ്വത്തിൽ) ഭീമസേനൻ ദുൎയ്യോധനനെ ദ്വന്ദയുദ്ധമൎയ്യാദയ്ക്കു വിരോധമായി തുടയിൽ അടിച്ച സമയം, ബലരാമൻ ക്രുദ്ധിച്ച് ഭീമസേനനോട് യുദ്ധത്തിന്നായി മുതിൎന്നപ്പോൾ

ദ്രൌപദീവസ്ത്രാക്ഷേപസമയത്തിൽ ഭീമസേനൻ ദുൎയ്യോധനനെ തുടയിൽ അടിച്ച് കൊല്ലാമെന്ന് ശപഥം ചെയ്തതിനാൽ, ഇച്ചെയ്തത് അധൎമ്മമല്ലെന്ന് പറഞ്ഞ്, കൃഷ്ണൻ ബലരാമനെ സമാധാനിപ്പിക്കുന്നു. "സുയോധനസ്യ ഗദയാ ഭങ്ക്ഷ്യാമ്യൂരൂ മഹാഹവേ. ഇതി പൂൎവ്വം പ്രതിജ്ഞാതം ഭീമേന ഹി സഭാതലേ- ആനൃണ്യം യാതു വൈരസ്യ പ്രതിജ്ഞായാശ്ച പാണ്ഡവഃ. അതോ ദോഷം ന പശ്യാമി മാ ക്രുദ്ധസ്ത്വം ബലം വഹൻ."

ഇക്കാരണത്താൽതന്നെയാണ് ശ്രീരാമൻ മറഞ്ഞുനിന്ന് ബാലിയെ വധിക്കുന്നത് എന്നും ഗ്രാഹ്യമാകുന്നു. "ആഹൂയ വാലിനം ബ്രഹ്മാ ദദൌ വരമനുത്തമം. പ്രതീപവൎത്തിനോ ഭൂയാദൎദ്ധം ബലമരിന്ദമ;" എന്ന്, തന്റെ നേരേ എതിൎത്തു യുദ്ധം ചെയ്യുന്നവരുടെ പകുതി ബലം, തനിക്ക് ലഭിക്കുന്നതാണെന്ന് ബ്രഹ്മാവ് ബാലിക്ക് വരം കൊടുത്തിരിക്കയാൽ നേരിട്ടുനിന്നുള്ള യുദ്ധം ശക്യമല്ലാത്തതുകൊണ്ടും, ബാലിവധം അവശ്യം ചെയ്യേണ്ടതായതുകൊണ്ടും അങ്ങിനെ മറഞ്ഞുനിന്നു വധിച്ചു എന്നു ഗ്രാഹ്യം. ഇത്, താടകാവധത്തിൽ, അപ്രബലമായ സ്ത്രീവധമെന്ന അനീതിയെച്ചെയ്ത് പ്രബലമായ ബഹുജനരക്ഷണം ചെയ്തത് ധൎമ്മമാണെന്നപോലെ പ്രതിച്ഛന്ന വധവും ധൎമ്മമായതുതന്നെയെന്നു ബോദ്ധ്യമാകുന്നു.]

തദേഭിഃ കാരണൈഃ സൎവ്വൈൎമ്മഹദ്ഭിൎദ്ധൎമ്മസംഹിതൈഃ
ശാസനം തവ യദ്യുക്തം തദ്ഭവാനനുമന്യതാം. 29

| | | | |
|---|---|---|---|
| "തത് | "ആകയാൽ, | ശാസനം | ദണ്ഡിക്കുക എന്ന |
| ധൎമ്മ-സംഹിതൈഃ | ധൎമ്മശാസ്ത്രാനുസൃതങ്ങളായ | യത് | യാതൊരു ഈ കൃത്യം |
| മഹദ്ഭിഃ | മഹത്തായ | യുക്തം; | ന്യായമായതു തന്നെ; |
| ഏഭിഃ | ഈ | തത് | അതിനാൽ |
| സൎവ്വൈഃ കാരണൈഃ, | എല്ലാകാരണങ്ങളെക്കൊണ്ടും, | ഭവാൻ | ഭവാൻ |
| തവ | ഭവാനെ | അനുമന്യതാം. | ഇതു ശരിയായതെന്ന് സമ്മതിക്കേണ്ടതുതന്നെയാണ്. |

സൎവ്വഥാ ധൎമ്മ ഇത്യേവ ദ്രഷ്ടവ്യസ്തവ നിഗ്രഹഃ. 30

| | | | |
|---|---|---|---|
| "തവ നിഗ്രഹഃ, | "ഭവാനെ ശിക്ഷിച്ചത്, | ധൎമ്മഃ ഇതി ഏവ | ധൎമ്മം എന്നുതന്നെ |
| സൎവ്വഥാ | എന്തു നോക്കിയാലും | ദ്രഷ്ടവ്യഃ. | കണ്ടുകൊള്ളേണ്ടതാകുന്നു. |

വയസ്യസ്യാപി കൎത്തവ്യം ധൎമ്മമേവാനുപശ്യതഃ
ശക്യം ത്വയാഽപി തത്കാൎയ്യം ധൎമ്മമേവാനുപശ്യതാ. 31

| | | | |
|---|---|---|---|
| "വയസ്യസ്യ ധൎമ്മം ഏവ | "മിത്രധൎമ്മത്തെമാത്രം (ഈ കൃത്യത്തിൽ), | ധൎമ്മം ഏവ | ധൎമ്മത്തെത്തന്നെ |
| അനുപശ്യതഃ | അനുസരിക്കുന്ന എനിക്ക് | അനുപശ്യതാ അപി | നീ അനുഷ്ഠിക്കുന്നവനാണെങ്കിൽ, |
| കൎത്തവ്യം | ചെയ്യേണ്ടതായുള്ള | ത്വയാ അപി | നിന്നാലും |
| തത് കാൎയ്യം, | ആ ശിക്ഷാകൃത്യം, | ശക്യം. | ചെയ്യത്തക്കതുതന്നെ. |

[നീ ചെയ്ത കൃത്യം അധൎമ്മമാണെന്നും, അതിന്നു പ്രായശ്ചിത്തരൂപമായ ശിക്ഷ, നീ അനുഭവിക്കേണ്ടതാണെന്നും ഉള്ള ധൎമ്മബോധം നിനക്ക് ഉണ്ടെന്നാൽ, ഞാൻ മിത്രധൎമ്മമായി ഇപ്പോൾ നിനക്കുതന്നിട്ടുള്ളതായ ഈ ശിക്ഷയെ സ്വേച്ഛയായിതന്നെ നീ അനുഭവിപ്പാൻ ബാദ്ധ്യതപ്പെട്ടവനാണ്, എന്നു സാരം. ഇതിനെ താഴെയുള്ള മൂന്നു ശ്ലോകങ്ങളിൽ വിശദമാക്കുന്നു.]

ശ്രൂയതേ മനുനാ ഗീതൌ ശ്ലോകൌ ചാരിത്രവത്സലൌ
ഗൃഹീതൌ ധൎമ്മകുശലൈസ്തഥാ ചരിതം ഹരേ. 32

| | |
|---|---|
| "ഹരേ! | "വാനര! |
| ചാരിത്രവത്സലൌ | ധൎമ്മാനുഷ്ഠാനത്തെ നല്ലപോലെകാണിക്കുന്ന |
| ശ്ലോകൌ | രണ്ടുശ്ലോകങ്ങൾ |
| ധൎമ്മകുശലൈഃ ഗൃഹീതൌ; | ധൎമ്മശാസ്ത്രനിപുണന്മാരാൽ സമ്മതിക്കപ്പെട്ടവയാണ്; |
| മനുനാ | മനുവിനാൽ |
| ഗീതൌ | സ്മരിക്കപ്പെട്ടവയെന്നാണ് |
| ശ്രൂയതേ; | ലോകപ്രസിദ്ധി; |
| തത് തഥാ | അതിലുള്ള പ്രകാരംതന്നെ |
| ചരിതം. | എന്നാൽ അനുഷ്ഠിക്കപ്പെട്ടു. |

രാജഭിർദ്ധൃതദണ്ഡാസ്തു കൃത്വാ പാപാനി മാനവാഃ
നിൎമ്മലാഃ സ്വൎഗ്ഗമായാന്തി സന്തഃ സുകൃതിനോ യഥാ. 33

| | |
|---|---|
| "'മാനവാഃ | "'മനുഷ്യർ |
| പാപാനി | കുററങ്ങളെ |
| കൃത്വാ, | ചെയ്തു്, |
| രാജഭിഃ ധൃതദണ്ഡാഃ | രാജാക്കന്മാരാൽ നൽകപ്പെട്ട ശിക്ഷയനുഭവിച്ചവരായി, |
| തു | അതിനാൽ |
| നിൎമ്മലാഃ | പാപംനീങ്ങിയവരായി, |
| സുകൃതിനഃ | പുണ്യവന്മാരായ |
| സന്തഃ യഥാ | സിദ്ധന്മാരെന്നപോലെ |
| സ്വൎഗ്ഗം ആയാന്തി. | സ്വൎഗ്ഗത്തെ തന്നെ, പ്രാപിക്കുന്നു. |

ശാസനാദ്വാ വിമോക്ഷാദ്വാ സ്തേനഃ സ്തേയാദ്വിമുച്യതേ
രാജാ ത്വശാസൻ പാപസ്യ തദവാപ്നോതി കില്ബിഷം. 34

| | |
|---|---|
| "'സ്തേനഃ | "'കള്ളൻ |
| ശാസനാത് വാ, | ശിക്ഷയനുഭവിക്കുന്നതിനാലൊ, |
| വിമോക്ഷാത് വാ, | മാപ്പുകൊടുക്കപ്പെടുന്നതിനാലൊ, |
| സ്തേയാത് | കളവുകുററത്തിൽനിന്ന് |
| വിമുച്യതേ; | വിമുക്തനായിതീരുന്നു; |
| പാപസ്യ | പാപകൃത്യത്തിന്ന് |
| അശാസൻ | ശിക്ഷനൽകാത്ത |
| രാജാ തു | രാജാവാകട്ടെ |
| തത് കില്ബിഷം | ആ കുററത്തിന്നുള്ള പാപഫലത്തെ |
| അവാപ്നോതി.' | താൻതന്നെ അനുഭവിക്കുന്നു.' |

[“യാവാനവദ്ധ്യസ്യ വധേ താവാൻ വദ്ധ്യസ്യ മോക്ഷണേ. അധൎമ്മോ നൃപതേൎദ്ദൃഷ്ടോ ധൎമ്മസ്തു വിനിയച്ഛതഃ.” എന്നിപ്രകാരമുള്ള മനുവാക്യപ്രകാരം, വദ്ധ്യനായവനെ വധിക്കാതെ വിട്ടയച്ചാൽ, വദ്ധ്യൻ ചെയ്തതായ പാപം രാജാവിന്നു ചേരുന്നതാണെന്നുള്ളതിനാൽ, ബാലി ചെയ്തതായ മഹാപാപം, അവനെ വിട്ടയക്കുന്നപക്ഷം രാജാവിന്നു ചേരുന്നതായാലും ബാലി വദ്ധ്യൻ തന്നെ, എന്നു പറയുന്നു ]

ആൎയ്യേണ മമ മാന്ധാത്രാ വ്യസനം ഘോരമീപ്സിതം
ശ്രമണേന കൃതേ പാപേ യഥാ പാപം കൃതം ത്വയാ. 35

| | |
|---|---|
| "ത്വയാ | "നിന്നാൽ |
| പാപം | പാപം |
| യഥാ, | ചെയ്യപ്പെട്ടപ്രകാരംതന്നെ, |
| ശ്രമണേന | ഒരു സന്ന്യാസിയാൽ |
| പാപേ | പാപം |
| കൃതേ, | ചെയ്യപ്പെട്ടപ്പോൾ, |
| മമ ആൎയ്യേണ | എന്റെ പൂൎവ്വികനായ |
| മാന്ധാത്രാ, | മാന്ധാതൃചക്രവൎത്തിയാൽ, |
| ഈപ്സിതം | ധൎമ്മാനുസൃതമായ |
| ഘോരം വ്യസനം | ആത്യന്തികശരീരദണ്ഡം |
| കൃതം. | വിധിക്കപ്പെട്ടിട്ടുണ്ട്. |

അന്യൈരപി കൃതം പാപം പ്രമത്തൈർവസുധാധിപൈഃ
പ്രായശ്ചിത്തം ച കുർവ്വന്തി തേന തച്ഛാമ്യതേ രജഃ. 36

| | | | |
|---|---|---|---|
| "പ്രമത്തൈഃ | "ഗർവ്വംകൊണ്ടവരായ | പ്രായശ്ചിത്തം ച | അതിനുതക്കശിക്ഷ യാകുന്ന പ്രതിവിധിയെ |
| അന്യൈഃ | ചില | കുർവ്വന്തി ; | മററുള്ളവർ വക്കൽ നിന്നു അനുഭവിക്കുന്നു ; |
| വസുധാധിപൈഃ അപി | രാജാക്കന്മാരാലും | തേന | അതിനാൽ |
| പാപം | ചെയ്യത്തക്കതല്ലാത്ത കൃത്യം | തത് രജഃ | ആ പാപം |
| കൃതം ; | ചെയ്യപ്പെട്ടിട്ടുണ്ട് ; | ശാമ്യതേ. | നിവർത്തിക്കപ്പെടുന്നു. |

തദലം പരിതാപേന ധർമ്മതഃ പരികല്പിതഃ
വധോ വാനരശാർദ്ദൂല ന വയം സ്വവശേ സ്ഥിതാഃ. 37

| | | | |
|---|---|---|---|
| "വാനരശാർദ്ദൂല! | "വാനരശ്രേഷ്ഠ! | ധർമ്മതഃ | ധർമ്മാനുസൃതമായി തന്നെയാണ് |
| തത്, | ആകയാൽ, | പരികല്പിതഃ ; | ചെയ്യപ്പെട്ടിരിക്കുന്നതു് ; |
| പരിതാപേന അലം ; | ദുഃഖിച്ചതുമതി ; | വയം | ഞങ്ങൾ |
| വധഃ | വധം | സ്വവശേ സ്ഥിതാഃ ന | തോന്നിയപോലെ ചെയ്യാൻ പാടുള്ളവരല്ല. |

ശൃണു ചാപ്യപരം ഭൂയഃ കാരണം ഹരിപുംഗവ
തച്ഛ്രുത്വാ ഹേതുമദ്വീര ന മന്യും കർത്തുമർഹസി. 38

| | | | |
|---|---|---|---|
| "ഹരിപുംഗവ! | "വാനരോത്തമ! | ഹേതുമത് | കാരണയുക്തമായ |
| ഭൂയഃ | ഇനിയും | തത് | അതിനെ |
| അപരം ച | മറെറാരു | ശ്രുത്വാ, | ശ്രവിച്ചു്, |
| കാരണം അപി | കാരണത്തെയും | മന്യും | കോപത്തെ |
| ശൃണു ; | കേട്ടുകൊൾക ; | കർത്തും | കയ്ക്കൊൾവാൻ |
| വീര! | വീര! | ന അർഹസി. | പാടുള്ളതല്ല. |

ന മേ തത്ര മനസ്താപോ ന മന്യുർഹരിയൂഥപ
വാഗുരാഭിശ്ച പാശൈശ്ച കൂടൈശ്ച വിവിധൈർനരാഃ
പ്രതിച്ഛന്നാശ്ച ദൃശ്യാശ്ച ഗൃഹ്ണന്തി സുബഹൂൻ മൃഗാൻ 39
പ്രധാവിതാൻ വാ വിത്രസ്താൻ വിസ്രബ്ധാംശ്ചാപി നിഷ്ഠിതാൻ
പ്രമത്താനപ്രമത്താൻ വാ നരാ മാംസാർത്ഥിനോ ഭൃശം 40
വിധ്യന്തി വിമുഖാംശ്ചാപി ന ച ദോഷോഽത്ര വിദ്യതേ
യാന്തി രാജർഷയശ്ചാത്ര മൃഗയാം ധർമ്മകോവിദാഃ 41
തസ്മാത് ത്വം നിഹതോ യുദ്ധേ മയാ ബാണേന വാനര
അയുദ്ധ്യൻ പ്രതിയുദ്ധ്യൻ വാ യസ്മാച്ഛാഖാമൃഗോ ഹ്യസി. 42

| | |
|---|---|
| "ഹരിയൂഥപ ! | "വാനരാധിപ ! |
| നരാഃ, | മനുഷ്യർ, |
| വാഗുരാഭിഃ ച | മൂടിയ കുഴികൾകൊ[ണ്ടും |
| പാശൈഃ ച | വലകൾകൊണ്ടും |
| വിവിധൈഃ | പലമാതിരി |
| കൂടൈഃ ച | കെണികൾകൊണ്ടും |
| ദൃശ്യാഃ ച | കണ്ണിൽ കാണപ്പെട്ടവരായിട്ടും |
| പ്രതിച്ഛന്നാഃ ച | മറഞ്ഞുനില്ക്കുന്നവരാ[യിട്ടും |
| സുബഹൂൻ | പല |
| മൃഗാൻ | മൃഗങ്ങളെ |
| ഗൃഹ്ണന്തി ; | പിടിക്കുന്നു ; |
| നരാഃ | ആളുകൾ |
| വിത്രസ്താൻ | പേടിച്ച് |
| പ്രധാവിതാൻ ച | ഓടുന്നവയാകട്ടെ |
| വിസ്രബ്ധാൻ | ധൈൎയ്യത്തോടെ |
| നിഷ്ഠിതാൻ അപി വാ | നില്ക്കുന്നവയാകട്ടെ |
| പ്രമത്താൻ ച | വെറികൊണ്ടവയാകട്ടെ |
| അപ്രമത്താൻ വാ അപി, | ഒതുങ്ങിക്കിടക്കുന്നവയാകട്ടെ, |
| മാംസാൎത്ഥിനഃ | മാംസഭക്ഷകരായ |
| വിമുഖാൻ ച | ദുഷ്ടമൃഗങ്ങളെ |
| വിധ്യന്തി ; | കൊല ചെയ്യുന്നു ; |
| ധൎമ്മകോവിദാഃ | ധൎമ്മത്തെ അറിയുന്നവരായ |
| രാജൎഷയഃ ച | രാജൎഷിമാരുംകൂടി |
| അത്ര | ഇവയെ |
| മൃഗയാം യാന്തി ; | നായാടുന്നു ; |
| അത്ര | ഇതിൽ |
| ദോഷഃ ച | ദോഷമെന്നതേ |
| ന വിദ്യതേ ; | ഇല്ല ; |
| വാനര ! | വാനര ! |
| ത്വം | നീ |
| യുദ്ധേ | പോരിൽ |
| പ്രതിയുദ്ധ്യൻ | എതിൎക്കുന്നവനായാലും വേണ്ടതില്ല |
| അയുദ്ധ്യൻ വാ | എതിൎക്കാത്തവനായാലും വേണ്ടതില്ല |
| ശാഖാമൃഗഃ അസി ; | ദുഷ്ടമൃഗങ്ങളുടെ ഒരു വകുപ്പിൽ പെട്ടവൻ തന്നെ ; |
| യസ്മാത് തസ്മാത് ഹി | അക്കാരണത്താലും |
| മയാ | എന്നാൽ, |
| ബാണേന | ബാണത്താൽ |
| നിഹതഃ ; | ഹനിക്കപ്പെട്ട ; |
| തത്ര | ഇക്കാൎയ്യത്തിൽ |
| മേ | എനിക്ക് |
| മനസ്താപഃ ന ; | മനസ്താപവുമില്ല ; |
| മന്യുഃ ന. | നീചസ്വഭാവവുമില്ല. |

ദുൎല്ലഭസ്യ ച ധൎമ്മസ്യ ജീവിതസ്യ ശുഭസ്യ ച
രാജാനോ വാനരശ്രേഷ്ഠ പ്രദാതാരോ ന സംശയഃ. 43

| | |
|---|---|
| "വാനരശ്രേഷ്ഠ ! | "വാനരോത്തമ ! |
| രാജാനഃ | രാജാക്കന്മാർ, |
| ദുൎല്ലഭസ്യ | പ്രയാസപ്പെട്ട് നേടാവുന്നതായ |
| ധൎമ്മസ്യ ച | ധൎമ്മഫലത്തേയും |
| ശുഭസ്യ | പാപമററ |
| ജീവിതസ്യ ച | ജീവിതത്തേയും |
| പ്രദാതാരഃ, | നൽകുന്നവരാകുന്നു, |
| ന സംശയഃ. | സംശയമില്ല. |

താന്ന ഹിംസ്യാന്ന ചാക്രോശേന്നാക്ഷിപേന്നാപ്രിയം വദേത്
ദേവാ മനുഷ്യരൂപേണ ചരന്ത്യേതേ മഹീതലേ. 44

| | | | |
|---|---|---|---|
| "ഏതേ ദേവാഃ ച | "ദേവന്മാരായ ഇവർ തന്നെയാണ് | ഹിംസ്യാത് ന; | ഉപദ്രവിപ്പാൻപാടുള്ളതല്ല; |
| മനുഷ്യരൂപേണ | മനുഷ്യവടിവു കയ്ക്കൊണ്ട് | ആക്രോശേത് ന | അധിക്ഷേപിക്കരുത്; |
| മഹീതലേ | ഭൂമിയിൽ | ആക്ഷിപേത് ന | അലക്ഷ്യമാക്കരുത് |
| ചരന്തി; | വാണുവരുന്നത്; | അപ്രിയം | ക്രുദ്ധിപ്പിക്കുന്നവാക്ക് |
| താൻ | അവരെ | വദേത് ന. | അവരോടുപറകയും അരുത്. |

ത്വം തു ധർമ്മമവിജ്ഞായ കേവലം രോഷമാസ്ഥിതഃ
പ്രദൂഷയസി മാം ധർമ്മേ പിതൃപൈതാമഹേ സ്ഥിതം. 45

| | | | |
|---|---|---|---|
| "ത്വം തു | "നീയാകട്ടെ | പിതൃപൈതാമഹേ | പൂർവ്വാനുഷ്ഠാനമായ |
| ധർമ്മം | ധർമ്മത്തെ | ധർമ്മേ | ധർമ്മത്തിൽ |
| അവിജ്ഞായ, | ശരിയായി ഗ്രഹിക്കാത്തവനായി, | സ്ഥിതം | വർത്തിക്കുന്നവനായ |
| കേവലം | തീരെ | മാം | എന്നെ |
| രോഷമാസ്ഥിതഃ, | കോപവശഗനായി, | പ്രദൂഷയസി." | ദൂഷ്യംപറയുന്നു." |

ഏവമുക്തസ്തു രാമേണ വാലീ പ്രവ്യഥിതോ ഭൃശം
ന ദോഷം രാഘവേ ദധ്യൗ ധർമ്മേഽധിഗതനിശ്ചയഃ
പ്രത്യുവാച തതോ രാമം പ്രാഞ്ജലിർവാനരേശ്വരഃ. 46

| | | | |
|---|---|---|---|
| രാമേണ | ശ്രീരാമനാൽ | രാഘവേ | ശ്രീരാമങ്കൽ |
| ഏവം | ഇപ്രകാരം | ദോഷം ദധ്യൗ ന; | ദോഷവിചാരത്തെ വിട്ടൊഴിച്ചു; |
| ഉക്തഃ | അരുൾചെയ്യപ്പെട്ടവനായ | തതഃ | അതിൽപിന്നെ |
| വാലീ, | ബാലി, | വാനരേശ്വരഃ | വാനരാധിപനായ അവൻ |
| ഭൃശം | ഏററം | രാമം | ശ്രീരാമനോടായി, |
| പ്രവ്യഥിതഃ | പാശ്ചാത്താപത്തോടു കൂടിയവനായി, | പ്രാഞ്ജലിഃ | കൈകൂപ്പി വണങ്ങിക്കൊണ്ടു് |
| ധർമ്മേ | ധർമ്മമെന്തെന്ന | പ്രത്യുവാച. | ഇപ്രകാരം മറുപടി യുണർത്തിച്ചു. |
| അധിഗതനിശ്ചയഃ | വാസ്തവബോധം കയ്ക്കൊണ്ടവനായി, | | |

യത് ത്വമാത്ഥ നരശ്രേഷ്ഠ തദേവം നാത്ര സംശയഃ
പ്രതിവക്തും പ്രകൃഷ്ടേ ഹി നാപ്രകൃഷ്ടസ്തു ശക്നുയാത്. 47

| | | | |
|---|---|---|---|
| "നരശ്രേഷ്ഠ! | "പുരുഷോത്തമ! | അത്ര | ഇതിൽ |
| ത്വം | നിന്തിരുവടി | സംശയഃ ന; | സംശയമില്ല; |
| യത് | യാതൊന്ന് | പ്രകൃഷ്ടേ | യോഗ്യനോട് |
| ആത്ഥ, | അരുളിച്ചെയ്തുവൊ, | അപ്രകൃഷ്ടഃ തു | താഴ്ന്നവൻ |
| തത് | ആയതു് | പ്രതിവക്തും ഹി | കടന്നുപറയുവാൻ തന്നെ |
| ഏവം; | അപ്രകാരംതന്നെ; | ശക്നുയാത് ന. | പാടുള്ളതല്ല. |

തദയുക്തം മയാ പൂൎവ്വം പ്രമാദാദുക്തമപ്രിയം
തത്രാപി ഖലു മേ ദോഷം കൎത്തും നാൎഹസി രാഘവ. 48

| | | | |
|---|---|---|---|
| "രാഘവ! | "ശ്രീരാമ! | ഉക്തം; | പറയപ്പെട്ടു; |
| പൂൎവ്വം | ആദ്യം | തത്ര അപി | അപ്രകാരമായാലും |
| മയാ | എന്നാൽ | മേ ദോഷം | എന്റെ അപരാധത്തെ |
| പ്രമാദാത് | അറിവില്ലായ്മയാൽ | കൎത്തും | തിരുവുള്ളത്തിൽ കരുതാതിരിക്കേണമെന്ന് ഞാൻ പ്രാൎത്ഥിക്കുന്നു. |
| തത് അപ്രിയം | ആ നിഷ്ഠുരവാക്ക് | അൎഹസി ന | |
| അയുക്തം | തക്കതല്ലാത്തതായി | ഖലു. | |

ത്വം ഹി ദൃഷ്ടാൎത്ഥതത്വജ്ഞഃ പ്രജാനാം ച ഹിതേ രതഃ
കാൎയ്യകാരണസിദ്ധൌ തേ പ്രസന്നാ ബുദ്ധിരവ്യയാ. 49

| | | | |
|---|---|---|---|
| "ത്വം ഹി | "നിന്തിരുവടിയാകട്ടെ | കാൎയ്യകാരണസിദ്ധൌ | കൃത്യങ്ങളേയും അവയുടെ ഹേതുക്കളേയും നിശ്ചയിക്കുന്നതിൽ |
| ദൃഷ്ടാൎത്ഥതത്വജ്ഞഃ; | ശാസ്ത്രത്തിലുള്ള സൂക്ഷ്മതത്വങ്ങൾ അറിഞ്ഞവനാകുന്നു; | തേ | നിന്തിരുവടിയുടെ |
| പ്രജാനാം | ജനങ്ങൾക്ക് | ബുദ്ധിഃ | ബുദ്ധി |
| ഹിതേ ച | നന്മചെയ്യുന്നതിൽ തന്നെ | പ്രസന്നാ; | കളങ്കമററതാകുന്നു; |
| രതഃ; | നോക്കമുള്ളവനാകുന്നു; | അവ്യയാ. | യാതൊരുകുറവുമില്ലാത്തതാകുന്നു. |

മാമപ്യഗതധൎമ്മാണം വ്യതിക്രാന്തപുരസ്കൃതം
ധൎമ്മസംഹിതയാ വാചാ ധൎമ്മജ്ഞ പരിപാലയ. 50

| | | | |
|---|---|---|---|
| "ധൎമ്മജ്ഞ! | "ധൎമ്മബോധമുള്ളവനേ! | മാം അപി | എന്നെയും |
| അഗതധൎമ്മാണം | ധൎമ്മത്തെ അറിയാത്തവനും | ധൎമ്മസംഹിതയാ | ധൎമ്മയുക്തമായ |
| വ്യതിക്രാന്തപുരസ്കൃതം | മൎയ്യാദയെ ഉല്ലംഘിച്ചവനും ആയ | വാചാ | ഉപദേശത്താൽ |
| | | പരിപാലയ." | കാത്തരുളിയാലും." |

ബാഷ്പസംരുദ്ധകണ്ഠസ്തു വാലീ സാൎത്തസ്വരം ശനൈഃ
ഉവാച രാമം സംപ്രേക്ഷ്യ പങ്കലഗ്ന ഇവ ദ്വിപഃ. 51

| | | | |
|---|---|---|---|
| വാലീ | ബാലി | സാൎത്തസ്വരം | ദീനസ്വരത്തിൽ |
| ബാഷ്പസംരുദ്ധകണ്ഠഃ | അശ്രുക്കളാൽ തൊണ്ടയിടറിയവനായി | രാമം | ശ്രീരാമനെ |
| പങ്കലഗ്നഃ | ചേററിലകപ്പെട്ട | സംപ്രേക്ഷ്യ | നോക്കി |
| ദ്വിപഃ ഇവ | ആനയെന്നപോലെ | തു | ഇനിയും ഇപ്രകാരം |
| | | ശനൈഃ | സാവധാനത്തിൽ |
| | | ഉവാച. | ഉണൎത്തിച്ചു. |

ന ത്വാത്മാനമഹം ശോചേ ന താരാം ന ച ബാന്ധവാൻ
യഥാ പുത്രം ഗുണശ്രേഷ്ഠമംഗദം കനകാംഗദം. 52

| | | | |
|---|---|---|---|
| " കനകാംഗദം | " പൊൻതോൾവളകളണിഞ്ഞ | ആത്മാനം തു | എന്നെക്കുറിച്ചും |
| ഗുണശ്രേഷ്ഠം പുത്രം | സദ്ഗുണയുക്തനായ പുത്രനായ | ന ശോചേ ; | വിചാരപ്പെടുന്നില്ല ; |
| അംഗദം | അംഗദനെക്കുറിച്ച് | താരാം | താരയെക്കുറിച്ചും |
| യഥാ | എത്രത്തോളമോ അത്ര | ന ; | ഇല്ല ; |
| അഹം | ഞാൻ | ബാന്ധവാൻ ച ന. | ബന്ധുക്കളെക്കുറിച്ചും ഇല്ല. |

സ മമാദർശനാദ്ദീനോ ബാല്യാത് പ്രഭൃതി ലാളിതഃ
തടാക ഇവ പീതാംബുരുപശോഷം ഗമിഷ്യതി. 53

| | | | |
|---|---|---|---|
| " സഃ | " അവൻ | അദർശനാത്, | കാണായ്കയാൽ, |
| ബാല്യാത്-പ്രഭൃതി | കുട്ടിക്കാലം മുതല്ക്ക് | പീതാംബുഃ | വററിച്ച |
| ലാളിതഃ ; | ഓമനയായി വളൎത്തപ്പെട്ടവൻ ; | തടാകഃ ഇവ | കുളമെന്നപോലെ, |
| മമ | എന്നെ | ദീനഃ | ഏക്കംപിടിച്ച് |
| | | ഉപശോഷം ഗമിഷ്യതി. | മെലിഞ്ഞുപോകും. |

ബാലശ്ചാകൃതബുദ്ധിശ്ച ഏകപുത്രശ്ച മേ പ്രിയഃ
താരേയോ രാമ ഭവതാ രക്ഷണീയോ മഹാബലഃ. 54

| | | | |
|---|---|---|---|
| " രാമ ! | " ശ്രീരാമ ! | മഹാബലഃ | അതിബലശാലിയും |
| ബാലഃ ച, | ബാലനും, | ഏകപുത്രഃ | ഏകപുത്രനും ആയ |
| അകൃതബുദ്ധിഃ ച | പ്രാപ്തിയാകാത്തവനും, | താരേയഃ, | താരാപുത്രൻ, |
| മേ പ്രിയഃ, | എന്റെ ഇഷ്ടംപോലെ വൎത്തിക്കുന്നവനും, | ഭവതാ | നിന്തിരുവടിയാൽ |
| | | രക്ഷണീയഃ ച. | രക്ഷിക്കപ്പെടേണ്ടവനാകുന്നു. |

സുഗ്രീവേ ചാംഗദേ ചൈവ വിധത്സ്വ മതിമുത്തമാം
ത്വം ഹി ശാസ്താ ച ഗോപ്താ ച കാൎയ്യാകാൎയ്യവിധൌ സ്ഥിതഃ. 55

| | | | |
|---|---|---|---|
| " സുഗ്രീവേ ച | " സുഗ്രീവനിലും | കാൎയ്യാകാൎയ്യവിധൌ | കാൎയ്യാകാൎയ്യങ്ങൾ അറിയുന്നതിൽ |
| അംഗദേ ച | അംഗദനിലും | സ്ഥിതഃ, | നിപുണനായി, |
| ഉത്തമാം | ഉത്കൃഷ്ടമായ | ശാസ്താ ച | സൎവ്വത്തിന്നും അധികാരിയായ |
| മതിം ഏവ | പ്രേമത്തെ | ഗോപ്താ ച. | രക്ഷകൻ. |
| വിധത്സ്വ ; | ഭാവിച്ചാലും ; [ണ് | | |
| ത്വം ഹി | നിന്തിരുവടി മാത്രമാ— | | |

യാ ത്വേ നരപതേ വൃത്തിർഭരതേ ലക്ഷ്മണേ ച യാ
സുഗ്രീവേ ചാംഗദേ രാജൻ താം ത്വമാധാതുമർഹസി. 56

| | | | |
|---|---|---|---|
| "നരപതേ ! | "പ്രജാരക്ഷകനായ | യാ ച, | യാതൊരു പ്രേമമോ, |
| രാജൻ ! | ചക്രവർത്തിയായുള്ളോ [ഭവ ! | താം ച | അതിനെത്തന്നെ |
| ത്വേ | നിന്തിരുവടിയ്ക്കു് | സുഗ്രീവേ | സുഗ്രീവനിലും |
| ഭരതേ | ഭരതനിൽ | അംഗദേ | അംഗദങ്കലും |
| യാ | യാതൊരു | ത്വം | നിന്തിരുവടി |
| വൃത്തിഃ, | വാത്സല്യമോ, | ആധാതും } | കയ്ക്കൊൾവാൻ തിരുമ |
| ലക്ഷ്മണേ | ലക്ഷ്മണനിലും | അർഹസി. } | നസ്സുണ്ടാകേണം. |

മദ്ദോഷകൃതദോഷാം താം യഥാ താരാം തപസ്വിനീം
സുഗ്രീവോ നാവമന്യേത തഥാഽവസ്ഥാതുമർഹസി. 57

| | | | |
|---|---|---|---|
| "മദ്ദോഷകൃത- } | "എന്റെ കുററംകൊ | സുഗ്രീവഃ | സുഗ്രീവൻ |
| ദോഷാം } | ണ്ടുള്ള ആപത്തിന്നു് | അവമന്യേത } | അവഗണിക്കാതിരിക്ക |
| താം | അ [പാത്രീഭൂതയായ | ന യഥാ തഥാ } | ത്തക്കവണ്ണം |
| തപസ്വിനീം | പുണ്യവതിയായ | അവസ്ഥാതും | നിയമിപ്പാൻ |
| താരാം | താരയെ | അർഹസി. | തിരുമനസ്സുണ്ടാകേണം. |

ത്വയാ ഹ്യനുഗൃഹീതേന രാജ്യം ശക്യമുപാസിതും
ത്വദ്വശേ വർത്തമാനേന തവ ചിത്താനുവർത്തിനാ
ശക്യം ദിവം ചാർജ്ജയിതും വസുധാം ചാപി ശാസിതും. 58

| | | | |
|---|---|---|---|
| "ത്വയാ | "നിന്തിരുവടിയാൽ | രാജ്യം | രാജ്യത്തെ |
| അനുഗൃഹീതേന | അനുഗ്രഹിക്കപ്പെട്ട വനും | ഉപാസിതും | ഭരിപ്പാൻ |
| ത്വദ്വശേ | നിന്തിരുവടിയുടെ അ ധീനത്തിൽ | ശക്യം; | സാദ്ധ്യമാവുക ; |
| | | അപി ച, | എന്നുതന്നെയല്ല, |
| വർത്തമാനേന | വർത്തിക്കുന്നവനും | വസുധാം ച | ഭൂമിയാസകലം |
| തവ | നിന്തിരുവടിയുടെ | ശാസിതും, | ഭരിക്കുന്നതിന്നും, |
| ചിത്താനു- } | ഇഷ്ടത്തെ അനുസരി | ദിവം | സ്വർഗ്ഗലോകത്തെ |
| വർത്തിനാ ഹി } | ക്കുന്നവനുമായ ഒരുവ | അർജ്ജയിതും | ആർജ്ജിക്കുന്നതിന്നും |
| | നാൽ മാത്രമാണു് | ശക്യം. | കഴിവുണ്ടാവുക. |

ത്വത്തോഽഹം വധമാകാംക്ഷൻ വാര്യമാണോഽപി താരയാ
സുഗ്രീവേണ സഹ ഭ്രാത്രാ ദ്വന്ദ്വയുദ്ധമുപാഗതഃ. 59

| | | | |
|---|---|---|---|
| "ത്വത്തഃ | "നിന്തിരുവടിയുടെ കൈകൊണ്ടു് | വാര്യമാണഃ } അപി, } | തടുക്കപ്പെട്ടവനായിരുന്നിട്ടും, |
| വധം | മരണത്തെ | ഭ്രാത്രാ | അനുജനായ |
| ആകാംക്ഷൻ | ഇച്ഛിച്ചവനായിട്ടാണു് | സുഗ്രീവേണ } സഹ } | സുഗ്രീവനുമായി |
| അഹം, | ഞാൻ, | ദ്വന്ദ്വയുദ്ധം | ദ്വന്ദ്വയുദ്ധത്തെ |
| താരയാ | താരയാൽ | ഉപാഗതഃ." | കയ്ക്കൊണ്ടതു്." |

ഇത്യുക്ത്വാ സന്നതോ രാമം വിരരാമ ഹരീശ്വരഃ. 60

| | | | |
|---|---|---|---|
| ഹരീശ്വരഃ | വാനരാധിപൻ | ഉക്ത്വാ, | ഉണർത്തിച്ചശേഷം, |
| രാമം | ശ്രീരാമനോടായി | സന്നതഃ | ഒന്നുംപറവാൻ കഴിയാത്തവനായി |
| ഇതി | ഇപ്രകാരം | വിരരാമ. | മൌനമവലംബിച്ചു. |

സ തമാശ്വാസയദ്രാമോ വാലിനം വ്യക്തദർശനം
സാമസംപന്നയാ വാചാ ധർമ്മതത്വാർത്ഥയുക്തയാ. 61

| | | | |
|---|---|---|---|
| "സഃ രാമഃ, | "ആ ശ്രീരാമൻ, | ധർമ്മ-തത്വാർത്ഥ-യുക്തയാ | ധർമ്മത്തിൻെറ സൂക്ഷ്മതത്വമടങ്ങിയതും ആയ |
| വ്യക്തദർശനം | തത്വജ്ഞാനം ലഭിച്ചവനായ | വാചാ | വാക്യത്താൽ |
| തം | ആ | ആശ്വാസയത്. | ഇപ്രകാരം ആശ്വസിപ്പിച്ചു. |
| വാലിനം, | ബാലിയോടായി, | | |
| സാമ-സംപന്നയാ | ചിത്തശാന്തിക്ക് അഭിയുക്തമായതും | | |

ന സന്താപസ്ത്വയാ കാര്യ്യ ഏതദർത്ഥം പ്ലവംഗമ 62

| | | | |
|---|---|---|---|
| "പ്ലവംഗമ! | "വാനര! | സന്താപഃ | യാതൊരു മനസ്താപവും |
| ഏതദർത്ഥം | ഇക്കാര്യ്യത്തിൽ | ന കാര്യ്യഃ. | കൈക്കൊള്ളത്തക്കതല്ല. |
| ത്വയാ | ഭവാനാൽ | | |

ന വയം ഭവതാ ചിന്ത്യാ നാപ്യാത്മാ ഹരിസത്തമ
വയം ഭവദ്വിശേഷേണ ധർമ്മതഃ കൃതനിശ്ചയാഃ. 63

| | | | |
|---|---|---|---|
| "ഹരിസത്തമ! | "വാനരശ്രേഷ്ഠ! | അപി ന; | അപ്രകാരംതന്നെ പാപംചെയ്യുവനാണെന്ന് വിചാരപ്പെടേണ്ടതില്ല; |
| ഭവതാ | ഭവാനാൽ | ഭവദ്വിശേ-ഷേണ | ഭവാനെ സംബന്ധിച്ചതായ |
| വയം | ഞങ്ങൾ | ധർമ്മതഃ | ധർമ്മത്തിൽ |
| ചിന്ത്യാഃ ന; | കുററക്കാരെന്ന് വിചാരിക്കപ്പെടുവാൻ പാടുള്ളതല്ല; | വയം | ഞങ്ങൾ |
| ആത്മാ | ഭവാനും | കൃതനിശ്ചയാഃ. | ദൃഢനിശ്ചയത്തോടുകൂടിയവരാകുന്നു. |

[ഭവാൻെറ കുററത്തിന്ന് പ്രായശ്ചിത്തരൂപമായ എന്തു കൃത്യം ചെയ്യേണ്ടതാണെന്ന് ഞങ്ങൾക്ക് ദൃഢനിശ്ചയമുണ്ട്. ആ കൃത്യത്താൽ നിഷ്കന്മഷനായ്ത്തീർന്നിരിക്കുന്നതുകൊണ്ട്, നീ പാപം ചെയ്തുപോയല്ലോ, എന്നു വിചാരപ്പെടേണ്ടതില്ല. ആകയാൽ ഞങ്ങളും നിന്ദ്യകൃത്യം ചെയ്യുവരല്ല.'' എന്നു സാരം.]

ദണ്ഡ്യ യഃ പാതയേദ്ദണ്ഡം ദണ്ഡ്യോ യശ്ചാപി ദണ്ഡ്യതേ
കാൎയ്യകാരണസിദ്ധാൎത്ഥാവുഭൌ തൌ നാവസീദതഃ. 64

| | | | |
|---|---|---|---|
| "യഃ | "യാതൊരുവൻ | കാൎയ്യകാരണസിദ്ധാൎത്ഥൌ | കാൎയ്യകാരണങ്ങൾ എന്നുള്ളതുകൊണ്ട് സിദ്ധിക്കുന്ന ഫലത്തോടു കൂടിയവരായ |
| ദണ്ഡ്യ | ശിക്ഷിക്കപ്പെടേണ്ടവന്റെ സംഗതിയിൽ | തൌ ഉഭൌ അപി | അവരിരുവരും |
| ദണ്ഡം | ശിക്ഷ | അവസീദതഃ ന. | ഒരു കുറവും വരാത്തവരായിരിക്കുന്നു. |
| പാതയേത് | നൽകുന്നുവോ അവനും | | |
| യഃ | യാതൊരുവൻ | | |
| ദണ്ഡ്യഃ | കുററംചെയ്യുവനായി | | |
| ദണ്ഡ്യതേ ച | ശിക്ഷിക്കപ്പെടുന്നുവോ അവനും | | |

തദ് ഭവാൻ ദണ്ഡസംയോഗാദസ്മാദ്വിഗതകല്മഷഃ
ഗതഃ സ്വാം പ്രകൃതിം ധൎമ്മ്യാം ധൎമ്മദൃഷ്ടേന വൎത്മനാ. 65

| | | | |
|---|---|---|---|
| "ഭവാൻ | "ഭവാൻ | വിഗതകല്മഷഃ; | നിൎദ്ധൂതപാപനായിത്തീൎന്നിരിക്കുന്നു; |
| ധൎമ്മദൃഷ്ടേന വൎത്മനാ | ധൎമ്മശാസ്ത്രവിധിപ്രകാരമുള്ള | തത് | ആകയാൽ |
| അസ്മാത് | ഈ | ധൎമ്മ്യാം | ന്യായപ്രകാരം പ്രാപിക്കപ്പെടേണ്ടതായ |
| ദണ്ഡസംയോഗാത് | ശിക്ഷയനുഭവിച്ച കാരണം | സ്വാം പ്രകൃതിം | സ്വന്തം സത്സ്വഭാവത്തെ |
| | | ഗതഃ. | നീ പ്രാപിച്ചു. |

ത്യജ ശോകം ച മോഹം ച ഭയം ച ഹൃദയേ സ്ഥിതം
ത്വയാ വിധാനം ഹൎയ്യഗ്ര്യ ന ശക്യമതിവൎത്തിതും. 66

| | | | |
|---|---|---|---|
| "ഹൎയ്യഗ്ര്യ! | "വാനരശ്രേഷ്ഠ! | ത്യജ; | പരിത്യജിക്കുക; |
| ശോകം ച | മനസ്താപത്തേയും | വിധാനം | വിധിവിഹിതമായതിനെ |
| മോഹം ച | അജ്ഞാനത്തേയും | | |
| ഹൃദയേ | ഹൃദയത്തിൽ | അതിവൎത്തിതും | വിലക്കുവാൻ |
| സ്ഥിതം | വൎത്തിക്കുന്ന | ത്വയാ | ഭവാനാൽ |
| ഭയം ച | ചാഞ്ചല്യത്തേയും | ന ശക്യം. | സാദ്ധ്യമാകുന്നതല്ല. |

യഥാ ത്വയ്യംഗദോ നിത്യം വൎത്തതേ വാനരേശ്വര
തഥാ വൎത്തേത സുഗ്രീവേ മയി ചാപി ന സംശയഃ. 67

| | | | |
|---|---|---|---|
| "വാനരേശ്വര! | "വാനരോത്തമ! | സുഗ്രീവേ ച | സുഗ്രീവന്റെ അടുക്കലും |
| അംഗദഃ | അംഗദൻ | | |
| ത്വയി | ഭവാങ്കൽ | മയി അപി | എന്റെ അടുക്കലും |
| യഥാ വൎത്തതേ, | എപ്രകാരം നടന്നുവരുന്നുവോ, | നിത്യം | എപ്പോഴും |
| | | വൎത്തേത | വൎത്തിക്കുന്നതാണ്, |
| തഥാ | അപ്രകാരംതന്നെ | ന സംശയഃ. | സംശയമില്ല. |

["ഭവാൻ എപ്രകാരം അംഗദനെ പ്രേമത്തോടെ കരുതിവരുന്നുവോ, അപ്രകാരം ഞങ്ങളും സ്നേഹിക്കുന്നതാണ്." എന്നു സാരം.]

സ തസ്യ വാക്യം മധുരം മഹാത്മനഃ
സമാഹിതം ധർമ്മപഥാനുവർത്തിനഃ
നിശമ്യ രാമസ്യ രണാവമർദ്ദിനോ
വചഃ സുയുക്തം നിജഗാദ വാനരഃ. 68

| | | | |
|---|---|---|---|
| വാനരഃ | വാനരനായ | തസ്യ രാമസ്യ | ആ ശ്രീരാമന്റെ |
| സഃ, | അവൻ, | മധുരം വാക്യം | സാന്ത്വനവാക്യത്തെ |
| മഹാത്മനഃ | മഹാത്മാവും | നിശമ്യ, | കേട്ട്, |
| ധർമ്മപഥാനു-വർത്തിനഃ | ധർമ്മമാർഗ്ഗനിരതനും | സുയുക്തം | സമയോചിതമായ |
| | | വചഃ | ഈ മറുപടിയെ |
| രണാവ-മർദ്ദിനഃ | പോരിൽ ശത്രുക്കളെ മർദ്ദിക്കുന്നവനും ആയ | സമാഹിതം | ഭക്തിപൂർണ്ണവനായി |
| | | നിജഗാദ. | ഉണർത്തിച്ചു. |

ശരാഭിതപ്തേന വിചേതസാ മയാ
പ്രദൂഷിതസ്ത്വം യദജാനതാ പ്രഭോ
ഇദം മഹേന്ദ്രോപമഭീമവിക്രമ
പ്രസാദിതസ്ത്വം ക്ഷമ മേ നരേശ്വര. 69

| | | | |
|---|---|---|---|
| "മഹേന്ദ്രോ-പമഭീമ-വിക്രമ! | "ഇന്ദ്രതുല്യഭയങ്കരപരാക്രമശാലിയായുള്ളോവെ! | ത്വം | നിന്തിരുവടി |
| | | പ്രദൂഷിതഃ; | ദൂഷ്യം പറയപ്പെട്ടു; |
| | | പ്രഭോ! | സർവ്വലോകേശ്വര! |
| നരേശ്വര! | ചക്രവർത്തിയായുള്ളോവെ! | ഇദം | ഇപ്പോൾ |
| | | ത്വം | നിന്തിരുവടി |
| ശരാഭിതപ്തേന | ബാണത്താൽ തുളയ്ക്കപ്പെട്ട് | പ്രസാദിതഃ; | അനുഗ്രഹിക്കേണമെന്ന് പ്രാർത്ഥിക്കപ്പെടുന്നു; |
| വിചേതസാ | ബുദ്ധിമങ്ങിയ | | |
| അജാനതാ | അവിവേകിയായ | മേ | അടിയനെ |
| മയാ, | അടിയനാൽ, | ക്ഷമ." | ക്ഷമിച്ചരുളിയാലും." |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
അഷ്ടാദശഃ സർഗ്ഗഃ = പതിനെട്ടാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ **10086**; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ **834**.

## ഏകോനവിംശഃ സർഗ്ഗഃ = പത്തൊമ്പതാംസർഗ്ഗം.

[രണാങ്കണേ താരാഗമനം = പോർക്കളത്തിൽ താര എത്തുന്നത്.]

സ വാനരമഹാരാജഃ ശയാനഃ ശരവിക്ഷതഃ
പ്രത്യുക്തോ ഹേതുമദ്വാക്യൈർനോത്തരം പ്രത്യപദ്യത. 1

| | | | |
|---|---|---|---|
| ശരവിക്ഷതഃ | അമ്പേററ് | ഹേതു-മദ്വാക്യൈഃ | കാരണസഹിതങ്ങളായ വാക്യങ്ങളാൽ |
| ശയാനഃ | കിടന്നിരുന്ന | പ്രത്യുക്തഃ, | മറുപടി പറയപ്പെട്ടവനായി, |
| വാനര-മഹാരാജഃ | വാനരാധിപനായ | ഉത്തരം | മറെറാന്നും |
| സഃ, | ആ ബാലി, | ന പ്രത്യപദ്യത. | ഉണർത്തിയില്ല. |

അശ്മഭിഃ പ്രവിഭിന്നാംഗഃ പാദപൈരാഹതോ ഭൃശം
രാമബാണേന ച ക്രാന്തോ ജീവിതാന്തേ മുമോഹ സഃ. 2

| | | | |
|---|---|---|---|
| സഃ | അവൻ | രാമബാണേന ച | ശ്രീരാമബാണത്താലും |
| അശ്മഭിഃ | കല്ലുകൾകൊണ്ട് | ഭൃശം | ഏററം |
| പ്രവിഭിന്നാംഗഃ | അംഗങ്ങൾ തകൎന്നവനായി, | ക്രാന്തഃ, | തുളയ്ക്കപ്പെട്ടവനായി, |
| പാദപൈഃ | വൃക്ഷങ്ങളാൽ | ജീവിതാന്തേ | പ്രാണൻ പോകുന്ന സമയത്തിൽ |
| ആഹതഃ | അടിക്കപ്പെട്ടവനായി, | മുമോഹ. | മൂർച്ഛിച്ചുകിടന്നു. |

തം ഭാര്യാ ബാണമോക്ഷേണ രാമദത്തേന സംയുഗേ
ഹതം പ്ലവഗശാർദ്ദൂലം താരാ ശുശ്രാവ വാലിനം. 3

| | | | |
|---|---|---|---|
| ഭാര്യാ | ധർമ്മപത്നിയായ | രാമദത്തേന | ശ്രീരാമനാൽ ചെയ്യപ്പെട്ട |
| താരാ, | താര, | | |
| പ്ലവഗശാർദ്ദൂലം | വാനരോത്തമനായ | ബാണമോക്ഷേണ | ശരാഘാതത്താൽ |
| തം | ആ | ഹതം | ഹതനെന്ന് |
| വാലിനം | ബാലിയെ | ശുശ്രാവ. | അറിഞ്ഞു. |
| സംയുഗേ | പോരിൽ | | |

സാ സപുത്രാഽപ്രിയം ശ്രുത്വാ വധം ഭർത്തുഃ സുദാരുണം
നിഷ്പപാത ഭൃശം ത്രസ്താ വിവിധാദ്ഗിരിഗഹ്വരാത്. 4

| | | | |
|---|---|---|---|
| സാ | അവൾ | ഭൃശം ത്രസ്താ | ഏററം നടുങ്ങിയവളായി |
| സുദാരുണം | അതിഘോരവും | സപുത്രാ | പുത്രനോടുംകൂടി |
| അപ്രിയം | അസഹ്യവും ആയ | വിവിധാത് | 'വിവിധം' എന്നു പേരുള്ളതായ |
| ഭർത്തുഃ | ഭർത്താവിന്റെ | ഗിരിഗഹ്വരാത് | പർവ്വതഗുഹയിൽനിന്നും |
| വധം | വധത്തെ | നിഷ്പപാത. | പുറത്തുവന്നു. |
| ശ്രുത്വാ, | അറിഞ്ഞ്, | | |

യേ ത്വംഗദപരീവാരാ വാനരാ ഭീമവിക്രമാഃ
തേ സകാർമ്മുകമാലോക്യ രാമം ത്രസ്താഃ പ്രദുദ്രുവുഃ. 5

| | | | |
|---|---|---|---|
| " ഭീമവിക്രമാഃ | അതിപരാക്രമശാലികളും | തേ തു, | അവരും, |
| അംഗദപരീവാരാഃ | അംഗദനെ തുടൎന്നുവന്നവരും ആയ | സകാർമ്മുകം | കോദണ്ഡപാണിയായ |
| വാനരാഃ | വാനരന്മാർ | രാമം | ശ്രീരാമനെ |
| യേ | യാതൊരുവരൊ | ആലോക്യ, | വീക്ഷിച്ച്, |
| | | ത്രസ്താഃ | നടുക്കംപൂണ്ടവരായി |
| | | പ്രദുദ്രുവുഃ. | ഓടിക്കളഞ്ഞു. |

സാ ദദൎശ തതസ്ത്രസ്താൻ ഹരീനാപതതോ ഭൃശം
യൂഥാദിവ പരിഭ്രഷ്ടാൻ മൃഗാൻ നിഹതയൂഥപാൻ. 6

| | |
|---|---|
| തതഃ | ആ സമയം |
| സാ | ആ താര, |
| യൂഥാത് | കൂട്ടത്തിൽനിന്ന് |
| നിഹത-യൂഥപാൻ | തലവൻ കൊല്ലപ്പെട്ട് |
| പരിഭ്രഷ്ടാൻ | നാലുപാടും ഓടുന്ന |
| മൃഗാൻ ഇവ, | മാനുകളെയെന്നപോലെ, |
| ഹരീൻ | വാനരന്മാരെ |
| ഭൃശം | ഏററവും |
| ത്രസ്താൻ ആപതതഃ | പേടിച്ച് കുതിച്ചോടുന്നവരായി |
| ദദൎശ. | കണ്ടു. |

താനുവാച സമാസാദ്യ ദുഃഖിതാൻ ദുഃഖിതാ സതീ
രാമവിത്രാസിതാൻ സൎവ്വാനനുബദ്ധാനിവേഷുഭിഃ. 7

| | |
|---|---|
| ദുഃഖിതാ | വ്യസനിച്ചുകൊണ്ടിരുന്ന |
| സതീ, | പതിവ്രതയായ അവൾ, |
| രാമ-വിത്രാസിതാൻ | ശ്രീരാമനെ ഭയന്നോടുന്നവരും, |
| ഇഷുഭിഃ | ബാണങ്ങളാൽ |
| അനുബദ്ധാൻ ഇവ | എയ്യപ്പെട്ടവരെന്നപോലെ |
| ദുഃഖിതാൻ | പരിഭ്രമിച്ചവരും ആയ |
| താൻ | അവർ |
| സൎവ്വാൻ | എല്ലാവരേയും |
| സമാസാദ്യ | അടുത്ത് |
| ഉവാച. | ഇപ്രകാരം ഉരചെയ്തു. |

വാനരാ രാജസിംഹസ്യ യസ്യ യൂയം പുരഃസരാഃ
തം വിഹായ സുസംത്രസ്താഃ കസ്മാദ് ദ്രവഥ ദുൎഗ്ഗതാഃ. 8
രാജ്യഹേതോഃ സ ചേദ് ഭ്രാതാ ഭ്രാത്രാ രൌദ്രേണ പാതിതഃ
രാമേണ പ്രഹിതൈ രൌദ്രൈൎമ്മാൎഗ്ഗണൈൎദ്ദൂരപാതിഭിഃ. 9

| | |
|---|---|
| "വാനരാഃ! | "വാനരന്മാരെ! |
| ഭ്രാതാ | ജ്യേഷ്ഠനായ |
| സഃ, | അദ്ദേഹം, |
| രൌദ്രേണ | കൊടിയവനായ |
| ഭ്രാത്രാ | അനുജനാൽ, |
| രാജ്യഹേതോഃ | രാജ്യത്തിനുവേണ്ടി |
| രാമേണ | ശ്രീരാമനാൽ |
| പ്രഹിതൈഃ, | എയ്യപ്പെട്ടവയും, |
| ദൂരപാതിഭിഃ | ദൂരത്തിൽനിന്ന് പായുന്നവയും |
| രൌദ്രൈഃ | ആപത്തിനെ വിളയിക്കുന്നവയും ആയ |
| മാൎഗ്ഗണൈഃ | ബാണങ്ങളാൽ |
| പാതിതഃ ചേത്, | വീഴ്ത്തപ്പെട്ടിരിക്കെ |
| യസ്യ | യാതൊരു |
| രാജസിംഹസ്യ | ആ രാജശ്രേഷ്ഠന്ന് |
| പുരഃസരാഃ | അടിമകളായിരിക്കുന്ന |
| യൂയം | നിങ്ങൾ, |
| തം | അദ്ദേഹത്തെ |
| വിഹായ | വിട്ട്, |
| ദുൎഗ്ഗതാഃ | ഏറെ ഭയപ്പെട്ട് |
| സുസംത്രസ്താഃ | നടുനടുങ്ങിയവരായി |
| കസ്മാത് | എന്താണ് |
| ദ്രവഥ?" | ഓടിപ്പോകുന്നത്?" |

കപിപത്ന്യാ വചഃ ശ്രുത്വാ കപയഃ കാമരൂപിണഃ
പ്രാപ്തകാലമവിക്ലിഷ്ടമൂചുൎവ്വചനമംഗനാം. 10

| | | | |
|---|---|---|---|
| കാമരൂപിണഃ | ഇഷ്ടംപോലെ രൂപം കയ്യൊള്ളാവുന്ന | അംഗനാം | ആ നാരീരത്നത്തോടായി |
| കപയഃ, | ആ വാനരന്മാർ, | അവിക്ലിഷ്ടം | സന്ദേഹരഹിതമായ |
| കപിപത്ന്യാഃ | വാനരൻെറ ധൎമ്മപത്നിയായ താരയുടെ | വചനം | വാക്യത്തെ |
| | | പ്രാപ്തകാലം | സമയോചിതമാംവ |
| വചഃ ശ്രുത്വാ, | വാക്കു കേട്ട്, | ഊചുഃ. | ഉണൎത്തിച്ചു. [ണ്ണം |

ജീവപുത്രേ നിവൎത്തസ്വ പുത്രം രക്ഷസ്വ ചാംഗദം
അന്തകോ രാമരൂപേണ ഹത്വാ നയതി വാലിനം. 11

| | | | |
|---|---|---|---|
| "ജീവപുത്രേ! | "പുത്രൻമാത്രം ജീവിച്ചിരിക്കുന്നവളേ! | അന്തകഃ | യമൻ |
| നിവൎത്തസ്വ; | മടങ്ങിച്ചെല്ലുക; | രാമരൂപേണ | രാമൻെറ വടിവുകയ്യൊണ്ടു് |
| പുത്രം ച | ഏകപുത്രനായ | വാലിനം | ബാലിയെ |
| അംഗദം | അംഗദനെ | ഹത്വാ | കൊന്നു് |
| രക്ഷസ്വ; | രക്ഷിച്ചാലും; | നയതി. | കൊണ്ടുപോകുന്നു. |

ക്ഷിപ്താൻ വൃക്ഷാൻ സമാവിദ്ധ്യ വിപുലാശ്ച ശിലാസ്തഥാ
വാലീ വജ്രസമൈൎബാണൈ രാമേണ വിനിപാതിതഃ. 12

| | | | |
|---|---|---|---|
| "ക്ഷിപ്താൻ | "പുഴക്കിയെറിഞ്ഞ | ബാണൈഃ | ബാണങ്ങളാൽ |
| വൃക്ഷാൻ ച | വൃക്ഷങ്ങളേയും | സമാവിദ്ധ്യ, | തകൎത്തു് |
| വിപുലാഃ | വലിയ | രാമേണ | ശ്രീരാമനാൽ |
| ശിലാഃ തഥാ | പാറകളേയും | വാലീ | ബാലി |
| വജ്രസമൈഃ | വജ്രായുധതുല്യങ്ങളായ | വിനിപാതിതഃ. | വീഴ്ത്തപ്പെട്ടു. |

["ബാലി മരിച്ചതിനെ നേരിട്ടു കാണാതെ, കേട്ടകേൾവികൊണ്ടു്, ബാലിയുടെ പരാക്രമത്തെ ആലോചിച്ചു്, അനേകബാണങ്ങൾ എയ്തു് ബാലി കൊല്ലപ്പെട്ടു എന്നു പറയപ്പെടുന്നു.]

അഭിദ്രുതമിദം സൎവ്വം വിദ്രുതം പ്രസൃതം ബലം
അസ്മിൻ പ്ലവഗശാൎദ്ദൂലേ ഹതേ ശക്രസമപ്രഭേ. 13

| | | | |
|---|---|---|---|
| "ശക്രസമപ്രഭേ | "ഇന്ദ്രതുല്യകാന്തിമാ[നായ | ബലം | സൈന്യം |
| അസ്മിൻ | ഈ | സൎവ്വം | മുഴുവനും |
| പ്ലവഗശാൎദ്ദൂലേ | വാനരോത്തമൻ | വിദ്രുതം | അമ്പരന്നതായി |
| ഹതേ | കൊന്നുവീഴ്ത്തപ്പെട്ട | പ്രസൃതം | ചിന്നിച്ചിതറിയതായി |
| ഇദം | ഈ [പ്പോൾ | അഭിദ്രുതം. | എങ്ങും ഓടിക്കളഞ്ഞു. |

രക്ഷ്യതാം നഗരദ്വാരമംഗദശ്ചാഭിഷിച്യതാം
പദസ്ഥം വാലിനഃ പുത്രം ഭജിഷ്യന്തി പ്ലവംഗമാഃ. 14

| | | | |
|---|---|---|---|
| "നഗരദ്വാരം | "നഗരത്തിൻെറ കോട്ടവാതിൽക്കൽ | വാലിനഃ | ബാലിയുടെ |
| | | പുത്രം | പുത്രനെ |
| രക്ഷ്യതാം; | കാവൽവെക്കപ്പെടട്ടെ; | പദസ്ഥം | തൻെറ പദവിയെ കയ്യൊണ്ടവനായി |
| അംഗദഃ ച | അംഗദനും | | |
| അഭിഷിച്യതാം; | മുടിചൂടിക്കപ്പെടട്ടെ; | ഭജിഷ്യന്തി. | ഭക്തിയോടുകൂടി സേവിക്കുന്നതാണു്. |
| പ്ലവംഗമാഃ | വാനരന്മാർ | | |

അഥവാഽരുചിതം സ്ഥാനമിഹ തേ രുചിരാനനേ
ആവിശന്തി ഹി ദുർഗ്ഗാണി ക്ഷിപ്രമദ്യൈവ വാനരാഃ. 15

| | | | |
|---|---|---|---|
| "രുചിരാനനേ! | "ചാരുമുഖി! | അദ്യ ഏവ | ഇതാ |
| അഥവാ | ഒന്നാലോചിക്കുമ്പോൾ | ക്ഷിപ്രം | വേഗത്തിൽ |
| തേ | നിന്തിരുവടിക്ക് | വാനരാഃ | (നമ്മുടെ ശത്രുക്കളായ) വാനരന്മാർ |
| ഇഹ | ഇവിടെ | ദുർഗ്ഗാണി | കോട്ടകൾക്കകത്ത് |
| സ്ഥാനം | ഇരിക്കുക എന്നതും | ആവിശന്തി. | പ്രവേശിക്കുന്നു. |
| അരുചിതം; | നല്ലതല്ല; | | |
| ഹി | എന്തെന്നാൽ | | |

അഭാര്യാശ്ച സഭാര്യാശ്ച സന്ത്യത്ര വനചാരിണഃ
ലുബ്ധേഭ്യോ വിപ്രയുക്തേഭ്യസ്തേഭ്യോ നസ്തുമുലം ഭയം. 16

| | | | |
|---|---|---|---|
| "അത്ര | "ഇക്കൂട്ടത്തിൽ | വിപ്രയുക്തേഭ്യഃ | ഭാര്യയില്ലാത്ത |
| വനചാരിണഃ | വാനരന്മാർ | ലുബ്ധേഭ്യഃ | കൊതിയന്മാരായ |
| അഭാര്യാഃ ച | ഭാര്യമാരില്ലാത്തവരും | തേഭ്യഃ നഃ | അവരിൽനിന്നാണ് ന |
| സഭാര്യാഃ ച | ഭാര്യയുള്ളവരും | തുമുലം | അതിയായ [മുക്ക് |
| സന്തി; | ഉണ്ട്; | ഭയം." | ആപത്തുണ്ടാവുക." |

അല്പാന്തരഗതാനാം തു ശ്രുത്വാ വചനമംഗനാ
ആത്മനഃ പ്രതിരൂപം സാ ബഭാഷേ ചാരുഹാസിനീ. 17

| | | | |
|---|---|---|---|
| സാ അംഗനാ തു, | ആ നാരീമണിയും, | ചാരുഹാസിനി | പുഞ്ചിരിതൂകിക്കൊണ്ട് |
| അല്പാന്തരഗതാനാം | തുച്ഛമായ അഭിപ്രായത്തോടുകൂടിയ അവരുടെ | ആത്മനഃ | തന്റെ |
| വചനം ശ്രുത്വാ, | വാക്ക് കേട്ട്, | പ്രതിരൂപം | യോഗ്യതയ്ക്കുറ്റതായി |
| | | ബഭാഷേ. | ഇപ്രകാരം ഉരചെയ്തു. |

പുത്രേണ മമ കിം കാര്യം കിം രാജ്യേന കിമാത്മനാ
കപിസിംഹേ മഹാഭാഗേ തസ്മിൻ ഭർത്തരി നശ്യതി. 18

| | | | |
|---|---|---|---|
| "മഹാഭാഗേ | "മഹാഭാഗ്യശാലിയും | പുത്രേണ | പുത്രനെക്കൊണ്ട് |
| കപിസിംഹേ | വാനരോത്തമനുമായ | കിം കാര്യം? | എന്തുകാര്യം? |
| തസ്മിൻ | ആ | രാജ്യേന | രാജ്യംകൊണ്ട് |
| ഭർത്തരി | പ്രാണനാഥൻ | കിം? | എന്തുപ്രയോജനം? |
| നശ്യതി, | മരിയ്ക്കാറായിക്കിടക്കു | ആത്മനാ | ജീവൻവെച്ചുകൊണ്ടു |
| മമ | എനിക്ക് [മ്പോൾ, | കിം? | എന്തുപയോഗം?[തന്നെ |

പാദമൂലം ഗമിഷ്യാമി തസ്യൈവാഹം മഹാത്മനഃ
യോഽസൌ രാമപ്രയുക്തേന ശരേണ വിനിപാതിതഃ 19

| | | | |
|---|---|---|---|
| "യഃ | "യാതൊരു | മഹാത്മനഃ | മഹാത്മാവായ |
| അസൌ | ഇദ്ദേഹം | തസ്യ | അദ്ദേഹത്തിന്റെ |
| രാമപ്രയുക്തേന | ശ്രീരാമനാൽ വിടപ്പെട്ട | പാദമൂലം ഏവ | പാദച്ഛായയെത്തന്നെ |
| ശരേണ വിനിപാതിതഃ | ബാണത്താൽ വീഴ്ത്തപ്പെട്ടിരിക്കുന്നുവോ, | അഹം ഗമിഷ്യാമി." | ഞാൻ പ്രാപിപ്പാൻ പോകുന്നു." |

ഏവമുക്ത്വാ പ്രദുദ്രാവ രുദന്തീ ശോകകൎശിതാ
ശിരശ്ചോരശ്ച ബാഹുഭ്യാം ദുഃഖേന സമഭിഘ്നതീ. 20

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ശിരഃ ച | തലയിലും |
| ഉക്ത്വാ, | ഉരചെയ്തു്, | ഉരഃ ച | മാറിലും |
| ശോകകൎശിതാ, | ദുഃഖാകുലിതയായി, | സമഭിഘ്നതീ | തല്ലിക്കൊണ്ടു് |
| ദുഃഖേന | വ്യസനത്താൽ | രുദന്തീ, | കരയുന്നവളായി, |
| ബാഹുഭ്യാം | ഇരുകൈകൾകൊണ്ടും | പ്രദുദ്രാവ. | ഓടിച്ചെന്നു. |

ആവ്രജന്തീ ദദൎശാഥ പതിം നിപതിതം ഭുവി
ഹന്താരം ദാനവേന്ദ്രാണാം സമരേഷ്വനിവൎത്തിനാം. 21
ക്ഷേപ്താരം പൎവ്വതേന്ദ്രാണാം വജ്രാണാമിവ വാസവം
മഹാബലസമാവിഷ്ടം മഹാമേഘൌഘനിഃസ്വനം. 22
ശക്രതുല്യപരാക്രാന്തം വൃഷ്ട്വേവോപരതം ഘനം
നൎദന്തം നൎദതാം ഭീമം ശൂരം ശൂരേണ പാതിതം. 23
ശാൎദ്ദൂലേനാമിഷസ്യാൎത്ഥേ മൃഗരാജം യഥാ ഹതം. 24
അൎച്ചിതം സൎവ്വലോകസ്യ സപതാകം സവേദികം
നാഗഹേതോഃ സുപൎണ്ണേന ചൈത്യമുന്മഥിതം യഥാ. 25

| | | | |
|---|---|---|---|
| “ അഥ | “ ആ സമയം | ശൂരം പതിം, | ശൂരനുമായ ഭൎത്താവിനെ, |
| ആവ്രജന്തീ, | അടുത്തുവരുന്ന അവൾ, | ഭുവി | നിലത്തു |
| സമരേഷു | പോരാട്ടങ്ങളിൽ | നിപതിതം, | വീണുകിടക്കുന്നവനായി, |
| അനിവൎത്തിനാം | പിൻതിരിയാത്തവരായ | വൃഷ്ട്വാ | മഴപൊഴിച്ചു് |
| ദാനവേന്ദ്രാണാം | അസുരവരന്മാരെ | ഉപരതം | ഒഴിച്ചു |
| ഹന്താരം, | കൊല്ലുന്നവനും, | ഘനം ഇവ, | കാർമേഘംപോലെയിരിക്കുന്നതായും, |
| വജ്രാണാം | വജ്രായുധങ്ങളെ | ആമിഷസ്യാൎത്ഥേ | മാംസത്തിന്നുവേണ്ടി |
| വാസവം ഇവ | ഇന്ദ്രൻ എന്നപോലെ | ശാൎദ്ദൂലേന | നരിയാൽ |
| പൎവ്വതേന്ദ്രാണാം | വൻമലകളെ | ഹതം | കൊല്ലപ്പെട്ട |
| ക്ഷേപ്താരം, | പുഴക്കിയെറിയുന്ന | മൃഗരാജം യഥാ, | കലമാൻപോലെയിരിക്കുന്നവനായും, |
| മഹാബല- സമാവിഷ്ടം, | അതിശയപരാക്രമമുള്ളവനും, | നാഗഹേതോഃ | ഒരു സൎപ്പത്തിന്നുവേണ്ടി |
| മഹാമേഘൌഘനിസ്വനം, | വൻമേഘംപോലെ ഗൎജ്ജിക്കുന്നവനും, | സുപൎണ്ണേന | ഗരുഡനാൽ |
| ശക്രതുല്യ- പരാക്രാന്തം, | ഇന്ദ്രതുല്യപരാക്രമിയും, | ഉന്മഥിതം | മൎദ്ദിക്കപ്പെട്ടതും |
| നൎദതാം | ഗൎജ്ജിക്കുന്നവൎക്കുംനേരെ | സൎവ്വലോകസ്യ | എല്ലാജനത്തിന്റേയും |
| ഭീമം | ഭയങ്കരമാകുംവണ്ണം | അൎച്ചിതം | പൂജയ്ക്കു് പാത്രമായതും |
| നൎദന്തം | ഗൎജ്ജിക്കുന്നവനും | സപതാകം | കൊടിക്കൂറകളാൎന്നതും |
| ശൂരേണ | ശൂരനാൽ | സവേദികം | മണ്ഡപമുള്ളതുമായ |
| പാതിതം | വീഴ്ത്തപ്പെട്ടവനും | ചൈത്യം യഥാ, | ഗോപുരംപോലെയിരിക്കുന്നവനായും, |
| | | ദദൎശ. | കണ്ടു. |

അവഷ്ടഭ്യ ച തിഷ്ഠന്തം ദദൎശ ധനുരൂൎജ്ജിതം
രാമം രാമാനുജം ചൈവ ഭൎത്തുശ്ചൈവാനുജം ശുഭാ. 26

| | | | |
|---|---|---|---|
| ശുഭാ, | പുണ്യവതിയായ അവൾ | രാമം ച | ശ്രീരാമനെയും |
| ധനുഃ | കോദണ്ഡത്തെ | രാമാനുജം ച ഏവ | ലക്ഷ്മണനെയും |
| ഊൎജ്ജിതം | ദൃഢമായി | ഭൎത്തുഃ | ഭൎത്താവിന്റെ |
| അവഷ്ടഭ്യ | പിടിച്ചുകൊണ്ടു് | അനുജം ച ഏവ | അനുജനെയും |
| തിഷ്ഠന്തം | നില്ക്കുന്ന | ദദൎശ. | കണ്ടു. |

താനതീത്യ സമാസാദ്യ ഭൎത്താരം നിഹതം രണേ
സമീക്ഷ്യ വ്യഥിതാ ഭൂമൌ സംഭ്രാന്താ നിപപാത ഹ. 27

| | | | |
|---|---|---|---|
| താൻ | അവരെ | സമീക്ഷ്യ | നോക്കി |
| അതീത്യ, | കടന്നുചെന്നു്, | വ്യഥിതാ | വ്യാകുലപ്പെട്ടവളായി, |
| രണേ | പോരിൽ | സംഭ്രാന്താ | മതിമറന്നു്, |
| നിഹതം | കൊന്നുവീഴ്ത്തപ്പെട്ട | ഭൂമൌ | നിലത്തു് |
| ഭൎത്താരം | ഭൎത്താവിനെ | നിപപാത ഹ. | പതിച്ചു. |
| സമാസാദ്യ | അടുത്തുചെന്നു് | | |

സുപ്തേവ പുനരുത്ഥായ ആൎയ്യപുത്രേതി ശോചതീ
രുരോദ സാ പതിം ദൃഷ്ട്വാ സന്ദിതം മൃത്യുദാമഭിഃ. 28

| | | | |
|---|---|---|---|
| സാ | അവൾ | സന്ദിതം | ബന്ധിക്കപ്പെട്ടവനായി |
| സുപ്താ, | മൂൎച്ഛിച്ചുകിടന്നു്, | ദൃഷ്ട്വാ, | കണ്ടു്, |
| പുനഃ ഏവ | വീണ്ടും | ശോചതീ | പരിതപിക്കുന്നവളായി |
| ഉത്ഥായ, | എഴുന്നീററു്, | "ആൎയ്യപുത്ര!" | "പ്രാണനാഥ!" |
| പതിം | ഭൎത്താവിനെ | ഇതി ഹി | എന്നുപറഞ്ഞുകൊണ്ടു |
| മൃത്യുദാമഭിഃ | യമപാശത്താൽ | രുരോദ. | തൊഴിച്ചു. [തന്നെ |

താമവേക്ഷ്യ തു സുഗ്രീവഃ ക്രോശന്തീം കുരരീമിവ
വിഷാദമഗമൽ കഷ്ടം ദൃഷ്ട്വാ ചാംഗദമാഗതം. 29

| | | | |
|---|---|---|---|
| സുഗ്രീവഃ തു | സുഗ്രീവനും | അംഗദം ച | അംഗദനെയും |
| താം | അവളെ | കഷ്ടം | തേങ്ങിക്കരയുന്നവനായി |
| കുരരീം ഇവ | കുരരിപ്പേടയെപ്പോലെ | | |
| ക്രോശന്തീം | കേഴുന്നവളായി | ദൃഷ്ട്വാ, | കണ്ടു്, |
| അവേക്ഷ്യ, | കണ്ടു്, | വിഷാദം | അതിയായ ദുഃഖത്തെ |
| ആഗതം | അവിടെ വന്നവനായ | അഗമൽ. | ഉൾക്കൊണ്ടു. |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ഏകോനവിംശഃ സൎഗ്ഗഃ = പത്തൊമ്പതാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 10115; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 863.

# വിംശഃ സൎഗ്ഗഃ = ഇരുപതാംസൎഗ്ഗം.

[താരാവിലാപഃ = താരയുടെ വിലാപം.]

രാമചാപവിസൃഷ്ടേന ശരേണാന്തകരേണ തം
ദൃഷ്ട്വാ വിനിഹതം ഭൂമൌ താരാ താരാധിപാനനാ. 1

| | | | |
|---|---|---|---|
| താരാധിപാനനാ | മതിനേർമുഖിയാളായ | ശരേണ | ബാണത്താൽ |
| താരാ, | താര, | തം | ബാലിയെ |
| രാമചാപ- വിസൃഷ്ടേന | ശ്രീരാമന്റെ ചാപത്തിൽ നിന്നെയ്യപ്പെട്ട | ഭൂമൌ | നിലത്ത് |
| അന്തകരേണ | മൃതികരമായ | വിനിഹതം | വീഴ്ത്തപ്പെട്ടിരിക്കുന്നവ[നായി] |
| | | ദൃഷ്ട്വാ. | കണ്ടു. |

വാനരേന്ദ്രം മഹേന്ദ്രാഭം ശോകസന്തപ്തമാനസാ
താരാ തരുമിവോന്മൂലം പൎയ്യദേവയദാതുരാ. 2

| | | | |
|---|---|---|---|
| താരാ, | താര, | ഇവ, | പോലെകിടക്കുവനും ആയ, |
| ആതുരാ, | ദുഃഖപരവശയായി, | വാനരേന്ദ്രം | വാനരാധിപനെനോക്കി |
| മഹേന്ദ്രാഭം | ഇന്ദ്രസദൃശനും | ശോകസന്തപ്ത- മാനസാ | ശോകത്താൽ തപിക്കുന്ന ചിത്തത്തോടുകൂടി |
| ഉന്മൂലം | പുഴങ്ങിവീണ | പൎയ്യദേവയത്. | പ്രലപിച്ചു. [യവളായി] |
| തരും | വന്മരം | | |

[“ താരാ പൎയ്യവേദയത് ” (ഉച്ചസ്വരത്തിൽ പ്രലപിച്ചു) എന്ന അൎത്ഥത്തിൽ ‘ താരാ ’ എന്ന പദത്തിന്റെ പുനരുക്തിയേയും, “ ദൃഷ്ട്വാ ” എന്ന പദത്തെ പൂൎണ്ണക്രിയയാക്കുന്നതിനേയും പരിഹരിക്കാം. ഈ പക്ഷത്തിൽ രണ്ടു ശ്ലോകങ്ങളേയും ഒന്നിച്ച് അന്വയിക്കേണ്ടതാണ്.]

സാ സമാസാദ്യ ഭൎത്താരം പൎയ്യഷ്വജത ഭാമിനീ
ഇഷുണാഽഭിഹതം ദൃഷ്ട്വാ വാലിനം കുഞ്ജരോപമം. 3

| | | | |
|---|---|---|---|
| സാ | ആ | ഇഷുണാ | ബാണത്താൽ |
| ഭാമിനീ | സുന്ദരി | അഭിഹതം | തുളയ്ക്കപ്പെട്ട് കിടക്കുന്ന[വനായി] |
| കുഞ്ജരോപമം | ഗജേന്ദ്രസദൃശനും | ദൃഷ്ട്വാ, | കണ്ട്, |
| ഭൎത്താരം | ഭൎത്താവുമായ | സമാസാദ്യ | അടുത്തുചെന്ന് |
| വാലിനം, | ബാലിയെ, | പൎയ്യഷ്വജത. | പുൽകിയണച്ചു. |

രണേ ദാരുണവിക്രാന്ത പ്രവീര പ്ലവതാം വര
കിം ദീനാമപുരോഭാഗാമദ്യ ത്വം നാഭിഭാഷസേ. 4

| | | | |
|---|---|---|---|
| “ രണേ | “ പോരിൽ | ദീനാം | പരിതപിക്കുന്നവളുമായ ഇവളോടായി |
| ദാരുണ- വിക്രാന്ത! | ഘോരപരാക്രമിയായുള്ളോവേ! | അദ്യ | ഇപ്പോൾ |
| പ്രവീര! | അതിശൂരനായുള്ളോവേ! | ത്വം | നിന്തിരുവടി |
| പ്ലവതാം വര! | വാനരന്മാരിലുത്തമനായുള്ളോവേ! | കിം | എന്തുകൊണ്ടാണ് |
| അപുരോഭാഗാം | സൎവ്വദാ ഹിതാനുവൎത്തിനിയും | അഭിഭാഷസേ ന. | ഒന്നും ഉരിയാടാതിരിക്കുന്നതു് ? |

ഉത്തിഷ്ഠ ഹരിശാർദ്ദൂല ഭജസ്വ ശയനോത്തമം
നൈവം വിധാഃ ശേരതേ ഹി ഭൂമൌ നൃപതിസത്തമാഃ. 5

| | | | |
|---|---|---|---|
| "ഹരിശാർദ്ദൂല! | "വാനരോത്തമ! | ഏവം വിധാഃ | ഇപ്രകാരമുള്ള |
| ഉത്തിഷ്ഠ; | എഴുന്നേററാലും; | നൃപതിസത്തമാഃ | ഉത്തമനൃപതിമാർ |
| ശയനോത്തമം | ഉത്തമശയനത്തെ | ഭൂമൌ | നിലത്ത് |
| ഭജസ്വ; | ആശ്രയിച്ചാലും; | ശേരതേ ന ഹി! | ശയിക്കാറില്ലല്ലോ! |

അതീവ ഖലു തേ കാന്താ വസുധാ വസുധാധിപ
ഗതാസുരപി യാം ഗാത്രൈർമ്മാം വിഹായ നിഷേവസേ. 6

| | | | |
|---|---|---|---|
| "മാം വിഹായ | "എന്നെ വെടിഞ്ഞ് | വസുധാ, | അപ്രകാരമുള്ള ഭൂമി ദേവി, |
| ഗതാസുഃ അപി | പ്രാണൻ പോയിട്ടും | | |
| ഗാത്രൈഃ | അവയവങ്ങളാൽ | വസുധാധിപ! | അല്ലയോ ഭൂപാല! |
| യാം | യാതൊരുവളെ | തേ | നിന്തിരുവടിക്ക് |
| നിഷേവസേ | ആലിംഗനംചെയ്തുകൊണ്ടിരിക്കുന്നുവോ | അതീവ | അത്യന്തം |
| | | കാന്താ ഖലു? | പ്രിയപ്പെട്ടവളാണോ? |

വ്യക്തമന്യാ ത്വയാ വീര ധർമ്മതഃ സംപ്രവർത്തിതാ
കിഷ്കിന്ധേവ പുരീ രമ്യാ സ്വർഗ്ഗമാർഗ്ഗേ വിനിർമ്മിതാ 7

| | | | |
|---|---|---|---|
| "വീര! | "നാഥ! | അന്യാ | മറെറാരു |
| ത്വയാ | നിന്തിരുവടിയാൽ | പുരീ | നഗരം |
| വിനിർമ്മിതാ | നിർമ്മിക്കപ്പെട്ട | ധർമ്മതഃ | ധർമ്മംകൊണ്ട് |
| രമ്യാ | ഭംഗിയേറിയ | സ്വർഗ്ഗമാർഗ്ഗേ | സ്വർഗ്ഗത്തിൽ |
| കിഷ്കിന്ധാ ഇവ | കിഷ്കിന്ധാനഗരംപോലെതന്നെ | സംപ്രവർത്തിതാ | തയ്യാറാക്കപ്പെട്ട, |
| | | വ്യക്തം. | തീർച്ചതന്നെ. |

[യുദ്ധത്തിൽ പരാക്രമത്തോടുകൂടി മരിച്ചകാരണം അങ്ങയ്ക്കു വീരസ്വർഗ്ഗംതന്നെ ഫലം, എന്നു സാരം.]

യാന്യസ്മാഭിസ്ത്വയാ സാർദ്ധം വനേഷു മധുഗന്ധിഷു
വിഹൃതാനി ത്വയാ കാലേ തേഷാമുപരമഃ കൃതഃ 8

| | | | |
|---|---|---|---|
| "മധുഗന്ധിഷു | "മധുമണമോലുന്ന | വിഹൃതാനി | ക്രീഡകൾ ചെയ്യപ്പെട്ടുവോ |
| വനേഷു | വനങ്ങളിൽ, | തേഷാം, | അവയെല്ലാം |
| ത്വയാ | നിന്തിരുവടിയാൽ | കാലേ | ഇപ്പോൾ |
| അസ്മാഭിഃ സാർദ്ധം | ഞങ്ങളോടുംകൂടി | ത്വയാ | നിന്തിരുവടിയാൽ |
| | | ഉപരമഃ | വിച്ഛേദം |
| യാനി | ഏതെല്ലാം | കൃതഃ. | വരുത്തപ്പെട്ടു. |

നിരാനന്ദാ നിരാശാഽഹം നിമഗ്നാ ശോകസാഗരേ
ത്വയി പഞ്ചത്വമാപന്നേ മഹായൂഥപയൂഥപേ. 9

| | | | |
|---|---|---|---|
| "മഹായൂഥപയൂഥപേ | "വൻ പടയാളികൾക്കും നായകനായ | അഹം | ഞാൻ |
| | | നിരാനന്ദാ | ഉത്സാഹരഹിതയായി |
| ത്വയി | നിന്തിരുവടി | നിരാശാ | നിരാശപ്പെട്ടവളായി |
| പഞ്ചത്വം ആപന്നേ, | മരിച്ചു കിടക്കുമ്പോൾ, | ശോകസാഗരേ | ദുഃഖസമുദ്രത്തിൽ |
| | | നിമഗ്നാ. | ആണ്ടു കിടക്കുന്നു. |

ഹൃദയം സുസ്ഥിരം മഹ്യം ദൃഷ്ട്വാ വിനിഹതം പതിം
യന്ന ശോകാഭിസന്തപ്തം സ്ഫുടതേഽദ്യ സഹസ്രധാ. 10

| | | | |
|---|---|---|---|
| “മഹ്യം | “എന്റെ | ശോകാഭിസന്തപ്തം | വ്യസനത്താൽ പരിതപിക്കുന്നതായിരുന്നിട്ടും, |
| ഹൃദയം | ഹൃദയം | അദ്യ | ഇപ്പോൾ |
| സുസ്ഥിരം; | കഠിനമായതുതന്നെ; | സഹസ്രധാ | ആയിരം നുറുങ്ങായി |
| യത് | എന്തെന്നാൽ | സ്ഫുടതേ ന. | ചിതറിപ്പോകുന്നില്ലല്ലൊ. |
| പതിം | പ്രാണനാഥനെ | | |
| വിനിഹതം | കൊല്ലപ്പെട്ടവനായി | | |
| ദൃഷ്ട്വാ, | കണ്ടിട്ടും, | | |

സുഗ്രീവസ്യ ത്വയാ ഭാൎയ്യാ ഹൃതാ സ ച വിവാസിതഃ
യത്തത്തസ്യ ത്വയാ വ്യുഷ്ടിഃ പ്രാപ്തേയം പ്ലവഗാധിപ. 11

| | | | |
|---|---|---|---|
| “പ്ലവഗാധിപ! | “വാനരാധിപ! | യത് തത് | യാതൊരു ഇക്കാരണത്താൽ |
| ത്വയാ | നിന്തിരുവടിയാൽ | തസ്യ | അതിന്റെ |
| സുഗ്രീവസ്യ | സുഗ്രീവന്റെ | വ്യുഷ്ടിഃ | ഫലമായി |
| ഭാൎയ്യാ | ഭാൎയ്യ | ഇയം | ഇതു് |
| ഹൃതാ; | അപഹരിക്കപ്പെട്ടു; | ത്വയാ | നിന്തിരുവടിയാൽ |
| സഃ ച | ആ സുഗ്രീവനും | പ്രാപ്താ. | പ്രാപിക്കപ്പെട്ടു. |
| വിവാസിതഃ | നാട്ടിൽനിന്ന് ആട്ടിപ്പുറത്താക്കപ്പെട്ടു; | | |

നിഃശ്രേയസപരാ മോഹാത് ത്വയാ ചാഹം വിഗൎഹിതാ
യൈഷാഽബ്രുവം ഹിതം വാക്യം വാനരേന്ദ്ര ഹിതൈഷിണീ. 12

| | | | |
|---|---|---|---|
| “വാനരേന്ദ്ര! | “വാനരാധിപ! | ഹിതം | ഹിതകരമായ |
| നിഃശ്രേയസപരാ | ഭക്തിപരതന്ത്രയായി | വാക്യം | വാക്യത്തെ |
| ഹിതൈഷിണീ ച | നന്മയെ ആഗ്രഹിച്ചവളായ | അബ്രുവം; | ഉണൎത്തിച്ചു; |
| യാ | യാതൊരു | ത്വയാ | നിന്തിരുവടിയാൽ |
| ഏഷാ അഹം, | ഈ ഞാൻ, | മോഹാത് | അറിവില്ലായ്മയാൽ |
| | | വിഗൎഹിതാ. | ഞാൻ നിന്ദിക്കപ്പെടുകയാണുണ്ടായതു്. |

രൂപയൌവനദൃപ്താനാം ദക്ഷിണാനാം ച മാനദ
നൂനമപ്സരസാമാൎയ്യ ചിത്താനി പ്രമഥിഷ്യസി. 13

| | | | |
|---|---|---|---|
| “മാനദ! | “അഭിമാനദായക! | അപ്സരസാം | അപ്സരസ്ത്രീകളുടെ |
| ആൎയ്യ! | നാഥ! | ചിത്താനി | ചിത്തങ്ങളെ |
| രൂപയൌവനദൃപ്താനാം | സൌന്ദൎയ്യം, യൌവനം എന്നവകൊണ്ട് ഗൎവ്വമുൾക്കൊണ്ടവരും | പ്രമഥിഷ്യസി | അങ്ങ് കവരുവാൻ പോകുന്നു എന്നതു് |
| ദക്ഷിണാനാം ച | വശീകരണസാമൎത്ഥ്യമുള്ളവരുമായ | നൂനം. | തീൎച്ചതന്നെ. |

കാലോ നിഃസംശയോ നൂനം ജീവിതാന്തകരസ്തവ
ബലാദ്യേനാവപന്നോഽസി സുഗ്രീവസ്യാവശോ വശം. 14

| | | | |
|---|---|---|---|
| "തവ | "നിന്തിരുവടിക്ക് | അവശഃ | ആരുടെകയ്യിലും അകപ്പെടാത്തവനായ നിന്തിരുവടി, |
| നൂനം | ഇപ്പോൾ | ബലാത്, | പിടിവാദമായി, |
| ജീവിതാന്തകരഃ കാലഃ | ജീവാവസാനകാലം | സുഗ്രീവസ്യ | സുഗ്രീവന്റെ |
| നിഃസംശയഃ; | എന്നതിന്നു സംശയമില്ല; | വശം | കയ്യിൽ |
| യേന | അതുകൊണ്ടുതന്നെയാണ്, | അവപന്നഃ അസി. | അകപ്പെട്ടത്. |

വൈധവ്യം ശോകസന്താപം കൃപണം കൃപണാ സതീ
അദുഃഖോപചിതാ പൂർവ്വം വർത്തയിഷ്യാമ്യനാഥവത്. 15

| | | | |
|---|---|---|---|
| "പൂർവ്വം | "ഇതിന്നുമുമ്പ് | അനാഥവത് | രക്ഷകനില്ലാതിരിക്കുന്ന അവസ്ഥയേയും |
| അദുഃഖോപചിതാ | യാതൊരുദുഃഖവും അറിയാതിരുന്നവളും, | വൈധവ്യം | വൈധവ്യത്തേയും |
| കൃപണാ | എന്തുചെയ്യേണ്ടതെന്നറിയാത്തവളായിട്ടുദുഃഖിക്കുന്നവളും ആയ | ശോകസന്താപം | ശോകത്താലുള്ള കഷ്ടത്തേയും |
| | | കൃപണം | ദൈന്യതയേയും |
| സതീ, | പതിവ്രതയായ ഞാൻ, | വർത്തയിഷ്യാമി. | അനുഭവിക്കുമാറാകും. |

ലാളിതശ്ചാംഗദോ വീരഃ സുകുമാരഃ സുഖോചിതഃ
വത്സ്യതേ കാമവസ്ഥാം മേ പിതൃവ്യേ ക്രോധമൂർച്ഛിതേ. 16

| | | | |
|---|---|---|---|
| "മേ | "എന്റെ | അംഗദഃ, | അംഗദൻ, |
| വീരഃ | പുത്രനും | ക്രോധമൂർച്ഛിതേ | കോപത്താൽ മതിമറന്നവനായ |
| ലാളിതഃ, | ഓമനിച്ചുവളർത്തപ്പെട്ടവനും, | പിതൃവ്യേ | എളയച്ഛന്റെ കയ്യിൽ നിന്ന് |
| സുകുമാരഃ | കഷ്ടമെന്നതറിയാത്തവനും | കാം | എന്തു |
| സുഖോചിതഃ ച | സുഖമായിട്ടുതന്നെ കഴിഞ്ഞവനും ആയ | അവസ്ഥാം | കഷ്ടാവസ്ഥയെ |
| | | വത്സ്യതേ! | അനുഭവിക്കുമോ! |

കുരുഷ്വ പിതരം പുത്ര സുദൃഷ്ടം ധർമ്മവത്സലം
ദുർല്ലഭം ദർശനം വത്സ തവ തസ്യ ഭവിഷ്യതി. 17

| | | | |
|---|---|---|---|
| "പുത്ര! | "പുത്ര! അംഗദ! | വത്സ! | വത്സ! |
| ധർമ്മവത്സലം | ധർമ്മതല്പരനായ | തവ | നിനക്ക് |
| പിതരം | പിതാവിനെ | തസ്യ | അദ്ദേഹത്തെ |
| സുദൃഷ്ടം | അവസാനനോക്കനോക്കുന്നവനായി | ദർശനം | കാണുകയെന്നത് |
| കുരുഷ്വ; | ചെയ്യുക; | ദുർല്ലഭം ഭവിഷ്യതി. | ഇനി സാദ്ധ്യമാകയില്ല. |

സമാശ്വാസയ പുത്രം ത്വം സന്ദേശം സന്ദിശസ്വ ച. 18
മൂർദ്ധ്നി ചൈനം സമാഘ്രായ പ്രവാസം പ്രസ്ഥിതോ ഹ്യസി. 19

| | | | |
|---|---|---|---|
| “ ത്വം ച | “ നിന്തിരുവടിയും | ഏനം പുത്രം | ഈ പുത്രനെ |
| പ്രവാസം | പരലോകവാസത്തിന്നായി | മൂർദ്ധ്നി സമാഘ്രായ | ശിരസ്സിൽ മുകൎന്നു |
| പ്രസ്ഥിതഃ അസി; | പുറപ്പെട്ടുകഴിഞ്ഞുവല്ലൊ; | സമാശ്വാസയ; | ആശ്വസിപ്പിച്ചാലും; |
| | | സന്ദേശം ച | പറവാനുള്ളതിനേയും |
| ഹി | ആകയാൽ | സന്ദിശസ്വ. | അരുളിച്ചെയ്താലും. |

രാമേണ ഹി മഹത്കർമ്മ കൃതം ത്വാമഭിനിഘ്നതാ
ആനൃണ്യം ച ഗതം തസ്യ സുഗ്രീവസ്യ പ്രതിശ്രുവേ. 20

| | | | |
|---|---|---|---|
| “ ത്വാം | “ നിന്തിരുവടിയെ | തസ്യ | ആ |
| അഭിനിഘ്നതാ | വധിച്ച | സുഗ്രീവസ്യ | സുഗ്രീവനോട് |
| രാമേണ | ശ്രീരാഘവനാൽ | പ്രതിശ്രുവേ | പ്രതിജ്ഞചെയ്ത കാര്യത്തിൽ |
| മഹത് ഹി | യശസ്കരമായ്ത്തന്നെയുള്ള | | |
| കർമ്മ | കൃത്യമാണ് | ആനൃണ്യം ച ഗതം. | കടവും വീട്ടപ്പെട്ടു. |
| കൃതം; | ചെയ്യപ്പെട്ടതു്; | | |

സകാമോ ഭവ സുഗ്രീവ രുമാം ത്വം പ്രതിപത്സ്യസേ
ഭുങ്ക്ഷ്വ രാജ്യമനുദ്വിഗ്നഃ ശസ്തോ ഭ്രാതാ രിപുസ്തവ. 21

| | | | |
|---|---|---|---|
| “ സുഗ്രീവ! | “ സുഗ്രീവ! | രാജ്യം | രാജ്യത്തെ |
| തവ | അവിടുത്തെ | ഭുങ്ക്ഷ്വ; | ആണ്ടുകൊണ്ടാലും; |
| രിപുഃ | ശത്രുവായിരുന്ന | രുമാം | രുമയേയും |
| ഭ്രാതാ | ജ്യേഷ്ഠൻ | പ്രതിപത്സ്യസേ; | അങ്ങ് പ്രാപിക്കുന്നതാണ്; |
| ശസ്തഃ; | വധിക്കപ്പെട്ടു; | സകാമഃ | മനോരഥപരിപൂർത്തി വന്നവനായി |
| ത്വം | അങ്ങ് | | |
| അനുദ്വിഗ്നഃ | നിർഭയനായി | ഭവ. | ഭവിച്ചാലും. |

കിം മാമേവം വിലപതീം പ്രേമ്ണാ ത്വം നാഭിഭാഷസേ
ഇമാഃ പശ്യ വരാ ബഹ്വീർഭാര്യാസ്തേ വാനരേശ്വര. 22

| | | | |
|---|---|---|---|
| “ വാനരേശ്വര! | വാനരാധിപ! | അഭിഭാഷസേ ന? | ഒന്നും പറയാതിരിക്കുന്നതു്? |
| ഏവം | ഇപ്രകാരം | തേ | നിന്തിരുവടിയുടെ |
| പ്രേമ്ണാ | അൻപോടെ | ഇമാഃ | ഈ |
| വിലപതീം | പ്രലപിക്കുന്നവളായ | വരാഃ | ഉത്തമകളായ |
| മാം | എന്നോട് | ബഹ്വീഃ | പല |
| കിം | എന്തുകൊണ്ടാണ് | ഭാര്യാഃ | ഭാര്യമാരേയും |
| ത്വം | നിന്തിരുവടി | പശ്യ.” | നോക്കിയാലും.” |

തസ്യാ വിലപിതം ശ്രുത്വാ വാനര്യഃ സർവ്വതശ്ച താഃ
പരിഗൃഹ്യാംഗദം ദീനം ദുഃഖാർത്താഃ പരിചുക്രുശുഃ. 23

| | | | |
|---|---|---|---|
| സർവ്വതഃ | ചുററും നിന്നിരുന്നവരായ | ശ്രുത്വാ, | കേട്ട്, |
| താഃ | ആ | ദീനം | ദുഃഖിക്കുന്നവനായ |
| വാനര്യഃ ച | വാനരസ്ത്രീകളും | അംഗദം | അംഗദനെ |
| തസ്യാഃ | അവളുടെ | പരിഗൃഹ്യ, | പുണർന്നുകൊണ്ട്, |
| വിലപിതം | പ്രലാപവചനത്തെ | ദുഃഖാർത്താഃ | ദുഃഖപരവശമാരായി |
| | | പരിചുക്രുശുഃ. | മുറവിളിയിട്ടു. |

കിമംഗദം സാംഗദവീരബാഹോ
വിഹായ യാസ്യദ്യ ചിരപ്രവാസം
ന യുക്തമേവം ഗുണസംനികൃഷ്ടം
വിഹായ പുത്രം പ്രിയപുത്ര ഗന്തും. 24

| | | | |
|---|---|---|---|
| "സാംഗദ-വീരബാഹോ! | "തോൾവളകളണിഞ്ഞ കൈയ്യുകളുള്ളവനേ! | പ്രിയപുത്ര! | ഓമനയായ പുത്രനോടുകൂടിയുള്ളോവേ! |
| അദ്യ | ഇപ്പോൾ | ഏവം | ഇപ്രകാരം |
| അംഗദം | അംഗദനേയും | ഗുണ-സംനികൃഷ്ടം | ഉത്തമഗുണസമ്പന്നനായ |
| വിഹായ | വെടിഞ്ഞ് | പുത്രം | പുത്രനെ |
| കിം | എന്താണ് | വിഹായ | വെടിഞ്ഞ് |
| ചിരപ്രവാസം | ദൂരയാത്രയ്ക്കായി | ഗന്തും | പോകുന്നത് |
| യാസി? | അങ്ങ് പുറപ്പെട്ടിരിക്കുന്നത്? | ന യുക്തം." | ശരിയല്ല." |

കിമപ്രിയം തേ പ്രിയചാരുവേഷ
മയാ കൃതം നാഥ സുതേന വാ തേ
സഹാംഗദാം മാം സ വിഹായ വീര
യത് പ്രസ്ഥിതോ ദീർഘമിതഃ പ്രവാസം. 25

| | | | |
|---|---|---|---|
| "പ്രിയചാരു-വേഷ! | "മനസ്സുകവരുന്ന സുന്ദരഗാത്ര! | ഇതഃ | ഇവിടെനിന്നും |
| വീര! | വീര! | ദീർഘം പ്രവാസം | ദൂരയാത്ര |
| നാഥ! | പ്രാണനാഥ! | പ്രസ്ഥിതഃ | പുറപ്പെട്ടിരിക്കുന്നു |
| സഃ, | ആ നിന്തിരുവടി, | യത്, | എന്നതുകൊണ്ട്, |
| സഹാംഗദാം | അംഗദനോടുകൂടിയവളായ | തേ | നിന്തിരുവടിയ്ക്ക് |
| മാം | എന്നെയും | അപ്രിയം | ഇഷ്ടമില്ലാത്ത കാര്യം |
| വിഹായ, | വിട്ടേച്ച്, | മയാ | എന്നാലോ |
| | | സുതേന വാ | പുത്രനാലോ |
| | | കിം കൃതം? | എന്തു ചെയ്യപ്പെട്ടു? |

യദ്യപ്രിയം കിഞ്ചിദസംപ്രധാര്യ്യ
കൃതം മയാ സ്യാത്തവ ദീർഘബാഹോ
ക്ഷമസ്വ മേ തദ്ധരിവംശനാഥ
വ്രജാമി മൂർധ്നാ തവ വീര പാദൌ. 26

| | | | |
|---|---|---|---|
| തേ | നിന്തിരുവടിയുടെ | മയാ | എന്നാൽ |
| സുതേന വാ? | പുത്രനാൽ തന്നെ എന്തു ചെയ്യപ്പെട്ടു? | അസംപ്രധാര്യ്യ | ആലോചനയില്ലാതെ |
| | | കൃതം സ്യാത്, | ചെയ്യപ്പെട്ടിട്ടുണ്ടെന്നാൽ, |
| ഹരിവംശനാഥ! | വാനരകുലാധിപ! | തത് | അതിനെ |
| ദീർഘബാഹോ! | ദീർഘബാഹുക്കളൊന്നുള്ളോവേ! | മേ | എനിക്കു വേണ്ടി |
| | | ക്ഷമസ്വ; | ക്ഷമിച്ചരുളിയാലും; |
| വീര! | നാഥ! | തവ | നിന്തിരുവടിയുടെ |
| തവ | നിന്തിരുവടിക്ക് | പാദൌ | തൃപ്പാദങ്ങളെ |
| അപ്രിയം | പ്രിയമല്ലാത്തുള്ളത് | മൂർധ്നാ വ്രജാമി;" | ഞാൻ ശിരസാ നമിക്കുന്നു;" |
| കിഞ്ചിത് യദി | വല്ലതുംതന്നെ | | |

തഥാ തു താരാ കരുണം രുദന്തി
ഭർത്തുഃ സമീപേ സഹ വാനരീഭിഃ
വ്യവസ്യത പ്രായമുപോപവേഷ്ടു-
മനിന്ദ്യവർണ്ണാ ഭുവി യത്ര വാലീ. 27

| | | | |
|---|---|---|---|
| തഥാ | ഇപ്രകാരമെല്ലാം | വാലീ | ബാലി |
| താരാ തു | താരയും | യത്ര | കിടന്നിരുന്ന |
| വാനരീഭിഃ | വാനരസ്ത്രീകളോടും | ഭുവി | ദിക്കിൽ |
| സഹ, | കൂടി, | പ്രായം ഉപോപവേഷ്ടും | പട്ടിണികിടന്ന് ജീവനെ ഉപേക്ഷിപ്പാനായി, |
| ഭർത്തുഃ സമീപേ | ഭർത്തൃസമീപത്തിൽ | | |
| കരുണം | പരിതാപകരമാംവണ്ണം | അനിന്ദ്യവർണ്ണാ | കോട്ടമററ യശസ്സോടുകൂടിയവളായി |
| രുദന്തീ, | പ്രലപിക്കുന്നവളായി, | വ്യവസ്യത. | ഒരുങ്ങി. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
വിംശഃ സർഗ്ഗഃ = ഇരുപതാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 10142; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 890.

# ഏകവിംശഃ സർഗ്ഗഃ = ഇരുപത്തൊന്നാംസർഗ്ഗം.

[ഹനുമതാ താരാസമാശ്വാസനം = ഹനുമാൻ താരയെ സമാധാനിപ്പിക്കുന്നതു്.]

തതോ നിപതിതാം താരാം ച്യുതാം താരാമിവാംബരാത്
ശനൈരാശ്വാസയാമാസ ഹനുമാൻ ഹരിയൂഥപഃ. 1

| | | | |
|---|---|---|---|
| ഹരിയൂഥപഃ | വാനരസംഘത്തലവനായ | ഇവ, | എന്നപോലെ, |
| ഹനുമാൻ, | ഹനുമാൻ, | തതഃ | ആ സമയം |
| അംബരാത് | ആകാശത്തിൽനിന്ന് | നിപതിതാം | നിലത്തുകിടന്നിരുന്ന |
| ച്യുതാം | പുണ്യം ക്ഷയിച്ച് ഭൂമിയിൽവീണ | താരാം, | താരയോടായി |
| താരാം | നക്ഷത്രത്തെ | ശനൈഃ | സാവധാനത്തിൽ |
| | | ആശ്വാസയാമാസ. | ഇങ്ങിനെ സാന്ത്വനവാക്കുരചെയ്തു |

ഗുണദോഷകൃതം ജന്തുഃ സ്വകർമ്മഫലഹേതുകം
അവ്യഗ്രസ്തദവാപ്നോതി സർവ്വം പ്രേത്യ ശുഭാശുഭം. 2

| | | | |
|---|---|---|---|
| "ജന്തുഃ | "ഒരു മനുഷ്യൻ, | അവ്യഗ്രഃ | മററുള്ളവരുടെ കർമ്മങ്ങൾകൊണ്ട് ബാധിക്കപ്പെടാത്തവനായി,. |
| ഗുണദോഷകൃതം | ധർമ്മാധർമ്മബുദ്ധികൊണ്ട് ഏർപ്പെട്ടതും | | |
| സ്വകർമ്മഫലഹേതുകം | തന്റെകർമ്മഫലമായി ഉളവായിട്ടുള്ളതും ആയ | പ്രേത്യ, | മരണാനന്തരവും, |
| | | ശുഭാശുഭം | നന്മയായും തിന്മയായും, |
| തത് സർവ്വം, | അതെല്ലാററിനേയും, | അവാപ്നോതി. | അനുഭവിക്കുന്നു. |

[ഒരുവൻ അനുഭവിക്കുന്ന നന്മതിന്മകൾ അവനവന്റെ ധർമ്മാധർമ്മബുദ്ധികൊണ്ടു് ചെയ്യപ്പെട്ടവയായ സത്കർമ്മങ്ങളുടെയും ദുഷ്കർമ്മങ്ങളുടെയും ഫലമായി ഉണ്ടായിട്ടുള്ളവയാകുന്നു. മറെറാരുവന്റെ കർമ്മങ്ങളുടെ ഫലം അവനെ ബാധിക്കുന്നതല്ല. ബാലിക്ക് വന്നിട്ടുള്ള അനുഭവം സ്വകർമ്മത്തിന്റെ ഫലമാകുന്നു. അല്ലാതെ സുഗ്രീവനോ ശ്രീരാമനോ അതിന്നു ബാദ്ധ്യതപ്പെട്ടവരല്ല. അവർ, നിമിത്തം (Instrument) മാത്രമാകുന്നു, എന്നു് സാരം.]

ശോച്യാ ശോചസി കം ശോച്യം ദീനം ദീനാഽനുകമ്പസേ
കശ്ച കസ്യാനുശോച്യോഽസ്തി ദേഹേഽസ്മിൻ ബുദ്ബുദോപമേ. 3

| | | | |
|---|---|---|---|
| "ശോച്യാ | "പരിതാപകരമായ അവസ്ഥയിലിരിക്കുന്നവളായ ഭവതി | കം | ആരെക്കുറിച്ചാണ് |
| | | അനുകമ്പസേ? | വ്യസനിക്കുന്നത്? |
| | | ബുദ്ബുദോപമേ | നീർപോളപോലെയുള്ള (അസ്ഥിരമായ) |
| ശോചസി; | മററുള്ളവരെക്കുറിച്ച് ദുഃഖിക്കുന്നു; | അസ്മിൻ | ഈ |
| ദീനാ, | ദീനദശയിലിരിക്കുന്ന ഭവതി, | ദേഹേ, | ശരീരത്തിന്റെ സംഗതിയിൽ, |
| ദീനം | കഷ്ടദശയിലിരിക്കുന്നവനും | കസ്യ | ആരെക്കുറിച്ച് |
| | | കഃ ച | ആർതന്നെയാണ് |
| ശോച്യം | അനുതപിക്കപ്പെടേണ്ടവനും ആയ | അനുശോച്യഃ അസ്തി? | വ്യസനിക്കേണ്ടതായുള്ളതു്? |

[“ശോച്യാ, ദീനാ;” (ഏതൊരു കർമ്മഫലമായി ഏതൊന്നിനെയാണ് ഞാൻ അനുഭവിപ്പാൻ പോകുന്നത്, എന്നു അവനവനെക്കുറിച്ചുതന്നെ വിചാരപ്പെടേണ്ടവൾ). (ഗോ. രാ.) നീർപ്പോളപോലെ അസ്ഥിരമായ ഈ ശരീരത്തിന്റെ നാശത്തെക്കുറിച്ച് ദുഃഖിക്കുന്നതു ഉചിതമല്ല. ഈ അസ്ഥിരത അതിന്റെ സ്വാഭാവികഗുണമാകുന്നു, എന്നു സാരം. “അവ്യക്താദീനി ഭൂതാനി വ്യക്തമദ്ധ്യാനി ഭാരത അവ്യക്തനിധനാന്യേവ തത്ര കാ പരിദേവനാ. ജാതസ്യ ഹി ധ്രുവോ മൃത്യുഃ” ഇത്യാദി ഗീതാവാക്യസാരമാകുന്നു ഇതിൽ വിവക്ഷ.]

അംഗദസ്തു കുമാരോഽയം ദ്രഷ്ടവ്യോ ജീവപുത്രയാ
ആയത്യാം ച വിധേയാനി സമർത്ഥാന്യസ്യ ചിന്തയ. 4

| | | | |
|---|---|---|---|
| “ജീവപുത്രയാ | “ജീവനോടിരിക്കുന്ന ഏകപുത്രന്റെ മാതാ | അസ്യ | ഇവന്റെ |
| അയം | ഈ [വായ ഭവതിയാൽ | ആയത്യാം | ഇനിമേൽ |
| കുമാരഃ അംഗദഃ | പുത്രനായ അംഗദൻ | സമർത്ഥാനി ച | നന്മക്കായി |
| ദ്രഷ്ടവ്യഃ; | സംരക്ഷിക്കപ്പെടേണ്ടവനാകുന്നു; | വിധേയാനി തു | ചെയ്യേണ്ടതായുള്ളവയെക്കുറിച്ചുമാത്രം |
| | | ചിന്തയ. | ഭവതി ചിന്തിച്ചാലും. |

ജാനാസ്യനിയതാമേവം ഭൂതാനാമാഗതിം ഗതിം
തസ്മാച്ഛുഭം ഹി കർത്തവ്യം പണ്ഡിതേനൈഹലൌകികം. 5

| | | | |
|---|---|---|---|
| “ഭൂതാനാം | “ദേഹികളുടെ | തസ്മാത് ഹി | അതിനാൽതന്നെയാണ് |
| ആഗതിം | പിറപ്പും | പണ്ഡിതേന | ശാസ്ത്രജ്ഞനായ ഒരുവനാൽ |
| ഗതിം | മരിപ്പും | ഐഹലൌകികം | ഇഹലോകത്തിൽ ചെയ്യത്തക്കതായ |
| ഏവം | ഇപ്രകാരംതന്നെ | ശുഭം | സത്കൃത്യം |
| അനിയതാം | വ്യവസ്ഥയില്ലാത്തതാണെന്ന് | കർത്തവ്യം. | ചെയ്യപ്പെടേണ്ടത്. |
| ജാനാസി; | ഭവതിക്ക് അറിവുണ്ടല്ലൊ; | | |

യസ്മിൻ ഹരിസഹസ്രാണി ശതാനി നിയുതാനി ച
വർത്തയന്തി കൃതാംശാനി സോഽയം ദിഷ്ടാന്തമാഗതഃ. 6

| | | | |
|---|---|---|---|
| “യസ്മിൻ | യാതൊരുവന്റെ അധീനത്തിൽ | കൃതാംശാനി | അവരവക്ക് വേണ്ടുന്നവ നല്കപ്പെട്ടവരായി |
| ഹരിസഹസ്രാണി | ആയിരക്കണക്കായ വാനരന്മാരും | വർത്തയന്തി, | വർത്തിക്കുന്നുവോ, |
| ച | കൂടാതെ | സഃ | അപ്രകാരമുള്ള |
| ശതാനി | നൂറുകണക്കായും | അയം | ഇദ്ദേഹം |
| നിയുതാനി | കോടിക്കണക്കായും | ദിഷ്ടാന്തം | കാലഗതി |
| | | ആഗതഃ. | പ്രാപിച്ചിരിക്കുന്നു. |

[പലക്കും വേണ്ടുന്ന ഉപകാരം ചെയ്തിട്ടുള്ളതിനാൽ സദ്ഗതി പ്രാപിച്ചിരിക്കുന്നു എന്നു സാരം.]

യദയം ന്യായദൃഷ്ടാർത്ഥഃ സാമദാനക്ഷമാപരഃ
ഗതോ ധർമ്മജിതാം ഭൂമിം നൈനം ശോചിതുമർഹസി. 7

"അയം — "ഇദ്ദേഹം
ന്യായദൃഷ്ടാർത്ഥഃ; — ധർമ്മതത്വങ്ങളെ അറിഞ്ഞവനാകുന്നു;
സാമദാനക്ഷമാപരഃ; — നല്ലവാക്കുരചെയ്യുക, കൊടുക്കുക, ക്ഷമിക്കുക, എന്നവയിൽ താല്പര്യമുള്ളവൻ;
ധർമ്മജിതാം — ധർമ്മാത്മാക്കളുടെ
ഭൂമിം — ലോകത്തെ
ഗതഃ; — പ്രാപിച്ചിരിക്കുന്നു;
യത് — ആകയാൽ
ഏനം — ഇദ്ദേഹത്തെക്കുറിച്ച്
ശോചിതും അർഹസി ന. — ഭവതി ദുഃഖിപ്പാൻ പാടുള്ളതല്ല.

സർവ്വേ ഹി ഹരിശാർദ്ദൂലാഃ പുത്രശ്ചായം തവാംഗദഃ
ഹര്യൃക്ഷപതിരാജ്യം ച ത്വത്സനാഥമനിന്ദിതേ. 8

"അനിന്ദിതേ! — "കുററമററവളെ!
ഹര്യൃക്ഷപതിരാജ്യം — വാനരന്മാരോടും കരടികളോടും കൂടിയതായ ഈ ഭർത്താവിന്റെ രാജ്യം
ത്വത്സനാഥം; — നിന്തിരുവടിയെ ആശ്രയിച്ചതാകുന്നു;
തവ പുത്രഃ — ഭവതിയുടെ പുത്രനായ
അയം — ഈ
അംഗദഃ ച; — അംഗദനും ഭവതിയെ ആശ്രയമായുള്ളവനാകുന്നു;
ഹരിശാർദ്ദൂലാഃ — വാനരശ്രേഷ്ഠന്മാർ
സർവ്വേ ഹി — എല്ലാവരുംതന്നെ
ച. — അപ്രകാരമുള്ളവരാകുന്നു.

താവിമൌ ശോകസന്താപൌ ശനൈഃ പ്രേരയ ഭാമിനി
ത്വയാ പരിഗൃഹീതോഽയമംഗദഃ ശാസ്തു മേദിനീം. 9

"ഭാമിനി! — "നല്ലാർമണി!
തൌ — യാതൊരു
ഇമൌ — ഈ
ശോകസന്താപൌ — ശോകത്തെയും സന്താപത്തെയും
ശനൈഃ — മെല്ലെ
പ്രേരയ; — ഒഴിച്ചുകളഞ്ഞാലും;
അയം അംഗദഃ — ഈ അംഗദൻ
ത്വയാ — നിന്തിരുവടിയാൽ
പരിഗൃഹീതഃ — ആദരിക്കപ്പെട്ടവനായി
മേദിനീം — രാജ്യത്തെ
ശാസ്തു. — പരിപാലിക്കട്ടെ.

സന്തതിശ്ച യഥാ ദൃഷ്ടാ കൃത്യം യച്ചാപി സാമ്പ്രതം
രാജ്ഞസ്തത്ക്രിയതാം സർവ്വമേഷ കാലസ്യ നിശ്ചയഃ. 10

"സന്തതിഃ — "സന്തതി
യഥാ ദൃഷ്ടാ, — യാതൊന്നിന്നുവേണ്ടിയെന്ന് വിധിക്കപ്പെട്ടിരിക്കുന്നുവോ,
സാമ്പ്രതം — ഇപ്പോൾ
കൃത്യം — ചെയ്യേണ്ടതായുള്ളത്
യത് ച — യാതൊന്നോ,
തത് — അപ്രകാരമുള്ള
സർവ്വം അപി — എല്ലാററിനെയും
രാജ്ഞഃ — രാജാവിന്നായ്ക്കൊണ്ട്
ക്രിയതാം; — ചെയ്യപ്പെടട്ടെ;
ഏഷഃ — ഇതുതന്നെയാണ്
കാലസ്യ — കാലത്തിന്ന്
നിശ്ചയഃ. — തക്കതായുള്ളത്.

[പുത്രനെക്കൊണ്ടു മേൽ വേണ്ടതായ അപരക്രിയകൾ മുതലായവ ചെയ്യിക്കുക, എന്നു സാരം.]

സംസ്കാര്യോ ഹരിരാജശ്ച അംഗദശ്ചാഭിഷിച്യതാം
സിംഹാസനഗതം പുത്രം പശ്യന്തീ ശാന്തിമേഷ്യസി. 11

"ഹരിരാജഃ ച — "വാനരാധിപനും
സംസ്കാര്യഃ ; — ഉത്തരക്രിയ ചെയ്യപ്പെടേണ്ടവനാകുന്നു ;
അംഗദഃ ച — അംഗദനും
അഭിഷിച്യതാം; — അഭിഷേകം ചെയ്യിക്കപ്പെടട്ടെ ;
പുത്രം — പുത്രനെ
സിംഹാസനഗതം — സിംഹാസനസ്ഥനായി
പശ്യന്തീ — കാണുന്നവളായ ഭവതി
ശാന്തിം — ദുഃഖശാന്തിയെ
ഏഷ്യസി." — പ്രാപിക്കുന്നതാണ്."

സാ തസ്യ വചനം ശ്രുത്വാ ഭർതൃവ്യസനപീഡിതാ
അബ്രവീദുത്തരം താരാ ഹനുമന്തമവസ്ഥിതം. 12

ഭർതൃവ്യസനപീഡിതാ — ഭർതൃമരണത്താൽ ദുഃഖിതയായിരുന്ന
സാ — ആ
താരാ, — താര,
തസ്യ — ഹനുമാന്റെ
വചനം — വാക്ക്
ശ്രുത്വാ, — കേട്ട്,
അവസ്ഥിതം — അടുത്തുനിന്നിരുന്ന
ഹനുമന്തം — ആ ഹനുമാനോടായി
ഉത്തരം — ഇപ്രകാരം മറുപടി
അബ്രവീത്. — ഉരചെയ്തു.

അംഗദപ്രതിരൂപാണാം പുത്രാണാമേകതഃ ശതം
ഹതസ്യാസ്യ പ്രവീരസ്യ ഗാത്രസംശ്ലേഷണം വരം. 13

"അംഗദപ്രതിരൂപാണാം — "അംഗദന്ന് സദൃശരായ
പുത്രാണാം ശതം — പുത്രന്മാർ നൂറുപേർ
ഏകതഃ ; — ഇരിക്കട്ടെ ;
ഹതസ്യ — ഹതനായിരിക്കുന്ന
അസ്യ — ഈ
പ്രവീരസ്യ — ഉത്തമപ്രാണനാഥന്റെ
ഗാത്രസംശ്ലേഷണം — ഗാത്രത്തെ അവലംബിക്കുക എന്നതുതന്നെ
വരം. — എല്ലാററിലും ശ്രേഷ്ഠമായുള്ളത്.

[ഭർത്താവിന്റെ ശരീരത്തെ ആശ്രയിച്ച് മരിക്കുക എന്നതുതന്നെയാണ് പതിവ്രതയായ എനിക്ക് ശ്രേഷ്ഠമായുള്ളത്. എന്ന് ഭാവം.]

ന ചാഹം ഹരിരാജസ്യ പ്രഭവാമ്യംഗദസ്യ വാ
പിതൃവ്യസ്തസ്യ സുഗ്രീവഃ സർവകാര്യേഷ്വനന്തരഃ. 14

"ഹരിരാജസ്യ — "വാനരാധിപനായ ഭർത്താവിന്നാകട്ടെ
അംഗദസ്യ വാ — അംഗദന്നാകട്ടെ
അഹം — ഞാൻ
പ്രഭവാമി ന ; — ഇന്നതുചെയ്യേണമെന്ന് പറവാനാളല്ല ;
തസ്യ — അംഗദന്റെ
പിതൃവ്യഃ — എളയച്ഛനായ
സുഗ്രീവഃ ച — സുഗ്രീവൻതന്നെയാണ്
സർവകാര്യേഷു — എല്ലാകാര്യങ്ങളിലും
അനന്തരഃ. — ഇനിമേൽ അധികാരിയായുള്ളത്.

ന ഹ്യേഷാ ബുദ്ധിരാസ്ഥേയാ ഹനുമന്നംഗദം പ്രതി
പിതാ ഹി ബന്ധുഃ പുത്രസ്യ ന മാതാ ഹരിസത്തമ. 15

| | | | |
|---|---|---|---|
| "ഹരിസത്തമ! | "വാനരോത്തമ! | ഹി | എന്തെന്നാൽ |
| ഹനുമൻ! | ഹനുമാനെ! | പുത്രസ്യ | ഒരു പുത്രന്ന് |
| അംഗദം പ്രതി | അംഗദനെക്കുറിച്ചുള്ള | പിതാ ഹി | പിതാവുമാത്രമാണ് |
| ഏഷാ ബുദ്ധിഃ | ഈ ആലോചന | ബന്ധുഃ; | വേണ്ടത്തക്കതുചെയ്യാനുള്ള ബന്ധു; |
| ആസ്ഥേയാ ന; | എന്നാൽ അംഗീകരിക്കത്തക്കതല്ല; | മാതാ ന. | മാതാവല്ല. |

["മാതാ മാത്രമാകുന്നു ബന്ധു. പിതൃസ്ഥാനീയനായ പിതൃവ്യൻ ബന്ധുവല്ല ശത്രുവായ്ക്കരുതപ്പെടേണ്ടവനാണ്." എന്നുള്ള ബുദ്ധി ഉണ്ടാകുവാൻ പാടുള്ളതല്ല. സുഗ്രീവനുമായുള്ള വിദ്വേഷമുണ്ടായാൽ അംഗദനു നാശംതന്നെയാണ് സംഭവിക്കുക, എന്നു ഭാവം. (എന്ന് ശിരോമണി.)]

ന ഹി മമ ഹരിരാജസംശ്രയാത് ക്ഷമതരമസ്തി പരത്ര ചേഹ വാ
അഭിമുഖഹതവീരസേവിതം ശയനമിദം മമ സേവിതും ക്ഷമം. 16

| | | | |
|---|---|---|---|
| "മമ | "എനിക്ക് | അഭിമുഖഹത-വീരസേവിതം | കണ്ണിന്നുമുമ്പിൽ ഹതനായിക്കിടക്കുന്ന ഭർത്താവിനാൽ പ്രാപിക്കപ്പെട്ടതായ |
| ഇഹ ച | ഇഹത്തിലാവട്ടെ, | | |
| പരത്ര വാ | പരലോകത്തിൽതന്നെയാകട്ടെ, | | |
| ഹരിരാജ-സംശ്രയാത്, | വാനരാധിപനായ ഭർത്താവിനെ ആശ്രയിക്കുന്നതിനേക്കാൾ | ഇദം | ഈ |
| | | ശയനം | ശയനംതന്നെയാണ്, |
| | | മമ | എനിക്കും |
| ക്ഷമതരം ഹി | വല്യതായമറ്റൊന്നും | സേവിതും | ഉരിയതായുള്ളത്." |
| അസ്തി ന; | ഇല്ല; [തന്നെ | ക്ഷമം." | |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ ഏകവിംശഃ സർഗ്ഗഃ = ഇരുപത്തൊന്നാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 10158; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 906.

## ദ്വാവിംശഃ സർഗ്ഗഃ = ഇരുപത്തിരണ്ടാംസർഗ്ഗം.

[വാലിനഃ പ്രാണവിയോഗഃ = ബാലി പ്രാണൻ വെടിയുന്നത്.]

വീക്ഷമാണസ്തു മന്ദാസുഃ സർവ്വതോ മന്ദമുച്ഛ്വസൻ
ആദാവേവ തു സുഗ്രീവം ദദർശാനുജമഗ്രതഃ. 1

| | | | |
|---|---|---|---|
| മന്ദാസുഃ | പ്രാണൻ പോകാറായവനായി | അനുജം | അനുജനായ |
| സർവ്വതഃ | നാലുഭാഗങ്ങളിലും | സുഗ്രീവം ഏവ | സുഗ്രീവനെത്തന്നെ |
| വീക്ഷമാണഃ തു | നോക്കിക്കൊണ്ടിരിക്ക | ആദൌ | ഒന്നാമതായി |
| മന്ദം | പണിപ്പെട്ട് [ന്നവനും, | അഗ്രതഃ | മുമ്പാകെ, |
| ഉച്ഛ്വസൻ തു, | ശ്വാസംകഴിക്കുന്നവനാം ആയ ബാലി, | ദദർശ. | കൺമിഴിച്ചുസമയം കണ്ടു. |

തം പ്രാപ്തവിജയം വാലീ സുഗ്രീവം പ്ലവഗേശ്വരം
ആഭാഷ്യ വ്യക്തയാ വാചാ സസ്നേഹമിദമബ്രവീത്. 2

| | | | |
|---|---|---|---|
| വാലീ | ബാലി, | വ്യക്തയാ | സന്ദേഹരഹിതമായ |
| പ്രാപ്തവിജയം | വിജയം നേടിയവനും | വാചാ, | വാക്കുകൊണ്ട്, |
| പ്ലവഗേശ്വരം | വാനരാധിപനുമായ | സസ്നേഹം | സ്നേഹപുരസ്സരം |
| തം | ആ | ഇദം | ഇങ്ങിനെ |
| സുഗ്രീവം | സുഗ്രീവനെ | അബ്രവീത്. | ഉരചെയ്തു. |
| ആഭാഷ്യ, | വിളിച്ച്, | | |

സുഗ്രീവ ദോഷേണ ന മാം ഗന്തുമർഹസി കില്ബിഷാത്
കൃഷ്യമാണം ഭവിഷ്യേണ ബുദ്ധിമോഹേന മാം ബലാത്. 3

| | | | |
|---|---|---|---|
| "സുഗ്രീവ! | "സുഗ്രീവ! | കില്ബിഷാത് | പാപത്തിൽനിന്ന് |
| ബലാത് | ഗർവ്വത്താൽ | ഗന്തും അർഹസി; | വിട്ടകലുവാൻ നീ സമ്മതിച്ചാലും; |
| ഭവിഷ്യേണ | നേരുന്നതായ | മാം | എന്നെ |
| ബുദ്ധിമോഹേന | ബുദ്ധിഹീനതയാൽ | ദോഷേണ ന. | ദോഷയുക്തനായി അയക്കരുത്". |
| കൃഷ്യമാണം | വലിച്ചിഴയ്ക്കപ്പെടുന്ന | | |
| മാം | എന്നെ | | |

['ഞാൻ നിന്നോടുകാണിച്ച കുററത്തെ നീ ക്ഷമിച്ച്, എന്നെ പാപരഹിതനാക്കേണം', എന്നു സാരം.

"കില്ബിഷാത്" (നിന്നോടുകാണിച്ച അപചാരംമൂലം) "മാം ദോഷേണ ഗന്തും നാർഹസി" (എന്നെ പാപിയാണെന്നു നീ വിചാരിക്കരുത്.); "ഭവിഷ്യേണ" (കർമ്മഫലമായ) "ബുദ്ധിമോഹേന" (ബുദ്ധിമോഹത്താൽ) "ബലാത് കൃഷ്യമാണം മാം ഗന്തും അർഹസി" (ബലമായി പിടിച്ചുവലിക്കപ്പെടുന്നവനാണെന്ന് എന്നെ അറിഞ്ഞാലും). (ഗോ. രാ.)

"കില്ബിഷാത്" (പൂർവ്വകൃതമായ പാപവശംകൊണ്ട്), "ഭവിഷ്യേണ" (അവശ്യം സംഭവിക്കേണ്ടതായ) ബുദ്ധിമോഹത്താൽ, ഇത്യാദി (തിലകം).]

യുഗപദ്വിഹിതം താത ന മന്യേ സുഖമാവയോഃ
സൌഹാർദ്ദം ഭ്രാതൃയുക്തം ഹി തദിദം താത നാന്യഥാ. 4

| | | | |
|---|---|---|---|
| "താത! | "വത്സ! | വിഹിതം ന മന്യേ | ദൈവത്താൽ വിധിക്കപ്പെട്ടില്ലെന്ന് ഞാൻ വിചാരിക്കുന്നു; |
| ആവയോഃ | നമ്മൾ രണ്ടുപേർക്കും | | |
| യുഗപത് | ഒരുപോലെ | താത! | സോദര! |
| ഭ്രാതൃയുക്തം | സഹോദരന്മാർക്കുവേണ്ടതായ | തത് ഹി | അതുകൊണ്ടുതന്നെയാണ് |
| സൌഹാർദ്ദം | വാത്സല്യമാകുന്ന | ഇദം അന്യഥാ ന. | ഇതു വേറെവിധത്തിലല്ലാതിരുന്നതു്. |
| സുഖം | ആനന്ദത്തെ | | |

പ്രതിപദ്യ ത്വമദ്യൈവ രാജ്യമേഷാം വനൌകസാം
മാമപ്യദ്യൈവ ഗച്ഛന്തം വിദ്ധി വൈവസ്വതക്ഷയം. 5

| | | | |
|---|---|---|---|
| "മാം | "എന്നെ | അദ്യ ഏവ | ഇപ്പോൾതന്നെ |
| അദ്യ ഏവ | ഇപ്പോൾതന്നെ | ത്വം അപി | നീതന്നെ |
| വൈവസ്വതക്ഷയം | യമപുരത്തിലേക്ക് | ഏഷാം | ഈ |
| ഗച്ഛന്തം | പോയ്ക്കൊണ്ടിരിക്കുന്നവനെന്ന് | വനൌകസാം രാജ്യം | വാനരരാജ്യത്തെ |
| വിദ്ധി; | അറിഞ്ഞാലും; | പ്രതിപദ്യ. | കയ്യേററു വാണുകൊൾക. |

[ജ്യേഷ്ഠനായ ബാലിക്ക് പുത്രനുള്ളപ്പോൾ, അനുജനായ സുഗ്രീവന്ന് രാജ്യാധികാരമില്ലെന്നാലും, അംഗദന്നു പ്രായപൂർത്തി വരാത്തതിനാലും, ബിലപ്രവേശസമയത്തിൽ ബാലി മരിച്ചുപോയെന്നുവെച്ച്, അന്നു ബാലിക്ക് പുത്രനില്ലായ്കയാൽ, സുഗ്രീവനെ പ്രജകൾ വാഴിച്ചതിനാലും, സുഗ്രീവൻ രാജ്യത്തിന്നു അർഹനാണെന്നു ബോദ്ധ്യം. അതിനാൽ തന്നെയാണ് ശ്രീരാമൻ അംഗദനെ യുവരാജാവായി, സുഗ്രീവന്നുശേഷം രാജ്യാധികാരിയായി, വാഴിക്കുന്നത്. (തിലകം, ശിരോമണി).]

ജീവിതം ച ഹി രാജ്യം ച ശ്രിയം ച വിപുലാമിമാം
പ്രജഹാമ്യേഷ വൈ തൂർണ്ണം മഹച്ചാഗർഹിതം യശഃ. 6

| | | | |
|---|---|---|---|
| "ജീവിതം ച | "ജീവനേയും | അഗർഹിതം | നിസ്തുല്യമായ |
| രാജ്യം ച | രാജ്യത്തേയും | മഹത് | മഹത്തായ |
| ഇമാം | ഈ | യശഃ ച | യശസ്സിനേയും |
| വിപുലാം | അളവററ | തൂർണ്ണം ഹി | ഇതാ |
| ശ്രിയം ച | സമ്പത്തിനേയും | ഏഷഃ വൈ | ഈ ഞാൻ |
| | | പ്രജഹാമി. | വെടിയുന്നു. |

അസ്യാം ത്വഹമവസ്ഥായാം വീര വക്ഷ്യാമി യദ്വചഃ
യദ്യപ്യസുകരം രാജൻ കർത്തുമേവ തദർഹസി. 7

| | | | |
|---|---|---|---|
| "രാജൻ! | "രാജാവെ! | വക്ഷ്യാമി തു | പറയുവാൻ പോകുന്നു |
| വീര! | വീര! | തത്, | അതു, [വൊ, |
| അസ്യാം | ഈ | അസുകരം അപി യദി | ദുഷ്കരമാണെന്നാലും |
| അവസ്ഥായാം | അവസ്ഥയിൽ | കർത്തും ഏവ | നീ ചെയ്വാൻ |
| യത് വചഃ | യാതൊരു വാക്ക് | അർഹസി. | വഴിപ്പെടേണ്ടതാണ്. |
| അഹം | ഞാൻ | | |

സുഖാർഹം സുഖസംവൃദ്ധം ബാലമേനമബാലിശം
ബാഷ്പപൂർണ്ണമുഖം പശ്യ ഭൂമൌ പതിതമംഗദം. 8

| | | | |
|---|---|---|---|
| "ഭൂമൌ | "നിലത്ത് | സുഖസംവൃദ്ധം | ഓമനിച്ചുവളർത്തപ്പെട്ടവനും |
| ബാഷ്പപൂർണ്ണമുഖം | അശ്രുക്കൾ നിറഞ്ഞ മുഖത്തോടുകൂടിയവനായി | ബാലം | വയസ്സുതികയാത്തവനും |
| പതിതം, | വീണുകിടക്കുന്നവനും, | അബാലിശം | ദൃഢഗാത്രനും ആയ |
| സുഖാർഹം | സുഖോചിതനും | ഏനം അംഗദം | ഈ അംഗദനെ |
| | | പശ്യ. | നോക്കുക. |

മമ പ്രാണൈഃ പ്രിയതരം പുത്രം പുത്രമിവൌരസം
മയാ ഹീനമഹീനാർത്ഥം സർവ്വതഃ പരിപാലയ. 9

| | | | |
|---|---|---|---|
| " മമ | " എന്റെ | ഔരസം | നിന്റെ സ്വന്തം |
| പ്രാണൈഃ | പ്രാണങ്ങളെക്കാളും | പുത്രം ഇവ | പുത്രനെപ്പോലെ |
| പ്രിയതരം | പ്രിയപ്പെട്ടവനും | അഹീനാർത്ഥം | ഒരു കുറവുംവരാതെ |
| മയാ ഹീനം | എന്നെപ്പിരിഞ്ഞവനും | സർവ്വതഃ | സർവ്വപ്രകാരത്തിലും |
| പുത്രം, | പുത്രനെ, [ആയ | പരിപാലയ. | സംരക്ഷിച്ചുവന്നാലും. |

ത്വമേവാസ്യ ഹി ദാതാ ച പരിത്രാതാ ച സർവ്വതഃ
ഭയേഷ്വഭയദശ്ചൈവ യഥാഽഹം പ്ലവഗേശ്വര. 10

| | | | |
|---|---|---|---|
| " പ്ലവഗേശ്വര! | " വാനരാധിപ! | ദാതാ ച; | സർവ്വത്തേയും നൽകുന്ന |
| അഹം | ഞാൻ | സർവ്വതഃ ച | എല്ലായ്പോഴും [വൻ; |
| യഥാ, | എപ്രകാരമോ അപ്ര | പരിത്രാതാ ഏവ; | സംരക്ഷിക്കുന്നവൻ; |
| | കാരം, | ഭയേഷു | ആപത്തുകളിൽ |
| ത്വം ഏവ | നീ തന്നെയാണ് | അഭയദഃ ച, | ശരണമായുള്ളവൻ, |
| അസ്യ | ഇവന്ന് | ഹി. | നിശ്ചയം. |

ഏഷ താരാത്മജഃ ശ്രീമാൻ ത്വയാ തുല്യപരാക്രമഃ
രക്ഷസാം തു വധേ തേഷാമഗ്രതസ്തേ ഭവിഷ്യതി. 11

| | | | |
|---|---|---|---|
| " താരാത്മജഃ | " താരയുടെ പുത്രനായ | തേഷാം | ആ |
| ഏഷഃ | ഇവൻ | രക്ഷസാം | രാക്ഷസന്മാരുടെ |
| ശ്രീമാൻ; | എല്ലായോഗ്യതകളും | വധേ തു | വധകാര്യത്തിൽ |
| | തികഞ്ഞവനാകുന്നു; | തേ | നിനക്കു |
| ത്വയാ തുല്യ- | നിനക്ക് തുല്യമായ പ | അഗ്രതഃ | മുമ്പിലായി |
| പരാക്രമഃ; | രാക്രമമുള്ളവൻ; | ഭവിഷ്യതി. | വർത്തിക്കുന്നതാണ്. |

അനന്യരൂപാണി കർമ്മാണി വിക്രമ്യ ബലവാൻ രണേ
കരിഷ്യത്യേഷ താരേയസ്തരസ്വീ തരുണോഽംഗദഃ. 12

| | | | |
|---|---|---|---|
| " താരേയഃ | " താരാസുതനും | രണേ | പോരിൽ |
| തരുണഃ | യൌവ്വനയുക്തനും | വിക്രമ്യ | എതിർത്ത്, |
| തരസ്വീ | അതിവീര്യവാനും | അനന്യരൂപാണി | തനിക്കുതക്കതായ |
| ബലവാൻ | ബലശാലിയും ആയ | കർമ്മാണി | കൃത്യങ്ങളെ |
| ഏഷഃ അംഗദഃ, | ഈ അംഗദൻ, | കരിഷ്യതി. | ചെയ്യുന്നതാണ്. |

സുഷേണദുഹിതാ ചേയമൎത്ഥസൂക്ഷ്മവിനിശ്ചയേ
ഔത്പാതികേ ച വിവിധേ സൎവ്വതഃ പരിനിഷ്ഠിതാ. 13

| | |
|---|---|
| "സുഷേണ-ദുഹിതാ | "സുഷേണപുത്രിയായ |
| ഇയം ച, | ഈ താരയും, |
| വിവിധേ | പലമാതിരി |
| ഔത്പാതികേ | ദുൎന്നിമിത്തങ്ങളുടെ കാൎയ്യത്തിലും |

| | |
|---|---|
| അൎത്ഥസൂക്ഷ്മ-വിനിശ്ചയേ | കാൎയ്യങ്ങളുടെ സൂക്ഷ്മത്തെ നിശ്ചയിക്കുന്നതിലും |
| സൎവ്വതഃ ച | സൎവ്വപ്രകാരത്തിലും |
| പരിനിഷ്ഠിതാ. | സമൎത്ഥയാകുന്നു. |

[ക്ഷീരാബ്ധിമഥനകാലത്തിൽ ഉദ്ഭൂതയായ താരയുടെ എടത്തെ കരത്തെ സുഷേണൻ ഗ്രഹിച്ചതായും, വലത്തെ കരത്തെ ബാലി ഗ്രഹിച്ചതായും, ഇങ്ങിനെ അവർതമ്മിൽ കലഹമുണ്ടായപ്പോൾ ദേവന്മാർ താരയെ പുത്രിയായി സുഷേണന്നു നൽകിയതായും, ഭാൎയ്യയായി ബാലിക്കു നൽകിയതായും സ്കാന്ദപുരാണത്തിൽ പറയുന്നു. പിന്നെയൊരുകാലം ഭർത്തൃരൂപസാമ്യത്താൽ മോഹിതയായ താര സുഗ്രീവനെ വരിക്കുന്നതായും പറയുന്നു. "ദേവൈഃ സുഷേണകലഹേ പുത്രീതി പ്രതിപാദിതാ। സുഷേണോ ദുഹിതുസ്തസ്യാഃ സ്വയംവരമകല്പയത്. ഇത്ഥമൂഢാ കപീന്ദ്രേണ താരാ സൎവ്വാംഗസുന്ദരീ സുഗ്രീവമേകദാ രാത്രൌ രൂപസാദൃശ്യമോഹിതാ. പ്രാൎത്ഥയാമാസ കാമാൎത്താ രന്തും രതിമതീ പ്രദം। ന മമായോനിജാതായാ ഗമനം ലോകഗൎഹിതം." (തീൎത്ഥീയം).]

യദേഷാ സാധ്വിതി ബ്രൂയാത് കാൎയ്യം തന്മുക്തസംശയം
ന ഹി താരാമതം കിഞ്ചിദന്യഥാ പരിവൎത്തതേ. 14

| | |
|---|---|
| "യത് | "യാതൊരു |
| കാൎയ്യം | കാൎയ്യത്തെ |
| ഏഷാ | ഇവൾ |
| സാധു ഇതി | ചെയ്വാൻ തക്കതെന്ന് |
| ബ്രൂയാത്, | പറയുന്നുവോ, |
| തത് | അയത് |

| | |
|---|---|
| മുക്തസംശയം; | അപത്തില്ലാത്തതുതന്നെയാണ്; |
| താരാമതം ഹി | താര സമ്മതിച്ചതാണെന്നാൽ |
| അന്യഥാ | വേറെപ്രകാരത്തിൽ |
| കിഞ്ചിത് | ഒട്ടും |
| ന പരിവൎത്തതേ. | സംഭവിക്കുകയില്ല. |

രാഘവസ്യ ച തേ കാൎയ്യം കൎത്തവ്യമവിശങ്കയാ
സ്യാദധൎമ്മോ ഹ്യകരണേ ത്വാം ച ഹിംസ്യാദ്വിമാനിതഃ. 15

| | |
|---|---|
| "രാഘവസ്യ | "ശ്രീരാഘവന്റെ |
| കാൎയ്യം | കാൎയ്യം |
| അവിശംകയാ | ദൃഢനിശ്ചയത്തോടുകൂടി |
| തേ | നിന്നാൽ |
| കൎത്തവ്യം; | ചെയ്യത്തക്കതാണ്; |
| അകരണേ ഹി | അപ്രകാരം ചെയ്യാതിരുന്നാൽ |

| | |
|---|---|
| അധൎമ്മഃ സ്യാത്; | പാപം ഉണ്ടു്; |
| വിമാനിതഃ ച | ശ്രദ്ധക്കുറവുകാണിക്കപ്പെട്ടവനാണെന്നാൽ |
| ത്വാം ച | നിന്നെയും |
| ഹിംസ്യാത്. | അദ്ദേഹം ദണ്ഡിക്കുന്നതാണ്. |

ഇമാം ച മാലാമാധത്സ്വ ദിവ്യാം സുഗ്രീവ കാഞ്ചനീം
ഉദാരാ ശ്രീഃ സ്ഥിതാ ഹ്യസ്യാം സംപ്രജഹ്യാന്മൃതേ മയി. 16

| | | | |
|---|---|---|---|
| "സുഗ്രീവ! | "സുഗ്രീവ! | സ്ഥിതാ | വർത്തിക്കുന്ന |
| കാഞ്ചനീം | സ്വർണ്ണമയമായ | ഉദാരാ | കൃപാനിധിയായ |
| ദിവ്യാം | ദിവ്യമായ | ശ്രീഃ ഹി, | ലക്ഷ്മിയും, |
| ഇമാം | ഈ | മയി | ഞാൻ |
| മാലാം ച | മാലയെയും | മൃതേ | മരിച്ചുപോയാൽ |
| ആധത്സ്വ; | വാങ്ങി ധരിച്ചുകൊൾക | സംപ്രജഹ്യാത്." | പോയ്ക്കളയുന്നതാണ്." |
| അസ്യാം | ഇതിൽ [ക; | | |

[ഇതിനെ അണിഞ്ഞുംകൊണ്ട് ഞാൻ മരിച്ചുപോയാൽ ലക്ഷ്മി പോയ്ക്കളയും. അതിനാൽ ഇപ്പോൾതന്നെ വാങ്ങി, ഇതിനെ ധരിച്ച്, ശ്രേയസ്സിനെ പ്രാപിക്കുക, എന്നു സാരം.]

ഇത്യേവമുക്തഃ സുഗ്രീവോ വാലിനാ ഭ്രാതൃസൗഹൃദാത്
ഹർഷം ത്യക്ത്വാ പുനർദീനോ ഗ്രഹഗ്രസ്ത ഇവോഡുരാട്. 17

| | | | |
|---|---|---|---|
| വാലിനാ | ബാലിയാൽ, | ഹർഷം | തന്റെ വിജയം കൊണ്ടുള്ള സന്തോഷത്തെ |
| ഭ്രാതൃസൗഹൃദാത് | ഭ്രാതൃവാത്സല്യത്താൽ, | ത്യക്ത്വാ, | വെടിഞ്ഞ്, |
| ഇതി ഏവം | മേൽപ്രകാരം | പുനഃ | മുമ്പേതിലുമധികമായി, |
| ഉക്തഃ | ഉരചെയ്യപ്പെട്ടവനായ | ഗ്രഹഗ്രസ്തഃ | രാഹുപീഡിതനായ |
| സുഗ്രീവഃ, | സുഗ്രീവൻ, | ഉഡുരാട് ഇവ | ചന്ദ്രനെന്നപോലെ, |
| | | ദീനഃ. | ദീനതപൂണ്ടു. |

തദ്വാലിവചനാച്ഛാന്തഃ കുർവ്വൻ യുക്തമതന്ദ്രിതഃ
ജഗ്രാഹ സോഽഭ്യനുജ്ഞാതോ മാലാം താം ചൈവ കാഞ്ചനീം. 18

| | | | |
|---|---|---|---|
| തത്, | ആ സമയം, | അഭ്യനുജ്ഞാതഃ, | അപ്രകാരം ചെയ്യാമെന്നു സമ്മതിച്ച്, |
| സഃ | അവൻ | യുക്തം | ഉചിതമായതിനെ |
| വാലിവചനാത് ഏവ | ബാലിയുടെ വാക്യത്താൽ തന്നെ | കുർവ്വൻ, | ചെയ്യുന്നവനായി, |
| ശാന്തഃ, | മുമ്പിലുണ്ടായിരുന്ന വൈരം നീങ്ങിയവനായി, | താം | ആ |
| | | കാഞ്ചനീം മാലാം ച | പൊൻമാലയേയും |
| അതന്ദ്രിതഃ | ശ്രദ്ധാപൂർണ്ണനായി | ജഗ്രാഹ. | സ്വീകരിച്ചു. |

താം മാലാം കാഞ്ചനീം ദത്വാ വാലീ ദൃഷ്ട്വാഽഽത്മജം സ്ഥിതം
സംസിദ്ധഃ പ്രേത്യഭാവായ സ്നേഹാദംഗദമബ്രവീത്. 19

| | | | |
|---|---|---|---|
| വാലീ, | ബാലി, | സംസിദ്ധഃ, | ഒരുങ്ങിക്കൊണ്ട്, |
| താം | ആ | സ്നേഹാത് | സ്നേഹപൂർവ്വം |
| കാഞ്ചനീം മാലാം | സ്വർണ്ണമാലയെ | സ്ഥിതം | അരികിൽ നിന്നിരുന്ന |
| ദത്വാ, | നൽകിയ ശേഷം, | ആത്മജം | പുത്രനായ |
| പ്രേത്യഭാവായ | ജീവനെ ഉപേക്ഷിപ്പാൻ | അംഗദം ദൃഷ്ട്വാ | അംഗദനെ നോക്കി |
| | | അബ്രവീത്. | ഇപ്രകാരം ഉരചെയ്തു. |

ദേശകാലൌ ഭജസ്വാദ്യ ക്ഷമമാണഃ പ്രിയാപ്രിയേ
സുഖദുഃഖസഹഃ കാലേ സുഗ്രീവവശഗോ ഭവ. 20

| | |
|---|---|
| "അദ്യ | "ഇപ്പോൾ |
| ദേശകാലൌ | ഇന്നദിക്കിൽ ഇന്നസമയം ഇന്നതു ചെയ്യണമെന്നുള്ളവയെ |
| ഭജസ്വ; | നല്ലപോലെ ധരിച്ചുകൊൾക; |
| പ്രിയാപ്രിയേ | ഇഷ്ടാനിഷ്ടങ്ങളെ |
| ക്ഷമമാണഃ, | വകവെക്കാത്തവനായി |
| കാലേ | അതാതു് നേരിടുന്ന കാലത്തിൽ |
| സുഖദുഃഖസഹഃ | സുഖദുഃഖങ്ങളെ സമബുദ്ധിയോടെ സഹിക്കുന്നവനായി |
| സുഗ്രീവവശഗഃ | സുഗ്രീവന്റെ ഇഷ്ടമനുസരിച്ചു് നടക്കുന്നവനായി |
| ഭവ. | വർത്തിച്ചുവന്നാലും. |

യഥാ ഹി ത്വം മഹാബാഹോ ലാളിതഃ സതതം മയാ
ന തഥാ വർത്തമാനം ത്വാം സുഗ്രീവോ ബഹുമന്യതേ. 21

| | |
|---|---|
| "മഹാബാഹോ! | "വീര! |
| ത്വം ഹി | നീയാണെങ്കിൽ |
| മയാ | എന്നാൽ |
| സതതം | എല്ലായ്പോഴും |
| യഥാ | ഏതുവിധത്തിൽ |
| ലാളിതഃ | ലാളിക്കപ്പെട്ടുവന്നുവോ |
| തഥാ | അപ്രകാരംതന്നെ |
| വർത്തമാനം | ഒന്നും ചെയ്യാതെ വർത്തിക്കുന്ന |
| ത്വാം | നിന്നെ |
| സുഗ്രീവഃ | സുഗ്രീവൻ |
| ബഹുമന്യതേ ന. | ലാളിക്കുകയില്ല. |

മാസ്യാമിത്രൈർഗതം ഗച്ഛേർമ്മാ ശത്രുഭിരരിന്ദമ
ഭർത്തുരർത്ഥപരോ ദാന്തഃ സുഗ്രീവവശഗോ ഭവ. 22

| | |
|---|---|
| "അരിന്ദമ! | "ശത്രുനാശന! |
| അസ്യ | ഈ സുഗ്രീവന്റെ |
| ശത്രുഭിഃ | ശത്രുക്കളോടുകൂടി |
| മാ ഗച്ഛേഃ; | ചേരാതിരിക്കുക; |
| അമിത്രൈഃ ഗതം | ശത്രുക്കളുടെ കൂട്ടത്തിലുള്ള ഒരുവനോടും |
| മാ; | ചേരാതിരിക്കുക; |
| ഭർത്തുഃ | നിന്റെ സ്വാമിയുടെ |
| അർത്ഥപരഃ | നന്മയിൽ താല്പര്യമുള്ളവനായി |
| ദാന്തഃ | ക്ഷമയുള്ളവനായി |
| സുഗ്രീവവശഗഃ | സുഗ്രീവനെ അനുസരിക്കുന്നവനായി |
| ഭവ. | ഇരുന്നുവരിക. |

ന ചാതിപ്രണയഃ കാര്യഃ കർത്തവ്യോഽപ്രണയശ്ച തേ
ഉഭയം ഹി മഹാൻ ദോഷസ്തസ്മാദന്തരദൃഗ് ഭവ. 23

| | |
|---|---|
| "തേ | "നിന്നാൽ |
| അതിപ്രണയഃ | (ആരോടും) അളവുകടന്നസ്നേഹം |
| ന കാര്യഃ; | ഭാവിക്കത്തക്കതല്ല; |
| അപ്രണയഃ ച | സ്നേഹമില്ലാതിരിക്കുക എന്നതും |
| ന കർത്തവ്യഃ; | കൊള്ളാവുന്നതല്ല; |
| ഉഭയം ഹി | രണ്ടും |
| മഹാൻ | മഹത്തായ |
| ദോഷഃ ഹി; | ആപത്തുണ്ടാക്കുന്നതാകുന്നു; |
| തസ്മാത് | ആകയാൽ |
| അന്തരദൃക് ഭവ." | ഇടമട്ടിൽവർത്തിക്കുക." |

[“അത്യാസക്തിർവ്വിനാശായ ത്വതിദൂരം തു നിഷ്ഫലം സേവാ മദ്ധ്യമഭാവേന രാജവഹ്നിഗുരുസ്ത്രീയാം.” രാജാവ്, തീ, ഗുരു, സ്ത്രീ, എന്നവരെ വളരെ അടുത്തു പെരുമാറുന്നതു് നാശകരവും, അകന്നു് സേവിക്കുന്നതു് നിഷ്പ്രയോജനവും ആകുന്നു. (തിലകം)]

ഇത്യുക്ത്വാഽഥ വിവൃത്താക്ഷഃ ശരസംപീഡിതോ ഭൃശം
വിവൃതൈർദ്ദശനൈർഭീമൈർബ്ബഭൂവോത്ക്രാന്തജീവിതഃ. 24

| | | | |
|---|---|---|---|
| അഥ, | ആ സമയം, | വിവൃതൈഃ | തുറിച്ചു |
| ഇതി | ഇപ്രകാരം | ദശനൈഃ, | പല്ലുകളോടുകൂടി, |
| ഉക്ത്വാ, | ഉരചെയ്തു, | വിവൃത്താക്ഷഃ | കണ്ണുരുട്ടിമിഴിക്കുന്നവനായി |
| ഭൃശം | അസഹ്യമായി | | |
| ശരസംപീഡിതഃ | ബാണത്താൽ ഏററം പീഡിക്കപ്പെട്ടവനായി, | ഉത്ക്രാന്തജീവിതഃ | ഊർദ്ധ്വൻവലിച്ചുകൊണ്ടു പ്രാണൻ വെടിഞ്ഞു. |
| ഭീമൈഃ | ഭയങ്കരങ്ങളായ | ബഭൂവ. | |

തതോ വിചുക്രുശുസ്തത്ര വാനരാ ഹരിയൂഥപാഃ
പരിദേവയമാനാസ്തേ സർവ്വേ പ്ലവഗപുംഗവാഃ. 25

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | സർവ്വേ, | എല്ലാവരും, |
| തേ | ആ | തത്ര | അവിടെ |
| ഹരിയൂഥപാഃ | വാനരത്തലവന്മാരും | പരിദേവയമാനാഃ | ഇപ്രകാരം പ്രലപിക്കുന്നവരായി |
| പ്ലവഗപുംഗവാഃ | വാനരശ്രേഷ്ഠന്മാരും | | |
| വാനരാഃ | വാനരന്മാർ [ആയ | വിചുക്രുശുഃ. | മുറവിളികൂട്ടി. |

കിഷ്കിന്ധാ ഹ്യദ്യ ശൂന്യേയം സ്വർഗ്ഗതേ വാനരാധിപേ
ഉദ്യാനാനി ച ശൂന്യാനി പർവ്വതാഃ കാനനാനി ച. 26

| | | | |
|---|---|---|---|
| "വാനരാധിപേ | "വാനരാധിപൻ | ശൂന്യാ; | പാഴായിക്കഴിഞ്ഞു; |
| സ്വർഗ്ഗതേ, | പരലോകപ്രാപ്തനായ | പർവ്വതാഃ | മലകളും |
| അദ്യ | ഇപ്പോൾ [തിൽ, | കാനനാനി ച | വനങ്ങളും |
| ഇയം | ഈ | ഉദ്യാനാനി ച | ഉദ്യാനങ്ങളും |
| കിഷ്കിന്ധാ ഹി | കിഷ്കിന്ധതന്നെ | ശൂന്യാനി. | ശൂന്യമായിത്തീർന്നു. |

ഹതേ പ്ലവഗശാർദ്ദൂലേ നിഷ്പ്രഭാ വാനരാഃ കൃതാഃ. 27

| | | | |
|---|---|---|---|
| "പ്ലവഗശാർദ്ദൂലേ | "വാനരശ്രേഷ്ഠൻ | വാനരാഃ | വാനരന്മാർ |
| | | നിഷ്പ്രഭാഃ കൃതാഃ | മേനിപോയവരായിത്തീർന്നു. |
| ഹതേ, | മരിച്ചുകാരണം, | | |

യസ്യ വേഗേന മഹതാ കാനനാനി വനാനി ച
പുഷ്പൌഘേണാനുബദ്ധ്യന്തേ കരിഷ്യതി തദദ്യ കഃ. 28

| | | | |
|---|---|---|---|
| "യസ്യ | "യാതൊരുവന്റെ | അനുബദ്ധ്യന്തേ, | വിളങ്ങുമാറാക്കപ്പെടുന്നുവോ, |
| മഹതാ | അസാധാരണമായ | | |
| വേഗേന, | ഉത്സാഹത്താൽ | തത് | അതിനെ |
| വനാനി | വനങ്ങളും | അദ്യ | ഇപ്പോൾ |
| കാനനാനി ച | തോപ്പുകളും | കഃ | ആരാണ് |
| പുഷ്പൌഘേണ | പൂനിരയാൽ | കരിഷ്യതി? | ചെയ്യാനുള്ളതു? |

യേന ദത്തം മഹദ്യുദ്ധം ഗന്ധർവ്വസ്യ മഹാത്മനഃ
ഗോലഭസ്യ മഹാബാഹോർദ്ദശ വർഷാണി പഞ്ച ച. 29

| | | | |
|---|---|---|---|
| “യേന | “യാതൊരു് അദ്ദേഹ [ത്താൽ | ഗോലഭസ്യ | ഗോലഭനെന്ന |
| ദശ പഞ്ച ച | പതിനഞ്ച് | ഗന്ധർവ്വസ്യ | ഗന്ധർവ്വനുമായി |
| വർഷാണി, | വത്സരങ്ങളോളം, | മഹത് | വമ്പിച്ച |
| മഹാത്മനഃ | മഹാശക്തിമാനും | യുദ്ധം | പോർ |
| മഹാബാഹോഃ | മഹാബാഹുവുമായ | ദത്തം. | ചെയ്യപ്പെട്ടു. |

നൈവ രാത്രൗ ന ദിവസേ തദ്യുദ്ധമുപശാമ്യതി
തതസ്തു ഷോഡശേ വർഷേ ഗോലഭോ വിനിപാതിതഃ. 30

| | | | |
|---|---|---|---|
| “തത് | “ആ | ന; | ഇല്ല; |
| യുദ്ധം | യുദ്ധം | തതഃ | അതിൽ പിന്നെ |
| ദിവസേ | പകൽ സമയത്തിലും | ഷോഡശേ വർഷേ തു | പതിനാറാമാണ്ടിൽ മാത്രമാണ് |
| ഉപശാമ്യതി ന | കുറവുണ്ടായില്ല; | ഗോലഭഃ | ഗോലഭൻ |
| രാത്രൗ ഏവ | രാത്രിയിലും | വിനിപാതിതഃ. | വധിക്കപ്പെട്ടത്. |

ഹത്വാ തം ദുർവ്വിനീതം തു വാലീ ദംഷ്ട്രാകരാളവാൻ
സർവ്വാഭയകരോഽസ്മാകം കഥമേഷ നിപാതിതഃ. 31

| | | | |
|---|---|---|---|
| “ദുർവ്വിനീതം | “ദുഷ്ടനായ | ദംഷ്ട്രാകരാളവാൻ | ഭയങ്കര ദംഷ്ട്രകളാർന്നവനായ |
| തം തു | അവനെയും കൂടി | ഏഷഃ | ഈ |
| ഹത്വാ, | കൊന്നു്, | വാലീ | ബാലി |
| അസ്മാകം | നമുക്കെല്ലാം | കഥം | എങ്ങിനെയാണ് |
| സർവ്വാഭയകരഃ | സർവ്വപ്രകാരത്തിലും അഭയം നൽകിയ | നിപാതിതഃ!” | വധിക്കപ്പെട്ടത്!” |

ഹതേ തു വീരേ പ്ലവഗാധിപേ തദാ
പ്ലവംഗമാസ്തത്ര ന ശർമ്മ ലേഭിരേ
വനേചരാഃ സിംഹയുതേ മഹാവനേ
യഥാ ഹി ഗാവോ നിഹതേ ഗവാം പതൗ. 32

| | | | |
|---|---|---|---|
| തദാ | ആ സമയം | നിഹതേ ഹി | കൊല്ലപ്പെട്ടസമയം |
| തത്ര | അവിടെ, | ഗാവഃ | പശുക്കൾ |
| വീരേ | വീരനായ | യഥാ, | എപ്രകാരമോ അപ്രകാരം, |
| പ്ലവഗാധിപേ | വാനരാധിപൻ | | |
| ഹതേ തു, | കൊല്ലപ്പെട്ടപ്പോൾ, | വനേചരാഃ | വനചാരികളായ |
| മഹാവനേ | വൻ കാട്ടിൽ | പ്ലവംഗമാഃ, | കപികൾ, |
| സിംഹയുതേ | സിംഹവുമായേറ്റ | ശർമ്മ | മനസ്സമാധാനത്തെ |
| ഗവാം പതൗ | ഒരു വൃഷഭം | ലേഭിരേ ന. | പ്രാപിക്കാതിരുന്നു. |

തതസ്തു താരാ വ്യസനാർണ്ണവാപ്ലുതാ
മൃതസ്യ ഭർത്തുർവദനം സമാശ്രിതാ
ജഗാമ ഭൂമിം പരിരഭ്യ വാലിനം
മഹാദ്രുമം ഛിന്നമിവാശ്രിതാ ലതാ 33

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | മഹാദ്രുമം | വൻമരത്തെ |
| താരാ തു | താരയും, | ആശ്രിതാ | ചുററിപ്പടന്ന |
| മൃതസ്യ ഭർത്തുഃ | മൃതിപ്പെട്ട പ്രാണനാഥ [ന്റെ | ലതാ | വള്ളി |
| വദനം | വദനത്തെ | ഇവ, | എന്നപോലെ, |
| സമാശ്രിതാ, | നോക്കിക്കൊണ്ട്, | വാലിനം | ബാലിയെ |
| വ്യസനാർണ്ണവാപ്ലുതാ, | ശോകക്കടലിലാണ്ടവളായി, | പരിരഭ്യ | പുൽകിക്കൊണ്ട് |
| | | ഭൂമിം | നിലത്തു |
| ഛിന്നം | വെട്ടിമുറിക്കപ്പെട്ട | ജഗാമ. | വീണുകിടന്നു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ദ്വാവിംശഃ സർഗ്ഗഃ = ഇരുപത്തിരണ്ടാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 10191; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 939.

## ത്രയോവിംശഃ സർഗ്ഗഃ = ഇരുപത്തിമൂന്നാംസർഗ്ഗം.

[പുനസ്താരാവിലാപം = താര വീണ്ടും പ്രലപിക്കുന്നത്.]

തതഃ സമുപജിഘ്രന്തീ കപിരാജസ്യ തന്മുഖം
പതിം ലോകാച്ച്യുതം താരാ മൃതം വചനമബ്രവീത്. 1

| | | | |
|---|---|---|---|
| തതഃ | ആ സമയം | മൃതം | മൃതിപൂണ്ടവനായി |
| താരാ, | താര, | ലോകാത് | ലോകത്തിൽനിന്ന് |
| കപിരാജസ്യ | വാനരാധിപന്റെ | ച്യുതം | വിട്ടുപോയ |
| തത് | ആ | പതിം | ഭർത്താവിനെനോക്കി |
| മുഖം | വദനത്തെ | വചനം അബ്രവീത്. | ഇങ്ങിനെ പ്രലപിച്ചു. |
| സമുപജിഘ്രന്തീ | മുകരുന്നവളായി | | |

ശേഷേ ത്വം വിഷമേ ദുഃഖമകൃത്വാ വചനം മമ
ഉപലോപചിതേ വീര സുദുഃഖേ വസുധാതലേ. 2

| | | | |
|---|---|---|---|
| "വീര! | "നാഥ! | ഉപലോപചിതേ | കല്ലുകൾ നിറഞ്ഞ |
| ത്വം | നിന്തിരുവടി | സുദുഃഖേ | പരുപരുത്ത |
| മമ വചനം | എന്റെ അപേക്ഷയെ | വസുധാതലേ, | നിലത്തിൽ, |
| അകൃത്വാ, | തട്ടിക്കൊണ്ട്, | ദുഃഖം | ദയനീയമാംവണ്ണം |
| വിഷമേ | കുണ്ടുംമേടുമായ | ശേഷേ. | ശയിക്കുന്നുവല്ലോ. |

മത്തഃ പ്രിയതരാ നൂനം വാനരേന്ദ്ര മഹീ തവ
ശേഷേ ഹി താം പരിഷ്വജ്യ മാം ച ന പ്രതിഭാഷസേ. 3

| | | | |
|---|---|---|---|
| “വാനരേന്ദ്ര! | “വാനരാധിപ! | ഹി | എന്തെന്നാൽ |
| തവ | നിന്തിരുവടിക്ക് | താം | അവളെ |
| മത്തഃ | എന്നെക്കാട്ടിലും | പരിഷ്വജ്യ | പുണർന്നുകൊണ്ടാണല്ലോ |
| മഹീ | ഭൂമിദേവിതന്നെയാണ് | ശേഷേ ; | അങ്ങ് ശയിക്കുന്നത് ; |
| പ്രിയതരാ നൂനം | അധികം പ്രിയപ്പെട്ടവൾ ; | മാം | എന്നോട് |
| | | പ്രതിഭാഷസേ ച ന. | ഒന്നും സംസാരിക്കുന്നതുമില്ല |

സുഗ്രീവസ്യ വശം പ്രാപ്തോ വിധിരേഷ ഭവത്യഹോ
സുഗ്രീവ ഏവ വിക്രാന്തോ വീര സാഹസിക പ്രിയ. 4

| | | | |
|---|---|---|---|
| “സാഹസിക! | “ഒന്നിന്നും കലുങ്ങാത്ത | സുഗ്രീവഃ ഏവ | സുഗ്രീവനും |
| വീര! | വീരനായ | വിക്രാന്തഃ; | വീരനായ്പ്പോയി; |
| പ്രിയ! | പ്രാണനായക! | അഹോ! | എന്തൊരാശ്ചര്യം! |
| സുഗ്രീവസ്യ | സുഗ്രീവന്റെ | വിധിഃ ഏഷഃ ഭവതി. | ഇതുതന്നെയാണ് വിധിയെന്നു പറയുന്നത്. |
| വശം പ്രാപ്തഃ ; | കയ്യിൽ അങ്ങ് അകപ്പെട്ടു ; | | |

[“എത്രയോപ്രാവശ്യം ഭവാനാൽ തോല്പിക്കപ്പെട്ട സുഗ്രീവൻ, ഇപ്പോൾ ഭവാനെ പരാഭൂതനാക്കിയതിനാൽ വിക്രമി എന്ന പേരിന്ന് അർഹനായത് ആശ്ചര്യംതന്നെ. ഇതുതന്നെയാണ് വിധി എന്നു പറയപ്പെടുന്നത്.” എന്നു സാരം.]

ഋക്ഷവാനരമുഖ്യാസ്ത്വാം ബലിനഃ പര്യുപാസതേ. 5

| | | | |
|---|---|---|---|
| “ബലിനഃ | “ബലവാന്മാരായ | ത്വാം | നിന്തിരുവടിയെ |
| ഋക്ഷവാനരമുഖ്യാഃ | ഋക്ഷവാനരശ്രേഷ്ഠന്മാർ | പര്യുപാസതേ. | സമയംകാത്തു നില്ക്കുന്നു. |

ഏഷാം വിലപിതം കൃച്ഛ്രമംഗദസ്യ ച ശോചതഃ
മമ ചേമാം ഗിരം ശ്രുത്വാ കിം ത്വം ന പ്രതിബുദ്ധ്യസേ. 6

| | | | |
|---|---|---|---|
| “ഏഷാം | “ഇവരുടെ | ഇമാം ഗിരം | ഈ വാക്കിനേയും |
| കൃച്ഛ്രം | വ്യസനകരമായ | ശ്രുത്വാ, | കേട്ട്, |
| വിലപിതം, | മുറവിളിയേയും, | ത്വം | നിന്തിരുവടി |
| ശോചതഃ | ദുഃഖിക്കുന്ന | കിം | എന്താണ് |
| അംഗദസ്യ ച | അംഗദന്റെയും | ന പ്രതിബുദ്ധ്യസേ ? | ഉണരാതിരിക്കുന്നത് ? |
| മമ ച | എന്റെയും | | |

ഇദം തദ്വീരശയനം യത്ര ശേഷേ ഹതോ യുധി
ശായിതാ നിഹതാ യത്ര ത്വയൈവ രിപവഃ പുരാ. 7

| | | | |
|---|---|---|---|
| "യത്ര | "യാതൊരു ദിക്കിൽ | രിപവഃ | ശത്രുക്കൾ |
| യുധി | പോരിൽ | യത്ര | യാതൊരു ദിക്കിൽ |
| ഹതഃ | വധിക്കപ്പെട്ടവനായി | ശായിതാഃ, | കിടത്തപ്പെട്ടുവോ, |
| ശേഷേ, | അങ്ങ് ശയിക്കുന്നുവോ, | തത് | അപ്രകാരമുള്ള |
| പുരാ | ഇതിന്നു മുമ്പെല്ലാം | വീരശയനം | വീരന്മാൎക്കുചിതമായ ശയനമാകുന്നു |
| ത്വയാ ഏവ | നിന്തിരുവടിയാൽ [തന്നെ | | |
| നിഹതാഃ | വധിക്കപ്പെട്ട | ഇദം. | ഇത്. |

വിശുദ്ധസത്വാഭിജന പ്രിയയുദ്ധ മമ പ്രിയ
മാമനാഥാം വിഹായൈകാം ഗതസ്ത്വമസി മാനദ. 8

| | | | |
|---|---|---|---|
| "വിശുദ്ധസത്വാഭിജന! | "കോട്ടമററ വീൎയ്യമുള്ള സത്കുലത്തിൽ ജനിച്ചുള്ളോവേ! | പ്രിയ! | പ്രാണനാഥനായുള്ളോ[വേ! |
| | | മാം | എന്നെ |
| | | ഏകാം | നിസ്സഹായയായി |
| പ്രിയയുദ്ധ! | യുദ്ധപ്രിയനായുള്ളോവേ! | അനാഥാം | വിധവയാക്കി |
| | | വിഹായ, | വെടിഞ്ഞ്, |
| മമ | എനിക്ക് | ത്വം | നിന്തിരുവടി |
| മാനദ! | അഭിമാന പ്രദനായ | ഗതഃ അസി! | പോയ്ക്കളഞ്ഞുവല്ലൊ! |

ശൂരായ ന പ്രദാതവ്യാ കന്യാ ഖലു വിപശ്ചിതാ
ശൂരഭാൎയ്യാം ഹതാം പശ്യ സദ്യോ മാം വിധവാം കൃതാം. 9

| | | | |
|---|---|---|---|
| "വിപശ്ചിതാ | "ബുദ്ധിയുള്ള ഒരുവനാ[ൽ, | സദ്യഃ | ഇപ്പോൾ |
| കന്യാ | തന്റെ കന്യക | ശൂരഭാൎയ്യാം. | വീരപത്നിയായ |
| ശൂരായ | ശൂരനായ ഒരുവന്ന് | മാം | എന്നെ |
| പ്രദാതവ്യാ ന | വിവാഹം ചെയ്തുകൊടുക്കപ്പെടരുതെന്ന് | വിധവാം കൃതാം | വിധവയാക്കപ്പെട്ട് |
| | | ഹതാം | കെട്ടുപോയിരിക്കുന്നവ[ളായി |
| ഖലു; | ഞാൻ വിചാരിക്കുന്നു; | പശ്യ. | കണ്ടാലും. |

അവഭഗ്നശ്ച മേ മാനോ ഭഗ്നാ മേ ശാശ്വതീ ഗതിഃ
അഗാധേ ച നിമഗ്നാഽസ്മി വിപുലേ ശോകസാഗരേ. 10

| | | | |
|---|---|---|---|
| "മേ | "എന്റെ | ഗതിഃ ച | സൌഖ്യവും |
| മാനം | മാനം | ഭഗ്നാ; | ഇല്ലാതായി; |
| അവഭഗ്നഃ; | നശിച്ചു; | വിപുലേ | പരന്ന |
| ശാശ്വതീ | ഏറെക്കാലമായി അനുഭവിച്ചുവന്ന | അഗാധേ ച | അഗാധമായ |
| | | ശോകസാഗരേ | ദുഃഖാബ്ധിയിൽ |
| മേ | എന്റെ | നിമഗ്നാ അസ്മി. | ഞാൻ ആണ്ടുപോയി. |

അശ്മസാരമയം നൂനമിദം മേ ഹൃദയം ദൃഢം
ഭൎത്താരം നിഹതം ദൃഷ്ട്വാ യന്നാദ്യ ശതധാ ഗതം. 11

| | | | |
|---|---|---|---|
| "ഭൎത്താരം | "ഭൎത്താവിനെ | മേ ഇദം ഹൃദയം | അപ്രകാരമുള്ള എന്റെ ഈ ഹൃദയം |
| നിഹതം | വധിക്കപ്പെട്ടവനായി | അശ്മസാരമയം | കരിങ്കല്ലുകൊണ്ടുള്ളതായി |
| ദൃഷ്ട്വാ, | കണ്ടിട്ടും, | ദൃഢം | ഉറപ്പോടുകൂടിയതുതന്നെ |
| അദ്യ | ഇപ്പോൾ | നൂനം. | സംശയമില്ല. |
| യത് | യാതൊന്ന് | | |
| ശതധാ ഗതം ന | ഛിന്നഭിന്നമായി തകൎന്നില്ലയോ, | | |

സുഹൃച്ചൈവ ഹി ഭൎത്താ ച പ്രകൃത്യാ മമ ച പ്രിയഃ
ആഹവേ ച പരാക്രാന്തഃ ശൂരഃ പഞ്ചത്വമാഗതഃ. 12

| | | | |
|---|---|---|---|
| "മമ | "എനിക്ക് | പരാക്രാന്തഃ ച | അതിപരാക്രമശാലിയും |
| പ്രകൃത്യാ | ആന്തരമായ | ശൂരഃ ച | ശൂരനും ആയ |
| പ്രിയഃ ച, | പ്രേമത്തോടുകൂടിയ | ഭൎത്താ ഏവ | ഭൎത്താവുതന്നെ |
| സുഹൃത് ച, | ഹിതകാരിയും, | പഞ്ചത്വം ആഗതഃ ഹി. | മൃതിപ്പെട്ടുപോയല്ലൊ. |
| ആഹവേ | പോരിൽ | | |

പതിഹീനാ തു യാ നാരീ കാമം ഭവതു പുത്രിണീ
ധനധാന്യൈഃ സുപൂൎണ്ണാഽപി വിധവേത്യുച്യതേ ജനൈഃ. 13

| | | | |
|---|---|---|---|
| "യാ | "യാതൊരു | ധനധാന്യൈഃ സുപൂൎണ്ണാ അപി; | ധനധാന്യസമ്പന്നയാണെന്നാലും വേണ്ടതില്ല; |
| നാരീ | സ്ത്രീ | കാമം | എന്തുണ്ടായാൽ എന്താണ് |
| പതിഹീനാ തു | ഭൎത്താവില്ലാത്തവളാണെന്നാൽ | ജനൈഃ | ജനങ്ങളാൽ |
| പുത്രിണീ ഭവതു; | പുത്രവതിയായാലും വേണ്ടതില്ല; | 'വിധവാ' | 'വിധവ' |
| | | ഇതി ഉച്യതേ. | എന്നുതന്നെ പറയപ്പെടുന്നു. |

ത്വദ്ഗാത്രപ്രഭവേ വീര ശേഷേ രുധിരമണ്ഡലേ
കൃമിരാഗപരിസ്തോമേ ത്വമേവ ശയനേ യഥാ. 14

| | | | |
|---|---|---|---|
| "വീര! | "നാഥ! | യഥാ, | എന്നപോലെ, |
| ത്വം | നിന്തിരുവടി | ത്വദ്ഗാത്രപ്രഭവേ | സ്വദേഹത്തിൽനിന്നൊഴുകിയ |
| കൃമിരാഗപരിസ്തോമേ | അരക്കുപോലെ ചുവന്ന നിറമുള്ള വിരിപ്പോടുകൂടിയ | രുധിരമണ്ഡലേ | ചോരക്കളത്തിൽ |
| ശയനേ | മെത്തയിൽ | ശേഷേ ഏവ! | ശയിക്കുന്നുവല്ലോ! |

രേണുശോണിതസംവീതം ഗാത്രം തവ സമന്തതഃ
പരിരബ്ധും ന ശക്നോമി ഭുജാഭ്യാം പ്ലവഗൎഷഭ. 15

| | | | |
|---|---|---|---|
| "പ്ലവഗർഷഭ! | "വാനരോത്തമ! | ഗാത്രം | ഗാത്രത്തെ |
| സമന്തതഃ | എങ്ങും | ഭുജാഭ്യാം | ഇരുകരങ്ങളാലും |
| രേണു-ശോണിത-സംവീതം | പൊടിയും ചോരയും പുരണ്ടതായ | പരിരബ്ധും | പുൽകുവാൻ |
| തവ | നിന്തിരുവടിയുടെ | ന ശക്നോമി. | ഞാൻ ശക്തയാകുന്നില്ല |

കൃതകൃത്യോഽദ്യ സുഗ്രീവോ വൈരേഽസ്മിന്നതിദാരുണേ
യസ്യ രാമവിമുക്തേന ഹൃതമേകേഷുണാ ഭയം. 16

| | | | |
|---|---|---|---|
| "അസ്മിൻ | "ഈ | ഭയം | ഭയം |
| അതിദാരുണേ | അതിഭയങ്കരമായ | ഹൃതം | ഇല്ലാതാക്കപ്പെട്ടുവോ |
| വൈരേ, | പക ഏപ്പെട്ടതിൽ | സുഗ്രീവഃ | ആ സുഗ്രീവൻ |
| യസ്യ | യാതൊരുവന്ന് | അദ്യ | ഇപ്പോൾ |
| രാമവിമുക്തേന | ശ്രീരാമപ്രയുക്തമായ | കൃതകൃത്യഃ. | മനോരഥം സാധിച്ചവൻതന്നെ. |
| ഏകേഷുണാ | ഏകബാണത്താൽ | | |

ശരേണ ഹൃദി ലഗ്നേന ഗാത്രസംസ്പർശനേ തവ
വാര്യ്യാമി ത്വാം നിരീക്ഷന്തീ ത്വയി പഞ്ചത്വമാഗതേ. 17

| | | | |
|---|---|---|---|
| "ത്വയി | "നിന്തിരുവടി | ലഗ്നേന | തറച്ചിരിക്കുന്ന |
| പഞ്ചത്വം ആഗതേ, | മൃതിപ്പെട്ടു കിടക്കുമ്പോഴുംകൂടി, | ശരേണ | ബാണത്തോടുകൂടി |
| തവ | നിന്തിരുവടിയുടെ | ത്വാം | നിന്തിരുവടിയെ |
| ഗാത്ര-സംസ്പർശനേ | ശരീരത്തെ പുൽകുന്ന സംഗതിയിൽ, | നിരീക്ഷന്തീ, | സന്ദർശിക്കുന്നവളായി |
| ഹൃദി | മാറിൽ | വാര്യ്യാമി." | ഞാൻ എന്നെ തടഞ്ഞുനിർത്തുകയാണ്." |

ഉദ്ബബർഹ ശരം നീലസ്തസ്യ ഗാത്രഗതം തദാ
ഗിരിഗഹ്വരസംലീനം ദീപ്തമാശീവിഷം യഥാ. 18

| | | | |
|---|---|---|---|
| തദാ | ആ സമയം | ശരം, | ബാണത്തെ, |
| നീലഃ, | നീലനെന്ന വാനരൻ, | ഗിരിഗഹ്വര-സംലീനം | ഗിരിയുടെ പോട്ടിൽ ഒളിച്ച |
| തസ്യ | ആ ബാലിയുടെ | ആശീവിഷം | സർപ്പത്തെ |
| ഗാത്രഗതം | ശരീരത്തിൽ തറച്ച | യഥാ, | എന്നപോലെ, |
| ദീപ്തം | തേജോമയമായ | ഉദ്ബബർഹ. | വലിച്ചെടുത്തു. |

തസ്യ നിഷ്കൃഷ്യമാണസ്യ ബാണസ്യ ച ബഭൗ ദ്യുതിഃ
അസ്തമസ്തകസംരുദ്ധോ രശ്മിർദിനകരാദിവ 19

| | | | |
|---|---|---|---|
| തസ്യ | ആ | ദിനകരാത് | സൂര്യനിൽനിന്ന് |
| നിഷ്കൃഷ്യ-മാണസ്യ | പറിച്ചെടുക്കപ്പെടുന്ന | അസ്തമസ്തക-സംരുദ്ധഃ | അസ്തമനഗിരിയിൽ തട്ടിയതായ |
| ബാണസ്യ | ബാണത്തിന്റെ | രശ്മിഃ ഇവ ച | രശ്മിയെന്നപോലെ, |
| ദ്യുതിഃ, | കാന്തി, | ബഭൗ. | വിളങ്ങി. |

പേതുഃ ക്ഷതജധാരാസ്തു വ്രണേഭ്യസ്തസ്യ സർവ്വശഃ
താമ്രഗൈരികസംപൃക്താ ധാരാ ഇവ ധരാധരാത്. 20

| | | | |
|---|---|---|---|
| തസ്യ | അവന്റെ | താമ്രഗൈരിക- സംപൃക്താഃ | ചുവന്ന ധാതുക്കൾ ഇട കലന്ന |
| സർവ്വശഃ | എല്ലാ | | |
| വ്രണേഭ്യഃ | മുറികളിൽനിന്നും ഉള്ള | ധാരാ ഇവ, | പ്രവാഹങ്ങൾ എന്ന |
| ക്ഷതജധാരാഃ, | രക്തധാരകൾ, | തു | ആ സമയം [പോലെ, |
| ധരാധരാത് | പർവ്വതത്തിൽനിന്നു് | പേതുഃ. | ഒഴുകി. |

അവകീർണ്ണം വിമാർജ്ജന്തീ ഭർത്താരം രണരേണുനാ
ആസ്രൈർന്നയനജൈഃ ശൂരം സിഷേചാസ്ത്രസമാഹതം 21

| | | | |
|---|---|---|---|
| രണരേണുനാ | അടക്കളത്തിലെ പൊടികൊണ്ടു് | ഭർത്താരം, | ഭർത്താവിനെ, |
| | | വിമാർജ്ജന്തീ, | തുടച്ചുകൊണ്ടു്, |
| അവകീർണ്ണം, | മൂടപ്പെട്ടവനും, | നയനജൈഃ | കണ്ണിൽനിന്നൊഴുകുന്ന |
| അസ്ത്ര- സമാഹതം | അസ്ത്രത്താൽ മുതിപ്പെട്ടവനും | ആസ്രൈഃ | അശ്രുക്കളാൽ |
| ശൂരം | ശൂരനും ആയ | സിഷേച. | കഴുകി. |

രുധിരോക്ഷിതസർവ്വാംഗം ദൃഷ്ട്വാ വിനിഹതം പതിം.
ഉവാച താരാ പിംഗാക്ഷം പുത്രമംഗദമംഗനാ. 22

| | | | |
|---|---|---|---|
| അംഗനാ | നാരീമണിയായ | വിനിഹതം | മരിച്ചുകിടക്കുന്നവ |
| താരാ, | താര, | ദൃഷ്ട്വാ, | കണ്ടു്, [നായി |
| പതിം | നാഥനെ | പിംഗാക്ഷം | പിംഗളനേത്രനായ |
| രുധിരോ- ക്ഷിത- സർവ്വാംഗം | ദേഹമെല്ലാം ചോര പുരണ്ടു് | പുത്രം | പുത്രൻ |
| | | അംഗദം | അംഗദനെനോക്കി |
| | | ഉവാച. | ഇങ്ങിനെ ഉരചെയ്തു. |

അവസ്ഥാം പശ്ചിമാം പശ്യ പിതുഃ പുത്ര സുദാരുണാം
സംപ്രസക്തസ്യ വൈരസ്യ ഗതോന്തഃ പാപകർമ്മണാ. 23

| | | | |
|---|---|---|---|
| “പുത്ര! | “മകനേ! | പശ്യ; | കണ്ടാലും; |
| സുദാരുണാം | ഏററവും അസഹ്യമായുള്ള | പാപകർമ്മണാ | പാപകൃത്യത്താൽ |
| | | സംപ്രസക്തസ്യ | പ്രാപിക്കപ്പെട്ട |
| പിതുഃ | പിതാവിന്റെ | വൈരസ്യ | വൈരത്തിന്റെ |
| പശ്ചിമാം അവസ്ഥാം | ഈ ചരമാവസ്ഥയെ | അന്തഃ | ഫലം |
| | | ഗതഃ. | പ്രാപിക്കപ്പെട്ടു. |

[“വൈരസ്യ അന്തഃ ഗതഃ” (വൈരം അവസാനിച്ചു) എന്നും പക്ഷം.)

ബാലസൂര്യോദയതനും പ്രയാന്തം യമസാദനം
അഭിവാദയ രാജാനം പിതരം പുത്ര മാനദം. 24

| | | | |
|---|---|---|---|
| "പുത്ര! | "ഉണ്ണി! | രാജാനം, | രാജാവും, |
| ബാലസൂര്യോദയതനും, | ബാലസൂര്യകാന്തിയുള്ള ദേഹമാർന്നവനും, | യമസാദനം | യമലോകത്തിലേക്ക് |
| മാനദം | അഭിമാനത്തോടെ വാണവന്ന | പ്രയാന്തം | യാത്രചെയ്യുന്നവനും |
| | | പിതരം | പിതാവിനെ [അയ |
| | | അഭിവാദയ." | വണങ്ങുക." |

ഏവമുക്തഃ സമുത്ഥായ ജഗ്രാഹ ചരണൌ പിതുഃ
ഭുജാഭ്യാം പീനവൃത്താഭ്യാമംഗദോഽഹമിതി ബ്രുവൻ. 25

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ബ്രുവൻ | പറഞ്ഞുകൊണ്ട് |
| ഉക്തഃ | നിയമിക്കപ്പെട്ട അംഗ | പീനവൃത്താഭ്യാം | തടിച്ചുരുണ്ട |
| സമുത്ഥായ, | എഴുന്നേററ് [ദൻ, | ഭുജാഭ്യാം | ഇരുഭുജങ്ങളാലും |
| "അഹം | "അടിയൻ | പിതുഃ | പിതാവിന്റെ |
| അംഗദഃ," | അംഗദൻ," | ചരണൌ | ഇരു പാദങ്ങളെ |
| ഇതി | എന്ന് | ജഗ്രാഹ. | പിടിച്ചു. |

അഭിവാദയമാനം ത്വാമംഗദം ത്വം യഥാ പുരാ
ദീർഘായുർഭവ പുത്രേതി കിമർത്ഥം നാഭിഭാഷസേ. 26

| | | | |
|---|---|---|---|
| "ത്വാം | "നിന്തിരുവടിയെ | 'പുത്ര! | 'പുത്ര! |
| അഭിവാദയമാനം | വണങ്ങുന്നവനായ | ദീർഘായുഃ | ചിരഞ്ജീവിയായി |
| | | ഭവ,' ഇതി | വാഴ്ക,' എന്ന് |
| അംഗദം | അംഗദനെ | കിമർത്ഥം | എന്തുകൊണ്ടാണ് |
| ത്വം, | നിന്തിരുവടി, | അഭിഭാഷസേ ന? | അനുഗ്രഹിക്കാതിരിക്കുന്നത്? |
| യഥാ പുരാ | മുൻ പോലെ | | |

അഹം പുത്രസഹായാ ത്വാമുപാസേ ഗതചേതസം
സിംഹേന നിഹതം സദ്യോ ഗൌഃ സവത്സേവ ഗോവൃഷം. 27

| | | | |
|---|---|---|---|
| "സിംഹേന | "ഒരു സിംഹത്താൽ | ഇവ, | എപ്രകാരമോ അപ്ര |
| സദ്യഃ | പെട്ടെന്ന് | അഹം | ഞാൻ [കാരം, |
| നിഹതം | കൊല്ലപ്പെട്ട | പുത്രസഹായാ | പുത്രനെ അരികിൽ വെച്ചുകൊണ്ട്, |
| ഗോവൃഷം | വൃഷഭത്തെ | ഗതചേതസം | പ്രാണൻപോയ |
| സവത്സാ | കിടാവിനോടുകൂടിയ | ത്വാം | നിന്തിരുവടിയെ |
| ഗൌഃ | പശു | ഉപാസേ. | കാത്തിരിക്കുന്നു. |

ഇഷ്ട്വാ സംഗ്രാമയജ്ഞേന രാമബാണമഹാംഭസി
അസ്മിന്നവഭൃഥേ സ്നാതഃ കഥം പത്യാ മയാ വിനാ. 28

| | | | |
|---|---|---|---|
| "സംഗ്രാമയജ്ഞേന ഇഷ്ട്വാ, | യുദ്ധയജ്ഞത്തെ പൂർത്തിയാക്കിയശേഷം, | രാമബാണമഹാംഭസി, | ശ്രീരാമബാണമാകുന്ന പുണ്യതീർത്ഥത്തിൽ, |
| | | അവഭൃഥേ | യാഗാവസാനത്തിൽ |
| പത്യാ | പതിയായ് | കഥം | എങ്ങിനെയാണ് |
| മയാ വിനാ, | എന്നെക്കൂടാതെ, | സ്നാതഃ? | നീരാടിയത്? |
| അസ്മിൻ | ഈ | | |

യാ ദത്താ ദേവരാജേന തവ തുഷ്ടേന സംയുഗേ
ശാതകുംഭമയീം മാലാം താം തേ പശ്യാമി നേഹ കിം. 29

| | | | |
|---|---|---|---|
| "സംയുഗേ | "പോരിൽ | താം | ആ |
| തുഷ്ടേന | സന്തുഷ്ടിപൂണ്ട | തേ | നിന്തിരുവടിയുടെ |
| ദേവരാജേന, | ദേവരാജാവിനാൽ, | മാലാം, | മാലയെ, |
| തവ | നിന്തിരുവടിക്ക് | ഇഹ | ഇപ്പോൾ |
| യാ | യാതൊന്ന് | കിം | എന്തുകൊണ്ടാണ് |
| ദത്താ, | നൽകപ്പെട്ടുവോ, | ന പശ്യാമി ? | ഞാൻ കാണാതിരിക്കുന്നത് ? |
| ശാതകുംഭമയീം | സ്വർണ്ണമയമായ | | |

["ദുഃഖാധിക്യം മൂലം സുഗ്രീവന്നു ബാലി തന്റെ മാലയെ കൊടുത്തതിനെ അറിയുന്നില്ല." എന്നു തിലകം.]

രാജശ്രീർന ജഹാതി ത്വാം ഗതാസുമപി മാനദ
സൂര്യസ്യാവർത്തമാനസ്യ ശൈലരാജമിവ പ്രഭാ. 30

| | | | |
|---|---|---|---|
| "മാനദ ! | "മാനശാലിയായവനേ! | ഇവ, | എന്നപോലെ, |
| ആവർത്തമാനസ്യ | അസ്തമിക്കുന്ന | ഗതാസും അപി | മൃതിപ്പെട്ടവനാണെന്നാലും |
| സൂര്യസ്യ | ആദിത്യന്റെ | ത്വാം | നിന്തിരുവടിയെ |
| പ്രഭാ, | കാന്തി, | രാജശ്രീഃ | രാജ്യലക്ഷ്മി |
| ശൈലരാജം | മേരുപർവ്വതത്തെ | ജഹാതി ന. | വിട്ടകലുന്നില്ല. |

ന മേ വചഃ പഥ്യമിദം ത്വയാ കൃതം
ന ചാസ്മി ശക്താ വിനിവാരണേ തവ
ഹതാ സപുത്രാऽസ്മി ഹതേന സംയുഗേ
സഹ ത്വയാ ശ്രീർവിജഹാതി മാമിഹ. 31

| | | | |
|---|---|---|---|
| "മേ | "എന്റെ | ശക്താ ന; | ശക്തയല്ല; |
| പഥ്യം | ഹിതകരമായ | സപുത്രാ അസ്മി | പുത്രനോടുകൂടി ഞാൻ |
| ഇദം | ഈ | ഹതാ; | ജീവച്ഛവമായി; |
| വചഃ | വാക്ക് | ഇഹ | ഈ സമയത്തിൽ |
| ത്വയാ | നിന്തിരുവടിയാൽ | സംയുഗേ | പോരിൽ |
| ന കൃതം; | സ്വീകരിക്കപ്പെട്ടില്ല; | ഹതേന ത്വയാ സഹ | ഹതനായ നിന്തിരുവടിയോടുകൂടി |
| തവ | നിന്തിരുവടിയെ | ശ്രീഃ | ലക്ഷ്മി |
| വിനിവാരണേ | നിബ്ബന്ധിക്കുന്നതിന്നൊ | മാം | എന്നെയും |
| അസ്മി ച | ഞാനും | വിജഹാതി. | വെടികയായി. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ത്രയോവിംശഃ സർഗ്ഗഃ = ഇരുപത്തിമൂന്നാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 10222; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 970.

# ചതുർവിംശഃ സർഗ്ഗഃ = ഇരുപത്തിനാലാംസർഗ്ഗം.

[ശ്രീരാമേണ താരാസമാശ്വാസനം = ശ്രീരാമൻ താരയെ സമാധാനിപ്പിക്കുന്നത്.]

താം ചാശ്രുവേഗേന ദുരാസദേന
ത്വഭിപ്ലുതാം ശോകമഹാർണ്ണവേന
പശ്യംസ്തദാ വാല്യനുജസ്തരസ്വീ
ഭ്രാതുർവധേനാഽപ്രതിമേന തേപേ. 1

| | | | |
|---|---|---|---|
| തരസ്വീ | ധൈര്യശാലിയായ | ദുരാസദേന തു | കരകാണാത്തതായ |
| വാല്യനുജഃ, | ബാലിസോദരനായ സുഗ്രീവൻ, | ശോക-മഹാർണ്ണവേന | ദുഃഖസമുദ്രത്താലും, |
| ഭ്രാതുഃ | ജ്യേഷ്ഠന്റെ | അഭിപ്ലുതാം | മുക്കപ്പെട്ടവളായ |
| അപ്രതിമേന | ആശ്ചര്യകരമായ | താം, | ആ താരയെ |
| വധേന | വധത്താലുണ്ടായ | തദാ | ആ സമയം |
| അശ്രുവേഗേന ച, | അശ്രുവേഗത്താലും, | പശ്യൻ | നോക്കി |
| | | തേപേ. | പരിതാപമുൾക്കൊണ്ടു. |

സ ബാഷ്പപൂർണ്ണേന മുഖേന വീക്ഷ്യ
ക്ഷണേന നിർവിണ്ണമനാ മനസ്വീ
ജഗാമ രാമസ്യ ശനൈഃ സമീപം
ഭൃത്യൈർവൃതഃ സംപരിദൂയമാനഃ. 2

| | | | |
|---|---|---|---|
| മനസ്വീ | സദ്ബുദ്ധിയാന്നവനായ | ക്ഷണേന | ഒരു നിമിഷനേരംകൊണ്ട് |
| സഃ, | അവൻ, | നിർവിണ്ണ-മനാഃ, | ജീവിതേച്ഛയൊഴിഞ്ഞവനായി, |
| ബാഷ്പപൂർണ്ണേന | അശ്രുക്കൾ നിറഞ്ഞ | ഭൃത്യൈഃ വൃതഃ, | പരിവാരസമേതനായി |
| മുഖേന | മുഖത്തോടുകൂടി | രാമസ്യ സമീപം | ശ്രീരാമസന്നിധിയിലേക്ക് |
| വീക്ഷ്യ, | അവളെനോക്കി, | ശനൈഃ | സാവധാനത്തിൽ |
| സംപരി-ദൂയമാനഃ, | അതിയായ ദുഃഖംപൂണ്ടവനായി, | ജഗാമ. | ചെന്നു. |

സ തം സമാസാദ്യ ഗൃഹീതചാപമുദാത്തമാശീവിഷതുല്യബാണം
യശസ്വിനം ലക്ഷണലക്ഷിതാംഗമവസ്ഥിതം രാഘവമിത്യുവാച. 3

| | | | |
|---|---|---|---|
| സഃ, | ആ സുഗ്രീവൻ, | ലക്ഷണ-ലക്ഷിതാംഗം | ഇതരദുർല്ലഭമായ സദ്ഗുണങ്ങളാന്ന ചിത്തത്തോടുകൂടിയവനും, |
| ഗൃഹീതചാപം | കോദണ്ഡപാണിയായി | അവസ്ഥിതം | സ്ഥിരചിത്തനും ആയ |
| ആശീവിഷ-തുല്യബാണം | സർപ്പതുല്യങ്ങളായ ബാണങ്ങളോടുകൂടിയവനായ | തം രാഘവം | ആ ശ്രീരാഘവനെ |
| | | സമാസാദ്യ, | സമീപിച്ച്, |
| ഉദാത്തം | ഉത്തമനും, | ഇതി | ഇപ്രകാരം |
| യശസ്വിനം | മഹാകീർത്തിശാലിയും, | ഉവാച. | ഉണർത്തിച്ചു. |

യഥാപ്രതിജ്ഞാതമിദം നരേന്ദ്ര കൃതം ത്വയാ ദൃഷ്ടഫലം ച കർമ്മ
മമാദ്യ ഭോഗേഷു നരേന്ദ്രപുത്ര മനോ നിവൃത്തം സഹ ജീവിതേന. 4

| | |
|---|---|
| “ നരേന്ദ്രപുത്ര! | “ മഹാരാജകുമാരനായ |
| നരേന്ദ്ര! | ഹേ പുരുഷോത്തമ! |
| ഇദം കർമ്മ ച | ഈ കൃത്യവും |
| യഥാപ്രതിജ്ഞാതം | പറഞ്ഞപ്രകാരംതന്നെയുള്ള |
| ദൃഷ്ടഫലം | ഫലത്തോടുകൂടിയതായി |
| ത്വയാ | നിന്തിരുവടിയാൽ |
| കൃതം; | പൂർത്തിയാക്കപ്പെട്ടു; |
| അദ്യ | ഇപ്പോൾ |
| മമ | അടിയന്റെ |
| മനഃ | ചിത്തം, |
| ജീവിതേന സഹ | ജീവിതേച്ഛയോടുകൂടിത്തന്നെ |
| ഭോഗേഷു | ഐഹികസുഖങ്ങളിൽ, |
| നിവൃത്തം. | വിരക്തിപൂണ്ടതായിരിക്കുന്നു. |

[എനിക്ക് ജീവിച്ചിരിപ്പാനോ സുഖങ്ങളനുഭവിക്കുന്നതിന്നോ ആഗ്രഹമില്ല. എന്നു സാരം.]

അസ്യാം മഹിഷ്യാം തു ഭൃശം രുദന്ത്യാം
പുരേ ച വിക്രോശതി ദുഃഖതപ്തേ
ഹതേഽഗ്രജേ സംശയിതേഽംഗദേ ച
ന രാമ രാജ്യേ രമതേ മനോ മേ. 5

| | |
|---|---|
| “ രാമ! | “ ശ്രീരാമ! |
| അഗ്രജേ | ജ്യേഷ്ഠൻ |
| ഹതേ | മൃതിപ്പെട്ടിരിക്കെ, |
| അസ്യാം | ഈ |
| മഹിഷ്യാം | പട്ടമഹിഷിയായ താര |
| ഭൃശം | അസഹ്യമായി |
| രുദന്ത്യാം തു, | പ്രലപിക്കെ, |
| പുരേ | പുരജനം |
| ദുഃഖതപ്തേ | ദുഃഖം അതിക്രമിച്ച് |
| വിക്രോശതി ച, | കേണുകൊണ്ടിരിക്കെ, |
| അംഗദേ ച | അംഗദനും |
| സംശയിതേ, | ജീവിച്ചിരിക്കുന്നകാര്യം സംശയത്തിലിരിക്കെ, |
| മേ മനഃ | എന്റെ മനസ്സ് |
| രാജ്യേ രമതേ ന. | നാടുവാഴ്ചയിൽ ആഗ്രഹമററതായിരിക്കുന്നു. |

ക്രോധാദമർഷാദതിവിപ്രധർഷാദ്-
ഭ്രാതുർവധോ മേഽനുമതഃ പുരസ്താത്
ഹതേ ത്വിദാനീം ഹരിയൂഥപേഽസ്മിൻ
സുതീവ്രമിക്ഷ്വാകുകുമാര തപ്സ്യേ. 6

| | |
|---|---|
| “ ഇക്ഷ്വാകുകുമാര! | “ ഇക്ഷ്വാകുവംശകുമാര! |
| പുരസ്താത് | ഇതിന്നുമുമ്പ് |
| ഭ്രാതുഃ | ജ്യേഷ്ഠന്റെ |
| വധഃ | വധമെന്നത് |
| ക്രോധാത് | ക്രോധത്താലും |
| അമർഷാത് | പൊറായ്മയാലും |
| അതിവിപ്രധർഷാത് | അസഹ്യമായ അക്രമപ്രവൃത്തിയാലും |
| മേ | എനിക്ക് |
| അനുമതഃ; | സമ്മതമായിരുന്നു; |
| അസ്മിൻ | ഈ |
| ഹരിയൂഥപേ | വാനരാധിപൻ |
| ഹതേ | മൃതിപ്പെട്ടുകിടക്കുമ്പോൾ |
| ഇദാനീം തു | ഇപ്പോഴാണെങ്കിൽ |
| സുതീവ്രം | അതിയായി |
| തപ്സ്യേ. | പശ്ചാത്താപപ്പെടുന്നു. |

ശ്രേയോഽദ്യ മന്യേ മമ ശൈലമുഖ്യേ തസ്മിന്നിവാസശ്ചിരമൃശ്യമൂകേ
യഥാ തഥാ വൎത്തയതഃ സ്വവൃത്ത്യാ നേമം നിഹത്യ ത്രിദിവസ്യ ലാഭഃ.

| | | | |
|---|---|---|---|
| "അദ്യ | "ഇപ്പോൾ | നിവാസഃ | വസിക്കുക എന്നത് |
| ചിരം | എന്നെന്നേക്കും | ശ്രേയഃ | സൎവ്വോത്കൃഷ്ടമെന്ന് |
| സ്വവൃത്ത്യാ | സ്വന്തം പരിശ്രമം കൊണ്ട് | മന്യേ; | തോന്നുന്നു; |
| | | ഇമം | ഇദ്ദേഹത്തെ |
| വൎത്തയതഃ | കാലംകഴിക്കുന്നവ[നായ | നിഹത്യ, | ഹനിച്ച്, |
| മമ | എനിക്ക് | യഥാ തഥാ | അക്കാരണത്താൽ, |
| തസ്മിൻ | ആ | ത്രിദിവസ്യ ലാഭഃ ന. | ദേവലോകത്തെ പ്രാപിക്കുക എന്നതും എനിക്ക് ആവശ്യമില്ല. |
| ശൈലമുഖ്യേ | പൎവ്വതോത്തമമായ | | |
| ഋശ്യമൂകേ | ഋശ്യമൂകത്തിൽ | | |

ന ത്വാം ജിഘാംസാമി ചരേതി യന്മാ-
മയം മഹാത്മാ മതിമാനുവാച
തസ്യൈവ തദ്രാമ വചോഽനുരൂപ-
മിദം പുനഃ കൎമ്മ ച മേഽനുരൂപം. 8

| | | | |
|---|---|---|---|
| "മഹാത്മാ | "മഹാത്മാവും | ഉവാച; | മുമ്പ് പറകയുണ്ടായി; |
| മതിമാൻ | ബുദ്ധിമാനുമായ | രാമ! | ശ്രീരാമ! |
| അയം | ഇദ്ദേഹം | യത് തത് വചഃ | യാതൊരു ആ വാക്ക് |
| മാം, | എന്നെനോക്കി, | തസ്യ | അദ്ദേഹത്തിനു |
| 'ത്വാം | 'നിന്നെ | അനുരൂപം ഏവ; | യോജിച്ചതുതന്നെ; |
| ജിഘാംസാമി ന; | കൊല്ലുവാൻ എനിക്കു മനസ്സുവരുന്നില്ല; | ഇദം | ഈ |
| | | കൎമ്മ ച | പ്രവൃത്തിയാകട്ടേ |
| ചര,' | എവിടെയെങ്കിലും കടന്നു പോ,' | മേ പുനഃ | എന്റെ നീചബുദ്ധിക്കും |
| ഇതി | എന്നിങ്ങിനെ | അനുരൂപം. | അനുരൂപമായതുതന്നെ. |

ഭ്രാതാ കഥം നാമ മഹാഗുണസ്യ
ഭ്രാതുൎവധം രാഘവ രോചയേത
രാജ്യസ്യ ദുഃഖസ്യ ച വീര സാരം
ന ചിന്തയൻ കാമപുരസ്കൃതഃ സൻ. 9

| | | | |
|---|---|---|---|
| "വീര! | "വീര! | കാമപുരസ്കൃതഃ സൻ, | ആശയെമാത്രം മുൻനിൎത്തിക്കൊണ്ട്, |
| രാഘവ! | ശ്രീരാമ! | | |
| രാജ്യസ്യ | ഭ്രാതൃവധംകൊണ്ടു ലഭിക്കുന്ന രാജ്യസുഖത്തിന്റേയും | ഭ്രാതാ | സഹോദരനായ ഒരുവൻ |
| | | മഹാഗുണസ്യ | മഹാഗുണവാനായ |
| ദുഃഖസ്യ ച | ആ ഭ്രാതൃവധംകൊണ്ടുണ്ടാകുന്ന ദുഃഖത്തിന്റേയും | ഭ്രാതുഃ | ഒരു ജ്യേഷ്ഠന്റെ |
| | | വധം | വധത്തെ, |
| സാരം | താരതമ്യത്തെ | കഥം നാമ | എങ്ങിനെതന്നെ |
| ന ചിന്തയൻ, | ഗണിക്കാതെ, | രോചയേത? | ആഗ്രഹിക്കാം? |

വധോ ഹി മേ മതോ നാസീത് സ്വമാഹാത്മ്യാവ്യതിക്രമാത്
മമാസീദ്ബുദ്ധിദൌരാത്മ്യാത് പ്രാണഹാരീ വ്യതിക്രമഃ. 10

| | |
|---|---|
| " സ്വ-മാഹാത്മ്യാ-വ്യതിക്രമാത് ഹി | " പ്രകൃതിസിദ്ധമായ തന്റെ മഹത്വത്തെ ഉല്ലംഘിക്കാത്തതിനാൽ തന്നെയാണ് |
| മേ വധഃ | എന്റെ വധം. |
| മതഃ അസീത് ന; | അദ്ദേഹത്താൽ ഇഷ്ടപ്പെടാതിരുന്നത്; |
| മമ | എന്റെ |
| ബുദ്ധി-ദൌരാത്മ്യാത് | ദുർബുദ്ധിവിശേഷത്താൽ തന്നെയാണ് |
| പ്രാണഹാരീ | പ്രാണഹരമായ |
| വ്യതിക്രമഃ | മഹാപാപം |
| അസീത്. | സംഭവിച്ചത്. |

ദ്രുമശാഖാവഭഗ്നോഽഹം മുഹൂർത്തം പരിനിഷ്ടനൻ
സാന്ത്വയിത്വാ ത്വനേനോക്തോ ന പുനഃ കർത്തുമർഹസി. 11

| | |
|---|---|
| "ദ്രുമശാഖാവഭഗ്നഃ | " മരക്കൊമ്പുകളാൽ അടിക്കപ്പെട്ട് |
| മുഹൂർത്തം | ക്ഷണനേരം |
| പരിനിഷ്ടനൻ | ആർത്തസ്വരം പുറപ്പെടീക്കുന്നവനായ |
| അഹം, | ഞാൻ, |
| അനേന | ഇദ്ദേഹത്താൽ |
| സാന്ത്വയിത്വാ, | ആശ്വസിപ്പിക്കപ്പെട്ട് |
| ' പുനഃ | ' ഇനി ഇപ്രകാരം |
| കർത്തും അർഹസി ന ' | നീ ചെയ്യരുത്,' |
| തു ഉക്തഃ. | എന്നുമാത്രം ഉരചെയ്യപ്പെട്ടു. |

ഭ്രാതൃത്വമാര്യഭാവശ്ച ധർമ്മശ്ചാനേന രക്ഷിതഃ. 12

| | |
|---|---|
| " അനേന | " ഇദ്ദേഹത്താൽ |
| ധർമ്മഃ | ധർമ്മം |
| രക്ഷിതഃ; | സംരക്ഷിക്കപ്പെട്ടു; |
| ആര്യഭാവഃ ച; | ശ്രേഷ്ഠസ്വഭാവവും രക്ഷിക്കപ്പെട്ടു; |
| ഭ്രാതൃത്വം ച. | സഹോദരഭാവവും അപ്രകാരംതന്നെ രക്ഷിക്കപ്പെട്ടു. |

മയാ ക്രോധശ്ച കാമശ്ച കപിത്വം ച പ്രദർശിതം 13

| | |
|---|---|
| " മയാ ച | " എന്നാലാകട്ടെ |
| കപിത്വം | കപിബുദ്ധിയാണ് |
| പ്രദർശിതം; | കാണിക്കപ്പെട്ടത്; |
| ക്രോധഃ ച | ക്രോധവും വെളിവാക്കപ്പെട്ടു; |
| കാമഃ ച. | ദുരാഗ്രഹവും പ്രദർശിപ്പിക്കപ്പെട്ടു. |

അചിന്തനീയം പരിവർജ്ജനീയ-
മനീപ്സനീയം സ്വനവേക്ഷണീയം
പ്രാപ്തോഽസ്മി പാപ്മാനമിമം നരേന്ദ്ര
ഭ്രാതുർവ്വധാത് ത്വാഷ്ട്രവധാദിവേന്ദ്രഃ. 14

| | |
|---|---|
| "നരേന്ദ്ര! | "പുരുഷോത്തമ! |
| ഇന്ദ്രഃ | ഇന്ദ്രൻ |
| ത്വാഷ്ട്ര-വധാത് | ത്വഷ്ടാവിൻെറ പുത്രനായ വൃത്രാസുരനെ വധിച്ചതുകൊണ്ട് |
| ഇവ, | എന്നപോലെ, |
| ഭ്രാതുഃ വധാത് | ജ്യേഷ്ഠനെ കൊന്ന കാരണം |
| അചിന്തനീയം | അളവററതും |
| പരിവൎജ്ജനീയം | ദൂരെ വൎജ്ജിക്കേണ്ടതും |
| അനീപ്സനീയം | മനസ്സുകൊണ്ടുകൂടി ചിന്തിപ്പാൻ പാടില്ലാത്തതും |
| സ്വനവേക്ഷണീയം | കാണ്മാൻകൊള്ളരുതാത്ത ജുഗുപ്സിതമായതും ആയ |
| ഇമം | ഈ |
| പാപ്മാനം | മഹാപാപത്തെ |
| പ്രാപ്തഃ അസ്മി. | ഞാൻ ഏററുപോയി. |

പാപ്മാനമിന്ദ്രസ്യ മഹീ ജലം ച
വൃക്ഷാശ്ച കാമം ജഗൃഹുഃ സ്ത്രിയശ്ച
കോ നാമ പാപ്മാനമിമം ക്ഷമേത
ശാഖാമൃഗസ്യ പ്രതിപത്തുമിച്ഛൻ. 15

| | |
|---|---|
| "ഇന്ദ്രസ്യ | "ഇന്ദ്രൻെറ |
| പാപ്മാനം | പാപത്തെ |
| മഹീ | ഭൂമിയും |
| ജലം | നദികളിലെ ആദ്യത്തെ പ്രവാഹവും |
| സ്ത്രിയഃ ച | സ്ത്രീകളും |
| ജഗൃഹുഃ; | വഹിച്ചു; |
| വൃക്ഷാഃ ച | വൃക്ഷങ്ങളും |
| ച കാമം; | അപ്രകാരംതന്നെ വഹിച്ചു എന്നു പറയപ്പെടുന്നു; |
| ശാഖാമൃഗസ്യ | ഒരു കപിയായ എൻെറ |
| ഇമം | ഈ |
| പാപ്മാനം | പാപത്തെ |
| പ്രതിപത്തും | സ്വീകരിപ്പാൻ |
| ഇച്ഛൻ | സമ്മതിച്ച്, |
| കഃ നാമ | ആർതന്നെയാണ് |
| ക്ഷമേത? | വഹിക്കുക? |

[വൃത്രാസുരനെ ഇന്ദ്രൻ വധിച്ചശേഷം, തന്നെ ബ്രഹ്മഹത്യ ബാധിക്കയാൽ, തന്നിവാരണാൎത്ഥം ഇന്ദ്രൻ അശ്വമേധം യജിക്കയും, അതിൻെറ അവസാനത്തിൽ ബ്രഹ്മാവ് ബ്രഹ്മഹത്യയെ വിളിച്ച് അതിനെ നാലാക്കി, അവയ്ക്ക് നാലു സ്ഥാനങ്ങൾ കല്പിക്കയും ചെയ്തു. "യസ്ത്വാം ജ്വലന്തമാസാദ്യ സ്വയം വൈ മാനവഃ ക്വചിത്- ബീജൈരൌഷധിരസൈൎവഹ്നേ ന യക്ഷ്യതി തമോവൃതഃ- ത്വമേഷാ യാസ്യതി ക്ഷിപ്രം തത്രൈവ ച നിവത്സ്യതി ബ്രഹ്മവദ്ധ്യാ ഹവ്യവാഹ വ്യേത്തു തേ മാനസോ ജ്വരഃ." എന്നു അഗ്നിയോടും "പൎവ്വകാലേ തു സംപ്രാപ്തേ യോ വൈ ഛേദനഭേദനം കരിഷ്യതി നരോ മോഹാത് തമേഷാനുഗമിഷ്യതി," എന്നു വൃക്ഷൌഷധിതൃണങ്ങളോടും, "രജസ്വലാസു നാരീഷു യോ വൈ മൈഥുനമാചരേത്- തമേഷാ യാസ്യതി ക്ഷിപ്രം വ്യേത്തു വോ മാനസോ ജ്വരഃ" എന്നു അപ്സരസ്ത്രീകളോടും, "അല്പാ ഇതി മതിം കൃത്വാ യോ നരോ ബുദ്ധിമോഹിതഃ ശ്ലേഷ്മ മൂത്രപുരീഷാണി യുഷ്മാസു പ്രതിമോക്ഷ്യതി- തമിയം യാസ്യതി ക്ഷിപ്രം തത്രൈവ ച നിവത്സ്യതി." എന്നു ജലത്തോടും, അവരവൎക്കു വിഭജിച്ചു കൊടുത്തതായ ബ്രഹ്മഹത്യാ നിവൃത്തിയെപ്പററി അനുഗ്രഹിച്ചതായി ശാന്തിപൎവ്വം 288-ാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ട്. ഇവിടെ ഭൂമിക്കുപകരം അഗ്നിയെന്നാണ് പറയപ്പെട്ടിരിക്കുന്നത്. ഭാഗവതത്തിൽ "ഭൂമ്യംബുദ്രുമയോഷിദ്ഭ്യഃ" എന്നു ഭൂമിതന്നെ പറയപ്പെട്ടിരിക്കുന്നു. വാല്മീകിരാമായണം ഉത്തരകാണ്ഡം 86-ാം സൎഗ്ഗം, പദ്മപുരാണം II. 24; V. 19; ഭാഗവതം VI (9-12); ദേവീഭാഗവതം VI. (1 6); സ്കാന്ദം കേദാരഖണ്ഡം (16-17); എന്നവയിലും കണ്ടുകൊൾക. ബാലകാണ്ഡം 24-ാംസൎഗ്ഗം 19-ാം ശ്ലോകത്തിലെ കുറിപ്പും കാണുക.]

നാൎഹാമി സംമാനമിമം പ്രജാനാം
ന യൌവ്വരാജ്യം കുത ഏവ രാജ്യം
അധൎമ്മയുക്തം കുലനാശയുക്ത-
മേവംവിധം രാഘവ കൎമ്മ കൃത്വാ. 16

| | |
|---|---|
| "രാഘവ! | "ശ്രീരാമ! |
| ഏവംവിധം | ഇപ്രകാരമുള്ളതും |
| അധൎമ്മയുക്തം | ധൎമ്മമല്ലാത്തതും |
| കുലനാശയുക്തം | കുലനാശകരവും ആയ |
| കൎമ്മ | കൃത്യത്തെ |
| കൃത്വാ, | ചെയ്തു് |
| പ്രജാനാം | പ്രജകളുടെ |
| ഇമം | ഈ |
| സംമാനം | നല്ല അഭിപ്രായത്തിന്നു |
| അൎഹാമി ന; | ഞാൻ അൎഹനാകയില്ല; |
| യൌവരാജ്യം ന; | യുവരാജ്യപദവിക്കും അൎഹനല്ല; |
| രാജ്യം | രാജ്യാധികാരത്തിന്നു് |
| കുതഃ ഏവ? | പിന്നെ എങ്ങിനെ അൎഹനാകും? |

പാപസ്യ കൎത്താഽസ്മി വിഗൎഹിതസ്യ
ക്ഷുദ്രസ്യ ലോകാപകൃതസ്യ ചൈവ
ശോകോ മഹാൻ മാമഭിവൎത്തതേഽയം
വൃഷ്ടേൎയ്യഥാ നിമ്നമിവാംബുവേഗഃ. 17

| | |
|---|---|
| "വിഗൎഹിതസ്യ | "നിന്ദിക്കത്തക്കതും |
| ക്ഷുദ്രസ്യ ച | തുച്ഛമായതും |
| ലോകാപകൃതസ്യ ഏവ | ലോകത്തിന്നുതന്നെ അപത്തിനെ വിളയിക്കുന്നതും ആയ |
| പാപസ്യ | പാപകൃത്യത്തെ |
| കൎത്താ അസ്മി; | ചെയ്യുവനാകുന്നു ഞാൻ; |
| അയം | ഈ |
| മഹാൻ | അപരിമിതമായ |
| ശോകഃ | ദുഃഖം |
| വൃഷ്ടേഃ | മഴയുടെ |
| അംബുവേഗഃ, | ജലപ്രവാഹം, |
| നിമ്നം | കുണ്ടുള്ള ദിക്കിലേക്കു് |
| യഥാ | എപ്രകാരമോ |
| ഇവ | അപ്രകാരം |
| മാം | എന്നെ |
| അഭിവൎത്തതേ. | ബാധിക്കുന്നു. |

സോദൎയ്യഘാതാപരഗാത്രവാലഃ
സന്താപഹസ്താക്ഷി ശിരോവിഷാണഃ
ഏനോമയോ മാമഭിഹന്തി ഹസ്തീ
ദൃപ്തോ നദീ കൂലമിവ പ്രവൃദ്ധഃ. 18

| | |
|---|---|
| "സോദൎയ്യഘാതാപരഗാത്രവാലഃ | "ജ്യേഷ്ഠവധമെന്ന പൃഷ്ഠഭാഗവും വാലും ഉള്ളതും, |
| സന്താപഹസ്താക്ഷിശിരോവിഷാണഃ | പരിതാപമാകുന്ന തുമ്പിക്കയ്യും, കണ്ണും, മസ്തകവും, കൊമ്പുകളുമാന്നതും, |
| ദൃപ്തഃ | മദിച്ചതും, |
| പ്രവൃദ്ധഃ | വമ്പിച്ചതും, |
| ഏനോമയഃ | പാപംതന്നെ മൂൎത്തീകരിച്ചതും ആയ |
| ഹസ്തീ, | ആന, |
| നദീ | ഒരു നദി |
| കൂലം | കരയെ |
| ഇവ, | എന്നവണ്ണം, |
| മാം അഭിഹന്തി. | എന്നെ കുത്തിത്തകൎക്കുന്നു. |

അംഹോ ബതേദം നൃവരാവിഷഹ്യം
നിവൎത്തതേ മേ ഹൃദി സാധുവൃത്തം
വിവൎണ്ണമഗ്നൌ പരിതപ്യമാനം
കിട്ടം യഥാ രാഘവ ജാതരൂപം. 19

| | | | |
|---|---|---|---|
| "നൃവര! | "പുരുഷോത്തമ! | യഥാ | എന്നപോലെ, |
| രാഘവ! | ശ്രീരാമ! | മേ ഹൃദി | എൻെറ ഹൃദയത്തിൽ, |
| അഗ്നൌ | തീയ്യിൽ | സാധുവൃത്തം, | ധൎമ്മബുദ്ധി, |
| പരിതപ്യമാനം | ഉരുക്കപ്പെടുന്നതായ | അവിഷഹ്യം | അസഹ്യമായ |
| ജാതരൂപം | സ്വൎണ്ണം | ഇദം അംഹഃ | ഈ പാപത്തെ |
| വിവൎണ്ണം | മാററുകുറയുന്നതായ | നിവൎത്തതേ; | വെറുക്കുന്നു (ബഹിഷ്ക്ക-[രിക്കുന്നു; |
| കിട്ടം | കീടത്തെ | ബത! | ആശ്ചൎയ്യം! |

മഹാബലാനാം ഹരിയൂഥപാനാ-
മിദം കുലം രാഘവ മന്നിമിത്തം
അസ്യാംഗദസ്യാപി ച ശോകതാപാ-
ദൎദ്ധസ്ഥിതപ്രാണമതീവ മന്യേ. 20

| | | | |
|---|---|---|---|
| "രാഘവ! | "ശ്രീരാമ! | അതീവ | അതിയായ |
| മഹാബലാനാം | അതിബലവാന്മാരായ | ശോകതാപാത് | ശോകാധിക്യത്താൽ, |
| ഹരിയൂഥ-പാനാം ച | വാനരനാഥന്മാരുടെയും | ഇദം കുലം | ഈ ജനസമൂഹം |
| | | മന്നിമിത്തം | ഞാൻ നിമിത്തമായി |
| അസ്യ | ഈ | അൎദ്ധസ്ഥിത-പ്രാണം | പ്രാണൻ പകുതി പോയിരിക്കുന്ന മാതിരി |
| അംഗദസ്യ അപി | അംഗദൻെറയും | മന്യേ. | ഞാൻ വിചാരിക്കുന്നു. |

സുതഃ സുലഭ്യഃ സുജനഃ സുവശ്യഃ
കുതഃ സുപുത്രഃ സദൃശോऽംഗദേന
ന ചാപി വിദ്യേത സ വീര ദേശോ
യസ്മിൻ ഭവേത് സോദരസന്നികൎഷഃ. 21

| | | | |
|---|---|---|---|
| "അംഗദേന | "അംഗദനോടു | കുതഃ? | വേറെ എവിടെയുണ്ട്? |
| സദൃശഃ | തുല്യനായ | വീര! | വീര! |
| സുപുത്രഃ | സത്പുത്രനു വേണ്ടതക്ക ഗുണങ്ങളുള്ളവനും | സോദര-സന്നികൎഷഃ | ജ്യേഷ്ഠനെ നേരിൽ കാണുക എന്നത് |
| | | യസ്മിൻ | യാതൊരു ദിക്കിൽ |
| സുലഭ്യഃ | പുണ്യഫല പ്രാപ്യനും | ഭവേത്, | ഉണ്ടാകുമോ, |
| സുജനഃ | സൌശീല്യയുക്തനും | സഃ | അ പ്രകാരമുള്ള |
| സുവശ്യഃ | സ്വാധീനനും ആയ | ദേശഃ അപി | ഒരു സ്ഥലം തന്നെ |
| സുതഃ | ഒരു പുത്രൻ | ന വിദ്യേത ച. | ഉണ്ടാകയില്ലല്ലൊ. |

യദ്യംഗദോ വീരവരാഹ ജീവേ-
ജ്ജീവേച്ച മാതാ പരിപാലനാത്ഥം
വിനാ തു പുത്രം പരിതാപദീനാ
താരാ ന ജീവേദിതി നിശ്ചിതം മേ. 22

| | |
|---|---|
| "വീരവരാഹ! | "ഉത്തമ വീരന്മാൎക്ക് മാന്യനായുള്ളോവേ! |
| അംഗദഃ | അംഗദൻ |
| ജീവേത് യദി ച | ജീവിച്ചിരിക്കുമെന്നാൽ മാത്രമേ |
| മാതാ, | മാതാവായ താര, |
| പരി-പാലനാത്ഥം | അവനെ സംരക്ഷിക്കുന്നതിന്നായി |
| ജീവേത്; | ജീവിച്ചിരിക്കയുള്ളു; |
| താരാ | താര |
| പുത്രം വിനാ തു | പുത്രനെ വേൎപ്പിരിഞ്ഞാണെന്നാൽ |
| പരിതാപദീനാ | ദുഃഖാകുലിതയായി, |
| ജീവേത് ന, | ജീവനെ വെച്ചുകൊണ്ടിരിക്കയില്ല, |
| ഇതി | എന്നുള്ളത് |
| മേ | എനിക്ക് |
| നിശ്ചിതം. | അറിവുള്ളതാണ്. |

സോഽഹം പ്രവേക്ഷ്യാമ്യതിദീപ്തമഗ്നിം
ഭ്രാത്രാ ച പുത്രേണ ച സഖ്യമിച്ഛൻ
ഇമേ വിചേഷ്യന്തി ഹരിപ്രവീരാഃ
സീതാം നിദേശേ പരിവത്തമാനാഃ. 23

| | |
|---|---|
| "ഭ്രാത്രാ ച | "(മരിച്ചുപോയ) ജ്യേഷ്ഠനോടും |
| പുത്രേണ ച | (മരിപ്പാനിരിച്ചു) പുത്രനായ അംഗദനോടുംകൂടി |
| സഖ്യം | ചേച്ചയെ |
| ഇച്ഛൻ | ആഗ്രഹിക്കുന്നവനായ |
| സഃ | ആ |
| അഹം, | ഞാൻ, |
| അതിദീപ്തം | കത്തിജ്വലിക്കുന്ന |
| അഗ്നിം | തീയ്യിൽ |
| പ്രവേക്ഷ്യാമി; | ചാടിക്കളയുന്നുണ്ട്; |
| ഇമേ | ഈ |
| ഹരിപ്രവീരാഃ | വാനരോത്തമന്മാർ |
| നിദേശേ | എന്റെ ആജ്ഞയിൽ |
| പരിവത്തമാനാഃ | വൎത്തിക്കുന്നവരായി |
| സീതാം | സീതാദേവിയെ |
| വിചേഷ്യന്തി. | അന്വേഷിക്കുന്നതാണ്. |

കൃത്സ്നം തു തേ സേത്സ്യതി കാൎയ്യമേത-
ന്മയ്യപ്രതീതേ മനുജേന്ദ്രപുത്ര
കുലസ്യ ഹന്താരമജീവനാഹം
രാമാനുജാനീഹി കൃതാഗസം മാം. 24

| | |
|---|---|
| "മനുജേന്ദ്രപുത്ര! | "ചക്രവൎത്തികുമാര! |
| മയി | ഞാൻ |
| അപ്രതീതേ, | മൃതിപ്പെട്ടശേഷം, |
| തേ | നിന്തിരുവടിയുടെ |
| ഏതത് കാൎയ്യം, | ഈ കാൎയ്യം, |
| തു | അതുകാരണമായി |
| കൃത്സ്നം | യാതൊരു കുറവുംവരാതെ |
| സേത്സ്യതി; | നിറവേറുന്നതാണ്; |
| രാമ! | ശ്രീരാമ! |
| കുലസ്യ | കുലത്തെ |
| ഹന്താരം | നശിപ്പിച്ചവനും |
| അജീവനാഹം | ജീവൻവെച്ചുകൊണ്ടിരിപ്പാൻ അഹനല്ലാത്തവനും |
| കൃതാഗസം | മഹാപാപിയും ആയ |
| മാം | അടിയന്ന് |
| അനുജാനീഹി." | വിടയരുളിയാലും." |

ഇത്യേവമാൎത്തസ്യ രഘുപ്രവീരഃ
ശ്രുത്വാ വചോ വാലിജഘന്യജസ്യ
സംജാതബാഷ്പഃ പരവീരഹന്താ
രാമോ മുഹൂൎത്തം വിമനാ ബഭൂവ. 25

| | | | |
|---|---|---|---|
| പരവീരഹന്താ | ശത്രുവീരധ്വംസകനും | വചഃ | വാക്കു |
| രഘുപ്രവീരഃ | രഘുകുലവരനും ആയ | ശ്രുത്വാ, | കേട്ട്, |
| രാമഃ, | ശ്രീരാമൻ, | സംജാതബാഷ്പഃ | കണ്ണിൽവെള്ളം നിറഞ്ഞ് |
| ഇതി ഏവം | മേൽപ്രകാരം | മുഹൂൎത്തം | സ്വല്പനേരം |
| ആൎത്തസ്യ | ദുഃഖിക്കുന്നവനായ | വിമനാഃ | ചിന്താകുലിതനായി |
| വാലി-ജഘന്യജസ്യ | ബാലിസഹോദരനായ സുഗ്രീവന്റെ | ബഭൂവ. | ഭവിച്ചു. |

തസ്മിൻ ക്ഷണേഽഭീക്ഷ്ണമവേക്ഷ്യമാണഃ
ക്ഷിതിക്ഷമാവാൻ ഭുവനസ്യ ഗോപ്താ
രാമോ രുദന്തീം വ്യസനേ നിമഗ്നാം
സമുത്സുകഃ സോഽഥ ദദൎശ താരാം. 26

| | | | |
|---|---|---|---|
| ക്ഷിതി-ക്ഷമാവാൻ | ഭൂമിയെപ്പോലെ ക്ഷമാഗുണമാൎന്നവനായി | അവേക്ഷ്യ-മാണഃ, | നോക്കപ്പെട്ടവനായി, |
| ഭുവനസ്യ ഗോപ്താ | ഭുവനസംരക്ഷകനായ | വ്യസനേ | വ്യസനത്തിൽ |
| | | നിമഗ്നാം | ആണ്ടു് |
| സഃ | ആ | രുദന്തീം | കേണുകൊണ്ടിരിക്കുന്ന |
| രാമഃ, | ശ്രീരാമൻ, | താരാം, | താരയെ, [വളായ |
| തസ്മിൻ | ആ | അഥ | തന്മൂലം |
| ക്ഷണേ, | സമയം, | സമുത്സുകഃ | ദുഃഖാക്രാന്തനായി |
| അഭീക്ഷ്ണം | വീണ്ടും വീണ്ടും | ദദൎശ. | നിരീക്ഷിച്ചു. |

താം ചാരുനേത്രാം കപിസിംഹനാഥാം
പതിം സമാശ്ലിഷ്യ തദാ ശയാനാം
ഉത്ഥാപയാമാസുരദീനസത്വാം
മന്ത്രിപ്രധാനാഃ കപിരാജപത്നീം. 27

| | | | |
|---|---|---|---|
| മന്ത്രിപ്രധാനാഃ | പ്രധാനമന്ത്രിമാർ | തദാ | ആ സമയം |
| ചാരുനേത്രാം | ചാരുനേത്രയും | പതിം | ഭൎത്താവിനെ |
| അദീനസത്വാം | വിശിഷ്ടജ്ഞാന സമ്പന്നയും | സമാശ്ലിഷ്യ | പുണൎന്നുകൊണ്ടു് |
| | | ശയാനാം | കിടന്നിരുന്നവളും ആയ |
| കപിരാജപത്നീം | വാനരരാജഭാൎയ്യയും | താം | ആ താരയെ |
| കപിസിംഹ-നാഥാം | വാനരോത്തമന്മാൎക്ക് രാജ്ഞിയും, | ഉത്ഥാപയാ-മാസുഃ. | എഴുന്നേല്പിച്ചു. |

സാ വിസ്ഫുരന്തീ പരിരഭ്യമാണാ
ഭർത്തുഃ സകാശാദപനീയമാനാ
ദദർശ രാമം ശരചാപപാണിം
സ്വതേജസാ സൂര്യ്യമിവ ജ്വലന്തം. 28

| | | | |
|---|---|---|---|
| സാ | അവൾ [യി | ശരചാപ-പാണിം | അമ്പുംവില്ലും കയ്യിൽ ധരിച്ചവനും. |
| വിസ്ഫുരന്തീ | ദേഹം നടുങ്ങുന്നവളാ- | സ്വതേജസാ | നിജകാന്തിയാൽ |
| പരിരഭ്യമാണാ, | സഖിമാരാൽ പുൽക പ്പെട്ടവളായി, | സൂര്യ്യം ഇവ | സൂര്യ്യനെപോലെ |
| ഭർത്തുഃ സകാശാത് | ഭർത്തൃസമീപത്തിൽ നിന്ന് | ജ്വലന്തം | തേജോമയമായി വില സുന്നവനും ആയ |
| അപനീയമാനാ, | അകററിക്കൊണ്ടുപോക പ്പെട്ടവളായി, | രാമം | ശ്രീരാഘവനെ |
| | | ദദർശ. | ഉററുനോക്കി. |

സുസംവൃതം പാർത്ഥിവലക്ഷണൈശ്ച
തം ചാരുനേത്രം മൃഗശാബനേത്രാ
അദൃഷ്ടപൂർവ്വം പുരുഷപ്രധാന-
മയം സ കാകുത്സ്ഥ ഇതി പ്രജജ്ഞേ. 29

| | | | |
|---|---|---|---|
| മൃഗശാബനേത്രാ | ഇളമാൻ കണ്ണാളായ അവൾ | പുരുഷപ്രധാനം | പുരുഷോത്തമനുമായ |
| പാർത്ഥിവ-ലക്ഷണൈഃ | രാജചിഹ്നങ്ങളാൽ | തം | അദ്ദേഹത്തെ |
| സുസംവൃതം ച | പരിശോഭിക്കുന്നവനും | "അയം | "ഇദ്ദേഹംതന്നെ |
| ചാരുനേത്രം | മനോഹരങ്ങളായ നേത്രങ്ങളാർന്നവനും | സഃ | ആ |
| അദൃഷ്ടപൂർവ്വം | ഇതിന്നുമുമ്പ് തന്റെ ദൃഷ്ടിക്ക് വിഷയീഭവി ക്കാത്തവനും | കാകുത്സ്ഥഃ" | ശ്രീരാഘവൻ," |
| | | ഇതി | എന്ന് |
| | | പ്രജജ്ഞേ. | മനസ്സിൽ ധരിച്ചു. |

തസ്യേന്ദ്രകല്പസ്യ ദുരാസദസ്യ
മഹാനുഭാവസ്യ സമീപമാര്യ്യാ
ആർത്താഽതിതൂർണ്ണം വ്യസനാഭിപന്നാ
ജഗാമ താരാ പരിവിഹ്വലന്തീ. 30

| | | | |
|---|---|---|---|
| വ്യസനാഭിപന്നാ | ശോകാകുലിതയായി | ദുരാസദസ്യ | ദുഷ്പ്രാപനും |
| പരിവിഹ്വലന്തീ | മതിമറന്ന് | മഹാനുഭാവസ്യ | മഹാനുഭാവനുമായ |
| ആർത്താ | പരിതപിക്കുന്ന | തസ്യ | അദ്ദേഹത്തിന്റെ |
| ആര്യ്യാ | ഉത്തമയായ | സമീപം | സന്നിധാനത്തിലേക്കാ |
| താരാ, | താര, | അതിതൂർണ്ണം | അതിവേഗത്തിൽ [യി |
| ഇന്ദ്രകല്പസ്യ | ഇന്ദ്രസന്നിഭനും | ജഗാമ. | ചെന്നു. |

സാ തം സമാസാദ്യ വിശുദ്ധസത്വം
ശോകേന സംഭ്രാന്തശരീരഭാവാ
മനസ്വിനീ വാക്യമുവാച താരാ
രാമം രണോത്കഷ്ണലബ്ധലക്ഷ്യം. 31

| | | | |
|---|---|---|---|
| ശോകേന | ശോകത്താൽ | രണോത്-ക്ഷണ-ലബ്ധലക്ഷ്യം | പോരിൽ കുറിപിഴക്കാത്തവനെന്ന പ്രസിദ്ധി പൂണ്ടവനുമായ |
| സംഭ്രാന്ത-ശരീരഭാവാ | ശരീരത്തിന്റെ നില ഉഴറിയവളും | തം | ആ |
| മനസ്വിനീ | വിവേകമുള്ളവളുംആയ | രാമം | ശ്രീരാമനെ |
| സാ താരാ, | ആ താര, | സമാസാദ്യ | സമീപിച്ച്, |
| വിശുദ്ധസത്വം | ധൎമ്മത്തെ നിലനിൎത്തുന്നതായ വീൎയ്യമുള്ളവനും | വാക്യം | ഇപ്രകാരം |
| | | ഉവാച. | ഉണൎത്തിച്ചു. |

[“രണോല്ക്കൃഷ്ണലബ്ധലക്ഷ്യം” (ഒരേ ഒരു ബാണംകൊണ്ട് ബാലിയെ വധിച്ച് കീൎത്തി നേടിയവനായ) ശ്രീരാമനെ നിന്ദിക്കാനുള്ള ഉദ്ദേശത്തോടുകൂടി, ശ്രീരാമനെ അടുത്തവളായ താര, ഉടനെ തത്സാമീപ്യത്താൽ ശുദ്ധാന്തഃകരണയായി ഭവിച്ച്, ഭഗവത്സൂക്ഷ്മസ്വരൂപജ്ഞാനം സിദ്ധിച്ചവളായി ഭഗവാന്റെ ഗുണഗണങ്ങളെ പുകഴ്ത്തുന്നു. “സത്വാത്സഞ്ജായതേ ജ്ഞാനം” (ഗീത) എന്ന വാക്യപ്രകാരം, വിശുദ്ധസത്വനായ ശ്രീരാമന്റെ സാന്നിദ്ധ്യത്താൽ, “മനസ്വിനിയായ” സാത്വികഗുണസമ്പന്നയായ, താരയ്ക്കു ജ്ഞാനം ഉളവായെന്നു ബോദ്ധ്യം. (തനിശ്ലോകി).]

ത്വമപ്രമേയശ്ച ദുരാസദശ്ച
ജിതേന്ദ്രിയശ്ചോത്തമധാൎമ്മികശ്ച
അക്ഷയ്യകീൎത്തിശ്ച വിചക്ഷണശ്ച
ക്ഷിതിക്ഷമാവാൻ ക്ഷതജോപമാക്ഷഃ. 32

| | | | |
|---|---|---|---|
| “ത്വം ച | “നിന്തിരുവടിയാകട്ടെ, | ഉത്തമ-ധാൎമ്മികഃ ച; | സൎവ്വോത്കൃഷ്ടമായ ധൎമ്മാനുഷ്ഠാനയുക്തൻ; |
| അപ്രമേയഃ ച; | എപ്രകാരമുള്ള വൈഭവത്തോടുകൂടിയവനെന്നു അറിയപ്പെടുവാൻ കഴിയാത്തവനാകുന്നു; | അക്ഷയ്യ-കീൎത്തിഃ ച; | അപരിമിത കീൎത്തിശാലി; |
| | | വിചക്ഷണഃ; | സൎവ്വജ്ഞൻ; |
| ദുരാസദഃ ച; | ദുഷ്പ്രാപനാകുന്നു; | ക്ഷിതി-ക്ഷമാവാൻ; | ഭൂമിദേവിയെപ്പോലെ ക്ഷമയുള്ളവൻ; |
| ജിതേന്ദ്രിയഃ ച; | ഇന്ദ്രിയങ്ങളെ നിഗ്രഹിച്ചവൻ; | ക്ഷതജോപ-മാക്ഷഃ. | ചോരപോലെ തുടുത്ത നേത്രങ്ങളാൎന്നവൻ. |

[ഈ ശ്ലോകത്തിൽ പുരുഷോത്തമൻ, പുണ്ഡരീകാക്ഷൻ, ഇത്യാദി പദങ്ങളെക്കൊണ്ട് വ്യഞ്ജിക്കുന്നതായ പരത്വം പറയപ്പെടുന്നു:—

“ത്വം”:— ഇനി പറയപ്പെടുവാൻപോകുന്ന കല്യാണഗുണങ്ങൾക്കു അനുഗുണമായ ശാശ്വതസ്ഥാനമായുള്ളവൻ (ഭഗാ. രാ.); രാവണൻ, ദുന്ദുഭി എന്നവരെ അടക്കിയ ബാലിയെ വധിച്ച് ഒന്നും ചെയ്യാത്തവനെന്നപോലെ നില്ക്കുന്നവനായ നിന്തിരുവടി; ബാലിയെ പേടിച്ച് ഗിരിയിൽ ഒളിച്ചിരിക്കുന്ന സുഗ്രീവനുംകൂടി ജയത്തെ നല്കിയവനായ നിന്തിരുവടി; ശാപത്തിനു ഉദ്യുക്തയായ എന്നെയും സ്തുതിപ്പാനായി പ്രേരിപ്പിച്ച നിന്തിരുവടി (തനി ശ്ലോകി.)

“അപ്രമേയഃ”:— “വേദാഹമേതം പുരുഷം മഹാന്തം” (ഞാൻ ഈ മഹത്പുരുഷനെ അറിയും) എന്നിത്യാദിയായി ഉപക്രമത്തിൽ പറഞ്ഞു, ഒടുവിൽ “മഹാന്തം ക ഇത്ഥാ വേദ” (ഈ

മഹാ പുരുഷനെ ആൎക്കുതന്നെ അറിവാൻ കഴിയും) എന്നിങ്ങിനെ ഉപസംഹരിക്കുന്നതായ വേദങ്ങളാലുംകൂടി അപരിച്ഛേദ്യനായുള്ളവൻ; "സോ അംഗ വേദ യദി വാ ന വേദ" (ആ പുരുഷന്റെ തത്വത്തെ ആ പുരുഷൻ മാത്രമേ അറികയുള്ളൂ; ഒരുപക്ഷെ ആ പുരുഷനും അറിയില്ലെന്നും വരാം) എന്ന വേദവാക്യപ്രകാരം തനിക്കുംകൂടി തന്റെ രഹസ്യതത്വത്തെക്കുറിച്ച് അറിവില്ലാത്തവൻ; പ്രത്യക്ഷത്തിൽ കാണപ്പെടുന്നവനെന്നാലുംകൂടി മനസ്സിന്റെ ഉൽകൃഷ്ടമായ ശക്തികൊണ്ടും ഗ്രഹിക്കപ്പെടാത്തവൻ; ശരചാപധരനായി കാണപ്പെടുന്നവനെങ്കിലും വാസ്തവത്തിൽ ശംഖചക്രധരനായുള്ളവൻ; ഇന്ദ്രിയങ്ങൾക്ക് പ്രത്യക്ഷനായി വിലസുന്ന ഈ സൌലഭ്യദശയിലുംകൂടി അപരിച്ഛേദ്യമഹിമാവായവൻ; ഏകനായി നിസ്സഹായനായി കാണപ്പെടുന്നവനെന്നാലും സ്വപ്രഭാവാതിശയത്താൽ നിരവധികമായ പരിവാരങ്ങളോടുകൂടിയവനെന്നപോലെ വിലസുന്നവൻ; താപസരൂപത്തിൽ വിളങ്ങുന്നവനെങ്കിലും, ഖരവിരാധാദി ദുഷ്ടനിഗ്രഹംചെയ്ത് ക്ഷത്രവൃത്തിയിൽ പരിശോഭിക്കുന്നവൻ.

"ദുരാസദഃ ച":— ഇപ്രകാരം അന്തഃകരണങ്ങളാൽ ദുഷ്പ്രാപനെന്നിരുന്നാലും ബാഹ്യകരണങ്ങളാൽ സുപ്രാപനോ? എന്നതിന്ന് പറയുന്നു:— മനസ്സുകൊണ്ടുംകൂടി ദുഷ്പ്രാപനായി അപ്രമേയനായവൻ, എങ്ങിനെ മറ്റുപ്രകാരത്തിൽ പ്രാപിക്കപ്പെടും? ആകയാൽ ബാഹ്യേന്ദ്രിയങ്ങളാലും ദുഷ്പ്രാപനായവൻ; "മഹാജനോ യേന ഗതഃ സ പന്ഥാഃ," എന്ന രീതിയിൽ സന്മാൎഗ്ഗമല്ലാതെ മറ്റു യാതൊരു പന്ഥാവിൽകൂടിയും പ്രാപ്യനല്ലാത്തവൻ; നിത്യത്വം ഹേതുവാൽ വിശരണനാകാത്തവനും (നശിക്കാത്തവൻ), വിഭുത്വം ഹേതുവാൽ ചലനമില്ലാത്തവനും, നിത്യാനന്ദത്വം ഹേതുവാൽ തളൎച്ചയില്ലാത്തവനും ആകയാൽ, "സദ" ധാതുവിന്ന്, "ഷദ്ലൃ വിശരണഗത്യവസാദനേഷു" എന്ന സൂത്രപ്രകാരം വിശരണം, ഗതി, അവസാദനം എന്ന മൂന്നൎത്ഥങ്ങളെക്കൊണ്ടും പറയപ്പെടുന്നവയായ മൂന്നവസ്ഥയുമില്ലാത്തവൻ; ബാലിവധത്താൽ കുപിതന്മാരായ വാനരാദികളാൽ അടുക്കപ്പെടാത്തവൻ; ബാഹ്യമായ കുദൃഷ്ടികളാൽ യുക്ത്യാഭാസങ്ങളാലും അപ്രകമ്പ്യമായ മഹിമാവോടുകൂടിയവൻ.

"ജിതേന്ദ്രിയഃ ച":— ഇപ്രകാരം അന്യരാൽ എതിൎക്കപ്പെടുവാൻ കഴിയാത്ത അചിന്ത്യവൈഭവയുക്തനെന്നിരുന്നാലും, ആ സ്വശക്തികൊണ്ട് ദൃപ്തനാകാതെ, അന്യൎക്കുള്ളതായ രാജ്യം, സ്ത്രീ, ധനം മുതലായ യാതൊന്നിലുംതന്നെ ഇച്ഛയില്ലാത്തവൻ എന്ന് പറയുന്നു; നിസ്പൃഹനാകയാൽ സുഗ്രീവന്നായിക്കൊണ്ട് രാജ്യത്തെ സമൎപ്പിപ്പാൻ ഉദ്യുക്തനായവൻ; "ന രാമഃ പരദാരാൻ വൈ ചക്ഷുൎഭ്യാമപി പശ്യതി," എന്നു പറഞ്ഞ രീതിയിൽ പരസ്ത്രീമുഖത്തെ വീക്ഷിക്കാത്തവൻ; "പശ്യത്യചക്ഷുഃ സ ശൃണോത്യകൎണ്ണഃ. അപാണിപാദോ ജവനോ ഗ്രഹീതാ" എന്നിത്യാദി ശ്രുതിവാക്യപ്രകാരം സൎവ്വേന്ദ്രിയ രഹിതനെന്നാലും, സൎവ്വത്ര സൎവ്വത്തിനേയും സൎവ്വദാ അറിയുന്നവൻ; മറ്റുള്ളവരുടെ മനോബുദ്ധ്യാദീന്ദ്രിയങ്ങളാലും ഗ്രഹിക്കപ്പെടാത്തവൻ; ലോകത്തിൽ ഏകനായ ജിതേന്ദ്രിയൻ—അഹല്യയെ കാമിച്ച ഇന്ദ്രൻ, സ്വപുത്രിയെ കാമിച്ച ബ്രഹ്മാവ്, ഗുരുപത്നിയെ കാമിച്ച ചന്ദ്രൻ, ഇത്യാദിയായി "അഹല്യായൈ ജാരഃ സുരപതിരഭൂദാത്മതനയാം പ്രജാനാഥോƒയാസീദ ഭജത ഗുരോരിന്ദുരബലാം" എന്ന രീതിയിൽ മറ്റെല്ലാ ദേവന്മാരും ഇന്ദ്രിയവശഗരായിരിക്കെ, താൻ മാത്രം ഏകനായി ജിതേന്ദ്രിയനായിരിക്കുന്നവൻ എന്നു സാരം;

"ഉത്തമ ധാൎമ്മികഃ ച":— ഇപ്രകാരം വിരക്തനെന്നിരുന്നാലും ബാലിയെ വധിച്ച കാരണം പരഹിംസ ചെയ്കതിനാൽ അധാൎമ്മികനല്ലെന്ന് പറയുന്നു; സ്വാശ്രിതരക്ഷണാൎത്ഥം ശത്രുഹിംസ ചെയ്കതിനാൽ പരമധാൎമ്മികൻ; സ്വാൎത്ഥത്തെ മാത്രം ചെയ്യുന്ന അധമധാൎമ്മികനല്ലാതെ, സ്വാൎത്ഥത്തേയും പരാൎത്ഥത്തേയും ചെയ്യുന്ന മദ്ധ്യമധാൎമ്മികനല്ലാതെ, പരാൎത്ഥത്തെമാത്രം ചെയ്യുന്ന ഉത്തമധാൎമ്മികൻ; വൎണ്ണാശ്രമാചാരസമാരാദ്ധ്യനായ ധാൎമ്മികൻ; ഭക്തിമാൎഗ്ഗംകൊണ്ടുമാത്രം ഭജിക്കത്തക്കവൻ; ശരണാഗതസംരക്ഷണമെന്ന ഉത്തമ ധൎമ്മത്തെ കയ്ക്കൊണ്ടവൻ; "ഉപായോ ഗുരുരേവ സ്യാത്തേനാനുഗൃഹീതോ ബ്രഹ്മലോകം ഗച്ഛതി" (ഗുരുതന്നെയാകുന്നു ബ്രഹ്മത്വപ്രാപ്തിക്കുള്ള ഉപായം; ഗുരുവിനാൽ അനുഗ്രഹിക്കപ്പെട്ടവൻ ബ്രഹ്മലോകത്തെ പ്രാപിക്കുന്നു) എന്ന വാക്യപ്രകാരം പറയപ്പെട്ട ഗുരുധൎമ്മത്തോടുകൂടിയവൻ; "ആനൃശംസ്യം പരോ ധൎമ്മഃ" എന്നു പറയപ്പെട്ട മാതിരി കാരുണ്യമാകുന്ന പരമധൎമ്മയുക്തൻ; സ്വാശ്രിതജനങ്ങളുടെ ആപത്തിന്ന് തന്റെ വക്ഷസ്സിനെ

ത്തന്നെ ലക്ഷ്യമാകുന്ന ഉത്തമധൎമ്മിഷ്ഠൻ; അകൃത്യകരണത്താൽ നരകപ്രാപ്തിയോഗ്യനായ ബാലിയെ വധിച്ച് തദ്വാരാ പൂതനാക്കി സ്വൎഗ്ഗപ്രാപ്തിയോഗ്യനാക്കിയതിനാൽ ഉത്തമധാൎമ്മികൻ;

"അക്ഷയ്യകീൎത്തിഃ ച":— മറവിൽ നിന്നുകൊണ്ട് നിരപരാധിയായ ബാലിയെ വധിച്ച കാരണം ധാൎമ്മികത്വമെങ്ങിനെ സാധുവാകും? എന്നതിന്നു പറയുന്നു:— ആശ്രിതന്മാരായ പ്രജകൾ മുതലായവരെ ഉപദ്രവിക്കുന്നതിനാൽ കാട്ടുമൃഗങ്ങളെ വേട്ടയാടി വധിക്കുന്നത് ന്യായമായി കരുതപ്പെടുന്നതിനാലും, തിൎയ്യക്കായ ജന്തുവുമായി സാൎവ്വഭൗമനായവന്നു അഭിമുഖയുദ്ധം എന്നു പറയുന്നതു് അയശസ്കരമാകയാലും, അപ്രകാരം പ്രഛന്നവധംകൊണ്ട് ക്ഷയിക്കാത്ത കീൎത്തിയോടുകൂടിയവൻ; "തസ്യ നാമ മഹദ്യശഃ" എന്ന പ്രകാരം പരത്വമാകുന്ന മഹാ യശസ്സോടുകൂടിയവൻ;

"വിചക്ഷണഃ ച":— ദൂരദൃഷ്ടിയുള്ളവനാകയാൽ യുക്തായുക്തങ്ങളെ പരിചിന്തനംചെയ്ത് സൎവ്വകാൎയ്യങ്ങളേയും ചെയ്യുന്നവൻ; അതിനാൽതന്നെ, തന്റെ കൺമുമ്പാകെ നിരപരാധിയായ സുഗ്രീവന്നു ബാലിവക്കൽനിന്ന് പരാഭവത്തെ ഒരിക്കൽകൂടി ഉളവാക്കി, ലക്ഷ്യപ്പിഴവു് വരാതിരിപ്പാനായി സ്വബുദ്ധിവൈഭവത്താൽ ഗജപുഷ്പിയെ അണിയിച്ച്, അപരാധിയായ ബാലിയെ വധിച്ചവൻ; "യഃ സൎവ്വജ്ഞഃ സൎവ്വവിത്, സ്വാഭാവികീ ജ്ഞാനബലക്രിയാ ച" എന്ന പ്രകാരം സഹജസൎവ്വജ്ഞനായവൻ; "ഉത്തരോത്തരയുക്തൗ ച വക്താ വാചസ്പതിൎയ്യഥാ," എന്ന പ്രകാരം ആക്ഷേപങ്ങൾക്ക് ഉത്തരോത്തരമായ സമാധാനത്തെ പറയുന്ന വാഗ്മി; ഏകാരി മൈത്രികാരണം തന്നെപ്പോലെതന്നെ ആപത്തിൽപ്പെട്ട സുഗ്രീവൻ തനിക്ക് സഹായിയാകുമെന്നും, രാവണമൈത്രികാരണം ബാലി സഹായിയാകയില്ലെന്നുംകണ്ട്, സുഗ്രീവനെ സ്വീകരിച്ച് ബാലിയെ ത്യജിച്ച ബുദ്ധിമാൻ;

"ക്ഷിതിക്ഷമാവാൻ":— "ശത്രോഃ ശേഷം ന ശേഷയേത്," (ശത്രുവിന്റെ അവശേഷത്തെ വെച്ചേക്കരുത്) എന്ന ന്യായപ്രകാരം "സപുത്രപൌത്രം സാമാത്യം സമിത്രജ്ഞാതിബാന്ധവം ഹത്വാ," എന്നു പറഞ്ഞമാതിരി ശത്രുപക്ഷത്തിൽ അവശേഷിച്ച അംഗദാദികളേയും, നാമാവശേഷമാക്കിച്ചെയ്യുമോ? എന്നതിന്ന് പറയുന്നു:— അപ്രകാരം ശത്രുനിൎവ്വിശേഷം വരുത്താതെ അംഗദാദികളിൽ അനുകമ്പയോടുകൂടി വൎത്തിക്കുന്നതിനാൽ പ്രശസ്തമായ ക്ഷമയോടുകൂടിയവൻ; "ക്ഷമയാ പൃഥിവീസമഃ" എന്ന പ്രകാരം പഞ്ചാശത്കോടിയോജന വിസ്തീൎണ്ണമായ ഭൂമിയുടെ ക്ഷമയെ, താനൊരുവങ്കൽ പ്രകടിപ്പിക്കുന്നവൻ; 'ക്ഷതജോപമാക്ഷഃ' എന്ന പദംകൊണ്ടു പറയപ്പെട്ടമാതിരി, ശത്രുവിനെ വധിക്കുന്ന സമയം കോപാരുണിതമായ നേത്രങ്ങളിലെ ചുവപ്പു ശമിക്കുന്നതിന്നുമുമ്പു തന്നെ ഇപ്രകാരമുള്ള ക്ഷമാഗുണം പ്രദൎശിപ്പിച്ചതിനാൽ അനിതരസാധാരണമായ ക്ഷമയോടുകൂടിയവൻ.

"ക്ഷതജോപമാക്ഷഃ":— ബാലിയുടെ നേരെയുള്ള കോപത്താൽ തുടുത്ത നേത്രങ്ങളോടുകൂടിയവൻ; അഥവാ സീതാശോകത്താൽ; അഥവാ സുഗ്രീവാനുതാപത്താൽ; അഥവാ "ത്രിതാമ്രഃ" എന്നു ലക്ഷണം പറഞ്ഞപ്രകാരം 'രക്താസ്യനേത്രപാണിയായവൻ'; 'രാമോ രക്താന്തലോചനഃ' എന്ന പ്രകാരം സ്വാഭാവികമായ രക്തമായ കടക്കണ്ണോടുകൂടിയവൻ; "യഥാ കപ്യാസം പുണ്ഡരീകം ഏവമക്ഷിണീ" എന്ന ശ്രുതിവാക്യപ്രതിപാദിതമായ രക്തനേത്രത്തോടുകൂടിയവൻ.

ഈ ശ്ലോകത്തിൽ ഓരോ പദത്തിന്നും പ്രത്യേകം 'ച' കാരപ്രയോഗത്താൽ, ഈ ഓരോ ഗുണവും പരത്വപ്രതിപാദനത്തിന്നു മതിയായതാകുന്നു എന്നു വിവക്ഷ. "ക്ഷിതിക്ഷമാവാൻ" എന്ന പദത്തിന്റെകൂടെ 'ച'കാരം പ്രയോഗിക്കാത്തതു് ഗുണാന്തരങ്ങൾക്ക് അവകാശമോ ആവശ്യമോ ഇല്ലെന്നു സാരം. "ക്ഷതജോപമാക്ഷഃ" എന്ന പദത്തിന്നുകൂടെ 'ച'കാരം പ്രയോഗിക്കാത്തതു, മററു പദങ്ങളിൽ വിവക്ഷിതമായ ഗുണങ്ങൾപോലെയല്ലാതെ, ശാരീരികഗുണമാണെന്നു സൂചന.

അഥവാ സാധാരണന്മാൎക്ക് അപ്രമേയനാണെന്നാലും, 'ച'കാരംകൊണ്ട് ആശ്രിതന്മാൎക്ക് സുപ്രമേയൻ എന്നു വിവക്ഷ; "നായമാത്മാ പ്രവചനേന ലഭ്യോ ന മേധയാ ന ബഹുനാ ശ്രുതേന. യമേവൈഷ വൃണുതേ തേന ലഭ്യസ്തസ്യൈഷ ആത്മാ വിവൃണുതേ തനൂം സ്വാം" എന്ന കഠോപനിഷദ്വാക്യപ്രകാരം പരമാത്മാവു് ആശ്രിതന്മാൎക്ക് സുലഭനാകുന്നു എന്ന് ഗ്രാഹ്യം. അപ്രകാരം തന്നെ "നമോ നമോ വാങ്മനസാതിഭൂമയേ നമോ നമോ വാങ്മനസൈകഭൂമയെ" എന്ന

വാക്യത്തിലും കാണ്ക. ഇപ്രകാരം, അനാശ്രിതന്മാൎക്ക് ദുരാസദനാണെന്നാലും, ആശ്രിതജനത്തിനു സുലഭൻ; അനാശ്രിതവിഷയത്തിൽ ജിതേന്ദ്രിയനെന്നാലും ആശ്രിതവിഷയത്തിൽ ചപലൻ; ഉത്തമധാൎമ്മികനും, 'ച'കാരംകൊണ്ട് അധൎമ്മത്തെ ദൂരീകരിച്ചവൻ എന്നും; അക്ഷയ്യകീൎത്തിമാനും, 'ചകാരത്താൽ', തദനുരൂപമായ പ്രവൃത്തിയോടുകൂടിയവൻ എന്നും; വിചക്ഷണനും 'ച'കാരംകൊണ്ട് ആശ്രിതന്മാരെ ത്യജിപ്പാൻ അശക്തൻ എന്നും. "മിത്രഭാവേന സംപ്രാപ്തം ന ത്യജേയം കഥഞ്ചന" (യുദ്ധകാണ്ഡം 18-ാംസൎഗ്ഗം) എന്ന വാക്യം കാണ്ക.

"ജ്ഞാനശക്തിബലൈശ്വൎയ്യ വീൎയ്യതേജാംസ്യശേഷതഃ," എന്ന വാക്യപ്രകാരമുള്ള പരത്വാനുസംബന്ധിയായ ഷാഡ്ഗുണ്യത്തെ "ആനൃശംസ്യമനുക്രോശം ശ്രുതം ശീലം ദമഃ ശമഃ. രാഘവം ശോഭയന്ത്യേതേ ഷഡ്ഗുണാഃ പുരുഷൎഷഭം" (അ:യോ. 33-ാംസ.) എന്ന ശ്ലോകത്തിൽ കവി സൂചിപ്പിച്ചിരിക്കുന്ന മാതിരി, അപഹതപാപ്മത്വാദിയായ ഗുണാഷ്ടകങ്ങളെ ഈ "അപ്രമേയശ്ച" എന്നിത്യാദിയായ ശ്ലോകംകൊണ്ട് കവി സൂചിപ്പിച്ചിരിക്കുന്നു. (ഗോവിന്ദരാജീയം; തനിശ്ലോകി).]

തവാത്തബാണാസനബാണപാണിർ-
മഹാബലഃ സംഹനനോപപന്നഃ
മനുഷ്യദേഹാഭ്യുദയം വിഹായ
ദിവ്യേന ദേഹാഭ്യുദയേന യുക്തഃ. 33

| | | | |
|---|---|---|---|
| "ത്വം | "നിന്തിരുവടി | സംഹനനോപപന്നഃ; | ചാരുകളേബരമാൎന്നവൻ; |
| ആത്ത-ബാണാസന-ബാണപാണിഃ | കോദണ്ഡത്തേയും ബാണത്തേയും സദാ സജ്ജമായി കയ്യിൽ പിടിച്ചിരിക്കുന്നവനാകുന്നു; | മനുഷ്യ-ദേഹാഭ്യുദയം വിഹായ, | മനുഷ്യദേഹത്തിന്ന് ഉചിതമായ സ്വഭാവത്തെ വെടിഞ്ഞ്, |
| | | ദിവ്യേന | അമാനുഷമായ |
| മഹാബലഃ; | മഹാബലവാൻ; | ദേഹാഭ്യുദയേന യുക്തഃ. | ദേഹ സൗഷ്ഠവംകൊണ്ട് വിളങ്ങുന്നവൻ |

യേനൈവ ബാണേന ഹതഃ പ്രിയോ മേ
തേനൈവ മാം ത്വം ജഹി സായകേന
ഹതാ ഗമിഷ്യാമി സമീപമസ്യ
ന മാമൃതേ രാമ രമേത വാലീ. 34

| | | | |
|---|---|---|---|
| "രാമ! | "ശ്രീരാമ! | തേന ഏവ | അതേ |
| വാലീ | ബാലി | സായകേന | ബാണത്താൽ |
| മാം ഋതേ | എന്നെക്കൂടാതെ | മാം ഏവ | എന്നേയും |
| രമേത ന; | മനഃസമാധാനത്തോടിരിക്കുകയില്ല; | ത്വം | നിന്തിരുവടി |
| മേ | എന്റെ | ജഹി; | വധിച്ചേക്കുക; |
| പ്രിയഃ | പ്രാണനാഥൻ | ഹതാ | ഹതയായ ഞാൻ |
| യേന | ഏതൊരു | അസ്യ | ഇദ്ദേഹത്തിന്റെ |
| ബാണേന | ബാണത്താൽ | സമീപം | സന്നിധാനത്തെ |
| ഹതഃ | വധിക്കപ്പെട്ടുവോ | ഗമിഷ്യാമി. | പ്രാപിക്കും. |



वालि-वध और ताराविलाप

THE GITA PRESS, GORAKHPUR. No. 276.

സ്വൎഗ്ഗേഽപി പദ്മാമലപത്രനേത്രഃ
സമേത്യ സംപ്രേക്ഷ്യ ച മാമപശ്യൻ
ന ഹ്യേഷ ഉച്ചാവചതാമ്രചൂഡാഃ
വിചിത്രവേഷാപ്സരസോഽഭജിഷ്യത്. 35

| | |
|---|---|
| "പദ്മാമല-പത്രനേത്രഃ | "ചെന്താർപോലെ വിമലമായ നേത്രങ്ങളാന്ന |
| ഏഷഃ | ഇദ്ദേഹം |
| സ്വൎഗ്ഗേ | സ്വൎഗ്ഗത്തിൽ |
| സമേത്യ ച | എത്തിയശേഷവും, |
| സംപ്രേക്ഷ്യ | എങ്ങുംനോക്കി |
| മാം | എന്നെ |
| അപശ്യൻ അപി, | കാണാതിരിക്കുമ്പോഴും, |
| ഉച്ചാവച-താമ്രചൂഡാഃ | അധികമായും കുറവായും ചെമ്പിച്ച തലമുടികളാന്നവരും |
| വിചിത്ര-വേഷാ-പ്സരസഃ ഹി | പലമാതിരി വസ്ത്രാലങ്കാരഭൂഷിതകളുമായ അപ്സരസ്ത്രീകളേയും കൂടി |
| അഭജിഷ്യത് ന. | കണ്ണുകൊണ്ട് നോക്കുകയില്ല. |

സ്വൎഗ്ഗേഽപി ശോകം ച വിവൎണ്ണതാം ച
മയാ വിനാ പ്രാപ്സ്യതി വീര വാലീ
രമ്യേ നഗേന്ദ്രസ്യ തടാവകാശേ
വിദേഹകന്യാരഹിതോ യഥാ ത്വം. 36

| | |
|---|---|
| "വീര! | "ഹേ വീര! |
| ത്വം | നിന്തിരുവടി |
| നഗേന്ദ്രസ്യ | വൻപൎവ്വതത്തിന്റെ |
| രമ്യേ | ഭംഗിയേറിയ |
| തടാവകാശേ | താഴ്വരയിൽ |
| വിദേഹകന്യാ-രഹിതഃ | ജനകനന്ദിനിയെ പിരിഞ്ഞവനായി |
| യഥാ | എപ്രകാരമോ, അപ്രകാരം |
| വാലീ | ബാലി |
| സ്വൎഗ്ഗേ അപി | സ്വൎഗ്ഗത്തിലും |
| മയാ വിനാ | എന്നെപ്പിരിഞ്ഞ് |
| ശോകം ച | ശോകത്തേയും |
| വിവൎണ്ണതാം ച | വൈവൎണ്ണ്യത്തേയും |
| പ്രാപ്സ്യതി. | പ്രാപിക്കുന്നതാണ്. |

ത്വം വേത്ഥ യാവദ്വനിതാവിഹീനഃ
പ്രാപ്നോതി ദുഃഖം പുരുഷഃ കുമാരഃ
തത്ത്വം പ്രജാനൻ ജഹി മാം ന വാലീ
ദുഃഖം മമാദൎശനജം ഭജേത. 37

| | |
|---|---|
| "കുമാരഃ | "യൌവ്വനയുക്തനായ |
| പുരുഷഃ | ഒരുവൻ, |
| വനിതാ-വിഹീനഃ | തന്റെ പ്രിയതമയെ വേർപിരിഞ്ഞവനായി, |
| യാവത് | എത്രത്തോളം |
| ദുഃഖം | ദുഃഖത്തെ |
| പ്രാപ്നോതി, | അനുഭവിക്കുന്നു, എന്നത് |
| ത്വം | നിന്തിരുവടി |
| വേത്ഥ; | അറിയുമല്ലോ, |
| തത്ത്വം | ആ സംഗതി |
| പ്രജാനൻ | നല്ലപോലെ ഗ്രഹിച്ചവനായ നിന്തിരുവടി, |
| മാം | എന്നെ |
| ജഹി; | കൊന്നുകളയുക; |
| വാലീ | ബാലി |
| മമ അദൎശനജം | എന്നെക്കാണാഞ്ഞതിനാലുള്ള |
| ദുഃഖം | ദുഃഖത്തെ |
| ഭജേത ന. | അനുഭവിക്കാതിരിക്കട്ടെ. |

യച്ചാപി മന്യേത ഭവാൻ മഹാത്മാ
സ്ത്രീഘാതദോഷോ ന ഭവേത്തു മഹ്യം
ആത്മേയമസ്യേതി ച മാം ജഹി ത്വം
ന സ്ത്രീവധഃ സ്യാന്മനുജേന്ദ്രപുത്ര
ശാസ്ത്രപ്രയോഗാദ്വിവിധാച്ച വേദാ-
ദാത്മാ ഹ്യനന്യഃ പുരുഷസ്യ ദാരാഃ. 38

| | | | |
|---|---|---|---|
| "മഹാത്മാ | "മഹാത്മാവായ | മാം | എന്നെ |
| ഭവാൻ, | നിന്തിരുവടി, | ത്വം | നിന്തിരുവടി |
| യത് | യാതൊന്നുകാരണം | ജഹി; | വധിച്ചരുളിയാലും; |
| മന്യേത | വൈമനസ്യം കാണിക്കുമോ | അപി ച | ഇപ്രകാരമാകയാൽ |
| സ്ത്രീഘാതദോഷഃ | അപ്രകാരമുള്ള സ്ത്രീവധംകൊണ്ടുള്ള പാപം | സ്ത്രീവധഃ തു | സ്ത്രീവധം എന്നത് |
| മഹ്യം | എന്റെ സംഗതിയിൽ | ന സ്യാത്; | ഉണ്ടാകയില്ല; |
| ഭവേത് ന; | ഉണ്ടാകുന്നതല്ല; | ശാസ്ത്ര- പ്രയോഗാത് | ശാസ്ത്രങ്ങളിൽ പറഞ്ഞിരിക്കുന്നതിനാലും |
| മനുജേന്ദ്രപുത്ര! | ചക്രവർത്തിതനൂജ! | വിവിധാത് | പല |
| ഇയം | ഇവൾ, | വേദാത് ച | വേദവാക്യങ്ങളാലും |
| അസ്യ | ഇദ്ദേഹത്തിന്നു | ദാരാഃ | ധർമ്മപത്നി |
| ആത്മാ ഇതി ച | അഭിന്നയായ ആത്മാവാണെന്ന കാരണത്താൽ | പുരുഷസ്യ | ഭർത്താവിന്ന് |
| | | ആത്മാ | ആത്മാവാണെന്നും |
| | | അനന്യഃ ഹി. | മറ്റൊന്നില്ലെന്നും പ്രസിദ്ധമാണല്ലൊ. |

[" അർദ്ധോ വാ ഏഷ ആത്മനഃ യത് പത്നി, ആത്മാ ഹി ദാരാഃ," ഇത്യാദി വേദവാക്യങ്ങൾ കാണ്ക].

ദാരപ്രദാനാദ്ധി ന ദാനമന്യത്
പ്രദൃശ്യതേ ജ്ഞാനവതാം ഹി ലോകേ. 39

| | | | |
|---|---|---|---|
| "ലോകേ | "ലോകത്തിൽ | അന്യത് | മറ്റൊരു |
| ജ്ഞാനവതാം | ജ്ഞാനമുള്ളവർക്ക്, | ദാനം ഹി | ഉത്കൃഷ്ടമായ ധർമ്മം |
| ദാര- പ്രദാനാത് | ഒരു ധർമ്മപത്നിയെ സ്വഭർത്താവിന്റെ സമീപത്തിൽ ചേർക്കുക എന്നതിനെക്കാൾ | ന | ഇല്ല, എന്നുള്ളത് |
| | | പ്രദൃശ്യതേ ഹി. | പ്രസിദ്ധമായ സംഗതിയാണല്ലൊ. |

ത്വം ചാപി മാം തസ്യ മമ പ്രിയസ്യ
പ്രദാസ്യസേ ധർമ്മമവേക്ഷ്യ വീര
അനേന ദാനേന ന ലപ്സ്യസേ ത്വ-
മധർമ്മയോഗം മമ വീരഘാതാത്. 40

| | |
|---|---|
| "വീര! | "വീര! |
| ത്വം | നിന്തിരുവടി |
| ധർമ്മം | ധർമ്മത്തെ |
| അവേക്ഷ്യ, | കരുതി, |
| മമ | എന്റെ |
| തസ്യ | ആ |
| പ്രിയസ്യ ച, | പ്രാണനാഥന്നുതന്നെ, |
| മാം | എന്നെ |
| പ്രദാസ്യസേ! | നൽകിയാലും! |

| | |
|---|---|
| ത്വം | നിന്തിരുവടി |
| മമ | എന്റെ |
| വീരഘാതാത് | പ്രാണനാഥനെ കൊ |
| അനേന | ഈ [ന്ന കാരണം, |
| ദാനേന അപി | ധർമ്മമൊന്നുകൊണ്ടു മാ ത്രമെ |
| അധർമ്മയോഗം | പാപബന്ധമെന്നതിനെ |
| ലപ്സ്യസേ ന | പ്രാപിക്കാതിരിക്കയുള്ളു. |

ആത്മാമനാഥാമപനീയമാനാ-
മേവംവിധാമർഹസി മാം നിഹന്തും
അഹം ഹി മാതംഗവിലാസഗാമിനാ
പ്ലവംഗമാനാമൃഷഭേണ ധീമതാ
വിനാ വരാർഹോത്തമഹേമമാലിനാ
ചിരം ന ശക്ഷ്യാമി നരേന്ദ്ര ജീവിതും. 41

| | |
|---|---|
| "അനാഥാം | "നാഥൻ മരിച്ചവളായി, |
| അപനീയമാനാം | വേർപിരിക്കപ്പെട്ട് |
| ഏവംവിധാം | ഇപ്രകാരമെല്ലാം |
| ആത്മാം | ദുഃഖിക്കുന്നവളായ |
| മാം | എന്നെ |
| നിഹന്തും | വധിപ്പാൻ |
| അർഹസി; | തിരുവുള്ളമുണ്ടാകേ |
| നരേന്ദ്ര! | പുരുഷോത്തമ! [ണം; |
| മാതംഗവിലാസഗാമിനാ | മദിച്ച ആനയെപ്പോലെ ഉല്ലാസമായ് നടക്കുന്നവനും |

| | |
|---|---|
| പ്ലവംഗമാനാം | കപികൾക്ക് |
| ഋഷഭേണ | ശ്രേഷ്ഠനും |
| ധീമതാ | ധീമാനും |
| വരാർഹോത്തമഹേമമാലിനാ | വിലമതിക്കപ്പെടാത്ത ഉത്തമമായ സ്വർണ്ണമാലയോടു കൂടിയവനും ആയ അദ്ദേഹത്തെ |
| വിനാ | പിരിഞ്ഞ് |
| അഹം ഹി | ഞാൻമാത്രം |
| ചിരം | ഏറെക്കാലം |
| ജീവിതും | ജീവിച്ചിരിപ്പാൻ |
| ശക്ഷ്യാമി ന" | ശക്തയല്ല". |

ഇത്യേവമുക്തസ്തു വിഭുർമഹാത്മാ
താരാം സമാശ്വാസ്യ ഹിതം ബഭാഷേ. 42

| | |
|---|---|
| ഇതി ഏവം | മേൽപ്രകാരം |
| ഉക്തഃ | ഉണർത്തിക്കപ്പെട്ട |
| മഹാത്മാ | മഹാത്മാവായ |
| വിഭുഃ, | ആ ലോകനാഥൻ, |

| | |
|---|---|
| താരാം | താരയെ |
| സമാശ്വാസ്യ തു | ആശ്വസിപ്പിച്ച്, |
| ഹിതം | ഹിതകരമായതിനെ |
| ബഭാഷേ. | ഇപ്രകാരം ഉരചെയ്തു. |

മാ വീരഭാര്യേ വിമതിം കുരുഷ്വ
ലോകോ ഹി സർവ്വോ വിഹിതോ വിധാത്രാ
തം ചൈവ സർവ്വം സുഖദുഃഖയോഗം
ലോകോഽബ്രവീത് തേന കൃതം വിധാത്രാ. 43

| | |
|---|---|
| "വീരഭാര്യേ! | "വീരപത്നിയായവളേ! |
| വിമതിം | വേണ്ടാത്ത ആലോചനയ്ക്കു് |
| കുരുഷ്വ മാ; | വഴികൊടുക്കാതിരിക്കുക; |
| വിധാത്രാ ഹി | വിധി ഒരുവനാൽ തന്നെയാണു് |
| ലോകഃ | ലോകം |
| സർവ്വഃ | മുഴുവനും |
| വിഹിതഃ; | നടത്തപ്പെടുന്നതു്; |

| | |
|---|---|
| സുഖദുഃഖയോഗം | സുഖദുഃഖാനുഭവം എന്നു |
| തം സർവ്വം ച | അതുമുഴുവനും |
| തേന | ആ |
| വിധാത്രാ ഏവ | ബ്രഹ്മാവിനാൽതന്നെയാകുന്നു |
| കൃതം | വിളയിക്കപ്പെടുന്നതു്, |
| ലോകഃ | വേദം [എന്നു് |
| അബ്രവീത്. | ഘോഷിച്ചിരിക്കുന്നു. |

["ന ഹി വൈ സ ശരീരസ്യ സതഃ പ്രിയാപ്രിയയോരപഹതിരസ്തി" എന്നു ശ്രുതി. (തിലകം)]

ത്രയോ ഹി ലോകാ വിഹിതം വിധാനം
നാതിക്രമന്തേ വശഗാ ഹി തസ്യ
പ്രീതിം പരാം പ്രാപ്സ്യസി താം തഥൈവ
പുത്രസ്തു തേ പ്രാപ്സ്യതി യൌവരാജ്യം
ധാത്രാ വിധാനം വിഹിതം തഥൈവ
ന ശൂരപത്ന്യഃ പരിദേവയന്തി. 44

| | |
|---|---|
| "ത്രയഃ | "മൂന്നു |
| ലോകാഃ ഹി | ലോകവാസികളും |
| തസ്യ | ആ ബ്രഹ്മദേവന്റെ |
| വശഗാഃ ഹി | ആജ്ഞാനുസാരികളായ്ത്തന്നെ |
| വിഹിതം | വിധിക്കപ്പെട്ടതായ |
| വിധാനം | വിധിയെ |
| അതിക്രമന്തേ ന; | അതിക്രമിക്കുന്നില്ല; |
| തേ | ഭവതിയുടെ |
| പുത്രഃ | പുത്രൻ |
| യൌവരാജ്യം തു | യുവരാജ്യപദവിയെ ഇപ്പോൾ |
| പ്രാപ്സ്യതി; | പ്രാപിക്കുന്നതാണു്; |
| തഥാ ഏവ | അപ്രകാരമായ ഉടനെ |

| | |
|---|---|
| താം | ആ |
| പരാം | അതിയായ |
| പ്രീതിം | മനഃസന്തുഷ്ടിയെ |
| പ്രാപ്സ്യസി; | ഭവതി കയ്ക്കൊള്ളുന്നതാണു്; |
| തഥാ ഏവ | അപ്രകാരം തന്നെയാണു് |
| ധാത്രാ | വിധാതാവിനാൽ |
| വിഹിതം | നിശ്ചയിക്കപ്പെട്ടിരിക്കുന്നു |
| വിധാനം; | വിധി; |
| ശൂരപത്ന്യഃ | വീരപത്നിമാർ |
| പരിദേവയന്തി ന." | പരിതപിക്കുമാറില്ല." |

ആശ്വാസിതാ തേന തു രാഘവേണ
പ്രഭാവയുക്തേന പരന്തപേന
സാ വീരപത്നീ ധ്വനതാ മുഖേന
സുവേഷരൂപാ വിരരാമ താരാ. 45

| | | | |
|---|---|---|---|
| പരംതപേന | ശത്രുസന്താപകരനും | സുവേഷരൂപാ | മനോജ്ഞ രൂപിണിയും |
| പ്രഭാവയുക്തേന തു | അമാനുഷ വൈഭവയുക്തനും ആയ | സാ താരാ, | ആ താര, [ആയ |
| തേന | ആ | ധ്വനതാ | തൽക്കാല മനഃസ്ഥിതിയെ ധ്വനിപ്പിക്കുന്നതായ |
| രാഘവേണ | ശ്രീരാഘവനാൽ | | |
| ആശ്വാസിതാ | സമാധാനിപ്പിക്കപ്പെട്ടവളും | മുഖേന | മുഖഭാവത്തോടുകൂടിയവളായി |
| വീരപത്നീ | വീരപത്നിയും | വിരരാമ. | മൌനമായിരുന്നു. |

[" ധ്വനതാ മുഖേന വിരരാമ. " (തേങ്ങിക്കൊണ്ടു് അടങ്ങിയിരുന്നു); (വള്ളത്തോൾ).]

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ചതുൎവിംശഃ സൎഗ്ഗഃ = ഇരുപത്തിനാലാംസൎഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 10267; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1015.

## പഞ്ചവിംശഃ സൎഗ്ഗഃ = ഇരുപത്തഞ്ചാംസൎഗ്ഗം.

[വാലിസംസ്കാരഃ = ബാലിയെ സംസ്കരിക്കുന്നതു്.]

സുഗ്രീവം ചൈവ താരാം ച സാംഗദം സഹലക്ഷ്മണഃ
സമാനശോകഃ കാകുത്സ്ഥഃ സാന്ത്വയന്നിദമബ്രവീത്. 1

| | | | |
|---|---|---|---|
| സഹലക്ഷ്മണഃ | ലക്ഷ്മണസഹിതനും, | സാംഗദം | അംഗദസഹിതനായ |
| സമാനശോകഃ | തന്റെ കൂടെയുള്ളവരുടെ ദുഃഖത്താൽ വ്യസനിക്കുന്നവനും ആയ | സുഗ്രീവം ച | സുഗ്രീവനേയും നോക്കി |
| | | സാന്ത്വയൻ ഏവ | സമാശ്വസിപ്പിക്കുന്നവനായിതന്നെ |
| കാകുത്സ്ഥഃ, | ശ്രീരാഘവൻ, | ഇദം | ഇപ്രകാരം |
| താരാം ച | താരയേയും | അബ്രവീത്. | അരുളിച്ചെയ്തു. |

ന ശോകപരിതാപേന ശ്രേയസാ യുജ്യതേ മൃതഃ
യദത്രാനന്തരം കാൎയ്യം തത് സമാധാതുമൎഹഥ. 2

| | | | |
|---|---|---|---|
| " മൃതഃ | " മൃതിപ്പെട്ടവൻ | അനന്തരം | മേൽവേണ്ട |
| ശോകപരിതാപേന | ദുഃഖിച്ചു് പരിതപിക്കുന്നതിനാൽ, | കാൎയ്യം | കൃത്യം |
| | | യത് | യാതൊന്നൊ |
| ശ്രേയസാ യുജ്യതേ ന; | നന്മയോടുകൂടിയവനായി ഭവിക്കുന്നില്ല; | തത് | അതിനെ |
| അത്ര | ഇക്കാൎയ്യത്തിൽ | സമാധാതും അൎഹഥ. | അനുഷ്ഠിക്കേണ്ടതാണ്. |

ലോകവൃത്തമനുഷ്ഠേയം കൃതം വോ ബാഷ്പമോക്ഷണം
ന കാലാദുത്തരം കിഞ്ചിത് കർമ്മ ശക്യമുപാസിതും. 3

| | |
|---|---|
| "ലോകവൃത്തം | ലോകസമ്പ്രദായമായി |
| അനുഷ്ഠേയം | അനുഷ്ഠിക്കേണ്ടതായ |
| വഃ | നിങ്ങളുടെ |
| ബാഷ്പ-മോക്ഷണം | അശ്രുക്കൾ പൊഴിക്കുക എന്ന പ്രവൃത്തി, |
| കൃതം; | ഇത്രത്തോളം മതി; |
| കാലാത് ഉത്തരം | വിധിയെ അതിക്രമിച്ച് |
| കിഞ്ചിത് | യാതൊരു |
| കർമ്മ | കൃത്യവും |
| ഉപാസിതും | ചെയ്വാൻ |
| ന ശക്യം | കഴിവുള്ളതല്ല. |

നിയതിഃ കാരണം ലോകേ നിയതിഃ കർമ്മസാധനം
നിയതിഃ സർവ്വഭൂതാനാം നിയോഗേഷ്വിഹ കാരണം. 4

| | |
|---|---|
| "ലോകേ | "ലോകത്തിൽ |
| നിയതിഃ | വിധിതന്നെയാണ് |
| കാരണം; | എല്ലാററിന്നും കാരണമായത്; |
| നിയതിഃ | വിധിതന്നെയാണ് |
| കർമ്മസാധനം; | സർവ്വകാര്യത്തിലും പ്രത്യക്ഷത്തിൽ കാണപ്പെടുന്നത്; |
| ഇഹ | ഈ ലോകത്തിൽ, |
| നിയതിഃ | വിധിതന്നെയാണ് |
| സർവ്വഭൂതാനാം | എല്ലാപ്രാണികളുടേയും |
| നിയോഗേഷു കാരണം. | കാര്യങ്ങളിൽ പ്രവൃത്തിപ്പിക്കുന്നത്. |

[ഇപ്രകാരം അന്വയരൂപമായി ഈശ്വരാധീനത്തെക്കുറിച്ച് പറഞ്ഞു. ഇനി താഴെ വ്യതിരേകരൂപമായി പറയുന്നു. (ഗോ. രാ.)]

ന കർത്താ കസ്യചിത് കശ്ചിന്നിയോഗേ ചാപി നേശ്വരഃ
സ്വഭാവേ വർത്തതേ ലോകസ്തസ്യ കാലഃ പരായണം. 5

| | |
|---|---|
| "കസ്യചിത് | "യാതൊന്നിന്നുംതന്നെ |
| കശ്ചിത് | യാതൊരുവനും |
| കർത്താ ന; | കർത്താവാകുന്നില്ല; |
| നിയോഗേ ച അപി | ചെയ്യിക്കുന്നകാര്യത്തിലും |
| ഈശ്വരഃ ന; | ആജ്ഞാകരനാകുന്നില്ല; |
| ലോകഃ | ലോകം |
| സ്വഭാവേ | സ്വാഭാവികമായ കർമ്മഫലംകൊണ്ട് |
| വർത്തതേ; | നടന്നുവരുന്നു; |
| തസ്യ | ആ കർമ്മഫലത്തെ |
| പരായണം | വിളയിക്കുന്നത് തന്നെ |
| കാലഃ. | വിധിയെന്നത്. |

["ലോകഃ സ്വഭാവേ വർത്തതേ" (ലോകവ്യവഹാരമെന്നത് ഈശ്വരസഹിതമായ പൂർവ്വകൃതസ്വകർമ്മത്തിന്ന് അധീനമായിരിക്കുന്നു); "തസ്യ സ്വഭാവസ്യ കാലം പരായണം സഹകാരീത്യർത്ഥഃ" (ആ സ്വഭാവത്തിന്നു കാലം സഹകാരിയാകുന്നു). ഇപ്രകാരം സൂതസംഹിതയിലും പറയപ്പെട്ടിരിക്കുന്നു. "സ്വഭാവാദേവസംഭൂതം സമസ്തമിതി കേചന. തന്ന സിദ്ധ്യതി വിപ്രേന്ദ്രാ ദേശകാലാദ്യപേക്ഷണാത് മത്തഃ കർമ്മാദിരൂപേണ ജഗജ്ജന്മാദി ജായതേ. ഏഷ സ്വഭാവോ വിപ്രേന്ദ്രാ ഇതി വേദാർത്ഥനിർണ്ണയഃ. ന മയാ കേവലേനാപി ന ച കേവലകർമ്മണാ പ്രാണിനാം കർമ്മപാകേന മയാ ച മുനിസത്തമാഃ. ജഗതഃ സംഭവോ നാശഃ സ്ഥിതിശ്ച ഭവതി ദ്വിജാഃ" (തിലകം.)

"ന കാലഃ പരിഹീയതേ." (കാലം ഇതിനെ നശിപ്പിക്കുന്നില്ല.) നാശം എന്നത് ഇവിടെ ഷഡ്ഭാവവികാരങ്ങൾക്ക് ഉപലക്ഷണമാകുന്നു. "അപക്ഷയവിനാശാഭ്യാം പരിണാമർദ്ധി ജന്മഭിഃ വർജ്ജിതഃ ശക്യതേ വക്തും യഃ സദാസ്തീതി കേവലം" (ഗോ. രാ).]

ന കാലഃ കാലമത്യേതി ന കാലഃ പരിഹീയതേ
സ്വഭാവം ഹി സമാസാദ്യ ന കശ്ചിദതിവൎത്തതേ. 6

| | | | |
|---|---|---|---|
| "കാലഃ | "വിധി | സ്വഭാവം | സ്വാഭാവികമായ കൎമ്മഫലത്തെ |
| കാലം | അതിന്റെഫലത്തെ | സമാസാദ്യ, | പ്രാപിച്ച്, |
| അത്യേതി ന; | അതിക്രമിക്കുന്നില്ല; | കശ്ചിത് | ആരുംതന്നെ |
| കാലഃ | വിധി | അതിവൎത്തതേ ന. | അതിനെ അതിക്രമിപ്പാൻശക്തനാകുന്നില്ല. |
| പരിഹീയതേ ന; | ഏറക്കുറവുവരുത്തുന്നില്ല; | | |
| ഹി | ആകയാൽ | | |

ന കാലസ്യാസ്തി ബന്ധുത്വം ന ഹേതുൎന്ന പരാക്രമഃ
ന മിത്രജ്ഞാതിസംബന്ധഃ കാരണം നാത്മനോ വശഃ. 7

| | | | |
|---|---|---|---|
| "കാലസ്യ | "വിധിക്ക് | മിത്രജ്ഞാതിസംബന്ധഃ ന; | മിത്രൻ, ജ്ഞാതി, എന്ന ബന്ധുവും ഇല്ല; |
| ബന്ധുത്വം | പക്ഷപാതം എന്നത് | കാരണം; | മൂലകാരണംതന്നെയാണ് അത്; |
| അസ്തി ന; | ഇല്ലതന്നെ! | ആത്മനഃ | ഒരുവന്ന് |
| ഹേതുഃ ന | തനിക്ക് ആവശ്യമായുള്ളത് ഒന്നുമില്ല; | വശഃ ന. | അധീനപ്പെട്ടുനടക്കുക എന്നതുമില്ല. |
| പരാക്രമഃ ന; | പ്രയത്നവുമില്ല; | | |

കിം തു കാലപരീണാമോ ദ്രഷ്ടവ്യഃ സാധു പശ്യതാ
ധൎമ്മശ്ചാൎത്ഥശ്ച കാമശ്ച കാലക്രമസമാഹിതാഃ. 8

| | | | |
|---|---|---|---|
| "കിം തു | "എങ്കിലും, | ദ്രഷ്ടവ്യഃ; | കണ്ടറിയപ്പെടേണ്ടവയാകുന്നു; |
| സാധു പശ്യതാ | ഏതിനെയും നല്ലപോലെ ആലോചിക്കുന്ന ഒരുവനാൽ | ധൎമ്മഃ ച | ധൎമ്മവും |
| | | അൎത്ഥഃ ച | സ്വത്തും |
| കാലപരീണാമഃ | വിധിയാൽ അതാതുസമയം സംഭവിക്കുന്ന മാററങ്ങൾ | കാമഃ ച | സുഖവും |
| | | കാലക്രമസമാഹിതാഃ. | വിധിഫലങ്ങളായി കൈവരുന്നവയാകുന്നു. |

ഇതഃ സ്വാം പ്രകൃതിം വാലീ ഗതഃ പ്രാപ്തഃ ക്രിയാഫലം
ദാനമാനാൎത്ഥസംയോഗൈഃ പവിത്രം പ്ലവഗേശ്വരഃ. 9

| | | | |
|---|---|---|---|
| "പ്ലവഗേശ്വരഃ | "വാനരാധിപനായ | പവിത്രം | പുണ്യവും, |
| വാലീ | ബാലി | ക്രിയാഫലം | തന്റെ കൎമ്മഫലമായി ലഭിച്ചതുമായ |
| ഇതഃ | ഇഹലോകത്തിൽനിന്നും | | |
| ഗതഃ | പ്രേതനായി | സ്വാം | സ്വകീയമായ |
| ദാനമാനാൎത്ഥസംയോഗൈഃ | ദാനങ്ങൾ, അനുഗ്രഹങ്ങൾ എന്നവയുടെ സംബന്ധങ്ങൾകൊണ്ട് | പ്രകൃതിം | ശുദ്ധഭാവത്തെ |
| | | പ്രാപ്തഃ. | പ്രാപിച്ചിരിക്കുന്നു. |

സ്വധൎമ്മസ്യ ച സംയോഗാജ്ജിതസ്തേന മഹാത്മനാ
സ്വൎഗ്ഗഃ പരിഗൃഹീതശ്ച പ്രാണാനപരിരക്ഷതാ. 10

| | | | |
|---|---|---|---|
| “പ്രാണാൻ ച | “ജീവനേയും | സംയോഗാത് ച | സംബന്ധംകൊണ്ടു തന്നെ |
| അപരിരക്ഷതാ | തൃണീകരിച്ചു | സ്വൎഗ്ഗഃ | സ്വൎഗ്ഗം |
| മഹാത്മനാ | മഹാത്മാവായ | ജിതഃ | സമ്പാദിക്കപ്പെട്ടതായി |
| തേന | ആ ബാലിയാൽ [ന്റെ | പരിഗൃഹീതഃ. | സ്വീകരിക്കപ്പെട്ടു. |
| സ്വധൎമ്മസ്യ | സ്വകീയധൎമ്മത്തി- | | |

ഏഷാ വൈ നിയതിഃ ശ്രേഷ്ഠാ യാം ഗതോ ഹരിയൂഥപഃ
തദലം പരിതാപേന പ്രാപ്തകാലമുപാസ്യതാം. 11

| | | | |
|---|---|---|---|
| “ഹരിയൂഥപഃ | “വാനരോത്തമൻ | തത് | ആകയാൽ |
| യാം | യാതൊന്നിനെ | പരിതാപേന അലം; | ദുഃഖിച്ചതു മതി; |
| ഗതഃ, | പ്രാപിച്ചുവോ, | പ്രാപ്തകാലം | ഇപ്പോൾ ചെയ്യേണ്ടതായുള്ളത് |
| ഏഷാ | ഇപ്രകാരമുള്ള [ണ് | ഉപാസ്യതാം.” | അനുഷ്ഠിക്കപ്പെടട്ടെ.” |
| നിയതിഃ വൈ | വിധിഫലം തന്നെയാ- | | |
| ശ്രേഷ്ഠാ; | എല്ലാററിലും വെച്ച് ശ്രേഷ്ഠമായത്; | | |

വചനാന്തേ തു രാമസ്യ ലക്ഷ്മണഃ പരവീരഹാ
അവദത് പ്രശ്രിതം വാക്യം സുഗ്രീവം ഗതചേതസം. 12

| | | | |
|---|---|---|---|
| “രാമസ്യ വചനാന്തേ തു | “ശ്രീരാമൻ അരുളിച്ചെയ്ത ശേഷം, | ഗതചേതസം | പ്രജ്ഞയററിരുന്നവനായ |
| പരവീരഹാ | വിഷ്ണുവിന്റെ മറെറാരു അംശമായ | സുഗ്രീവം | സുഗ്രീവനോടായി [യ |
| ലക്ഷ്മണഃ, | ലക്ഷ്മണൻ, | പ്രശ്രിതം | ഹിതകരമായ |
| | | വാക്യം | വാക്യത്തെ |
| | | അവദത്. | ഇപ്രകാരം ഉരചെയ്തു. |

കുരു ത്വമസ്യ സുഗ്രീവ പ്രേതകാൎയ്യമനന്തരം. 13

| | | | |
|---|---|---|---|
| “സുഗ്രീവ! | “സുഗ്രീവ! | അനന്തരം | മേൽ വേണ്ടതായ |
| ത്വം | ഭവാൻ | പ്രേതകാൎയ്യം | അപരക്രിയയെ |
| അസ്യ | ഈ ബാലിക്ക് | കുരു. | ആജ്ഞാപിച്ചാലും. |

താരാംഗദാഭ്യാം സഹിതോ വാലിനോ ദഹനം പ്രതി
സമാജ്ഞാപയ കാഷ്ഠാനി ശുഷ്കാണി ച ബഹൂനി ച
ചന്ദനാദീനി ദിവ്യാനി വാലിസംസ്കാരകാരണാത്. 14

| | | | |
|---|---|---|---|
| “വാലിനഃ | “ബാലിയുടെ [ററി, | ശുഷ്കാണി | ശുഷ്കങ്ങളായ |
| ദഹനം പ്രതി, | ദഹനവിഷയത്തെപ്പ- | ദിവ്യാനി ച | നല്ല |
| താരാംഗദാഭ്യാം | താരയോടും അംഗദനോടും | ചന്ദനാദീനി | ചന്ദനം മുതലായ |
| | | ബഹൂനി ച | ധാരാളം |
| സഹിതഃ, | കൂടിയാലോചിച്ച്, | കാഷ്ഠാനി | വിറകുകളെ |
| വാലിസംസ്കാരകാരണാത് | ബാലിയുടെ ഉത്തര ക്രിയക്കായി | സമാജ്ഞാപയ. | തയ്യാറാക്കുവാൻ കല്പിച്ചാലും. |

സമാശ്വാസയ ചൈനം ത്വമംഗദം ദീനചേതസം
മാ ഭൂർബാലിശബുദ്ധിസ്ത്വം ത്വദധീനമിദം പുരം. 15

| | | | |
|---|---|---|---|
| " ത്വം | " ഭവാൻ | ബാലിശബുദ്ധിഃ | മൌഢ്യമവലംബിച്ച് |
| ദീനചേതസം | ദുഃഖാകുലിതമാനസനായ | മാ ഭൂഃ ; | വർത്തിക്കാതിരുന്നാലും ; |
| ഏനം | ഈ | ഇദം | ഈ |
| അംഗദം ച | അംഗദനേയും | പുരം | നഗരം |
| സമാശ്വാസയ ; | സമാധാനിപ്പിക്കുക ; | ത്വദധീനം. | അങ്ങയുടെ അധീനത്തിലിരിക്കുന്നു. |
| ത്വം | അങ്ങ് | | |

അംഗദസ്ത്വാനയേന്മാല്യം വസ്ത്രാണി വിവിധാനി ച
ഘൃതം തൈലമഥോ ഗന്ധാൻ യച്ചാത്ര സമനന്തരം. 16

| | | | |
|---|---|---|---|
| " അംഗദഃ തു | " അംഗദനും | തൈലം | എണ്ണയും |
| അത്ര | ഇപ്പോൾ | അഥോ | അപ്രകാരംതന്നെ |
| മാല്യം | പുഷ്പത്തെയും | ഗന്ധാൻ | വാസനദ്രവ്യങ്ങളും |
| വിവിധാനി | പല | സമനന്തരം യത് ച | കൂടാതെ വേണ്ടുന്നതെല്ലാററിനേയും |
| വസ്ത്രാണി ച | വസ്ത്രങ്ങളേയും, | | |
| ഘൃതം | നെയ്യും | ആനയേത്. | കൊണ്ടുവരട്ടെ. |

ത്വം താര ശിബികാം ശീഘ്രമാദായാഗച്ഛ സംഭ്രമാത്
ത്വരാ ഗുണവതീ യുക്താ ഹ്യസ്മിൻ കാലേ വിശേഷതഃ. 17

| | | | |
|---|---|---|---|
| " താര ! | " ഹേ താര ! | ഹി | എന്തെന്നാൽ |
| ത്വം | നീ | അസ്മിൻ | ഈ |
| ശീഘ്രം | വേഗത്തിൽ | കാലേ | സന്ദർഭത്തിൽ |
| ശിബികാം | പല്ലക്കു | ത്വരാ | ബദ്ധപ്പെടുന്നതു് |
| ആദായ | എടുത്തുകൊണ്ട് | വിശേഷതഃ | വിശേഷിച്ചും |
| സംഭ്രമാത് | കാലതാമസമെന്നിയേ | ഗുണവതീ യുക്താ. | ശുഭകരമായതാകുന്നു. |
| ആഗച്ഛ ; | വരിക ; | | |

സജ്ജീഭവന്തു പ്ലവഗാഃ ശിബികാവഹനോചിതാഃ
സമർത്ഥാ ബലിനശ്ചൈവ നിർഹരിഷ്യന്തി വാലിനം. 18

| | | | |
|---|---|---|---|
| " സമർത്ഥാഃ ച | " സമർത്ഥന്മാരും | പ്ലവഗാഃ | വാനരന്മാർ |
| ബലിനഃ ഏവ | ശക്തിയുള്ളവരും | വാലിനം | ബാലിയെ |
| ശിബികാ-വഹനോ-ചിതാഃ | പല്ലക്കെടുത്തു് പരിചയിച്ചവരും ആയ | നിർഹരിഷ്യന്തി; | എടുത്തുകൊണ്ടുവരും; |
| | | സജ്ജീഭവന്തു." | അവർ തയ്യാറായി നില്ക്കട്ടെ." |

ഏവമുക്ത്വാ തു സുഗ്രീവം സുമിത്രാനന്ദവൎദ്ധനഃ
തസ്ഥൌ ഭ്രാതൃസമീപസ്ഥോ ലക്ഷ്മണഃ പരവീരഹാ 19

| | | | |
|---|---|---|---|
| സുഗ്രീവം | സുഗ്രീവനോടായി | പരവീരഹാ | ശത്രുധ്വംസകനമായ |
| തു ഏവം | ഇതിനെക്കുറിച്ചിപ്രകാരം | ലക്ഷ്മണഃ, | ലക്ഷ്മണൻ, |
| ഉക്ത്വാ, | ഉരചെയ്തു, | | |
| സുമിത്രാനന്ദവൎദ്ധനഃ | സുമിത്രക്കു സന്തോഷത്തെ ഉളവാക്കുന്നവനും | ഭ്രാതൃസമീപസ്ഥഃ തസ്ഥൌ. | ജ്യേഷ്ഠന്റെ അടുക്കൽ ചെന്നുനിന്നു. |

ലക്ഷ്മണസ്യ വചഃ ശ്രുത്വാ താരഃ സംഭ്രാന്തമാനസഃ
പ്രവിവേശ ഗുഹാം ശീഘ്രം ശിബികാഗതമാനസഃ. 20

| | | | |
|---|---|---|---|
| താരഃ | താരൻ | സംഭ്രാന്തമാനസഃ | ബദ്ധപ്പെട്ടുകൊണ്ടു |
| ലക്ഷ്മണസ്യ | ലക്ഷ്മണന്റെ | | |
| വചഃ ശ്രുത്വാ, | ആജ്ഞ കേട്ടു, | ശീഘ്രം | ഉടനെ |
| ശിബികാഗതമാനസഃ | പല്ലക്കിനെ കൊണ്ടുവരുവാനായി | ഗുഹാം | ഗുഹയിൽ |
| | | പ്രവിവേശ. | പ്രവേശിച്ചു. |

ആദായ ശിബികാം താരഃ സ തു പൎയ്യാപതത് പുനഃ. 21
വാനരൈരുഹ്യമാനാം താം ശൂരൈരുദ്വഹനോചിതൈഃ
ദിവ്യാം ഭദ്രാസനയുതാം ശിബികാം സ്യന്ദനോപമാം 22
പക്ഷികൎമ്മഭിരാചിത്രാം ദ്രുമകൎമ്മഭിരാവൃതാം
ആസ്ഥിതാം ചിത്രപത്തീഭിഃ സുനിവിഷ്ടാം സമന്തതഃ. 23
വിമാനമിവ സിദ്ധാനാം ജാലവാതായനാവൃതാം
സുനിയുക്താം വിശാലാം ച സുകൃതാം വിശ്വകൎമ്മണാ 24
ദാരുപൎവ്വതകോപേതാം ചാരുകൎമ്മപരിഷ്കൃതാം
വരാഭരണഹാരൈശ്ച ചിത്രമാല്യോപശോഭിതാം. 25
ഗുഹാഗഹനസംച്ഛന്നാം രക്തചന്ദനഭൂഷിതാം
പുഷ്പൌഘൈഃ സമഭിച്ഛന്നാം പത്മമാലാഭിരേവ ച
തരുണാദിത്യവൎണ്ണാഭിർഭ്രാജമാനാഭിരാവൃതാം. 26

| | | | |
|---|---|---|---|
| സഃ | ആ | ശിബികാം, | മഞ്ചത്തോടുകൂടിയതും, |
| താരഃ, | താരൻ, | സ്യന്ദനോപമാം | രഥംപോലെ ഇരിക്കുന്നതും |
| ഉദ്വഹനോചിതൈഃ | എടുപ്പാൻ പരിചയമുള്ള | പക്ഷികൎമ്മഭിഃ | പക്ഷികളുടെ രൂപങ്ങളാൽ |
| ശൂരൈഃ | ശൂരന്മാരായ | | |
| വാനരൈഃ | വാനരന്മാരാൽ | ആചിത്രാം, | ചിത്രീകരിക്കപ്പെട്ടതും, |
| ഉഹ്യമാനാം, | വഹിക്കപ്പെട്ടതും, | ദ്രുമകൎമ്മഭിഃ ആവൃതാം, | വൃക്ഷങ്ങളുടെ ചിത്രങ്ങൾ വരയ്ക്കപ്പെട്ടതും, |
| ദിവ്യാം, | ഭംഗിയുള്ളതും, | | |
| ഭദ്രാസനയുതാം | സിംഹാസനത്തോടുകൂടിയ | ചിത്രപത്തീഭിഃ | വരിവരിയായ ചിത്രങ്ങൾകൊണ്ടു |

ആസ്ഥിതാം — അലങ്കരിക്കപ്പെട്ടതും,
സമന്തതഃ — ചുററും
സുനിവിഷ്ടാം, — ധാരാളം ഇരിപ്പാൻ സ്ഥലമുള്ളതും
സിദ്ധാനാം — സിദ്ധന്മാരുടെ
വിമാനം ഇവ, — വിമാനംപോലെ വിലസുന്നതും,
ജാലവാതായനാവൃതാം, — ജാലകങ്ങളും ജനലുകളുമാർന്നതും,
വിശ്വകർമ്മണാ — വിശ്വകർമ്മാവിനാൽ
വിശാലാം ച — വിശാലമായും
സുനിയുക്താം — ദൃഢമായും
സുകൃതാം ച — നല്ലപോലെ നിർമ്മിക്കപ്പെട്ടതും,
ദാരുപർവ്വതകോപേതാം, — മരപ്പലകകളിൽ കൊത്തിയ പർവ്വതങ്ങളാർന്നതും,
ചാരുകർമ്മപരിഷ്കൃതാം — മിനുസപ്പണി ചെയ്യപ്പെട്ടതും,
വരാഭരണഹാരൈഃ ച — ശ്രേഷ്ഠമായ ആഭരണങ്ങളാലും മാലകളാലും

ചിത്രമാല്യോപശോഭിതാം — നല്ല പുഷ്പങ്ങളാലും ശോഭിച്ചതും
ഗുഹാഗഹനസംച്ഛന്നാം — ഗുഹകളും വനങ്ങളും വരയ്ക്കപ്പെട്ടതും
രക്തചന്ദനഭൂഷിതാം — രക്തചന്ദനത്താൽ പൂശപ്പെട്ടതും
പുഷ്പൌഘൈഃ — പുഷ്പതതികളാൽ
സമഭിച്ഛന്നാം — എങ്ങുംനിറയപ്പെട്ടതും
തരുണാദിത്യവർണ്ണാഭിഃ ച — ബാലസൂര്യകാന്തി കൊണ്ട്
ഭ്രാജമാനാഭിഃ ഏവ — വിളങ്ങുന്ന
പദ്മമാലാഭിഃ — താമരപ്പൂമാലകളാൽ
ആവൃതാം — അലങ്കരിക്കപ്പെട്ടതും
താം — ആ [ആയ
ശിബികാം — പല്ലക്കിനെ
ആദായ — എടുത്തുകൊണ്ട്
പുനഃ തു — വീണ്ടും
പര്യാപതത്. — വന്നെത്തി.

ഈദൃശീം ശിബികാം ദൃഷ്ട്വാ രാമോ ലക്ഷ്മണമബ്രവീത്
ക്ഷിപ്രം വിനീയതാം വാലീ പ്രേതകാര്യം വിധീയതാം. 27

രാമഃ — ശ്രീരാമൻ
ഈദൃശീം — ഇപ്രകാരമുള്ള
ശിബികാം ദൃഷ്ട്വാ, — പല്ലക്ക കണ്ട്,
ലക്ഷ്മണം — ലക്ഷ്മണനോടായി
അബ്രവീത് ; — ഉരചെയ്തു ;

"വാലീ — "ബാലി
ക്ഷിപ്രം — വേഗത്തിൽ
വിനീയതാം ; — കൊണ്ടുപോകപ്പെടട്ടെ;
പ്രേതകാര്യം — പ്രേതകർമ്മം
വിധീയതാം." — ചെയ്യപ്പെടട്ടെ."

തതോ വാലിനമുദ്യമ്യ സുഗ്രീവഃ ശിബികാം തദാ
ആരോപയത വിക്രോശന്നംഗദേന സഹൈവ തു. 28

തദാ — ആ സമയം
സുഗ്രീവഃ തു, — സുഗ്രീവൻ തന്നെ,
അംഗദേന സഹ ഏവ — അംഗദനോടും കൂടി
വിക്രോശൻ — ഉറക്കെ കരഞ്ഞുംകൊണ്ട്

വാലിനം — ബാലിയെ
തതഃ — അവിടെ നിന്നും
ഉദ്യമ്യ — എടുത്ത്
ശിബികാം — പല്ലക്കിൽ
ആരോപയത. — കയററി.

ആരോപ്യ ശിബികാം ചൈവ വാലിനം ഗതജീവിതം
അലംകാരൈശ്ച വിവിധൈർമാല്യൈർവസ്ത്രൈശ്ച ഭൂഷിതം. 29
ആജ്ഞാപയത്തദാ രാജാ സുഗ്രീവഃ പ്ലവഗേശ്വരഃ
ഔർദ്ധ്വദൈഹികമാര്യസ്യ ക്രിയതാമനുരൂപതഃ. 30

| | | | |
|---|---|---|---|
| പ്ലവഗേശ്വരഃ | വാനരാധിപനും | ഭൂഷിതം | അലങ്കരിക്കപ്പെട്ടവ |
| രാജാ | അരചനും ആയ | ശിബികാം | പല്ലക്കിൽ [നായി |
| സുഗ്രീവഃ, | സുഗ്രീവൻ, | ആരോപ്യ, | എടുത്തുവെച്ച്, |
| ഗതജീവിതം | മൃതിപ്പെട്ട | തദാ ഏവ | ഉടനെ |
| വാലിനം | ബാലിയെ | ആജ്ഞാപയത്; | ഇപ്രകാരം കല്പിച്ചു; |
| വിവിധൈഃ | പലപല | "ആര്യസ്യ | "ജ്യേഷ്ഠന്റെ |
| അലംകാരൈഃ ച | ആഭരണങ്ങൾകൊണ്ടും | അനുരൂപതഃ | തക്കതായ വിധത്തിൽ |
| മാല്യൈഃ ച | മാലകൾകൊണ്ടും | ഔർദ്ധ്വദൈഹികം | ഉത്തരക്രിയ |
| വസ്ത്രൈഃ ച | വസ്ത്രങ്ങൾകൊണ്ടും | ക്രിയതാം. | ചെയ്യപ്പെടട്ടെ. |

വിശ്രാണയന്തോ രത്നാനി വിവിധാനി ബഹൂന്യപി
അഗ്രതഃ പ്ലവഗാ യാന്തു ശിബികാസമനന്തരം. 31

| | | | |
|---|---|---|---|
| "പ്ലവഗാഃ | "വാനരന്മാർ | വിശ്രാണയന്തഃ | വിതറിക്കൊണ്ട് |
| ബഹൂനി | ധാരാളം | ശിബികാസമനന്തരം | പല്ലക്കിന്നടുത്തായി |
| വിവിധാനി | പലമാതിരി | അഗ്രതഃ | മുമ്പിൽ |
| രത്നാനി അപി | രത്നങ്ങളെയും | യാന്തു." | ഗമിക്കട്ടെ." |

രാജ്ഞാമൃദ്ധിവിശേഷാ ഹി ദൃശ്യന്തേ ഭുവി യാദൃശാഃ
താദൃശം വാലിനഃ ക്ഷിപ്രം പ്രാകുർവന്നൌർദ്ധ്വദൈഹികം. 32

| | | | |
|---|---|---|---|
| ഭുവി | ലോകത്തിൽ | താദൃശം | അവയ്ക്ക് യോജിച്ചവി |
| രാജ്ഞാം | രാജാക്കന്മാൎക്ക് | ഔർദ്ധ്വദൈഹികം | അപരക്രിയയെ [ധം |
| യാദൃശാഃ | എപ്രകാരമുള്ള | വാലിനഃ | ബാലിക്കായി |
| ഋദ്ധിവിശേഷാഃ | സമ്പൽസമൃദ്ധികൾ | ക്ഷിപ്രം | വിരവോടെ |
| ദൃശ്യന്തേ ഹി | കാണുന്നുവോ | പ്രാകുർവൻ. | അവർ ചെയ്തു. |

അംഗദം പരിഗൃഹ്യാശു താരപ്രഭൃതയസ്തദാ
ക്രോശന്തഃ പ്രയയുഃ സർവ്വേ വാനരാ ഹതബാന്ധവാഃ. 33

| | | | |
|---|---|---|---|
| തദാ | ആ സമയം | അംഗദം | അംഗദനെ |
| ഹതബാന്ധവാഃ | ആപദ്ബന്ധുവില്ലാതാ | പരിഗൃഹ്യ | ചുററിക്കൊണ്ട് |
| താരപ്രഭൃതയഃ | താരൻ മുതലായ [യ | ക്രോശന്തഃ, | കരയുന്നവരായി, |
| വാനരാഃ | വാനരന്മാർ | ആശു | വേഗത്തിൽ |
| സർവ്വേ, | എല്ലാവരും, | പ്രയയുഃ. | പുറപ്പെട്ടുചെന്നു. |

തതഃ പ്രണിഹിതാഃ സൎവ്വാ വാനൎയ്യോऽസ്യ വശാനുഗാഃ
ചുക്രുശുൎവ്വീര വീരേതി ഭൂയഃ ക്രോശന്തി താഃ സ്ത്രിയഃ. 34

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | ഇതി | എന്ന് |
| അസ്യ | ഈ ബാലിയുടെ | ചുക്രുശുഃ; | വിളിച്ചുകരഞ്ഞു; |
| വശാനുഗാഃ | വശവൎത്തിനികളായ | താഃ വാനൎയ്യഃ | ആ വാനരസ്ത്രീകൾ |
| സ്ത്രിയഃ സൎവ്വാഃ, | ഭാൎയ്യമാർ എല്ലാവരും, | പ്രണിഹിതാഃ | അവനെയോൎത്ത് |
| "വീര! | "നാഥ! | ഭൂയഃ | പലവാറ് |
| വീര!" | നാഥ;" | ക്രോശന്തി. | മുറവിളികൂട്ടി. |

താരാപ്രഭൃതയഃ സൎവ്വാ വാനൎയ്യോ ഹതയൂഥപാഃ
അനുജഗ്മുൎഹി ഭൎത്താരം ക്രോശന്ത്യഃ കരുണസ്വനാഃ. 35

| | | | |
|---|---|---|---|
| ഹതയൂഥപാഃ | നായകൻ മൃതിപ്പെട്ടവ[രായ | കരുണസ്വനാഃ | ആൎത്തസ്വരത്തിൽ |
| താരാപ്രഭൃതയഃ | താര മുതലായ | ക്രോശന്ത്യഃ | പ്രലപിക്കുന്നവരായി |
| വാനൎയ്യഃ | വാനരസ്ത്രീകൾ | ഭൎത്താരം | ഭൎത്താവിനെ |
| സൎവ്വാഃ, | എല്ലാവരും, | അനുജഗ്മുഃ ഹി. | തുടൎന്നുചെന്നു. |

താസാം രുദിതശബ്ദേന വാനരീണാം വനാന്തരേ
വനാനി ഗിരയഃ സൎവ്വേ വിക്രോശന്തീവ സൎവ്വതഃ. 36

| | | | |
|---|---|---|---|
| സൎവ്വതഃ | എല്ലാഭാഗങ്ങളിലും | വാനരീണാം | വാനര സ്ത്രീകളുടെ |
| വനാനി | വനങ്ങൾ | രുദിതശബ്ദേന | രോദനസ്വരത്താൽ |
| ഗിരയഃ | പൎവ്വതങ്ങൾ, | വിക്രോശന്തി | മാറെറാലിക്കൊണ്ട്, കരയുന്നവ |
| സൎവ്വേ | എല്ലാം | | |
| വനാന്തരേ | വനത്തിൻ നടുവിൽ | ഇവ. | എന്നപോലെ കാണപ്പെട്ടു. |
| താസാം | ആ | | |

പുളിനേ ഗിരിനദ്യാസ്തു വിവിക്തേ ജലസംവൃതേ
ചിതാം ചക്രുഃ സുബഹവോ വാനരാ വനചാരിണഃ. 37

| | | | |
|---|---|---|---|
| വനചാരിണഃ | വനവാസികളായ | വിവിക്തേ | പരിശുദ്ധവും ആയ |
| വാനരാഃ | വാനരന്മാർ | ഗിരിനദ്യാഃ | ഗിരിനദിയുടെ |
| | | പുളിനേ, | മണൽ തിട്ടിൽ, |
| സുബഹവഃ തു, | പലരും, | ചിതാം | ചിതയെ |
| ജലസംവൃതേ | വെള്ളം അടുത്തുള്ളതും | ചക്രുഃ. | നിൎമ്മിച്ചു. |

അവരോപ്യ തതഃ സ്കന്ധാച്ഛിബികാം വഹനോചിതാഃ
തസ്ഥുരേകാന്തമാശ്രിത്യ സൎവ്വേ ശോകസമന്വിതാഃ. 38

| | | | |
|---|---|---|---|
| വഹനോചിതാഃ | എടുത്തുകൊണ്ടുവന്നവർ | ഏകാന്തം | ഏകാന്തമായ ദിക്കിൽ |
| | | ആശ്രിത്യ | ചെന്ന് |
| ശിബികാം | പല്ലക്കിനെ | സൎവ്വേ | എല്ലാവരും |
| സ്കന്ധാത് | ചുമലിൽ നിന്ന് | ശോക-സമന്വിതാഃ | ദുഃഖപൎയ്യാകുലിതരായി |
| തതഃ | അവിടെ | | |
| അവരോപ്യ, | ഇറക്കിവെച്ച്, | തസ്ഥുഃ. | നിന്നു കൊണ്ടിരുന്നു. |

തതസ്താരാ പതിം ദൃഷ്ട്വാ ശിബികാതലശായിനം
ആരോപ്യാങ്കേ ശിരസ്തസ്യ വിലലാപ സുദുഃഖിതാ. 39

| | | | |
|---|---|---|---|
| തതഃ | അപ്പോൾ, | തസ്യ | അദ്ദേഹത്തിന്റെ |
| താരാ | താര | ശിരഃ | ശിരസ്സിനെ |
| ശിബികാതല-ശായിനം | ശിബികയിൽ കിടക്കുന്ന | അങ്കേ | മടിയിൽ |
| | | ആരോപ്യ, | എടുത്തുവെച്ച്, |
| പതിം | ഭർത്താവിനെ | സുദുഃഖിതാ | അഴൽപൂണ്ടവളായി |
| ദൃഷ്ട്വാ, | കണ്ട്, | വിലലാപ. | ഇപ്രകാരം പ്രലപിച്ചു. |

ഹാ വാനരമഹാരാജ ഹാ നാഥ മമ വത്സല
ഹാ മഹാർഹ മഹാബാഹോ ഹാ മമ പ്രിയ പശ്യ മാം. 40

| | | | |
|---|---|---|---|
| "ഹാ വാനര മഹാരാജ! | "ഹാ വാനരാധിപ! | ഹാ മമ പ്രിയ! | ഹാ എന്റെ പ്രാണനായക! |
| | | മമ | എന്നിൽ |
| ഹാ നാഥ! | ഹാ നാഥ! | വത്സല! | പ്രീതിപൂണ്ടുള്ളോവേ! |
| ഹാ മഹാർഹ! | ഹാ ബഹുമാന്യ! | മാം | എന്നെ |
| മഹാബാഹോ! | മഹാ ധീരനായുള്ളോവേ! | പശ്യ. | കൺമിഴിച്ചുനോക്കിയാലും. |

ജനം ന പശ്യസീമം ത്വം കസ്മാച്ഛോകാഭിപീഡിതം. 41

| | | | |
|---|---|---|---|
| "ത്വം | "നിന്തിരുവടി | ഇമം ജനം | ഈ ജനത്തെ |
| ശോകാഭി-പീഡിതം | ശോകത്താൽ പരിതപിക്കുന്ന | കസ്മാത് പശ്യസി ന? | എന്താണ് കണ്ണുതുറന്നു നോക്കാതിരിക്കുന്നതു്? |

പ്രഹൃഷ്ടമിവ തേ വക്ത്രം ഗതാസോരപി മാനദ
അസ്താർക്കസമവർണ്ണം ച ലക്ഷ്യതേ ജീവതോ യഥാ. 42

| | | | |
|---|---|---|---|
| "മാനദ! | "ആദരാട്ടം മര്യാദയായി വർത്തിക്കുന്നവനേ! | അസ്താർക്ക-സമവർണ്ണം ച | അസ്തമനസൂര്യകാന്തിപൂണ്ടതായി |
| ഗതാസോഃ അപി | മൃതിപ്പെട്ടവനെന്നാലും | ജീവതഃ യഥാ | ജീവനുള്ളവന്റെതെന്നപോലെയുള്ളതായി |
| തേ | നിന്തിരുവടിയുടെ | പ്രഹൃഷ്ടം ഇവ | പുഞ്ചിരിയോടുകൂടിയതായി |
| വക്ത്രം | വക്ത്രം | ലക്ഷ്യതേ. | കാണപ്പെടുന്നു. |

ഏഷ ത്വാം രാമരൂപേണ കാലഃ കർഷതി വാനര
യേന സ്മ വിധവാഃ സർവ്വാഃ കൃതാ ഏകേഷുണാ രണേ. 43

| | | | |
|---|---|---|---|
| "വാനര! | "വാനരവര! | ഏഷഃ | അപ്രകാരമുള്ള ഈ |
| യേന | യാതൊരുവനാൽ | കാലഃ, | കാലൻ, |
| രണേ, | പോരിൽ, | രാമരൂപേണ | ശ്രീരാമരൂപം കയ്ക്കൊണ്ട് |
| ഏകേഷുണാ | ഒരേ ബാണത്താൽ | | |
| സർവ്വാഃ | ഞങ്ങളെല്ലാവരും | ത്വാം | നിന്തിരുവടിയെ |
| വിധവാഃ കൃതാഃ സ്മ | വിധവകളാക്കപ്പെട്ടുവോ, | കർഷതി. | പ്രാപിച്ചിരിക്കുന്നു. |

ഇമാസ്താസ്തവ രാജേന്ദ്ര വാനൎയ്യോ വല്ലഭാഃ സദാ
പാദൈൎവ്വികൃഷ്ടമധ്വാനമാഗതാഃ കിം ന ബുദ്ധ്യസേ. 44

| | | | |
|---|---|---|---|
| "രാജേന്ദ്ര! | "രാജോത്തമ! | വികൃഷ്ടം | ഏറെ |
| സദാ | എല്ലായ്പോഴും | അധ്വാനം | ദൂരം |
| തവ | നിന്തിരുവടിയുടെ | പാദൈഃ | കാൽനടയായി |
| വല്ലഭാഃ | പ്രീതിപാത്രങ്ങളായ | ആഗതാഃ; | വന്നിരിക്കുന്നു; |
| താഃ | ആ | കിം | എന്തുകൊണ്ടാണ് |
| ഇമാഃ | ഈ | ബുദ്ധ്യസേ ന? | അങ്ങ് ഗണിക്കാതിരിക്കുന്നത്? |
| വാനൎയ്യഃ, | വാനരസ്ത്രീകൾ, | | |

തവേഷ്ടാ നനു നാമൈതാ ഭാൎയ്യാശ്ചന്ദ്രനിഭാനനാഃ. 45

| | | | |
|---|---|---|---|
| "ചന്ദ്രനിഭാനനാഃ | "മതിനേർമുഖിമാരായ | തവ | നിന്തിരുവടിക്ക് |
| | | ഇഷ്ടാഃ | ഇഷ്ടംപോലെ വൎത്തിക്കുന്നവർ |
| ഏതാഃ ഭാൎയ്യാഃ | ഈ പത്നിമാർ | നനു നാമ? | അല്ലയോ? |

ഇദാനീം നേക്ഷസേ കസ്മാത് സുഗ്രീവം പ്ലവഗേശ്വരം
ഏതേ ഹി സചിവാ രാജൻ താരപ്രഭൃതയസ്തവ 46
പുരവാസീ ജനശ്ചായം പരിവാൎയ്യാസതേഽനഘ
വിസൎജ്ജയൈതാൻ പ്ലവഗാൻ യഥോചിതമരിന്ദമ
തതഃ ക്രീഡാമഹേ സൎവ്വാ വനേഷു മദനോത്കടാഃ. 47

| | | | |
|---|---|---|---|
| "പ്ലവഗേശ്വരം | "വാനരാധിപനായ | പരിവാൎയ്യ | ചൂഴ്ന്നുകൊണ്ട് |
| സുഗ്രീവം | സുഗ്രീവനെ | ആസതേ; | നില്ക്കുന്നു; |
| ഇദാനീം | ഇപ്പോൾ | അനഘ! | പുണ്യാത്മാവേ! |
| കസ്മാത് | എന്തുകൊണ്ടാണ് | അരിന്ദമ! | ശത്രുനാശന! |
| ഈക്ഷസേ ന? | അങ്ങ് നോക്കാതിരിക്കുന്നത്? | ഏതാൻ | ഈ |
| രാജൻ! | രാജാവേ! | പ്ലവഗാൻ | വാനരന്മാരെ |
| താരപ്രഭൃതയഃ | താരൻ മുതലായ | യഥോചിതം | മുറപോലെ |
| തവ | അവിടത്തെ | വിസൎജ്ജയ! | വിടകൊടുത്തയക്കുക! |
| ഏതേ | ഈ | മദനോത്കടാഃ | പ്രേമം അധികരിച്ചവരായി |
| സചിവാഃ ഹി, | സചിവന്മാരും, | സൎവ്വാഃ | എല്ലാവരും |
| പുരവാസി | പുരത്തിൽ വസിക്കുന്ന | തതഃ | പിന്നെ |
| അയം | ഈ | വനേഷു ക്രീഡാമഹേ." | വനങ്ങളിൽ സുഖമായി കാലംകഴിക്കാം." |
| ജനഃ ച | ജനതതിയും | | |

ഏവം വിലപതീം താരാം പതിശോകപരിപ്ലുതാം
ഉത്ഥാപയന്തി സ്മ തദാ വാനൎയ്യഃ ശോകകൎശിതാഃ. 48

| | | | |
|---|---|---|---|
| ശോകകൎശിതാഃ | ശോകത്താൽ തളൎന്നിരുന്ന | ഏവം | മേൽപ്രകാരം |
| വാനൎയ്യഃ, | വാനരസ്ത്രീകൾ, | വിലപതീം | പ്രലപിക്കുന്നവളുമായ |
| തദാ | ആ സമയം | താരാം | താരയെ |
| പതിശോകപരിപ്ലുതാം | ഭൎത്തൃദുഃഖത്താൽ മതിമറന്നിരുന്നവളും | ഉത്ഥാപയന്തി സ്മ. | എഴുന്നേല്പിച്ച് സമാധാനിപ്പിച്ചു. |

സുഗ്രീവേണ തതഃ സാൎദ്ധമംഗദഃ പിതരം രുദൻ
ചിതാമാരോപയാമാസ ശോകേനാഭിഹതേന്ദ്രിയഃ. 49

| | | | |
|---|---|---|---|
| തതഃ | അതിൽപിന്നെ | രുദൻ | കരഞ്ഞുംകൊണ്ട് |
| അംഗദഃ, | അംഗദൻ, | പിതരം | പിതാവിനെ |
| സുഗ്രീവേണ സാൎദ്ധം | സുഗ്രീവനോടുംകൂടി | ചിതാം | ചിതയിൽ |
| ശോകേന | ശോകത്താൽ | ആരോപയാമാസ. | എടുത്തുവെച്ചു. |
| അഭിഹതേന്ദ്രിയഃ | തളൎന്ന ഇന്ദ്രിയങ്ങളോടുകൂടിയവനായി | | |

തതോഽഗ്നിം വിധിവദ്ദത്വാ സോപസവ്യം ചകാര ഹ
പിതരം ദീൎഘമദ്ധ്വാനം പ്രസ്ഥിതം വ്യാകുലേന്ദ്രിയഃ. 50

| | | | |
|---|---|---|---|
| വ്യാകുലേന്ദ്രിയഃ | ഇന്ദ്രിയങ്ങൾ കലങ്ങിക്കിടന്ന | വിധിവത് | വിധിപ്രകാരം |
| സഃ, | ആ അംഗദൻ, | അഗ്നിം ദത്വാ, | അഗ്നിപ്രദാനംചെയ്ത്, |
| ദീൎഘം അദ്ധ്വാനം | ദൂരയാത്ര | തതഃ | അതിൽപിന്നെ |
| പ്രസ്ഥിതം | പുറപ്പെട്ടവനായ | അപസവ്യം ചകാര ഹ. | അപ്രദക്ഷിണമായി ചുററി. |
| പിതരം | പിതാവിന്ന് | | |

സംസ്കൃത്യ വാലിനം തേ തു വിധിപൂൎവ്വം പ്ലവംഗമാഃ
ആജഗ്മുരുദകം കൎത്തും നദീം ശീതജലാം ശുഭാം. 51

| | | | |
|---|---|---|---|
| തേ | ആ | ശുഭാം | പുണ്യവും |
| പ്ലവംഗമാഃ | വാനരന്മാർ | ശീതജലാം തു | ശീതജലയുക്തവും ആയ |
| വിധിപൂൎവ്വം | വിധിപ്രകാരം | നദീം | നദിയിലേക്ക് |
| വാലിനം | ബാലിയെ | ഉദകം കൎത്തും | സ്നാനംചെയ്വാനായി |
| സംസ്കൃത്യ, | സംസ്കരിച്ച്, | ആജഗ്മുഃ. | ചെന്നു. |

തതസ്തേ സഹിതാസ്തത്ര ഹ്യംഗദം സ്ഥാപ്യ ചാഗ്രതഃ
സുഗ്രീവതാരാസഹിതാഃ സിഷിചുൎവ്വാലിനേ ജലം. 52

| | | | |
|---|---|---|---|
| തത്ര | അവിടെ | അംഗദം ച | അംഗദനെ |
| സുഗ്രീവതാരാസഹിതാഃ | സുഗ്രീവൻ, താര, ഇവരോടുകൂടിയ | അഗ്രതഃ സ്ഥാപ്യ, | മുമ്പിലാക്കിക്കൊണ്ട്, |
| തേ, | അവർ, | വാലിനേ | ബാലിയെ ഉദ്ദേശിച്ച് |
| സഹിതാഃ | ഒന്നിച്ച്, | ജലം സിഷിചുഃ. | സ്നാനംചെയ്തു. |
| തതഃ | ആ സമയം | | |

സുഗ്രീവേണൈവ ദീനേന ദീനോ ഭൂത്വാ മഹാബലഃ
സമാനശോകഃ കാകുത്സ്ഥഃ പ്രേതകാര്യാണ്യകാരയത്. 53

| | | | |
|---|---|---|---|
| മഹാബലഃ | മഹാബലവാനായ | സമാനശോകഃ | ഒപ്പം പരിതപിക്കുന്നവനായി |
| കാകുത്സ്ഥഃ, | ശ്രീരാമൻ, | ദീനഃ ഭൂത്വാ, | വ്യാകുലതപൂണ്ടവനായി, |
| ദീനേന | ദുഃഖിച്ചുകൊണ്ടിരുന്ന | പ്രേതകാര്യാണി | അപരക്രിയകളെ |
| സുഗ്രീവേണ ഏവ | സുഗ്രീവനോടുകൂടിത്തന്നെ | അകാരയത്. | നടത്തിച്ചു. |

തതസ്തു തം വാലിനമഗ്ര്യപൌരുഷം
പ്രകാശമിക്ഷ്വാകുവരേഷുണാ ഹതം
പ്രദീപ്യ ദീപ്താഗ്നിസമൌജസം തദാ
സലക്ഷ്മണം രാമമുപേയിവാൻ ഹരിഃ. 54

| | | | |
|---|---|---|---|
| തദാ | ആ സമയം | വാലിനം | ബാലിയെ |
| ഹരിഃ, | വാനരനായ സുഗ്രീവൻ, | പ്രദീപ്യ, | ദഹിപ്പിച്ചശേഷം, |
| അഗ്ര്യപൌരുഷം | ശ്രേഷ്ഠപരാക്രമശാലിയും | തതഃ | അതിൽപിന്നെ |
| പ്രകാശം | പ്രസിദ്ധിപൂണ്ടവനും | സലക്ഷ്മണം | ലക്ഷ്മണസഹിതനും |
| ഇക്ഷ്വാകുവരേഷുണാ | ഇക്ഷ്വാകുകുലതിലകന്റെ ബാണത്താൽ | ദീപ്താഗ്നിസമൌജസം തു | ഉജ്ജ്വലിക്കുന്ന അഗ്നിപോലെ തേജസ്സാന്നവനും ആയ |
| ഹതം | മൃതിപ്പെട്ടവനുമായ | രാമം | ശ്രീരാമനെ |
| തം | ആ | ഉപേയിവാൻ. | പ്രാപിച്ചു. |

["താരാപ്രലാപമാകർണ്ണ്യ വാലിനോ നിധനം തഥാ. കപീന്ദ്രസംസ്കൃതിം നാരീ ശ്രുത്വാ ഹ്യവിധവാ ഭവേത്. ദീർഘായുഷ്യം ഭവേദ്ഭർത്തുഃ പുത്രിണീ സംഭവിഷ്യതി." എന്നു സ്കാന്ദത്തിൽ സർഗ്ഗപഠനശ്രവണഫലം (തിത്ഥീയം.)]

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
പഞ്ചവിംശഃ സർഗ്ഗഃ = ഇരുപത്തഞ്ചാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 10321; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1069.

## ഷഡ്വിംശഃ സർഗ്ഗഃ = ഇരുപത്താറാംസർഗ്ഗം.

[സുഗ്രീവാംഗദയോ രാജ്യാഭിഷേകഃ = സുഗ്രീവന്റെയും അംഗദന്റെയും പട്ടാഭിഷേകം.]

തതഃ ശോകാഭിസന്തപ്തം സുഗ്രീവം ക്ലിന്നവാസസം
ശാഖാമൃഗമഹാമാത്യാഃ പരിവാര്യോപതസ്ഥിരേ. 1

| | | | |
|---|---|---|---|
| ശാഖാമൃഗമഹാമാത്യാഃ | വാനരോത്തമന്മാരായ മന്ത്രിമാർ | ക്ലിന്നവാസസം | ഈറൻ ഉടുത്തിരുന്നവനും ആയ |
| തതഃ | അപ്പോൾ | സുഗ്രീവം | സുഗ്രീവനെ |
| ശോകാഭിസന്തപ്തം | ദുഃഖപര്യാകുലിതനും | പരിവാര്യ | ചൂഴ്ന്നുകൊണ്ട് |
| | | ഉപതസ്ഥിരേ. | നിന്നിരുന്നു. |

അഭിഗമ്യ മഹാബാഹും രാമമക്ലിഷ്ടകാരിണം
സ്ഥിതാഃ പ്രാഞ്ജലയഃ സൎവ്വേ പിതാമഹമിവൎഷയഃ. 2

| | | | |
|---|---|---|---|
| സൎവ്വേ, | എല്ലാവരും, | അഭിഗമ്യ | സമീപിച്ച് |
| മഹാബാഹും | മഹാബാഹുവും | പ്രാഞ്ജലയഃ | അഞ്ജലികൂപ്പിക്കൊണ്ട് |
| അക്ലിഷ്ട-കാരിണം | അനായാസമായി എന്തും ചെയ്യാവുന്നവനും ആയ | ഋഷയഃ | ഋഷിമാർ |
| | | പിതാമഹം | ബ്രഹ്മാവിന്റെ അടു[ക്കൽ |
| | | ഇവ | എന്നപോലെ |
| രാമം | ശ്രീരാമനെ | സ്ഥിതാഃ. | കാത്തുനിന്നു. |

തതഃ കാഞ്ചനശൈലാഭസ്തരുണാൎക്കനിഭാനനഃ
അബ്രവീത് പ്രാഞ്ജലിൎവ്വാക്യം ഹനുമാൻ മാരുതാത്മജഃ. 3

| | | | |
|---|---|---|---|
| തതഃ | ആ സമയം | മാരുതാത്മജഃ | വായുകുമാരനുമായ |
| കാഞ്ചന-ശൈലാഭഃ | സ്വൎണ്ണമലപോലെയുള്ളവനും | ഹനുമാൻ | ഹനുമാൻ, |
| | | പ്രാഞ്ജലിഃ | അഞ്ജലിഹസ്തനായി |
| തരുണാൎക്ക-നിഭാനനഃ | ബാലസൂൎയ്യമുഖകാന്തിയാൎന്നവനും | വാക്യം അബ്രവീത്. | ഇപ്രകാരം ഉണൎത്തിച്ചു. |

ഭവത്പ്രസാദാത് സുഗ്രീവഃ പിതൃപൈതാമഹം മഹത്
വാനരാണാം സുദുഷ്പ്രാപം പ്രാപ്തോ രാജ്യമിദം പ്രഭോ. 4

| | | | |
|---|---|---|---|
| "പ്രഭോ! | "പ്രഭോ! | സുദുഷ്പ്രാപം | ലഭിപ്പാൻ പ്രയാസമുള്ളതും ആയ |
| സുഗ്രീവഃ | സുഗ്രീവൻ | | |
| ഭവത്-പ്രസാദാത് | നിന്തിരുവടിയുടെ അനുഗ്രഹത്താൽ | വാനരാണാം | വാനരന്മാരുടെ |
| | | ഇദം | ഈ |
| പിതൃ-പൈതാമഹം | പരമ്പരാപ്രാപ്തവും | മഹത് രാജ്യം | മഹത്തായ രാജ്യത്തെ |
| | | പ്രാപ്തഃ. | പ്രാപിച്ചു. |

ഭവതാ സമനുജ്ഞാതഃ പ്രവിശ്യ നഗരം ശുഭം
സംവിധാസ്യതി കാൎയ്യാണി സൎവ്വാണി സസുഹൃജ്ജനഃ. 5

| | | | |
|---|---|---|---|
| "ഭവതാ | "നിന്തിരുവടിയാൽ | നഗരം | നഗരത്തിൽ |
| സമനുജ്ഞാതഃ | അനുജ്ഞാപിക്കപ്പെട്ടവനായി | പ്രവിശ്യ | പ്രവേശിച്ച് |
| | | സൎവ്വാണി | എല്ലാ |
| സസുഹൃജ്ജനഃ | മിത്രജനങ്ങളോടുകൂടി | കാൎയ്യാണി | കാൎയ്യങ്ങളേയും |
| ശുഭം | ശ്രേഷ്ഠമായ [യവനായി | സംവിധാസ്യതി. | നടത്തട്ടെ. |

സ്നാതോഽയം വിവിധൈൎഗ്ഗന്ധൈരൌഷധൈശ്ച യഥാവിധി
അൎച്ചയിഷ്യതി രത്നൈശ്ച മാല്യൈശ്ച ത്വാം വിശേഷതഃ. 6

| | | | |
|---|---|---|---|
| "അയം | "ഇദ്ദേഹം | ത്വാം | നിന്തിരുവടിയെ |
| യഥാവിധി ച | മുറപ്രകാരംതന്നെ | വിശേഷതഃ | വിശേഷിച്ചും |
| വിവിധൈഃ | പലപല | രത്നൈഃ ച | രത്നങ്ങളാലും |
| ഗന്ധൈഃ | സുഗന്ധങ്ങളായ | മാല്യൈഃ ച | പുഷ്പമാല്യങ്ങളാലും |
| ഔഷധൈഃ | അഭിഷേകദ്രവ്യങ്ങളാൽ | അൎച്ചയിഷ്യതി. | ബഹുമാനിക്കുന്നതാണ്. |
| സ്നാതഃ | പട്ടാഭിഷേകംചെയ്യപ്പെട്ടവനായി | | |

ഇമാം ഗിരിഗുഹാം രമ്യാമഭിഗന്തുമിതോഽർഹസി
കുരുഷ്വ സ്വാമിസംബന്ധം വാനരാൻ സംപ്രഹർഷയൻ. 7

| | |
|---|---|
| "ഇതഃ | "ഇവിടെനിന്നു |
| ഇമാം | ഈ |
| രമ്യാം | മനോഹരമായ |
| ഗിരിഗുഹാം | ഗിരികന്ദരത്തിൽ (glen) |
| അഭിഗന്തും | എഴുന്നെള്ളുവാൻ |
| അർഹസി; | തിരുവുള്ളമുണ്ടാകേണം; |
| വാനരാൻ | വാനരന്മാരെ |
| സംപ്രഹർഷയൻ | ആനന്ദിപ്പിക്കുന്നവനായി |
| സ്വാമിസംബന്ധം കുരുഷ്വ. | അവരെ രാജാവോടു കൂടിയവരാക്കിച്ചെയ്താലും. |

[തുംഗഭദ്രാനദിയുടെ വടക്കെക്കരയിലായി, ബെല്ലാരി ജില്ലയിൽ ഹംപി എന്ന സ്ഥലത്തിന്നരികെയാകുന്നു കിഷ്കിന്ധാ എന്ന സ്ഥലം. നാലുഭാഗത്തിലും മലകളാൽ ചുററപ്പെട്ടതാകുന്നു.]

ഏവമുക്തോ ഹനുമതാ രാഘവഃ പരവീരഹാ
പ്രത്യുവാച ഹനൂമന്തം ബുദ്ധിമാൻ വാക്യകോവിദഃ 8

| | |
|---|---|
| ഹനുമതാ | ഹനുമാനാൽ |
| ഏവം | ഇപ്രകാരം |
| ഉക്തഃ | ഉണർത്തിക്കപ്പെട്ടവനും |
| വാക്യകോവിദഃ | വാക്യസാരഗ്രാഹിയും |
| ബുദ്ധിമാൻ | ബുദ്ധിമാനും |
| പരവീരഹാ | വിഷ്ണുവിന്റെ അവതാരവും ആയ |
| രാഘവഃ | ശ്രീരാഘവൻ, |
| ഹനൂമന്തം | ഹനുമാനെനോക്കി |
| പ്രത്യുവാച. | ഇപ്രകാരം അരുളിച്ചെയ്തു. |

ചതുർദശ സമാഃ സൌമ്യ ഗ്രാമം വാ യദി വാ പുരം
ന പ്രവേക്ഷ്യാമി ഹനുമൻ പിതുർനിർദ്ദേശപാലകഃ. 9

| | |
|---|---|
| "ഹനുമൻ! | "ഹനുമാനേ! |
| സൌമ്യ! | പുണ്യാത്മാവായവനെ! |
| പിതുഃ | പിതാവിന്റെ |
| നിർദ്ദേശപാലകഃ | ആജ്ഞപ്രകാരം വർത്തിക്കുന്നവനായി, |
| ചതുർദശ സമാഃ | പതിന്നാലു സംവത്സരങ്ങൾ തികയുവോളം |
| ഗ്രാമം | ഒരു ഗ്രാമത്തിലൊ |
| യദി വാ | അല്ലെന്നാൽ |
| പുരം വാ | ഒരു നഗരത്തിലൊ |
| പ്രവേക്ഷ്യാമി ന. | ഞാൻ പ്രവേശിക്കയില്ല. |

സുസമൃദ്ധാം ഗുഹാം രമ്യാം സുഗ്രീവോ വാനരർഷഭഃ
പ്രവിഷ്ടോ വിധിവദ്വീരഃ ക്ഷിപ്രം രാജ്യേഽഭിഷിച്യതാം. 10

| | |
|---|---|
| "വാനരർഷഭഃ | "വാനരോത്തമനും |
| വീരഃ | വീരനും ആയ |
| സുഗ്രീവഃ | സുഗ്രീവൻ |
| രമ്യാം | രമണീയമായതും |
| സുസമൃദ്ധാം | സമ്പൽ സമൃദ്ധിയാന്നതും ആയ |
| ഗുഹാം പ്രവിഷ്ടഃ, | ഗുഹയ്ക്കകത്ത് പ്രവേശിച്ചവനായി, |
| വിധിവത് | മുറപോലെ |
| ക്ഷിപ്രം | കാലതാമസമില്ലാതെ |
| രാജ്യേ | രാജ്യത്തിൽ |
| അഭിഷിച്യതാം." | വാഴിക്കപ്പെടട്ടെ." |

ഏവമുക്ത്വാ ഹനൂമന്തം രാമഃ സുഗ്രീവമബ്രവീത്
വൃത്തജ്ഞോ വൃത്തസംപന്നമുദാരബലവിക്രമം. 11

| | | | |
|---|---|---|---|
| വൃത്തജ്ഞഃ | ലോകസമ്പ്രദായങ്ങളെ നന്നായറിഞ്ഞവനായ | വൃത്തസംപന്നം | സച്ചരിത്രനും |
| രാമഃ, | ശ്രീരാമൻ, | ഉദാരബല-വിക്രമം | അതിയായ ബലവും പൌരുഷവുമാൎന്നവനും ആയ |
| ഹനൂമന്തം | ഹനുമാനോടായി | സുഗ്രീവം | സുഗ്രീവനോടായി |
| ഏവം | മേൽപ്രകാരം | അബ്രവീത്. | ഇങ്ങനെ അരുൾചെയ്തു. |
| ഉക്ത്വാ, | അരുളിച്ചെയ്ത് | | |

ഇമമപ്യംഗദം വീര യൌവരാജ്യേഽഭിഷേചയ
ജ്യേഷ്ഠസ്യ സ സുതോ ജ്യേഷ്ഠഃ സദൃശോ വിക്രമേണ ച 12
അംഗദോഽയമദീനാത്മാ യൌവരാജ്യസ്യ ഭാജനം. 13

| | | | |
|---|---|---|---|
| "വീര! | "വീര! | അയം അംഗദഃ | ഈ അംഗദൻ |
| യൌവരാജ്യസ്യ | യുവരാജാവായിരിപ്പാൻ | അദീനാത്മാ | ഒന്നിനും കുലുങ്ങാത്ത |
| ഭാജനം | തക്കപാത്രമായ | ജ്യേഷ്ഠഃ; | ഉത്തമനാകുന്നു; |
| ഇമം അംഗദം | ഈ അംഗദനെ | ജ്യേഷ്ഠസ്യ സുതഃ; | മൂത്തവന്റെ പുത്രനമാകുന്നു! |
| യൌവരാജ്യേ | യുവരാജാവായി | വിക്രമേണ ച | പരാക്രമത്തിലാകട്ടെ |
| അഭിഷേചയ; | വാഴിച്ചാലും; | സദൃശഃ അപി. | അദ്ദേഹത്തിനു തുല്യൻ. |
| സഃ | അപ്രകാരമുള്ള | | |

പൂൎവ്വോഽയം വാൎഷികോ മാസഃ ശ്രാവണഃ സലിലാഗമഃ
പ്രവൃത്താഃ സൌമ്യ ചത്വാരോ മാസാ വാൎഷികസംജ്ഞികാഃ. 14

| | | | |
|---|---|---|---|
| "സൌമ്യ! | "പുണ്യാത്മാവേ! | പ്രവൃത്താഃ; | തുടങ്ങിക്കഴിഞ്ഞു; |
| വാൎഷിക-സംജ്ഞികാഃ | മഴക്കാലമെന്നു പറയപ്പെടുന്ന | സലിലാഗമഃ | മഴ ചൊരിയുന്ന |
| | | അയം ശ്രാവണഃ | ഈ കൎക്കടകമാസം |
| ചത്വാരഃ | നാലു | പൂൎവ്വഃ | ഒന്നാമത്തെ |
| മാസാഃ | മാസങ്ങൾ | വാൎഷികഃ മാസഃ. | വാൎഷികമാസമാകുന്നു. |

[ആഷാഢം, ശ്രാവണം, ഭാദ്രപദം, ആശ്വിയുജം എന്ന നാലുമാസങ്ങൾ മഴക്കാലങ്ങളാണെന്നു വിവക്ഷ. "മാസൈൎദ്വിസംഖ്യൈൎമ്മാഘാദ്യൈഃ ക്രമാത് ഷഡൃതവഃ സ്മൃതാഃ ശിശിരോഽഥ വസന്തശ്ച ഗ്രീഷ്മവൎഷാശരദ്ധിമാഃ." ഇത്യാദി വാക്യപ്രകാരം ശ്രാവണം, ഭാദ്രപദം എന്ന രണ്ടുമാസങ്ങൾ മാത്രമാകുന്നു വൎഷൎത്തു എന്നു പറയുന്നത്. എന്നാൽ വൎഷൎത്തുവിന്ന് മുമ്പും പിമ്പും മഴയുണ്ടാകുന്നതിനാൽ ഈ നാലുമാസങ്ങൾ മഴക്കാലമെന്ന് പറയപ്പെട്ടിരിക്കുന്നു. അതിനാൽതന്നെയാണ് വേദത്തിൽ "ദ്വാദശ മാസാഃ പഞ്ചൎത്തവഃ" എന്നു പറയപ്പെട്ടിരിക്കുന്നത്. "പക്ഷാ വൈ മാസാഃ" എന്ന ശ്രുതിവാക്യപ്രകാരം നാലു പക്ഷങ്ങൾ നാലു മാസങ്ങളാണെന്നും പക്ഷമുണ്ട്. ഈ പക്ഷത്തിൽ താഴെ 17-ാംശ്ലോകത്തിൽ "കാൎത്തികേ സമനുപ്രാപ്തേ" എന്നതിനോട് യോജിക്കാതെ വരുന്നതാണ്.

സൌരമാനപ്രകാരം ഋതുക്കൾ താഴെപ്രകാരം കണക്കാക്കപ്പെടുന്നു. "ഗ്രീഷ്മോ മേഷവൃഷൌ പ്രോക്തഃ പ്രാവൃൺമിഥുനകൎക്കടൌ സിംഹകന്യേ സ്മൃതാ വൎഷാ തുലാവൃശ്ചികയോഃ ശരത്. ധനുൎഗ്ഗ്രാഹൌ ച ഹേമന്തൌ വസന്തഃ കുംഭമീനയോഃ." ഇതിലും "ദ്വൌ ദ്വൌ മാസൌ മകരാത്" എന്നിത്യാദിയായി മകരം തുടങ്ങി ഈരണ്ടു മാസങ്ങൾ ശിശിരം മുതൽ ക്രമത്തിൽ ഋതുക്കളാകുന്നു എന്നു പക്ഷാന്തരങ്ങൾ ഉണ്ട്.]

നായമുദ്യോഗസമയഃ പ്രവിശ ത്വം പുരീം ശുഭാം
അസ്മിൻ വത്സ്യാമ്യഹം സൌമ്യ പർവ്വതേ സഹലക്ഷ്മണഃ. 15

| | | | |
|---|---|---|---|
| " അയം | " ഇത് | സൌമ്യ! | സ്നേഹിത! |
| ഉദ്യോഗ-സമയഃ ന; | നമ്മുടെ കൃത്യത്തിന്നു തക്കതായ കാലമല്ല; | അഹം | ഞാൻ |
| ത്വം | അങ്ങ് | സഹലക്ഷ്മണഃ | ലക്ഷ്മണനോടുകൂടി |
| ശുഭാം | ശോഭനമായ | അസ്മിൻ | ഈ |
| പുരീം | നഗരത്തിൽ | പർവ്വതേ | ഗിരിയിൽ |
| പ്രവിശ; | ചെന്നുകൊൾക; | വത്സ്യാമി. | വസിച്ചുകൊള്ളാം. |

ഇയം ഗിരിഗുഹാ രമ്യാ വിശാലാ യുക്തമാരുതാ
പ്രഭൂതസലിലാ സൌമ്യ പ്രഭൂതകമലോത്പലാ. 16

| | | | |
|---|---|---|---|
| " സൌമ്യ! | " സ്നേഹിത! | യുക്തമാരുതാ | വേണ്ടത്തക്ക കാറ്റുള്ളതായും |
| ഇയം | ഈ | പ്രഭൂതസലിലാ | ധാരാളം വെള്ളമുള്ളതായും |
| ഗിരിഗുഹാ | പർവ്വതത്തിലുള്ള ഒതുക്കമുള്ള പ്രദേശം | പ്രഭൂത-കമലോ-ത്പലാ. | താമര, ആമ്പൽ എന്നിവ നിറഞ്ഞതായുമിരിക്കുന്നു. |
| രമ്യാ, | അതിമനോഹരമായും, | | |
| വിശാലാ | വിശാലമായും | | |

കാർത്തികേ സമനുപ്രാപ്തേ ത്വം രാവണവധേ യത
ഏഷ നഃ സമയഃ സൌമ്യ പ്രവിശ ത്വം സ്വമാലയം. 17

| | | | |
|---|---|---|---|
| " സൌമ്യ! | " സദ്ബുദ്ധിയാർന്നവനെ! | ഏഷഃ | ഇതുതന്നെയാണ് |
| ത്വം | അങ്ങ് | നഃ | നമുക്ക് |
| രാവണവധേ, | രാവണവധത്തിന്റെ സംഗതിയിൽ, | സമയഃ; | തക്കസമയം; |
| കാർത്തികേ | വൃശ്ചികമാസം | ത്വം | അങ്ങ് |
| സമനുപ്രാപ്തേ | തുടങ്ങിയ ഉടനെ | സ്വം | സ്വന്തം |
| യത; | വേണ്ടുന്നശ്രമം ചെയ്യുക; | ആലയം | അരമനയിലേക്ക് |
| | | പ്രവിശ. | എഴുന്നെള്ളിയാലും. |

[കാലനിർണ്ണയത്തെക്കുറിച്ച് ഗോവിന്ദരാജീയത്തിൽ ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു:—

"ചൈത്രമാസത്തിൽ ശ്രീരാമൻ അയോദ്ധ്യയിൽനിന്ന് നിർഗ്ഗമിക്കുന്നു; അഗസ്ത്യാശ്രമത്തിൽ എത്തുന്ന സമയം പത്തുകൊല്ലം തികയുന്നു. അതിൽപ്പിന്നെ മൂന്നുകൊല്ലത്തിന്നുശേഷം പഞ്ചവടിയിൽവെച്ച് കർണ്ണനാസാച്ഛേദം, ഖരവധം മുതലായവ നടന്നതായി അറിയപ്പെടുന്നു; പമ്പയിൽ വെച്ച് "ചൈത്രവനാനിലഃ" എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടും, സീത ലങ്കയിൽ ഒരുകൊല്ലം വസിക്കുന്നതുകൊണ്ടും, ആ ചൈത്രമാസത്തിൽ തന്നെയാണ് സീതാപഹരണമെന്ന് ഗ്രാഹ്യമാകുന്നു; പിന്നത്തെ ഫാല്ഗുനമാസത്തിൽ രാവണവധം. അതിന്നുമുമ്പ് ആഷാഢമാസത്തിൽ ബാലിവധം; ശരദൃതുവിൽ സേനാസന്നാഹം; മാർഗ്ഗശീർഷമാസത്തിൽ വാനരപ്രസ്ഥാനം; സ്വയംപ്രഭയുടെ ഗുഹയിൽ ദീർഘകാലം താമസിച്ചു, പിന്നെ ഫാല്ഗുനശുക്ലത്രയോദശിയിൽ ഹനുമാന്റെ സമുദ്രലംഘനം; ചതുർദ്ദശിയിൽ പുനരാഗമനം (?); പൌർണ്ണമിയിൽ ദണ്ഡയാത്രാശേഷം യുദ്ധകാണ്ഡം 127-ാംസർഗ്ഗത്തിൽ പ്രതിപാദിക്കുന്നതാകുന്നു." ഈ അഭിപ്രായത്തോട് യോജിക്കാത്ത വ്യാഖ്യാതാക്കന്മാർ ഉണ്ടെന്നും ബോദ്ധ്യമാകുന്നു.]

അഭിഷിഞ്ചസ്വ രാജ്യേ ച സുഹൃദഃ സംപ്രഹർഷയ. 18

| | | | |
|---|---|---|---|
| "രാജ്യേ | "രാജ്യത്തിൽ | സുഹൃദഃ ച | സുഹൃത്തുക്കളേയും |
| അഭിഷിഞ്ചസ്വ; | പട്ടം ചൂടിക്കൊണ്ടാലും; | സംപ്രഹർഷയ." | സന്തോഷപ്പെടുത്തിയാലും." |

ഇതി രാമാഭ്യനുജ്ഞാതഃ സുഗ്രീവോ വാനരാധിപഃ
പ്രവിവേശ പുരീം രമ്യാം കിഷ്കിന്ധാം വാലിപാലിതാം. 19

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | വാലിപാലിതാം | ബാലിയാൽ പരിപാലിക്കപ്പെട്ടിരുന്ന |
| രാമാഭ്യനുജ്ഞാതഃ | ശ്രീരാമന്റെ സമ്മതം ലഭിച്ചവനും | രമ്യാം | അഴകേറിയ |
| വാനരാധിപഃ | വാനരാധിപനുമായ | കിഷ്കിന്ധാം പുരീം | കിഷ്കിന്ധാപട്ടണത്തിൽ |
| സുഗ്രീവഃ, | സുഗ്രീവൻ, | പ്രവിവേശ. | പ്രവേശിച്ചു. |

തം വാനരസഹസ്രാണി പ്രവിഷ്ടം വാനരേശ്വരം
അഭിവാദ്യ പ്രവിഷ്ടാനി സർവ്വതഃ പര്യ്യവാരയൻ. 20

| | | | |
|---|---|---|---|
| പ്രവിഷ്ടാനി | ഒന്നിച്ചുവന്ന | തം | അദ്ദേഹത്തെ |
| വാനരസഹസ്രാണി | അനേകം വാനരന്മാർ | അഭിവാദ്യ | കുമ്പിട്ടുകൊണ്ടു് |
| പ്രവിഷ്ടം | അകത്തെഴുന്നെള്ളിയ | സർവ്വതഃ | നാലുപാടും |
| വാനരേശ്വരം | വാനരാധിപനായ | പര്യ്യവാരയൻ. | ചുററിനിന്നു. |

തതഃ പ്രകൃതയഃ സർവ്വാ ദൃഷ്ട്വാ ഹരിഗണേശ്വരം
പ്രണമ്യ മൂർദ്ധ്നാ പതിതാ വസുധായാം സമാഹിതാഃ. 21

| | | | |
|---|---|---|---|
| തതഃ | ആ സമയം | ദൃഷ്ട്വാ | നോക്കി |
| പ്രകൃതയഃ | പ്രജകൾ | സമാഹിതാഃ | ഭക്തിപുരസ്സരം |
| സർവ്വാഃ | എല്ലാവരും | മൂർദ്ധ്നാ പ്രണമ്യ | തലകുമ്പിട്ടു് |
| ഹരിഗണേശ്വരം | വാനരസംഘാധിപനെ | വസുധായാം | നിലത്തു് |
| | | പതിതാഃ. | വീണുതൊഴുതു. |

സുഗ്രീവഃ പ്രകൃതീഃ സർവ്വാഃ സംഭാഷ്യോത്ഥാപ്യ വീര്യ്യവാൻ
ഭ്രാതുരന്തഃപുരം സൌമ്യം പ്രവിവേശ മഹാബലഃ. 22

| | | | |
|---|---|---|---|
| വീര്യ്യവാൻ | വീര്യ്യവാനും | സംഭാഷ്യ | കുശലപ്രശ്നം ചെയ്തശേഷം, |
| മഹാബലഃ | മഹാശക്തിമാനുമായ | | |
| സുഗ്രീവഃ | സുഗ്രീവൻ | സൌമ്യം | അതിരമ്യമായുള്ള |
| പ്രകൃതീഃ | പ്രജകൾ | ഭ്രാതുഃ | ജ്യേഷ്ഠന്റെ |
| സർവ്വാഃ | എല്ലാവരേയും | അന്തഃപുരം | അന്തഃപുരത്തിൽ |
| ഉത്ഥാപ്യ, | എഴുന്നേല്പാൻകല്പിച്ചു് | പ്രവിവേശ. | പ്രവേശിച്ചു. |

പ്രവിശ്യ ത്വഭിനിഷ്ക്രാന്തം സുഗ്രീവം വാനരർഷഭം
അഭ്യഷിഞ്ചന്ത സുഹൃദഃ സഹസ്രാക്ഷമിവാമരാഃ. 23

| | |
|---|---|
| സുഹൃദഃ | സുഹൃത്തുക്കളും |
| പ്രവിശ്യ, | പ്രവേശിച്ച്, |
| തു | ഉടനെ |
| അഭിനിഷ്ക്രാന്തം | വന്നെത്തിയവനായ |
| വാനരർഷഭം | വാനരോത്തമനായ |
| സുഗ്രീവം | സുഗ്രീവനെ, |
| അമരാഃ | ദേവന്മാർ |
| സഹസ്രാക്ഷം ഇവ, | ഇന്ദ്രനെയെന്നപോലെ |
| അഭ്യഷിഞ്ചന്ത. | പട്ടാഭിഷേകംചെയ്തു. |

[“പ്രവിശ്യ തു അഭിനിഷ്ക്രാന്തം” (അന്തഃപുരത്തിൽ പ്രവേശിച്ച് താമസിയാതെ പുറത്തു വന്ന സുഗ്രീവനെ) എന്നും പക്ഷം.]

തസ്യ പാണ്ഡുരമാജഹ്രുശ്ഛത്രം ഹേമപരിഷ്കൃതം
ശുക്ലേ ച വാലവ്യജനേ ഹേമദണ്ഡേ യശസ്കരേ. 24

| | |
|---|---|
| തസ്യ, | അദ്ദേഹത്തിന്നായ്ക്കൊണ്ട്, |
| ഹേമപരിഷ്കൃതം | സ്വർണ്ണക്കാലുള്ള |
| പാണ്ഡുരം ഛത്രം, | വെൺകൊററക്കുടയും |
| ശുക്ലേ വാലവ്യജനേ ച, | വെൺചാമരങ്ങളും |
| യശസ്കരേ | ഭംഗിയുള്ള |
| ഹേമദണ്ഡേ | സ്വർണ്ണത്തടിയും |
| ആജഹ്രുഃ. | കൊണ്ടുവന്നു. |

തഥാ സർവ്വാണി രത്നാനി സർവ്വബീജൌഷധാനി ച
സക്ഷീരാണാം ച വൃക്ഷാണാം പ്രരോഹാൻ കുസുമാനി ച 25
ശുക്ലാനി ചൈവ വസ്ത്രാണി ശ്വേതം ചൈവാനുലേപനം
സുഗന്ധീനി ച മാല്യാനി സ്ഥലജാന്യംബുജാനി ച 26
ചന്ദനാനി ച ദിവ്യാനി ഗന്ധാംശ്ച വിവിധാൻ ബഹൂൻ
അക്ഷതം ജാതരൂപം ച പ്രിയംഗുമധുസർപ്പിഷീ 27
ദധി ചർമ്മ ച വൈയാഘ്രം വാരാഹീ ചാപ്യുപാനഹൌ
സമാലംഭനമാദായ രോചനാം സമനഃശിലാം
ആജഗ്മുസ്തത്ര മുദിതാ വരാഃ കന്യാശ്ച ഷോഡശ. 28

| | |
|---|---|
| ഷോഡശ | പതിനാറ് |
| വരാഃ കന്യാഃ | ഉത്തമകന്യകമാർ, |
| തത്ര | ആ സമയം |
| മുദിതാഃ | മോദം പൂണ്ടവരായി |
| തഥാ ച | ഓരോരുത്തരുടെ കയ്യിൽ ഓരോന്നായി, |
| സർവ്വാണി | എല്ലാ |
| രത്നാനി, | രത്നങ്ങളും, |
| സർവ്വബീജൌഷധാനി ച, | പലധാന്യങ്ങളും ഔഷധികളും, |
| സക്ഷീരാണാം | പാലുള്ള |
| വൃക്ഷാണാം | വൃക്ഷങ്ങളുടെ (നാല്പാമരം) |
| പ്രരോഹാൻ ച, | തളിരുകളും, |
| കുസുമാനി ച, | പുഷ്പങ്ങളും, |
| ശുക്ലാനി ച വസ്ത്രാണി ഏവ, | വെള്ളവസ്ത്രങ്ങളും |
| ശ്വേതം അനുലേപനം ച ഏവ, | വെൺകുറിക്കൂട്ടുകളും, |

| | |
|---|---|
| **സുഗന്ധീനി** | നറുമണമാർന്ന |
| **മാല്യാനി ച,** | മാലകളും |
| **സ്ഥലജാനി അംബുജാനി ച** | പനിനീർപ്പൂക്കളും (നീലത്താമര) |
| **ദിവ്യാനി** | ദിവ്യങ്ങളായ |
| **ചന്ദനാനി ച,** | കളഭക്കൂട്ടുകളും, |
| **ബഹൂൻ** | അനേകം |
| **വിവിധാൻ ഗന്ധാൻ ച,** | നാനാവിധ സുഗന്ധദ്രവ്യങ്ങളും |
| **ജാതരൂപം** | മഞ്ഞളും കുങ്കുമവും തിരുമ്മിയുണ്ടാക്കിയ |
| **അക്ഷതം ച,** | പച്ചരിയും, |
| **പ്രിയംഗുമധുസർപ്പിഷീ,** | ഞാഴൽപൂവിൻ തേൻ, നെയ്യ് എന്നവയും |
| ദധി, | തയിരും |
| വൈയാഘ്രം ചർമ്മ ച | പുലിത്തോലും |
| വാരാഹീ | പന്നിത്തോൽ കൊണ്ടുണ്ടാക്കിയ |
| ഉപാനഹൌ അപി ച, | ചെരിപ്പുകളും, |
| സമാലംഭനം, | സമാലംഭനമെന്ന കുഴമ്പും, |
| സമനഃശിലാം | മനയോല ചേർന്ന |
| രോചനാം, | ഗോരോചനയും, |
| ആദായ | എടുത്തുകൊണ്ട് |
| ആജഗ്മുഃ. | വന്നെത്തി. |

തതസ്തേ വാനരശ്രേഷ്ഠം യഥാകാലം യഥാവിധി
രത്നൈർവസ്ത്രൈശ്ച ഭക്ഷ്യൈശ്ച തോഷയിത്വാ ദ്വിജർഷഭാൻ. 29
തതഃ കുശപരിസ്തീർണ്ണം സമിദ്ധം ജാതവേദസം
മന്ത്രപൂതേന ഹവിഷാ ഹുത്വാ മന്ത്രവിദോ ജനാഃ. 30
തതോ ഹേമപ്രതിഷ്ഠാനേ വരാസ്തരണസംവൃതേ
പ്രാസാദശിഖരേ രമ്യേ ചിത്രമാല്യോപശോഭിതേ. 31
പ്രാങ്മുഖം വിവിധൈർമന്ത്രൈഃ സ്ഥാപയിത്വാ വരാസനേ
നദീനദേഭ്യഃ സംഹൃത്യ തീർത്ഥേഭ്യശ്ച സമന്തതഃ. 32
ആഹൃത്യ ച സമുദ്രേഭ്യഃ സർവ്വേഭ്യോ വാനരർഷഭാഃ
അപഃ കനകകുംഭേഷു നിധായ വിമലാഃ ശുഭാഃ. 33
ശുഭൈർവൃഷഭശൃംഗൈശ്ച കലശൈശ്ചാപി കാഞ്ചനൈഃ
ശാസ്ത്രദൃഷ്ടേന വിധിനാ മഹർഷിവിഹിതേന ച. 34
ഗജോ ഗവാക്ഷോ ഗവയഃ ശരഭോ ഗന്ധമാദനഃ
മൈന്ദശ്ച ദ്വിവിദശ്ചൈവ ഹനുമാൻ ജാംബവാൻ നളഃ. 35
അഭ്യഷിഞ്ചന്ത സുഗ്രീവം പ്രസന്നേന സുഗന്ധിനാ
സലിലേന സഹസ്രാക്ഷം വസവോ വാസവം യഥാ. 36

| | |
|---|---|
| തതഃ | അപ്പോൾ |
| തേ | അവർ |
| യഥാകാലം | തക്കകാലത്തിൽ |
| യഥാവിധി | മുറപോലെ |
| രത്നൈഃ | രത്നങ്ങളാലും |
| വസ്ത്രൈഃ ച | വസ്ത്രങ്ങളാലും |
| ഭക്ഷ്യൈഃ ച | ഭക്ഷ്യങ്ങളാലും |
| ദ്വിജർഷഭാൻ | ബ്രാഹ്മണോത്തമന്മാരെ |
| തോഷയിത്വാ | തൃപ്തിപ്പെടുത്തിയശേഷം |
| തതഃ | അതിൽപിന്നെ |
| മന്ത്രവിദഃ | വേദജ്ഞന്മാരായ |
| ജനാഃ | പ്രജകളും |

| | |
|---|---|
| കുശപരിസ്തീൎണ്ണം | ചുറ്റും ദൎഭവിരിച്ചതും |
| സമിദ്ധം | ഉജ്ജ്വലിക്കുന്നതും |
| ജാതവേദസം | അഗ്നിയിൽ [ആയ |
| മന്ത്രപൂതേന | മന്ത്രങ്ങളാൽ സംസ്കരിക്കപ്പെട്ട |
| ഹവിഷാ | ഹവിസ്സിനാൽ |
| ഹുത്വാ, | ഹോമംചെയ്തു്, |
| തതഃ | അനന്തരം |
| ഹേമ-പ്രതിഷ്ഠാനേ | സ്വൎണ്ണമഞ്ചത്തോടകൂടിയതും |
| വരാസ്തരണ-സംവൃതേ | വിശേഷപ്പെട്ടവിരിപ്പുകൾ വിരിച്ചതും |
| പ്രാസാദ-ശിഖരേ | ഗോപുരംപോലെ താഴികക്കുടങ്ങൾ വെച്ചതും |
| രമ്യേ | ഭംഗിയാൎന്നതും |
| ചിത്രമാല്യോ-പശോഭിതേ, | പലപല മാലകളാൽ അലംകൃതവും ആയ |
| വരാസനേ, | സിംഹാസനത്തിൽ, |
| വാനരശ്രേഷ്ഠം | വാനരോത്തമനായ |
| സുഗ്രീവം, | സുഗ്രീവനെ, |
| വിവിധൈഃ | അനേകം |
| മന്ത്രൈഃ, | മന്ത്രങ്ങൾജപിച്ചു്, |
| പ്രാങ്മുഖം | കിഴക്കോട്ടുനോക്കി |
| സ്ഥാപയിത്വാ, | ഇരുത്തി, |
| ഗജഃ, ഗവാക്ഷഃ | ഗജൻ, ഗവാക്ഷൻ |
| ഗവയഃ, ശരഭഃ | ഗവയൻ, ശരഭൻ |
| ഗന്ധമാദനഃ | ഗന്ധമാദനൻ |
| മൈന്ദഃ ച | മൈന്ദൻ |
| ദ്വിവിദഃ ഏവ | ദ്വിവിദൻ |
| ഹനൂമാൻ | ഹനൂമാൻ |
| ജാംബവാൻ | ജാംബവാൻ |
| നളഃ ച | നളൻ, എന്ന |
| വാനരൎഷഭാഃ | വാനരോത്തമന്മാർ |
| സമന്തതഃ, | ചുറ്റും, |
| തീൎത്ഥേഭ്യഃ | പുണ്യക്ഷേത്രങ്ങളായ |
| നദീനദേഭ്യഃ ച | കിഴക്കോട്ടൊഴുകുന്ന നദികളിൽനിന്നും പടിഞ്ഞാറോട്ടൊഴുകുന്ന നദങ്ങളിൽനിന്നും, |
| സൎവ്വേഭ്യഃ | എല്ലാ |
| സമുദ്രേഭ്യഃ ച | സമുദ്രങ്ങളിൽനിന്നും |
| വിമലാഃ | ശുഭ്രമായ |
| ശുഭാഃ അപഃ | പുണ്യതീൎത്ഥങ്ങളെ |
| കനകകുംഭേഷു | പൊൻകുടങ്ങളിൽ |
| സംഹൃത്യ | എടുത്തു് |
| ആഹൃത്യ നിധായ, | കൊണ്ടുവന്നുവെച്ചു്, |
| കാഞ്ചനൈഃ കലശൈഃ ച അപി | സ്വൎണ്ണകലശങ്ങൾ കൊണ്ടും |
| ശുഭൈഃ | മംഗളകരങ്ങളായ |
| വൃഷഭ-ശൃംഗൈഃ ച | കാളക്കൊമ്പുകൾകൊണ്ടും |
| ശാസ്ത്രദൃഷ്ടേന വിധിനാ | ശാസ്ത്രവിധിപ്രകാരവും |
| മഹൎഷി-വിഹിതേന ച | വേദവിധിപ്രകാരവും |
| പ്രസന്നേന | മന്ത്രപൂതമായ |
| സുഗന്ധിനാ സലിലേന, | സുഗന്ധതീൎത്ഥത്താൽ, |
| വസവഃ | വസുക്കൾ |
| സഹസ്രാക്ഷം | സഹസ്രനേത്രനായ |
| വാസവം | ഇന്ദ്രനെ |
| യഥാ | എന്നപോലെ, |
| അഭ്യഷിഞ്ചന്ത. | അഭിഷേകം ചെയ്തു. |

അഭിഷിക്തേ തു സുഗ്രീവേ സൎവ്വേ വാനരപുംഗവാഃ
പ്രചുക്രുശുൎമ്മഹാത്മാനോ ഹൃഷ്ടാസ്തത്ര സഹസ്രശഃ. 37

| | |
|---|---|
| സുഗ്രീവേ | സുഗ്രീവൻ |
| അഭിഷിക്തേ തു | അഭിഷിക്തനായ |
| തത്ര | അവിടെ [പ്പോൾ |
| മഹാത്മാനഃ | മഹാത്മാക്കളായ |
| സഹസ്രശഃ | അനേകായിരം |
| വാനരപുംഗവാഃ | വാനരശ്രേഷ്ഠന്മാർ |
| സൎവ്വേ ഹൃഷ്ടാഃ | എല്ലാം സന്തുഷ്ടരായി |
| പ്രചുക്രുശുഃ. | ആൎത്തുവിളിച്ചു. |

രാമസ്യ തു വചഃ കൃത്വാ സുഗ്രീവോ ഹരിപുംഗവഃ
അംഗദം സംപരിഷ്വജ്യ യൌവരാജ്യേഽഭ്യഷേചയത്. 38

| | | | |
|---|---|---|---|
| ഹരിപുംഗവഃ | വാനരോത്തമനായ | കൃത്വാ, | ശിരസാവഹിച്ചുകൊ |
| സുഗ്രീവഃ, | സുഗ്രീവൻ, | അംഗദം | അംഗദനെ [ണ്ട്, |
| | | സംപരിഷ്വജ്യ, | ആലിംഗനം ചെയ്തു്, |
| രാമസ്യ | ശ്രീരാഘവൻെറ | യൌവരാജ്യേ | യുവരാജാവായി |
| വചഃ തു | ആജ്ഞയെത്തന്നെ | അഭ്യഷേചയത്. | വാഴിച്ചു. |

അംഗദേ ചാഭിഷിക്തേ തു സാനുക്രോശാഃ പ്ലവംഗമാഃ
സാധു സാധ്വിതി സുഗ്രീവം മഹാത്മാനോഽഭ്യപൂജയൻ. 39

| | | | |
|---|---|---|---|
| അംഗദേ | അംഗദൻ | പ്ലവംഗമാഃ, | വാനരന്മാർ, |
| അഭിഷിക്തേ തു, | യുവരാജാവായി പട്ടാഭിഷിക്തനായ സമയം, | സുഗ്രീവം | സുഗ്രീവനെ |
| | | "സാധു, | "നല്ലത് |
| സാനുക്രോശാഃ | അവൻെറ പേരിൽ വാത്സല്യമാന്ന | സാധു," | നല്ലത്," |
| | | ഇതി ച | എന്നുപറഞ്ഞു കൊണ്ട് |
| മഹാത്മാനഃ | മഹാത്മാക്കളായ | അഭ്യപൂജയൻ. | പുകഴ്ത്തി. |

രാമം ചൈവ മഹാത്മാനം ലക്ഷ്മണം ച പുനഃ പുനഃ
പ്രീതാശ്ച തുഷ്ടുവുഃ സർവ്വേ താദൃശേ തത്ര വർത്തിനി. 40

| | | | |
|---|---|---|---|
| തത്ര | അങ്ങിക്കിൽ | ലക്ഷ്മണം ച | ലക്ഷ്മണനേയും |
| താദൃശേ | അപ്രകാരം | സർവ്വേ ച | എല്ലാവരും |
| വർത്തിനി, | നടന്ന സംഗതിയെക്കു | പ്രീതാഃ | ഉള്ളം കുളുത്തവരായി |
| മഹാത്മാനം | മഹാത്മാവായ [റിച്ചു്, | പുനഃ പുനഃ | ഏററവുമധികം |
| രാമം ച ഏവ | ശ്രീരാമനേയും | തുഷ്ടുവുഃ | കൊണ്ടാടി. |

ഹൃഷ്ടപുഷ്ടജനാകീർണ്ണാ പതാകാധ്വജശോഭിതാ
ബഭൂവ നഗരീ രമ്യാ കിഷ്കിന്ധാ ഗിരിഗഹ്വരേ. 41

| | | | |
|---|---|---|---|
| ഗിരിഗഹ്വരേ, | പർവ്വതകന്ദരത്തിൽ | ഹൃഷ്ടപുഷ്ടജനാകീർണ്ണാ, | സന്തുഷ്ടിപൂണ്ട്, കുറവററ ജനങ്ങളാൽ നിറയപ്പെട്ടതായി, |
| രമ്യാ | അഴകാന്ന | പതാകാധ്വജശോഭിതാ, | കൊടിക്കൂറകളാലും കൊടിമരങ്ങളാലും ശോഭിക്കുന്നതായി, |
| കിഷ്കിന്ധാ നഗരീ, | ആ കിഷ്കിന്ധാനഗരം | ബഭൂവ. | വിളങ്ങി. |

നിവേദ്യ രാമായ തദാ മഹാത്മനേ
മഹാഭിഷേകം കപിവാഹിനീപതിഃ
രുമാം ച ഭാര്യാം പ്രതിലഭ്യ വീര്യവാ-
നവാപ രാജ്യം ത്രിദശാധിപോ യഥാ. 42

| | |
|---|---|
| വീര്യവാൻ, | വീര്യശാലിയായ സുഗ്രീവൻ, |
| കപിവാഹിനീപതിഃ | വാനരസേനയ്ക്ക് രാജാവായി, |
| തദാ | അപ്പോൾ |
| മഹാഭിഷേകം | പട്ടാഭിഷേകസംഗതിയെക്കുറിച്ച് |
| മഹാത്മനേ | മഹാത്മാവായ |

| | |
|---|---|
| രാമായ | ശ്രീരാമനോടായി |
| നിവേദ്യ, | ഉണർത്തിച്ചശേഷം |
| ത്രിദശാധിപഃ | ഇന്ദ്രൻ |
| യഥാ, | എന്നപോലെ, |
| ഭാര്യാം രുമാം | പത്നിയായ രുമയെ |
| പ്രതിലഭ്യ, | പ്രാപിച്ച്, |
| രാജ്യം ച | രാജ്യത്തേയും |
| അവാപ. | കയ്യേറി. |

["അഭിഷേകം ച താരായാ രുമായാഃ പ്രാപ്തിമുത്തമാം സുഗ്രീവസ്യ സദാ ശ്രുത്വാ രാജ്യലാഭം സ ഗച്ഛതി." എന്ന് സർഗ്ഗഫലശ്രുതി. (തീർത്ഥീയം).]

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ ഷഡ്വിംശഃ സർഗ്ഗഃ = ഇരുപത്താറാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 10363; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1111.

## സപ്തവിംശഃ സർഗ്ഗഃ = ഇരുപത്തേഴാംസർഗ്ഗം.

[പ്രസ്രവണഗുഹായാം നിവാസഃ = പ്രസ്രവണമെന്ന ഒതുക്കിൽ വസിക്കുന്നത്.]

അഭിഷിക്തേ തു സുഗ്രീവേ പ്രവിഷ്ടേ വാനരേ ഗുഹാം
ആജഗാമ സഹ ഭ്രാത്രാ രാമഃ പ്രസ്രവണം ഗിരിം 1
ശാർദ്ദൂലമൃഗസംഘുഷ്ടം സിംഹൈർഭീമതരൈർവൃതം
നാനാഗുല്മലതാഗൂഢം ബഹുപാദപസംകുലം 2
ഋക്ഷവാനരഗോപുച്ഛൈർമ്മാർജ്ജാരൈശ്ച നിഷേവിതം
മേഘരാശിനിഭം ശൈലം നിത്യം ശുചിജലാശ്രയം. 3

| | |
|---|---|
| വാനരേ | വാനരനായ |
| സുഗ്രീവേ | സുഗ്രീവൻ |
| അഭിഷിക്തേ | പട്ടാഭിഷിക്തനായി |
| ഗുഹാം | മലയിടുക്ക് |
| പ്രവിഷ്ടേ തു, | പ്രവേശിച്ചശേഷം, |
| രാമഃ | ശ്രീരാമൻ |
| ഭ്രാത്രാ സഹ | അനുജനോടുംകൂടി |
| ശാർദ്ദൂലമൃഗസംഘുഷ്ടം | നരികളാലും, മാനുകളാലും ശബ്ദിക്കപ്പെട്ടതും |
| ഭീമതരൈഃ | അതിഭയങ്കരങ്ങളായ |
| സിംഹൈഃ | സിംഹങ്ങളാൽ |
| വൃതം | നിറയപ്പെട്ടതും |
| നാനാഗുല്മലതാഗൂഢം | പലപൊന്തകളാലും വള്ളികളാലും മൂടപ്പെട്ടതും |

| | |
|---|---|
| ബഹുപാദപസംകുലം | പലവൃക്ഷങ്ങളിടതിങ്ങിയതും |
| ഋക്ഷവാനരഗോപുച്ഛൈഃ | കരടികൾ, വാനരന്മാർ, ഗോപുച്ഛങ്ങൾ എന്നവയാലും |
| മാർജ്ജാരൈഃ ച | പൂച്ചകളാലും |
| നിഷേവിതം | നിവസിക്കപ്പെട്ടതും |
| മേഘരാശിനിഭം | മേഘസമൂഹംപോലെയുള്ളതും |
| നിത്യം | എല്ലാകാലത്തിലും |
| ശുചിജലാശ്രയം | ശുദ്ധമായ നീർച്ചോലകളോടുകൂടിയതുമായ |
| പ്രസ്രവണം ഗിരിം | പ്രസ്രവണഗിരി എന്ന |
| ശൈലം | പർവ്വതത്തിലേക്ക് |
| ആജഗാമ, | എഴുന്നെള്ളി. |

തസ്യ ശൈലസ്യ ശിഖരേ മഹതീമായതാം ഗുഹാം
പ്രത്യഗൃഹ്ണത വാസാൎത്ഥം രാമഃ സൌമിത്രിണാ സഹ. 4

| | | | |
|---|---|---|---|
| രാമഃ | ശ്രീരാമൻ | ശിഖരേ | ശിഖരത്തിൽ |
| സൌമിത്രിണാ | ലക്ഷ്മണനോടും | ആയതാം | വിശാലവും |
| സഹ | കൂടി | മഹതീം | വമ്പിച്ചതും ആയ |
| വാസാൎത്ഥം | വസിക്കുന്നതിന്നായി, | ഗുഹാം | ഒരു ഒതുക്കിനെ |
| തസ്യ | ആ | പ്രത്യഗൃഹ്ണത. | നോക്കിക്കണ്ടു. |
| ശൈലസ്യ | മലയുടെ | | |

കൃത്വാ ച സമയം സൌമ്യഃ സുഗ്രീവേണ സഹാനഘഃ
കാലയുക്തം മഹദ്വാക്യമുവാച രഘുനന്ദനഃ
വിനീതം ഭ്രാതരം ഭ്രാതാ ലക്ഷ്മണം ലക്ഷ്മിവൎദ്ധനം. 5

| | | | |
|---|---|---|---|
| സുഗ്രീവേണ സഹ | സുഗ്രീവനോടുകൂടി | ലക്ഷ്മിവൎദ്ധനം | സൽകീൎത്തിയെ വൎദ്ധിപ്പിക്കുന്നവനും |
| സമയം കൃത്വാ ച, | ഒരു ഏൎപ്പാടുചെയ്തുകൊണ്ട്, | ഭ്രാതരം | അനുജനുമായ |
| അനഘഃ | പുണ്യാത്മാവും | ലക്ഷ്മണം | ലക്ഷ്മണനോടായി |
| സൌമ്യഃ | ശാന്തനും | കാലയുക്തം | സമയോചിതവും |
| ഭ്രാതാ | ജ്യേഷ്ഠനുമായ | മഹത് | ശ്രേഷ്ഠവുമായ |
| രഘുനന്ദനഃ, | ശ്രീരാമൻ, | വാക്യം | വാക്യത്തെ |
| വിനീതം | അനുസരണയുക്തനും | ഉവാച. | അരുളിച്ചെയ്തു. |

ഇയം ഗിരിഗുഹാ രമ്യാ വിശാലാ യുക്തമാരുതാ
അസ്യാം വസാവ സൌമിത്രേ വൎഷരാത്രമരിന്ദമ. 6

| | | | |
|---|---|---|---|
| "ഇയം | "ഈ | അരിന്ദമ! | ജയശാലിയായ |
| ഗിരിഗുഹാ | ഗിരികന്ദരം | സൌമിത്രേ! | ലക്ഷ്മണ! |
| രമ്യാ; | മനോഹരമായിരിക്കുന്നു | അസ്യാം | ഇതിൽ |
| വിശാലാ | വിശാലമായും [ണ്ട്; | വൎഷരാത്രം | മഴക്കാലത്തെ |
| യുക്തമാരുതാ; | കാറെറാട്ടമുള്ളതായും ഇരിക്കുന്നുണ്ട്; | വസാവ. | നാം രണ്ടുപേരും കഴിച്ചുകൂട്ടുക. |

ഗിരിശൃംഗമിദം രമ്യമുന്നതം പാൎത്ഥിവാത്മജ
ശ്വേതാഭിഃ കൃഷ്ണതാമ്രാഭിഃ ശിലാഭിരുപശോഭിതം 7
നാനാധാതുസമാകീൎണ്ണം ദരീനിൎഝരശോഭിതം
വിവിധൈൎവൃക്ഷഷണ്ഡൈശ്ച ചാരു ചിത്രലതാവൃതം 8
നാനാവിഹഗസംഘുഷ്ടം മയൂരരവനാദിതം
മാലതീകുന്ദഗുല്മൈശ്ച സിന്ധുവാരകുരണ്ടകൈഃ 9
കദംബാൎജ്ജുനസൎജ്ജൈശ്ച പുഷ്പിതൈരുപശോഭിതം. 10

| | |
|---|---|
| "പാർത്ഥിവാത്മജ! | "രാജകുമാര! |
| ഇദം | ഈ |
| ഗിരിശൃംഗം | ഗിരിശിഖരം |
| രമ്യം, | രമണീയമായും, |
| ഉന്നതം; | ഉയൎന്നതായുമിരിക്കുന്നു; |
| ശ്വേതാഭിഃ | വെളുത്തും |
| കൃഷ്ണതാമ്രാഭിഃ | കറുത്തും ചുവന്നും ഉള്ള |
| ശിലാഭിഃ | പാറകളാൽ |
| ഉപശോഭിതം; | ഭംഗിതേടുന്നു; |
| നാനാധാതുസമാകീർണ്ണം; | പലപലധാതുക്കളാൽ നിറയപ്പെട്ടിരിക്കുന്നു; |
| ദരീനിർഝരശോഭിതം; | ഗുഹകളാലും അരുവികളാലും വിളങ്ങുന്നു; |
| വിവിധൈഃ | പല |
| വൃക്ഷഷണ്ഡൈഃ ച | മരത്തോപ്പുകളാലും |
| ചാരു | രമ്യമായി |
| ചിത്രലതാവൃതം; | പലപലവള്ളികളാലും നിറയപ്പെട്ടതായിരിക്കുന്നു; |
| നാനാവിഹഗസംഘുഷ്ടം; | പല പക്ഷികളാൽ ശബ്ദിക്കപ്പെട്ടതായിരിക്കുന്നു; |
| മയൂരരവനാദിതം; | മയിലുകളുടെ കേകാരവങ്ങളോടുകൂടിയതായിരിക്കുന്നു; |
| മാലതീകുന്ദഗുല്മൈഃ | പിച്ചകം, മുല്ല എന്നവയുടെ പടപ്പുകളാലും |
| സിന്ധുവാരകുരണ്ടകൈഃ ച | കരുനൊച്ചികളാലും, പൊൻകുറുഞ്ഞികളാലും |
| പുഷ്പിതൈഃ | പൂത്തുള്ള |
| കദംബാർജ്ജുനസർജ്ജൈഃ ച | കടമ്പ്, മരുത്, പയിൻ എന്നവയാലും |
| ഉപശോഭിതം. | അഴകാൎന്നുവിലസുന്നു. |

ഇയം ച നളിനീ രമ്യാ ഫുല്ലപങ്കജമണ്ഡിതാ
നാതിദൂരേ ഗുഹായാ നൌ ഭവിഷ്യതി നൃപാത്മജ. 11

| | |
|---|---|
| "നൃപാത്മജ! | "രാജകുമാര! |
| ഫുല്ലപങ്കജമണ്ഡിതാ | മലൎന്ന താമരപ്പൂക്കൾ നിറഞ്ഞ |
| ഇയം | ഈ |
| രമ്യാ | അഴകാൎന്ന |
| നളിനീ | താമരപ്പൊയ്ക |
| നൌ | നമ്മുടെ |
| ഗുഹായാഃ | ഗുഹയ്ക്ക് |
| നാതിദൂരേ ച | സമീപത്തിലായ്ത്തന്നെ |
| ഭവിഷ്യതി. | ഇരിക്കയും ചെയ്യും. |

പ്രാഗുദക്പ്രവണേ ദേശേ ഗുഹാ സാധു ഭവിഷ്യതി
പശ്ചാച്ചൈവോന്നതാ സൌമ്യ നിവാതേയം ഭവിഷ്യതി. 12

| | |
|---|---|
| "സൌമ്യ! | "വത്സ! |
| ഗുഹാ | ഈ ഒതുക്ക് |
| പ്രാഗുദക്പ്രവണേ | വടക്കുകിഴക്കുഭാഗത്തിലുള്ള താഴ്വരയായ |
| ദേശേ | ഈ പ്രദേശത്തിൽ |
| സാധു | വളരെ നല്ലതായി |
| ഭവിഷ്യതി; | ഇരിക്കും; |
| ഇയം | ഇതു് |
| പശ്ചാത് ഏവ ഉന്നതാ | പിൻഭാഗത്തിൽ ഉയൎന്നതായി |
| നിവാതാ ച | കാറ്റൊതുക്കമുള്ളതായും |
| ഭവിഷ്യതി. | ഇരിക്കും. |

["ഈശാനകോണിൽ താഴ്വരയായതുകൊണ്ടു് കിഴക്കൻ മഴയും പടിഞ്ഞാറൻ മഴയും രണ്ടും ബാധിക്കാത്തതിനാൽ, വളരെ നല്ലതു്," എന്നു് താല്പര്യം.]

ഗുഹാദ്വാരേ ച സൌമിത്രേ ശിലാ സമതലാ ശുഭാ
ശ്ലക്ഷ്ണാ ചൈവായതാ ചൈവ ഭിന്നാഞ്ജനചയോപമാ. 13

| | | | |
|---|---|---|---|
| “സൌമിത്രേ! | “ലക്ഷ്മണ! | ശ്ലക്ഷ്ണാ ച | മിനുസമായും |
| ഗുഹാദ്വാരേ | ഗുഹയുടെ മുൻഭാഗത്തിലായി | ആയതാ ഏവ | വിശാലമായും |
| സമതലാ ച | സമനിരപ്പുള്ളതായും | ഭിന്നാഞ്ജനചയോപമാ | വേറിട്ടുള്ള അഞ്ജനം കൊണ്ടുള്ള തറപോലെയുള്ളതായും ഉള്ള |
| ശുഭാ ഏവ | ഭംഗിയുള്ളതായും | ശിലാ ച. | ഒരു പാറയും ഉണ്ട്. |

ഗിരിശൃംഗമിദം താത പശ്യ ചോത്തരതഃ ശുഭം
ഭിന്നാഞ്ജനചയാകാരമംഭോധരമിവോത്ഥിതം 14
ദക്ഷിണസ്യാമപി ദിശി സ്ഥിതം ശ്വേതമിവാംബുദം
കൈലാസശിഖരപ്രഖ്യം നാനാധാതുവിഭൂഷിതം. 15

| | | | |
|---|---|---|---|
| “താത! | “വത്സ! | ശ്വേതം അംബുദം ഇവ | വെള്ളക്കാർപോലെയും |
| ശുഭം | ഭംഗിപൂണ്ടതായി | കൈലാസശിഖരപ്രഖ്യം | കൈലാസശിഖര സദൃശമായും |
| ഭിന്നാഞ്ജനചയാകാരം | മറെറാരു അഞ്ജനമല പോലെയുള്ളതും | നാനാധാതുവിഭൂഷിതം | പല ധാതുക്കളാൽ ഭംഗിപൂണ്ടതായും |
| ഉത്ഥിതം | പൊങ്ങിയ | ദക്ഷിണസ്യാം ദിശി സ്ഥിതം അപി | തെക്കുഭാഗത്തിലായും ഉള്ളതിനേയും |
| അംഭോധരം ഇവ | കാർമേഘംപോന്നതും | പശ്യ | നോക്കുക. |
| ഉത്തരതഃ | വടക്കുഭാഗത്തുള്ളതും | | |
| ഇദം | ഈ [ആയ | | |
| ഗിരിശൃംഗം ച, | കൊടുമുടിയേയും, | | |

പ്രാചീനവാഹിനീം ചൈവ നദീം ഭൃശമകർദ്ദമാം
ഗുഹായാഃ പൂർവ്വതഃ പശ്യ ത്രികൂടേ ജാഹ്നവീമിവ 16
ചമ്പകൈസ്തിലകൈസ്താലൈസ്തമാലൈരതിമുക്തകൈഃ
പദ്മകൈഃ സരളൈശ്ചൈവ അങ്കോലൈശ്ചൈവ ശോഭിതാം 17
വാനീരൈസ്തിനിശൈശ്ചൈവ വകുളൈഃ കേതകൈർദ്ധവൈഃ
ഹിന്താലൈസ്തിരിടൈർന്നീപൈർവ്വേത്രകൈഃ കൃതമാലകൈഃ 18

| | | | |
|---|---|---|---|
| “ഗുഹായാഃ | “ഗുഹയുടെ | അങ്കോലൈഃ | അങ്കോലങ്ങളാലും |
| പൂർവ്വതഃ, | മുൻഭാഗത്തിലായി, | വാനീരൈഃ | നീർവഞ്ഞികളാലും |
| ചമ്പകൈഃ | ചമ്പകങ്ങളാലും | തിനിശൈഃ | തൊടുകാരകളാലും |
| തിലകൈഃ | മയിലെള്ളുകളാലും | വകുളൈഃ | വഞ്ഞികളാലും |
| താലൈഃ | പനകളാലും | കേതകൈഃ | കൈതകളാലും |
| തമാലൈഃ | പച്ചിലമരങ്ങളാലും | ധവൈഃ | ഞമകളാലും |
| അതിമുക്തകൈഃ | മരമുല്ലകളാലും | ഹിന്താലൈഃ | ഈന്തകളാലും |
| പദ്മകൈഃ | പതിമുകങ്ങളാലും | തിരിടൈഃ ച | പാച്ചോററികളാലും |
| സരളൈഃ | ചരളങ്ങളാലും | നീപൈഃ ച | കടമ്പുകളാലും |

| | |
|---|---|
| വേത്രൈഃ ച | ചൂരലുകളാലും |
| കൃത-മാലൈഃ ച | കൊന്നകളാലും |
| ശോഭിതാം ഏവ | ശോഭിക്കപ്പെട്ടതായും |
| ത്രികൂടേ | ത്രികൂടപൎവ്വതത്തിൽ |
| ജാഹ്നവീം | മന്ദാകിനീ നദിയെ |
| ഇവ | പോലെയുള്ളതായി |
| ഭൃശം | നല്ല |
| അകൎദ്ദമാം ഏവ | സ്വച്ഛജലമാൎന്നതായും |
| പ്രാചീന-വാഹിനീം ഏവ | കിഴക്കോട്ടൊഴുകുന്നതായും ഉള്ള |
| നദീം ഏവ, | നദിയേയും, |
| പശ്യ. | കണ്ടാലും. |

[ഇവിടെ തുംഗഭദ്രാ നദിതന്നെയാണ് വിവക്ഷിക്കപ്പെടുന്നതു്.]

തീരജൈഃ ശോഭിതാ ഭാതി നാനാരൂപൈസ്തതസ്തതഃ
വസനാഭരണോപേതാ പ്രമദേവാഭ്യലംകൃതാ. 19

| | |
|---|---|
| "തതഃ തതഃ | "അവിടവിടെ |
| നാനാരൂപൈഃ | പല മാതിരിയായ |
| തീരജൈഃ, | കരയിൽ വളരുന്ന തരുഗുല്മാദിയാൽ, |
| വസനാ-ഭരണോപേതാ | നല്ല ആടയാഭരണങ്ങളണിഞ്ഞ |
| അഭ്യലംകൃതാ | ശോഭിക്കുന്ന |
| പ്രമദാ ഇവ | സുന്ദരി എന്നപോലെ |
| ശോഭിതാ | രമ്യമായി |
| ഭാതി. | വിലസുന്നു. |

ശതശഃ പക്ഷിസംഘൈശ്ച നാനാനാദൈൎവ്വിനാദിതാ
ഏകൈകമനുരക്തൈശ്ച ചക്രവാകൈരലംകൃതാ. 20

| | |
|---|---|
| "നാനാനാദൈഃ | "പല ശബ്ദങ്ങളോടുകൂടിയ |
| പക്ഷി-സംഘൈഃ ച | പക്ഷിഗണങ്ങളാലും |
| ശതശഃ | എണ്ണമററ് |
| വിനാദിതാ; | ശബ്ദിക്കപ്പെട്ടതായി വിളങ്ങുന്നു; |
| ഏകൈകം | ഒന്നിനൊന്ന് |
| അനുരക്തൈഃ | പ്രീതി പൂണ്ട |
| ചക്ര-വാകൈഃ ച | ചക്രവാകപ്പക്ഷികളാലും |
| അലംകൃതാ. | വിളങ്ങുന്നു. |

പുളിനൈരതിരമ്യൈശ്ച ഹംസസാരസസേവിതൈഃ
പ്രഹസന്തീവ ഭാത്യേഷാ നാനാരത്നവിഭൂഷിതാ. 21

| | |
|---|---|
| "ഹംസ-സാരസ-സേവിതൈഃ | "ഹംസം കുളക്കോഴി എന്നവയാൽ വസിക്കപ്പെട്ട് |
| അതിരമ്യൈഃ ച | അതിമനോഹരങ്ങളായ |
| പുളിനൈഃ | മണൽത്തിട്ടുകളാൽ |
| നാനാരത്ന-വിഭൂഷിതാ | പല കോപ്പുകളണിഞ്ഞ് |
| പ്രഹസന്തീ ഇവ, | പുഞ്ചിരിതൂകുന്ന നാരി എന്നപോലെ, |
| ഏഷാ | ഈ നദി |
| ഭാതി. | വിലസുന്നു. |

ക്വചിന്നീലോത്പലച്ഛന്നാ ഭാതി രക്തോത്പലൈഃ ക്വചിത്
ക്വചിദാഭാതി ശുക്ലൈശ്ച ദിവ്യൈഃ കുമുദകുഡ്മളൈഃ. 22

| | |
|---|---|
| "ക്വചിത് | "ചിലേടം |
| നീലോല്പലച്ഛന്നാ | കുവലയങ്ങളാൽ നിറയപ്പെട്ടും |
| ക്വചിത് | ചിലേടം |
| രക്തോല്പലൈഃ | ചെങ്കഴഞ്ഞികളാൽ നിറയപ്പെട്ടും |
| ഭാതി; | ഭംഗിതേടുന്നു; |
| ക്വചിത് | ചിലേടം |
| ശുക്ലൈഃ | വെളുവെളുത്ത |
| ദിവ്യൈഃ | അഴകാർന്ന |
| കുമുദകുഡ്മളൈഃ ച | ആമ്പലിൻമൊട്ടുകളാലും |
| ആഭാതി. | വിലസുന്നു. |

പാരിപ്ലവശതൈർജ്ജുഷ്ടാ ബർഹിണക്രൌഞ്ചനാദിതാ
രമണീയാ നദീ സൌമ്യ മുനിസംഘനിഷേവിതാ. 23

| | |
|---|---|
| "സൌമ്യ! | "വത്സ! |
| നദീ | ഈ നദി |
| പാരിപ്ലവശതൈഃ | പല കുളക്കോഴികളാൽ |
| ജുഷ്ടാ | വിളങ്ങുന്നതായും |
| ബർഹിണക്രൌഞ്ചനാദിതാ | മയിലുകളാലും, ക്രൌഞ്ചങ്ങളാലും ശബ്ദിക്കപ്പെട്ടതായും |
| മുനിസംഘനിഷേവിതാ | മുനിഗണങ്ങളാൽ ആശ്രയിക്കപ്പെട്ടതായും |
| രമണീയാ. | അതിമനോഹരമായിരിക്കുന്നു. |

പശ്യ ചന്ദനവൃക്ഷാണാം പങ്ക്തീഃ സുരചിതാ ഇവ
കകുഭാനാം ച ദൃശ്യന്തേ മനസേവോദിതാഃ സമം. 24

| | |
|---|---|
| "ചന്ദനവൃക്ഷാണാം | "ചന്ദനതരുക്കളുടെ |
| പങ്ക്തീഃ | നിരകളേയും, |
| സുരചിതാഃ ഇവ | ഭംഗിയിൽ നട്ടുണ്ടാക്കപ്പെട്ടവ എന്നപോലെ |
| പശ്യ; | കണ്ടാലും; |
| കകുഭാനാം ച | നീർമരുതുകളുടെ നിരകളും, |
| മനസാ | സങ്കല്പമാത്രത്തിൽ |
| സമം | ഒന്നിച്ച് |
| ഉദിതാഃ ഇവ | മുളച്ചുവയെന്നപോലെ |
| ദൃശ്യന്തേ. | കാണപ്പെടുന്നു. |

അഹോ സുരമണീയോऽയം ദേശഃ ശത്രുനിഷൂദന
ഇഹ രംസ്യാവ സൌമിത്രേ സാധ്വത്ര നിവസാവഹൈ. 25

| | |
|---|---|
| "ശത്രുനിഷൂദന! | "ശത്രുനാശനനായ |
| അഹോ! സൌമിത്രേ! | ഹേ ലക്ഷ്മണ! |
| അയം ദേശഃ | ഈ പ്രദേശം |
| സുരമണീയഃ; | ഏററവും രമ്യമായിരിക്കുന്നുണ്ട്; |
| ഇഹ | ഇവിടെ |
| രംസ്യാവ; | നാം രമിക്കുക; |
| അത്ര | ഈ ദിക്കിൽ |
| സാധു | സുഖമായി |
| നിവസാവഹൈ. | നാം വസിക്കുക. |

ഇതശ്ച നാതിദൂരേ സാ കിഷ്കിന്ധാ ചിത്രകാനനാ
സുഗ്രീവസ്യ പുരീ രമ്യാ ഭവിഷ്യതി നൃപാത്മജ. 26

| | | | |
|---|---|---|---|
| "നൃപാത്മജ! | "രാജകുമാര! | സാ | ആ |
| രമ്യാ | അഴകാൎന്നതും | കിഷ്കിന്ധാ, | കിഷ്കിന്ധ, |
| ചിത്രകാനനാ ച | പലകാടുകളുള്ളതും | ഇതഃ | ഇവിടെനിന്നും |
| സുഗ്രീവസ്യ | സുഗ്രീവന്റെ | നാതിദൂരേ | അടുത്തായിതന്നെ |
| പുരീ | നഗരവും ആയ | ഭവിഷ്യതി. | ഉണ്ടാകയും ചെയ്യും. |

ഗീതവാദിത്രനിൎഘോഷഃ ശ്രൂയതേ ജയതാം വര
നൎദ്ദതാം വാനരാണാം ച മൃദംഗാഡംബരൈഃ സഹ. 27

| | | | |
|---|---|---|---|
| "ജയതാം വര! | "ജയശാലികളിൽ മു<br>മ്പനായവനെ! | മൃദംഗാഡംബ-<br>രൈഃ സഹ | മൃദംഗധ്വനികളോടു<br>കൂടിയ |
| നൎദ്ദതാം | ഗൎജ്ജിക്കുന്നവരായ | ഗീതവാദിത്ര-<br>നിൎഘോഷഃ ച | പാട്ടുകളുടേയും വാദ്യ<br>ങ്ങളുടേയും ശബ്ദവും |
| വാനരാണാം | വാനരന്മാരുടെ | ശ്രൂയതേ. | കേൾക്കപ്പെടുന്നു. |

ലബ്ധ്വാ ഭാൎയ്യാം കപിവരഃ പ്രാപ്യ രാജ്യം സുഹൃദ്വൃതഃ
ധ്രുവം നന്ദതി സുഗ്രീവഃ സംപ്രാപ്യ മഹതീം ശ്രിയം. 28

| | | | |
|---|---|---|---|
| "കപിവരഃ | "വാനരശ്രേഷ്ഠനായ | ശ്രിയം | ഐശ്വൎയ്യത്തെ |
| സുഗ്രീവഃ, | സുഗ്രീവൻ, | സംപ്രാപ്യ, | പ്രാപിച്ച്, |
| രാജ്യം പ്രാപ്യ, | രാജ്യത്തെ പ്രാപിച്ച്, | ഭാൎയ്യാം ലബ്ധ്വാ, | ഭാൎയ്യയേയും വീണ്ട്, |
| സുഹൃദ്വൃതഃ, | സുഹൃത്തുകളാൽ ചൂഴ<br>പ്പെട്ട്, | നന്ദതി; | സന്തോഷിക്കുകയാണ്; |
| മഹതീം | മഹത്തായ | ധ്രുവം." | തീൎച്ചതന്നെ." |

ഇത്യുക്ത്വാ ന്യവസത്തത്ര രാഘവഃ സഹലക്ഷ്മണഃ
ബഹുദൃശ്യദരീകുഞ്ജേ തസ്മിൻ പ്രസ്രവണേ ഗിരൌ. 29

| | | | |
|---|---|---|---|
| സഹലക്ഷ്മണഃ | ലക്ഷ്മണസഹിതനായ | ദരീകുഞ്ജേ | ഗുഹകളും വള്ളിക്കുടിലു<br>കളുമാൎന്ന |
| രാഘവഃ, | ശ്രീരാമൻ, | തസ്മിൻ | ആ |
| തത്ര | ആ സമയം | പ്രസ്രവണേ<br>ഗിരൌ | പ്രസ്രവണഗിരിയിൽ |
| ഇതി ഉക്ത്വാ, | ഇപ്രകാരം ഉരചെയ്ത്, | | |
| ബഹുദൃശ്യ- | വളരെ ഭംഗിയുള്ള | ന്യവസത്. | വസിച്ചുവന്നു. |

സുസുഖേഽപി ബഹുദ്രവ്യേ തസ്മിൻ ഹി ധരണീധരേ
വസതസ്തസ്യ രാമസ്യ രതിരല്പാഽപി നാഭവത്
ഹൃതാം ഹി ഭാൎയ്യാം സ്മരതഃ പ്രാണേഭ്യോഽപി ഗരീയസീം. 30

| | | | |
|---|---|---|---|
| പ്രാണേഭ്യഃ<br>അപി | പ്രാണങ്ങളെക്കാളും | സുസുഖേ അപി | അതിമനോഹരമായിരി<br>ക്കുന്നതും ആയ |
| | | തസ്മിൻ | ആ |
| ഗരീയസീം, | പ്രിയപ്പെട്ടവളും, | ധരണീധരേ | പൎവ്വതത്തിൽ |
| ഹൃതാം | കാണാതായ്പോയവളും<br>ആയ | വസതഃ | വസിച്ചുകൊണ്ടിരുന്ന |
| | | തസ്യ | ആ |
| ഭാൎയ്യാം | പ്രേയസിയെക്കുറിച്ച് | രാമസ്യ | ശ്രീരാഘവന്ന് |
| സ്മരതഃ ഹി, | ഓൎത്തുകൊണ്ടുതന്നെ, | അല്പാ അപി | അല്പമെങ്കിലും |
| ബഹുദ്രവ്യേ | എല്ലാ പദാൎത്ഥങ്ങളും<br>ഉള്ളതും, | രതിഃ | മനഃസമാധാനം |
| | | അഭവത് ന. | ഉണ്ടായിരുന്നില്ല. |

ഉദയാഭ്യുദിതം ദൃഷ്ട്വാ ശശാങ്കം ച വിശേഷതഃ
ആവിവേശ ന തം നിദ്രാ നിശാസു ശയനം ഗതം. 31

| | | | |
|---|---|---|---|
| നിശാസു | രാത്രികളിൽ | ദൃഷ്ട്വാ, | കണ്ട്, |
| ശയനം ഗതം | ശയിച്ചുകൊണ്ടിരുന്ന | വിശേഷതഃ ച | വിശേഷിച്ചും അക്കാരണത്താൽ |
| തം, | അദ്ദേഹത്തിന്ന്, | നിദ്രാ | നിദ്രയെന്നതു് |
| ഉദയാഭ്യുദിതം | ഉദയഗിരിയിൽ പൊങ്ങിയ | ആവിവേശ ന. | ഉണ്ടായതേയില്ല. |
| ശശാങ്കം | ചന്ദ്രനെ | | |

തത്സമുത്ഥേന ശോകേന ബാഷ്പോപഹതചേതസം
തം ശോചമാനം കാകുത്സ്ഥം നിത്യം ശോകപരായണം
തുല്യദുഃഖോऽബ്രവീദ് ഭ്രാതാ ലക്ഷ്മണോऽനുനയൻ വചഃ. 32

| | | | |
|---|---|---|---|
| നിത്യം | ഇടവിടാതെ | കാകുത്സ്ഥം | ശ്രീരാമനെനോക്കി |
| ശോകപരായണം | ദുഃഖത്തിലാണ്ട | തുല്യദുഃഖഃ | ഒട്ടും കുറയാത്ത ദുഃഖത്തോടുകൂടിയവനായ |
| തത്സമുത്ഥേന | അതിനാലുണ്ടായ | ഭ്രാതാ | അനുജനായ |
| ശോകേന, | കഷ്ടത്താൽ, | ലക്ഷ്മണഃ | ലക്ഷ്മണൻ |
| ബാഷ്പോപഹതചേതസം | കണ്ണീർവാർത്ത് മനസ്സു മുട്ടിയവനായി | അനുനയൻ | സമാധാനപ്പെടുത്തുന്നവനായി |
| ശോചമാനം | പരിതപിക്കുന്നവനായ | വചഃ അബ്രവീത്. | ഇപ്രകാരം ഉണർത്തിച്ചു. |
| തം | ആ | | |

അലം വീര വ്യഥാം ഗത്വാ ന ത്വം ശോചിതുമർഹസി. 33

| | | | |
|---|---|---|---|
| "വീര! | "വീര! | ത്വം | നിന്തിരുവടി |
| വ്യഥാം | വ്യസനത്തെ | ശോചിതും അർഹസി ന. | വ്യസനിക്കാതിരുന്നാലും. |
| ഗത്വാ അലം; | കയ്ക്കൊണ്ടതു് മതി; | | |

ശോചതോ വ്യവസീദന്തി സർവ്വാർത്ഥാ വിഹിതം ഹി തേ. 34

| | | | |
|---|---|---|---|
| "ശോചതഃ | "മനസ്സുമുട്ടിയ ഒരുവന്ന് | തേ | നിന്തിരുവടിയുടെ |
| സർവ്വാർത്ഥാഃ | സർവ്വകാര്യങ്ങളും | വിഹിതം ഹി. | ഉപദേശംതന്നെയാണല്ലോ ഇതു്. |
| വ്യവസീദന്തി; | കെട്ടുപോകുന്നു; | | |

ഭവാൻ ക്രിയാപരോ ലോകേ ഭവാൻ ദൈവപരായണഃ
ആസ്തികോ ധർമ്മശീലശ്ച വ്യവസായീ ച രാഘവ. 35

| | | | |
|---|---|---|---|
| "രാഘവ! | "ശ്രീരാമ! | ദൈവപരായണഃ; | ദൈവമെന്നു കൊണ്ടാടപ്പെടുന്നവൻ; |
| ലോകേ | ലോകത്തിൽ | ആസ്തികഃ; | മഹാത്മാക്കളുടെ അനുഷ്ഠാനത്തിൽ വിശ്വാസമുള്ളവൻ; |
| ഭവാൻ | നിന്തിരുവടി ഒരുവനാണല്ലോ | ധർമ്മശീലഃ; | ധർമ്മനിഷ്ഠൻ; |
| ക്രിയാപരഃ; | പ്രവൃത്തിക്കുന്നതിന്നു കൂസാത്തവൻ; | വ്യവസായീ ച. | ലോകഹിതത്തിന്നായി പ്രയത്നിക്കുന്നവൻ. |

[“ക്രിയാപരഃ” എന്നതുകൊണ്ട് പൌരുഷവും “ദൈവപരായണഃ” എന്നതുകൊണ്ട് ദൈവവിശ്വാസവും പറയപ്പെടുന്നതിനാൽ, കാര്യസാദ്ധ്യത്തിന്നുവേണ്ടതായ അവ രണ്ടും തനിക്കുണ്ടെന്നു സാരം. (ഗോ. രാ.) “ദൈവപരായണഃ,” (ദൈവപരന്മാൎക്ക് അയനമായി, പ്രാപ്യസ്ഥാനമായവൻ) എന്നു ശിരോമണി; (ഭാഗ്യസമ്പന്നൻ) എന്നു ടീകാ ശിരോമണി.]

ന ഹ്യവ്യവസിതഃ ശത്രും രാക്ഷസം തം വിശേഷതഃ
സമർത്ഥസ്ത്വം രണേ ഹന്തും വിക്രമൈർജ്ജിഹ്മകാരിണം. 36

| | | | |
|---|---|---|---|
| “വിക്രമൈഃ | “തന്റെ അക്രമപ്രവൃത്തികളാൽ | വിശേഷതഃ | പ്രത്യേകിച്ചും |
| ജിഹ്മകാരിണം | വഴിതെററി നടക്കുന്നവനായ | ത്വം | നിന്തിരുവടി ഒരുവൻ മാത്രമാണ് |
| തം ശത്രും | ആ ശത്രുവായ | സമർത്ഥഃ ; | സമർത്ഥനായുള്ളത് ; |
| രാക്ഷസം | രാക്ഷസനെ | ഹി | ആകയാൽ |
| രണേ | പോരിൽ | അവ്യവസിതഃ ന. | നിശ്ചയത്തെ വെടിയാതിരുന്നാലും. |
| ഹന്തും, | വധിക്കുവാൻ, | | |

[“വിശേഷിച്ചും ആ ചതിയനായ രാക്ഷസനെ വധിക്കുന്ന കാൎയ്യത്തിൽ, വ്യവസായമില്ലാത്ത ഭവാന്നു സാദ്ധ്യമല്ല.” എന്നു വ്യാഖ്യാനാന്തരങ്ങൾ.]

സമുന്മൂലയ ശോകം ത്വം വ്യവസായം സ്ഥിരം കുരു
തതഃ സപരിവാരം തം നിർമ്മൂലം കുരു രാക്ഷസം. 37

| | | | |
|---|---|---|---|
| “ത്വം | “നിന്തിരുവടി | കുരു; | കയ്ക്കൊണ്ടാലും; |
| ശോകം | ശോകത്തെ | തതഃ | അതിനാൽ |
| സമുന്മൂലയ ; | ഉന്മൂലനംചെയ്താലും ; | തം രാക്ഷസം | ആ രാക്ഷസനെ |
| വ്യവസായം | ഉദ്യമത്തെ | സപരിവാരം | പരിവാരങ്ങളോടുകൂടി |
| സ്ഥിരം | ദൃഢമായി | നിർമ്മൂലം കുരു. | നശിപ്പിച്ചാലും. |

പൃഥിവീമപി കാകുത്സ്ഥ സസാഗരവനാചലാം
പരിവർത്തയിതും ശക്തഃ കിം പുനാ രാവണം രണേ. 38

| | | | |
|---|---|---|---|
| “കാകുത്സ്ഥ! | “ശ്രീരാഘവ! | ശക്തഃ, | ശക്തനായ നിന്തിരുവടി, |
| സസാഗരവനാചലാം | സമുദ്രങ്ങളും, വനങ്ങളും ഗിരികളുമടങ്ങിയ | രണേ | പോരിൽ |
| പൃഥിവീം അപി | ലോകത്തെ മുഴുവനും | രാവണം | രാവണനെ എന്നുവെച്ചാൽ |
| പരിവർത്തയിതും | സംഹരിച്ചു സൃഷ്ടിപ്പാൻ | കിം പുനഃ ? | പിന്നെ പറവാനുണ്ടോ ? |

ശരത്കാലം പ്രതീക്ഷസ്വ പ്രാവൃഡ്കാലോƒയമാഗതഃ
തതഃ സരാഷ്ട്രം സഗണം രാവണം ത്വം വധിഷ്യസി. 39

| | | | |
|---|---|---|---|
| “അയം | “ഈ | ത്വം | നിന്തിരുവടി |
| പ്രാവൃഡ്കാലഃ | മഴക്കാലം | രാവണം | രാവണനെ |
| ആഗതഃ; | ആരംഭിച്ചുകഴിഞ്ഞു ; | സരാഷ്ട്രം | നാട്ടാരടക്കം |
| ശരത്കാലം | ശരത്കാലത്തെ | സഗണം | കൂട്ടുകാരടക്കം |
| പ്രതീക്ഷസ്വ ; | കാത്തിരുന്നാലും ; | വധിഷ്യസി. | വധിക്കുന്നതാണ്. |
| തതഃ | അപ്പോൾ | | |

അഹം തു ഖലു തേ വീൎയ്യം പ്രസുപ്തം പ്രതിബോധയേ
ദീപ്തൈരാഹുതിഭിഃ കാലേ ഭസ്മച്ഛന്നമിവാനലം. 40

| | | | |
|---|---|---|---|
| " ഭസ്മച്ഛന്നം | " ചാരംമൂടിയ | പ്രസുപ്തം | ഒതുങ്ങിക്കിടക്കുന്നതായ |
| അനലം | കനലിനെ | തേ | നിന്തിരുവടിയുടെ |
| ദീപ്തൈഃ | പരിശുദ്ധമായ | വീൎയ്യം | തേജസ്സിനെ |
| ആഹുതിഭിഃ | ആഹുതികളാൽ | അഹം | ഞാൻ |
| കാലേ ഇവ, | വേണ്ടസമയത്തിൽ എന്നപോലെ, | പ്രതിബോധയേ ഖലു തു." | ഉണൎത്തുക മാത്രമാണ് ചെയ്യുന്നത്." |

ലക്ഷ്മണസ്യ തു തദ്വാക്യം പ്രതിപൂജ്യ ഹിതം ശുഭം
രാഘവഃ സുഹൃദം സ്നിഗ്ദ്ധമിദം വചനമബ്രവീത്. 41

| | | | |
|---|---|---|---|
| രാഘവഃ | ശ്രീരാമൻ, | സുഹൃദം | വിശ്വാസത്തെ കാണിക്കുന്നതും |
| ലക്ഷ്മണസ്യ | ലക്ഷ്മണന്റെ | | |
| ഹിതം | ഹിതകരമായ | സ്നിഗ്ദ്ധം തു | മധുരവും ആയ |
| തത് | ആ | ഇദം | ഈ |
| ശുഭം വാക്യം | നല്ല വാക്യത്തെ | വചനം | വാക്യത്തെ |
| പ്രതിപൂജ്യ, | കൊണ്ടാടിക്കൊണ്ട് | അബ്രവീത്. | അരുളിച്ചെയ്തു. |

വാച്യം യദനുരക്തേന സ്നിഗ്ദ്ധേന ച ഹിതേന ച
സത്യവിക്രമയുക്തേന തദുക്തം ലക്ഷ്മണ ത്വയാ. 42

| | | | |
|---|---|---|---|
| "ലക്ഷ്മണ! | "ലക്ഷ്മണ! | ത്വയാ | നിന്നാൽ |
| അനുരക്തേന | ഭക്തിയുക്തനും | യത് | യാതൊന്ന് |
| സ്നിഗ്ദ്ധേന | പ്രിയപ്പെട്ടവനും | | |
| ഹിതേന | ഹിതകാരിയും | വാച്യം | പറയത്തക്കതോ |
| സത്യവിക്രമയുക്തേന | നിഷ്ഫലമാകാത്ത പരാക്രമത്തോടുകൂടിയവനുമായ | തത് | അതുതന്നെയാണ് |
| | | ഉക്തം. | പറയപ്പെട്ടതു്. |

ഏഷ ശോകഃ പരിത്യക്തഃ സൎവ്വകാൎയ്യാവസാദകഃ
വിക്രമേഷ്വപ്രതിഹതം തേജഃ പ്രോത്സാഹയാമ്യഹം. 43

| | | | |
|---|---|---|---|
| "സൎവ്വകാൎയ്യാവസാദകഃ | "എല്ലാകാൎയ്യങ്ങൾക്കും നാശത്തെ ഉളവാക്കുന്നതായ | വിക്രമേഷു | പരാക്രമവിഷയങ്ങളിൽ |
| ഏഷഃ | ഈ | അപ്രതിഹതം | തടവില്ലാത്തവിധം |
| ശോകഃ, | ശോകം, | തേജഃ | സ്ഥിരബുദ്ധിയെ |
| പരിത്യക്തഃ; | എന്നാൽ വെടിയപ്പെട്ടു; | പ്രോത്സാഹയാമി. | കയ്ക്കൊണ്ടിരിക്കുന്നു. |
| അഹം | ഞാൻ | | |

ശരത്കാലം പ്രതീക്ഷിഷ്യേ സ്ഥിതോഽസ്മി വചനേ തവ
സുഗ്രീവസ്യ നദീനാം ച പ്രസാദമനുപാലയൻ. 44

| | |
|---|---|
| "തവ | "നിൻെറ |
| വചനേ | വാക്യത്തിൽ |
| സ്ഥിതഃ അസ്മി; | ഞാൻ നില്ക്കൊണ്ടിരിക്കുന്നു; |
| സുഗ്രീവസ്യ | സുഗ്രീവൻെറയും |
| നദീനാം ച | നദികളുടേയും |
| പ്രസാദം | സഹായത്തെ |
| അനുപാലയൻ | പ്രതീക്ഷിച്ചുകൊണ്ട് |
| ശരത്കാലം | ശരത്കാലത്തെ |
| പ്രതീക്ഷിഷ്യേ. | ഞാൻ കാത്തിരിക്കാം. |

ഉപകാരേണ വീരസ്തു പ്രതികാരേണ യുജ്യതേ
അകൃതജ്ഞോഽപ്രതികൃതോ ഹന്തി സത്ത്വവതാം മനഃ. 45

| | |
|---|---|
| "വീരഃ തു | "വീരനായ ഒരുവനെന്നുവെച്ചാൽ |
| ഉപകാരേണ | ഒരു ഉപകാരത്തിന്നു |
| പ്രതികാരേണ | പ്രത്യുപകാരം ചെയ്യുന്നതിൽ |
| യുജ്യതേ; | ശ്രദ്ധയോടുകൂടിയവനായിരിക്കുന്നു; |
| അകൃതജ്ഞഃ | നന്ദികെട്ടവനായി |
| അപ്രതികൃതഃ | പ്രത്യുപകാരേച്ഛയില്ലാത്ത ഒരുവൻ |
| സത്ത്വവതാം | സദ്ബുദ്ധിയുള്ളവരുടെ |
| മനഃ | ചിത്തത്തെ |
| ഹന്തി." | പീഡിപ്പിക്കുന്നു." |

അഥൈവമുക്തഃ പ്രണിധായ ലക്ഷ്മണഃ
കൃതാഞ്ജലിസ്തത് പ്രതിപൂജ്യ ഭാഷിതം
ഉവാച രാമം സ്വഭിരാമദർശനം
പ്രദർശയൻ ദർശനമാത്മനഃ ശുഭം. 46

| | |
|---|---|
| ലക്ഷ്മണഃ, | ലക്ഷ്മണൻ, |
| അഥ | ആസമയം |
| ഏവം | മേൽപ്രകാരം |
| ഉക്തഃ | ഉരചെയ്യപ്പെട്ടവനായി |
| ഭാഷിതം | ആ വാക്യത്തെ |
| പ്രണിധായ, | മനസ്സിലോർത്ത്, |
| തത് | അതിനെ |
| പ്രതിപൂജ്യ | ഉള്ളിൽകൊണ്ടാടികൊണ്ട്, |
| സ്വഭിരാമദർശനം | വളരെനല്ല ആദർശങ്ങളോടുകൂടിയ |
| രാമം, | ശ്രീരാമനോടായി, |
| ശുഭം | പരിശുദ്ധമായ |
| ആത്മനഃ | തൻെറ |
| ദർശനം | ആശയത്തെ |
| പ്രദർശയൻ | വെളിപ്പെടുത്തുന്നവനായി |
| ഉവാച. | ഇങ്ങിനെ ഉരചെയ്തു. |

യഥോക്തമേതത്തവ സർവ്വമീപ്സിതം നരേന്ദ്ര കർത്താ ന ചിരാദ്ധരീശ്വരഃ
ശരത്പ്രതീക്ഷഃ ക്ഷമതാമിമം ഭവാൻ ജലപ്രപാതം രിപുനിഗ്രഹേ ധൃതഃ.

| | |
|---|---|
| "നരേന്ദ്ര! | "പുരുഷോത്തമ! |
| ഹരീശ്വരഃ | വാനരരാജാവ്, |
| ന ചിരാത് | താമസിയാതെതന്നെ |
| തവ | നിന്തിരുവടിയുടെ |
| ഏതത് ഈപ്സിതം | ഈ ആഗ്രഹത്തെ |
| സർവ്വം | മുഴുവനും |
| യഥോക്തം | വാഗ്ദത്തപ്രകാരംതന്നെ |
| കർത്താ; | നിറവേററുന്നതാണ്; |
| ഭവാൻ | നിന്തിരുവടി |
| രിപുനിഗ്രഹേ | ശത്രുവധത്തിൽ |
| ധൃതഃ, | നിശ്ചയം പൂണ്ടവനായി |
| ശരത്പ്രതീക്ഷഃ | ശരത്കാലത്തെ കാത്തിരിക്കുന്നവനായി |
| ഇമം | ഈ |
| ജലപ്രപാതം | മഴക്കാലത്തെ |
| ക്ഷമതാം. | ക്ഷമയോടെ കഴിച്ചുകൂട്ടിയാലും. |

നിയമ്യ കോപം പ്രതിപാല്യതാം ശരത്-
ക്ഷമസ്വ മാസാംശ്ചതുരോ മയാ സഹ
വസാചലേƨസ്മിൻ മൃഗരാജസേവിതേ
സംവർത്തയൻ ശത്രുവധേ സമുദ്യതഃ. 48

| | | | |
|---|---|---|---|
| "കോപം | "കോപത്തെ | ശത്രുവധേ | ശത്രുവധത്തിൽ |
| നിയമ്യ | ഒതുക്കി | സമുദ്യതഃ | നോക്കത്തോടുകൂടിയവനായി |
| ക്ഷമസ്വ; | ക്ഷമ കയ്ക്കൊണ്ടാലും; | | |
| ശരത് പ്രതിപാല്യതാം; | ശരത്കാലം പ്രതീക്ഷിക്കപ്പെടട്ടെ; | സംവർത്തയൻ | ദൃഢനിശ്ചയം പൂണ്ടവനായി |
| മൃഗരാജസേവിതേ | സിംഹങ്ങൾ വസിക്കുന്നതായ | മയാ സഹ | എന്നോടുകൂടി |
| | | ചതുരഃ | നാലു |
| അസ്മിൻ | ഈ | മാസാൻ | മാസങ്ങളെ |
| അചലേ, | ഗിരിയിൽ, | വസ." | കഴിച്ചുകൂട്ടിയാലും." |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
സപ്തവിംശഃ സർഗ്ഗഃ = ഇരുപത്തേഴാംസർഗ്ഗം സമാപ്തം.
ആദ്യം മുതൽ ശ്ലോകസംഖ്യ 10411; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1159.

## അഷ്ടാവിംശഃ സർഗ്ഗഃ = ഇരുപത്തെട്ടാംസർഗ്ഗം.

[പ്രാവൃഡ്വർണ്ണനം = വർഷകാലവർണ്ണന.]

സ തഥാ വാലിനം ഹത്വാ സുഗ്രീവമഭിഷിച്യ ച
വസൻ മാല്യവതഃ പൃഷ്ഠേ രാമോ ലക്ഷ്മണമബ്രവീത്. 1

| | | | |
|---|---|---|---|
| വാലിനം | ബാലിയെ | പൃഷ്ഠേ | ശിഖരത്തിൽ |
| ഹത്വാ, | വധിച്ച്, | വസൻ | വസിച്ചുകൊണ്ടിരുന്ന |
| സുഗ്രീവം | സുഗ്രീവനെയും | സഃ | ആ |
| തഥാ | അപ്രകാരംതന്നെ | | |
| അഭിഷിച്യ ച, | പട്ടാഭിഷേകം ചെയ്തിട്ടുശേഷം, | രാമഃ | ശ്രീരാമൻ |
| മാല്യവതഃ | മാല്യവാനെന്ന പ്രസ്രവണഗിരിയുടെ | ലക്ഷ്മണം | ലക്ഷ്മണനോടായി |
| | | അബ്രവീത്. | അരുളിച്ചെയ്തു. |

[കടപ്പ, കർണ്ണൂൽ മുതലായ ജില്ലകളിലുള്ളതും 'പൂർവ്വഘട്ടം' (Eastern Ghats) എന്ന പർവ്വതനിരയുടെ ഭാഗവും ആയ ഗിരിക്ക് മാല്യവാൻ എന്നു പേരാകുന്നു.]

അയം സ കാലഃ സംപ്രാപ്തഃ സമയോƨദ്യ ജലാഗമഃ
സംപശ്യ ത്വം നഭോ മേഘൈഃ സംവൃതം ഗിരിസംനിഭൈഃ. 2

| | | | |
|---|---|---|---|
| "ജലാഗമസമയഃ | വർഷർത്തുവാകുന്ന | നഭഃ | ആകാശം |
| | | ഗിരിസംനിഭൈഃ | മലയൊത്ത |
| സഃ | ആ | മേഘൈഃ | മേഘങ്ങളാൽ |
| അയം കാലഃ, | ഈ കാലം, | സംവൃതം | മൂടപ്പെട്ടിരിക്കുന്നതിനെ |
| അദ്യ | ഇപ്പോൾ | ത്വം | നീ |
| സംപ്രാപ്തഃ; | എത്തിക്കഴിഞ്ഞു; | സംപശ്യ. | നോക്കുക. |

നവമാസധൃതം ഗർഭം ഭാസ്കരസ്യ ഗഭസ്തിഭിഃ
പീത്വാ രസം സമുദ്രാണാം ദ്യൗഃ പ്രസൂതേ രസായനം. 3

| | |
|---|---|
| "ദ്യൗഃ | "ആകാശം |
| ഭാസ്കരസ്യ ഗഭസ്തിഭിഃ | ആദിത്യകിരണങ്ങളെക്കൊണ്ടു് |
| സമുദ്രാണാം | സമുദ്രങ്ങളിലുള്ള |
| രസം | നീരാവിയെ |
| പീത്വാ | പാനം ചെയ്തു്, |
| നവമാസധൃതം | ഒമ്പതുമാസം ചുമന്നു്, |
| ഗർഭം | ഗർഭത്തിലുള്ള |
| രസായനം | ജലത്തെ |
| പ്രസൂതേ. | പ്രസവിക്കുന്നു. |

ശക്യമംബരമാരുഹ്യ മേഘസോപാനപങ്ക്തിഭിഃ
കുടജാർജ്ജുനമാലാഭിരലങ്കർത്തും ദിവാകരം. 4

| | |
|---|---|
| "മേഘസോപാനപംക്തിഭിഃ | "മേഘങ്ങളാകുന്ന വരിവരിയായ പടവുകളിൽക്കൂടി |
| അംബരം | ആകാശത്തിൽ |
| ആരുഹ്യ | കയറിച്ചെന്നു് |
| കുടജാർജ്ജുനമാലാഭിഃ | കുടകപ്പാല, നീർമരുതു് എന്നവയുടെ പൂക്കളെ [ക്കൊണ്ടു് |
| ദിവാകരം | സൂര്യനെ |
| അലംകർത്തും | നേരെചെന്നു പൂജിക്കുന്നതു് |
| ശക്യം. | സാദ്ധ്യമെന്നപോലിരിക്കുന്നു. |

സന്ധ്യാരാഗോത്ഥിതൈസ്താമ്രൈരന്തേഷ്വധികപാണ്ഡുരൈഃ
സ്നിഗ്ദ്ധൈരഭ്രപടച്ഛേദൈർബ്ബദ്ധവ്രണമിവാംബരം. 5

| | |
|---|---|
| "അംബരം, | "ആകാശം, |
| സന്ധ്യാരാഗോത്ഥിതൈഃ | സന്ധ്യാകാലത്തിലുണ്ടാകുന്ന |
| താമ്രൈഃ | രക്തവർണ്ണങ്ങളോടു |
| അന്തേഷു | ഓരങ്ങളിൽ [കൂടിയും, |
| അധികപാണ്ഡുരൈഃ | അധികമായവെളുപ്പുനിറങ്ങളാന്നും, |
| സ്നിഗ്ദ്ധൈഃ | നനഞ്ഞവയായും ഉള്ള, |
| അഭ്രപടച്ഛേദൈഃ | മേഘങ്ങളാകുന്ന ചീന്തൽത്തുണികളെക്കൊണ്ടു് |
| ബദ്ധവ്രണം ഇവ. | കെട്ടപ്പെട്ട വ്രണങ്ങളോടുകൂടിയതെന്നപോലെയിരിക്കുന്നു. |

മന്ദമാരുതനിശ്വാസം സന്ധ്യാചന്ദനരഞ്ജിതം
ആപാണ്ഡുജലദം ഭാതി കാമാതുരമിവാംബരം. 6

| | |
|---|---|
| "അംബരം | "ആകാശം |
| മന്ദമാരുതനിശ്വാസം | മന്ദമാരുതനാകുന്ന ശ്വാസത്തോടുകൂടിയതായി, |
| സന്ധ്യാചന്ദനരഞ്ജിതം, | സന്ധ്യാരാഗമാകുന്ന ചന്ദനം പൂശപ്പെട്ടതായി, |
| ആപാണ്ഡുജലദം | വിളർത്തമേഘത്തോടുകൂടിയതായി, |
| കാമാതുരം ഇവ | കാമാതുരനെന്നപോലെ |
| ഭാതി. | കാണപ്പെടുന്നു. |

ഏഷാ ഘൎമ്മപരിക്ലിഷ്ടാ നവവാരിപരിപ്ലുതാ
സീതേവ ശോകസംതപ്താ മഹീ ബാഷ്പം വിമുഞ്ചതി. 7

| | |
|---|---|
| " ഏഷാ | " ഈ |
| മഹീ | ഭൂമി, |
| ഘൎമ്മപരിക്ലിഷ്ടാ | വേനൽകൊണ്ടു വാടിത്തളൎന്നതായി, |
| നവവാരി-പരിപ്ലുതാ, | പുതിയ വെള്ളത്താൽ നനയ്ക്കപ്പെട്ടതായി, |
| ശോകസംതപ്താ | ശോകത്താൽ പരിതപിക്കുന്ന |
| സീതാ ഇവ | സീതയെന്നപോലെ |
| ബാഷ്പം | കണ്ണീർ |
| വിമുഞ്ചതി. | വാൎക്കുന്നു. |

മേഘോദരവിനിൎമ്മുക്താഃ കൽഹാരസുഖശീതളാഃ
ശക്യമഞ്ജലിഭിഃ പാതും വാതാഃ കേതകിഗന്ധിനഃ. 8

| | |
|---|---|
| " വാതാഃ, | " നാലുഭാഗത്തിൽനിന്നുമുള്ള കാറ്റുകൾ, |
| മേഘോദര-വിനിൎമ്മുക്താഃ | മേഘങ്ങളുടെ ഇടയിൽ തട്ടിവിഴുന്നവയായി, |
| കൽഹാരസുഖ-ശീതളാഃ | ചെങ്ങഴിനീർ പുഷ്പത്തിന്റെ സുഖമായ ശൈത്യത്തോടുകൂടിയവയായി, |
| കേതകി-ഗന്ധിനഃ, | കൈതപ്പൂവിൻ വാസനയാൎന്നവയായി, |
| അഞ്ജലിഭിഃ പാതും | കൈകൾ കൂപ്പിക്കൊണ്ടു മുകരുവാൻ |
| ശക്യം. | തക്കവയായിരിക്കുന്നു. |

ഏഷ ഫുല്ലാൎജ്ജുനഃ ശൈലഃ കേതകൈരധിവാസിതഃ
സുഗ്രീവ ഇവ ശാന്താരിൎദ്ധാരാഭിരഭിഷിച്യതേ. 9

| | |
|---|---|
| " ഫുല്ലാൎജ്ജുനഃ | " വികസിച്ച മരുതിൻപൂക്കളാൎന്നതും |
| കേതകൈഃ | കൈതപ്പൂക്കളാൽ |
| അധിവാസിതഃ | വാസനയുള്ളതായുമിരിക്കുന്ന |
| ഏഷഃ | ഈ |
| ശൈലഃ, | മല, |
| ശാന്താരിഃ | ശത്രുവററ |
| സുഗ്രീവഃ ഇവ, | സുഗ്രീവനെന്നപോലെ, |
| ധാരാഭിഃ | ജലധാരകളാൽ |
| അഭിഷിച്യതേ. | അഭിഷേകംചെയ്യപ്പെടുന്നു. |

മേഘകൃഷ്ണാജിനധരാ ധാരായജ്ഞോപവീതിനഃ
മാരുതാപൂരിതഗുഹാഃ പ്രാധീതാ ഇവ പൎവ്വതാഃ. 10

| | |
|---|---|
| " പൎവ്വതാഃ, | " പൎവ്വതങ്ങൾ, |
| മേഘകൃഷ്ണാ-ജിനധരാഃ, | മേഘങ്ങളാകുന്ന കൃഷ്ണമൃഗത്തോലുടുത്തവയായി, |
| ധാരായജ്ഞോ-പവീതിനഃ | വൎഷധാരകളാകുന്ന പൂണുനൂലുകൾ ധരിച്ചവയായി |
| മാരുതാ-പൂരിതഗുഹാഃ | കാററുനിറഞ്ഞ ഗുഹകളോടുകൂടിയവയായി |
| പ്രാധീതാഃ ഇവ. | വേദവിത്തുകളായ ബ്രാഹ്മണരെന്നപോലെയിരിക്കുന്നു. |

[" മാരുതാപൂരിതഗുഹാഃ " എന്നതു് പ്രാണായാമത്തെ സൂചിപ്പിക്കുന്നു.]

കശാഭിരിവ ഹൈമീഭിൎവ്വിദ്യുദ്ഭിരിവ താഡിതം
അന്തസ്തനിതനിൎഘോഷം സവേദനമിവാംബരം. 11

| | | | |
|---|---|---|---|
| "അംബരം | "ആകാശം | അന്തഃ | ഉള്ളിൽ |
| ഹൈമീഭിഃ | പൊൻകൊണ്ടുള്ള | സവേദനം ഇവ | വേദനയോടുകൂടിയതോ എന്നു തോന്നുമാറു് |
| കശാഭിഃ ഇവ | ചാട്ടകൾപോലുള്ള | സ്തനിത-നിൎഘോഷം. | ഇടിമുഴക്കത്തോടുകൂടിയതായിരിക്കുന്നു. |
| വിദ്യുദ്ഭിഃ | മിന്നൽപിണരുകളാൽ | | |
| താഡിതം ഇവ, | അടിക്കപ്പെട്ടതെന്നപോലെ, | | |

നീലമേഘാശ്രിതാ വിദ്യുത് സ്ഫുരന്തീ പ്രതിഭാതി മേ
സ്ഫുരന്തീ രാവണസ്യാങ്കേ വൈദേഹീവ തപസ്വിനീ. 12

| | | | |
|---|---|---|---|
| "നീല-മേഘാശ്രിതാ | "കാർമേഘത്തിനുള്ളിലിരിക്കുന്നതും | അങ്കേ | മടിയിൽ |
| സ്ഫുരന്തീ | വെട്ടിക്കൊണ്ടിരിക്കുന്നതുമായ | സ്ഫുരന്തീ | പിടഞ്ഞുകൊണ്ടിരിക്കു |
| വിദ്യുത് | മിന്നൽ | തപസ്വിനീ | പതിവ്രതയായ [ന്ന |
| രാവണസ്യ | രാവണന്റെ | വൈദേഹീ ഇവ | സീതയെന്നപോലെ |
| | | മേ | എനിക്ക് |
| | | പ്രതിഭാതി. | തോന്നുന്നു. |

ഇമാസ്താ മന്മഥവതാം ഹിതാഃ പ്രതിഹതാ ദിശഃ
അനുലിപ്താ ഇവ ഘനൈൎന്നഷ്ടഗ്രഹനിശാകരാഃ 13

| | | | |
|---|---|---|---|
| "നഷ്ടഗ്രഹ-നിശാകരാഃ | "ഗ്രഹങ്ങളും ചന്ദ്രനും കാണാതെ | പ്രതിഹതാഃ | ഇരുട്ടടഞ്ഞവയായ |
| ഘനൈഃ | മേഘങ്ങളാൽ | താഃ | ആ |
| അനുലിപ്താഃ, | മറയ്ക്കപ്പെട്ടവയായി, | ഇമാഃ ദിശഃ, | ഈ പ്രദേശങ്ങൾ, |
| ഇവ | തീരെ | മന്മഥവതാം | കാമികൾക്ക് |
| | | ഹിതാഃ. | ഹിതമായവയാകുന്നു. |

ക്വചിദ്ബാഷ്പാഭിസംരുദ്ധാൻ വൎഷാഗമസമുത്സുകാൻ
കുടജാൻ പശ്യ സൌമിത്രേ പുഷ്പിതാൻ ഗിരിസാനുഷു
മമ ശോകാഭിഭൂതസ്യ കാമസന്ദീപനാൻ സ്ഥിതാൻ. 14

| | | | |
|---|---|---|---|
| "സൌമിത്രേ! | "ലക്ഷ്മണ! | കുടജാൻ, | കുടകപ്പാലകളെ, |
| ഗിരിസാനുഷു | മലന്താഴ്വരകളിൽ | ശോകാഭി-ഭൂതസ്യ | ദുഃഖപീഡിതനായ |
| ക്വചിത് | ചിലേടം | മമ | എനിക്ക് |
| വൎഷാഗമ-സമുത്സുകാൻ | മഴപെയ്യുതുകൊണ്ടു് തഴച്ചു്, | കാമ-സന്ദീപനാൻ | പ്രേമാതിശയത്തെ വൎദ്ധിപ്പിക്കുമാറ് |
| ബാഷ്പാഭി-സംരുദ്ധാൻ | നീൎത്തുള്ളികളെ ഇററിക്കൊണ്ടു്, | സ്ഥിതാൻ | നില്ക്കുന്നവയായി |
| പുഷ്പിതാൻ | നന്നായി പൂത്തുനില്ക്കുന്ന | പശ്യ. | കണ്ടാലും. |

[" നമ്മെപ്പോലെ ബ്രഹ്മാനുഭവസന്തുഷ്ടി പൂണ്ടവരായ ചിലർ ഉള്ളപ്പോൾ ചിലൎക്കു ആ അനുഭവമില്ലാതിരിക്കുന്നതു എനിക്കു ഏററം ദുഃസഹമായിരിക്കുന്നു." എന്നു സൂക്ഷ്മാൎത്ഥം, എന്നു (ഭോ. രാ.)]

രജഃ പ്രശാന്തം സഹിമോഽദ്യ വായുർ-
നിദാഘദോഷപ്രസരാഃ പ്രശാന്താഃ
സ്ഥിതാ ഹി യാത്രാ വസുധാധിപാനാം
പ്രവാസിനോ യാന്തി നരാഃ സ്വദേശാൻ. 15

| | | | |
|---|---|---|---|
| "രജഃ | "പൊടി | വസുധാധി-പാനാം, | രാജാക്കന്മാരുടെ, |
| പ്രശാന്തം; | ഒതുങ്ങിയിരിക്കുന്നു; | യാത്രാ | സൈന്യത്തോടുകൂടിയ യാത്ര |
| അദ്യ | ഇപ്പോൾ | സ്ഥിതാ ഹി; | നിന്നുപോയിരിക്കുന്നു; |
| വായുഃ | കാററ് | പ്രവാസിനഃ | അന്യദേശത്തിലേക്ക |
| സഹിമഃ; | കുളിർത്തതായിരിക്കുന്നു; | നരാഃ | ആളുകൾ [പോയിരുന്ന |
| നിദാഘദോഷ-പ്രസരാഃ | വേനൽക്കാലത്തിലെ പല കഷ്ടപ്പാടുകൾ | സ്വദേശാൻ | സ്വദേശങ്ങളിലേക്ക് |
| പ്രശാന്താഃ; | നീങ്ങിക്കഴിഞ്ഞു; | യാന്തി. | മടങ്ങുന്നു. |

[ഇതിൽ ഭഗവത്കടാക്ഷഫലത്തെ അന്യാപദേശമായി വ്യഞ്ജിപ്പിക്കുന്നു. "രജഃ" എന്നതു് രജസ്സിന്നും തമസ്സിന്നും ഉപലക്ഷണം. "വായു" പദംകൊണ്ടു് സദാ സംസാരഗതിയോടുകൂടിയ ജനം വിവക്ഷ. "സഹിമഃ" എന്നതു് ശീതളഹൃദയത്വത്തെ കാണിക്കുന്നു. "നിദാഘദോഷപ്രസരാഃ പ്രശാന്താഃ" എന്നതുകൊണ്ടു് ആദ്ധ്യാത്മികാദിതാപശാന്തി വിവക്ഷ. "യാത്രാ," സംസാരഗതി; "സ്വദേശാൻ," സ്വപ്രാപ്യ സ്ഥാനമായ പരമപദം; "രജോഗുണത്തിൻേറയും തമോഗുണത്തിൻേറയും പ്രവൃത്തികൊണ്ടു് സംസാരദുഃഖത്തിലകപ്പെട്ട ജനം, ഭഗവത്കാരുണ്യത്താൽ താപത്രയ ശാന്തി വന്നവരായി പ്രാപ്യസ്ഥാനമായ പരമപദത്തെ പ്രാപിക്കുന്നു." (ഗോ. രാ).]

സംപ്രസ്ഥിതാ മാനസവാസലുബ്ധാഃ
പ്രിയാന്വിതാഃ സംപ്രതി ചക്രവാകാഃ
അഭീക്ഷ്ണവർഷോദകവിക്ഷതേഷു
യാനാനി മാർഗ്ഗേഷു ന സംപതന്തി. 16

| | | | |
|---|---|---|---|
| "മാനസവാസ-ലുബ്ധാഃ | "മാനസസരസ്സിൽ കഴിച്ചുകൂട്ടുവാൻ കരുതിയ ഹംസങ്ങൾ | സംപ്രതി | ഇപ്പോൾ |
| സംപ്രസ്ഥിതാഃ; | യാത്രപുറപ്പെട്ടിരിക്കുന്നു; | അഭീക്ഷ്ണ-വർഷോദക-വിക്ഷതേഷു | ഒഴിച്ചലില്ലാതെ പൊഴിച്ച മഴകൊണ്ടു് ഉടവുതട്ടിയ |
| ചക്രവാകാഃ | ചക്രവാകങ്ങൾ | മാർഗ്ഗേഷു | പാതകളിൽ |
| പ്രിയാന്വിതാഃ; | പേടകളോടുകൂടിയവയായിരിക്കുന്നു; | യാനാനി | വാഹനങ്ങൾ |
| | | ന സംപതന്തി. | പോകുന്നില്ല. |

["സംപ്രസ്ഥിതാഃ" (ചില ദിക്കിൽ തങ്ങിയിരിക്കുന്നു), എന്നു ഗോവിന്ദരാജീയം; "മാനസവാസലുബ്ധാഃ" എന്നതുകൊണ്ടു് വാർഷികകാലത്തിൽ ചാതുർമ്മാസ്യത്തെ ദീക്ഷിക്കുന്ന പരമഹംസയോഗീശ്വരന്മാർ വിവക്ഷിക്കപ്പെടുന്നു; "ചക്രവാകാഃ" എന്ന പദംകൊണ്ടു് കർമ്മികളായ സംസാരികൾ പറയപ്പെടുന്നു; "യാനാനി സംപ്രസ്ഥിതാഃ" എന്നതുകൊണ്ടു് വൈരാഗ്യസിദ്ധി പറയപ്പെടുന്നു; "പ്രിയാന്വിതാഃ" എന്നതിൽ ഭഗവദ്ഭക്തി സൂചന; "അഭീക്ഷ്ണവർഷോദകവിക്ഷതേഷു" എന്നതിൽ ഭഗവത്കടാക്ഷംകൊണ്ടു് കർമ്മനിവൃത്തി വിവക്ഷ. (ഗോ. രാ).]

ക്വചിത് പ്രകാശം ക്വചിദപ്രകാശം
നഭഃ പ്രകീർണ്ണാംബുധരം വിഭാതി
ക്വചിത് ക്വചിത് പർവ്വതസന്നിരുദ്ധം
രൂപം യഥാ ശാന്തമഹാർണ്ണവസ്യ. 17

| | | | |
|---|---|---|---|
| "നഭഃ | "ആകാശം | ക്വചിത് ക്വചിത് | അവിടവിടെ |
| പ്രകീർണ്ണാംബു-ധരം | ചിതറിക്കിടക്കുന്ന മേഘങ്ങളാർന്നതായി | പർവ്വത-സംനിരുദ്ധം, | മലകളാൽ മറയ്ക്കപ്പെട്ടതായി |
| ക്വചിത് | ചിലദിക്കിൽ | ശാന്ത-മഹാർണ്ണവസ്യ | അലകളൊതുങ്ങിയ സമുദ്രത്തിന്റെ |
| പ്രകാശം | പ്രകാശമായും, | രൂപം യഥാ, | സ്വരൂപം പോലെ, |
| ക്വചിത് | ചിലേടം | വിഭാതി. | വിളങ്ങുന്നു. |
| അപ്രകാശം, | പ്രകാശമില്ലാതേയും, | | |

[ഇതിൽ അജ്ഞാനം മന്ദീഭവിക്കുമ്പോൾ ബ്രഹ്മസ്വരൂപം പ്രകാശിച്ചും പ്രകാശിക്കാതെയും ഇരിക്കുന്നുവെന്ന് സൂചന. (ഗോ. രാ).]

വ്യാമിശ്രിതം സർജ്ജകദംബപുഷ്പൈർനവം ജലം പർവ്വതധാതുതാമ്രം
മയൂരകേകാഭിരനുപ്രയാതം ശൈലാപഗാഃ ശീഘ്രതരം വഹന്തി.

| | | | |
|---|---|---|---|
| "ശൈലാപഗാഃ | "മലമ്പുഴകൾ | മയൂരകേകാഭിഃ | മയിലുകളുടെ കേകാരവങ്ങളോട് |
| സർജ്ജകദംബ-പുഷ്പൈഃ | വേങ്ങ, കടമ്പ് എന്നവയുടെ പൂക്കളോട് | അനുപ്രയാതം | ചേർന്ന ശബ്ദത്തോടുകൂടിയതുമായ |
| വ്യാമിശ്രിതം, | ഇടകലർന്നതും | നവം ജലം, | പുതുവെള്ളത്തെ, |
| പർവ്വത-ധാതുതാമ്രം | ഗിരിധാതുക്കളാൽ ചുവന്നിരിക്കുന്നതും | ശീഘ്രതരം | അതിവേഗത്തിൽ |
| | | വഹന്തി. | പ്രവഹിപ്പിക്കുന്നു. |

[ഇവിടെ സാത്വികരാജസജ്ഞാനത്തോടുകൂടിയതും ഭഗവദ്വിഷയകമായ അനുരാഗത്തോടുകൂടിയതും ഭക്തികൊണ്ട് ജനിതമായ സ്തുതികളെക്കൊണ്ട് ശബ്ദിക്കപ്പെട്ട പരിസരത്തോടുകൂടിയതും ആയ ഹൃദയത്തോടുകൂടിയ ഭക്തന്മാർ വിവക്ഷ. (ഗോ. രാ).]

രസാകുലം ഷട്പദസംനികാശം
പ്രഭുജ്യതേ ജംബുഫലം പ്രകാമം. 19

| | | | |
|---|---|---|---|
| "ഷട്പദ-സംനികാശം, | "വണ്ടുകളൊത്തതും, | ജംബുഫലം | ഞാവൽ പഴം |
| രസാകുലം | മധുരമുള്ളതും ആയ | പ്രകാമം | വേണ്ടുവോളം |
| | | പ്രഭുജ്യതേ. | ഭുജിക്കപ്പെടുന്നു. |

അനേകവർണ്ണം പവനാവധൂതം
ഭൂമൗ പതത്യാമ്രഫലം വിപക്വം. 20

| | | | |
|---|---|---|---|
| "അനേകവർണ്ണം | "പലനിറത്തിലുള്ള | പവനാവധൂതം | കാററടിക്കപ്പെട്ട് |
| ആമ്രഫലം | മാമ്പഴം | ഭൂമൗ | നിലത്ത് |
| വിപക്വം | നന്നായി പഴുത്ത് | പതതി. | വീഴുന്നു. |

[ഈ രണ്ടിലും, ഭഗവത്കാരുണ്യം മൂലം ജീവൻ ഫലത്തെ അനുഭവിക്കുന്നു. എന്ന് വിവക്ഷ. (ഗോ. രാ).]

വിദ്യുത്പതാകാഃ സബലാകമാലാഃ
ശൈലേന്ദ്രകൂടാകൃതിസന്നികാശാഃ
ഗർജ്ജന്തി മേഘാഃ സമുദീർണ്ണനാദാഃ
മത്താ ഗജേന്ദ്രാ ഇവ സംയുഗസ്ഥാഃ. 21

| | |
|---|---|
| "ശൈലേന്ദ്ര-കൂടാകൃതി-സംനികാശാഃ | "ഗിരിശിഖരങ്ങളുടെ വടിവിന്നൊത്ത |
| മേഘാഃ | മേഘങ്ങൾ, |
| വിദ്യുത്-പതാകാഃ | മിന്നലാകുന്ന കൊടിക്കൂറകളാൎന്നവയായി |
| സബലാക-മാലാഃ | കൊക്കുകളാകുന്ന ചങ്ങലകളോടു കൂടിയവയായി |
| സംയുഗസ്ഥാഃ | പോൎക്കളത്തിൽ നില്ക്കുന്ന |
| മത്താഃ | മദിച്ച |
| ഗജേന്ദ്രാഃ ഇവ | ആനക്കൊമ്പന്മാരെന്നപോലെ |
| സമുദീർണ്ണനാദാഃ | പൊങ്ങിവരുന്ന ശബ്ദത്തോടു കൂടിയവയായി |
| ഗർജ്ജന്തി. | ഗർജ്ജിക്കുന്നു. |

[ഇതിൽ, വേദമാൎഗ്ഗപ്രതിഷ്ഠാപകന്മാരായി ലോകപ്രസിദ്ധന്മാരായ എല്ലാ വാഗ്മികളും വിവക്ഷിക്കപ്പെടുന്നു. (ഗോ. രാ).]

വർഷോദകാപ്യായിതശാദ്വലാനി
പ്രവൃത്തനൃത്തോത്സവബർഹിണാനി
വനാനി നിർവൃഷ്ടബലാഹകാനി
പശ്യാപരാഹ്ണേഷ്വധികം വിഭാന്തി. 22

| | |
|---|---|
| "വനാനി | "വനങ്ങൾ |
| വർഷോദകാ-പ്യായിത-ശാദ്വലാനി | മഴവെള്ളത്താൽ തഴച്ച പുല്ലുകളോടുകൂടിയവയായി |
| പ്രവൃത്ത-നൃത്തോത്സവ-ബർഹിണാനി | ഉത്സാഹത്തോടെ നൃത്തംചെയ്യുന്ന മയിലുകളാൎന്നവയായി |
| നിർവൃഷ്ട-ബലാഹകാനി | മഴപൊഴിക്കുന്ന മേഘങ്ങളോടുകൂടിയവയായി |
| അപരാ-ഹ്ണേഷു | വൈകുന്നേരസമയങ്ങളിൽ |
| അധികം | അധികം |
| വിഭാന്തി, | ശോഭതേടുന്നു, |
| പശ്യ. | കണ്ടാലും. |

[ഇവിടെ ദിവ്യദമ്പതിമാർ സ്വകരംകൊണ്ടു നനയ്ക്കുന്ന തരുക്കളുടെ തടങ്ങളോടുകൂടിയ ഉദ്യാനങ്ങളാൎന്ന ദിവ്യലോകങ്ങൾ, ഭഗവത്കൃപാവർഷംമൂലം സിദ്ധിക്കുന്നു, എന്നു സൂചന. (ഗോ. രാ.)]

സമുദ്വഹന്തഃ സലിലാതിഭാരം
ബലാകിനോ വാരിധരാ നദന്തഃ
മഹത്സു ശൃംഗേഷു മഹീധരാണാം
വിശ്രമ്യ വിശ്രമ്യ പുനഃ പ്രയാന്തി. 23

| | |
|---|---|
| "ബലാകിനഃ | "കൊക്കുകളോടുകൂടിയ |
| വാരിധരാഃ, | മേഘങ്ങൾ, |
| സലിലാതിഭാരം | അധികഭാരമാകുന്ന വെള്ളത്തെ |
| സമുദ്വഹന്തഃ | വഹിക്കുന്നവയായി |
| മഹീധരാണാം | പൎവ്വതങ്ങളുടെ |
| മഹത്സു | ഉയൎന്ന |
| ശൃംഗേഷു | കൊടുമുടികളിൽ |
| വിശ്രമ്യ വിശ്രമ്യ | നിന്നുനിന്നു വിശ്രമം [തീൎത്തു] |
| പുനഃ | പിന്നെയും |
| നദന്തഃ | ഗർജ്ജിച്ചുംകൊണ്ടു |
| പ്രയാന്തി. | സഞ്ചരിക്കുന്നു. |

[ഇവിടെ, "ഹൃദയേശനാഭഹൻ ഹരിം" എന്നു പറഞ്ഞ മാതിരി ഭഗവദ്ജ്ഞാനയുക്തരായി വിശദജ്ഞാനസമ്പന്നന്മാരായി, സദാ സ്തുതിനിരതന്മാരായി, പൂർവ്വാപരങ്ങളായ അഘങ്ങളുടെ ശ്ലേശത്തെ ക്രമത്തിൽ ഇല്ലാതാക്കിയവരായി, പരമപദത്തെ പ്രാപിക്കുന്നവരെ സൂചിപ്പിക്കുന്നു. (ഗോ. ൨൦).]

മേഘാഭികാമാ പരിസംപതന്തീ
സംമോദിതാ ഭാതി ബലാകപങ്ക്തിഃ
വാതാവധൂതാ വരപൌണ്ഡരീകീ
ലംബേവ മാലാ രചിതാംബരസ്യ. 24

| | | | |
|---|---|---|---|
| "ബലാകപങ്ക്തിഃ | "കൊക്കുകളുടെ നിര | രചിതാ | കെട്ടപ്പെട്ട് |
| മേഘാഭികാമാ | മേഘത്തിൽ കൊതിപൂണ്ട് | വാതാവധൂതാ | കാററിലാടിക്കൊണ്ടു് |
| സംമോദിതാ | സന്തോഷത്തോടെ | ലംബാ | തൂങ്ങിക്കിടക്കുന്ന |
| പരിസംപതന്തീ | മേല്പോട്ടുപറക്കുന്ന | വരപൌണ്ഡരീകീ | നല്ല വെള്ളത്താമരകൊണ്ടുള്ള |
| അംബരസ്യ | ആകാശത്തിൽ [തായി | മാലാ ഇവ | മാല എന്നപോലെ |
| | | ഭാതി. | വിലസുന്നു. |

[ഇതിൽ, കാളമേഘശ്യാമനായ ഭഗവാനെ പ്രാപിപ്പാൻ പ്രയത്നിക്കുന്ന സത്പുരുഷൻെറ ഭക്തിയുക്തമായ ബുദ്ധി വിവക്ഷിക്കപ്പെടുന്നു. (ഗോ. ൨൦).]

ബാലേന്ദ്രഗോപാന്തരചിത്രിതേന
വിഭാതി ഭൂമിർനവശാദ്വലേന
ഗാത്രാനുഷക്തേന ശുകപ്രഭേണ
നാരീവ ലാക്ഷോക്ഷിതകംബളേന. 25

| | | | |
|---|---|---|---|
| "ഭൂമിഃ | "ഭൂമി | ഗാത്രാനുഷക്തേന | ദേഹത്തിൽ പുതച്ചിരിക്കുന്ന |
| ബാലേന്ദ്രഗോപാന്തരചിത്രിതേന | ചെറുതുമ്പികളാൽ ഇടയ്ക്കിടെ അഴകാന്ന | ശുകപ്രഭേണ | പച്ചനിറത്തിലുള്ളതും |
| നവശാദ്വലേന, | ഇളം പുൽത്തറകൊണ്ട്, | ലാക്ഷോക്ഷിതകംബളേന ഇവ | തുമ്പികൾ ചിത്രീകരിക്കപ്പെട്ടതുമായ സാലുകൊണ്ടെന്നപോലെ |
| നാരീ | ഒരു സ്ത്രീ | വിഭാതി. | വിളങ്ങുന്നു. [ലെ |

നിദ്രാ ശനൈഃ കേശവമഭ്യുപൈതി
ദ്രുതം നദീ സാഗരമഭ്യുപൈതി. 26

| | | | |
|---|---|---|---|
| "നിദ്രാ | "നിദ്ര | നദീ | നദി |
| ശനൈഃ | മെല്ലെമെല്ലെ | സാഗരം | സമുദ്രത്തിലോട്ടായി |
| കേശവം | വിഷ്ണുഭഗവാനെ | ദ്രുതം | വേഗത്തിൽ |
| അഭ്യുപൈതി; | പ്രാപിക്കുന്നു; | അഭ്യുപൈതി. | അടുക്കുന്നു. |

[ആഷാഢശുക്ലൈകാദശിയിൽ മഹാവിഷ്ണു നിദ്ര്യാരംഭിക്കുന്നു. (സ).]

ഹൃഷ്ടാ ബലാകാ ഘനമഭ്യുപൈതി
കാന്താ സകാമാ പ്രിയമഭ്യുപൈതി. 27

| | | | |
|---|---|---|---|
| "ബലാകാ | "കൊക്കുകൾ | കാന്താ | കാമിനി |
| ഹൃഷ്ടാ | സന്തോഷംപൂണ്ട് | സകാമാ | പ്രേമത്തോടെ |
| ഘനം | ആകാശത്തിലേക്ക് | പ്രിയം | പ്രിയനെ |
| അഭ്യുപൈതി; | പറക്കുന്നു; | അഭ്യുപൈതി. | പ്രാപിക്കുന്നു. |

ജാതാ വനാന്താഃ ശിഖിസംപ്രനൃത്താഃ
ജാതാഃ കദംബാഃ സകദംബശാഖാഃ. 28

| | | | |
|---|---|---|---|
| "വനാന്താഃ | "വനപ്രദേശങ്ങൾ | കദംബാഃ സകദംബശാഖാഃ | കദംബവൃക്ഷങ്ങൾ പൂക്കളോടുകൂടിയ കൊമ്പുകളുള്ളവയായി |
| ശിഖിസംപ്രനൃത്താഃ ജാതാഃ; | മയിലുകളാൽ നൃത്തം ചെയ്യപ്പെടുന്നവയായിരിക്കുന്നു; | ജാതാഃ. | ഇരിക്കുന്നു. |

ജാതാ വൃഷാ ഗോഷു സമാനകാമാ
ജാതാ മഹീ സസ്യവനാഭിരാമാ. 29

| | | | |
|---|---|---|---|
| "വൃഷാഃ | "വൃഷഭങ്ങൾ | മഹീ | ഭൂമി |
| ഗോഷു | പശുക്കളിൽ | സസ്യവനാഭിരാമാ | സസ്യങ്ങൾകൊണ്ടും വെള്ളംകൊണ്ടും മനോഹരമായി |
| സമാനകാമാഃ | തുല്യപ്രീതിയോടുകൂടിയവയായി | | |
| ജാതാഃ; | ഇരിക്കുന്നു; | ജാതാ. | ഭവിച്ചിരിക്കുന്നു. |

വഹന്തി വർഷന്തി നദന്തി ഭാന്തി
ധ്യായന്തി നൃത്യന്തി സമാശ്വസന്തി
നദ്യോ ഘനാ മത്തഗജാ വനാന്താഃ
പ്രിയാവിഹീനാഃ ശിഖിനഃ പ്ലവംഗാഃ. 30

| | | | |
|---|---|---|---|
| "നദ്യഃ | "നദികൾ | പ്രിയാവിഹീനാഃ | പ്രിയമാരെ പിരിഞ്ഞവർ |
| വഹന്തി; | കരകവിഞ്ഞൊഴുകുന്നു; | ധ്യായന്തി; | അവരെഓർത്ത് ദുഃഖിക്കുന്നു; |
| ഘനാഃ | മേഘങ്ങൾ | ശിഖിനഃ | മയിലുകൾ |
| വർഷന്തി; | മഴ പൊഴിക്കുന്നു; | നൃത്യന്തി; | ആടുന്നു; |
| മത്തഗജാഃ | മദിച്ച ആനകൾ | പ്ലവംഗാഃ | കപികൾ |
| നദന്തി; | ഭേരിയിടുന്നു; | സമാശ്വസന്തി. | ചാട്ടം നിർത്തിയിരിക്കുന്നു. |
| വനാന്താഃ | വനപ്രദേശങ്ങൾ | | |
| ഭാന്തി; | ഭംഗിതേടുന്നു; | | |

പ്രഹർഷിതാഃ കേതകപുഷ്പഗന്ധ-
മാഘ്രായ ഹൃഷ്ടാ വനനിർഝരേഷു
പ്രപാതശബ്ദാകുലിതാ ഗജേന്ദ്രാഃ
സാർദ്ധം മയൂരൈഃ സമദാ നദന്തി. 31

| | | | |
|---|---|---|---|
| "പ്രഹർഷിതാഃ ഗജേന്ദ്രാഃ | "ഉത്സാഹമുൾക്കൊണ്ട ആനക്കൊമ്പന്മാർ | പ്രപാതശബ്ദാകുലിതാഃ | വെള്ളച്ചാട്ടങ്ങളുടെ എരച്ചൽ കൊണ്ട് മിരണ്ടവയായി, |
| വനനിർഝരേഷു | കാട്ടുപുഴകളിൽ | മയൂരൈഃ | മയിലുകളോടും |
| കേതകപുഷ്പഗന്ധം | കൈതപ്പൂവിൻെറ സുഗന്ധത്തെ | സാർദ്ധം, | കൂടി, |
| ആഘ്രായ | മുകൎന്ന് | സമദാഃ | മദംപൂണ്ട് |
| ഹൃഷ്ടാഃ, | ആനന്ദംപൂണ്ടവയായി, | നദന്തി. | ശബ്ദിക്കുന്നു. |

ധാരാനിപാതൈരഭിഹന്യമാനാഃ
കദംബശാഖാസു വിലംബമാനാഃ
ക്ഷണാർജ്ജിതം പുഷ്പരസാവഗാഢം
ശനൈർമ്മദം ഷട്ചരണാസ്ത്യജന്തി. 32

| | | | |
|---|---|---|---|
| "ഷട്ചരണാഃ | "വണ്ടുകൾ | മദം, | മദത്തെ, |
| കദംബശാഖാസു | കടമ്പിൻെറ കൊമ്പുകളിൽ | ധാരാനിപാതൈഃ | ചൊരിയുന്ന വർഷധാരകളാൽ |
| വിലംബമാനാഃ | പററിനില്ക്കുന്നവയായി | അഭിഹന്യമാനാഃ, | അടിക്കപ്പെട്ടവയായി, |
| പുഷ്പരസാവഗാഢം | പുഷ്പരസത്തിൽ മുങ്ങി | ശനൈഃ | സാവധാനത്തിൽ |
| ക്ഷണാർജ്ജിതം | അനായാസലബ്ധമായ | ത്യജന്തി. | ത്യജിക്കുന്നു. |

[കദംബകുസുമങ്ങളിൽ ധാരാളമുള്ള മധുവിനെ കുടിച്ച് മദിച്ച വണ്ടുകൾ, മഴത്തുള്ളികൾ തട്ടി ആ മദത്തെ വെടിയുന്നു എന്നു സാരം.]

അംഗാരചൂർണ്ണോത്കരസംനികാശൈഃ
ഫലൈഃ സുപര്യാപ്തരസൈഃ സമൃദ്ധൈഃ
ജംബൂദ്രുമാണാം പ്രവിഭാന്തി ശാഖാ
നിലീയമാനാ ഇവ ഷട്പദൌഘൈഃ. 33

| | | | |
|---|---|---|---|
| "ജംബൂദ്രുമാണാം ശാഖാഃ | "ഞാവൽക്കൊമ്പുകൾ | സമൃദ്ധൈഃ | അനവധി |
| അംഗാരചൂർണ്ണോത്കരസംനികാശൈഃ | കരിക്കട്ടകൾ പോലെയുള്ളവയും | ഫലൈഃ, | പഴങ്ങളെക്കൊണ്ട്, |
| സുപര്യാപ്തരസൈഃ | മധുരം ധാരാളമുള്ളവയും ആയ | ഷട്പദൌഘൈഃ | വണ്ടുകളാൽ |
| | | നിലീയമാനാഃ | നിറയപ്പെട്ടവ |
| | | ഇവ | എന്ന പോലെ |
| | | പ്രവിഭാന്തി. | വിളങ്ങുന്നു. |

തഡിത്പതാകാഭിരലംകൃതാനാ-
മുദീർണ്ണഗംഭീരമഹാരവാണാം
വിഭാന്തി രൂപാണി വലാഹകാനാം
രണോദ്യതാനാമിവ വാരണാനാം. 34

| | |
|---|---|
| "തഡിത്-പതാകാഭിഃ | "മിന്നൽക്കൊടിക്കുറകളാൽ |
| അലംകൃതാനാം, | അലങ്കരിക്കപ്പെട്ടവയും, |
| ഉദീർണ്ണഗംഭീര-മഹാരവാണാം | പൊങ്ങുന്ന ഗംഭീരമായ മുഴക്കത്തോടുകൂടിയവയും ആയ |
| വലാഹകാനാം | മേഘങ്ങളുടെ |
| രൂപാണി, | ആകൃതികൾ, |
| രണോദ്യതാനാം | യുദ്ധത്തിന്നു തയ്യാറായ |
| വാരണാനാം | ആനകളുടെ |
| ഇവ | രൂപങ്ങൾ എന്നപോലെ |
| വിഭാന്തി. | വിലസുന്നു. [ലെ |

മാർഗ്ഗാനുഗഃ ശൈലവനാനുസാരീ
സംപ്രസ്ഥിതോ മേഘരവം നിശമ്യ
യുദ്ധാഭികാമഃ പ്രതിനാഗശങ്കീ
മത്തോ ഗജേന്ദ്രഃ പ്രതിസന്നിവൃത്തഃ. 35

| | |
|---|---|
| "ശൈല-വനാനുസാരീ | "മലങ്കാടുകളിൽ സഞ്ചരിക്കുന്ന |
| മത്തഃ ഗജേന്ദ്രഃ, | മദഗജം, |
| മേഘരവം | ഇടിമുഴക്കത്തെ |
| നിശമ്യ, | കേട്ട്, |
| പ്രതിനാഗശങ്കീ | തന്നെ എതിർക്കുന്ന ആനയോ എന്നുശങ്കിച്ച്, |
| യുദ്ധാഭികാമഃ | എതിർപ്പാൻ കരുതി |
| പ്രതി-സംനിവൃത്തഃ, | പിൻതിരിഞ്ഞ്, |
| മാർഗ്ഗാനുഗഃ | ഒച്ചകേട്ട വഴിനോക്കി |
| സംപ്രസ്ഥിതഃ. | ഓടിത്തുടങ്ങി. |

ക്വചിത് പ്രഗീതാ ഇവ ഷട്പദൗഘൈഃ
ക്വചിത് പ്രനൃത്താ ഇവ നീലകണ്ഠൈഃ
ക്വചിത് പ്രമത്താ ഇവ വാരണേന്ദ്രൈർ—
വിഭാന്ത്യനേകാശ്രയിണോ വനാന്താഃ. 36

| | |
|---|---|
| "വനാന്താഃ | "വനപ്രദേശങ്ങൾ |
| ഷട്പദൗഘൈഃ | വണ്ടിണ്ടകളാൽ |
| ക്വചിത് | ചിലദിക്കിൽ |
| പ്രഗീതാഃ ഇവ, | പാടുന്നവപോലെയും, |
| നീലകണ്ഠൈഃ | മയിലുകളാൽ |
| ക്വചിത് | ചിലേടം |
| പ്രനൃത്താ ഇവ, | നർത്തനംചെയ്യുന്നവ പോലെയും, |
| വാരണേന്ദ്രൈഃ | മദഗജങ്ങളാൽ |
| ക്വചിത് | ചിലേടം |
| പ്രമത്താഃ ഇവ | മദംപൂണ്ടവപോലേയും |
| അനേകാശ്രയിണഃ | പല സ്വഭാവത്തോടു കൂടിയവയായി |
| വിഭാന്തി. | വിലസുന്നു. |

കദംബസൎജ്ജാൎജ്ജുനകന്ദളാഢ്യാ
വനാന്തഭൂമിൎന്നവവാരിപൂൎണ്ണാ
മയൂരമത്താഭിരുതപ്രനൃത്തൈ-
രാപാനഭൂമിപ്രതിമാ വിഭാതി. 37

| | | | |
|---|---|---|---|
| "വനാന്തഭൂമിഃ | "വനപ്രദേശം | മയൂര-മത്താഭിരുത-പ്രനൃത്തൈഃ | മയിലുകളുടെ ഉത്സാഹത്തോടുകൂടിയ ശബ്ദം, നൃത്തം എന്നിവകൊണ്ട് |
| കദംബ-സൎജ്ജാൎജ്ജുന-കന്ദളാഢ്യാ | കടമ്പ്, പയിൻ, മരുത്, കന്ദളം എന്ന വൃക്ഷങ്ങളാൎന്നതായി | ആപാനഭൂമി-പ്രതിമാ | പാനഭൂമിയെപ്പോലെയുള്ളതായി |
| നവവാരി-പൂൎണ്ണാ | പുതുവെള്ളം അവിടവിടെ കെട്ടിനില്ക്കുന്നതായി | വിഭാതി. | കാണപ്പെടുന്നു. |

[വെള്ളം കെട്ടിനില്ക്കുന്നതു് പാനീയങ്ങൾക്കും, മയിലുകൾ, കുടിക്കുന്നവൎക്കും പുഷ്പങ്ങൾ പാനശാലയുടെ അലങ്കാരങ്ങൾക്കും സാമ്യം.]

മുക്താസകാശം സലിലം പതദ്വൈ
സുനിൎമ്മലം പത്രപുടേഷു ലഗ്നം
ഹൃഷ്ടാ വിവൎണ്ണച്ഛദനാ വിഹംഗാഃ
സുരേന്ദ്രദത്തം തൃഷിതാഃ പിബന്തി. 38

| | | | |
|---|---|---|---|
| "വിവൎണ്ണ-ച്ഛദനാഃ | വിവിധവൎണ്ണങ്ങളാൎന്ന ചിറകുകളോടുകൂടിയ | പതത് വൈ | വീണു |
| വിഹംഗാഃ, | പക്ഷികൾ, | പത്രപുടേഷു | ഇലകളിൽ |
| തൃഷിതാഃ, | ദാഹംപൂണ്ടവയായി, | ലഗ്നം | തങ്ങിനില്ക്കുന്നതും |
| മുക്താസകാശം | നന്മുത്തുപോലെയുള്ളതും | സുനിൎമ്മലം | പരിശുദ്ധവും ആയ |
| | | സലിലം | നീൎത്തുള്ളികളെ |
| | | ഹൃഷ്ടാഃ | സന്തോഷത്തോടെ |
| സുരേന്ദ്രദത്തം | ഇന്ദ്രനാൽ നല്കപ്പെട്ടതും | പിബന്തി. | പാനംചെയ്യുന്നു. |

ഷട്പാദതന്ത്രീമധുരാഭിധാനം
പ്ലവംഗമോദീരിതകണ്ഠതാളം
ആവിഷ്കൃതം മേഘമൃദംഗനാദൈർ-
വനേഷു സംഗീതമിവ പ്രവൃത്തം. 39

| | | | |
|---|---|---|---|
| "ഷട്പാദ-തന്ത്രീ-മധുരാഭിധാനം | "വണ്ടുകളുടെ മുരൾച്ചയാകുന്ന വീണക്കമ്പികളുടെ നാദത്തോടുകൂടിയതും, | മേഘമൃദംഗ-നാദൈഃ | ഇടിമുഴക്കമാകുന്ന മൃദംഗധ്വനികളോടുകൂടി |
| | | ആവിഷ്കൃതം | വിളങ്ങുന്നതുമായ |
| | | സംഗീതം | പാട്ടുകച്ചേരി |
| പ്ലവംഗമോ-ദീരിത-കണ്ഠതാളം, | തവളകളാൽ ശബ്ദിക്കപ്പെട്ട വായ്ത്താരിയോടുകൂടിയതും, | വനേഷു | കാടുകളിൽ |
| | | പ്രവൃത്തം ഇവ. | ആരംഭിച്ചപോലെയിരിക്കുന്നു. |

ക്വചിത് പ്രനൃത്തൈഃ ക്വചിദുന്നദദ്ഭിഃ
ക്വചിച്ച വൃക്ഷാഗ്രനിഷണ്ണകായൈഃ
വ്യാലംബബർഹാഭരണൈർമ്മയൂരൈർ-
വനേഷു സംഗീതമിവ പ്രവൃത്തം. 40

| | |
|---|---|
| "വനേഷു | കാടുകളിൽ |
| ക്വചിത് | ചിലേടം |
| പ്രനൃത്തൈഃ | ആടുന്നവയും |
| ക്വചിത് | ചിലേടം |
| ഉന്നദദ്ഭിഃ, | കൂകുന്നവയും, |
| ക്വചിത് | ചില ദിക്കിൽ |
| വൃക്ഷാഗ്ര- നിഷണ്ണ- കായൈഃ ച | മരക്കൊമ്പുകളിലിരുന്ന് കേട്ടുകൊണ്ടിരിക്കുന്നവയും |
| വ്യാലംബ- ബർഹാ- ഭരണൈഃ | തൂങ്ങുന്ന പീലിച്ചാർത്തുകളോടുകൂടിയവയും ആയ |
| മയൂരൈഃ | മയിലുകളാൽ |
| സംഗീതം | ആട്ടക്കച്ചേരി |
| പ്രവൃത്തം ഇവ. | തുടങ്ങിയപോലുമിരിക്കുന്നു. |

സ്വനൈർഘനാനാം പ്ലവഗാഃ പ്രബുദ്ധാഃ
വിഹായ നിദ്രാം ചിരസംനിരുദ്ധാം
അനേകരൂപാകൃതിവർണ്ണനാദാ
നവാംബുധാരാഭിഹതാ നദന്തി. 41

| | |
|---|---|
| "പ്ലവഗാഃ | "തവളകൾ |
| ചിര- സംനിരുദ്ധാം | ഏറെക്കാലം ഒന്നും ചെയ്യാൻ കഴിയാതെ നിരോധിക്കപ്പെട്ടതായ |
| നിദ്രാം | നിദ്രയെ |
| ഘനാനാം സ്വനൈഃ | ഇടിമുഴക്കങ്ങൾ കാരണം |
| വിഹായ | വെടിഞ്ഞ്, |
| പ്രബുദ്ധാഃ, | ഉണൎന്നവയായി, |
| നവാംബു- ധാരാഭിഹതാഃ | പുതിയ ജലപ്രവാഹത്താൽ ഉത്സാഹം പൂണ്ടവയായി |
| അനേക- രൂപാകൃതി- വർണ്ണനാദാഃ | പലമാതിരിയായ വർണ്ണഭേദങ്ങളോടുകൂടി ശബ്ദങ്ങളെ പുറപ്പെടീക്കുന്നവയായി |
| നദന്തി. | കരയുന്നു. |

നദ്യഃ സമുദ്വാഹിതചക്രവാകാ-
സ്തടാനി ശീർണ്ണാന്യപവാഹയിത്വാ
ദൃപ്താ നവപ്രാഭൃതപൂർണ്ണഭോഗാഃ
ദ്രുതം സ്വഭർത്താരമുപോപയാന്തി. 42

| | |
|---|---|
| "നദ്യഃ | "നദികൾ |
| സമുദ്വാഹിത- ചക്രവാകാഃ | നീന്തിവരുന്ന ചക്രവാകങ്ങളോടുകൂടിയവയായി |
| ദൃപ്താഃ, | പുളച്ചുപൊങ്ങുന്നവയായി, |
| ശീർണ്ണാനി | ഇടിഞ്ഞ |
| തടാനി | കരകളെ |
| അപ- വാഹയിത്വാ, | തള്ളിവീഴ്ത്തിക്കൊണ്ട്, |
| നവപ്രാഭൃത- പൂർണ്ണഭോഗാഃ | (വെള്ളത്തിൽ വീണ പഴങ്ങൾ മുതലായ) പല നല്ല ഭോഗ്യവസ്തുക്കളോടുകൂടിയവയായി |
| സ്വഭർത്താരം | തന്റെ പ്രിയന്റെ അടുക്കലേക്ക് |
| ദ്രുതം | ബദ്ധപ്പെട്ട് |
| ഉപോപയാന്തി. | ഗമിക്കുന്നു. |

[ഇവിടെ കാമാതിശയത്താൽ തന്നെ മറന്ന്, വഴുതിവീണ വസ്ത്രത്തെ മാറിൽ മൂടാതെ, സ്തനങ്ങളെ കാണിച്ചുകൊണ്ടും, പ്രിയന്ന് ഫലതാംബൂലാദി ഭോഗ്യവസ്തുക്കളെ എടുത്തുകൊണ്ടു ഗമിക്കുന്ന അഭിസാരികയോട്. നദി ഉപമിക്കപ്പെട്ടിരിക്കുന്നു. ചക്രവാകങ്ങൾ സ്തനങ്ങളും, തടങ്ങൾ വസ്ത്രവും, ആകുന്നു.]

നീലേഷു നീലാഃ പ്രവിഭാന്തി സക്താഃ
മേഘേഷു മേഘാ നവവാരിപൂർണ്ണാഃ
ദവാഗ്നിദഗ്ദ്ധേഷു ദവാഗ്നിദഗ്ദ്ധാഃ
ശൈലേഷു ശൈലാ ഇവ ബദ്ധമൂലാഃ. 43

| | |
|---|---|
| “നവവാരി-പൂർണ്ണാഃ | “പുതിയ നീരുണ്ട |
| നീലാഃ മേഘാഃ, | നീലമേഘങ്ങൾ, |
| നീലേഷു മേഘേഷു | കാർമേഘങ്ങളിൽ |
| സക്താഃ, | ചേർന്നവയായി, |
| ദവാഗ്നിദഗ്ദ്ധാഃ | കാട്ടുതീയിൽ കരിഞ്ഞ |
| ശൈലാഃ | മലകൾ |
| ദവാഗ്നി-ദഗ്ദ്ധേഷു | കാട്ടുതീ പിടിപെട്ടു കറുത്ത |
| ശൈലേഷു | മലകളിൽ |
| ബദ്ധമൂലാഃ | വേരുറച്ചിരിക്കുന്നവ |
| ഇവ | എന്നപോലെ |
| പ്രവിഭാന്തി. | കാണപ്പെടുന്നു. |

പ്രഹൃഷ്ടസംനാദിതബർഹിണാനി
സശക്രഗോപാകുലശാദ്വലാനി
ചരന്തി നീപാർജ്ജുനവാസിതാനി
ഗജാഃ സുരമ്യാണി വനാന്തരാണി. 44

| | |
|---|---|
| “ഗജാഃ | “ആനകൾ, |
| പ്രഹൃഷ്ട-സംനാദിത-ബർഹിണാനി, | ഉത്സാഹം പൂണ്ട് ശബ്ദിക്കുന്ന മയിലുകളോടു കൂടിയതും, |
| സശക്ര-ഗോപാകുല-ശാദ്വലാനി, | തുമ്പികൾ നിറഞ്ഞ പച്ചപ്പുൽ തറകളോടു കൂടിയതും, |
| നീപാർജ്ജുന-വാസിതാനി | കദംബം, മരുത് എന്നവയുടെ വാസനയോടു കൂടിയതും |
| സുരമ്യാണി | അഴകാർന്നതും ആയ |
| വനാന്തരാണി | വനപ്രദേശങ്ങളിൽ |
| ചരന്തി. | ചുററിത്തിരിയുന്നു. |

നവാംബുധാരാഹതകേസരാണി
ദ്രുതം പരിത്യജ്യ സരോരുഹാണി
കദംബപുഷ്പാണി സകേസരാണി
നവാനി ഹൃഷ്ടാ ഭ്രമരാഃ പതന്തി. 45

| | |
|---|---|
| “ഭ്രമരാഃ, | “വണ്ടുകൾ, |
| നവാംബു-ധാരാഹത-കേസരാണി | പുതിയ വർഷധാരകൾ തട്ടി ഇല്ലാതായ് തീർന്ന കേസരങ്ങളോടുകൂടിയ |
| സരോരുഹാണി | താമരപ്പൂക്കളെ |
| ദ്രുതം | വേഗം |
| പരിത്യജ്യ, | വെടിഞ്ഞ്, |
| സകേസരാണി | പൂമ്പൊടികളോടു കൂടി |
| നവാനി | പുതുതായി മലർന്ന |
| കദംബപുഷ്പാണി | കദംബ കുസുമങ്ങളിൽ |
| ഹൃഷ്ടാഃ | സന്തോഷത്തോടെ |
| പതന്തി. | ചെന്നു വീഴുന്നു. |

മത്താ ഗജേന്ദ്രാ മുദിതാ ഗവേന്ദ്രാ
വനേഷു വിശ്രാന്തതരാ മൃഗേന്ദ്രാഃ
രമ്യാ നഗേന്ദ്രാ നിഭൃതാ നരേന്ദ്രാഃ
പ്രക്രീഡിതോ വാരിധരൈഃ സുരേന്ദ്രഃ. 46

| | | | |
|---|---|---|---|
| "ഗജേന്ദ്രാഃ | "കൊമ്പനാനകൾ | നഗേന്ദ്രാഃ | പൎവ്വതങ്ങൾ |
| മത്താഃ; | മദം പൂണ്ടിരിക്കുന്നു; | രമ്യാഃ; | ഭംഗിപൂണ്ടു വിളങ്ങുന്നു; |
| ഗവേന്ദ്രാഃ | വൃഷഭങ്ങൾ | നരേന്ദ്രാഃ | രാജാക്കന്മാർ |
| മുദിതാഃ; | പുളച്ചിരിക്കുന്നു; | നിഭൃതാഃ; | പുരങ്ങളിൽ തന്നെ |
| മൃഗേന്ദ്രാഃ | സിംഹങ്ങൾ | സുരേന്ദ്രഃ | ഇന്ദ്രൻ [വൎത്തിക്കുന്നു; |
| വനേഷു | വനങ്ങളിൽ | വാരിധരൈഃ | മേഘങ്ങളെക്കൊണ്ട് |
| വിശ്രാന്തതരാഃ; | ഒതുങ്ങിക്കിടക്കുന്നു; | പ്രക്രീഡിതഃ. | ക്രീഡിക്കുന്നു. |

മേഘാഃ സമുദ്ഭൂതസമുദ്രനാദാഃ
മഹാജലൌഘൈൎഗ്ഗഗനാവലംബാഃ
നദീസ്തടാകാനി സരാംസി വാപീഃ
മഹീം ച കൃത്സ്നാമഭിതൎപ്പയന്തി. 47

| | | | |
|---|---|---|---|
| "മേഘാഃ | "മേഘങ്ങൾ | നദീഃ | നദികളെയും |
| ഗഗനാവലംബാഃ | ആകാശത്തിൽ തൂങ്ങി നില്ക്കുന്നവയായി, | തടാകാനി | ഏരികളെയും |
| സമുദ്ഭൂതസമുദ്രനാദാഃ | പൊങ്ങിവരുന്ന സമുദ്രത്തിന്റെ ഒരച്ചലോടുകൂടിയവയായി, | സരാംസി | പൊയ്കകളേയും |
| മഹാജലൌഘൈഃ | അതിയായ ജലപ്രവാഹത്താൽ | വാപീഃ, | കുളങ്ങളേയും, |
| | | മഹീം | ഭൂമിയിൽ |
| | | കൃത്സ്നാം ച | എങ്ങും |
| | | അഭിതർപയന്തി. | നിറയ്ക്കുന്നു. |

വൎഷപ്രവേഗാ വിപുലാഃ പതന്തി
പ്രവാന്തി വാതാഃ സമുദീൎണ്ണഘോഷാഃ. 48

| | | | |
|---|---|---|---|
| "വിപുലാഃ | "വലിയവയായ | വാതാഃ | കൊടുങ്കാററുകൾ |
| വൎഷപ്രവേഗാഃ | പെരുമഴകൾ | സമുദീൎണ്ണഘോഷാഃ | ഒരമ്പിക്കൊണ്ട് |
| പതന്തി; | പൊഴിക്കുന്നു; | പ്രവാന്തി. | വീശുന്നു. |

പ്രനഷ്ടകൂലാഃ പ്രവഹന്തി ശീഘ്രം
നദ്യോ ജലൈൎവ്വിപ്രതിപന്നമാൎഗ്ഗാഃ. 49

| | | | |
|---|---|---|---|
| "നദ്യഃ | "നദികൾ | വിപ്രതിപന്നമാൎഗ്ഗാഃ, | ഗതിതടയപ്പെട്ടവയായി |
| ജലൈഃ | പ്രവാഹങ്ങളാൽ | ശീഘ്രം | ഊക്കോടെ |
| പ്രനഷ്ടകൂലാഃ, | ഇടിഞ്ഞുവീണകരകളോടുകൂടിയവയായി, | പ്രവഹന്തി. | ഒഴുകുന്നു. |

നരൈൎന്നരേന്ദ്രാ ഇവ പൎവ്വതേന്ദ്രാഃ
സുരേന്ദ്രദത്തൈഃ പവനോപനീതൈഃ
ഘനാംബുകുംഭൈരഭിഷിച്യമാനാഃ
രൂപം ശ്രിയം സ്വാമിവ ദൎശയന്തി. 50

| | | | |
|---|---|---|---|
| "നരേന്ദ്രാഃ | "രാജാക്കന്മാർ | ഘനാംബു-കുംഭൈഃ | മേഘങ്ങളാകുന്ന തീൎത്ഥകലശങ്ങളെക്കൊണ്ടു് |
| നരൈഃ | ആളുകളാൽ | അഭിഷിച്യ-മാനാഃ, | അഭിഷേകംചെയ്യപ്പെട്ടുന്നവയായി, |
| ഇവ | എപ്രകാരമോ അപ്രകാരം | സ്വാം | അവയുടെ സ്വന്തം |
| പൎവ്വതേന്ദ്രാഃ | വൻമലകൾ | ശ്രിയം രൂപം | ഭംഗിയുള്ള രൂപത്തെ |
| സുരേന്ദ്രദത്തൈഃ | ഇന്ദ്രനാൽ നല്കപ്പെട്ടവയും | ഇവ ദൎശയന്തി. | മുഴുവനും പ്രദൎശിപ്പിക്കുന്നു. |
| പവനോപ-നീതൈഃ | വായുവിനാൽ കൊണ്ടുവരപ്പെട്ടവയും ആയ | | |

ഘനോപഗൂഢം ഗഗനം സതാരം
ന ഭാസ്കരോ ദൎശനമഭ്യുപൈതി
നവൈൎജ്ജലൌഘൈൎദ്ധരണീ വിതൃപ്താ
തമോവിലിപ്താ ന ദിശഃ പ്രകാശാഃ. 51

| | | | |
|---|---|---|---|
| "സതാരം | "നക്ഷത്രങ്ങളോടുകൂടിയ | ധരണീ | ഭൂമി |
| ഗഗനം | ആകാശം | നവൈഃ | പുതിയതായ |
| ഘനോപഗൂഢം; | മേഘഛന്നമായിരിക്കുന്നു; | ജലൌഘൈഃ | ജലപ്രവാഹങ്ങളാൽ |
| ഭാസ്കരഃ | സൂൎയ്യൻ | വിതൃപ്താ; | തൃപ്തിപൂണ്ടതായിരിക്കുന്നു; |
| ദൎശനം അഭ്യുപൈതി ന; | പ്രത്യക്ഷപ്പെടുന്നില്ല; | ദിശഃ | ദിക്കുകൾ |
| | | തമോവിലിപ്താഃ | ഇരുട്ടടഞ്ഞവയായി |
| | | പ്രകാശാഃ ന. | ശോഭിക്കാതിരിക്കുന്നു. |

മഹാന്തി കൂടാനി മഹീധരാണാം
ധാരാഭിധൌതാന്യധികം വിഭാന്തി
മഹാപ്രമാണൈൎവ്വിപുലൈഃ പ്രപാതൈഃ
മുക്താകലാപൈരിവ ലംബമാനൈഃ. 52

| | | | |
|---|---|---|---|
| "മഹീധരാണാം | "മലകളുടെ | മുക്താ-കലാപൈഃ | മുത്തുമാലകളാൽ |
| മഹാന്തി കൂടാനി | വൻശിഖരങ്ങൾ | ഇവ, | എന്നപോലെ, |
| ധാരാഭി-ധൌതാനി, | വൎഷധാരകളാൽ നന്നായി കഴുകപ്പെട്ടവയായി, | മഹാ-പ്രമാണൈഃ | കവിഞ്ഞൊഴുകുന്ന |
| ലംബമാനൈഃ | തൂങ്ങുന്ന | പ്രപാതൈഃ | മലഞ്ചോലകളാൽ |
| വിപുലൈഃ | വലുതായ | അധികം | ഏററവും |
| | | വിഭാന്തി. | ശോഭതേടുന്നു |

ശൈലോപലപ്രസ്ഖലമാനവേഗാഃ
ശൈലോത്തമാനാം വിപുലാഃ പ്രപാതാഃ
ഗുഹാസു സംനാദിതബർഹിണാസു
ഹാരാ വികീർയ്യന്ത ഇവാഭിഭാന്തി. 53

| | | | |
|---|---|---|---|
| "ശൈലോത്തമാനാം | "വൻമലകളിലുള്ള | സംനാദിതബർഹിണാസു | മയിലുകളാൽ ശബ്ദിക്കപ്പെട്ട |
| വിപുലാഃ | വലുതായ | ഗുഹാസു, | ഗുഹകളിൽ |
| പ്രപാതാഃ | ജലപാതങ്ങൾ | വികീർയ്യന്തഃ | പൊട്ടിപ്പോയ |
| ശൈലോപലപ്രസ്ഖലമാനവേഗാഃ | പാറകളിൽ ഊക്കോടെ വീണു ചിതറുന്നവയായി, | ഹാരാഃ | മുത്തുമാലകൾ |
| | | ഇവ, | എന്നപോലെ, |
| | | അഭിഭാന്തി. | വിളങ്ങുന്നു. |

ശീഘ്രപ്രവേഗാ വിപുലാഃ പ്രപാതാ
നിർദ്ധൗതശൃംഗോപതലാ ഗിരീണാം
മുക്താകലാപപ്രതിമാഃ പതന്തോ
മഹാഗുഹോത്സംഗതലൈർദ്ധ്രിയന്തേ. 54

| | | | |
|---|---|---|---|
| "വിപുലാഃ പ്രപാതാഃ | "വൻചോലകൾ | മുക്താകലാപപ്രതിമാഃ, | മുത്തുമാലകളൊത്തവയായി, |
| ശീഘ്രപ്രവേഗാഃ | വേഗതയാന്നവയായി | പതന്തഃ | പ്രവഹിച്ചുംകൊണ്ട് |
| ഗിരീണാം | മലകളുടെ | മഹാഗുഹോത്സംഗതലൈഃ | വൻഗുഹകളുടെ അന്തർഭാഗങ്ങളിൽ |
| നിർദ്ധൗതശൃംഗോപതലാഃ, | ശിഖരപ്രദേശങ്ങളെ കഴുകിക്കൊണ്ട്, | ധ്രിയന്തേ. | വഹിക്കപ്പെടുന്നു. |

സുരതാമർദവിച്ഛിന്നാഃ സ്വർഗ്ഗസ്ത്രീഹാരമൗക്തികാഃ
പതന്തീവാകുലാ ദിക്ഷു തോയധാരാഃ സമന്തതഃ 55

| | | | |
|---|---|---|---|
| "സുരതാമർദവിച്ഛിന്നാഃ | "രതിയുടെ ആവേഗത്തിൽ പൊട്ടിവീണ | ഇവ | എന്നപോലെ |
| സ്വർഗ്ഗസ്ത്രീഹാരമൗക്തികാഃ | അപ്സരസ്ത്രീകളുടെ ഹാരങ്ങളിലുള്ള മുത്തുകൾ | തോയധാരാഃ | മഴത്തുള്ളികൾ |
| | | ദിക്ഷു സമന്തതഃ | ദിക്കുകളിൽ എങ്ങും |
| | | ആകുലാഃ | ചിതറി |
| | | പതന്തി. | വീഴുന്നു. |

നിലീയമാനൈർവ്വിഹഗൈർന്നിമീലദ്ഭിശ്ച പങ്കജൈഃ
വികസന്ത്യാ ച മാലത്യാ ഗതോഽസ്തം ജ്ഞായതേ രവിഃ. 56

| | | | |
|---|---|---|---|
| "നിലീയമാനൈഃ | "കൂടുകളിൽ മുളയുന്ന | മാലത്യാ ച, | മുല്ലപ്പൂക്കളാലും, |
| വിഹഗൈഃ, | പക്ഷികളാലും, | രവിഃ | ആദിത്യൻ |
| നിമീലദ്ഭിഃ | കൂമ്പുന്ന | അസ്തംഗതഃ | അസ്തമിച്ചുവെന്ന് |
| പങ്കജൈഃ ച, | താമരപ്പൂക്കളാലും, | ജ്ഞായതേ. | അറിയപ്പെടുന്നു. |
| വികസന്ത്യാ | വിടരുന്ന | | |

[ആദിത്യനെ മേഘങ്ങൾ മറയ്ക്കുന്നതിനാൽ കാണായ്ക കാരണം, അസ്തമനസമയത്തെ ഇപ്രകാരം മററു ലക്ഷണങ്ങൾകൊണ്ട് അറിയേണ്ടിയിരിക്കുന്നു. എന്നു സാരം.]

വൃത്താ യാത്രാ നരേന്ദ്രാണാം സേനാ പ്രതിനിവൎത്തതേ
വൈരാണി ചൈവ മാൎഗ്ഗശ്ച സലിലേന സമീകൃതാഃ. 57

| | | | |
|---|---|---|---|
| “ നരേന്ദ്രാണാം | “ രാജാക്കന്മാരുടെ | വൈരാണി ച ഏവ, | ശണ്ഠകളെന്നപോലെ തന്നെ |
| യാത്രാ | എഴുന്നെള്ളത്ത് | മാൎഗ്ഗാഃ ച, | വഴികളും, |
| വൃത്താ; | നിന്നുപോയിരിക്കുന്നു; | സലിലേന | വെള്ളത്തിന്റെ കാരണമായി, |
| സേനാ | സൈന്യം | | |
| പ്രതി-നിവൎത്തതേ; | നഗരങ്ങളിലേക്ക് മടങ്ങിക്കളയുന്നു; | സമീകൃതാഃ. | വെളിയിൽ ശോഭിക്കാതാക്കപ്പെട്ടിരിക്കുന്നു. |

[വെള്ളപ്പൊക്കങ്ങൾകൊണ്ടു് രാജാക്കന്മാർ തമ്മിൽ യുദ്ധത്തിന്നു് തരമില്ലായ്കയാൽ അവർ തമ്മിൽ വൈരമുണ്ടെന്നു് അറിയപ്പെടുന്നില്ല. അതുപോലെതന്നെ, വഴികളിലും വെള്ളം നിറഞ്ഞതിനാൽ, അവയും അറിയപ്പെടുന്നില്ല. എന്നു് സാരം.]

മാസി പ്രോഷ്ഠപദേ ബ്രഹ്മ ബ്രാഹ്മണാനാം വിവക്ഷതാം
അയമധ്യായസമയോ സാമഗാനാമുപസ്ഥിതഃ. 58

| | | | |
|---|---|---|---|
| “ ബ്രഹ്മ | “ വേദം | പ്രോഷ്ഠപദേ മാസി, | പ്രോഷ്ഠപദമാസത്തിൽ |
| വിവക്ഷതാം | ഓതുവാൻ ആഗ്രഹം പൂണ്ട, | അയം | ഈ |
| സാമഗാനാം ബ്രാഹ്മണാനാം | സാമവേദികളായ ബ്രാഹ്മണൎക്ക് | അധ്യായസമയഃ | വേദാദ്ധ്യയനകാലം |
| | | ഉപസ്ഥിതഃ. | എത്തിക്കഴിഞ്ഞു. |

[ഇതിൽനിന്നു് ഭാദ്രപദമാസം ശുക്ലതൃതീയയായെന്നു് ഗ്രാഹ്യമാകുന്നു. ഭാദ്രപദമാസത്തിൽ അത്തം നാളിലാകുന്നു സാമശാഖാദ്ധ്യായികൾക്കു് അദ്ധ്യായോപാകൎമ്മം തുടങ്ങുന്നതു്.]

നിവൃത്തകൎമ്മായതനോ നൂനം സഞ്ചിതസഞ്ചയഃ
ആഷാഢീമഭ്യുപഗതോ ഭരതഃ കോസലാധിപഃ 59

| | | | |
|---|---|---|---|
| “ കോസ-ലാധിപഃ | “ കോസല രാജ്യത്തെ ഭരിക്കുന്ന | സഞ്ചിത-സഞ്ചയഃ, | വേണ്ടുന്ന എല്ലാ സാധനങ്ങളെയും ശേഖരിച്ചു്, |
| ഭരതഃ, | ഭരതൻ, | നൂനം | ഈ സമയം |
| നിവൃത്ത-കൎമ്മായതനഃ | പുറമെയുള്ള കൃത്യങ്ങളെ പൂൎത്തിയാക്കി അരമനയിച്ചിരിക്കുന്നവനായി | ആഷാഢീം | ആഷാഢ പൌൎണ്ണമാവ്രതത്തെ |
| | | അഭ്യുപഗതഃ. | കയ്യേറ്റുകൊണ്ടിരിക്കും. |

[ആഷാഢമാസത്തിൽ തുടങ്ങേണ്ടതായ ഈ വ്രതത്തെക്കുറിച്ചു് ഇങ്ങിനെ മഹാഭാരതത്തിൽ പറയുന്നു. “ ആഷാഢേ തു സിതേ പക്ഷേ ഏകാദശ്യാമുപോഷിതഃ ചാതുൎമ്മാസ്യവ്രതം കുൎയ്യാദ്യത് കിഞ്ചിത് പ്രയതോ നരഃ. വാൎഷികാംശ്ചതുരോ മാസാൻ വ്രതം കിഞ്ചിത് സമാചരേത്. അസംഭവേ തുലാൎക്കേƒപി കൎത്തവ്യം തത് പ്രയത്നതഃ. ”]

നൂനമാപൂൎയ്യമാണായാഃ സരയ്വാ വൎദ്ധതേ രയഃ
മാം സമീക്ഷ്യ സമായാന്തമയോദ്ധ്യായാ ഇവ സ്വനഃ. 60

| | | | |
|---|---|---|---|
| “ മാം | “ എന്നെ | നൂനം | ഇപ്പോൾ |
| സമായാന്തം | തിരിച്ചെത്തുന്നവനായി | ആപൂൎയ്യമാണായാഃ | കവിഞ്ഞൊഴുകുന്ന |
| സമീക്ഷ്യ | കണ്ട് | സരയ്വാഃ | സരയൂനദിയുടെ |
| അയോദ്ധ്യായാഃ | അയോദ്ധ്യയിലുള്ള | രയഃ | പ്രവാഹം |
| സ്വനഃ | ശബ്ദം | വൎദ്ധതേ. | പ്രവൃദ്ധമാകുന്നു. |
| ഇവ, | എപ്രകാരമിരിക്കുമോ അപ്രകാരം, | | |

ഇമാഃ സ്ഫീതഗുണാ വൎഷാഃ സുഗ്രീവഃ സുഖമശ്നുതേ
വിജിതാരിഃ സദാരശ്ച രാജ്യേ മഹതി ച സ്ഥിതഃ. 61

| | | | |
|---|---|---|---|
| “ ഇമാഃ | “ ഈ | സദാരഃ ച | ഭാൎയ്യാസമേതനായി, |
| വൎഷാഃ | വൎഷകാലമാസങ്ങൾ | മഹതി | മഹത്തായ |
| സ്ഫീതഗുണാഃ; | അവയ്ക്കുററ ഗുണങ്ങളോടുകൂടിയവയായിരിക്കുന്നു; | രാജ്യേ | രാജ്യത്തിൽ |
| സുഗ്രീവഃ | സുഗ്രീവൻ | സ്ഥിതഃ ച, | സ്ഥിതിയുറച്ചവനായി, |
| വിജിതാരിഃ, | ശത്രു നീങ്ങിയവനായി, | സുഖം അശ്നുതേ. | സുഖിച്ചുകൊണ്ടിരിക്കുന്നു. |

അഹം തു ഹൃതദാരശ്ച രാജ്യാച്ച മഹതശ്ച്യുതഃ
നദീകൂലമിവ ക്ലിന്നമവസീദാമി ലക്ഷ്മണ. 62

| | | | |
|---|---|---|---|
| “ ലക്ഷ്മണ ! | ലക്ഷ്മണ ! | ച്യുതഃ ച, | ബഹിഷ്കരിക്കപ്പെട്ടവനായി, |
| അഹം തു | ഞാനാകട്ടെ, | ക്ലിന്നം | ഉറവെടുത്ത |
| ഹൃതദാരഃ ച, | ഭാൎയ്യ അപഹരിക്കപ്പെട്ടവനായി, | നദീകൂലം ഇവ | പുഴവക്കെന്നപോലെ |
| മഹതഃ | മഹത്തായ | അവസീദാമി. | ചിതറുന്നു. |
| രാജ്യാത് | രാജ്യത്തിൽനിന്നും | | |

ശോകശ്ച മമ വിസ്തീൎണ്ണോ മാൎഗ്ഗാശ്ച ഭൃശദുൎഗ്ഗമാഃ
രാവണശ്ച മഹാൻ ശത്രുരപാരഃ പ്രതിഭാതി മേ. 63

| | | | |
|---|---|---|---|
| “ മമ | “ എന്റെ | മഹാൻ ശത്രുഃ | ഘോരശത്രുവായ |
| ശോകഃ ച | ദുഃഖമാണെന്നുവെച്ചാൽ | രാവണഃ ച | രാവണനും |
| വിസ്തീൎണ്ണഃ; | അളവററതായിരിക്കുന്നു; | അപാരഃ | ജയിക്കപ്പെട്ടുവാൻ കഴിയാത്തവനെന്ന് |
| മാൎഗ്ഗാഃ ച | ഉപായങ്ങളും | മേ | എനിക്ക് |
| ഭൃശദുൎഗ്ഗമാഃ; | ദുഷ്പ്രാപങ്ങളായിരിക്കുന്നു; | പ്രതിഭാതി. | തോന്നുന്നു. |

അയാത്രാം ചൈവ ദൃഷ്ട്വേമാം മാർഗ്ഗാംശ്ച ഭൃശദുർഗ്ഗമാൻ
പ്രണതേ ചൈവ സുഗ്രീവേ ന മയാ കിഞ്ചിദീരിതം. 64

| | | | |
|---|---|---|---|
| "ഇമാം | "ഈ | പ്രണതേ | സമർത്ഥനായ |
| അയാത്രാം ച | സൈന്യയാത്രയ്ക്കനുചിതമായ അവസ്ഥയേയും | സുഗ്രീവേ | സുഗ്രീവനോട് |
| മാർഗ്ഗാൻ ച | വഴികൾ | മയാ | എന്നാൽ |
| ഭൃശദുർഗ്ഗമാൻ, | നടപ്പാൻ കഴിയാതിരിക്കുന്നതിനേയും, | കിംചിത് ഏവ | ഒന്നുംതന്നെ |
| ദൃഷ്ട്വാ ഏവ, | ഓർത്തുതന്നെയാണ് | ഈരിതം ന ച. | ആവശ്യപ്പെടാതിരിക്കപ്പെട്ടതു്. |

അപി ചാതിപരിക്ലിഷ്ടം ചിരാദ്ദാരൈഃ സമാഗതം
ആത്മകാര്യഗരീയസ്ത്വാദ്വക്തും നേച്ഛാമി വാനരം. 65

| | | | |
|---|---|---|---|
| "അതിപരിക്ലിഷ്ടം | "ഏറെ ദുഃഖിച്ചിരുന്നവനും, | വാനരം, | വാനരനോട്, |
| ചിരാത് | വളരെകാലത്തിന്നു ശേഷം, | ആത്മകാര്യഗരീയസ്ത്വാത് അപി | എന്റെകാര്യം എത്ര വലുതായിരുന്നാലുംകൂടി |
| ദാരൈഃ | പത്നിയുമായി | വക്തും | ആവശ്യപ്പെടുവാൻ |
| സമാഗതം ച | ചേർന്നവനും ആയ | ഇച്ഛാമി ന. | ഞാൻ ഇച്ഛിക്കുന്നില്ല. |

അയമേവ ഹി വിശ്രമ്യ ജ്ഞാത്വാ കാലമുപാഗതം
ഉപകാരം ച സുഗ്രീവോ വേത്സ്യതേ നാത്ര സംശയഃ. 66

| | | | |
|---|---|---|---|
| "അയം | "ഈ | ജ്ഞാത്വാ, | കണ്ട്, |
| സുഗ്രീവഃ ഹി | സുഗ്രീവനും | ഉപകാരം വേത്സ്യതേ, | വേണ്ടുന്ന ഉത്സാഹത്തെ ചെയ്യുന്നതാണ്, |
| വിശ്രമ്യ, | വിശ്രമിച്ചശേഷം, | അത്ര | എന്നുള്ളതിൽ |
| കാലം ച | തക്കകാലം | സംശയഃ ഏവ ന. | സംശയംതന്നെയില്ല. |
| ഉപാഗതം | എത്തിയതായി | | |

തസ്മാത് കാലപ്രതീക്ഷോऽഹം സ്ഥിതോऽസ്മി ശുഭലക്ഷണ. 67

| | | | |
|---|---|---|---|
| "ശുഭലക്ഷണ! | "സദ്ഗുണസമ്പന്നനായവനേ! | കാലപ്രതീക്ഷഃ | തക്കകാലത്തെ പ്രതീക്ഷിച്ചുകൊണ്ടു് |
| തസ്മാത് | ആകയാൽ | സ്ഥിതഃ അസ്മി. | വർത്തിക്കുന്നവനായിരിക്കുന്നു. |
| അഹം | ഞാൻ | | |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
അഷ്ടാവിംശഃ സർഗ്ഗഃ = ഇരുപത്തെട്ടാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 10478; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1226.

# ഏകോനത്രിംശഃ സർഗ്ഗഃ = ഇരുപത്തൊമ്പതാംസർഗ്ഗം.

[ഹനുമതാ സുഗ്രീവപ്രതിബോധനം = ഹനുമാൻ സുഗ്രീവനെ ഓർമ്മപ്പെടുത്തുന്നത്.]

സമീക്ഷ്യ വിമലം വ്യോമ ഗതവിദ്യുദ്ബലാഹകം
സാരസാരവസംഘുഷ്ടം രമ്യജ്യോത്സ്നാനുലേപനം 1
സമൃദ്ധാർത്ഥം ച സുഗ്രീവം മന്ദധർമ്മാർത്ഥസംഗ്രഹം
അത്യർത്ഥമസതാംമാർഗ്ഗമേകാന്തഗതമാനസം 2
നിർവൃത്തകാര്യം സിദ്ധാർത്ഥം പ്രമദാഭിരതം സദാ
പ്രാപ്തവന്തമഭിപ്രേതാൻ സർവ്വാനേവ മനോരഥാൻ 3
സ്വാം ച പത്നീമഭിപ്രേതാം താരാം ചാപി സമീപ്സിതാം
വിഹരന്തമഹോരാത്രം കൃതാർത്ഥം വിഗതജ്വരം 4
ക്രീഡന്തമിവ ദേവേശം നന്ദനേऽപ്സരസാം ഗണൈഃ
മന്ത്രിഷു ന്യസ്തകാര്യം ച മിത്രാണാമനവേക്ഷകം 5
ഉത്സന്നരാജ്യസന്ദേശം കാമവൃത്തമവസ്ഥിതം
നിശ്ചിതാർത്ഥോऽർത്ഥതത്ത്വജ്ഞഃ കാലധർമ്മവിശേഷവിത് 6
പ്രസാദ്യ വാക്യൈർമ്മധുരൈർഹേതുമദ്ഭിർമ്മനോരമൈഃ
വാക്യവിദ്വാക്യതത്ത്വജ്ഞം ഹരീശം മാരുതാത്മജഃ 7
ഹിതം തത്ത്വം ച പഥ്യം ച സാമധർമ്മാർത്ഥനീതിമത്
പ്രണയപ്രീതിസംയുക്തം വിശ്വാസകൃതനിശ്ചയം
ഹരീശ്വരമുപാഗമ്യ ഹനുമാൻ വാക്യമബ്രവീത്. 8

| | |
|---|---|
| നിശ്ചിതാർത്ഥം | നടക്കേണ്ടകാര്യത്തിൽ ദൃഢനിശ്ചയം പൂണ്ടവനും, |
| അർത്ഥതത്ത്വജ്ഞഃ | കാര്യങ്ങളുടെ സൂക്ഷ്മത്തെ ഗ്രഹിച്ചവനും, |
| കാലധർമ്മവിശേഷവിത് | തക്കകാലം, തക്കധർമ്മം എന്നവയെക്കുറിച്ച് നല്ലപരിജ്ഞാനമുള്ളവനും, |
| വാക്യവിത് | വേണ്ടുന്നതിനെ ഉപദേശിപ്പാൻ സാമർത്ഥ്യമുള്ളവനും |
| മാരുതാത്മജഃ | വായുകുമാരനും ആയ |
| ഹനുമാൻ, | ഹനുമാൻ, |
| വ്യോമ | ആകാശത്തെ |
| വിമലം | നിർമ്മലമായിരിക്കുന്നതായും |
| ഗതവിദ്യുദ്ബലാഹകം | മിന്നലും മേഘങ്ങളും ഇല്ലാതിരിക്കുന്നതായും |
| സാരസാരവസംഘുഷ്ടം | പക്ഷികളുടെ ശബ്ദം നിറഞ്ഞതായും |
| രമ്യജ്യോത്സ്നാനുലേപനം, | മനോഹരമായ നിലാവാകുന്ന കളഭക്കൂട്ടണിഞ്ഞിരിക്കുന്നതായും, |
| ഹരീശം | വാനരോത്തമനും |
| ഹരീശ്വരം | വാനരരാജാവും |
| വാക്യതത്ത്വജ്ഞം | വാക്യസാരഗ്രാഹിയും ആയ |
| സുഗ്രീവം | സുഗ്രീവനെ |
| സമൃദ്ധാർത്ഥം, | കാര്യം സാധിച്ചവനായും, |

| | |
|---|---|
| മന്ദ- ധർമ്മാർത്ഥ- സംഗ്രഹം ച, | ധർമ്മത്തെയും അർത്ഥത്തേയും രക്ഷിക്കുന്നതിൽ അശ്രദ്ധ പൂണ്ടിരിക്കുന്നവനായും, |
| അത്യർത്ഥം | ഏററവും |
| അസതാം- മാർഗ്ഗം, | ദുർമ്മാർഗ്ഗത്തെ അവലംബിച്ചിരിക്കുന്നവനായും, |
| ഏകാന്ത- ഗത- മാനസം, | പുറമെ ആരേയും കാണാതെ, ഏകാന്തമായി വസിക്കുന്നതിൽ താല്പര്യം പൂണ്ടവനായും, |
| നിർവൃത്തകാര്യം | ഉദ്ദേശസിദ്ധി വന്നവനായി |
| സിദ്ധാർത്ഥം | ഫലസിദ്ധി പൂണ്ടവനായി |
| സദാ | എല്ലായ്പ്പോഴും |
| പ്രമദാ- ഭിരതം | സ്ത്രീകളുമായി കാലംകഴിച്ചുകൊണ്ടിരിക്കുന്നവനായും, |
| അഭിപ്രേതാൻ | ആഗ്രഹിച്ചിരുന്ന |
| മനോരഥാൻ സർവ്വാൻ ഏവ | സർവ്വാഭീഷ്ടങ്ങളേയും |
| അഭിപ്രേതാം | പ്രിയപ്പെട്ട |
| സ്വാം | സ്വന്തം |
| പത്നീം ച | ഭാര്യയേയും |
| സമീപ്സിതാം | കാമിച്ചിരുന്ന |
| താരാം അപി ച | താരയേയും |
| പ്രാപ്തവന്തം | ലഭിച്ചവനായി |
| കൃതാർത്ഥം | കൃതാർത്ഥതപൂണ്ടവനായി |
| വിഗതജ്വരം | നിർവ്വിചാരനായി |
| അഹോരാത്രം | രാവുപകൽ |
| വിഹരന്തം, | സുഖഭോഗങ്ങളിൽ മുങ്ങിയിരിക്കുന്നവനായും |
| നന്ദനേ | നന്ദനോദ്യാനത്തിൽ |
| അപ്സരസാം | അപ്സരസ്ത്രീകളുടെ |
| ഗണൈഃ | സംഘങ്ങളുമായി |
| ക്രീഡന്തം | കാലംകഴിക്കുന്ന |
| ദേവേശം ഇവ | ഇന്ദ്രനെപ്പോലെ |
| മന്ത്രിഷു | മന്ത്രികൾവശം |
| ന്യസ്തകാര്യം ച, | രാജ്യകാര്യത്തെ ഏല്പിച്ചിരിക്കുന്നവനായും |
| മിത്രാണാം | സഹായിച്ചവരെ |
| അനവേക്ഷകം, | മറന്നുകളഞ്ഞവനായും, |
| ഉത്സന്നരാജ്യ- സന്ദേശം | രാജ്യകാര്യങ്ങളെ ത്യജിച്ചവനായി |
| കാമവൃത്തം | കാമവശഗനായി |
| അവസ്ഥിതം, | വർത്തിക്കുന്നവനായും, |
| സമീക്ഷ്യ, | കണ്ട്, |
| ഉപാഗമ്യ | അടുത്തുവന്ന് മുഖം കാണിച്ച് |
| ഹേതുമദ്ഭിഃ | തക്ക കാരണങ്ങളോടുകൂടിയ |
| മധുരൈഃ | പ്രിയമായ |
| മനോരമൈഃ വാക്യൈഃ | മനോഹരവചനങ്ങളാൽ |
| പ്രസാദ്യ, | അകം കുളർപ്പിച്ചശേഷം, |
| ഹിതം ച | സത്പ്രയോജനത്തോടുകൂടിയതും |
| തത്ത്വം | വാസ്തവമായുള്ളതും |
| പത്ഥ്യം | ക്ഷേമത്തിന്നു അവശ്യമായിവേണ്ടതും |
| സാമധർമ്മാർത്ഥ- നീതിമത് | പ്രിയം, ധർമ്മം, പ്രയോജനം, ന്യായം എന്നവയോടുകൂടിയതും |
| പ്രണയപ്രീതി- സംയുക്തം | പ്രേമത്തേയും ഭക്തിയേയും വ്യഞ്ജിപ്പിക്കുന്നതും |
| വിശ്വാസകൃത- നിശ്ചയം ച | രാജഭക്തികൊണ്ടുള്ള ദൃഢനിശ്ചയത്തെ പ്രത്യക്ഷീകരിക്കുന്നതും ആയ |
| വാക്യം | വാക്യത്തെ |
| അബ്രവീത്. | ഇപ്രകാരം ഉണർത്തിച്ചു. |

[" ഏകാന്തഗതമാനസം, " കാമപുരുഷാർത്ഥം ഒന്നിൽതന്നെ ശ്രദ്ധ പൂണ്ടവനായി (ഗോ. രാ.); അന്തഃപുരത്തിൽമാത്രം കൊതിപൂണ്ടവനായി (സ).]

രാജ്യം പ്രാപ്തം യശശ്ചൈവ കൌലീ ശ്രീരഭിവർദ്ധിതാ
മിത്രാണാം സംഗ്രഹഃ ശേഷസ്തം ഭവാൻ കർത്തുമർഹതി. 9

| | | | |
|---|---|---|---|
| “രാജ്യം | “രാജ്യം | മിത്രാണാം | മഹത്തായ സഹായം ചെയ്തവർക്ക് |
| പ്രാപ്തം ; | നേടപ്പെട്ടു ; | സംഗ്രഹഃ | പ്രത്യുപകാരം ചെയ്യുന്നത് മാത്രം |
| യശഃ ച | യശസ്സും | ശേഷഃ ; | ബാക്കിയുണ്ട് ; |
| ഏവ ; | അപ്രകാരം തന്നെ പ്രാപ്തമായി ; | ഭവാൻ | നിന്തിരുവടി |
| കൌലീ | തലമുറയായിവന്ന | തം | അതിനെ |
| ശ്രീഃ | രാജ്യശ്രീയും | കർത്തും അർഹതി. | ചെയ്തു തീർക്കേണ്ടതാണ്. |
| അഭിവർദ്ധിതാ ; | അഭിവൃദ്ധിയാക്കപ്പെട്ടു ; | | |

യോ ഹി മിത്രേഷു കാലജ്ഞഃ സതതം സാധു വർത്തതേ
തസ്യ രാജ്യം ച കീർത്തിശ്ച പ്രതാപശ്ചാഭിവർദ്ധതേ. 10

| | | | |
|---|---|---|---|
| “യഃ ഹി | “യാതൊരുവൻ, | വർത്തതേ, | നടന്നുവരുന്നുവോ, |
| കാലജ്ഞഃ | എല്ലാററിനേയും തക്ക കാലത്തിൽ ചെയ്യേണ്ടതാണെന്ന ബോധമുള്ളവനായി | തസ്യ | അപ്രകാരമുള്ള ഒരുവന്ന് |
| മിത്രേഷു | സഹായം ചെയ്തവരുടെ സംഗതിയിൽ | രാജ്യം | രാജ്യം |
| സാധു | ധർമ്മപ്രകാരം | അഭിവർദ്ധതേ ; | അഭിവൃദ്ധിയാകുന്നു ; |
| സതതം | എല്ലായ്പോഴും | കീർത്തിഃ ച | കീർത്തിയും |
| | | പ്രതാപഃ ച | പെരുമയും |
| | | ച. | അപ്രകാരംതന്നെ വർദ്ധിക്കുന്നു. |

യസ്യ കോശശ്ച ദണ്ഡശ്ച മിത്രാണ്യാത്മാ ച ഭൂമിപ
സമവേതാനി സർവ്വാണി സ രാജ്യം മഹദശ്നുതേ. 11

| | | | |
|---|---|---|---|
| “ഭൂമിപ ! | “രാജാവേ ! | സർവ്വാണി ച | ഇവയെല്ലാം |
| യസ്യ | യാതൊരുവന്ന് | സമവേതാനി, | ഒത്തിരിക്കുന്നുവോ, |
| കോശഃ | ഭണ്ഡാരവും | സഃ ച | അവൻതന്നെയാണ് |
| ദണ്ഡഃ | സൈന്യവും | രാജ്യം | രാജ്യത്തെ |
| മിത്രാണി | സഹായികളും | മഹത് | ഏറെക്കാലം |
| ആത്മാ ച | കാര്യാലോചനയും, | അശ്നുതേ. | അനുഭവിക്കുന്നത്. |

[“ദണ്ഡഃ” (ദണ്ഡ്യതേ അനേന ഇതി ദണ്ഡഃ); “പിതൃപൈതാമഹോ വംശസംഭവോ ദത്തവേതനഃ. വിഖ്യാതപൌരുഷോ ജന്യേ കുശലഃ കുശലൈർവൃതഃ. നാനാപ്രഹരണോപേതോ നാനായുദ്ധവിശാരദഃ. നാനായോധസമാകീർണ്ണോ വിരാജിതഹയദ്വിപഃ. പ്രവാസ്യ ച സുദുഃഖേഷു യുദ്ധേഷു ച കൃതശ്രമഃ അദ്വൈധ്യഃ ക്ഷത്രിയപ്രായോ ദണ്ഡോ ദണ്ഡവിദാം മതഃ.” ഇപ്രകാരമുള്ള സൈന്യമാകുന്നു ‘ദണ്ഡം’ എന്ന് കാമന്ദകൻ.]

തദ്ഭവാൻ വൃത്തസംപന്നഃ സ്ഥിതഃ പഥി നിരത്യയേ
മിത്രാർത്ഥമഭിനീതാർത്ഥം യഥാവത് കർത്തുമർഹസി. 12

| | |
|---|---|
| "തത് | "അതുകയാൽ, |
| വൃത്തസംപന്നഃ | സദ്വൃത്തിയാൎന്നവനായി |
| നിരത്യയേ | ദോഷരഹിതമായ |
| പഥി | അനുഷ്ഠാനത്തിൽ |
| സ്ഥിതഃ | തല്പരനായ |
| ഭവാൻ | നിന്തിരുവടി, |
| മിത്രാൎത്ഥം | സഹായിച്ചവരുടെ കാൎയ്യത്തിൽ |
| അഭിനീതാൎത്ഥം | ധൎമ്മപ്രകാരം ചെയ്യേണ്ടതായ കൃത്യത്തെ |
| യഥാവത് | വാഗ്ദത്തപ്രകാരം |
| കൎത്തും അൎഹസി. | ചെയ്തു പൂൎത്തിയാക്കേണ്ടതാണ്. |

സംത്യജ്യ സൎവ്വകൎമ്മാണി മിത്രാൎത്ഥേ യോऽനുവൎത്തതേ
സംഭ്രമാദ്ധി കൃതോത്സാഹഃ സോऽനൎത്ഥൈൎന്നാവരുധ്യതേ. 13

| | |
|---|---|
| "യഃ | "യാതൊരുവൻ |
| സൎവ്വകൎമ്മാണി | തന്റെ മറ്റെല്ലാകൃത്യങ്ങളെയും |
| സംത്യജ്യ, | ഉപേക്ഷിച്ച്, |
| മിത്രാൎത്ഥേ | തനിക്കു സഹായിച്ചവരുടെ കാൎയ്യത്തിൽ |
| സംഭ്രമാത് | താല്പൎയ്യത്തോടുകൂടി |
| കൃതോത്സാഹഃ | ഉദ്യമിക്കുന്നവനായി |
| അനുവൎത്തതേ, | അതിൽ വൎത്തിക്കുന്നുവോ, |
| സഃ ഹി | അവൻതന്നെയാണ് |
| അനൎത്ഥൈഃ | അപത്തുകളാൽ |
| അവരുധ്യതേ ന. | ബാധിക്കപ്പെടാതിരിക്കുന്നത്. |

യസ്തു കാലവ്യതീതേഷു മിത്രകാൎയ്യേഷു വൎത്തതേ
സ കൃത്വാ മഹതോऽപ്യൎത്ഥാൻ ന മിത്രാൎത്ഥേന യുജ്യതേ. 14

| | |
|---|---|
| "യഃ, | "യാതൊരുവൻ, |
| കാല- വ്യതീതേഷു | ചെയ്യേണ്ടതായ കാലം അതിക്രമിച്ചുപോയവയായ |
| മിത്രകാൎയ്യേഷു | മിത്രകൃത്യങ്ങളിൽ |
| വൎത്തതേ, | പ്രയത്നിക്കുന്നുവോ, |
| സഃ | അവൻ |
| മഹതഃ | വലുതായ |
| അൎത്ഥാൻ | കൃത്യങ്ങളെ |
| കൃത്വാ അപി തു, | ചെയ്താൽതന്നെയും, |
| മിത്രാൎത്ഥേന യുജ്യതേ ന. | മിത്രകൃത്യത്തെ ചെയ്തവനാകുന്നില്ല. |

യദിദം വീര കാൎയ്യം നോ മിത്രകാൎയ്യമരിന്ദമ
ക്രിയതാം രാഘവസ്യൈതദ്വൈദേഹ്യാഃ പരിമാൎഗ്ഗണം. 15

| | |
|---|---|
| "അരിന്ദമ! | "ശത്രുസൂദന! |
| വീര! | വീര! |
| വൈദേഹ്യാഃ | വൈദേഹിയെ |
| പരിമാൎഗ്ഗണം | തിരയുന്ന കൃത്യം |
| ഏതത് | ഇപ്പോൾതന്നെ |
| ക്രിയതാം; | ചെയ്യപ്പെടട്ടെ; |
| യത് ഇദം | യാതൊരു ഈ കൃത്യം തന്നെയാണ് |
| രാഘവസ്യ | ശ്രീരാമന്ന് |
| മിത്രകാൎയ്യം | മിത്രധൎമ്മമായി |
| നഃ കാൎയ്യം. | നമ്മാൽ ചെയ്യപ്പെടേണ്ടത്. |

തദിദം വീര കാൎയ്യം തേ കാലാതീതമരിന്ദമ. 16

| | |
|---|---|
| "അരിന്ദമ! | "ശത്രുനാശന! |
| വീര! | വീര! |
| തേ | നിന്തിരുവടിയുടെ |
| കാൎയ്യം | മുറയായുള്ള |
| തത് | അപ്രകാരമുള്ള |
| ഇദം | ഈ മിത്രകൃത്യം |
| കാലാതീതം. | കാലം അതിക്രമിച്ചുപോയിരിക്കുന്നു. |

ന ച കാലമതീതം തേ നിവേദയതി കാലവിത്
ത്വരമാണോഽപി സൻ പ്രാജ്ഞസ്തവ രാജൻ വശാനുഗഃ. 17

| | | | |
|---|---|---|---|
| " രാജൻ ! | " രാജാവേ ! | തവ | നിന്തിരുവടിക്കു് |
| കാലവിത് | ഇന്നതു് ഇന്ന കാലത്തിൽ ചെയ്യപ്പെടേണ്ടതാണെന്നതിനെ അറിയുന്നവനും | വശാനുഗഃ, | രസക്കേടുണ്ടാകരുതെന്നുവെച്ചാണു്, |
| പ്രാജ്ഞഃ, | സർവ്വജ്ഞനും ആയ അദ്ദേഹം, | തേ | നിന്തിരുവടിയോടു് |
| ത്വരമാണഃ അപി സൻ, | തന്റെ കാര്യം സാധിപ്പാൻ ഔത്സുക്യത്തോടുകൂടിയവനായിരുന്നിട്ടും കൂടി, | കാലം അതീതം ച | കാലം അതിക്രമിച്ചുപോയ സംഗതിയെക്കുറിച്ചു് ഒന്നുംതന്നെ |
| | | നിവേദയതി ന. | പറയാതിരിക്കുന്നതു. |

കുലസ്യ ഹേതുഃ സ്ഫീതസ്യ ദീർഘബന്ധുശ്ച രാഘവഃ
അപ്രമേയപ്രഭാവശ്ച സ്വയം ചാപ്രതിമോ ഗുണൈഃ. 18

| | | | |
|---|---|---|---|
| " രാഘവഃ | " ശ്രീരാഘവൻ, | അപ്രമേയ-പ്രഭാവഃ ച | അളവററ വൈഭവമുള്ളവനും |
| സ്ഫീതസ്യ | സമൃദ്ധിപൂണ്ട | സ്വയം | പ്രകൃത്യാതന്നെ |
| കുലസ്യ | ഈ രാജ്യസിദ്ധിക്കു് | ഗുണൈഃ | ശോഭനഗുണഗണങ്ങളാൽ |
| ഹേതുഃ ; | കാരണഭൂതനാകുന്നു ; | അപ്രതിമഃ ച. | നിസ്തുല്യനും ആകുന്നു. |
| ദീർഘബന്ധുഃ ച ; | ചെയ്ത സഹായത്തെ മറക്കാത്തവനും | | |

തസ്യ ത്വം കുരു വൈ കാര്യം പൂർവ്വം തേന കൃതം തവ
ഹരീശ്വര ഹരിശ്രേഷ്ഠാനാജ്ഞാപയിതുമർഹസി. 19

| | | | |
|---|---|---|---|
| " ഹരീശ്വര ! | " വാനരാധിപ ! | പൂർവ്വം | ആദ്യംതന്നെ |
| ഹരിശ്രേഷ്ഠാൻ | വാനരോത്തമന്മാരെ | കൃതം ; | ചെയ്യേണ്ടതായ കൃത്യം ചെയ്യപ്പെട്ടുകഴിഞ്ഞു ; |
| ആജ്ഞാപ-യിതും അർഹസി ; | ആജ്ഞാപിച്ചാലും ; | ത്വം വൈ | നിന്തിരുവടിയും |
| | | തസ്യ | അദ്ദേഹത്തിന്നു് |
| തേന | അദ്ദേഹത്താൽ | കാര്യം | ചെയ്യേണ്ടതായ കൃത്യ[ത്തെ |
| തവ | നിന്തിരുവടിക്കു് | കുരു. | ചെയ്താലും. |

ന ഹി താവദ്ഭവേത് കാലോ വ്യതീതശ്ചോദനാദൃതേ
ചോദിതസ്യ ഹി കാര്യസ്യ ഭവേത് കാലവ്യതിക്രമഃ. 20

| | | | |
|---|---|---|---|
| " ചോദനാത് ഋതേ | " ആവശ്യപ്പെടാതെ | കാര്യസ്യ | ചെയ്യേണ്ട കാര്യം |
| താവത് ഹി | ഇപ്പോൾതന്നെയാണെന്നുവെച്ചാൽ | ചോദിതസ്യ ഹി | ചെയ്യേണ്ടതാണെന്നു് ഓർമ്മപ്പെടുത്തപ്പെട്ടാൽ |
| കാലഃ വ്യതീതഃ | കാലം അതിക്രമിച്ചുപോയതായി | കാലവ്യതിക്രമഃ | കാലം അതിക്രമിച്ചതായി |
| ഭവേത് ന ; | വിചാരിപ്പാനില്ല ; | ഭവേത്. | ഭവിക്കുന്നതാണു്. |

അകൎത്തുരപി കാൎയ്യസ്യ ഭവാൻ കൎത്താ ഹരീശ്വര
കിം പുനഃ പ്രതികൎത്തുസ്തേ രാജ്യേന ച ധനേന ച. 21

| | | | |
|---|---|---|---|
| "ഹരീശ്വര! | "വാനരേശ്വര! | രാജ്യേന | രാജ്യത്തെത്തന്നും |
| ഭവാൻ | നിന്തിരുവടി | ധനേന ച | ഐശ്വൎയ്യത്തെ നല്കിയും |
| കാൎയ്യസ്യ ച | ഒരു സഹായവും | പ്രതികൎത്തുഃ | സഹായിച്ച അദ്ദേഹത്തിന്റെ സംഗതിയിൽ |
| അകൎത്തുഃ അപി | ചെയ്യാത്തവനുംകൂടി | കിം പുനഃ? | എന്തുകൊണ്ടാണു് ഇങ്ങിനെവൎത്തിക്കുന്നതു്? |
| കൎത്താ; | സഹായിക്കുന്നവനാണല്ലോ; | | |
| തേ | നിന്തിരുവടിക്കു് | | |

ശക്തിമാനപി വിക്രാന്തോ വാനരൎക്ഷഗണേശ്വര
കൎത്തും ദാശരഥേഃ പ്രീതിമാജ്ഞായാം കിം ന സജ്ജസേ. 22

| | | | |
|---|---|---|---|
| "വാനരൎക്ഷഗണേശ്വര! | "വാനരസംഘങ്ങൾക്കും ഋക്ഷഗണങ്ങൾക്കും അധിപനായുള്ളോവേ! | ദാശരഥേഃ | ശ്രീരാഘവന്റെ |
| | | പ്രീതിം | അഭീഷ്ടത്തെ |
| | | കൎത്തും, | പൂൎത്തിയാക്കുവാൻ, |
| | | ആജ്ഞായാം | വേണ്ടുന്നതിനെ കല്പിച്ചരുളുന്നതിൽ |
| വിക്രാന്തഃ | വിക്രമശാലിയും | കിം | എന്തുകൊണ്ടാണു് |
| ശക്തിമാൻ അപി | ശക്തിമാനും ആയ നിന്തിരുവടി | ന സജ്ജസേ? | ഉദ്യമിക്കാതിരിക്കുന്നതു്? |

കാമം ഖലു ശരൈഃ ശക്തഃ സുരാസുരമഹോരഗാൻ
വശേ ദാശരഥിഃ കൎത്തും ത്വത്പ്രതിജ്ഞാം തു കാംക്ഷതേ. 23

| | | | |
|---|---|---|---|
| "ദാശരഥിഃ | "ശ്രീരാമൻ | കാമം ഖലു | എന്നിട്ടും |
| സുരാസുരമഹോരഗാൻ | ദേവാസുരന്മാരേയും, മഹോരഗങ്ങളേയും | തു | ഇക്കാൎയ്യത്തിൽ |
| ശരൈഃ | ബാണങ്ങൾകൊണ്ടു് | ത്വത്പ്രതിജ്ഞാം | നിന്തിരുവടിയുടെ വാഗ്ദത്തത്തെ |
| വശേ കൎത്തും | സ്വാധീനിപ്പാൻ | കാംക്ഷതേ. | പ്രതീക്ഷിച്ചുംകൊണ്ടിരിക്കയാണു്. |
| ശക്തഃ; | ശക്തനാകുന്നു; | | |

പ്രാണത്യാഗവിശങ്കേന കൃതം തേന തവ പ്രിയം
തസ്യ മാൎഗ്ഗാമ വൈദേഹീം പൃഥിവ്യാമപി ചാംബരേ. 24

| | | | |
|---|---|---|---|
| "പ്രാണത്യാഗവിശങ്കേന | "പ്രാണനേയും ത്യജിപ്പാൻ സന്നദ്ധനായ | തസ്യ | അദ്ദേഹത്തിന്നു വേണ്ടി |
| തേന | അദ്ദേഹത്താൽ | വൈദേഹീം | വൈദേഹിയെ |
| തവ | നിന്തിരുവടിക്കായ്ക്കൊണ്ടു് | പൃഥിവ്യാം ച | ഭൂമിയിലാണെന്നാലും |
| പ്രിയം | സഹായം | അംബരേ അപി | ആകാശത്തിലെന്നാലും |
| കൃതം; | ചെയ്യപ്പെട്ടു; | മാൎഗ്ഗാമ. | നാം തിരഞ്ഞു കണ്ടുപിടിക്കുക. |

ദേവദാനവഗന്ധർവ്വാ അസുരാഃ സമരുദ്ഗണാഃ
ന ച യക്ഷാ ഭയം തസ്യ കുര്യുഃ കിമുത രാക്ഷസാഃ. 25

| | | | |
|---|---|---|---|
| " അസുരാഃ | " അസുരന്മാരും | തസ്യ | അദ്ദേഹത്തിന്ന് |
| സമരുദ്ഗണാഃ | മരുദ്ഗണങ്ങളുടങ്ങിയ | ഭയം കുര്യുഃ ന; | ആപത്തുവിളയിക്കുവാൻ ശക്തരല്ല; |
| ദേവദാനവഗന്ധർവ്വാഃ | ദേവദാനവ ഗന്ധർവ്വന്മാരും | രാക്ഷസാഃ | രാക്ഷസന്മാർ |
| യക്ഷാഃ ച | യക്ഷന്മാരും. | കിമുത. ? | എന്തുമാത്രം. ? |

തദേവം ശക്തിയുക്തസ്യ പൂർവ്വം പ്രിയകൃതസ്തവ
രാമസ്യാർഹസി പിംഗേശ കർത്തും സർവ്വാത്മനാ പ്രിയം. 26

| | | | |
|---|---|---|---|
| " പിംഗേശ! | " കപീശ്വര! | പ്രിയകൃതഃ | സഹായിച്ചവനും ആയ |
| ഏവം | ഇപ്രകാരമുള്ള | രാമസ്യ, | ശ്രീരാഘവന്ന്, |
| ശക്തിയുക്തസ്യ, | ശക്തികൈക്കൊണ്ടവനും, | സർവ്വാത്മനാ | സർവ്വപ്രകാരത്തിലും |
| തവ | നിന്തിരുവടിക്ക് | തത് പ്രിയം | ആ പ്രത്യുപകാരത്തെ |
| പൂർവ്വം | ആദ്യംതന്നെ | കർത്തും അർഹസി. | അങ്ങ് ചെയ്യേണ്ടതാണ്. |

നാധസ്താദവനൌ നാപ്സു ഗതിർന്നോപരി ചാംബരേ
കസ്യചിത് സജ്ജതേഽസ്മാകം കപീശ്വര തവാജ്ഞയാ. 27

| | | | |
|---|---|---|---|
| " കപീശ്വര! | " വാനരാധിപ! | അവനൌ ച | ഭൂമിയിലും |
| തവ | നിന്തിരുവടിയുടെ | സജ്ജതേ ന; | തടയപ്പെടുകയില്ല; |
| ആജ്ഞയാ, | കല്പനയുണ്ടെന്നാൽ | അപ്സു, | വെള്ളത്തിലും |
| അസ്മാകം | ഞങ്ങളിൽ | ന; | ഇല്ല; |
| കസ്യചിത് | ആരുടേയുംതന്നെ | ഉപരി | മുകളിൽ |
| ഗതിഃ, | ഗതി, | അംബരേ | ആകാശത്തിലും |
| അധസ്താത് | പാതാളത്തിലും | ന. | ഇല്ല. |

തദാജ്ഞാപയ കഃ കിം തേ കൃതേ കുത്ര വ്യവസ്യതു
ഹരയോ ഹ്യപ്രധൃഷ്യാസ്തേ സന്തി കോട്യഗ്രതോഽനഘാഃ. 28

| | | | |
|---|---|---|---|
| " തേ, | " നിന്തിരുവടിക്ക്, | തേ കൃതേ | നിന്തിരുവടിക്കുവേണ്ടി |
| അനഘാഃ | ദോഷഹീനന്മാരും | കഃ | ആർ |
| അപ്രധൃഷ്യാഃ | അജയ്യന്മാരും ആയ | കിം | എന്തിനെ |
| ഹരയഃ | വാനരന്മാർ | കുത്ര | എവിടെ |
| കോട്യഗ്രതഃ ഹി | കോടിക്കണക്കായിട്ടുതന്നെയും | വ്യവസ്യതു ? | ചെയ്യേണ്ടതായുണ്ട് ? |
| | | തത് | അതിനെക്കുറിച്ച് |
| സന്തി; | ഉണ്ട്; | ആജ്ഞാപയ." | കല്പിച്ചരുളിയാലും." |

തസ്യ തദ്വചനം ശ്രുത്വാ കാലേ സാധു നിവേദിതം
സുഗ്രീവഃ സത്വസംപന്നശ്ചകാര മതിമുത്തമാം. 29

| | | | |
|---|---|---|---|
| സുഗ്രീവഃ, | സുഗ്രീവൻ, | ശ്രുത്വാ, | കേട്ട്, |
| കാലേ | തക്കസമയത്തിൽ | സത്വസംപന്നഃ | സദ്ബുദ്ധിവന്നവനായി |
| സാധു | ഉചിതംപോലെ | ഉത്തമാം | വേണ്ടതക്കതിനെക്കുറിച്ച് |
| നിവേദിതം | അറിയിക്കപ്പെട്ടതായ | മതിം ചകാര. | നിശ്ചയിച്ചു. |
| തസ്യ | ഹനുമാന്റെ | | |
| തത് വചനം | ആ വാക്യത്തെ | | |

സ സന്ദിദേശാഭിമതം നീലം നിത്യകൃതോദ്യമം
ദിക്ഷു സർവ്വാസു സർവ്വേഷാം സൈന്യാനാമുപസംഗ്രഹേ. 30

| | | | |
|---|---|---|---|
| സഃ, | അവൻ, | നിത്യകൃതോദ്യമം | നിരന്തരോത്സാഹിയും |
| സർവ്വാസു ദിക്ഷു, | എല്ലാ ദിക്കുകളിലും, | അഭിമതം | ബഹുമതനും ആയ |
| സർവ്വേഷാം | എല്ലാ | നീലം | നീലനോടായി |
| സൈന്യാനാം | സൈന്യങ്ങളേയും | സംദിദേശ. | ഇങ്ങിനെ ആജ്ഞാപിച്ചു. |
| ഉപസംഗ്രഹേ | ശേഖരിക്കുന്ന കാര്യത്തെക്കുറിച്ച് | | |

യഥാ സേനാ സമഗ്രാ മേ യൂഥപാലാശ്ച സർവ്വശഃ
സമാഗച്ഛന്ത്യസംഗേന സേനാഗ്രാണി തഥാ കുരു. 31

| | | | |
|---|---|---|---|
| "മേ | "എന്റെ | സർവ്വശഃ | എല്ലാം |
| സേനാ | സൈന്യം | അസംഗേന | തടവില്ലാതെ |
| സമഗ്രാ, | മുഴുവനും, | യഥാ | എപ്രകാരമായാൽ |
| യൂഥപാലാഃ | സേനാഗണനാഥന്മാരും, | സമാഗച്ഛന്തി | വന്നു ചേരുമോ, |
| സേനാഗ്രാണി ച, | സൈന്യാധിപന്മാരും | തഥാ | അപ്രകാരം |
| | | കുരു. | ചെയ്യുക. |

യേ ത്വന്തപാലാഃ പ്ലവഗാഃ ശീഘ്രഗാ വ്യവസായിനഃ
സമാനയന്തു തേ സൈന്യം ത്വരിതാഃ ശാസനാന്മമ. 32

| | | | |
|---|---|---|---|
| "മമ | "എന്റെ | പ്ലവഗാഃ | വാനരന്മാർ |
| ശാസനാത് | ആജ്ഞപ്രകാരം | യേ തു | യാതൊരുവരോ |
| അന്തപാലാഃ | രാജ്യത്തിന്റെ അതൃത്തികളെകാക്കുന്നവരും, | തേ, | അവരും, |
| വ്യവസായിനഃ | ധൈര്യമുള്ളവരും | ത്വരിതാഃ | ഒട്ടും താമസിക്കാതെ |
| ശീഘ്രഗാഃ | വേഗതയുള്ളവരുംആയ | സൈന്യം | സൈന്യത്തെ |
| | | സമാനയന്തു. | ശേഖരിച്ചുകൊണ്ടുവരട്ടെ. |

സ്വയം ചാനന്തരം സൈന്യം ഭവാനേവാനുപശ്യതു. 33

| | | | |
|---|---|---|---|
| “ അനന്തരം | “ അതിൽ പിന്നെ, | ഭവാൻ ഏവ | ഭവാൻ തന്നെ |
| സൈന്യം | സൈന്യത്തെക്കുറിച്ച് | അനുപശ്യതു. | വേണ്ടുന്നതെല്ലാം നോക്കിക്കൊൾക. |
| സ്വയം ച | വേറെ എന്റെ ആജ്ഞയ്ക്കു കാക്കാതെ, | | |

ത്രിപഞ്ചരാത്രാദൂർദ്ധ്വം യഃ പ്രാപ്നുയാന്നേഹ വാനര
തസ്യ പ്രാണാന്തികോ ദണ്ഡോ നാത്രകാൎയ്യാ വിചാരണാ. 34

| | | | |
|---|---|---|---|
| “ വാനര! | “ വാനര! | ന പ്രാപ്നുയാത്, | വന്നുചേരാതിരിക്കുന്നുവോ, |
| ഇഹ | ഇവിടെ | തസ്യ | അവന്ന് |
| യഃ | ഏവനൊരുവൻ | പ്രാണാന്തികഃ ദണ്ഡഃ; | വധംതന്നെയാണ് ശിക്ഷ; |
| ത്രിപഞ്ച-രാത്രാത് ഊർദ്ധ്വം | പതിനഞ്ചുരാത്രി കഴിയുന്നതിനുമുമ്പ് | അത്ര | ഇതിൽ |
| | | വിചാരണാ ന കാൎയ്യാ. | ഒന്നും ആലോചിപ്പാനില്ല. |

ഹരീംശ്ച വൃദ്ധാനുപയാതു സാംഗദോ
ഭവാൻ മമാജ്ഞാമധികൃത്യ നിശ്ചിതാം
ഇതി വ്യവസ്ഥാം ഹരിപുംഗവേശ്വരോ
വിധായ വേശ്മ പ്രവിവേശ വീൎയ്യവാൻ. 35

| | | | |
|---|---|---|---|
| “ ഭവാൻ | “ അങ്ങ് | ഉപയാതു”. | വേണ്ടുന്ന ഏൎപ്പാടുചെയ്യുക.” |
| സാംഗദഃ | അംഗദനോടുംകൂടി | വീൎയ്യവാൻ | വീൎയ്യവാനായ |
| മമ | എന്റെ | ഹരിപുംഗവേശ്വരഃ | വാനരാധിപന്മാരുടെ രാജാവ് |
| നിശ്ചിതാം | ദൃഢമായ | ഇതി | ഇപ്രകാരമെല്ലാം |
| ആജ്ഞാം | ഈ ആജ്ഞയെ | വ്യവസ്ഥാം | ഏൎപ്പാട് |
| അധികൃത്യ, | കയ്ക്കൊണ്ട്, | വിധായ, | ചെയ്തശേഷം, |
| വൃദ്ധാൻ | യോഗ്യന്മാരായ | വേശ്മ | അരമനയിൽ |
| ഹരീൻ ച | വാനരന്മാരോട് | പ്രവിവേശ. | പ്രവേശിച്ചു. |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ഏകോനത്രിംശഃ സൎഗ്ഗഃ = ഇരുപത്തൊമ്പതാംസൎഗ്ഗം സമാപ്തം.
ആദ്യംമുതൽ ശ്ലോകസംഖ്യ 10513; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1261.

ഇതി പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ ഗീതേ ശ്രീമദ്രാമായണേ
ചതുൎദ്ദശേഽഹനി ഗീതാഃ ശ്ലോകാഃ സമാപ്താഃ.

ഇപ്രകാരം പണ്ട് കുശലവന്മാരാൽ ശ്രീരാമസന്നിധിയിൽ അശ്വമേധയാഗശാലയിൽവെച്ച്
ഗാനം ചെയ്യപ്പെട്ടതായ ശ്രീരാമായണത്തിൽ പതിന്നാലാം ദിവസം
ഗാനംചെയ്ത ശ്ലോകങ്ങൾ അവസാനിച്ചു.

പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ പഞ്ചദശേഽഹനി കിഷ്കിന്ധാകാണ്ഡേ ത്രിംശസൎഗ്ഗമാരഭ്യ പഞ്ചാശ സൎഗ്ഗപൎയ്യന്തം (10514—11330 ശ്ലോകാഃ) ഗീതം. തസ്മിൻ ദിനേ ഗീതാഃ ശ്ലോകാശ്ച 817.

പണ്ട് കുശലവന്മാരാൽ ശ്രീരാമസന്നിധിയിൽ അശ്വമേധയാഗശാലയിൽവെച്ചു പതിനഞ്ചാം ദിവസം കിഷ്കിന്ധാകാണ്ഡത്തിൽ മുപ്പതാം സൎഗ്ഗം തുടങ്ങി അമ്പതാം സൎഗ്ഗം അവസാനിക്കുന്നതുവരെ (10514 മുതൽ 11330 കൂടി ശ്ലോകങ്ങൾ) ഗാനംചെയ്യപ്പെട്ടു.
അന്നദിവസം ഗാനംചെയ്യപ്പെട്ട ശ്ലോകസംഖ്യ 817.

# ത്രിംശഃ സൎഗ്ഗഃ = മുപ്പതാംസൎഗ്ഗം.

[ശരദ്വൎണ്ണനം = ശരത്കാലവൎണ്ണന.]

ഗുഹാം പ്രവിഷ്ടേ സുഗ്രീവേ വിമുക്തേ ഗഗനേ ഘനൈഃ
വൎഷരാത്രോഷിതോ രാമഃ കാമശോകാഭിപീഡിതഃ 1
പാണ്ഡുരം ഗഗനം ദൃഷ്ട്വാ വിമലം ചന്ദ്രമണ്ഡലം
ശാരദീം രജനീം ചൈവ ദൃഷ്ട്വാ ജ്യോത്സ്നാനുലേപനാം 2
കാമവൃത്തം ച സുഗ്രീവം നഷ്ടാം ച ജനകാത്മജാം
ബുദ്ധ്വാ കാലമതീതം ച മുമോഹ പരമാതുരഃ. 3

| | |
|---|---|
| സുഗ്രീവേ | സുഗ്രീവൻ |
| ഗുഹാം | ഗുഹയിൽ |
| പ്രവിഷ്ടേ, | വൎത്തിച്ചിരുന്നസമയം, |
| വൎഷരാത്രോഷിതഃ | മഴക്കാലം കഴിച്ചുകൂട്ടിയവനായി |
| കാമശോകാഭിപീഡിതഃ | പ്രേമാധിക്യത്താൽ ദുഃഖിതനായ |
| രാമഃ, | ശ്രീരാമൻ, |
| ഗഗനേ | ആകാശം |
| ഘനൈഃ വിമുക്തേ, | മേഘങ്ങൾ നീങ്ങിയതായി, |
| ഗഗനം | ആകാശത്തെ |
| പാണ്ഡുരം | വെണ്മപൂണ്ടതായും |
| ചന്ദ്രമണ്ഡലം | ചന്ദ്രമണ്ഡലത്തെ |
| വിമലം | നിൎമ്മലമായിരിക്കുന്നതായും |
| ദൃഷ്ട്വാ ച, | കണ്ടതിനാലും, |
| ശാരദീം രജനീം | ശരത്കാലരാത്രിയെ |
| ജ്യോത്സ്നാനുലേപനാം | വെണ്ണിലാവ് പൂശിയിരിക്കുന്നതായി |
| ദൃഷ്ട്വാ ഏവ, | കണ്ടതുകൊണ്ടും, |
| സുഗ്രീവം | സുഗ്രീവനെ |
| കാമവൃത്തം ച | കാമപരിഭൂതനായിരിക്കുന്നവനായും |
| ജനകാത്മജാം | സീതാദേവിയെ |
| നഷ്ടാം ച | കണ്ടുകിട്ടാതെതന്നെയിരിക്കുന്നവളായും, |
| കാലം | വാഗ്ദത്തസമയം |
| അതീതം ച | അതിക്രമിച്ചിരിക്കുന്നതായും |
| ബുദ്ധ്വാ, | ഓൎത്ത്, |
| പരമാതുരഃ | അതിദുഃഖിതനായി |
| മുമോഹ. | ഇതികൎത്തവ്യതാമൂഢനായിവൎത്തിച്ചു. |

സ തു സംജ്ഞാമുപാഗമ്യ മുഹൂൎത്താന്മതിമാൻ പുനഃ
മനഃസ്ഥാമപി വൈദേഹീം ചിന്തയാമാസ രാഘവഃ. 4

| | |
|---|---|
| മതിമാൻ | ബുദ്ധിമാനായ |
| സഃ രാഘവഃ, | ആ ശ്രീരാഘവൻ, |
| മുഹൂൎത്താത് തു | ക്ഷണനേരം കൊണ്ട് |
| പുനഃ | വീണ്ടും |
| സംജ്ഞാം | നിജപ്രകൃതി ഗുണമായ വിവേകത്തെ |
| ഉപാഗമ്യ, | കൈക്കൊണ്ട്, |
| മനഃസ്ഥാം | മനസ്സിൽ കുടികൊണ്ടിരുന്ന |
| വൈദേഹീം അപി | വൈദേഹിയെക്കുറിച്ചുമാത്രം |
| ചിന്തയാമാസ, | വിചാരപ്പെട്ടു. |

ആസീനഃ പൎവ്വതസ്യാഗ്രേ ഹേമധാതുവിഭൂഷിതേ
ശാരദം ഗഗനം ദൃഷ്ട്വാ ജഗാമ മനസാ പ്രിയാം. 5

| | | | |
|---|---|---|---|
| ഹേമധാതു-വിഭൂഷിതേ | സ്വൎണ്ണധാതുക്കളാൽ ഭംഗിവാച്ഛതായ | ശാരദം | ശരത് കാലത്തിലെ |
| | | ഗഗനം | ആകാശത്തെ |
| പൎവ്വതസ്യ അഗ്രേ | പൎവ്വതത്തിൻെറ മുകളിൽ | ദൃഷ്ട്വാ, | നോക്കി, |
| | | പ്രിയാം | പ്രേയസിയെ |
| ആസീനഃ, | ഇരുന്നിരുന്ന അദ്ദേഹം, | മനസാ ജഗാമ. | മനസ്സുകൊണ്ടു് ഓൎത്തു. |

ദൃഷ്ട്വാ സ വിമലം വ്യോമ ഗതവിദ്യുദ്ബലാഹകം
സാരസാരവസംഘുഷ്ടം വിലലാപാൎത്തയാ ഗിരാ. 6

| | | | |
|---|---|---|---|
| സഃ | അദ്ദേഹം | സാരസാരവ-സംഘുഷ്ടം | പക്ഷിനിനാദങ്ങൾ കൊണ്ടു് ശബ്ദത്തോടു കൂടിയിരിക്കുന്നതായും, |
| വ്യോമ | ആകാശത്തെ | | |
| വിമലം | നിൎമ്മലമായിരിക്കുന്നതായും | ദൃഷ്ട്വാ, | കണ്ടു്, |
| | | ആൎത്തയാ | ദുഃഖത്തെ പ്രദൎശിപ്പിക്കുന്ന |
| ഗതവിദ്യുദ്-ബലാഹകം | മിന്നലും മേഘങ്ങളും ഇല്ലാതിരിക്കുന്നതായും | ഗിരാ | വാക്കുകൊണ്ടു് |
| | | വിലലാപ. | ഇങ്ങിനെ പ്രലപിച്ചു. |

സാരസാരവസന്നാദൈഃ സാരസാരവനാദിനീ
യാഽഽശ്രമേ രമതേ ബാലാ സാഽദ്യ മേ രമതേ കഥം. 7

| | | | |
|---|---|---|---|
| "യാ | "യാതൊരുവൾ | രമതേ, | സന്തോഷിക്കാറുണ്ടോ, |
| സാരസാരവ-നാദിനീ | കൊക്കുകളുടെ ശബ്ദം പോലെ ശബ്ദിക്കുന്നവളായി, | സാ | ആ |
| | | മേ ബാലാ, | എൻെറ പ്രേയസി, |
| ആശ്രമേ, | ആശ്രമത്തിൽ, | അദ്യ | ഇപ്പോൾ |
| സാരസാരവ-സംനാദൈഃ | കൊക്കുകളുടെ ശബ്ദം കൊണ്ടുള്ള ഘോഷങ്ങളാൽ | കഥം രമതേ? | എങ്ങിനെയാണു് കാലം കഴിക്കുന്നതു്? |

[കൊക്കുകളെ വിളിച്ചുകൂട്ടുവാനായി സീത അവയുടെ ശബ്ദത്തെ അനുകരിച്ചു് ശബ്ദം പുറപ്പെടീക്കുമെന്നു് സാരം.]

പുഷ്പിതാംശ്ചാസനാൻ ദൃഷ്ട്വാ കാഞ്ചനാനിവ നിൎമ്മലാൻ
കഥം സാ രമതേ ബാലാ പശ്യന്തീ മാമപശ്യതീ. 8

| | | | |
|---|---|---|---|
| "ബാലാ | "നിഷ്കന്മഷയായ | കാഞ്ചനാൻ ഇവ | സ്വൎണ്ണംപോലെ |
| സാ, | അവൾ, | പുഷ്പിതാൻ | പൂത്തുനില്ക്കുന്ന |
| പശ്യന്തീ, | എങ്ങും നോക്കുന്നവളായി, | അസനാൻ | വേങ്ങമരങ്ങളെ |
| | | ദൃഷ്ട്വാ, | കണ്ടു്, |
| മാം | എന്നെ | കഥം ച | എങ്ങിനെയാണു് |
| അപശ്യതീ, | കാണാതെ, | രമതേ! | മനഃസ്വാസ്ഥ്യത്തെ കയ്ക്കൊള്ളുക! |
| നിൎമ്മലാൻ | നിൎമ്മലമായി | | |

യാ പുരാ കളഹംസാനാം സ്വരേണ കളഭാഷിണീ
ബുദ്ധ്യതേ ചാരുസർവ്വാംഗീ സാദ്യ മേ ബുധ്യതേ കഥം. 9

| | |
|---|---|
| "യാ | "യാതൊരുവൾ |
| പുരാ, | ഇതിന്നുമുമ്പ്, |
| കളഹംസാനാം | കളഹംസങ്ങളുടെ |
| സ്വരേണ | ശബ്ദത്താൽ |
| ബുധ്യതേ, | ഉണരുകപതിവായിരുന്നുവോ, |
| സാ | അപ്രകാരമുള്ള |
| മേ | എന്റെ |
| കളഭാഷിണീ | കളഭാഷിണിയായ |
| ചാരുസർവ്വാംഗീ | ആ സർവ്വാംഗസുന്ദരി, |
| അദ്യ | ഇപ്പോൾ |
| കഥം ബുധ്യതേ ? | എങ്ങിനെയാണ് ഉണരുക ? |

നിഃസ്വനം ചക്രവാകാനാം നിശമ്യ സഹചാരിണാം
പുണ്ഡരീകവിശാലാക്ഷീ കഥമേഷാ ഭവിഷ്യതി. 10

| | |
|---|---|
| "സഹചാരിണാം | "ഇണ പിരിയാതെ സഞ്ചരിക്കുന്ന |
| ചക്രവാകാനാം | ചക്രവാകങ്ങളുടെ |
| നിഃസ്വനം | ശബ്ദത്തെ |
| നിശമ്യ, | കേട്ട്, |
| പുണ്ഡരീകവിശാലാക്ഷീ | വെള്ളത്താമരയൊത്ത നേത്രങ്ങളാർന്നവളായ |
| ഏഷാ | ഇവൾ |
| കഥം | എങ്ങിനെ |
| ഭവിഷ്യതി! | ജീവിച്ചിരിക്കും! |

സരാംസി സരിതോ വാപീഃ കാനനാനി വനാനി ച
താം വിനാ മൃഗശാബാക്ഷീം ചരൻ നാദ്യ സുഖം ലഭേ. 11

| | |
|---|---|
| "സരാംസി | "സരസ്സുകളിലും |
| സരിതഃ | നദികളിലും |
| വാപീഃ | കുളങ്ങളിലും |
| കാനനാനി | തോപ്പുകളിലും |
| വനാനി ച, | വനങ്ങളിലും, |
| താം | ആ |
| മൃഗശാബാക്ഷീം | ഇളമാൻ മിഴിയാളെ |
| വിനാ, | കൂടാതെ, |
| അദ്യ | ഇപ്പോൾ |
| ചരൻ | ചുററിത്തിരിയുന്നവനായ ഞാൻ |
| സുഖം | മനസ്സമാധാനത്തെ |
| ന ലഭേ. | പ്രാപിക്കുന്നില്ല. |

അപി താം മദ്വിയോഗാച്ച സൌകുമാര്യാച്ച ഭാമിനീം
ന ദൂരം പീഡയേത് കാമഃ ശരദ്ഗുണനിരന്തരഃ. 12

| | |
|---|---|
| ശരദ്ഗുണനിരന്തരഃ | ശരത്കാലപ്രകൃതികാരണം ഇടവിടാതെ പ്രവൃത്തിക്കുന്നതായ |
| കാമഃ, | പ്രേമം, |
| താം | ആ |
| ഭാമിനീം, | സ്ത്രീരത്നത്തെ |
| മദ്വിയോഗാത് ച | എന്റെ വേർപാടിനാലും |
| സൌകുമാര്യാത് ച | മൃദുപ്രകൃതിയാകയാലും, |
| ദൂരം | അധികം |
| ന പീഡയേത് അപി!" | കുഴക്കാതിരിക്കുമോ!" |

ഏവമാദി നരശ്രേഷ്ഠോ വിലലാപ നൃപാത്മജഃ
വിഹംഗ ഇവ സാരംഗഃ സലിലം ത്രിദശേശ്വരാത്. 13

| | | | |
|---|---|---|---|
| നൃപാത്മജഃ | ചക്രവൎത്തികുമാരനായ | സാരംഗഃ വിഹംഗഃ ഇവ, | ചാതകപ്പക്ഷി എപ്രകാരമോ അപ്രകാരം, |
| നരശ്രേഷ്ഠഃ, | ആ നരശ്രേഷ്ഠൻ, | ഏവം ആദി | ഈ വിധമെല്ലാം |
| ത്രിദശേശ്വരാത് | ദേവരാജാവിങ്കൽനിന്ന് | വിലലാപ. | പ്രലപിച്ചു. |
| സലിലം | വെള്ളത്തിന്നായി | | |

തതഃ സംചാൎയ്യ രമ്യേഷു ഫലാൎത്ഥീ ഗിരിസാനുഷു
ദദൎശ പൎയ്യാവൃത്തോ ലക്ഷ്മണോ ലക്ഷ്മണാഗ്രജം. 14

| | | | |
|---|---|---|---|
| രമ്യേഷു | അഴകേറിയ | പൎയ്യാവൃത്തഃ | മടങ്ങിയെത്തിയവനായ |
| ഗിരിസാനുഷു | പൎവ്വതസാനുക്കളിൽ | ലക്ഷ്മണഃ, | ലക്ഷ്മണൻ, |
| ഫലാൎത്ഥീ | പഴങ്ങൾക്കുവേണ്ടി | ലക്ഷ്മണാഗ്രജം ദദൎശ. | ശ്രീരാമന്റെ അരികിലായി വന്നുനിന്നു. |
| സംചാൎയ്യ, | ചുററിത്തിരിഞ്ഞ്, | | |
| തതഃ | ആ സമയം | | |

തം ചിന്തയാ ദുഃസഹയാ പരീതം
വിസംജ്ഞമേകം വിജനേ മനസ്വീ
ഭ്രാതുർവിഷാദാത് പരിതാപദീനഃ
സമീക്ഷ്യ സൌമിത്രിരുവാച രാമം. 15

| | | | |
|---|---|---|---|
| മനസ്വീ | മഹാപ്രാജ്ഞനായ | ഏകം | ഏകനായിവൎത്തിച്ചിരുന്ന |
| സൌമിത്രിഃ, | ലക്ഷ്മണൻ, | തം രാമം | ആ ശ്രീരാമനെ |
| ദുഃസഹയാ | അസഹ്യമായ | സമീക്ഷ്യ, | നോക്കി, |
| ചിന്തയാ പരീതം | മനോവ്യഥ പൂണ്ടവനായി | ഭ്രാതുഃ | ജ്യേഷ്ഠന്റെ |
| വിസംജ്ഞം | മനസ്സുമുട്ടി | വിഷാദാത് | ദുഃഖത്താൽ |
| വിജനേ | ഏകാന്തമായ സ്ഥലത്തിൽ | പരിതാപദീനഃ | പരിതപിച്ച് വ്യാകുലപ്പെടുന്നവനായി |
| | | ഉവാച. | ഇപ്രകാരം ഉണൎത്തിച്ചു. |

കിമാൎയ്യ കാമസ്യ വശംഗതേന
കിമാത്മപൌരുഷ്യപരാഭവേന
അയം സദാ സംഹ്രിയതേ സമാധിഃ
കിമത്ര യോഗേന നിവൎത്തിതേന. 16

| | | | |
|---|---|---|---|
| "ആൎയ്യ! | "ജ്യേഷ്ഠ! | കിം? | എന്തുഫലം? |
| കാമസ്യ | പ്രേമത്തിന്നു | അയം സമാധിഃ | ഈ മനഃസ്ഥൈൎയ്യം |
| വശംഗതേന | വശഗനായിത്തീരുന്നതുകൊണ്ട് | സദാ | ഇടയ്ക്കിടെ |
| കിം? | എന്തുപ്രയോജനമാണുള്ളത്? | സംഹ്രിയതേ; | ഇല്ലാതാക്കപ്പെടുന്നുവല്ലൊ; |
| ആത്മപൌരുഷ്യപരാഭവേന | സ്വയമായ പൌരുഷത്തെ വെടിയുന്നതുകൊണ്ട് | അത്ര | ഇപ്പോൾ |
| | | നിവൎത്തിതേന | കയ്യൊഴിക്കാതിരിക്കുന്നതായ |
| | | യോഗേന | പരിശ്രമംകൊണ്ട് |
| | | കിം? | എന്തുഫലം? |

[ധൈര്യത്തെ അവലംബിച്ച് പ്രവൃത്തിയിൽ ഏൎപ്പെടേണ്ടതാണെന്ന് സാരം.

"അത്ര" (യാതൊരു ഈ സമയത്തിൽ), "സമാധിഃ", (മനഃസമാധാനം), സംപാദനീയം (കയ്ക്കൊള്ളപ്പെടേണ്ടതോ), അങ്ങിനെയുള്ള സമയത്തിൽ, "അയം" (ഈ മനഃസമാധാനം) കിമൎത്ഥം സംഹ്രിയതേ" (എന്തുകാരണത്താലാണ് ത്യജിക്കപ്പെടുന്നത്.); "കാമസ്യ വശംഗതേന കിം", "ആത്മപൌരുഷ്യ പരാഭവേന കിം", എന്നിത്യാദി-(മാ-തീൎത്ഥീയം).

"കാമസ്യ വശംഗതേന ത്വയാ കിം കൎമ്മ കൃതം സ്യാത്? അപി ച ഏവം കാമവശത്വേന ആത്മബോധസ്യ സ്വപൌരുഷസ്യ അഭിഭവേന കിം പ്രയോജനം സാധിതം സ്യാത്? തസ്മാത് കാമവശത്വം ത്യക്ത്വാ കൎമ്മയോഗം കുരു." (കാമത്തിന്നു വശഗനായെന്നാൽ നിന്തിരുവടിയാൽ എന്തൊന്നാണ് സാധ്യമാവുക; അതുകൊണ്ട് ആത്മബോധത്തെ ഉളവാക്കുന്ന സ്വപൌരുഷം ഇല്ലാതാവുകയേ ഉള്ളൂ. ആകയാൽ കാമത്തിന്ന് അടിമപ്പെടുക എന്ന അവസ്ഥയെവിട്ട് കൎമ്മയോഗത്തെ കയ്ക്കൊണ്ടാലും. 'അത്ര' (ഇപ്രകാരമുള്ള അവസ്ഥയിൽ), 'യോഗേന' (മനഃസ്ഥൈൎയ്യംകൊണ്ട്), സകല ദുഃഖങ്ങളും, 'കിം ന നിവൎത്തതേ.' (ഇല്ലാതാകയില്ലെ?) (തിലകം).]

ക്രിയാഭിയോഗം മനസഃപ്രസാദം
സമാധിയോഗാനുഗതം ച കാലം
സഹായസാമൎത്ഥ്യമദീനസത്വ
സ്വകൎമ്മഹേതും ച കുരുഷ്വ ഹേതും. 17

"അദീനസത്വ! "സുസ്ഥിരമായ പൌരുഷമാൎന്നുള്ളോവെ!
ക്രിയാഭിയോഗം ഉദ്ദിഷ്ടകാൎയ്യത്തിൽ നിരന്തരമായ ഉദ്യമത്തെയും
മനസഃപ്രസാദം മനോദാൎഢ്യത്തെയും,
സമാധിയോഗാനുഗതം ഏകാഗ്രതയോടുകൂടിയ പരിശ്രമത്തിന്ന് അനുയുക്തമായ
കാലം ച കാലത്തെയും,
സഹായസാമൎത്ഥ്യം മിത്രജനത്തിന്റെ സാമൎത്ഥ്യത്തെയും
സ്വകൎമ്മഹേതും സ്വകൎമ്മത്തിന്നുള്ള പ്രയോജനത്തെയും
ഹേതും ച അതിന്നുതക്കമാൎഗ്ഗത്തെയും
കുരുഷ്വ. മനസ്സിൽ ധരിച്ചുകൊണ്ടാലും.

ന ജാനകീ മാനവവംശനാഥ
ത്വയാ സനാഥാ സുലഭാ പരേണ
ന ചാഗ്നിചൂഡാം ജ്വലിതാമുപേത്യ
ന ദഹ്യതേ വീരവരാൎഹ കശ്ചിത്. 18

"മാനവവംശനാഥ! "മനുകുലശ്രേഷ്ഠ!
വീരവരാൎഹ! ഉത്തമ വീരന്മാരാൽ കൊണ്ടാടപ്പെട്ടുള്ളോവെ!
ത്വയാ സനാഥാ നിന്തിരുവടിയെ നാഥ
ജാനകീ, ജാനകീദേവി, [നായുള്ള
പരേണ മററൊരുവനാല്യം
സുലഭാ ന; അടുപ്പാൻ കഴിയാത്തവളാകുന്നു;
കശ്ചിത് ആർ തന്നെയാണ്
ജ്വലിതാം ആളുന്ന
അഗ്നിചൂഡാം ച അഗ്നിജ്വാലയിൽ
ഉപേത്യ പ്രവേശിച്ചശേഷം
ന ദഹ്യതേ ന?" ദഹിച്ചുപോകാതിരിക്കുക?"

സ ലക്ഷ്മീവാംല്ലക്ഷ്മണമപ്രധൃഷ്യം
സ്വഭാവജം വാക്യമുവാച രാമഃ
ഹിതം ച പത്ഥ്യം ച നയപ്രസക്തം
സസാമ ധൎമ്മാൎത്ഥസമാഹിതം ച. 19

| | | | |
|---|---|---|---|
| "ലക്ഷ്മീവാൻ | "ശ്രീമാനായ | പത്ഥ്യം ച | നന്മവിളയിക്കുന്നതും |
| സഃ രാമഃ, | ആ ശ്രീരാമൻ, | നയപ്രസക്തം | നീതിയുക്തവും |
| ലക്ഷ്മണം | ലക്ഷ്മണനോടായി, | സസാമ | പതൎച്ചയില്ലാത്തതും |
| അപ്രധൃഷ്യം | മറുക്കുവാൻ കഴിയാത്തതും | ധൎമ്മാൎത്ഥ-സമാഹിതം ച | ധൎമ്മഫലത്തെ നല്ലപോലെ പ്രദൎശിപ്പിക്കുന്നതും ആയ |
| സ്വഭാവജം | പ്രകൃതി ഗുണത്താൽ ഉണ്ടായതും | വാക്യം | വാക്യത്തെ |
| ഹിതം ച | സമയോചിതവും | ഉവാച. | ഇപ്രകാരം അരുളിച്ചെയ്തു. |

[''ലക്ഷ്മണ! നീ പറഞ്ഞത് ഹിതവും, പത്ഥ്യവും, നീതിയുക്തവും, എന്നിത്യാദിയായുള്ളതാകുന്നു.'' എന്ന് വിഷമപദവിവൃതി.]

നിഃസംശയം കാൎയ്യമവേക്ഷിതവ്യം
ക്രിയാവിശേഷോ ഹ്യനുവൎത്തിതവ്യഃ
ന തു പ്രവൃത്തസ്യ ദുരാസദസ്യ
കുമാര കാൎയ്യസ്യ ഫലം ന ചിന്ത്യം. 20

| | | | |
|---|---|---|---|
| "കുമാര! | "വത്സ! | അനുവൎത്തിതവ്യഃ ഹി; | സ്ഥൈൎയ്യത്തോടെ അനുഷ്ഠിക്കേണ്ടതും തന്നെ; |
| കാൎയ്യം | നാം ചെയ്യേണ്ടതായുള്ളതിനെക്കുറിച്ച് | പ്രവൃത്തസ്യ | ആരംഭിച്ചതായ |
| നിഃസംശയം | സംശയമില്ലാതെ | ദുരാസദസ്യ | കഷ്ടപ്പാടുള്ള |
| അവേക്ഷിതവ്യം; | ശ്രദ്ധിക്കേണ്ടതുതന്നെ; | കാൎയ്യസ്യ | ഒരു കാൎയ്യത്തിന്റെ |
| ക്രിയാവിശേഷഃ | ആ കൃത്യത്തിന്നു ഉചിതമായുള്ളത് | ഫലം | ഫലത്തെക്കുറിച്ച് |
| | | ന തു | ഒരിക്കലും |
| | | ചിന്ത്യം ന." | ചിന്തിക്കേണ്ടതില്ല." |

അഥ പദ്മപലാശാക്ഷീം മൈഥിലീമനുചിന്തയൻ
ഉവാച ലക്ഷ്മണം രാമോ മുഖേന പരിശുഷ്യതാ. 21

| | | | |
|---|---|---|---|
| രാമഃ | ശ്രീരാമൻ | അനുചിന്തയൻ | വിചാരപ്പെടുന്നവനായി |
| പദ്മ-പലാശാക്ഷീം | ചെന്താർദളനേത്രയായ | പരിശുഷ്യതാ | വാടിയ |
| മൈഥിലീം | ജാനകീദേവിയെക്കുറിച്ച് | മുഖേന | മുഖത്തോടുകൂടി |
| | | ലക്ഷ്മണം | ലക്ഷ്മണനോടായി |
| | | അഥ | ഇപ്രകാരം |
| | | ഉവാച. | അരുൾചെയ്തു. |

തർപ്പയിത്വാ സഹസ്രാക്ഷഃ സലിലേന വസുന്ധരാം
നിർവ്വർത്തയിത്വാ സസ്യാനി കൃതകർമ്മാ വ്യവസ്ഥിതഃ. 22

| | |
|---|---|
| "സഹസ്രാക്ഷഃ | "ഇന്ദ്രൻ |
| വസുന്ധരാം | ഭൂമിയെ |
| സലിലേന | മഴകൊണ്ടു് |
| തർപ്പയിത്വാ, | കുളുർപ്പിച്ചു്, |
| സസ്യാനി | സസ്യങ്ങളെ |
| നിർവ്വർത്തയിത്വാ, | പുഷ്ടിപ്പെടുത്തിയശേഷം, |
| കൃതകർമ്മാ | തന്റെ പ്രവൃത്തിയെ ചെയ്തുകഴിഞ്ഞവനായി |
| വ്യവസ്ഥിതഃ. | സ്വസ്ഥനായിരിക്കുന്നു. |

സ്നിഗ്ദ്ധഗംഭീരനിർഘോഷാഃ ശൈലദ്രുമപുരോഗമാഃ
വിസൃജ്യ സലിലം മേഘാഃ പരിശ്രാന്താ നൃപാത്മജ. 23

| | |
|---|---|
| "നൃപാത്മജ! | "രാജകുമാര! |
| മേഘാഃ | മേഘങ്ങൾ |
| സ്നിഗ്ദ്ധ-ഗംഭീര-നിർഘോഷാഃ | ഘനമായ ഗംഭീരധ്വനിയോടുകൂടിയവയായി |
| ശൈലദ്രുമ-പുരോഗമാഃ | പർവ്വതങ്ങളിലും വൃക്ഷങ്ങളിലും ചരിക്കുന്നവയായി |
| സലിലം വിസൃജ്യ | മഴപൊഴിച്ചു് |
| പരിശ്രാന്താഃ. | ക്ഷീണിച്ചിരിക്കുന്നു. |

നീലോത്പലദളശ്യാമാഃ ശ്യാമീകൃത്വാ ദിശോ ദശ
വിമദാ ഇവ മാതംഗാഃ ശാന്തവേഗാഃ പയോധരാഃ. 24

| | |
|---|---|
| "പയോധരാഃ | "മേഘങ്ങൾ |
| നീലോത്പല-ദളശ്യാമാഃ | നീലോത്പലദളം പോലെകറുത്തവയായി |
| ദശ ദിശഃ | പത്തു ദിക്കുകളേയും |
| ശ്യാമീകൃത്വാ | കറുപ്പിച്ചശേഷം, |
| വിമദാഃ | മദപ്പാടുനീങ്ങിയ, |
| മാതംഗാഃ ഇവ | ആനകൾ എന്നപോലെ, |
| ശാന്തവേഗാഃ. | ഊക്കുശമിച്ചവയായിരിക്കുന്നു. |

ജലഗർഭാ മഹാവേഗാഃ കുടജാർജ്ജുനഗന്ധിനഃ
ചരിത്വാ വിരതാഃ സൌമ്യ വൃഷ്ടിവാതാഃ സമുദ്യതാഃ. 25

| | |
|---|---|
| "സൌമ്യ! | "വത്സ! |
| സമുദ്യതാഃ | മുമ്പുണ്ടായിരുന്ന |
| വൃഷ്ടിവാതാഃ | മഴക്കാറ്റുകൾ, |
| ജലഗർഭാഃ | മഴത്തുള്ളികളെ വഹിച്ചുകൊണ്ടു് |
| മഹാവേഗാഃ | അതിവേഗതയാർന്നവയായി |
| കുടജാർജ്ജുന-ഗന്ധിനഃ | കുടകപ്പാല, നീർമരുത്, എന്നവയുടെ സുഗന്ധത്തോടുകൂടിയവയായി |
| ചരിത്വാ, | വീശിയശേഷം, |
| വിരതാഃ. | വിരമിച്ചിരിക്കുന്നു. |

ഘനാനാം വാരണാനാം ച മയൂരാണാം ച ലക്ഷ്മണ
നാദഃ പ്രസ്രവണാനാം ച പ്രശാന്തഃ സഹസാഽനഘ. 26

| | |
|---|---|
| "അനഘ! | "ദോഷഹീനനായ |
| ലക്ഷ്മണ! | ലക്ഷ്മണ! |
| ഘനാനാം | മേഘങ്ങളുടേയും |
| വാരണാനാം ച | ആനകളുടേയും |
| മയൂരാണാം ച | മയിലുകളുടേയും |
| പ്രസ്രവണാനാം ച | മലഞ്ചോലകളുടേയും |
| നാദഃ, | ശബ്ദം, |
| സഹസാ | ഒരേസമയത്തിൽ |
| പ്രശാന്തഃ. | നിന്നുപോയിരിക്കുന്നു. |

അഭിവൃഷ്ടാ മഹാമേഘൈർന്നിർമ്മലാശ്ചിത്രസാനവഃ
അനുലിപ്താ ഇവാഭാന്തി ഗിരയശ്ചന്ദ്രരശ്മിഭിഃ. 27

| | | | |
|---|---|---|---|
| "ചിത്രസാനവഃ | "ഭംഗിയുള്ള താഴ്വരകളാന്ന | നിർമ്മലാഃ | അഴുക്കില്ലാത്തവയായി |
| ഗിരയഃ, | മലകൾ, | ചന്ദ്രരശ്മിഭിഃ | വെണ്ണിലാവിനാൽ |
| മഹാമേഘൈഃ | വൻ മേഘങ്ങളാൽ | അനുലിപ്താഃ ഇവ | പൂശപ്പെട്ടവയെന്നപോലെ |
| അഭിവൃഷ്ടാഃ, | കഴുകപ്പെട്ടവയായി, | ആഭാന്തി. | വിലസുന്നു. |

ദർശയന്തി ശരന്നദ്യഃ പുളിനാനി ശനൈഃ ശനൈഃ
നവസംഗമസവ്രീഡാ ജഘനാനീവ യോഷിതഃ. 28

| | | | |
|---|---|---|---|
| "നവസംഗമ സവ്രീഡാഃ | "പ്രിയനുമായുള്ള ആദ്യത്തെ സംഗമത്തിൽ ലജ്ജയോടുകൂടിയവരായ | ഇവ, | എന്നപോലെ, |
| | | ശരന്നദ്യഃ | ശരത്കാലത്തിലെ നദികൾ |
| | | ശനൈഃ ശനൈഃ | അല്പാല്പമായി |
| യോഷിതഃ | യുവതികൾ | പുളിനാനി | മണൽത്തിട്ടുകളെ |
| ജഘനാനി | ജഘനപ്രദേശങ്ങളെ | ദർശയന്തി. | പ്രദർശിപ്പിക്കുന്നു. |

ശാഖാസു സപ്തച്ഛദപാദപാനാം
പ്രഭാസു താരാർക്കനിശാകരാണാം
ലീലാസു ചൈവോത്തമവാരണാനാം
ശ്രിയം വിഭജ്യാദ്യ ശരത് പ്രവൃത്താ. 29

| | | | |
|---|---|---|---|
| "അദ്യ | "ഇപ്പോൾ | ഉത്തമ-വാരണാനാം | ഉത്തമഗജങ്ങളുടെ |
| സപ്തച്ഛദ-പാദപാനാം | ഏഴിലമ്പാലമരങ്ങളുടെ | ലീലാസു ഏവ | വിനോദങ്ങളിലും |
| ശാഖാസു, | കൊമ്പുകളിലും, | ശ്രിയം | ലക്ഷ്മിയെ |
| താരാർക്കനിശാ-കരാണാം | നക്ഷത്രങ്ങളുടെയും, സൂര്യന്റെയും, ചന്ദ്രന്റെയും | വിഭജ്യ, | വിഭാഗിച്ച്, |
| പ്രഭാസു ച | പ്രഭകളിലും | ശരത് പ്രവൃത്താ. | ശരത്കാലം ആരംഭിച്ചിരിക്കുന്നു. |

സംപ്രത്യനേകാശ്രയചിത്രശോഭാ
ലക്ഷ്മീഃ ശരത്കാലഗുണോപനീതാ
സൂര്യാഗ്രഹസ്തപ്രതിബോധിതേഷു
പദ്മാകരേഷ്വഭ്യധികം വിഭാതി. 30

| | | | |
|---|---|---|---|
| ശരത്കാല-ഗുണോപനീതാ | "ശരത്കാലത്തിന്റെ ഗുണംകൊണ്ടുണ്ടായതും | സൂര്യാഗ്രഹസ്ത-പ്രതിബോധിതേഷു | സൂര്യന്റെ ആദ്യകിരണങ്ങൾകൊണ്ട് വികസിച്ചതായ |
| അനേകാശ്രയ-ചിത്രശോഭാ | പലദിക്കിലും വ്യാപിച്ച് പലമാതിരി ശോഭയാർന്നതും ആയ | പത്മാകരേഷു | താമരപ്പൊയ്കകളിൽ |
| | | സംപ്രതി | ഇപ്പോൾ |
| | | അഭ്യധികം | അത്യധികം |
| ലക്ഷ്മീഃ, | ലക്ഷ്മി, | വിഭാതി. | പ്രകാശിക്കുന്നു. |

സപ്തച്ഛദാനാം കുസുമോപഗന്ധീ
ഷട്പാദവൃന്ദൈരനുഗീയമാനഃ
മത്തദ്വിപാനാം പവനോഽനുസാരീ
ദർപ്പം വനേഷ്വഭ്യധികം കരോതി 31

| | | | |
|---|---|---|---|
| "സപ്തച്ഛദാനാം | "ഏഴിലമ്പാലകളുടെ | പവനഃ, | മന്ദമാരുതൻ, |
| കുസുമോപഗന്ധി | പൂമണം കലൎന്നുള്ളതും | വനേഷു | വനങ്ങളിൽ |
| ഷട്പാദവൃന്ദൈഃ | വണ്ടിൻകൂട്ടങ്ങളാൽ | മത്തദ്വിപാനാം | മദഗജങ്ങളുടെ |
| അനുഗീയമാനഃ | ഒത്തുപാടപ്പെട്ടതും | ദർപ്പം | മദത്തെ |
| അനുസാരീ | തുടരെത്തുടരെ വീശുന്നതും ആയ | അഭ്യധികം കരോതി. | ഏററം വൎദ്ധിപ്പിക്കുന്നു. |

അഭ്യാഗതൈശ്ചാരുവിശാലപക്ഷൈഃ
സരഃപ്രിയൈഃ പദ്മരജോഽവകീർണ്ണൈഃ
മഹാനദീനാം പുളിനോപയാതൈഃ
ക്രീഡന്തി ഹംസാഃ സഹ ചക്രവാകൈഃ. 32

| | | | |
|---|---|---|---|
| "അഭ്യാഗതൈഃ, | "(മഴക്കാലം കഴിഞ്ഞ്) തിരിച്ചെത്തിയവയും | മഹാനദീനാം | വൻനദികളുടെ |
| ചാരുവിശാലപക്ഷൈഃ, | അഴകാൎന്ന വിശാലമായ ചിറകുകളോടുകൂടിയവയും, | പുളിനോപയാതൈഃ | മണൽതിട്ടുകളിൽ വന്നുചേൎന്നവയും ആയ |
| സരഃപ്രിയൈഃ | വെള്ളത്തിൽ കൊതിപൂണ്ടവയും | ചക്രവാകൈഃ സഹ | ചക്രവാകങ്ങളോടുകൂടി |
| പദ്മരജോഽവകീർണ്ണൈഃ | താമരപ്പൂമ്പൊടി പുരണ്ടവയും | ഹംസാഃ | അരയന്നങ്ങൾ |
| | | ക്രീഡന്തി. | കളിയാടുന്നു. |

മദപ്രഗൽഭേഷ്വപി വാരണേഷു
ഗവാം സമൂഹേഷു ച ദർപ്പിതേഷു
പ്രസന്നതോയാസു ച നിമ്നഗാസു
വിഭാതി ലക്ഷ്മീർബ്ബഹുധാ വിഭക്താ. 33

| | | | |
|---|---|---|---|
| "ലക്ഷ്മീഃ | "ലക്ഷ്മി | പ്രസന്നതോയാസു | ശുഭ്രജലമാൎന്ന |
| മദപ്രഗൽഭേഷു | മദക്കൊഴുപ്പാൎന്ന | നിമ്നഗാസു ച, | മലഞ്ചോലകളിലും, |
| വാരണേഷു അപി, | ആനകളിലും, | ബഹുധാ | പലമാതിരിയായി |
| ദർപ്പിതേഷു | പുളച്ച | വിഭക്താ | പ്രത്യേകം |
| ഗവാം സമൂഹേഷു ച | കാലിക്കൂട്ടങ്ങളിലും | വിഭാതി. | പ്രകാശിക്കുന്നു. |

നഭഃ സമീക്ഷ്യാംബുധരൈർവിമുക്തം
വിമുക്തബർഹാഭരണാ വനേഷു
പ്രിയാസ്വസക്താ വിനിവൃത്തശോഭാഃ
ഗതോത്സവാ ധ്യാനപരാ മയൂരാഃ. 34

| | |
|---|---|
| “വനേഷു | “കാടുകളിൽ |
| മയൂരാഃ | മയിലുകൾ |
| നഭഃ | ആകാശത്തെ |
| അംബുധരൈഃ വിമുക്തം | മേഘങ്ങളില്ലാത്തതായി |
| സമീക്ഷ്യ, | കണ്ടു്, |
| വിമുക്ത-ബർഹാഭരണാഃ | പീലികളാകുന്ന അണികളെ വിടർത്താതെ |
| പ്രിയാസു | പേടകളിൽ |
| അസക്താഃ, | അശ്രദ്ധപൂണ്ടവയായി, |
| വിനിവൃത്ത-ശോഭാഃ | ഭംഗികുറഞ്ഞവയായി |
| ഗതോത്സവാഃ | ഉത്സാഹമററവയായി |
| ധ്യാനപരാഃ. | ദുഃഖംപൂണ്ടു് വർത്തിക്കുന്നു. |

മനോജ്ഞഗന്ധൈഃ പ്രിയകൈരനല്പൈഃ
പുഷ്പാതിഭാരാവനതാഗ്രശാഖൈഃ
സുവർണ്ണഗൌരൈർനയനാഭിരാമൈഃ
ഉദ്ദ്യോതിതാനീവ വനാന്തരാണി. 35

| | |
|---|---|
| “വനാന്തരാണി | “വനപ്രദേശങ്ങൾ |
| മനോജ്ഞ-ഗന്ധൈഃ | നറുമണം വീശുന്നവയും |
| പുഷ്പാതിഭാരാ-വനതാഗ്ര-ശാഖൈഃ | അതിയായ പുഷ്പഭാരത്താൽ വളഞ്ഞകൊമ്പുകളോടുകൂടിയവയും |
| സുവർണ്ണ-ഗൌരൈഃ | സ്വർണ്ണംപോലെ മഞ്ഞനിറമുള്ളവയും |
| നയനാഭിരാമൈഃ | നേത്രാഭിരാമങ്ങളുമായ |
| അനല്പൈഃ | അനവധി |
| പ്രിയകൈഃ | വേങ്ങമരങ്ങൾകൊണ്ടു് |
| ഉദ്ദ്യോതി-താനി ഇവ. | പരിശോഭിതങ്ങളായിരിക്കുന്നു. |

പ്രിയാന്വിതാനാം നളിനീപ്രിയാണാം
വനേ രതാനാം കുസുമോദ്ധതാനാം
മദോത്കടാനാം മദലാലസാനാം
ഗജോത്തമാനാം ഗതയോഽദ്യ മന്ദാഃ. 36

| | |
|---|---|
| “പ്രിയാന്വി-താനാം | “പിടിയാനകളോടൊന്നിച്ചിരിക്കുന്നവയും, |
| നളിനീ-പ്രിയാണാം | താമരപ്പൊയ്കകളിൽ താല്പര്യമുള്ളവയും |
| കുസുമോദ്ധ-താനാം | (ഏഴിലമ്പാലയുടെ) പുഷ്പങ്ങളാൽ ഉത്സാഹം പൂണ്ടവയും, |
| മദോത്കടാനാം | മദം അധികരിച്ചവയായി |
| മദലാലസാനാം | രതിലോലുപകളായി |
| വനേ | വനത്തിൽ |
| രതാനാം | ചുററിത്തിരിയുന്നവയും ആയ |
| ഗജോത്തമാനാം | ആനക്കൊമ്പന്മാരുടെ |
| ഗതയഃ | പ്രവൃത്തികൾ |
| അദ്യ | ഇപ്പോൾ |
| മന്ദാഃ. | ശമിച്ചിരിക്കുന്നു. |

വ്യഭ്രം നഭഃ ശസ്ത്രവിധൌതവൎണ്ണം
കൃശപ്രവാഹാനി നദീജലാനി
കൽഹാരശീതാഃ പവനാഃ പ്രവാന്തി
തമോവിമുക്താശ്ച ദിശഃ പ്രകാശാഃ. 37

| | | | |
|---|---|---|---|
| "നഭഃ | "ആകാശം | പവനാഃ | കാററുകൾ |
| വ്യഭ്രം | മേഘങ്ങളില്ലാത്തതായി, | കൽഹാര-ശീതാഃ | ചെങ്കഴഞ്ഞിപൂക്കളുടെ ശൈത്യത്തോടു കൂടിയവയായി |
| ശസ്ത്രവിധൌതവൎണ്ണം; | മൂൎച്ഛവരുത്തിയ വാളിൻെറ പ്രഭയോടുകൂടിയതായിരിക്കുന്നു; | പ്രവാന്തി; | വീശുന്നു; |
| നദീജലാനി | നദികളിലെ വെള്ളം | ദിശഃ ച | ദിക്കുകളെല്ലാം |
| കൃശ-പ്രവാഹാനി; | അല്പ പ്രവാഹങ്ങളോടുകൂടിയവയായിരിക്കുന്നു; | തമോവിമുക്താഃ | ഇരുട്ടു നീങ്ങിയവയായി |
| | | പ്രകാശാഃ. | പ്രകാശിക്കുന്നു. |

സൂൎയ്യാതപക്രാമണനഷ്ടപങ്കാ
ഭൂമിശ്ചിരോദ്ഘാടിതസാന്ദ്രരേണുഃ
അന്യോന്യവൈരാതിരുഷായുതാനാ-
മുദ്യോഗകാലോഽദ്യ നരാധിപാനാം. 38

| | | | |
|---|---|---|---|
| "ഭൂമിഃ | "ഭൂമി | അന്യോന്യ-വൈരാതിരു-ഷായുതാനാം | തമ്മിൽ തമ്മിലുള്ള വൈരത്താൽ അക്ഷമന്മാരായ |
| സൂൎയ്യാതപ-ക്രാമണ-നഷ്ടപങ്കാ | സൂൎയ്യൻെറ വെയിൽ തട്ടിയതിനാൽ ചേറില്ലാത്തതായി, | നരാധിപാനാം | രാജാക്കന്മാൎക്ക് |
| ചിരോദ്-ഘാടിത-സാന്ദ്രരേണുഃ; | അടുത്ത കാലത്തിൽ പൊങ്ങിയ പൊടികൾ എങ്ങുമുള്ളതായിരിക്കുന്നു; | ഉദ്യോഗകാലഃ, | യുദ്ധോദ്യോഗത്തിന്നു തക്കതായ കാലം |
| | | അദ്യ. | ഇതാ എത്തിക്കഴിഞ്ഞു. |

ശരദ്ഗുണാപ്യായിതരൂപശോഭാഃ
പ്രഹൎഷിതാഃ പാംസുസമുക്ഷിതാംഗാഃ
മദോത്കടാഃ സംപ്രതി യുദ്ധലുബ്ധാഃ
വൃഷാ ഗവാം മധ്യഗതാ നദന്തി. 39

| | | | |
|---|---|---|---|
| "സംപ്രതി | "ഇപ്പോൾ | പാംസുസമു-ക്ഷിതാംഗാഃ | ദേഹത്തിൽ പൂഴിയാ ത്തവയായി, |
| വൃഷാഃ, | വൃഷഭങ്ങൾ, | മദോത്കടാഃ | പുളപ്പേറിയവയായി, |
| ശരദ്ഗുണാ-പ്യായിത-രൂപശോഭാഃ | ശരത്കാലവൈഭവം കൊണ്ടു വൎദ്ധിച്ച ശരീരകാന്തിയാൎന്നവയായി | യുദ്ധലുബ്ധാഃ | തമ്മിൽതമ്മിൽ കുത്തുവാൻകൊതിച്ചവയായി |
| | | ഗവാം മധ്യഗതാഃ | പശുക്കളുടെ നടുവിൽ വൎത്തിക്കുന്നവയായി |
| പ്രഹൎഷിതാഃ | അത്യുത്സാഹം പൂണ്ടവയായി, | നദന്തി. | മുക്രയിടുന്നു. |

സമന്മഥം തീവ്രഗതാനുരാഗാഃ
കലാന്വിതാ മന്ദഗതിം കരിണ്യഃ
മദാന്വിതം സംപരിവാര്യ യാന്തം
വനേഷു ഭർത്താരമനുപ്രയാന്തി. 40

| | | | |
|---|---|---|---|
| "കലാന്വിതാഃ കരിണ്യഃ | "നല്ലജാതിപ്പിടിയാനകൾ, | മന്ദഗതിം | സാവധാനഗതിയായ് |
| തീവ്രഗതാനുരാഗാഃ | വളരെ സ്നേഹത്തോടുകൂടിയവയായി | മദാന്വിതം | മദപ്പാടോടുകൂടിയതായി |
| വനേഷു | കാടുകളിൽ, | യാന്തം | ചെന്നുകൊണ്ടിരിക്കുന്ന |
| സമന്മഥം | കാമവേഗംപൂണ്ടു്, | ഭർത്താരം | കൊമ്പനാനയെ |
| | | സംപരിവാര്യ | ചുററിക്കൊണ്ടു് |
| | | അനുപ്രയാന്തി. | കൂടെ ഗമിക്കുന്നു. |

ത്യക്ത്വാ വരാണ്യാത്മവിഭൂഷണാനി
ബർഹാണി തീരോപഗതാ നദീനാം
നിർഭർത്സ്യമാനാ ഇവ സാരസൌഘൈഃ
പ്രയാന്തി ദീനാ വിമദാ മയൂരാഃ. 41

| | | | |
|---|---|---|---|
| "മയൂരാഃ, | "മയിലുകൾ | ദീനാഃ | ദയനീയമാംവണ്ണം |
| സാരസൌഘൈഃ | കുളക്കോഴികളുടെ കൂട്ടങ്ങളാൽ | ആത്മവിഭൂഷണാനി | തങ്ങൾക്കു് അലങ്കാരമായുള്ള |
| നിർഭർത്സ്യമാനാഃ ഇവ, | മിരട്ടപ്പെട്ടവയെന്നപോലെ, | വരാണി | ഉത്തമങ്ങളായ |
| നദീനാം | നദികളുടെ | ബർഹാണി | പീലികളെ |
| തീരോപഗതാഃ | കരപററിക്കൊണ്ടു് | ത്യക്ത്വാ | വിരിക്കാതെ |
| വിമദാഃ | ഉത്സാഹമില്ലാതെ | പ്രയാന്തി. | ചെല്ലുന്നു. |

വിത്രാസ്യ കാരണ്ഡവചക്രവാകാൻ
മഹാരവൈർഭിന്നകടാ ഗജേന്ദ്രാഃ
സരഃസു ബുദ്ധാംബുജഭൂഷണേഷു
വിക്ഷോഭ്യ വിക്ഷോഭ്യ ജലം പിബന്തി. 42

| | | | |
|---|---|---|---|
| "ഭിന്നകടാഃ | "മദംപൊട്ടിയ | ബുദ്ധാംബുജഭൂഷണേഷു | വികസിച്ചതാമരകളാൽ അലങ്കരിക്കപ്പെട്ട |
| ഗജേന്ദ്രാഃ, | ആനക്കൊമ്പന്മാർ, | സരഃസു, | പൊയ്കകളിൽ, |
| മഹാരവൈഃ | വമ്പിച്ച ശബ്ദങ്ങളാൽ | വിക്ഷോഭ്യ വിക്ഷോഭ്യ | കലക്കിക്കലക്കി |
| കാരണ്ഡവചക്രവാകാൻ | നീർക്കോഴികളേയും ചക്രവാകങ്ങളെയും | ജലം | വെള്ളം |
| വിത്രാസ്യ, | ഭയപ്പെടുത്തിക്കൊണ്ടു്, | പിബന്തി. | കുടിക്കുന്നു. |

വ്യപേതപങ്കാസു സവാലുകാസു
പ്രസന്നതോയാസു സഗോകുലാസു
സസാരസാ രാവവിനാദിതാസു
നദീഷു ഹൃഷ്ടാ നിപതന്തി ഹംസാഃ. 43

| | | | |
|---|---|---|---|
| "ഹംസാഃ | "അരയന്നങ്ങൾ | രാവവിനാദി-താസു | ശബ്ദങ്ങളുടെ പ്രതിധ്വനിയോടുകൂടിയവയും ആയ |
| സസാരസാ | വാത്തുകളോടിടകലന്നവയായി | നദീഷു, | നദികളിൽ, |
| വ്യപേതപങ്കാസു | ചേററവയും | ഹൃഷ്ടാഃ | ഉത്സാഹം പൂണ്ടവയായി |
| സവാലുകാസു | മണൽതിട്ടകളാന്നവയും | നിപതന്തി. | നീന്തുന്നു. |
| പ്രസന്ന-തോയാസു | ശുഭ്രജലമുള്ളവയും | | |
| സഗോകുലാസു | പശുക്കൂട്ടങ്ങളോടുകൂടിയവയും | | |

നദീഘനപ്രസ്രവണോദകാനാ-
മതിപ്രവൃദ്ധാനിലബർഹിണാനാം
പ്ലവംഗമാനാം ച ഗതോത്സവാനാം
ദ്രുതം രവാഃ സംപ്രതി സംപ്രനഷ്ടാഃ. 44

| | | | |
|---|---|---|---|
| "നദീഘന-പ്രസ്രവണോ-ദകാനാം | "നദികളുടെയും, മേഘങ്ങളുടെയും, വെള്ളച്ചാട്ടങ്ങളുടെയും | ഗതോത്സവാനാം | ഉത്സാഹമററ |
| അതി-പ്രവൃദ്ധാനില-ബർഹിണാനാം | കൊടുങ്കാററിന്റെയും, മയിലുകളുടെയും | പ്ലവംഗമാനാം ച | തവളകളുടെയും |
| | | രവാഃ | ശബ്ദങ്ങൾ |
| | | സംപ്രതി | ഇപ്പോൾ |
| | | ദ്രുതം | ഏകകാലത്തിൽ |
| | | സംപ്രനഷ്ടാഃ. | ഇല്ലാതായിരിക്കുന്നു. |

അനേകവർണ്ണാഃ സുവിനഷ്ടകായാഃ
നവോദിതേഷ്വംബുധരേഷു നഷ്ടാഃ
ക്ഷുധാർദ്ദിതാ ഘോരവിഷാ ബിലേഭ്യഃ
ചിരോഷിതാ വിപ്രസരന്തി സർപ്പാഃ. 45

| | | | |
|---|---|---|---|
| "ഘോരവിഷാഃ | "കൊടിയ വിഷമുള്ള | ക്ഷുധാർദിതാഃ | വിശപ്പുകൊണ്ടു പീഡിക്കപ്പെട്ട് |
| അനേകവർണ്ണാഃ | പലജാതി | സുവിനഷ്ട-കായാഃ | ദേഹം നേർത്തവയായി |
| സർപ്പാഃ, | സർപ്പങ്ങൾ, | ബിലേഭ്യഃ | പൊറുകളിൽനിന്ന് |
| അംബുധരേഷു | മേഘങ്ങൾ | വിപ്രസരന്തി. | പുറത്തുവന്നു സഞ്ചരിക്കുന്നു. |
| നവോദിതേഷു | പൊങ്ങിയിരുന്നപ്പോൾ | | |
| നഷ്ടാഃ | മറഞ്ഞുകിടന്നവയായി | | |
| ചിരോഷിതാഃ | ഏറെക്കാലം ഒരേ ദിക്കിൽതന്നെ കഴിച്ചുകൂട്ടിയവയായി | | |

ചഞ്ചച്ചന്ദ്രകരസ്പർശഹർഷോന്മീലിതതാരകാ
അഹോ രാഗവതീ സന്ധ്യാ ജഹാതി സ്വയമംബരം. 46

| | |
|---|---|
| "രാഗവതീ | "രാഗയുക്തമായ |
| സന്ധ്യാ | സന്ധ്യാകാലം |
| ചഞ്ചച്ചന്ദ്ര-കരസ്പർശ-ഹർഷോന്മീലി-തതാരകാ | ഉദിച്ചെഴുന്ന ചന്ദ്രന്റെ കരസ്പർശത്താൽ മിഴിച്ച നക്ഷത്രങ്ങളോടുകൂടിയവയായി |
| സ്വയം | സ്വയമായി |
| അംബരം | അംബരത്തെ |
| ജഹാതി | ഉപേക്ഷിക്കുന്നു |
| അഹോ! | എന്തുകൌതുകം! |

[ "രാഗവതി" (അനുരാഗത്തോടുകൂടിയതു്), "ഹർഷോന്മീലിതതാരകാ" (ആനന്ദമുൾക്കൊണ്ടു് മിഴിച്ച കൺമിഴികളോടുകൂടിയതായി); "അംബരം" (വസ്ത്രത്തെ); എന്നും അർത്ഥം. പ്രിയന്റെ കരസ്പർശംകൊണ്ടു് ആനന്ദംപൂണ്ടു് കണ്ണുകൾ മിഴിച്ച അനുരാഗയുക്തയായ തരുണിയുടെ വസ്ത്രം, സ്വയമായിതന്നെ അഴിയുന്നുവെന്നും, ശ്ലേഷകൊണ്ടുള്ള അർത്ഥം സ്പഷ്ടമാകുന്നു.]

രാത്രിഃ ശശാങ്കോദിതസൌമ്യവക്ത്രാ
താരാഗണോന്മീലിതചാരുനേത്രാ
ജ്യോത്സ്നാംശുകപ്രാവരണാ വിഭാതി
നാരീവ ശുക്ലാംശുകസംവൃതാംഗീ. 47

| | |
|---|---|
| "രാത്രിഃ | "രാത്രി |
| ശശാങ്കോദിത-സൌമ്യവക്ത്രാ, | ഉദിച്ചെഴുന്ന ചന്ദ്രനാകുന്ന മനോഹര വദനത്തോടുകൂടിയതായി, |
| താരാഗണോ-ന്മീലിത-ചാരുനേത്രാ, | നക്ഷത്രഗണങ്ങളാകുന്ന നിർമ്മലങ്ങളായ രമ്യനേത്രങ്ങളാർന്നതായി, |
| ജ്യോത്സ്നാം-ശുക-പ്രാവരണാ, | വെണ്ണിലാവാകുന്ന വസ്ത്രം ധരിച്ചതായി, |
| ശുക്ലാംശുക-സംവൃതാംഗീ | വെൺപട്ടുകൊണ്ടു മറച്ച മേനിയോടുകൂടിയവളായ |
| നാരീ ഇവ | ഒരു തരുണിയെന്നപോലെ |
| വിഭാതി. | പരിലസിക്കുന്നു. |

[ലെ

വിപക്വശാലിപ്രസവാനി ഭുക്ത്വാ
പ്രഹർഷിതാ സാരസചാരുപങ്ക്തിഃ
നഭഃ സമാക്രാമതി ശീഘ്രവേഗാ
വാതാവധൂതാ ഗ്രഥിതേവ മാലാ. 48

| | |
|---|---|
| "സാരസ-ചാരുപംക്തിഃ | "കൊററികളുടെ ഭംഗിയാർന്നനിര, |
| വിപക്വശാലി പ്രസവാനി | പഴുത്തനെൽകതിരുകളെ |
| ഭുക്ത്വാ, | കൊത്തിത്തിന്നു്, |
| പ്രഹർഷിതാ, | സന്തോഷം പൂണ്ടു്, |
| ശീഘ്രവേഗാ, | വേഗത്തിൽ ചെല്ലുന്നവയായി, |
| വാതാവധൂതാ | കാററിലുലയുന്ന |
| ഗ്രഥിതാ | തൊടുത്ത |
| മാലാ ഇവ | പൂമാലയെന്നപോലെ, |
| നഭഃ | ആകാശത്തിൽ |
| സമാക്രാമതി. | പറക്കുന്നു. |

സുപ്തൈകഹംസം കുസുമൈരുപേതം
മഹാഹ്രദസ്ഥം സലിലം വിഭാതി
ഘനൈർവ്വിമുക്തം നിശി പൂർണ്ണചന്ദ്രം
താരാഗണാകീർണ്ണമിവാന്തരിക്ഷം. 49

| | |
|---|---|
| “മഹാഹ്രദസ്ഥം | “വലുതായ ഒരു കുളത്തിലുള്ള |
| സലിലം | വെള്ളം |
| കുസുമൈഃ | പുഷ്പങ്ങളാൽ |
| ഉപേതം, | നിറയപ്പെട്ടതായി, |
| സുപ്തൈക-ഹംസം ഇവ | ഉറങ്ങിക്കൊണ്ടിരിക്കുന്ന ഒരു ഹംസത്തോടുകൂടിയതായി ഇരുന്നാൽ എപ്രകാരമോ അപ്രകാരം, |
| ഘനൈഃ വിമുക്തം | മേഘങ്ങളില്ലാത്തതായ |
| അന്തരിക്ഷം | ആകാശം |
| നിശി | രാത്രിയിൽ |
| താരാഗണാ-കീർണ്ണം | നക്ഷത്രങ്ങളാൽ നിറയപ്പെട്ടതായി |
| പൂർണ്ണചന്ദ്രം | മുഴുമതിയോടുകൂടിയതായി |
| വിഭാതി. | വിളങ്ങുന്നു. |

പ്രകീർണ്ണഹംസാകുലമേഖലാനാം
പ്രബുദ്ധപദ്മോത്പലമാലിനീനാം
വാപ്യുത്തമാനാമധികാദ്യ ലക്ഷ്മീർ-
വരാംഗനാനാമിവ ഭൂഷിതാനാം. 50

| | |
|---|---|
| “അദ്യ | “ഇപ്പോൾ |
| പ്രകീർണ്ണ-ഹംസാകുല-മേഖലാനാം | ചിന്നിയ അരയന്നങ്ങളാകുന്ന അരഞ്ഞാണുകളണിഞ്ഞവയും |
| പ്രബുദ്ധ-പദ്മോത്പ-ലമാലിനീനാം | വികസിച്ച താമര, ഉത്പലം എന്ന മാലകളുള്ളവയും ആയ |
| വാപ്യുത്തമാനാം | ഭംഗിയുള്ള കുളങ്ങളുടെ |
| അധികാ | പാരിച്ച |
| ലക്ഷ്മീഃ, | കാന്തിവിശേഷം, |
| ഭൂഷിതാനാം | മെയ്ക്കോപ്പണിഞ്ഞ |
| വരാംഗനാനാം ഇവ. | സുന്ദരികളുടെ ലാവണ്യത്തിന്ന് തുല്യമായിരിക്കുന്നു. |

വേണുസ്വനവ്യഞ്ജിതതൂര്യമിശ്രഃ
പ്രത്യൂഷകാലാനിലസംപ്രവൃദ്ധഃ
സംമൂർച്ഛിതോ ഗർഗ്ഗരഗോവൃഷാണാ-
മന്യോന്യമാപൂരയതീവ ശബ്ദഃ. 51

| | |
|---|---|
| “ഗർഗ്ഗര-ഗോവൃഷാണാം | “കടകോലുകളുടേയും പശുക്കളുടേയും വൃഷഭങ്ങളുടേയും |
| ശബ്ദഃ, | ശബ്ദം, |
| വേണുസ്വന-വ്യഞ്ജിത-തൂര്യമിശ്രഃ, | വാദ്യഘോഷംപോലെ തോന്നുന്നതായ ഓടകളുടെ ശബ്ദത്തോടിടകലർന്നതായി |
| പ്രത്യൂഷ-കാലാനില-സംപ്രവൃദ്ധഃ | പ്രഭാതപവനനാൽ അധികരിച്ചതായി |
| സംമൂർച്ഛിതഃ | എങ്ങും തിങ്ങിയതായി |
| അന്യോന്യം | ഒന്നിനെയൊന്ന് |
| ആപൂരയതി ഇവ. | വർദ്ധിപ്പിക്കുന്നപോലെയിരിക്കുന്നു. |

നവൈർനദീനാം കുസുമപ്രഭാസൈർ-
വ്യാധൂയമാനൈർമൃദുമാരുതേന
ധൌതാമലക്ഷൌമപടപ്രകാശൈഃ
കൂലാനി കാശൈരുപശോഭിതാനി. 52

| | |
|---|---|
| " നദീനാം | " നദികളുടെ |
| കൂലാനി, | തീരങ്ങൾ, |
| നവൈഃ | പുതിയ |
| കുസുമപ്രഭാസൈഃ | പുഷ്പങ്ങളാൽ പ്രകാശിക്കുന്നവയും |
| മൃദുമാരുതേന | മന്ദമാരുതനാൽ |
| വ്യാധൂയമാനൈഃ | ഇളക്കപ്പെടുന്നതും |
| ധൌതാമലക്ഷൌമപടപ്രകാശൈഃ | വെളുത്തു് സ്വച്ഛമായ വെൺപട്ടുവസ്ത്രം പോലെ വിലസുന്നവയും ആയ |
| കാശൈഃ | ഞാങ്ങണപ്പുല്ലുകളെക്കൊണ്ടു് |
| ഉപശോഭിതാനി. | പരിലസിക്കുന്നു. |

വനപ്രചണ്ഡാ മധുപാനശൌണ്ഡാഃ
പ്രിയാന്വിതാഃ ഷട്ചരണാഃ പ്രഹൃഷ്ടാഃ
വനേഷു മത്താഃ പവനാനുയാത്രാം
കുർവ്വന്തി പദ്മാസനരേണുഗൌരാഃ. 53

| | |
|---|---|
| " വനേഷു | " വനങ്ങളിൽ |
| ഷട്ചരണാഃ, | വണ്ടത്താന്മാർ, |
| വനപ്രചണ്ഡാഃ | വനത്തിൽ സ്വേച്ഛപോലെ പറക്കുന്നവയായി |
| മധുപാനശൌണ്ഡാഃ | മധുപാനത്താൽ മദിച്ചു് |
| പ്രഹൃഷ്ടാഃ | സന്തോഷിച്ചു് |
| മത്താഃ, | പുളച്ചവയായി, |
| പദ്മാസനരേണുഗൌരാഃ, | ഇരുപ്പിടമാകുന്ന താമരകളുടെ പൂമ്പൊടി പററി പൊൻനിറം പൂണ്ടവയായി, |
| പ്രിയാന്വിതാഃ | പെൺവണ്ടുകളോടുംകൂടി |
| പവനാനുയാത്രാം കുർവ്വന്തി. | കാററിനെ തുടൎന്നു ചെല്ലുന്നു. |

[" പദ്മാസനരേണുഗൌരാഃ " (താമരകളുടേയും വേങ്ങപ്പൂക്കളുടെയും പൊടി പററി മഞ്ഞച്ചവയായി) എന്നും.]

ജലം പ്രസന്നം കുമുദം പ്രഭാസം
ക്രൌഞ്ചസ്വനഃ ശാലിവനം വിപക്വം
മൃദുശ്ച വായുർവ്വിമലശ്ച ചന്ദ്രഃ
ശംസന്തി വർഷവ്യപനീതകാലം. 54

| | |
|---|---|
| " പ്രസന്നം | " തെളിഞ്ഞ |
| ജലം, | വെള്ളവും, |
| പ്രഭാസം | വിടൎന്ന |
| കുമുദം, | ആമ്പലും, |
| ക്രൌഞ്ചസ്വനഃ, | ക്രൌഞ്ചങ്ങളുടെ ശബ്ദവും, |
| വിപക്വം | വിളവുതികഞ്ഞ |
| ശാലിവനം, | നെൽകണ്ടവും, |
| മൃദുഃ വായുഃ ച, | മന്ദമാരുതനും, |
| വിമലഃ | പ്രസന്നതപൂണ്ട |
| ചന്ദ്രഃ ച, | ചന്ദ്രനും, |
| വർഷവ്യപനീതകാലം | മഴയൊഴിച്ച ശരത്കാലത്തെ |
| ശംസന്തി. | സൂചിപ്പിക്കുന്നു. |

മീനോപസന്ദർശിതമേഖലാനാം
നദീവധൂനാം ഗതയോƒദ്യ മന്ദാഃ
കാന്തോപഭുക്താലസഗാമിനീനാം
പ്രഭാതകാലേഷ്വിവ കാമിനീനാം. 55

| | |
|---|---|
| "അദ്യ | "ഇപ്പോൾ |
| മീനോപ-സന്ദർശിത-മേഖലാനാം | മീനുകളാകുന്ന അരഞ്ഞാണുകളണിഞ്ഞ |
| നദീവധൂനാം | സ്ത്രീകളെപ്പോലെയുള്ള നദികളുടെ |
| ഗതയഃ, | ഗതികൾ, |
| കാന്തോപ-ഭുക്താലസ-ഗാമിനീനാം | കാന്തന്മാരാൽ അനുഭവിക്കപ്പെട്ടുകാരണം ആലസ്യം പൂണ്ടവ[രായ |
| കാമിനീനാം | സുന്ദരികളുടെ |
| പ്രഭാത-കാലേഷു ഇവ | പ്രഭാതകാലങ്ങളിലുള്ള ഗതികളെന്നപോലെ |
| മന്ദാഃ. | ആടിക്കുഴഞ്ഞതായിരിക്കുന്നു. |

സചക്രവാകാനി സശൈവലാനി
കാശൈർദുകൂലൈരിവ സംവൃതാനി
സപത്രലേഖാനി സരോചനാനി
വധൂമുഖാനീവ നദീമുഖാനി. 56

| | |
|---|---|
| "സചക്ര-വാകാനി | "ചക്രവാകങ്ങളോടു കൂടിയവയും |
| സശൈവലാനി | കരിഞ്ചണ്ടികളാർന്നവയും |
| ദുകൂലൈഃ ഇവ | വെൺപട്ടുകളാലെന്നപോലെ |
| കാശൈഃ | ഞാങ്ങണപ്പുല്ലുകളാൽ |
| സംവൃതാനി | നിറയപ്പെട്ടവയും ആയ |
| നദീമുഖാനി, | നദീമുഖങ്ങൾ, |
| സരോചനാനി | ഗോരോചനപ്പൊട്ടുകളാർന്നവയും |
| സപത്രലേഖാനി | പത്തിക്കീററണിഞ്ഞവയും ആയ |
| വധൂമുഖാനി ഇവ. | സ്ത്രീകളുടെ വദനങ്ങൾ എന്ന പോലെ വിലസുന്നു. |

പ്രഫുല്ലബാണാസനചിത്രിതേഷു
പ്രഹൃഷ്ടഷട്പാദനികൂജിതേഷു
ഗൃഹീതചാപോദ്യതചണ്ഡദണ്ഡഃ
പ്രചണ്ഡചാരോƒദ്യ വനേഷു കാമഃ. 57

| | |
|---|---|
| "പ്രഫുല്ല-ബാണാസന-ചിത്രിതേഷു | "വികസിച്ച കുറുഞ്ഞി, വേങ്ങ എന്നവയാൽ അഴകാർന്നവയും |
| പ്രഹൃഷ്ട-ഷട്പാദ-നികൂജിതേഷു | മദിച്ച വണ്ടുകളുടെ മുരൾച്ചയോടു കൂടിയവയും ആയ |
| വനേഷു, | വനങ്ങളിൽ, |
| അദ്യ, | ഇപ്പോൾ, |
| കാമഃ | മന്മഥൻ |
| ഗൃഹീത-ചാപോദ്യത-ചണ്ഡദണ്ഡഃ | വില്ലുയർത്തിപ്പിടിച്ച് ഉഗ്രമായി ദണ്ഡിപ്പിക്കുന്നവനായി |
| പ്രചണ്ഡചാരഃ. | ധിക്കാരത്തോടെ ചുററിത്തിരിയുന്നു. |

ലോകം സുവൃഷ്ട്യാ പരിതോഷയിത്വാ
നദീസ്തടാകാനി ച പൂരയിത്വാ
നിഷ്പന്നസസ്യാം വസുധാം ച കൃത്വാ
ത്യക്ത്വാ നഭസ്തോയധരാഃ പ്രനഷ്ടാഃ. 58

| | | | |
|---|---|---|---|
| "തോയധരാഃ | "മേഘങ്ങൾ | പൂരയിത്വാ, | നിറച്ച്, |
| ലോകം | ലോകത്തെ | വസുധാം ച | ഭൂമിയേയും |
| സുവൃഷ്ട്യാ | നല്ലമഴകൊണ്ട് | നിഷ്പന്നസസ്യാം കൃത്വാ, | സസ്യങ്ങൾ കൊണ്ട് നിറച്ച് |
| പരിതോഷയിത്വാ, | ആനന്ദിപ്പിച്ച്, | നഭഃ | ആകാശത്തെ |
| നദീഃ | നദികളേയും | ത്യക്ത്വാ | വിട്ട് |
| തടാകാനി ച | തടാകങ്ങളേയും | പ്രനഷ്ടാഃ. | നീങ്ങിയിരിക്കുന്നു. |

പ്രസന്നസലിലാ സൌമ്യ കുരരീഭിർവിനാദിതാ
ചക്രവാകഗണാകീർണ്ണാ വിഭാന്തി സലിലാശയാഃ. 59

| | | | |
|---|---|---|---|
| "സൌമ്യ! | "വത്സ! | വിനാദിതാഃ, | ശബ്ദിക്കപ്പെട്ടവയായി, |
| സലിലാശയാഃ | ജലാശയങ്ങൾ | ചക്രവാകഗണാകീർണ്ണാഃ | ചക്രവാകക്കൂട്ടങ്ങൾ നിറഞ്ഞവയായി |
| പ്രസന്നസലിലാഃ, | സ്വച്ഛജലമാർന്നവയായി, | വിഭാന്തി. | വിലസുന്നു. |
| കുരരീഭിഃ | കുരരിപ്പേടകളാൽ | | |

അന്യോന്യബദ്ധവൈരാണാം ജിഗീഷൂണാം നൃപാത്മജ
ഉദ്യോഗസമയഃ സൌമ്യ പാർത്ഥിവാനാമുപസ്ഥിതഃ. 60

| | | | |
|---|---|---|---|
| "സൌമ്യ! | "വത്സ! | ജിഗീഷൂണാം | ജയേച്ഛുക്കളായ |
| നൃപാത്മജ! | നൃപകുമാര! | പാർത്ഥിവാനാം | രാജാക്കന്മാരുടെ |
| അന്യോന്യബദ്ധവൈരാണാം | തമ്മിൽ പകയുള്ള | ഉദ്യോഗസമയഃ | യുദ്ധോദ്യോഗകാലം |
| | | ഉപസ്ഥിതഃ. | എത്തിക്കഴിഞ്ഞു. |

ഇയം സാ പ്രഥമാ യാത്രാ പാർത്ഥിവാനാം നൃപാത്മജ
ന ച പശ്യാമി സുഗ്രീവമുദ്യോഗം വാ തഥാവിധം. 61

| | | | |
|---|---|---|---|
| "നൃപാത്മജ! | "നൃപസുത! | ച, | എന്നിട്ടും, |
| പാർത്ഥിവാനാം | രാജാക്കന്മാർക്കുള്ള | സുഗ്രീവം | സുഗ്രീവനെയാകട്ടെ, |
| സാ | അപ്രകാരമുള്ളതായ | തഥാവിധം | അപ്രകാരമുള്ള |
| യാത്രാ, | യുദ്ധയാത്ര, | ഉദ്യോഗം വാ | യുദ്ധപരിശ്രമത്തെയാകട്ടെ |
| പ്രഥമാ | ആദ്യമായി വേണ്ടത് | പശ്യാമി ന. | ഞാൻ കാണുന്നതുമില്ല. |
| ഇയം; | ഈ നമ്മുടെതാണ്; | | |

അസനാഃ സപ്തപർണ്ണാശ്ച കോവിദാരാശ്ച പുഷ്പിതാഃ
ദൃശ്യന്തേ ബന്ധുജീവാശ്ച ശ്യാമാശ്ച ഗിരിസാനുഷു. 62

"ഗിരിസാനുഷു "മലഞ്ചരിവുകളിൽ
അസനാഃ വേങ്ങകളും
സപ്തപർണ്ണാഃ ച ഏഴിലമ്പാലകളും
കോവിദാരാഃ ച മലമന്താരകളും
ബന്ധുജീവാഃ ച ഉച്ചമലരികളും
ശ്യാമാഃ ച നാൽകോല്പക്കൊന്നകളും
പുഷ്പിതാഃ നല്ലപോലെ പുഷ്പിച്ച്
ദൃശ്യന്തേ. കാണപ്പെടുന്നു.

ഹംസസാരസചക്രാഹ്വൈഃ കുരരൈശ്ച സമന്തതഃ
പുളിനാന്യവകീർണ്ണാനി നദീനാം പശ്യ ലക്ഷ്മണ. 63

"ലക്ഷ്മണ! "ലക്ഷ്മണ!
ഹംസസാരസ-ചക്രാഹ്വൈഃ ഹംസം, സാരസം, ചക്രവാകം എന്നവയാലും
കുരരൈഃ ച കുരരിപ്പക്ഷികളാലും
സമന്തതഃ എങ്ങുനോക്കിയാലും
അവകീർണ്ണാനി നിറയപ്പെട്ടിരിക്കുന്ന [വയായ
നദീനാം നദികളുടെ
പുളിനാനി മണൽത്തിട്ടുകളെ
പശ്യ. നോക്കുക.

ചത്വാരോ വാർഷികാ മാസാ ഗതാ വർഷശതോപമാഃ
മമ ശോകാഭിഭൂതസ്യ സൌമ്യ സീതാമപശ്യതഃ. 64

"സൌമ്യ! "വത്സ!
സീതാം സീതയെ
അപശ്യതഃ കാണാതെ
ശോകാഭിഭൂതസ്യ ശോകത്തിൽ ആണ്ടിരിക്കുന്ന
മമ എനിക്ക്
ചത്വാരഃ ഈ നാലു
വാർഷികാഃ മാസാഃ വർഷക്കാലമാസങ്ങൾ
വർഷ-ശതോപമാഃ എത്രയോ ആണ്ടുകളെന്നപോലെയാണ്
ഗതാഃ. കഴിഞ്ഞുകൂടിയത്.

ചക്രവാകീവ ഭർത്താരം പൃഷ്ഠതോഽനുഗതാ വനം
വിഷമം ദണ്ഡകാരണ്യമുദ്യാനമിവ ചാംഗനാ. 65

"അംഗനാ, "നാരീമണിയായ സീത
ചക്രവാകീ ചക്രവാകപ്പേട
ഭർത്താരം ആൺപക്ഷിയെ
ഇവ, എപ്രകാരമോ അപ്രകാരം,
വിഷമം ഘോരമായ
ദണ്ഡകാരണ്യം വനം ദണ്ഡകാരണ്യവനത്തിലേക്ക്
ഉദ്യാനം ഇവ ച ഒരു പൂങ്കാവിലേക്കെന്നവിധംതന്നെ
പൃഷ്ഠതഃ അനുഗതാ. എന്റെ പിന്നാലെ തുടർന്നുവന്നു.

പ്രിയാവിഹീനേ ദുഃഖാർത്തേ ഹൃതരാജ്യേ വിവാസിതേ
കൃപാം ന കുരുതേ രാജാ സുഗ്രീവോ മയി ലക്ഷ്മണ. 66

"ലക്ഷ്മണ! "ലക്ഷ്മണ!
പ്രിയാവിഹീനേ പ്രേയസിയെ വേർപിരിഞ്ഞു്
ദുഃഖാർത്തേ ദുഃഖിക്കുന്നവനും
ഹൃതരാജ്യേ രാജ്യത്തെ വിട്ട്
വിവാസിതേ വനത്തിലേക്കയക്കപ്പെട്ടവനുമായ
മയി എന്റെ സംഗതിയിൽ
സുഗ്രീവഃ രാജാ സുഗ്രീവമഹാരാജാവ്
കൃപാം ന കുരുതേ. കൃപചെയ്യുന്നില്ല.

അനാഥോ ഹൃതരാജ്യോഽയം രാവണേന ച ധർഷിതഃ
ദീനോ ദൂരഗൃഹഃ കാമീ മാം ചൈവ ശരണം ഗതഃ 67
ഇത്യേതൈഃ കാരണൈഃ സൌമ്യ സുഗ്രീവസ്യ ദുരാത്മനഃ
അഹം വാനരരാജസ്യ പരിഭൂതഃ പരന്തപ. 68

| | |
|---|---|
| " പരംതപ! | " ശത്രുഞ്ജയ! |
| സൌമ്യ! | വത്സ! |
| ' അയം | ' ഇവൻ |
| അനാഥഃ, | നിസ്സഹായനായും, |
| ഹൃതരാജ്യഃ, | രാജ്യത്തെ വെടിഞ്ഞവനായും, |
| രാവണേന | രാവണനാൽ |
| ധർഷിതഃ ച | വഞ്ചിക്കപ്പെട്ടവനായി |
| ദീനഃ, | ഒന്നും ചെയ്വാൻ കഴിയാതിരിക്കുന്നവനായും, |
| ദൂരഗൃഹഃ | ദൂരദേശസ്ഥനായും, |
| കാമീ, | പ്രേമബദ്ധനായും, |
| മാം ച, | എന്നെ ഒരുവനെത്തന്നെ, |
| ശരണം ഗതഃ ഏവ, | ശരണം പ്രാപിച്ചവനായും ഇരിക്കുന്നു, |
| ഇതി ഏതൈഃ | എന്നിപ്രകാരമുള്ള |
| കാരണൈഃ, | വിചാരങ്ങൾ കാരണം, |
| അഹം | ഞാൻ |
| ദുരാത്മനഃ | ദുർബ്ബുദ്ധിയായ |
| വാനരരാജസ്യ | വാനരാധിപനായ |
| സുഗ്രീവസ്യ | ആ സുഗ്രീവന്റെ |
| പരിഭൂതഃ. | അവഗണനയ്ക്കു പാത്രീഭവിച്ചിരിക്കുന്നു. |

സ കാലം പരിസംഖ്യായ സീതായാഃ പരിമാർഗ്ഗണേ
കൃതാർത്ഥഃ സമയം കൃത്വാ ദുർമ്മതിർന്നാവബുധ്യതേ. 69

| | |
|---|---|
| " സഃ, | " അവൻ, |
| സീതായാഃ | സീതയെ |
| പരിമാർഗ്ഗണേ | തിരയുന്നകാര്യത്തിൽ |
| സമയം കൃത്വാ, | വാഗ്ദത്തംചെയ്തു, |
| കാലം | അതിന്നുള്ള കാലത്തെക്കുറിച്ചും |
| പരിസംഖ്യായ, | നിശ്ചയിച്ചശേഷം, |
| കൃതാർത്ഥഃ | തന്റെ ഇഷ്ടങ്ങളെല്ലാം സാധിച്ചവനായി, |
| ദുർമ്മതിഃ | ദുഷ്ടവിചാരം കയ്ക്കൊണ്ട് |
| അവബുധ്യതേ ന. | കൂട്ടാക്കാതിരിക്കയാണ്. |

ത്വം പ്രവിശ്യ ച കിഷ്കിന്ധാം ബ്രൂഹി വാനരപുംഗവം
മൂർഖം ഗ്രാമ്യസുഖേ സക്തം സുഗ്രീവം വചനാന്മമ. 70

| | |
|---|---|
| " ത്വം ച | " നീതന്നെ |
| കിഷ്കിന്ധാം | കിഷ്കിന്ധയ്ക്കു |
| പ്രവിശ്യ, | പോയി, |
| ഗ്രാമ്യസുഖേ | തുച്ഛസുഖത്തിൽ |
| സക്തം | ആണ്ടുകിടക്കുന്ന |
| മൂർഖം | മന്ദമതിയായ |
| വാനരപുംഗവം | വാനരനാഥനായ |
| സുഗ്രീവം, | ആ സുഗ്രീവനോട്, |
| മമ വചനാത് | ഞാൻ കല്പിച്ചയച്ചതായി |
| ബ്രൂഹി. | ഇങ്ങിനെ പറയുക. |

അൎത്ഥിനാമുപപന്നാനാം പൂൎവ്വം ചാപ്യുപകാരിണാം
ആശാം സംശ്രുത്യ യോ ഹന്തി സ ലോകേ പുരുഷാധമഃ. 71

| | |
|---|---|
| "'യഃ, | "'യാതൊരുവൻ, |
| പൂൎവ്വം | ആദ്യം |
| ഉപകാരിണാം | ഉപകാരം ചെയ്തവരും |
| അൎത്ഥിനാം | പ്രത്യുപകാരത്തെ ആഗ്രഹിക്കുന്നവരും ആയ |
| ഉപപന്നാനാം, | മിത്രജനങ്ങൾക്ക് |
| ആശാം സംശ്രുത്യ, | ആശവാക്ക് കൊടുത്ത ശേഷം, അതിനെ |
| ഹന്തി, | പൂൎത്തിയാക്കാതിരിക്കുന്നുവോ, |
| സഃ ച | അവൻ തന്നെയാണ് |
| ലോകേ | ലോകത്തിൽ |
| പുരുഷാധമഃ. | നികൃഷ്ടനായവൻ. |

ശുഭം വാ യദി വാ പാപം യോ ഹി വാക്യമുദീരിതം
സത്യേന പരിഗൃഹ്ണാതി സ വീരഃ പുരുഷോത്തമഃ. 72

| | |
|---|---|
| "'യഃ | "'യാതൊരു |
| വീരഃ | ധൎമ്മശ്രദ്ധയുള്ളവൻ, |
| ഉദീരിതം വാക്യം, | വാഗ്ദത്തം ചെയ്തതിനെ, |
| ശുഭം വാ | എളുപ്പമായാലും വേണ്ടതില്ല |
| പാപം യദി വാ | പ്രയാസമുള്ളതായാലും വേണ്ടതില്ല, |
| സത്യേന | പറഞ്ഞപ്രകാരം തന്നെ |
| പരിഗൃഹ്ണാതി, | ചെയ്തു തീൎക്കുന്നുവോ, |
| സഃ ഹി | അവൻ തന്നെയാകുന്നു |
| പുരുഷോത്തമഃ. | ഉൽകൃഷ്ട പുരുഷൻ. |

കൃതാൎത്ഥാ ഹ്യകൃതാൎത്ഥാനാം മിത്രാണാം ന ഭവന്തി യേ
താൻ മൃതാനപി ക്രവ്യാദാഃ കൃതഘ്നാൻ നോപഭുഞ്ജതേ. 73

| | |
|---|---|
| "യേ | "യാതൊരുവർ, |
| അകൃതാൎത്ഥാനാം | വേണ്ടത്തക്ക സഹായം ചെയ്യപ്പെടാത്തവരായ |
| മിത്രാണാം | സഹായികൾക്ക് |
| കൃതാൎത്ഥാഃ ഭവന്തി ന, | ആ സഹായത്തെ ചെയ്യാതിരിക്കുന്നുവോ, |
| താൻ | അപ്രകാരമുള്ള |
| കൃതഘ്നാൻ | നന്ദികെട്ടവരെ, |
| മൃതാൻ അപി | ശവമായാലും കൂടി, |
| ക്രവ്യാദാഃ ഹി | കുറുക്കൻ, നായ, മുതലായ മാംസഭക്ഷകർ, |
| ഉപഭുഞ്ജതേ ന. | തൊടുകയില്ല. |

നൂനം കാഞ്ചനപൃഷ്ഠസ്യ വികൃഷ്ടസ്യ മയാ രണേ
ദ്രഷ്ടുമിച്ഛതി ചാപസ്യ രൂപം വിദ്യുദ്ഗണോപമം. 74

| | |
|---|---|
| "രണേ | "പോരിൽ |
| മയാ | എന്നാൽ |
| വികൃഷ്ടസ്യ | ആഞ്ഞു വലിക്കപ്പെട്ട |
| കാഞ്ചനപൃഷ്ഠസ്യ | പൊൻപിടിയുള്ള |
| ചാപസ്യ | കോദണ്ഡത്തിന്റെ |
| വിദ്യുദ്ഗണോപമം | മിന്നൽപിണരൊത്ത |
| രൂപം | ഭംഗി |
| ദ്രഷ്ടും | കാണ്മാൻ |
| ഇച്ഛതി നൂനം. | അവൻ കൊതിക്കയായിരിക്കണം. |

ഘോരം ജ്യാതലനിർഘോഷം ക്രുദ്ധസ്യ മമ സംയുഗേ
നിർഘോഷമിവ വജ്രസ്യ പുനഃ സംശ്രോതുമിച്ഛതി. 75

| | | | |
|---|---|---|---|
| "സംയുഗേ | "പോരിൽ | ഘോരം | ആപത്കരമായ |
| വജ്രസ്യ | വജ്രായുധത്തിന്റെ | ജ്യാതല-നിർഘോഷം | ഞാണൊലിയെ |
| നിർഘോഷം ഇവ | മുഴക്കംപോലെയുള്ള | സംശ്രോതും | കേൾപ്പാൻ |
| ക്രുദ്ധസ്യ | ക്രുദ്ധിച്ചവനായ | ഇച്ഛതി പുനഃ. | അവൻ ഇച്ഛിക്കയായിരിക്കണം. |
| മമ | എന്റെ | | |

കാമമേവം ഗതേഽപ്യസ്യ പരിജ്ഞാതേ പരാക്രമേ
ത്വത്സഹായസ്യ മേ വീര ന ചിന്താ സ്യാന്നൃപാത്മജ. 76

| | | | |
|---|---|---|---|
| "വീര! | "ശൂരനായ | പരിജ്ഞാതേ | നല്ലപോലെ പരിചയപ്പെട്ടതായിരിക്കെ |
| നൃപാത്മജ! | നൃപകുമാര! | അസ്യ | ഇവന്ന് |
| ത്വത്-സഹായസ്യ | നീ പിൻതുണയായുള്ള | ചിന്താ അപി | യാതൊരു വിചാരവും |
| മേ | എന്റെ | കാമം | ഒട്ടും |
| ഏവംഗതേ | ഇപ്രകാരമുള്ള | സ്യാത് ന. | ഉണ്ടാകുന്നില്ല. |
| പരാക്രമേ | പരാക്രമം | | |

["ഏവം" (മേൽപ്രകാരം), "മത്കോപേന സുഗ്രീവേ ഗതേഽപി" (എന്റെ ക്രോധത്താൽ സുഗ്രീവൻ നശിച്ചാലും "അസ്യ മേ കാമം യഥാ തഥാ ത്വയാ പരിജ്ഞാതേ സതി" (മേൽ വേണ്ടുന്ന കാര്യത്തിൽ നീ സഹായിയായുള്ള എനിക്ക് യാതോരു ചിന്തയും ഇല്ലെന്ന് നിനക്ക് അറിവുള്ളതിനാൽ), എന്നിത്യാദി—(സ)].

യദർത്ഥമയമാരംഭഃ കൃതഃ പരപുരഞ്ജയ
സമയം നാഭിജാനാതി കൃതാർത്ഥഃ പ്ലവഗേശ്വരഃ. 77

| | | | |
|---|---|---|---|
| "പരപുരഞ്ജയ! | "ശത്രുഞ്ജയ! | സമയം, | അപ്രകാരമുള്ള അവന്റെ ആ പ്രതിജ്ഞയെ |
| യദർത്ഥം | യാതൊന്നുകാരണമായി | പ്ലവഗേശ്വരഃ, | വാനരാധിപൻ, |
| അയം | ഈ | കൃതാർത്ഥഃ, | തന്റെകാര്യം നേടിക്കഴിഞ്ഞപ്പോൾ, |
| ആരംഭഃ | (ബാലിയെവധിച്ചതായ) കൃത്യം | അഭിജാനാതി ന. | മറന്നുകളഞ്ഞു. |
| കൃതഃ, | എന്നാൽ ചെയ്യപ്പെട്ടുവോ, | | |

വർഷാസമയകാലം തു പ്രതിജ്ഞായ ഹരീശ്വരഃ
വ്യതീതാംശ്ചതുരോ മാസാൻ വിഹരൻ നാവബുധ്യതേ. 78

| | | | |
|---|---|---|---|
| "തു, | "ഈ സംഗതിയിൽ, | ചതുരഃ | നാലു |
| വർഷാസമയ-കാലം | മഴക്കാലത്തെ അവധിയായി | മാസാൻ | മാസങ്ങൾ |
| പ്രതിജ്ഞായ, | നിശ്ചയിച്ചശേഷം, | വ്യതീതാൻ | കഴിഞ്ഞുപോയെന്നതിനെ |
| ഹരീശ്വരഃ | വാനരാധിപൻ | അവബുധ്യതേ ന. | അറിയാതിരിക്കുന്നു. |
| വിഹരൻ, | രമിക്കുന്നവനായി, | | |

സാമാത്യപരിഷത് ക്രീഡൻ പാനമേവോപസേവതേ
ശോകദീനേഷു നാസ്മാസു സുഗ്രീവഃ കുരുതേ ദയാം. 79

| | | | |
|---|---|---|---|
| " സുഗ്രീവഃ | " സുഗ്രീവൻ | ശോകദീനേഷു | ശോകത്താൽ പരിതപിക്കുന്ന |
| സമാത്യ-പരിഷത് | അരമനയിലുള്ള സേവകന്മാരോടൊന്നിച്ച്, | അസ്മാസു | നമ്മുടെ സംഗതിയിൽ |
| ക്രീഡൻ, | ഭോഗാസക്തനായി, | ദയാം | ആർദ്രതയെ |
| പാനം ഏവ | മധുപാനത്തിൽതന്നെ | കുരുതേ ന. | പ്രകടിപ്പിക്കാതിരിക്കുന്നു. |
| ഉപസേവതേ ; | മുങ്ങിക്കിടക്കുന്നു ; | | |

ഉച്യതാം ഗച്ഛ സുഗ്രീവസ്ത്വയാ വത്സ മഹാബല
മമ രോഷസ്യ യദ്രൂപം ബ്രൂയാശ്ചൈനമിദം വചഃ. 80

| | | | |
|---|---|---|---|
| " മഹാബല ! | " മഹാശക്തിമാനായ | രൂപം | സ്വഭാവം |
| വത്സ ! | വത്സ ! | യത് | യാതൊന്നോ അതു് |
| ഗച്ഛ ; | പോയ്ക്കൊൾക ; | ഉച്യതാം ; | കഥിക്കപ്പെടട്ടെ ; |
| ത്വയാ | നിന്നാൽ, | ഏനം | ഇവനോട് |
| സുഗ്രീവഃ | സുഗ്രീവൻ | ഇദം വചഃ ച | ഈ വാക്യത്തെയും |
| മമ രോഷസ്യ | ഞാൻ കോപിച്ചാലുള്ള | ബ്രൂയാഃ. | പറയുക. |

ന ച സംകുചിതഃ പന്ഥാ യേന വാലീ ഹതോ ഗതഃ
സമയേ തിഷ്ഠ സുഗ്രീവ മാ വാലിപഥമന്വഗാഃ. 81

| | | | |
|---|---|---|---|
| " ' സുഗ്രീവ ! | " ' സുഗ്രീവ ! | ച | ഇനിയും |
| വാലീ | ബാലി | സംകുചിതഃ ന; | അടഞ്ഞുപോയിട്ടില്ല; |
| ഹതഃ, | വധിക്കപ്പെട്ട്, | സമയേ | വാഗ്ദത്തപ്രകാരം ചെയ്യുന്നതിൽ |
| യേന | ഏതുവഴിയായി | തിഷ്ഠ; | ഉറച്ചുനില്ക്കുക ; |
| ഗതഃ, | ചെന്നുവൊ, | വാലിപഥം | ബാലി പോയവഴിക്ക് |
| പന്ഥാഃ | ആവഴി | മാ അന്വഗാഃ. | പോകാതിരിക്കുക. |

ഏക ഏവ രണേ വാലീ ശരേണ നിഹതോ മയാ
ത്വാം തു സത്യാദതിക്രാന്തം വധിഷ്യാമി സബാന്ധവം. 82

| | | | |
|---|---|---|---|
| " ' മയാ, | " ' എന്നാൽ, | സത്യാത് | പറഞ്ഞവാക്കിൽനിന്ന് |
| രണേ | പോരിൽ | അതിക്രാന്തം | മാറിയ |
| ശരേണ | ഒരു ബാണത്താൽ | ത്വാം തു, | ഭവാനെയാകട്ടെ, |
| വാലീ | ബാലി | സബാന്ധവം | അങ്ങയെച്ചേർന്ന എല്ലാവരോടുംകൂടി |
| ഏകഃ ഏവ | ഒരുത്തൻ മാത്രമാണ് | | |
| നിഹതഃ ; | വധിക്കപ്പെട്ടത് ; | വധിഷ്യാമി.' | ഞാൻ വധിച്ചുകളയും.' |

തദേവം വിഹിതേ കാൎയ്യേ യദ്ധിതം പുരുഷൎഷഭ
തത്തദ് ബ്രൂഹി നരശ്രേഷ്ഠ ത്വര കാലവ്യതിക്രമഃ. 83

| | | | |
|---|---|---|---|
| "നരശ്രേഷ്ഠ! | "മനുഷ്യരിൽ വെച്ച് എനിക്ക് ഏററം പ്രീതിയാൎന്നവനായ | ഹിതം | നന്മയുളവാക്കുവാൻ [തക്കത് |
| പുരുഷൎഷഭ! | ഹേ പുരുഷോത്തമ! | യത് | യാതൊന്നോ |
| തത് | ആയതുകൊണ്ട്, | തത് തത് | അതെല്ലാം വേണ്ട പോലെ |
| ഏവം | ഇപ്രകാരമെല്ലാം | ബ്രൂഹി; | നേരിൽ അറിയിക്കുക; |
| കാൎയ്യേ | കാൎയ്യം | കാലവ്യതിക്രമഃ; | കാലം വൃഥാവിൽ കഴിഞ്ഞുപോയി; |
| വിഹിതേ, | ഇരിക്കുമ്പോൾ, | ത്വര." | വേഗത്തിലാകട്ടെ." |

കുരുഷ്വ സത്യം മയി വാനരേശ്വര
പ്രതിശ്രുതം ധൎമ്മമവേക്ഷ്യ ശാശ്വതം
മാ വാലിനം പ്രേത്യ ഗതോ യമക്ഷയം
ത്വമദ്യ പശ്യേ മമ ചോദിതൈഃ ശരൈഃ. 84

| | | | |
|---|---|---|---|
| "വാനരേശ്വര! | "വാനരാധിപ! | ത്വം | ഭവാനും |
| മയി | എന്റെ കാൎയ്യത്തിൽ | മമ ചോദിതൈഃ | എന്നാൽ അയക്കപ്പെട്ട |
| പ്രതിശ്രുതം | വാഗ്ദത്തം ചെയ്തതിനെ | ശരൈഃ | ബാണങ്ങളാൽ |
| ശാശ്വതം | സൎവ്വോത്കൃഷ്ടമായ | പ്രേത്യ, | മൃതിപ്പെട്ട്, |
| ധൎമ്മം | ധൎമ്മമെന്ന് | യമക്ഷയം | യമലോകത്തെ |
| അവേക്ഷ്യ, | കണ്ടുകൊണ്ട്, | ഗതഃ | പ്രാപിച്ചവനായി |
| സത്യം കുരുഷ്വ; | അതിനെ ഫലവത്താക്കിച്ചെയ്യുക; | വാലിനം | ബാലിയെ |
| അദ്യ | ഇപ്പോൾ | മാ പശ്യേഃ." | സന്ദൎശിക്കാതിരുന്നാലും." |

സ പൂൎവ്വജം തീവ്രവിവൃദ്ധകോപം
ലാലപ്യമാനം പ്രസമീക്ഷ്യ ദീനം
ചകാര തീവ്രാം മതിമുഗ്രതേജാ
ഹരീശ്വരേ മാനവവംശവൎദ്ധനഃ. 85

| | | | |
|---|---|---|---|
| മാനവവംശവൎദ്ധനഃ | മനുകുലയശസ്കരനും | ലാലപ്യമാനം | മേൽപ്രകാരം പ്രലപിക്കുന്നവനായും, |
| ഉഗ്രതേജാഃ | മഹാ ക്രോധശാലിയും | പ്രസമീക്ഷ്യ, | കണ്ടറിഞ്ഞ്, |
| സഃ | ആ ലക്ഷ്മണൻ [ആയ | ഹരീശ്വരേ | വാനരാധിപന്റെ സംഗതിയിൽ |
| പൂൎവ്വജം | ജ്യേഷ്ഠനെ | തീവ്രാം | അതികഠിനമായ |
| തീവ്രവിവൃദ്ധകോപം | അളവററകോപത്തോടു കൂടിയവനായും, | മതിം | നിശ്ചയത്തെ |
| ദീനം | മനസ്സുരുകി | ചകാര. | ഉൾക്കൊണ്ടു. |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ത്രിംശഃ സൎഗ്ഗഃ = മുപ്പതാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 10597; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1345.

# ഏകത്രിംശഃ സൎഗ്ഗഃ = മുപ്പത്തൊന്നാംസൎഗ്ഗം.

[അംഗദേന ക്രുദ്ധസ്യ ലക്ഷ്മണസ്യാഗമനകഥനം = ക്രുദ്ധനായ ലക്ഷ്മണന്റെ വരവിനെപ്പററി അംഗദൻ അറിയിക്കുന്നതു്.]

സ കാമിനം ദീനമദീനസത്ത്വം ശോകാഭിപന്നം സമുദീൎണ്ണകോപം
നരേന്ദ്രസൂനുൎന്നരദേവപുത്രം രാമാനുജഃ പൂൎവ്വജമിത്യുവാച. 1

| | |
|---|---|
| നരേന്ദ്രസൂനുഃ | രാജകുമാരനായ |
| സഃ രാമാനുജഃ | ആ ലക്ഷ്മണൻ |
| കാമിനം | പ്രിയയെക്കുറിച്ചു് അത്യന്ത വാത്സല്യം പൂണ്ടവനും, |
| ശോകാഭിപന്നം | ശോകത്തിലാണ്ടു് |
| ദീനം | മനസ്സുരുകിയവനെന്നാലും |
| അദീനസത്ത്വം | ധൈൎയ്യത്തെ വെടിയാത്തവനായി |
| സമുദീൎണ്ണകോപം | കോപം അധികരിച്ചിരിക്കുന്നവനും |
| നരദേവപുത്രം | ചക്രവൎത്തികുമാരനുമായ |
| പൂൎവ്വജം, | ജ്യേഷ്ഠനോടായി, |
| ഇതി | താഴെവരുമാറു് |
| ഉവാച. | ഉണൎത്തിച്ചു. |

[ഈ ശ്ലോകത്തിൽ മൂന്നാംപാദത്തിൽ ഗായത്രിയിലെ പതിനൊന്നാമത്തെ അക്ഷരം ന്യസ്തമായിരിക്കുന്നു എന്നു ഗോവിന്ദരാജമതം.]

ന വാനരഃ സ്ഥാസ്യതി സാധുവൃത്തേ ന മംസ്യതേ കൎമ്മഫലാനുഷംഗാൻ
ന ഭോക്ഷ്യതേ വാനരരാജ്യലക്ഷ്മീം തഥാ ഹി നാഭിക്രമതേഽസ്യ ബുദ്ധിഃ 2

| | |
|---|---|
| "വാനരഃ | "വാനരൻ |
| സാധുവൃത്തേ | സജ്ജനവൃത്തിയിൽ |
| സ്ഥാസ്യതി ന; | സ്ഥിതിചെയ്കയില്ല; |
| കൎമ്മഫലാനുഷംഗാൻ | എന്തുകാരണത്താലാണു് ഫലപ്രാപ്തിയുണ്ടായിരിക്കുന്നതു് എന്നസംഗതികളെയും |
| മംസ്യതേ ന; | അവൻ അറികയില്ല; |
| വാനരരാജ്യലക്ഷ്മീം | വാനരസാമ്രാജ്യലക്ഷ്മിയെ |
| ഭോക്ഷ്യതേ ന; | അവൻ അനുഭവിപ്പാൻ പോകുന്നില്ല; |
| തഥാ ഹി | അതിനാൽതന്നെയാണു് |
| അസ്യ ബുദ്ധിഃ | ഇവന്റെ ബുദ്ധി |
| അഭിക്രമതേ ന. | സന്മാൎഗ്ഗത്തിൽ പോകാതിരിക്കുന്നതു്. |

മതിക്ഷയാദ് ഗ്രാമ്യസുഖേഷു സക്ത-
സ്തവ പ്രസാദാപ്രതികാരബുദ്ധിഃ
ഹതോഽഗ്രജം പശ്യതു വീര വാലിനം
ന രാജ്യമേവം വിഗുണസ്യ ദേയം. 3

| | |
|---|---|
| "വീര! | "വീര! |
| ഏവം | ഇപ്രകാരം |
| വിഗുണസ്യ | ദുൎബ്ബുദ്ധിയായവന്നു് |
| രാജ്യം | രാജ്യം |
| ന ദേയം; | നൽകപ്പെടത്തക്കതല്ല; |
| മതിക്ഷയാത് | ബുദ്ധിഹീനതമൂലം |
| ഗ്രാമ്യസുഖേഷു | നിസ്സാരമായ സുഖഭോഗങ്ങളിൽ |
| സക്തഃ, | നിമഗ്നനായി, |
| തവ | നിന്തിരുവടിയുടെ |
| പ്രസാദാപ്രതികാരബുദ്ധിഃ | അനുഗ്രഹത്തിന്നു് പ്രത്യുപകാരം ചെയ്വാൻ ഒക്കാത്ത ബുദ്ധിയോടുകൂടിയവനായ അവൻ |
| ഹതഃ | ഹനിക്കപ്പെട്ടവനായി |
| അഗ്രജം | ജ്യേഷ്ഠനായ |
| വാലിനം | ബാലിയെ |
| പശ്യതു. | നേരിൽ സന്ദൎശിക്കട്ടെ. |

ന ധാരയേ കോപമുദീർണ്ണവേഗം
നിഹന്മി സുഗ്രീവമസത്യമദ്യ
ഹരിപ്രവീരൈഃ സഹ വാലിപുത്രോ
നരേന്ദ്രപുത്ര്യാ വിചയം കരോതു. 4

| | | | |
|---|---|---|---|
| " ഉദീർണ്ണവേഗം | " അത്യുഗ്രതയാർന്ന | നിഹന്മി; | ഞാൻ വധിക്കുന്നുണ്ട്; |
| കോപം | കോപത്തെ | വാലിപുത്രഃ | ബാലിയുടെപുത്രൻ |
| ധാരയേ ന; | എനിക്ക് അടക്കുവാൻ കഴിയുന്നില്ല; | ഹരിപ്രവീരൈഃ സഹ | വാനരശ്രേഷ്ഠന്മാരോടുംകൂടി |
| അദ്യ | ഇപ്പോൾതന്നെ | നരേന്ദ്രപുത്ര്യാഃ | രാജകുമാരിയായ സീതാ[ദേവിയെ |
| അസത്യം | വാഗ്ദത്തപ്രകാരം ചെയ്യാതിരിക്കുന്ന | വിചയം കരോതു." | തിരയട്ടെ." |
| സുഗ്രീവം | സുഗ്രീവനെ | | |

തമാത്തബാണാസനമുത്പതന്തം
നിവേദിതാർത്ഥം രണചണ്ഡകോപം
ഉവാച രാമഃ പരവീരഹന്താ
സ്വവേക്ഷിതം സാന്ത്വനയം ച വാക്യം. 5

| | | | |
|---|---|---|---|
| പരവീരഹന്താ | ശത്രുവീരധ്വംസകനായ | ഉത്പതന്തം | പുറപ്പെട്ടവനും ആയ |
| രാമഃ, | ശ്രീരാമൻ, | തം, | ലക്ഷ്മണനോടായി, |
| നിവേദിതാർത്ഥം | സ്വാഭിപ്രായത്തെ പ്രകടിപ്പിച്ചവനും | സ്വവേക്ഷിതം | ദീർഘാലോചനയോടുകൂടിയതും |
| രണചണ്ഡകോപം | പോരാടുവാൻ കൊതിച്ച് ഏററം ക്രുദ്ധിച്ചിരിക്കുന്നവനും | സാന്ത്വനയം ച | സന്മാർഗ്ഗത്തെ ഉപദേശിക്കുന്നതും ആയ |
| ആത്തബാണാസനം | വില്ലിനെ സജ്ജമാക്കിക്കൊണ്ട് | വാക്യം | വാക്യത്തെ |
| | | ഉവാച. | ഇപ്രകാരം അരുളിച്ചെയ്തു. |

ന ഹി വൈ ത്വദ്വിധോ ലോകേ പാപമേവം സമാചരേത്
പാപമാര്യേണ യോ ഹന്തി സ വീരഃ പുരുഷോത്തമഃ. 6

| | | | |
|---|---|---|---|
| " ലോകേ | " ലോകത്തിൽ | ആര്യേണ | സ്വബുദ്ധിവൈഭവത്താൽ |
| ത്വദ്വിധഃ | നിന്നെപ്പോലെയുള്ള ഒരുവൻ | പാപം | പാപബുദ്ധിയെ |
| ഏവം | ഇപ്രകാരമുള്ള | ഹന്തി വൈ, | നീക്കുന്നുവോ, |
| പാപം | ദുഷ്കൃത്യത്തെ | സഃ ഹി | അവൻ തന്നെയാണ് |
| സമാചരേത് ന; | ചെയ്യാൻ പാടുള്ളതല്ല; | വീരഃ | ധർമ്മശാലിയായ |
| യഃ | യാതൊരുവൻ | പുരുഷോത്തമഃ. | പുരുഷശ്രേഷ്ഠൻ. |

നേദമദ്യ ത്വയാ ഗ്രാഹ്യം സാധുവൃത്തേന ലക്ഷ്മണ
താം പ്രീതിമനുവൎത്തസ്വ പൂൎവ്വവൃത്തം ച സംഗതം. 7

| | |
|---|---|
| "ലക്ഷ്മണ! | "ലക്ഷ്മണ! |
| സാധുവൃത്തേന | സന്മാൎഗ്ഗനിരതനായ |
| ത്വയാ, | നിന്നാൽ, |
| അദ്യ | ഇപ്പോൾ |
| ഇദം | ഈ പ്രവൃത്തി |
| ന ഗ്രാഹ്യം; | സ്വീകാൎയ്യമല്ല; |
| പൂൎവ്വവൃത്തം | മുമ്പുണ്ടായിട്ടുള്ള |
| സംഗതം ച | കൂട്ടുകെട്ടിനേയും |
| താം പ്രീതിം | അവന്റെ പേരിലുള്ള ആ പ്രീതിയേയും |
| അനുവൎത്തസ്വ. | വിലവെച്ചാലും. |

സാമോപഹിതയാ വാചാ രൂക്ഷാണി പരിവൎജ്ജയൻ
വക്തുമൎഹസി സുഗ്രീവം വ്യതീതം കാലപൎയ്യയേ. 8

| | |
|---|---|
| "കാലപൎയ്യയേ | "കാലം അതിക്രമിച്ചു പോയ സംഗതിയെക്കുറിച്ച് |
| വ്യതീതം | ശ്രദ്ധിക്കാതിരിക്കുന്ന |
| സുഗ്രീവം, | സുഗ്രീവനോട്, |
| രൂക്ഷാണി | മനസ്സിനെ വ്രണപ്പെടുന്നവയായ വാക്കുകളെ |
| പരിവൎജ്ജയൻ, | തീരെ വിട്ടൊഴിച്ച്, |
| സാമോപഹിതയാ | ശാന്തതയോടു കൂടിയതായ |
| വാചാ | വാക്കുകൊണ്ട് |
| വക്തും അൎഹസി." | നീ സംഭാഷണം ചെയ്യേണ്ടതാണ്. |

സോഽഗ്രജേനാനുശിഷ്ടാൎത്ഥോ യഥാവത് പുരുഷൎഷഭഃ
പ്രവിവേശ പുരീം വീരോ ലക്ഷ്മണഃ പരവീരഹാ. 9

| | |
|---|---|
| പരവീരഹാ | ശത്രുവീരഹന്താവും |
| വീരഃ | ശൂരനും |
| പുരുഷൎഷഭഃ | പുരുഷോത്തമനും ആയ |
| സഃ | ആ |
| ലക്ഷ്മണഃ, | ലക്ഷ്മണൻ, |
| യഥാവത് | ധൎമ്മാനുസൃതമായി |
| അഗ്രജേന | ജ്യേഷ്ഠനാൽ |
| അനുശിഷ്ടാൎത്ഥഃ | സൂക്ഷ്മസംഗതിയുപദേശിക്കപ്പെട്ടവനായി |
| പുരീം | കിഷ്കിന്ധാപുരത്തിൽ |
| പ്രവിവേശ. | പ്രവേശിച്ചു. |

തതഃ ശുഭമതിഃ പ്രാജ്ഞോ ഭ്രാതുഃ പ്രിയഹിതേ രതഃ
ലക്ഷ്മണഃ പ്രതിസംരബ്ധോ ജഗാമ ഭവനം കപേഃ. 10

| | |
|---|---|
| ശുഭമതിഃ | സദ്ബുദ്ധിയായുള്ളവനും |
| പ്രാജ്ഞഃ | പ്രാജ്ഞനും ആയ |
| ലക്ഷ്മണഃ, | ലക്ഷ്മണൻ, |
| തതഃ | ആ സമയത്തിലും |
| സംരബ്ധഃ, | കോപാവിഷ്ടനായി, |
| ഭ്രാതുഃ | ജ്യേഷ്ഠന്റെ |
| പ്രിയഹിതേ | ഇഷ്ടപ്രകാരം നടക്കുന്നതിൽ |
| രതഃ, | താല്പൎയ്യത്തോടുകൂടിയവനായി, |
| കപേഃ | വാനരാധിപന്റെ |
| ഭവനം പ്രതി | അരമനയിലേക്കായി |
| ജഗാമ. | എഴുന്നെള്ളി. |

ശക്രബാണാസനപ്രഖ്യം ധനുഃ കാലാന്തകോപമഃ
പ്രഗൃഹ്യ ഗിരിശൃംഗാഭം മന്ദരഃ സാനുമാനിവ 11
യഥോക്തകാരീ വചനമുത്തരം ചൈവ സോത്തരം
ബൃഹസ്പതിസമോ ബുദ്ധ്യാ മത്വാ രാമാനുജസ്തഥാ 12
കാമക്രോധസമുത്ഥേന ഭ്രാതുഃ കോപാഗ്നിനാ വൃതഃ
പ്രഭഞ്ജന ഇവാപ്രീതഃ പ്രയയൌ ലക്ഷ്മണസ്തദാ. 13

| | |
|---|---|
| തദാ | ആ സമയം |
| രാമാനുജഃ | ശ്രീരാമന്റെ അനുജനം |
| ബൃഹസ്പതിസമഃ | ബൃഹസ്പതിതുല്യനം |
| മന്ദരഃ സാനുമാൻ ഇവ | മന്ദരഗിരിയൊത്തവനം ആയ |
| ലക്ഷ്മണഃ, | ലക്ഷ്മണൻ, |
| കാമക്രോധ-സമുത്ഥേന | പ്രേമാതിശയത്താലും കോപത്താലും ഉളവായിട്ടുള്ള |
| ഭ്രാതുഃ | അഗ്രജന്റെ |
| കോപാഗ്നിനാ | കോപാഗ്നിയാൽ |
| വൃതഃ | ബാധിക്കപ്പെട്ട് |
| അപ്രീതഃ, | ഉത്സാഹം കുറഞ്ഞവനായി, |
| ശക്രബാണാ-സനപ്രഖ്യം | ഇന്ദ്രന്റെ ധനുസ്സൊത്തും |
| ഗിരിശൃംഗാഭം | ഗിരിശൃംഗസന്നിഭവും |
| ധനുഃ | കോദണ്ഡത്തെ [ആയ |
| കാലാന്തകോപമഃ | യമസദൃശനായി |
| പ്രഗൃഹ്യ, | കയ്യിലേന്തിക്കൊണ്ട്, |
| സോത്തരം ച | വിശിഷ്ടമായ പ്രയോജനത്തോടുകൂടിയതും |
| ഉത്തരം ഏവ | സർവ്വോത്കൃഷ്ടവും ആയ |
| വചനം | ശ്രീരാമാജ്ഞയെ |
| ബുദ്ധ്യാ മത്വാ, | മനസ്സിലോർത്തുകൊണ്ട് |
| തഥാ | അപ്രകാരംതന്നെ |
| യഥോക്തകാരീ, | ആ ആജ്ഞയെ അനുവർത്തിക്കുന്നവനായി, |
| പ്രഭഞ്ജനഃ ഇവ | വായുവെന്നപോലെ |
| പ്രയയൌ. | വേഗത്തിൽ ഗമിച്ചു. |

[“ ഉത്തരം ചൈവ സോത്തരം ” (തന്റെ വാക്കിന്ന് സുഗ്രീവൻ എന്തുപറയുമെന്നതിനേയും, അതിന്ന് താൻ എന്തു പറയേണമെന്നതിനേയും). ഗോ. രാ.]

സാലതാലാശ്വകർണ്ണാംശ്ച തരസാ പാതയൻ ബഹൂൻ
പര്യസ്യൻ ഗിരികൂടാനി ദ്രുമാനന്യാംശ്ച വേഗതഃ 14
ശിലാശ്ച ശകലീകുർവ്വൻ പദ്ഭ്യാം ഗജ ഇവാശുഗഃ
ദൂരമേകപദം ത്യക്ത്വാ യയൌ കാര്യവശാദ്ദ്രുതം. 15

| | |
|---|---|
| കാര്യവശാത്, | കാര്യഗൌരവം ഹേതു |
| ബഹൂൻ | അനേകം [വാൽ |
| സാല-താലാശ്വ-കർണ്ണാൻ ച | തേക്ക്, പന, മരുത് എന്നവയേയും |
| അന്യാൻ | വേറെയുള്ള |
| ദ്രുമാൻ ച | വൃക്ഷങ്ങളേയും |
| തരസാ | വേഗത്തിൽ |
| പാതയൻ, | വീഴ്ത്തിക്കൊണ്ടും, |
| ഗിരികൂടാനി | പർവ്വതശിഖരങ്ങളെ |
| വേഗതഃ | വേഗതയോടെ |
| പര്യസ്യൻ, | ചുററിക്കൊണ്ടും, |
| ഏകപദം | ഓരോകാലടിയും |
| ദൂരം ത്യക്ത്വാ | നീട്ടിവെച്ചുകൊണ്ട് |
| ആശുഗഃ | വേഗത്തിൽ ചെല്ലുന്നവനായി |
| ഗജഃ ഇവ | ആനയെന്നപോലെ |
| പദ്ഭ്യാം | രണ്ടുപാദങ്ങൾകൊണ്ടും |
| ശിലാഃ | പാറകളെ |
| ശകലീകുർവ്വൻ ച | തവിടുപൊടിയാക്കിക്കൊണ്ട് |
| ദ്രുതം യയൌ. | വേഗതയോടെ നടന്നു. |

താമപശ്യദ്ബലാകീർണ്ണാം ഹരിരാജമഹാപുരീം
ദുർഗ്ഗാമിക്ഷ്വാകുശാർദ്ദൂലഃ കിഷ്കിന്ധാം ഗിരിസംകടേ. 16

| | |
|---|---|
| ഇക്ഷ്വാകുശാർദ്ദൂലഃ | ഇക്ഷ്വാകുകുലതിലകനായ ലക്ഷ്മണൻ |
| ഹരിരാജമഹാപുരീം | വാനരരാജാവിന്റെ രാജധാനിയും |
| ബലാകീർണ്ണാം | സൈന്യങ്ങളാൽ നിറയപ്പെട്ടതും |
| ഗിരിസംകടേ | മലകളുടെ ഇടുക്കിലായി |
| ദുർഗ്ഗാം | ദുഷ്പ്രവേശ്യമായിരിക്കുന്നതും ആയ |
| താം കിഷ്കിന്ധാം | ആ കിഷ്കിന്ധാനഗരത്തെ |
| അപശ്യത്. | കണ്ടു. |

രോഷാത് പ്രസ്ഫുരമാണോഷ്ഠഃ സുഗ്രീവം പ്രതി ലക്ഷ്മണഃ
ദദർശ വാനരാൻ ഭീമാൻ കിഷ്കിന്ധായാ ബഹിശ്ചരാൻ. 17

| | |
|---|---|
| കിഷ്കിന്ധായാഃ | കിഷ്കിന്ധയ്ക്കു് |
| ബഹിശ്ചരാൻ | വെളിയിലായി സഞ്ചരിച്ചുകൊണ്ടിരുന്ന |
| ഭീമാൻ | ഭയങ്കരന്മാരായ |
| വാനരാൻ | വാനരന്മാരെ |
| ലക്ഷ്മണഃ | ലക്ഷ്മണൻ |
| ദദർശ ; | കണ്ടു ; |
| സുഗ്രീവം പ്രതി | സുഗ്രീവനെ ഓർത്ത് |
| രോഷാത് | കോപത്താൽ |
| പ്രസ്ഫുരമാണോഷ്ഠഃ. | ചുണ്ടുവിറച്ചു. |

തം ദൃഷ്ട്വാ വാനരാഃ സർവ്വേ ലക്ഷ്മണം പുരുഷർഷഭം
ശൈലശൃംഗാണി ശതശഃ പ്രവൃദ്ധാംശ്ച മഹീരുഹാൻ
ജഗൃഹുഃ കുഞ്ജരപ്രഖ്യാ വാനരാഃ പർവ്വതാന്തരേ. 18

| | |
|---|---|
| പർവ്വതാന്തരേ | പർവ്വതമദ്ധ്യത്തിൽ |
| കുഞ്ജരപ്രഖ്യാഃ | ആനകളൊത്ത |
| വാനരാഃ | വാനരന്മാരും |
| വാനരാഃ സർവ്വേ, | മറ്റെല്ലാവാനരന്മാരും, |
| പുരുഷർഷഭം | പുരുഷോത്തമനായ |
| ലക്ഷ്മണം | ലക്ഷ്മണനെ |
| ദൃഷ്ട്വാ, | കണ്ട്, |
| ശൈലശൃംഗാണി | പർവ്വതശിഖരങ്ങളേയും |
| പ്രവൃദ്ധാൻ | വമ്പിച്ച |
| മഹീരുഹാൻ | വൃക്ഷങ്ങളേയും |
| ശതശഃ | അസംഖ്യമായി |
| ജഗൃഹുഃ. | കയ്യിലെടുത്തു. |

താൻ ഗൃഹീതപ്രഹരണാൻ ഹരീൻ ദൃഷ്ട്വാ തു ലക്ഷ്മണഃ
ബഭൂവ ദ്വിഗുണം ക്രുദ്ധോ ബഹ്വിന്ധന ഇവാനലഃ. 19

| | |
|---|---|
| ലക്ഷ്മണഃ, | ലക്ഷ്മണൻ, |
| തു | ആ സമയം |
| താൻ ഹരീൻ | ആ വാനരന്മാരെ |
| ഗൃഹീതപ്രഹരണാൻ | പൊരുതുവാൻ തക്ക സാധനങ്ങളെ കയ്യിൽ പിടിച്ചിരിക്കുന്നവരായി |
| ദൃഷ്ട്വാ, | കണ്ട്, |
| ബഹ്വിന്ധനഃ | വിറകുകൾ അധികം കൂട്ടപ്പെട്ട |
| അനലഃ ഇവ, | അഗ്നിയെന്നപോലെ, |
| ദ്വിഗുണം | ഇരട്ടി |
| ക്രുദ്ധഃ ബഭൂവ. | കോപാക്രാന്തനായി ഭവിച്ചു. |

തം തേ ഭയപരീതാംഗാഃ ക്രുദ്ധം ദൃഷ്ട്വാ പ്ലവംഗമാഃ
കാലമൃത്യുയുഗാന്താഭം ശതശോ വിദ്രുതാ ദിശഃ. 20

| | |
|---|---|
| തേ | ആ |
| പ്ലവംഗമാഃ, | വാനരന്മാർ, |
| തം | അദ്ദേഹത്തെ |
| കാലമൃത്യു-യുഗാന്താഭം | കല്പാന്തകാലത്തിലുള്ള യമനെപ്പോലെ |
| ക്രുദ്ധം | ക്രുദ്ധിച്ചിരിക്കുന്നവനായി |
| ദൃഷ്ട്വാ, | കണ്ട്, |
| ഭയപരീതാംഗാഃ | ഉള്ളം നടുങ്ങിയവരായി |
| ദിശഃ | എല്ലാദിക്കുകളിലേക്കും |
| ശതശഃ | കൂട്ടംകൂട്ടമായി |
| വിദ്രുതാഃ. | ഓടിക്കളഞ്ഞു. |

തതഃ സുഗ്രീവഭവനം പ്രവിശ്യ ഹരിപുംഗവാഃ
ക്രോധമാഗമനം ചൈവ ലക്ഷ്മണസ്യ ന്യവേദയൻ. 21

| | |
|---|---|
| തതഃ | അപ്പോൾ |
| ഹരിപുംഗവാഃ | വാനരശ്രേഷ്ഠന്മാർ |
| സുഗ്രീവഭവനം | സുഗ്രീവരാജധാനിയിൽ |
| പ്രവിശ്യ, | പ്രവേശിച്ച്, |
| ലക്ഷ്മണസ്യ | ലക്ഷ്മണന്റെ |
| ആഗമനം ച | വരവിനെക്കുറിച്ചും |
| കോപം ഏവ | ക്രോധത്തെക്കുറിച്ചും |
| ന്യവേദയൻ. | അറിയിച്ചു. |

താരയാ സഹിതഃ കാമീ സക്തഃ കപിവൃഷോ രഹഃ
ന തേഷാം കപിവീരാണാം ശുശ്രാവ വചനം തദാ 22

| | |
|---|---|
| തദാ | ആ സമയം |
| കാമീ | കാമഭ്രാന്തുപിടിച്ചവനായി |
| താരയാസഹിതഃ | താരയോടുംകൂടി |
| രഹഃ | ഏകാന്തത്തിൽ |
| സക്തഃ | വർത്തിച്ചിരുന്ന |
| കപിവൃഷഃ, | കപിവരൻ, |
| തേഷാം | ആ |
| കപിവീരാണാം | വാനരോത്തമന്മാരുടെ |
| വചനം | വാക്കിനെ |
| ശുശ്രാവ ന. | ചെവിക്കൊണ്ടതേയില്ല. |

തതഃ സചിവസന്ദിഷ്ടാ ഹരയോ രോമഹർഷണാഃ
ഗിരികുഞ്ജരമേഘാഭാ നഗര്യാ നിർയ്യയുസ്തദാ. 23

| | |
|---|---|
| തദാ | ആ സമയം |
| ഗിരികുഞ്ജര-മേഘാഭാഃ | മലകളും, ആനകളും, മേഘങ്ങളും പോലെയുള്ള |
| രോമഹർഷണാഃ | ഭയങ്കരന്മാരായ |
| ഹരയഃ, | കപികൾ, |
| സചിവ-സന്ദിഷ്ടാഃ | മന്ത്രിമാരുടെ ആജ്ഞ ലഭിച്ചവരായി |
| തതഃ | ആ |
| നഗര്യാഃ | നഗരത്തിൽ നിന്നും |
| നിർയ്യയുഃ. | നിർഗ്ഗമിച്ചു. |

നഖദംഷ്ട്രായുധാ വീരാഃ സർവ്വേ വികൃതദർശനാഃ
സർവ്വേ ശാർദ്ദൂലദർപ്പാശ്ച സർവ്വേ ച വികൃതാനനാഃ. 24

| | |
|---|---|
| സർവ്വേ | എല്ലാവരും |
| വീരാഃ ; | ശൂരന്മാർ ; |
| നഖദംഷ്ട്രാ-യുധാഃ ; | നഖങ്ങളും പല്ലുകളും ആയുധങ്ങളായുള്ളവർ; |
| വികൃതദർശനാഃ ; | കണ്ടാൽ ഭീതിയുണ്ടാക്കുന്നവർ ; |
| സർവ്വേ ച | എല്ലാവരും തന്നെ |
| ശാർദ്ദൂലദർപ്പാഃ ; | പുലിയൊത്ത വീർയ്യമാന്നവർ ; |
| സർവ്വേ ച | എല്ലാവരും തന്നെ |
| വികൃതാനനാഃ. | ഘോരമായ മുഖങ്ങളോടുകൂടിയവർ. |

ദശനാഗബലാഃ കേചിത് കേചിദ്ദശഗുണോത്തരാഃ
കേചിന്നാഗസഹസ്രസ്യ ബഭ്രുവുസ്തുല്യവിക്രമാഃ. 25

| | |
|---|---|
| കേചിത് | ചിലർ |
| ദശനാഗബലാഃ | പത്ത് ആനകളുടെ ബലമാന്നവർ; |
| കേചിത് | ചിലർ |
| ദശഗുണോത്തരാഃ | അതിലും പത്തിരിട്ടി ബലമുള്ളവർ; |

| | |
|---|---|
| കേചിത് | ചിലർ |
| നാഗസഹസ്രസ്യ | ആയിരം ആനകൾക്ക് |
| തുല്യവിക്രമാഃ | തുല്യമായ ബലമാന്നവരായും |
| ബഭ്രുവുഃ. | ഇരുന്നു. |

സന്തി ചൌഘബലാഃ കേചിത് കേചിദ്വായുബലോത്തരാഃ
അപ്രമേയബലാഃ കേചിത് തത്രാസൻ ഹരിപുംഗവാഃ. 26

| | |
|---|---|
| കേചിത് | ചിലർ |
| ഔഘബലാഃ | പെരുവെള്ളത്തിന്റെ ശക്തിയാന്നവരായും |
| കേചിത് | ചിലർ |
| വായുബലോത്തരാഃ ച സന്തി; | കൊടുങ്കാററിനെക്കാൾ ബലമുള്ളവരായും ഉണ്ട്; |

| | |
|---|---|
| തത്ര | അതിൽ |
| കേചിത് | ചില |
| ഹരിപുംഗവാഃ | വാനരോത്തമന്മാർ |
| അപ്രമേയബലാഃ | അളവററ പരാക്രമശാലികളായും |
| ആസൻ. | ഇരുന്നു. |

പ്രതിപൂർണ്ണമിവാകാശം സംഛന്നമിവ തദ്വനം
തേന വാനരസൈന്യേന സുഗ്രീവസ്യ മഹാത്മനഃ. 27

| | |
|---|---|
| മഹാത്മനഃ | മഹാത്മാവായ |
| സുഗ്രീവസ്യ | സുഗ്രീവന്റെ |
| തേന വാനരസൈന്യേന | ആ വാനരസൈന്യത്താൽ |

| | |
|---|---|
| തത് വനം ഇവ, | ആവനം മുഴുവനും, |
| സംഛന്നം | പാടെമറയ്ക്കപ്പെട്ടതായും |
| ആകാശം ഇവ | ഒട്ടും പഴുതില്ലാതിരിക്കന്നതായും |
| പ്രതിപൂർണ്ണം. | നിറയപ്പെട്ടു. |

തതോ ദ്വാരാണി സർവ്വാണി അംഗദോ രാജശാസനാത്
പര്യധാവത ദുർധർഷോ നക്ഷത്രാണീവ ചന്ദ്രമാഃ. 28

| | |
|---|---|
| തതഃ | അപ്പോൾ |
| ദുർധർഷഃ | എതിൎക്കപ്പെടുവാൻ കഴിയാത്തവനായ |
| അംഗദഃ, | അംഗദൻ, |
| രാജശാസനാത് | രാജാവിന്റെ ആജ്ഞപ്രകാരം |

| | |
|---|---|
| ദ്വാരാണി | നഗരദ്വാരങ്ങളിൽ |
| സർവ്വാണി, | എല്ലാററിലും, |
| ചന്ദ്രമാഃ | ചന്ദ്രൻ |
| നക്ഷത്രാണി ഇവ | നക്ഷത്രങ്ങൾ ഓരോന്നിലും എന്നപോലെ, |
| പര്യധാവത. | ചുററിത്തിരിഞ്ഞു. |

കൃത്സ്നാം ഹി കപിഭിർവ്യാപ്താം ദ്രുമഹസ്തൈർമ്മഹാബലൈഃ
അപശ്യല്ലക്ഷ്മണഃ ക്രുദ്ധഃ കിഷ്കിന്ധാം താം ദുരാസദാം. 29

| | |
|---|---|
| ക്രുദ്ധഃ | ക്രുദ്ധിച്ചിരുന്നവനായ |
| ലക്ഷ്മണഃ, | ലക്ഷ്മണൻ, |
| ദുരാസദാം | ദുഷ്പ്രവേശ്യമായ |
| താം കിഷ്കിന്ധാം | ആ കിഷ്കിന്ധയെ |
| ദ്രുമഹസ്തൈഃ | കയ്യിൽ വൃക്ഷങ്ങളേന്തിയ |

| | |
|---|---|
| മഹാബലൈഃ | മഹാശക്തിമാന്മാരായ |
| കപിഭിഃ, | വാനരന്മാരാൽ, |
| കൃത്സ്നാം ഹി | എങ്ങും |
| വ്യാപ്താം | നിറയപ്പെട്ടിരിക്കുന്നതായി |
| അപശ്യത്. | കണ്ടു. |

തതസ്തേ ഹരയഃ സൎവ്വേ പ്രാകാരപരിഘാന്തരാത്
നിഷ്ക്രമ്യോദഗ്രസത്വാസ്തു തസ്ഥുരാവിഷ്കൃതായുധാഃ. 30

| | | | |
|---|---|---|---|
| ഉദഗ്രസത്വാഃ | അതിബലവാന്മാരായ | പ്രാകാരപരിഘാന്തരാത് | മതിലുകൾ, കിടങ്ങുകൾ എന്നവയിൽനിന്നു |
| തേ ഹരയഃ | ആ കപികൾ | നിഷ്ക്രമ്യ | പുറത്തുവന്ന് |
| സൎവ്വേ, | എല്ലാവരും, | ആവിഷ്കൃതായുധാഃ തു | ആയുധങ്ങളെ പ്രകടിപ്പിച്ചുകൊണ്ടുതന്നെ |
| തതഃ | ആ സമയം | തസ്ഥുഃ. | നിന്നു. |

സുഗ്രീവസ്യ പ്രമാദം ച പൂൎവ്വജം ചാൎത്തമാത്മവാൻ
ബുദ്ധ്വാ കോപവശം വീരഃ പുനരേവ ജഗാമ സഃ. 31

| | | | |
|---|---|---|---|
| ആത്മവാൻ | മുൻകരുതലുള്ള | ആൎത്തം | പരിതപിക്കുന്ന |
| വീരഃ | വീരനായ | പൂൎവ്വജം ച | ജ്യേഷ്ഠനേയും |
| സഃ, | ലക്ഷ്മണൻ, | ബുദ്ധ്വാ, | ഓൎത്ത്, |
| സുഗ്രീവസ്യ | സുഗ്രീവന്റെ | പുനഃ ഏവ | മുമ്പേതിലും അധികം |
| പ്രമാദം ച | കുററത്തേയും, | കോപവശം ജഗാമ. | കോപാവേശമുൾക്കൊണ്ടു. |

സ ദീൎഘോഷ്ണമഹോച്ഛ്വാസഃ കോപസംരക്തലോചനഃ
ബഭൂവ നരശാൎദ്ദൂലഃ സധൂമ ഇവ പാവകഃ. 32

| | | | |
|---|---|---|---|
| നരശാൎദ്ദൂലഃ | പുരുഷോത്തമനായ | കോപസംരക്തലോചനഃ, | കോപാരുണിതനേത്രനായി, |
| സഃ, | അവൻ, | സധൂമഃ | പുകയുന്ന |
| ദീൎഘോഷ്ണമഹോച്ഛ്വാസഃ | ചുടുചുടെ നെടുവീൎപ്പിട്ടുകൊണ്ട് | പാവകഃ ഇവ | അഗ്നിയെന്നപോലെ |
| | | ബഭൂവ. | ആയ്തീൎന്നു. |

ബാണശല്യസ്ഫുരജ്ജിഹ്വഃ സായകാസനഭോഗവാൻ
സ്വതേജോവിഷസംഘാതഃ പഞ്ചാസ്യ ഇവ പന്നഗഃ. 33

| | | | |
|---|---|---|---|
| ബാണശല്യസ്ഫുരജ്ജിഹ്വഃ | അമ്പിൻമുനയാകുന്ന തുടിക്കുന്ന നാവോടുകൂടിയതും | സ്വതേജോവിഷസംഘാതഃ | സ്വതേജസ്സാകുന്ന വിഷജ്വാലയോടുകൂടിയതും ആയ |
| സായകാസനഭോഗവാൻ | വില്ലാകുന്ന പടത്തോടുകൂടിയതും | പഞ്ചാസ്യഃ | പടം വിടൎത്തിയ |
| | | പന്നഗഃ ഇവ. | സൎപ്പം പോലായ്തീൎന്നു. |

തം ദീപ്തമിവ കാലാഗ്നിം നാഗേന്ദ്രമിവ കോപിതം
സമാസാദ്യാംഗദസ്ത്രാസാദ്വിഷാദമഗമദ് ഭൃശം. 34

| | | | |
|---|---|---|---|
| അംഗദഃ | അംഗദൻ | തം | ആ ലക്ഷ്മണനെ |
| കാലാഗ്നിം ഇവ | പ്രളയകാലാഗ്നിയെപ്പോലെ | സമാസാദ്യ, | സമീപിച്ച്, |
| ദീപ്തം | ഉജ്ജ്വലിച്ചിരുന്നവനും | ത്രാസാത് | ഭയംമൂലം |
| നാഗേന്ദ്രം ഇവ | സർപ്പരാജാവിനെപ്പോലെ | ഭൃശം | ഏററം |
| കോപിതം, | ക്രുദ്ധിച്ചിരുന്നവനുമായ | വിഷാദം അഗമത് | ആകുലതപൂണ്ടു. |

["വിഷാദം" (ഇത്രകാലമായിട്ടും ശ്രീരാമകാര്യത്തെക്കുറിച്ച് ഒന്നും ചിന്തിച്ചില്ലല്ലൊ എന്നുള്ള വിഷാദം)—തിലകം.]

സോഽംഗദം രോഷതാമ്രാക്ഷഃ സന്ദിദേശ മഹായശാഃ
സുഗ്രീവഃ കഥ്യതാം വത്സ മമാഗമനമിത്യുത. 35

| | | | |
|---|---|---|---|
| മഹായശാഃ | മഹാകീർത്തിശാലിയും | "വത്സ; | "ഉണ്ണീ; |
| രോഷതാമ്രാക്ഷഃ | കോപത്താൽ നേത്രങ്ങൾ തുടുത്തവനും ആയ | സുഗ്രീവഃ | സുഗ്രീവൻ |
| സഃ, | അദ്ദേഹം, | മമ | എന്റെ |
| അംഗദം | അംഗദനോടായി | ആഗമനം | വരവിനെക്കുറിച്ച് |
| സംദിദേശ; | ഇപ്രകാരം ആജ്ഞാപിച്ചു; | ഇതി ഉത | ഇപ്രകാരം |
| | | കഥ്യതാം. | അറിയിക്കപ്പെടട്ടെ. |

ഏഷ രാമാനുജഃ പ്രാപ്തസ്ത്വത്സകാശമരിന്ദമഃ
ഭ്രാതുർവ്യസനസന്തപ്തോ ദ്വാരി തിഷ്ഠതി ലക്ഷ്മണഃ. 36

| | | | |
|---|---|---|---|
| "'രാമാനുജഃ | "'ശ്രീരാമന്റെ അനുജനും | ലക്ഷ്മണഃ, | ലക്ഷ്മണൻ, |
| അരിന്ദമഃ | ശത്രുവിധ്വംസകനും | ത്വത്സകാശം | നിന്തിരുവടിയുടെ അടുക്കൽ |
| ഭ്രാതുഃ | ജ്യേഷ്ഠന്റെ | പ്രാപ്തഃ, | എഴുന്നെള്ളിയവനായി, |
| വ്യസനസന്തപ്തഃ | ദുഃഖത്താൽ പരിതപിക്കുന്നവനും ആയ | ഏഷഃ | ഇതാ |
| | | ദ്വാരി | ദ്വാരദേശത്തിൽ |
| | | തിഷ്ഠതി. | കാത്തുനില്ക്കുന്നു. |

തസ്യ വാക്യേ യദി രുചിഃ ക്രിയതാം സാധു വാനര
ഇത്യുക്ത്വാ ശീഘ്രമാഗച്ഛ വത്സ വാക്യമിദം മമ. 37

| | | | |
|---|---|---|---|
| "'വാനര! | "'വാനര! | മമ | എന്റെ |
| തസ്യ | അദ്ദേഹത്തിന്റെ | വാക്യം | വാക്കാകുന്ന |
| വാക്യേ | വാക്യത്തിൽ | ഇദം | ഇതിനെ |
| രുചിഃ യദി | ആസക്തിയുള്ളപക്ഷം | ഇതി | ഇപ്രകാരം |
| സാധു | നല്ലപോലെ | ഉക്ത്വാ, | അറിയിച്ചശേഷം, |
| ക്രിയതാം;' | ആയതു ചെയ്യപ്പെടട്ടെ; | ശീഘ്രം | വേഗത്തിൽ |
| വത്സ! | വത്സ! | ആഗച്ഛ." | വരിക." |

ലക്ഷ്മണസ്യ വചഃ ശ്രുത്വാ ശോകാവിഷ്ടോഽംഗദോഽബ്രവീത്
പിതുഃ സമീപമാഗമ്യ സൌമിത്രിരയമാഗതഃ. 38

| | | | |
|---|---|---|---|
| അംഗദഃ | അംഗദൻ | ആഗമ്യ, | ചെന്നു്, |
| ലക്ഷ്മണസ്യ | ലക്ഷ്മണന്റെ | 'സൌമിത്രിഃ | 'ലക്ഷ്മണൻ |
| വചഃ ശ്രുത്വാ, | വാക്യത്തെ കേട്ടു്, | അയം | ഇതാ |
| ശോകാവിഷ്ടഃ | ശോകാക്രാന്തനായി | ആഗതഃ,' | എഴുന്നെള്ളിയിരിക്കുന്നു,' എന്നു് |
| പിതുഃ | എളയച്ഛന്റെ | | |
| സമീപം | അടുക്കൽ | അബ്രവീത്. | അറിയിച്ചു. |

അഥാംഗദസ്തസ്യ വചോ നിശമ്യ
സംഭ്രാന്തഭാവഃ പരിദീനവക്ത്രഃ
നിപത്യ തൂർണ്ണം നൃപതേസ്തരസ്വീ
തതഃ കുമാരശ്ചരണൌ വവന്ദേ. 39

| | | | |
|---|---|---|---|
| അഥ | അതിൽപിന്നെ, | സംഭ്രാന്തഭാവഃ | ചിത്തംപതറിയവനായി, |
| തരസ്വീ | ധൈര്യശാലിയും | | |
| കുമാരഃ | യുവരാജാവും ആയ | പരിദീനവക്ത്രഃ | മുഖംവാടിയവനായി, |
| അംഗദഃ, | അംഗദൻ, | നൃപതേഃ | രാജാവായ സുഗ്രീവന്റെ |
| തസ്യ | ലക്ഷ്മണന്റെ | ചരണൌ | പാദങ്ങളിൽ |
| വചഃ | വാക്യത്തെപ്പററി | തൂർണ്ണം | വിരവോടെ |
| നിശമ്യ, | മനസ്സിൽ ആലോചന ചെയ്തു്, | നിപത്യ | കുമ്പിട്ടു് |
| തതഃ | തന്മൂലം | വവന്ദേ. | സേവിച്ചു. |

സംഗൃഹ്യ പാദൌ പിതുരഗ്ര്യതേജാ
ജഗ്രാഹ മാതുഃ പുനരേവ പാദൌ
പാദൌ രുമായാശ്ച നിപീഡയിത്വാ
നിവേദയാമാസ തതസ്തമർത്ഥം. 40

| | | | |
|---|---|---|---|
| അഗ്ര്യതേജാഃ, | ഉത്തമതേജസ്സാന്നവനായ അവൻ, | ജഗ്രാഹ; | സേവിച്ചു; |
| | | രുമായാഃ | രുമയുടെ |
| പിതുഃ | എളയച്ഛന്റെ | പാദൌ ച | പാദങ്ങളെയും |
| പാദൌ സംഗൃഹ്യ | പാദങ്ങളെ കുമ്പിട്ടു് | നിപീഡയിത്വാ, | കുമ്പിട്ടു്, |
| പുനഃ ഏവ | അതിൽപിന്നെ | തതഃ | അതിൽപിന്നെ |
| മാതുഃ | മാതാവിന്റെ | തം അർത്ഥം | ആ വിവരത്തെക്കുറിച്ചു് |
| പാദൌ | പാദങ്ങളെ | നിവേദയാമാസ. | അറിയിച്ചു. |

സ നിദ്രാഗ്ലാനിസംവീതോ വാനരോ ന വിബുദ്ധവാൻ
ബഭൂവ മദമത്തശ്ച മദനേന ച മോഹിതഃ. 41

| | | | |
|---|---|---|---|
| നിദ്രാഗ്ലാനിസംവീതഃ, | ഉറക്കവും മയക്കവും അധികരിച്ചവനായി, | മോഹിതഃ ച, | മതിമറന്നവനായ |
| മദമത്തഃ, | മദ്യലഹരി പൂണ്ടവനായി, | സഃ വാനരഃ ച | ആ വാനരനാകട്ടെ, |
| മദനേന | കാമാവേശത്താൽ | വിബുദ്ധവാൻ ബഭൂവ ന. | കണ്ണുമിഴിച്ചതേയില്ല. |

തതഃ കിലകിലാം ചക്രുർല്ലക്ഷ്മണം പ്രേക്ഷ്യ വാനരാഃ
പ്രസാദയന്തസ്തം ക്രുദ്ധം ഭയമോഹിതചേതസഃ. 42

| | | | |
|---|---|---|---|
| വാനരാഃ | വാനരന്മാർ | ഭയമോഹിത- ചേതസഃ | ഭയന്നുനടുങ്ങിയ ചിത്തത്തോടുകൂടിയവരായി, |
| തം | ആ | പ്രസാദയന്തഃ | സമാധാനിപ്പിക്കുന്നവരായി, |
| ക്രുദ്ധം | കുപിതനായിരുന്ന | കിലകിലാം | കിലികിലിശബ്ദം |
| ലക്ഷ്മണം | ലക്ഷ്മണനെ | ചക്രുഃ. | മുഴക്കി. |
| പ്രേക്ഷ്യ, | നോക്കി, | | |
| തതഃ | അതിനാൽ | | |

തേ മഹൌഘനിഭം ദൃഷ്ട്വാ വജ്രാശനിസമസ്വനം
സിംഹനാദം സമം ചക്രുർല്ലക്ഷ്മണസ്യ സമീപതഃ. 43

| | | | |
|---|---|---|---|
| തേ | അവർ | വജ്രാശനി- സമസ്വനം | വജ്രായുധത്തിന്നും ഇടിക്കും തുല്യമായ മുഴക്കത്തോടുകൂടിയതും ആയ |
| ലക്ഷ്മണസ്യ | ലക്ഷ്മണന്റെ | സിംഹനാദം | സിംഹനാദത്തെ |
| സമീപതഃ | സമീപത്തിൽ | സമം | ഒരേ കാലത്തിൽ |
| ദൃഷ്ട്വാ | ചെന്നുകണ്ട്, | ചക്രുഃ. | മുഴക്കി. |
| മഹൌഘനിഭം | പെരുവെള്ളത്തിന്റെ ഒച്ചപോലെയുള്ളതും | | |

[അവർ പെരുവെള്ളംപോലെ ഉഴക്കാൻ ലക്ഷ്മണനെക്കണ്ടിട്ട്, അദ്ദേഹത്തിന്റെ അടുക്കൽചെന്ന് ഇടിമുഴക്കംപോലെ സിംഹനാദംചെയ്തു. എന്നും.]

തേന ശബ്ദേന മഹതാ പ്രത്യബുധ്യത വാനരഃ
മദവിഹ്വലതാമ്രാക്ഷോ വ്യാകുലസ്രഗ്വിഭൂഷണഃ. 44

| | | | |
|---|---|---|---|
| വാനരഃ | സുഗ്രീവൻ, | തേന | ആ |
| മദവിഹ്വല- താമ്രാക്ഷഃ | മദത്താൽമയങ്ങി കണ്ണു കൾചുകന്നവനായി | മഹതാ | വമ്പിച്ച |
| വ്യാകുലസ്ര- ഗ്വിഭൂഷണഃ | മാലകളും ആഭരണങ്ങളും ചിന്നിയവനായി, | ശബ്ദേന | ശബ്ദത്താൽ |
| | | പ്രത്യബുധ്യത. | ഉണർന്നു. |

അഥാംഗദവചഃ ശ്രുത്വാ തേനൈവ ച സമാഗതൌ
മന്ത്രിണൌ വാനരേന്ദ്രസ്യ സമ്മതൌ ദാരദർശിനൌ. 45

| | | | |
|---|---|---|---|
| അഥ | അപ്പോൾ | മന്ത്രിണൌ, | രണ്ടു മന്ത്രിമാർ, |
| വാനരേന്ദ്രസ്യ | വാനരാധിപന്ന് | അംഗദവചഃ | അംഗദന്റെ വാക്ക് |
| സമ്മതൌ | പ്രിയപ്പെട്ടവരും | ശ്രുത്വാ, | കേട്ട്, |
| ദാരദർശിനൌ ച | രാജ്ഞിമാരെ മുഖംകാണിപ്പാൻ അർഹതയുള്ളവരുമായ | തേന ഏവ | അവരോടുംകൂടിത്തന്നെ |
| | | സമാഗതൌ. | വീണ്ടും വന്നെത്തി. |

[‘സമ്മതൌദാരദർശിനൌ” സജ്ജനസമ്മതവും ഉത്കൃഷ്ടവും ആയ ആദർശങ്ങളോടുകൂടിയവർ). തി.]

പ്ലക്ഷശ്ചൈവ പ്രഭാസശ്ച മന്ത്രിണാവത്ഥധമ്മയോഃ
വക്തുമുച്ചാവചം പ്രാപ്തം ലക്ഷ്മണം തൌ ശശംസതുഃ. 46

| | |
|---|---|
| തൌ മന്ത്രിണൌ | ആ മന്ത്രിമാരായ |
| പ്ലക്ഷഃ ച | പ്ലക്ഷനും |
| പ്രഭാസഃ ച ഏവ, | പ്രഭാസനും, |
| അത്ഥധമ്മയോഃ | അത്ഥം, ധമ്മം എന്നവയെക്കുറിച്ച്, |
| ഉച്ചാവചം | എന്തോ ചിലത് |
| വക്തും | പറവാനായി |
| ലക്ഷ്മണം | ലക്ഷ്മണൻ |
| പ്രാപ്തം | എഴുന്നെള്ളിയിരിക്കുന്നതായി |
| ശശംസതുഃ. | അറിയിച്ചു. |

['ഉച്ചാവചം' (നന്മതിന്മകളെ)]

പ്രസാദയിത്വാ സുഗ്രീവം വചനൈഃ സാമനിശ്ചിതൈഃ
ആസീനം പയ്യുപാസീനൌ യഥാ ശക്രം മരുത്പതിം. 47

| | |
|---|---|
| ആസീനം | ഇരുന്നിരുന്ന |
| സുഗ്രീവം | സുഗ്രീവനെ |
| സാമനിശ്ചിതൈഃ | സത്ഫലപ്രയോജകമായ |
| വചനൈഃ | വാക്യങ്ങളാൽ |
| പ്രസാദയിത്വാ | അകം കുളുപ്പിച്ച് |
| മരുത്പതിം | ദേവരാജാവായ |
| ശക്രം യഥാ, | ഇന്ദ്രന്റെ അടുക്കലെന്നപോലെ |
| പയ്യുപാസീനൌ. | അവർ രണ്ടുപേരും സമയംകാത്തുനിന്നു. |

സുഗ്രീവസചിവാഃ സവ്വേ മന്ത്രാത്ഥേ സമുപാവിശൻ
വിനതശ്ച സുഷേണശ്ച നീലോഽഥ നള ഏവ ച. 48

| | |
|---|---|
| വിനതഃ ച | വിനതനും |
| സുഷേണഃ ച | സുഷേണനും |
| നീലഃ ച | നീലനും |
| നളഃ ഏവ | നളനും |
| അഥ | കൂടാതെ മററുള്ള |
| സുഗ്രീവസചിവാഃ | സുഗ്രീവസചിവന്മാർ |
| സവ്വേ, | എല്ലാവരും, |
| മന്ത്രാത്ഥേ | കായ്യാലോചനയ്ക്കായി |
| സമുപാവിശൻ. | വന്നെത്തി. |

അംഗദോ വാലിസൂനുശ്ച ഹനുമാംശ്ചൈവ ബുദ്ധിമാൻ
ഏതേ സവ്വേ മഹാത്മാനഃ സുഗ്രീവം വാനരോത്തമാഃ 49
പ്രസാദയിത്വാ രാജാനം വചനൈഃ സാമനിശ്ചിതൈഃ
ഉവാച ഹനുമാൻ വീരോ യഥാ ശക്രം ബൃഹസ്പതിഃ. 50

| | |
|---|---|
| മഹാത്മാനഃ | മഹാത്മാക്കളും |
| വാനരോത്തമാഃ | വാനരോത്തമന്മാരും ആയ |
| ഏതേ സവ്വേ ച, | ഇവരെല്ലാവരും, |
| വാലിസൂനുഃ | ബാലിപുത്രനായ |
| അംഗദഃ ച, | അംഗദനും, |
| ബുദ്ധിമാൻ | പ്രാജ്ഞനായ |
| ഹനുമാൻ ഏവ, | ഹനുമാനും, |
| സുഗ്രീവം രാജാനം | സുഗ്രീവ മഹാരാജാവിനെ |
| സാമനിശ്ചിതൈഃ | സത്പ്രയോജനയുക്തമായ |
| വചനൈഃ | വാക്യങ്ങളാൽ |
| പ്രസാദയിത്വാ, | ഉള്ളം കുളുപ്പിച്ച ശേഷം, |
| വീരഃ | ധമ്മബുദ്ധിയാന്നവനായ |
| ഹനുമാൻ, | ഹനുമാൻ, |
| ശക്രം | ഇന്ദ്രന്റെ അടുക്കൽ |
| ബൃഹസ്പതിഃ യഥാ, | ബൃഹസ്പതി എന്നപോലെ, |
| ഉവാച. | ഇപ്രകാരം ഉണത്തിച്ചു. |

സത്യസന്ധൌ മഹാഭാഗൌ ഭ്രാതരൌ രാമലക്ഷ്മണൌ
വയസ്യഭാവം സംപ്രാപ്തൌ രാജ്യാർഹൌ രാജ്യദായിനൌ. 51

| | |
|---|---|
| “ ഭ്രാതരൌ | “ സഹോദരന്മാരായ |
| രാമലക്ഷ്മണൌ | ശ്രീരാമ ലക്ഷ്മണന്മാർ, |
| സത്യസന്ധൌ | സത്യസന്ധന്മാരും |
| മഹാഭാഗൌ | മഹാ പുണ്യാത്മാക്കളും |
| വയസ്യഭാവം | നമ്മോടുകൂടി മിത്രഭാവ[ത്തെ] |
| സംപ്രാപ്തൌ | കയ്ക്കൊണ്ടവരും |
| രാജ്യാർഹൌ | രാജ്യാവകാശികളും |
| രാജ്യദായിനൌ. | നമുക്ക് രാജ്യത്തെ തന്നവരും ആകുന്നു. |

[“ രാജ്യാർഹൌ ” (ത്രൈലോക്യരാജ്യാധികാരികൾ). തിലകം]

തയോരേകോ ധനുഷ്പാണിർദ്വാരി തിഷ്ഠതി ലക്ഷ്മണഃ
യസ്യ ഭീതാഃ പ്രവേപന്തോ നാദാൻ മുഞ്ചന്തി വാനരാഃ 52

| | |
|---|---|
| “ തയോഃ | “ അവരിരുവരിൽ |
| ഏകഃ, | ഒരുത്തനും, |
| യസ്യ | യാതൊരുവനെക്കുറിച്ച് |
| ഭീതാഃ | ഭയപ്പെട്ട് |
| പ്രവേപന്തഃ | നടുങ്ങിയവരായി |
| വാനരാഃ | വാനരന്മാർ |
| നാദാൻ മുഞ്ചന്തി, | ആക്കന്നുവോ അപ്രകാരമുള്ളവനും ആയ |
| ലക്ഷ്മണഃ, | ലക്ഷ്മണൻ, |
| ദ്വാരി | ദ്വാരപ്രദേശത്തിൽ |
| ധനുഷ്പാണിഃ | വില്ലുംകയ്യുമായി |
| തിഷ്ഠതി. | വർത്തിക്കുന്നു. |

സ ഏഷ രാഘവഭ്രാതാ ലക്ഷ്മണോ വാക്യസാരഥിഃ
വ്യവസായരഥഃ പ്രാപ്തസ്തസ്യ രാമസ്യ ശാസനാത് 53

| | |
|---|---|
| “ രാഘവഭ്രാതാ | “ ശ്രീരാഘവാനുജനായ |
| സഃ ലക്ഷ്മണഃ, | ആ ലക്ഷ്മണൻ, |
| തസ്യ | ആ |
| രാമസ്യ | ശ്രീരാമന്റെ |
| ശാസനാത് | ആജ്ഞപ്രകാരം, |
| വാക്യസാരഥിഃ | കല്പനയാകുന്ന സൂതനോടുകൂടിയവനായും, |
| വ്യവസായരഥഃ | കാൎയ്യസിദ്ധിക്കുള്ള ഉപായമാകുന്ന രഥത്തോടുകൂടിയവനായും |
| ഏഷഃ | ഇതാ |
| പ്രാപ്തഃ. | എഴുന്നെള്ളിയിരിക്കുന്നു. |

അയം ച ദയിതോ രാജൻ താരായാസ്തനയോഽംഗദഃ
ലക്ഷ്മണേന സകാശം തേ പ്രേഷിതസ്ത്വരയാഽനഘ. 54

| | |
|---|---|
| “ അനഘ! | “ നിർവ്വിചാരനായ് വർത്തിക്കുന്ന |
| രാജൻ! | രാജാവേ! |
| ദയിതഃ | ഇഷ്ടപ്രകാരം നടക്കുന്ന[വനും] |
| താരായാഃ | താരയുടെ |
| തനയഃ | പുത്രനും ആയ |
| അയം | ഈ |
| അംഗദഃ ച, | അംഗദനും, |
| ലക്ഷ്മണേന | ലക്ഷ്മണനാൽ |
| തേ | നിന്തിരുവടിയുടെ |
| സകാശം | അടുക്കലേക്ക് |
| ത്വരയാ | ബദ്ധപ്പെട്ട് |
| പ്രേഷിതഃ. | പറഞ്ഞയക്കപ്പെട്ടിരിക്കുന്നു, |

സോഽയം രോഷപരീതാക്ഷോ ദ്വാരി തിഷ്ഠതി വീൎയ്യവാൻ
വാനരാൻ വാനരപതേ ചക്ഷുഷാ നിൎദ്ദഹന്നിവ 55

| | | | |
|---|---|---|---|
| "വാനരപതേ! | "വാനരാധിപ! | വാനരാൻ | വാനരന്മാരെ |
| സഃ | അപ്രകാരമുള്ള | ചക്ഷുഷാ | നോട്ടത്താൽ |
| വീൎയ്യവാൻ | പരാക്രമശാലിയായ | നിൎദ്ദഹൻ ഇവ, | ഭസ്മീകരിക്കുന്നവനെന്നപോലെ, |
| അയം, | ഇദ്ദേഹം, | ദ്വാരി | ദ്വാരദേശത്തിൽ |
| രോഷപരീതാക്ഷഃ, | കോപാകുലിതനേത്രനായി, | തിഷ്ഠതി. | കാത്തുനില്ക്കുന്നു. |

തസ്യ മൂൎദ്ധ്നാ പ്രണാമം ത്വം സപുത്രഃ സഹബാന്ധവഃ
കുരു ശീഘ്രം മഹാരാജ രോഷോ ഹ്യസ്യോപശാമ്യതാം. 56

| | | | |
|---|---|---|---|
| "ത്വം | "നിന്തിരുവടി | ശീഘ്രം | ഉടനെ |
| സപുത്രഃ | പുത്രസമേതനായി | കുരു; | ചെയ്താലും; |
| സഹബാന്ധവഃ | ബന്ധുക്കളോടുംകൂടി | മഹാരാജ! | മഹാരാജാവേ! |
| തസ്യ | അദ്ദേഹത്തിന്നായ്ക്കൊണ്ടു | അസ്യ | ഇദ്ദേഹത്തിന്റെ |
| മൂൎദ്ധ്നാ പ്രണാമം | ശിരഃപ്രണാമത്തെ | രോഷഃ ഹി | കോപവും |
| | | ഉപശാമ്യതാം. | ശമിപ്പിക്കപ്പെടട്ടെ. |

യദാഹ രാമോ ധൎമ്മാത്മാ തത് കുരുഷ്വ സമാഹിതഃ
രാജംസ്തിഷ്ഠ സ്വസമയേ ഭവ സത്യപ്രതിശ്രവഃ. 57

| | | | |
|---|---|---|---|
| "രാജൻ! | "മഹാരാജാവേ! | കുരുഷ്വ; | ചെയ്തുതീൎത്താലും; |
| ധൎമ്മാത്മാ | ധൎമ്മാത്മാവായ | സ്വസമയേ | സ്വന്തം പ്രതിജ്ഞയിൽ |
| രാമഃ, | ശ്രീരാമൻ, | തിഷ്ഠ; | ഉറച്ചുനിന്നാലും; |
| യത് ആഹ, | യാതൊന്നിനെ ആജ്ഞാപിച്ചിരിക്കുന്നുവോ, | സത്യപ്രതിശ്രവഃ | വാഗ്ദത്തപ്രകാരം ചെയ്തു പൂൎത്തിയാക്കിയവനായി |
| തത് | അതിനെ | ഭവ." | ഭവിച്ചാലും." |
| സമാഹിതഃ | ഭക്തിശ്രദ്ധയോടുകൂടിയവനായി | | |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ഏകത്രിംശഃ സൎഗ്ഗഃ = മുപ്പത്തൊന്നാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 10654; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1402.

# ദ്വാത്രിംശഃ സർഗ്ഗഃ = മുപ്പത്തിരണ്ടാംസർഗ്ഗം.

[ഹനൂമതാ ലക്ഷ്മണപ്രസാദനചോദനാ = ഹനുമാൻ ലക്ഷ്മണനെ സമാധാനിപ്പിപ്പാനായി പറയുന്നതു്.]

അംഗദസ്യ വചഃ ശ്രുത്വാ സുഗ്രീവഃ സചിവൈഃ സഹ
ലക്ഷ്മണം കുപിതം ശ്രുത്വാ മുമോചാസനമാത്മവാൻ. 1

| | | | |
|---|---|---|---|
| സുഗ്രീവഃ | സുഗ്രീവൻ, | അംഗദസ്യ | അംഗദന്റെ |
| സചിവൈഃ സഹ, | മന്ത്രിമാരോടും കൂടി, | വചഃ | അപേക്ഷയെയും |
| | | ശ്രുത്വാ, | കേട്ടു്, |
| ലക്ഷ്മണം | ലക്ഷ്മണനെ | ആത്മവാൻ | സ്വബോധം വന്നവനായി |
| കുപിതം | കോപിച്ചിരിക്കുന്നവനായി | ആസനം | ആസനത്തെ |
| ശ്രുത്വാ, | അറിഞ്ഞു്, | മുമോച. | വിട്ടു് എഴുന്നേററു. |

['പ്രാധാന്യത്വേന അംഗദനെ പറഞ്ഞിരിക്കുന്നു.' ഗോ. രാ.]

സ ച താനബ്രവീദ്വാക്യം നിശ്ചിത്യ ഗുരുലാഘവം
മന്ത്രജ്ഞാൻ മന്ത്രകുശലോ മന്ത്രേഷു പരിനിഷ്ഠിതാൻ. 2

| | | | |
|---|---|---|---|
| മന്ത്രകുശലഃ | രാജകാര്യങ്ങളിൽ കുശലനായ | മന്ത്രേഷു | രാജ്യകാര്യങ്ങളിൽ |
| സഃ, | ആ സുഗ്രീവൻ, | പരിനിഷ്ഠിതാൻ | നിപുണന്മാരും |
| ഗുരുലാഘവം | തൽക്കാലം സംഭവിച്ചിരിക്കുന്നതായ സംഗതിയിൽ നന്മതിന്മകളെക്കുറിച്ചു് | മന്ത്രജ്ഞാൻ ച | രാജധർമ്മങ്ങളെ അറിഞ്ഞവരും ആയ |
| | | താൻ | അവരോടായി |
| | | വാക്യം | താഴെവരുമാറു് |
| നിശ്ചിത്യ, | പര്യാലോചന ചെയ്തു്, | അബ്രവീത്. | അരുളിച്ചെയ്തു. |

ന മേ ദുർവ്യാഹൃതം കിഞ്ചിന്നാപി മേ ദുരനുഷ്ഠിതം
ലക്ഷ്മണോ രാഘവഭ്രാതാ ക്രുദ്ധഃ കിമിതി ചിന്തയേ. 3

| | | | |
|---|---|---|---|
| "മേ | "എന്നാൽ | രാഘവഭ്രാതാ | ശ്രീരാഘവാനുജനായ |
| കിംചിത് | യാതൊന്നും | ലക്ഷ്മണഃ | ലക്ഷ്മണൻ |
| ദുർവ്യാഹൃതം ന; | കുറവായി പറയപ്പെട്ടിട്ടില്ല; | കിം | എന്തുകൊണ്ടാണു് |
| മേ | എന്നാൽ | ക്രുദ്ധഃ | ക്രുദ്ധിച്ചിരിക്കുന്നതു് |
| ദുരനുഷ്ഠിതം അപി ന; | ഒരു കുററവും ചെയ്യപ്പെട്ടിട്ടും ഇല്ല; | ഇതി | എന്നു് |
| | | ചിന്തയേ. | ഞാൻ വിചാരപ്പെടുന്നു. |

അസുഹൃദ്ഭിർമ്മമാമിത്രൈർനിത്യമന്തരദർശിഭിഃ
മമ ദോഷാനസംഭൂതാൻ ശ്രാവിതോ രാഘവാനുജഃ. 4

| | | | |
|---|---|---|---|
| "നിത്യം | "എല്ലായ്പോഴും | അമിത്രൈഃ, | ശത്രുക്കളാൽ, |
| അന്തരദർശിഭിഃ | ദോഷംചെയ്വാൻ തക്കം നോക്കിനില്ക്കുന്നവരും | മമ | എന്നിൽ |
| | | അസംഭൂതാൻ | ഇല്ലാത്ത |
| മമ | എനിക്കു് | ദോഷാൻ | കുററങ്ങളെക്കുറിച്ചു് |
| അസുഹൃദ്ഭിഃ | ദോഷത്തെത്തന്നെ ആലോചിക്കുന്നവരുമായ | രാഘവാനുജഃ | ലക്ഷ്മണൻ |
| | | ശ്രാവിതഃ. | കേൾപ്പിക്കപ്പെട്ടിട്ടുണ്ടു്. |

അത്ര താവദ്യഥാബുദ്ധി സൎവ്വൈരേവ യഥാവിധി
ഭാവസ്യ നിശ്ചയസ്താവദ്വിജ്ഞേയോ നിപുണം ശനൈഃ. 5

| | |
|---|---|
| " അത്ര | " ഇക്കാൎയ്യത്തിൽ, |
| താവത് | ആദ്യംതന്നെ |
| ഭാവസ്യ | അദ്ദേഹത്തിൻെറ മനോഭാവത്തിൻെറ |
| നിശ്ചയഃ, | സൂക്ഷ്മം, |
| സൎവ്വൈഃ ഏവ | നിങ്ങൾ എല്ലാവരാലും, |
| യഥാബുദ്ധി | അവനവൻെറ യുക്തിക്കൊത്തവണ്ണം |
| യഥാവിധി | ധൎമ്മവിധിക്ക് കോട്ടം വരാതെയും, |
| ശനൈഃ | അന്ധാളിപ്പുകൂടാതെയും, |
| നിപുണം | അദ്ദേഹത്തിന്ന് അസന്തുഷ്ടിവരുത്താതേയും |
| താവത് | ഉള്ളവണ്ണംതന്നെ |
| വിജ്ഞേയഃ. | അറിയപ്പെടേണ്ടതാണ്. |

ന ഖല്വസ്തി മമ ത്രാസോ ലക്ഷ്മണാന്നാപി രാഘവാത്
മിത്രം ത്വസ്ഥാനകുപിതം ജനയത്യേവ സംഭ്രമം. 6

| | |
|---|---|
| " മമ | " എനിക്ക് |
| ലക്ഷ്മണാത് | ലക്ഷ്മണങ്കൽ നിന്ന് |
| ത്രാസഃ ഖലു | ഭയമെന്നതുതന്നെ |
| ന അസ്തി; | ഇല്ല; |
| രാഘവാത് അപി ന; | ശ്രീരാഘവങ്കൽ നിന്നും ഇല്ല; |
| മിത്രം | ആപ്തനായ സ്നേഹിതൻ |
| അസ്ഥാനകുപിതം | അകാരണമായി കോപിച്ചിരിക്കുന്നു |
| തു ഏവ | എന്നുള്ളതു മാത്രമാണ് |
| സംഭ്രമം | പരിഭ്രമത്തെ |
| ജനയതി. | ഉളവാക്കുന്നത്. |

[" അപരാധം ചെയ്തവനെന്നാലും ശരണാഗതനായവനെ ശ്രീരാഘവൻ ഉപേക്ഷിക്കുകയില്ല എന്നു ഞാൻ അറിയും. അതിനാൽ ശ്രീരാമലക്ഷ്മണന്മാർ വക്കൽനിന്ന് എനിക്ക് യാതൊരു ഭയവുമില്ല. എന്നാൽ മിത്രദ്രോഹി എന്നു ലോകാപവാദമുണ്ടാകുമല്ലോ എന്നുമാത്രമാണ് ഞാൻ ഭയപ്പെടുന്നത്," എന്നു സാരം (ശിരോമണി). " കഥഞ്ചിദുപകാരേണ കൃതേനൈകേന തുഷ്യതി. ന സ്മരത്യപകാരാണാം ശതമപ്യാത്മവത്തയാ" (അയോ. കാണ്ഡം. 1-ാംസൎഗ്ഗം) എന്ന വാക്യം കാണുക.]

സൎവ്വഥാ സുകരം മിത്രം ദുഷ്കരം പരിപാലനം
അനിത്യത്വാദ്ധി ചിത്താനാം പ്രീതിരല്പേഽപി ഭിദ്യതേ. 7

| | |
|---|---|
| " മിത്രം | " മൈത്രിയെന്നത് |
| സൎവ്വഥാ | എപ്രകാരവും |
| സുകരം; | എളുപ്പത്തിൽ പ്രാപിക്കത്തക്കതാകുന്നു; |
| പരിപാലനം ഹി, | അതിനെ കോട്ടമില്ലാതെ പരിപാലിക്കുക എന്നതാകട്ടെ, |
| ദുഷ്കരം; | വളരെ പ്രയാസമുള്ളതുമാകുന്നു; |
| ചിത്താനാം | ചിത്തങ്ങളുടെ |
| അനിത്യത്വാത് | അസ്ഥിരതകാരണം |
| അല്പഃ അപി | അല്പസംഗതിയിലും |
| പ്രീതിഃ | സ്നേഹമെന്നത് [കൂടി |
| ഭിദ്യതേ. | തകൎന്നു പോകുന്നു. |

അതോനിമിത്തം ത്രസ്തോഽഹം രാമേണ തു മഹാത്മനാ
യന്മമോപകൃതം ശക്യം പ്രതികൎത്തും ന തന്മയാ. 8

| | |
|---|---|
| " അതോ-നിമിത്തം തു | " അതുകാരണം തന്നെയാണ് |
| അഹം ത്രസ്തഃ; | ഞാൻ ഭയപ്പെടുന്നത്; |
| മഹാത്മനാ | മഹാത്മാവായ |
| രാമേണ | ശ്രീരാമനാൽ |
| മമ യത് ഉപകൃതം, | എനിക്ക് യാതൊരു സഹായം ചെയ്യപ്പെട്ടുവോ |
| തത് പ്രതികൎത്തും | അതിന്നു തക്ക പ്രത്യുപകാരം ചെയ്യാൻ |
| മയാ ശക്യം ന." | എന്നാൽ സാദ്ധ്യമല്ല." |

സുഗ്രീവേണൈവമുക്തസ്തു ഹനുമാൻ ഹരിപുംഗവഃ
ഉവാച സ്വേന തൎക്കേണ മദ്ധ്യേ വാനരമന്ത്രിണാം. 9

| | |
|---|---|
| സുഗ്രീവേണ | സുഗ്രീവനാൽ |
| ഏവം | ഇപ്രകാരം |
| ഉക്തഃ തു | ഉരചെയ്യപ്പെട്ട |
| ഹരിപുംഗവഃ | വാനരോത്തമനായ |
| ഹനുമാൻ, | ഹനുമാൻ, |
| വാനരമന്ത്രിണാം | വാനരസചിവന്മാരുടെ |
| മദ്ധ്യേ, | നടുവിൽ, |
| സ്വേന | സ്വന്തം |
| തൎക്കേണ, | ഊഹത്താൽ, |
| ഉവാച. | ഇപ്രകാരം ഉണൎത്തിച്ചു. |

സൎവ്വഥാ നൈതദാശ്ചൎയ്യം യസ്ത്വം ഹരിഗണേശ്വര
ന വിസ്മരസി സുസ്നിഗ്ദ്ധമുപകാരകൃതം ശുഭം. 10

| | |
|---|---|
| "സുസ്നിഗ്ദ്ധം | "തക്കസമയത്തിൽ സഹായിച്ച ആപദ്ബന്ധുവും |
| ശുഭം | സൌശീല്യയുക്തനും |
| ഉപകാരകൃതം | ഉപകാരം ചെയ്തവനുമായ അദ്ദേഹത്തെ |
| യഃ | യാതൊരു |
| ത്വം വിസ്മരസി ന; | നിന്തിരുവടി വിസ്മരിക്കുന്നില്ല; |
| ഏതത് | ഈ സംഗതി, |
| ഹരിഗണേശ്വര! | അല്ലയോ വാനരാധിപ! |
| സൎവ്വഥാ | എന്തുനോക്കിയാലും |
| ആശ്ചൎയ്യം ന. | ആശ്ചൎയ്യപ്പെടത്തക്കതല്ല. |

രാഘവേണ തു ശൂരേണ ഭയമുത്സൃജ്യ ദൂരതഃ
ത്വത്പ്രിയാൎത്ഥം ഹതോ വാലീ ശക്രതുല്യപരാക്രമഃ. 11

| | |
|---|---|
| ത്വത്-പ്രിയാൎത്ഥം തു | "അവിടുത്തേയ്ക്ക് നന്മ ചെയ്യുന്നതിന്നായി തന്നെയാണ് |
| ശക്രതുല്യ-പരാക്രമഃ | ഇന്ദ്രതുല്യപരാക്രമശാലിയായ |
| വാലീ, | ബാലി, |
| ശൂരേണ | വീരാഗ്രേസരനായ |
| രാഘവേണ, | ശ്രീരാമനാൽ, |
| ഭയം | ലോകാപവാദഭയത്തെ |
| ദൂരതഃ ഉത്സൃജ്യ | ദൂരെ വലിച്ചെറിഞ്ഞ് |
| ഹതഃ. | വധിക്കപ്പെട്ടത്. |

സൎവ്വഥാ പ്രണയാത് ക്രുദ്ധോ രാഘവോ നാത്ര സംശയഃ
ഭ്രാതരം സംപ്രഹിതവാൻ ലക്ഷ്മണം ലക്ഷ്മിവൎദ്ധനം. 12

| | |
|---|---|
| "ലക്ഷ്മിവൎദ്ധനം | "ശ്രേയസ്സിനെ അഭിവൃദ്ധിപ്പെടുത്തുന്ന |
| ഭ്രാതരം | അനുജനായ |
| ലക്ഷ്മണം | ലക്ഷ്മണനെ |
| സംപ്ര-ഹിതവാൻ | പറഞ്ഞയച്ചവനായ |
| രാഘവഃ, | ശ്രീരാഘവൻ, |
| പ്രണയാത് സൎവ്വഥാ | സ്നേഹഭാവംകൊണ്ടു മാത്രമാണ് |
| ക്രുദ്ധഃ; | ക്രുദ്ധിച്ചിരിക്കുന്നത്; |
| അത്ര | ഇതിൽ |
| സംശയഃ ന. | സംശയിപ്പാനില്ല. |

ത്വം പ്രമത്തോ ന ജാനീഷേ കാലം കാലവിദാം വര
ഫുല്ലസപ്തച്ഛദശ്യാമാ പ്രവൃത്താ തു ശരച്ഛിവാ. 13

| | | | |
|---|---|---|---|
| "കാലവിദാം വര! | "കാലത്തെ അറിയുന്നവരിൽ ഉത്തമനായുള്ളോവേ! | ജാനീഷേ ന; | ധരിക്കാതിരിക്കുന്നു; |
| ത്വം | നിന്തിരുവടി | ഫുല്ലസപ്തച്ഛദശ്യാമാ | പൂത്തുള്ള ഏഴിലമ്പാലയും നാൽക്കോല്പക്കൊന്നയുമുള്ള |
| പ്രമത്തഃ | അജാഗ്രതപൂണ്ടവനായി | ശിവാ | മനോജ്ഞമായ |
| കാലം | ഇത് ഇന്നകാലമാണെന്നതിനെ | ശരത് | ശരത്കാലം |
| | | പ്രവൃത്താ തു. | ഇതാ തുടങ്ങിക്കഴിഞ്ഞു. |

നിർമ്മലഗ്രഹനക്ഷത്രാ ദ്യൗഃ പ്രനഷ്ടബലാഹകാ
പ്രസന്നാശ്ച ദിശഃ സർവ്വാഃ സരിതശ്ച സരാംസി ച. 14

| | | | |
|---|---|---|---|
| "ദ്യൗഃ | "ആകാശം | ദിശഃ | ദിക്കുകൾ |
| പ്രനഷ്ടബലാഹകാ | മേഘങ്ങളില്ലാതെ | സർവ്വാഃ ച, | മുഴുവനും, |
| നിർമ്മലഗ്രഹനക്ഷത്രാ; | നിർമ്മലമായ ഗ്രഹങ്ങളോടും നക്ഷത്രങ്ങളോടും കൂടിയതായിരിക്കുന്നു; | സരിതഃ | നദികളും |
| | | പ്രസന്നാഃ; | തെളിവാർന്നിരിക്കുന്നു; |
| | | സരാംസി | പൊയ്കകളും |
| | | ച. | അപ്രകാരംതന്നെ സ്വച്ഛമായിരിക്കുന്നു. |

പ്രാപ്തമുദ്യോഗകാലം തു നാവൈഷി ഹരിപുംഗവ
ത്വം പ്രമത്ത ഇതി വ്യക്തം ലക്ഷ്മണോऽയമിഹാഗതഃ. 15

| | | | |
|---|---|---|---|
| "ഹരിപുംഗവ! | "വാനരോത്തമ! | അവൈഷി ന; | അറിയാതിരിക്കുന്നു; |
| പ്രമത്തഃ | അജാഗ്രതപൂണ്ടവനായ | ഇതി വ്യക്തം, | ഇക്കാരണത്താൽതന്നെയാണ് |
| ത്വം, | നിന്തിരുവടി, | അയം | ഈ |
| തു | ഇപ്പോൾ | ലക്ഷ്മണഃ | ലക്ഷ്മണൻ |
| ഉദ്യോഗകാലം | നമ്മുടെ പ്രയത്നത്തിന്നു തക്കകാലം | ഇഹ | ഇവിടെ |
| പ്രാപ്തം | എത്തിക്കഴിഞ്ഞു എന്നതിനെ | ആഗതഃ. | എഴുന്നെള്ളിയിരിക്കുന്നത്. |

ആർത്തസ്യ ഹൃതദാരസ്യ പരുഷം പുരുഷാന്തരാത്
വചനം മർഷണീയം തേ രാഘവസ്യ മഹാത്മനഃ. 16

| | | | |
|---|---|---|---|
| "ഹൃതദാരസ്യ | "ഭാര്യകട്ടുകൊണ്ടുപോകപ്പെട്ടവനായി | പുരുഷാന്തരാത് | പ്രതിനിധിയായ ലക്ഷ്മണങ്കൽ നിന്നുള്ള |
| ആർത്തസ്യ | പരിതപിക്കുന്നവനായ | പരുഷം വചനം | പരുഷവാക്യം |
| മഹാത്മനഃ | മഹാത്മാവായ | തേ | നിന്തിരുവടിയാൽ |
| രാഘവസ്യ | ശ്രീരാഘവന്റെ | മർഷണീയം. | ക്ഷന്തവ്യമാണ്. |

കൃതാപരാധസ്യ ഹി തേ നാന്യത് പശ്യാമ്യഹം ക്ഷമം
അന്തരേണാഞ്ജലിം ബദ്ധ്വാ ലക്ഷ്മണസ്യ പ്രസാദനാത്. 17

| | | | |
|---|---|---|---|
| "കൃതാപരാധസ്യ | "അപരാധിയായ | ലക്ഷ്മണസ്യ പ്രസാദനാത് അന്തരേണ | ലക്ഷ്മണനെ പ്രസാദിപ്പിക്കുക എന്നതല്ലാതെ, |
| തേ ഹി, | നിന്തിരുവടിക്കാണെന്നാൽ, | അന്യത് | മറെറാന്നും |
| | | ക്ഷമം | നന്മയുളവാക്കുന്നതാ |
| അഞ്ജലിം ബദ്ധ്വാ | കൈകൂപ്പി | അഹം | ഞാൻ [ണെന്ന്, |
| | | പശ്യാമി ന. | വിചാരിക്കുന്നില്ല. |

[“അഞ്ജലിഃ പരമാ മുദ്രാ ക്ഷിപ്രം ദേവപ്രസാദിനീ;” “അന്തതപ്തസ്ത താപേന ക്ഷാമയേന്നാന്യഥാ ശമഃ. ഭഗവത്യപചാരേഽപി നൈഷാ ശക്തിരനുത്തമാ”; ഇത്യാദി ശാസ്ത്രപ്രകാരം ഭഗവാന്ന് അപരാധം ചെയ്തതായ സംഗതിയിൽ അഞ്ജലിരൂപമായ തത്പ്രസാദനംതന്നെ പ്രായശ്ചിത്തമായി വിധിക്കപ്പെട്ടിരിക്കുന്നു.

'ലക്ഷ്മണസ്യ' എന്നതിൽനിന്ന് ഭഗവദ്ഭക്തപ്രസാദനംതന്നെ ഭഗവത്പ്രസാദനം എന്നു ദ്യോതനം; 'തേ' എന്നതിൽനിന്നു ഇതിന്ന് അധികാരനിയമമില്ലെന്ന് ദ്യോതനം; 'അഞ്ജലിം' എന്ന ഏകവചനപ്രയോഗത്താൽ ഒരു പ്രാവശ്യം ചെയ്യുന്ന അഞ്ജലിബന്ധംതന്നെ കാർയ്യസാദ്ധ്യം വരുത്തുന്നതാണെന്ന് ദ്യോതനം. 'ബദ്ധ്വാ' എന്നതിൽനിന്ന് ദേശകാലനിയമാഭാവം സൂചിപ്പിക്കപ്പെടുന്നു. (തനിശ്ലോകി. ഗോ. രാ.)]

നിയുക്തൈർമന്ത്രിഭിർവാച്യോ ഹ്യവശ്യം പാർത്ഥിവോ ഹിതം
അത ഏവ ഭയം ത്യക്ത്വാ ബ്രവീമ്യവധൃതം വചഃ. 18

| | | | |
|---|---|---|---|
| "നിയുക്തൈഃ | "സദുപദേശം ചെയ്യാനായുള്ള | വാച്യഃ; | അറിയിക്കപ്പെടേണ്ടവനാകുന്നു; |
| മന്ത്രിഭിഃ, | മന്ത്രിമാരാൽ, | അതഃ ഏവ | അതിനാൽതന്നെ |
| പാർത്ഥിവഃ, | ഒരു രാജാവ്, | ഭയം | ഭയത്തെ [യാണ്, |
| ഹിതം | നന്മയുളവാക്കുന്നതിനെക്കുറിച്ച് | ത്യക്ത്വാ | വെടിഞ്ഞ്, |
| | | അവധൃതം വചഃ | ഉറപ്പായുള്ള വാക്യത്തെ |
| അവശ്യം ഹി | തീർച്ചയായും | ബ്രവീമി. | ഞാൻ പറയുന്നത്. |

അഭിക്രുദ്ധഃ സമർത്ഥോ ഹി ചാപമുദ്യമ്യ രാഘവഃ
സദേവാസുരഗന്ധർവ്വം വശേ സ്ഥാപയിതും ജഗത്. 19

| | | | |
|---|---|---|---|
| "രാഘവഃ | "ശ്രീരാഘവൻ | സദേവാസുരഗന്ധർവ്വം | ദേവന്മാരും, അസുരന്മാരും, ഗന്ധർവ്വന്മാരും അടങ്ങിയതായ |
| അഭിക്രുദ്ധഃ ഹി, | കോപിച്ചെന്നാൽ, | ജഗത്, | ലോകത്തെ, |
| ചാപം | കോദണ്ഡത്തെ | വശേ സ്ഥാപയിതും | കീഴടക്കുന്നതിന്ന് |
| ഉദ്യമ്യ, | കയ്യിലെടുത്ത്, | സമർത്ഥഃ. | ശക്തനാകുന്നു. |

ന സ ക്ഷമഃ കോപയിതും യഃ പ്രസാദ്യഃ പുനർഭവേത്
പൂർവ്വോപകാരം സ്മരതാ കൃതജ്ഞേന വിശേഷതഃ. 20

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | പൂർവ്വോപകാരം | മുമ്പുചെയ്ത ഉപകാരത്തെ |
| പ്രസാദ്യഃ | കുമ്പിട്ടുവണങ്ങി സമാധാനിപ്പിക്കേണ്ടവനായി | സ്മരതാ | മറക്കാതെ |
| ഭവേത്, | ഭവിക്കുന്നുവൊ, | വിശേഷതഃ | പ്രത്യേകിച്ചും |
| സഃ | അപ്രകാരമുള്ളവൻ | കൃതജ്ഞേന | കൃതജ്ഞനായ നിന്തിരുവടിയാൽ |
| കോപയിതും | കോപപ്പെടുത്തുവാൻ | | |
| ന ക്ഷമഃ; | പാടുള്ളവനല്ല; | പുനഃ. | ഒട്ടും പാടുള്ളതല്ല. |

തസ്യ മൂർധ്നാ പ്രണമ്യ ത്വം സപുത്രഃ സസുഹൃജ്ജനഃ
രാജംസ്തിഷ്ഠ സ്വസമയേ ഭർത്തുർഭാര്യേവ തദ്വശേ. 21

| | | | |
|---|---|---|---|
| "രാജൻ! | "മഹാരാജാവേ! | സ്വസമയേ, | സ്വന്തം പ്രതിജ്ഞയിലും, |
| ത്വം | നിന്തിരുവടി | ഭർത്തുഃ | ഭർത്താവിന്റെ അടുക്കൽ |
| സപുത്രഃ | പുത്രസഹിതനായി | | |
| സസുഹൃജ്ജനഃ, | മിത്രസമേതനായി, | ഭാര്യാ ഇവ, | ധർമ്മപത്നിയെന്നപോലെ, |
| തസ്യ മൂർധ്നാ പ്രണമ്യ, | അദ്ദേഹത്തെ തലകുമ്പിട്ട് നമസ്കരിച്ച്, | തദ്വശേ | തദധീനത്തിലും |
| | | തിഷ്ഠ. | വർത്തിച്ചാലും. |

ന രാമരാമാനുജശാസനം ത്വയാ
കപീന്ദ്ര യുക്തം മനസാപ്യപോഹിതും
മനോ ഹി തേ ജ്ഞാസ്യതി മാനുഷം ബലം
സരാഘവസ്യാസ്യ സുരേന്ദ്രവർച്ചസഃ. 22

| | | | |
|---|---|---|---|
| "കപീന്ദ്ര! | "വാനരാധിപ! | സരാഘവസ്യ | ലക്ഷ്മണസഹിതനുമായ |
| ത്വയാ | നിന്തിരുവടിയാൽ | | |
| രാമരാമാനുജശാസനം | ശ്രീരാമലക്ഷ്മണന്മാരുടെ കല്പനയെ | അസ്യ | ഈ ശ്രീരാമന്റെ |
| | | മാനുഷം | പ്രേമാതിശയമാകുന്ന |
| മനസാ അപി | മനസ്സുകൊണ്ടുംകൂടി | ബലം | ശക്തിയെ |
| അപോഹിതും | നിരസിപ്പാൻ | തേ | നിന്തിരുവടിയുടെ |
| യുക്തം ന; | പാടുള്ളതല്ല; | മനഃ ഹി | ചിത്തംതന്നെ |
| സുരേന്ദ്രവർച്ചസഃ | ഇന്ദ്രതുല്യവിക്രമിയും | ജ്ഞാസ്യതി. | അറിയുന്നതാണല്ലൊ. |

['മാനുഷം ബലം' (സ്വാഭാവികമായ ബലത്തെ)—എന്നു ഗോ-രാ.]

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ദ്വാത്രിംശഃ സർഗ്ഗഃ = മുപ്പത്തിരണ്ടാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 10676; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1424.

## ത്രയസ്ത്രിംശഃ സർഗ്ഗഃ = മുപ്പത്തിമൂന്നാംസർഗ്ഗം.

[താരയാ ലക്ഷ്മണസാന്ത്വനം = താര ലക്ഷ്മണനെ സമാധാനിപ്പിക്കുന്നതു്.]

അഥ പ്രതിസമാദിഷ്ടോ ലക്ഷ്മണഃ പരവീരഹാ
പ്രവിവേശ ശുഭാം ഘോരാം കിഷ്കിന്ധാം രാമശാസനാത്. 1

| | | | |
|---|---|---|---|
| പരവീരഹാ | ശത്രുവീരനാശകനായ | പ്രതി-സമാദിഷ്ടഃ, | ക്ഷണിക്കപ്പെട്ടവനായി, |
| ലക്ഷ്മണഃ, | ലക്ഷ്മണൻ, | ശുഭാം | മനോഹരവും |
| രാമശാസനാത്, | ശ്രീരാമാജ്ഞയെന്ന കാരണത്താൽ, | ഘോരാം | ഗംഭീരവും ആയ |
| | | കിഷ്കിന്ധാം | കിഷ്കിന്ധാനഗരത്തിൽ |
| അഥ | ആ സമയം | പ്രവിവേശ. | പ്രവേശിച്ചു. |

ദ്വാരസ്ഥാ ഹരയസ്തത്ര മഹാകായാ മഹാബലാഃ
ബഭൂവുർലക്ഷ്മണം ദൃഷ്ട്വാ സർവ്വേ പ്രാഞ്ജലയഃ സ്ഥിതാഃ 2

| | | | |
|---|---|---|---|
| തത്ര | അവിടെ | ലക്ഷ്മണം | ലക്ഷ്മണനെ |
| മഹാകായാഃ | വമ്പിച്ച ശരീരമുള്ളവരും | ദൃഷ്ട്വാ | കണ്ട് |
| | | പ്രാഞ്ജലയഃ | കൈകൾ കൂപ്പിക്കൊണ്ട് |
| മഹാബലാഃ | അതിബലവാന്മാരും | | |
| ദ്വാരസ്ഥാഃ | ദ്വാരപാലകന്മാരുമായ | സ്ഥിതാഃ ബഭൂവുഃ. | നിന്നു. |
| ഹരയഃ സർവ്വേ, | കപികൾ എല്ലാവരും, | | |

നിഃശ്വസന്തം തു തം ദൃഷ്ട്വാ ക്രുദ്ധം ദശരഥാത്മജം
ബഭൂവുർഹരയസ്ത്രസ്താ ന ചൈനം പര്യ്യവാരയൻ. 3

| | | | |
|---|---|---|---|
| ഹരയഃ, | വാനരന്മാർ, | ദൃഷ്ട്വാ തു, | കണ്ട്, |
| ദശരഥാത്മജം | ദശരഥപുത്രനായ | ത്രസ്താഃ | ഭയാക്രാന്തരായി |
| തം | അദ്ദേഹത്തെ | ബഭൂവുഃ; | ഭവിച്ചു; |
| നിഃശ്വസന്തം | ദീർഘശ്വാസം വിട്ടുകൊണ്ട് | ഏനം | ഇദ്ദേഹത്തെ |
| ക്രുദ്ധം | ക്രുദ്ധിച്ചിരിക്കുന്നവനായി | പര്യ്യവാരയൻ ന ച. | അടുത്തതേയില്ല. |

സ താം രത്നമയീം ശ്രീമാൻ ദിവ്യാം പുഷ്പിതകാനനാം
രമ്യാം രത്നസമാകീർണ്ണാം ദദർശ മഹതീം ഗുഹാം. 4
ഹർമ്മ്യപ്രാസാദസംബാധാം നാനാപണ്യോപശോഭിതാം
സർവ്വകാമഫലൈർവൃക്ഷൈഃ പുഷ്പിതൈരുപശോഭിതാം 5
ദേവഗന്ധർവ്വപുത്രൈശ്ച വാനരൈഃ കാമരൂപിഭിഃ
ദിവ്യമാല്യാംബരധരൈഃ ശോഭിതാം പ്രിയദർശനൈഃ 6
ചന്ദനാഗരുപദ്മാനാം ഗന്ധൈഃ സുരഭിഗന്ധിനാം

മൈരേയാണാം മധൂനാം ച സംമോദിതമഹാപഥാം
വിന്ധ്യമേരുഗിരിപ്രഖ്യൈഃ പ്രാസാദൈർന്നൈകഭൂമിഭിഃ 7

| | |
|---|---|
| ശ്രീമാൻ | ശ്രീമാനായ |
| സഃ, | ആ ലക്ഷ്മണൻ, |
| മഹതീം | വിശാലവും |
| രമ്യാം | മനോഹരവും ആയ |
| താം ഗുഹാം, | ആ ഗിരികന്ദരത്തെ, |
| രത്നമയീം | രത്നമയമായും |
| ദിവ്യാം | മനുഷ്യസാധാരണമല്ലാത്തതായും |
| പുഷ്പിതകാനനാം | പുഷ്പിച്ച പൂങ്കാവുകളാന്നതായും |
| രത്നസമാകീർണ്ണാം | വിശേഷപ്പെട്ട വസ്തുക്കളാൽ നിറയപ്പെട്ടതായും |
| ഹർമ്മ്യപ്രാസാദസംബാധാം | മാളികകളാലും അരമനകളാലും നിറയപ്പെട്ടതായും |
| നാനാപണ്യോപശോഭിതാം | പലപല അങ്ങാടികളാൽ പരിശോഭിക്കുന്നതായും |
| സർവ്വകാമഫലൈഃ | വേണ്ടുന്ന എല്ലാ പഴങ്ങളേയും തരുന്നവയായ |
| പുഷ്പിതൈഃ | പുഷ്പിച്ച |
| വൃക്ഷൈഃ | വൃക്ഷങ്ങളാൽ |
| ഉപശോഭിതാം | അലങ്കരിക്കപ്പെട്ടതായും |
| ദേവഗന്ധർവ്വപുത്രൈഃ | ദേവന്മാരുടേയും ഗന്ധർവ്വന്മാരുടേയും പുത്രന്മാരായി |
| കാമരൂപിഭിഃ | തോന്നിയ രൂപം കയ്ക്കൊൾവാൻ കഴിവുള്ളവരായി |
| ദിവ്യമാല്യാംബരധരൈഃ | ദിവ്യങ്ങളായ മാലകളും വസ്ത്രങ്ങളും ധരിച്ചവരായി |
| പ്രിയദർശനൈഃ | കാണ്മാൻ കൌതുകമുള്ളവരായ |
| വാനരൈഃ | വാനരന്മാരാൽ |
| ശോഭിതാം, | ശോഭിക്കപ്പെട്ടതായും, |
| ചന്ദനാഗരുപത്മാനാം | ചന്ദനം, അകിൽ, താമര എന്നവയുടേയും |
| മൈരേയാണാം | മൈരേയമെന്ന മദ്യത്തിന്റെയും |
| മധൂനാം | മധുക്കളുടെയും |
| സുരഭിഗന്ധിനാം ച | സുഗന്ധ വസ്തുക്കളുടേയും |
| ഗന്ധൈഃ ച | വാസനകളാലും |
| വിന്ധ്യമേരുഗിരിപ്രഖ്യൈഃ | വിന്ധ്യഗിരി, മേരുഗിരി എന്നവയ്യൊത്ത |
| നൈകഭൂമിഭിഃ | പല വെണ്മാടങ്ങളാലും |
| പ്രാസാദൈഃ | വൻ മാളികകളാലും |
| സംമോദിതമഹാപഥാം | ആമോദം പൂണ്ടുവിളങ്ങുന്ന രാജവീഥികളോടുകൂടിയതായും |
| ദദർശ | കണ്ടു. |

ദദർശ ഗിരിനദ്യശ്ച വിമലാസ്തത്ര രാഘവഃ 8

| | |
|---|---|
| രാഘവഃ | ലക്ഷ്മണൻ |
| തത്ര | അവിടെ |
| ഗിരിനദ്യഃ ച | മലമ്പുഴകളേയും |
| വിമലാഃ | തെളിവാന്നിരിക്കുന്നവയായി |
| ദദർശ. | വീക്ഷിച്ചു. |

അംഗദസ്യ ഗൃഹം രമ്യം മൈന്ദസ്യ ദ്വിവിദസ്യ ച
ഗവയസ്യ ഗവാക്ഷസ്യ ഗജസ്യ ശരഭസ്യ ച 9
വിദ്യുന്മാലേശ്ച സംപാതേഃ സൂര്യാക്ഷസ്യ ഹനൂമതഃ
വീരബാഹോഃ സുബാഹോശ്ച നളസ്യ ച മഹാത്മനഃ 10
കുമുദസ്യ സുഷേണസ്യ താരജാംബവതോസ്തഥാ
ദധിവക്ത്രസ്യ നീലസ്യ സുപാടലസുനേത്രയോഃ 11

ഏതേഷാം കപിമുഖ്യാനാം രാജമാർഗ്ഗേ മഹാത്മനാം
ദദൎശ ഗൃഹമുഖ്യാനി മഹാസാരാണി ലക്ഷ്മണഃ 12
പാണ്ഡുരാഭ്രപ്രകാശാനി ദിവ്യമാല്യയുതാനി ച
പ്രഭൂതധനധാന്യാനി സ്ത്രീരത്നൈഃ ശോഭിതാനി ച. 13

| | |
|---|---|
| ലക്ഷ്മണഃ | ലക്ഷ്മണൻ |
| രാജമാർഗ്ഗേ | രാജവീഥിയിൽ, |
| അംഗദസ്യ | അംഗദന്റെ |
| രമ്യം | രമ്യമായ |
| ഗൃഹം, | അരമനയേയും, |
| ഏതേഷാം | ഈ |
| മഹാത്മനാം | മഹാത്മാക്കളും |
| കപിമുഖ്യാനാം | വാനരശ്രേഷ്ഠന്മാരുമായ |
| മൈന്ദസ്യ | മൈന്ദന്റേയും |
| ദ്വിവിദസ്യ ച | ദ്വിവിദന്റേയും |
| ഗവയസ്യ | ഗവയന്റേയും |
| ഗജസ്യ | ഗജന്റേയും |
| ഗവാക്ഷസ്യ. | ഗവാക്ഷന്റേയും |
| ശരഭസ്യ ച | ശരഭന്റേയും |
| വിദ്യുന്മാലേഃ ച | വിദ്യുന്മാലിയുടേയും |
| സംപാതേഃ | സംപാതിയുടേയും |
| സൂൎയ്യാക്ഷസ്യ | സൂൎയ്യാക്ഷന്റേയും |
| ഹനുമതഃ | ഹനുമാന്റേയും |
| വീരബാഹോഃ | വീരബാഹുവിന്റേയും |
| സുബാഹോഃ ച | സുബാഹുവിന്റേയും |
| മഹാത്മനഃ | മഹാത്മാവായ |
| നളസ്യ ച | നളന്റേയും |
| കുമുദസ്യ | കുമുദന്റേയും |
| സുഷേണസ്യ | സുഷേണന്റേയും |
| താരജാംബവതോഃ തഥാ | താരൻ, ജാംബവാൻ എന്നവരുടേയും |
| ദധിവക്ത്രസ്യ | ദധിവക്ത്രന്റേയും |
| നീലസ്യ | നീലന്റേയും |
| സുപാടല—സുനേത്രയോഃ, | സുപാടലൻ, സുനേത്രൻ എന്നവരുടേയും, |
| മഹാസാരാണി | ഉറപ്പായി കെട്ടപ്പെട്ടവയും |
| പാണ്ഡുരാഭ്രപ്രകാശാനി | വെള്ളക്കാർപോലെ വിലസുന്നവയും |
| ദിവ്യമാല്യയുതാനി | ദിവ്യകുസുമങ്ങളാൽ നിറയപ്പെട്ടവയും |
| പ്രഭൂതധനധാന്യാനി | ധനധാന്യസമൃദ്ധിയാന്നവയും |
| സ്ത്രീരത്നൈഃ ശോഭിതാനി ച | ഉത്തമസ്ത്രീകളാൽ മനോജ്ഞമായിരിക്കുന്നവയും ആയ |
| ഗൃഹമുഖ്യാനി | ഭവനോത്തമങ്ങളെ |
| ദദൎശ. | വീക്ഷിച്ചു. |

പാണ്ഡുരേണ തു ശൈലേന പരിക്ഷിപ്തം ദുരാസദം
വാനരേന്ദ്രഗൃഹം രമ്യം മഹേന്ദ്രസദനോപമം 14
ശുക്ലൈഃ പ്രാസാദശിഖരൈഃ കൈലാസശിഖരോപമൈഃ
സൎവ്വകാമഫലൈർവൃക്ഷൈഃ പുഷ്പിതൈരുപശോഭിതം 15
മഹേന്ദ്രദത്തൈഃ ശ്രീമദ്ഭിർനീലജീമൂതസംനിഭൈഃ
ദിവ്യപുഷ്പഫലൈർവൃക്ഷൈഃ ശീതച്ഛായൈർമനോരമൈഃ. 16
ഹരിഭിഃ സംവൃതദ്വാരം ബലിഭിഃ ശസ്ത്രപാണിഭിഃ
ദിവ്യമാല്യാവൃതം ശുഭ്രം തപ്തകാഞ്ചനതോരണം 17
സുഗ്രീവസ്യ ഗൃഹം രമ്യം പ്രവിവേശ മഹാബലഃ
അവാൎയ്യമാണഃ സൗമിത്രിഃ മഹാഭ്രമിവ ഭാസ്കരഃ. 18

| | |
|---|---|
| മഹാബലഃ | മഹാബലവാനായ |
| സൌമിത്രിഃ, | ലക്ഷ്മണൻ, |
| പാണ്ഡുരേണ | വെണ്മയുള്ള |
| ശൈലേന | പർവ്വതത്താൽ |
| ദുരാസദം | ദുഷ്പ്രവേശ്യമാകുംവണ്ണം |
| പരിക്ഷിപ്തം | ചൂഴപ്പെട്ടതും |
| മഹേന്ദ്ര-സദനോപമം | ഇന്ദ്രന്റെ രാജധാനിയ്യൊത്തതും |
| രമ്യം | ഭംഗിവാച്ചതും |
| വാനരേന്ദ്ര-ഗൃഹം | വാനരേന്ദ്രനായ ബാലിയുടെ വസതിയായിരുന്നതും |
| കൈലാസശി-ഖരോപമൈഃ | കൈലാസശിഖരങ്ങളൊത്ത |
| ശുക്ലൈഃ | വെളുവെളുത്ത |
| പ്രാസാദ-ശിഖരൈഃ | പ്രാസാദാഗ്രങ്ങളാലും |
| സർവ്വകാമ-ഫലൈഃ | ഇഷ്ടപ്പെട്ട സർവ്വഫലങ്ങളും നൽകുന്ന |
| പുഷ്പിതൈഃ | പുഷ്പിച്ച |
| വൃക്ഷൈഃ | വൃക്ഷങ്ങളാലും |
| മഹേന്ദ്രദത്തൈഃ | ഇന്ദ്രനാൽ നല്കപ്പെട്ട |
| ശ്രീമദ്ഭിഃ | ശോഭനങ്ങളും [വയും |
| നീലജീമൂത-സംനിഭൈഃ | നീലക്കാറൊത്തവയും |
| ദിവ്യപുഷ്പ-ഫലൈഃ | ദിവ്യങ്ങളായ പുഷ്പങ്ങളോടും ഫലങ്ങളോടും കൂടിയവയും |
| ശീതച്ഛായൈഃ | കുളുത്ത തണലുള്ളവയും |
| മനോരമൈഃ | മനസ്സിനെ രഞ്ജിപ്പിക്കുന്നവയും ആയ |
| വൃക്ഷൈഃ | വൃക്ഷങ്ങളാലും |
| ഉപശോഭിതം, | പരിശോഭിക്കപ്പെട്ടതും, |
| ശസ്ത്രപാണിഭിഃ | ആയുധപാണികളായ |
| ബലിഭിഃ | ശക്തിമാന്മാരായ |
| ഹരിഭിഃ | വാനരന്മാരാൽ |
| സംവൃതദ്വാരം, | രക്ഷിക്കപ്പെട്ട ദ്വാരങ്ങളോടുകൂടിയതും, |
| ദിവ്യ-മാല്യാവൃതം | ദിവ്യമാല്യങ്ങൾ ചാർത്തപ്പെട്ടതും |
| ശുഭം, | സ്വച്ഛമായതും, |
| തപ്തകാഞ്ചന-തോരണം തു | തങ്കക്കമാനങ്ങളാർന്നതും ആയ |
| സുഗ്രീവസ്യ | സുഗ്രീവന്റെ |
| രമ്യം ഗൃഹം, | മനോഹരമായ രാജധാ[നിയിൽ, |
| ഭാസ്കരഃ | ആദിത്യൻ |
| മഹാഭ്രം | വൻമേഘത്തിനുള്ളിൽ |
| ഇവ, | എന്നപോലെ, |
| അവാര്യമാണഃ | തടവററവനായി |
| പ്രവിവേശ. | പ്രവേശിച്ചു. |

സ സപ്ത കക്ഷ്യാ ധർമ്മാത്മാ നാനാജനസമാകുലാഃ
പ്രവിശ്യ സുമഹദ്ഗുപ്തം ദദർശാന്തഃപുരം മഹത് 19
ഹൈമരാജതപര്യങ്കൈർബഹുഭിശ്ച വരാസനൈഃ
മഹാർഹാസ്തരണോപേതൈസ്തത്ര തത്രോപശോഭിതം. 20

| | |
|---|---|
| സഃ ധർമ്മാത്മാ | ആ ധർമ്മാത്മാവ് |
| നാനാജന-സമാകുലാഃ | പലജനങ്ങൾ തിങ്ങിനിന്നിരുന്ന |
| സപ്ത കക്ഷ്യാഃ | ഏഴുകെട്ടുകളെയും |
| പ്രവിശ്യ, | കടന്ന്, |
| സുമഹദ്ഗുപ്തം | നല്ലജാഗ്രതയോടെ രക്ഷിക്കപ്പെട്ടതും |
| ഹൈമരാജത-പര്യങ്കൈഃ | പൊൻ, വെള്ളി എന്നവകൊണ്ടുള്ള കട്ടിലുകളാലും, |
| തത്ര തത്ര | അവിടവിടെ |
| മഹാർഹാസ്തര-ണോപേതൈഃ | വിലയേറിയ വിരിപ്പുകളാർന്ന |
| ബഹുഭിഃ | അനേകം |
| വരാസനൈഃ ച | വിശേഷപ്പെട്ട ആസനങ്ങളാലും |
| ഉപശോഭിതം | ശോഭിക്കപ്പെട്ടതും ആയ |
| മഹത് | മഹത്തായ |
| അന്തഃപുരം | അന്തഃപുരത്തെ |
| ദദർശ. | കണ്ടു. |

പ്രവിശന്നേവ സ തതം ശുശ്രാവ മധുരസ്വനം
തന്ത്രീഗീതസമാകീർണ്ണം സമതാളപദാക്ഷരം 21

| | |
|---|---|
| സഃ | അദ്ദേഹം |
| പ്രവിശൻ ഏവ, | പ്രവേശിക്കുന്നവനായി തന്നെ |
| സമതാളപദാക്ഷരം | താളം, പദം, അക്ഷരം എന്നവ ഒത്തുള്ളതും |
| തന്ത്രീഗീതസമാകീർണ്ണം | വീണാഗാനത്തോടൊന്നിച്ച് എങ്ങും നിറഞ്ഞ് |
| തതം | വ്യാപിച്ചതായും ഉള്ള |
| മധുരസ്വനം | മനോഹര ശബ്ദത്തെ |
| ശുശ്രാവ. | ശ്രവിച്ചു. |

ബഹ്വീശ്ച വിവിധാകാരാ രൂപയൌവനഗർവ്വിതാഃ
സ്ത്രീയഃ സുഗ്രീവഭവനേ ദദർശ സ മഹാബലഃ. 22

| | |
|---|---|
| മഹാബലഃ | മഹാബലവാനായ |
| സഃ | ലക്ഷ്മണൻ |
| സുഗ്രീവഭവനേ, | സുഗ്രീവ രാജധാനിയിൽ, |
| വിവിധാകാരാഃ | പലവടിവാൎന്നവരും |
| രൂപയൌവ്വനഗർവ്വിതാഃ | സൌന്ദൎയ്യം യൌവ്വനം എന്നവകൊണ്ട് മദം പൂണ്ടവരും ആയ |
| ബഹ്വീഃ | അനേകം |
| സ്ത്രീയഃ ച | സ്ത്രീകളേയും |
| ദദർശ. | കണ്ടു. |

ദൃഷ്ട്വാഭിജനസംപന്നാശ്ചിത്രമാല്യകൃതസ്രജഃ
ഫലമാല്യകൃതവ്യഗ്രാ ഭൂഷണോത്തമഭൂഷിതാഃ 23
നാതൃപ്താന്നാപി ചാവ്യഗ്രാൻ നാനുദാത്തപരിച്ഛദാൻ
സുഗ്രീവാനുചരാംശ്ചാപി ലക്ഷയാമാസ ലക്ഷ്മണഃ. 24

| | |
|---|---|
| ലക്ഷ്മണഃ, | ലക്ഷ്മണൻ, |
| അഭിജനസംപന്നാഃ | സത്കുലജാതകളും |
| ചിത്രമാല്യകൃതസ്രജഃ | ഭംഗിയുള്ള പൂക്കളാൽ കെട്ടപ്പെട്ട മാലകളോടു കൂടിയവരും, |
| ഫലമാല്യകൃതവ്യഗ്രാഃ | ഫലങ്ങളും പുഷ്പങ്ങളും കൊണ്ടുവരുന്നതിൽ ശ്രദ്ധയോടു കൂടിയവരും |
| ഭൂഷണോത്തമഭൂഷിതാഃ | ഉത്തമ ഭൂഷണങ്ങളണിഞ്ഞവരും ആയ അവരെ |
| ദൃഷ്ട്വാ, | നിരീക്ഷിച്ചതോടുകൂടി, |
| സുഗ്രീവാനുചരാൻ ച | സുഗ്രീവന്റെ ആൾക്കാരേയും |
| അതൃപ്താൻ അപി | അസംതൃപ്തി പൂണ്ടവരായി |
| ലക്ഷയാമാസ ന; | കണ്ടില്ല; |
| അവ്യഗ്രാൻ ച ന | അശ്രദ്ധയുള്ളവരായും കണ്ടില്ല; |
| അനുദാത്തപരിച്ഛദാൻ അപി | നല്ല വസ്ത്രാലങ്കാരങ്ങളില്ലാത്തവരായും |
| ന. | കണ്ടില്ല. |

കൂജിതം നൂപുരാണാം ച കാഞ്ചീനാം നിസ്വനം തഥാ
സ നിശമ്യ തതഃ ശ്രീമാൻ സൌമിത്രിർലജ്ജിതോऽഭവത്. 25

| | |
|---|---|
| ശ്രീമാൻ | ശ്രീമാനായ |
| സഃ | ആ |
| സൌമിത്രിഃ, | ലക്ഷ്മണൻ, |
| നൂപുരാണാം | തളകളുടെ |
| കൂജിതം ച, | കിലുക്കത്തേയും, |
| കാഞ്ചീനാം | അരഞ്ഞാണുകളുടെ |
| നിസ്വനം തഥാ | ശബ്ദത്തേയും |
| നിശമ്യ, | കേട്ട്, |
| തതഃ | അതിനാൽ |
| ലജ്ജിതഃ | ലജ്ജപൂണ്ടവനായി |
| അഭവത്. | ഭവിച്ചു. |

[അയോദ്ധ്യയിലുള്ളതിനേക്കാൾ അധികം സൌഭാഗ്യത്തെ കണ്ടതിനാൽ ലജ്ജ (എന്നു തിലകം); പരസ്ത്രീ സാന്നിദ്ധ്യത്താൽ (എന്നു വ്യാഖ്യാനാന്തരങ്ങൾ); കാഞ്ചീനിസ്വനാദികൾ രതിക്രീഡാദ്യോതകങ്ങളാകയാൽ ലജ്ജ, എന്നു (ഗോ. രാ).]

രോഷവേഗപ്രകുപിതഃ ശ്രുത്വാ ചാഭരണസ്വനം
ചകാര ജ്യാസ്വനം വീരോ ദിശഃ ശബ്ദേന പൂരയൻ. 26

| | |
|---|---|
| വീരഃ, | വീരനായ അവൻ, |
| ആഭരണസ്വനം | ആഭരണങ്ങളുടെ |
| ശ്രുത്വാ, | കേട്ട്, [കിലുക്കത്തെ |
| രോഷവേഗപ്രകുപിതഃ, | കോപാതിശയത്തെ മുമ്പേതിലും അധികം ഉൾക്കൊണ്ടവനായി, |
| ദിശഃ | ദിക്കെല്ലാം |
| ശബ്ദേന | ഒച്ചകൊണ്ട് |
| പൂരയൻ ച, | മുഴങ്ങുമാറ്, |
| ജ്യാസ്വനം ചകാര. | ഞാണൊലിയിട്ടു. |

ചാരിത്രേണ മഹാബാഹുരപകൃഷ്ടഃ സ ലക്ഷ്മണഃ
തസ്ഥാവേകാന്തമാശ്രിത്യ രാമകോപസമന്വിതഃ. 27

| | |
|---|---|
| രാമകോപസമന്വിതഃ | ശ്രീരാമന്റെ കോപത്തെത്തന്നെ മനസ്സിൽ ഓർത്തിരുന്ന |
| മഹാബാഹുഃ | മഹാബാഹുവായ |
| സഃ | ആ |
| ലക്ഷ്മണഃ, | ലക്ഷ്മണൻ, |
| ചാരിത്രേണ | അവിടെയുള്ള നടവടികൊണ്ട് |
| അപകൃഷ്ടഃ, | നീരസം പൂണ്ടവനായി, |
| ഏകാന്തം | ആരുമില്ലാതിരുന്ന ഒരു [ദിക്കിൽ |
| ആശ്രിത്യ | ചെന്ന് |
| തസ്ഥൌ. | കാത്തുനിന്നു. |

[" ചാരിത്രേണ അപകൃഷ്ടഃ "; (സ്ത്രീകളുടെ ഇടയിൽ പ്രവേശിക്കുന്നതു മര്യാദയല്ലാത്തതിനാൽ അപ്രകാരമുള്ള സദാചാരബുദ്ധിയാൽ വിലക്കപ്പെട്ടവനായി.) എന്നു തിലകം മുതലായവ.]

തേന ചാപസ്വനേനാഥ സുഗ്രീവഃ പ്ലവഗാധിപഃ
വിജ്ഞായാഗമനം ത്രസ്തഃ സഞ്ചചാല വരാസനാത്. 28

| | |
|---|---|
| പ്ലവഗാധിപഃ | വാനരാധിപനായ |
| സുഗ്രീവഃ | സുഗ്രീവൻ |
| തേന | ആ |
| ചാപസ്വനേന, | ഞാണൊലിയാൽ, |
| ആഗമനം | ലക്ഷ്മണന്റെ വരവിനെക്കുറിച്ച് |
| വിജ്ഞായ | ഓർത്ത് |
| ത്രസ്തഃ, | നടുങ്ങിയവനായി |
| അഥ | ഉടനെ |
| വരാസനാത് | ഉത്തമാസനത്തിൽനിന്നു |
| സഞ്ചചാല. | ചാടി എഴുന്നേറ്റു. |

അംഗദേന യഥാ മഹ്യം പുരസ്താത് പ്രതിവേദിതം
സുവ്യക്തമേഷ സംപ്രാപ്തഃ സൌമിത്രിർഭ്രാതൃവത്സലഃ. 29

| | | | |
|---|---|---|---|
| "പുരസ്താത് | "ആദ്യം | ഏഷഃ | ഇതാ |
| അംഗദേന | അംഗദനാൽ | സംപ്രാപ്തഃ | എഴുന്നെള്ളിയിരിക്കുന്ന |
| മഹ്യം | എന്നോട് | ഭ്രാതൃവത്സലഃ | ഭ്രാതൃവത്സലനായ [ത് |
| പ്രതിവേദിതം } യഥാ | അറിയിക്കപ്പെട്ട പ്രകാരംതന്നെ | സൌമിത്രിഃ } സുവ്യക്തം. | ലക്ഷ്മണൻതന്നെ. |

അംഗദേന സമാഖ്യാതോ ജ്യാസ്വനേന ച വാനരഃ
ബുബുധേ ലക്ഷ്മണം പ്രാപ്തം മുഖം ചാസ്യ വ്യശുഷ്യത. 30

| | | | |
|---|---|---|---|
| അംഗദേന | അംഗദനാൽ | പ്രാപ്തം | വന്നെത്തിയവനെന്നു് |
| സമാഖ്യാതഃ | മുമ്പേതന്നെ അറിയിക്കപ്പെട്ടവനായ | ബുബുധേ ; | ധരിച്ചു് ; |
| | | ച | അക്കാരണത്താൽ |
| വാനരഃ, | സുഗ്രീവൻ, | അസ്യ | ഈ സുഗ്രീവന്റെ |
| ജ്യാസ്വനേന | ഞാണൊലിയാൽ | മുഖം | മുഖം |
| ലക്ഷ്മണം ച | ലക്ഷ്മണനെ തത്സമയം | വ്യശുഷ്യത. | വാടിയതായി ഭവിച്ചു. |

തതസ്താരാം ഹരിശ്രേഷ്ഠഃ സുഗ്രീവഃ പ്രിയദർശനാം
ഉവാച ഹിതമവ്യഗ്രസ്ത്രാസസംഭ്രാന്തമാനസഃ. 31

| | | | |
|---|---|---|---|
| ഹരിശ്രേഷ്ഠഃ | വാനരോത്തമനായ | പ്രിയദർശനാം | സുന്ദരിയായ |
| സുഗ്രീവഃ, | സുഗ്രീവൻ, | | |
| ത്രാസ-സംഭ്രാന്ത-മാനസഃ | } ഭയം മൂലം അമ്പരന്ന ചിത്തത്തോടുകൂടിയവനായി | താരാം, | താരയെനോക്കി, |
| തതഃ | അപ്രകാരമിരുന്നിട്ടും | ഹിതം | സമയോചിതമാംവണ്ണം |
| അവ്യഗ്രഃ | { സമയത്തിനുതക്കവണ്ണമുള്ള ജാഗ്രതയോടുകൂടിയവനായി | ഉവാച. | ഇപ്രകാരം അരുൾചെയ്തു. |

കിം നു തത്കാരണം സുഭ്രു പ്രകൃത്യാ മൃദുമാനസഃ
സരോഷ ഇവ സംപ്രാപ്തോ യേനാഽയം രാഘവാനുജഃ. 32

| | | | |
|---|---|---|---|
| "സുഭ്രു ! | "സുന്ദരി ! | സരോഷഃ ഇവ | അത്യന്തം കോപാക്രാന്തനായി |
| പ്രകൃത്യാ | സ്വാഭാവികമായിത്തന്നെ | സംപ്രാപ്തഃ } യേന, | എഴുന്നെള്ളിയിരിക്കുന്നതിനാൽ, |
| മൃദുമാനസഃ | മൃദുമനസ്കനായ | | |
| അയം | ഈ | തത്കാരണം | അതിനുള്ള കാരണം |
| രാഘവാനുജഃ, | ലക്ഷ്മണൻ, | കിം നു ? | എന്തായിരിക്കും ? |

കിം പശ്യസി കുമാരസ്യ രോഷസ്ഥാനമനിന്ദിതേ
ന ഖല്വകാരണേ കോപമാഹരേന്നരസത്തമഃ. 33

| | |
|---|---|
| "നരസത്തമഃ | "പുരുഷോത്തമനായ അദ്ദേഹം |
| അകാരണേ | നിഷ്കാരണമായി |
| കോപം അഹരേത് ന; | കോപം കയ്ക്കൊൾകയില്ല; |
| ഖലു, | ആകയാൽ, |
| അനിന്ദിതേ! | അനഘയായവളേ! |
| കുമാരസ്യ | ആ രാജകുമാരന്റെ |
| രോഷസ്ഥാനം | കോപകാരണത്തെ |
| കിം പശ്യസി? | എന്തെന്നാണ് ഭവതി വിചാരിക്കുന്നത്? |

യദസ്യ കൃതമസ്മാഭിർബുധ്യസേ കിഞ്ചിദപ്രിയം
തദ്ബുദ്ധ്യാ സമ്പ്രധാര്യാശു ക്ഷിപ്രമർഹസി ഭാഷിതും. 34

| | |
|---|---|
| "അസ്മാഭിഃ | "നമ്മാൽ |
| അസ്യ | ഇദ്ദേഹത്തിന്ന് |
| അപ്രിയം | ഇഷ്ടമല്ലാത്ത |
| കിഞ്ചിത് | വല്ലതും |
| കൃതം | ചെയ്യപ്പെട്ടതായി |
| ബുധ്യസേ യത് | ഭവതി ഊഹിക്കുന്നുവെന്നാൽ |
| തത് | അതിനെ |
| ആശു | ഉടനെ |
| ബുദ്ധ്യാ | സൂക്ഷ്മബുദ്ധികൊണ്ട് |
| സമ്പ്രധാര്യ | വിവേചനംചെയ്ത് |
| ക്ഷിപ്രം | താമസിയാതെ |
| ഭാഷിതും അർഹസി. | എന്നോട് അറിയിച്ചാലും. |

[22-ാംസർഗ്ഗത്തിൽ "സുഷേണദുഹിതാ ചേയമർത്ഥസൂക്ഷ്മവിനിശ്ചയേ," എന്നിത്യാദിയായി താരയുടെ ഊഹാപോഹസാമർത്ഥ്യത്തെക്കുറിച്ചു ബാലി ഉപദേശിച്ചിരിക്കുന്നതിനാൽ, ദുർഘടമായ ഈ അവസ്ഥയിൽ താരയുടെ ഉപദേശത്തെ സുഗ്രീവൻ ആവശ്യപ്പെടുന്നു, എന്നു ബോദ്ധ്യം.]

അഥവാ സ്വയമേവൈനം ദ്രഷ്ടുമർഹസി ഭാമിനി
വചനൈഃ സാന്ത്വയുക്തൈശ്ച പ്രസാദയിതുമർഹസി. 35

| | |
|---|---|
| "ഭാമിനി! | സുന്ദരി! |
| അഥവാ | അല്ലെന്നാൽ |
| സ്വയം ഏവ | ഭവതിതന്നെ |
| ഏനം | ഇദ്ദേഹത്തെ |
| ദ്രഷ്ടും അർഹസി; | നേരിൽ ചെന്നുകണ്ടാലും; |
| സാന്ത്വയുക്തൈഃ | കോപശാന്തിവരുത്തത്തക്ക |
| വചനൈഃ ച, | വാക്യങ്ങളെക്കൊണ്ട്, |
| പ്രസാദയിതും അർഹസി. | പ്രസാദിപ്പിച്ചാലും. |

ത്വദ്ദർശനവിശുദ്ധാത്മാ ന സ കോപം കരിഷ്യതി
ന ഹി സ്ത്രീഷു മഹാത്മാനഃ ക്വചിത് കുർവ്വന്തി ദാരുണം. 36

| | |
|---|---|
| "സഃ | "അദ്ദേഹം |
| ത്വദ്ദർശനവിശുദ്ധാത്മാ | ഭവതിയെ കണ്ടതിനാൽ ശാന്തചിത്തനായി |
| കോപം | കോപത്തെ |
| കരിഷ്യതി ന; | കയ്ക്കൊൾകയില്ല; |
| ഹി | എന്തെന്നാൽ |
| മഹാത്മാനഃ | സജ്ജനങ്ങൾ |
| സ്ത്രീഷു | സ്ത്രീകളുടെ സംഗതിയിൽ |
| ക്വചിത് | ഒരിക്കലും |
| ദാരുണം | മനസ്സിനെ വേദനിപ്പിക്കത്തക്കവണ്ണം |
| കുർവ്വന്തി ന. | പെരുമാറുകയില്ല. |

ത്വയാ സാന്ത്വൈരുപക്രാന്തം പ്രസന്നേന്ദ്രിയമാനസം
തതഃ കമലപത്രാക്ഷം ദ്രക്ഷ്യാമ്യഹമരിന്ദമം. 37

| | | | |
|---|---|---|---|
| "കമല-പത്രാക്ഷം | ചെന്താർദളനേത്രനും | ഉപക്രാന്തം, | കോപം നീങ്ങിയവനായി |
| അരിന്ദമം | ശത്രുനാശനനും ആയ അദ്ദേഹത്തെ, | പ്രസന്നേ-ന്ദ്രിയമാനസം | ഇന്ദ്രിയങ്ങളും മനസ്സും തെളിഞ്ഞവനായി |
| ത്വയാ | ഭവതിയാൽ | തതഃ | അതിൽ പിന്നെ |
| സാന്ത്വൈഃ | ഓതപ്പെട്ട നല്ലവാക്കുകൾ കൊണ്ട് | അഹം | ഞാൻ |
| | | ദ്രക്ഷ്യാമി." | കണ്ടുകൊള്ളാം." |

സാ പ്രസ്ഖലന്തീ മദവിഹ്വലാക്ഷീ പ്രലംബകാഞ്ചീഗുണഹേമസൂത്രാ
സലക്ഷണാ ലക്ഷ്മണസന്നിധാനം ജഗാമ താരാ നമിതാംഗയഷ്ടിഃ 38

| | | | |
|---|---|---|---|
| സാ താരാ | ആ താര | നമിതാംഗ-യഷ്ടിഃ | വിനയത്താൽ നമ്രമായ ശരീരത്തോടു കൂടിയവളായി |
| പ്രസ്ഖലന്തീ | അടിക്കുഴഞ്ഞ് നടക്കുന്നവളായി, | സലക്ഷണാ | താൻ ചെയ്യേണ്ടതായ കൃത്യത്തിന്ന് അധികാരം ലഭിച്ചവളായി |
| മദവിഹ്വ-ലാക്ഷി | മധുലഹരിയാൽ ഉഴറിയ നേത്രങ്ങളോടു കൂടിയവളായി, | | |
| പ്രലംബ-കാഞ്ചീ-ഗുണഹേമ-സൂത്രാ, | തളൎന്നു കിടക്കുന്ന പൊൻ നൂലോടും അരഞ്ഞാണോടും കൂടിയവളായി, | ലക്ഷ്മണ-സംനിധാനം | ലക്ഷ്മണന്റെ സന്നിധിയിൽ |
| | | ജഗാമ. | ചെന്നു ചേൎന്നു. |

["സാ":—"യേനൈവബാണേന ഗതഃ പ്രിയോ മേ തേനൈവ മാം ത്വം ജഹി സായകേന" എന്ന്, തന്നെയും അതേബാണംകൊണ്ടുതന്നെ വധിപ്പാനായി ശ്രീരാമനോട് ആവശ്യപ്പെട്ടവളായ അവൾ; അഥവാ "സ്വയമേവൈനം ദ്രഷ്ടുമർഹസി ഭാമിനി" എന്നു സുഗ്രീവനാൽ ആവശ്യപ്പെടപ്പെട്ടവളായ അവൾ (രാമാനുജീയം); "പ്രസ്ഖലന്തീ" (കാന്തന്റെ സംശ്ലേഷത്താൽ ഉള്ള ആയാസത്താൽ ഇടറിനടക്കുന്നവൾ), ഗൊ-രാ; "പ്രലംബകാഞ്ചീഗുണഹേമസൂത്രാ" (ശയനത്തിൽ ദുകൂലം ശിഥിലമായതിനാൽ, കാഞ്ചീഗുണം, ഹേമസൂത്രം, എന്നിവയും തളൎന്നിരിക്കുന്നവൾ), ഗൊ-രാ; 'ഹേമാത്മകാനി സൂത്രാണി തന്തവഃ യസ്മിൻ വസ്ത്രേ തത് ഹേമസൂത്രം', (സ്വൎണ്ണമയമായ നൂലുകൾ യാതൊന്നിൽ ഉണ്ടോ ആയത് ഹേമസൂത്രം കസവുവസ്ത്രം, (എന്നു താല്പൎയ്യം), അരഞ്ഞാണും, കസവുവസ്ത്രവും തളൎന്നിരിക്കുന്നവൾ, എന്ന് (സ); "സലക്ഷണാ" സംഭോഗലക്ഷണങ്ങളോടുകൂടിയവൾ). ഗൊ-രാ; "നമിതാംഗയഷ്ടിഃ" സ്തനഭാരത്താൽ നമ്രമായ ശരീരത്തോടുകൂടിയവൾ. (സ).]

സ താം സമീക്ഷ്യൈവ ഹരീശപത്നീം
തസ്ഥാവുദാസീനതയാ മഹാത്മാ
അവാങ്മുഖോഽഭൂന്മനുജേന്ദ്രപുത്രഃ
സ്ത്രീസന്നികൎഷാദ്വിനിവൃത്തകോപഃ. 39

| | | | |
|---|---|---|---|
| മഹാത്മാ | മഹാത്മാവും | തസ്ഥൌ; | ഒന്നും മിണ്ടാതിരുന്നു; |
| മനുജേന്ദ്രപുത്രഃ | ചക്രവൎത്തികുമാരനും | സ്ത്രീസംനി-കൎഷാത് | സ്ത്രീസാമീപ്യത്താൽ |
| സഃ, | ആ ലക്ഷ്മണൻ, [ആയ | | |
| ഹരീശപത്നീം | വാനരേന്ദ്ര പത്നിയായ | അവാങ്മുഖഃ | തല കുനിച്ചവനായി |
| താം സമീക്ഷ്യ, | അവളെ കണ്ട്, | വിനിവൃത്ത-കോപഃ | കോപം നീങ്ങിയവനായി |
| ഉദാസീനതയാ ഏവ | ഉദാസീനഭാവത്തിൽ തന്നെ | അഭൂത്. | ഭവിച്ചു. |

സാ പാനയോഗാദ്വിനിവൃത്തലജ്ജാ
ദൃഷ്ടിപ്രസാദാച്ച നരേന്ദ്രസൂനോഃ
ഉവാച താരാ പ്രണയപ്രഗല്ഭം
വാക്യം മഹാത്ഥം പരിസാന്ത്വപൂർവ്വം. 40

| | |
|---|---|
| സാ താരാ, | ആ താര, |
| നരേന്ദ്രസൂനോഃ | ചക്രവർത്തികുമാരന്റെ |
| ദൃഷ്ടിപ്രസാദാത് | പ്രസന്നതയാന്ന നോട്ടത്താലും |
| പാനയോഗാത് ച, | (തന്മൂലം) ലബ്ധമെന്നറിഞ്ഞ രക്ഷയാലും, |
| വിനിവൃത്തലജ്ജാ, | സങ്കോചംവിട്ടവളായി, |
| പ്രണയപ്രഗല്ഭം | ആശ്രയഭാവത്തെ പ്രത്യക്ഷീകരിക്കുന്നതും |
| മഹാത്ഥം | സത്ഫലയുക്തവും |
| പരിസാന്ത്വപൂർവ്വം | അകം കുളൎപ്പിക്കത്തക്കതും ആയ |
| വാക്യം | ഒരു വാക്യത്തെ |
| ഉവാച. | ഇപ്രകാരം ഉണർത്തിച്ചു. |

[" പാനയോഗാത് വിനിവൃത്തലജ്ജാ " (മദ്യപിച്ചതിനാൽ ലജ്ജവെടിഞ്ഞവളായി), എന്ന വ്യാഖ്യാന്തരങ്ങളും സ്പഷ്ടം].

കിം കോപമൂലം മനുജേന്ദ്രപുത്ര
കസ്തേ ന സംതിഷ്ഠതി വാങ്നിദേശേ
കഃ ശുഷ്കവൃക്ഷം വനമാപതന്തം
ദവാഗ്നിമാസീദതി നിർവ്വിശങ്കഃ. 41

| | |
|---|---|
| "മനുജേന്ദ്രപുത്ര! | " മഹാരാജകുമാര ! |
| കോപമൂലം | കോപത്തിന്നുള്ള കാരണം |
| കിം ? | എന്തു് ? |
| തേ | നിന്തിരുവടിയുടെ |
| വാങ്നിദേശേ | വാക്കാകുന്ന ആജ്ഞയിൽ |
| കഃ | ആരാണ് |
| സംതിഷ്ഠതി ന? | വർത്തിക്കാതിരിക്കുന്നതു് ? |
| ശുഷ്കവൃക്ഷം | ഉണങ്ങിയ മരങ്ങളൊന്ന |
| വനം | വനത്തിൽ |
| ആപതന്തം | പിടിപെട്ടിരിക്കുന്ന |
| ദവാഗ്നിം | കാട്ടുതീയിൽ |
| കഃ | ആരാണ് |
| നിർവ്വിശങ്കഃ | ശങ്കയററവനായി |
| ആസീദതി ? " | ചാടുന്നതു് ? " |

സ തസ്യാ വചനം ശ്രുത്വാ സാന്ത്വപൂർവ്വമശങ്കിതഃ
ഭൂയഃ പ്രണയദൃഷ്ടാത്ഥം ലക്ഷ്മണോ വാക്യമബ്രവീത്. 42

| | |
|---|---|
| സഃ | ആ |
| ലക്ഷ്മണഃ | ലക്ഷ്മണൻ |
| സാന്ത്വപൂർവ്വം | അകംകുളിൎപ്പിക്കുമാറുള്ള |
| തസ്യാഃ വചനം | അവളുടെ വാക്യത്തെ |
| ശ്രുത്വാ, | കേട്ടു്, |
| അശങ്കിതഃ, | സംശയമററവനായി, |
| ഭൂയഃ | അതിനുത്തരമായി |
| പ്രണയദൃഷ്ടാത്ഥം | മര്യാദയെ നല്ലപോലെ പ്രദർശിപ്പിക്കുന്ന അത്ഥവത്തായ |
| വാക്യം | വാക്യത്തെ |
| അബ്രവീത്. | ഇപ്രകാരം അരുളിച്ചെയ്തു. |

കിമയം കാമവൃത്തസ്തേ ലുപ്തധർമ്മാർത്ഥസംഗ്രഹഃ
ഭർത്താ ഭർത്തൃഹിതേ യുക്തേ ന ചൈനമവബുധ്യസേ. 43

| | | | |
|---|---|---|---|
| " ഭർത്തൃഹിതേ | " ഭർത്താവിൻെറ നന്മയിൽ | ഏനം | ഇദ്ദേഹത്തെ |
| യുക്തേ ! | ആസക്തിയാൎന്നവളെ ! | കിം ച | എന്തുകൊണ്ടാണ് |
| തേ ഭർത്താ | ഭവതിയുടെ ഭർത്താ | അവബുധ്യ-സേ ന ? | ഭവതി (ഇപ്രകാരം ധർമ്മത്തെ ചെയ്യാതിരിക്കുന്നവനാണെന്ന്) ധരിക്കാതിരിക്കുന്നതു് ? |
| അയം | ഇദ്ദേഹം [വായ | | |
| കാമവൃത്തഃ | കാമവശഗനായി | | |
| ലുപ്തധർമ്മാർത്ഥ-സംഗ്രഹഃ ; | ധർമ്മം, അർത്ഥം, പരിശ്രമം എന്ന എല്ലാററിനെയും മറന്നിരിക്കുന്നു ; | | |

ന ചിന്തയതി രാജ്യസ്ഥോ ഹ്യസ്മാൻ ശോകപരായണാൻ
സാമാത്യപരിഷത് താരേ പാനമേവോപസേവതേ. 44

| | | | |
|---|---|---|---|
| " താരേ ! | " താരേ ! | സാമാത്യ-പരിഷത് | പരിവാരഗണങ്ങളൊന്നിച്ച് |
| രാജ്യസ്ഥഃ | രാജ്യപ്രാപ്തി വന്നവനായ അദ്ദേഹം, | പാനം ഏവ | മധുപാനം ഒന്നിനെത്തന്നെ |
| ശോക-പരായണാൻ | ശോകാവിഷ്ടന്മാരായ | ഉപസേവതേ. | സർവ്വോത്കൃഷ്ടമായി കയ്യാണ്ടിരിക്കുന്നു. |
| അസ്മാൻ ഹി | ഞങ്ങളെക്കുറിച്ചും | | |
| ചിന്തയതി ന ; | ഓർക്കാതിരിക്കുന്നു ; | | |

സ മാസാംശ്ചതുരഃ കൃത്വാ പ്രമാണം പ്ലവഗേശ്വരഃ
വ്യതീതാംസ്താൻ മദവ്യഗ്രോ വിഹരൻ നാവബുധ്യതേ. 45

| | | | |
|---|---|---|---|
| " പ്ലവഗേശ്വരഃ | " വാനരാധിപനായ | മദവ്യഗ്രഃ | മദോന്മത്തനായി |
| സഃ | അദ്ദേഹം | വിഹരൻ, | ഭോഗാസക്തനായി, |
| ചതുരഃ | നാലു | താൻ | അവ |
| മാസാൻ | മാസങ്ങളെ | വ്യതീതാൻ | കഴിഞ്ഞുപോയതായി |
| പ്രമാണം | അവധി | ന അവബുധ്യതേ. | അറിയാതിരിക്കുന്നു. |
| കൃത്വാ, | നിശ്ചയിച്ചശേഷം, | | |

ന ഹി ധർമ്മാർത്ഥസിദ്ധ്യർത്ഥം പാനമേവം പ്രശസ്യതേ
പാനാദർത്ഥശ്ച ധർമ്മശ്ച കാമശ്ച പരിഹീയതേ. 46

| | | | |
|---|---|---|---|
| " ഏവം | " ഇപ്രകാരം | പാനാത് | മദ്യപാനത്താൽ |
| പാനം, | മദ്യപാനമെന്നത് | അർത്ഥഃ | ധനം |
| ധർമ്മാർത്ഥ-സിദ്ധ്യർത്ഥം | ധർമ്മത്താൽ ലഭിക്കപ്പെടുന്നതായ പുരുഷാർത്ഥങ്ങളുടെ ലബ്ധിക്കായ് ഉതകുന്നതാണെന്ന് | പരിഹീയതേ ; | നശിച്ചുപോകുന്നു ; |
| | | ധർമ്മഃ | ധർമ്മവും |
| | | ച ; | നശിച്ചുപോകുന്നു ; |
| | | കാമഃ ച | കുടുംബസൌഖ്യവും |
| പ്രശസ്യതേ ന ഹി ; | എങ്ങും പറയപ്പെടുന്നില്ല ; | ച. | അപ്രകാരംതന്നെ ഇല്ലാതായ്പോകുന്നു. |

ധർമ്മലോപോ മഹാംസ്താവത് കൃതേ ഹ്യപ്രതികുർവ്വതഃ
അർത്ഥലോപശ്ച മിത്രസ്യ നാശേ ഗുണവതോ മഹാൻ. 47

"കൃതേ — "സഹായംചെയ്ത സംഗതിയിൽ
അപ്രതികുർവ്വതഃ, — പ്രത്യുപകാരം ചെയ്യാത്ത ഒരുവന്ന്,
താവത് ഹി — അക്കാരണത്താൽതന്നെ
മഹാൻ — മഹത്തായ
ധർമ്മലോപഃ; — ധർമ്മഭംശം ഉണ്ടാകുന്നതാകുന്നു;
ഗുണവതഃ — (അപ്രകാരം പ്രത്യുപകാരം ചെയ്യായ്കയാലുണ്ടാകുന്ന) ഉത്കൃഷ്ട
മിത്രസ്യ — സുഹൃത്തിന്റെ
നാശേ, — നാശത്തിൽ,
മഹാൻ — മഹത്തായ
അർത്ഥലോപഃ ച. — അർത്ഥഭംശവും ഉണ്ടാകുന്നതാകുന്നു.

['ച'കാരംകൊണ്ട് കാമലോപവും വിവക്ഷിക്കപ്പെടുന്നു എന്നു (ഗൊ-രാ) പ്രത്യുപകാരം ചെയ്യാത്തതിനാൽ മൈത്രിക്ക് ഭംഗംവരുന്നതുകൊണ്ട്, ഗുണവാനായ മിത്രൻ മൂലം ലഭിക്കുന്ന അർത്ഥത്തിനുള്ള ഹാനിയും, ധർമ്മലോപത്തിന്നു പുറമെ, ഉണ്ടാകുന്നു എന്നു സാരം.]

മിത്രം ഹ്യർത്ഥഗുണശ്രേഷ്ഠം സത്യധർമ്മപരായണം
തദ്ദ്വയം തു പരിത്യക്തം ന തു ധർമ്മേ വ്യവസ്ഥിതം. 48

അർത്ഥഗുണശ്രേഷ്ഠം — അർത്ഥലാഭത്തെ ശ്രേഷ്ഠമായികരുതുന്നവനും
സത്യധർമ്മപരായണം — വാസ്തവമായ ധർമ്മത്തിൽ താല്പര്യത്തോടുകൂടിയവനും (ഇങ്ങിനെ രണ്ടുപ്രകാരത്തിൽ)
മിത്രം ഹി; — ആകുന്നു മിത്രം;
തത് ദ്വയം തു — ഇക്കാര്യത്തിൽ ആ അർത്ഥം, ധർമ്മം എന്നവ രണ്ടും
പരിത്യക്തം; — (സുഗ്രീവനാൽ) ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു;
ധർമ്മേ തു — ആകയാൽ ഒരുമാതിരിയായ മിത്രധർമ്മത്തിലും
വ്യവസ്ഥിതം ന. — സുഗ്രീവനാൽ ഇപ്പോൾ സ്ഥിതിചെയ്യപ്പെട്ടില്ല.

["സത്യത്തിലും ധർമ്മത്തിലും താല്പര്യമുള്ള മിത്രം, അർത്ഥഗുണങ്ങൾക്ക് അതായത് അർത്ഥകാമങ്ങൾക്ക്, കാരണമാകയാൽ ആ അർത്ഥകാമങ്ങളെക്കാൾ ശ്രേഷ്ഠനാകുന്നു; അപ്രകാരമുള്ള മിത്രത്തെ പരിത്യജിക്കുന്നവനായ സുഗ്രീവനാൽ ആ അർത്ഥകാമങ്ങൾ രണ്ടും പരിത്യജിക്കപ്പെട്ടു, ധർമ്മത്തിലാകട്ടെ സ്ഥിതിചെയ്യപ്പെട്ടതുമില്ല. സുഗ്രീവൻ ധർമ്മാർത്ഥകാമങ്ങൾ എല്ലാററിനേയും ബഹിഷ്കരിച്ചവനാകുന്നു എന്നു സാരം." (ഗൊ-രാ.)

"അർത്ഥഗുണശ്രേഷ്ഠം" (അർത്ഥസാധനീഭൂതമായ ഭക്തവാത്സല്യാദി ഗുണങ്ങളാൽ, സർവ്വോൽകൃഷ്ടനും), "സത്യധർമ്മപരായണം." (സത്യത്തിന്നും വേദവിഹിതങ്ങളായ ധർമ്മങ്ങൾക്കും, അതായത് കർമ്മങ്ങൾക്കും, ആശ്രയമായിതത്തത്ഫലദാതാവായിരിക്കുന്നവനും), ആയ "തത് മിത്രം" (ആ മിത്രം), ഭവതിയുടെ ഭർത്താവിനാൽ കൈവെടിയപ്പെട്ടു. "അത ഏവ ധർമ്മേ ന വ്യവസ്ഥിതം" (അക്കാരണത്താൽ സനാതനമായ ധർമ്മം ത്യജിക്കപ്പെട്ടു); "തത്" (അക്കാരണത്താൽ) "ദ്വയം" (ഉഭയലോകസുഖവും) "പരിത്യക്തം" (ത്യജിക്കപ്പെട്ടു). എന്നു ശിരോമണി.

"ധർമ്മത്തിൽ ഈ സുഗ്രീവന്ന് താല്പര്യമില്ല; മിത്രന്നു ചെയ്യേണ്ടതായ സഹായത്തെ ചെയ്യുക എന്ന ഗുണത്താൽ ഉൽകൃഷ്ടതയാന്നവനും, പറഞ്ഞ വാക്കിളക്കാതിരിക്കുക എന്ന ധർമ്മം ഒന്നിൽ തന്നെ സ്ഥിരതയുള്ളവനും മാത്രമാണ് മിത്രമെന്നു പറയപ്പെടുന്നത്. (സുഗ്രീവന്റെ സംഗതിയിൽ) ഈ രണ്ടും ഇല്ലാതായിരിക്കുന്നു." (പി. എസ്. കൃ.)]

തദേവം പ്രസ്തുതേ കാൎയ്യേ കാൎയ്യമസ്മാഭിരുത്തരം
യത് കാൎയ്യം കാൎയ്യതത്വജ്ഞ തദുദാഹൎത്തുമൎഹസി. 49

| | | | |
|---|---|---|---|
| "കാൎയ്യ-തത്വജ്ഞ! | "കാൎയ്യത്തിന്റെ സാരം ഗ്രഹിക്കുന്നവളേ! | അസ്മാഭിഃ | ഞങ്ങളാൽ |
| തത് | ആയതുകൊണ്ടു് | ഉത്തരം കാൎയ്യം | ഇനിമേൽ ചെയ്യേണ്ടുന്നതായ |
| ഏവം | ഇപ്രകാരം | കാൎയ്യം | കൃത്യം |
| കാൎയ്യേ | കാൎയ്യം | യത് തത് | യാതൊന്നോ അതിനെ |
| പ്രസ്തുതേ, | ഇരിക്കയാൽ, | ഉദാഹൎത്തും അൎഹസി." | ഭവതിതന്നെ പറഞ്ഞാലും." |

സാ തസ്യ ധൎമ്മാൎത്ഥസമാധിയുക്തം
നിശമ്യ വാക്യം മധുരസ്വഭാവം
താരാ ഗതാൎത്ഥേ മനുജേന്ദ്രകാൎയ്യേ
വിശ്വാസയുക്തം തമുവാച ഭൂയഃ. 50

| | | | |
|---|---|---|---|
| സാ | ആ | നിശമ്യ, | കേട്ടു്, |
| താരാ, | താര, | വിശ്വാസ-യുക്തം | കാൎയ്യസാദ്ധ്യം വരുമെന്ന വിശ്വാസത്തോടുകൂടി വന്നിരിക്കുന്നവനായ |
| തസ്യ | ലക്ഷ്മണന്റെ | തം, | അദ്ദേഹത്തോടായി, |
| ധൎമ്മാൎത്ഥ-സമാധിയുക്തം | ധൎമ്മം, അൎത്ഥം, സമാധാനിപ്പിപ്പാനുള്ള മുറ, എന്നവയോടുകൂടിയതും | ഗതാൎത്ഥേ | ഒന്നുംചെയ്യാതെ താറുമാറായ്കിടക്കുന്നതായ |
| മധുര-സ്വഭാവം | ഒട്ടും അസുഖത്തെ ഉണ്ടാക്കാതിരിക്കുന്ന സ്വഭാവത്തോടുകൂടിയതും ആയ | മനുജേന്ദ്രകാൎയ്യേ | ശ്രീരാമന്റെ കാൎയ്യത്തെക്കുറിച്ചു്, |
| | | ഭൂയഃ | മറുപടിയായി |
| വാക്യം | ആ വാക്യത്തെ | ഉവാച. | ഇപ്രകാരം ഉണൎത്തിച്ചു. |

["ഗതാൎത്ഥേ" (പ്രയോജനവത്തായ) എന്നു ഗോ. രാ. "അഗതാൎത്ഥ" (ഭ്രഷ്ടപ്രയോജനമായതു്), എന്നും പാഠഭേദം. തിലകം ]

ന കോപകാലഃ ക്ഷിതിപാലപുത്ര
ന ചാതികോപഃ സ്വജനേ വിധേയഃ
ത്വദൎത്ഥകാമസ്യ ജനസ്യ തസ്യ
പ്രമാദമപ്യൎഹസി വീര സോഢും. 51

| | | | |
|---|---|---|---|
| "ക്ഷിതി-പാലപുത്ര! | "മഹാരാജകുമാര! | വിധേയഃ ന; | കയ്ക്കൊള്ളാവുന്നതല്ല; |
| | | വീര! | വീര! |
| കോപകാലഃ | കോപിപ്പാനുള്ള കാലം | ത്വദൎത്ഥ-കാമസ്യ അപി | നിന്തിരുവടിയുടെ കാൎയ്യത്തിൽ ആസക്തിയോടെ വൎത്തിക്കുന്നവനായ |
| ന; | അല്ല; | | |
| സ്വജനേ | സ്വജനത്തിന്റെ സംഗതിയിൽ | തസ്യ ജനസ്യ | ആ ദാസന്റെ |
| | | പ്രമാദം | കുററത്തെ |
| അതികോപഃ ച | അതിയായ കോപമെന്നതും | സോഢും അൎഹസി. | നിന്തിരുവടി ക്ഷമിച്ചരുളിയാലും. |

കോപം കഥം നാമ ഗുണപ്രകൃഷ്ടഃ
കുമാര കുർയ്യാദപകൃഷ്ടസത്ത്വേ
കസ്ത്വദ്വിധഃ കോപവശം ഹി ഗച്ഛേത്
സത്ത്വാവരുദ്ധസ്തപസഃ പ്രസൂതിഃ. 52

| | | | |
|---|---|---|---|
| "കുമാര! | "രാജപുത്ര! | സത്ത്വാവരുദ്ധഃ | സദ്ഗുണ സമൃദ്ധിയാർന്നവനായി |
| ഗുണപ്രകൃഷ്ടഃ, | ഉത്തമഗുണസമ്പന്നനായ ഒരുവൻ, | തപസഃ | ക്ഷമയ്ക്കു് |
| അപകൃഷ്ടസത്ത്വേ | ഗുണഹീനനായ ഒരുവന്റെ സംഗതിയിൽ | പ്രസൂതിഃ | ജന്മസ്ഥാനമായ |
| കോപം | കോപത്തെ | ത്വദ്വിധഃ | അങ്ങേപ്പോലെയുള്ള |
| | | കഃ ഹി | ഏതൊരുവനാണ് |
| കഥം നാമ കുർയ്യാത്? | എങ്ങിനെ കയ്യൊള്ളാം? | കോപവശം ഗച്ഛേത്. | കോപാധീനനായി ഭവിക്കുന്നതു്? |

ജാനാമി കോപം ഹരിവീരബന്ധോർ-
ജ്ജാനാമി കാർയ്യസ്യ ച കാലസംഗം
ജാനാമി കാർയ്യം ത്വയി യത് കൃതം ന-
സ്തച്ചാപി ജാനാമി യദത്ര കാർയ്യം. 53

| | | | |
|---|---|---|---|
| "ഹരിവീരബന്ധോഃ | "വാനരാധിപനെ സഹായിച്ചു് സംരക്ഷിച്ച അദ്ദേഹത്തിന്റെ | നഃ | ഞങ്ങൾക്കുവേണ്ടി |
| | | യത് കാർയ്യം | യാതൊരു കാർയ്യം |
| കോപം | കോപത്തെ | കൃതം തു | ചെയ്യപ്പെട്ടുവൊ അതിനെയും |
| ജാനാമി; | ഞാൻ അറിയുന്നുണ്ടു്; | ജാനാമി; | ഞാൻ അറിയുന്നുണ്ടു്; |
| കാർയ്യസ്യ | കാർയ്യത്തിന്നായി | അത്ര | ഇക്കാർയ്യത്തിൽ |
| കാലസംഗം ച | ഏൎപ്പെടുത്തപ്പെട്ട കാലം തെററിപ്പോയതിനേയും | യത് കാർയ്യം ച | യാതൊന്നു ഞങ്ങളാൽ ചെയ്യേണ്ടതായുണ്ടൊ |
| ജാനാമി; | ഞാൻ അറിയുന്നുണ്ടു്; | തത് അപി | അതും |
| അയി! | അല്ലെ സ്വാമിൻ! | ജാനാമി. | ഞാൻ അറിയുന്നുണ്ടു്. |

തച്ചാപി ജാനാമി യഥാഽവിഷഹ്യം
ബലം നരശ്രേഷ്ഠ ശരീരജസ്യ
ജാനാമി യസ്മിംശ്ച ജനോഽവബദ്ധം
കാമേന സുഗ്രീവമസക്തമദ്യ. 54

| | | | |
|---|---|---|---|
| "നരശ്രേഷ്ഠ! | "പുരുഷോത്തമ! | സുഗ്രീവം, | സുഗ്രീവനെ, |
| ശരീരജസ്യ | മനസിജന്റെ | യസ്മിൻ | യാതൊരു |
| ബലം യഥാ | ശക്തി എപ്രകാരം | ജനേ | ജനത്തിൽ |
| അവിഷഹ്യം ച | സഹിക്കപ്പെടുവാൻ കഴിയാത്തതാണ് എന്നുള്ള | അവബദ്ധം | സക്തനായി, |
| | | അദ്യ | ഇപ്പോൾ |
| തത് അപി | ആ സംഗതിയെക്കുറിച്ചും | കാമേന അസക്തം ച | കാമത്താൽ മതിമറന്നിരിക്കുന്നവനായും |
| ജാനാമി; | ഞാൻ അറിയും; | ജാനാമി. | ഞാൻ അറിയും. |

ന കാമതന്ത്രേ തവ ബുദ്ധിരസ്തി
ത്വം വൈ യഥാ മന്യുവശം പ്രപന്നഃ
ന ദേശകാലൗ ഹി ന ചാൎത്ഥധൎമ്മാ-
വപേക്ഷതേ കാമരതിൎമ്മനുഷ്യഃ. 55

| | | | |
|---|---|---|---|
| "തവ | "നിന്തിരുവടിക്ക് | കാമരതിഃ | കാമാസക്തനായ |
| കാമതന്ത്രേ | കാമത്താൽ ഉളവാകുന്ന സൌഖ്യത്തിൽ | മനുഷ്യഃ | മനുഷ്യൻ |
| ബുദ്ധിഃ | അനുഭവം | ദേശകാലൗ | നിയമം, കാലം എന്നിവയേയും |
| അസ്തി ന; | ഇല്ല; | അൎത്ഥധൎമ്മൗ ച | അൎത്ഥം, ധൎമ്മം എന്നിവയേയും |
| യഥാ വൈ, | അതിനാൽതന്നെയാണ്, | അപേക്ഷതേ ഹി ന. | വകവെക്കുന്നതേയില്ല. |
| ത്വം | നിന്തിരുവടി | | |
| മന്യുവശം പ്രപന്നഃ; | കോപാധീനനായിത്തീൎന്നു; | | |

തം കാമവൃത്തം മമ സംനികൃഷ്ടം
കാമാഭിയോഗാച്ച വിമുക്തലജ്ജം
ക്ഷമസ്വ താവത് പരവീരഹന്ത-
സ്ത്വദ്ഭ്രാതരം വാനരവംശനാഥം. 56

| | | | |
|---|---|---|---|
| "പരവീരഹന്തഃ | "അല്ലേ ശത്രുവീരധ്വംസക! | കാമാഭിയോഗാത് | കാമാവേഗത്താൽ |
| വാനരവംശനാഥം | വാനരകുലാധിപനും | വിമുക്തലജ്ജം | ലജ്ജയററ് |
| ത്വദ്ഭ്രാതരം | അവിടുത്തെ ആത്മമിത്രവും | താവത് | തീരെ |
| മമ | എന്റെ | കാമവൃത്തം ച | കാമവൃത്തിയിൽ മുങ്ങിക്കിടക്കുന്നവനും ആയ |
| സംനികൃഷ്ടം | അരികിൽ വൎത്തിക്കുന്നവനായി | തം | അദ്ദേഹത്തെ |
| | | ക്ഷമസ്വ. | ക്ഷമിച്ചരുളിയാലും. |

മഹൎഷയോ ധൎമ്മതപോഽഭികാമാഃ
കാമാനുകാമാഃ പ്രതിബദ്ധമോഹാഃ
അയം പ്രകൃത്യാ ചപലഃ കപിസ്തു
കഥം ന സജ്ജേത സുഖേഷു രാജാ. 57

| | | | |
|---|---|---|---|
| "ധൎമ്മതപോഽഭികാമാഃ | "ധൎമ്മത്തിലും മനോനിയമനത്തിലും തല്പരന്മാരായ | പ്രകൃത്യാ | സ്വാഭാവികമായിതന്നെ |
| | | ചപലഃ | ചാപല്യമുള്ളവനും |
| | | കപിഃ | വാനരനും |
| മഹൎഷയഃ തു, | മഹൎഷിമാരുംകൂടി, | രാജാ | രാജാവും ആയ |
| കാമാനുകാമാഃ | കാമസുഖേച്ഛുക്കളായി | അയം | ഇദ്ദേഹം |
| | | സുഖേഷു | സുഖഭോഗങ്ങളിൽ |
| പ്രതിബദ്ധമോഹാഃ; | അജ്ഞതയിലകപ്പെട്ടുപോയിരിക്കുന്നു; | കഥം സജ്ജേത ന?" | എങ്ങിനെ സക്തനാകാതിരിക്കും?" |

ഇത്യേവമുക്ത്വാ വചനം മഹാർത്ഥം
സാ വാനരീ ലക്ഷ്മണമപ്രമേയം
പുനഃ സഖേലം മദവിഹ്വലം ച
ഭർത്തുർഹിതം വാക്യമിദം ബഭാഷേ. 58

| | |
|---|---|
| സാ | ആ |
| വാനരീ, | വാനരരാജ്ഞി, |
| അപ്രമേയം | അചിന്ത്യമഹിമാവായ |
| ലക്ഷ്മണം | ലക്ഷ്മണനോടായി |
| ഇതി ഏവം | മേൽപ്രകാരം |
| മഹാർത്ഥം | അത്യന്തസാരവത്തായ |
| വചനം | വാക്യത്തെ |
| ഉക്ത്വാ, | ഉരചെയ്തു്, |
| പുനഃ | വീണ്ടും |
| മദവിഹ്വലം | സന്തോഷത്താലുള്ള സംഭ്രമത്തോടുകൂടിയതും |
| സഖേലം | വിശ്വാസജനകവും |
| ഭർത്തുഃ | ഭർത്താവിന്നു |
| ഹിതം ച | ഹിതകരവുമായ |
| ഇദം വാക്യം | ഈ വാക്യത്തെ |
| ബഭാഷേ. | ഉരചെയ്തു. |

[“മദവിഹ്വലം” (ലഹരിയാൽ വ്യാകുലമായ); (‘സഖേലം’) (ലീലയായി) എന്നു വ്യാഖ്യാനാന്തരങ്ങൾ].

ഉദ്യോഗസ്തു ചിരാജ്ഞപ്തഃ സുഗ്രീവേണ നരോത്തമ
കാമസ്യാപി വിധേയേന തവാർത്ഥപ്രതിസാധനേ. 59

| | |
|---|---|
| “നരോത്തമ! | “പുരുഷോത്തമ! |
| അർത്ഥപ്രതിസാധനേ, | കാര്യപൂർത്തി വരുത്തേണ്ടുന്ന സംഗതിയിൽ |
| തവ | നിന്തിരുവടിയുടെ |
| കാമസ്യ | ഇഷ്ടത്തിന്നു |
| വിധേയേന അപി | അധീനനായിത്തന്നെ വർത്തിക്കുന്നവനായ |
| സുഗ്രീവേണ, | സുഗ്രീവനാൽ, |
| ഉദ്യോഗഃ തു | ചെയ്യേണ്ടതായ പരിശ്രമവും |
| ചിരാജ്ഞപ്തഃ. | മുമ്പതന്നെ ആജ്ഞാപിക്കപ്പെട്ടുകഴിഞ്ഞു. |

ആഗതാ ഹി മഹാവീര്യാ ഹരയഃ കാമരൂപിണഃ
കോടീശതസഹസ്രാണി നാനാനഗനിവാസിനഃ. 60

| | |
|---|---|
| “നാനാനഗനിവാസിനഃ | “പലപല ഗിരികളിൽ വാസംചെയ്യുന്നവരും |
| മഹാവീര്യാഃ | മഹാബലശാലികളും |
| കാമരൂപിണഃ | ഇഷ്ടമുള്ള രൂപം കൈക്കൊള്ളാവുന്നവരും ആയ |
| ഹരയഃ | വാനരന്മാർ |
| കോടീശതസഹസ്രാണി ഹി | കോടിക്കണക്കായും ലക്ഷക്കണക്കായും |
| ആഗതാഃ. | വന്നുചേർന്നിട്ടുണ്ടു്. |

തദാഗച്ഛ മഹാബാഹോ ചാരിത്രം രക്ഷിതം ത്വയാ
അച്ഛലം മിത്രഭാവേന സതാം ദാരാവലോകനം. 61

| | | | |
|---|---|---|---|
| "മഹാബാഹോ! | "മഹാബാഹുവായവനേ! | ദാരാവലോകനം | മിത്രഭാര്യമാരെ കാണുകയെന്നതു് |
| ത്വയാ | നിന്തിരുവടിയാൽ | അശ്ലീലം; | അധർമ്മമല്ല; |
| ചാരിത്രം | വേണ്ടതുക്ക മര്യാദ | തത് | ആകയാൽ |
| രക്ഷിതം; | കാണിക്കപ്പെട്ടു; | ആഗച്ഛ." | അകത്തു പ്രവേശിച്ചാലും." |
| സതാം | സജ്ജനങ്ങൾക്കു് | | |
| മിത്രഭാവേന | സ്നേഹംമൂലം | | |

[" ചാരിത്രം " സുഹൃത്തിനെ സ്വകൃത്യത്തെക്കുറിച്ചു്, ഉദ്ബോധിപ്പിക്കുക എന്ന ധർമ്മം; വികാരയുക്തനായല്ലാതെ മിത്രഭാവത്തിൽ അന്തഃപുരത്തിൽ പ്രവേശിച്ചതിനാലുള്ള മര്യാദ, അന്തഃപുരസ്ത്രീനിരീക്ഷണം മര്യാദയല്ലെന്നുവെച്ചു് വെളിയിൽ വർത്തിച്ചതായ മര്യാദ; ഇത്യാദി.]

താരയാ ചാഭ്യനുജ്ഞാതസ്ത്വരയാ ചാപി ചോദിതഃ
പ്രവിവേശ മഹാബാഹുരഭ്യന്തരമരിന്ദമഃ. 62

| | | | |
|---|---|---|---|
| മഹാബാഹുഃ | മഹാബാഹുവും | ത്വരയാ അപി | കാര്യത്തിന്റെ തിടുക്കത്താൽ |
| അരിന്ദമഃ, | ജിതേന്ദ്രിയനുമായ ലക്ഷ്മണൻ, | ചോദിതഃ ച | പ്രേരിതനാകയാലും |
| താരയാ | താരയാൽ | അഭ്യന്തരം | അന്തഃപുരത്തിൽ |
| അഭ്യനുജ്ഞാതഃ ച, | ക്ഷണിക്കപ്പെട്ടവനായും | പ്രവിവേശ. | പ്രവേശിച്ചു. |

തതഃ സുഗ്രീവമാസീനം കാഞ്ചനേ പരമാസനേ
മഹാർഹാസ്തരണോപേതേ ദദർശാദിത്യസംനിഭം 63
ദിവ്യാഭരണചിത്രാംഗം ദിവ്യരൂപം യശസ്വിനം
ദിവ്യമാല്യാംബരധരം മഹേന്ദ്രമിവ ദുർജ്ജയം 64
ദിവ്യാഭരണമാല്യാഭിഃ പ്രമദാഭിഃ സമാവൃതം
സംരബ്ധതരരക്താക്ഷോ ബഭൂവാന്തകസംനിഭഃ. 65

| | | | |
|---|---|---|---|
| തതഃ, | അവിടെ, | ആദിത്യസന്നിഭം | സൂര്യസങ്കാശനായി |
| മഹേന്ദ്രം ഇവ | ഇന്ദ്രനെപ്പോലെ | ദിവ്യരൂപം, | തേജോമയനായി വിളങ്ങുന്നവനായും, |
| ദുർജ്ജയം | ജയിക്കപ്പെട്ടുവാൻ കഴിയാത്ത | ദിവ്യമാല്യാംബരധരം, | ദിവ്യങ്ങളായ മാലകളും വസ്ത്രങ്ങളും പൂണ്ടവനായും, |
| യശസ്വിനം | കീർത്തിശാലിയായ | ദിവ്യാഭരണമാല്യാഭിഃ | ദിവ്യാഭരണങ്ങളും മാലകളും ധരിച്ച |
| സുഗ്രീവം, | സുഗ്രീവനെ, | പ്രമദാഭിഃ | നാരിമാരാൽ |
| മഹാർഹാസ്തരണോപേതേ | വിലയേറിയ വിരിപ്പുകൾ വിരിക്കപ്പെട്ടതായ | സമാവൃതം | ചൂഴപ്പെട്ടവനായും |
| കാഞ്ചനേ | സ്വർണ്ണമയമായ | ദദർശ; | വീക്ഷിച്ചു; |
| പരമാസനേ | ഉത്തമാസനത്തിൽ | അന്തകസന്നിഭഃ | അന്തകനെന്നപോലെ |
| ആസീനം, | ഇരിക്കുന്നവനായും, | സംരബ്ധതരരക്താക്ഷഃ | കോപത്താൽ അത്യന്തം കലുഷിതനേത്രനായി |
| ദിവ്യാഭരണചിത്രാംഗം, | ദിവ്യാഭരണങ്ങളാൽ അലങ്കരിക്കപ്പെട്ട അംഗങ്ങളോടുകൂടിയവനായും, | ബഭൂവ. | ഭവിച്ചു. |

രുമാം തു വീരഃ പരിരഭ്യ ഗാഢം വരാസനസ്ഥോ വരഹേമവൎണ്ണഃ
ദദൎശ സൌമിത്രിമദീനസത്വം വിശാലനേത്രഃ സുവിശാലനേത്രം.

| | |
|---|---|
| വരഹേമവൎണ്ണഃ | നല്ലതങ്കനിറം പൂണ്ടവനും |
| വിശാലനേത്രഃ | വിശാലനേത്രനും |
| വീരഃ, | വീരനുമായ സുഗ്രീവൻ, |
| രുമാം | രുമയെ |
| ഗാഢം | മുറുകെ |
| പരിരഭ്യ, | പുൽകിക്കൊണ്ടു്, |

| | |
|---|---|
| വരാസനസ്ഥഃ തു | ഉത്തമാസനത്തിൽ വൎത്തിക്കുന്നവനായിട്ടുന്നെ, |
| സുവിശാലനേത്രം | ഭംഗിയുള്ള വിശാലനേത്രങ്ങളാൎന്നവനും |
| അദീനസത്വം | അചഞ്ചലമായ ധീരതയാൎന്നവനും ആയ |
| സൌമിത്രിം | ലക്ഷ്മണനെ |
| ദദൎശ. | കണ്ടു. |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ത്രയസ്ത്രിംശഃ സൎഗ്ഗഃ = മുപ്പത്തിമൂന്നാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 10742; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1490.

## ചതുസ്ത്രിംശഃ സൎഗ്ഗഃ = മുപ്പത്തിനാലാംസൎഗ്ഗം.

[സുഗ്രീവതൎജ്ജനം = സുഗ്രീവനെ ഭയപ്പെടുത്തുന്നതു്.]

തമപ്രതിഹതം ക്രുദ്ധം പ്രവിഷ്ടം പുരുഷൎഷഭം
സുഗ്രീവോ ലക്ഷ്മണം ദൃഷ്ട്വാ ബഭൂവ വ്യഥിതേന്ദ്രിയഃ. 1

| | |
|---|---|
| സുഗ്രീവഃ, | സുഗ്രീവൻ, |
| അപ്രതിഹതം | തടവററവനായി, |
| ക്രുദ്ധം | ക്രുദ്ധനായി, |
| പ്രവിഷ്ടം | അകത്തു പ്രവേശിച്ച |
| പുരുഷൎഷഭം | പുരുഷോത്തമനായ |

| | |
|---|---|
| തം ലക്ഷ്മണം | ആ ലക്ഷ്മണനെ |
| ദൃഷ്ട്വാ, | വീക്ഷിച്ചു്, |
| വ്യഥിതേന്ദ്രിയഃ | പഞ്ചേന്ദ്രിയങ്ങളും പതറിയവനായി |
| ബഭൂവ. | ഭവിച്ചു. |

ക്രുദ്ധം നിശ്വസമാനം തം പ്രദീപ്തമിവ തേജസാ
ഭ്രാതുൎവ്യസനസന്തപ്തം ദൃഷ്ട്വാ ദശരഥാത്മജം 2
ഉല്പപാത ഹരിശ്രേഷ്ഠോ ഹിത്വാ സൌവൎണ്ണമാസനം
മഹാൻ മഹേന്ദ്രസ്യ യഥാ സ്വലംകൃത ഇവ ധ്വജഃ. 3

| | |
|---|---|
| ഹരിശ്രേഷ്ഠഃ | വാനരോത്തമനായ സുഗ്രീവൻ, |
| തേജസാ | ശരീര കാന്തിയാൽ |
| പ്രദീപ്തം ഇവ | ഉജ്ജ്വലിച്ചുകൊണ്ടിരിക്കുന്നവനും |
| ഭ്രാതുഃ | ഭ്രാതാവിന്റെ |
| വ്യസനസന്തപ്തം | വ്യസനത്താലുരുകുന്നവനും |
| ക്രുദ്ധം | ക്രോധത്തോടെ |
| നിശ്വസമാനം | ദീൎഘമായി നിഃശ്വസിക്കുന്നവനുമായ |

| | |
|---|---|
| ദശരഥാത്മജം | ദശരഥകുമാരനായ |
| തം ദൃഷ്ട്വാ, | അദ്ദേഹത്തെ കണ്ടു്, |
| സൌവൎണ്ണം | സ്വൎണ്ണനിൎമ്മിതമായ |
| ആസനം | ആസനത്തെ |
| ഹിത്വാ, | വിട്ടു്, |
| സ്വലംകൃതഃ | നന്നായലങ്കരിക്കപ്പെട്ടതായ |
| മഹേന്ദ്രസ്യ മഹാൻ ധ്വജഃ | മഹത്തായ ഇന്ദ്രധ്വജം |
| യഥാ ഇവ | എന്നതുപോലെ |
| ഉല്പപാത. | എഴുന്നേററു നിന്നു. |

ഉത്പതന്തമനുത്പേതുഃ രുമാപ്രഭൃതയഃ സ്ത്രിയഃ
സുഗ്രീവം ഗഗനേ പൂൎണ്ണം ചന്ദ്രം താരാഗണാ ഇവ. 4

| | | | |
|---|---|---|---|
| **രുമാപ്രഭൃതയഃ** | രുമ മുതലായ | ഗഗനേ | ആകാശത്തിൽ |
| **സ്ത്രിയഃ,** | സ്ത്രീകളെല്ലാം, | പൂൎണ്ണം ചന്ദ്രം | പൂൎണ്ണചന്ദ്രനെ |
| **ഉത്പതന്തം** | എഴുന്നേററുനില്ക്കുന്നവനായ | താരാഗണാഃ ഇവ, | നക്ഷത്രഗണങ്ങൾ എന്നപോലെ, |
| **സുഗ്രീവം** | സുഗ്രീവനെ | അനുത്പേതുഃ. | ചുററിനിന്നു. |

സംരക്തനയനഃ ശ്രീമാൻ മദലോലഃ കൃതാഞ്ജലിഃ
ബഭ്രുവാവസ്ഥിതസ്തത്ര കല്പവൃക്ഷോ മഹാനിവ. 5

| | | | |
|---|---|---|---|
| **ശ്രീമാൻ** | ശ്രീമാനും | കൃതാഞ്ജലിഃ, | കൈകൂപ്പിക്കൊണ്ടു്, |
| **മദലോലഃ** | മദ്യപാനത്താൽ തരളിതനായി | മഹാൻ | വമ്പിച്ച |
| **സംരക്തനയനഃ** | ഏററവും തുടുത്ത കണ്ണുകളോടുകൂടിയവനുമായ അവൻ | കല്പവൃക്ഷഃ ഇവ | കല്പകവൃക്ഷം എന്നപോലെ |
| | | തത്ര | ആ സമയം |
| | | അവസ്ഥിതഃ ബഭൂവ. | നിന്ന നിലയിൽ വൎത്തിച്ചു. |

രുമാദ്വിതീയം സുഗ്രീവം നാരീമദ്ധ്യഗതം സ്ഥിതം
അബ്രവീല്ലക്ഷ്മണഃ ക്രുദ്ധഃ സതാരം ശശിനം യഥാ. 6

| | | | |
|---|---|---|---|
| **ക്രുദ്ധഃ** | കുപിതനായിരുന്ന | രുമാദ്വിതീയം | രുമയോടൊന്നിച്ചു് |
| **ലക്ഷ്മണഃ,** | ലക്ഷ്മണൻ, | സ്ഥിതം | നിന്നിരുന്ന |
| **സതാരം** | നക്ഷത്രങ്ങളോടുകൂടിയ | സുഗ്രീവം | സുഗ്രീവനെ നോക്കി |
| **ശശിനം യഥാ,** | ചന്ദ്രനെപ്പോലെ, | അബ്രവീത്. | ഇപ്രകാരം പറഞ്ഞു. |
| **നാരീമദ്ധ്യഗതം** | സ്ത്രീകൾക്കിടയിൽ | | |

സത്വാഭിജനസംപന്നഃ സാനുക്രോശോ ജിതേന്ദ്രിയഃ
കൃതജ്ഞഃ സത്യവാദീ ച രാജാ ലോകേ മഹീയതേ. 7

| | | | |
|---|---|---|---|
| **"സത്വാഭിജനസമ്പന്നഃ** | "സദ്ഗുണവും ആഭിജാത്യവും ചേൎന്നവനും | കൃതജ്ഞഃ | നന്ദിയുള്ളവനും |
| **സാനുക്രോശഃ** | അനുകമ്പയുള്ളവനും | സത്യവാദീ ച | സത്യവാനുമായ |
| **ജിതേന്ദ്രിയഃ** | ഇന്ദ്രിയങ്ങളെ കീഴടക്കിയവനും | രാജാ | രാജാവു് |
| | | ലോകേ | ലോകത്തിൽ |
| | | മഹീയതേ. | കൊണ്ടാടപ്പെടുന്നു. |

യസ്തു രാജാ സ്ഥിതോऽധൎമ്മേ മിത്രാണാമുപകാരിണാം
മിത്ഥ്യാപ്രതിജ്ഞാം കുരുതേ കോ നൃശംസതരസ്തതഃ. 8

| | | | |
|---|---|---|---|
| **"യഃ രാജാ** | "ഏതൊരു രാജാവു് | മിത്ഥ്യാ | അസത്യമാക്കി |
| **അധൎമ്മേ സ്ഥിതഃ** | അധൎമ്മിഷ്ഠനായി | കുരുതേ, | ചെയ്യുന്നുവൊ, |
| **ഉപകാരിണാം** | സഹായിച്ചവരായ | തതഃ | അവനെക്കാൾ |
| **മിത്രാണാം** | മിത്രങ്ങൾക്കു് | നൃശംസതരഃ | അധികം ദുഷ്ടനായവൻ |
| **പ്രതിജ്ഞാം** | ചെയ്തതായ വാഗ്ദത്തത്തെ | കഃ തു ? | ആർതന്നെയാണുള്ളതു് ? |

ശതമശ്വാനൃതേ ഹന്തി സഹസ്രം ച ഗവാനൃതേ
ആത്മാനം സ്വജനം ഹന്തി പുരുഷഃ പുരുഷാനൃതേ. 9

| | |
|---|---|
| "പുരുഷഃ | "ഒരു മനുഷ്യൻ |
| അശ്വാനൃതേ | ഒരു കുതിരയെ വാഗ്ദത്തം ചെയ്തതിന്നുശേഷം കൊടുക്കാതിരു[ന്നാൽ |
| ശതം | നൂറെണ്ണത്തെ |
| ഹന്തി; | നശിപ്പിച്ചദോഷത്തെ പ്രാപിക്കുന്നു; |
| ഗവാനൃതേ | ഒരു പശുവിന്റെ സംഗതിയിൽ അസത്യം പറഞ്ഞാൽ |
| സഹസ്രം | ആയിരം |
| ച; | ഗോഹത്തിചെയ്തദോഷത്തെയും പ്രാപിക്കുന്നു; |
| പുരുഷാനൃതേ | ഒരു മനുഷ്യന്റെ സംഗതിയിൽ അസത്യം പറഞ്ഞാൽ |
| ആത്മാനം | തന്റെ ശ്രേയസ്സിനേയും |
| സ്വജനം | തന്നെച്ചേർന്നവരുടെ ശ്രേയസ്സിനേയും |
| ഹന്തി. | നശിപ്പിച്ചുകളയുന്നു. |

[വസ്തുവിന്റെ ശ്രേഷ്ഠതയ്ക്കനുസരിച്ചാകുന്നു പാപാധിക്യം എന്നു സാരം. "പരമപുരുഷനായ ശ്രീരാമന്റെ സംഗതിയിൽ അങ്ങു് പറഞ്ഞപോലെ നടക്കാതിരിക്കയാണെങ്കിൽ ഐഹിക പാരത്രികങ്ങളായ സർവ്വ പുണ്യഫലത്തേയും അങ്ങു് നശിപ്പിക്കുന്നവനായിത്തീരും." എന്നു ഭാവം.]

പൂർവ്വം കൃതാർത്ഥോ മിത്രാണാം ന തത് പ്രതികരോതി യഃ
കൃതഘ്നഃ സർവ്വഭൂതാനാം സ വധ്യഃ പ്ലവഗേശ്വര. 10

| | |
|---|---|
| "പ്ലവഗേശ്വര! | "വാനരേശ്വര! |
| യഃ | എവനൊരുവൻ |
| പൂർവ്വം | മുമ്പിൽ |
| കൃതാർത്ഥഃ, | തന്റെ കാർയ്യം സാധിച്ചവനായി |
| കൃതഘ്നഃ | കൃതജ്ഞതയററവനായി |
| മിത്രാണാം | ഉപകാരം ചെയ്ത മിത്രങ്ങൾക്കു് |
| തത് പ്രതികരോതി ന | അതിന്നുതക്ക പ്രത്യുപകാരത്തെ ചെയ്യാതിരിക്കുന്നുവൊ |
| സഃ | അവൻ |
| സർവ്വഭൂതാനാം | സകലപ്രാണികൾക്കും |
| വധ്യഃ. | വധിക്കപ്പെടത്തക്കവനാണു്. |

ഗീതോഽയം ബ്രഹ്മണാ ശ്ലോകഃ സർവ്വലോകനമസ്കൃതഃ
ദൃഷ്ട്വാ കൃതഘ്നം ക്രുദ്ധേന തം നിബോധ പ്ലവംഗമ. 11

| | |
|---|---|
| "പ്ലവംഗമ! | "വാനര! |
| കൃതഘ്നം | നന്ദികെട്ട ഒരുവനെ |
| ദൃഷ്ട്വാ, | ഉദ്ദേശിച്ചു്, |
| ക്രുദ്ധേന | കോപിച്ചവനായ |
| ബ്രഹ്മണാ | ബ്രഹ്മദേവനാൽ |
| സർവ്വലോകനമസ്കൃതഃ | സർവ്വരാലും ആദരിക്കപ്പെട്ടതായ |
| അയം ശ്ലോകഃ | ഈ ശ്ലോകം |
| ഗീതഃ; | ഗാനം ചെയ്യപ്പെട്ടിട്ടുണ്ടു്; |
| തം നിബോധ. | അതിനെ ശ്രദ്ധയോടെ കേട്ടുകൊൾക. |

ബ്രഹ്മഘ്നേ ച സുരാപേ ച ചോരേ ഭഗ്നവ്രതേ തഥാ
നിഷ്കൃതിർവ്വിഹിതാ സദ്ഭിഃ കൃതഘ്നേ നാസ്തി നിഷ്കൃതിഃ. 12

| | | | |
|---|---|---|---|
| "'ബ്രഹ്മഘ്നേ ച | "'ബ്രഹ്മഹത്യ ചെയ്ത വന്റെ കാര്യത്തിലും | സദ്ഭിഃ | മഹാത്മാരാൽ |
| സുരാപേ ച | മദ്യപാനിയുടെ കാര്യത്തിലും | നിഷ്കൃതിഃ | പ്രായശ്ചിത്തം |
| ചോരേ | തസ്കരന്റെ സംഗതിയിലും | വിഹിതാ; | വിധിക്കപ്പെട്ടിട്ടുണ്ട്; |
| ഭഗ്നവ്രതേ | വ്രതഭംഗം വരുത്തിയവനും | കൃതഘ്നേ | ഉപകാരത്തെ മറക്കുന്ന വന്റെ സംഗതിയിൽ |
| | | നിഷ്കൃതിഃ തഥാ | പ്രായശ്ചിത്തമെന്നതേ |
| | | അസ്തി ന.' | ഇല്ല.' |

അനാര്യസ്ത്വം കൃതഘ്നശ്ച മിഥ്യാവാദീ ച വാനര
പൂർവ്വം കൃതാർത്ഥോ രാമസ്യ ന തത് പ്രതികരോഷി യത്. 13

| | | | |
|---|---|---|---|
| "വാനര! | "വാനര! | രാമസ്യ ച | ശ്രീരാമന്നു തന്നെ |
| ത്വം പൂർവ്വം | അങ്ങ് ഇതിന്നു മുമ്പ് | തത് പ്രതികരോഷി ന | അതിന്നനുയോജിച്ച പ്രത്യുപകാരം ചെയ്യാതിരിക്കുന്നു; |
| മിഥ്യാവാദീ ച | ഭോഷ്ക്കു പറഞ്ഞിട്ടു തന്നെ | | |
| കൃതാർത്ഥഃ | കാര്യംസാധിച്ചവനായി | യത് | അതിനാൽ |
| കൃതഘ്നഃ | ചെയ്ത ഉപകാരത്തെ വിസ്മരിച്ചവനായി, | അനാര്യഃ. | മര്യാദകെട്ടവൻ തന്നെ. |

ന നു നാമ കൃതാർത്ഥേന ത്വയാ രാമസ്യ വാനര
സീതായാ മാർഗ്ഗണേ യത്നഃ കർത്തവ്യഃ കൃതമിച്ഛതാ. 14

| | | | |
|---|---|---|---|
| "വാനര! | "വാനര! | രാമസ്യ | ശ്രീരാമന്നുവേണ്ടി |
| കൃതം | കർമ്മഫലത്തെ | സീതായാഃ | സീതാദേവിയുടെ |
| ഇച്ഛതാ | അപേക്ഷിക്കുന്നവനും | മാർഗ്ഗണേ | അന്വേഷണവിഷയത്തിൽ, |
| കൃതാർത്ഥേന, | കാര്യം സാധിച്ചവനുമായ, | യത്നഃ | പ്രയത്നം |
| ത്വയാ | നിന്നാൽ | ന കർത്തവ്യഃ ന നാമ? | ചെയ്യപ്പെടേണ്ടതല്ലയോ? |

സ ത്വം ഗ്രാമ്യേഷു ഭോഗേഷു സക്തോ മിഥ്യാപ്രതിശ്രവഃ
ന ത്വാം രാമോ വിജാനീതേ സർപ്പം മണ്ഡൂകരാവിണം. 15

| | | | |
|---|---|---|---|
| "സഃ ത്വം | "അപ്രകാരമുള്ള അങ്ങ് | രാമഃ | ശ്രീരാമൻ |
| ഗ്രാമ്യേഷു ഭോഗേഷു | നിസ്സാരങ്ങളായ വിഷയസുഖങ്ങളിൽ | ത്വാം | നിന്നെ |
| സക്തഃ | നിമഗ്നനായി | മണ്ഡൂകരാവിണം | തവളയുടെ കരച്ചിലോടുകൂടിയ |
| മിഥ്യാപ്രതിശ്രവഃ; | വാഗ്ദത്തത്തെ തെറ്റിച്ചവനായിരിക്കുന്നു; | സർപ്പം | സർപ്പമാണെന്ന് |
| | | വിജാനീതേ ന. | അറിയാതിരിക്കുന്നു. |

മഹാഭാഗേന രാമേണ പാപഃ കരുണവേദിനാ
ഹരീണാം പ്രാപിതോ രാജ്യം ത്വം ദുരാത്മാ മഹാത്മനാ. 16

| | | | |
|---|---|---|---|
| "ദുരാത്മാ | "ദുഷ്ടാത്മാവും | മഹാത്മനാ | സദ്ബുദ്ധിയായവനും |
| പാപഃ ത്വം, | പാപിഷ്ഠമായ അങ്ങ്, | രാമേണ, | ശ്രീരാമനാൽ, [ആയ |
| കരുണവേദിനാ | (അന്യന്റെ) സങ്കടത്തെ അറിയുന്നവനും | ഹരീണാം | വാനരന്മാരുടെ |
| | | രാജ്യം | രാജ്യം |
| മഹാഭാഗേന | പുണ്യാത്മവും | പ്രാപിതഃ. | നൽകപ്പെട്ടു. |

കൃതം ചേന്നാഭിജാനീഷേ രാമസ്യാക്ലിഷ്ടകർമ്മണഃ
സദ്യസ്ത്വം നിശിതൈർബ്ബാണൈർഹതോ ദ്രക്ഷ്യസി വാലിനം. 17

| | |
|---|---|
| "ത്വം, | "അങ്ങ്, |
| കൃതം | ചെയ്യപ്പെട്ട ഉപകാരത്തെ |
| അഭിജാനീഷേ ന | ആലോചിക്കുന്നില്ല |
| ചേത്, | എന്നുവരികിൽ, |
| അക്ലിഷ്ട-കർമ്മണഃ | എന്തും നിഷ്പ്രയാസം ചെയ്യാൻ കഴിവുള്ളവനായ |
| രാമസ്യ | ശ്രീരാഘവന്റെ |
| നിശിതൈഃ | തീക്ഷ്ണങ്ങളായ |
| ബാണൈഃ, | ബാണങ്ങളാൽ, |
| സദ്യഃ | ഇപ്പോൾതന്നെ |
| ഹതഃ, | വധിക്കപ്പെട്ടവനായി, |
| ബാലിനം | ബാലിയെ |
| ദ്രക്ഷ്യസി. | അങ്ങ് നേരിൽ കാണാറാകും. |

ന ച സംകുചിതഃ പന്ഥാ യേന വാലീ ഹതോ ഗതഃ
സമയേ തിഷ്ഠ സുഗ്രീവ മാ വാലിപഥമന്വഗാഃ. 18

| | |
|---|---|
| "സുഗ്രീവ! | "സുഗ്രീവ! |
| വാലീ ഹതഃ | ബാലി കൊല്ലപ്പെട്ടവനായി |
| യേന | ഏതുവഴിയായി |
| ഗതഃ, | ഗമിച്ചുവോ, |
| പന്ഥാഃ | ആ വഴി |
| ച | ഇനിയും |
| സംകുചിതഃ ന: | അടയ്ക്കപ്പെട്ടിട്ടില്ല; |
| സമയേ തിഷ്ഠ; | പറഞ്ഞപോലെ അനുഷ്ഠിക്കുക; |
| വാലിപഥം | ബാലി പോയവഴിയെ |
| മാ അന്വഗാഃ. | പിന്തുടർന്നുപോകാതിരിക്കുക. |

ന നൂനമിക്ഷ്വാകുവരസ്യ കാർമ്മുകാ-
ച്ച്യുതാൻ ശരാൻ പശ്യസി വജ്രസന്നിഭാൻ
തതഃ സുഖം നാമ നിഷേവസേ സുഖീ
ന രാമകാര്യം മനസാऽപ്യവേക്ഷസേ. 19

| | |
|---|---|
| "ഇക്ഷ്വാകു-വരസ്യ | "ഇക്ഷ്വാകുവംശതിലകന്റെ |
| കാർമ്മുകാത് | കോദണ്ഡത്തിൽനിന്ന് |
| ച്യുതാൻ ശരാൻ | പുറപ്പെടുന്ന ബാണങ്ങളെ |
| വജ്രസന്നിഭാൻ | വജ്രായുധതുല്യങ്ങളാണെന്ന് |
| പശ്യസി ന | അങ്ങ് അറിയുന്നില്ല |
| നൂനം; | എന്നത് തീർച്ചതന്നെ; |
| തതഃ നാമ | അതിനാൽതന്നെയാണ് |
| സുഖീ | നിർവ്വിചാരനായി |
| സുഖം നിഷേവസേ; | അങ്ങ് വിഷയസുഖത്തിൽ മുഴുകിക്കിടക്കുന്നത്; |
| രാമകാര്യം | ശ്രീരാമകാര്യത്തെക്കുറിച്ച് |
| മനസാ അപി | മനസ്സുകൊണ്ടുപോലും |
| അവേക്ഷസേ ന." | അങ്ങ് ആലോചിക്കാതിരിക്കുന്നത്." |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ചതുസ്ത്രിംശഃ സർഗ്ഗഃ = മുപ്പത്തിനാലാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 10761; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1509.

# പഞ്ചത്രിംശഃ സൎഗ്ഗഃ = മുപ്പത്തഞ്ചാംസൎഗ്ഗം.

[താരയാ പുനൎല്ലക്ഷ്മണസാന്ത്വനം = താര ലക്ഷ്മണനെ വീണ്ടും സമാധാനിപ്പിക്കുന്നതു]

തഥാ ബ്രുവാണം സൌമിത്രിം പ്രദീപ്തമിവ തേജസാ
അബ്രവീല്ലക്ഷ്മണം താരാ താരാധിപനിഭാനനാ. 1

| | | | |
|---|---|---|---|
| താരാധിപ-നിഭാനനാ | മതിനേർമുഖിയായ | തഥാ | മേൽപ്രകാരം |
| താരാ, | താര, | ബ്രുവാണം | അഭിപ്രായപ്പെടുന്നവനായ |
| തേജസാ | ക്രോധത്താൽ | സൌമിത്രിം ലക്ഷ്മണം | സുമിത്രാത്മജനായ ലക്ഷ്മണനോടായി |
| പ്രദീപ്തം ഇവ, | കത്തിജ്ജ്വലിക്കുന്നവനെന്നപോലെ, | അബ്രവീത്. | ഇപ്രകാരം ഓതി. |

നൈവം ലക്ഷ്മണ വക്തവ്യോ നായം പരുഷമൎഹതി
ഹരീണാമീശ്വരഃ ശ്രോതും തവ വക്ത്രാദ്വിശേഷതഃ. 2

| | | | |
|---|---|---|---|
| "ലക്ഷ്മണ! | "ലക്ഷ്മണ! | വിശേഷതഃ | എന്തായാലും |
| ഹരീണാം ഈശ്വരഃ | വാനരാധീശനായ | തവ | അവിടത്തെ |
| അയം | ഇദ്ദേഹം | വക്ത്രാത് | മുഖത്തിൽ നിന്ന് |
| ഏവം | ഇപ്രകാരം | പരുഷം | ഈ പരുഷവാക്ക് |
| വക്തവ്യഃ ന; | പറയപ്പെടാവുന്നവനല്ല; | ശ്രോതും അൎഹതി ന. | കേൾക്കപ്പെടത്തക്കവനമല്ല. |

നൈവാകൃതജ്ഞഃ സുഗ്രീവോ ന ശഠോ നാപി ദാരുണഃ
നൈവാനൃതകഥോ വീര ന ജിഹ്മശ്ച ഹരീശ്വരഃ. 3

| | | | |
|---|---|---|---|
| "വീര! | "വീര! | ദാരുണഃ അപി ന | ദുഷ്ടനുമല്ല; |
| ഹരീശ്വരഃ | വാനരേശ്വരനായ | അനൃതകഥഃ ഏവ ന | വാക്കിളക്കുന്നവനുമല്ല; |
| സുഗ്രീവഃ | സുഗ്രീവൻ | | |
| അകൃതജ്ഞഃ | നന്ദികെട്ടവൻ | ജിഹ്മഃ ച ന. | ധൎമ്മമാൎഗ്ഗത്തിൽനിന്നു പിഴച്ചുനടക്കുന്നവനു മല്ല. |
| ന ഏവ; | അല്ലതന്നെ; | | |
| ശഠഃ ന; | വഞ്ചകനുമല്ല; | | |

ഉപകാരം കൃതം വീര നാപ്യയം വിസ്മൃതഃ കപിഃ
രാമേണ വീര സുഗ്രീവോ യദന്യൈൎദ്ദുഷ്കരം രണേ. 4

| | | | |
|---|---|---|---|
| "വീര! | "ഹേ ശൂര! | അന്യൈഃ അപി | മററാരാലും തന്നെ |
| വീരഃ അയം | വീൎയ്യശാലിയായ ഈ | ദുഷ്കരം | ചെയ്യാൻ കഴിയാത്ത |
| കപിഃ | വാനരനായ | ഉപകാരം | ഉപകാരം [തായ |
| സുഗ്രീവഃ, | സുഗ്രീവൻ, | കൃതം | ചെയ്യപ്പെട്ടതു |
| രാമേണ | ശ്രീരാമനാൽ | യത് | യാതൊന്നോ, അതിനെ |
| രണേ | യുദ്ധത്തിൽ | വിസ്മൃതഃ ന. | മറന്നിട്ടുമില്ല. |

രാമപ്രസാദാത് കീർത്തിഞ്ച കപിരാജ്യഞ്ച ശാശ്വതം
പ്രാപ്തവാനിഹ സുഗ്രീവോ രുമാം മാം ച പരന്തപ. 5

| | | | |
|---|---|---|---|
| "പരന്തപ! | "ശത്രുമർദ്ദന! | കപിരാജ്യം | വാനരരാജ്യത്തേയും |
| രാമപ്രസാദാത് | ശ്രീരാമന്റെ അനുഗ്ര[ഹത്താൽ | രുമാം ച, | രുമയേയും, |
| സുഗ്രീവഃ | സുഗ്രീവൻ | മാം ച, | എന്നേയും |
| കീർത്തിം ച | കീർത്തിയേയും | ഇഹ | ഇതാ പ്രാപിച്ചിരിക്കുന്നു. |
| ശാശ്വതം | സുസ്ഥിരമായ | പ്രാപ്തവാൻ. | |

സുദുഃഖശയിതഃ പൂർവ്വം പ്രാപ്യേദം സുഖമുത്തമം
പ്രാപ്തകാലം ന ജാനീതേ വിശ്വാമിത്രോ യഥാ മുനിഃ. 6

| | | | |
|---|---|---|---|
| "പൂർവ്വം | "ഇതേവരെ | വിശ്വാമിത്രഃ മുനിഃ | വിശ്വാമിത്ര മഹർഷി |
| സുദുഃഖശയിതഃ, | വലുതായ ദുഃഖത്തിൽ മുഴുകിക്കിടന്നിരുന്ന | യഥാ, | എന്നപോലെ |
| ഇദം | ഈ [ഇദ്ദേഹം | പ്രാപ്തകാലം | അതാതിന്നു തക്ക കാലത്തെ |
| ഉത്തമം സുഖം | മഹത്തായ ഭാഗ്യത്തെ | | |
| പ്രാപ്യ, | പ്രാപിച്ചകാരണം, | ജാനീതേ ന. | അറിയുന്നില്ല. |

ഘൃതാച്യാം കില സംസക്തോ ദശ വർഷാണി ലക്ഷ്മണ
അഹോഽമന്യത ധർമ്മാത്മാ വിശ്വാമിത്രോ മഹാമുനിഃ. 7

| | | | |
|---|---|---|---|
| "ലക്ഷ്മണ! | "ലക്ഷ്മണ! | സംസക്തഃ | ആസക്ത ചിത്തനായി |
| മഹാമുനിഃ | മുനീശ്വരനും | | |
| ധർമ്മാത്മാ | ധർമ്മാത്മാവുമായ | ദശവർഷാണി | പത്തുവർഷങ്ങളെ |
| വിശ്വാമിത്രഃ, | വിശ്വാമിത്രൻ, | അഹഃ | ഒരു ദിവസമെന്ന് |
| ഘൃതാച്യാം | ഘൃതാചിയെന്ന അപ്സരസ്ത്രീയിൽ | അമന്യത കില! | കരുതിയത്രേ! |

[ബാലകാണ്ഡം 63-ാംസർഗ്ഗത്തിൽ വിശ്വാമിത്രൻ മേനകയുമായി പത്തു സംവത്സരക്കാലം കഴിച്ചു എന്നു പറഞ്ഞിരിക്കുന്നതിനാൽ, ഇവിടെ മേനകയാകുന്നു വിവക്ഷിക്കപ്പെട്ടിരിക്കുന്നതെന്നു (ഗോ രാ.) ഘൃതാചിയുമായി, വേറെയും കഴിച്ചുകൂട്ടിയതാണെന്ന് (തിലകം.) "ഘൃതാചി മേനകാ രംഭാ ഉർവ്വശീ ച തിലോത്തമാ സുകേശീ മഞ്ജുഘോഷാദ്യാഃ കഥ്യന്തേഽപ്സരസോ ബുധൈഃ" എന്നു പ്രധാന അപ്സരസ്സുകളെ പറയുന്നതിൽ ഘൃതാചിയേയും മേനകയേയും വേറെ വേറെത്തന്നെയാണ് പറയുന്നത്, ഘൃതാചിയെക്കണ്ടു് ഭരദ്വാജമഹർഷിയുടെ രേതഃസ്ഖലനത്താൽ ദ്രോണാചാര്യരും പക്ഷിരൂപം ധരിച്ചവളായ അവളിൽ വ്യാസമഹർഷിക്കു് ശുകമഹർഷിയും, പ്രമതിമഹർഷിക്കു് അവളിൽ രുരുവും ജനിക്കുന്ന കഥ ഭാരതത്തിൽ പറയപ്പെട്ടിട്ടുണ്ട്. അവിടെ എങ്ങും വിശ്വാമിത്രനും ഘൃതാചിയും ഒന്നിച്ചിരുന്നതായി പറയപ്പെട്ടിട്ടുമില്ല.]

സ ഹി പ്രാപ്തം ന ജാനീതേ കാലം കാലവിദാം വരഃ
വിശ്വാമിത്രോ മഹാതേജാഃ കിം പുനര്യഃ പൃഥഗ്ജനഃ. 8

| | | | |
|---|---|---|---|
| “ കാലവിദാം-വരഃ | പരമാത്മജ്ഞാനികളിൽവെച്ച് വരിഷ്ഠനും | പ്രാപ്തം | തന്റെ ധർമ്മത്തെയും |
| മഹാതേജാഃ | മഹാതേജസ്വിയുമായ | കാലം | അതിനുള്ള കാലത്തേയും |
| യഃ സഃ | യാതൊരു ആ | ജാനീതേ ന; | അറിയാതായിപ്പോയി; |
| വിശ്വാമിത്രഃ ഹി | വിശ്വാമിത്രമഹർഷിതന്നെ | പൃഥഗ്ജനഃ | പാമരജനം |
| | | കിം പുനഃ? | പിന്നെ എന്തുമാത്രം? |

ദേഹധർമ്മം ഗതസ്യാസ്യ പരിശ്രാന്തസ്യ ലക്ഷ്മണ
അവിതൃപ്തസ്യ കാമേഷു കാമം ക്ഷന്തുമിഹാർഹസി. 9

| | | | |
|---|---|---|---|
| “ ലക്ഷ്മണ! | “ ലക്ഷ്മണ! | അവിതൃപ്തസ്യ | തൃപ്തനാകാതിരിക്കുന്നവനായ |
| ദേഹധർമ്മം | ആഹാരനിദ്രാദിയായ ശരീരധർമ്മത്തെ | അസ്യ, | ഇദ്ദേഹത്തിന്റെ സം[ഗതിയിൽ, |
| ഗതസ്യ, | മുഖ്യമായി അനുസരിക്കുന്നവനായി, | ഇഹ | ഇപ്പോൾ |
| കാമേഷു | സുഖഭോഗങ്ങളിൽ | കാമം | അസന്തുഷ്ടികയ്ക്കൊള്ളാതെ |
| പരിശ്രാന്തസ്യ | തീരെ ഏർപ്പെട്ട് | ക്ഷന്തും അർഹസി. | അങ്ങ് ക്ഷമിച്ചരുളിയാലും. |

ന ച രോഷവശം താത ഗന്തുമർഹസി ലക്ഷ്മണ
നിശ്ചയാർത്ഥമവിജ്ഞായ സഹസാ പ്രാകൃതോ യഥാ 10

| | | | |
|---|---|---|---|
| “ താത | “ പൂജ്യനായ | അവിജ്ഞായ, | ആലോചിക്കാതെ, |
| ലക്ഷ്മണ! | ലക്ഷ്മണ! | സഹസാ ച, | കണ്ണടച്ച്, |
| പ്രാകൃതഃ | അറിവില്ലാത്തവൻ | രോഷവശം ഗന്തും അർഹസി ന. | കോപാധീനനായി ഭവിക്കാതിരുന്നാലും. |
| യഥാ, | എന്നപോലെ, | | |
| നിശ്ചയാർത്ഥം | സാധിക്കേണ്ടതായ കാര്യത്തെക്കുറിച്ച് | | |

സത്വയുക്താ ഹി പുരുഷാസ്ത്വദ്വിധാഃ പുരുഷർഷഭ
അവിമൃശ്യ ന രോഷസ്യ സഹസാ യാന്തി വശ്യതാം. 11

| | | | |
|---|---|---|---|
| “ പുരുഷർഷഭ! | “ പുരുഷോത്തമ! | അവിമൃശ്യ | ആലോചിക്കാതെ |
| ത്വദ്വിധാഃ | അങ്ങയെപ്പോലെയുള്ള | സഹസാ | പെട്ടെന്ന് |
| സത്വയുക്താഃ | സദ്ഗുണങ്ങളാർന്ന | രോഷസ്യ | കോപത്തിന്ന് |
| പുരുഷാഃ | മനുഷ്യർ | വശ്യതാം യാന്തി ന ഹി. | അടിമപ്പെടാറില്ലല്ലൊ. |

പ്രസാദയേ ത്വാം ധർമ്മജ്ഞ സുഗ്രീവാർത്ഥേ സമാഹിതാ. 12

| | | | |
|---|---|---|---|
| “ ധർമ്മജ്ഞ! | “ ധർമ്മമറിഞ്ഞവനേ! | സമാഹിതാ | താല്പര്യമുള്ളവളായി |
| സുഗ്രീവാർത്ഥേ | സുഗ്രീവന്റെ സംഗതിയിൽ | ത്വാം | ഭവാനോട് |
| | | പ്രസാദയേ. | ഞാൻ പ്രാർത്ഥിക്കുന്നു. |

മഹാൻ രോഷസമുല്പന്നഃ സംരംഭസ്ത്യജ്യതാമയം. 13

| | | | |
|---|---|---|---|
| "രോഷ–സമുല്പന്നഃ | "രോഷത്താലുണ്ടായ | മഹാൻ | അതിരുകവിഞ്ഞ |
| | | സംരംഭഃ | മുഷ്ക്ക് |
| അയം | ഈ | ത്യജ്യതാം. | ഉപേക്ഷിക്കപ്പെടട്ടെ. |

രുമാം മാം കപിരാജ്യം ച ധനധാന്യവസൂനി ച
രാമപ്രിയാർത്ഥം സുഗ്രീവസ്ത്യജേദിതി മതിർമ്മമ. 14

| | | | |
|---|---|---|---|
| "സുഗ്രീവഃ | "സുഗ്രീവൻ | മാം | എന്നെയും |
| രാമപ്രിയാർത്ഥം | ശ്രീരാമന്റെ പ്രസാദത്തിന്നായി | രുമാം ച | രുമയെത്തന്നെയും |
| | | ത്യജേത് | ഉപേക്ഷിക്കും |
| ധനധാന്യ-വസൂനി ച | ധനം ധാന്യം മുതലായ സർവ്വ വസ്തുക്കളേയും | ഇതി | എന്നത് |
| | | മമ മതിഃ. | എനിക്കറിയാവുന്നതാണ്. |
| കപിരാജ്യം | വാനരരാജ്യത്തേയും | | |

സമാനേഷ്യതി സുഗ്രീവഃ സീതയാ സഹ രാഘവം
ശശാങ്കമിവ രോഹിണ്യാ നിഹത്വാ രാവണം രണേ. 15

| | | | |
|---|---|---|---|
| "സുഗ്രീവഃ | "സുഗ്രീവൻ | ശശാങ്കം ഇവ, | ശശാങ്കനെയെന്നപോലെ, |
| രണേ | പോരിൽ | സീതയാ സഹ | സീതയോടുകൂടി |
| രാവണം | രാവണനെ | രാഘവം | ശ്രീരാഘവനെ |
| നിഹത്വാ, | വധിച്ച്, | സമാനേഷ്യതി. | ചേർത്തുവെക്കുന്നതാണ്. |
| രോഹിണ്യാ | രോഹിണിയോടുകൂടി | | |

ശതകോടിസഹസ്രാണി ലങ്കായാം കില രക്ഷസാം
അയുതാനി ച ഷട്ത്രിംശത് സഹസ്രാണി ശതാനി ച. 16

| | | | |
|---|---|---|---|
| "ലങ്കായാം | "ലങ്കാപുരിയിൽ | സഹസ്രാണി | (മുപ്പത്താറ്) സഹസ്രങ്ങളും |
| രക്ഷസാം | രാക്ഷസന്മാരുടെ | | |
| ശതകോടി–സഹസ്രാണി | നൂറായിരംകോടിയും | ശതാനി ച | അത്രയും ശതങ്ങളും |
| ഷട്ത്രിംശത് അയുതാനി ച | മൂന്നുലക്ഷത്തി അറുപതിനായിരവും | കില. | ഉണ്ടെന്നാണ് കേൾവി. |

അഹത്വാ താംശ്ച ദുർദ്ധർഷാൻ രാക്ഷസാൻ കാമരൂപിണഃ
ന ശക്യോ രാവണോ ഹന്തും യേന സാ മൈഥിലീ ഹൃതാ. 17

| | | | |
|---|---|---|---|
| "ദുർദ്ധർഷാൻ | "അജയ്യന്മാരും | സാ | ആ |
| കാമരൂപിണഃ | ഇഷ്ടംപോലെ രൂപമെടുപ്പാൻ കഴിവുള്ളവരുമായ | മൈഥിലീ | ജാനകീദേവി |
| | | യേന | ആരാൽ |
| | | ഹൃതാ | അപഹരിക്കപ്പെട്ടുവോ |
| താൻ രാക്ഷസാൻ ച | ആ രാക്ഷസന്മാരെല്ലാവരേയും | രാവണഃ | രാവണൻ [ആ |
| | | ഹന്തും | വധിപ്പാൻ |
| അഹത്വാ | കൊന്നൊടുക്കാതെ, | ശക്യഃ ന. | കഴിയപ്പെടുന്നവനല്ല. |

തേ ന ശക്യാ രണേ ഹന്തുമസഹായേന ലക്ഷ്മണ
രാവണഃ ക്രൂരകൎമ്മാ ച സുഗ്രീവേണ വിശേഷതഃ. 18

| | | | |
|---|---|---|---|
| "ലക്ഷ്മണ! | "സൌമിത്രേ! | ഹന്തും ശക്യാഃ ന; | കൊല്ലപ്പെടുവാൻ കഴിവുള്ളവരല്ല; |
| രണേ | പോരിൽ | വിശേഷതഃ | വിശേഷിച്ച് |
| അസഹായേന | സഹായമില്ലാത്ത | ക്രൂരകൎമ്മാ | അതിദുഷ്ടനായ |
| സുഗ്രീവേണ ച | സുഗ്രീവനാൽമാത്രം | രാവണഃ ച. | രാവണനും അല്ലതന്നെ. |
| തേ | അവർ | | |

["അപ്രകാരമുള്ള അവരെ വധിക്കുന്ന കാൎയ്യത്തിൽ ശൂരനായ ശ്രീരാമനുംകൂടി സഹായാപേക്ഷ വേണ്ടിവരുന്നതാണെന്നു പറയുന്നു. അസഹായനായ ശ്രീരാമനാൽ അവർ വധിക്കപ്പെടുവാൻ കഴിയാത്തവരാകകൊണ്ടും, രാവണൻ ഘോരപരാക്രമിയാകകൊണ്ടും, വിശേഷിച്ചും സുഗ്രീവനെക്കൊണ്ട് പ്രയോജനമുണ്ട്. രാക്ഷസൎക്ക് തുല്യമായ വാനരസേനയെ ഘടിപ്പിപ്പാൻ സമൎത്ഥനാകയാലും രാക്ഷസർ മിക്കവരും മനുഷ്യന്മാരാൽ അവദ്ധ്യന്മാരാകയാലും സുഗ്രീവസഹായം ശ്രീരാമനു കൂടാതെ കഴികയില്ല എന്നു സാരം." (എന്നു തിലകം).]

ഏവമാഖ്യാതവാൻ വാലീ സ ഹ്യഭിജ്ഞോ ഹരീശ്വരഃ
ആഗമസ്തു ന മേ വ്യക്തഃ ശ്രവാത്തസ്മാദ് ബ്രവീമ്യഹം. 19

| | | | |
|---|---|---|---|
| "വാലീ | "ബാലിയാണ് | മേ വ്യക്തഃ | എനിക്കു നേരിട്ടറിവുള്ള |
| ഏവം ആഖ്യാതവാൻ; | ഇപ്രകാരമെല്ലാം പറഞ്ഞത്; | ആഗമഃ ന; | സംഗതിയല്ല; |
| ഹരീശ്വരഃ | വാനരേശ്വരനായ | തസ്മാത് | അദ്ദേഹത്തിൽ നിന്ന് |
| സഃ ഹി | അദ്ദേഹംതന്നെയാണ് | ശ്രവാത് തു | കേട്ടറികയാൽമാത്രം |
| അഭിജ്ഞഃ; | ഇതെല്ലാം അറിയുന്നവൻ; | അഹം | ഞാൻ |
| | | ബ്രവീമി. | ഇപ്പോൾ പറയുന്നുവെന്നേ ഉള്ളൂ. |

["ആഗമഃ ന" (ഇപ്രകാരമുള്ള ബലം രാവണനു എങ്ങിനെ സിദ്ധിച്ചു എന്നതിനെക്കുറിച്ച് എനിക്കറിവില്ല.) എന്നു തിലകം.]

തത്സഹായനിമിത്തം വൈ പ്രേഷിതാ ഹരിപുംഗവാഃ
ആനേതും വാനരാൻ യുദ്ധേ സുബഹൂൻ ഹരിയൂഥപാൻ. 20

| | | | |
|---|---|---|---|
| "യുദ്ധേ | "പോരിൽ | ഹരിയൂഥപാൻ | വാനരസേനാധിപരേയും |
| തത്സഹായനിമിത്തം വൈ | വേണ്ടുന്ന സഹായം ചെയ്യുന്നതിന്നായി | ആനേതും | വിളിച്ചുകൊണ്ടുവരുന്നതിന്ന് |
| സുബഹൂൻ വാനരാൻ | അനേകം വാനരന്മാരേയും | ഹരിപുംഗവാഃ | വാനരോത്തമന്മാർ |
| | | പ്രേഷിതാഃ. | അയക്കപ്പെട്ടിട്ടുണ്ട്. |

താംശ്ച പ്രതീക്ഷമാണോഽയം വിക്രാന്താൻ സുമഹാബലാൻ
രാഘവസ്യാൎത്ഥസിദ്ധ്യൎത്ഥം ന നിൎയ്യാതി ഹരീശ്വരഃ. 21

| | | | |
|---|---|---|---|
| "രാഘവസ്യ അൎത്ഥസിദ്ധ്യൎത്ഥം, | "ശ്രീരാഘവന്റെ കാൎയ്യസാദ്ധ്യത്തിന്നായി, | പ്രതീക്ഷമാണഃ | കാത്തിരിക്കുന്നവനായി, |
| വിക്രാന്താൻ | വിക്രമികളും | അയം ഹരീശ്വരഃ | ഈ വാനരേശ്വരൻ |
| സുമഹാബലാൻ | ബലശാലികളുമായ | നിൎയ്യാതി ന. | അങ്ങോട്ടെഴുന്നെള്ളാതിരിക്കയാണ്. |
| താൻ ച | അവരെല്ലാവരേയും | | |

കൃതാത്ര സംസ്ഥാ സൌമിത്രേ സുഗ്രീവേണ യഥാ പുരാ
അദ്യ തൈർവ്വാനരൈസ്സർവ്വൈരാഗന്തവ്യം മഹാബലൈഃ. 22

"സൌമിത്രേ! — "ലക്ഷ്മണ!
സുഗ്രീവേണ — സുഗ്രീവനാൽ
പുരാ — ഇതിന്നു മുമ്പുതന്നെ
അത്ര — ഈ കാൎയ്യത്തിൽ
കൃതാ — ചെയ്യപ്പെട്ട
സംസ്ഥാ യഥാ, — ആജ്ഞയനുസരിച്ച്,
മഹാബലൈഃ — മഹാബലിഷ്ഠരായ
തൈഃ വാനരൈഃ — ആ വാനരന്മാർ
സൎവ്വൈഃ — എല്ലാവരാലും
അദ്യ ആഗന്തവ്യം. — ഇന്ന് എത്തിച്ചേരപ്പെടേണ്ടതാണ്.

ഋക്ഷകോടിസഹസ്രാണി ഗോലാംഗുലശതാനി ച
അദ്യ ത്വാമുപയാസ്യന്തി ജഹി കോപമരിന്ദമ
കോട്യോഽനേകാസ്തു കാകുത്സ്ഥ കപീനാം ദീപ്തതേജസാം. 23

"അരിന്ദമ! — "ശത്രുസൂദനനായ
കാകുത്സ്ഥ! — രാഘവ!
ഋക്ഷകോടിസഹസ്രാണി — ആയിരംകോടി കരടികളും
ഗോലാംഗുലശതാനി — നൂറുകണക്കിലുള്ള ഗോലാംഗുലങ്ങളും
ദീപ്തതേജസാം — അതിബലവാന്മാരായ
കപീനാം — വാനരന്മാരുടെ
അനേകാഃ കോട്യഃ ച — അനേകം കോടികളും
അദ്യ തു — ഇപ്പോൾതന്നെ
ത്വാം ഉപയാസ്യന്തി; — ഭവാന്റെ അടുക്കൽ വന്നുചേരുന്നതാണ്
കോപം — കോപത്തെ
ജഹി. — വിട്ടൊഴിച്ചാലും.

തവ ഹി മുഖമിദം നിരീക്ഷ്യ കോപാത്
ക്ഷതജനിഭേ നയനേ നിരീക്ഷമാണാഃ
ഹരിവരവനിതാ ന യാന്തി ശാന്തിം
പ്രഥമഭയസ്യ ഹി ശങ്കിതാഃ സ്മ സൎവ്വാഃ. 24

"തവ — "നിന്തിരുവടിയുടെ
ഇദം മുഖം — ഈ വദനത്തെ
നിരീക്ഷ്യ, — നോക്കി,
കോപാത് — കോപത്താൽ
നയനേ — ഇരുനയനങ്ങളേയും
ക്ഷതജനിഭേ — രക്തംപോലെ ഇരിക്കുന്നവയായി
നിരീക്ഷമാണാഃ, — കാണുന്നവരായി,
ഹരിവരവനിതാഃ — വാനരോത്തമനാരിമാർ
സൎവ്വാഃ ഹി — എല്ലാവരുംതന്നെ
ശങ്കിതാഃ സ്മ — ഉള്ളംകലങ്ങിയവരായി
പ്രഥമഭയസ്യ — ആദ്യമേ ഉണ്ടായിരിക്കുന്ന ഭയത്തിന്ന്
ശാന്തിം — ഉപശാന്തി
യാന്തി ന ഹി." — ഉണ്ടാകാത്തവരായിട്ടുതന്നെയാണിരിക്കുന്നതു."

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
പഞ്ചത്രിംശഃ സൎഗ്ഗഃ = മുപ്പത്തഞ്ചാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 10785; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1533

## ഷട്ത്രിംശഃ സർഗ്ഗഃ = മുപ്പത്താറാംസർഗ്ഗം.

[സുഗ്രീവേണ ലക്ഷ്മണപ്രസാദനം = സുഗ്രീവൻ ലക്ഷ്മണനെ പ്രസാദിപ്പിക്കുന്നത്].

ഇത്യുക്തസ്താരയാ വാക്യം പ്രശ്രിതം ധർമ്മസംഹിതം
മൃദുസ്വഭാവഃ സൌമിത്രിഃ പ്രതിജഗ്രാഹ തദ്വചഃ. 1

| | |
|---|---|
| താരയാ | താരയാൽ |
| ധർമ്മസംഹിതം | ധർമ്മത്തിന്നനുയോജിച്ചതും |
| പ്രശ്രിതം | വിനയത്തോടുകൂടിയതു[മായ |
| വാക്യം | വാക്യം |
| ഇതി | മേൽപ്രകാരം |
| ഉക്തഃ | ഉദ്ബോധിപ്പിക്കപ്പെട്ടവനും |
| മൃദുസ്വഭാവഃ | ആർദ്രഹൃദയനുമായ |
| സൌമിത്രിഃ, | സൌമിത്രി, |
| തത് വചഃ | ആ വാക്യത്തെ |
| പ്രതിജഗ്രാഹ. | അംഗീകരിച്ചു. |

തസ്മിൻ പ്രതിഗൃഹീതേ തു വാക്യേ ഹരിഗണേശ്വരഃ
ലക്ഷ്മണാത് സുമഹത് ത്രാസം വസ്ത്രം ക്ലിന്നമിവാത്യജത്. 2

| | |
|---|---|
| തസ്മിൻ വാക്യേ | ആ വാക്യം |
| പ്രതിഗൃഹീതേ തു, | സ്വീകരിക്കപ്പെട്ട ഉടനെ, |
| ഹരിഗണേശ്വരഃ | വാനരകുലാധിപനായ സുഗ്രീവൻ |
| ലക്ഷ്മണാത് | ലക്ഷ്മണനിൽനിന്നുള്ള |
| സുമഹത് ത്രാസം, | വലുതായ ആ ഭയത്തെ, |
| ക്ലിന്നം വസ്ത്രം ഇവ, | നനഞ്ഞ വസ്ത്രത്തെയെന്നപോലെ, |
| അത്യജത്. | അകററി. |

[ഈറനായ വസ്ത്രത്തെമാററി ശുഷ്കവസ്ത്രം ധരിക്കുന്നതുപോലെ, ഭയത്തെ വെടിഞ്ഞ് ധൈര്യം വിശ്വാസം എന്നവ കൈക്കൊണ്ടു എന്നു സാരം.]

തതഃ കണ്ഠഗതം മാല്യം ചിത്രം ബഹുഗുണം മഹത്
ചിച്ഛേദ വിമദശ്ചാസീത് സുഗ്രീവോ വാനരേശ്വരഃ. 3

| | |
|---|---|
| തതഃ | അപ്പോൾ |
| വാനരേശ്വരഃ | വാനരരാജാവായ |
| സുഗ്രീവഃ, | സുഗ്രീവൻ, |
| കണ്ഠഗതം | കഴുത്തിലണിഞ്ഞിരുന്ന |
| മഹത് | വിശേഷപ്പെട്ടതും |
| ചിത്രം | ഭംഗിയുള്ളതും |
| ബഹുഗുണം | കാമവേഗോദ്ദീപകവും [ആയ |
| മാല്യം | മാല്യത്തെ |
| ചിച്ഛേദ; | പൊട്ടിച്ചെറിഞ്ഞു; |
| ച | ഉടനെതന്നെ |
| വിമദഃ ആസീത്. | മയക്കംതെളിഞ്ഞവനായി ഭവിച്ചു. |

സ ലക്ഷ്മണം ഭീമബലം സർവ്വവാനരസത്തമഃ
അബ്രവീത് പ്രശ്രിതം വാക്യം സുഗ്രീവഃ സംപ്രഹർഷയൻ. 4

| | |
|---|---|
| സർവ്വവാനരസത്തമഃ | വാനരരെല്ലാവരിലും വെച്ചുത്തമനായ |
| സഃ സുഗ്രീവഃ | ആ സുഗ്രീവൻ |
| ഭീമബലം | ഘോരവിക്രമശാലിയായ |
| ലക്ഷ്മണം | ലക്ഷ്മണനെ നോക്കി |
| സംപ്രഹർഷയൻ | ഉള്ളം കുളുപ്പിക്കുമാറു് |
| പ്രശ്രിതം വാക്യം | വിനയത്തോടുകൂടിയ വാക്യത്തെ |
| അബ്രവീത്. | ഇപ്രകാരം പറഞ്ഞു. |

പ്രനഷ്ടാ ശ്രീശ്ച കീർത്തിശ്ച കപിരാജ്യം ച ശാശ്വതം
രാമപ്രസാദാത് സൌമിത്രേ പുനഃ പ്രാപ്തമിദം മയാ. 5

| | | | |
|---|---|---|---|
| "സൌമിത്രേ! | "ലക്ഷ്മണ! | രാമപ്രസാദാത് | ശ്രീരാമന്റെ കാരുണ്യത്താൽ |
| പ്രനഷ്ടാ | കൈവിട്ടുപോയിരുന്ന | പുനഃ | വീണ്ടും |
| ശ്രീഃ ച, | രാജ്യലക്ഷ്മിയും, | മയാ | എന്നാൽ |
| കീർത്തിഃ ച | യശസ്സും | പ്രാപ്തം. | പ്രാപിക്കപ്പെട്ടു. |
| ശാശ്വതം ഇദം കപിരാജ്യം ച | ഈടാർന്ന ഈ വാനരരാജ്യവും | | |

കഃ ശക്തസ്തസ്യ ദേവസ്യ ഖ്യാതസ്യ സ്വേന കർമ്മണാ
താദൃശം വിക്രമം വീര പ്രതികർത്തുമരിന്ദമ. 6

| | | | |
|---|---|---|---|
| "അരിന്ദമ! | "ശത്രുസംഹാരകനായ | വിക്രമം, | പരാക്രമത്തിന്ന്, |
| വീര! | വീര! | താദൃശം | അനുയോജിച്ചപോലെ |
| സ്വേന | സ്വന്തം | | |
| കർമ്മണാ | പ്രവൃത്തിയാൽ | പ്രതികർത്തും | പകരം ചെയ്വാൻ |
| ഖ്യാതസ്യ | പ്രശസ്തിയാർന്ന | കഃ | ആർതന്നെയാണ് |
| തസ്യ ദേവസ്യ | ആ മഹാനുഭാവന്റെ | ശക്തഃ? | ശക്തനാവുക? |

സീതാം പ്രാപ്സ്യതി ധർമ്മാത്മാ വധിഷ്യതി ച രാവണം
സഹായമാത്രേണ മയാ രാഘവഃ സ്വേന തേജസാ. 7

| | | | |
|---|---|---|---|
| "ധർമ്മാത്മാ | "ധർമ്മാത്മാവായ | മയാ | എന്നോടുംകൂടി |
| രാഘവഃ, | ശ്രീരാഘവൻ, | രാവണം | രാവണനെ |
| സ്വേന തേജസാ | സ്വശക്തികൊണ്ടു | വധിഷ്യതി; | വധിക്കുന്നതാണ്; |
| സഹായമാത്രേണ | പേരിന്നുമാത്രം തുണയായിട്ടുള്ള | സീതാം ച | സീതാദേവിയേയും |
| | | പ്രാപ്സ്യതി. | പ്രാപിക്കുന്നതാണ്. |

സഹായകൃത്യം കിം തസ്യ യേന സപ്ത മഹാദ്രുമാഃ
ശൈലശ്ച വസുധാ ചൈവ ബാണേനൈകേന ദാരിതാഃ. 8

| | | | |
|---|---|---|---|
| "യേന | "യാതൊരുവനാൽ | വസുധാ ഏവ | ഭൂമിയും |
| ഏകേന ബാണേന | ഒരേ ഒരു ബാണംകൊണ്ട് | ദാരിതാഃ, | പിളർക്കപ്പെട്ടുവോ, |
| | | തസ്യ | അപ്രകാരമുള്ളവന്ന് |
| സപ്ത | ഏഴ് | സഹായകൃത്യം | സഹായിയാൽ ആവേണ്ടുന്ന കാര്യം |
| മഹാദ്രുമാഃ ച | വമ്പിച്ച വൃക്ഷങ്ങളും | | |
| ശൈലഃ ച | പർവ്വതവും | കിം? | എന്തൊന്നാണുള്ളത്? |

ധനുർവ്വിസ്ഫാരയാണസ്യ യസ്യ ശബ്ദേന ലക്ഷ്മണ
സശൈലാ കമ്പിതാ ഭൂമിഃ സഹായൈസ്തസ്യ കിം നു വൈ. 9

| | | | |
|---|---|---|---|
| "ലക്ഷ്മണ! | "സൌമിത്രേ! | ഭൂമിഃ | ഭൂമി മുഴവനം |
| ധനഃ | ധനുസ്സിനെ | കമ്പിതാ, | കുലുക്കപ്പെട്ടുവോ, |
| വിസ്പാരയാ-ണസ്യ യസ്യ | ടങ്കാരംചെയ്യുന്നവനായ യാതൊരുവൻെറ | തസ്യ | അദ്ദേഹത്തിന്ന് |
| ശബ്ദേന | ആ ശബ്ദത്താൽ | സഹായൈഃ | സഹായികളെക്കൊണ്ട് |
| സശൈലാ | പർവ്വതങ്ങളടങ്ങിയ | കിം നു വൈ? | എന്തുതന്നെയാണ് പ്രയോജനം? |

അനുയാത്രാം നരേന്ദ്രസ്യ കരിഷ്യേऽഹം നരർഷഭ
ഗച്ഛതോ രാവണം ഹന്തും വൈരിണം സപുരഃസരം. 10

| | | | |
|---|---|---|---|
| "നരർഷഭ! | "പുരുഷോത്തമ! | ഗച്ഛതഃ | എഴുന്നെള്ളുന്ന |
| വൈരിണം | ശത്രുവായ | നരേന്ദ്രസ്യ, | പുരുഷോത്തമന്ന്, |
| രാവണം | രാവണനെ | അഹം | ഞാൻ |
| സപുരഃസരം | കൂട്ടത്തോടെ | അനുയാത്രാം കരിഷ്യേ. | അനുയാത്രയായി പോകാം. |
| ഹന്തും | വധിക്കുന്നതിന്ന് | | |

യദി കിഞ്ചിദതിക്രാന്തം വിശ്വാസാത് പ്രണയേന വാ
പ്രേഷ്യസ്യ ക്ഷമിതവ്യം മേ ന കശ്ചിന്നാപരാധ്യതി. 11

| | | | |
|---|---|---|---|
| "വിശ്വാസാത് | "കോപിക്കുകയില്ലെന്ന വിശ്വാസത്താലോ | യദി വാ | ഉണ്ടെന്നിരിക്കിൽ അതു് |
| പ്രണയേന | സ്നേഹംകൊണ്ടുതന്നെയോ, | ക്ഷമിതവ്യം; | ക്ഷമിച്ചരുളത്തക്കതാണ്; |
| കിഞ്ചിത് | സ്വല്പംവല്ല | കശ്ചിത് ന അപരാധ്യതി ന." | ആക്കും ഒട്ടും അബദ്ധം പിണയുകയില്ലെന്നില്ലല്ലൊ." |
| അതിക്രാന്തം | കുററവും | | |
| പ്രേഷ്യസ്യ മേ | ദാസനായ എനിക്ക് | | |

ഇതി തസ്യ ബ്രുവാണസ്യ സുഗ്രീവസ്യ മഹാത്മനഃ
അഭവല്ലക്ഷ്മണഃ പ്രീതഃ പ്രേമ്ണാ ചൈവമുവാച ഹ. 12

| | | | |
|---|---|---|---|
| "തസ്യ | "ആ | ലക്ഷ്മണഃ | ലക്ഷ്മണൻ |
| മഹാത്മനഃ | മഹാത്മാവായ | പ്രീതഃ അഭവത് ഹ; | സന്തുഷ്ടനായി ഭവിച്ചു; |
| സുഗ്രീവസ്യ | സുഗ്രീവൻ | പ്രേമ്ണാ ച | സ്നേഹപുരസ്സരം |
| ഇതി | മേൽപ്രകാരം | ഏവം | ഇപ്രകാരം |
| ബ്രുവാണസ്യ, | പറയവെ, | ഉവാച. | അരുളിച്ചെയ്യുകയുംചെയ്തു. |

സർവ്വഥാ ഹി മമ ഭ്രാതാ സനാഥോ വാനരേശ്വര
ത്വയാ നാഥേന സുഗ്രീവ പ്രശ്രിതേന വിശേഷതഃ. 13

| | | | |
|---|---|---|---|
| "സുഗ്രീവ! | "സുഗ്രീവ! | പ്രശ്രിതേന | സുശീലനും ആയ |
| വാനരേശ്വര! | വാനരാധിപ! | ത്വയാ | ഭവാനാൽ |
| മമ ഭ്രാതാ | എൻെറ ജ്യേഷ്ഠൻ | സർവ്വഥാ | എല്ലാംകൊണ്ടും |
| നാഥേന | സഹായിയും, | സനാഥഃ ഹി. | വേണ്ടുന്ന സഹായത്തോടുകൂടിയവൻതന്നെ. |
| വിശേഷതഃ | പ്രത്യേകിച്ചും | | |

യസ്തേ പ്രഭാവഃ സുഗ്രീവ യച്ച തേ ശൌചമാൎജ്ജവം
അൎഹസ്ത്വം കപിരാജ്യസ്യ ശ്രിയം ഭോക്തുമനുത്തമാം 14

| | | | |
|---|---|---|---|
| "സുഗ്രീവ! | "സുഗ്രീവ! | ത്വം | അപ്രകാരമുള്ള അങ്ങ്, |
| തേ | ഭവാനു | കപിരാജ്യസ്യ | വാനരരാജ്യത്തിന്റെ |
| യഃ പ്രഭാവഃ, | യാതൊരു തേജസ്സുണ്ടോ, | അനുത്തമാം | ഉൽകൃഷ്ടമായ |
| തേ | അങ്ങയ്ക്കു് | ശ്രിയം | ഐശ്വൎയ്യത്തെ |
| യത് ശൌചം | യാതൊരു മനഃശ്ശുദ്ധിയും | ഭോക്തും | അനുഭവിക്കുന്നതിനു |
| ആൎജ്ജവം ച | സത്യവും ഉണ്ടോ | അൎഹഃ. | അൎഹതയുള്ളവൻതന്നെ. |

സഹായേന ച സുഗ്രീവ ത്വയാ രാമഃ പ്രതാപവാൻ
വധിഷ്യതി രണേ ശത്രൂനചിരാന്നാത്ര സംശയഃ. 15

| | | | |
|---|---|---|---|
| "സുഗ്രീവ! | "സുഗ്രീവ! | ശത്രൂൻ | ശത്രുക്കളെ |
| രാമഃ | ശ്രീരാമൻ | അചിരാത് | താമസമെന്നിയേ |
| സഹായേന | സഹായിയായ | രണേ വധിഷ്യതി; | യുദ്ധത്തിൽ കൊന്നൊടുക്കും; |
| ത്വയാ ച | ഭവാനാൽതന്നെയാണ് | അത്ര | ഇതിൽ |
| പ്രതാപവാൻ; | മേന്മതേടുന്നത്; | സംശയഃ ന. | സംശയമില്ല. |

ധൎമ്മജ്ഞസ്യ കൃതജ്ഞസ്യ സംഗ്രാമേഷ്വനിവൎത്തിനഃ
ഉപപന്നം ച യുക്തം ച സുഗ്രീവ തവ ഭാഷിതം. 16

| | | | |
|---|---|---|---|
| "സുഗ്രീവ! | "സുഗ്രീവ! | അനിവൎത്തിനഃ | പിൻതിരിയാത്തവനുമായ |
| ധൎമ്മജ്ഞസ്യ | ധൎമ്മമറിയുന്നവനും | തവ ഭാഷിതം | ഭവാന്റെ വാക്യം |
| കൃതജ്ഞസ്യ | നന്ദിയുള്ളവനും | യുക്തം ച, | യുക്തിയുക്തവും, |
| സംഗ്രാമേഷു | യുദ്ധങ്ങളിൽ | ഉപപന്നം ച. | ഭവാന്നു യോജിച്ചതും തന്നെ. |

ദോഷജ്ഞഃ സതി സാമൎത്ഥ്യേ കോഽന്യോ ഭാഷിതുമൎഹതി
വൎജ്ജയിത്വാ മമ ജ്യേഷ്ഠം ത്വാം ച വാനരസത്തമ. 17

| | | | |
|---|---|---|---|
| "വാനരസത്തമ! | "വാനരോത്തമ! | അന്യഃ കഃ, | മറ്റേതൊരുവനാണ്, |
| മമ ജ്യേഷ്ഠം | എന്റെ ജ്യേഷ്ഠനേയും | സാമൎത്ഥ്യേ സതി, | ബലവാനായിരിക്കെ, |
| ത്വാം ച | ഭവാനേയും | | |
| വൎജ്ജയിത്വാ, | കൂടാതെ, | ഭാഷിതും അൎഹതി? | ഇങ്ങിനെ ഭംഗിയായി സംസാരിക്കുക. |
| ദോഷജ്ഞഃ | വിദ്വാനായ | | |

[''തന്റെ ദോഷത്തെപ്പറ്റി അറിവുള്ള മറ്റേതൊരുവനാണ്, ശക്തിമാനായിരിക്കെ, ആ ദോഷത്തെ മറച്ചുവെക്കാൻ ശ്രമിക്കാതെ, ഇങ്ങിനെ തുറന്നുപറയുക.'' എന്നു ഗോ. രാ. ''മറ്റാരാണു ഇങ്ങിനെ ദോഷമറിഞ്ഞു് സംസാരിക്കുക?'' എന്നും പറയാം.]

സദൃശശ്ചാസി രാമസ്യ വിക്രമേണ ബലേന ച
സഹായോ ദൈവതൈർദ്ദത്തശ്ചിരായ ഹരിപുംഗവ. 18

| | | | |
|---|---|---|---|
| "ഹരിപുംഗവ! | "വാനരശ്രേഷ്ഠ! | രാമസ്യ ച | ശ്രീരാമനോടുതന്നെ |
| ദൈവതൈഃ | ദേവന്മാരാൽ | വിക്രമേണ | പൌരുഷംകൊണ്ടും |
| ചിരായ | പണ്ടേതന്നെ | ബലേന ച | ബലംകൊണ്ടും |
| സഹായഃ ദത്തഃ, | ബന്ധുവായി ഏല്പ്പെട്ടവനായ അങ്ങ്, | സദൃശഃ അസി. | തുല്യനാകുന്നു. |

കിം തു ശീഘ്രമിതോ വീര നിഷ്ക്രാമ ത്വം മയാ സഹ
സാന്ത്വയ സ്വവയസ്യം ത്വം ഭാര്യാഹരണകർശിതം. 19

| | | | |
|---|---|---|---|
| "വീര! | "വീര്യശാലിൻ! | നിഷ്ക്രാമ; | പുറപ്പെടുക; |
| കിം തു! | എന്തിനേറെ? ഇനിമേ | ത്വം | ഭവാൻ |
| ത്വം | ഭവാൻ [ലിലെങ്കിലും | ഭാര്യാഹരണകർശിതം | ഭാര്യ അപഹരിക്കപ്പെട്ടവനായി വ്യസനിക്കുന്ന |
| മയാ സഹ | എന്നോടുകൂടിത്തന്നെ | | |
| ഇതഃ | ഇവിടെനിന്നും | സ്വവയസ്യം | സ്വന്തം സുഹൃത്തിനെ |
| ശീഘ്രം | വേഗത്തിൽ | സാന്ത്വയ. | സമാശ്വസിപ്പിച്ചാലും. |

യച്ച ശോകാഭിഭൂതസ്യ ശ്രുത്വാ രാമസ്യ ഭാഷിതം
മയാ ത്വം പരുഷാണ്യുക്തസ്തച്ച ത്വം ക്ഷന്തുമർഹസി. 20

| | | | |
|---|---|---|---|
| "ശോകാഭിഭൂതസ്യ | "ശോകനിമഗ്നനായ | പരുഷാണി | പരുഷവാക്കുകൾ |
| | | ഉക്തഃ; | പറയപ്പെട്ടു; |
| രാമസ്യ | ശ്രീരാമന്റെ | യത് ച തത് ച | യാതൊരു അതെല്ലാററിനേയും |
| ഭാഷിതം | വാക്യത്തെ | | |
| ശ്രുത്വാ, | ഓർത്തു, | ത്വം | ഭവാൻ |
| മയാ | എന്നാൽ | ക്ഷന്തും അർഹസി. | ക്ഷമിച്ചുകൊണ്ടാലും. |
| ത്വം | ഭവാൻ | | |

[“ശോകാഭിഭൂതസ്യ” എന്നു പറഞ്ഞതിൽനിന്നു ശ്രീരാമൻ സ്വാഭാവികമായി പരുഷവാക്കു പറകയില്ലെന്നു ദ്യോതന; “ഉച്യമാനോഽപി പരുഷം നോത്തരം പ്രതിപദ്യതേ” (അയോദ്ധ്യാ. ഒന്നാം സർഗ്ഗം.) “മയാ ത്വം ഉക്തഃ” എന്നതിൽനിന്നു ശ്രീരാമവാക്യത്തിൽ ദോഷമില്ലെന്നു സിദ്ധിക്കുന്നു; (തനി ശ്ലോകി).]

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ഷട്ത്രിംശഃ സർഗ്ഗഃ = മുപ്പത്താറാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ **10805**; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ **1553.**

# സപ്തത്രിംശഃ സർഗ്ഗഃ = മുപ്പത്തേഴാംസർഗ്ഗം.

[വാനരസേനാഗമനം = വാനരസൈന്യങ്ങളുടെ വരവ്.]

ഏവമുക്തസ്തു സുഗ്രീവോ ലക്ഷ്മണേന മഹാത്മനാ
ഹനൂമന്തം സ്ഥിതം പാർശ്വേ സചിവം ത്വിദമബ്രവീത്. 1

| | | | |
|---|---|---|---|
| **മഹാത്മനാ** | മഹാത്മാവായ | **സചിവം** | മന്ത്രിയായ |
| **ലക്ഷ്മണേന** | സൌമിത്രിയാൽ | **ഹനൂമന്തം** | ഹനൂമാനെ നോക്കി |
| **ഏവം ഉക്തഃ** | മേൽപ്രകാരം പറയപ്പെട്ട | **തു** | ഉടനെ |
| **സുഗ്രീവഃ** | സുഗ്രീവൻ | **തു** | ഇതിനെപററി |
| **പാർശ്വേ സ്ഥിതം** | സമീപത്തിൽ നിന്നുകൊണ്ടിരുന്ന | **ഇദം അബ്രവീത്.** | ഇപ്രകാരം ആജ്ഞാപിച്ചു. |

മഹേന്ദ്രഹിമവദ്വിന്ധ്യകൈലാസശിഖരേഷു ച
മന്ദരേ പാണ്ഡുശിഖരേ പഞ്ചശൈലേഷു യേ സ്ഥിതാഃ 2
തരുണാദിത്യവർണ്ണേഷു ഭ്രാജമാനേഷു സർവ്വതഃ
പർവ്വതേഷു സമുദ്രാന്തേ പശ്ചിമായാം തു യേ ദിശി 3
ആദിത്യഭവനേ ചൈവ ഗിരൌ സന്ധ്യാഭ്രസന്നിഭേ
പത്മതാലവനം ഭീമം സംശ്രിതാ ഹരിപുംഗവാഃ 4
അഞ്ജനാംബുദസങ്കാശാഃ കുഞ്ജരപ്രതിമൌജസഃ
അഞ്ജനേ പർവ്വതേ ചൈവ യേ വസന്തി പ്ലവംഗമാഃ 5
മനഃശിലാഗുഹാവാസാ വാനരാഃ കനകപ്രഭാഃ
മേരുപാർശ്വഗതാശ്ചൈവ യേ ധൂമ്രഗിരിസംശ്രിതാഃ 6
തരുണാദിത്യവർണ്ണാശ്ച പർവ്വതേ ച മഹാരുണേ
പിബന്തോ മധു മൈരേയം ഭീമവേഗാഃ പ്ലവംഗമാഃ 7
വനേഷു ച സുരമ്യേഷു സുഗന്ധിഷു മഹത്സു ച
താപസാനാം ച രമ്യേഷു വനാന്തേഷു സമന്തതഃ 8
താംസ്താൻ സമാനയ ക്ഷിപ്രം പൃഥിവ്യാം സർവ്വവാനരാൻ
സാമദാനാദിഭിഃ കല്പൈരാശു പ്രേഷയ വാനരാൻ. 9

| | | | |
|---|---|---|---|
| **"വാനരാൻ** | "വാനരന്മാരെ | **പാണ്ഡുശിഖരേ** | പാണ്ഡുമലയുടെ കൊടുമുടിയിലും |
| **ആശു** | വേഗത്തിൽ | **പഞ്ചശൈലേഷു,** | പഞ്ചശൈലങ്ങളിലും ഉണ്ടോ അവരും, |
| **പ്രേഷയ** | പറഞ്ഞയക്കുക ; | **യേ** | യാതൊരു |
| **യേ** | യാതൊരുവർ | **ഹരിപുംഗവാഃ** | വാനരശ്രേഷ്ഠന്മാർ |
| **മഹേന്ദ്രഹിമവദ്വിന്ധ്യകൈലാസശിഖരേഷു, ച** | മഹേന്ദ്രം, ഹിമവാൻ, വിന്ധ്യൻ, കൈലാസശിഖരങ്ങൾ ഇവിടങ്ങളിലും | **പശ്ചിമായാം** | പടിഞ്ഞാറെ |
| | | **ദിശി** | ദിക്കിൽ |
| **മന്ദരേ** | മന്ദര പർവ്വതത്തിലും | **സമുദ്രാന്തേ** | സമുദ്ര തീരത്തിൽ |

| | |
|---|---|
| തരുണാദിത്യ- വർണ്ണേഷു | ബാലാർക്കപ്രഭപൂണ്ടവയായി |
| സർവ്വതഃ | നീളെ |
| ഭ്രാജമാനേഷു | പ്രകാശിച്ചുകൊണ്ടിരിക്കുന്ന |
| പർവ്വതേഷു തു | പർവ്വതങ്ങളിലും, |
| സന്ധ്യാഭ്ര- സന്നിഭേ | സന്ധ്യാകാശമൊത്ത |
| ആദിത്യഭവനേ | സൂർയ്യഗൃഹമാകുന്ന |
| ഗിരൌ ച | ഉദയഗിരിയിലും, |
| സ്ഥിതാഃ ഏവ, | പാർക്കുന്നുവോ അവരും, |
| ഭീമം | വമ്പിച്ചതായ |
| പദ്മതാലവനം | പത്മതാലവനത്തിൽ |
| സംശ്രിതാഃ, | വസിക്കുന്നവരും, |
| യേ | യാതൊരു |
| പ്ലവംഗമാഃ | വാനരന്മാർ |
| അഞ്ജനാം- ബുദസങ്കാശാഃ | അഞ്ജനം പോലെയും കാർമേഘം പോലെയും ഇരിക്കുന്നവരായി |
| കുഞ്ജരപ്രതി- മൌജസഃ ച | ആനയെപ്പോലെ ബലമുള്ളവരായി |
| അഞ്ജനേ പർവ്വതേ | അഞ്ജനശൈലത്തിൽ |
| വസന്തി ഏവ, | വസിക്കുന്നുവോ അവരും, |
| മനഃശിലാ- ഗുഹാവാസാഃ | മനയോലഗ്ഗുഹകളിൽ താമസിക്കുന്നവരായി |
| കനകപ്രഭാഃ, | പൊൻനിറമാർന്നവരും, |
| മേരുപാർശ്വ- ഗതാഃ | മേരുപർവ്വതത്താഴ്വരകളിൽ ഇരിക്കുന്നവരും |
| ധൂമ്രഗിരി- സംശ്രിതാഃ ച | ധൂമ്രഗിരിയിൽ പാർത്തു വരുന്നവരുമായ |
| വാനരാഃ | വാനരന്മാരും |
| തരുണാദിത്യ- വർണ്ണാഃ ച, | ബാലാദിത്യന്റെ വർണ്ണത്തോടുകൂടിയവരും |
| മഹാരുണേ പർവ്വതേ ച | മഹാരുണപർവ്വതത്തിൽ |
| സുരമ്യേഷു | രമണീയങ്ങളും |
| സുഗന്ധിഷു | സുഗന്ധമാർന്നവയുമായ |
| മഹത്സു വനേഷു ച | വൻവനപ്രദേശങ്ങളിൽ |
| സമന്തതഃ | ചുററും |
| താപസാനാം | തപസ്വികളുടെ |
| രമ്യേഷു വനാന്തേഷു ച | രമണീയങ്ങളായ ഉപവനാന്തഭാഗങ്ങളിൽ |
| ഭീമവേഗാഃ | പരാക്രമശാലികളായി |
| മധു | മധുവും |
| മൈരേയം | മൈരേയമദ്യവും |
| പിബന്തഃ | പാനംചെയ്തുകൊണ്ടിരിക്കുന്ന |
| പ്ലവംഗമാഃ | വാനരന്മാർ |
| യേ ഏവ, | ഏവരോ അവരും, ആയ |
| പൃഥിവ്യാം | ലോകത്തിൽ |
| താൻ താൻ | അതാതു ദിക്കിൽ പാർത്തുവരുന്ന |
| സർവ്വ- വാനരാൻ ച | വാനരന്മാരെല്ലാവരേയും |
| സാമദാനാദിഭിഃ | സാമദാനാദികളായ |
| കല്പൈഃ | ഉപായങ്ങളാൽ |
| ക്ഷിപ്രം | വേഗത്തിൽ |
| സമാനയ. | വിളിച്ചുചേർത്തുക. |

പ്രേഷിതാഃ പ്രഥമം യേ ച മയാ ദൂതാ മഹാജവാഃ
ത്വരണാർത്ഥം തു ഭൂയസ്ത്വം ഹരീൻ സംപ്രേഷയാപരാൻ. 10

| | |
|---|---|
| " പ്രഥമം | " ആദ്യംതന്നെ |
| മയാ | എന്നാൽ |
| പ്രേഷിതാഃ | അയക്കപ്പെട്ട |
| ദൂതാഃ | ദൂതന്മാർ |
| യേ ച | യാതൊരുവരോ അവർ |
| മഹാജവാഃ തു, | അതിവേഗതയുള്ളവർ തന്നെയെന്നിരുന്നാലും |
| ത്വരണാർത്ഥം | അവരെ ബദ്ധപ്പെടുത്തുന്നതിന്നായി |
| അപരാൻ | വേറെ |
| ഹരീൻ | വാനരന്മാരെ |
| ത്വം | നീ |
| ഭൂയഃ | വീണ്ടും |
| സംപ്രേഷയ. | അയച്ചേയ്ക്കുക. |

യേ പ്രസക്താശ്ച കാമേഷു ദീൎഘസൂത്രാശ്ച വാനരാഃ
ഇഹാനയസ്വ താൻ സൎവ്വാൻ ശീഘ്രം തു മമ ശാസനാത്. 11

| | | | |
|---|---|---|---|
| " യേ | " യാതൊരു | താൻ | അവരെ |
| വാനരാഃ | വാനരന്മാർ | സൎവ്വാൻ തു | എല്ലാവരേയുംതന്നെ |
| കാമേഷു പ്രസക്താഃ ച | വിഷയാസക്തന്മാരോ | ശീഘ്രം | ഉടനെ |
| ദീൎഘസൂത്രാഃ ച | യാതൊരുവർ അമാന്തക്കാരോ, | മമ ശാസനാത് | എന്റെകല്പനപ്രകാരം |
| | | ഇഹ | ഇവിടേക്ക് |
| | | ആനയസ്വ. | വിളിച്ചുവരുത്തുക. |

അഹോഭിൎദ്ദശഭിൎയ്യേ ഹി നാഗച്ഛന്തി മമാജ്ഞയാ
ഹന്തവ്യാസ്തേ ദുരാത്മാനോ രാജശാസനദൂഷകാഃ. 12

| | | | |
|---|---|---|---|
| " മമ | " എന്റെ | ആഗച്ഛന്തി ന ഹി | വന്നുചേരുന്നില്ലയോ |
| ആജ്ഞയാ | കല്പനയനുസരിച്ച് | രാജശാസനദൂഷകാഃ | രാജാജ്ഞയെ ഉല്ലംഘിക്കുന്ന |
| ദശഭിഃ അഹോഭിഃ | പത്തുദിവസത്തിലകം | തേ ദുരാത്മാനഃ | ആ ദുഷ്ടന്മാർ |
| യേ | ആർ | ഹന്തവ്യാഃ. | വധിക്കപ്പെടേണ്ടവരാണ്. |

ശതാന്യഥ സഹസ്രാണാം കോട്യശ്ച മമ ശാസനാത്
പ്രയാന്തു കപിസിംഹാനാം ദിശോ മമ മതേ സ്ഥിതാഃ. 13

| | | | |
|---|---|---|---|
| " കപിസിംഹാനാം | വാനരശ്രേഷ്ഠന്മാരുടെ | മതേ സ്ഥിതാഃ | ആജ്ഞാനുവൎത്തികളായി |
| സഹസ്രാണാം ശതാനി | ലക്ഷങ്ങളും, | അഥ | ഇപ്പോൾതന്നെ |
| കോട്യഃ ച, | കോടികളും, | മമ | എന്റെ |
| മമ | എന്റെ | ശാസനാത് | കല്പനപ്രകാരം |
| | | ദിശഃ | എല്ലാ ദിക്കുകളിലേക്കും |
| | | പ്രയാന്തു. | പോകട്ടെ. |

[വിളിച്ചുകൂട്ടുന്നവർ ഇത്രയുള്ളപ്പോൾ വന്നുചേരുന്നവർ എത്രയുണ്ടായിരിക്കുമെന്നു ഊഹ്യമാകുന്നു. (രാമാനുജീയം).]

മേഘപൎവ്വതസങ്കാശാശ്ഛാദയന്ത ഇവാംബരം
ഘോരരൂപാഃ കപിശ്രേഷ്ഠാ യാന്തു മച്ഛാസനാദിതഃ. 14

| | | | |
|---|---|---|---|
| " ഘോരരൂപാഃ | " ഭയങ്കരരൂപികളും | ഛാദയന്തഃ | മറയ്ക്കുന്നവരായി |
| മേഘപൎവ്വതസങ്കാശാഃ | മേഘപൎവ്വതതുല്യന്മാരുമായ | മച്ഛാസനാത് | എന്റെ ആജ്ഞകൊണ്ട് |
| കപിശ്രേഷ്ഠാഃ | വാനരശ്രേഷ്ഠന്മാർ | ഇതഃ | ഇവിടെനിന്നും |
| അംബരം ഇവ | ആകാശം മുഴുവനും | യാന്തു. | പുറപ്പെട്ടുപോകട്ടെ. |

തേ ഗതിജ്ഞാ ഗതിം ഗത്വാ പൃഥിവ്യാം സൎവ്വവാനരാഃ
ആനയന്തു ഹരീൻ സൎവ്വാൻ ത്വരിതാഃ ശാസനാന്മമ. 15

| | |
|---|---|
| "പൃഥിവ്യാം | " ഭൂമിയിൽ |
| ഗതിജ്ഞാഃ | അതാതു സ്ഥാനങ്ങളെ അറിയുന്നവരായ |
| തേ | ആ |
| സൎവ്വവാനരാഃ, | വാനരന്മാരെല്ലാവരും, |
| ത്വരിതാഃ | കാലതാമസംകൂടാതെ, |
| ഗതിം ഗത്വാ | അതാതു് സ്ഥലങ്ങളിൽ ചെന്നു് |
| ഹരീൻ സൎവ്വാൻ | വാനരന്മാരെല്ലാവരേയും |
| മമ ശാസനാത് | എന്റെ കല്പനപ്രകാരം |
| ആനയന്തു." | വിളിച്ചുകൊണ്ടുവരട്ടെ." |

തസ്യ വാനരരാജസ്യ ശ്രുത്വാ വായുസുതോ വചഃ
ദിക്ഷു സൎവ്വാസു വിക്രാന്താൻ പ്രേഷയാമാസ വാനരാൻ. 16

| | |
|---|---|
| വായുസുതഃ | വായുപുത്രൻ |
| തസ്യ | ആ |
| വാനരരാജസ്യ | വാനരരാജാവിന്റെ |
| വചഃ ശ്രുത്വാ | ശാസനയെ ശിരസാവഹിച്ചുകൊണ്ടു്, |
| വിക്രാന്താൻ | പരാക്രമശാലികളായ |
| വാനരാൻ | വാനരന്മാരെ |
| സൎവ്വാസു | എല്ലാ |
| ദിക്ഷു | ദിക്കുകളിലേക്കും |
| പ്രേഷയാമാസ. | നിയോഗിച്ചയച്ചു. |

തേ പദം വിഷ്ണുവിക്രാന്തം പതത്രിജ്യോതിരദ്ധ്വഗാഃ
പ്രയാതാഃ പ്രഹിതാ രാജ്ഞാ ഹരയസ്തത്ക്ഷണേന വൈ. 17

| | |
|---|---|
| രാജ്ഞാ | രാജാവിനാൽ |
| തത്ക്ഷണേന വൈ | അപ്പോൾ തന്നെ |
| പ്രഹിതാഃ | കല്പിച്ചയക്കപ്പെട്ടവരായ |
| തേ | ആ |
| ഹരയഃ | വാനരന്മാർ |
| പതത്രിജ്യോതിരദ്ധ്വഗാഃ | പക്ഷികളുടേയും നക്ഷത്രങ്ങളുടേയും മാൎഗ്ഗത്തിലെത്തിയവരായി |
| വിഷ്ണുവിക്രാന്തം പദം | ആകാശമാൎഗ്ഗത്തിലൂടെ |
| പ്രയാതാഃ. | ചെന്നു. |

തേ സമുദ്രേഷു ഗിരിഷു വനേഷു ച സരഃസു ച
വാനരാ വാനരാൻ സൎവ്വാൻ രാമഹേതോരചോദയൻ. 18

| | |
|---|---|
| തേ വാനരാഃ | ആ കപികൾ |
| സമുദ്രേഷു | സമുദ്രങ്ങളിലും |
| ഗിരിഷു | പൎവ്വതങ്ങളിലും |
| വനേഷു ച | വനങ്ങളിലും |
| സരഃസു ച | പൊയ്കകളിലും |
| വാനരാൻ സൎവ്വാൻ | വാനരന്മാരെല്ലാവരേയും |
| രാമഹേതോഃ | ശ്രീരാമകാൎയ്യത്തിന്നായി |
| അചോദയൻ. | പ്രേരിപ്പിച്ചു. |

മൃത്യുകാലോപമസ്യാജ്ഞാം കപിരാജസ്യ വാനരാഃ
സുഗ്രീവസ്യായയുഃ ശ്രുത്വാ സുഗ്രീവഭയദൎശിനഃ. 19

| | |
|---|---|
| വാനരാഃ, | വാനരന്മാർ, |
| മൃത്യുകാലോപമസ്യ | മൃത്യുദായകനായ യമനു തുല്യനും |
| കപിരാജസ്യ | വാനര രാജാവുമായ |
| സുഗ്രീവസ്യ | സുഗ്രീവന്റെ |
| ആജ്ഞാം | ആജ്ഞയെ |
| ശ്രുത്വാ, | കേട്ടു്, |
| സുഗ്രീവഭയദൎശിനഃ | സുഗ്രീവനിൽ നിന്നു ആപത്തു നേരിടുകമെന്നു ശങ്കിക്കുന്നവരായി |
| ആയയുഃ. | പുറപ്പെട്ടുവന്നു. |

തതസ്തേഽഞ്ജനസങ്കാശാ ഗിരേസ്തസ്മാന്മഹാജവാഃ
തിസ്രഃ കോട്യഃ പ്ലവംഗാനാം നിര്യയുര്യത്ര രാഘവഃ. 20

| | | | |
|---|---|---|---|
| തതഃ, | അപ്പോൾ | മഹാജവാഃ | ശീഘ്രഗാമികളുമായ |
| രാഘവഃ | ശ്രീരാഘവൻ | പ്ലവംഗാനാം | വാനരന്മാരുടെ |
| യത്ര | എങ്ങു വസിച്ചിരുന്നുവോ അവിടെക്കായി | തേ തിസ്രഃ കോട്യഃ | ആ മൂന്നു കൊടികളും |
| അഞ്ജനസങ്കാശാഃ | അഞ്ജനശൈലത്തിനു സദൃശന്മാരും | തസ്മാത് ഗിരേഃ | ആ അഞ്ജന പർവ്വതത്തിൽ നിന്നു |
| | | നിര്യയുഃ. | പുറപ്പെട്ടു. |

അസ്തം ഗച്ഛതി യത്രാർക്കസ്തസ്മിൻ ഗിരിവരേ സ്ഥിതാഃ
തപ്തഹേമമഹാഭാസസ്തസ്മാത് കോട്യോ ദശ ച്യുതാഃ. 21

| | | | |
|---|---|---|---|
| അർക്കഃ | ആദിത്യൻ | സ്ഥിതാഃ, | വസിച്ചിരുന്നവർ |
| യത്ര | എവിടെ | തപ്തഹേമമഹാഭാസഃ; | തങ്കനിറമാർന്നവർ; |
| അസ്തം ഗച്ഛതി | അസ്തമിക്കുന്നുവോ, | തസ്മാത് | അതിൽ |
| തസ്മിൻ | ആ | ദശ കോട്യഃ | പത്തുകോടിപ്പേർ |
| ഗിരിവരേ | ശ്രേഷ്ഠമായ അസ്തഗിരിയിൽ | ച്യുതാഃ. | ഇറങ്ങി. |

കൈലാസശിഖരേഭ്യശ്ച സിംഹകേസരവർച്ചസാം
തതഃ കോടിസഹസ്രാണി വാനരാണാമുപാഗമൻ. 22

| | | | |
|---|---|---|---|
| സിംഹകേസരവർച്ചസാം | സിംഹത്തിന്റെ കേസരംപോലെ നിറമാർന്ന | കൈലാസശിഖരേഭ്യഃ | കൈലാസ ശിഖരങ്ങളിൽനിന്ന് |
| വാനരാണാം | വാനരന്മാരുടെ | തതഃ | അപ്പോൾ |
| കോടിസഹസ്രാണി ച, | ആയിരം കോടികളും, | ഉപാഗമൻ. | വന്നെത്തി. |

ഫലമൂലേന ജീവന്തോ ഹിമവന്തമുപാശ്രിതാഃ
തേഷാം കോടിസഹസ്രാണാം സഹസ്രം സമവർത്തത. 23

| | | | |
|---|---|---|---|
| ഹിമവന്തം | ഹിമവാൻ പർവ്വതത്തിൽ | തേഷാം | അവരിൽ |
| ഉപാശ്രിതാഃ | പാർത്തിരുന്നവർ | കോടിസഹസ്രാണാം സഹസ്രം | പത്തുലക്ഷം കോടിപ്പേർ |
| ഫലമൂലേന | ഫലമൂലങ്ങളെക്കൊണ്ടു | സമവർത്തത. | പുറപ്പെട്ടു. |
| ജീവന്തഃ; | ഉപജീവിക്കുന്നവർ; | | |

അംഗാരകസമാനാനാം ഭീമാനാം ഭീമകർമ്മണാം
വിന്ധ്യാദ്വാനരകോടീനാം സഹസ്രാണ്യപതൻ ദ്രുതം. 24

| | | | |
|---|---|---|---|
| അംഗാരകസമാനാനാം | കരിക്കട്ടപോലെയുള്ളവരും | വാനരകോടീനാം | കോടിക്കണക്കായ വാനരന്മാരുടെ |
| ഭീമാനാം | ഭയങ്കരസ്വരൂപികളും | സഹസ്രാണി | ആയിരങ്ങൾ |
| ഭീമകർമ്മണാം | ഭീമപരാക്രമികളുമായ | ദ്രുതം വിന്ധ്യാത് | തൽക്ഷണം വിന്ധ്യാപർവ്വതത്തിൽനിന്ന് |
| | | അപതൻ. | ഇറങ്ങിവന്നു. |

ക്ഷീരോദവേലാനിലയാസ്തമാലവനവാസിനഃ
നാരികേളാശനാശ്ചൈവ തേഷാം സംഖ്യാ ന വിദ്യതേ. 25

| | | | |
|---|---|---|---|
| ക്ഷീരോദ-വേലാ-നിലയാഃ ച | പാലാഴിയുടെ തീരത്തിൽ പാൎക്കുന്നവരും | നാരി-കേളാശനാഃ, | നാളികേരം ഭക്ഷിച്ചു ജീവിക്കുന്നവർ; |
| തമാലവന-വാസിനഃ ഏവ | തമാലവനത്തിൽ വസിക്കുന്നവരും | തേഷാം | അവരുടെ |
| | | സംഖ്യാ | എണ്ണം |
| | | വിദ്യതേ ന. | കണക്കാക്കപ്പെടാവുന്നതല്ല. |

വനേഭ്യോ ഗഹ്വരേഭ്യശ്ച സരിദ്ഭ്യശ്ച മഹാജവാഃ
ആഗച്ഛദ്വാനരീ സേനാ പിബന്തീവ ദിവാകരം. 26

| | | | |
|---|---|---|---|
| വനേഭ്യഃ | വനങ്ങളിൽനിന്നും | വാനരീ സേനാ | വാനരസൈന്യം, |
| ഗഹ്വരേഭ്യഃ ച | ഗുഹകളിൽനിന്നും | ദിവാകരം | ആദിത്യഭഗവാനെ |
| സരിദ്ഭ്യഃ ച | നദികളിൽനിന്നും | പിബന്തീ ഇവ | വിഴുങ്ങുന്നതെന്നപോലെ |
| മഹാജവാഃ; | ശീഘ്രഗാമികളായവർ വന്നെത്തി; | ആഗച്ഛത്. | വന്നുചേൎന്നു. |

യേ തു ത്വരയിതും യാതാ വാനരാഃ സൎവ്വവാനരാൻ
തേ വീരാ ഹിമവച്ഛൈലം ദദൃശുസ്തം മഹാദ്രുമം. 27

| | | | |
|---|---|---|---|
| യേ വാനരാഃ | യാതൊരു വാനരന്മാർ | തേ വീരാഃ | ആ വീരന്മാർ |
| സൎവ്വവാനരാൻ | സൎവ്വ വാനരന്മാരേയും | മഹാദ്രുമം | വൻവൃക്ഷങ്ങളാൎന്ന |
| ത്വരയിതും | വേഗം പുറപ്പെടുവിക്കുന്നതിന്നായി | തം | ആ |
| | | ഹിമവച്ഛൈലം | ഹിമവാൻ പൎവ്വതത്തെ |
| യാതാഃ തു, | പോയിരുന്നുവോ, | ദദൃശുഃ. | കണ്ടു. |

തസ്മിൻ ഗിരിവരേ രമ്യേ യജ്ഞോ മാഹേശ്വരഃ പുരാ
സൎവ്വദേവമനസ്തോഷോ ബഭൌ ദിവ്യോ മനോഹരഃ. 28

| | | | |
|---|---|---|---|
| തസ്മിൻ | ആ [പൎവ്വതത്തിൽ | മനോഹരഃ | ചിത്തം കവരുന്നതും |
| രമ്യേ ഗിരിവരേ | രമണീയമായ ഉത്തമ– | ദിവ്യഃ | ദിവ്യവുമായ |
| പുരാ | പണ്ടൊരിക്കൽ | മാഹേശ്വരഃ യജ്ഞഃ ബഭൌ. | മാഹേശ്വരമെന്നുപറയുന്ന ദിവ്യാശ്വമേധയാഗം നടക്കയുണ്ടായി. |
| സൎവ്വദേവ-മനസ്തോഷഃ | എല്ലാ ദേവന്മാരുടേയും മനം കുളൎപ്പിക്കുന്നതും, | | |

അന്നനിഷ്യന്ദജാതാനി മൂലാനി ച ഫലാനി ച
അമൃതാസ്വാദകല്പാനി ദദൃശുസ്തത്ര വാനരാഃ. 29

| | | | |
|---|---|---|---|
| തത്ര | അവിടെ | മൂലാനി ച | കിഴങ്ങുകളേയും |
| വാനരാഃ | കപികൾ | ഫലാനി ച | ഫലങ്ങളേയും |
| അന്നനിഷ്യന്ദ-ജാതാനി | ഇറഞ്ഞുകിടന്ന അന്നങ്ങളിൽനിന്നുണ്ടായ | അമൃതാസ്വാദ കല്പാനി | അമൃതംപോലെ സ്വാദുള്ളവയായി |
| | | ദദൃശുഃ. | കണ്ടു. |

["അന്നനിഷ്യന്ദജാതാനി" (ഹോമദ്രവ്യങ്ങളായ ആജ്യം മുതലായവ വീണൊഴുകിയതിൽനിന്നുണ്ടായവ). എന്നു തീൎത്ഥിയം].

തദന്നസംഭവം ദിവ്യം ഫലം മൂലം മനോഹരം
യഃ കശ്ചിത് സകൃദശ്നാതി മാസം ഭവതി തൃപ്തിതഃ. 30

| | | | |
|---|---|---|---|
| യഃ കശ്ചിത് | ആരെങ്കിലുമൊരുവൻ, | മൂലം | കിഴങ്ങിനേയും |
| സകൃത് | ഒരിക്കൽ | അശ്നാതി | ഭക്ഷിക്കുന്നുവോ അവൻ |
| തദന്നസംഭവം | ആ അന്നത്തിൽനിന്നുണ്ടായ | മാസം | ഒരുമാസം |
| ദിവ്യം | ദിവ്യവും | തൃപ്തിതഃ ഭവതി. | വിശപ്പില്ലാത്തവനായിത്തീരുന്നു. |
| മനോഹരം | മനംകവരുന്നതുമായ | | |
| ഫലം | പഴത്തേയും | | |

താനി മൂലാനി ദിവ്യാനി ഫലാനി ച ഫലാശനാഃ
ഔഷധാനി ച ദിവ്യാനി ജഗൃഹുർഹരിയൂഥപാഃ. 31

| | | | |
|---|---|---|---|
| ഫലാശനാഃ | പഴങ്ങൾതിന്നുപജീവിക്കുന്നവരായ | മൂലാനി | കിഴങ്ങുകളേയും |
| ഹരിയൂഥപാഃ | വാനരസേനാധിപന്മാർ | ഫലാനി ച | ഫലങ്ങളേയും |
| താനി | ആ | ദിവ്യാനി | ദിവ്യങ്ങളായ |
| ദിവ്യാനി | മനുഷ്യദുർല്ലഭങ്ങളായ | ഔഷധാനി ച | ഔഷധികളേയും |
| | | ജഗൃഹുഃ. | കയ്ക്കൊണ്ടു. |

തസ്മാച്ച യജ്ഞായതനാത് പുഷ്പാണി സുരഭീണി ച
ആനിന്യുർവാനരാ ഗത്വാ സുഗ്രീവപ്രിയകാരണാത്. 32

| | | | |
|---|---|---|---|
| വാനരാഃ | വാനരന്മാർ | സുരഭീണി | നറുമണമാന്ന |
| ഗത്വാ | ചെന്നു | പുഷ്പാണി ച | കുസുമങ്ങളേയും |
| തസ്മാത് | ആ | സുഗ്രീവപ്രിയ-കാരണാത് | സുഗ്രീവനു പാരിതോഷികമായി |
| യജ്ഞാ-യതനാത് ച | യാഗഭൂമിയിൽനിന്ന് | ആനിന്യുഃ. | എടുത്തുകൊണ്ടുവന്നു. |

തേ തു സർവ്വേ ഹരിവരാഃ പൃഥിവ്യാം സർവ്വവാനരാൻ
സംചോദയിത്വാ ത്വരിതാ യൂഥാനാം ജഗ്മുരഗ്രതഃ. 33

| | | | |
|---|---|---|---|
| തേ ഹരിവരാഃ | ആ വാനരശ്രേഷ്ഠന്മാർ | ത്വരിതാഃ | അതിവേഗതയോടുകൂടിയവരായി |
| സർവ്വേ തു, | എല്ലാവരും തന്നെ, | യൂഥാനാം | സൈന്യങ്ങൾക്ക് |
| പൃഥിവ്യാം | ഭൂമിയിലുള്ള | അഗ്രതഃ | മുമ്പെ |
| സർവ്വവാനരാൻ | വാനരന്മാരെല്ലാവരേയും | ജഗ്മുഃ. | പോന്നു. |
| സംചോദ-യിത്വാ, | പുറപ്പെടുവിച്ചശേഷം, | | |

തേ തു തേന മുഹൂർത്തേന യൂഥപാഃ ശീഘ്രഗാമിനഃ
കിഷ്കിന്ധാം ത്വരയാ പ്രാപ്താഃ സുഗ്രീവോ യത്ര വാനരഃ. 34

| | | | |
|---|---|---|---|
| തേ | ആ | കിഷ്കിന്ധാം | കിഷ്കിന്ധയിൽ |
| ശീഘ്രഗാമിനഃ | ശീഘ്രഗാമികളായ | സുഗ്രീവഃ | സുഗ്രീവനെന്ന |
| യൂഥപാഃ | സൈന്യാധിപന്മാർ | വാനരഃ | കപിവരൻ |
| ത്വരയാ തു | ധൃതിപ്പെട്ടുകൊണ്ടുതന്നെ | യത്ര | ഇരുന്നിരുന്ന സ്ഥലത്തിൽ |
| തേന മുഹൂൎത്തേന | ആ ക്ഷണത്തിൽ | പ്രാപ്താഃ. | വന്നു ചേൎന്നു. |

തേ ഗൃഹീത്വൌഷധീസ്സൎവ്വാഃ ഫലം മൂലം ച വാനരാഃ.
തം പ്രതിഗ്രാഹയാമാസുൎവ്വചനം ചേദമബ്രുവൻ. 35

| | | | |
|---|---|---|---|
| തേ വാനരാഃ | ആ വാനരന്മാർ | തം | അദ്ദേഹത്തിന്ന് |
| ഓഷധീഃ | ഓഷധികൾ | പ്രതിഗ്രാഹയാമാസുഃ; | കാഴ്ചവെച്ചു; |
| സൎവ്വാഃ | എല്ലാററിനേയും | | |
| ഫലം മൂലം ച | കായ്കനികളേയും | ഇദം വചനം ച | ഇപ്രകാരം വാക്യത്തെയും |
| ഗൃഹീത്വാ | കൊണ്ടുവന്ന് | അബ്രുവൻ. | ഉണൎത്തിച്ചു. |

സൎവ്വേ പരിഗതാഃ ശൈലാഃ സമുദ്രാശ്ച വനാനി ച
പൃഥിവ്യാം വാനരാഃ സൎവ്വേ ശാസനാദുപയാന്തി തേ. 36

| | | | |
|---|---|---|---|
| "ശൈലാഃ | "മലകളും | പൃഥിവ്യാം | ഭൂമിയിൽ |
| സമുദ്രാഃ | കടലുകളും | വാനരാഃ | വാനരന്മാർ |
| സൎവ്വേ ച | മുഴുവനും | സൎവ്വേ | എല്ലാവരും |
| പരിഗതാഃ; | ഞങ്ങളാൽ സഞ്ചരിക്കപ്പെട്ടു; | തേ | അവിടുത്തെ |
| വനാനി ച; | വനങ്ങളും അപ്രകാരം തന്നെ ചുററപ്പെട്ടു; | ശാസനാത് | ആജ്ഞപ്രകാരം |
| | | ഉപയാന്തി." | വന്നുകൊണ്ടിരിക്കുന്നു." |

ഏവം ശ്രുത്വാ തതോ ഹൃഷ്ടഃ സുഗ്രീവഃ പ്ലവഗാധിപഃ
പ്രതിജഗ്രാഹ തത് പ്രീതസ്തേഷാം സൎവ്വമുപായനം. 37

| | | | |
|---|---|---|---|
| പ്ലവഗാധിപഃ | വാനരേശ്വരനായ | തത് പ്രീതഃ | അവരിൽ പ്രീതനായി |
| സുഗ്രീവഃ | സുഗ്രീവൻ | തേഷാം | അവരുടെ |
| ഏവം ശ്രുത്വാ | ഇതു കേട്ട് | ഉപായനം | കാഴ്ചയെ |
| തതഃ | തന്മൂലം | സൎവ്വം | എല്ലാം |
| ഹൃഷ്ടഃ | സന്തുഷ്ടിയാൎന്നവനായി | പ്രതിജഗ്രാഹ. | സ്വീകരിച്ചു. |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
സപ്തത്രിംശഃ സൎഗ്ഗഃ = മുപ്പത്തേഴാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 10842; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1590.

## അഷ്ടത്രിംശഃ സർഗ്ഗഃ = മുപ്പത്തെട്ടാംസർഗ്ഗം.

[സുഗ്രീവസ്യ രാമസന്നിധൌ ഗമനം = സുഗ്രീവൻ ശ്രീരാമന്റെ അടുക്കൽ ചെല്ലുന്നതു].

പ്രതിഗൃഹ്യ ച തത്സർവ്വമുപായനമുപാഹൃതം
വാനരാൻ സാന്ത്വയിത്വാ ച സർവ്വാനേവ വ്യസർജ്ജയത്. 1

| | | | |
|---|---|---|---|
| ഉപാഹൃതം | കൊണ്ടുവരപ്പെട്ടതായ | വാനരാൻ | വാനരന്മാർ |
| ഉപായനം | കാഴ്ച | സർവ്വാൻ ഏവ | എല്ലാവരേയും |
| തത് സർവ്വം ച | എല്ലാററിനേയും | സാന്ത്വയിത്വാ ച | ശ്ലാഘിച്ച് |
| പ്രതിഗൃഹ്യ, | സ്വീകരിച്ച്, | വ്യസർജ്ജയത്. | വിടകൊടുത്തയച്ചു. |

വിസർജ്ജയിത്വാ സ ഹരീൻ ശൂരാംസ്താൻ കൃതകർമ്മണഃ
മേനേ കൃതാർത്ഥമാത്മാനം രാഘവം ച മഹാബലം. 2

| | | | |
|---|---|---|---|
| സഃ | അവൻ | കൃതാർത്ഥം | കാര്യം സാധിച്ചവനാ[യും] |
| കൃതകർമ്മണഃ | ഏല്പിച്ചകാര്യം നിർവ്വഹിച്ച | മഹാബലം | ബലശാലിയായ |
| താൻ ശൂരാൻ | ആ ശൂരന്മാരായ | രാഘവം | രാഘവനേയും |
| ഹരീൻ | വാനരന്മാരെ | ച | അതുപോലെതന്നെ കാര്യസിദ്ധി കൈവന്നവനായും |
| വിസർജ്ജയിത്വാ | വിടകൊടുത്തയച്ച [ശേഷം | | |
| ആത്മാനം | തന്നെ | മേനേ. | കരുതി. |

സ ലക്ഷ്മണോ ഭീമബലം സർവ്വവാനരസത്തമം
അബ്രവീത് പ്രശ്രിതം വാക്യം സുഗ്രീവം സംപ്രഹർഷയൻ
കിഷ്കിന്ധായാ വിനിഷ്ക്രാമ യദി തേ സൌമ്യ രോചതേ. 3

| | | | |
|---|---|---|---|
| സഃ ലക്ഷ്മണഃ | ആ ലക്ഷ്മണൻ | പ്രശ്രിതം | സ്നേഹയുക്തമായ |
| ഭീമബലം | അതിബലവാനും | വാക്യം | ഈ വാക്യത്തെ |
| സർവ്വവാനരസത്തമം | വാനരന്മാരെല്ലാവരിലുംവെച്ച് ഉത്തമനുമായ | അബ്രവീത്; | പറഞ്ഞു; |
| | | "സൌമ്യ! | "ശാന്തശീല! |
| | | തേ | ഭവാന്ന് |
| സുഗ്രീവം, | സുഗ്രീവനെനോക്കി, | രോചതേ യദി | ഇഷ്ടമുള്ളപക്ഷം |
| സംപ്രഹർഷയൻ | ഉത്സാഹിപ്പിക്കുന്നവനായി, | കിഷ്കിന്ധായാഃ | കിഷ്കിന്ധയിൽനിന്ന് |
| | | വിനിഷ്ക്രാമ." | പുറപ്പെട്ടാലും." |

തസ്യ തദ്വചനം ശ്രുത്വാ ലക്ഷ്മണസ്യ സുഭാഷിതം
സുഗ്രീവഃ പരമപ്രീതോ വാക്യമേതദുവാച ഹ. 4

| | | | |
|---|---|---|---|
| സുഗ്രീവഃ | സുഗ്രീവൻ | തത് വചനം | ആ വാക്യത്തെ |
| തസ്യ | ആ | ശ്രുത്വാ | കേട്ട് |
| ലക്ഷ്മണസ്യ | സൌമിത്രിയുടെ | പരമപ്രീതഃ | അതിസന്തുഷ്ടനായി |
| സുഭാഷിതം | മനോഹരമായ | ഏതത് വാക്യം ഹ ഉവാച. | ഇപ്രകാരം പറഞ്ഞു. |

ഏവം ഭവതു ഗച്ഛാവഃ സ്ഥേയം ത്വച്ഛാസനേ മയാ. 5

| | | | |
|---|---|---|---|
| "ഏവം ഭവതു ; | "അങ്ങിനെതന്നെയാവട്ടെ; | ത്വച്ഛാസനേ | അങ്ങയുടെ ഉപദേശപ്രകാരം |
| ഗച്ഛാവഃ ; | നാം പോവുക ; | സ്ഥേയം." | വൎത്തിക്കപ്പെടേണ്ടതാണ്." |
| മയാ | എന്നാൽ | | |

തമേവമുക്ത്വാ സുഗ്രീവോ ലക്ഷ്മണം ശുഭലക്ഷണം

വിസൎജ്ജയാമാസ തദാ താരാമന്യാശ്ച യോഷിതഃ. 6

| | | | |
|---|---|---|---|
| സുഗ്രീവഃ | സുഗ്രീവൻ | താരാം | താരയേയും |
| ശുഭലക്ഷണം | ഉത്തമഗുണങ്ങളോടു | അന്യാഃ | മററുള്ള |
| തം ലക്ഷ്മണം | ആ ലക്ഷ്മണനെനോക്കി | യോഷിതഃ ച | വനിതകളേയും |
| ഏവം | മേൽപ്രകാരം | വിസൎജ്ജയാ- മാസ. | വിടനല്കിയയച്ചു. |
| ഉക്ത്വാ തദാ | പറഞ്ഞതിൽപിന്നെ | | |

ഏതേത്യുച്ചൈൎഹരിവരാൻ സുഗ്രീവഃ സമുദാഹരത്

തസ്യ തദ്വചനം ശ്രുത്വാ ഹരയഃ ശീഘ്രമായയുഃ

ബദ്ധാഞ്ജലിപുടാഃ സൎവ്വേ യേ സ്യുഃ സ്ത്രീദൎശനക്ഷമാഃ. 7

| | | | |
|---|---|---|---|
| സുഗ്രീവഃ | സുഗ്രീവൻ, | ശ്രുത്വാ | കേട്ട് |
| ഹരിവരാൻ | വാനരശ്രേഷ്ഠന്മാരോടാ | ശീഘ്രം | ഉടൻതന്നെ |
| ഉച്ചൈഃ | ഉച്ചസ്വരത്തിൽ [യി | ആയയുഃ ; | വന്നുചേൎന്നു ; |
| "ഏത" ഇതി | "ഇവിടെ വരുവിൻ" | സ്ത്രീദൎശനക്ഷമാഃ | സ്ത്രീകൾക്ക് കാവൽ |
| സമുദാഹരത് ; | ആജ്ഞാപിച്ചു ; [എന്ന് | യേ | യാതൊരു [ക്കാരായ |
| ഹരയഃ | വാനരന്മാർ | സൎവ്വേ | അവരെല്ലാം |
| തസ്യ | അവന്റെ | ബദ്ധാഞ്ജലി- പുടാഃ സ്യുഃ. | കൈകൂപ്പിക്കൊണ്ടു നിന്നു. |
| തത് വചനം | ആ കല്പനയെ | | |

താനുവാച തതഃ പ്രാപ്താൻ രാജാൎക്കസദൃശപ്രഭഃ

ഉപസ്ഥാപയത ക്ഷിപ്രം ശിബികാം മമ വാനരാഃ. 8

| | | | |
|---|---|---|---|
| അൎക്കസദൃശ- പ്രഭഃ | സൂൎയ്യതുല്യതേജസ്സോടുകൂടിയവനായ | തതഃ | അപ്പോൾ |
| രാജാ | സുഗ്രീവമഹാരാജാവ്, | ഉവാച | ആജ്ഞാപിച്ചു |
| പ്രാപ്താൻ | അവിടെവന്ന | "വാനരാഃ ! | "വാനരന്മാരെ ! |
| താൻ | അവരെനോക്കി | മമ ശിബികാം | എന്റെ പല്ലക്കിനെ |
| | | ക്ഷിപ്രം ഉപ- സ്ഥാപയത!". | വേഗം കൊണ്ടുവരുവിൻ!". |

ശ്രുത്വാ തു വചനം തസ്യ ഹരയഃ ശീഘ്രവിക്രമാഃ

സമുപസ്ഥാപയാമാസുഃ ശിബികാം പ്രിയദൎശനാം. 9

| | | | |
|---|---|---|---|
| ഹരയഃ | വാനരന്മാർ | പ്രിയദൎശനാം | ഭംഗിയേറിയ |
| തസ്യ വചനം | സുഗ്രീവന്റെആജ്ഞയെ | ശിബികാം | പല്ലക്കിനെ |
| ശ്രുത്വാ തു, | കേട്ട ഉടനെ, | സമുപസ്ഥാപ- യാമാസുഃ. | കൊണ്ടുവന്നു. |
| ശീഘ്രവിക്രമാഃ | വേഗത്തിൽ ചെന്ന് | | |

താമുപസ്ഥാപിതാം ദൃഷ്ട്വാ ശിബികാം വാനരാധിപഃ
ലക്ഷ്മണാരുഹ്യതാം ശീഘ്രമിതി സൌമിത്രിമബ്രവീത്. 10

| | | | |
|---|---|---|---|
| വാനരാധിപഃ | വാനരരാജാവായ സുഗ്രീവൻ | സൌമിത്രിം | സുമിത്രാത്മജനെ നോക്കി |
| താം ശിബികാം | ആ പല്ലക്കിനെ | "ലക്ഷ്മണ! | "ലക്ഷ്മണ! |
| ഉപസ്ഥാപിതാം | കൊണ്ടുവരപ്പെട്ടതായി | ശീഘ്രം ആരുഹ്യതാം," | ഇപ്പോൾതന്നെ കയറിക്കൊൾക," |
| ദൃഷ്ട്വാ, | കണ്ട്, | ഇതി അബ്രവീത്. | എന്നുപറഞ്ഞു. |

ഇത്യുക്ത്വാ കാഞ്ചനം യാനം സുഗ്രീവഃ സൂര്യസന്നിഭം
ബൃഹദ്ഭിർഹരിഭിര്യുക്തമാരുരോഹ സലക്ഷ്മണഃ. 11

| | | | |
|---|---|---|---|
| സുഗ്രീവഃ | സുഗ്രീവൻ | ഹരിഭിഃ | വാനരന്മാരാൽ |
| ഇതി | മേൽപ്രകാരം | യുക്തം | വഹിക്കപ്പെട്ടതുമായ |
| ഉക്ത്വാ | പറഞ്ഞശേഷം | യാനം | ശിബികയിൽ |
| സൂര്യസന്നിഭം | ഭാസ്കരതുല്യവും | സലക്ഷ്മണഃ | ലക്ഷ്മണ സഹിതനായി |
| കാഞ്ചനം | സ്വർണ്ണമയവും | | |
| ബൃഹദ്ഭിഃ | ശക്തന്മാരായ | ആരുരോഹ. | ആരോഹണം ചെയ്തു. |

പാണ്ഡുരേണാതപത്രേണ ധ്രിയമാണേന മൂർദ്ധനി
ശുക്ലൈശ്ച വാലവ്യജനൈർദ്ധൂയമാനൈഃ സമന്തതഃ 12
ശംഖഭേരീനിനാദൈശ്ച ഹരിഭിശ്ചാഭിനന്ദിതഃ
നിര്യയൌ പ്രാപ്യ സുഗ്രീവോ രാജ്യശ്രിയമനുത്തമാം. 13

| | | | |
|---|---|---|---|
| സുഗ്രീവഃ | സുഗ്രീവൻ | ധൂയമാനൈഃ | വീശപ്പെട്ട |
| അനുത്തമാം | ഏററവും ശ്രേഷ്ഠമായ | ശുക്ലൈഃ വാലവ്യജനൈഃ ച | വെൺചാമരങ്ങളോടുകൂടിയും, |
| രാജ്യശ്രിയം പ്രാപ്യ, | രാജ്യലക്ഷ്മിയെ പ്രാപിച്ച്, | ശംഖഭേരീനിനാദൈഃ ച | ശംഖം, ഭേരി ഇവകളുടെ ഘോഷങ്ങളാലും, |
| മൂർദ്ധനി | ശിരസ്സിന്നുപരിഭാഗത്ത് | ഹരിഭിഃ | വാനരന്മാരാൽ |
| ധ്രിയമാണേന | ഉയർത്തിപ്പിടിക്കപ്പെട്ട | അഭിനന്ദിതഃ ച | പുകഴ്ത്തപ്പെട്ടവനായും |
| പാണ്ഡുരേണ ആതപത്രേണ | വെൺകൊററക്കുടയോടുകൂടിയും, | | |
| സമന്തതഃ | നാലു പുറവും | നിര്യയൌ. | പുറപ്പെട്ടു. |

സ വാനരശതൈസ്തീക്ഷ്ണൈർബഹുഭിഃ ശസ്ത്രപാണിഭിഃ
പരികീർണ്ണോ യയൌ തത്ര യത്ര രാമോ വ്യവസ്ഥിതഃ. 14

| | | | |
|---|---|---|---|
| സഃ | അവൻ | പരികീർണ്ണഃ | ചൂഴപ്പെട്ടവനായി |
| തീക്ഷ്ണൈഃ | സമർത്ഥരായ | രാമഃ | ശ്രീരാമൻ |
| ശസ്ത്രപാണിഭിഃ | ആയുധപാണികളായ | യത്ര വ്യവസ്ഥിതഃ | എവിടെ എഴുന്നെള്ളിയിരുന്നുവോ |
| ബഹുഭിഃ | പല | തത്ര | അവിടെ |
| വാനരശതൈഃ | നൂറുക്കണക്കായ വാനരന്മാരാൽ | യയൌ. | വന്നു ചേർന്നു. |

സ തം ദേശമനുപ്രാപ്യ ശ്രേഷ്ഠം രാമനിഷേവിതം
അവാതരന്മഹാതേജാഃ ശിബികായാഃ സലക്ഷ്മണഃ. 15

| | |
|---|---|
| മഹാതേജാഃ | അതിതേജസ്വിയായ |
| സഃ | അവൻ |
| രാമനിഷേവിതം | ശ്രീരാമനാൽ നിവസിക്കപ്പെട്ട |
| ശ്രേഷ്ഠം | ഉത്തമമായ |
| തം ദേശം | ആ പ്രദേശത്തെ |
| അനുപ്രാപ്യ, | പ്രാപിച്ച്, |
| ശിബികായാഃ | പല്ലക്കിൽനിന്നു |
| സലക്ഷ്മണഃ | ലക്ഷ്മണനോടുകൂടി |
| അവാതരത്. | ഇറങ്ങി. |

ആസാദ്യ ച തതോ രാമം കൃതാഞ്ജലിപുടോഽഭവത്
കൃതാഞ്ജലൌ സ്ഥിതേ തസ്മിൻ വാനരാശ്ചാഭവംസ്തഥാ. 16

| | |
|---|---|
| തതഃ | അവിടെനിന്നു |
| രാമം ആസാദ്യ | ശ്രീരാമനെ സമീപിച്ച് |
| കൃതാഞ്ജലിപുടഃ ച | കൈകൂപ്പിയവനായി തന്നെ |
| അഭവത്; | വൎത്തിച്ചു; |
| തസ്മിൻ കൃതാഞ്ജലൌ | അവൻ അഞ്ജലിഹസ്തനായി |
| സ്ഥിതേ, | കാത്തുനില്ക്കെ, |
| വാനരാഃ ച | വാനരന്മാരും |
| തഥാ | അപ്രകാരംതന്നെ |
| അഭവൻ. | കൈകൂപ്പിത്തൊഴുതുകൊണ്ടുനിന്നു. |

തടാകമിവ തദ്ദൃഷ്ട്വാ രാമഃ കുഡ്മലപങ്കജം
വാനരാണാം മഹത് സൈന്യം സുഗ്രീവേ പ്രീതിമാനഭൂത്. 17

| | |
|---|---|
| രാമഃ | ശ്രീരാമൻ |
| കുഡ്മലപങ്കജം | താമരമൊട്ടുകൾ നിറഞ്ഞ |
| തടാകം ഇവ | തടാകത്തെപ്പോലിരിക്കുന്ന |
| വാനരാണാം തത് മഹത് സൈന്യം | ആ വമ്പിച്ച വാനരസൈന്യത്തെ |
| ദൃഷ്ട്വാ, | കണ്ട്, |
| സുഗ്രീവേ | സുഗ്രീവങ്കൽ |
| പ്രീതിമാൻ അഭൂത്. | പ്രീതികൈക്കൊണ്ടു. |

[“ആഹ്ലാദംകൊണ്ടും നിഃശബ്ദതകൊണ്ടും തടാകസാമ്യം; കൈകൾ കൂപ്പിയിരിക്കുന്നതു് താമരമൊട്ടുകൾക്ക് സാമ്യം.]

പാദയോഃ പതിതം മൂൎദ്ധ്നാ തമുത്ഥാപ്യ ഹരീശ്വരം
പ്രേമ്ണാ ച ബഹുമാനാച്ച രാഘവഃ പരിഷസ്വജേ. 18

| | |
|---|---|
| രാഘവഃ | ശ്രീരാഘവൻ |
| മൂൎദ്ധ്നാ | ശിരസ്സുകുനിച്ച് |
| പാദയോഃ പതിതം | കാലിണകളിൽ നമസ്കരിച്ച |
| തം ഹരീശ്വരം | ആ വാനരാധിപനെ |
| ഉത്ഥാപ്യ, | എഴുന്നേല്പിച്ച്, |
| പ്രേമ്ണാ ച | വാത്സല്യത്താലും |
| ബഹുമാനാത് ച | ബഹുമാനം കൊണ്ടും |
| പരിഷസ്വജേ. | മാറോടണച്ചാശ്ലേഷിച്ചു. |

പരിഷ്വജ്യ ച ധൎമ്മാത്മാ നിഷീദേതി തതോഽബ്രവീത്
തം നിഷണ്ണം തതോ ദൃഷ്ട്വാ ക്ഷിതൌ രാമോഽബ്രവീദ്വചഃ. 19

| | | | |
|---|---|---|---|
| ധൎമ്മാത്മാ | ധൎമ്മാത്മാവായ | തതഃ | അനന്തരം |
| രാമഃ | ശ്രീരാമൻ | ക്ഷിതൌ | നിലത്തു് |
| പരിഷ്വജ്യ ച | ആലിംഗനംചെയ്തു് | തം നിഷണ്ണം ദൃഷ്ട്വാ | അവനെ ഇരുന്നവനായ്ക്കണ്ടു് |
| തതഃ | അപ്പോൾ | | |
| " നിഷീദ " ഇതി | " ഇരിക്കാം" എന്നു് | വചഃ | ഇപ്രകാരം അരുളിച്ചെയ്തു. |
| അബ്രവീത് ; | അരുൾചെയ്തു ; | അബ്രവീത്. | |

ധൎമ്മമൎത്ഥം ച കാമം ച യസ്തു കാലേ നിഷേവതേ
വിഭജ്യ സതതം വീര സ രാജാ ഹരിസത്തമ. 20

| | | | |
|---|---|---|---|
| " വീര ! | " വീര ! | വിഭജ്യ | വിഭാഗിച്ചു് |
| ഹരിസത്തമ ! | ഹരീശ്വര ! | കാലേ | അതാതിന്നേററകാലത്തിൽ |
| യഃ | യാതൊരുവൻ | | |
| ധൎമ്മം | ധൎമ്മത്തേയും | നിഷേവതേ | (അവയെ) ആശ്രയിക്കുന്നുവോ |
| അൎത്ഥം ച | അൎത്ഥത്തേയും | | |
| കാമം ച | കാമത്തേയും | സഃ തു | അവൻ മാത്രമാണു് |
| സതതം | ഏതുസമയത്തിലും | രാജാ. | രാജാവു്. |

ഹിത്വാ ധൎമ്മം തഥാഽൎത്ഥം ച കാമം യസ്തു നിഷേവതേ
സ വൃക്ഷാഗ്രേ യഥാ സുപ്തഃ പതിതഃ പ്രതിബുദ്ധ്യതേ. 21

| | | | |
|---|---|---|---|
| " യഃ | " യാതൊരുവൻ | നിഷേവതേ | ആസക്തനായിരിക്കുന്നുവോ |
| ധൎമ്മം | ധൎമ്മത്തേയും | സഃ, | അവൻ, |
| തഥാ | അതുപോലെതന്നെ | വൃക്ഷാഗ്രേ | വൃക്ഷശിഖരത്തിൽ |
| അൎത്ഥം ച | അൎത്ഥത്തേയും | സുപ്തഃ | കിടന്നുറങ്ങി |
| ഹിത്വാ | ഉപേക്ഷിച്ചു് | പതിതഃ | താഴെ വീണവൻ |
| കാമം തു | കാമത്തിൽമാത്രം | യഥാ | എപ്രകാരമോ അപ്രകാരം |
| | | പ്രതിബുദ്ധ്യതേ. | ഉണരുന്നു. |

[പഴങ്ങളെ കൊതിച്ചു് മരത്തിൽ കയറി അവയെ അനുഭവിച്ചശേഷം അവിടെ കിടന്നുറങ്ങിയാൽ താഴെ വീഴുന്നസമയം പരുക്കേററവനായി ഉണരുന്നപോലെ, കാമഫലേച്ഛുവായി സ്വബുദ്ധിയററവനായ ഒരു രാജാവു് ഭ്രഷ്ടനായിഭവിക്കുന്നതാണു് എന്നു് സാരം.]

അമിത്രാണാം വധേ യുക്തോ മിത്രാണാം സംഗ്രഹേ രതഃ
ത്രിവൎഗ്ഗഫലഭോക്താ തു രാജാ ധൎമ്മേണ യുജ്യതേ. 22

| | | | |
|---|---|---|---|
| " അമിത്രാണാം | " ശത്രുക്കളുടെ | ത്രിവൎഗ്ഗഫല- ഭോക്താ തു | ധൎമ്മം, അൎത്ഥം, കാമം എന്ന മൂന്നു പുരുഷാൎത്ഥങ്ങളുടെ ഫലത്തെ ന്യായപ്രകാരം അനുഭവിക്കുന്ന |
| വധേ | വധത്തിൽ | | |
| യുക്തഃ | ഏൎപ്പെട്ടവനായി | | |
| മിത്രാണാം | സ്നേഹിതന്മാരെ | രാജാ | രാജാവു് |
| സംഗ്രഹേ | സമ്പാദിക്കുന്നതിൽ | ധൎമ്മേണ യുജ്യതേ. | ശരിയായ രാജധൎമ്മത്തോടുകൂടിയവനാകുന്നു. |
| രതഃ | ആഗ്രഹത്തോടുകൂടിയവനായി | | |

ഉദ്യോഗസമയസ്ത്വേഷ പ്രാപ്തഃ ശത്രുനിബർഹണ
സഞ്ചിന്ത്യതാം ഹി പിംഗേശ ഹരിഭിഃ സഹ മന്ത്രിഭിഃ. 23

| | | | |
|---|---|---|---|
| "ശത്രു-നിബർഹണ! | "ശത്രുക്കളെ ഉന്മൂലനം ചെയ്യുന്നവനായ | ഹി, | അതിനാൽ, |
| പിംഗേശ | വാനരേശ്വര! | ഹരിഭിഃ മന്ത്രിഭിഃ സഹ | വാനരസചിവന്മാരോടുകൂടി |
| ഉദ്യോഗസമയഃ | പരിശ്രമിക്കേണ്ടതിന്ന് [തക്കകാലം | തു | ഇപ്പോൾ |
| ഏഷഃ | ഇതാ | സം-ചിന്ത്യതാം." | മന്ത്രാലോചനചെയ്യാലും." |
| പ്രാപ്തഃ; | എത്തിക്കഴിഞ്ഞു. | | |

ഏവമുക്തസ്തു സുഗ്രീവോ രാമം വചനമബ്രവീത്. 24

| | | | |
|---|---|---|---|
| ഏവം | മേൽപ്രകാരം | തു | ആ സമയം |
| ഉക്തഃ | പറയപ്പെട്ടവനായ | വചനം | ഒരു വാക്യത്തെ |
| സുഗ്രീവഃ | സുഗ്രീവൻ | അബ്രവീത്. | ഇപ്രകാരം ഉണർത്തിച്ചു. |
| രാമം | ശ്രീരാമനെ നോക്കി | | |

പ്രനഷ്ടാ ശ്രീശ്ച കീർത്തിശ്ച കപിരാജ്യം ച ശാശ്വതം
ത്വത്പ്രസാദാന്മഹാബാഹോ പുനഃ പ്രാപ്തമിദം മയാ
തവ ദേവ പ്രസാദാച്ച ഭ്രാതുശ്ച ജയതാം വര. 25

| | | | |
|---|---|---|---|
| "മഹാബാഹോ! | "ഹേ മഹാബാഹോ! | ത്വത് പ്രസാദാത് ച | നിന്തിരുവടിയുടെ അനുഗ്രഹംകൊണ്ടും |
| ജയതാം വര! | ജയശാലികളിലുത്തമനായുള്ളോവേ! | തവ | അവിടത്തെ |
| ദേവ! | സ്വാമിൻ! | ഭ്രാതുഃ | ഭ്രാതാവിന്റെ |
| പ്രണഷ്ടാ | കൈവിട്ടുപോയിരുന്ന | പ്രസാദാത് ച | കൃപകൊണ്ടുംതന്നെയാണ് |
| ശ്രീഃ ച | രാജ്യലക്ഷ്മിയും | മയാ | എന്നാൽ |
| കീർത്തിഃ ച | യശസ്സും | പുനഃ പ്രാപ്തം. | വീണ്ടും പ്രാപിക്കപ്പെട്ടത്. |
| ശാശ്വതം കപിരാജ്യം ഇദം ച | ഈടാർന്ന ഈ വാനരരാജ്യവും | | |

കൃതം ന പ്രതികുര്യാദ്യഃ പുരുഷാണാം സ ദൂഷകഃ. 26

| | | | |
|---|---|---|---|
| "യഃ | "എവനൊരുവൻ | സഃ | അവൻ |
| കൃതം | ചെയ്ത നന്ദിക്ക് | പുരുഷാണാം | മനുഷ്യവർഗ്ഗത്തിൽവെച്ച് |
| പ്രതികുര്യാത് ന | പ്രത്യുപകാരം ചെയ്യാതിരിക്കുന്നുവോ | ദൂഷകഃ. | അധമൻതന്നെ. |

ഏതേ വാനരമുഖ്യാശ്ച ശതശഃ ശത്രുസൂദന
പ്രാപ്താശ്ചാദായ ബലിനഃ പൃഥിവ്യാം സർവ്വവാനരാൻ. 27

| | | | |
|---|---|---|---|
| "ശത്രുസൂദന! | "ശത്രുഹന്താവേ! | ആദായ, | വിളിച്ചുചേർത്തിക്കൊണ്ട്, |
| പൃഥിവ്യാം | ഭൂലോകത്തിൽ | ഏതേ | ഈ |
| ബലിനഃ | കരുത്തരായ | വാനരമുഖ്യാഃ | വാനരോത്തമന്മാർ |
| സർവ്വ-വാനരാൻ ച | വാനരന്മാരെല്ലാവരെയും | ശതശഃ ച | നൂറുക്കണക്കായി |
| | | പ്രാപ്താഃ. | വന്നുചേർന്നിരിക്കുന്നു. |

ഋക്ഷാശ്ച വാനരാഃ ശൂരാ ഗോലാംഗൂലാശ്ച രാഘവ
കാന്താരവനദുർഗ്ഗാണാമഭിജ്ഞാ ഘോരദർശനാഃ. 28

| | | | |
|---|---|---|---|
| "രാഘവ! | "ശ്രീരാഘവ! | ഘോരദർശനാഃ | ഭയങ്കരസ്വരൂപികളും, |
| ഋക്ഷാഃ ച | കരടികളും | കാന്താരവന-ദുർഗ്ഗാണാം | താഴ്വരകളേയും വനങ്ങളേയും മലകളേയും |
| ശൂരാഃ | ശൂരന്മാരായ | അഭിജ്ഞാഃ. | നല്ലപോലെ അറിയുന്നവരുമാകുന്നു. |
| വാനരാഃ | വാനരന്മാരും | | |
| ഗോലാം-ഗൂലാഃ ച | ഗോലാംഗൂലങ്ങളും ആയ ഇവർ, | | |

ദേവഗന്ധർവ്വപുത്രാശ്ച വാനരാഃ കാമരൂപിണഃ
സ്വൈഃ സ്വൈഃ പരിവൃതാഃ സൈന്യൈർവ്വർത്തന്തേ പഥി രാഘവ.

| | | | |
|---|---|---|---|
| "രാഘവ! | "ശ്രീരാമ! | വാനരാഃ | മററു വാനരന്മാർ |
| കാമരൂപിണഃ | ഇഷ്ടംപോലെ രൂപമെടുപ്പാൻ കഴിവുള്ളവരും | സ്വൈഃ സ്വൈഃ | തങ്ങൾ തങ്ങൾക്കുള്ള |
| ദേവഗന്ധർവ്വ-പുത്രാഃ | ദേവന്മാരുടെയും ഗന്ധർവ്വന്മാരുടേയും തനയന്മാരുമായ | സൈന്യൈഃ പരിവൃതാഃ ച | സൈന്യങ്ങളാൽ ചൂഴപ്പെട്ടവരായിത്തന്നെ |
| | | പഥി | വഴിയിൽ |
| | | വർത്തന്തേ. | വന്നുകൊണ്ടിരിക്കുന്നു. |

ശതൈഃ ശതസഹസ്രൈശ്ച കോടിഭിശ്ച പ്ലവംഗമാഃ
അയുതൈശ്ചാവൃതാ വീരാഃ ശങ്കുഭിശ്ച പരന്തപ 30
അർബ്ബുദൈരർബ്ബുദശതൈർമ്മദ്ധ്യൈശ്ചാന്തൈശ്ച വാനരാഃ
സമുദ്രൈശ്ച പരാർദ്ധൈശ്ച ഹരിഭിർഹരിയൂഥപാഃ 31
ആഗമിഷ്യന്തി തേ രാജൻ മഹേന്ദ്രസമവിക്രമാഃ
മേരുമന്ദരസങ്കാശാ വിന്ധ്യമേരുകൃതാലയാഃ. 32

| | | | |
|---|---|---|---|
| "പരംതപ! | "ശത്രുസന്താപകനായ | അയുതൈഃ ച | പതിനായിരക്കണക്കായും |
| രാജൻ! | രാജാവേ! | ശത-സഹസ്രൈഃ ച | ലക്ഷക്കണക്കായും |
| മഹേന്ദ്രസമ-വിക്രമാഃ | ഇന്ദ്രതുല്യപരാക്രമികളും | കോടിഭിഃ ച | കോടിക്കണക്കായും |
| മേരുമന്ദര-സങ്കാശാഃ | മേരുപർവ്വതത്തിനും മന്ദരഗിരിക്കും സദൃശരും | ശംകുഭിഃ ച | പത്തുലക്ഷം കോടിക്കണക്കായും |
| വിന്ധ്യമേരു-കൃതാലയാഃ | വിന്ധ്യനിലും മേരുവിലും പാർക്കുന്നവരും | അർബ്ബുദൈഃ | പത്തുകോടിക്കണക്കായും |
| ഹരിയൂഥപാഃ | വാനരസേനകൾക്ക് അധിപന്മാരും | അർബ്ബുദ-ശതൈഃ ച | ആയിരം കോടികളായും |
| വീരാഃ | വീരന്മാരുമായ | മദ്ധ്യൈഃ ച | നൂറുകോടി കോടികളായും |
| തേ പ്ലവംഗമാഃ | ആ പാഞ്ഞുകേറുന്നവരായ | അന്തൈഃ ച | പത്തുകോടി കോടികളായും |
| വാനരാഃ | വാനരന്മാർ | | |
| ശതൈഃ | നൂററുക്കണക്കായും | | |

| | | | |
|---|---|---|---|
| സമുദ്രൈഃ ച | നൂറുലക്ഷം കോടികളായും | ഹരിഭിഃ ആവൃതാഃ | വാനരന്മാരാൽ ചൂഴപ്പെട്ടവരായി |
| പരാർദ്ധൈഃ ച | ആയിരംകോടി കോടികളായും | ആഗമിഷ്യന്തി. | വന്നുചേരുവാൻ പോകുന്നു. |

["ഏകം ദശ ശതമസ്മാത് സഹസ്രമയുതം തതഃ പരം ലക്ഷം. പ്രയുതം കോടിമഥാർബുദവൃന്ദേ ഖർവ്വം നിഖർവ്വം ച. തസ്മാന്മഹാസരോജം ശങ്കും സരിതാംപതിം ത്വന്ത്യം. മദ്ധ്യം പരാർദ്ധമാഹുർ യഥോത്തരം ദശഗുണം തഥാ ജ്ഞേയം," എന്നിങ്ങിനെ ഒന്നുതൊട്ട് പതിപ്പത്തിരട്ടിച്ച്, ഏകം, ദശം, ശതം, സഹസ്രം, അയുതം ലക്ഷം, പ്രയുതം, കോടി, അർബ്ബുദം, വൃന്ദം, ഖർവ്വം, നിഖർവ്വം, അബ്ജം, ശങ്കു, സമുദ്രം, അന്ത്യം, മദ്ധ്യം, പരാർദ്ധം, എന്നിങ്ങിനെ സംഖ്യാക്രമമാകുന്നു.]

തേ ത്വാമഭിഗമിഷ്യന്തി രാക്ഷസം യേ സബാന്ധവം
നിഹത്യ രാവണം സംഖ്യേ ഹ്യാനയിഷ്യന്തി മൈഥിലീം. 33

| | | | |
|---|---|---|---|
| "യേ | "യാതൊരു | സബാന്ധവം | ബന്ധുക്കളടക്കം |
| തേ, | അവർ, | നിഹത്യ | വധിച്ച് |
| ത്വാം അഭിഗമിഷ്യന്തി; | നിന്തിരുവടിയുടെ തിരുമുമ്പിൽ വന്നെത്തുന്ന | മൈഥിലീം | മൈഥിലിയെ |
| സംഖ്യേ | പോരിൽ [താണ്; | ആനയിഷ്യന്തി ഹി." | നിശ്ചയമായും കൂട്ടിക്കൊണ്ടുവരുന്നതുമാണ്." |
| രാക്ഷസം | രാക്ഷസനായ | | |
| രാവണം | രാവണനെ | | |

തതസ്തമുദ്യോഗമവേക്ഷ്യ ബുദ്ധിമാൻ
ഹരിപ്രവീരസ്യ നിദേശവർത്തിനഃ
ബഭൂവ ഹർഷാദ്വസുധാധിപാത്മജഃ
പ്രബുദ്ധനീലോത്പലതുല്യദർശനഃ. 34

| | | | |
|---|---|---|---|
| ബുദ്ധിമാൻ | ബുദ്ധിശാലിയും | തതഃ | ആ |
| വസുധാധിപാത്മജഃ | ചക്രവർത്തി തനയനുമായ അദ്ദേഹം | അവേക്ഷ്യ, | സമയം കണ്ടറിഞ്ഞ്, |
| നിദേശവർത്തിനഃ | പറഞ്ഞപോലെ പ്രവർത്തിച്ചവനായ | ഹർഷാത് | മനഃ സന്തുഷ്ടിയാൽ |
| ഹരിപ്രവീരസ്യ, | വാനരോത്തമന്റെ, | പ്രബുദ്ധനീലോത്പലതുല്യദർശനഃ | വിടൎന്ന നീലോത്പലങ്ങൾപോലെയുള്ള നേത്രങ്ങളോടു കൂടിയവനായി |
| തം ഉദ്യോഗം | ആ ഉദ്യമത്തെ | ബഭൂവ. | പരിലസിച്ചു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
അഷ്ടത്രിംശഃ സർഗ്ഗഃ = മുപ്പത്തെട്ടാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 10876; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1624.

# ഏകോനചത്വാരിംശഃ സൎഗ്ഗഃ = മുപ്പത്തൊമ്പതാംസൎഗ്ഗം.

[വാനരസേനാസംഖ്യാനിവേദനം = വാനരസേനകളുടെ സംഖ്യയെപ്പററി പറയുന്നത്.]

ഇതി ബ്രുവാണം സുഗ്രീവം രാമോ ധൎമ്മഭൃതാം വരഃ
ബാഹുഭ്യാം സംപരിഷ്വജ്യ പ്രത്യുവാച കൃതാഞ്ജലിം. 1

| | |
|---|---|
| ധൎമ്മഭൃതാം വരഃ | ധൎമ്മിഷ്ഠന്മാരിലുത്തമനായ |
| രാമഃ, | ശ്രീരാമൻ, |
| ഇതി കൃതാഞ്ജലിം | } മേൽപ്രകാരം കൈകൂപ്പിക്കൊണ്ടു് |
| ബ്രുവാണം | പറയുന്ന |
| സുഗ്രീവം | സുഗ്രീവനെ |
| ബാഹുഭ്യാം | ഇരുകരങ്ങൾകൊണ്ടും |
| സംപരിഷ്വജ്യ | കെട്ടിയണച്ചുകൊണ്ടു്, |
| പ്രത്യുവാച. | ഇങ്ങിനെ മറുപടിയരുളിച്ചെയ്തു. |

യദിന്ദ്രോ വൎഷതേ വൎഷം ന തച്ചിത്രം ഭവേദ്ഭുവി
ആദിത്യോ വാ സഹസ്രാംശുഃ കുൎയ്യാദ്വിതിമിരം നഭഃ. 2

| | |
|---|---|
| "ഇന്ദ്രഃ | "ഇന്ദ്രൻ |
| ഭുവി | ഭൂമിയിൽ |
| വൎഷം വൎഷതേ; | മഴപൊഴിക്കുന്നു; |
| സഹസ്രാംശുഃ | ആയിരം കിരണങ്ങളുള്ള |
| ആദിത്യഃ | ആദിത്യഭഗവാൻ |
| നഭഃ | ആകാശത്തെ |
| വിതിമിരം | ഇരുളില്ലാത്തതാക്കി |
| കുൎയ്യാത്; | ചെയ്യുന്നു; |
| യത് തത് വാ | ഇതിൽ ഒന്നുംതന്നെ |
| ചിത്രം ഭവേത് ന. | } അത്ഭുതപ്പെടേണ്ടതില്ല. |

ചന്ദ്രമാ രശ്മിഭിഃ കുൎയ്യാത് പൃഥിവീം സൌമ്യ നിൎമ്മലാം
ത്വദ്വിധോ വാഽപി മിത്രാണാം പ്രീതിം കുൎയ്യാത് പരന്തപ. 3

| | |
|---|---|
| "സൌമ്യ! | "സൌമ്യ! |
| ചന്ദ്രമാഃ | ചന്ദ്രൻ |
| രശ്മിഭിഃ | കിരണങ്ങളാൽ |
| പൃഥിവീം | ലോകത്തെ |
| നിൎമ്മലാം കുൎയ്യാത്; | } പ്രകാശിപ്പിക്കും; |
| പരംതപ! | ശത്രുക്കളെ തപിപ്പിക്കുന്നവനേ! |
| അപി വാ | ഇപ്രകാരംതന്നെയാണു് |
| ത്വദ്വിധഃ | ഭവാനെപ്പോലെയുള്ളവൻ |
| മിത്രാണാം | മിത്രങ്ങൾക്കു് |
| പ്രീതിം | പ്രിയമായതിനെ |
| കുൎയ്യാത്. | ചെയ്യുക. |

ഏതത് ത്വയി ന ചിത്രം ഭവേദ്യത് സൌമ്യ ശോഭനം
ജാനാമ്യഹം ത്വാം സുഗ്രീവ സതതം പ്രിയവാദിനം. 4

| | |
|---|---|
| "സൌമ്യ! | "പരിശുദ്ധാത്മാവേ! |
| യത് ഏതത് | യാതൊരു ഈ |
| ശോഭനം | സത്കൃത്യം |
| ത്വയി ഭവേത് | ഭവാങ്കൽ ഉണ്ടോ |
| തത് ന ചിത്രം | അതു് ആശ്ചൎയ്യപ്പെടത്തക്കതല്ല; |
| സുഗ്രീവ! | സുഗ്രീവ! |
| ത്വാം | ഭവാനെ |
| അഹം | ഞാൻ |
| സതതം | ഏതുകാലത്തിലും |
| പ്രിയവാദിനം | ഹിതഭാഷിയായി |
| ജാനാമി. | നല്ലപോലെ അറിയുന്നുണ്ടു്. |

ത്വത്സനാഥഃ സഖേ സംഖ്യേ ജേതാസ്മി സകലാനരീൻ
ത്വമേവ മേ സുഹൃന്മിത്രം സാഹായ്യം കർത്തുമർഹസി. 5

| | |
|---|---|
| "സഖേ! | "സ്നേഹിത! |
| സംഖ്യേ | പോരിൽ |
| ത്വത്സനാഥഃ | ഭവാൻ സഹായിയായുള്ള ഞാൻ |
| സകലാൻ അരീൻ | ഏതുവിധത്തിലുള്ള ശത്രുക്കളേയും |
| ജേതാസ്മി; | പരാജയപ്പെടുത്തുന്നതാണ്; |
| ത്വം ഏവ | അങ്ങു തന്നെയാണ് |
| സുഹൃത് | ആപത്തിലുപകരിക്കുന്ന |
| മിത്രം; | സ്നേഹിതൻ; |
| മേ സാഹായ്യം | എനിക്ക് വേണ്ടത്തക്ക സഹായത്തെ |
| കർത്തും അർഹസി. | ചെയ്യാലും. |

ജഹാരാത്മവിനാശായ വൈദേഹീം രാക്ഷസാധമഃ
വഞ്ചയിത്വാ തു പൌലോമീമനുഹ്ലാദോ യഥാ ശചീം. 6

| | |
|---|---|
| "അനുഹ്ലാദഃ | "അനുഹ്ലാദനെന്ന അസുരൻ |
| പൌലോമീം ശചീം | പുലോമജയായ ഇന്ദ്രാണിയെ |
| വഞ്ചയിത്വാ, | വഞ്ചിച്ച് കട്ടുകൊണ്ടു പോയതു്, |
| യഥാ തു, | എപ്രകാരമോ അപ്രകാരംതന്നെ, |
| രാക്ഷസാധമഃ | രാക്ഷസാധമനായ അവൻ |
| ആത്മവിനാശായ | സ്വനാശകാരണമായി |
| വൈദേഹീം | വിദേഹാത്മജയെ |
| ജഹാര. | അപഹരിച്ചിരിക്കുന്നു. |

അചിരാത് തം വധിഷ്യാമി രാവണം നിശിതൈഃ ശരൈഃ
പൌലോമ്യാഃ പിതരം ദൃപ്തം ശതക്രതുരിവാരിഹാ. 7

| | |
|---|---|
| "തം രാവണം | "ആ രാവണനെ |
| അചിരാത് | താമസം കൂടാതെ |
| നിശിതൈഃ ശരൈഃ | തീക്ഷ്ണങ്ങളായ ബാണങ്ങൾ കൊണ്ട് |
| അരിഹാ | ശത്രുഹന്താവായ |
| ശതക്രതുഃ | ദേവേന്ദ്രൻ |
| പൌലോമ്യാഃ | ഇന്ദ്രാണിയുടെ |
| ദൃപ്തം പിതരം ഇവ | മദംകൊണ്ട പിതാവിനെയെന്നപോലെ |
| വധിഷ്യാമി. | ഞാൻ ഹനിക്കുന്നുണ്ട്. |

["ഇന്ദ്രൻ കാമിച്ചവളായ പൌലോമിയെ (ഇന്ദ്രാണിയെ), തത്പിതാവായ പുലോമന്റെ അനുമതിയോടുകൂടി അനുഹ്ലാദൻ അപഹരിച്ചുകൊണ്ടുപോയി. ഇന്ദ്രൻ അനുമന്താവായ പുലോമനെ വധിച്ച് പൌലോമിയെ വീണ്ടുകൊണ്ടുവന്ന് വിവാഹംചെയ്തു എന്നു പുരാണകഥ. (ഗോ-രാ) ]

ഏതസ്മിന്നന്തരേ ചൈവ രജഃ സമഭിവർത്തത
ഉഷ്ണാം തീവ്രാം സഹസ്രാംശോശ്ഛാദയദ്ഗഗനേ പ്രഭാം. 8

| | |
|---|---|
| ഏതസ്മിൻ അന്തരേ | ഇതേ സമയത്തിൽ |
| ഗഗനേ | ആകാശത്തിൽ |
| സഹസ്രാംശോഃ | സൂര്യഭഗവാന്റെ |
| ഉഷ്ണാം ച | ചൂടുള്ളതും |
| തീവ്രാം ഏവ | ഉഗ്രവുമായ |
| പ്രഭാം | പ്രകാശത്തെ |
| ഛാദയത് | മറച്ചുംകൊണ്ട്, |
| രജഃ | ഒരു പൊടിപടലം |
| സമഭിവർത്തത. | പൊങ്ങുകയുണ്ടായി. |

ദിശഃ പൎയ്യാകുലാശ്ചാസൻ രജസാ തേന മൂൎച്ഛിതാഃ
ചചാല ച മഹീ സൎവ്വാ സശൈലവനകാനനാ. 9

| | | | |
|---|---|---|---|
| തേന രജസാ | ആ ധൂളിയാൽ | സശൈല-വനകാനനാ | മലകളും വനങ്ങളും ചോലകളുമടക്കം |
| ദിശഃ ച | ദിക്കുകളെല്ലാം | മഹീ | ഭൂമി |
| പൎയ്യാകുലാഃ | എങ്ങും നിറഞ്ഞവയാ-[യി | സൎവ്വാ ച | മുഴുവനും |
| മൂൎച്ഛിതാഃ ആസൻ; | മൂടപ്പെട്ടവയായി ഭവിച്ചു; | ചചാല. | നടുങ്ങി. |

തതോ നഗേന്ദ്രസംകാശൈസ്തീക്ഷ്ണദംഷ്ട്രൈൎമ്മഹാബലൈഃ
കൃത്സ്നാ സംഛാദിതാ ഭൂമിരസംഖ്യേയൈഃ പ്ലവംഗമൈഃ. 10

| | | | |
|---|---|---|---|
| ഭൂമിഃ | ഭൂമി | തീക്ഷ്ണ-ദംഷ്ട്രൈഃ | കൂൎത്ത പല്ലുകളോടു കൂടിയവരും |
| കൃത്സ്നാ | മുഴുവനും, | മഹാബലൈഃ | മഹാബലശാലികളു[മായ |
| തതഃ | അപ്പോൾ, | അസംഖ്യേയൈഃ | എണ്ണമററ |
| നഗേന്ദ്ര-സംകാശൈഃ | ഹിമവത് പൎവ്വത തുല്യരും | പ്ലവംഗമൈഃ | വാനരന്മാരാൽ |
| | | സംഛാദിതാ. | നിറയപ്പെട്ടു. |

നിമേഷാന്തരമാത്രേണ തതസ്തൈൎഹരിയൂഥപൈഃ
കോടീശതവൃതൈശ്ചൈവ പ്രച്ഛന്നാ കാമരൂപിഭിഃ. 11

| | | | |
|---|---|---|---|
| നിമേഷാന്തര-മാത്രേണ ഏവ | ഒരു നിമിഷത്തിന്നുള്ളിൽ തന്നെ | കോടീശത-വൃതൈഃ | പല കൊടികളാൽ ചൂഴപ്പെട്ട |
| കാമരൂപിഭിഃ | ഇഷ്ടംപോലെ രൂപമെടുക്കുവാൻ കഴിവുള്ള | തൈഃ ഹരി-യൂഥപൈഃ | ആ വാനരസേനാധിപന്മാരാൽ |
| | | തതഃ പ്രച്ഛന്നാ ച. | അപ്പോൾ, നിറയപ്പെട്ടതായും ഭവിച്ചു. |

നാദേയൈഃ പാൎവ്വതേയൈശ്ച സാമുദ്രൈശ്ച മഹാബലൈഃ
ഹരിഭിൎമ്മേഘനിൎഹ്രാദൈരന്യൈശ്ച വനവാസിഭിഃ 12
തരുണാദിത്യവൎണ്ണൈശ്ച ശശിഗൌരൈശ്ച വാനരൈഃ
പദ്മകേസരവൎണ്ണൈശ്ച ശ്വേതൈൎമ്മേരുകൃതാലയൈഃ 13
കോടിസഹസ്രൈൎദ്ദശഭിഃ ശ്രീമാൻ പരിവൃതസ്തദാ
വീരഃ ശതബലിന്നാമ വാനരഃ പ്രത്യദൃശ്യത. 14

| | | | |
|---|---|---|---|
| ശ്രീമാൻ വീരഃ | ശ്രീമാനും വീരനുമായ | പാൎവ്വ-തേയൈഃ ച | പൎവ്വതങ്ങളിൽ പാൎക്കുന്നവരും |
| ശതബലിഃ നാമ | ശതബലിയെന്ന | സാമുദ്രൈഃ ച | സമുദ്രത്തിൽ പാൎത്തുവരുന്നവരും |
| വാനരഃ, | വാനരൻ, | വനവാസിഭിഃ | വനങ്ങളിൽ വസിക്കുന്നവരും |
| തദാ | അപ്പോൾ | | |
| നാദേയൈഃ | നദികളിൽ വസിക്കുന്നവരും | | |

| | |
|---|---|
| മേരുകൃതാലയൈഃ | മേരുപർവ്വതത്തിൽ നിവസിക്കുന്നവരുമായ |
| ഹരിഭിഃ ച, | വാനരന്മാരാലും, |
| അന്യൈഃ മഹാബലൈഃ | മററുള്ള അതിബലവാന്മാരും |
| മേഘനിർഹ്രാദൈഃ | മേഘത്തെപ്പോലെ ഗർജ്ജിക്കുന്നവരും |
| തരുണാദിത്യവർണ്ണൈഃ ച | ബാലാർക്കപ്രഭയോന്നവരും |
| ശശിഗൌരൈഃ ച | ബാലചന്ദ്രകാന്തിയുള്ളവരും |
| പദ്മകേസരവർണ്ണൈഃ ച | താമരയല്ലിയുടെ വർണ്ണമുള്ളവരും |
| ശ്വേതൈഃ | വെളുത്തവരുമായ |
| ദശഭിഃ കോടീസഹസ്രൈഃ | പതിനായിരക്കോടിക്കണക്കിലുള്ള |
| വാനരൈഃ | വാനരന്മാരാൽ |
| പരിവൃതഃ | ചൂഴപ്പെട്ടവനായി |
| പ്രത്യദൃശ്യത. | കാണപ്പെട്ടു. |

തതഃ കാഞ്ചനശൈലാഭസ്താരായാ വീര്യവാൻ പിതാ
അനേകൈർദശസാഹസ്രൈഃ കോടിഭിഃ പ്രത്യദൃശ്യത. 15

| | |
|---|---|
| കാഞ്ചനശൈലാഭഃ | മേരുസദൃശനും |
| വീര്യവാൻ | വീര്യവാനുമായ |
| താരായാഃ പിതാ | താരയുടെ പിതാവ് |
| ദശസാഹസ്രൈഃ | പതിനായിരക്കണക്കായും |
| കോടിഭിഃ | കോടിക്കണക്കായും |
| അനേകൈഃ | പലരോടുംകൂടി |
| തതഃ | ആ സമയം |
| പ്രത്യദൃശ്യത. | കാണപ്പെട്ടു. |

തഥാഽപരേണ കോടീനാം സഹസ്രേണ സമന്വിതഃ
പിതാ രുമായാഃ സംപ്രാപ്തഃ സുഗ്രീവശ്വശുരോ വിഭുഃ. 16

| | |
|---|---|
| വിഭുഃ | അതിസമർത്ഥനും |
| സുഗ്രീവശ്വശുരഃ | സുഗ്രീവന്റെ ശ്വശുരനുമായ |
| രുമായാഃ പിതാ | രുമയുടെ പിതാവ് |
| തഥാ | അതുപോലെതന്നെ |
| അപരേണ | വേറെ |
| കോടീനാം | കോടികളുടെ |
| സഹസ്രേണ | ആയിരത്താൽ |
| സമന്വിതഃ | ചൂഴപ്പെട്ടവനായി |
| സംപ്രാപ്തഃ. | വന്നെത്തി. |

പദ്മകേസരസംകാശസ്തരുണാർക്കനിഭാനനഃ
ബുദ്ധിമാൻ വാനരശ്രേഷ്ഠഃ സർവ്വവാനരസത്തമഃ 17
അനീകൈർബ്ബഹുസാഹസ്രൈർവ്വാനരാണാം സമന്വിതഃ
പിതാ ഹനുമതഃ ശ്രീമാൻ കേസരീ പ്രത്യദൃശ്യത. 18

| | |
|---|---|
| പദ്മകേസരസങ്കാശഃ | താമരയുടെ കേസരങ്ങൾക്കു സദൃശനും |
| തരുണാർക്കനിഭാനനഃ | ബാലാദിത്യന്നു തുല്യമായ മുഖമണ്ഡലത്തോടുകൂടിയവനും |
| ബുദ്ധിമാൻ | ബുദ്ധിമാനും |
| സർവ്വവാനരസത്തമഃ | വാനരന്മാരെല്ലാവരിലും വെച്ച് ശ്രേഷ്ഠനും |
| വാനരശ്രേഷ്ഠഃ | വാനരനായകനും |
| ശ്രീമാൻ | ശ്രീമാനും |
| ഹനുമതഃ പിതാ | ഹനുമത് പിതാവുമായ |
| കേസരീ | കേസരി എന്ന വാനരൻ |
| വാനരാണാം | വാനരന്മാരുടെ |
| ബഹുസാഹസ്രൈഃ | അനേകായിരക്കണക്കിലുള്ള |
| അനികൈഃ സമന്വിതഃ | സേനകളോടുകൂടി |
| പ്രത്യദൃശ്യതഃ | എത്തി. |

ഗോലാംഗൂലമഹാരാജോ ഗവാക്ഷോ ഭീമവിക്രമഃ
വൃതഃ കോടിസഹസ്രേണ വാനരാണാമദൃശ്യത. 19

| | | | |
|---|---|---|---|
| ഭീമവിക്രമഃ | അമിതപരാക്രമിയും | കോടിസഹസ്രേണ | ആയിരംകോടിയാൽ |
| ഗോലാംഗൂലമഹാരാജഃ | ഗോലാംഗൂലങ്ങൾക്കധിപനുമായ | വൃതഃ | ചൂഴപ്പെട്ടവനായി |
| ഗവാക്ഷഃ, | ഗവാക്ഷൻ, | | |
| വാനരാണാം | വാനരന്മാരുടെ | അദൃശ്യത. | കാണപ്പെട്ടു. |

ഋക്ഷാണാം ഭീമവേഗാനാം ധൂമ്രഃ ശത്രുനിബർഹണഃ
വൃതഃ കോടിസഹസ്രാഭ്യാം ദ്വാഭ്യാം സമഭിവർത്തത. 20

| | | | |
|---|---|---|---|
| ശത്രുനിബർഹണഃ | ശത്രുസംഹാരകനായ | ദ്വാഭ്യാം കോടിസഹസ്രാഭ്യാം | രണ്ടായിരം കോടികളാൽ |
| ധൂമ്രഃ | ധൂമ്രൻ | | |
| ഭീമവേഗാനാം | ഭയങ്കര ബലമാർന്നവരായ | വൃതഃ സമഭിവർത്തത. | പരിവൃതനായി വന്നുചേർന്നു. |
| ഋക്ഷാണാം | കരടികളുടെ | | |

മഹാചലനിഭൈർഘോരൈഃ പനസോ നാമ യൂഥപഃ
ആജഗാമ മഹാവീര്യസ്തിസൃഭിഃ കോടിഭിർവൃതഃ. 21

| | | | |
|---|---|---|---|
| മഹാവീര്യഃ | മഹാവീര്യവാനായ | ഘോരൈഃ | ഭയങ്കരന്മാരായിരിക്കുന്ന |
| പനസഃ നാമ യൂഥപഃ | പനസനെന്ന സേനാധിപൻ, | തിസൃഭിഃ കോടിഭിഃ | മൂന്നുകോടികളാൽ |
| മഹാചലനിഭൈഃ | വന്മലകൾക്കു തുല്യന്മാരായി | വൃതഃ | ചൂഴപ്പെട്ടവനായി |
| | | ആജഗാമ. | വന്നെത്തി. |

നീലാഞ്ജനചയാകാരോ നീലോ നാമാഥ യൂഥപഃ
അദൃശ്യത മഹാകായഃ കോടിഭിർദശഭിർവൃതഃ. 22

| | | | |
|---|---|---|---|
| നീലാഞ്ജനചയാകാരഃ | കറുത്ത അഞ്ജനശൈലത്തിനു തുല്യനും | ദശഭിഃ കോടിഭിഃ വൃതഃ | പത്തുകോടികളാൽ ചൂഴപ്പെട്ടവനായി |
| മഹാകായഃ | മഹാകായനും | | |
| യൂഥപഃ | സേനാധിപതിയുമായ | അഥ | അപ്പോൾ |
| നീലഃ നാമ | നീലനെന്നവൻ | അദൃശ്യത. | കാണപ്പെട്ടു. |

തതഃ കാഞ്ചനശൈലാഭോ ഗവയോ നാമ യൂഥപഃ
ആജഗാമ മഹാവീര്യഃ കോടിഭിഃ പഞ്ചഭിർവൃതഃ. 23

| | | | |
|---|---|---|---|
| തതഃ | അതിൽപിന്നെ | ഗവയഃ നാമ | ഗവയനെന്നവൻ |
| കാഞ്ചനശൈലാഭഃ | കാഞ്ചനാദ്രിതുല്യനും | പഞ്ചഭിഃ കോടിഭിഃ വൃതഃ | അഞ്ചുകോടികളാൽ ചൂഴപ്പെട്ടവനായി |
| മഹാവീര്യഃ | അതിവീര്യശാലിയും | | |
| യൂഥപഃ | സേനാധിപനുമായ | ആജഗാമ. | വന്നുചേർന്നു. |

ദരീമുഖശ്ച ബലവാൻ യൂഥപോഽഭ്യായയൌ തദാ
വൃതഃ കോടിസഹസ്രേണ സുഗ്രീവം സമുപസ്ഥിതഃ. 24

| | | | |
|---|---|---|---|
| ബലവാൻ | ബലവാനും | വൃതഃ ച | പരിവൃതനായിത്തന്നെ |
| യൂഥപഃ | സൈന്യത്തലവനുമായ | തദാ | അപ്പോൾ |
| ദരീമുഖഃ | ദരീമുഖനെന്നവൻ | അഭ്യായയൌ ; | വന്നുചേർന്നു ; |
| കോടി-സഹസ്രേണ | ആയിരംകോടികളാൽ | സുഗ്രീവം സമുപസ്ഥിതഃ. | സുഗ്രീവൻ്റെ മുമ്പിൽ വന്നുനിന്നു. |

മൈന്ദശ്ച ദ്വിവിദശ്ചോഭാവശ്വിപുത്രൌ മഹാബലൌ
കോടികോടിസഹസ്രേണ വാനരാണാമദൃശ്യതാം. 25

| | | | |
|---|---|---|---|
| മഹാബലൌ | അതിബലവാന്മാരും | ഉഭൌ | ഇരുവരും |
| അശ്വിപുത്രൌ | അശ്വിനീദേവകളുടെ പുത്രന്മാരുമായ | വാനരാണാം | വാനരന്മാരുടെ |
| മൈന്ദഃ ച | മൈന്ദനും | കോടികോടി-സഹസ്രേണ | അനേകായിരം കോടികളോടുകൂടി |
| ദ്വിവിദഃ ച | ദ്വിവിദനും ആയ | അദൃശ്യതാം. | കാണപ്പെട്ടു. |

ഗജശ്ച ബലവാൻ വീരഃ കോടിഭിസ്തിസൃഭിർവൃതഃ
ആജഗാമ മഹാതേജാഃ സുഗ്രീവസ്യ സമീപതഃ. 26

| | | | |
|---|---|---|---|
| മഹാതേജാഃ | അതിപരാക്രമിയും | തിസൃഭിഃ കോടിഭിഃ വൃതഃ | മൂന്നു കോടികളാൽ ചൂഴപ്പെട്ടവനായി |
| ബലവാൻ | ബലവാനും | | |
| വീരഃ | വീരനുമായ | സുഗ്രീവസ്യ സമീപതഃ | സുഗ്രീവ പാർശ്വത്തിൽ |
| ഗജഃ ച, | ഗജനും, | ആജഗാമ. | വന്നുചേർന്നു. |

ഋക്ഷരാജോ മഹാതേജാ ജാംബവാൻ നാമ നാമതഃ
കോടിഭിർദ്ദശഭിഃ പ്രാപ്തഃ സുഗ്രീവസ്യ വശേ സ്ഥിതഃ 27

| | | | |
|---|---|---|---|
| മഹാതേജാഃ | മഹാപരാക്രമശാലിയും | നാമതഃ ജാംബവാൻ നാമ | പേരുകൊണ്ടു ജാംബവാൻ എന്നറിയപ്പെട്ടവനുമായവൻ |
| ഋക്ഷരാജഃ | കരടികൾക്ക രാജാവും | | |
| സുഗ്രീവസ്യ | സുഗ്രീവൻ്റെ | ദശഭിഃ കോടിഭിഃ | പത്തുകോടികളോടുംകൂടി |
| വശേ സ്ഥിതഃ | ആജ്ഞയിൻ കീഴിൽ ഉള്ളവനും | പ്രാപ്തഃ. | വന്നെത്തി. |

രുമണ്വാൻ നാമ വിക്രാന്തോ വാനരോ വാനരേശ്വരം
ആയയൌ ബലവാംസ്തൂർണ്ണം കോടീശതസമാവൃതഃ. 28

| | | | |
|---|---|---|---|
| വിക്രാന്തഃ | പരാക്രമശാലിയും | കോടീശത-സമാവൃതഃ | നൂറുകോടിയാൽ ചൂഴപ്പെട്ടവനായി |
| ബലവാൻ | ബലവാനുമായ | വാനരേശ്വരം | വാനരേശ്വരൻ്റെ അടുക്കൽ |
| രുമണ്വാൻ നാമ വാനരഃ | രുമണ്വാൻ എന്ന വാനരൻ | തൂർണ്ണം ആയയൌ. | വേഗത്തിൽ വന്നുചേർന്നു. |

തതഃ കോടിസഹസ്രാണാം സഹസ്രേണ ശതേന ച
പൃഷ്ഠതോഽനുഗതഃ പ്രാപ്തോ ഹരിഭിർഗന്ധമാദനഃ 29

| | | | |
|---|---|---|---|
| ഗന്ധമാദനഃ | ഗന്ധമാദനനെന്നവൻ | ഹരിഭിഃ | വാനരന്മാരാൽ |
| ശതേന | നൂററുക്കണക്കായും | പൃഷ്ഠതഃ | പിന്നാലെ |
| സഹസ്രേണ ച | ആയിരക്കണക്കായും | അനുഗതഃ, | അനുഗമിക്കപ്പെട്ടവനായി, |
| കോടി- സഹസ്രാണാം | ആയിരം കോടി | തതഃ | അപ്പോൾ |
| | | പ്രാപ്തഃ. | വന്നുചേൎന്നു. |

തതഃ പദ്മസഹസ്രേണ വൃതഃ ശംകുശതേന ച
യുവരാജോഽംഗദഃ പ്രാപ്തഃ പിതൃതുല്യപരാക്രമഃ 30

| | | | |
|---|---|---|---|
| പിതൃതുല്യ- പരാക്രമഃ | പിതാവിന്നുസമമായ പരാക്രമമുള്ളവനും | പദ്മസഹ- സ്രേണ ച | ആയിരം പദ്മവും സൈന്യത്താൽ |
| യുവരാജഃ | യുവരാജാവുമായ | വൃതഃ | പരിവൃതനായി |
| അംഗദഃ | അംഗദൻ | തതഃ | ആസമയം |
| ശംകുശതേന, | നൂറുശങ്കുവും | പ്രാപ്തഃ. | വന്നുചേൎന്നു. |

തതസ്താരാദ്യുതിസ്താരോ ഹരിർഭീമപരാക്രമഃ
പഞ്ചഭിർഹരികോടീഭിർദ്ദൂരതഃ പ്രത്യദൃശ്യത. 31

| | | | |
|---|---|---|---|
| താരാദ്യുതിഃ | നക്ഷത്രപ്രഭയോന്ന | പഞ്ചഭിഃ ഹരികോടീഭിഃ | അഞ്ചുകോടി വാനരന്മാരോടുകൂടി |
| ഭീമപരാക്രമഃ | ഭയങ്കരപരാക്രമിയായ | ദൂരതഃ | ദൂരെയായി |
| താരഃ | താരനെന്ന | തതഃ പ്രത്യദൃശ്യത. | ആസമയം കാണപ്പെട്ടു. |
| ഹരിഃ | വാനരൻ | | |

ഇന്ദ്രജാനുഃ കപിർവ്വീരോ യൂഥപഃ പ്രത്യദൃശ്യത
ഏകാദശാനാം കോടീനാമീശ്വരസ്തൈഃ സമാവൃതഃ. 32

| | | | |
|---|---|---|---|
| വീരഃ | വീരനും | ഇന്ദ്രജാനുഃ കപിഃ | ഇന്ദ്രജാനുവെന്ന വാനരൻ |
| യൂഥപഃ | സേനാധിപനും | | |
| ഏകാദശാനാം | പതിനൊന്നു | തൈഃ | അവരാൽ |
| കോടീനാം | കോടികൾക്ക് | സമാവൃതഃ | ചൂഴപ്പെട്ടവനായി |
| ഈശ്വരഃ | നാഥനുംആയ | പ്രത്യദൃശ്യത. | കാണപ്പെട്ടു. |

തതോ രംഭസ്ത്വനുപ്രാപ്തസ്തരുണാദിത്യസന്നിഭഃ
അയുതേനാവൃതശ്ചൈവ സഹസ്രേണ ശതേന ച. 33

| | | | |
|---|---|---|---|
| തരുണാദിത്യ- സന്നിഭഃ | ബാലസൂൎയ്യതുല്യനായ | അയുതേന ഏവ | പതിനായിരക്കണക്കായും |
| രംഭഃ, | രംഭൻ, | ആവൃതഃ തു | ചൂഴപ്പെട്ടവനായിത്തന്നെ |
| ശതേന ച സഹസ്രേണ ച | നൂററുക്കണക്കായും ആയിരക്കണക്കായും | തതഃ | അപ്പോൾ |
| | | അനുപ്രാപ്തഃ | വന്നുചേൎന്നു. |

തതോ യൂഥപതിൎവ്വീരോ ദുൎമ്മുഖോ നാമ വാനരഃ
പ്രത്യദൃശ്യത കോടിഭ്യാം ദ്വാഭ്യാം പരിവൃതോ ബലീ. 34

| | | | |
|---|---|---|---|
| തതഃ | അതിൽപിന്നെ | ദ്വാഭ്യാം കോടിഭ്യാം | രണ്ടു കോടികളാൽ |
| ബലീ വീരഃ | ബലശാലിയും വീരനും | | |
| യൂഥപതിഃ | സേനാനായകനുമായ | പരിവൃതഃ | ചൂഴപ്പെട്ടവനായി |
| ദുൎമ്മുഖഃ നാമ | ദുർമുഖനെന്ന | | |
| വാനരഃ | വാനരൻ | പ്രത്യദൃശ്യത. | കാണാറായി. |

കൈലാസശിഖരാകാരൈൎവ്വാനരൈൎഭീമവിക്രമൈഃ
വൃതഃ കോടിസഹസ്രേണ ഹനുമാൻ പ്രത്യദൃശ്യത. 35

| | | | |
|---|---|---|---|
| ഹനുമാൻ | ഹനുമാൻ | വാനരൈഃ | വാനരന്മാർ |
| കൈലാസ-ശിഖരാ-കാരൈഃ | കൈലാസപൎവ്വതത്തിനു തുല്യമായ ആകൃതിയോടുകൂടിയവരും, | കോടി-സഹസ്രേണ | ആയിരംകോടിയാൽ |
| ഭീമവിക്രമൈഃ | ഭയങ്കര പരാക്രമശാലികളുമായ | വൃതഃ പ്രത്യദൃശ്യത. | ചൂഴപ്പെട്ടവനായി കാണപ്പെട്ടു. |

നളശ്ചാപി മഹാവീൎയ്യഃ സംവൃതോ ദ്രുമവാസിഭിഃ
കോടീശതേന സംപ്രാപ്തഃ സഹസ്രേണ ശതേന ച. 36

| | | | |
|---|---|---|---|
| മഹാവീൎയ്യഃ | മഹാവീൎയ്യവാനായ | ശതേന ച | നൂറുക്കണക്കായും ഉള്ള |
| നളഃ | നളൻ | | |
| കോടീശതേന ച | നൂറുകോടിക്കണക്കായും | ദ്രുമവാസിഭിഃ | മരഞ്ചാടികളാൽ |
| സഹസ്രേണ അപി | ആയിരക്കണക്കായും | സംവൃതഃ സംപ്രാപ്തഃ. | ചൂഴപ്പെട്ടവരായി വന്നുചേൎന്നു. |

തതോ ദധിമുഖഃ ശ്രീമാൻ കോടിഭിൎദശഭിൎവൃതഃ
സംപ്രാപ്തോഽഭിമതസ്തസ്യ സുഗ്രീവസ്യ മഹാത്മനഃ. 37

| | | | |
|---|---|---|---|
| ശ്രീമാൻ | ശ്രീമാനും, | ദധിമുഖഃ, | ദധിമുഖനെന്നവൻ, |
| തസ്യ മഹാത്മനഃ | ആ മഹാത്മാവായ | ദശഭിഃ കോടിഭിഃ | പത്തുകോടികളാൽ |
| സുഗ്രീവസ്യ | സുഗ്രീവന്ന് | വൃതഃ | ചൂഴപ്പെട്ടവനായി |
| അഭിമതഃ | പ്രിയപ്പെട്ടവനുമായ | തതഃ സംപ്രാപ്തഃ. | അപ്പോൾ വന്നുചേൎന്നു. |

ശരഭഃ കുമുദോ വഹ്നിർവാനരോ രംഹ ഏവ ച
ഏതേ ചാന്യേ ച ബഹവോ വാനരാഃ കാമരൂപിണഃ 38
ആവൃത്യ പൃഥിവീം സർവ്വാം പർവ്വതാംശ്ച വനാനി ച
യൂഥപാഃ സമനുപ്രാപ്താസ്തേഷാം സംഖ്യാ ന വിദ്യതേ
ആഗതാശ്ച വിശിഷ്ടാശ്ച പൃഥിവ്യാം സർവ്വവാനരാഃ. 39

| | | | |
|---|---|---|---|
| ശരഭഃ | ശരഭൻ | അന്യേ | മററുസാധാരണന്മാരായ |
| കുമുദഃ | കുമുദൻ | സർവ്വവാനരാഃ ച, | എല്ലാവാനരന്മാരും, |
| വഹ്നിഃ ച | വഹ്നി | സമനുപ്രാപ്താഃ | കൂടെവന്ന |
| രംഹഃ വാനരഃ ഏവ | രംഹനെന്ന വാനരൻ എന്നിങ്ങിനെയുള്ള | യൂഥപാഃ ച, | സേനാധിപന്മാരും, |
| ഏതേ ച, | ഇവരും, | പൃഥിവീം സർവ്വാം | ഭൂമി മുഴുവനും |
| പൃഥിവ്യാം | ഭൂമിയിൽ | പർവ്വതാൻ ച | പർവ്വതങ്ങളേയും |
| കാമരൂപിണഃ | ഇഷ്ടംപോലെ രൂപമെടുപ്പാൻ കഴിവുള്ള | വനാനി ച | വനങ്ങളേയും |
| വിശിഷ്ടാഃ | ശ്രേഷ്ഠന്മാരായ | ആവൃത്യ, | മറച്ചുകൊണ്ട് |
| ബഹവഃ വാനരാഃ ച | അനേകം വാനരന്മാരും | ആഗതാഃ ; | വന്നുചേന്നു ; |
| | | തേഷാം സംഖ്യാ | അവരുടെ എണ്ണം |
| | | ന വിദ്യതേ. | കണക്കാക്കപ്പെടാവുന്നതല്ല. |

ആപ്ലവന്തഃ പ്ലവന്തശ്ച ഗർജ്ജന്തശ്ച പ്ലവംഗമാഃ
അഭ്യവർത്തന്ത സുഗ്രീവം സൂര്യമഭ്രഗണാ ഇവ. 40

| | | | |
|---|---|---|---|
| ആപ്ലവന്തഃ | ചാടുന്നവരും | സൂര്യം | ആദിത്യദേവനെ |
| പ്ലവന്തഃ ച | ഓടുന്നവരും | അഭ്രഗണാഃ ഇവ | മേഘരാശികളെന്ന |
| ഗർജ്ജന്തഃ ച, | ഗർജ്ജിക്കുന്നവരും ആയ | സുഗ്രീവം, | സുഗ്രീവനെ [പോലെ |
| പ്ലവംഗമാഃ | വാനരന്മാർ | അഭ്യവർത്തന്ത. | ചൂഴ്ന്നുനിന്നു. |

കുർവ്വാണാ ബഹുശബ്ദാംശ്ച പ്രഹൃഷ്ടാ ബലശാലിനഃ
ശിരോഭിർവ്വാനരേന്ദ്രായ സുഗ്രീവായ ന്യവേദയൻ. 41

| | | | |
|---|---|---|---|
| ബലശാലിനഃ | ബലശാലികളായഅവർ | വാനരേന്ദ്രായ | വാനരരാജാവായ |
| പ്രഹൃഷ്ടാഃ | സന്തോഷത്തോടുകൂടിയവരായി | സുഗ്രീവായ | സുഗ്രീവന്ന് |
| ബഹുശബ്ദാൻ | പലവിധ ശബ്ദങ്ങളെ | ശിരോഭിഃ ന്യവേദയൻ. | തല കുമ്പിട്ട് നമസ്കൃതിചെയ്തു. |
| കുർവ്വാണാഃ ച | ചെയ്യുന്നവരായി | | |

അപരേ വാനരശ്രേഷ്ഠാഃ സംയമ്യ ച യഥോചിതം
സുഗ്രീവേണ സമാഗമ്യ സ്ഥിതാഃ പ്രാഞ്ജലയസ്തദാ. 42

| | | | |
|---|---|---|---|
| തദാ | അപ്പോൾ | സമാഗമ്യ, | പ്രാപിച്ച്, |
| അപരേ വാനരശ്രേഷ്ഠാഃ | മററുള്ള വാനരോത്തമന്മാർ | യഥോചിതം | വിധിപ്രകാരം |
| | | സംയമ്യ ച | അഭിവാദനംചെയ്ത് |
| സുഗ്രീവേണ | സുഗ്രീവനെ | പ്രാഞ്ജലയഃ സ്ഥിതാഃ. | കൈകൂപ്പി സമയംകാത്തുനിന്നു. |

സുഗ്രീവസ്ത്വരിതോ രാമേ സൎവ്വാംസ്താൻ വാനരൎഷഭാൻ
നിവേദയിത്വാ ധൎമ്മജ്ഞഃ സ്ഥിതഃ പ്രാഞ്ജലിരബ്രവീത്. 43

| | | | |
|---|---|---|---|
| ധൎമ്മജ്ഞഃ | ധൎമ്മജ്ഞനായ | നിവേദയിത്വാ, | വിവരം അറിയിച്ചശേഷം, |
| സുഗ്രീവഃ | സുഗ്രീവൻ | താൻ | ആ |
| ത്വരിതഃ | ഉടനെ | വാനരൎഷഭാൻ സൎവ്വാൻ | വാനരവീരന്മാരെല്ലാവരേയും നോക്കി |
| പ്രാഞ്ജലിഃ സ്ഥിതഃ, | കൈകൂപ്പി നിന്നുംകൊണ്ട്, | അബ്രവീത്. | ഇങ്ങിനെ ആജ്ഞാപിച്ചു. |
| രാമേ | ശ്രീരാമനെ | | |

യഥാസുഖം പൎവ്വതനിൎഝരേഷു
വനേഷു സൎവ്വേഷു ച വാനരേന്ദ്രാഃ
നിവേശയിത്വാ വിധിവദ്ബലാനി
ബലം ബലജ്ഞഃ പ്രതിപത്തുമീഷ്ടേ. 44

| | | | |
|---|---|---|---|
| "വാനരേന്ദ്രാഃ! | "വാനരശ്രേഷ്ഠന്മാരേ! | ബലജ്ഞഃ | അവനവന്റെ സൈന്യത്തെപ്പററി അറിവുള്ളവൻ |
| പൎവ്വത-നിൎഝരേഷു | മലയരുവികളിലും | ബലം | അവനവന്റെ സൈന്യത്തെ |
| സൎവ്വേഷു ച വനേഷു | വനങ്ങളെല്ലാററിലും, | വിധിവത് | വഴിപോലെ |
| യഥാസുഖം | സൌകൎയ്യംപോലെ | പ്രതിപത്തും ഈഷ്ടേ." | കാത്തുരക്ഷിക്കേണ്ടതാണ്." |
| ബലാനി | സൈന്യങ്ങളെ | | |
| നിവേശയിത്വാ, | പാളയമടിച്ചിരുത്തി, | | |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ഏകോനചത്വാരിംശഃ സൎഗ്ഗഃ = മുപ്പത്തൊമ്പതാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 10920; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1668.

## ചത്വാരിംശഃ സൎഗ്ഗഃ = നാല്പതാംസൎഗ്ഗം.

[പ്രാച്യാം വിനതപ്രേഷണം = കിഴക്കദിക്കിലേക്ക് വിനതനെ പറഞ്ഞയക്കുന്നതു.]

അഥ രാജാ സമൃദ്ധാൎത്ഥഃ സുഗ്രീവഃ പ്ലവഗേശ്വരഃ
ഉവാച നരശാൎദ്ദൂലം രാമം പരബലാൎദ്ദനം. 1

| | | | |
|---|---|---|---|
| അഥ | അപ്പോൾ | പരബലാൎദ്ദനം | ശത്രുസൈന്യ വിധ്വംസകനായ |
| സമൃദ്ധാൎത്ഥഃ | അഭീഷ്ടങ്ങൾ സാധിച്ചവനും | നരശാൎദ്ദൂലം | പുരുഷോത്തമനായ |
| പ്ലവഗേശ്വരഃ | വാനരേശ്വരനുമായ | രാമം | ശ്രീരാമനെ നോക്കി |
| സുഗ്രീവഃ രാജാ, | സുഗ്രീവ മഹാരാജാവ്, | ഉവാച. | ഇപ്രകാരം ഉണൎത്തിച്ചു. |

ആഗതാ വിനിവിഷ്ടാശ്ച ബലിനഃ കാമരൂപിണഃ
വാനരാ വാരണേന്ദ്രാഭാ യേ മദ്വിഷയവാസിനഃ. 2

| | | | |
|---|---|---|---|
| "യേ മദ്വിഷയവാസിനഃ | "യാതൊരുവർ എന്റെ രാജ്യത്തിൽ വസിക്കുന്നവരും | കാമരൂപിണഃ | ഇഷ്ടംപോലെ രൂപം കൈക്കൊള്ളുവാൻ കഴിവുള്ളവരുമായ |
| വാരണേന്ദ്രാഭാഃ | ആനത്തലവന്മാർക്കു തുല്യന്മാരും | വാനരാഃ | വാനരന്മാരോ, അവർ |
| ബലിനഃ | ബലിഷ്ഠന്മാരും | ആഗതാഃ വിനിവിഷ്ടാഃ ച. | വന്നു് തയ്യാറായി നില്ക്കുന്നുണ്ടു്. |

ത ഇമേ ബഹുവിക്രാന്തൈർഹരിഭിർഭീമവിക്രമൈഃ
ആഗതാ വാനരാ ഘോരാ ദൈത്യദാനവസന്നിഭാഃ. 3

| | | | |
|---|---|---|---|
| "ഘോരാഃ | "ഭയങ്കരന്മാരും | ബഹുവിക്രാന്തൈഃ | അമിതപരാക്രമികളും |
| ദൈത്യദാനവസന്നിഭാഃ | ദൈത്യന്മാർക്കും ദാനവന്മാർക്കും സദൃശരുമായ | ഭീമവിക്രമൈഃ | അതി വീര്യശാലികളും ആയ |
| തേ ഇമേ | അപ്രകാരമുള്ള ഈ | ഹരിഭിഃ | വാനരന്മാരോടും കൂടി |
| വാനരാഃ | വാനരന്മാർ | ആഗതാഃ. | എത്തിയിരിക്കുന്നു. |

ഖ്യാതകർമ്മാപദാനാശ്ച ബലവന്തോ ജിതക്ലമാഃ
പരാക്രമേഷു വിഖ്യാതാ വ്യവസായേഷു ചോത്തമാഃ. 4

| | | | |
|---|---|---|---|
| "ഖ്യാതകർമ്മാപദാനാഃ ച; | "സദ്വൃത്തിയും സത്സ്വഭാവവുമുള്ളവർ; | വിഖ്യാതാഃ; | പ്രസിദ്ധിയാന്നവർ; |
| ബലവന്തഃ; | ബലശാലികൾ; | വ്യവസായേഷു | തക്ക ഉപായങ്ങളെ പ്രയോഗിക്കുന്നതിൽ |
| ജിതക്ലമാഃ; | തളർച്ചയില്ലാത്തവർ; | | |
| പരാക്രമേഷു | ശത്രുക്കളെയടക്കുന്ന വിഷയത്തിൽ | ഉത്തമാഃ ച; | സാമർത്ഥ്യമുള്ളവർ; |

പൃഥിവ്യംബുചരാ രാമ നാനാനഗനിവാസിനഃ
കോട്യോഘാശ്ച ഇമേ പ്രാപ്താ വാനരാസ്തവ കിങ്കരാഃ. 5

| | | | |
|---|---|---|---|
| "പൃഥിവ്യംബുചരാഃ | "ഭൂമിയിലും ജലത്തിലും വസിക്കുന്നവരും | പ്രാപ്താഃ; | വന്നുചേർന്നിരിക്കുന്നു; |
| നാനാനഗനിവാസിനഃ | പലപർവ്വതങ്ങളിലും പാർക്കുന്നവരും ആയ അവർ | രാമ! | ശ്രീരാമ! |
| കോട്യോഘാഃ | എത്രയോകോടിക്കണക്കായി | ഇമേ വാനരാഃ ച | ഈ വാനരന്മാരെല്ലാവരും തന്നെ |
| | | തവ കിങ്കരാഃ. | നിന്തിരുവടിയുടെ ദാസന്മാരാണു്. |

നിദേശവത്തിനഃ സവ്വേ സവ്വേ ഗുരുഹിതേ രതാഃ
അഭിപ്രേതമനുഷ്ഠാതും തവ ശക്ഷ്യന്ത്യരിന്ദമ. 6

| | |
|---|---|
| "അരിന്ദമ! | "ശത്രുസംഹാരക! |
| സവ്വേ | എല്ലാവരും |
| നിദേശവത്തിനഃ; | ആജ്ഞയനുസരിച്ചു നടക്കുന്നവർ; |
| സവ്വേ | എല്ലാവരും |
| ഗുരുഹിതേ | യജമാനന്നു് നന്മചെയ്യുന്നതിൽ |
| രതാഃ; | താല്പയ്യത്തോടുകൂടിയവർ; |
| തവ | അവിടുത്തെ |
| അഭിപ്രേതം | അഭിമതപ്രകാരം |
| അനുഷ്ഠാതും | പ്രവത്തിക്കുന്നതിന്നു |
| ശക്ഷ്യന്തി. | ത്രാണിയുള്ളവരുമാകുന്നു. |

യന്മന്യസേ നരവ്യാഘ്ര പ്രാപ്തകാലം തദുച്യതാം
ത്വത്സൈന്യം ത്വദ്വശേ യുക്തമാജ്ഞാപയിതുമർഹസി. 7

| | |
|---|---|
| "നരവ്യാഘ്ര! | "പുരുഷോത്തമ! |
| യത് പ്രാപ്തകാലം | തക്കസമയം ഏതെന്നു് |
| മന്യസേ | അവിടുന്നു് വിചാരിക്കുന്നുവോ |
| തത് | ആയത് |
| ഉച്യതാം; | അരുളിച്ചെയ്യപ്പെടട്ടെ; |
| ത്വദ്വശേ | നിന്തിരുവടിയുടെ ആജ്ഞയിൽ |
| യുക്തം | വത്തിക്കുന്ന |
| ത്വത്സൈന്യം | അവിടുത്തെ സൈന്യത്തെ |
| ആജ്ഞാപയിതും | കല്പിച്ചരുളുവാൻ |
| അർഹസി. | തിരുമനസ്സുണ്ടാകേണം. |

കാമമേഷാമിദം കാര്യ്യം വിദിതം വീര തത്വതഃ
തഥാഽപി തു യഥാതത്വമാജ്ഞാപയിതുമർഹസി. 8

| | |
|---|---|
| "വീര! | "വീരനായുള്ളോവേ! |
| ഇദം കാര്യ്യം | ഈ കാര്യ്യത്തെപ്പററി |
| തത്വതഃ | ഉള്ളപോലെ |
| ഏഷാം | ഇവക്കു |
| വിദിതം തു; | അറിയാവുന്ന സംഗതിയാണു്; |
| തഥാ അപി | എന്നിരിക്കിലും |
| യഥാതത്വം | ചെയ്യേണ്ടുന്നതെന്തെല്ലാമാണെന്നു് |
| കാമം | തിരുവുള്ളപ്രകാരം |
| ആജ്ഞാപയിതും അർഹസി." | ആജ്ഞാപിച്ചാലും." |

ഇതി ബ്രുവാണം സുഗ്രീവം രാമോ ദശരഥാത്മജഃ
ബാഹുഭ്യാം സംപരിഷ്വജ്യ ഇദം വചനമബ്രവീത്. 9

| | |
|---|---|
| ദശരഥാത്മജഃ രാമഃ | ദശരഥകുമാരനായ ശ്രീരാമൻ |
| ഇതി ബ്രുവാണം | മേൽപ്രകാരം പറയുന്ന |
| സുഗ്രീവം | സുഗ്രീവനെ |
| ബാഹുഭ്യാം | ഇരുകൈകളാലും |
| സംപരിഷ്വജ്യ | മുറുകെയണച്ചു് |
| ഇദം വചനം | ഈ വാക്യത്തെ |
| അബ്രവീത്. | അരുളിച്ചെയ്തു. |

ജ്ഞായതാം സൌമ്യ വൈദേഹീ യദി ജീവതി വാ ന വാ
സ ച ദേശോ മഹാപ്രാജ്ഞ യസ്മിൻ വസതി രാവണഃ. 10

| | | | |
|---|---|---|---|
| "സൌമ്യ! | "ഗുണവാനായവനെ! | യസ്മിൻ | ഏതൊരു ദിക്കിൽ |
| മഹാപ്രാജ്ഞ! | നല്ല അറിവുള്ളവനെ! | രാവണഃ | രാവണൻ |
| വൈദേഹീ | വിദേഹാത്മജ | വസതി | നിവസിക്കുന്നുവൊ |
| ജീവതി യദി വാ | ജീവനോടിരിക്കുന്നുണ്ടൊ | സഃ ദേശഃ ച | ആ സ്ഥലവും |
| ന വാ, | ഇല്ലയൊ എന്നും, | ജ്ഞായതാം. | അന്വേഷിച്ചറിയപ്പെടട്ടെ. |

അധിഗമ്യ തു വൈദേഹീം നിലയം രാവണസ്യ ച
പ്രാപ്തകാലം വിധാസ്യാമി തസ്മിൻ കാലേ സഹ ത്വയാ. 11

| | | | |
|---|---|---|---|
| "രാവണസ്യ | "രാവണന്റെ | തസ്മിൻ കാലേ | അപ്പോൾ |
| നിലയം ച | ഇരുപ്പിടത്തെക്കുറിച്ചും | പ്രാപ്തകാലം | സമയോചിതമായതിനെ |
| വൈദേഹീം തു | വൈദേഹിയെപ്പററിയും | ത്വയാ സഹ | ഭവാനോടുംകൂടി |
| അധിഗമ്യ | അറിഞ്ഞതിന്നുശേഷം | വിധാസ്യാമി. | ഞാൻ ആലോചിച്ചുറക്കാം. |

നാഹമസ്മിൻ പ്രഭുഃ കാൎയ്യേ വാനരേശ ന ലക്ഷ്മണഃ
ത്വമേവ ഹേതുഃ കാൎയ്യസ്യ പ്രഭുശ്ച പ്ലവഗേശ്വര 12

| | | | |
|---|---|---|---|
| "വാനരേശ! | "വാനരേന്ദ്ര! | പ്ലവഗേശ്വര! | പ്ലവഗാധിപ! |
| അസ്മിൻ കാൎയ്യേ | ഈ കാൎയ്യത്തിൽ | കാൎയ്യസ്യ പ്രഭുഃ | കാൎയ്യത്തെ സമൎത്ഥിപ്പാനുള്ള |
| പ്രഭുഃ | ആജ്ഞനൽകേണ്ടുന്നവൻ | ഹേതുഃ | അധികൃതൻ |
| അഹം ന; | ഞാനുമല്ല; | ത്വം ഏവ. | ഭവാൻതന്നെയാണ്. |
| ലക്ഷ്മണഃ ന ച; | ലക്ഷ്മണനുമല്ല; | | |

ത്വമേവാജ്ഞാപയ വിഭോ മമ കാൎയ്യവിനിശ്ചയം
ത്വം ഹി ജാനാസി യത് കാൎയ്യം മമ വീര ന സംശയഃ. 13

| | | | |
|---|---|---|---|
| "വിഭോ! | "രാജാവേ! | മമ | എനിക്കു |
| മമ | എന്റെ | യത് കാൎയ്യം | ആവേണ്ടുന്ന കാൎയ്യം യാതൊന്നൊ അത് |
| കാൎയ്യവിനിശ്ചയം | കാൎയ്യത്തിൽ ചെയ്യേണ്ടുന്നതിനെ | ത്വം ഹി | ഭവാൻ തന്നെയാണ് |
| ത്വം ഏവ | ഭവാൻതന്നെ | ജാനാസി | നല്ലപോലെ അറിയുക; |
| ആജ്ഞാപയ; | നിൎദ്ദേശിക്കുക; | സംശയഃ ന. | സംശയമില്ല. |
| വീര! | വീര! | | |

സുഹൃദ്ദ്വിതീയോ വിക്രാന്തഃ പ്രാജ്ഞഃ കാലവിശേഷവിത്
ഭവാനസ്മദ്ധിതേ യുക്തഃ സുകൃതാൎത്ഥോഽൎത്ഥവിത്തമഃ. 14

"ഭവാൻ — "ഭവാൻ
സുഹൃദ്ദ്വിതീയഃ; — സുഹൃത്തുകളെ ഉപേക്ഷിക്കാത്തവൻ;
വിക്രാന്തഃ; — പരാക്രമശാലി;
പ്രാജ്ഞഃ; — എല്ലാമറിയുന്നവൻ;
കാലവിശേഷവിത്; — കാലത്തിന്നനുയോജിച്ചതെന്തെന്നറിയുന്നവൻ;
അസ്മദ്ധിതേ — എനിക്കു നന്മചെയ്യുന്നതിൽ
യുക്തഃ; — ആസക്തിയുള്ളവൻ;
സുകൃതാൎത്ഥഃ; — നല്ലപോലെ ആലോചിച്ചു പ്രവൎത്തിക്കുന്നവൻ;
അൎത്ഥവിത്തമഃ." — കാൎയ്യങ്ങളുടെ സൂക്ഷ്മമറിയുന്നവരിലുത്തമൻ."

ഏവമുക്തസ്തു സുഗ്രീവോ വിനതം നാമ യൂഥപം
അബ്രവീദ്രാമസാന്നിദ്ധ്യേ ലക്ഷ്മണസ്യ ച ധീമതഃ
ശൈലാഭം മേഘനിൎഘോഷമൂൎജ്ജിതം പ്ലവഗേശ്വരഃ. 15

ഏവം ഉക്തഃ — മേൽപ്രകാരം ആജ്ഞാപിക്കപ്പെട്ടവനായ
പ്ലവഗേശ്വരഃ — വാനരേശ്വരനായ
സുഗ്രീവഃ തു — സുഗ്രീവനാകട്ടെ,
ധീമതഃ ലക്ഷ്മണസ്യ ച — ബുദ്ധിശാലിയായ ലക്ഷ്മണൻെറയും
രാമസാന്നിദ്ധ്യേ, — ശ്രീരാമൻേറയും സന്നിധിയിൽ വെച്ചു്
ശൈലാഭം — പൎവ്വത തുല്യനും
മേഘനിൎഘോഷം — മേഘംപോലെ ഗൎജ്ജിക്കുന്നവനും
ഊൎജ്ജിതം — പരാക്രമശാലിയും
യൂഥപം — സേനാധിപനുമായ
വിനതം നാമ — വിനതനെന്നവനെ നോക്കി
അബ്രവീത്. — ഇപ്രകാരം ആജ്ഞാപിച്ചു.

സോമസൂൎയ്യാത്മജൈസ്സാൎദ്ധം വാനരൈൎവ്വാനരോത്തമ
ദേശകാലനയൈൎയ്യുക്തഃ കാൎയ്യാകാൎയ്യവിനിശ്ചയേ 16
വൃതഃ ശതസഹസ്രേണ വാനരാണാം തരസ്വിനാം
അധിഗച്ഛ ദിശം പൂൎവ്വാം സശൈലവനകാനനാം. 17

"വാനരോത്തമ! — "വാനരോത്തമ!
സോമസൂൎയ്യാത്മജൈഃ — ചന്ദ്രൻ സൂൎയ്യൻ ഇവരുടെ തനയന്മാരായ
വാനരൈഃ — വാനരന്മാരോടും
സാൎദ്ധം, — കൂടി,
തരസ്വിനാം — ബലശാലികളായ
വാനരാണാം ശതസഹസ്രേണ — ഒരുലക്ഷം വാനരന്മാരാൽ
വൃതഃ — ചൂഴപ്പെട്ടവനായി
കാൎയ്യാകാൎയ്യവിനിശ്ചയേ — കാൎയ്യാകാൎയ്യങ്ങളെ നിശ്ചയിക്കുന്ന സംഗതിയിൽ
ദേശകാലനയൈഃ യുക്തഃ — ദേശം, കാലം, ഉപായം എന്നവയെ കയ്ക്കൊണ്ടവനായി
സശൈലവനകാനനാം — മല, കാട്ടു്, ചോല എന്നവയടങ്ങിയ
പൂൎവ്വാം ദിശം — കിഴക്കേദിക്കിലേക്കു്
അധിഗച്ഛ; — പുറപ്പെട്ടുപോവുക.

തത്ര സീതാം ച വൈദേഹീം നിലയം രാവണസ്യ ച
മാർഗ്ഗധ്വം ഗിരിദുർഗ്ഗേഷു വനേഷു ച നദീഷു ച 18
നദീം ഭാഗീരഥീം രമ്യാം യാമുനം ച മഹാഗിരിം
സരസ്വതീം ച സിന്ധും ച ശോണം മണിനിഭോദകം 19
മഹീം കാലമഹീം ചൈവ ശൈലകാനനശോഭിതാം
ബ്രഹ്മമാലാൻ വിദേഹാംശ്ച മാളവാൻ കാശികോസലാൻ 20
മാഗധാംശ്ച മഹാഗ്രാമാൻ പുണ്ഡ്റാൻ വംഗാംസ്തഥൈവ ച
പത്തനം കോശകാരാണാം ഭൂമിം ച രജതാകരാം. 21

| | |
|---|---|
| "തത്ര | "അവിടെ |
| ഗിരിദുർഗ്ഗേഷു | മലകളിലും ഗുഹകളിലും |
| വനേഷു ച | വനങ്ങളിലും |
| നദീഷു ച | നദികളിലും |
| രമ്യാം ഭാഗീ- രഥീം നദീം | അഴകാൎന്ന ഗംഗാനദിയിലും |
| യാമുനം | യാമുനമെന്ന |
| മഹാഗിരിം, | മഹാപൎവ്വതത്തിലും, |
| സരസ്വതീം ച | സരസ്വതീനദിയിലും |
| സിന്ധും ച | സിന്ധുനദിയിലും |
| മണി- നിഭോദകം | മാണിക്യത്തിന്നുതുല്യമായ നിൎമ്മലജലത്തോടുകൂടിയ |
| ശോണം, | ശോണാനദിയിലും, |
| ശൈലകാനന- ശോഭിതാം | മലകളാലും ഗുഹകളാലും അഴകാൎന്നു വിളങ്ങുന്ന |
| മഹീം ച | മഹിയെന്ന രാജ്യത്തിലും |
| കാലമഹീം ഏവ | കാലമഹിയെന്ന രാജ്യത്തിലും |
| ബ്രഹ്മമാലാൻ | ബ്രഹ്മമാലമെന്ന ദേശങ്ങളിലും |
| വിദേഹാൻ ച | വിദേഹരാജ്യങ്ങളിലും |
| മാളവാൻ | മാളവങ്ങളിലും |
| കാശി- കോസലാൻ | കാശി, കോസലം എന്ന രാജ്യങ്ങളിലും, |
| മാഗധാൻ ച, | മഗധരാജ്യങ്ങളിലും, |
| പുണ്ഡ്റാൻ ച | പുണ്ഡ്റദേശങ്ങളിലും |
| വംഗാൻ ഏവ, | വംഗദേശങ്ങളിലും, |
| കോശ- കാരാണാം | കോശകാരന്മാരെന്ന രാജാക്കന്മാരുടെ |
| പത്തനം, | നഗരത്തിലും |
| രജതാകരാം | രജതാകരമെന്ന |
| ഭൂമിം ച, | പ്രദേശത്തിലും, |
| തഥാ | അതുപോലെതന്നെ |
| മഹാഗ്രാമാൻ, | വലിയഗ്രാമങ്ങളിലും, |
| വൈദേഹീം | വിദേഹകുമാരിയായ |
| സീതാം ച, | സീതാദേവിയേയും, |
| രാവണസ്യ | രാവണന്റെ |
| നിലയം ച | പാൎപ്പിടത്തേയും |
| മാർഗ്ഗധ്വം. | തിരയുവിൻ. |

[ "കിഴക്കുദിക്കുകളിലുള്ള രാജ്യങ്ങൾ" എന്നു സുഗ്രീവൻ പറയുന്നത്, കിഷ്കിന്ധയ്ക്കു കിഴക്കായല്ലാതെ, സരസ്വതി, ദൃഷദ്വതി എന്ന നദികൾക്കു മദ്ധ്യത്തിലായുള്ള ബ്രഹ്മാവൎത്തത്തിന്നു കിഴക്കുഭാഗത്തായുള്ളവയാണെന്നും, പൎവ്വതങ്ങളും നദികളും അവിടെയുള്ളവയാണെന്നും, ഗ്രാഹ്യമാകുന്നു "യാമുനം മഹാഗിരിം" എന്നത്, യമുനാനദിയുടെ ഉത്ഭവസ്ഥാനമായ കാളിന്ദമെന്ന ഗിരിയാകുന്നു. "സിന്ധു" എന്ന നദി മാളവരാജ്യത്തിലുള്ള 'സിന്ധു' എന്ന നദിയാകുന്നു, അല്ലാതെ പഞ്ചനദദേശങ്ങളിൽകൂടി ഒഴുകുന്ന സിന്ധുനദിയല്ല; "ശോണാനദി", ഗംഗയിൽ ചെന്നുചേരുന്ന 'Sone' എന്ന നദിയാകുന്നു; "മഗധരാജ്യം" ബിഹാറിന്റെ തെക്കെ ഭാഗമാകുന്നു; "വംഗദേശം" ഇപ്പോഴത്തെ 'ബെംഗാൾ' ആകുന്നു; 'വിദേഹ' രാജ്യം കൌശികീനദിക്ക് കിഴക്കായി ഹിമാചലത്തിന്നും, ഗംഗയ്ക്കും നടുവിൽ കിടക്കുന്ന Tirhoot എന്ന രാജ്യമാകുന്നു.

"മഹീകാലം, മഹി" എന്നവ രണ്ടും നദികളാണെന്നു തിലകം. "കോശകാരാണാം ഭൂമിം" പട്ടുനൂലെടുക്കുന്നതായ രാജ്യം, "രജതാകരാം" രജതഖനിയുള്ള രാജ്യം, എന്നു തിലകം.]

സർവ്വമേതദ്വിചേതവ്യം മൃഗയദ്ഭിസ്തതസ്തതഃ
രാമസ്യ ദയിതാം ഭാര്യാം സീതാം ദശരഥസ്നുഷാം. 22

| | |
|---|---|
| "ദശരഥസ്നുഷാം | "ദശരഥന്റെ സ്നുഷയും |
| രാമസ്യ | ശ്രീരാമന്റെ |
| ദയിതാം ഭാര്യാം | പ്രിയതമയുമായ |
| സീതാം | സീതാദേവിയെ |
| തതഃ തതഃ | അവിടവിടെ |
| മൃഗയദ്ഭിഃ | അന്വേഷിക്കുന്നവരായ നിങ്ങളാൽ |
| ഏതത് സർവ്വം | ഇതെല്ലാം |
| വിചേതവ്യം. | തിരഞ്ഞുനോക്കപ്പെടേണ്ടതാണ്. |

സമുദ്രമവഗാഢാംശ്ച പർവ്വതാൻ പത്തനാനി ച
മന്ദരസ്യ ച യേ കോടിം സംശ്രിതാഃ കേചിദായതാം 23
കർണ്ണപ്രാവരണാശ്ചൈവ തഥാ ചാപ്യോഷ്ഠകർണ്ണകാഃ
ഘോരലോഹമുഖാശ്ചൈവ ജവനാശ്ചൈകപാദകാഃ 24
അക്ഷയാ ബലവന്തശ്ച പുരുഷാഃ പുരുഷാദകാഃ
കിരാതാഃ കർണ്ണചൂഡാശ്ച ഹേമാംഗാഃ പ്രിയദർശനാഃ 25
ആമമീനാശനാസ്തത്ര കിരാതാ ദ്വീപവാസിനഃ
അന്തർജ്ജലചരാ ഘോരാ നരവ്യാഘ്രാ ഇതി ശ്രുതാഃ
ഏതേഷാമാലയാഃ സർവ്വേ വിചേയാഃ കാനനൗകസഃ. 26

| | |
|---|---|
| "കാനനൗകസഃ! | "വാനരന്മാരെ! |
| സമുദ്രം | സമുദ്രത്തെയും |
| അവഗാഢാൻ ച | മറഞ്ഞുകിടക്കുന്ന സ്ഥലങ്ങളേയും |
| പർവ്വതാൻ | പർവ്വതങ്ങളേയും |
| പത്തനാനി ച | പട്ടണങ്ങളേയും |
| മന്ദരസ്യ | മന്ദരപർവ്വതത്തിന്റെ |
| ആയതാം കോടിം ച | വിസ്താരമാർന്ന കൊടുമുടിയേയും |
| യേ കേചിത് | യാതൊരുവർ |
| സംശ്രിതാഃ, | പ്രാപിച്ചിരിക്കുന്നുവൊ അവരും |
| കർണ്ണപ്രാവരണാഃ ച | കർണ്ണപ്രാവരണർ എന്നവരും, |
| ഓഷ്ഠകർണ്ണകാഃ | ഓഷ്ഠകർണകരെന്നവരും |
| ഘോരലോഹമുഖാഃ ച | ഘോരലോഹമുഖരെന്നവരും |
| ജവനാഃ ച | ജവനന്മാരും |
| ഏകപാദകാഃ ച | ഏകപാദകരെന്നവരും |
| അക്ഷയാഃ ഏവ | അക്ഷയന്മാരെന്നവരും |
| ബലവന്തഃ | ബലശാലികളായ |
| പുരുഷാദകാഃ | പുരുഷാദകന്മാരും |
| പുരുഷാഃ ച | മനുഷ്യന്മാരും |
| കിരാതാഃ തഥാ | കിരാതന്മാരും |
| കർണ്ണചൂഡാഃ ച | കർണ്ണചൂഡന്മാരെന്നവരും |
| പ്രിയദർശനാഃ | മനോഹരശരീരങ്ങളാർന്ന |
| ഹേമാംഗാഃ | ഹേമാംഗന്മാരെന്നവരും |
| തത്ര ദ്വീപവാസിനഃ | അവിടെ ദ്വീപുകളിൽ പാർക്കുന്ന |
| ആമമീനാശനാഃ | പച്ചമീൻ ഭക്ഷിക്കുന്ന |
| കിരാതാഃ ഏവ | കിരാതന്മാരും |
| നരവ്യാഘ്രാഃ | നരവ്യാഘ്രന്മാർ |
| ഇതി ശ്രുതാഃ | എന്നുപറയപ്പെടുന്ന |
| ഘോരാഃ | ഭയങ്കരന്മാരായ |
| അന്തർജ്ജലചരാഃ അപി | ജലാന്തർവാസികളുമായ |
| ഏതേഷാം | ഇവരുടെ |
| ആലയാഃ | പാർപ്പിടങ്ങൾ |
| സർവ്വേ വിചേയാഃ. | എല്ലാം തിരയപ്പെടേണ്ടവയാണ്. |

ഗിരിഭിര്യേ ച ഗമ്യന്തേ പ്ലവനേന പ്ലവേന ച
രത്നവന്തം യവദ്വീപം സപ്തരാജ്യോപശോഭിതം 27
സുവർണ്ണകുഡ്യകം ചൈവ സുവർണ്ണാകരമണ്ഡിതം
യവദ്വീപമതിക്രമ്യ ശിശിരോ നാമ പർവ്വതഃ 28
ദിവം സ്പൃശതി ശൃംഗേണ ദേവദാനവസേവിതഃ
ഏതേഷാം ഗിരിദുർഗ്ഗേഷു പ്രസ്രുതേഷു വനേഷു ച
മാർഗ്ഗധ്വം സഹിതാഃ സർവ്വേ രാമപത്നീം യശസ്വിനീം 29

| | |
|---|---|
| “യവദ്വീപം അതിക്രമ്യ | “യവദ്വീപത്തെ കടന്ന് |
| ദേവദാനവസേവിതഃ | ദേവന്മാരും അസുരന്മാരും വസിച്ചുവരുന്ന |
| ശിശിരോ നാമ | ശിശിരമെന്ന |
| പർവ്വതഃ; | ഒരു പർവ്വതമുണ്ട്; |
| ദിവം | ആകാശത്തെ |
| ശൃംഗേണ | കൊടുമുടികൊണ്ട് |
| സ്പൃശതി; | സ്പർശിക്കുന്നു; |
| പ്ലവനേന | നീന്തിയും |
| പ്ലവേന ച | തോണികളെക്കൊണ്ടും |
| ഗിരിഭിഃ ച | പാറക്കൂട്ടങ്ങളിൽ ത |
| യേ ഗമ്യന്തേ | പ്രാപിക്കപ്പെട്ട [ണ്ടിയും ന്നവയാതൊരുവയോ |
| ഏതേഷാം | അപ്രകാരമുള്ള ഇവയു |
| ഗിരിദുർഗ്ഗേഷു | ഗിരിദുർഗ്ഗങ്ങളിലും [ടെ |
| പ്രസ്രുതേഷു | അനവധിയായുള്ള |
| വനേഷു ച | വനങ്ങളിലും |
| സർവ്വേ സഹിതാഃ | നിങ്ങളെല്ലാവരുമായ് ചേർന്ന് |
| യശസ്വിനീം | കീർത്തിമതിയായ |
| രാമപത്നീം | ശ്രീരാമപത്നിയെ |
| മാർഗ്ഗധ്വം; | തിരയുവിൻ; |
| സപ്തരാജ്യോപശോഭിതം | ഏഴു രാജ്യഖണ്ഡങ്ങളോടുകൂടിയതും |
| രത്നവന്തം | രത്നങ്ങൾ നിറഞ്ഞതു |
| യവദ്വീപം | യവദ്വീപത്തിലും [മായ |
| സുവർണ്ണാകരമണ്ഡിതം | സ്വർണ്ണഖനികളാൽ വിലസുന്ന |
| സുവർണ്ണകുഡ്യകം ഏവ ച. | സുവർണ്ണകുഡ്യകമെന്ന ദ്വീപിലും അന്വേഷിപ്പിൻ. |

തതോ രക്തജലം ശോണമഗാധം ശീഘ്രഗാമിനം
ഗത്വാ പാരം സമുദ്രസ്യ സിദ്ധചാരണസേവിതം 30
തസ്യ തീർത്ഥേഷു രമ്യേഷു വിചിത്രേഷു വനേഷു ച
രാവണഃ സഹ വൈദേഹ്യാ മാർഗ്ഗിതവ്യസ്തതസ്തതഃ. 31

| | |
|---|---|
| സിദ്ധചാരണസേവിതം | സിദ്ധന്മാരാലും ചാരണന്മാരാലും നിഷേവിക്കപ്പെട്ടതായ |
| സമുദ്രസ്യ | സമുദ്രത്തിന്റെ |
| പാരം, | മറുകരയേയും, |
| തതഃ | അവിടെ |
| അഗാധം | അധികം ആഴമുള്ളതും |
| ശീഘ്രഗാമിനം | പ്രവാഹമേറിയതുമായ |
| രക്തജലം | രക്തനിറമാർന്ന വെള്ളമുള്ളതുമായ |
| ശോണം | ശോണമെന്ന നദിയെ |
| ഗത്വാ | പ്രാപിച്ച് |
| തസ്യ | അതിന്റെ |
| രമ്യേഷു | രമണീയമായ |
| തീർത്ഥേഷു | തീർത്ഥഘട്ടങ്ങളിലും |
| വിചിത്രേഷു | വിചിത്രങ്ങളായ |
| വനേഷു ച | വനസ്ഥലികളിലും |
| തതഃ തതഃ | എല്ലാപ്രദേശങ്ങളിലും |
| വൈദേഹ്യാ സഹ | സീതാദേവിയോടുകൂടി |
| രാവണഃ | രാവണൻ |
| മാർഗ്ഗിതവ്യഃ. | തിരയപ്പെടേണ്ടവനാണ്. |

പർവ്വതപ്രഭവാ നദ്യഃ സുരമ്യാ ബഹുനിഷ്കുടാഃ
മാർഗ്ഗിതവ്യാ ദരീമന്തഃ പർവ്വതാശ്ച വനാനി ച. 32

| | | | |
|---|---|---|---|
| "പർവ്വതപ്രഭവാഃ | "പർവ്വതങ്ങളിൽ നിന്നു | പർവ്വതാഃ ച | പർവ്വതങ്ങളും |
| നദ്യഃ | നദികളും [ത്ഭവിച്ചു | മാർഗ്ഗിതവ്യാഃ; | തേടപ്പെടേണ്ടവയാണ്; |
| സുരമ്യാഃ | അതിമനോഹരങ്ങളായ | | |
| ബഹുനിഷ്കുടാഃ | പല ഉദ്യാനങ്ങളും, | വനാനി ച. | കാടുകളും തിരയപ്പെടേണ്ടവയാണ്. |
| ദരീമന്തഃ | ഗുഹകളാർന്ന | | |

തതഃ സമുദ്രദ്വീപാംശ്ച സുഭീമാൻ ദ്രഷ്ടുമർഹഥ. 33
ഊർമ്മിമന്തം സമുദ്രം ച ക്രോശന്തമനിലോദ്ധതം. 34

| | | | |
|---|---|---|---|
| "തതഃ | "അതിൽപിന്നെ | സുഭീമാൻ | അതിഘോരങ്ങളായ |
| അനിലോദ്ധതം | കാററിൽ ഇളകിമറി | സമുദ്ര-ദ്വീപാൻ ച | കടൽതുരുത്തുകളെയും |
| ക്രോശന്തം | ഇരമ്പുന്ന [ഞ്ഞു | | |
| ഊർമ്മിമന്തം | അലകളോടുകൂടിയ | ദ്രഷ്ടും അർഹഥ | തിരഞ്ഞുനോക്കേണ്ടതാണ്. |
| സമുദ്രം ച | സമുദ്രത്തെയും | | |

തത്രാസുരാ മഹാകായാശ്ഛായാം ഗൃഹ്ണന്തി നിത്യശഃ
ബ്രഹ്മണാ സമനുജ്ഞാതാ ദീർഘകാലം ബുഭുക്ഷിതാഃ. 35

| | | | |
|---|---|---|---|
| "തത്ര | "അവിടെ | ബ്രഹ്മണാ | ബ്രഹ്മാവിനാൽ |
| മഹാകായാഃ | ഭീമകായന്മാരായ | സമനുജ്ഞാതാഃ | അനുമതി നൽകപ്പെട്ടവരായി |
| അസുരാഃ, | അസുരന്മാർ, | നിത്യശഃ | എപ്പോഴും |
| ദീർഘകാലം | വളരെക്കാലം | ഛായാം | നിഴലിനെ പിടിച്ചു |
| ബുഭുക്ഷിതാഃ | പട്ടിണികിടന്നവരായി | ഗൃഹ്ണന്തി. | മിഴുങ്ങുന്നു. |

തം കാളമേഘപ്രതിമം മഹോരഗനിഷേവിതം
അഭിഗമ്യ മഹാനാദം തീർത്ഥേനൈവ മഹോദധിം 36
തതോ രക്തജലം ഭീമം ലോഹിതം നാമ സാഗരം
ഗതാ ദ്രക്ഷ്യഥ താം ചൈവ ബൃഹതീം കൂടശാല്മലീം 37

| | | | |
|---|---|---|---|
| "കാളമേഘപ്രതിമം | "കാളമേഘതുല്യവും | ഭീമം | ഭയങ്കരവുമായ |
| | | ലോഹിതം നാമ | ലോഹിതമെന്ന |
| മഹോരഗനിഷേവിതം | പെരുംപാമ്പുകളാൽ നിവസിക്കപ്പെട്ടതും | സാഗരം | സമുദ്രത്തെ |
| | | തീർത്ഥേന ഏവ | തക്ക ഉപായംകൊണ്ട് |
| മഹാനാദം | ഗംഭീരശബ്ദമാർന്നതുമായ | ഗതാഃ, | കടന്നവരായി, |
| തം മഹോദധിം | ആ സമുദ്രത്തെ | താം ബൃഹതീം | ആ വമ്പിച്ച |
| അഭിഗമ്യ | പ്രാപിച്ച് | കൂടശാല്മലീം ഏവ ച | പ്രധാനമായ ശാല്മലീവൃക്ഷത്തേയും |
| തതഃ | അതിൽനിന്ന് | | |
| രക്തജലം | ചെന്നീരാർന്നതും | ദ്രക്ഷ്യഥ. | നിങ്ങൾക്ക് കാണാം. |

ഗൃഹം ച വൈനതേയസ്യ നാനാരത്നോപശോഭിതം
തത്ര കൈലാസസങ്കാശം വിഹിതം വിശ്വകർമ്മണാ. 38

"തത്ര ച — "അവിടെതന്നെ
കൈലാസസങ്കാശം — കൈലാസപർവ്വതത്തിനു തുല്യമായതും
നാനാരത്നോപശോഭിതം — പലവിധരത്നങ്ങളാൽ മനോഹരമായി വിളങ്ങുന്നതുമായ
വൈനതേയസ്യ — ഗരുഡഭഗവാന്റെ
ഗൃഹം — മണിമാളിക
വിശ്വകർമ്മണാ — വിശ്വകർമ്മാവിനാൽ
വിഹിതം. — നിർമ്മിക്കപ്പെട്ടിരിക്കുന്നു.

തത്ര ശൈലനിഭാ ഭീമാ മന്ദേഹാ നാമ രാക്ഷസാഃ
ശൈലശൃംഗേഷു ലംബന്തേ നാനാരൂപാ ഭയാവഹാഃ. 39

"തത്ര — "അവിടെ
ശൈലനിഭാഃ — ഗിരിതുല്യന്മാരായി
ഭീമാഃ — ഭയങ്കരന്മാരായ
മന്ദേഹാഃ നാമ — മന്ദേഹരെന്ന
രാക്ഷസാഃ — രാക്ഷസന്മാർ
നാനാരൂപാഃ — പലരൂപങ്ങളാർന്ന്
ഭയാവഹാഃ — ഭയമുളവാക്കുന്നവരായി
ശൈലശൃംഗേഷു — ഗിരിശിഖരങ്ങളിൽ
ലംബന്തേ. — തൂങ്ങിക്കിടക്കുന്നുണ്ടു.

തേ പതന്തി ജലേ നിത്യം സൂര്യസ്യോദയനം പ്രതി
നിഹതാ ബ്രഹ്മതേജോഭിരഹന്യഹനി രാക്ഷസാഃ 40
അഭിതപ്താശ്ച സൂര്യേണ ലംബന്തേ സ്മ പുനഃ പുനഃ. 41

"തേ രാക്ഷസാഃ, — "ആ രാക്ഷസന്മാർ,
സൂര്യസ്യ — സൂര്യഭഗവാന്റെ
ഉദയനം പ്രതി — ഉദയത്തിൽ
അഹനി അഹനി — ദിവസംതോറും
ബ്രഹ്മതേജോഭിഃ — ഗായത്രിയുടെ ശക്തിയാൽ
നിഹതാഃ — തുരത്തപ്പെട്ടവരായും
സൂര്യേണ — ആദിത്യദേവനാൽ തന്നെ
അഭിതപ്താഃ ച — തപിപ്പിക്കപ്പെട്ടവരായും
നിത്യം — ദിവസംതോറും
ജലേ പതന്തി; — ജലത്തിൽ പതിക്കുന്നു;
പുനഃ പുനഃ — വീണ്ടും പൊന്തിവന്ന്,
ലംബന്തേ സ്മ. — തൂങ്ങിക്കൊണ്ടിരിക്കുന്നു.

തതഃ പാണ്ഡുരമേഘാഭം ക്ഷീരോദം നാമ സാഗരം
ഗതാ ദ്രക്ഷ്യഥ ദുർദ്ധർഷാ മുക്താഹാരമിവോർമ്മിഭിഃ. 42

"ദുർദ്ധർഷാഃ — "ഒന്നിനും കൂസലില്ലാത്തവരേ!
തതഃ ഗതാഃ — അവിടെനിന്നും ചെല്ലുന്നവരായി,
ഊർമ്മിഭിഃ — അലകളെക്കൊണ്ടു്
മുക്താഹാരം ഇവ — മുത്തുമാലയെന്നപോലെയിരിക്കുന്നതും
പാണ്ഡുരമേഘാഭം — വെളുത്ത മേഘത്തിനു തുല്യവുമായ
ക്ഷീരോദം നാമ സാഗരം — പാലാഴിയെ
ദ്രക്ഷ്യഥ. — കാണുന്നതാണു്.

തസ്യ മദ്ധ്യേ മഹാൻ ശ്വേത ഋഷഭോ നാമ പർവ്വതഃ
ദിവ്യഗന്ധൈഃ കുസുമിതൈ രാജതൈശ്ച നഗൈർവൃതഃ. 43

| | | | |
|---|---|---|---|
| "തസ്യ മദ്ധ്യേ | "അതിന്റെ നടുവിൽ | മഹാൻ | വമ്പിച്ച |
| ദിവ്യഗന്ധൈഃ | ദിവ്യഗന്ധങ്ങളാന്ന | ശ്വേതഃ | വെളുത്ത |
| കുസുമിതൈഃ | പുഷ്പങ്ങളുള്ളതും | ഋഷഭഃ നാമ | വൃഷഭമെന്ന |
| രാജതൈഃ നഗൈഃ വൃതഃ ച | വെള്ളി വൃക്ഷങ്ങളാൽ നിറയപ്പെട്ടതുമായ | പർവ്വതഃ. | പർവ്വതമുണ്ട്. |

സരശ്ച രാജതൈഃ പദ്മൈർജ്ജ്വലിതൈർഹേമകേസരൈഃ
നാമ്നാ സുദർശനം നാമ രാജഹംസൈഃ സമാകുലം. 44

| | | | |
|---|---|---|---|
| "ജ്വലിതൈഃ | "ഉജ്ജ്വലിക്കുന്ന | സമാകുലം | നിറയപ്പെട്ടതും |
| ഹേമകേസരൈഃ | പൊൻ കേസരങ്ങളോടുകൂടിയ | നാമ്നാ സുദർശനം നാമ | സുദർശനമെന്ന പേരിനാൽ അറിയപ്പെടുന്നതുമായ |
| രാജതൈഃ പദ്മൈഃ | വെള്ളിത്താമരകളാലും | | |
| രാജഹംസൈഃ | രാജഹംസങ്ങളാലും | സരഃ ച. | ഒരു പൊയ്കയുമുണ്ട്. |

വിബുധാശ്ചാരണാ യക്ഷാഃ കിന്നരാശ്ചാപ്സരോഗണാഃ
ഹൃഷ്ടാഃ സമഭിഗച്ഛന്തി നളിനീം താം രിരംസവഃ. 45

| | | | |
|---|---|---|---|
| "വിബുധാഃ | "ദേവന്മാരും | ഹൃഷ്ടാഃ, | സന്തോഷമാന്നവരായി, |
| ചാരണാഃ | ചാരണന്മാരും | | |
| യക്ഷാഃ | യക്ഷന്മാരും | രിരംസവഃ | ഉല്ലാസമായി കാലംകഴിക്കുന്നതിന്നാഗ്രഹിക്കുന്നവരായി |
| കിന്നരാഃ | കിന്നരന്മാരും | | |
| അപ്സരോഗണാഃ ച, | അപ്സരഗണങ്ങളും, | താം നളിനീം | ആ പൊയ്കക്ക് |
| | | സമഭിഗച്ഛന്തി. | വന്നുചേരുന്നു. |

ക്ഷീരോദം സമതിക്രമ്യ ഗതാ ദ്രക്ഷ്യഥ വാനരാഃ
ജലോദം സാഗരശ്രേഷ്ഠം സർവ്വഭൂതഭയാവഹം. 46

| | | | |
|---|---|---|---|
| "വാനരാഃ! | "വാനരന്മാരേ! | സാഗരശ്രേഷ്ഠം | സമുദ്രങ്ങളിൽവെച്ച് ശ്രേഷ്ഠവുമായ |
| ക്ഷീരോദം | ക്ഷീരോദമെന്ന സമുദ്രത്തെ | | |
| സമതിക്രമ്യ | കടന്ന് | ജലോദം | ശുദ്ധജലസമുദ്രത്തെ |
| ഗതാഃ, | അപ്പുറംചെന്നവരായി | | |
| സർവ്വഭൂതഭയാവഹം | പ്രാണികൾക്കെല്ലാം ഭയമുളവാക്കുമാറുള്ളതും | ദ്രക്ഷ്യഥ. | നിങ്ങൾ കാണുന്നതാണ്. |

തത്ര തത് കോപജം തേജഃ കൃതം ഹയമുഖം മഹത്
അസ്യാദ് ഭുതം മഹാവേഗമോദനം സചരാചരം. 47

| | | | |
|---|---|---|---|
| "തത്ര | "അവിടെ | കൃതം; | സ്ഥാപിക്കപ്പെട്ടിട്ടുണ്ട്; |
| തത് | പ്രസിദ്ധപ്പെട്ട | മഹാവേഗം | അതിവേഗത്തോടുകൂടി വരുന്ന |
| കോപജം | കോപത്താൽ ഉണ്ടായതും | | |
| അദ്ഭുതം | ആശ്ചര്യകരവും | സചരാചരം | ചരാചരങ്ങളടങ്ങിയ പലതും |
| മഹത് | ഉഗ്രവും | | |
| ഹയമുഖം | കുതിരമുഖത്തോടുകൂടിയതുമായ | അസ്യ | ഇതിന്ന് |
| തേജഃ | ബഡവാഗ്നി | ഓദനം. | ആഹാരമായിത്തീരുന്നു. |

തത്ര വിക്രോശതാം നാദോ ഭൂതാനാം സലിലൌകസാം
ശ്രൂയതേ ച സമത്ഥാനാം ദൃഷ്ട്വാ തദ്ബഡവാമുഖം. 48

| | | | |
|---|---|---|---|
| "തത്ര | "അവിടെ | സലിലൌകസാം | ജലചരങ്ങളായ |
| തത് ബഡവാമുഖം | ആ ബഡവാഗ്നിയെ | ഭൂതാനാം | പ്രാണികളുടെ |
| ദൃഷ്ട്വാ, | കണ്ടു്, | നാദഃ ച | ശബ്ദവും |
| സമത്ഥാനാം | വിരുതേറുന്നവയും | ശ്രൂയതേ. | കേൾക്കപ്പെടുന്നുണ്ടു്. |
| വിക്രോശതാം | അലറുന്നവയുമായ | | |

ജലദസ്യോത്തരേ തീരേ യോജനാനി ത്രയോദശ
ജാതരൂപശിലോ നാമ മഹാൻ കനകപൎവ്വതഃ. 49

| | | | |
|---|---|---|---|
| "ജലദസ്യ | "ശുദ്ധജലസമുദ്രത്തിന്റെ | മഹാൻ | വമ്പിച്ച |
| ഉത്തരേ തീരേ | വടക്കെ കരയിൽ | ജാതരൂപശിലഃ നാമ | ജാതരൂപശിലയെന്ന |
| ത്രയോദശ യോജനാനി | പതിമൂന്നുയോജന അപ്പുറത്തായി | കനകപൎവ്വതഃ. | കാഞ്ചനപൎവ്വതമുണ്ടു്. |

തത്ര ചന്ദ്രപ്രതീകാശം പന്നഗം ധരണീധരം
പദ്മപത്രവിശാലാക്ഷം തതോ ദ്രക്ഷ്യഥ വാനരാഃ 50
ആസീനം പൎവ്വതസ്യാഗ്രേ സൎവ്വദേവനമസ്കൃതം
സഹസ്രശിരസം ദേവമനന്തം നീലവാസസം. 51

| | | | |
|---|---|---|---|
| "വാനരാഃ! | വാനരന്മാരെ! | സൎവ്വദേവനമസ്കൃതം | ദേവന്മാരെല്ലാവരാലും വന്ദിക്കപ്പെടുന്നവനും |
| തത്ര | അവിടെ | സഹസ്രശിരസം | ആയിരം തലകളുള്ളവനും |
| പൎവ്വതസ്യ | പൎവ്വതത്തിന്റെ | നീലവാസസം | നീലവസ്ത്രം ധരിച്ചവനുമായ |
| അഗ്രേ ആസീനം | കൊടുമുടിയിൽ സ്ഥിതിചെയ്യുന്നവനും | അനന്തം | അനന്തനെന്ന |
| ചന്ദ്രപ്രതീകാശം | ചന്ദ്രതുല്യപ്രഭയാൎന്നവനും | പന്നഗം ദേവം | സൎപ്പരാജാവിനെ |
| ധരണീധരം | ഭൂമിയെ വഹിക്കുന്നവനും | തതഃ ദ്രക്ഷ്യഥ. | ആസമയം കാണാവുന്നതാണു്. |
| പദ്മപത്രവിശാലാക്ഷം | താമരയിതൾപോലെയുള്ള വിടൎന്ന കണ്ണുകളോടുകൂടിയവനും | | |

ത്രിശിരാഃ കാഞ്ചനഃ കേതുസ്താലസ്തസ്യ മഹാത്മനഃ
സ്ഥാപിതഃ പൎവ്വതസ്യാഗ്രേ വിരാജതി സവേദികഃ. 52

| | | | |
|---|---|---|---|
| "പൎവ്വതസ്യ | "പൎവ്വതത്തിന്റെ | താലഃ | ഒരു പനമരം |
| അഗ്രേ, | മുകളിലായി, | സ്ഥാപിതഃ | സ്ഥാപിക്കപ്പെട്ടതായി |
| ത്രിശിരാഃ | മൂന്നുതലകളുള്ളതും | മഹാത്മനഃ തസ്യ | ആ മഹാത്മാവിന്റെ |
| കാഞ്ചനഃ | സ്വൎണ്ണനിൎമ്മിതവും | കേതുഃ വിരാജതി. | കൊടിയായി ശോഭിക്കുന്നു. |
| സവേദികഃ | തറയോടുകൂടിയതുമായ | | |

പൂൎവ്വസ്യാം ദിശി നിൎമ്മാണം കൃതം തത് ത്രിദശേശ്വരൈഃ. 53

"തത് — "അതു്
ത്രിദശേശ്വരൈഃ — അമരവരന്മാരാൽ
പൂൎവ്വസ്യാം ദിശി — കിഴക്കുഭാഗത്തിലായി
നിൎമ്മാണം കൃതം. — സ്ഥാപിക്കപ്പെട്ടതാണു.

തതഃ പരം ഹേമമയഃ ശ്രീമാനുദയപൎവ്വതഃ
തസ്യ കോടിൎദ്ദിവം സ്പൃഷ്ട്വാ ശതയോജനമായതാ 54
ജാതരൂപമയീ ദിവ്യാ വിരാജതി സവേദികാ
സാലൈസ്താലൈസ്തമാലൈശ്ച കൎണ്ണികാരൈശ്ച പുഷ്പിതൈഃ 55
ജാതരൂപമയൈൎദ്ദിവ്യൈഃ ശോഭതേ സൂൎയ്യസന്നിഭൈഃ. 56

"തതഃ പരം — "അതിന്നപ്പുറത്തായി,
ഹേമമയഃ — പൊൻമയമായ
ശ്രീമാൻ — രമ്യമായ
ഉദയപൎവ്വതഃ; — ഉദയഗിരിയാകുന്നു;
സവേദികാ — തറയോടുകൂടിയ
തസ്യ കോടിഃ — അതിന്റെ കൊടുമുടി
ദിവം സ്പൃഷ്ട്വാ — ആകാശത്തെ സ്പൎശിച്ചു [കൊണ്ടു്
ദിവ്യാ — അഴകാൎന്നു്
ജാതരൂപമയീ — സ്വൎണ്ണമയമായി
ശതയോജനം — നൂറുയോജന
ആയതാ — വിസ്താരമാൎന്നതായി
വിരാജതി; — ശോഭിക്കുന്നു;
സൂൎയ്യസന്നിഭൈഃ — സൂൎയ്യസദൃശങ്ങളും
ദിവ്യൈഃ — അമാനുഷങ്ങളും
ജാതരൂപമയൈഃ — സുവൎണ്ണമയങ്ങളും
പുഷ്പിതൈഃ — നന്നായിപൂത്തുനില്ക്കുന്നവയുമായ
സാലൈഃ — സാലവൃക്ഷങ്ങളാലും
താലൈഃ — പനകളാലും
തമാലൈഃ ച — പച്ചിലമരങ്ങളാലും
കൎണ്ണികാരൈഃ ച — കൊന്നകളാലും
ശോഭതേ. — പരിശോഭിക്കുന്നു.

തത്ര യോജനവിസ്താരമുച്ഛ്രിതം ശതയോജനം
ശൃംഗം സൌമനസം നാമ ജാതരൂപമയം ധ്രുവം. 57

"തത്ര — "അതിൽ
യോജനവിസ്താരം — ഒരു യോജന വിസ്താരമുള്ളതും
ശതയോജനം — നൂറുയോജന
ഉച്ഛ്രിതം — ഉയരമുള്ളതും
ധ്രുവം — ശാശ്വതമായതും
ജാതരൂപമയം — സ്വൎണ്ണമയവുമായ
സൌമനസം നാമ — സൌമനസമെന്ന
ശൃംഗം. — കൊടുമുടിയുണ്ടു്.

തത്ര പൂൎവ്വം പദം കൃത്വാ പുരാ വിഷ്ണുസ്ത്രിവിക്രമേ
ദ്വിതീയം ശിഖരേ മേരോശ്ചകാര പുരുഷോത്തമഃ. 58

"പുരാ — "പൂൎവ്വകാലത്തിൽ
പുരുഷോത്തമഃ — പുരുഷോത്തമനായ
വിഷ്ണുഃ, — മഹാവിഷ്ണു,
ത്രിവിക്രമേ, — ത്രിവിക്രമാവതാരം ചെയ്തു് മൂന്നടിവെച്ചസമ[യം
പൂൎവ്വം പദം — ആദ്യത്തെ അടി
തത്ര കൃത്വാ, — അതിൽവെച്ചശേഷമാണു്,
ദ്വിതീയം — രണ്ടാമത്തേതിനെ
മേരോഃ ശിഖരേ — മേരുശിഖരത്തിൽ
ചകാര. — നിക്ഷേപിക്കയുണ്ടായതു്.

ഉത്തരേണ പരിക്രമ്യ ജംബൂദ്വീപം ദിവാകരഃ
ദൃശ്യോ ഭവതി ഭൂയിഷ്ഠം ശിഖരം തന്മഹോച്ഛ്രിതം. 59

| | |
|---|---|
| "ദിവാകരഃ | "ആദിത്യദേവൻ, |
| ജംബൂദ്വീപം ഉത്തരേണ | ജംബൂദ്വീപത്തെ വടക്കുഭാഗത്തുകൂടി |
| പരിക്രമ്യ | ചുററിയശേഷം |
| തത് | ആ |
| മഹോച്ഛ്രിതം | അത്യുന്നതമായ |
| ശിഖരം, | ശിഖരത്തെ സമീപിച്ച്, |
| ഭൂയിഷ്ഠം | പൂർവ്വാധികം |
| ദൃശ്യഃ ഭവതി. | ദൃശ്യനായി ഭവിക്കുന്നു. |

തത്ര വൈഖാനസാ നാമ വാലഖില്യാ മഹർഷയഃ
പ്രകാശമാനാ ദൃശ്യന്തേ സൂര്യവർണ്ണാസ്തപസ്വിനഃ. 60

| | |
|---|---|
| "തത്ര | "അവിടെ |
| വൈഖാനസാഃ നാമ | വൈഖാനസരെന്ന പേരുള്ളവരും |
| വാലഖില്യാഃ | വാലഖില്യരെന്നപേരുള്ളവരുമായ |
| മഹർഷയഃ, | മഹർഷിമാർ, |
| തപസ്വിനഃ | തപോവൃത്തിയാർന്നവരായി |
| സൂര്യവർണ്ണാഃ | സൂര്യപ്രഭയുള്ളവരായി |
| പ്രകാശമാനാഃ | തേജോമയന്മാരായി |
| ദൃശ്യന്തേ. | കാണപ്പെടുന്നു. |

അയം സുദർശനോ ദ്വീപഃ പുരോ യസ്യ പ്രകാശതേ
യസ്മിംസ്തേജശ്ച ചക്ഷുശ്ച സർവ്വപ്രാണഭൃതാമപി. 61

| | |
|---|---|
| "സർവ്വപ്രാണഭൃതാം അപി | "എല്ലാ പ്രാണികൾക്കും |
| യസ്മിൻ | യാതൊന്നിൽ |
| തേജഃ ച | വെളിച്ചവും [വോ, |
| ചക്ഷുഃ ച, | കാഴ്ചയും ഉണ്ടാകുന്നു— |
| യസ്യ പുരഃ | യാതൊരു ഉദയഗിരിയ്ക്കു മുമ്പിലായി |
| സുദർശനഃ | സുദർശനമെന്ന |
| അയം ദ്വീപഃ | ഈ ദ്വീപു |
| പ്രകാശതേ. | പ്രശോഭിക്കുന്നു. |

തസ്യ ശൈലസ്യ കുഞ്ജേഷു കന്ദരേഷു വനേഷു ച
രാവണഃ സഹ വൈദേഹ്യാ മാർഗ്ഗിതവ്യസ്തതസ്തതഃ. 62

| | |
|---|---|
| "തസ്യ | "ആ |
| ശൈലസ്യ | പർവ്വതത്തിലുള്ള |
| കുഞ്ജേഷു | വള്ളിക്കുടിലുകളിലും |
| കന്ദരേഷു | ഗുഹകളിലും |
| വനേഷു ച | വനങ്ങളിലും |
| തതഃ തതഃ | എല്ലാ ഭാഗങ്ങളിലും |
| വൈദേഹ്യാ സഹ | സീതാദേവിയോടുകൂടി |
| രാവണഃ | രാവണൻ |
| മാർഗ്ഗിതവ്യഃ. | അന്വേഷിക്കപ്പെടേണ്ടവനാണ്. |

കാഞ്ചനസ്യ ച ശൈലസ്യ സൂര്യസ്യ ച മഹാത്മനഃ
ആവിഷ്ടാ തേജസാ സന്ധ്യാ പൂർവ്വാ രക്താ പ്രകാശതേ. 63

| | |
|---|---|
| "പൂർവ്വാ സന്ധ്യാ | "പ്രഭാത സന്ധ്യാകാലം, |
| കാഞ്ചനസ്യ ശൈലസ്യ ച | സുവർണ്ണ ശൈലത്തിന്റെയും |
| മഹാത്മനഃ | മഹാത്മാവായ |
| സൂര്യസ്യ ച | സൂര്യദേവന്റെയും |
| തേജസാ ആവിഷ്ടാ | കാന്തിയേററതായി |
| രക്താ | രക്തവർണ്ണമാർന്നതായി |
| പ്രകാശതേ. | വിളങ്ങുന്നു. |

പൂർവ്വമേതത് കൃതം ദ്വാരം പൃഥിവ്യാ ഭുവനസ്യ ച
സൂര്യസ്യോദയനം ചൈവ പൂർവ്വാ ഹ്യേഷാ ദിഗുച്യതേ. 64

| | |
|---|---|
| "ഏതത് | "ഇത് |
| പൃഥിവ്യാഃ | ഭൂമിക്കും |
| ഭുവനസ്യ ച | ജഗത്തിനും |
| പൂർവ്വം ദ്വാരം കൃതം; | ഒന്നാമത്തെ വാതിലായി (ബ്രഹ്മാവിനാൽ) നിർമ്മിക്കപ്പെട്ടതാകുന്നു; |
| സൂര്യസ്യ ഏവ ഉദയനം ച; | സൂര്യഭഗവാന്റെ ഗതി ആരംഭിക്കുന്ന ഉദയസ്ഥാനമായും ഏർപ്പെട്ടുത്തപ്പെട്ടതാകുന്നു; |
| ഹി, | അതിനാൽ, |
| ഏഷാ പൂർവ്വാ ദിക് | ഇത് പൂർവ്വദിക്ക് (ഒന്നാമത്തെ ദിക്ക്) |
| ഉച്യതേ. | എന്നു പറയപ്പെടുന്നു. |

തസ്യ ശൈലസ്യ പൃഷ്ഠേഷു നിർഝരേഷു ഗുഹാസു ച
രാവണഃ സഹ വൈദേഹ്യാ മാർഗ്ഗിതവ്യസ്തതസ്തതഃ. 65

| | |
|---|---|
| "തസ്യ ശൈലസ്യ | "ആ പർവ്വതത്തിന്റെ |
| പൃഷ്ഠേഷു | അടിവാരങ്ങളിലും |
| നിർഝരേഷു | ചോലകളിലും |
| ഗുഹാസു ച | ഗുഹകളിലും |
| തതഃ തതഃ | എങ്ങും |
| വൈദേഹ്യാ സഹ | വിദേഹാത്മജയോടുകൂടി |
| രാവണഃ | രാവണൻ |
| മാർഗ്ഗിതവ്യഃ. | തേടപ്പെടേണ്ടവനാണ്. |

തതഃപരമഗമ്യാ സ്യാദ്ദിക് പൂർവ്വാ ത്രിദശാവൃതാ
രഹിതാ ചന്ദ്രസൂര്യാഭ്യാമദൃശ്യാ തിമിരാവൃതാ. 66

| | |
|---|---|
| "തതഃപരം | "അതിന്നപ്പുറം |
| പൂർവ്വാ ദിക് | കിഴക്കേദിക്ക് |
| അഗമ്യാ സ്യാത് | പ്രവേശിക്കുവാൻ കഴിയാത്തതായി |
| ത്രിദശാവൃതാ | ദേവന്മാരാൽ നിവസിക്കപ്പെട്ടതായി |
| അദൃശ്യാ | മനുഷ്യർക്ക് കാണ്മാൻ കഴിയാത്തതും, |
| ചന്ദ്ര–സൂര്യാഭ്യാം രഹിതാ | ചന്ദ്രസൂര്യന്മാരില്ലാത്തതായി |
| തിമരാവൃതാ. | ഇരുട്ടടഞ്ഞതുമാകുന്നു. |

ശൈലേഷു തേഷു സർവ്വേഷു കന്ദരേഷു വനേഷു ച
യേ ച നോക്താ മയാ ദേശാ വിചേയാ തേഷു ജാനകീ. 67

| | |
|---|---|
| "തേഷു ശൈലേഷു | "ആ മലകളിലും |
| കന്ദരേഷു | ഗുഹകളിലും |
| വനേഷു ച | വനങ്ങളിലും |
| മയാ | എന്നാൽ |
| നോക്താഃ | പറയപ്പെടാത്തവയായ |
| ദേശാഃ | പ്രദേശങ്ങൾ |
| യേ | യാതൊരുവയോ |
| തേഷു സർവ്വേഷു ച | അവ എല്ലാററിലും |
| ജാനകീ | ജാനകീദേവി |
| വിചേയാ. | അന്വേഷിക്കപ്പെടേണ്ടവളാണ്. |

ഏതാവദ്വാനരൈഃ ശക്യം ഗന്തും വാനരപുംഗവാഃ
അഭാസ്കരമമര്യാദം ന ജാനീമസ്തതഃ പരം. 68

| | |
|---|---|
| "വാനരപുംഗവാഃ! | "വാനരോത്തമരേ! |
| വാനരൈഃ | വാനരന്മാരാൽ |
| ഗന്തും ശക്യം | പോവാൻകഴിയുന്നത് |
| ഏതാവത്, | ഇതുവരെ മാത്രമാണ്, |
| അമൎയ്യാദം | അതിൎത്തിയില്ലാത്തതായി |
| തതഃ പരം | അതിന്നപ്പുറത്തിലായി |
| അഭാസ്കരം | ആദിത്യനില്ലാത്ത പ്രദേശം, |
| ജാനീമഃ ന. | നമുക്കറിവുള്ളതല്ല. |

അധിഗമ്യ തു വൈദേഹീം നിലയം രാവണസ്യ ച
മാസേ പൂൎണ്ണേ നിവൎത്തദ്ധ്വമുദയം പ്രാപ്യ പൎവ്വതം. 69

| | |
|---|---|
| "ഉദയം പൎവ്വതം പ്രാപ്യ, | "ഉദയഗിരിവരെ ചെന്ന് |
| രാവണസ്യ | രാവണന്റെ |
| നിലയം ച | ഇരുപ്പിടത്തേയും |
| വൈദേഹീം തു | വൈദേഹിയെപ്പററിയും |
| അധിഗമ്യ | മനസ്സിലാക്കി |
| മാസേ പൂൎണ്ണേ | ഒരുമാസം കഴിയുന്നതിന്നുമുമ്പ് |
| നിവൎത്തദ്ധ്വം. | നിങ്ങൾ തിരിച്ചുവരേണ്ടതാണ്. |

ഊൎദ്ധ്വം മാസാന്ന വസ്തവ്യം വസൻ വദ്ധ്യോ ഭവേന്മമ
സിദ്ധാൎത്ഥാഃ സന്നിവൎത്തദ്ധ്വമധിഗമ്യ ച മൈഥിലീം. 70

| | |
|---|---|
| "ഊൎദ്ധ്വം മാസാത് | "ഒരു മാസത്തിലധികം |
| വസ്തവ്യം ന; | താമസിക്കാവുന്നതല്ല; |
| വസൻ | അങ്ങിനെ താമസിക്കുന്നവൻ |
| മമ വദ്ധ്യഃ ഭവേത് | എന്റെ മരണശിക്ഷയ്ക്കു പാത്രമായിത്തീരുന്നതാണ്; |
| മൈഥിലീം ച | മിഥിലാത്മജയെപ്പററി |
| അധിഗമ്യ | വിവരങ്ങളറിഞ്ഞ് |
| സിദ്ധാൎത്ഥാഃ | കാൎയ്യം സാധിച്ചവരായി |
| സന്നിവൎത്തദ്ധ്വം. | നിങ്ങൾ തിരിച്ചുവരുവിൻ. |

മഹേന്ദ്രകാന്താം വനഷണ്ഡമണ്ഡിതാം
ദിശം ചരിത്വാ നിപുണേന വാനരാഃ
അവാപ്യ സീതാം രഘുവംശജപ്രിയാം
തതോ നിവൃത്താഃ സുഖിനോ ഭവിഷ്യഥ. 71

| | |
|---|---|
| "വാനരാഃ | "വാനരന്മാരെ! |
| മഹേന്ദ്രകാന്താം | ഇന്ദ്രന്ന് പ്രിയപ്പെട്ടതും |
| വനഷണ്ഡമണ്ഡിതാം | വനസമൂഹങ്ങൾ നിറഞ്ഞതുമായ |
| ദിശം ചരിത്വാ, | ദിക്കിൽ അന്വേഷിച്ച്, |
| തതഃ | അവിടെ |
| രഘുവംശജപ്രിയാം | രഘുവംശജപ്രിയയായ |
| സീതാം | സീതാദേവിയെ |
| നിപുണേന | വെടുപ്പായി തിരഞ്ഞ് |
| അവാപ്യ, | കണ്ടെത്തിയശേഷം |
| നിവൃത്താഃ | മടങ്ങിവന്നവരായി |
| സുഖിനഃ | മനഃസന്തുഷ്ടിപ്രാപിച്ചവരായി |
| ഭവിഷ്യഥ." | ഭവിക്കുവിൻ." |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ ചത്വാരിംശഃ സൎഗ്ഗഃ = നാല്പതാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 10991; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1739.

# ഏകചത്വാരിംശഃ സർഗ്ഗഃ = നാല്പത്തൊന്നാംസർഗ്ഗം.

[ദക്ഷിണസ്യാം ഹനുമത് പ്രേഷണം = തെക്കുദിക്കിലേക്ക് ഹനുമാനെ പറഞ്ഞയക്കുന്നത്.]

തതഃ പ്രസ്ഥാപ്യ സുഗ്രീവസ്തന്മഹദ്വാനരം ബലം
ദക്ഷിണാം പ്രേഷയാമാസ വാനരാനഭിലക്ഷിതാൻ. 1

| | |
|---|---|
| സുഗ്രീവഃ | സുഗ്രീവൻ |
| തത് | ആ |
| മഹത് | വമ്പിച്ച |
| വാനരം ബലം | വാനരസേനയെ |
| പ്രസ്ഥാപ്യ തതഃ, | അയച്ചശേഷം |
| അഭിലക്ഷിതാൻ | തിരഞ്ഞെടുക്കപ്പെട്ടവരായ (സ്വന്തം സാമർത്ഥ്യത്തെ പ്രത്യക്ഷീകരിച്ചവരായ) |
| വാനരാൻ | വാനരന്മാരെ |
| ദക്ഷിണാം | ദക്ഷിണദേശത്തിലേ[ക്കായി] |
| പ്രേഷയാമാസ. | നിയോഗിച്ചു. |

നീലമഗ്നിസുതം ചൈവ ഹനുമന്തം ച വാനരം
പിതാമഹസുതം ചൈവ ജാംബവന്തം മഹാബലം 2
സുഹോത്രം ച ശരാരിം ച ശരഗുല്മം തഥൈവ ച
ഗജം ഗവാക്ഷം ഗവയം സുഷേണമൃഷഭം തഥാ 3
മൈന്ദം ച ദ്വിവിദം ചൈവ ശരഭം ഗന്ധമാദനം
ഉല്കാമുഖമസംഗം ച ഹുതാശനസുതാവുഭൌ 4
അംഗദപ്രമുഖാൻ വീരാൻ വീരഃ കപിഗണേശ്വരഃ
വേഗവിക്രമസമ്പന്നാൻ സന്ദിദേശ വിശേഷവിത്. 5

| | |
|---|---|
| വിശേഷവിത് | എല്ലാസ്ഥലങ്ങളിലും പരിചയമുള്ള |
| വീരഃ | വീരനായ |
| കപിഗണേശ്വരഃ | കപികുലനാഥൻ |
| വേഗവിക്രമസമ്പന്നാൻ | വേഗതയും പൌരുഷവുമുള്ള |
| വീരാൻ | വീരന്മാരും |
| അംഗദപ്രമുഖാൻ | അംഗദനെ തലവനാക്കിയവരുമായ |
| അഗ്നിസുതം | അഗ്നിസുതനായ |
| നീലം ച ഏവ | നീലനേയും |
| വാനരം | വാനരനായ |
| ഹനുമന്തം ച, | ഹനുമാനേയും, |
| പിതാമഹസുതം | ബ്രഹ്മപുത്രനായ |
| മഹാബലം | അതിബലവാനായ |
| ജാംബവന്തം ച, | ജാംബവാനേയും, |
| സുഹോത്രം | സുഹോത്രനേയും |
| ശരാരിം ച | ശരാരിയേയും |
| ശരഗുല്മം തഥാ | ശരഗുല്മനേയും |
| ഗജം ഏവ | ഗജനേയും |
| ഗവാക്ഷം ച | ഗവാക്ഷനേയും |
| ഗവയം | ഗവയനേയും |
| സുഷേണം | സുഷേണനേയും |
| ഋഷഭം തഥാ | ഋഷഭനേയും |
| മൈന്ദം ച | മൈന്ദനേയും, |
| ദ്വിവിദം ച | ദ്വിവിദനേയും |
| ശരഭം ഏവ | ശരഭനേയും |
| ഗന്ധമാദനം | ഗന്ധമാദനനേയും |
| ഉഭൌ | രണ്ടു |
| ഹുതാശനസുതൌ | അഗ്നിപുത്രന്മാരായ |
| ഉല്കാമുഖം | ഉല്കാമുഖനേയും |
| അസംഗം ച | അസംഗനേയും |
| സന്ദിദേശ. | ഇപ്രകാരം ആജ്ഞാപിച്ചു. |

തേഷാമഗ്രേസരം ചൈവ മഹാബലമഥാംഗദം
വിധായ ഹരിവീരാണാമാദിശദ്ദക്ഷിണാം ദിശം. 6

| | |
|---|---|
| അഥ | അനന്തരം |
| തേഷാം | ആ |
| ഹരിവീരാണാം | വാനരവീരന്മാക്ക് |
| മഹാബലം | അതിബലവാനായ |
| അംഗദം ഏവ | അംഗദനെത്തന്നെ |
| അഗ്രേസരം | തലവനായി |
| വിധായ ച, | നിയമിച്ച്, |
| ദക്ഷിണാം ദിശം | ദക്ഷിണഭാഗത്തിലേക്ക് പോകുവനായി |
| ആദിശത്. | ആജ്ഞാപിച്ചു. |

യേ കേചന സമുദ്ദേശാസ്തസ്യാം ദിശി സുദുർഗ്ഗമാഃ
കപീശഃ കപിമുഖ്യാനാം സ തേഷാം താനുദാഹരത്. 7

| | |
|---|---|
| കപീശഃ സഃ | കപീശ്വരനായ അവൻ |
| കപിമുഖ്യാനാം | കപിശ്രേഷ്ഠരായ |
| തേഷാം | അവക്ക് |
| തസ്യാം ദിശി | ആ ദിക്കിൽ |
| അഥ | അതിൽ പിന്നെ |
| യേ കേചന | ഏതൊരു ചില |
| സമുദ്ദേശാഃ | പ്രദേശങ്ങൾ |
| സുദുർഗ്ഗമാഃ | ദുഷ്പ്രവേശ്യങ്ങളായുണ്ടോ, |
| താൻ ഉദാഹരത്. | അവയെ പിൻവരുമാറു വിവരിച്ചു. |

സഹസ്രശിരസം വിന്ധ്യം നാനാദ്രുമലതായുതം
നർമ്മദാം ച നദീം ദുർഗ്ഗാം മഹോരഗനിഷേവിതാം. 8
തതോ ഭോഗവതീം രമ്യാം കൃഷ്ണവേണീം മഹാനദീം
വരദാം ച മഹാഭാഗാം മഹോരഗനിഷേവിതാം. 9
മേഖലാമുത്കലാം ചൈവ ദശാർണ്ണനഗരാണ്യപി
അശ്വവന്തീമവന്തീം ച സർവ്വമേവാനുപശ്യത. 10

| | |
|---|---|
| "നാനാദ്രുമലതായുതാം | "പലവിധ വൃക്ഷങ്ങളും ലതകളും നിറഞ്ഞതും |
| സഹസ്രശിരസം | അനേകശിഖരങ്ങളുള്ളതുമായ |
| വിന്ധ്യം | വിന്ധ്യനേയും |
| മഹോരഗനിഷേവിതാം | പെരും പാമ്പുകളാൽ നിവസിക്കപ്പെട്ടതും |
| ദുർഗ്ഗാം | കടക്കുവാൻ വിഷമമുള്ളതുമായ |
| നർമ്മദാം നദീം ച | നർമ്മദാനദിയേയും |
| തതഃ രമ്യാം | അനന്തരം രമണീയമായ |
| ഭോഗവതീം | ഭോഗവതിയേയും |
| മഹാനദീം | മഹാനദിയേയും |
| കൃഷ്ണവേണീം | കൃഷ്ണവേണിയേയും |
| മഹോരഗനിഷേവിതാം | പെരും പാമ്പുകൾ നിറഞ്ഞതും |
| മഹാഭാഗാം | അതി പാവനമായതുമായ |
| വരദാം ച, | വരദയേയും, |
| മേഖലാം ച | മേഖലയെന്ന നഗരത്തേയും |
| ഉത്കലാം ഏവ | ഉല്ക്കലയെന്ന നഗരത്തേയും |
| ദശാർണ്ണനഗരാണി അപി | ദശാർണ്ണമെന്ന നഗരങ്ങളേയും |
| അശ്വവന്തീം | അശ്വവന്തിയെന്ന നഗരത്തേയും |
| അവന്തീം ച | അവന്തിയേയും |
| സർവ്വം ഏവ | ഇവയെല്ലാററിനേയും |
| അനുപശ്യത. | ശ്രദ്ധയോടെ തിരയുവിൻ. |

[ "മഹാനദി" ഇപ്പോഴത്തെ മഹാനദിതന്നെ; 'കൃഷ്ണാ' നദിക്ക് 'കൃഷ്ണവേണി' എന്നു സാധാരണയായി പുരാതനമായ പേരാകുന്നു; "വരദാ" (Wardha) നദിയും പേയിൻഗംഗയും കൂടിച്ചേൎന്ന് ഗോദാവരിയിൽ ചെന്നു ചേരുന്നു; "മേഖലാ" എന്നു പറയുന്ന രാജ്യം "Maikala Ranges" എന്ന് വിന്ധ്യയ്ക്കു തെക്കായി മദ്ധ്യസംസ്ഥാനങ്ങളിലുള്ള പൎവ്വതനിരകൾ കിടക്കുന്ന രാജ്യമാകുന്നു; "ഉത്കലം" (Utkal) ഇപ്പോഴത്തെ 'ഒറീസ്സാ' ആകുന്നു; സരയൂനദിക്കു തെക്കായി വിന്ധ്യനിരവരെയുള്ള ദക്ഷിണ കോസല രാജ്യത്തിൽ പെട്ടതാകുന്നു "ദശാൎണ്ണദേശം"; അതിന്നു തെക്കുപടിഞ്ഞാറായി "Central India" എന്നു ഇപ്പോൾ പറഞ്ഞുവരുന്നതും ഉജ്ജയിൻ പട്ടണം തലസ്ഥാനമായ രാജ്യവുമാകുന്നു "അവന്തിരാജ്യം."]

വിദർഭാനൃഷികാംശ്ചൈവ രമ്യാൻ മാഹിഷകാനപി
തഥാ വംഗകലിംഗാംശ്ച കൌശികാംശ്ച സമന്തതഃ 11
അന്വീക്ഷ്യ ദണ്ഡകാരണ്യം സപൎവ്വതനദീഗുഹം
നദീം ഗോദാവരീം ചൈവ സൎവ്വമേവാനുപശ്യത.
തഥൈവാന്ധ്രാംശ്ച പുണ്ഡ്റാംശ്ച
ചോളാൻ പാണ്ഡ്യാൻ സകേരളാൻ. 12

| | |
|---|---|
| "തഥാ | "അതുപോലെ തന്നെ |
| വിദർഭാൻ ച | വിദർഭരാജ്യങ്ങളേയും |
| ഋഷികാൻ ഏവ | ഋഷികരാജ്യങ്ങളേയും |
| രമ്യാൻ | രമ്യങ്ങളായ |
| മാഹിഷകാൻ അപി | മാഹിഷകദേശങ്ങളേയും |
| വംഗ-കലിംഗാൻ ച | വംഗരാജ്യങ്ങളേയും കലിംഗങ്ങളേയും |
| കൌശികാൻ ച | കൌശികരാജ്യങ്ങളേയും |
| സമന്തതഃ | എങ്ങും |
| അന്വീക്ഷ്യ | അന്വേഷിച്ച്, |
| സപൎവ്വത-നദീഗുഹം | മലകൾ, നദികൾ, ഗുഹകൾ ഇവയോടുകൂടിയ |

| | |
|---|---|
| ദണ്ഡ-കാരണ്യം ച | ദണ്ഡകാരണ്യത്തേയും |
| തഥാ | അതുപോലെതന്നെ |
| ഗോദാവരീം നദീം ഏവ | ഗോദാവരീനദിയേയും |
| ആന്ധ്രാൻ ച | ആന്ധ്രദേശങ്ങളേയും |
| പുണ്ഡ്റാൻ | പുണ്ഡ്റങ്ങളേയും |
| ചോളാൻ | ചോളദേശങ്ങളേയും |
| സകേരളാൻ | കേരളമടക്കം |
| പാണ്ഡ്യാൻ ച | പാണ്ഡ്യരാജ്യങ്ങളേയും |
| സൎവ്വം ഏവ | എല്ലാററിനേയും |
| അനുപശ്യത. | ഒന്നൊഴിയാതെ തിരഞ്ഞുനോക്കുവിൻ. |

["വിദർഭദേശം" ബീറാർ ആകുന്നു; "ഋഷികം" (ഗഞ്ചാംജില്ലയിൽ പെട്ടതാകുന്നു; "മാഹിഷകം" മൈസൂരാകുന്നു; "കലിംഗം" ഒറീസ്സാവിലുള്ള വൈതരണീനദിക്കു തെക്കായും, കൃഷ്ണാനദിക്ക് വടക്കായും, ഉള്ള പ്രദേശമാകുന്നു. അത് ഉത്കലദേശത്തിന്നു തെക്കാകുന്നു; ഗംഗ, ബ്രഹ്മപുത്ര എന്ന നദികൾ സമുദ്രത്തിൽ ചേരുന്ന പ്രദേശങ്ങളാകുന്നു വംഗദേശം; അതിന്നു തൊട്ടുവടക്കുള്ള രാജ്യം അംഗദേശമാകുന്നു); "കൌശികദേശങ്ങൾ" ഹൈദരാബാദിൽ 'Kosgi' എന്ന പട്ടണമുള്ള പ്രദേശങ്ങളായിരിക്കാം; "പുണ്ഡ്റദേശങ്ങൾ" എന്നു പറയുന്നത്, അതിന്നു തെക്കുപടിഞ്ഞാറായി Pandharpur നഗരമുള്ള കൎണ്ണാടകദേശങ്ങളാകുന്നു. ആന്ധ്രം, ചോളം, കേരളം, പാണ്ഡ്യം എന്നവ സ്പഷ്ടം.]

അയോമുഖശ്ച ഗന്തവ്യഃ പർവ്വതോ ധാതുമണ്ഡിതഃ
വിചിത്രശിഖരഃ ശ്രീമാൻ ചിത്രപുഷ്പിതപാദപഃ. 13

"ധാതുമണ്ഡിതഃ — "ധാതുക്കൾ നിറഞ്ഞതും
വിചിത്രശിഖരഃ — മനോഹരങ്ങളായ ശിഖരങ്ങളുള്ളതും
ശ്രീമാൻ — പാവനമായതും
ചിത്രപുഷ്പിതപാദപഃ — അഴകിൽ പൂത്തുനില്ക്കുന്ന വൃക്ഷങ്ങളോടുകൂടിയതുമായ
അയോമുഖഃ പർവ്വതഃ ച — അയോമുഖമെന്ന മലയപർവ്വതവും
ഗന്തവ്യഃ. — പോകപ്പെടേണ്ടതാകുന്നു.

[അയോമുഖമെന്നത് സഹ്യാദ്രിയാകുന്നുവെന്ന് ഗോ-രാ].

സ ചന്ദനവനോദ്ദേശോ മാർഗ്ഗിതവ്യോ മഹാഗിരിഃ. 14

"ചന്ദനവനോദ്ദേശഃ — "ചന്ദനവൃക്ഷങ്ങൾ നിറഞ്ഞതും
മഹാഗിരിഃ സഃ — വന്മലയുമായ അതു
മാർഗ്ഗിതവ്യഃ. — അന്വേഷിക്കപ്പെടേണ്ടതാകുന്നു.

തതസ്താമാപഗാം ദിവ്യാം പ്രസന്നസലിലാം ശിവാം
തത്ര ദ്രക്ഷ്യഥ കാവേരീം വിഹിതാമപ്സരോഗണൈഃ 15

"തതഃ — "അതിൽപിന്നെ
ദിവ്യാം — ഭംഗിയുള്ളതും
പ്രസന്നസലിലാം — തെളിഞ്ഞ ജലമാർന്നതും
ശിവാം — പരിപാവനവും
അപ്സരോഗണൈഃ — അപ്സരസ്ത്രീഗണങ്ങളാൽ
വിഹിതാം — മാനിക്കപ്പെട്ടതുമായ
താം കാവേരീം ആപഗാം — ആ കാവേരീനദിയെ
തത്ര — അവിടെ
ദ്രക്ഷ്യഥ. — കാണാവുന്നതാണ്.

തസ്യാസീനം നഗസ്യാഗ്രേ മലയസ്യ മഹൌജസം
ദ്രക്ഷ്യഥാദിത്യസങ്കാശമഗസ്ത്യമൃഷിസത്തമം. 16

"തസ്യ — "ആ
മലയസ്യ നഗസ്യ — മലയപർവ്വതത്തിൻെറ
അഗ്രേ, — ശിഖരത്തിൽ,
ആസീനം — ഇരുന്നരുളുന്നവനും
ആദിത്യസങ്കാശം — ആദിത്യനുസദൃശനും
മഹൌജസം — അതിതേജസ്വിയുമായ
അഗസ്ത്യം ഋഷിസത്തമം — അഗസ്ത്യമുനീന്ദ്രനേയും
ദ്രക്ഷ്യഥ. — കാണാം.

തതസ്തേനാഭ്യനുജ്ഞാതാഃ പ്രസന്നേന മഹാത്മനാ
താമ്രപർണ്ണീം മഹാഗ്രാഹാം തരിഷ്യഥ മഹാനദീം. 17

"തതഃ — "അവിടെ
പ്രസന്നേന — പ്രസന്നനായ
തേന മഹാത്മനാ — ആ മഹാത്മാവിനാൽ
അഭ്യനുജ്ഞാതാഃ, — അനുമതി നൽകപ്പെട്ടവരായി,
മഹാഗ്രാഹാം — വലിയ മുതലകൾ നിറഞ്ഞ
മഹാനദീം — മഹാനദിയായ
താമ്രപർണ്ണീം — താമ്രപർണ്ണിയെ
തരിഷ്യഥ. — കടക്കുവിൻ.

സാ ചന്ദനവനൈർദ്ദിവ്യൈഃ പ്രച്ഛന്നാ ദ്വീപശാലിനീ
കാന്തേവ യുവതീ കാന്തം സമുദ്രമവഗാഹതേ. 18

| | | | |
|---|---|---|---|
| "ദ്വീപശാലിനീ | "മണൽത്തിട്ടകൾ നിറഞ്ഞതും | യുവതീ | ഉത്തമയായ |
| ദിവ്യൈഃ | മനോഹരങ്ങളായ | കാന്താ | തരുണി |
| ചന്ദനവനൈഃ | ചന്ദനവനങ്ങളാൽ | കാന്തം | പ്രിയതമനെ |
| പ്രച്ഛന്നാ | മറയ്ക്കപ്പെട്ടതുമായ | ഇവ | എന്നപോലെ |
| സാ, | അതു്, | സമുദ്രം | സമുദ്രത്തെ |
| | | അവഗാഹതേ. | പ്രാപിക്കുന്നു. |

[ദ്വീപുകൾ അവയവങ്ങൾക്കും ചന്ദനവനം വസ്ത്രത്തിന്നും സാദൃശ്യം.]

തതോ ഹേമമയം ദിവ്യം മുക്താമണിനിഷേവിതം
യുക്തം കവാടം പാണ്ഡ്യാനാം ഗതാ ദ്രക്ഷ്യഥ വാനരാഃ. 19

| | | | |
|---|---|---|---|
| "വാനരാഃ! | "വാനരന്മാരെ! | മുക്താമണി-നിഷേവിതം | മുത്തുകളും രത്നങ്ങളും ധാരാളമുള്ളതുമായ |
| തതഃ ഗതാഃ | അവിടെനിന്നുപോയി | പാണ്ഡ്യാനാം | പാണ്ഡ്യരാജ്യങ്ങളുടെ |
| ഹേമമയം | സ്വർണ്ണമയവും | കവാടം | ദ്വാരത്തെ |
| ദിവ്യം | രമ്യവും | ദ്രക്ഷ്യഥ. | നോക്കുവിൻ. |
| യുക്തം | അനുയോജിച്ചതും | | |

[ഇവിടെ ദ്വാരം എന്നു പറഞ്ഞതുകൊണ്ടു് പാണ്ഡ്യ രാജ്യങ്ങൾക്കു തലസ്ഥാനമായി വടക്കെ അററത്തിലുള്ള നഗരം വിവക്ഷിക്കപ്പെടുന്നു.]

തതഃ സമുദ്രമാസാദ്യ സംപ്രധാര്യ്യാർത്ഥനിശ്ചയം
അഗസ്ത്യേനാന്തരേ തത്ര സാഗരേ വിനിവേശിതഃ 20
ചിത്രനാനാനഗഃ ശ്രീമാൻ മഹേന്ദ്രഃ പർവ്വതോത്തമഃ
ജാതരൂപമയഃ ശ്രീമാനവഗാഢോ മഹാർണ്ണവം. 21

| | | | |
|---|---|---|---|
| "തതഃ | "അവിടെനിന്നും | ചിത്രനാനാനഗഃ | രമ്യങ്ങളായ പല വൃക്ഷങ്ങളുള്ളതും |
| സമുദ്രം | സമുദ്രത്തെ | ശ്രീമാൻ | രമണീയവും |
| ആസാദ്യ, | പ്രാപിച്ചാൽ, | ജാതരൂപമയഃ | സ്വർണ്ണമയവും |
| അർത്ഥനിശ്ചയം | കാര്യ്യസാദ്ധ്യത്തെ | പർവ്വതോത്തമഃ | ശ്രേഷ്ഠപർവ്വതമെന്നു് |
| സംപ്രധാര്യ്യ | ആലോചിച്ചുറച്ചു് | ശ്രീമാൻ | ലോകപ്രസിദ്ധവുമായ |
| അഗസ്ത്യേന | അഗസ്ത്യമഹർഷിയാൽ | മഹേന്ദ്രഃ | മഹേന്ദ്രമെന്ന പർവ്വതം |
| തത്ര | അവിടെ | മഹാർണ്ണവം | വമ്പിച്ചതായ ആഴിയിൽ |
| സാഗരേ അന്തരേ | കടൽനടുവിൽ | അവഗാഢഃ | ആണ്ടുകിടക്കുന്നു. |
| വിനിവേശിതഃ, | നിക്ഷേപിക്കപ്പെട്ടതും, | | |

[കാര്യ്യസാദ്ധ്യമെന്നതു് വരുവാൻപോകുന്ന സമുദ്രലംഘനംതന്നെ. ഗൊ. രാ.]

നാനാവിധൈന്നഗൈഃ ഫുല്ലൈല്ലതാഭിശ്ചോപശോഭിതം
ഗന്ധവ്വയക്ഷപ്രവരൈരപ്സരോഭിശ്ച ശോഭിതം 22
സിദ്ധചാരണസംഘൈശ്ച പ്രകീണ്ണം സുമനോഹരം
തമുപൈതി സഹസ്രാക്ഷഃ സദാ പവ്വസു പവ്വസു. 23

| | | | |
|---|---|---|---|
| "സഹസ്രാക്ഷഃ | "ദേവേന്ദ്രൻ | ഗന്ധവ്വയക്ഷപ്രവരൈഃ | ഗന്ധവ്വശ്രേഷ്ഠന്മാരാലും യക്ഷപ്രവരന്മാരാലും |
| സദാ | എല്ലാ കാലങ്ങളിലും | അപ്സരോഭിഃ ച | അപ്സരസ്ത്രീകളാലും |
| പവ്വസു പവ്വസു, | ഓരോ വാവിൻനാളുകളിലും, | ശോഭിതം, | പ്രശോഭിക്കുന്നതും, |
| ഫുല്ലൈഃ | നന്നായി പുഷ്പിച്ച | സിദ്ധചാരണസംഘൈഃ | സിദ്ധന്മാർ, ചാരണന്മാരെന്നിവരുടെ സംഘങ്ങളാൽ |
| നാനാവിധൈഃ | പലവിധ | പ്രകീണ്ണം | നിറയപ്പെട്ടതും |
| നഗൈഃ | വൃക്ഷങ്ങളാലും | സുമനോഹരം ച | മനോഹരവും ആയ |
| ലതാഭിഃ ച | ലതകളാലും | തം ഉപൈതി. | അതിനെ പ്രാപിക്കുന്നു. |
| ഉപശോഭിതം, | പരിശോഭിക്കുന്നതും | | |

ദ്വീപസ്തസ്യാപരേ പാരേ ശതയോജനവിസ്തൃതഃ
അഗമ്യോ മാനുഷൈദ്ദീപ്തസ്തം മാഗ്ഗദ്ധ്വം സമന്തതഃ 24

| | | | |
|---|---|---|---|
| "തസ്യ | "അതിൻെറ | അഗമ്യഃ | പ്രവേശിക്കുവാൻ കഴിയാത്തതും |
| അപരേ | മദ്ധ്യത്തിലുള്ളതായ | ദീപ്തഃ | ശോഭിക്കുന്നതുമായ |
| പാരേ | ഒരു കരയിൽ, | ദ്വീപഃ; | ഒരു ദ്വീപുണ്ട്; |
| ശതയോജനവിസ്തൃതഃ | നൂറുയോജന വിസ്താരമുള്ളതും | തം സമന്തതഃ | അതിനെ എങ്ങും |
| മാനുഷൈഃ | മനുഷ്യരാൽ | മാഗ്ഗദ്ധ്വം. | തിരയുവിൻ. |

[“ദീപ്തഃ” എന്ന പദംകൊണ്ട് ലങ്ക തീപ്പിടിപ്പെട്ട് കത്തിപ്പോകാറായിരിക്കുന്നു എന്നു വ്യംഗ്യം].

തത്ര സവ്വാത്മനാ സീതാ മാഗ്ഗിതവ്യാ വിശേഷതഃ. 25

| | | | |
|---|---|---|---|
| "തത്ര | "അതിൽ | സീതാ | സീതാദേവി |
| വിശേഷതഃ | പ്രത്യേകിച്ചും | മാഗ്ഗിതവ്യാ. | അന്വേഷിക്കപ്പെടേണ്ടവളാണ്. |
| സവ്വാത്മനാ | അതിശ്രദ്ധയോടെ | | |

സ ഹി ദേശസ്തു വദ്ധ്യസ്യ രാവണസ്യ ദുരാത്മനഃ
രാക്ഷസാധിപതേവ്വാസഃ സഹസ്രാക്ഷസമദ്യുതേഃ. 26

| | | | |
|---|---|---|---|
| "ഹി, | "എന്തെന്നാൽ, | രാക്ഷസാധിപതേഃ | രാക്ഷസാധിപതിയും |
| സഃ | ആ | വദ്ധ്യസ്യ | വധിക്കപ്പെടേണ്ടു |
| ദേശഃ തു | പ്രദേശംതന്നെയാണ് | ദുരാത്മനഃ | ദുഷ്ടനമായ |
| സഹസ്രാക്ഷസമദ്യുതേഃ | ഇന്ദ്രതുല്യപരാക്രമിയും | രാവണസ്യ | രാവണൻെറ |
| | | വാസഃ. | വാസസ്ഥലം. |

ദക്ഷിണസ്യ സമുദ്രസ്യ മദ്ധ്യേ തസ്യ തു രാക്ഷസീ
അംഗാരകേതി വിഖ്യാതാ ഛായാമാകൃഷ്യ ഭോജനീ. 27

| | | | |
|---|---|---|---|
| "തസ്യ ദക്ഷിണസ്യ സമുദ്രസ്യ | "ആ തെക്കേ സമുദ്രത്തിന്റെ | ഭോജനീ | (ആ വഴിപോകുന്നവരെ) തിന്നുന്നവളായ |
| മദ്ധ്യേ തു | നടുവിലായിതന്നെ | അംഗാരകാ | അംഗാരക |
| ഛായാം ആകൃഷ്യ | നിഴലിനെ പിടിച്ചുവലിച്ച് | ഇതി | എന്ന് |
| | | വിഖ്യാതാ രാക്ഷസീ. | വിഖ്യാതയായ ഒരു രാക്ഷസിയുണ്ട്. |

[സുന്ദരകാണ്ഡം ഒന്നാം സൎഗ്ഗം (199—213) ശ്ലോകങ്ങളിൽ 'സിംഹിക' എന്നു പറയുന്ന രാക്ഷസിതന്നെയാകുന്നു ഇത്.]

ഏവം നിസ്സംശയാൻ കൃത്വാ സംശയാന്നഷ്ടസംശയാഃ
മൃഗയദ്ധ്വം നരേന്ദ്രസ്യ പത്നീമമിതതേജസഃ. 28

| | | | |
|---|---|---|---|
| "ഏവം | "ഇപ്രകാരം | നഷ്ടസംശയാഃ, | ഭയരഹിതന്മാരായി, |
| സംശയാൻ | സംശയമുള്ള സ്ഥലങ്ങളെയെല്ലാം | അമിതതേജസഃ | അമിതപരാക്രമിയായ |
| നിസ്സംശയാൻ കൃത്വാ | (സീത ഉണ്ടോ എന്ന) സംശയത്തെതീൎത്ത്, | നരേന്ദ്രസ്യ പത്നീം | ശ്രീരാമന്റെ പത്നിയെ |
| | | മൃഗയദ്ധ്വം. | അന്വേഷിപ്പിൻ. |

["സംശയാൻ" (സമുദ്രതരണം ചെയ്യുമ്പോൾ ഛായാഗ്രാഹി നിവാരണം മുതലായവയെക്കുറിച്ചുള്ള സംശയവിഷയങ്ങളെക്കുറിച്ച്) "നിസ്സംശയാൻ കൃത്വാ" (അവയെ നിവാരണം ചെയ്യാൻ തക്ക ശേഷിയുള്ള വാനരന്മാരെ നിയോഗിച്ച്) ഭയരഹിതന്മാരായി. ഇത്യാദി. (സ).]

തമതിക്രമ്യ ലക്ഷ്മീവാൻ സമുദ്രേ ശതയോജനേ
ഗിരിഃ പുഷ്പിതകോ നാമ സിദ്ധചാരണസേവിതഃ. 29

| | | | |
|---|---|---|---|
| "തം | "അതിനെ | സിദ്ധചാരണസേവിതഃ | സിദ്ധന്മാരാലും ചാരണന്മാരാലും കൊണ്ടാടപ്പെട്ട |
| അതിക്രമ്യ | കടന്നുചെന്ന് | ലക്ഷ്മീവാൻ | രമണീയമായ |
| സമുദ്രേ | സമുദ്രത്തിൽ | പുഷ്പിതകഃ നാമ ഗിരിഃ. | പുഷ്പിതകമെന്ന പൎവ്വതമുണ്ട്. |
| ശതയോജനേ | നൂറുയോജനയകലെ | | |

ചന്ദ്രസൂൎയ്യാംശുസങ്കാശഃ സാഗരാംബുസമാവൃതഃ
ഭ്രാജതേ വിപുലൈഃ ശൃംഗൈരംബരം വിലിഖന്നിവ. 30

| | | | |
|---|---|---|---|
| "ചന്ദ്രസൂൎയ്യാംശുസങ്കാശഃ | "ചന്ദ്രസൂൎയ്യന്മാരെപ്പോലെ തേജസ്സാൎന്നതും | വിപുലൈഃ ശൃംഗൈഃ | വൻ കൊടുമുടികളാൽ |
| സാഗരാംബുസമാവൃതഃ | സമുദ്രജലത്താൽ ചൂഴപ്പെട്ടതുമായ അതു | അംബരം | ആകാശത്തെ |
| | | വിലിഖൻ ഇവ | സ്പൎശിക്കുമാറ് |
| | | ഭ്രാജതേ. | പ്രശോഭിക്കുന്നു. |

തസ്യൈകം കാഞ്ചനം ശൃംഗം സേവതേ യം ദിവാകരഃ
ശ്വേതം രാജതമേകം ച സേവതേ യം നിശാകരഃ 31

| | | | |
|---|---|---|---|
| " തസ്യ | " അതിന്നുള്ള | സേവതേ; | വിശ്രമിക്കുന്നു; |
| യം | യാതൊരു | നിശാകരഃ ച, | കുളുർമതിയും, |
| കാഞ്ചനം ശൃംഗം | സുവൎണ്ണ ശിഖരമായ | യം രാജതം ശ്വേതം | യാതൊരു വെള്ളിപോലെ വെളുത്ത |
| ഏകം | ഒന്നിൽ | ഏകം സേവതേ. | മറ്റൊന്നിൽ തങ്ങി നില്ക്കുന്നു. |
| ദിവാകരഃ | ആദിത്യൻ | | |

ന തം കൃതഘ്നാഃ പശ്യന്തി ന നൃശംസാ ന നാസ്തികാഃ
പ്രണമ്യ ശിരസാ ശൈലം തം വിമാൎഗ്ഗത വാനരാഃ. 32

| | | | |
|---|---|---|---|
| " തം | " അതിനെ | വാനരാഃ! | വാനരന്മാരേ! |
| കൃതഘ്നാഃ | നന്ദികെട്ടവർ | തം | ആ |
| പശ്യന്തി ന; | കാണുകയില്ല; | ശൈലം | പൎവ്വതത്തെ |
| നൃശംസാഃ ന; | ദുഷ്ടന്മാരും ഇല്ല; | ശിരസാ പ്രണമ്യ, | തലകുമ്പിട്ടു നമസ്കരിച്ച്, |
| നാസ്തികാഃ ന; | നാസ്തികന്മാരും നോക്കുകയില്ല; | വിമാൎഗ്ഗത. | തിരയുവിൻ. |

തമതിക്രമ്യ ദുൎദ്ധൎഷാഃ സൂൎയ്യവാൻ നാമ പൎവ്വതഃ
അദ്ധ്വനാ ദുൎവ്വിഗാഹേന യോജനാനി ചതുൎദ്ദശ. 33

| | | | |
|---|---|---|---|
| " ദുൎദ്ധൎഷാഃ! | " ഒന്നിന്നും കുലുക്കമില്ലാത്തവരേ! | ചതുൎദ്ദശ യോജനാനി | പതിന്നാലു യോജന കൾ ദൂരം |
| ദുൎവ്വിഗാഹേന | അതിദുൎഘടമായ | തം അതിക്രമ്യ, | അതിന്നപ്പുറത്തു ചെന്നാൽ, |
| അദ്ധ്വനാ | വഴിയിൽക്കൂടി | സൂൎയ്യവാൻ നാമ | സൂൎയ്യവാനെന്ന |
| | | പൎവ്വതഃ. | ഒരു പൎവ്വതമുണ്ട്. |

തതസ്തമപ്യതിക്രമ്യ വൈദ്യുതോ നാമ പൎവ്വതഃ
സൎവ്വകാമഫലൈർവൃക്ഷൈഃ സൎവ്വകാലമനോഹരൈഃ. 34

| | | | |
|---|---|---|---|
| " തതഃ | " അതിൽപിന്നെ | സൎവ്വകാലമനോഹരൈഃ | എല്ലാകാലത്തിലും മനംകവരുന്നവയുംആയ |
| തം അപി | അതിനേയും | വൃക്ഷൈഃ, | വൃക്ഷങ്ങളാൽ, |
| അതിക്രമ്യ, | കടന്ന്, | വൈദ്യുതഃ നാമ | വൈദ്യുതമെന്നുപേരുള്ള |
| സൎവ്വകാമഫലൈഃ | ഇച്ഛിച്ചവയെല്ലാം കായ്ക്കുന്നവയും | പൎവ്വതഃ. | ഒരു പൎവ്വതമുണ്ട്. |

തത്ര ഭുക്ത്വാ മഹാൎഹാണി മൂലാനി ച ഫലാനി ച
മധൂനി പീത്വാ മുഖ്യാനി പരം ഗച്ഛത വാനരാഃ. 35

| | | | |
|---|---|---|---|
| " വാനരാഃ! | " വാനരന്മാരെ! | ഭുക്ത്വാ, | ഭക്ഷിച്ചശേഷം, |
| തത്ര | അവിടെ | മുഖ്യാനി | ശ്രേഷ്ഠമായ |
| മഹാൎഹാണി | രുചിഃയേറിയവയായ | മധൂനി പീത്വാ | മധുക്കളെ പാനംചെയ്ത്, |
| മൂലാനി ച ഫലാനി ച | കിഴങ്ങുകളേയും പഴങ്ങളേയും | പരം | അതിന്നപ്പുറം |
| | | ഗച്ഛത. | ചെല്ലുവിൻ. |

തത്ര നേത്രമനഃകാന്തഃ കുഞ്ജരോ നാമ പൎവ്വതഃ
അഗസ്ത്യഭവനം യത്ര നിൎമ്മിതം വിശ്വകൎമ്മണാ. 36

“തത്ര — “അവിടെ
നേത്രമനഃ-കാന്തഃ — കണ്ണിനും മനസ്സിനും കുളുൎമ്മയേകുന്ന
കുഞ്ജരഃ നാമ പൎവ്വതഃ; — കുഞ്ജരം എന്ന ഒരു പൎവ്വതമുണ്ടു്;
യത്ര — യാതൊരു അതിൽ
വിശ്വകൎമ്മണാ — വിശ്വകൎമ്മാവിനാൽ
അഗസ്ത്യ-ഭവനം — അഗസ്ത്യമഹൎഷിക്കു ഒരു ആശ്രമം
നിൎമ്മിതം. — നിൎമ്മിക്കപ്പെട്ടിരിക്കുന്നു.

[“പഞ്ചവടിക്കു് തെക്കുള്ള അഗസ്ത്യാശ്രമത്തിനും, മലയപൎവ്വതത്തിലുള്ളതിനും പുറമെ, ഇതു് മൂന്നാമതായുള്ള അഗസ്ത്യാശ്രമമാകുന്നു.” (തിലകം).]

തത്ര യോജനവിസ്താരമുച്ഛ്രിതം ദശയോജനം
ശരണം കാഞ്ചനം ദിവ്യം നാനാരത്നവിഭൂഷിതം. 37

“തത്ര — “അതിൽ
ശരണം — ആ വസതി
യോജന-വിസ്താരം — ഒരു യോജന വിസ്താരമുള്ളതും
ദശയോജനം ഉച്ഛ്രിതം; — പത്തു യോജനയുയൎന്നതുമാകുന്നു;
കാഞ്ചനം — സ്വൎണ്ണത്താൽ നിൎമ്മിക്കപ്പെട്ടതും
നാനാരത്ന-വിഭൂഷിതം — പലവിധരത്നങ്ങളാലലങ്കരിക്കപ്പെട്ടതും
ദിവ്യം. — അമാനുഷവുമാകുന്നു.

തത്ര ഭോഗവതീ നാമ സൎപ്പാണാമാലയഃ പുരീ
വിശാലകക്ഷ്യാ ദുൎദ്ധൎഷാ സൎവ്വതഃ പരിരക്ഷിതാ. 38

“തത്ര, — “അതിൽ,
സൎപ്പാണാം ആലയഃ — സൎപ്പങ്ങളുടെ പാൎപ്പിടമായ
ഭോഗവതീ നാമ പുരീ; — ഭോഗവതിയെന്ന പട്ടണമുണ്ടു്;
വിശാലകക്ഷ്യാ, — വിശാലങ്ങളായ കെട്ടുകളുള്ളതും
ദുൎദ്ധൎഷാ, — കടപ്പാൻ പ്രയാസമുള്ളതും
സൎവ്വതഃ പരിരക്ഷിതാ. — എല്ലാ ഭാഗങ്ങളിലും നന്നായി കാവൽകാക്കപ്പെട്ടതും ആകുന്നു.

രക്ഷിതാ പന്നഗൈൎഘോരൈസ്തീക്ഷ്ണദംഷ്ട്രൈൎമ്മഹാവിഷൈഃ. 39

“തീക്ഷ്ണ-ദംഷ്ട്രൈഃ — “കൂൎത്ത പല്ലുകളുള്ളവയും
മഹാവിഷൈഃ — ഘോരവിഷമുള്ളവയും
ഘോരൈഃ — ഭയങ്കരങ്ങളുമായ
പന്നഗൈഃ — സൎപ്പങ്ങളാൽ
രക്ഷിതാ. — രക്ഷിക്കപ്പെട്ടതാകുന്നു.

സൎപ്പരാജോ മഹാഘോരോ യസ്യാം വസതി വാസുകിഃ
നിൎയ്യായ മാൎഗ്ഗിതവ്യാ ച സാ ച ഭോഗവതീ പുരീ. 40

“യസ്യാം — “യാതൊരു അതിൽ
മഹാഘോരഃ — അതിഭയങ്കരനായ
വാസുകിഃ സൎപ്പരാജഃ — വാസുകിയെന്ന നാഗരാജാവു്
വസതി; — പാൎത്തുവരുന്നു;
സാ ഭോഗ-വതീ പുരീ ച — ആ ഭോഗവതീ നഗരവും,
നിൎയ്യായ ച — എത്തിച്ചേൎന്നു്
മാൎഗ്ഗിതവ്യാ. — അന്വേഷിക്കപ്പെടേണ്ടതാകുന്നു.

തത്ര ചാനന്തരാ ദേശാ യേ കേചന സുസംവൃതാഃ. 41

| | |
|---|---|
| " തത്ര | " അവിടെ |
| അനന്തരാഃ | പുറമെ കാണാത്തവയായി |
| യേ കേചന | ചില |
| ദേശാഃ ച | പ്രദേശങ്ങളും |
| സുസംവൃതാഃ. | ഗൂഢമായി കിടപ്പുണ്ട്. |

തം ച ദേശമതിക്രമ്യ മഹാനൃഷഭസംസ്ഥിതഃ
സൎവ്വരത്നമയഃ ശ്രീമാനൃഷഭോ നാമ പൎവ്വതഃ 42

| | |
|---|---|
| " തം ദേശം ച | " ആ പ്രദേശവും |
| അതിക്രമ്യ, | കടന്ന്, |
| ഋഷഭസംസ്ഥിതഃ | ഋഷഭരൂപത്തിലിരിക്കുന്നതും |
| സൎവ്വരത്നമയഃ | എല്ലാ രത്നങ്ങളും നിറഞ്ഞതും |
| ശ്രീമാൻ | അഴകാൎന്നതും ആയ |
| ഋഷഭഃ നാമ | ഋഷഭമെന്ന |
| മഹാൻ പൎവ്വതഃ. | വൻപൎവ്വതമുണ്ട്. |

ഗോശീൎഷകം പത്മകം ച ഹരിശ്യാമം ച ചന്ദനം
ദിവ്യമുത്പദ്യതേ യത്ര തച്ചൈവാഗ്നിസമപ്രഭം. 43

| | |
|---|---|
| " തത് | " പ്രസിദ്ധപ്പെട്ടതും |
| അഗ്നിസമപ്രഭം | അഗ്നിക്കുതുല്യമായ തേജസ്സാൎന്നതും |
| ദിവ്യം ചന്ദനം | ദിവ്യവുമായ ചന്ദനം |
| തത്ര | അതിൽ |
| ഉത്പദ്യതേ ; | ഉണ്ടാകുന്നു ; |
| ഗോശീൎഷകം ച | ഗോശീൎഷകമെന്ന ചന്ദനവും |
| പത്മകം ച | പത്മകമെന്ന ചന്ദനവും |
| ഹരിശ്യാമം ഏവ | ഹരിശ്യാമം എന്ന ചന്ദനവും |
| ച. | അതിൽതന്നെ ഉണ്ടാകുന്നു. |

[" ഗോശീൎഷകം ഗോമേദകരത്നവും, പത്മകം പത്മരാഗവും, ഹരിശ്യാമം ഇന്ദ്രനീലവും, അഗ്നിസമപ്രഭം മാണിക്യവും ആകുന്നു എന്ന് (സ).]

ന തു തച്ചന്ദനം ദൃഷ്ട്വാ സ്പ്രഷ്ടവ്യം ച കദാചന
രോഹിതാ നാമ ഗന്ധൎവ്വാ ഘോരാ രക്ഷന്തി തദ്വനം. 44

| | |
|---|---|
| " തത് ചന്ദനം | " ആ ചന്ദനത്തെ |
| ദൃഷ്ട്വാ ച, | കൊതിച്ച്, |
| കദാചന തു | ഒരിക്കലും |
| സ്പ്രഷ്ടവ്യം ന; | തൊടപ്പെടാവുന്നതല്ല; |
| തത് വനം | ആ വനത്തെ |
| ഘോരാഃ | ഭയങ്കരന്മാരായ |
| രോഹിതാഃ നാമ | രോഹിതരെന്ന |
| ഗന്ധൎവ്വാഃ | ഗന്ധൎവ്വന്മാർ |
| രക്ഷന്തി. | കാത്തുരക്ഷിക്കുന്നു. |

തത്ര ഗന്ധൎവ്വപതയഃ പഞ്ച സൂൎയ്യസമപ്രഭാഃ
ശൈലൂഷോ ഗ്രാമണീഃ ശിഗ്രുഃ ശുഭ്രോ ബഭ്രുസ്തഥൈവ ച. 45

| | |
|---|---|
| " തത്ര | " അതിൽ |
| ശൈലൂഷഃ, | ശൈലൂഷൻ, |
| ഗ്രാമണീഃ, | ഗ്രാമണി, |
| ശിഗ്രുഃ, | ശിഗ്രു, |
| ശുഭ്രഃ, | ശുഭ്രൻ, |
| ബഭ്രുഃ തഥാ ഏവ | ബഭ്രു എന്ന്, |
| സൂൎയ്യസമപ്രഭാഃ | സൂൎയ്യസമതേജസ്സാൎന്ന |
| പഞ്ച ച | അഞ്ചു |
| ഗന്ധൎവ്വപതയഃ. | ഗന്ധൎവ്വനായകന്മാരുണ്ട്. |

രവിസോമാഗ്നിവപുഷാം നിവാസഃ പുണ്യകൎമ്മണാം
അന്തേ പൃഥിവ്യാ ദുർദ്ധൎഷാസ്തത്ര സ്വൎഗ്ഗജിതഃ സ്ഥിതാഃ. 46

| | | | |
|---|---|---|---|
| "പൃഥിവ്യാഃ അന്തേ | "ഭൂമിയുടെ അററത്തിലായി | നിവാസഃ; | വാസസ്ഥാനമാകുന്നു; |
| രവിസോമാഗ്നിവപുഷാം | സൂൎയ്യൻ, ചന്ദ്രൻ, അഗ്നി എന്ന പോലെ കാന്തിയാൎന്ന | തത്ര | അവിടെ |
| | | സ്വൎഗ്ഗജിതഃ | സ്വൎഗ്ഗംനേടിയവരായ |
| | | ദുൎദ്ധൎഷാഃ | അജയ്യന്മാർ |
| പുണ്യകൎമ്മണാം | പുണ്യശാലികളുടെ | സ്ഥിതാഃ. | വാസംചെയ്യുന്നു. |

തതഃ പരം ന വഃ സേവ്യഃ പിതൃലോകഃ സുദാരുണഃ
രാജധാനീ യമസ്യൈഷാ കഷ്ടേന തമസാ വൃതാ. 47

| | | | |
|---|---|---|---|
| "തതഃ പരം | "അതിന്നപ്പുറം | ഏഷാ | ഇതു |
| സുദാരുണഃ | അതിഘോരമായ | കഷ്ടേന | ഭയം നൽകുന്ന |
| പിതൃലോകഃ; | പിതൃലോകമാകുന്നു; | തമസാ വൃതാ | ഇരുട്ടടഞ്ഞ |
| വഃ | നിങ്ങൾക്കു | യമസ്യ | യമന്റെ |
| സേവ്യഃ ന; | പ്രാപിക്കത്തക്കതല്ല; | രാജധാനീ. | രാജധാനിയാകുന്നു. |

ഏതാവദേവ യുഷ്മാഭിൎവീരാ വാനരപുംഗവാഃ
ശക്യം വിചേതും ഗന്തും വാ നാതോ ഗതിമതാം ഗതിഃ. 48

| | | | |
|---|---|---|---|
| "വാനരപുംഗവാഃ! | "വാനരോത്തമന്മാരേ! | ശക്യം; | കഴിവുള്ളതു്; |
| വീരാഃ! | ശൂരന്മാരേ! | ഗതിമതാം | പ്ലവനംചെയ്യുന്നതിൽ പേർകേട്ടവരായ നിങ്ങൾക്കും |
| യുഷ്മാഭിഃ | നിങ്ങളാൽ | | |
| ഏതാവത് ഏവ | ഇതുവരെ മാത്രമാണ് | അതഃ | അതിന്നപ്പുറം |
| ഗന്തും | പോകുന്നതിന്നോ | | |
| വിചേതും വാ | അന്വേഷിക്കുന്നതിന്നോ | ഗതിഃ ന. | ചെല്ലുവാൻ കഴിയുന്നതല്ല. |

സൎവ്വമേതത്സമാലോക്യ യച്ചാന്യദപി ദൃശ്യതേ
ഗതിം വിദിത്വാ വൈദേഹ്യാഃ സന്നിവൎത്തിതുമൎഹഥ. 49

| | | | |
|---|---|---|---|
| "യത് അന്യത് | "ഇതുകൂടാതെ വേറെ സ്ഥലം വല്ലതും | വൈദേഹ്യാഃ | വിദേഹാത്മജയുടെ |
| | | ഗതിം | ഇരുപ്പിടത്തെ |
| ദൃശ്യതേ അപി | കാണപ്പെടുന്നുണ്ടെന്നാലും | വിദിത്വാ ച | കണ്ടുപിടിച്ച് |
| ഏതത് സൎവ്വം | ആയത് എല്ലാററിനേയും | സന്നിവൎത്തിതും അൎഹഥ | തിരിച്ചുവരുവിൻ. |
| സമാലോക്യ, | തിരഞ്ഞ്, | | |

യസ്തു മാസാന്നിവൃത്തോഽഗ്രേ ദൃഷ്ട്വാ സീതേതി വക്ഷ്യതി
മത്തുല്യവിഭവോ ഭോഗൈഃ സുഖം സ വിഹരിഷ്യതി. 50

| | |
|---|---|
| "യഃ | "യാതൊരുവൻ |
| 'സീതാ ദൃഷ്ടാ' ഇതി | 'സീതാദേവി കാണപ്പെട്ടു'വെന്ന് |
| മാസാത് അഗ്രേ | ഒരുമാസത്തിലകം |
| നിവൃത്തഃ | മടങ്ങിവന്ന് |
| വക്ഷ്യതി തു, | പറയുന്നുവോ, |
| സഃ | അവൻ |
| ഭോഗൈഃ | ഭോഗങ്ങളെക്കൊണ്ട് |
| മത്തുല്യ-വിഭവഃ | എന്നെപ്പോലെതന്നെ ബഹുമാനിക്കപ്പെട്ടവനായി |
| സുഖം | യാതൊരു കുറവുമില്ലാതെ |
| വിഹരിഷ്യതി. | കാലംകഴിക്കുന്നതാണ്. |

[അപ്രകാരമുള്ളവന്ന് ഞാൻ അർദ്ധരാജ്യാധിപത്യത്തെ നല്കുന്നതാണ് എന്നു ഭാവം. (സാ).]

തതഃ പ്രിയതരോ നാസ്തി മമ പ്രാണാദ്വിശേഷതഃ
കൃതാപരാധോ ബഹുശോ മമ ബന്ധുർഭവിഷ്യതി. 51

| | |
|---|---|
| "മമ | "എനിക്ക് |
| പ്രാണാത് | ജീവനേക്കാൾ |
| വിശേഷതഃ; | പ്രിയപ്പെട്ടവനായ്ത്തീരും; |
| തതഃ | അവനേക്കാൾ |
| പ്രിയതരഃ | അതിപ്രീതി പാത്രമായവൻ |
| അസ്തി ന; | ഒരുവനും ഇല്ല; |
| ബഹുശഃ | എത്രയോ |
| കൃതാപരാധഃ | കുററംചെയ്തവനായിരുന്നാലും |
| മമ ബന്ധുഃ ഭവിഷ്യതി. | എനിക്ക് ഉററ ബന്ധുവായി തീരുന്നതാണ്. |

അമിതബലപരാക്രമാ ഭവന്തോ
വിപുലഗുണേഷു കുലേഷു ച പ്രസൂതാഃ
മനുജപതിസുതാം യഥാ ലഭധ്വം
തദധിഗുണം പുരുഷാർത്ഥമാരഭധ്വം. 52

| | |
|---|---|
| "ഭവന്തഃ | "നിങ്ങൾ |
| അമിതബല-പരാക്രമാഃ; | അളവററ പരാക്രമവും പൌരുഷവുമുള്ളവരാകുന്നു; |
| വിപുലഗുണേഷു | മഹത്തായ ഉത്തമ ഗുണങ്ങളാന്ന |
| കുലേഷു ച | സൽകുലങ്ങളിൽ |
| പ്രസൂതാഃ; | ജനിച്ചവർ; [തന്നെ |
| മനുജ-പതിസുതാം | രാജകുമാരിയെ |
| യഥാ ലഭധ്വം | എങ്ങിനെയായാൽ കണ്ടുകിട്ടുമോ |
| തദധിഗുണം | അതിന്നനുയോജിച്ചവിധം |
| പുരുഷാർത്ഥം ആരഭധ്വം." | പ്രയത്നത്തെ തുടരേണ്ടതാണു." |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ഏകചത്വാരിംശഃ സർഗ്ഗഃ = നാല്പത്തൊന്നാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 11043; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1791.

# ദ്വിചത്വാരിംശഃ സർഗ്ഗഃ = നാല്പത്തിരണ്ടാംസർഗ്ഗം.

[പ്രതീച്യാം സുഷേണപ്രേഷണം = പടിഞ്ഞാറെ ദിക്കിലേക്ക്
സുഷേണനെ പറഞ്ഞയക്കുന്നത്.]

അഥ പ്രസ്ഥാപ്യ സുഗ്രീവസ്താൻ ഹരീൻ ദക്ഷിണാം ദിശം
അബ്രവീന്മേഘസങ്കാശം സുഷേണം നാമ യൂഥപം. 1

| | | | |
|---|---|---|---|
| സുഗ്രീവഃ | സുഗ്രീവൻ | മേഘസങ്കാശം | മേഘതുല്യനായ |
| താൻ ഹരീൻ | ആ വാനരന്മാരെ | സുഷേണം നാമ | സുഷേണനെന്ന |
| ദക്ഷിണാം ദിശം | ദക്ഷിണദിക്കിലേക്കു | യൂഥപം | സേനാധിപനെ |
| അഥ | ഇങ്ങിനെ | അബ്രവീത്. | വിളിച്ചുവരുത്തി. |
| പ്രസ്ഥാപ്യ, | നിയമിച്ചയച്ചശേഷം | | |

താരായാഃ പിതരം രാജാ ശ്വശുരം ഭീമവിക്രമം
അബ്രവീത് പ്രാഞ്ജലിർവ്വാക്യമഭിഗമ്യ പ്രണമ്യ ച. 2

| | | | |
|---|---|---|---|
| രാജാ | രാജാവായ സുഗ്രീവൻ | അഭിഗമ്യ / പ്രണമ്യ | സമീപിച്ച്, നമസ്കരിച്ച് |
| ഭീമവിക്രമം | ഘോരപരാക്രമിയും | പ്രാഞ്ജലിഃ | കൈകൂപ്പിക്കൊണ്ട് |
| ശ്വശുരം | ശ്വശുരനുമായ | വാക്യം ച / അബ്രവീത്. | വിവരം അറിയിച്ചു. |
| താരായാഃ / പിതരം | താരയുടെ പിതാവായ ആ സുഷേണനെ | | |

മരീചിപുത്രം മാരീചമർച്ചിഷ്മന്തം മഹാകപിം
വൃതം കപിവരൈഃ ശൂരൈർമ്മഹേന്ദ്രസദൃശദ്യുതിം 3
ബുദ്ധിവിക്രമസമ്പന്നം വൈനതേയസമദ്യുതിം
മരീചിപുത്രാൻ മാരീചാനർച്ചിർമ്മാലാൻ മഹാബലാൻ
ഋഷിപുത്രാംശ്ച താൻ സർവ്വാൻ പ്രതീചീമാദിശദ്ദിശം. 4

| | | | |
|---|---|---|---|
| മരീചിപുത്രം | മരീചിപുത്രനായ | മഹാകപിം | പേർകേട്ട കപിയുമായ |
| മാരീചം, | മാരീചനേയും, | അർച്ചിഷ്മന്തം, | അർച്ചിഷ്മാനേയും, |
| കപിവരൈഃ | വാനരശ്രേഷ്ഠന്മാരായ | മരീചിപുത്രാൻ | മരീചിപുത്രന്മാരായ |
| ശൂരൈഃ | ശൂരന്മാരാൽ | മാരീചാൻ, | മാരീചന്മാരേയും, |
| വൃതം | ചൂഴപ്പെട്ടവനും | മഹാബലാൻ | മഹാബലശാലികളായ |
| മഹേന്ദ്ര- / സദൃശദ്യുതിം | മഹേന്ദ്രതുല്യതേജസ്സാന്നവനും | അർച്ചിർമാലാൻ, | അർച്ചിമാലന്മാരേയും, |
| ബുദ്ധിവിക്രമ- / സമ്പന്നം | ബുദ്ധിയും പൌരുഷവുമേറിയവനും | താൻ സർവ്വാൻ | ആ എല്ലാ |
| വൈനതേയ- / സമദ്യുതിം | ഗരുഡനു തുല്യമായ മാഹാത്മ്യത്തോടുകൂടിയവനും | ഋഷിപുത്രാൻ ച, | ഋഷികുമാരന്മാരേയും, |
| | | പ്രതീചീം | പടിഞ്ഞാറേ |
| | | ദിശം | ദിക്കിലേക്കായി |
| | | ആദിശത്. | കല്പിച്ചയച്ചു. |

ദ്വാഭ്യാം ശതസഹസ്രാഭ്യാം കപീനാം കപിസത്തമാഃ
സുഷേണപ്രമുഖാ യൂയം വൈദേഹീം പരിമാർഗ്ഗത. 5

| | |
|---|---|
| "കപിസത്തമാഃ! | "വാനരശ്രേഷ്ഠന്മാരേ! |
| സുഷേണപ്രമുഖാഃ യൂയം | സുഷേണൻ നായകനായുള്ള നിങ്ങൾ |
| കപീനാം | വാനരന്മാരുടെ |
| ദ്വാഭ്യാം ശതസഹസ്രാഭ്യാം | രണ്ടുലക്ഷം പേരോടുംകൂടി |
| വൈദേഹീം | സീതാദേവിയെ |
| പരിമാർഗ്ഗത. | തിരയുവിൻ. |

സുരാഷ്ട്രാൻ സഹബാഹ്ലീകാൻ ശൂരാൻ ഭീമാംസ്തഥൈവ ച
സ്ഫീതാൻ ജനപദാൻ രമ്യാൻ വിപുലാനി പുരാണി ച 6
പുന്നാഗഗഹനം കുക്ഷിം വകുളോദ്ദാലകാകുലം
തഥാ കേതകഷണ്ഡാംശ്ച മാർഗ്ഗധ്വം ഹരിപുംഗവാഃ 7
പ്രത്യക്സ്രോതോഗമാശ്ചൈവ നദ്യഃ ശീതജലാഃ ശിവാഃ
താപസാനാമരണ്യാനി കാന്താരാ ഗിരയശ്ച യേ. 8

| | |
|---|---|
| "ഹരിപുംഗവാഃ! | "വാനരോത്തമന്മാരേ! |
| സുരാഷ്ട്രാൻ | സൌരാഷ്ട്രദേശങ്ങളേയും |
| സഹബാഹ്ലീകാൻ | ബാഹ്ലീകദേശങ്ങളോടുകൂടി |
| ശൂരാൻ ച | ശൂരദേശങ്ങളേയും |
| ഭീമാൻ ഏവ | ഭീമരാജ്യങ്ങളേയും |
| രമ്യാൻ | രമണീയങ്ങളും |
| സ്ഫീതാൻ | സമൃദ്ധങ്ങളുമായ |
| ജനപദാൻ തഥാ | ജനപദങ്ങളേയും |
| വിപുലാനി പുരാണി ച | വിശാലങ്ങളായ നഗരങ്ങളേയും |
| പുന്നാഗഗഹനം | പുന്നവൃക്ഷങ്ങൾ തിങ്ങിയവയും |
| വകുളോദ്ദാലകാകുലം | എരഞ്ഞി, നറുവരി എന്ന വൃക്ഷങ്ങൾ നിറഞ്ഞവയും ആയ |
| കുക്ഷിം തഥാ, | കുക്ഷിദേശത്തേയും, |
| കേതകഷണ്ഡാൻ ച | കൈതവനങ്ങളേയും |
| പ്രത്യക്സ്രോതോഗമാഃ | പടിഞ്ഞാറോട്ടൊഴുകുന്നവയും |
| ശിവാഃ | പരിശുദ്ധമായവയും |
| ശീതജലാഃ ച | കുളുത്ത ജലമുള്ളവയുമായ |
| നദ്യഃ ഏവ | നദികളേയും |
| താപസാനാം | ഋഷികളുടെ |
| അരണ്യാനി | ആശ്രമവനങ്ങളേയും |
| കാന്താരാഃ | കാടുകൾ |
| ഗിരയഃ | മലകൾ |
| യേ ച | ഏവയോ അവയേയും |
| മാർഗ്ഗധ്വം. | തിരയുവിൻ. |

["സൌരാഷ്ട്രദേശങ്ങൾ" കാത്തിയവാർ എന്ന സ്ഥലമാകുന്നു; കേകയരാജ്യത്തിന്നു വടക്കു കിഴക്കായി, വിപാശ (Beas), ശതദ്രു (Sutlej) എന്ന നദികൾക്കിടയിൽ കിടക്കുന്ന രാജ്യമാകുന്നു "ബാഹ്ലീകം"; "ശൂരദേശം" ബ്രഹ്മാവർത്തത്തിന്നു വടക്കുപടിഞ്ഞാറായ ശൂരസേനരാജ്യം അഥവാ യാദവദേശമാകുന്നു; സൌരാഷ്ട്രത്തിന്നു വടക്കായുള്ള "സൌവീര" ദേശവും ആവാം; "കുക്ഷി" എന്നിത്യാദിയായി പറയുന്നത് ജംബൂദ്വീപത്തിൽ ഉള്ള നവഖണ്ഡങ്ങളിൽപെട്ട കേതുമാലാഖണ്ഡം ആകുന്നു എന്ന് (മാ-തീർത്ഥീയം) "മേരോസ്തു പശ്ചിമേ പാർശ്വേ കേതുമാലോ മഹീപതേ. ജംബൂഖണ്ഡേ ച തത്രൈവ മഹാജനപദോ നൃപ". (ഭാരതം).]

തതഃ സ്ഥലീം മരുപ്രായാമത്യുച്ചശിരസഃ ശിലാഃ
ഗിരിജാലാവൃതാം ദുൎഗ്ഗാം മാൎഗ്ഗിത്വാ പശ്ചിമാം ദിശം 9
തതഃ പശ്ചിമമാസാദ്യ സമുദ്രം ദ്രഷ്ടുമൎഹഥ
തിമിനക്രായുതജലമക്ഷോഭ്യമഥ വാനരാഃ. 10

| | | | |
|---|---|---|---|
| "വാനരാഃ! | "വാനരന്മാരേ! | മാൎഗ്ഗിത്വാ, | തിരഞ്ഞ്, |
| തതഃ | അനന്തരം | തതഃ | അതിൽ പിന്നെ |
| മരുപ്രായാം സ്ഥലീം, | ജലമില്ലാത്ത മരുപ്രദേശത്തേയും, | തിമിനക്രായുതജലം | തിമിംഗലം, മുതല എന്നവ നിറഞ്ഞ ജലമുള്ളതും |
| അത്യുച്ചശിരസഃ | അത്യുന്നതങ്ങളായ കൊടുമുടികളാൎന്ന | അക്ഷോഭ്യം | ഗംഭീരവുമായ |
| ശിലാഃ, | പൎവ്വതങ്ങളേയും, | പശ്ചിമം സമുദ്രം അഥ | പശ്ചിമസമുദ്രത്തേയും |
| ഗിരിജാലാവൃതാം | മലനിരകളുള്ളതും | ആസാദ്യ ദ്രഷ്ടും അൎഹഥ. | ചെന്നു നോക്കുവിൻ. |
| ദുൎഗ്ഗാം | ദുഷ്പ്രവേശ്യവുമായ | | |
| പശ്ചിമാം ദിശം | പടിഞ്ഞാറേ ദിക്കിനെ | | |

[മരുപ്രദേശം, (Thar) എന്ന രാജപുത്താന മരുഭൂമിയാകുന്നു. അതിന്നു തെക്കുപടിഞ്ഞാറായി (Cutch) മുതലായ പ്രദേശങ്ങൾ ഒരു കാലത്തിൽ വെള്ളത്തിൽ ആണ്ടുകിടന്നിരുന്നു.]

തതഃ കേതകഷണ്ഡേഷു തമാലഗഹനേഷു ച
കപയോ വിഹരിഷ്യന്തി നാരികേളവനേഷു ച. 11

| | | | |
|---|---|---|---|
| "തതഃ | "അവിടെ | നാരികേളവനേഷു ച | തെങ്ങിൻ തോട്ടങ്ങളിലും |
| കേതകഷണ്ഡേഷു | കൈതത്തോട്ടങ്ങളിലും | കപയഃ | വാനരന്മാർ |
| തമാലഗഹനേഷു ച | പച്ചിലവനങ്ങളിലും | വിഹരിഷ്യന്തി. | ഉത്സാഹത്തോടെ കാലം കഴിക്കുന്നതാണ്. |

തത്ര സീതാം ച മാൎഗ്ഗദ്ധ്വം നിലയം രാവണസ്യ ച
വേലാതടനിവിഷ്ടേഷു പൎവ്വതേഷു വനേഷു ച 12
മുരചീപത്തനം ചൈവ രമ്യം ചൈവ ജടീപുരം
അവന്തീമംഗലോപാം ച തഥാ ചാലക്ഷിതം വനം
രാഷ്ട്രാണി ച വിശാലാനി പത്തനാനി തതസ്തതഃ. 13

| | | | |
|---|---|---|---|
| "തത്ര | "അവിടെ | തഥാ അലക്ഷിതം | അതുപോലെതന്നെ അലക്ഷിതമെന്ന |
| വേലാതടനിവിഷ്ടേഷു | കടൽക്കരയിലുള്ള | വനം ച, | വനത്തിലും, |
| പൎവ്വതേഷു | പൎവ്വതങ്ങളിലും | വിശാലാനി | വിശാലങ്ങളായ |
| വനേഷു ച | വനങ്ങളിലും | രാഷ്ട്രാണി | രാജ്യങ്ങളിലും |
| മുരചീപത്തനം ച ഏവ, | മുരചീനഗരത്തിലും, | പത്തനാനി ച | നഗരങ്ങളിലും |
| രമ്യം ച | രമണീയമായ | തതഃ തതഃ | എല്ലാ സ്ഥലങ്ങളിലും |
| ജടീപുരം ഏവ, | ജടീപുരത്തിലും | രാവണസ്യ | രാവണന്റെ |
| അവന്തീം | അവന്തിയിലും, | നിലയം ച | വാസസ്ഥലത്തേയും |
| അംഗലോപാം ച | അംഗലോപാനഗരത്തിലും | സീതാം ച | സീതാദേവിയേയും |
| | | മാൎഗ്ഗദ്ധ്വം. | അന്വേഷിപ്പിൻ. |

സിന്ധുസാഗരയോശ്ചൈവ സംഗമേ തത്ര പൎവ്വതഃ
മഹാൻ ഹേമഗിരിൎന്നാമ ശതശൃംഗോ മഹാദ്രുമഃ. 14

| | |
|---|---|
| “ തത്ര | “ അ |
| സിന്ധുസാഗരയോഃ ച ഏവ | സിന്ധുനദിയുടേയും സാഗരത്തിൻേറയും |
| സംഗമേ | സംഗമസ്ഥലത്തിൽ |
| മഹാൻ | വലിയതും |
| ശതശൃംഗഃ | നൂറു കൊടുമുടികളുള്ളതും |
| മഹാദ്രുമഃ | വന്മരങ്ങളാൎന്നതുമായ |
| ഹേമഗിരിഃ നാമ പൎവ്വതഃ. | ഹേമഗിരിയെന്ന പൎവ്വതമുണ്ടു്. |

തസ്യ പ്രസ്ഥേഷു രമ്യേഷു സിംഹാഃ പക്ഷഗമാഃ സ്ഥിതാഃ
തിമിമത്സ്യഗജാംശ്ചൈവ നീഡാന്യാരോപയന്തി തേ. 15

| | |
|---|---|
| “ തസ്യ | “ അതിൻെറ |
| രമ്യേഷു പ്രസ്ഥേഷു, | രമ്യങ്ങളായ താഴ്വരകളിൽ, |
| പക്ഷഗമാഃ | പറക്കുവാൻ കഴിവുള്ള |
| സിംഹാഃ സ്ഥിതാഃ ; | സിംഹങ്ങൾ വസിക്കുന്നുണ്ടു് ; |
| തേ | അവ |
| തിമിമത്സ്യ-ഗജാൻ ച ഏവ | തിമിംഗലങ്ങളേയും ആനകളേയും നിഷ്പ്രയാസമായി |
| നീഡാനി | അവയുടെ ഗുഹകളിൽ |
| ആരോപയന്തി. | കൊണ്ടുപോയി വെക്കുന്നു. |

താനി നീഡാനി സിംഹാനാം ഗിരിശൃംഗഗതാശ്ച യേ
ദൃപ്താസ്തൃപ്താശ്ച മാതംഗാസ്തോയദസ്വനനിസ്വനാഃ
വിചരന്തി വിശാലേഽസ്മിൻ തോയപൂൎണ്ണേ സമന്തതഃ. 16

| | |
|---|---|
| “ ഗിരിശൃംഗ-ഗതാഃ ച | “ പൎവ്വതശിഖരങ്ങളിൽ ഉള്ളവയും |
| ദൃപ്താഃ | മദിച്ചവയും |
| തൃപ്താഃ | സന്തോഷത്തോടുകൂടിയവയും |
| തോയദസ്വന-നിസ്വനാഃ | മേഘത്തെ പോലെ ഗൎജ്ജിക്കുന്നവയുമായ |
| മാതംഗാഃ | ആനകൾ |
| യേ ച, | ഏവയോ അവയും, |
| സമന്തതഃ | എങ്ങും |
| തോയപൂൎണ്ണേ | ജലംനിറഞ്ഞ |
| വിശാലേ അസ്മിൻ, | വിശാലമായ ഈ പ്രദേശത്തിൽ. |
| സിംഹാനാം | സിംഹങ്ങളുടെ |
| താനി നീഡാനി | ആ ഗുഹകളിൽ |
| വിചരന്തി. | ചുററിത്തിരിയുന്നു. |

തസ്യ ശൃംഗം ദിവസ്പൎശം കാഞ്ചനം ചിത്രപാദപം
സൎവ്വമാശു വിചേതവ്യം കപിഭിഃ കാമരൂപിഭിഃ. 17

| | |
|---|---|
| “ദിവസ്പൎശം | “ ആകാശത്തോടുരുമ്മുന്നതും |
| ചിത്രപാദപം | കമനീയമായ വൃക്ഷങ്ങളുള്ളതും |
| കാഞ്ചനം | പൊൻമയമായതുമായ |
| തസ്യ | അതിൻെറ |
| ശൃംഗം | ശിഖരത്തിലും |
| സൎവ്വം, | എല്ലാസ്ഥലങ്ങളിലും |
| കാമരൂപിഭിഃ | ഇഷ്ടംപോലെ രൂപമെടുപ്പാൻ കഴിവുള്ള |
| കപിഭിഃ | വാനരന്മാരാൽ |
| ആശു | കാലതാമസമെന്നിയെ |
| വിചേതവ്യം. | തിരയപ്പെടേണ്ടതാണു്. |

കോടിം തത്ര സമുദ്രേ ഽഥ കാഞ്ചനീം ശതയോജനാം
ദുർദർശാം പാരിയാത്രസ്യ ഗതാ ദ്രക്ഷ്യഥ വാനരാഃ. 18

| | |
|---|---|
| "അഥ | "അനന്തരം |
| തത്ര സമുദ്രേ | ആ സമുദ്രത്തിൽ |
| വാനരാഃ! | അല്ലേ വാനരന്മാരേ! |
| കാഞ്ചനീം | സ്വർണ്ണമയവും |
| ശതയോജനാം | നൂറുയോജന വിസ്താരമുള്ളതും |
| ദുർദർശാം | ദുർന്നിരീക്ഷ്യവുമായ |
| പാരിയാത്രസ്യ കോടിം | പാരിയാത്രമെന്ന പർവ്വതത്തിന്റെ കൊടുമുടിയിൽ |
| ഗതാഃ ദ്രക്ഷ്യഥ. | ചെന്നുനോക്കുവിൻ. |

[പാരിയാത്രം എന്നതു് സപ്തകുലപർവ്വതങ്ങളിൽ ഒന്നാകുന്നു. അതു് വിന്ധ്യന്റെ പടിഞ്ഞാറെ അററം തുടങ്ങി കാംബേ (Cambay) ഉൾക്കടൽവരെ കിടക്കുന്ന പർവ്വതനിരയാകുന്നു. അറാവലി (Aravalli)നിരകൾ ഇതിൽ പെട്ടവയാകുന്നു.]

കോട്യസ്തത്ര ചതുർവിംശദ് ഗന്ധർവ്വാണാം തരസ്വിനാം
വസന്ത്യഗ്നിനികാശാനാം ഘോരാണാം പാപകർമ്മണാം. 19

| | |
|---|---|
| "തത്ര തരസ്വിനാം | "അവിടെ ബലശാലികളും |
| അഗ്നിനികാശാനാം | അഗ്നിതുല്യന്മാരും |
| ഘോരാണാം | ഭയങ്കരന്മാരും |
| പാപകർമ്മണാം | പാപിഷ്ഠരുമായ |
| ഗന്ധർവ്വാണാം | ഗന്ധർവ്വന്മാരുടെ |
| ചതുർവിംശത് | ഇരുപത്തിനാലു |
| കോട്യഃ വസന്തി. | കോടികൾ വസിക്കുന്നുണ്ടു്. |

പാവകാർച്ചിഃപ്രതീകാശാഃ സമവേതാഃ സഹസ്രശഃ
നാത്യാസാദയിതവ്യാസ്തേ വാനരൈർഭീമവിക്രമൈഃ. 20

| | |
|---|---|
| "സഹസ്രശഃ | "ആയിരക്കണക്കായി |
| സമവേതാഃ | ഒരുമിച്ചു കൂടിയിരിക്കുന്ന |
| പാവകാർച്ചിഃ പ്രതീകാശാഃ | അഗ്നിതുല്യ തേജസ്സാന്നവരായ |
| തേ | അവർ |
| ഭീമവിക്രമൈഃ | അതി പൌരുഷശാലികളായ |
| വാനരൈഃ | വാനരന്മാരാൽ |
| ന അത്യാസാദയിതവ്യാഃ. | ഒട്ടും അടുക്കപ്പെടുവാൻ പാടില്ലാത്തവരാകുന്നു. |

നാദേയം ച ഫലം തസ്മാത് ദേശാത് കിഞ്ചിത് പ്ലവംഗമൈഃ
ദുരാസദാ ഹി തേ വീരാഃ സത്വവന്തോ മഹാബലാഃ. 21

| | |
|---|---|
| "തസ്മാത് ദേശാത് | "ആ പ്രദേശത്തിൽനിന്നു് |
| പ്ലവംഗമൈഃ | വാനരന്മാരാൽ |
| കിംചിത് ഫലം ച | ഒരു പഴം പോലും |
| ആദേയം ന; | എടുക്കപ്പെടാവുന്നതല്ല; |
| ഹി | എന്തെന്നാൽ |
| മഹാബലാഃ | മഹാബലവാന്മാരും |
| സത്വവന്തഃ | നെഞ്ഞൂക്കുള്ള |
| വീരാഃ | ശൂരന്മാരുമായ |
| തേ | അവർ |
| ദുരാസദാഃ. | അടുക്കപ്പെടാവുന്നവരല്ല. |

ഫലമൂലാനി തേ തത്ര രക്ഷന്തേ ഭീമവിക്രമാഃ
തത്ര യത്നശ്ച കത്തവ്യോ മാഗ്ഗിതവ്യാ ച ജാനകീ. 22
ന ഹി തേഭ്യോ ഭയം കിഞ്ചിത് കപിത്വമനുവത്തതാം. 23

| | |
|---|---|
| "ഭീമവിക്രമാഃ തേ | "അതി പരാക്രമികളായ അവർ |
| ഫലമൂലാനി | പഴങ്ങളേയും കിഴങ്ങുകളേയും |
| രക്ഷന്തേ; | കാത്തുസൂക്ഷിക്കുന്നു; |
| കപിത്വം | വാനരസ്വഭാവത്തെ |
| അനുവത്തതാം, | കയ്യേല്ക്കുന്ന നിങ്ങൾക്ക്, |
| തേഭ്യഃ | അവരിൽ നിന്ന് |
| ഭയം | ഭയമെന്നതു |
| കിഞ്ചിത് ച ന; | അണുപോലുമില്ല; |
| തത്ര ച | അവിടേയും |
| ജാനകീ | ജാനകീദേവി |
| മാഗ്ഗിതവ്യാ; | അന്വേഷിക്കപ്പെടേണ്ടവളാണ്; |
| യത്നഃ ഹി കത്തവ്യഃ. | അതി ജാഗ്രതയോടിരിക്കേണ്ടതുമാണ്. |

[“വാനരസ്വഭാവത്തെ കയ്യേല്ക്കുന്ന”, എന്നു പറഞ്ഞതിൽനിന്നു കേവലം കപികൾക്കുള്ള ചാപല്യത്തോടുകൂടി പോകണമെന്നും സീതയെ തിരയുന്നമാതിരിയായി കപികൾക്കല്ലാത്തതായ മററു ലക്ഷണങ്ങളൊന്നും പ്രകടിപ്പിക്കരുതെന്നും വിവക്ഷ. (എന്നു ശിരോമണി).]

തത്ര വൈഡൂര്യവണ്ണാഭോ വജ്രസംസ്ഥാനസംസ്ഥിതഃ
നാനാദ്രുമലതാകീണ്ണോ വജ്രോ നാമ മഹാഗിരിഃ
ശ്രീമാൻ സമുദിതസ്തത്ര യോജനാനാം ശതം സമം. 24

| | |
|---|---|
| "തത്ര | "അവിടെ |
| വൈഡൂര്യവണ്ണാഭഃ | വൈഡൂര്യത്തിനു സദൃശമായ കാന്തിയുള്ളതും |
| വജ്രസംസ്ഥാനസംസ്ഥിതഃ | വജ്രത്തെപ്പോലെ കാഠിന്യമുള്ളതും |
| നാനാദ്രുമലതാകീണ്ണഃ | പല, വൃക്ഷങ്ങളാലും ലതകളാലും നിറയപ്പെട്ടതുമായ |
| വജ്രഃ നാമ | വജ്രമെന്ന |
| മഹാഗിരിഃ; | ഒരു പവ്വതമുണ്ട്; |
| തത്ര | അവിടെ |
| യോജനാനാം ശതം | നൂറു യോജനകൾ |
| സമം | ഒരുപോലെ |
| ശ്രീമാൻ | അഴകാന്ന് |
| സമുദിതഃ | ശോഭിക്കുന്നു. |

ഗുഹാസ്തത്ര വിചേതവ്യാഃ പ്രയത്നേന പ്ലവംഗമാഃ. 25

| | |
|---|---|
| "പ്ലവംഗമാഃ! | "വാനരന്മാരേ! |
| തത്ര ഗുഹാഃ | അവിടെയുള്ള ഗുഹകൾ |
| പ്രയത്നേന വിചേതവ്യാഃ. | ശ്രദ്ധയോടെ പരിശോധിക്കപ്പെടേണ്ടവയാകുന്നു. |

ചതുർഭാഗേ സമുദ്രസ്യ ചക്രവാൻ നാമ പവ്വതഃ. 26

| | |
|---|---|
| "സമുദ്രസ്യ ചതുർഭാഗേ | "സമുദ്രത്തിൻെറ നാലാമത്തെഭാഗത്തിൽ |
| ചക്രവാൻ നാമ പവ്വതഃ. | ചക്രവാൻ എന്ന ഒരു പവ്വതമുണ്ട്. |

തത്ര ചക്രം സഹസ്രാരം നിമ്മിതം വിശ്വകമ്മണാ. 27

| | |
|---|---|
| "തത്ര | "അതിൽ |
| സഹസ്രാരം ചക്രം | സഹസ്രാരമെന്ന ചക്രം |
| വിശ്വകമ്മണാ നിമ്മിതം. | വിശ്വകമ്മാവിനാൽ നിമ്മിക്കപ്പെട്ടിരിക്കുന്നു. |

തത്ര പഞ്ചജനം ഹത്വാ ഹയഗ്രീവം ച ദാനവം
ആജഹാര തതശ്ചക്രം ശംഖം ച പുരുഷോത്തമഃ. 28

| | | | |
|---|---|---|---|
| "തത്ര ച | "അവിടെത്തന്നെയാണ്ട് | ദാനവം ച | ദാനവനേയും |
| പുരുഷോത്തമഃ | വിഷ്ണുഭഗവാൻ | ഹത്വാ തതഃ | നിഗ്രഹിച്ചതിൽപിന്നെ |
| പഞ്ചജനം | പഞ്ചജനനെന്ന അസുരനേയും | ചക്രം | ചക്രത്തേയും |
| ഹയഗ്രീവം | ഹയഗ്രീവനെന്ന | ശംഖം ച | ശംഖിനേയും |
| | | ആജഹാര. | കൈക്കലാക്കിയത്. |

[ഹയഗ്രീവനെന്ന അസുരൻ ദേവിയെ ഉപാസിച്ച്, തനിക്ക് ഹയഗ്രീവങ്കൽ (തങ്കൽ) നിന്നല്ലാതെ മരണമില്ലെന്ന് വരം വാങ്ങുകയും, വിഷ്ണു വില്ലിന്റെ ഞാണിൽ തലയുംവെച്ച് യോഗനിദ്രയിൽ വർത്തിച്ചിരുന്നസമയം, ഉണർത്തുവാനായി ശിവന്റെ ഉപദേശപ്രകാരം ഞാണിനെ തിന്നുവാനായി ദേവന്മാർ ചിതലിനെ സൃഷ്ടിക്കുകയും, ഞാണററ് വിഷ്ണുവിന്റെ തല ദൂരെ തെറിക്കയും, കുതിരയുടെ കഴുത്തിനെ എടുത്തുവെച്ച് ഹയഗ്രീവനായിത്തീൎന്ന ഭഗവാൻ ഹയഗ്രീവനെന്ന അസുരനെ വധിക്കയുംചെയ്ത കഥ ദേവീഭാഗവതം I. V. ൽ കാണുക.]

തത്ര സാനുഷു ചിത്രേഷു വിശാലാസു ഗുഹാസു ച
രാവണഃ സഹ വൈദേഹ്യാ മാർഗ്ഗിതവ്യസ്തതസ്തതഃ 29

| | | | |
|---|---|---|---|
| "തത്ര | "അവിടെ | തതഃ തതഃ | എങ്ങും |
| ചിത്രേഷു | അഴകാന്ന | രാവണഃ വൈദേഹ്യാ സഹ | രാവണൻ സീതാദേവിയോടുംകൂടി |
| സാനുഷു | താഴ്വരകളിലും | | |
| വിശാലാസു | വിശാലങ്ങളായ | മാർഗ്ഗിതവ്യഃ. | തിരയപ്പെടേണ്ടവനാണ്. |
| ഗുഹാസു ച | ഗുഹകളിലും | | |

യോജനാനാം തതഃ ഷഷ്ടിർവരാഹോ നാമ പർവ്വതഃ
സുവർണ്ണശൃംഗഃ സുശ്രീമാനഗാധേ വരുണാലയേ. 30

| | | | |
|---|---|---|---|
| "അഗാധേ | "ഏററവും ആഴമുള്ള | സുശ്രീമാൻ | അതിമനോഹരവും |
| വരുണാലയേ | സമുദ്രത്തിൽ | യോജനാനാം ഷഷ്ടിഃ തതഃ | അറുപതുയോജനകൾ അപ്പുറത്തായുള്ളതുമായ |
| സുവർണ്ണശൃംഗഃ | കാഞ്ചനശൃംഗങ്ങളുള്ളതും | വരാഹഃ നാമ പർവ്വതഃ. | വരാഹമെന്ന പർവ്വതമുണ്ട്. |

തത്ര പ്രാഗ്ജ്യോതിഷം നാമ ജാതരൂപമയം പുരം
യസ്മിൻ വസതി ദുഷ്ടാത്മാ നരകോ നാമ ദാനവഃ. 31

| | | | |
|---|---|---|---|
| "തത്ര | "അതിൽ | യസ്മിൻ | യാതൊരു അതിൽ |
| ജാതരൂപമയം | സ്വർണ്ണമയമായ | ദുഷ്ടാത്മാ | ദുഷ്ടനായ |
| പ്രാഗ്ജ്യോതിഷം നാമ പുരം; | പ്രാഗ്ജ്യോതിഷമെന്ന നഗരമുണ്ട് | നരകഃ നാമ ദാനവഃ | നരകനെന്ന അസുരൻ |
| | | വസതി. | പാർത്തുവരുന്നു. |

തത്ര സാനുഷു രമ്യേഷു കാനനേഷു ഗുഹാസു ച
രാവണഃ സഹ വൈദേഹ്യാ മാർഗ്ഗിതവ്യസ്തതസ്തതഃ. 32

| | |
|---|---|
| " തത്ര | " അവിടെ |
| രമ്യേഷു സാനുഷു | രമ്യങ്ങളായ താഴ്വരകളിലും |
| കാനനേഷു | കാട്ടുകളിലും |
| ഗുഹാസു ച | ഗുഹകളിലും |
| തതഃ തതഃ | എല്ലാസ്ഥലത്തും |
| വൈദേഹ്യാ സഹ | വിദേഹജയോടുകൂടി |
| രാവണഃ | രാവണൻ |
| മാർഗ്ഗിതവ്യഃ. | തിരയപ്പെടേണ്ടവനാണ്. |

തമതിക്രമ്യ ശൈലേന്ദ്രം കാഞ്ചനാന്തരനിർദ്ദരഃ
പർവ്വതഃ സർവ്വസൌവർണ്ണോ ധാരാപ്രസ്രവണായുതഃ. 33

| | |
|---|---|
| " തം ശൈലേന്ദ്രം | " ആ ശ്രേഷ്ഠഗിരിയെ |
| അതിക്രമ്യ, | കടന്ന് |
| കാഞ്ചനാന്തരനിർദ്ദരഃ | പൊൻമയമായ ഉൾപ്രദേശമുള്ള ഗുഹകളുള്ളതും |
| ധാരാപ്രസ്രവണായുതഃ | എല്ലായ്പോഴും പ്രവഹിച്ചുകൊണ്ടിരിക്കുന്ന അരുവികളോടുകൂടിയതുമായ |
| സർവ്വസൌവർണ്ണഃ | സർവ്വസൌവർണ്ണമെന്ന |
| പർവ്വതഃ. | ഒരു പർവ്വതമുണ്ട്. |

തം ഗജാശ്ച വരാഹാശ്ച സിംഹാ വ്യാഘ്രാശ്ച സർവ്വതഃ
അഭിഗർജ്ജന്തി സതതം തേന ശബ്ദേന ദർപ്പിതാഃ. 34

| | |
|---|---|
| " തം | " അതിൽ |
| സതതം | എതുകാലത്തിലും |
| ഗജാഃ ച | ആനകളും |
| വരാഹാഃ ച | പന്നികളും |
| സിംഹാഃ | സിംഹങ്ങളും |
| വ്യാഘ്രാഃ ച | വ്യാഘ്രങ്ങളും |
| സർവ്വതഃ | എങ്ങും |
| തേന ശബ്ദേന | ആ ശബ്ദത്താൽ |
| ദർപ്പിതാഃ | മദംപൂണ്ടവയായി |
| അഭിഗർജ്ജന്തി. | ഗർജ്ജിക്കുന്നു. |

യസ്മിൻ ഹരിഹയഃ ശ്രീമാൻ മഹേന്ദ്രഃ പാകശാസനഃ
അഭിഷിക്തഃ സുരൈ രാജാ മേഘവാന്നാമ പർവ്വതഃ. 35

| | |
|---|---|
| " യസ്മിൻ | " യാതൊരു അതിൽ |
| ഹരിഹയഃ | പച്ചക്കുതിരകളുള്ളവനും |
| പാകശാസനഃ | പാകാസുരനെ നിഗ്രഹിച്ചവനും |
| ശ്രീമാൻ | ശ്രീമാനുമായ |
| മഹേന്ദ്രഃ | ദേവേന്ദ്രൻ |
| സുരൈഃ | ദേവന്മാരാൽ |
| രാജാ | രാജാവായി |
| അഭിഷിക്തഃ | അഭിഷേകം ചെയ്യപ്പെട്ടുവോ |
| പർവ്വതഃ | ആ പർവ്വതം |
| മേഘവാൻ നാമ. | മേഘവാൻ എന്നും പറയപ്പെടുന്നു. |

തമതിക്രമ്യ ശൈലേന്ദ്രം മഹേന്ദ്രപരിപാലിതം
ഷഷ്ടിം ഗിരിസഹസ്രാണി കാഞ്ചനാനി ഗമിഷ്യഥ 36
തരുണാദിത്യവർണ്ണാനി ഭ്രാജമാനാനി സർവ്വതഃ
ജാതരൂപമയൈർവ്വൃക്ഷൈഃ ശോഭിതാനി സുപുഷ്പിതൈഃ. 37

| | | | |
|---|---|---|---|
| "മഹേന്ദ്ര-പരിപാലിതം | "ഇന്ദ്രനാൽ പരിപാലിക്കപ്പെട്ട | സർവ്വതഃ | എങ്ങും |
| തം ശൈലേന്ദ്രം | ആ ഉത്തമപർവ്വതത്തെ | സുപുഷ്പിതൈഃ | നന്നായി പൂത്ത |
| അതിക്രമ്യ, | കടന്ന്, | ജാതരൂപമയൈഃ | പൊൻമയമായ |
| കാഞ്ചനാനി | സ്വർണ്ണമയമായവയും | വൃക്ഷൈഃ | വൃക്ഷങ്ങളാൽ |
| തരുണാദിത്യ-വർണ്ണാനി | ബാലസൂർയ്യപ്രഭപൂണ്ട് | ശോഭിതാനി | ശോഭിക്കുന്നവയുമായ |
| ഭ്രാജമാനാനി | വിളങ്ങുന്നവയും | ഷഷ്ടിം ഗിരി-സഹസ്രാണി | അറുപതിനായിരം പർവ്വതങ്ങളെ |
| | | ഗമിഷ്യഥ. | പ്രാപിക്കാവുന്നതാണ്. |

തേഷാം മദ്ധ്യേ സ്ഥിതോ രാജാ മേരുരുത്തരപർവ്വതഃ
ആദിത്യേന പ്രസന്നേന ശൈലോ ദത്തവരഃ പുരാ. 38

| | | | |
|---|---|---|---|
| "തേഷാം മദ്ധ്യേ | "അവയ്ക്കിടയിൽ | പുരാ | പണ്ടൊരുകാലം |
| ഉത്തരപർവ്വതഃ | ശ്രേഷ്ഠപർവ്വതവും | ശൈലഃ | ഈ പർവ്വതം |
| രാജാ | ഏററവും വലിയതുമായ | പ്രസന്നേന | സന്തുഷ്ടനായ |
| മേരുഃ | മേരുവെന്ന പർവ്വതം | ആദിത്യേന | ആദിത്യനാൽ |
| സ്ഥിതഃ ; | ഉണ്ട് ; | ദത്തവരഃ. | വരംനല്കപ്പെട്ടതാകുന്നു. |

[ഈ മേരുപർവ്വതം അസ്തഗിരിക്കടുത്തായി സാവർണ്ണിമേരു എന്ന ഒരു പർവ്വതമാകുന്നു. അല്ലാതെ സാക്ഷാൽ മേരുവല്ല. (ഗോ. രാ ; തീ.)]

തേനൈവമുക്തഃ ശൈലേന്ദ്രഃ സർവ്വ ഏവ ത്വദാശ്രയാഃ
മത്പ്രസാദാത് ഭവിഷ്യന്തി ദിവാരാത്രൌ ച കാഞ്ചനാഃ. 39

| | | | |
|---|---|---|---|
| "'ശൈലേന്ദ്രഃ | "'ആ ഉത്തമഗിരി | ദിവാരാത്രൌ ച, | പകലും രാത്രിയും, |
| തേന ഏവം ഉക്തഃ ; | ആദിത്യനാൽ ഇപ്രകാരം വരമരുളപ്പെട്ട | മത്പ്രസാദാത് | എൻെറപ്രസാദത്താൽ, |
| 'ത്വദാശ്രയാഃ | 'ഭവാനെ സംബന്ധിച്ച | കാഞ്ചനാഃ ഭവിഷ്യന്തി. | സ്വർണ്ണമായിത്തീരുന്നതാണ്. |
| സർവ്വേ ഏവ | എല്ലാം തന്നെ, | | |

ത്വയി യേ ചാപി വത്സ്യന്തി ദേവഗന്ധർവ്വദാനവാഃ
തേ ഭവിഷ്യന്തി രക്താശ്ച പ്രഭയാ കാഞ്ചനാ ഇവ. 40

| | | | |
|---|---|---|---|
| "യേ | "യാതൊരു | തേ ച | അവരും |
| ദേവഗന്ധർവ്വ-ദാനവാഃ ച | ദേവന്മാരും ഗന്ധർവ്വന്മാരും ദാനവന്മാരും | പ്രഭയാ | തേജസ്സുകൊണ്ട് |
| ത്വയി വത്സ്യന്തി അപി, | ഭവാങ്കൽ വസിക്കുന്നുവോ, | കാഞ്ചനാഃ ഇവ | തങ്കംപോലെ |
| | | രക്താഃ ഭവിഷ്യന്തി.' | ചുവപ്പുനിറമാർന്നവരായി തീരുന്നതാണ്.' |

വിശ്വേദേവാശ്ച മരുതോ വസവശ്ച ദിവൌകസഃ
ആഗമ്യ പശ്ചിമാം സന്ധ്യാം മേരുമുത്തരപർവ്വതം 41
ആദിത്യമുപതിഷ്ഠന്തി തൈശ്ച സൂർയ്യോऽഭിപൂജിതഃ
അദൃശ്യഃ സർവ്വഭൂതാനാമസ്തം ഗച്ഛതി പർവ്വതം. 42

| | |
|---|---|
| "വിശ്വേ-ദേവാഃ ച | വിശ്വേദേവന്മാരും |
| മരുതഃ | മരുത്തുക്കളും |
| വസവഃ ച | വസുക്കളും |
| ദിവൌകസഃ | ദേവന്മാരും |
| ഉത്തരപർവ്വതം മേരും | ശ്രേഷ്ഠഗിരിയായ മേരുവിലേക്ക് |
| ആഗമ്യ | വന്ന് |
| ആദിത്യം | ആദിത്യഭഗവാനെ |
| പശ്ചിമാം സന്ധ്യാം | സായം സന്ധ്യാസമയത്തിൽ |
| ഉപതിഷ്ഠന്തി; | പൂജിക്കുന്നു; |
| തൈഃ | അവരാൽ |
| അഭിപൂജിതഃ | അർച്ചിക്കപ്പെട്ട |
| സൂർയ്യഃ | സൂർയ്യൻ |
| സർവ്വഭൂതാനാം ച | സർവ്വപ്രാണികൾക്കും |
| അദൃശ്യഃ | അദൃശ്യനായി |
| അസ്തം പർവ്വതം | അസ്തമനപർവ്വതത്തെ |
| ഗച്ഛതി. | പ്രാപിക്കുന്നു. |

യോജനാനാം സഹസ്രാണി ശതാനി ച ദിവാകരഃ
മുഹൂർത്താർദ്ധേന തം ശീഘ്രമസ്തം യാതി ശിലോച്ചയം. 43

| | |
|---|---|
| "ദിവാകരഃ, | "സൂർയ്യഭഗവാൻ, |
| തം | ആ |
| അസ്തം ശിലോച്ചയം | ശ്രേഷ്ഠമായ അസ്തമനപർവ്വതത്തിലേക്ക് |
| മുഹൂർത്താർദ്ധേന | അരമുഹൂർത്തം കൊണ്ട് |
| യോജനാനാം ശതാനി സഹസ്രാണി ച | ലക്ഷം യോജനകൾ |
| ശീഘ്രം യാതി. | അതിവേഗത്തിൽ കടന്ന് എത്തിച്ചേരുന്നു. |

ശൃംഗേ തസ്യ മഹദ്ദിവ്യം ഭവനം സൂർയ്യസന്നിഭം
പ്രാസാദഗണസംബാധം വിഹിതം വിശ്വകർമ്മണാ 44
ശോഭിതം തരുഭിശ്ചിത്രൈർനാനാപക്ഷിസമാകുലൈഃ
നികേതം പാശഹസ്തസ്യ വരുണസ്യ മഹാത്മനഃ. 45

| | |
|---|---|
| "തസ്യ ശൃംഗേ | "അതിന്റെ ശിഖരത്തിൽ |
| മഹത് | വമ്പിച്ചതും |
| ദിവ്യം, | ഭംഗിയുള്ളതും |
| സൂർയ്യസന്നിഭം, | ആദിത്യ തുല്യവും |
| പ്രാസാദഗണസംബാധം, | പല മണിമാളികകളാൽ നിറയപ്പെട്ടതും |
| വിശ്വകർമ്മണാ | വിശ്വകർമ്മാവിനാൽ |
| വിഹിതം, | നിർമ്മിക്കപ്പെട്ടതും, |
| ചിത്രൈഃ | ഭംഗിയുള്ള |
| നാനാപക്ഷിസമാകുലൈഃ | പലവിധപക്ഷികളാൽ നിറയപ്പെട്ട |
| തരുഭിഃ | വൃക്ഷങ്ങളാൽ |
| ശോഭിതം, | പരിലസിക്കുന്നതും, |
| മഹാത്മനഃ | മഹാത്മാവും |
| പാശഹസ്തസ്യ | പാശഹസ്തനുമായ |
| വരുണസ്യ | വരുണഭഗവാന്റെ |
| നികേതം | ഇരിപ്പിടവുമായ |
| ഭവനം. | ഒരു ഭവനമുണ്ട്. |

അന്തരാ മേരുമസ്തം ച താലോ ദശശിരാ മഹാൻ
ജാതരൂപമയഃ ശ്രീമാൻ ഭ്രാജതേ ചിത്രവേദികഃ. 46

| | | | |
|---|---|---|---|
| "മേരും | "മേരുപർവ്വതത്തിന്നും | മഹാൻ താലഃ | വലിയ ഒരു പന |
| അസ്തം ച | അസ്തമനപർവ്വതത്തിന്നും | ചിത്രവേദികഃ | ഭംഗിയുള്ള തറയുള്ളതായി |
| അന്തരാ | ഇടയിലായി | ശ്രീമാൻ ഭ്രാജതേ. | മനോഹരമായി വിളങ്ങുന്നു. |
| ദശശിരാഃ | പത്തു ശാഖകളുള്ള | | |
| ജാതരൂപമയഃ | പൊൻമയമായ | | |

തേഷു സർവ്വേഷു ദുർഗ്ഗേഷു സരസ്സു ച സരിത്സു ച
രാവണഃ സഹ വൈദേഹ്യാ മാർഗ്ഗിതവ്യസ്തതസ്തതഃ. 47

| | | | |
|---|---|---|---|
| "തേഷു ദുർഗ്ഗേഷു | "ആ ദുർഗ്ഗങ്ങളിൽ | രാവണഃ | രാവണൻ |
| സർവ്വേഷു | എല്ലാററിലും | വൈദേഹ്യാ സഹ | സീതാദേവിയോടുകൂടി |
| സരഃസു ച | പൊയ്കകളിലും | മാർഗ്ഗിതവ്യഃ. | അന്വേഷിക്കപ്പെടേണ്ടവനാകുന്നു. |
| സരിത്സു ച | നദികളിലും | | |
| തതഃ തതഃ | എങ്ങും | | |

യത്ര തിഷ്ഠതി ധർമ്മജ്ഞസ്തപസാ സ്വേന ഭാവിതഃ
മേരുസാവർണ്ണിരിത്യേവ ഖ്യാതോ വൈ ബ്രഹ്മണാ സമഃ. 48

| | | | |
|---|---|---|---|
| "യത്ര | "യാതൊരു അതിൽ | ഭാവിതഃ ഏവ | പ്രസിദ്ധമായ |
| ബ്രഹ്മണാ സമഃ | ബ്രഹ്മദേവതുല്യനും | മേരുസാവർണ്ണിഃ ഇതി വൈ | മേരുസാവർണ്ണിയെന്ന് |
| ധർമ്മജ്ഞഃ | ധർമ്മജ്ഞനും | ഖ്യാതഃ തിഷ്ഠതി. | വിഖ്യാതനായവൻ വസിക്കുന്നു. |
| സ്വേന തപസാ | സ്വതപോമഹിമയാൽ | | |

പ്രഷ്ടവ്യോ മേരുസാവർണ്ണിർമഹർഷിഃ സൂര്യസന്നിഭഃ
പ്രണമ്യ ശിരസാ ഭൂമൌ പ്രവൃത്തിം മൈഥിലീം പ്രതി. 49

| | | | |
|---|---|---|---|
| "സൂര്യസന്നിഭഃ | "സൂര്യതുല്യനായ | മൈഥിലീം പ്രതി | മൈഥിലിയെപററി |
| മേരുസാവർണ്ണിഃ | മേരുസാവർണ്ണി | പ്രവൃത്തിം | നിങ്ങളുടെ കൃത്യത്തെ സംബന്ധിച്ച് |
| മഹർഷിഃ, | മഹർഷി, | | |
| ഭൂമൌ ശിരസാ പ്രണമ്യ | നിലംതൊട്ടു തലകുമ്പിട്ട്, | പ്രഷ്ടവ്യഃ. | ചോദിക്കപ്പെടേണ്ടവനാകുന്നു. |

[താഴെ 51-ാംസർഗ്ഗം 16-ാംശ്ലോകത്തിലെ കുറിപ്പു നോക്കുക.]

ഏതാവജ്ജീവലോകസ്യ ഭാസ്കരോ രജനീക്ഷയേ
കൃത്വാ വിതിമിരം സർവ്വമസ്തം ഗച്ഛതി പർവ്വതം. 50

| | | | |
|---|---|---|---|
| "ഭാസ്കരഃ! | "ആദിത്യൻ | രജനീക്ഷയേ | രാത്രി അവസാനത്തിൽ |
| ജീവലോകസ്യ | ജീവരാശിക്കുവേണ്ടി | വിതിമിരം കൃത്വാ, | ഇരുളില്ലാത്തതാക്കിച്ചെയ്തു് |
| ഏതാവത് | ഇത്രത്തോളമുള്ള | അസ്തം പർവ്വതം | അസ്തമനഗിരിയെ |
| സർവ്വം | എല്ലാററിനേയും | ഗച്ഛതി. | പ്രാപിക്കുന്നു. |

ഏതാവദ്വാനരൈഃ ശക്യം ഗന്തും വാനരപുംഗവാഃ
അഭാസ്കരമമൎയ്യാദം ന ജാനീമസ്തതഃ പരം. 51

| | |
|---|---|
| "വാനരപുംഗവാഃ! | "വാനരോത്തമന്മാരേ! |
| വാനരൈഃ | വാനരന്മാരാൽ |
| ഏതാവത് | ഇതുവരെ മാത്രമേ |
| ഗന്തും ശക്യം; | ചെല്ലുവാൻ കഴിയുകയുള്ളൂ; |

| | |
|---|---|
| അഭാസ്കരം | ആദിത്യനില്ലാത്തതും |
| അമൎയ്യാദം | അതിരററതുമായ |
| തതഃ പരം | അതിന്നപ്പുറം |
| ന ജാനീമഃ. | നമുക്കറിവുള്ളതല്ല. |

അധിഗമ്യ തു വൈദേഹീം നിലയം രാവണസ്യ ച
അസ്തപൎവ്വതമാസാദ്യ പൂൎണ്ണേ മാസേ നിവൎത്തത. 52

| | |
|---|---|
| "അസ്തപൎവ്വതം ആസാദ്യ | "അസ്തമനപൎവ്വതം വരെച്ചെന്നു് |
| രാവണസ്യ നിലയം ച | രാവണന്റെ വസതിയെക്കുറിച്ചും |
| വൈദേഹീം തു | വൈദേഹിയെപ്പററിയും |

| | |
|---|---|
| അധിഗമ്യ, | വിവരങ്ങളറിഞ്ഞു്, |
| മാസേ | ഒരുമാസം |
| പൂൎണ്ണേ | തികയുംമുമ്പെ |
| നിവൎത്തത. | മടങ്ങിവരുവിൻ. |

ഊൎദ്ധ്വം മാസാന്ന വസ്തവ്യം വസൻ വദ്ധ്യോ ഭവേന്മമ. 53

| | |
|---|---|
| "ഊൎദ്ധ്വം മാസാത് | "ഒരു മാസത്തിലധികം |
| വസ്തവ്യം ന; | താമസിക്കപ്പെടാവുന്നതല്ല; |

| | |
|---|---|
| വസൻ | അങ്ങിനെ താമസിക്കുന്നവൻ |
| മമ വദ്ധ്യഃ | എന്റെ മരണശിക്ഷക്കു് പാത്രമായി |
| ഭവേത്. | ഭവിക്കുന്നതാണു്. |

സഹൈവ ശൂരോ യുഷ്മാഭിഃ ശ്വശുരോ മേ ഗമിഷ്യതി
ശ്രോതവ്യം സൎവ്വമേതസ്യ ഭവദ്ഭിൎദ്ദിഷ്ടകാരിഭിഃ. 54

| | |
|---|---|
| "യുഷ്മാഭിഃ സഹ ഏവ | "നിങ്ങളോടൊരുമിച്ചു തന്നെ |
| ശൂരഃ മേ ശ്വശുരഃ | ശൂരനായ എന്റെ ശ്വശുരനും |
| ഗമിഷ്യതി; | വരുന്നതാണു്; |
| ദിഷ്ടകാരിഭിഃ | ആജ്ഞപ്രകാരം പ്രവൎത്തിക്കുന്നവരായ |

| | |
|---|---|
| ഭവദ്ഭിഃ, | നിങ്ങളാൽ, |
| സൎവ്വം | എല്ലാററിന്നും |
| ഏതസ്യ | ഇദ്ദേഹത്തിന്നു്, |
| ശ്രോതവ്യം. | കീഴടങ്ങിയിരിക്കപ്പെടേണ്ടതാണു്. |

ഗുരുരേഷ മഹാബാഹുഃ ശ്വശുരോ മേ മഹാബലഃ
ഭവന്തശ്ചാപി വിക്രാന്താഃ പ്രമാണം സൎവ്വകൎമ്മസു. 55

| | |
|---|---|
| "മഹാബലഃ | "മഹാബലശാലിയും |
| മഹാബാഹുഃ | മഹാബാഹുവും |
| ഗുരുഃ | യോഗ്യനും |
| മേ ശ്വശുരഃ | എന്റെ ശ്വശുരനും ആയ |

| | |
|---|---|
| ഏഷഃ ച | ഇദ്ദേഹവും |
| വിക്രാന്താഃ | പരാക്രമശാലികളായ |
| ഭവന്തഃ അപി | നിങ്ങളും തന്നെയാണു് |
| സൎവ്വകൎമ്മസു | എല്ലാകാൎയ്യങ്ങളിലും |
| പ്രമാണം. | തക്കതുചെയ്യേണ്ടതു്. |

പ്രമാണമേനം സംസ്ഥാപ്യ സൎവ്വതഃ പശ്ചിമാം ദിശം
ഭവന്തഃ പരിപശ്യന്തു യഥാ ദൃശ്യേത ജാനകീ. 56

| | |
|---|---|
| " ജാനകീ | " ജാനകീദേവി |
| യഥാ | എപ്രകാരമായാൽ |
| ദൃശ്യേത, | കണ്ടെത്തപ്പെട്ടുമോ, അപ്രകാരംതന്നെ |
| ഏനം | ഇദ്ദേഹത്തെ |
| പ്രമാണം | നിയന്താവായി |
| സംസ്ഥാപ്യ | വെച്ചുകൊണ്ട് |
| പശ്ചിമാം ദിശം സൎവ്വതഃ | പടിഞ്ഞാറെ ദിക്കെങ്ങും |
| ഭവന്തഃ | നിങ്ങൾ |
| പരിപശ്യന്തു. | നല്ലപോലെ തിരഞ്ഞു നോക്കേണ്ടതാണ്. |

ദൃഷ്ടായാം തു നരേന്ദ്രസ്യ പത്ന്യാമമിതതേജസഃ
കൃതകൃത്യാ ഭവിഷ്യാമഃ കൃതസ്യ പ്രതികൎമ്മണാ. 57

| | |
|---|---|
| " അമിതതേജസഃ | മഹാ തേജസ്വിയായ |
| നരേന്ദ്രസ്യ | പുരുഷോത്തമന്റെ |
| പത്ന്യാം | ധൎമ്മപത്നിയായ സീതാദേവി |
| ദൃഷ്ടായാം തു, | കാണപ്പെട്ടുവെന്നാൽ മാത്രമാണ് |
| കൃതസ്യ | ചെയ്ത ഉപകാരത്തിന്ന് |
| പ്രതികൎമ്മണാ | തക്ക പ്രത്യുപകാരത്താൽ |
| കൃതകൃത്യാഃ | കൃതാൎത്ഥരായി |
| ഭവിഷ്യാമഃ. | നാം ഭവിക്കുക. |

അതോഽന്യദപി യത് കിഞ്ചിത് കാൎയ്യസ്യാസ്യ ഹിതം ഭവേത്
സംപ്രധാൎയ്യ ഭവദ്ഭിശ്ച ദേശകാലാൎത്ഥസംഹിതം. 58

| | |
|---|---|
| " അതഃ | " ഇതു കൂടാതെ |
| യത് അന്യത് കിഞ്ചിത്, | വല്ലതും മറെറാന്ന്, |
| അസ്യ കാൎയ്യസ്യ | ഈ നമ്മുടെ കാൎയ്യത്തിന്നു |
| ഹിതം | ഗുണകരമായി |
| ഭവേത് അപി, | ഉണ്ടെന്നുവരികിൽ, അതും |
| ഭവദ്ഭിഃ | നിങ്ങളാൽ |
| ദേശകാലാൎത്ഥസംഹിതം | ദേശം, കാലം, പ്രയോജനം എന്നിവയ്ക്കു തക്കപോലെ |
| സംപ്രധാൎയ്യ | ആലോചിച്ചുറച്ച് |
| ച." | അപ്രകാരംതന്നെ ചെയ്യപ്പെടേണ്ടതാകുന്നു." |

തതഃ സുഷേണപ്രമുഖാഃ പ്ലവംഗമാഃ സുഗ്രീവവാക്യം നിപുണം നിശമ്യ
ആമന്ത്ര്യ സൎവ്വേ പ്ലവഗാധിപാസ്തേ ജഗ്മുൎദ്ദിശം താം വരുണാഭിഗുപ്താം.

| | |
|---|---|
| തതഃ | ആ സമയം |
| സുഷേണപ്രമുഖാഃ | സുഷേണൻ നായകനായുള്ള |
| പ്ലവഗാധിപാഃ | വാനരോത്തമന്മാരായ |
| തേ പ്ലവംഗമാഃ | ആ വാനരന്മാർ |
| സൎവ്വേ, | എല്ലാവരും, |
| സുഗ്രീവവാക്യം | സുഗ്രീവവാക്യത്തെ |
| നിപുണം | വഴിപോലെ |
| നിശമ്യ, | ശ്രവിച്ച്, |
| ആമന്ത്ര്യ, | വിടചോദിച്ചുകൊണ്ട്, |
| വരുണാഭിഗുപ്താം | വരുണസംരക്ഷിതമായ |
| താം ദിശം | ആ ദിക്കുനോക്കി |
| ജഗ്മുഃ. | പ്രയാണംചെയ്തു. |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ദ്വിചത്വാരിംശഃ സൎഗ്ഗഃ = നാല്പത്തിരണ്ടാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 11102; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1850.

## ത്രിചത്വാരിംശഃ സർഗ്ഗഃ = നാല്പത്തിമൂന്നാംസർഗ്ഗം.

[ഉദീച്യാം ശതബലിപ്രേഷണം = കിഴക്കോട്ടു് ശതബലിയെ പറഞ്ഞയക്കുന്നതു്.]

തതഃ സന്ദിശ്യ സുഗ്രീവഃ ശ്വശുരം പശ്ചിമാം ദിശം
വീരം ശതബലിം നാമ വാനരം വാനരാധിപഃ 1
ഉവാച രാജാ സർവ്വജ്ഞഃ സർവ്വവാനരസത്തമഃ
വാക്യമാത്മഹിതം ചൈവ രാമസ്യ ച ഹിതം തഥാ. 2

| | |
|---|---|
| വാനരാധിപഃ | ഹരീശ്വരനും |
| സർവ്വജ്ഞഃ | വിഷയങ്ങളെല്ലാമറിയുന്നവനും |
| സർവ്വവാനരസത്തമഃ | വാനരന്മാരെല്ലാവരിലുംവെച്ചുത്തമനുമായ |
| സുഗ്രീവഃ രാജാ, | സുഗ്രീവമഹാരാജാവു്, |
| ശ്വശുരം | ശ്വശുരനെ |
| പശ്ചിമാം ദിശം | പടിഞ്ഞാറേദിക്കിലേക്കു് |
| സന്ദിശ്യ | യാത്രയയച്ചു് |
| തതഃ | അതിൽപിന്നെ |
| വീരം | വീരനായ |
| ശതബലിം നാമ | ശതബലിയെന്ന |
| വാനരം | വാനരനെനോക്കി |
| ആത്മഹിതം ച | തനിക്കു് നന്മയുളവാക്കത്തക്കതും |
| തഥാ | അപ്രകാരംതന്നെ |
| രാമസ്യ ച | ശ്രീരാമന്നും |
| ഹിതം ഏവ | പ്രീതികരവുമായ |
| വാക്യം ഉവാച. | ഈ വാക്യത്തെ പറഞ്ഞു. |

വൃതഃ ശതസഹസ്രേണ ത്വദ്വിധാനാം വനൌകസാം
വൈവസ്വതസുതൈഃ സാർദ്ധം പ്രതിഷ്ഠസ്വ സ്വമന്ത്രിഭിഃ. 3

| | |
|---|---|
| "ത്വദ്വിധാനാം | "ഭവാനെപ്പോലെയുള്ള |
| വനൌകസാം | വാനരന്മാരുടെ |
| ശതസഹസ്രേണ | ലക്ഷംപേരാൽ |
| വൃതഃ | ചൂഴപ്പെട്ടവനായും |
| വൈവസ്വതസുതൈഃ | യമതനയന്മാരായ |
| സ്വമന്ത്രിഭിഃ സാർദ്ധം | സ്വന്തം മന്ത്രിമാരോടുകൂടിയും |
| പ്രതിഷ്ഠസ്വ. | യാത്രപുറപ്പെടുക. |

ദിശം ഹ്യുദീചീം വിക്രാന്താം ഹിമശൈലാവതംസകാം
സർവ്വതഃ പരിമാർഗ്ഗധ്വം രാമപത്നീമനിന്ദിതാം. 4

| | |
|---|---|
| "വിക്രാന്താം | "വിശാലമായതും |
| ഹിമശൈലാവതംസകാം ഹി | ഹിമവാൻപർവ്വതം മകുടമായി പരിശോഭിക്കുന്നതുമായ |
| ഉദീചീം ദിശം | വടക്കേദിക്കിൽ |
| സർവ്വതഃ | എങ്ങും |
| അനിന്ദിതാം | കുററമററവളായ |
| രാമപത്നീം | ശ്രീരാമപത്നിയെ |
| പരിമാർഗ്ഗധ്വം. | നല്ലപോലെ അന്വേഷിക്കുവിൻ. |

അസ്മിൻ കാർയ്യേ വിനിർവൃത്തേ കൃതേ ദാശരഥേഃ പ്രിയേ
ഋണാന്മുക്താ ഭവിഷ്യാമഃ കൃതാർത്ഥാർത്ഥവിദാം വരാഃ 5

| | |
|---|---|
| "ദാശരഥേഃ | "ദാശരഥിയുടെ |
| പ്രിയേ കൃതേ | ഇഷ്ടംസാധിച്ചു്, |
| അസ്മിൻ കാർയ്യേ | ഈ കാർയ്യം |
| വിനിർവൃത്തേ, | ശുഭമായി പർയ്യവസാനിച്ചാൽ, |
| ഋണാത് മുക്താഃ | കടംവിട്ടിയവരായി |
| കൃതാർത്ഥാർത്ഥവിദാം വരാഃ | കൃതജ്ഞതയുടെ തത്വത്തെ അറിയുന്നവരിൽവെച്ചു് ഉത്തമന്മാരായി |
| ഭവിഷ്യാമഃ. | നിങ്ങൾ ഭവിക്കുന്നതാണ്. |

കൃതം ഹി പ്രിയമസ്മാകം രാഘവേണ മഹാത്മനാ
തസ്യൈതത് പ്രതികാരോऽസ്തി സഫലം ജീവിതം ഭവേത്. 6

| | | | |
|---|---|---|---|
| "മഹാത്മനാ | "മഹാത്മാവായ | തസ്യ | അദ്ദേഹത്തിന്ന് |
| രാഘവേണ | ശ്രീരാഘവനാൽ | ഏതത് | ഇത് |
| അസ്മാകം | നമുക്ക | പ്രതികാരഃ | ഏററവും പ്രത്യുപകാരം |
| പ്രിയം | വലിയ ഉപകാരം | അസ്തി; | ആകുന്നു; |
| കൃതം; | ചെയ്യപ്പെട്ടു; | ജീവിതം | ജീവിതം |
| ഹി, | അതിനാൽ | സഫലം ഭവേത്. | സഫലമായിഭവിക്കും. |

അർത്ഥിനഃ കാര്യനിർവൃത്തിമകർത്തുരപി യശ്ചരേത്
തസ്യ സ്യാത് സഫലം ജന്മ കിം പുനഃ പൂർവ്വകാരിണഃ. 7

| | | | |
|---|---|---|---|
| "യഃ | "ആരെങ്കിലുമൊരുവൻ, | തസ്യ ജന്മ | അവന്റെ ജന്മം |
| അകർത്തുഃ | ഒരു ഉപകാരവും ചെയ്യാതെ | സഫലം സ്യാത്; | സഫലമായി ഭവിക്കും; |
| അർത്ഥിനഃ, | യാചിക്കുന്ന ഒരുവന്ന്, | പൂർവ്വകാരിണഃ | മുമ്പു ഉപകാരം ചെയ്തവനാണെന്നാൽ |
| കാര്യനിർവൃത്തിം | അപേക്ഷയെ സഫലമാക്കി | കിം പുനഃ? | പിന്നെ പറയേണ്ടതുമുണ്ടോ? |
| ചരേത് അപി, | ചെയ്യുന്നുവെങ്കിൽ, | | |

ഏതാം ബുദ്ധിമവസ്ഥായ ദൃശ്യതേ ജാനകീ യഥാ
തഥാ ഭവദ്ഭിഃ കർത്തവ്യമസ്മത്പ്രിയഹിതൈഷിഭിഃ. 8

| | | | |
|---|---|---|---|
| "അസ്മത് പ്രിയ-ഹിതൈഷിഭിഃ | "എനിക്ക് പ്രിയത്തേയും ഹിതത്തേയും ആഗ്രഹിക്കുന്നവരായ | ജാനകീ | ജാനകീദേവി |
| ഭവദ്ഭിഃ, | നിങ്ങളാൽ, | യഥാ | എപ്രകാരമായാൽ |
| ഏതാം ബുദ്ധിം | ഈ അഭിപ്രായത്തെ | ദൃശ്യതേ | കണ്ടെത്തപ്പെടുമോ |
| അവസ്ഥായ, | ദൃഢമായിക്കൈക്കൊണ്ട്, | തഥാ | അപ്രകാരംതന്നെ |
| | | കർത്തവ്യം | ചെയ്യപ്പെടേണ്ടതാണ്. |

അയം ഹി സർവ്വഭൂതാനാം മാന്യസ്തു നരസത്തമഃ
അസ്മാസു ചാഗതപ്രീതീ രാമഃ പരപുരഞ്ജയഃ. 9

| | | | |
|---|---|---|---|
| "അയം | "ഈ | അസ്മാസു തു | നമ്മെക്കുറിച്ചാണെങ്കിൽ |
| രാമഃ ഹി | ശ്രീരാഘവനാകട്ടെ | ആഗതപ്രീതിഃ; | അതി വാത്സല്യമുള്ളവൻ; |
| നരസത്തമഃ; | പുരുഷോത്തമൻ; | ച | എന്നുമാത്രമല്ല |
| സർവ്വഭൂതാനാം | എല്ലാപ്രാണികൾക്കും | പരപുരഞ്ജയഃ. | ഏതിലും വിജയിയായി ശോഭിക്കുന്നവൻ. |
| മാന്യഃ; | സംപൂജ്യൻ; | | |

ഇമാനി വനദുർഗ്ഗാണി നദ്യഃ ശൈലാന്തരാണി ച
ഭവന്തഃ പരിമാർഗ്ഗന്തു ബുദ്ധിവിക്രമസംപദാ. 10

| | |
|---|---|
| "ഭവന്തഃ | "നിങ്ങൾ |
| ബുദ്ധിവിക്രമസംപദാ | ബുദ്ധിയും പൌരുഷവും കയ്യൊണ്ട്, |
| വനദുർഗ്ഗാണി | വനങ്ങൾ, ദുർഗ്ഗങ്ങൾ |
| നദ്യഃ | നദികൾ |
| ശൈലാന്തരാണി ച | മലപ്രദേശങ്ങൾ തുടങ്ങിയ |
| ഇമാനി | ഇവിടെയെല്ലാം |
| പരിമാർഗ്ഗന്തു. | സഞ്ചരിച്ച് തിരയുവിൻ. |

തത്ര മ്ലേച്ഛാൻ പുളിന്ദാംശ്ച ശൂരസേനാംസ്തഥൈവ ച
പ്രസ്ഥലാൻ ഭരതാംശ്ചൈവ കുരൂംശ്ച സഹമദ്രകൈഃ 11
കാംബോജാൻ യവനാംശ്ചൈവ ശകാനാരട്ടകാനപി
ബാഹ്ലീകാനൃഷികാംശ്ചൈവ പൌരവാനഥ ടങ്കണാൻ 12
ചീനാൻ പരമചീനാംശ്ച നീഹാരാംശ്ച പുനഃ പുനഃ
അന്വിഷ്യ ദരദാംശ്ചൈവ ഹിമവന്തം വിചിന്വഥ. 13

| | |
|---|---|
| "തത്ര | "അവിടെ |
| മ്ലേച്ഛാൻ | മ്ലേച്ഛരാജ്യങ്ങളേയും |
| പുളിന്ദാൻ ച | പുളിന്ദദേശങ്ങളേയും |
| തഥാ | അതുപോലെതന്നെ |
| ശൂരസേനാൻ ച ഏവ | ശൂരസേനരാജ്യങ്ങളേയും |
| പ്രസ്ഥലാൻ ച | പ്രസ്ഥലനാട്ടുകളേയും |
| ഭരതാൻ ഏവ | ഭരതരാജ്യങ്ങളേയും |
| മദ്രകൈഃ സഹ | മദ്രകങ്ങളോടുകൂടി |
| കുരൂൻ ച | കുരുരാജ്യങ്ങളേയും |
| കാംബോജാൻ ച | കാംബോജങ്ങളേയും |
| യവനാൻ ഏവ | യവനരാജ്യങ്ങളേയും |
| ശകാൻ | ശകരാജ്യങ്ങളേയും |
| ആരട്ടകാൻ അപി | ആരട്ടകരാജ്യങ്ങളേയും |
| ബാഹ്ലീകാൻ ച | ബാഹ്ലീകദേശങ്ങളേയും |
| ഋഷികാൻ ഏവ | ഋഷികരാജ്യങ്ങളേയും |
| പൌരവാൻ അഥ | പൌരവരാജ്യങ്ങളേയും |
| ടങ്കണാൻ | ടങ്കണദേശങ്ങളേയും |
| ചീനാൻ | ചീനരാജ്യങ്ങളേയും |
| പരമചീനാൻ ച | പരമചീനങ്ങളേയും |
| നീഹാരാൻ ച | നീഹാരങ്ങളേയും |
| ദരദാൻ ച | ദരദങ്ങളേയും |
| പുനഃ പുനഃ | വീണ്ടും വീണ്ടും |
| അന്വിഷ്യ ഏവ | തിരഞ്ഞ് |
| ഹിമവന്തം | ഹിമവാനിലും |
| വിചിന്വഥ. | അന്വേഷിക്കുവിൻ. |

["പുളിന്ദദേശം" (Bundlekhand) ബൻഡൽഖണ്ഡ് എന്ന ജില്ലയുടെ പടിഞ്ഞാറെ ഭാഗവും, (Sagar) സാഗർ ജില്ലയും ചേന്ന പ്രദേശമാകുന്നു. യമുനാനദി ഉത്ഭവിക്കുന്ന പ്രദേശമാണെന്നും പക്ഷം; മ്ലേച്ഛദേശം സംസ്കൃതഭാഷ സംസാരിക്കാത്തവർ താമസിച്ചിരുന്ന പ്രദേശമാകുന്നു; ശൂരസേനരാജ്യം മുമ്പുപറഞ്ഞ ശൂരരാജ്യങ്ങൾതന്നെ; അതിന്നു പടിഞ്ഞാറായി മത്സ്യദേശത്തിന്ന് (Jeypur Alwar) അടുത്തായി ആകുന്നു 'പ്രസ്ഥലം'-ഇതിൽ സുശർമ്മാവ് (അഥവാ ത്രിഗർത്തൻ) വാണിരുന്നതായി ദ്രോണപർവ്വത്തിൽ പറയുന്നു "സുശർമ്മാ ച നരവ്യാഘ്രസ്ത്രിഗർത്തഃ പ്രസ്ഥലാധിപഃ."; "മദ്രദേശം" ചിനാബ്, റാവി എന്ന നദികൾക്കിടയിലുള്ള രാജ്യമാകുന്നു; "കുരുരാജ്യം" മത്സ്യദേശത്തിന്നു വടക്കായി, ഡെൽഹിക്ക് വടക്കുപടിഞ്ഞാറായുള്ള പ്രദേശമാകുന്നു; "കാംബോജം" സിന്ധുനദിക്ക് പടിഞ്ഞാറായുള്ള അഫ്ഘാനിസ്ഥാനമാകുന്നു; "ശകരാജ്യം" അതിന്നും വടക്കായി (Juxartes) നദിയുടെ തീരത്തിലുള്ള പ്രദേശമാകുന്നു; "ആര

ട്ടദേശം" പഞ്ചാബ് സംസ്ഥാനത്തിൽ, ബാഹ്ളീകരാജ്യത്തിൽപെട്ട (Attock) അട്ടോക് എന്ന ജില്ലയാണെന്ന പറയപ്പെടുന്നു; "ഋഷീകം" റഷ്യയാകുന്നു; "ടങ്കണം" വടക്കുപടിഞ്ഞാറെ അതിർത്തിസംസ്ഥാനത്തിൽ ബന്നു (Bannu) ജില്ല ഉൾപ്പെട്ട പ്രദേശമാണെന്ന പക്ഷം; "ചീനം" (China) "പരമചീനം" മംഗോളിയയാണെന്ന പറയപ്പെടുന്നു; 'ദരദം' സിന്ധുനദിക്ക് വടക്കുപടിഞ്ഞാറായി കാശ്മീരത്തിൽ ജലാലബാദ്, ഷാരിഫ് എന്ന പ്രദേശങ്ങളാകുന്നു.]

ലോധ്രപത്മകഷണ്ഡേഷു ദേവദാരുവനേഷു ച
രാവണഃ സഹ വൈദേഹ്യാ മാർഗ്ഗിതവ്യസ്തതസ്തതഃ. 14

| | | | |
|---|---|---|---|
| "ലോധ്രപത്മകഷണ്ഡേഷു | "പാച്ചോററി പതിമുകം എന്നവയുടെ വനങ്ങളിലും | രാവണഃ | രാവണൻ |
| ദേവദാരുവനേഷു ച | ദേവതാരവനങ്ങളിലും | വൈദേഹ്യാ സഹ | സീതാദേവിയോടുകൂടി |
| തതഃ തതഃ | എല്ലാഭാഗങ്ങളിലും | മാർഗ്ഗിതവ്യഃ. | തിരയപ്പെടേണ്ടവനാണ്. |

തതഃ സോമാശ്രമം ഗത്വാ ദേവഗന്ധർവ്വസേവിതം
കാലം നാമ മഹാസാനും പർവ്വതം തു ഗമിഷ്യഥ. 15

| | | | |
|---|---|---|---|
| "ദേവഗന്ധർവ്വസേവിതം | "ദേവന്മാരാലും ഗന്ധർവ്വന്മാരാലും അധിവസിക്കപ്പെട്ട | തതഃ | അതിൽപിന്നെ |
| | | മഹാസാനും | വലിയ താഴ്വരകളാർന്ന |
| സോമാശ്രമം | സോമാശ്രമത്തെ | കാലം നാമ | 'കാല'മെന്ന |
| ഗത്വാ | പ്രാപിച്ച് | പർവ്വതം തു | പർവ്വതത്തേയും |
| | | ഗമിഷ്യഥ. | പ്രാപിക്കുവിൻ. |

മഹത്സു തസ്യ ശൈലസ്യ നിർദരേഷു ഗുഹാസു ച
വിചിനുധ്വം മഹാഭാഗാം രാമപത്നീം തതസ്തതഃ. 16

| | | | |
|---|---|---|---|
| "തസ്യ ശൈലസ്യ | "ആ മലയിലുള്ള | തതഃ തതഃ | എങ്ങും |
| | | മഹാഭാഗാം | പുണ്യവതിയായ |
| മഹത്സു നിർദരേഷു | വലുതായ പിളർപ്പുകളിലും | രാമപത്നീം | ശ്രീരാമപത്നിയെ |
| ഗുഹാസു ച | ഗുഹകളിലും | വിചിനുധ്വം. | അന്വേഷിക്കുവിൻ. |

തമതിക്രമ്യ ശൈലേന്ദ്രം ഹേമഗർഭം മഹാഗിരിം
തതഃ സുദർശനം നാമ ഗന്തുമർഹഥ പർവ്വതം. 17

| | | | |
|---|---|---|---|
| "തം ശൈലേന്ദ്രം | "ആ ശ്രേഷ്ഠശൈലത്തെ | ഹേമഗർഭം | ഉള്ളിൽ സ്വർണ്ണമാർന്നതുമായ |
| അതിക്രമ്യ | കടന്ന്, | | |
| തതഃ | അവിടെനിന്നും | സുദർശനം നാമ പർവ്വതം | സുദർശനമെന്ന മലയിലേക്ക |
| മഹാഗിരിം | പർവ്വതങ്ങളിൽ വെച്ച് ശ്രേഷ്ഠവും | ഗന്തും അർഹഥ. | പോകേണ്ടതാണ്. |

തതോ ദേവസഖോ നാമ പൎവ്വതഃ പതഗാലയഃ
നാനാപക്ഷിഗണാകീൎണ്ണോ വിവിധദ്രുമഭൂഷിതഃ. 18

| | |
|---|---|
| " തതഃ | അവിടെ |
| നാനാപക്ഷിഗണാകീൎണ്ണഃ | പല പക്ഷികളാൽ നിറയപ്പെട്ടതും |
| പതഗാലയഃ | പക്ഷികൾക്കിരിപ്പിടമായുള്ളതും |
| വിവിധദ്രുമഭൂഷിതഃ | പലവിധ വൃക്ഷങ്ങളാൽ പരിശോഭിക്കുന്നതുമായ |
| ദേവസഖഃ നാമ | ദേവസഖം എന്ന |
| പൎവ്വതഃ. | പൎവ്വതമുണ്ട്. |

തസ്യ കാനനഷണ്ഡേഷു നിൎഝരേഷു ഗുഹാസു ച
രാവണഃ സഹ വൈദേഹ്യാ മാൎഗ്ഗിതവ്യസ്തതസ്തതഃ. 19

| | |
|---|---|
| " തസ്യ | " അതിലെ |
| കാനനഷണ്ഡേഷു | വന നിരകളിലും |
| നിൎഝരേഷു | ചോലകളിലും |
| ഗുഹാസു ച | ഗുഹകളിലും |
| തതഃ തതഃ | എല്ലാ ദിക്കുകളിലും |
| രാവണഃ | രാവണൻ |
| വൈദേഹ്യാ സഹ | വൈദേഹിയോടു കൂടി |
| മാൎഗ്ഗിതവ്യഃ. | തിരയപ്പെടേണ്ടതാണ്. |

തമതിക്രമ്യ ചാകാശം സൎവ്വതഃ ശതയോജനം
അപൎവ്വതനദീവൃക്ഷം സൎവ്വസത്വവിവൎജ്ജിതം. 20

| | |
|---|---|
| " തം അതിക്രമ്യ | " അതിനെ കടന്ന് |
| സൎവ്വതഃ | എല്ലാഭാഗങ്ങളിലും |
| ശതയോജനം | നൂറു യോജന നീണ്ടതും |
| അപൎവ്വതനദീവൃക്ഷം | മല, നദി, വൃക്ഷമെന്നവയൊന്നുമില്ലാത്തതും |
| സൎവ്വസത്വവിവൎജ്ജിതം ച | ജീവികളൊന്നുമില്ലാത്തതുമായ |
| ആകാശം. | ഒരു തുറന്ന പ്രദേശമാകുന്നു. |

തം തു ശീഘ്രമതിക്രമ്യ കാന്താരം രോമഹൎഷണം
കൈലാസം പാണ്ഡുരം ശൈലം പ്രാപ്യ ഹൃഷ്ടാ ഭവിഷ്യഥ. 21

| | |
|---|---|
| " തം | " ആ |
| രോമഹൎഷണം | രോമഞ്ചമുണ്ടാക്കുന്നതാ[യ |
| കാന്താരം തു | മരുപ്രദേശത്തെയും |
| ശീഘ്രം | വേഗത്തിൽ |
| അതിക്രമ്യ, | കടന്ന്, |
| പാണ്ഡുരം | വെണ്മയുള്ള |
| കൈലാസം ശൈലം | കൈലാസപൎവ്വതത്തെ |
| പ്രാപ്യ | പ്രാപിച്ചാൽ |
| ഹൃഷ്ടാഃ | സന്തുഷ്ടിയോടുകൂടിയവരായി |
| ഭവിഷ്യഥ. | ഭവിക്കുന്നതാണ്. |

തത്ര പാണ്ഡുരമേഘാഭം ജാംബൂനദപരിഷ്കൃതം
കുബേരഭവനം രമ്യം നിൎമ്മിതം വിശ്വകൎമ്മണാ. 22

| | |
|---|---|
| " തത്ര | " അവിടെ |
| പാണ്ഡുരമേഘാഭം | വെള്ളക്കാറൊത്തതും |
| ജാംബൂനദപരിഷ്കൃതം | സ്വൎണ്ണത്താൽ അലങ്കരിക്കപ്പെട്ടതും |
| വിശ്വകൎമ്മണാ | വിശ്വകൎമ്മാവിനാൽ |
| രമ്യം | കമനീയമാകുംവണ്ണം |
| നിൎമ്മിതം | നിൎമ്മിക്കപ്പെട്ടതുമായ |
| കുബേരഭവനം. | കുബേരന്റെ മണിമാളികയുണ്ട്. |

വിശാലാ നളിനീ യത്ര പ്രഫുല്ലകമലോത്പലാ
ഹംസകാരണ്ഡവാകീൎണ്ണാ ഹ്യപ്സരോഗണസേവിതാ 23

| | | | |
|---|---|---|---|
| "യത്ര ഹി | "യാതൊരു അതിൽ | ഹംസ— കാരണ്ഡവാ- കീൎണ്ണാ | അരയന്നങ്ങളോടും നീൎക്കോഴികളോടുംകൂടിയതായി |
| വിശാലാ | വിശാലമായ | അപ്സരോഗണ- സേവിതാ. | അപ്സരസ്സുകളാൽ ഉപയോഗിക്കപ്പെട്ടതായി |
| നളിനീ | ഒരു താമരപ്പൊയ്ക | | പരിലസിക്കുന്നുണ്ടു്. |
| പ്രഫുല്ലകമ- ലോത്പലാ | താമര, ആമ്പൽ എന്നവയാൽ നിറയപ്പെട്ട് | | |

തത്ര വൈശ്രവണോ രാജാ സൎവ്വഭൂതനമസ്കൃതഃ
ധനദോ രമതേ ശ്രീമാൻ ഗുഹ്യകൈഃ സഹ യക്ഷരാട്. 24

| | | | |
|---|---|---|---|
| "തത്ര | "അതിൽ | വൈശ്രവണഃ | വിശ്രവസ്സിന്റെ പുത്രനമായ |
| യക്ഷരാട് | യക്ഷന്മാൎക്കധിപനും | ധനദഃ രാജാ | രാജാവായ കുബേരൻ |
| ശ്രീമാൻ | ഐശ്വൎയ്യസമ്പന്നനും | ഗുഹ്യകൈഃ സഹ | ഭണ്ഡാരരക്ഷകന്മാരായ ഗുഹ്യകരോടുംകൂടി |
| സൎവ്വഭൂത- നമസ്കൃതഃ | സൎവ്വപ്രാണികളാലും വന്ദിക്കപ്പെട്ടവനും | രമതേ. | പാൎത്തുവരുന്നു. |

തസ്യ ചന്ദ്രനികാശേഷു പൎവ്വതേഷു ഗുഹാസു ച
രാവണഃ സഹ വൈദേഹ്യാ മാൎഗ്ഗിതവ്യസ്തതസ്തതഃ. 25

| | | | |
|---|---|---|---|
| "തസ്യ | "അതിലുള്ള | രാവണഃ | രാവണൻ |
| ചന്ദ്രനികാശേഷു | ചന്ദ്രതുല്യപ്രകാശമാ[ൎന്ന | വൈദേഹ്യാ സഹ | സീതാദേവിയോടുകൂടി |
| പൎവ്വതേഷു | കുന്നുകളിലും | | |
| ഗുഹാസു ച | ഗുഹകളിലും | മാൎഗ്ഗിതവ്യഃ | തിരയപ്പെടേണ്ടവനാണ്. |
| തതഃ തതഃ | എങ്ങും | | |

ക്രൌഞ്ചം തു ഗിരിമാസാദ്യ ബിലം തസ്യ സുദുൎഗ്ഗമം
അപ്രമത്തൈഃ പ്രവേഷ്ടവ്യം ദുഷ്പ്രവേശം ഹി തത് സ്മൃതം. 26

| | | | |
|---|---|---|---|
| "ക്രൌഞ്ചം | ക്രൌഞ്ചമെന്ന | പ്രവേഷ്ടവ്യം; | പ്രവേശിക്കത്തക്കതാ[ണ്; |
| ഗിരിം ആസാദ്യ, | പൎവ്വതത്തെ പ്രാപിച്ച്, | ഹി | എന്തെന്നാൽ |
| തസ്യ | അതിന്റെ | തത് | അത് |
| സുദുൎഗ്ഗമം | ദുഷ്പ്രവേശ്യമായ | ദുഷ്പ്രവേശം | കടക്കുവാൻ പ്രയാസമേറിയതാണെന്ന് |
| ബിലം തു | ഗുഹയും | | |
| അപ്രമത്തൈഃ | അതിജാഗ്രതയോടുകൂടിത്തന്നെ നിങ്ങളാൽ | സ്മൃതം. | പറയപ്പെട്ടിരിക്കുന്നു. |

[താരകാസുരനുമായുള്ള യുദ്ധത്തിൽ സുബ്രഹ്മണ്യൻ താരകനെ വധിച്ച്, അസുരന്മാരെല്ലാം ഓടി രക്ഷപ്രാപിച്ചസമയം, ബലിപുത്രനായ ബാണാസുരൻ ക്രൌഞ്ചപൎവ്വതത്തിലൊളിച്ചിരുന്ന് ദേവന്മാരെ ബാധിച്ചുകൊണ്ടിരുന്നു. അവനുമായുള്ള യുദ്ധത്തിൽ ക്രൌഞ്ചപൎവ്വതത്തെ ചുററി ബാണൻ ഓടിക്കൊണ്ടിരുന്നപ്പോൾ, ഭഗവാൻ അഗ്നിദത്തമായ വേലിനെ പ്രയോഗിച്ചു. അതു് മലയെ തുളച്ചുംകൊണ്ട് അപ്പുറത്തേക്കുചെന്ന് അസുരനെ നിഗ്രഹിച്ചു. ഈ ദ്വാരത്തിന് 'ക്രൌഞ്ചദ്വാരം'' എന്നു പറയുന്നു (ശല്യപൎവ്വം).]

വസന്തി ഹി മഹാത്മാനസ്തത്ര സൂൎയ്യസമപ്രഭാഃ
ദേവൈരപ്യൎച്ചിതാഃ സമ്യഗ്ദേവരൂപാ മഹൎഷയഃ. 27

| | | | |
|---|---|---|---|
| "തത്ര ഹി | "അതിൽതന്നെയാണു് | സമ്യക് | ഭക്തിപൂൎവ്വം |
| സൂൎയ്യസമപ്രഭാഃ | സൂൎയ്യസമകാന്തിയാന്ന വരും | അൎച്ചിതാഃ | പൂജിക്കപ്പെട്ടവരുമായ |
| | | മഹാത്മാനഃ | മഹാത്മാക്കളായ |
| ദേവരൂപാഃ | ദേവരൂപികളും | മഹൎഷയഃ | മഹൎഷിമാർ |
| ദേവൈഃ അപി | ദേവന്മാരാലും | വസന്തി. | നിവസിക്കുന്നതു്. |

ക്രൌഞ്ചസ്യ തു ഗുഹാശ്ചാന്യാഃ സാനൂനി ശിഖരാണി ച
നിൎഝരാശ്ച നിതംബാശ്ച വിചേതവ്യാസ്തതസ്തതഃ. 28

| | | | |
|---|---|---|---|
| "ക്രൌഞ്ചസ്യ | "ക്രൌഞ്ചപൎവ്വതത്തിന്റെ | നിൎഝരാഃ ച | മലയരുവികളും |
| അന്യാഃ | മററു | നിതംബാഃ ച | പൎവ്വതപാൎശ്വങ്ങളും |
| ഗുഹാഃ ച | ഗുഹകളും | തതഃ തതഃ തു | എങ്ങും |
| സാനൂനി | താഴ്വരകളും | വിചേതവ്യാഃ. | തിരയപ്പെടേണ്ടവയാണു്. |
| ശിഖരാണി ച | കൊടുമുടികളും | | |

ക്രൌഞ്ചസ്യ ശിഖരം ചാപി നിരീക്ഷ്യ ച തതസ്തതഃ
അവൃക്ഷം കാമശൈലം ച മാനസം വിഹഗാലയം 29
ന ഗതിസ്തത്ര ഭൂതാനാം ദേവദാനവരക്ഷസാം
സ ച സൎവ്വൈൎവ്വിചേതവ്യഃ പൎവ്വതോ ബഹുകന്ദരഃ. 30

| | | | |
|---|---|---|---|
| "ക്രൌഞ്ചസ്യ ശിഖരം ച | "ക്രൌഞ്ചപൎവ്വതത്തിന്റെ ശിഖരത്തേയും | പൎവ്വതഃ ച | ക്രൌഞ്ചപൎവ്വതവും |
| അവൃക്ഷം | വൃക്ഷമില്ലാത്ത | സൎവ്വൈഃ | നിങ്ങളെല്ലാവരാലും |
| കാമശൈലം ച | കാമപൎവ്വതത്തേയും | തതഃ തതഃ | എല്ലാദിക്കിലും |
| വിഹഗാലയം | പക്ഷികളുടെ പാൎപ്പിടമായ | വിചേതവ്യഃ ; | തിരയപ്പെടേണ്ടതാണു്; |
| മാനസം അപി | മാനസ സരസ്സിനേയും | തത്ര | അതിൽ |
| നിരീക്ഷ്യ ച, | തിരഞ്ഞു്, | ഭൂതാനാം | പ്രാണികൾക്കും |
| ബഹുകന്ദരഃ സഃ | ഒട്ടനവധി ഗുഹകളുള്ള അ | ദേവദാനവരക്ഷസാം | ദേവന്മാൎക്കും, ദാനവന്മാൎക്കും, രാക്ഷസൎക്കും |
| | | ഗതിഃ ന. | കടന്നു ചെല്ലുവാൻ കഴിവുള്ളതല്ല. |

ക്രൌഞ്ചം ഗിരിമതിക്രമ്യ മൈനാകോ നാമ പൎവ്വതഃ
മയസ്യ ഭവനം തത്ര ദാനവസ്യ സ്വയം കൃതം. 31

| | | | |
|---|---|---|---|
| "ക്രൌഞ്ചം ഗിരിം | "ക്രൌഞ്ചപൎവ്വതത്തെ | തത്ര | അതിൽ |
| | | ദാനവസ്യ | ദാനവനായ |
| അതിക്രമ്യ, | കടന്നാൽ, | മയസ്യ ഭവനം | മയന്റെ മന്ദിരം |
| മൈനാകഃ നാമ പൎവ്വതഃ ; | മൈനാകമെന്ന പൎവ്വതമുണ്ടു് ; | സ്വയം | തന്നാൽ തന്നെ |
| | | കൃതം. | നിൎമ്മിക്കപ്പെട്ടിരിക്കുന്നു. |

മൈനാകസ്തു വിചേതവ്യഃ സസാനുപ്രസ്ഥഭൂതലഃ
സ്ത്രീണാമശ്വമുഖീനാം ച നികേതാസ്തത്ര തത്ര തു. 32

| | | | |
|---|---|---|---|
| "തത്ര തത്ര തു | "അതിൽ അവിടവിടെയായി | മൈനാകഃ തു | മൈനാകവും |
| അശ്വമുഖീനാം സ്ത്രീണാം | കിന്നര സ്ത്രീകളുടെ | സസാനുപ്രസ്ഥഭൂതലഃ ച | താഴ്വരകൾ, പീഠഭൂമികൾ, ഭൂപ്രദേശങ്ങൾ ഇവകളടക്കം |
| നികേതാഃ; | വസതികളുണ്ട്; | വിചേതവ്യഃ. | തിരയത്തക്കതാകുന്നു. |

തം ദേശം സമതിക്രമ്യ ആശ്രമം സിദ്ധസേവിതം
സിദ്ധാ വൈഖാനസാസ്തത്ര വാലഖില്യാശ്ച താപസാഃ. 33

| | | | |
|---|---|---|---|
| "തം ദേശം | "ആ സ്ഥലവും | സിദ്ധാഃ | സിദ്ധന്മാർ |
| സമതിക്രമ്യ | കടന്നാൽ, | വൈഖാനസാഃ | വൈഖാനസന്മാർ |
| സിദ്ധസേവിതം | സിദ്ധന്മാരാലധിവസിക്കപ്പെട്ട | വാലഖില്യാഃ | വാലഖില്യന്മാർ |
| ആശ്രമം; | ഒരാശ്രമമുണ്ട്; | താപസാഃ. | മുതലായ താപസന്മാർ നിവസിക്കുന്നു. |
| തത്ര ച | അതിലും | | |

വന്ദ്യാസ്തേ തു തപഃസിദ്ധാസ്തപസാ വീതകല്മഷാഃ
പ്രഷ്ടവ്യാ ചാപി സീതായാഃ പ്രവൃത്തിൎവിനയാന്വിതൈഃ. 34

| | | | |
|---|---|---|---|
| "തപഃസിദ്ധാഃ | "തപസ്സിന്റെ ഫലത്തെ പ്രാപിച്ചവരും | സീതായാഃ | സീതാദേവിയുടെ |
| തപസാ | തപസ്സിനാൽ | പ്രവൃത്തിഃ അപി ച | തല്ക്കാലസ്ഥിതിയും |
| വീതകല്മഷാഃ | പരിശുദ്ധിയാൎന്നവരുമായ | വിനയാന്വിതൈഃ | വിനയത്തോടുകൂടിയ നിങ്ങളാൽ |
| തേ തു | അവരും | പ്രഷ്ടവ്യാ. | ചോദിച്ചറിയപ്പെടേണ്ടതാണ്. |
| വന്ദ്യാഃ; | വന്ദിക്കപ്പെടേണ്ടവരാകുന്നു; | | |

ഹേമപുഷ്കരസംഛന്നം തസ്മിൻ വൈഖാനസം സരഃ
തരുണാദിത്യസങ്കാശൈൎഹംസൈൎവിചരിതം ശുഭൈഃ. 35

| | | | |
|---|---|---|---|
| "തസ്മിൻ | "അതിൽ | ശുഭൈഃ | ഭംഗിയേറിയ |
| ഹേമപുഷ്കര-സംഛന്നം | പൊൻതാമരകൾകൊണ്ട് തിങ്ങി നിറയപ്പെട്ടതും | ഹംസൈഃ | ഹംസങ്ങളാൽ |
| തരുണാദിത്യ-സങ്കാശൈഃ | ബാലാൎക്കസദൃശവും | വിചരിതം | നിവസിക്കപ്പെട്ടതുമായ |
| | | വൈഖാനസം സരഃ. | വൈഖാനസസരസ്സുണ്ട്. |

ഔപവാഹ്യഃ കുബേരസ്യ സാൎവ്വഭൌമ ഇതി ശ്രുതഃ
ഗജഃ പൎയ്യേതി തം ദേശം സദാ സഹ കരേണുഭിഃ. 36

| | | | |
|---|---|---|---|
| "കുബേരസ്യ | "കുബേരന്റെ | സദാ | എല്ലായ്പോഴും |
| ഔപവാഹ്യഃ | വാഹനമായ | കരേണുഭിഃ സഹ | പിടികളൊന്നിച്ച് |
| സാൎവ്വഭൌമഃ ഇതി | സാൎവ്വഭൌമം എന്നു | തം ദേശം | ആ പ്രദേശത്തിൽ |
| ശ്രുതഃ ഗജഃ | പറയപ്പെടുന്ന ആന | പൎയ്യേതി. | സഞ്ചരിക്കുന്നു. |

തത്സരഃ സമതിക്രമ്യ നഷ്ടചന്ദ്രദിവാകരം
അനക്ഷത്രഗണം വ്യോമ നിഷ്പയോദമനാദിമത്. 37

| | | | |
|---|---|---|---|
| “ തത് സരഃ | “ ആ പൊയ്കയെ | അനക്ഷത്രഗണം | നക്ഷത്രഗണങ്ങളില്ലാത്തതും |
| സമതിക്രമ്യ, | കടന്നാൽ, | നിഷ്പയോദം | മേഘമില്ലാത്തതും |
| നഷ്ടചന്ദ്ര-ദിവാകരം | ചന്ദ്രസൂൎയ്യന്മാരില്ലാത്തതും | അനാദിമത് | ആരംഭമേതെന്നറിയാത്തതുമായ |
| | | വ്യോമ. | ആകാശമാകുന്നു. |

ഗഭസ്തിഭിരിവാൎക്കസ്യ സ തു ദേശഃ പ്രകാശതേ
വിശ്രാമ്യദ്ഭിഃ തപഃസിദ്ധൈൎദ്ദേവകല്പൈഃ സ്വയംപ്രഭൈഃ. 38

| | | | |
|---|---|---|---|
| “ സഃ ദേശഃ | “ ആ പ്രദേശം | തപഃസിദ്ധൈഃ, | തപഃസിദ്ധി കൈവന്നവരാൽ, |
| സ്വയംപ്രഭൈഃ | സ്വതേജസ്സാൽ പ്രകാശിക്കുന്നവരും | അൎക്കസ്യ ഗഭസ്തിഭിഃ | സൂൎയ്യഭഗവാന്റെ കിരണങ്ങളാൽ |
| ദേവകല്പൈഃ | ദേവതുല്യന്മാരും | ഇവ തു, | എന്നപോലെ, |
| വിശ്രാമ്യദ്ഭിഃ | വിശ്രമിക്കുന്നവരുമായ | പ്രകാശതേ. | പ്രകാശിക്കുന്നു. |

തം തു ദേശമതിക്രമ്യ ശൈലോദാ നാമ നിമ്നഗാ. 39

| | | | |
|---|---|---|---|
| “ തം ദേശം തു അതിക്രമ്യ, | “ ആ പ്രദേശത്തേയും കടന്നശേഷം, | ശൈലോദാ നാമ | ശൈലോദമെന്ന |
| | | നിമ്നഗാ. | ഒരു നദിയുണ്ട്. |

ഉഭയോസ്തീരയോസ്തസ്യാഃ കീചകാ നാമ വേണവഃ
തൈശ്ച യാന്തി പാരം പാരം സിദ്ധാൻ പ്രത്യാനയന്തി ച. 40

| | | | |
|---|---|---|---|
| “ തസ്യാഃ | “ അതിന്റെ | തൈഃ ച | അവരോടുകൂടിതന്നെ |
| ഉഭയോഃ തീരയോഃ | ഇരുകരകളിലുമുള്ള | പാരം പാരം | അക്കരയ്ക്കു |
| കീചകാഃ നാമ | കീചകങ്ങളെന്നുപേരുള്ള | യാന്തി; | ചെല്ലുന്നു; |
| വേണവഃ | മുളകൾ, | സിദ്ധാൻ | ആ സിദ്ധന്മാരെ |
| | | പ്രത്യാനയന്തി ച. | തിരിച്ചുകൊണ്ടുവരികയുംചെയ്യുന്നു. |

ഉത്തരാഃ കുരവസ്തത്ര കൃതപുണ്യപ്രതിശ്രയാഃ. 41

| | | | |
|---|---|---|---|
| “ കൃതപുണ്യ-പ്രതിശ്രയാഃ | “ പുണ്യാത്മാക്കൾക്കിരിപ്പിടമായ | ഉത്തരാഃ കുരവഃ | ഉത്തരകുരുദേശങ്ങൾ |
| | | തത്ര. | അവിടെയാകുന്നു. |

തതഃ കാഞ്ചനപദ്മാഭിഃ പദ്മിനീഭിഃ കൃതോദകാഃ
നീലവൈഡൂൎയ്യപത്രാഭിൎന്നദ്യസ്തത്ര സഹസ്രശഃ. 42

| | | | |
|---|---|---|---|
| "തതഃ | "അതിന്നപ്പുറം | പദ്മിനീഭിഃ | താമരപ്പൊയ്കകളാൽ |
| കാഞ്ചന-പദ്മാഭിഃ | പൊൻതാമരയുള്ളവയും | കൃതോദകാഃ നദ്യഃ | വെള്ളംനിറഞ്ഞ് പ്രവഹിക്കുന്ന നദികൾ |
| നീല-വൈഡൂൎയ്യ-പത്രാഭിഃ | ഇന്ദ്രനീലം, വൈഡൂൎയ്യം എന്നവകളാൽ നിൎമ്മിതമായ ഇലകളോടുകൂടിയവയുമായ | തത്ര സഹസ്രശഃ. | അവിടെ ആയിരക്കണക്കിലുണ്ട്. |

രക്തോത്പലവനൈശ്ചാത്ര മണ്ഡിതാശ്ച ഹിരണ്മയൈഃ
തരുണാദിത്യസങ്കാശൈൎഭാന്തി തത്ര ജലാശയാഃ. 43

| | | | |
|---|---|---|---|
| "തത്ര അത്ര | "ആ ഈ പ്രദേശത്തിൽ | രക്തോത്പല-വനൈഃ | ചെന്താമരകളാൽ |
| ഹിരണ്മയൈഃ | സ്വൎണ്ണമയവും | മണ്ഡിതാഃ ച | പരിശോഭിക്കുന്ന |
| തരുണാദിത്യ സങ്കാശൈഃ | ബാലാദിത്യസങ്കാശങ്ങളും ആയ | ജലാശയാഃ ച ഭാന്തി. | ജലാശയങ്ങളും ഉണ്ട്. |

മഹാൎഹമണിപത്രൈശ്ച കാഞ്ചനപ്രഭകേസരൈഃ
നീലനീരജഷണ്ഡൈശ്ച സ ദേശഃ സൎവ്വതോ വൃതഃ. 44

| | | | |
|---|---|---|---|
| "സഃ | "ആ | കാഞ്ചനപ്രഭ-കേസരൈഃ | കാഞ്ചനവൎണ്ണമാൎന്ന കേസരങ്ങളോടുകൂടിയവയുമായ |
| ദേശഃ | പ്രദേശം | | |
| സൎവ്വതഃ | എങ്ങും | | |
| മഹാൎഹമണി-പത്രൈഃ ച | ശ്രേഷ്ഠങ്ങളായ നവരത്നംകൊണ്ടുള്ള ഇലകളാലും | നീലനീരജ-ഷണ്ഡൈഃ ച | നീലത്താമരനിരകളാലും |
| | | വൃതഃ. | പരിലസിക്കുന്നു. |

നിസ്തുലാഭിശ്ച മുക്താഭിൎമണിഭിശ്ച മഹാധനൈഃ
ഉദ്ഭൃതപുളിനാസ്തത്ര ജാതരൂപൈശ്ച നിമ്നഗാഃ 45
സൎവ്വരത്നമയൈശ്ചിത്രൈരവഗാഢാ നഗോത്തമൈഃ
ജാതരൂപമയൈശ്ചാപി ഹുതാശനസമപ്രഭൈഃ. 46

| | | | |
|---|---|---|---|
| "തത്ര | "അവിടെ | ഹുതാശന-സമപ്രഭൈഃ | അഗ്നിക്കുതുല്യമായ ശോഭയോടുകൂടിയവയായി |
| ഉദ്ഭൃതപുളിനാഃ | ഉയൎന്ന മണൽത്തിട്ടകളാൎന്ന | സൎവ്വരത്നമയൈഃ | സൎവ്വരത്നമയങ്ങളും |
| നിമ്നഗാഃ, | നദികൾ, | ജാത-രൂപമയൈഃ ച | സ്വൎണ്ണമയങ്ങളുമായ |
| നിസ്തുലാഭിഃ | ഉരുണ്ട | | |
| മുക്താഭിഃ ച | നന്മുത്തുകളാലും | ചിത്രൈഃ | മനോഹരങ്ങളായ |
| മഹാധനൈഃ | ഉത്തമങ്ങളായ | നഗോത്തമൈഃ അപി | ശ്രേഷ്ഠപൎവ്വതങ്ങളാലും |
| മണിഭിഃ ച | മാണിക്യങ്ങളാലും | | |
| ജാതരൂപൈഃ ച | തങ്കങ്ങളാലും | അവഗാഢാഃ. | ഏററം ശോഭിക്കുന്നു. |

നിത്യപുഷ്പഫലാസ്തത്ര നഗാഃ പത്രരഥാകലാഃ
ദിവ്യഗന്ധരസസ്പർശാഃ സൎവ്വകാമാൻ സ്രവന്തി ച. 47

"തത്ര നഗാഃ "അവിടെ വൃക്ഷങ്ങൾ
നിത്യപുഷ്പഫലാഃ } എതുകാലത്തും പുഷ്പങ്ങളും ഫലങ്ങളും നൽകുന്നവയായി
പത്രരഥാകലാഃ; പക്ഷികളാൽ നിറയപ്പെട്ടവയായിരിക്കുന്നു;
ദിവ്യഗന്ധരസസ്പർശാഃ } ദിവ്യമായ വാസന, രുചി, സ്പർശം എന്നവയോടുകൂടിയവയായിരിക്കുന്നു;
സൎവ്വകാമാൻ ച ആഗ്രഹിക്കുന്നവയെ
സ്രവന്തി. നൽകുന്നു. [എല്ലാം

നാനാരൂപാണി വാസാംസി ഫലന്ത്യന്യേ നഗോത്തമാഃ. 48

"അന്യേ നഗോത്തമാഃ "വേറെ ചില ശ്രേഷ്ഠവൃക്ഷങ്ങൾ
നാനാരൂപാണി പലവിധ
വാസാംസി വസ്ത്രങ്ങളെ
ഫലന്തി. കായ്ക്കുന്നു.

മഹാർഹാണി ച ചിത്രാണി ഹൈമാന്യന്യേ നഗോത്തമാഃ
ശയനാനി പ്രസൂയന്തേ ചിത്രാസ്തരണവന്തി ച. 49

"അന്യേ നഗോത്തമാഃ } "മററുചില ഉത്തമ വൃക്ഷങ്ങൾ
മഹാർഹാണി ച ശ്രേഷ്ഠങ്ങളും
ചിത്രാണി രമണീയങ്ങളും
ഹൈമാനി സ്വൎണ്ണമയങ്ങളും
ചിത്രാസ്തരണവന്തി } മനോഹരമായ വിരിപ്പുകളുള്ളവയുമായ
ശയനാനി ച മെത്തകളേയും
പ്രസൂയന്തേ. ഉത്പാദിപ്പിക്കുന്നു.

മനഃകാന്താനി മാല്യാനി ഫലന്ത്യന്യേ നഗോത്തമാഃ
മുക്താവൈഡൂൎയ്യചിത്രാണി ഭൂഷണാനി തഥൈവ ച 50
സ്ത്രീണാം ചാപ്യനുരൂപാണി പുരുഷാണാം തഥൈവ ച
സൎവ്വൎത്തുസുഖസേവ്യാനി ഫലന്ത്യന്യേ നഗോത്തമാഃ
പാനാനി ച മഹാർഹാണി ഭക്ഷ്യാണി വിവിധാനി ച. 51

"അന്യേ നഗോത്തമാഃ } "വേറെ ചില ഉത്തമ വൃക്ഷങ്ങൾ
മനഃകാന്താനി മനോഹരങ്ങളായ
മാല്യാനി ച മാലകളേയും,
തഥാ അതുപോലെതന്നെ
സ്ത്രീണാം സ്ത്രീകൾക്കും
തഥാ അപ്രകാരംതന്നെ
പുരുഷാണാം ച പുരുഷന്മാൎക്കും
അനുരൂപാണി അനുയോജിച്ചവയും
മുക്താവൈഡൂൎയ്യചിത്രാണി ച } മുത്തുകളാലും വൈഡൂൎയ്യങ്ങളാലുമലങ്കരിക്കപ്പെട്ടവയും ആയ
ഭൂഷണാനി ഏവ ഭൂഷണങ്ങളേയും
ഫലന്തി; വിതരണം ചെയ്യുന്നു;
അന്യേ നഗോത്തമാഃ } മററു ചില ഉത്തമ വൃക്ഷങ്ങൾ
സൎവ്വൎത്തുസുഖസേവ്യാനി } എല്ലാ ഋതുക്കളിലും സുഖത്തെ നൽകുന്ന
പാനാനി ച പാനീയങ്ങളേയും
മഹാർഹാണി ശ്രേഷ്ഠങ്ങളായ
വിവിധാനി ഭക്ഷ്യാണി ച } പല ഭക്ഷണ സാധനങ്ങളേയും
ഫലന്തി. നൽകുന്നു.

സ്ത്രിയശ്ച ഗുണസമ്പന്നാ രൂപയൌവനലക്ഷിതാഃ
ഗന്ധൎവ്വാഃ കിന്നരാഃ സിദ്ധാ നാഗാ വിദ്യാധരാസ്തഥാ.
രമന്തേ സഹിതാസ്തത്ര നാരീഭിർഭാസ്കരപ്രഭാഃ. 52

| | |
|---|---|
| " തത്ര | " അതിൽ |
| ഗുണസംപന്നാഃ | സദ്ഗുണമുള്ളവരും |
| രൂപയൌവന-ലക്ഷിതാഃ | സൌന്ദൎയ്യവും യൌവനവും ചേൎന്നവരും ആയ |
| സ്ത്രിയഃ ച | സ്ത്രീകളും, |
| ഭാസ്കരപ്രഭാഃ | സൂൎയ്യതേജസ്സാൎന്ന |
| ഗന്ധൎവ്വാഃ | ഗന്ധൎവ്വന്മാരും |
| കിന്നരാഃ | കിന്നരന്മാരും |
| നാഗാഃ സിദ്ധാഃ | നാഗങ്ങളും സിദ്ധന്മാരും |
| വിദ്യാധരാഃ തഥാ | വിദ്യാധരന്മാരും |
| നാരീഭിഃ സഹിതാഃ | പത്നിമാരോടുകൂടി |
| രമന്തേ. | കാലംകഴിക്കുന്നു. |

സൎവ്വേ സുകൃതകൎമ്മാണഃ സൎവ്വേ രതിപരായണാഃ
സൎവ്വേ കാമാൎത്ഥസഹിതാ വസന്തി സഹയോഷിതഃ. 53

| | |
|---|---|
| " സൎവ്വേ | " എല്ലാവരും |
| സുകൃത-കൎമ്മാണഃ ; | സുകൃതം ചെയ്തവർ ; |
| സൎവ്വേ | എല്ലാവരും |
| രതിപരായണാഃ; | കാമഭോഗങ്ങളിൽ മുഴുകിയവർ; |
| സൎവ്വേ | എല്ലാവരും |
| സഹയോഷിതഃ | സ്ത്രീകളോടുകൂടി |
| കാമാൎത്ഥ-സഹിതാഃ | മനോരഥപരിപൂൎത്തി വന്നവരായി |
| വസന്തി. | വാസം ചെയ്യുന്നു. |

ഗീതവാദിത്രനിൎഘോഷഃ സോത്കൃഷ്ടഹസിതസ്വനഃ
ശ്രൂയതേ സതതം തത്ര സൎവ്വഭൂതമനോഹരഃ. 54

| | |
|---|---|
| " തത്ര | " അവിടെ |
| സതതം | എല്ലാ സമയത്തും |
| സോത്കൃഷ്ട-ഹസിത-സ്വനഃ | ഉച്ചത്തിൽ ചിരിക്കുന്ന ഒച്ചയോടുകൂടിയതും |
| സൎവ്വഭൂത-മനോഹരഃ | എല്ലാ പ്രാണികളുടെയും മനം കവരുന്നതുമായ |
| ഗീതവാദിത്ര-നിൎഘോഷഃ | ഗീതവാദ്യങ്ങളുടെ ധ്വനി |
| ശ്രൂയതേ. | കേൾക്കപ്പെടുന്നു. |

തത്ര നാമുദിതഃ കശ്ചിന്നാസ്തി കശ്ചിദസത്പ്രിയഃ
അഹന്യഹനി വൎദ്ധന്തേ ഗുണാസ്തത്ര മനോരമാഃ. 55

| | |
|---|---|
| " തത്ര | " അവിടെ |
| അമുദിതഃ കശ്ചിത് ന ; | മനഃസന്തോഷമില്ലാത്തവർ ഒരുവനുമില്ല ; |
| അസത്പ്രിയഃ | അനാവശ്യകാൎയ്യങ്ങളിൽ താല്പൎയ്യമാൎന്നവൻ |
| കശ്ചിത് ന അസ്തി ; | ആരുംതന്നെയില്ല ; |
| തത്ര | അവിടെ |
| മനോരമാഃ | മനസ്സിനെ അപഹരിക്കുന്ന |
| ഗുണാഃ | സദ്ഗുണങ്ങൾ |
| അഹനി അഹനി | നാൾ തോറും |
| വൎദ്ധന്തേ. | വൎദ്ധിക്കുന്നു. |

സമതിക്രമ്യ തം ദേശമുത്തരഃ പയസാം നിധിഃ. 56

| | | | |
|---|---|---|---|
| "തം ദേശം | "ആ പ്രദേശത്തെ | ഉത്തരഃ | വടക്കെ |
| സമതിക്രമ്യ | കടന്നുചെന്നാൽ | പയസാം നിധിഃ. | സമുദ്രമാകുന്നു. |

തത്ര സോമഗിരിർന്നാമ മദ്ധ്യേ ഹേമമയോ മഹാൻ
ഇന്ദ്രലോകഗതാ യേ ച ബ്രഹ്മലോകഗതാശ്ച യേ
ദേവാസ്തം സമവേക്ഷന്തേ ഗിരിരാജം ദിവംഗതം. 57

| | | | |
|---|---|---|---|
| "തത്ര മദ്ധ്യേ | "അതിൻ നടുവിൽ | യേ | യാതൊരുവർ |
| ഹേമമയഃ | സ്വർണ്ണമയമായതും | ബ്രഹ്മലോകഗതാഃ ച | ബ്രഹ്മലോകംപ്രാപിച്ചവരോ അവരും |
| മഹാൻ | വമ്പിച്ചതുമായ | ദേവാഃ ച | ദേവന്മാരും |
| സോമഗിരിഃ നാമ; | സോമഗിരിയെന്ന പർവ്വതമുണ്ട്; | ദിവംഗതം | ദിവസ്പർശിയായ |
| യേ | യാതൊരുവർ | തം | ആ |
| ഇന്ദ്രലോകഗതാഃ ച | ഇന്ദ്രലോകം പ്രാപിച്ചവരോ അവരും | ഗിരിരാജം | ഗിരിശ്രേഷ്ഠനെ |
| | | സമവേക്ഷന്തേ. | വീക്ഷിക്കുന്നു. |

സ തു ദേശോ വിസൂര്യ്യോഽപി തസ്യ ഭാസാ പ്രകാശതേ
സൂര്യ്യലക്ഷ്മ്യാഽഭിവിജ്ഞേയസ്തപതേവ വിവസ്വതാ. 58

| | | | |
|---|---|---|---|
| "സഃ ദേശഃ | "ആ പ്രദേശം | അഭിവിജ്ഞേയഃ ഇവ | അറിയപ്പെടേണ്ടുന്ന പ്രദേശമെന്നപോലെ |
| വിസൂര്യ്യഃ അപി | സൂര്യ്യനില്ലാത്തതാണെങ്കിലും | തസ്യ | ആ ഗിരിയുടെ |
| തപതാ | പ്രകാശിക്കുന്ന | ഭാസാ തു | പ്രകാശത്താൽതന്നെ |
| വിവസ്വതാ | ആദിത്യനാൽ | പ്രകാശതേ. | പ്രശോഭിക്കുന്നു. |
| സൂര്യ്യലക്ഷ്മ്യാ | സൂര്യ്യപ്രഭയാൽ | | |

ഭഗവാംസ്തത്ര വിശ്വാത്മാ ശംഭുരേകാദശാത്മകഃ
ബ്രഹ്മാ വസതി ദേവേശോ ബ്രഹ്മർഷിപരിവാരിതഃ. 59

| | | | |
|---|---|---|---|
| "തത്ര | "അവിടെ | ബ്രഹ്മാ | ബ്രഹ്മസ്വരൂപനും |
| വിശ്വാത്മാ | സർവ്വവ്യാപിയും | ദേവേശഃ | ദേവന്മാർക്കധീശനുമായ |
| ഏകാദശാത്മകഃ | ഏകാദശരുദ്രസ്വരൂപിയും | ശംഭുഃ | പരമശിവൻ |
| ഭഗവാൻ | എല്ലാവരാലും പൂജിക്കപ്പെട്ടവനും | ബ്രഹ്മർഷിപരിവാരിതഃ | ബ്രഹ്മർഷികളാൽ ചൂഴപ്പെട്ടവനായി |
| | | വസതി. | നിവസിക്കുന്നു. |

ന കഥഞ്ചന ഗന്തവ്യം കുരൂണാമുത്തരേണ വഃ
അന്യേഷാമപി ഭൂതാനാം നാതിക്രാമതി വൈ ഗതിഃ. 60

| | | | |
|---|---|---|---|
| "കുരൂണാം | "കുരുദേശങ്ങൾക്ക് | അന്യേഷാം ഭൂതാനാം അപി | മററുള്ള പ്രാണികളുടേയും |
| ഉത്തരേണ | വടക്കോട്ട് | ഗതിഃ വൈ | പ്രവേശമെന്നത് |
| വഃ | നിങ്ങൾക്ക | അതിക്രാമതി ന. | അതിനെ അതിക്രമിക്കുന്നില്ല. |
| കഥഞ്ചന | ഒട്ടെങ്കിലും | | |
| ഗന്തവ്യം ന; | ചെല്ലുവാൻ പാടുള്ളതല്ല; | | |

സ ഹി സോമഗിരിൎന്നാമ ദേവാനാമപി ദുൎഗ്ഗമഃ
തമാലോക്യ തതഃ ക്ഷിപ്രമുപാവൎത്തിതുമൎഹഥ. 61

| | |
|---|---|
| "സോമഗിരിഃ നാമ | "സോമഗിരിയെന്ന |
| സഃ ഹി | അതാവട്ടെ |
| ദേവാനാം അപി | ദേവകൾക്കും കൂടി |
| ദുൎഗ്ഗമഃ; | ദുഷ്പ്രവേശ്യമായുള്ളതാകുന്നു; |
| തം ആലോക്യ | അതിനെ കണ്ടാൽ |
| തതഃ | അവിടെനിന്നും |
| ക്ഷിപ്രം | താമസിക്കാതെതന്നെ |
| ഉപാവൎത്തിതും അൎഹഥ. | തിരിച്ചുപോരേണ്ടതാണ്. |

ഏതാവദ്വാനരൈഃ ശക്യം ഗന്തും വാനരപുംഗവാഃ
അഭാസ്കരമമൎയ്യാദം ന ജാനീമസ്തതഃ പരം. 62

| | |
|---|---|
| "വാനരപുംഗവാഃ! | "വാനരശ്രേഷ്ഠരേ! |
| വാനരൈഃ | വാനരന്മാരാൽ |
| ഏതാവത് | ഇത്രത്തോളം |
| ഗന്തും ശക്യം; | ഗമിപ്പാൻ കഴിവുള്ളതാകുന്നു; |
| അഭാസ്കരം | സൂൎയ്യനില്ലാത്തതും |
| അമൎയ്യാദം | അതൃത്തിയില്ലാത്തതുമായ |
| തതഃ പരം | അതിന്നപ്പുറമുള്ളത് |
| ജാനീമഃ ന. | നാം അറികയില്ല. |

സൎവ്വമേതദ്വിചേതവ്യം യന്മയാ പരികീൎത്തിതം
യദന്യദപി നോക്തം ച തത്രാപി ക്രിയതാം മതിഃ. 63

| | |
|---|---|
| "യത് | "യാതൊന്ന് |
| മയാ | എന്നാൽ |
| പരികീൎത്തിതം | പറയപ്പെട്ടതോ |
| ഏതത് സൎവ്വം | ഇതുമുഴുവനും |
| വിചേതവ്യം; | അന്വേഷിക്കപ്പെടേണ്ടതാകുന്നു; |
| യത് ന ഉക്തം ച | യാതൊന്ന് പറയപ്പെടാത്തതായി |
| അന്യത് അപി, | വേറെയുമുണ്ടോ, |
| തത്ര അപി | അതിലും |
| മതിഃ ക്രിയതാം. | ശ്രദ്ധവെക്കേണ്ടതാണ്. |

തതഃ കൃതം ദാശരഥേൎമ്മഹത് പ്രിയം
മഹത്തരം ചാപി തതോ മമ പ്രിയം
കൃതം ഭവിഷ്യത്യനിലാനലോപമാഃ
വിദേഹജാദൎശനജേന കൎമ്മണാ. 64

| | |
|---|---|
| "അനിലാനലോപമാഃ! | "കാററിനും അഗ്നിക്കും സദൃശരായുള്ളവരേ! |
| വിദേഹജാദൎശനജേന | വൈദേഹിയെ ദൎശിക്കുക എന്ന |
| കൎമ്മണാ | പ്രവൃത്തിയാൽ, |
| തതഃ ദാശരഥേഃ | അതിൽ നിന്നു ശ്രീ രാഘവന്ന് |
| മഹത് പ്രിയം | മഹത്തായ ഉപകാരം |
| കൃതം ച, | ചെയ്യപ്പെട്ടതായും, |
| തതഃ മമ അപി | തന്മൂലം എനിക്കും |
| മഹത്തരം | അതിലുമധികമായ |
| പ്രിയം | ഉപകാരം |
| കൃതം | ചെയ്തതായും |
| ഭവിഷ്യതി. | ഭവിക്കുന്നതാണ്. |

തതഃ കൃതാൎത്ഥാഃ സഹിതാഃ സബാന്ധവാഃ
മയാൎച്ചിതാഃ സൎവ്വഗുണൈൎമ്മനോരമൈഃ
ചരിഷ്യഥോൎവ്വീം പ്രതിശാന്തശത്രവഃ
സഹപ്രിയാ ഭൂതധരാഃ പ്ലവംഗമാഃ. 65

| | | | |
|---|---|---|---|
| "പ്ലവംഗമാഃ! | "വാനരന്മാരേ! | പ്രതിശാന്തശത്രവഃ, | ശത്രുക്കളെയൊടുക്കിയവരായി, |
| ഭൂതധരാഃ | വാശത്തെ നിറവേററിയവരായി | മനോരമൈഃ | മനോഹരങ്ങളായ |
| തതഃ കൃതാൎത്ഥാഃ | അതിനാൽ കൃതാൎത്ഥന്മാരായ നിങ്ങൾ | സൎവ്വഗുണൈഃ | എല്ലാ ബഹുമതികളെക്കൊണ്ടും |
| സബാന്ധവാഃ | ബന്ധുക്കളോടു കൂടിയും | മയാ അൎച്ചിതാഃ | എന്നാൽ സമ്മാനിക്കപ്പെട്ടവരായി |
| സഹപ്രിയാഃ | പത്നിമാരോടു കൂടിയും | ഉൎവ്വീം ചരിഷ്യഥ. | ഭൂമിയിൽ കാലം കഴിക്കുവിൻ. |
| സഹിതാഃ | ഒരുമിച്ചിരിക്കുന്നവരായി | | |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ ത്രിചത്വാരിംശഃ സൎഗ്ഗഃ = നാല്പത്തിമൂന്നാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 11167; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1915.

## ചതുശ്ചത്വാരിംശഃ സൎഗ്ഗഃ = നാല്പത്തിനാലാംസൎഗ്ഗം.

[ഹനുമദ്ധസ്തേ അംഗുലീയകദാനം — ഹനുമാന്റെ വശം മുദ്രമോതിരത്തെ ഏല്പിക്കുന്നത്.]

വിശേഷേണ തു സുഗ്രീവോ ഹനുമത്യൎത്ഥമുക്തവാൻ
സ ഹി തസ്മിൻ ഹരിശ്രേഷ്ഠേ നിശ്ചിതാൎത്ഥോൎത്ഥസാധനേ. 1

| | | | |
|---|---|---|---|
| തസ്മിൻ | ആ | ഹരിശ്രേഷ്ഠേ | വാനരശ്രേഷ്ഠനായ |
| അൎത്ഥസാധനേ | കാൎയ്യം പൂൎത്തിയാക്കുന്നതിൽ | ഹനുമതി ഹി | ഹനുമാനോടായിമാത്രം |
| നിശ്ചിതാൎത്ഥഃ | നിശ്ചയം കൈക്കൊണ്ടിരുന്നവനായ | വിശേഷേണ | പ്രത്യേകിച്ചും |
| | | അൎത്ഥം | അക്കാൎയ്യത്തെക്കുറിച്ച് |
| സഃ സുഗ്രീവഃ തു | ആ സുഗ്രീവൻ | ഉക്തവാൻ. | പറഞ്ഞു. |

അബ്രവീച്ച ഹനൂമന്തം വിക്രാന്തമനിലാത്മജം
സുഗ്രീവഃ പരമപ്രീതഃ പ്രഭുഃ സൎവ്വവനൌകസാം. 2

| | | | |
|---|---|---|---|
| സൎവ്വവനൌകസാം | വാനരന്മാരെല്ലാവൎക്കും | അനിലാത്മജം | വായുസുതനും |
| പ്രഭുഃ | അധിപനായ | വിക്രാന്തം ച | മഹാപരാക്രമിയുമായ |
| സുഗ്രീവഃ | സുഗ്രീവൻ | ഹനൂമന്തം | ഹനുമാനോടായി |
| പരമപ്രീതഃ, | അത്യധികം സന്തോഷമാൎന്നവനായി, | അബ്രവീത്. | ഇങ്ങിനെ പറഞ്ഞു. |

ന ഭൂമൌ നാന്തരിക്ഷേ വാ നാംബരേ നാമരാലയേ
നാപ്സു വാ ഗതിസംഗം തേ പശ്യാമി ഹരിപുംഗവ. 3

| | |
|---|---|
| "ഹരിപുംഗവ! | "വാനരോത്തമ! |
| തേ ഗതിസംഗം | ഭവാന്റെ ഗതിക്കു് ഒരു തടസ്ഥമെന്നതു് |
| ഭൂമൌ | ഭൂമിയിലും |
| പശ്യാമി ന; | ഞാനറിയുന്നില്ല; |
| അന്തരിക്ഷേ വാ | ആകാശത്തിലും |
| ന; | ഇല്ല; |
| അംബരേ ന; | വായുമാർഗ്ഗത്തിലും ഇല്ല; |
| അമരാലയേ ന; | ദേവലോകത്തിലും ഇല്ല; |
| അപ്സു വാ ന. | ജലത്തിലും ഇല്ല. |

സാസുരാഃ സഗന്ധർവ്വാഃ സനാഗനരദേവതാഃ
വിദിതാഃ സർവ്വലോകാസ്തേ സസാഗരധരാധരാഃ. 4

| | |
|---|---|
| "സാസുരാഃ | "അസുരന്മാരടങ്ങിയവയും |
| സഗന്ധർവ്വാഃ | ഗന്ധർവ്വന്മാരോടുകൂടിയവയും |
| സനാഗനരദേവതാഃ | നാഗങ്ങളും മനുഷ്യരും ദേവന്മാരും അടങ്ങിയവയും |
| സസാഗരധരാധരാഃ | സമുദ്രങ്ങളും പർവ്വതങ്ങളും അടങ്ങിയവയും ആയ |
| സർവ്വലോകാഃ | ലോകങ്ങൾ മുഴുവനും |
| തേ | ഭവാന്നു് |
| വിദിതാഃ. | അറിയാവുന്നവയാണു്. |

ഗതിർവ്വേഗശ്ച തേജശ്ച ലാഘവം ച മഹാകപേ
പിതുസ്തേ സദൃശം വീര മാരുതസ്യ മഹൌജസഃ. 5

| | |
|---|---|
| "മഹാകപേ! | "വാനരോത്തമ! |
| വീര! | ശൂര! |
| തേ ഗതിഃ | ഭവാന്റെ തടസ്ഥമില്ലാത്ത ഗതിയും |
| വേഗഃ | പരാക്രമവും |
| തേജഃ ച | പൌരുഷവും |
| ലാഘവം ച | എന്തും നിഷ്പ്രയാസം ചെയ്വാനുള്ള ശക്തിയും |
| ച | ഇതെല്ലാം |
| മഹൌജസഃ | പ്രതാപശാലിയും |
| പിതുഃ | പിതാവുമായ |
| മാരുതസ്യ | വായുഭഗവാന്റെ |
| സദൃശം. | തുല്യമായതാകുന്നു. |

തേജസാ വാപി തേ ഭൂതം സമം ഭുവി ന വിദ്യതേ
തദ്യഥാ ലഭ്യതേ സീതാ തത്ത്വമേവോപപാദയ. 6

| | |
|---|---|
| "തേജസാ അപി വാ | "തേജസ്സിനാലാവട്ടെ |
| തേ സമം | ഭവാന്നു സദൃശനായ |
| ഭൂതം | പ്രാണി |
| ഭുവി | ലോകത്തിൽ |
| വിദ്യതേ ന; | ഇല്ലതന്നെ; |
| തത് | ആകയാൽ |
| സീതാ | സീതാദേവി |
| ലഭ്യതേ യഥാ | എങ്ങിനെയായാൽ ലഭിക്കപ്പെടുമോ, |
| തത് | അതിനെപ്പററി |
| ത്വം ഏവ | ഭവാൻതന്നെ |
| ഉപപാദയ. | വേണ്ടുന്നതിനെ ചെയ്യേണ്ടതാണു്. |

ത്വയ്യേവ ഹനുമന്നസ്തി ബലം ബുദ്ധിഃ പരാക്രമഃ
ദേശകാലാനുവൃത്തിശ്ച നയശ്ച നയപണ്ഡിത. 7

| | |
|---|---|
| " നയ—പണ്ഡിത! | " ഉപായങ്ങളിൽ നിപുണനായ |
| ഹനുമൻ! | ഹനുമാനേ! |
| ബലം | ശക്തിയും |
| ബുദ്ധിഃ | ബുദ്ധിയും |
| പരാക്രമഃ | പൌരുഷവും |
| ദേശകാലാനു-വൃത്തിഃ | ദേശകാലങ്ങൾക്കനുസൃതമായ പ്രവൃത്തിയും |
| നയഃ ച | സദ്വൃത്തിയും |
| ച | എല്ലാം |
| ത്വയി ഏവ അസ്തി." | ഭവാനിൽതന്നെയാണ് കുടികൊള്ളുന്നത്." |

തതഃ കാര്യ്യസമാസംഗമവഗമ്യ ഹനൂമതി
വിദിത്വാ ഹനുമന്തം ച ചിന്തയാമാസ രാഘവഃ. 8

| | |
|---|---|
| രാഘവഃ | ശ്രീരാഘവൻ, |
| തതഃ | അപ്പോൾ |
| ഹനൂമതി | ഹനുമാങ്കൽ |
| കാര്യ്യസമാ-സംഗം | കാര്യ്യസിദ്ധിയെ |
| അവഗമ്യ, | ഉള്ളപോലെ അറിഞ്ഞ്, |
| ഹനുമന്തം ച | ഹനുമാനേയും |
| വിദിത്വാ, | വഴിപോലെ ധരിച്ച്, |
| ചിന്തയാമാസ. | ഇപ്രകാരം ആലോചിച്ചു. |

സർവ്വഥാ നിശ്ചിതാർത്ഥോऽയം ഹനൂമതി ഹരീശ്വരഃ
നിശ്ചിതാർത്ഥകരശ്ചാപി ഹനുമാൻ കാര്യ്യസാധനേ. 9

| | |
|---|---|
| " അയം | " ഈ |
| ഹരീശ്വരഃ | വാനരാധിപൻ, |
| ഹനൂമതി | ഹനുമാൻെറ പേരിൽ |
| സർവ്വഥാ | എല്ലാവിധത്തിലും |
| നിശ്ചിതാർത്ഥഃ; | കാര്യ്യസാദ്ധ്യത്തെപ്പററി ഉറച്ചിരിക്കുന്നു; |
| ഹനുമാൻ, | ഹനുമാൻ, |
| കാര്യ്യസാധനേ ച | കാര്യ്യം സാധിക്കുന്ന സംഗതിയിൽ |
| നിശ്ചിതാർത്ഥ-കരഃ അപി | നിശ്ചയിക്കപ്പെട്ടതുപോലെതന്നെ പൂർത്തിയാക്കുന്നവനുംതന്നെ. |

തദേവം പ്രസ്ഥിതസ്യാസ്യ പരിജ്ഞാതസ്യ കർമ്മഭിഃ
ഭർത്രാ പരിഗൃഹീതസ്യ ധ്രുവഃ കാര്യ്യഫലോദയഃ. 10

| | |
|---|---|
| " തത് | " ആകയാൽ |
| ഏവം | ഇപ്രകാരം |
| ഭർത്രാ | തൻെറ യജമാനനാൽ |
| പരിഗൃഹീതസ്യ, | തിരഞ്ഞെടുക്കപ്പെട്ടവനും |
| കർമ്മഭിഃ | സ്വന്തം പ്രവൃത്തികളാൽ |
| പരിജ്ഞാതസ്യ, | പ്രശസ്തിസമ്പാദിച്ചവനും, |
| പ്രസ്ഥിതസ്യ | യാത്ര പുറപ്പെട്ടവനുമായ |
| അസ്യ | ഇവന്നു |
| കാര്യ്യഫലോദയഃ | കാര്യ്യസിദ്ധിയെന്നത് |
| ധ്രുവഃ." | നിശ്ചയം തന്നെ." |

തം സമീക്ഷ്യ മഹാതേജാ വ്യവസായോത്തരം ഹരിം
കൃതാർത്ഥ ഇവ സംവൃത്തഃ പ്രഹൃഷ്ടേന്ദ്രിയമാനസഃ. 11

| | | | |
|---|---|---|---|
| മഹാതേജാഃ | അതി പരാക്രമശാലിയായ ശ്രീരാമൻ | സമീക്ഷ്യ, | കണ്ടറിഞ്ഞ്, |
| ഹരിം തം | വാനരനായ ഹനുമാനെ | കൃതാർത്ഥഃ ഇവ | കൃതാർത്ഥത പൂണ്ടവനായിത്തന്നെ |
| വ്യവസായോത്തരം | സ്ഥിരോത്സാഹിയാണെന്ന് | പ്രഹൃഷ്ടേന്ദ്രിയമാനസഃ | പഞ്ചേന്ദ്രിയങ്ങളും ഉള്ളവും കുളിർത്തവനായി |
| | | സംവൃത്തഃ. | ഭവിച്ചു. |

ദദൌ തസ്യ തതഃ പ്രീതഃ സ്വനാമാങ്കോപശോഭിതം
അംഗുലീയമഭിജ്ഞാനം രാജപുത്ര്യാഃ പരന്തപഃ 12
അനേന ത്വാം ഹരിശ്രേഷ്ഠ ചിഹ്നേന ജനകാത്മജാ
മത്സകാശാദനുപ്രാപ്തമനുദ്വിഗ്നാഽനുപശ്യതി 13
വ്യവസായശ്ച തേ വീര സത്വയുക്തശ്ച വിക്രമഃ
സുഗ്രീവസ്യ ച സന്ദേശഃ സിദ്ധിം കഥയതീവ മേ. 14

| | | | |
|---|---|---|---|
| "ഹരിശ്രേഷ്ഠ! | "ഹരീശ്വര! | സിദ്ധിം | കാര്യസാദ്ധ്യത്തെപ്പററി |
| ത്വാം | ഭവാനെ | മേ | എന്നോട് |
| അനേന | ഈ | കഥയതി ഇവ"; | കഥിക്കുന്നപോലെയിരിക്കുന്നു"; |
| ചിഹ്നേന | അടയാളത്താൽ | ച | എന്നിപ്രകാരം അരു |
| ജനകാത്മജാ, | ജാനകി | തതഃ | അനന്തരം [ളിച്ചെയ്തു |
| മത്സകാശാത് | എന്റെ അടുക്കൽ | പരംതപഃ | ശത്രുസന്താപകനായ അദ്ദേഹം |
| അനുപ്രാപ്തം | വന്നവനായി [നിന്ന് | പ്രീതഃ | മനഃസന്തുഷ്ടിയാർന്നവനായി |
| അനുദ്വിഗ്നാ | ഒട്ടും സന്ദേഹമില്ലാത്തവളായി | സ്വനാമാങ്കോപശോഭിതം | തന്റെ തിരുനാമാങ്കിതമായ |
| അനുപശ്യതി; | കണ്ടുകൊള്ളുന്നതാ | അംഗുലീയം | അംഗുലീയത്തെ |
| വീര! | ശൂര! [ണ്; | രാജപുത്ര്യാഃ | രാജകുമാരിക്കു |
| സുഗ്രീവസ്യ സന്ദേശഃ, | സുഗ്രീവന്റെ ആജ്ഞയും, | അഭിജ്ഞാനം | അടയാളമായി |
| തേ | ഭവാന്റെ | തസ്യ ദദൌ. | ഹനുമാന്റെ കയ്യിൽ കൊടുത്തു. |
| വ്യവസായഃ ച, | ഉറപ്പും, | | |
| സത്വയുക്തഃ | പരാക്രമത്തോടു കൂടിയ | | |
| വിക്രമഃ ച, | പൌരുഷവും, | | |

സ തം ഗൃഹ്യ ഹരിശ്രേഷ്ഠഃ സ്ഥാപ്യ മൂൎദ്ധ്നി കൃതാഞ്ജലിഃ
വന്ദിത്വാ ചരണൌ ചൈവ പ്രസ്ഥിതഃ പ്ലവഗോത്തമഃ. 15

| | | | |
|---|---|---|---|
| പ്ലവഗോത്തമഃ ച | പ്ലവനംചെയ്യുന്നവരിൽ വെച്ചു് ഉത്തമനായ | മൂൎദ്ധ്നി | ശിരസ്സിൽ |
| സഃ | ആ | സ്ഥാപ്യ ഏവ, | ചേൎത്തുകൊണ്ടു്, |
| ഹരിശ്രേഷ്ഠഃ | വാനരോത്തമൻ | ചരണൌ | കാലിണകളിൽ |
| തം ഗൃഹ്യ | അതിനെ വാങ്ങിയിട്ടു് | വന്ദിത്വാ | നമസ്കരിച്ചു് |
| കൃതാഞ്ജലിഃ | അഞ്ജലിഹസ്തനായി | പ്രസ്ഥിതഃ. | യാത്രപുറപ്പെട്ടു. |

സ തത് പ്രകൎഷൻ ഹരിണാം ബലം മഹത്
ബഭ്രുവ വീരഃ പവനാത്മജഃ കപിഃ
ഗതാംബുദേ വ്യോമ്നി വിശുദ്ധമണ്ഡലഃ
ശശീവ നക്ഷത്രഗണോപശോഭിതഃ. 16

| | | | |
|---|---|---|---|
| വീരഃ | വീരനും | വ്യോമ്നി | ആകാശത്തിൽ |
| പവനാത്മജഃ | വായുപുത്രനും ആയ | നക്ഷത്ര-ഗണോപ-ശോഭിതഃ | നക്ഷത്രഗണങ്ങളാൽ പരിലസിക്കുന്നവനും |
| സഃ കപിഃ | ആ വാനരൻ | വിശുദ്ധ-മണ്ഡലഃ | നിൎമ്മലമായ ബിംബ ത്തോടുകൂടിയവനുമായ |
| തത് മഹത് | ആ വമ്പിച്ച | ശശി ഇവ | നിശാകരനെപോലെ |
| ഹരിണാം ബലം | വാനരസൈന്യത്തെ | ബഭൂവ. | പ്രശോഭിച്ചു. |
| പ്രകൎഷൻ | നടത്തുന്നവനായി | | |
| ഗതാംബുദേ | മേഘം നീങ്ങിയ | | |

അതിബല ബലമാശ്രിതസ്തവാഹം
ഹരിവരവിക്രമ വിക്രമൈരനല്പൈഃ
പവനസുത യഥാഭിഗമ്യതേ സാ
ജനകസുതാ ഹനുമംസ്തഥാ കുരുഷ്വ. 17

| | | | |
|---|---|---|---|
| "അതിബല! | "അതിബലവാനായി | ആശ്രിതഃ; | വിശ്വസിച്ചിരിക്കുന്ന[തു്; |
| ഹരിവര-വിക്രമ! | സിംഹശ്രേഷ്ഠനെപ്പോലെ പരാക്രമമാൎന്ന | സാ | ആ |
| പവനസുത! | വായുപുത്ര! [ബലവനേ! | ജനകസുതാ | ജനകാത്മജ |
| ഹനുമൻ! | ഹനുമാനേ! | യഥാ | എപ്രകാരമായാൽ |
| തവ | ഭവാന്റെ | അഭിഗമ്യതേ | പ്രാപിക്കപ്പെടുമോ |
| ബലം | ബലത്തെയാണു് | തഥാ | അപ്രകാരം |
| അഹം | ഞാൻ | അനല്പൈഃ വിക്രമൈഃ | തളച്ചുകൂടാത്ത പരിശ്രമംകൊണ്ടു് |
| | | കുരുഷ്വ." | ചെയ്താലും." |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ചതുശ്ചത്വാരിംശഃ സൎഗ്ഗഃ = നാല്പത്തിനാലാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 11184; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1932.

## പഞ്ചചത്വാരിംശഃ സൎഗ്ഗഃ = നാല്പത്തഞ്ചാംസൎഗ്ഗം.

[സീതാന്വേഷണായ വാനരസേനാപ്രസ്ഥാനം = സീതയെ തിരയുവാനായി വാനരസൈന്യം പുറപ്പെടുന്നതു്.]

സൎവ്വാംശ്ചാഹൂയ സുഗ്രീവഃ പ്ലവഗാൻ പ്ലവഗൎഷഭഃ
സമസ്താനബ്രവീദ് ഭൂയോ രാമകാൎയ്യാൎത്ഥസിദ്ധയേ
ഏവമേതദ്വിചേതവ്യം യന്മയാ പരികീൎത്തിതം. 1

| | | | |
|---|---|---|---|
| പ്ലവഗൎഷഭഃ | കപിശ്രേഷ്ഠനായ | ഭൂയഃ | വീണ്ടും |
| സുഗ്രീവഃ | സുഗ്രീവൻ | അബ്രവീത്; | ഇങ്ങിനെ പറഞ്ഞു; |
| പ്ലവഗാൻ | വാനരന്മാർ | "യത് മയാ | "യാതൊന്നു് എന്നാൽ |
| സൎവ്വാൻ | എല്ലാവരേയും | പരികീൎത്തിതം | പറയപ്പെട്ടുവോ |
| ആഹൂയ | വിളിച്ചു് | ഏതത് | ഇതു |
| സമസ്താൻ ച | അവരെല്ലാവരോടായും | ഏവം | അപ്രകാരംതന്നെ |
| രാമകാൎയ്യാൎത്ഥസിദ്ധയേ | ശ്രീരാമകാൎയ്യം നിറവേറേണ്ടതിന്നായി | വിചേതവ്യം." | അന്വേഷിക്കപ്പെടേണ്ടതാണ്." |

തദുഗ്രശാസനം ഭൎത്തുൎവ്വിജ്ഞായ ഹരിപുംഗവാഃ
ശലഭാ ഇവ സംഛാദ്യ മേദിനീം സംപ്രതസ്ഥിരേ. 2

| | | | |
|---|---|---|---|
| ഹരിപുംഗവാഃ | വാനരോത്തമന്മാർ | മേദിനീം | ഭൂമിയെ |
| ഭൎത്തുഃ | യജമാനന്റെ | ശലഭാഃ ഇവ | പാററകളെന്നപോലെ |
| തത് | ആ | സംഛാദ്യ | മറച്ചുകൊണ്ടു് |
| ഉഗ്രശാസനം | ഉഗ്രമായ ആജ്ഞയെ | സംപ്രതസ്ഥിരേ. | യാത്രപുറപ്പെട്ടു. |
| വിജ്ഞായ, | കേട്ടുകൊണ്ടു് | | |

രാമഃ പ്രസ്രവണേ തസ്മിൻ ന്യവസത് സഹലക്ഷ്മണഃ
പ്രതീക്ഷമാണസ്തം മാസം യഃ സീതാധിഗമേ കൃതഃ. 3

| | | | |
|---|---|---|---|
| രാമഃ | ശ്രീരാമൻ | മാസം | ഒരുമാസത്തെ |
| സീതാധിഗമേ | സീതാദേവിയെ കണ്ടുപിടിക്കുന്ന വിഷയത്തിൽ | പ്രതീക്ഷമാണഃ | പ്രതീക്ഷിച്ചുംകൊണ്ടിരിക്കുന്നവനായി |
| | | തസ്മിൻ | ആ |
| യഃ കൃതഃ | യാതൊരു അവധി കുറിക്കപ്പെട്ടിരുന്നുവോ | പ്രസ്രവണേ | പ്രസ്രവണഗിരിയിൽ |
| | | സഹലക്ഷ്മണഃ | ലക്ഷ്മണനോടും കൂടി |
| തം | ആ | ന്യവസത്. | വസിച്ചു. |

ഉത്തരാം തു ദിശം രമ്യാം ഗിരിരാജസമാവൃതാം
പ്രതസ്ഥേ സഹസാ വീരോ ഹരിഃ ശതബലിസ്തദാ. 4

| | | | |
|---|---|---|---|
| തദാ | അപ്പോൾ | ഗിരിരാജസമാവൃതാം | ഹിമവത് പൎവ്വതത്താൽ മറയ്ക്കപ്പെട്ടതും |
| വീരഃ | ശൂരനായ | രമ്യാം തു | രമണീയവുമായ |
| ശതബലിഃ | ശതബലിയെന്ന | ഉത്തരാം ദിശം | വടക്കേ ദിക്കിലേക്കു |
| | | സഹസാ | ഉടനെ |
| ഹരിഃ, | വാനരൻ, | പ്രതസ്ഥേ. | പുറപ്പെട്ടുചെന്നു. |

പൂർവ്വാം ദിശം പ്രതി യയൗ വിനതോ നാമ യൂഥപഃ. 5

| | | | |
|---|---|---|---|
| വിനതഃ നാമ | വിനതനെന്ന | പൂർവ്വാം | കിഴക്കെ |
| യൂഥപഃ | സേനാനായകൻ | ദിശം പ്രതി | ദിക്കിലേക്കായി |
| | | യയൗ. | ചെന്നു. |

അഗസ്ത്യചരിതാമാശാം ദക്ഷിണാം ഹരിയൂഥപഃ
താരാംഗദാദിസഹിതോ ഹനുമാൻ മാരുതാത്മജഃ 6
പശ്ചിമാം തു ഭൃശം ഘോരാം സുഷേണഃ പ്ലവഗേശ്വരഃ
പ്രതസ്ഥേ ഹരിശാർദ്ദൂലോ ദിശം വരുണപാലിതാം. 7

| | | | |
|---|---|---|---|
| ഹരിയൂഥപഃ | വാനര സേനാധിപനും | ഹരിശാർദ്ദൂലഃ | വാനരോത്തമനും |
| മാരുതാത്മജഃ | പവനാത്മജനുമായ | പ്ലവഗേശ്വരഃ | വാനരാധിപനുമായ |
| ഹനുമാൻ | ഹനുമാൻ | സുഷേണഃ | സുഷേണൻ |
| താരാംഗദാദി-സഹിതഃ | താരൻ, അംഗദൻ മുതലായവരോടും കൂടി | ഭൃശം ഘോരം | ഏററവും ഭയങ്കരവും |
| അഗസ്ത്യ-ചരിതാം | അഗസ്ത്യമഹർഷി വസിക്കുന്ന | വരുണ-പാലിതാം | വരുണനാൽ പരിരക്ഷിക്കപ്പെട്ടതുമായ |
| ദക്ഷിണാം ആശാം | ദക്ഷിണ ദിക്കിലേക്ക് | പശ്ചിമാം | പടിഞ്ഞാറെ |
| പ്രതസ്ഥേ; | പുറപ്പെട്ടു; | ദിശം | ദിക്കിലേക്കും |
| | | തു. | അപ്രകാരംതന്നെ ചെന്നു. |

തതഃ സർവ്വാ ദിശോ രാജാ ചോദയിത്വാ യഥാതഥം
കപിസേനാപതീൻ മുഖ്യാൻ മുമോദ സുഖിതഃ സുഖം. 8

| | | | |
|---|---|---|---|
| രാജാ | രാജാവായ സുഗ്രീവൻ | ചോദയിത്വാ | പറഞ്ഞയച്ചശേഷം |
| മുഖ്യാൻ | പ്രധാനികളായ | തതഃ | അതിനാൽ |
| കപി-സേനാപതീൻ | വാനരസേനാനായകന്മാരെ | സുഖിതഃ | മനഃസന്തുഷ്ടിയാന്നവനായി |
| സർവ്വാഃ | എല്ലാ | | |
| ദിശഃ | ദിക്കുകളിലേക്കും | സുഖം | വിചാരമററവനായി |
| യഥാതഥം | അവനവന്റെ യോഗ്യതപോലെ | മുമോദ. | സന്തോഷിച്ചു. |

ഏവം സംചോദിതാഃ സർവ്വേ രാജ്ഞാ വാനരപുംഗവാഃ
സ്വാം സ്വാം ദിശമഭിപ്രേത്യ ത്വരിതാഃ സംപ്രതസ്ഥിരേ. 9

| | | | |
|---|---|---|---|
| രാജ്ഞാ | രാജാവിനാൽ | സ്വാം സ്വാം | അവരവരുടെ |
| ഏവം | ഇപ്രകാരം | ദിശം | ദിക്കുകളെ |
| സംചോദിതാഃ | ആജ്ഞാപിക്കപ്പെട്ട | അഭിപ്രേത്യ | നോക്കി |
| വാനരപുംഗവാഃ | വാനരോത്തമന്മാർ | ത്വരിതാഃ | വേഗത്തിൽ |
| സർവ്വേ | എല്ലാവരും | സംപ്രതസ്ഥിരേ. | യാത്രചെയ്തു. |

നദന്തശ്ചോന്നദന്തശ്ച ഗർജ്ജന്തശ്ച പ്ലവംഗമാഃ
ക്ഷ്വേളന്തോ ധാവമാനാശ്ച യയുഃ പ്ലവഗസത്തമാഃ
ആനയിഷ്യാമഹേ സീതാം ഹനിഷ്യാമശ്ച രാവണം. 10

| | |
|---|---|
| പ്ലവഗസത്തമാഃ | വാനരോത്തമന്മാരായ |
| പ്ലവംഗമാഃ | വാനരന്മാർ |
| "സീതാം | "സീതാദേവിയെ |
| ആനയിഷ്യാമഹേ | കൊണ്ടുവന്നേക്കാം |
| രാവണം | രാവണനെ |
| ഹനിഷ്യാമഃ ച" | വധിച്ചേക്കാം" എന്നിങ്ങിനെ |
| നദന്തഃ ച | ആർത്തുകൊണ്ടും |
| ഉന്നദന്തഃ ച | ഉച്ചസ്വരത്തിൽ നിലവിളിച്ചുകൊണ്ടും |
| ഗർജ്ജന്തഃ ച | അട്ടഹസിച്ചുകൊണ്ടും |
| ക്ഷ്വേളന്തഃ | കുതിച്ചുചാടിക്കൊണ്ടും |
| ധാവമാനാഃ ച | പാഞ്ഞുകൊണ്ടും |
| യയുഃ. | യാത്രയായി. |

അഹമേകോ വധിഷ്യാമി പ്രാപ്തം രാവണമാഹവേ 11
തതശ്ചോന്മഥ്യ സഹസാ ഹരിഷ്യേ ജനകാത്മജാം. 12
വേപമാനാം ശ്രമേണാദ്യ ഭവദ്ഭിഃ സ്ഥീയതാമിതി
ഏക ഏവാഹരിഷ്യാമി പാതാളാദപി ജാനകീം 13
വിമഥിഷ്യാമ്യഹം വൃക്ഷാൻ ദാരയിഷ്യാമ്യഹം ഗിരീൻ
ധരണീം ദാരയിഷ്യാമി ക്ഷോഭയിഷ്യാമി സാഗരാൻ 14
അഹം യോജനസംഖ്യായാഃ പ്ലവിതാ നാത്ര സംശയഃ
ശതം യോജനസംഖ്യായാഃ ശതം സമധികം ഹ്യഹം 15
ഭൂതലേ സാഗരേ വാഽപി ശൈലേഷു ച വനേഷു ച
പാതാളസ്യാപി വാ മദ്ധ്യേ ന മമാച്ഛിദ്യതേ ഗതിഃ 16
ഇത്യേകൈകം തദാ തത്ര വാനരാ ബലദർപ്പിതാഃ
ഊചുശ്ച വചനം തസ്മിൻ ഹരിരാജസ്യ സന്നിധൌ. 17

| | |
|---|---|
| തത്ര തദാ | അപ്പോൾ പുറപ്പെടുന്നതിന്നുമുമ്പ് |
| ഹരിരാജസ്യ | വാനരാധിപന്റെ |
| തസ്മിൻ സന്നിധൌ, | ആ സന്നിധിയിൽ വെച്ച്, |
| ബലദർപ്പിതാഃ | ഊക്കുകൊണ്ട് ഗർവ്വിഷ്ഠരായ |
| വാനരാഃ | വാനരന്മാർ |
| ഏകൈകം ച | ഓരോരുത്തനും, |
| ഇതി വചനം | ഇങ്ങിനെ വീരവാദം |
| ഊചുഃ; | പറഞ്ഞു; |
| "അഹം ഏകഃ | "ഞാൻ ഒററയ്ക്കുതന്നെ |
| ആഹവേ | പോരിൽ |
| പ്രാപ്തം | എതിർത്തുവന്ന |
| രാവണം | രാവണനെ |
| വധിഷ്യാമി; | വധിച്ചുകളയാം; |
| ഉന്മഥ്യ തതഃ | കൊന്നശേഷം, |
| ജനകാത്മജാം ച | ജാനകീദേവിയേയും |
| സഹസാ | ഉടനേതന്നെ |
| ഹരിഷ്യേ; | കൊണ്ടുവന്നുകളയാം; |
| ഇഹ ഭവദ്ഭിഃ സ്ഥീയതാം; | ഇവിടെത്തന്നെ നിങ്ങൾ കാത്തുനില്പിൻ; |
| ശ്രമേണ | മനോവേദനകൊണ്ട് |
| വേപമാനാം | തുടിച്ചുകൊണ്ടിരിക്കുന്ന |
| ജാനകീം | ജാനകീദേവിയെ |

| | |
|---|---|
| പാതാളാത് അപി | പാതാളത്തിൽനിന്നെന്നാലും |
| ഏകഃ ഏവ | ഒററയ്ക്കുതന്നെ |
| അദ്യ ആഹരിഷ്യാമി; | ഞാൻ ഇതാ കൊണ്ടുവരുന്നുണ്ട്; |
| അഹം | ഞാൻ |
| വൃക്ഷാൻ | വൃക്ഷങ്ങളെ |
| വിമഥിഷ്യാമി; | തകൎത്തുകളയാം; |
| അഹം ഗിരീൻ | ഞാൻ പൎവ്വതങ്ങളെ |
| ദാരയിഷ്യാമി; | പൊടിപെടുത്താം; |
| ധരണീം | ഭൂമിയെ |
| ദാരയിഷ്യാമി; | ഞാൻ പിളൎന്നുകളയാം; |
| സാഗരാൻ | സമുദ്രങ്ങളെ |
| ക്ഷോഭയിഷ്യാമി | ഞാൻ കലക്കിമറിച്ചുകളയാം; |
| അഹം യോജനസംഖ്യായാഃ ശതം പ്ലവിതാ; | ഞാൻ നൂറു യോജനദൂരം ചാടിക്കടക്കുന്നവനാണ്; |
| അത്ര | ഇതിൽ |
| സംശയഃ ന; | സംശയംതന്നെയില്ല; |
| അഹം | ഞാൻ |
| യോജനസംഖ്യായാഃ ശതം സമധികം | നൂറു യോജന ദൂരവും അത്രയും അധികവും |
| ഹി; | ചാടുന്നവനാണ്; |
| മമ ഗതിഃ | എൻെറ ഗതി |
| ഭൂതലേ | ഭൂമിയിലാകട്ടെ |
| സാഗരേ അപി വാ | സമുദ്രത്തിൽതന്നെയാകട്ടെ |
| ശൈലേഷു ച | പൎവ്വതങ്ങളിലാകട്ടെ |
| വനേഷു ച | വനങ്ങളിലാകട്ടെ |
| പാതാളസ്യ | പാതാളത്തിൻെറ |
| മദ്ധ്യേ അപി വാ | നടുവിൽതന്നെയാകട്ടെ |
| ആഷ്ഠിദ്യതേ ന." | തടയപ്പെടുന്നതല്ല." |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ പഞ്ചചത്വാരിംശഃ സൎഗ്ഗഃ = നാല്പത്തിഅഞ്ചാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 11201; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1949.

## ഷട്ചത്വാരിംശഃ സൎഗ്ഗഃ = നാല്പത്താറാംസൎഗ്ഗം.

[ഭൂവലയവിജ്ഞാനകാരണകഥനം — സുഗ്രീവൻ ഭൂഗോളവിജ്ഞാനകാരണത്തെപ്പററി പറയുന്നത്].

ഗതേഷു വാനരേന്ദ്രേഷു രാമഃ സുഗ്രീവമബ്രവീത്
കഥം ഭവാൻ വിജാനീതേ സൎവ്വം വൈ മണ്ഡലം ഭുവഃ. 1

| | |
|---|---|
| വാനരേന്ദ്രേഷു | വാനരോത്തമന്മാർ |
| ഗതേഷു, | പോയശേഷം, |
| രാമഃ | ശ്രീരാമൻ |
| സുഗ്രീവം | സുഗ്രീവനോടായി |
| അബ്രവീത്; | ചോദ്യംചെയ്തു; |
| "ഭവാൻ | "അങ്ങ് |
| ഭുവഃ മണ്ഡലം | ഭൂഗോളം |
| സൎവ്വം വൈ | എല്ലാംതന്നെ |
| കഥം വിജാനീതേ?" | അറിവാനിടയായതെങ്ങിനെ?" |

സുഗ്രീവസ്തു തതോ രാമമുവാച പ്രണതാത്മവാൻ
ശ്രൂയതാം സൎവ്വമാഖ്യാസ്യേ വിസ്തരേണ നരൎഷഭ. 2

| | |
|---|---|
| സുഗ്രീവഃ | സുഗ്രീവൻ |
| പ്രണതാത്മവാൻ | വണക്കം പൂണ്ടവനായി |
| രാമം തു | ശ്രീരാമനോടായി |
| തതഃ | ആ സമയം |
| ഉവാച; | ഉണൎത്തിച്ചു; |
| "നരൎഷഭ! | "പുരുഷോത്തമ! |
| വിസ്തരേണ | വിസ്തരിച്ച് |
| സൎവ്വം ആഖ്യാസ്യേ; | ഞാൻ ഉണൎത്തിക്കാം; |
| ശ്രൂയതാം. | ചെവിക്കൊണ്ടാലും. |

യദാ തു ദുന്ദുഭിം നാമ ദാനവം മഹിഷാകൃതിം
പരികാലയതേ വാലീ മലയം പ്രതി പൎവ്വതം
തദാ വിവേശ മഹിഷോ മലയസ്യ ഗുഹാം പ്രതി. 3

"വാലീ — "ബാലി
യദാ — എപ്പോൾ
മഹിഷാകൃതിം — മഹിഷരൂപം കയ്ക്കൊ
ദുന്ദുഭിം നാമ — ദുന്ദുഭിയെന്ന [ണ്ട
ദാനവം — അസുരനെ
മലയം പൎവ്വതം പ്രതി — മലയപൎവ്വതത്തിലേക്കായി
പരികാലയതേ തു, — തുരത്തിക്കൊണ്ടുചെന്നുവോ,
തദാ — അപ്പോൾ
മഹിഷഃ — മഹിഷൻ
മലയസ്യ ഗുഹാം പ്രതി — മലയപൎവ്വതത്തിലുള്ള ഗുഹയിൽ
വിവേശ. — പ്രവേശിച്ചുകളഞ്ഞു.

["ദുന്ദുഭി" എന്നതു് 'ജനകൻ' എന്ന വാക്കിനെപ്പോലെതന്നെ വംശനാമമാകയാൽ മായാവി തന്നെയാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നതു്, എന്നു് (സ; ദുന്ദുഭി മഹിഷരൂപിയാകയാൽ തത്പുത്രനായ മായാവിയും മഹിഷാകാരൻതന്നെ എന്നു് (തിലകം); മായാവിയുടെ കഥയും, മഹിഷന്റെ കഥയും ഒരുപോലെയാണെന്നാലും രണ്ടുപേരും ഒന്നല്ല എന്നും, ബാലി രണ്ടുപേരേയും ഓരോരിക്കൽ വധിച്ചു എന്നും ഗോവിന്ദരാജപക്ഷം.]

വിവേശ വാലീ തത്രാപി മലയം തജ്ജിഘാംസയാ. 4

"തത്ര — "അപ്പോൾ
വാലീ അപി — ബാലിയും [ദ്ദേശിച്ചു്
തജ്ജിഘാംസയാ — അവനെ കൊല്ലുവാനു-
മലയം — മലയപൎവ്വതത്തിൽ
വിവേശ. — പ്രവേശിച്ചു.

തതോഽഹം തത്ര നിക്ഷിപ്തോ ഗുഹാദ്വാരി വിനീതവത്. 5

"തതഃ അഹം — "അപ്പോൾ ഞാൻ
വിനീതവത് — കൂടെപ്പോരേകേണ്ടെന്നു പറയപ്പെട്ടവനായി
തത്ര ഗുഹാദ്വാരി — ആ ഗുഹാദ്വാരത്തിൽ
നിക്ഷിപ്തഃ. — നിൎത്തപ്പെട്ടു.

ന ച നിഷ്ക്രമതേ വാലീ തദാ സംവത്സരേ ഗതേ. 6

"തദാ — "അപ്പോൾ
സംവത്സരേ ഗതേ ച — ഒരു വൎഷം കഴിഞ്ഞിട്ടും
വാലീ — ബാലി
നിഷ്ക്രമതേ ന. — പുറത്തുവരുന്നില്ല.

തതഃ ക്ഷതജവേഗേന ആപുപൂരേ തദാ ബിലം
തദഹം വിസ്മിതോ ദൃഷ്ട്വാ ഭ്രാതൃശോകവിഷാൎദ്ദിതഃ
അഥാഹം ഗതബുദ്ധിസ്തു സുവ്യക്തം നിഹതോ ഗുരുഃ. 7

"തദാ — "അപ്പോൾ
ക്ഷതജവേഗേന — രക്തപ്രവാഹത്താൽ
ബിലം — ഗുഹ
ആപുപൂരേ; — നിറഞ്ഞൊഴുകി;
അഹം — ഞാൻ
തത് ദൃഷ്ട്വാ — അതുകണ്ടു്
തതഃ — അതിനാൽ
വിസ്മിതഃ — പരിഭ്രമിച്ചവനായി
ഭ്രാതൃശോകവിഷാൎദ്ദിതഃ; — ഭ്രാതൃദുഃഖമാകുന്ന വിഷത്താൽ പീഡിതനായി ഭവിച്ചു;
അഥ അഹം — അനന്തരം ഞാൻ
'ഗുരുഃ — 'ജ്യേഷ്ഠൻ
സുവ്യക്തം — നിശ്ചയമായും
നിഹതഃ', തു — വധിക്കപ്പെട്ടു' എന്നു്
ഗതബുദ്ധിഃ. — നിശ്ചയിച്ചു.

ശിലാ പൎവ്വതസങ്കാശാ ബിലദ്വാരി കൃതാ മയാ
അശക്നുവന്നിഷ്ക്രമിതും മഹിഷോ വിനശിഷ്യതി. 8

| | | | |
|---|---|---|---|
| "'മഹിഷഃ നിഷ്ക്രമിതും | "'ദുന്ദുഭി പുറത്തേക്കു വരുന്നതിന്നു | ബിലദ്വാരി | ഗുഹാമുഖത്തിൽ |
| അശക്നുവൻ, | കഴിവില്ലാത്തവനായി, | പൎവ്വതസങ്കാശാ | മലയ്ക്കു തുല്യമായ |
| വിനശിഷ്യതി, | മരിക്കും, എന്നുദ്ദേശിച്ചു; | ശിലാ | ഒരു പാറക്കഷണം |
| | | മയാ കൃതാ. | എന്നാൽ ഇട്ടടയ്ക്കപ്പെട്ടു. |

തതോഽഹമാഗാം കിഷ്കിന്ധാം നിരാശസ്തസ്യ ജീവിതേ
രാജ്യം ച സുമഹത് പ്രാപ്തം താരയാ രുമയാ സഹ. 9

| | | | |
|---|---|---|---|
| "തതഃ | "അതിൽ പിന്നെ | സുമഹത് | ഏററവും മഹത്തായ |
| അഹം | ഞാൻ | രാജ്യം ച | രാജ്യവും |
| തസ്യ ജീവിതേ | അവന്റെ ജീവനിൽ | താരയാ | താരയോടും |
| നിരാശഃ | കൊതിയററവനായി | രുമയാ സഹ | രുമയോടുംകൂടി |
| കിഷ്കിന്ധാം | കിഷ്കിന്ധയിലേക്കു | പ്രാപ്തം. | പ്രാപിക്കപ്പെട്ടു. |
| ആഗാം; | തിരിച്ചുവന്നു; | | |

മിത്രൈശ്ച സഹിതസ്തത്ര വസാമി വിഗതജ്വരഃ. 10

| | | | |
|---|---|---|---|
| "തത്ര | "അപ്പോൾ | മിത്രൈഃ | സുഹൃജ്ജനങ്ങളോടും |
| വിഗതജ്വരഃ | ദുഃഖത്തെ വിസ്മരിച്ചവനായി | സഹിതഃ ച | കൂടിത്തന്നെ |
| | | വസാമി. | വസിച്ചു വരികയായി. |

ആജഗാമ തതോ വാലീ ഹത്വാ തം ദാനവൎഷഭം. 11

| | | | |
|---|---|---|---|
| "തതഃ വാലി | "അക്കാലം ബാലി | ഹത്വാ | വധിച്ചു |
| തം ദാനവൎഷഭം | ആ അസുരവരനെ | ആജഗാമ. | തിരിച്ചുവന്നു. |

തതോഽഹമദദാം രാജ്യം ഗൌരവാദ് ഭയയന്ത്രിതഃ 12

| | | | |
|---|---|---|---|
| "തതഃ | "അതിനാൽ | ഭയയന്ത്രിതഃ | ഭയപ്പെട്ടുകൊണ്ടു |
| അഹം | ഞാൻ | രാജ്യം | രാജ്യത്തെ |
| ഗൌരവാത് | ജ്യേഷ്ഠനെന്ന ആദരവോടുകൂടി | അദദാം. | തിരികെ നൽകി. |

സ മാം ജിഘാംസുൎദ്ദുഷ്ടാത്മാ വാലീ പ്രവ്യഥിതേന്ദ്രിയഃ
പരികാലയതേ ക്രോധാദ്ധാവന്തം സചിവൈഃ സഹ. 13

| | | | |
|---|---|---|---|
| "ദുഷ്ടാത്മാ | "ദുഷ്ടബുദ്ധിയായ | ധാവന്തം | ഓടുന്നവനായ |
| സഃ വാലീ | ആ ബാലി | മാം | എന്നെ |
| പ്രവ്യഥിതേന്ദ്രിയഃ | ചിത്തം ക്ഷോഭിച്ചവനായി | ക്രോധാത് | രോഷംമൂലം |
| സചിവൈഃ സഹ | മന്ത്രിമാരോടും കൂടി | ജിഘാംസുഃ | നിഗ്രഹിപ്പാനുദ്ദേശിച്ചു |
| | | പരികാലയതേ. | തുരത്തിക്കൊണ്ടുവന്നു. |

തതോഽഹം വാലിനാ തേന സാനുബന്ധഃ പ്രധാവിതഃ
നദീശ്ച വിവിധാഃ പശ്യൻ വനാനി നഗരാണി ച. 14

| | | | |
|---|---|---|---|
| " തതഃ | " അപ്പോൾ | വനാനി | വനങ്ങളേയും |
| സാനുബന്ധഃ | അമാത്യസഹിതനായ | നഗരാണി ച | നഗരങ്ങളേയും |
| അഹം, | ഞാൻ, | പശ്യൻ, | കണ്ടുംകൊണ്ട്, |
| വിവിധാഃ | പല | തേന വാലിനാ | ആ ബാലിയാൽ |
| നദീഃ ച | നദികളേയും | പ്രധാവിതഃ. | തുരത്തപ്പെട്ടു. |

ആദർശതലസങ്കാശാ തതോ വൈ പൃഥിവീ മയാ
അലാതചക്രപ്രതിമാ ദൃഷ്ടാ ഗോഷ്പദവത്തദാ. 15

| | | | |
|---|---|---|---|
| " തദാ | " അപ്പോൾ | ആദർശതല-സംകാശാ | കണ്ണാടിപോലെ സ്പഷ്ടമായിരിക്കുന്നതായി |
| തതഃ | അക്കാരണത്താൽ, | ഗോഷ്പദവത് | മാട്ടിൻ കുളമ്പടിയെന്നപോലെ നിഷ്പ്രയാസമായി |
| പൃഥിവീ വൈ | ഭൂതലം മുഴുവനും | ദൃഷ്ടാ. | നോക്കിക്കാണപ്പെട്ടു. |
| മയാ | എന്നാൽ | | |
| അലാത-ചക്രപ്രതിമാ | ചക്രക്കമ്പം ചുഴററുന്നപോലെ ചുഴററുന്നതായി, | | |

[" അലാതം;" (അംഗാരോഽലാതമുല്മുകം എന്ന് അമരം) കനൽ, കരിക്കട്ട, എന്നർത്ഥം. തീപ്പൊരി ചക്രംപോലെ ചുഴററുന്നതിന്ന് അലാതചക്രം എന്ന് പേർ. ഇതു വേഗതയെ സൂചിപ്പിക്കുന്നു. സുഗ്രീവന്റെ വേഗതകൊണ്ട് ഭൂമിയിലുള്ള വസ്തുക്കളെല്ലാം ചക്രക്കമ്പം ചുഴററുന്നപോലെ സുഗ്രീവന്ന് തോന്നി എന്ന് സാരം.]

പൂർവ്വാം ദിശം തതോ ഗത്വാ പശ്യാമി വിവിധാൻ ദ്രുമാൻ
പർവ്വതാംശ്ച നദീ രമ്യാഃ സരാംസി വിവിധാനി ച. 16

| | | | |
|---|---|---|---|
| " തതഃ | " അപ്പോൾ | രമ്യാഃ | രമ്യങ്ങളായ |
| പൂർവ്വാം ദിശം | കിഴക്കേദിക്കിനെ | നദീഃ | നദികളേയും |
| ഗത്വാ | പ്രാപിച്ച് | വിവിധാനി | പല |
| വിവിധാൻ | പലവിധ | സരാംസി ച | സരസ്സുകളേയും |
| ദ്രുമാൻ | വൃക്ഷങ്ങളേയും | പശ്യാമി. | എനിക്കു കാണ്മാൻ സംഗതിയായിട്ടുണ്ട്. |
| പർവ്വതാൻ ച | പർവ്വതങ്ങളേയും | | |

ഉദയം തത്ര പശ്യാമി പർവ്വതം ധാതുമണ്ഡിതം
ക്ഷീരോദം സാഗരം ചാപി നിത്യമപ്സരസാലയം
പരികാലയമാനസ്തു വാലിനാഽഭിദ്രുതസ്തദാ. 17

| | | | |
|---|---|---|---|
| " തദാ | " അപ്പോൾ | നിത്യം | എല്ലായ്പോഴും |
| വാലിനാ | ബാലിയാൽ | അപ്സരസാലയം | അപ്സരസ്സുകളാൽ നിവസിക്കപ്പെട്ടതുമായ |
| പരികാലയമാനഃ | തുരത്തപ്പെട്ട് | ക്ഷീരോദം സാഗരം അപി | ക്ഷീരോദമെന്ന സാഗരത്തേയും |
| അഭിദ്രുതഃ തു | ഭയന്നോടുന്നവനായി | പശ്യാമി. | എനിക്ക് കാണാറായിട്ടുണ്ട് |
| തത്ര | അവിടെ [ന്നെ | | |
| ധാതുമണ്ഡിതം | ധാതുക്കൾ നിറഞ്ഞ | | |
| ഉദയം പർവ്വതം ച | ഉദയപർവ്വതത്തേയും | | |

പുനരാവൃത്യ സഹസാ പ്രസ്ഥിതോഽഹം തദാ വിഭോ
പുനരാവർത്തമാനസ്തു വാലിനാഽഭിദ്രുതോ ദ്രുതം. 18

| | | | |
|---|---|---|---|
| "വിഭോ! | "പ്രഭോ! | ദ്രുതം | ഇടവിടാതെ |
| സഹസാ | പെട്ടെന്നു | അഭിദ്രുതഃ | തുരത്തപ്പെട്ടവനായി |
| പുനരാവൃത്യ, | പിൻതിരിഞ്ഞസമയം, | പുനരാവർത്തമാനഃ | തിരിച്ചോടുന്നവനായി തന്നെ |
| തദാ തു | അപ്പോഴും | അഹം | ഞാൻ |
| വാലിനാ | ബാലിയാൽ | പ്രസ്ഥിതഃ. | ചെന്നു. |

ദിശസ്തസ്യാസ്തതോ ഭൂയഃ പ്രസ്ഥിതോ ദക്ഷിണാം ദിശം
വിന്ധ്യപാദപസംകീർണ്ണാം ചന്ദനദ്രുമശോഭിതാം. 19

| | | | |
|---|---|---|---|
| "തതഃ | "അനന്തരം | ചന്ദനദ്രുമശോഭിതാം | ചന്ദനമരങ്ങളാലുപശോഭിക്കുന്നതുമായ |
| അസ്യാഃ ദിശഃ | ഈ ദിക്കിൽനിന്ന് | ദക്ഷിണാം ദിശം തു | ദക്ഷിണദിക്കിനെ നോക്കിത്തന്നെ |
| ഭൂയഃ | വീണ്ടുംതിരിഞ്ഞ് | പ്രസ്ഥിതഃ. | ചെന്നു. |
| വിന്ധ്യപാദപസങ്കീർണ്ണാം | വിന്ധ്യപർവ്വതവൃക്ഷങ്ങൾ നിറഞ്ഞതും | | |

ദ്രുമശൈലാംസ്തതഃ പശ്യൻ ഭൂയോ ദക്ഷിണതോഽപരാൻ
പശ്ചിമാം തു ദിശം പ്രാപ്തോ വാലിനാ സമഭിദ്രുതഃ
സംപശ്യൻ വിവിധാൻ ദേശാനസ്തം ച ഗിരിസത്തമം. 20

| | | | |
|---|---|---|---|
| "തതഃ | "അവിടെ | വിവിധാൻ ദേശാൻ | പല പ്രദേശങ്ങളേയും |
| അപരാൻ ദ്രുമശൈലാൻ | വേറെ വൃക്ഷങ്ങളേയും പർവ്വതങ്ങളേയും | ഗിരിസത്തമം | ശ്രേഷ്ഠഗിരിയായ |
| പശ്യൻ, | കാണുന്നവനായി | അസ്തം ച | അസ്തപർവ്വതത്തേയും |
| ദക്ഷിണതഃ ഭൂയഃ | തെക്കുനിന്നു വീണ്ടും | സംപശ്യൻ | കാണുന്നവനായി |
| വാലിനാ | ബാലിയാൽ | പശ്ചിമാം ദിശം തു പ്രാപ്തഃ. | പടിഞ്ഞാറെദിക്കിനേയും ഞാൻ പ്രാപിച്ചു. |
| സമഭിദ്രുതഃ | തുരത്തപ്പെട്ടവനായി | | |

പ്രാപ്യ ചാസ്തം ഗിരിശ്രേഷ്ഠമുത്തരാം സംപ്രധാവിതഃ
ഹിമവന്തം ച മേരും ച സമുദ്രം ച തഥോത്തരം. 21

| | | | |
|---|---|---|---|
| "ഗിരിശ്രേഷ്ഠം | "ഗിരിശ്രേഷ്ഠനായ | തഥാ | അതുപോലെതന്നെ |
| അസ്തം പ്രാപ്യ ച | അസ്തഗിരിയെ പ്രാപിച്ചതിൽപിന്നേയും | ഉത്തരം സമുദ്രം | ഉത്തരസമുദ്രത്തിലും |
| ഹിമവന്തം ച | ഹിമവാനിലും | ഉത്തരാം ച | വടക്കേദിക്കിലെല്ലാംതന്നേയും |
| മേരും ച | മേരുപർവ്വതത്തിലും | സംപ്രധാവിതഃ. | ഓടിക്കപ്പെട്ടു. |

യദാ ന വിന്ദം ശരണം വാലിനാ സമഭിദ്രുതഃ
തദാ മാം ബുദ്ധിസമ്പന്നോ ഹനുമാൻ വാക്യമബ്രവീത്. 22

| | | | |
|---|---|---|---|
| "വാലിനാ | "ബാലിയാൽ | ബുദ്ധിസമ്പന്നഃ | ബുദ്ധിശാലിയായ |
| സമഭിദ്രുതഃ | ഓടിക്കപ്പെട്ടവനായി | ഹനുമാൻ | ഹനുമാൻ |
| ശരണം യദാ ന വിന്ദം തദാ | ഒരു ആശ്രയവും കാണാതിരുന്ന ആ സമയം | മാം വാക്യം അബ്രവീത്. | എന്നോടായി ഇപ്രകാരം ഉപദേശിച്ചു. |

ഇദാനീം മേ സ്മൃതം രാജൻ യഥാ വാലീ ഹരീശ്വരഃ
മതംഗേന തദാ ശപ്തോ ഹ്യസ്മിന്നാശ്രമമണ്ഡലേ. 23

| | | | |
|---|---|---|---|
| "രാജൻ! | "മഹാരാജാവേ! | തദാ | ഒരുകാലത്ത് |
| ഹരീശ്വരഃ | വാനരേശ്വരനായ | മതംഗേന | മതംഗമഹർഷിയാൽ |
| വാലീ | ബാലി | ശപ്തഃ യഥാ | ശപിക്കപ്പെട്ടു എന്ന സംഗതി |
| അസ്മിൻ | ഈ | ഇദാനീം ഹി | ഇപ്പോൾമാത്രമാണ് |
| ആശ്രമമണ്ഡലേ | ആശ്രമപ്രദേശത്തിൽ | മേ സ്മൃതം. | എനിക്ക് ഓർമ്മവന്നത്. |

പ്രവിശേദ്യദി വൈ വാലീ മൂർദ്ധാഽസ്യ ശതധാ ഭവേത്
തത്ര വാസഃ സുഖോഽസ്മാകം നിരുദ്വിഗ്നോ ഭവിഷ്യതി. 24

| | | | |
|---|---|---|---|
| "വാലീ | "ബാലി | അസ്മാകം | നമുക്ക് |
| പ്രവിശേത് യദി വൈ | അവിടെ കടക്കുന്നതായാൽ | തത്ര | അവിടെ |
| അസ്യ മൂർദ്ധാ | ഇവന്റെ തല | വാസഃ | വസിക്കുന്നത് |
| ശതധാ ഭവേത്; | നൂറായി ചിതറിപ്പോകും; | നിരുദ്വിഗ്നഃ | നിർഭയമായും |
| | | സുഖഃ | സുഖമായും |
| | | ഭവിഷ്യതി. | ഇരിക്കുന്നതാണ്. |

തതഃ പർവ്വതമാസാദ്യ ഋശ്യമൂകം നൃപാത്മജ
ന വിവേശ തദാ വാലീ മതംഗസ്യ ഭയാത്തു സഃ. 25

| | | | |
|---|---|---|---|
| "നൃപാത്മജ! | "രാജകുമാര! | സഃ വാലീ | ആ ബാലി |
| തദാ | അപ്പോൾ | മതംഗസ്യ | മതംഗമഹർഷിയുടെ |
| ഋശ്യമൂകം പർവ്വതം | ഋശ്യമൂകപർവ്വതത്തെ | ഭയാത് | ഭയം നിമിത്തം |
| ആസാദ്യ | പ്രാപിച്ച് | ന വിവേശ. | (അവിടെ) കടന്നതേയില്ല. |
| തതഃ തു | അതിനു ശേഷം | | |

ഏവം മയാ തദാ രാജൻ പ്രത്യക്ഷമുപലക്ഷിതം
പൃഥിവീമണ്ഡലം കൃത്സ്നം ഗുഹാമസ്യാഗതസ്തതഃ. 26

| | | | |
|---|---|---|---|
| "രാജൻ! | "രാജാവേ! | പ്രത്യക്ഷം | പ്രത്യക്ഷമായി |
| തദാ | അക്കാലം | ഉപലക്ഷിതം; | കണ്ടറിയപ്പെട്ടു; |
| മയാ ഏവം | എന്നാൽ ഇപ്രകാരം | തതഃ | അതിൽ പിന്നെ |
| പൃഥിവീമണ്ഡലം | ഭൂമണ്ഡലം | അസ്യ | ഈ പർവ്വതത്തിന്റെ |
| | | ഗുഹാം | ഗുഹയിലേക്ക് |
| കൃത്സ്നം | മുഴുവനും | ആഗതഃ. | വന്നുചേർന്നു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ഷട്ചത്വാരിംശഃ സർഗ്ഗഃ = നാല്പത്താറാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 11227; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 1975.

## സപ്തചത്വാരിംശഃ സർഗ്ഗഃ = നാല്പത്തേഴാംസർഗ്ഗം.

[പൂർവ്വോത്തരപശ്ചിമദിഗ്ഭ്യോ വാനരസേനാപ്രത്യാഗമനം = കിഴക്ക്, വടക്ക്, പടിഞ്ഞാറ് എന്ന ദിക്കുകളിൽനിന്ന് വാനരസേനകൾ മടങ്ങുന്നത്.]

ദർശനാർത്ഥം തു വൈദേഹ്യാഃ സർവ്വതഃ കപിയൂഥപാഃ
വ്യാദിഷ്ടാഃ കപിരാജേന യഥോക്തം ജഗ്മുരഞ്ജസാ. 1

| | | | |
|---|---|---|---|
| കപിരാജേന | വാനരരാജാവിനാൽ | സർവ്വതഃ | എല്ലാ ദിക്കുകളിലേക്കും |
| വ്യാദിഷ്ടാഃ | ആജ്ഞാപിക്കപ്പെട്ടവരായ | വൈദേഹ്യാഃ | വിദേഹാത്മജയെ |
| കപിയൂഥപാഃ | വാനരത്തലവന്മാർ | ദർശനാർത്ഥം | കാണുന്നതിനു വേണ്ടി |
| യഥോക്തം തു | കല്പനയനുസരിച്ചുതന്നെ | അഞ്ജസാ | വേഗതയോടെ |
| | | ജഗ്മുഃ. | ചെന്നു. |

സരാംസി സരിതഃ കക്ഷാനാകാശം നഗരാണി ച
നദീദുർഗ്ഗാംസ്തഥാ ശൈലാൻ വിചിന്വന്തി സമന്തതഃ. 2

| | | | |
|---|---|---|---|
| സരാംസി | സരസ്സുകളിലും | തഥാ | അതുപോലെതന്നെ |
| സരിതഃ | നദികളിലും | നദീദുർഗ്ഗാൻ | നദികളിലും മലപ്പിളപ്പുകളിലും |
| കക്ഷാൻ | ഇരുണ്ട വനങ്ങളിലും | ശൈലാൻ | പർവ്വതങ്ങളിലും |
| ആകാശം | തുറന്ന സ്ഥലങ്ങളിലും | സമന്തതഃ | എല്ലാ സ്ഥലങ്ങളിലും |
| നഗരാണി ച | നഗരങ്ങളിലും | വിചിന്വന്തി. | തിരയുകയായി. |

സുഗ്രീവേണ സമാഖ്യാതാൻ സർവ്വേ വാനരപുംഗവാഃ
പ്രദേശാൻ പ്രവിചിന്വന്തി സശൈലവനകാനനാൻ. 3

| | | | |
|---|---|---|---|
| വാനരപുംഗവാഃ | വാനരോത്തമന്മാർ | സശൈലവനകാനനാൻ | പർവ്വതങ്ങളും, വനങ്ങളും, തോപ്പുകളുമടങ്ങിയ |
| സർവ്വേ | എല്ലാവരും | പ്രദേശാൻ, | പ്രദേശങ്ങളെ, |
| സുഗ്രീവേണ | സുഗ്രീവനാൽ | പ്രവിചിന്വന്തി. | തിരഞ്ഞുനോക്കുകയായി. |
| സമാഖ്യാതാൻ | വിവരിക്കപ്പെട്ട | | |

വിചിത്യ ദിവസം സർവ്വേ സീതാധിഗമനേ ധൃതാഃ
സമായാന്തി സ്മ മേദിന്യാം നിശാകാലേഷു വാനരാഃ. 4

| | | | |
|---|---|---|---|
| വാനരാഃ സർവ്വേ | വാനരന്മാരെല്ലാവരും | മേദിന്യാം | ഭൂമിയിൽ |
| സീതാധിഗമനേ | സീതാദേവിയെ കണ്ടുപിടിക്കുന്നതിൽ | വിചിത്യ, | തേടിത്തിരഞ്ഞ്, |
| ധൃതാഃ, | നിശ്ചയംപൂണ്ടവരായി | നിശാകാലേഷു | രാത്രികാലങ്ങളിൽ |
| ദിവസം | പകൽസമയം | സമായാന്തി സ്മ. | ഒരുദിക്കിൽ വന്നുകൂടിയിരുന്നു. |

സൎവ്വൎത്തുകാമാൻ ദേശേഷു വാനരാഃ സഫലദ്രുമാൻ
ആസാദ്യ രജനീം ശയ്യാം ചക്രുഃ സൎവ്വേഷ്വഹസ്സു തേ. 5

| | | | |
|---|---|---|---|
| തേ വാനരാഃ | ആ വാനരന്മാർ | സഫലദ്രുമാൻ | പഴങ്ങൾ നിറഞ്ഞ വൃക്ഷങ്ങളെ |
| സൎവ്വേഷു ദേശേഷു | എല്ലാ ദിക്കുകളിലും | രജനീം | രാത്രികാലങ്ങളിൽ |
| അഹസ്സു | ദിവസംതോറും | ആസാദ്യ, | പ്രാപിച്ചു്, |
| സൎവ്വൎത്തു-കാമാൻ | എല്ലാകാലങ്ങളിലും ആഗ്രഹിച്ചവയെ നൽകുന്ന | ശയ്യാം ചക്രുഃ. | വിശ്രമിച്ചു. |

തദഹഃ പ്രഥമം കൃത്വാ മാസേ പ്രസ്രവണാചലേ
കപിരാജേന സംഗമ്യ നിരാശാഃ കപിയൂഥപാഃ 6

| | | | |
|---|---|---|---|
| കപിയൂഥപാഃ | വാനരയൂഥപന്മാർ | പ്രസ്രവണാ-ചലേ | പ്രസ്രവണ പൎവ്വതത്തിൽ |
| തത് അഹഃ | അവർ പുറപ്പെട്ടതായ ആ ദിവസത്തെ | കപിരാജേന | വാനരാധിപനോടു |
| പ്രഥമം | ഒന്നാമത്തേതായി | സംഗമ്യ, | ചേൎന്നു്, |
| കൃത്വാ, | കണക്കാക്കി | നിരാശാഃ. | നിരാശന്മാരായി വൎത്തിച്ചു. |
| മാസേ | ഒരുമാസം തികഞ്ഞാറെ | | |

വിചിത്യ തു ദിശം പൂൎവ്വാം യഥോക്താം സചിവൈഃ സഹ
അദൃഷ്ട്വാ വിനതഃ സീതാമാജഗാമ മഹാബലഃ. 7

| | | | |
|---|---|---|---|
| മഹാബലഃ | അതിബലശാലിയായ | സീതാം | സീതാദേവിയെ |
| വിനതഃ | വിനതൻ | അദൃഷ്ട്വാ | കാണാതെ |
| യഥോക്താം | പറഞ്ഞുകൊടുക്കപ്പെട്ട പോലെയുള്ള | സചിവൈഃ സഹ | കൂട്ടുകാരോടും കൂടി |
| പൂൎവ്വാം ദിശം | കിഴക്കേദിക്കിൽ | തു | ആ സമയം |
| വിചിത്യ, | അന്വേഷിച്ചു്, | ആജഗാമ. | മടങ്ങിയെത്തി. |

ഉത്തരാം തു ദിശം സൎവ്വാം വിചിത്യ സ മഹാകപിഃ
ആഗതഃ സഹ സൈന്യേന വീരഃ ശതബലിസ്തദാ. 8

| | | | |
|---|---|---|---|
| സഃ മഹാകപിഃ | ആ പ്രസിദ്ധവാനരനും | വിചിത്യ | തിരഞ്ഞ് |
| വീരഃ | വീരനുമായ | സൈന്യേന സഹ | സൈന്യത്തോടു കൂടി |
| ശതബലിഃ തു | ശതബലിയും | തദാ | അപ്പോൾ |
| ഉത്തരാം ദിശം | വടക്കേ ദിക്കിൽ | ആഗതഃ. | തിരിച്ചുവന്നു. |
| സൎവ്വാം | എല്ലാം | | |

സുഷേണഃ പശ്ചിമാമാശാം വിചിത്യ സഹ വാനരൈഃ
സമേത്യ മാസേ സമ്പൂൎണ്ണേ സുഗ്രീവമുപചക്രമേ. 9

| | | | |
|---|---|---|---|
| സുഷേണഃ | സുഷേണൻ | വാനരൈഃ | വാനരന്മാരോടും |
| പശ്ചിമാം ആശാം | പടിഞ്ഞാറെ ദിക്കിനെ | സഹ | കൂടി |
| വിചിത്യ, | തിരഞ്ഞു്, | സുഗ്രീവം | സുഗ്രീവനെ |
| മാസേ | ഒരുമാസം | സമേത്യ | പ്രാപിച്ചു് |
| സമ്പൂൎണ്ണേ | അവസാനിച്ചു ഉടനെ, | ഉപചക്രമേ. | കാത്തുനിന്നു. |

തം പ്രസ്രവണപൃഷ്ഠസ്ഥം സമാസാദ്യാഭിവാദ്യ ച
ആസീനം സഹ രാമേണ സുഗ്രീവമിദമബ്രുവൻ. 10

| | |
|---|---|
| പ്രസ്രവണ-പൃഷ്ഠസ്ഥം | പ്രസ്രവണഗിരിയിലെ താഴ്വരയിലിരിക്കുന്നവനും |
| രാമേണ സഹ | ശ്രീരാമനൊന്നിച്ച് |
| ആസീനം | ഉപവേശിച്ചിരുന്നവനുമായ |
| തം സുഗ്രീവം | ആ സുഗ്രീവനെ |
| സമാസാദ്യ, | സമീപിച്ച്, |
| അഭിവാദ്യ ച, | അഭിവാദ്യം ചെയ്തശേഷം, |
| ഇദം അബ്രുവൻ. | അവർ ഇപ്രകാരം ഉണർത്തിച്ചു. |

വിചിതാഃ പർവ്വതാഃ സർവ്വേ വനാനി ഗഹനാനി ച
നിമ്നഗാഃ സാഗരാശ്ചൈവ സർവ്വേ ജനപദാസ്തഥാ. 11

| | |
|---|---|
| "പർവ്വതാഃ | "പർവ്വതങ്ങൾ |
| സർവ്വേ | എല്ലാംതന്നെയും |
| വനാനി | വനങ്ങളും |
| ഗഹനാനി | ഗുഹകളും |
| നിമ്നഗാഃ ച | നദികളും |
| സാഗരാഃ ച | സമുദ്രങ്ങളും |
| ജനപദാഃ | ദേശങ്ങളും |
| സർവ്വേ ഏവ | മുഴുവനും |
| തഥാ ച | ഒന്നൊഴിയാതെതന്നെ |
| വിചിതാഃ. | തിരയപ്പെട്ടു. |

ഗുഹാശ്ച വിചിതാഃ സർവ്വാസ്ത്വയാ യാഃ പരികീർത്തിതാഃ
വിചിതാശ്ച മഹാഗുല്മാ ലതാവിതതസന്തതാഃ. 12

| | |
|---|---|
| "ത്വയാ | "നിന്തിരുവടിയാൽ |
| യാഃ | യാതൊരു സ്ഥലങ്ങൾ |
| പരികീർത്തിതാഃ | എടുത്തുപറയപ്പെട്ടുവോ ആ |
| ഗുഹാഃ ച, | ഗോപ്യസ്ഥലങ്ങളും |
| സർവ്വാഃ | എല്ലാം |
| വിചിതാഃ ; | തിരയപ്പെട്ടുകഴിഞ്ഞു ; |
| ലതാവിതത-സന്തതാഃ | വള്ളികൾ പടന്ന് മൂടിക്കിടക്കുന്ന |
| മഹാഗുല്മാഃ ച | വലിയ ചെടിക്കൂട്ടങ്ങളും |
| വിചിതാഃ. | തേടപ്പെട്ടു. |

ഗഹനേഷു ച ദേശേഷു ദുർഗ്ഗേഷു വിഷമേഷു ച
സത്വാന്യതിപ്രമാണാനി വിചിതാനി ഹതാനി ച. 13

| | |
|---|---|
| "ഗഹനേഷു | "തിങ്ങിവളർന്ന കാടുകളിലും, |
| ദേശേഷു ച | ദേശങ്ങളിലും |
| ദുർഗ്ഗേഷു ച വിഷമേഷു ച | കടക്കുവാൻ പ്രയാസമുള്ള വിഷമസ്ഥലങ്ങളിലും |
| അതി-പ്രമാണാനി | ക്രൂരന്മാരായ |
| സത്വാനി | ജന്തുക്കൾ |
| വിചിതാനി, | കണ്ടുപിടിക്കപ്പെട്ട്, |
| ഹതാനി. | ഉപദ്രവിക്കപ്പെട്ടു. |

യേ ചൈവ ഗഹനാ ദേശാ വിചിതാസ്തേ പുനഃ പുനഃ. 14

| | |
|---|---|
| "ഗഹനാഃ | "ദുർഗമങ്ങളായ |
| ദേശാഃ | പ്രദേശങ്ങൾ |
| യേ ച | ഏവയോ |
| തേ ഏവ | അവയും, |
| പുനഃ പുനഃ | വീണ്ടും വീണ്ടും |
| വിചിതാഃ. | തിരഞ്ഞുനോക്കപ്പെട്ടു. |

ഉദാരസത്വാഭിജനോ മഹാത്മാ സ മൈഥിലീം ദ്രക്ഷ്യതി വാനരേന്ദ്രഃ
ദിശം തു യാമേവ ഗതാ തു സീതാ താം പ്രസ്ഥിതോ വായുസുതോ ഹനൂമാൻ.

| | | | |
|---|---|---|---|
| "യാം | "ഏതൊരു | ഉദാരസത്വാഭിജനഃ | പ്രകൃത്യാ ഉത്കൃഷ്ടഗുണസമ്പന്നനും |
| ദിശം | ദിക്കിനെ | മഹാത്മാ | മഹാത്മാവും |
| സീതാ | സീതാദേവി | വാനരേന്ദ്രഃ | വാനരോത്തമനുമായ |
| ഗതാ തു | പ്രാപിച്ചിരിക്കുന്നുവൊ | സഃ ഹനൂമാൻ ഏവ | ആ ഹനുമാൻതന്നെയാണ് |
| താം തു | അവിടേക്കുതന്നെ | മൈഥിലീം ദ്രക്ഷ്യതി." | വൈദേഹിയെ ദർശിക്കവാൻ പോകുന്നത്." |
| പ്രസ്ഥിതഃ, | പോയിരിക്കുന്നവനും, | | |
| വായുസുതഃ | പവനാത്മജനും | | |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ സപ്തചത്വാരിംശഃ സർഗ്ഗഃ = നാല്പത്തേഴാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 11242 ; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 1990.

## അഷ്ടചത്വാരിംശഃ സർഗ്ഗഃ = നാല്പത്തെട്ടാംസർഗ്ഗം.

[വിന്ധ്യഗുഹാസു സീതാന്വേഷണം = വിന്ധ്യന്റെ ഗുഹകളിൽ സീതയെ തേടുന്നതു]

സഹ താരാംഗദാഭ്യാം തു സ ഗത്വാ ഹനുമാൻ കപിഃ
സുഗ്രീവേണ യഥോദ്ദിഷ്ടം തം തം ദേശം പ്രചക്രമേ. 1

| | | | |
|---|---|---|---|
| സഃ കപിഃ | ആ വാനരനായ | സുഗ്രീവേണ | സുഗ്രീവനാൽ |
| ഹനുമാൻ | ഹനുമാൻ | യഥോദ്ദിഷ്ടം | പറഞ്ഞുകൊടുക്കപ്പെട്ട പ്രകാരംതന്നെ |
| താരാംഗദാഭ്യാം തു സഹ | താരനോടും അംഗദനോടുംകൂടി | തം തം ദേശം | അതാതുസ്ഥലത്തെ |
| ഗത്വാ | ചെന്ന് | പ്രചക്രമേ. | ചെന്നുനോക്കി. |

സ തു ദൂരമുപാഗമ്യ സർവ്വൈസ്തൈഃ കപിസത്തമൈഃ
വിചിനോതി സ്മ വിന്ധ്യസ്യ ഗുഹാശ്ച ഗഹനാനി ച 2
പർവ്വതാഗ്രാൻ നദീദുർഗ്ഗാൻ സരാംസി വിപുലാൻ ദ്രുമാൻ
വൃക്ഷഷണ്ഡാംശ്ച വിവിധാൻ പർവ്വതാൻ ഘനപാദപാൻ. 3

| | | | |
|---|---|---|---|
| സഃ | അദ്ദേഹം | പർവ്വതാഗ്രാൻ | പർവ്വതാഗ്രങ്ങളേയും |
| കപിസത്തമൈഃ | വാനരശ്രേഷ്ഠരായ | സരാംസി | പൊയ്കകളേയും |
| തൈഃ | അവർ | വിപുലാൻ ദ്രുമാൻ | വമ്പിച്ച വൃക്ഷങ്ങളേയും |
| സർവ്വൈഃ തു | എല്ലാവരോടുംകൂടി | വിവിധാൻ | പല |
| ദൂരം ഉപാഗമ്യ | വളരെദൂരംചെന്ന് | വൃക്ഷഷണ്ഡാൻ ച | മരത്തോപ്പുകളേയും |
| വിന്ധ്യസ്യ | വിന്ധ്യപർവ്വതത്തിന്റെ | ഘനപാദപാൻ | മരങ്ങൾ നിറഞ്ഞ |
| ഗുഹാഃ ച | ഗുഹകളേയും | പർവ്വതാൻ | പർവ്വതങ്ങളേയും |
| ഗഹനാനി ച | ഇരുണ്ട വനങ്ങളേയും | വിചിനോതി സ്മ. | പരിശോധിച്ചു. |
| നദീദുർഗ്ഗാൻ | നദികളേയും ദുർഗ്ഗങ്ങളേയും | | |

അന്വേഷമാണാസ്തേ സൎവ്വേ വാനരാഃ സൎവ്വതോ ദിശം
ന സീതാം ദദൃശുഃ സൎവ്വേ മൈഥിലീം ജനകാത്മജാം. 4

| | |
|---|---|
| വാനരാഃ | വാനരന്മാരായ |
| തേ സൎവ്വേ, | അവരെല്ലാം, |
| സൎവ്വതഃ ദിശം | എല്ലാ ദിക്കുകളിലും |
| സൎവ്വേ | എല്ലാവരും കൂടി |
| അന്വേഷമാണാഃ | അന്വേഷിക്കുന്നവരായി |
| മൈഥിലീം | മിഥിലയിൽ ജനിച്ചവളും |
| ജനകാത്മജാം | ജനകപുത്രിയും ആയ |
| സീതാം | സീതാദേവിയെ |
| ദദൃശുഃ ന. | കണ്ടെത്തിയതേയില്ല. |

തേ ഭക്ഷയന്തോ മൂലാനി ഫലാനി വിവിധാനി ച
അന്വേഷമാണാ ദുൎദ്ധൎഷാ ന്യവസംസ്തത്ര തത്ര ഹ
സ തു ദേശോ ദുരന്വേഷോ ഗുഹാഗഹനവാൻ മഹാൻ. 5

| | |
|---|---|
| ദുൎദ്ധൎഷാഃ | കൂസലില്ലാത്തവരായ |
| തേ, | അവർ, |
| വിവിധാനി മൂലാനി | പല കിഴങ്ങുകളേയും |
| ഫലാനി ച | പഴങ്ങളേയും |
| ഭക്ഷയന്തഃ, | ഭക്ഷിച്ചുകൊണ്ടു്, |
| തത്ര തത്ര ഹ | അവിടവിടെ എല്ലാ സ്ഥലങ്ങളിലും |
| അന്വേഷമാണാഃ, | തിരയുന്നവരായി, |
| ന്യവസൻ; | കാലം കഴിച്ചു; |
| സഃ ദേശഃ തു | ആ പ്രദേശമാകട്ടെ |
| ഗുഹാ-ഗഹനവാൻ | ഗുഹകളും ഇരുണ്ട കാടുകളും നിറഞ്ഞതായി |
| മഹാൻ | വിസ്തൃതമായി |
| ദുരന്വേഷഃ. | തിരയുവാൻ കഷ്ടമുള്ളതായിരുന്നു. |

നിൎജ്ജലം നിൎജ്ജനം ശൂന്യം ഗഹനം രോമഹൎഷണം
ത്യക്ത്വാ തു തം തദാ ദേശം സൎവ്വേ വൈ ഹരിയൂഥപാഃ 6
താദൃശാന്യപ്യരണ്യാനി വിചിത്യ ഭൃശപീഡിതാഃ
ദേശമന്യം ദുരാധൎഷം വിവിശുശ്ചാകുതോഭയാഃ. 7

| | |
|---|---|
| ഹരിയൂഥപാഃ | വാനരനായകന്മാർ |
| സൎവ്വേ വൈ | എല്ലാവരും |
| നിൎജ്ജലം | വെള്ളംകിട്ടാത്തതും |
| നിൎജ്ജനം | ജനരഹിതവും |
| രോമഹൎഷണം | രോമാഞ്ചമുണ്ടാക്കുമാറു് |
| ശൂന്യം | പാഴടഞ്ഞു് |
| ഗഹനം | ദുൎഗ്ഗമമായിരുന്നതുമായ |
| തം ദേശം | ആ പ്രദേശത്തെ |
| ത്യക്ത്വാ, | വിട്ടു്, |
| താദൃശാനി | അതുപോലെയുള്ള |
| അരണ്യാനി അപി | വനങ്ങളിലും |
| വിചിത്യ, | തിരഞ്ഞശേഷം, |
| ഭൃശപീഡിതാഃ | അതിദീനമാനസരായി |
| ദുരാധൎഷം | കടക്കുവാൻ പ്രയാസമേറിയ |
| അന്യം | മറ്റൊരു |
| ദേശം ച | പ്രദേശത്തേയും |
| അകുതോഭയാഃ തു | ഭയരഹിതരായിത്തന്നെ |
| തദാ | ആ സമയം |
| വിവിശുഃ. | പ്രവേശിച്ചു. |

യത്ര വന്ധ്യഫലാ വൃക്ഷാ വിപുഷ്പാഃ പൎണ്ണവൎജ്ജിതാഃ
നിസ്തോയാഃ സരിതോ യത്ര മൂലം യത്ര സുദുൎല്ലഭം. 8

| | | | |
|---|---|---|---|
| യത്ര വൃക്ഷാഃ | യാതൊരു അവിടെയുള്ള വൃക്ഷങ്ങൾ | യത്ര സരിതഃ | യാതൊരു അവിടെയുള്ള നദികൾ |
| വന്ധ്യഫലാഃ | ഫലങ്ങളില്ലാത്തവയും | നിഃസ്തോയാഃ; | വെള്ളമില്ലാത്തവയായിരുന്നു; |
| വിപുഷ്പാഃ | പുഷ്പങ്ങളില്ലാത്തവയും | യത്ര മൂലം | അവിടെ കിഴങ്ങുകൾ |
| പൎണ്ണവൎജ്ജിതാഃ; | ഇലപോലുമില്ലാത്തവയും ആയിരുന്നു; | സുദുൎല്ലഭം. | ഒട്ടും ലഭിക്കാതിരുന്നു. |

ന സന്തി മഹിഷാ യത്ര ന മൃഗാ ന ച ഹസ്തിനഃ
ശാൎദ്ദൂലാഃ പക്ഷിണോ വാഽപി യേ ചാന്യേ വനഗോചരാഃ. 9

| | | | |
|---|---|---|---|
| യത്ര | യാതൊരു അതിൽ | അന്യേ യേ | മറ്റുള്ള ഏവയോ അ |
| മഹിഷാഃ | കാട്ടുപോത്തുകൾ | ഹസ്തിനഃ ച | ആനകളും |
| ന സന്തി; | ഇല്ല; | ശാൎദ്ദൂലാഃ ച | പുലികളും |
| മൃഗാഃ ന; | മാനുകളുമില്ല; | പക്ഷിണഃ അപി വാ ന. | പക്ഷികളുംകൂടിയില്ല. |
| വനഗോചരാഃ | വനചാരികളായ | | |

ന യത്ര വൃക്ഷാ നൌഷധ്യോ ന വല്ല്യോ നാപി വീരുധഃ. 10

| | | | |
|---|---|---|---|
| യത്ര | യാതൊരു അതിൽ | വല്ല്യഃ ന | വള്ളികളുമില്ല; |
| വൃക്ഷാഃ ന; | വൃക്ഷങ്ങളില്ല; | വീരുധഃ അപി ന. | പുല്ലുകളുംകൂടിയുണ്ടായിരുന്നില്ല. |
| ഔഷധ്യഃ ന; | ചെടികളുമില്ല; | | |

സ്നിഗ്ദ്ധപത്രാഃ സ്ഥലേ യത്ര പദ്മിന്യഃ ഫുല്ലപങ്കജാഃ
പ്രേക്ഷണീയാഃ സുഗന്ധാശ്ച ഭ്രമരൈശ്ച വിവൎജ്ജിതാഃ 11
കണ്ഡുൎന്നാമ മഹാഭാഗഃ സത്യവാദീ തപോധനഃ
മഹൎഷിഃ പരമാമൎഷീ നിയമൈൎദ്ദുഷ്പ്രധൎഷണഃ. 12

| | | | |
|---|---|---|---|
| യത്ര | യാതൊരു | വിവൎജ്ജിതാഃ ച; | ഇല്ലാത്തവയായിരുന്നു; |
| സ്ഥലേ, | ആ സ്ഥലത്തിൽ, | മഹാഭാഗഃ | മഹാപുണ്യാത്മാവും |
| പദ്മിന്യഃ | താമരപ്പൊയ്കകൾ | തപോധനഃ | തപസ്വിയും |
| സ്നിഗ്ദ്ധപത്രാഃ | ഭംഗിയുള്ള ഇലകളോടുകൂടിയവയും | സത്യവാദീ | സത്യനിഷ്ഠനും |
| ഫുല്ലപങ്കജാഃ | വികസിച്ച താമരപ്പൂക്കളുള്ളവയും | പരമാമൎഷീ | അക്ഷമനും |
| സുഗന്ധാഃ | നറുമണംവീശുന്നവയും | നിയമൈഃ | വ്രതാനുഷ്ഠാനങ്ങൾകാരണം |
| പ്രേക്ഷണീയാഃ ച, | കാണത്തക്കവയും ആയിരുന്നാലും, | ദുഷ്പ്രധൎഷണഃ | അടുപ്പാൻ കഴിയാത്തവനുമായ |
| ഭ്രമരൈഃ | വണ്ടുകൾ | കണ്ഡുഃ നാമ | കണ്ഡു എന്ന |
| | | മഹൎഷിഃ. | ഒരു മുനിവരൻ അവിടെ ഉണ്ടായിരുന്നു. |

തസ്യ തസ്മിൻ വനേ പുത്രോ ബാലഃ ഷോഡശവാൎഷികഃ
പ്രനഷ്ടോ ജീവിതാന്തായ ക്രുദ്ധസ്തത്ര മഹാമുനിഃ. 13

| | |
|---|---|
| തസ്മിൻ വനേ | ആ വനത്തിൽ |
| ഷോഡശവാൎഷികഃ | പതിനാറുവയസ്സു പ്രായമുള്ള |
| തസ്യ | അദ്ദേഹത്തിന്റെ |
| ബാലഃ പുത്രഃ | ചെറുപുത്രൻ |
| പ്രനഷ്ടഃ; | മൃതിപ്പെട്ടുപോയി; |
| തത്ര | അക്കാരണത്താൽ |
| മഹാമുനിഃ | മുനീന്ദ്രൻ |
| ജീവിതാന്തായ | ജീവജാലങ്ങളെയെല്ലാം നശിപ്പിക്കത്തക്കവണ്ണം |
| ക്രുദ്ധഃ. | കുപിതനായിത്തീൎന്നു. |

തേന ധൎമ്മാത്മനാ ശപ്തം കൃത്സ്നം തത്ര മഹദ്വനം
അശരണ്യം ദുരാധൎഷം മൃഗപക്ഷിവിവൎജ്ജിതം. 14

| | |
|---|---|
| തത്ര | അപ്പോൾ |
| മഹത് | ശ്രേഷ്ഠമായ |
| വനം | ആ വനം |
| കൃത്സ്നം | മുഴുവനും |
| അശരണ്യം | നിവാസയോഗ്യമല്ലാത്തതായും |
| ദുരാധൎഷം | അടുപ്പാൻ കഴിയാത്തതായും |
| മൃഗപക്ഷിവിവൎജ്ജിതം | മൃഗങ്ങളും പക്ഷികളുമില്ലാത്തതായും |
| തേന ധൎമ്മാത്മനാ | ആ ധൎമ്മാത്മാവിനാൽ |
| ശപ്തം. | ശപിക്കപ്പെട്ടു. |

തസ്യ തേ കാനനാന്താംശ്ച ഗിരീണാം കന്ദരാണി ച
പ്രഭവാനി നദീനാം ച വിചിന്വന്തി സമാഹിതാഃ. 15

| | |
|---|---|
| തേ | ആ വാനരന്മാർ, |
| സമാഹിതാഃ | ജാഗ്രതയോടുകൂടിയവരായി, |
| തസ്യ | ആ |
| കാനനാന്താൻ ച | എല്ലാ വനപ്രദേശങ്ങളേയും |
| ഗിരീണാം | പൎവ്വതങ്ങളുടെ |
| കന്ദരാണി ച | ഗഹ്വരങ്ങളേയും |
| നദീനാം | നദികളുടെ |
| പ്രഭവാനി ച | ഉത്ഭവസ്ഥാനങ്ങളേയും |
| വിചിന്വന്തി. | പരിശോധിച്ചു. |

തത്ര ചാപി മഹാത്മാനോ നാപശ്യൻ ജനകാത്മജാം
ഹൎത്താരം രാവണം ചാപി സുഗ്രീവപ്രിയകാരിണഃ. 16

| | |
|---|---|
| സുഗ്രീവപ്രിയകാരിണഃ | സുഗ്രീവങ്കൽ അതിപ്രേമമുള്ള |
| മഹാത്മാനഃ, | അതിധൈൎയ്യശാലികളായ അവർ, |
| തത്ര അപി | അവിടേയും, |
| ജനകാത്മജാം ച | ജാനകീദേവിയേയും, |
| ഹൎത്താരം | അപഹരിച്ചുകൊണ്ടുപോയ |
| രാവണം അപി ച | രാവണനേയും |
| അപശ്യൻ ന. | കണ്ടതേയില്ല. |

തേ പ്രവിശ്യ തു തം ഭീമം ലതാഗുല്മസമാവൃതം
ദദൃശുഃ ക്രൂരകൎമ്മാണമസുരം സുരനിൎഭയം. 17

| | |
|---|---|
| തേ | അവർ |
| ലതാഗുല്മ-സമാവൃതം | ലതകളാലും പൊന്തകളാലും നിറയപ്പെട്ട |
| ഭീമം | ഭയങ്കരമായ |
| തം തു | അതിലും |
| പ്രവിശ്യ, | കടന്നു ചെന്നു്, |
| സുരനിർഭയം | ദേവന്മാരേയും കൂസാത്തവനും |
| ക്രൂരകർമ്മാണം | ക്രൂരകർമ്മങ്ങൾ ചെയ്യുന്നവനുമായ |
| അസുരം ദദൃശുഃ. | ഒരസുരനെ കണ്ടു. |

തം ദൃഷ്ട്വാ വാനരാ ഘോരം സ്ഥിതം ശൈലമിവാപരം
ഗാഢം പരിഹിതാഃ സർവ്വേ ദൃഷ്ട്വാ തം പർവ്വതോപമം. 18

| | |
|---|---|
| വാനരാഃ | വാനരന്മാർ, |
| ഘോരം | ഭയങ്കരനായ് |
| അപരം | മറ്റൊരു |
| ശൈലം ഇവ | പർവ്വതമെന്നപോലെ |
| സ്ഥിതം | നിന്നിരുന്ന |
| തം ദൃഷ്ട്വാ; | അവനെ കണ്ടു്; |
| സർവ്വേ | എല്ലാവരും |
| പർവ്വതോപമം തം | മലയ്ക്കു തുല്യനായ അവനെ |
| ദൃഷ്ട്വാ, | കണ്ടു്, |
| ഗാഢം പരിഹിതാഃ. | മുറുകെ തമ്മിൽ തമ്മിൽ കെട്ടിപ്പിടിച്ചു. |

[" പരിഹിതാഃ " (വസ്ത്രങ്ങളെ മുറുകെക്കെട്ടി). ഗോ. രാ.]

സോഽപി മാരീചതനയഃ സദ്യഃ പ്രാപ്താനമന്യത
അഥൈനാൻ ത്രാസദീപ്താക്ഷാൻ സമവേതാനഭിദ്രവത്. 19

| | |
|---|---|
| മാരീചതനയഃ | മാരീചപുത്രനായ |
| സഃ അപി, | അവനും, |
| സദ്യഃ | തൽക്ഷണം |
| പ്രാപ്താൻ | കയ്യിലകപ്പെട്ടവരായി |
| അമന്യത; | വിചാരിച്ചു; |
| അഥ, | ഉടനെ |
| ത്രാസദീപ്താക്ഷാൻ | ഭയത്താൽ തുറിച്ച കണ്ണുകളോടുകൂടിയവരായി |
| സമവേതാൻ | ഒന്നിച്ചു കൂടിനില്ക്കുന്ന |
| ഏതാൻ അഭിദ്രവത്. | ഇവർക്കുനേരെ ഓടിയടുത്തു. |

സോഽപി താൻ വാനരാൻ സർവ്വാൻ നഷ്ടാഃ സ്ഥേത്യബ്രവീദ് ബലീ
അഭ്യധാവത സംക്രുദ്ധോ മുഷ്ടിമുദ്യമ്യ സംഹിതം. 20

| | |
|---|---|
| ബലീ | ബലിഷ്ഠനായ |
| സഃ അപി, | അവനും, |
| താൻ വാനരാൻ | ആ വാനരന്മാർ |
| സർവ്വാൻ | എല്ലാവരേയും നോക്കി |
| " നഷ്ടാഃ സ്ഥ, " | " നിങ്ങൾ തീർന്നു, " |
| ഇതി അബ്രവീത്; | എന്നു പറഞ്ഞു; |
| സംക്രുദ്ധഃ | അതി ക്രുദ്ധനായി |
| മുഷ്ടിം സംഹിതം ഉദ്യമ്യ | കൈ മുറുകെച്ചുരുട്ടി ഉയർത്തിപ്പിടിച്ചുകൊണ്ടു് |
| അഭ്യധാവത. | വേഗത്തിൽ ഓടിയടുത്തു. |

തമാപതന്തം സഹസാ വാലിപുത്രോഽംഗദസ്തദാ
രാവണോഽയമിതി ജ്ഞാത്വാ തലേനാഭിജഘാന ഹ. 21

| | |
|---|---|
| തദാ | അപ്പോൾ |
| വാലിപുത്രഃ അംഗദഃ | ബാലിപുത്രനായ അംഗദൻ |
| സഹസാ | പെട്ടെന്നു് |
| ആപതന്തം | എതിർത്തുവരുന്ന |
| തം | അവനെ |
| " അയം | " ഇതു് |
| രാവണഃ " ഇതി | രാവണനാണ്, " എന്നു് |
| ജ്ഞാത്വാ, | വിചാരിച്ചു് |
| തലേന ഹ | കയ്ത്തലംകൊണ്ടു തന്നെ |
| അഭിജഘാന. | ഓങ്ങിയടിച്ചു. |

സ വാലിപുത്രാഭിഹതോ വക്ത്രാച്ഛോണിതമുദ്വമൻ
അസുരോഽഭ്യപതദ് ഭൂമൌ പൎയ്യസ്ത ഇവ പൎവ്വതഃ. 22

| | | | |
|---|---|---|---|
| വാലിപുത്രാഭിഹതഃ | ബാലിയുടെ പുത്രനാൽ അടിക്കപ്പെട്ട | ഉദ്വമൻ, | കക്കിക്കൊണ്ട് |
| സഃ അസുരഃ, | ആ അസുരൻ, | പൎയ്യസ്തഃ | ഇടിഞ്ഞ |
| വക്ത്രാത് | വായിൽനിന്ന് | പൎവ്വതഃ ഇവ, | പൎവ്വതമെന്നപോലെ |
| ശോണിതം | രക്തം | ഭൂമൌ | ഭൂമിയിൽ |
| | | അഭ്യപതത്. | വീണു. |

തേഽപി തസ്മിൻ നിരുച്ഛ്വാസേ വാനരാ ജിതകാശിനഃ
വ്യചിന്വൻ പ്രായശസ്തത്ര സൎവ്വം തദ്ഗിരിഗഹ്വരം. 23

| | | | |
|---|---|---|---|
| തസ്മിൻ | അവൻ | തത്ര | അവിടെ |
| നിരുച്ഛ്വാസേ, | ശ്വാസമററു ചത്തു വീണപ്പോൾ | തത് | ആ |
| തേ വാനരാഃ | ആ വാനരന്മാർ | ഗിരിഗഹ്വരം | ഗിരിഗുഹയിൽ |
| ജിതകാശിനഃ അപി | ജയത്താൽ മദംപൂണ്ടവരായിതന്നെ | സൎവ്വം | എങ്ങും |
| | | പ്രായശഃ | മിക്കതും |
| | | വ്യചിന്വൻ. | തിരഞ്ഞുതുടങ്ങി. |

വിചിതം തു തതഃ കൃത്വാ സൎവ്വേ തേ കാനനം പുനഃ
അന്യദേവാപരം ഘോരം വിവിശുൎഗ്ഗിരിഗഹ്വരം. 24

| | | | |
|---|---|---|---|
| തേ സൎവ്വേ തു | അവർ എല്ലാവരും | അന്യത് | വേറെ |
| കാനനം | വനത്തെ | അപരം | അടുത്തുള്ള |
| പുനഃ വിചിതം കൃത്വാ, | വീണ്ടും തിരഞ്ഞശേഷം, | ഘോരം ഏവ | ഘോരമായ |
| | | ഗിരിഗഹ്വരം | ഗിരികന്ദരത്തിൽ |
| തതഃ | അനന്തരം | വിവിശുഃ. | പ്രവേശിച്ചു. |

തേ വിചിത്യ പുനഃ ഖിന്നാ വിനിഷ്പത്യ സമാഗതാഃ
ഏകാന്തേ വൃക്ഷമൂലേ തു നിഷേദുൎദ്ദീനമാനസാഃ. 25

| | | | |
|---|---|---|---|
| തേ | അവർ | ദീനമാനസാഃ തു | മനസ്സുമുട്ടിയവരായി |
| പുനഃ | പിന്നെയും | സമാഗതാഃ | ഒത്തൊരുമിച്ച് |
| വിചിത്യ | തിരഞ്ഞ് | ഏകാന്തേ | ഏകാന്തമായ |
| വിനിഷ്പത്യ, | പുറത്തേക്കുവന്ന്, | വൃക്ഷമൂലേ | മരച്ചുവട്ടിൽ |
| ഖിന്നാഃ | പരിശ്രാന്തരായി | നിഷേദുഃ. | ഉപവേശിച്ചു. |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
അഷ്ടചത്വാരിംശഃ സൎഗ്ഗഃ = നാല്പത്തെട്ടാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 11267 ; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 2015.

## ഏകോനപഞ്ചാശഃ സർഗ്ഗഃ = നാല്പത്തൊമ്പതാംസർഗ്ഗം.

[അംഗദാജ്ഞയാ രജതപർവ്വതാദിഷ്വന്വേഷണം = അംഗദന്റെ ആജ്ഞപ്രകാരം രജതമല മുതലായവയിൽ തിരയുന്നത്.]

അഥാംഗദസ്തദാ സർവ്വാൻ വാനരാനിദമബ്രവീത്
പരിശ്രാന്തോ മഹാപ്രാജ്ഞഃ സമാശ്വാസ്യ ശനൈർവ്വചഃ. 1

| | |
|---|---|
| തദാ | അപ്പോൾ |
| പരിശ്രാന്തഃ | ഉത്സാഹശീലനും |
| മഹാപ്രാജ്ഞഃ | നല്ല അറിവുള്ളവനുമായ |
| അംഗദഃ, | അംഗദൻ, |
| വാനരാൻ സർവ്വാൻ | വാനരന്മാർ എല്ലാവരേയും |
| സമാശ്വാസ്യ, | ഉത്സാഹപ്പെടുത്തിക്കൊണ്ട് |
| ഇദം | ഇപ്രകാരം |
| വചഃ | വാക്യത്തെ |
| ശനൈഃ അഥ | അകംകുളുർപ്പിക്കുമാറ്, |
| അബ്രവീത്. | പറഞ്ഞു. |

വനാനി ഗിരയോ നദ്യോ ദുർഗ്ഗാണി ഗഹനാനി ച
ദരീഗിരിഗുഹാശ്ചൈവ വിചിതാനി സമന്തതഃ. 2
തത്ര തത്ര സഹാസ്മാഭിർജാനകീ ന ച ദൃശ്യതേ
തദ്വാ രക്ഷോ ഹൃതാ യേന സീതാ സുരസുതോപമാ 3

| | |
|---|---|
| "അസ്മാഭിഃ സഹ | "നമ്മോടുകൂടെ |
| വനാനി | വനങ്ങളും |
| ഗിരയഃ നദ്യഃ | പർവ്വതങ്ങളും, നദികളും |
| ദുർഗ്ഗാണി | ദുർഗ്ഗങ്ങളും |
| ഗഹനാനി ച | ഗുഹകളും |
| ദരീഗിരിഗുഹാഃ ഏവ | മലയരുവികളും പർവ്വതഗുഹകളും |
| ച | ഇവയെല്ലാം |
| തത്ര തത്ര | അവിടവിടെ |
| സമന്തതഃ | എങ്ങും |
| വിചിതാനി; | പരിശോധിക്കപ്പെട്ടു; |
| ജാനകീ | ജാനകീദേവി |
| ദൃശ്യതേ ന; | കാണപ്പെടുന്നതുമില്ല; |
| സുരസുതോപമാ | ദേവവനിതയ്ക്കുതുല്യയായ |
| സീതാ | സീതാദേവി |
| യേന | യാതൊരുവനാൽ |
| ഹൃതാ | അപഹരിച്ചുകൊണ്ടുപോകപ്പെട്ടുവോ |
| തത് രക്ഷഃ വാ | ആ രാക്ഷസനും |
| ച. | അപ്രകാരംതന്നെ കാണപ്പെടുന്നില്ല. |

കാലശ്ച നോ മഹാൻ യാതഃ സുഗ്രീവശ്ചോഗ്രശാസനഃ
തസ്മാദ് ഭവന്തഃ സഹിതാ വിചിന്വന്തു സമന്തതഃ. 4

| | |
|---|---|
| "നഃ | "നമുക്ക |
| കാലഃ ച | അവധിയായി നിശ്ചയിക്കപ്പെട്ട സമയവും |
| മഹാൻ | മിക്കതും |
| യാതഃ; | കഴിഞ്ഞുപോയി; |
| സുഗ്രീവഃ ച | സുഗ്രീവനാകട്ടെ |
| ഉഗ്രശാസനഃ; | കഠിനശിക്ഷനൽകുന്നവനുമാണ്; |
| തസ്മാത് | ആകയാൽ |
| ഭവന്തഃ | നിങ്ങൾ |
| സഹിതാ | ഒത്തൊരുമിച്ച് |
| സമന്തതഃ | എല്ലാ സ്ഥലങ്ങളിലും |
| വിചിന്വന്തു. | അന്വേഷിക്കേണ്ടതാണ്. |

വിഹായ തന്ദ്രീം ശോകം ച നിദ്രാം ചൈവ സമുത്ഥിതാം
വിചിനുധ്വം യഥാ സീതാം പശ്യാമോ ജനകാത്മജാം. 5

| | | | |
|---|---|---|---|
| "തന്ദ്രീം ച | "മടിയേയും | ജനകാത്മജാം | ജനകനന്ദിനിയായ |
| ശോകം ച | വ്യാകുലതയേയും | സീതാം | സീതാദേവിയെ |
| സമുത്ഥിതാം | ഇപ്പോഴുണ്ടായിരിക്കുന്ന | യഥാ പശ്യാമഃ | എങ്ങിനെയായാൽ കണ്ടുകിട്ടുമോ അപ്രകാരം |
| നിദ്രാം ഏവ | മൌഢ്യത്തേയും | | |
| വിഹായ, | വിട്ടൊഴിച്ച്, | വിചിനുധ്വം. | തിരഞ്ഞാലും. |

അനിർവ്വേദം ച ദാക്ഷ്യം ച മനസശ്ചാപരാജയം
കാര്യസിദ്ധികരാണ്യാഹുസ്തസ്മാദേതദ് ബ്രവീമ്യഹം. 6

| | | | |
|---|---|---|---|
| "അനിർവ്വേദം ച | "നിരാശയില്ലാതിരിക്കുന്നതിനേയും | കാര്യസിദ്ധികരാണി | കാര്യസിദ്ധിയെ നൽകുന്നവയായി |
| ദാക്ഷ്യം ച | വിഷമങ്ങളിൽ തക്ക ഉപായങ്ങളെ ചെയ്യാനുള്ള സാമർത്ഥ്യത്തേയും | ആഹുഃ; | പറഞ്ഞിരിക്കുന്നു; |
| | | തസ്മാത് | അതിനാലാണ് |
| | | അഹം | ഞാൻ |
| മനസഃ | മനസ്സിനെ | ഏതത് | ഇങ്ങിനെ |
| അപരാജയം ച | ഒതുക്കുന്ന ശക്തിയേയും | ബ്രവീമി. | പറയുന്നത്. |

അദ്യാപി തദ്വനം ദുർഗ്ഗം വിചിന്വന്തു വനൌകസഃ
ഖേദം ത്യക്ത്വാ പുനഃസർവ്വൈർവ്വനമേതദ്വിചീയതാം. 7

| | | | |
|---|---|---|---|
| "അദ്യ അപി | "ഇനിയും | ഏതത് വനം | ഈ വനം |
| വനൌകസഃ | വാനരന്മാർ | പുനഃ | ഒരിക്കൽക്കൂടി |
| തത് ദുർഗ്ഗം | ആ ദുർഗ്ഗമമായ | ഖേദം ത്യക്ത്വാ | ഖേദത്തെ വിട്ടൊഴിച്ച് |
| വനം | വനത്തെ | സർവ്വൈഃ | എല്ലാവരാലും |
| വിചിന്വന്തു; | തിരയേണ്ടതാണ്; | വിചീയതാം. | പരിശോധിക്കപ്പെടേണ്ടതാണ്. |

അവശ്യം ക്രിയമാണസ്യ ദൃശ്യതേ കർമ്മണഃ ഫലം
അലം നിർവ്വേദമാഗമ്യ ന ഹി നോന്മീലനം ക്ഷമം. 8

| | | | |
|---|---|---|---|
| "അവശ്യം | "ഏതു ബുദ്ധിമുട്ടിലും | നിർവ്വേദം | ഇച്ഛാഭംഗത്തെ |
| ക്രിയമാണസ്യ | കാര്യത്തെ കൈവിടാതെചെയ്യുന്ന ഒരുവന്ന് | ആഗമ്യ അലം; | പ്രാപിച്ചതുമതി; |
| കർമ്മണഃ ഫലം | പ്രവൃത്തിയുടെ ഫലം | നോന്മീലനം | കണ്ണടച്ചു മിണ്ടാതിരിക്കുകയെന്നത്, |
| ദൃശ്യതേ; | കാണപ്പെടുന്നു; | ന ക്ഷമം ഹി. | യുക്തമല്ലതന്നെ. |

സുഗ്രീവഃ കോപനോ രാജാ തീക്ഷ്ണദണ്ഡശ്ച വാനരഃ
ഭേതവ്യം തസ്യ സതതം രാമസ്യ ച മഹാത്മനഃ. 9

| | | | |
|---|---|---|---|
| "വാനരഃ | "വാനരനായ | സതതം | എപ്പോഴും |
| സുഗ്രീവഃ രാജാ | സുഗ്രീവമഹാരാജാവ്, | തസ്യ ച, | അദ്ദേഹത്തെക്കുറിച്ചും |
| കോപനഃ; | കോപിഷ്ഠനാകുന്നു; | മഹാത്മനഃ | മഹാത്മാവായ |
| തീക്ഷ്ണദണ്ഡഃ; | ഉഗ്രശിക്ഷ വിധിക്കുന്നവൻ; | രാമസ്യ ച, | ശ്രീരാമനെക്കുറിച്ചും |
| | | ഭേതവ്യം. | ഭയപ്പെടേണ്ടതാണ്. |

ഹിതാൎത്ഥമേതദുക്തം വഃ ക്രിയതാം യദി രോചതേ
ഉച്യതാം വാ ക്ഷമം യന്നഃ സൎവ്വേഷാമേവ വാനരാഃ. 10

| | |
|---|---|
| "വാനരാഃ! | "വാനരന്മാരേ! |
| വഃ | നിങ്ങളുടെ |
| ഹിതാൎത്ഥം | നന്മയ്ക്കുവേണ്ടിയാണ് |
| ഏതത് ഉക്തം | ഇതു പറയപ്പെട്ടത്; |
| രോചതേ യദി | ഇഷ്ടമുള്ളപക്ഷം |
| ക്രിയതാം; | അപ്രകാരം ചെയ്യപ്പെടട്ടെ; |
| വാ, | അല്ലെന്നാൽ |
| നഃ സൎവ്വേഷാം | നമുക്കെല്ലാവൎക്കും |
| ക്ഷമം | യുക്തമായത് |
| യത് ഏവ | യാതൊന്നോ ആയത് |
| ഉച്യതാം." | പറയപ്പെടട്ടെ." |

അംഗദസ്യ വചഃ ശ്രുത്വാ വചനം ഗന്ധമാദനഃ
ഉവാചാവ്യക്തയാ വാചാ പിപാസാശ്രമഖിന്നയാ. 11

| | |
|---|---|
| ഗന്ധമാദനഃ, | ഗന്ധമാദനനെന്നവൻ, |
| അംഗദസ്യ | അംഗദൻെറ |
| വചഃ | വാക്യത്തെ |
| ശ്രുത്വാ, | കേട്ട്, |
| പിപാസാശ്രമഖിന്നയാ | ദാഹത്താലും ക്ഷീണത്താലും തളൎന്ന |
| അവ്യക്തയാ വാചാ | അസ്പഷ്ടമായ വാക്കുകൊണ്ട് |
| വചനം ഉവാച. | ഇപ്രകാരംപറഞ്ഞു. |

സദൃശം ഖലു വോ വാക്യമംഗദോ യദുവാച ഹ
ഹിതം ചൈവാനുരൂപം ച ക്രിയതാമസ്യ ഭാഷിതം. 12

| | |
|---|---|
| "വഃ | "നിങ്ങളോട് |
| അംഗദഃ | അംഗദൻ |
| യത് വാക്യം | ഏതൊരുവാക്കു |
| ഉവാച ഹ | അരുളിയോ ആയത് |
| സദൃശം ച, | തനിക്ക് തക്കതും |
| അനുരൂപം ച, | കാൎയ്യത്തിന്നനുരൂപമായതും, |
| ഹിതം ഏവ; | ഫലപ്രാപ്തി നൽകുന്നതും തന്നെ; |
| അസ്യ | ഇദ്ദേഹത്തിൻെറ |
| ഭാഷിതം | വാക്യം |
| ഖലു | എതുവിധവും |
| ക്രിയതാം. | അനുഷ്ഠിക്കപ്പെടേണ്ടതാകുന്നു. |

പുനൎമ്മാൎഗ്ഗാമഹൈ ശൈലാൻ കന്ദരാംശ്ച ദരീംസ്തഥാ
കാനനാനി ച ശൂന്യാനി ഗിരിപ്രസ്രവണാനി ച 13

| | |
|---|---|
| "പുനഃ | "വീണ്ടും |
| ശൈലാൻ | പൎവ്വതങ്ങളേയും |
| കന്ദരാൻ ച | ഗുഹകളേയും |
| ദരീൻ തഥാ | താഴ്വരകളേയും |
| ശൂന്യാനി കാനനാനി ച | പാഴടഞ്ഞ കാടുകളേയും |
| ഗിരിപ്രസ്രവണാനി ച | മലയരുവികളേയും |
| മാൎഗ്ഗാമഹൈ. | നാം തിരയുക. |

യഥോദ്ദിഷ്ടാനി സൎവ്വാണി സുഗ്രീവേണ മഹാത്മനാ
വിചിന്വന്തു വനം സൎവ്വേ ഗിരിദുൎഗ്ഗാണി സൎവ്വശഃ. 14

| | | | |
|---|---|---|---|
| “ സൎവ്വേ, | “ എല്ലാവരും, | വനം | വനത്തേയും |
| മഹാത്മനാ | മഹാത്മാവായ | ഗിരിദുൎഗ്ഗാണി | പൎവ്വതങ്ങളേയും ദുൎഗ്ഗങ്ങളേയും |
| സുഗ്രീവേണ | സുഗ്രീവനാൽ | സൎവ്വശഃ | എല്ലാവിടേയും |
| യഥോദ്ദിഷ്ടാനി | നിൎദ്ദേശിക്കപ്പെട്ട | വിചിന്വന്തു.” | തിരയട്ടെ.” |
| സൎവ്വാണി | എല്ലാററിനേയും | | |

തതഃ സമുത്ഥായ പുനൎവ്വാനരാസ്തേ മഹാബലാഃ
വിന്ധ്യകാനനസങ്കീൎണ്ണാം വിചേരുൎദ്ദക്ഷിണാം ദിശം. 15

| | | | |
|---|---|---|---|
| മഹാബലാഃ | മഹാബലശാലികളായ | സമുത്ഥായ, | എഴുന്നേററ്, |
| തേ | ആ | വിന്ധ്യകാനന- സങ്കീൎണ്ണാം | വിന്ധ്യപൎവ്വതത്തിലെ ഗുഹകൾ നിറഞ്ഞ |
| വാനരാഃ | വാനരന്മാർ | ദക്ഷിണാം ദിശം | തെക്കു ദിക്കിൽ |
| പുനഃ | വീണ്ടും | വിചേരുഃ. | തിരഞ്ഞു നടന്നു. |
| തതഃ | അവിടെ നിന്ന് | | |

തേ ശാരദാഭ്രപ്രതിമം ശ്രീമദ്രജതപൎവ്വതം
ശൃംഗവന്തം ദരീമന്തമധിരുഹ്യ ച വാനരാഃ 16
തത്ര ലോധ്രവനം രമ്യം സപ്തപൎണ്ണവനാനി ച
വ്യചിന്വംസ്തേ ഹരിവരാഃ സീതാദൎശനകാംക്ഷിണഃ. 17

| | | | |
|---|---|---|---|
| “ തേ വാനരാഃ | “ ആ വാനരന്മാർ | സീതാദൎശന- കാംക്ഷിണഃ | സീതാദേവിയെ കാണ്മാൻ കൊതിച്ച |
| ശാരദാഭ്രപ്രതിമം | ശരൽക്കാല മേഘസദൃശവും | തേ ഹരിവരാഃ | ആ വനരശ്രേഷ്ഠന്മാർ |
| ശൃംഗവന്തം | ശിഖരങ്ങളുള്ളതും | തത്ര | അവിടെ |
| ദരീമന്തം | ഗുഹകളാൎന്നതും | രമ്യം | രമണീയമായ |
| ശ്രീമത് | ഭംഗിയുള്ളതുമായ | ലോധ്രവനം | പാച്ചോററിക്കാട്ടിലും |
| രജതപൎവ്വതം | രജതപൎവ്വതത്തിൽ | സപ്തപൎണ്ണ- വനാനി ച | ഏഴിലാമ്പലവനങ്ങളിലും |
| അധിരുഹ്യ | കയറി | വ്യചിന്വൻ. | തിരഞ്ഞു. |
| ച | അതിൽപിന്നെ | | |

തസ്യാഗ്രമധിരൂഢാസ്തേ ശ്രാന്താ വിപുലവിക്രമാഃ
ന പശ്യന്തി സ്മ വൈദേഹീം രാമസ്യ മഹിഷീം പ്രിയാം. 18

| | | | |
|---|---|---|---|
| വിപുലവിക്രമാഃ | അളവററ പൌരുഷമാൎന്നവരായ | ശ്രാന്താഃ, | തളൎന്നവരായി |
| തേ, | അവർ, | രാമസ്യ | ശ്രീരാഘവന്റെ |
| തസ്യ | അതിന്റെ | പ്രിയാം മഹിഷീം | പ്രിയമഹിഷിയായ |
| അഗ്രം | അഗ്രത്തിൽ | വൈദേഹീം | ജാനകീദേവിയെ |
| അധിരൂഢാഃ, | കയറി | പശ്യന്തി സ്മ ന. | കണ്ടില്ല. |

തേ തു ദൃഷ്ടിഗതം കൃത്വാ തം ശൈലം ബഹുകന്ദരം
അവാരോഹന്ത ഹരയോ വീക്ഷമാണാസ്തതസ്തതഃ. 19

| | | | |
|---|---|---|---|
| തേ ഹരയഃ | ആ വാനരന്മാർ | തു | പിന്നെയും |
| ബഹുകന്ദരം | പല ഗുഹകളുള്ള | തതഃ തതഃ | എല്ലാസ്ഥലങ്ങളും |
| തം ശൈലം | ആ പർവ്വതത്തെ | വീക്ഷമാണാഃ | തിരഞ്ഞുനോക്കിയും കൊണ്ട് |
| ദൃഷ്ടിഗതം കൃത്വാ | നല്ലപോലെ പരിശോധിച്ച്, | അവാരോഹന്ത | താഴോട്ടിറങ്ങി. |

അവരുഹ്യ തതോ ഭൂമിം ശ്രാന്താ വിഗതചേതസഃ
സ്ഥിത്വാ മുഹൂർത്തം തത്രാഥ വൃക്ഷമൂലമുപാശ്രിതാഃ. 20

| | | | |
|---|---|---|---|
| തതഃ | അവിടെനിന്ന് | വിഗതചേതസഃ | മനസ്സുവിട്ടവരായി |
| ഭൂമിം | സമഭൂമിയിൽ | ശ്രാന്താഃ | ക്ഷീണിച്ചവരായി |
| അവരുഹ്യ, | ഇറങ്ങി, | സ്ഥിത്വാ അഥ | വർത്തിച്ചതിൽപിന്നെ |
| തത്ര | അവിടെത്തന്നെ | വൃക്ഷമൂലം | മരച്ചുവട്ടിലേക്കു |
| മുഹൂർത്തം | ഒരു മുഹൂർത്തകാലം | ഉപാശ്രിതാഃ. | ചെന്നു. |

തേ മുഹൂർത്തം സമാശ്വസ്താഃ കിഞ്ചിദ് ഭഗ്നപരിശ്രമാഃ
പുനരേവോദ്യതാഃ കൃത്സ്നാം മാർഗ്ഗിതും ദക്ഷിണാം ദിശം. 21

| | | | |
|---|---|---|---|
| തേ | അവർ | ഭഗ്നപരിശ്രമാഃ, | തളച്ച നീങ്ങിയവരായി, |
| മുഹൂർത്തം | കുറെനേരം, | ദക്ഷിണാം ദിശം | തെക്കെ ദിക്കിനെ |
| സമാശ്വസ്താഃ, | വിശ്രമിച്ച്, | കൃത്സ്നാം ഏവ | മുഴുവനും തന്നെ |
| കിഞ്ചിത് | അല്പം | പുനഃ മാർഗ്ഗിതും | വീണ്ടും തിരയുവാൻ |
| | | ഉദ്യതാഃ. | മുതിർന്നു. |

ഹനുമത്പ്രമുഖാസ്തേ തു പ്രസ്ഥിതാഃ പ്ലവഗർഷഭാഃ
വിന്ധ്യമേവാദിതസ്താവദ് വിചേരുസ്തേ തതസ്തതഃ. 22

| | | | |
|---|---|---|---|
| തേ | ആ | വിന്ധ്യം | വിന്ധ്യപർവ്വതത്തിലേക്കു |
| ഹനുമത്-പ്രമുഖാഃ | ഹനുമാൻ മുതലായ | പ്രസ്ഥിതാഃ; | ചെന്നു |
| | | തേ | അവർ |
| പ്ലവഗർഷഭാഃ | വാനര ശ്രേഷ്ഠന്മാർ | തതഃ തതഃ | എല്ലാ സ്ഥലങ്ങളേയും |
| തു | അപ്പോൾ | താവത് ഏവ | ഒന്നും വിടാതെ |
| ആദിതഃ | ഒന്നാമതായി | വിചേരുഃ. | തിരഞ്ഞു നടന്നു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ഏകോനപഞ്ചാശഃ സർഗ്ഗഃ = നാല്പത്തൊമ്പതാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 11289; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 2037.

# പഞ്ചാശഃ സർഗ്ഗഃ = അമ്പതാംസർഗ്ഗം.

[ഋക്ഷബിലപ്രവേശഃ സ്വയംപ്രഭാദർശനം ച = ഋക്ഷബിലത്തിൽ പ്രവേശിക്കുന്നതും സ്വയംപ്രഭയെ കാണുന്നതും.]

സഹ താരാംഗദാഭ്യാം തു സംഗമ്യ ഹനുമാൻ കപിഃ
വിചിനോതി സ്മ വിന്ധ്യസ്യ ഗുഹാശ്ച ഗഹനാനി ച 1
സിംഹശാർദ്ദൂലജുഷ്ടേഷു ശിലാശ്ച സരിതസ്തഥാ
വിഷമേഷു നഗേന്ദ്രസ്യ മഹാപ്രസ്രവണേഷു ച. 2

| | |
|---|---|
| കപിഃ ഹനുമാൻ | വാനരനായ ഹനുമാൻ |
| താരാംഗദാഭ്യാം സഹ തു | താരൻ അംഗദൻ എന്നവരോടു കൂടിത്തന്നെ |
| സംഗമ്യ, | ചെന്നു്, |
| വിന്ധ്യസ്യ ഗുഹാഃ ച | വിന്ധ്യാചലത്തിലെ ഗുഹകളേയും |
| ഗഹനാനി ച | അടവികളേയും |
| ശിലാഃ ച | പാറകളേയും |
| തഥാ | അപ്രകാരം തന്നെ |
| സരിതഃ | നദികളേയും |
| നഗേന്ദ്രസ്യ | ശ്രേഷ്ഠ പർവ്വതത്തിലുള്ളവയും |
| സിംഹശാർദ്ദൂലജുഷ്ടേഷു | സിംഹങ്ങളും നരികളും വസിക്കുന്നവയും ആയ |
| വിഷമേഷു, | ദുർഗ്ഗമസ്ഥലങ്ങളിലും, |
| മഹാപ്രസ്രവണേഷു ച | വലിയ മലയരുവികളിലും, |
| വിചിനോതി സ്മ. | തേടിനടന്നു. |

ആസേദുസ്തസ്യ ശൈലസ്യ കോടിം ദക്ഷിണപശ്ചിമാം
തേഷാം തത്രൈവ വസതാം സ കാലോ ऽ പ്യത്യവർത്തത. 3

| | |
|---|---|
| തസ്യ ശൈലസ്യ | ആ പർവ്വതത്തിൻെറ |
| ദക്ഷിണ—പശ്ചിമാം | തെക്കുപടിഞ്ഞാറെ |
| കോടിം ആസേദുഃ; | ശിഖരത്തെ അവർ പ്രാപിച്ചു; |
| തത്ര ഏവ | അവിടെത്തന്നെ |
| വസതാം | കാലംകഴിക്കുന്നവരായ |
| തേഷാം | അവക്കു് |
| സഃ കാലഃ അപി | പറയപ്പെട്ട അവധിയും |
| അത്യവർത്തത. | കഴിഞ്ഞുപോയി. |

സ ഹി ദേശോ ദുരന്വേഷോ ഗുഹാഗഹനവാൻ മഹാൻ. 4

| | |
|---|---|
| ഹി, | എന്തെന്നാൽ |
| സഃ ദേശഃ | ആ പ്രദേശം |
| ദുരന്വേഷഃ, | തേടുവാൻ പ്രയാസമുള്ളതും |
| ഗുഹാ—ഗഹനവാൻ, | ഗുഹകളും കാടുകളും നിറഞ്ഞതും |
| മഹാൻ. | വമ്പിച്ചതും ആയിരുന്നു. |

തത്ര വായുസുതഃ സർവ്വം വിചിനോതി സ്മ പർവ്വതം
പരസ്പരേണ ഹനുമാനന്യോന്യസ്യാവിദൂരതഃ. 5

| | |
|---|---|
| തത്ര | അപ്പോൾ |
| വായുസുതഃ ഹനുമാൻ | വായുപുത്രനായ ഹനുമാൻ |
| പർവ്വതം സർവ്വം, | മല മുഴുവനും, |
| പരസ്പരേണ | തമ്മിൽ |
| അന്യോന്യസ്യ | ഒരുവനെയൊരുവൻ |
| അവിദൂരതഃ, | വിട്ടുപിരിയാത്തവിധം, |
| വിചിനോതി സ്മ. | തിരഞ്ഞുനടന്നു. |

ഗജോ ഗവാക്ഷോ ഗവയഃ ശരഭോ ഗന്ധമാദനഃ
മൈന്ദശ്ച ദ്വിവിദശ്ചൈവ സുഷേണോ ജാംബവാൻ നളഃ 6
അംഗദോ യുവരാജശ്ച താരശ്ച വനഗോചരഃ
ഗിരിജാലാവൃതാൻ ദേശാൻ മാർഗ്ഗിത്വാ ദക്ഷിണാം ദിശം
വിചിന്വന്തസ്തതസ്തത്ര ദദൃശുർവ്വിവൃതം ബിലം. 7

| | | | |
|---|---|---|---|
| ഗജഃ | ഗജനും | വനഗോചരഃ | കാട്ടുവാഴിയായ |
| ഗവാക്ഷഃ | ഗവാക്ഷനും | താരഃ ച, | താരനും, |
| ഗവയഃ | ഗവയനും | ഗിരിജാലാവൃതാൻ | പർവ്വതനിരകളാൽ നിറയപ്പെട്ട |
| ശരഭഃ | ശരഭനും | ദേശാൻ | പ്രദേശങ്ങളെ |
| ഗന്ധമാദനഃ | ഗന്ധമാദനനും | മാർഗ്ഗിത്വാ, | തിരഞ്ഞ് |
| മൈന്ദഃ ച | മൈന്ദനും | ദക്ഷിണാം ദിശം | തെക്കേ ദിക്കിൽ |
| ദ്വിവിദഃ ച | ദ്വിവിദനും | തത്ര തതഃ | എല്ലാ സ്ഥലങ്ങളിലും |
| സുഷേണഃ ഏവ | സുഷേണനും | വിചിന്വന്തഃ | തിരയുന്നവരായി |
| ജാംബവാൻ | ജാംബവാനും | വിവൃതം | തുറന്നുകിടന്നിരുന്ന |
| നളഃ | നളനും | ബിലം | ഒരു ഗുഹയെ |
| യുവരാജഃ | യുവരാജാവായ | ദദൃശുഃ. | കണ്ടു. |
| അംഗദഃ ച, | അംഗദനും | | |

ദുർഗ്ഗമൃക്ഷബിലം നാമ ദാനവേനാഭിരക്ഷിതം
ക്ഷുത്പിപാസാപരീതാസ്തു ശ്രാന്താശ്ച സലിലാർത്ഥിനഃ
അവകീർണ്ണം ലതാവൃക്ഷൈർദദൃശുസ്തേ മഹാബിലം. 8

| | | | |
|---|---|---|---|
| ക്ഷുത്പിപാസാപരീതാഃ | വിശപ്പും ദാഹവും വലച്ചു | അഭിരക്ഷിതം | കാത്തുരക്ഷിക്കപ്പെട്ട |
| തേ | അവർ | ഋക്ഷബിലം | ഋക്ഷബിലമെന്ന |
| ശ്രാന്താഃ ച | ക്ഷീണിച്ച്, | നാമ | പേരുള്ളതും ആയ |
| സലിലാർത്ഥിനഃ, | വെള്ളംതേടുന്നവരായി | മഹാബിലം | ഒരു വലിയ ഗുഹയെ |
| തു | അപ്പോൾ | ലതാവൃക്ഷൈഃ | വള്ളികളാലും വൃക്ഷങ്ങളാലും |
| ദുർഗ്ഗം | കടപ്പാൻ പ്രയാസമുള്ളതും | അവകീർണ്ണം | നിറയപ്പെട്ടതായി |
| ദാനവേന | അസുരനാൽ | ദദൃശുഃ. | കണ്ടു. |

തതഃ ക്രൗഞ്ചാശ്ച ഹംസാശ്ച സാരസാശ്ചാപി നിഷ്ക്രമൻ
ജലാർദ്രാശ്ചക്രവാകാശ്ച രക്താംഗാഃ പത്മരേണുഭിഃ. 9

| | | | |
|---|---|---|---|
| തതഃ | അനന്തരം | സാരസാഃ ച അപി | കുളക്കോഴികളും |
| പത്മരേണുഭിഃ | താമരപ്പൂംപൊടികളാൽ | ചക്രവാകാഃ ച | ചക്രവാകങ്ങളും |
| രക്താംഗാഃ | തുടുത്തദേഹത്തോടുകൂടിയ | ജലാർദ്രാഃ | വെള്ളം നനഞ്ഞവയായി |
| ക്രൗഞ്ചാഃ ച | ക്രൗഞ്ചങ്ങളും | നിഷ്ക്രമൻ. | പുറത്തേക്കുവന്നു. |
| ഹംസാഃ ച | അരയന്നങ്ങളും | | |

തതസ്തദ്ബിലമാസാദ്യ സുഗന്ധി ദുരതിക്രമം
വിസ്മയവ്യഗ്രമനസോ ബഭൂവുർവാനരർഷഭാഃ. 10

| | | | |
|---|---|---|---|
| വാനരർഷഭാഃ | വാനരശ്രേഷ്ഠന്മാർ | ആസാദ്യ, | കണ്ട്, |
| തത് ബിലം | ആ ഗുഹയെ | തതഃ | അതിനാൽ |
| ദുരതിക്രമം | ദുർഗ്ഗമമായും | വിസ്മയവ്യഗ്രമനസഃ | ആശ്ചര്യഭരിതരായി |
| സുഗന്ധി | നറുമണമാലുന്നതായും | ബഭൂവുഃ. | ഭവിച്ചു. |

സംജാതപരിശങ്കാസ്തേ തദ്ബിലം പ്ലവഗോത്തമാഃ
അഭ്യപദ്യന്നസംഹൃഷ്ടാസ്തേജോവന്തോ മഹാബലാഃ 11
നാനാസത്വസമാകീർണ്ണം ദൈത്യേന്ദ്രനിലയോപമം
ദുർദ്ദർശമതിഘോരം ച ദുർവ്വിഗാഹം ച സർവ്വശഃ. 12

| | | | |
|---|---|---|---|
| തേജോവന്തഃ | തേജസ്വികളും | അതിഘോരം ച | അതിഭയങ്കരമായിരിക്കുന്നതും |
| മഹാബലാഃ | കരുത്തന്മാരുമായ | സർവ്വശഃ | ഏതുപ്രകാരത്തിലും |
| തേ പ്ലവഗോത്തമാഃ | ആ വാനരശ്രേഷ്ഠന്മാർ | ദുർവ്വിഗാഹം ച | കടപ്പാൻ കഴിയാത്തതുമായ |
| നാനാസത്വസമാകീർണ്ണം | പലവിധ ജന്തുക്കളാൽ നിറയപ്പെട്ടതും | തത് ബിലം, | ആ ഗുഹയെ, |
| ദൈത്യേന്ദ്രനിലയോപമം | അസുരരാജധാനിക്കു തുല്യവും | സംജാതപരിശങ്കാഃ | ശങ്കാപൂർണ്ണരായി |
| ദുർദ്ദർശം | ദുർന്നിരീക്ഷ്യമായി | അസംഹൃഷ്ടാഃ | നിരുത്സാഹികളായി |
| | | അഭ്യപദ്യൻ. | പ്രാപിച്ചു. |

തതഃ പർവ്വതകൂടാഭോ ഹനുമാൻ പവനാത്മജഃ
അബ്രവീദ്വാനരാൻ സർവ്വാൻ കാന്താരവനകോവിദഃ. 13

| | | | |
|---|---|---|---|
| തതഃ, | അവിടെ, | ഹനുമാൻ, | ഹനുമാൻ, |
| പർവ്വതകൂടാഭഃ | പർവ്വതശിഖരത്തിന്നുതുല്യനും | വാനരാൻ | വാനരന്മാരെ |
| പവനാത്മജഃ | പവനാത്മജനും | സർവ്വാൻ | എല്ലാവരേയും നോക്കി |
| കാന്താരവനകോവിദഃ | ഗുഹകളും വനങ്ങളും നന്നായറിയുന്നവനുമായ | അബ്രവീത്. | ഇപ്രകാരം പറഞ്ഞു. |

ഗിരിജാലാവൃതാൻ ദേശാൻ മാർഗ്ഗിത്വാ ദക്ഷിണാം ദിശം
വയം സർവ്വേ പരിശ്രാന്താ ന ച പശ്യാമ മൈഥിലീം. 14

| | | | |
|---|---|---|---|
| "ദക്ഷിണാം ദിശം | "തെക്കേദിക്കിൽ | വയം | നാം |
| ഗിരിജാലാവൃതാൻ | പർവ്വതനിരകൾ നിറഞ്ഞ | സർവ്വേ | എല്ലാവരും |
| ദേശാൻ | സ്ഥലങ്ങളെ | പരിശ്രാന്താഃ; | ക്ഷീണിച്ചിരിക്കുന്നു; |
| മാർഗ്ഗിത്വാ | തിരഞ്ഞുനടന്ന് | ച, | എന്നിട്ടും |
| | | മൈഥിലീം | ജാനകീദേവിയെ |
| | | പശ്യാമഃ ന. | കണ്ടെത്തുന്നതുമില്ല. |

അസ്മാച്ചാപി ബിലാദ്ധംസാഃ ക്രൌഞ്ചാശ്ച സഹ സാരസൈഃ
ജലാൎദ്രാശ്ചക്രവാകാശ്ച നിഷ്പതന്തി സ്മ സൎവ്വശഃ. 15

| | | | |
|---|---|---|---|
| " അസ്മാത് | " ഈ | ജലാൎദ്രാഃ | വെള്ളംനനഞ്ഞ |
| ബിലാത് | ബിലത്തിൽനിന്ന് | ഹംസാഃ | രാജഹംസങ്ങളും |
| സൎവ്വശഃ അപി | ചുററുംതന്നെ | ക്രൌഞ്ചാഃ ച | ക്രൌഞ്ചങ്ങളും |
| സാരസൈഃ സഹ ച | കുളക്കോഴികളൊന്നിച്ച് | ചക്രവാകാഃ ച | ചക്രവാകങ്ങളും |
| | | നിഷ്പതന്തി സ്മ. | പുറത്തേക്കുവരുന്നു. |

നൂനം സലിലവാനത്ര കൂപോ വാ യദി വാ ഹ്രദഃ
തഥാ ചേമേ ബിലദ്വാരേ സ്നിഗ്ദ്ധാസ്തിഷ്ഠന്തി പാദപാഃ. 16

| | | | |
|---|---|---|---|
| " അത്ര | " ഇതിൽ | തഥാ ച | അതിനാൽ തന്നെയാണ് |
| സലിലവാൻ | വെള്ളമുള്ള | ബിലദ്വാരേ | ഗുഹാദ്വാരത്തിൽ |
| കൂപഃ വാ | കിണറോ | ഇമേ പാദപാഃ | ഈ വൃക്ഷങ്ങൾ |
| യദി വാ | അല്ലെങ്കിൽ | സ്നിഗ്ദ്ധാഃ തിഷ്ഠന്തി." | തഴച്ചുവളരുന്നത്." |
| ഹ്രദഃ, | കയമോ ഉണ്ട്, | | |
| നൂനം ; | തീൎച്ചതന്നെ ; | | |

ഇത്യുക്ത്വാ തദ്ബിലം സൎവ്വേ വിവിശുസ്തിമിരാവൃതം
അചന്ദ്രസൂൎയ്യം ഹരയോ ദദൃശൂ രോമഹൎഷണം. 17

| | | | |
|---|---|---|---|
| ഇതി | മേൽപ്രകാരം | അചന്ദ്രസൂൎയ്യം | ചന്ദ്രസൂൎയ്യന്മാരില്ലാതെ |
| ഉക്ത്വാ | പറഞ്ഞ ഉടനെ | രോമഹൎഷണം | കോൾമയിർകൊള്ളിക്കമാറ് |
| ഹരയഃ സൎവ്വേ | വാനരന്മാർ എല്ലാവരും | തിമിരാവൃതം | ഇരുട്ടടഞ്ഞിരിക്കുന്നതായി |
| തത് ബിലം | ആ ബിലത്തിൽ | ദദൃശുഃ. | കണ്ടു. |
| വിവിശുഃ ; | പ്രവേശിച്ചു ; | | |

നിശാമ്യ തസ്മാത് സിംഹാംശ്ച വ്യാഘ്രാംശ്ച മൃഗപക്ഷിണഃ
പ്രവിഷ്ടാ ഹരിശാൎദ്ദൂലാ ബിലം തിമിരസംവൃതം. 18

| | | | |
|---|---|---|---|
| തസ്മാത്, | അവിടെനിന്ന് | നിശാമ്യ, | (ശബ്ദത്താൽ) അറിഞ്ഞുംകൊണ്ട്, |
| ഹരിശാൎദ്ദൂലാഃ | വാനരോത്തമന്മാർ | തിമിരസംവൃതം | ഇരുട്ടടഞ്ഞ |
| സിംഹാൻ | സിംഹങ്ങളേയും | ബിലം | ആ ബിലത്തിനുള്ളിൽ |
| വ്യാഘ്രാൻ ച | പുലികളേയും | പ്രവിഷ്ടാഃ. | പൊയ്ക്കൊണ്ടിരുന്നു. |
| മൃഗപക്ഷിണഃ ച | മൃഗങ്ങളേയും പക്ഷികളേയും | | |

ന തേഷാം സജ്ജതേ ചക്ഷുർന തേജോ ന പരാക്രമഃ
വായോരിവ ഗതിസ്തേഷാം ദൃഷ്ടിസ്തമസി വർത്തതേ. 19

| | | | |
|---|---|---|---|
| തേഷാം | അവരുടെ | തേഷാം ഗതിഃ | അവരുടെ ഗതി |
| ചക്ഷുഃ | കാഴ്ച | വായോഃ ഇവ : | വായുവിന്റേതു പോലെയായിരുന്നു ; |
| സജ്ജതേ ന ; | തടയപ്പെട്ടില്ല ; | | |
| തേജഃ ന ; | ശക്തിയും തടയപ്പെട്ടില്ല ; | തമസി | ഇരുട്ടിലും |
| പരാക്രമഃ | പൌരുഷവും | ദൃഷ്ടിഃ | കാഴ്ച |
| ന ; | ഇല്ല ; | വർത്തതേ. | ഉണ്ടായിരുന്നു. |

[ഇപ്രകാരമുള്ള ഇരുട്ടടഞ്ഞ ഗുഹയിൽ പ്രവേശിച്ചിട്ടും അവർ ധൈര്യത്തോടുകൂടിത്തന്നെ. വെളിച്ചമുള്ള സ്ഥലത്തിൽ എന്നപോലെ, പോയ്ക്കൊണ്ടിരുന്നു, എന്നു സാരം. “തേഷാം ദൃഷ്ടിഃ ന സജ്ജതെ, (അവക്ക് ഒരു വസ്തുവിനേയും കാണ്മാൻ കഴിഞ്ഞില്ല), എന്നിട്ടും അവരുടെ ശക്തിക്കൊ, ഗതിക്കൊ, തടസ്ഥമുണ്ടായില്ല. എന്നും ചിലർ).]

തേ പ്രവിഷ്ടാസ്തു വേഗേന തദ് ബിലം കപികുഞ്ജരാഃ
പ്രകാശമഭിരാമം ച ദദൃശുർദ്ദേശമുത്തമം. 20

| | | | |
|---|---|---|---|
| തേ കപികുഞ്ജരാഃ | ആ വാനരോത്തമന്മാർ | ദേശം ഉത്തമം | ഒരു സ്ഥലത്തെ ഉത്തമമായും |
| വേഗേന തു | ധൈര്യത്തോടെ തന്നെ | പ്രകാശം | വെളിച്ചമുള്ളതായും |
| തത് ബിലം | ആ ബിലത്തിൽ | അഭിരാമം ച | മനോഹരമായിരിക്കുന്നതായും |
| പ്രവിഷ്ടാഃ, | പ്രവേശിച്ചവരായി, | ദദൃശുഃ. | കണ്ടു. |

തതസ്തസ്മിൻ ബിലേ ദുർഗ്ഗേ നാനാപാദപസംകുലേ
അന്യോന്യം സംപരിഷ്വജ്യ ജഗ്മുര്യോജനമന്തരം. 21

| | | | |
|---|---|---|---|
| തതഃ | അനന്തരം | യോജനം അന്തരം | ഒരുകാതം ദൂരം |
| നാനാപാദപസംകുലേ | പലവിധ വൃക്ഷങ്ങൾ നിറഞ്ഞ് | അന്യോന്യം | തമ്മിൽ തമ്മിൽ |
| ദുർഗ്ഗേ | ദുഷ്പ്രവേശ്യമായ | സംപരിഷ്വജ്യ | കൂട്ടിപ്പിടിച്ചു കൊണ്ടു |
| തസ്മിൻ ബിലേ, | ആ ബിലത്തിൽ, | ജഗ്മുഃ. | അവർ നടന്നു. |

തേ നഷ്ടസംജ്ഞാസ്തൃഷിതാഃ സംഭ്രാന്താഃ സലിലാർത്ഥിനഃ
പരിപേതുർബിലേ തസ്മിൻ കഞ്ചിത് കാലമതന്ദ്രിതാഃ. 22

| | | | |
|---|---|---|---|
| തേ | അവർ | കഞ്ചിത് കാലം | കുറേനേരം |
| നഷ്ടസംജ്ഞാഃ | ബുദ്ധികെട്ട് | അതന്ദ്രിതാഃ | അധൈര്യപ്പെടാതെ |
| തൃഷിതാഃ | ദാഹംവർദ്ധിച്ച് | തസ്മിൻ | ആ |
| സംഭ്രാന്താഃ | അമ്പരന്നവരായി | ബിലേ | ബിലത്തിൽ |
| സലിലാർത്ഥിനഃ | വെള്ളംതേടുന്നവരായി | പരിപേതുഃ. | നടന്നുചെന്നു. |

തേ കൃശാ ദീനവദനാഃ പരിശ്രാന്താഃ പ്ലവംഗമാഃ
ആലോകം ദദൃശുർവ്വീരാ നിരാശാ ജീവിതേ തദാ. 23

| | | | |
|---|---|---|---|
| തദാ | ആ സമയം | പരിശ്രാന്താഃ, | തളൎന്നിരുന്ന |
| കൃശാഃ | ചടച്ച്, | തേ പ്ലവംഗമാഃ വീരാഃ | ആ വാനരവീരന്മാർ, |
| ദീനവദനാഃ, | മുഖംവാടി, | ആലോകം | ഒരു വെളിച്ചം |
| ജീവിതേ | ജീവനിൽ | ദദൃശുഃ. | കണ്ടു. |
| നിരാശാഃ, | കൊതിവിട്ടവരായി, | | |

[ഇരുളടഞ്ഞതായ ഈ ഗുഹയിൽ വെളിച്ചം കാണുവാനുള്ള കാരണം, ഇനിയത്തെ സൎഗ്ഗത്തിൽ പറയപ്പെടുന്ന, അന്വത്ഥനാമത്തോടുകൂടിയവളായ സ്വയംപ്രഭയുടെ സാന്നിദ്ധ്യത്താലാണെന്ന് ബോദ്ധ്യം.]

തതസ്തം ദേശമാഗമ്യ സൌമ്യം വിതിമിരം വനം
ദദൃശുഃ കാഞ്ചനാൻ വൃക്ഷാൻ ദീപ്തവൈശ്വാനരപ്രഭാൻ 24
സാലാംസ്താലാംശ്ച പുന്നാഗാൻ കകുഭാൻ വഞ്ജുളാൻ ധവാൻ
ചമ്പകാന്നാഗവൃക്ഷാംശ്ച കൎണ്ണികാരാംശ്ച പുഷ്പിതാൻ. 25
സ്തബകൈഃ കാഞ്ചനൈശ്ചിത്രൈ രക്തൈഃ കിസലയൈസ്തഥാ
ആപീഡൈശ്ച ലതാഭിശ്ച ഹേമാഭരണഭൂഷിതാൻ 26
തരുണാദിത്യസങ്കാശാൻ വൈഡൂൎയ്യമയവേദികാൻ
വിഭ്രാജമാനാൻ വപുഷാ പാദപാംശ്ച ഹിരണ്മയാൻ 27
നീലവൈഡൂൎയ്യവൎണ്ണാശ്ച പദ്മിനീഃ പതഗാവൃതാഃ
മഹദ്ഭിഃ കാഞ്ചനൈഃ പദ്മൈൎവൃതാ ബാലാൎക്കസന്നിഭൈഃ 28

| | | | |
|---|---|---|---|
| തതഃ | അപ്പോൾ, | ചമ്പകാൻ | ചമ്പകങ്ങളേയും |
| തം സൌമ്യം | ആ ഭംഗിയാൎന്നതും | നാഗവൃക്ഷാൻ ച | നാകമരങ്ങളേയും |
| വിതിമിരം | പ്രകാശിക്കുന്നതുമായ | പുഷ്പിതാൻ | പൂത്തുനില്ക്കുന്ന |
| വനം ദേശം | വനപ്രദേശത്തെ | കൎണ്ണികാരാൻ, | കൊന്നകളേയും, |
| ആഗമ്യ, | പ്രാപിച്ച്, | ചിത്രൈഃ | ഭംഗിയാൎന്ന |
| ദീപ്ത-വൈശ്വാനര-പ്രഭാൻ | ജ്വലിക്കുന്ന അഗ്നിക്കു സദൃശമായ | കാഞ്ചനൈഃ സ്തബകൈഃ | സ്വൎണ്ണപ്പൂങ്കുലകളാലും |
| കാഞ്ചനാൻ വൃക്ഷാൻ | സ്വൎണ്ണവൃക്ഷങ്ങളേയും, | രക്തൈഃ കിസലയൈഃ തഥാ | ചുവന്നതളിരുകളാലും |
| സാലാൻ | തേക്കുകളേയും | ആപീഡൈഃ | മാലകളാലും |
| താലാൻ ച | പനകളേയും | ലതാഭിഃ ച | വള്ളികളാലും |
| പുന്നാഗാൻ | പുന്നമരങ്ങളേയും | വപുഷാ ച | കാന്തിയാലും |
| കകുഭാൻ | മരുതുകളേയും | വിഭ്രാജമാനാൻ | പ്രകാശിക്കുന്നവയും |
| വഞ്ജുളാൻ | എരഞ്ഞികളേയും | ഹേമാഭരണ-ഭൂഷിതാൻ | സ്വൎണ്ണക്കോപ്പണിഞ്ഞവയും |
| ധവാൻ | ഞമകളേയും | | |

| | |
|---|---|
| തരുണാദിത്യ-സങ്കാശാൻ | ബാലസൂൎയ്യസദൃശങ്ങളും |
| വൈഡൂൎയ്യ-മയവേദികാൻ | വൈഡൂൎയ്യഖചിതമായ തറകളുള്ളതുമായ |
| ഹിരണ്മയാൻ പാദപാൻ ച, | കാഞ്ചനവൃക്ഷങ്ങളേയും |
| ബാലാൎക്ക-സന്നിഭൈഃ | ബാലാൎക്കസദൃശങ്ങളും |
| കാഞ്ചനൈഃ | പൊൻമയവും |
| മഹദ്ഭിഃ | ശ്രേഷ്ഠങ്ങളുമായ |
| പദ്മൈഃ | താമരകളാൽ |
| വൃതാഃ | നിറയപ്പെട്ടവയും |
| നീല-വൈഡൂൎയ്യ-വൎണ്ണാഃ ച | ഇന്ദ്രനീലത്തിൻെറയും വൈഡൂൎയ്യത്തിൻെറയും ശോഭയാൎന്നവയും |
| പതഗാവൃതാഃ | പക്ഷികളാൽ ചൂഴപ്പെട്ടവയുമായ |
| പദ്മിനീഃ | താമരപ്പൊയ്കകളേയും |
| ദദൃശുഃ. | നിരീക്ഷിച്ചു. |

ജാതരൂപമയൈൎമ്മത്സ്യൈൎമ്മഹദ്ഭിശ്ച സകച്ഛപൈഃ
നളിനീസ്തത്ര ദദൃശുഃ പ്രസന്നസലിലായുതാഃ. 29

| | |
|---|---|
| തത്ര, | അവിടെ, |
| ജാതരൂപമയൈഃ | സുവൎണ്ണമയമായ |
| സകച്ഛപൈഃ | ആമകളോടുകൂടിയവയും |
| മഹദ്ഭിഃ മത്സ്യൈഃ ച | വലിയ മത്സ്യങ്ങളാൎന്നവയും |
| പ്രസന്ന-സലിലായുതാഃ | നിൎമ്മലജലത്തോടു കൂടിയവയുമായ |
| നളിനീഃ | താമരപ്പൊയ്കകളെ |
| ദദൃശുഃ. | കണ്ടു. |

കാഞ്ചനാനി വിമാനാനി രാജതാനി തഥൈവ ച
തപനീയഗവാക്ഷാണി മുക്താജാലാവൃതാനി ച 30
ഹൈമരാജതഭൗമാനി വൈഡൂൎയ്യമണിമന്തി ച
ദദൃശുസ്തത്ര ഹരയോ ഗൃഹമുഖ്യാനി സൎവ്വശഃ. 31

| | |
|---|---|
| ഹരയഃ, | വാനരന്മാർ, |
| തത്ര | അവിടെ |
| സൎവ്വശഃ | എങ്ങും |
| കാഞ്ചനാനി | സ്വൎണ്ണമയങ്ങളും |
| തഥാ ഏവ | അപ്രകാരംതന്നെ |
| രാജതാനി | രജതമയങ്ങളും |
| തപനീയ-ഗവാക്ഷാണി | സ്വൎണ്ണത്താൽ നിൎമ്മിക്കപ്പെട്ട ജനലുകളോടു കൂടിയവയും |
| മുക്താജാലാ-വൃതാനി ച | നന്മുത്തിൻനിരകൊണ്ടലങ്കരിക്കപ്പെട്ടവയുമായ |
| വിമാനാനി ച | വിമാനങ്ങളേയും |
| ഹൈമരാജത-ഭൗമാനി | തങ്കത്താലും വെള്ളിയാലും നിൎമ്മിക്കപ്പെട്ട് |
| വൈഡൂൎയ്യ-മണിമന്തി | വൈഡൂൎയ്യരത്നഖചിതങ്ങളായ |
| ഗൃഹമുഖ്യാനി ച | ഉത്തമഭവനങ്ങളേയും |
| ദദൃശുഃ. | കണ്ടു. |

പുഷ്പിതാൻ ഫലിനോ വൃക്ഷാൻ പ്രവാളമണിസന്നിഭാൻ
കാഞ്ചനഭ്രമരാംശ്ചൈവ മധൂനി ച സമന്തതഃ 32
മണികാഞ്ചനചിത്രാണി ശയനാന്യാസനാനി ച
മഹാൎഹാണി ച യാനാനി ദദൃശുസ്തേ സമന്തതഃ 33
ഹൈമരാജതകാംസ്യാനാം ഭാജനാനാം ച സഞ്ചയാൻ
അഗരൂണാം ച ദിവ്യാനാം ചന്ദനാനാം ച സഞ്ചയാൻ 34
ശുചീന്യഭ്യവഹാൎയ്യാണി മൂലാനി ച ഫലാനി ച
മഹാൎഹാണി ച പാനാനി മധൂനി രസവന്തി ച 35

ദിവ്യാനാമംബരാണാം ച മഹാൎഹാണാം ച സഞ്ചയാൻ
കംബളാനാം ച ചിത്രാണാമജിനാനാം ച സഞ്ചയാൻ. 36

| | |
|---|---|
| സമന്തതഃ, | എല്ലാ ഭാഗങ്ങളിലും, |
| തേ | അവർ |
| പുഷ്പിതാൻ | പൂത്തുനില്ക്കുന്നവയും |
| ഫലിനഃ | ഫലങ്ങൾ നൽകുന്നവയും |
| പ്രവാളമണി-സന്നിഭാൻ | പവിഴം മാണിക്യം ഇവയ്ക്കു സദൃശമായവയുമായ |
| വൃക്ഷാൻ ച | വൃക്ഷങ്ങളേയും |
| കാഞ്ചന-ഭേരാൻ ഏവ | പൊൻവണ്ടുകളേയും |
| വധൂനി ച | സ്ത്രീപ്രതിമകളേയും (കണ്ടു) |
| സമന്തതഃ | ചുററും |
| മണികാഞ്ചന-ചിത്രാണി | രത്നങ്ങൾ പതിച്ച സ്വൎണ്ണനിൎമ്മിതങ്ങളായ |
| ശയനാനി ച | തല്പങ്ങളേയും |
| ആസനാനി | ആസനങ്ങളേയും |
| മഹാൎഹാണി | വിലയേറിയ |
| യാനാനി ച | വാഹനങ്ങളേയും |
| ഹൈമരാജത-കാംസ്യാനാം | പൊന്നുകൊണ്ടും വെള്ളികൊണ്ടും ഓട്ടുകൊണ്ടുമുണ്ടാക്കപ്പെട്ട |
| ഭാജനാനാം | പാത്രങ്ങളുടെ |
| സഞ്ചയാൻ ച, | കൂട്ടങ്ങളേയും, |
| അഗരൂണാം ച | അകിലിന്റെയും |
| ദിവ്യാനാം | വിശേഷപ്പെട്ട |
| ചന്ദനാനാം | ചന്ദനങ്ങളുടേയും |
| സഞ്ചയാൻ ച, | കൂട്ടങ്ങളേയും, |
| ശുചീനി | പരിശുദ്ധമായവയും |
| അഭ്യവ-ഹാൎയ്യാണി | ഭക്ഷിക്കത്തക്കവയുമായ |
| മൂലാനി ച | കിഴങ്ങുകളേയും |
| ഫലാനി ച, | പഴങ്ങളേയും, |
| മഹാൎഹാണി | ശ്രേഷ്ഠങ്ങളായ |
| പാനാനി ച, | പാനീയങ്ങളേയും |
| രസവന്തി | രുചികരങ്ങളായ |
| മധൂനി ച | മധുക്കളേയും |
| ദിവ്യാനാം | ദിവ്യങ്ങളും |
| മഹാൎഹാണാം ച | വിലയുയൎന്നവയുമായ |
| അംബരാണാം | വസ്ത്രങ്ങളുടെ |
| സഞ്ചയാൻ ച | കൂട്ടങ്ങളേയും |
| ചിത്രാണാം | മനോഹരങ്ങളായ |
| കംബളാനാം ച | കംബളങ്ങളുടേയും |
| അജിനാനാം | തോലുകളുടേയും |
| സഞ്ചയാൻ ച | കൂട്ടങ്ങളേയും |
| ദദൃശുഃ. | ദൎശിച്ചു. |

തത്ര തത്ര ച വിന്യസ്താൻ ദീപ്താൻ വൈശ്വാനരോപമാൻ
ദദൃശുൎവ്വാനരാഃ ശുഭ്രാൻ ജാതരൂപസ്യ സഞ്ചയാൻ. 37

| | |
|---|---|
| വാനരാഃ | വാനരന്മാർ |
| തത്ര തത്ര ച | അവിടവിടെയായി |
| വിന്യസ്താൻ | വെക്കപ്പെട്ടിരുന്നവയും |
| വൈശ്വാന-രോപമാൻ | അഗ്നിപോലെ |
| ദീപ്താൻ | ജ്വലിച്ചുകൊണ്ടിരുന്നവയും |
| ശുഭ്രാൻ | നിൎമ്മലങ്ങളും ആയ |
| ജാതരൂപസ്യ സഞ്ചയാൻ | തങ്കക്കട്ടിയുടെ കൂട്ടങ്ങളേയും |
| ദദൃശുഃ. | കണ്ടു. |

തത്ര തത്ര വിചിന്വന്തോ ബിലേ തസ്മിൻ മഹാബലാഃ
ദദൃശുൎവ്വാനരാഃ ശൂരാഃ സ്ത്രീയം കാംചിദദൂരതഃ. 38

| | |
|---|---|
| തത്ര തത്ര | അവിടവിടെ |
| തസ്മിൻ ബിലേ | ആ ബിലത്തിൽ |
| വിചിന്വന്തഃ | തിരഞ്ഞുകൊണ്ടിരുന്ന, |
| മഹാബലാഃ | അതിബലവാന്മാരായ, |
| ശൂരാഃ | ശൂരന്മാരായ |
| വാനരാഃ | വാനരന്മാർ, |
| അദൂരതഃ | അകലെയല്ലാതെ |
| കാംചിത് | ഏതോ ഒരു |
| സ്ത്രീയം | സ്ത്രീയെയും |
| ദദൃശുഃ. | കണ്ടു. |

താം ദൃഷ്ട്വാ ഹരയസ്തത്ര ചീരകൃഷ്ണാജിനാംബരാം
താപസീം നിയതാഹാരാം ജ്വലന്തീമിവ തേജസാ 39
വിസ്മിതാ ഹരയസ്തത്ര വ്യവാതിഷ്ഠന്ത സർവ്വശഃ. 40

| | |
|---|---|
| തത്ര ഹരയഃ | അവിടെ വാനരന്മാർ |
| താം | അവളെ |
| ചീരകൃഷ്ണാജിനാംബരാം | മരവുരിയും മാൻതോലു മുടുത്തവളായി |
| താപസീം | താപസിയായി |
| നിയതാഹാരാം | ആഹാര നിഷ്ഠയോടു കൂടിയവളായി |
| തേജസാ | തേജസ്സിനാൽ |
| ജ്വലന്തീം ഇവ | ഉജ്ജ്വലിക്കുന്നവളായി |
| ദൃഷ്ട്വാ, | കണ്ട്, |
| തത്ര | അപ്പോൾ |
| ഹരയഃ | വാനരന്മാർ |
| സർവ്വശഃ | എല്ലാവരും തന്നെ |
| വിസ്മിതാഃ | ആശ്ചര്യഭരിതരായി |
| വ്യവാതിഷ്ഠന്ത. | ഇളകാതെ നിന്നു പോയി. |

തതോ ഹനുമാൻ ഗിരിസന്നികാശഃ
കൃതാഞ്ജലിസ്താമഭിവാദ്യ വൃദ്ധാം
പപ്രച്ഛ കാ ത്വം ഭവനം ബിലം ച
രത്നാനി ചൈതാനി വദസ്വ കസ്യ. 41

| | |
|---|---|
| തതഃ | അപ്പോൾ |
| ഗിരിസന്നികാശഃ | പർവ്വതതുല്യനായ |
| ഹനുമാൻ, | ഹനുമാൻ, |
| കൃതാഞ്ജലിഃ | കൈകൂപ്പിക്കൊണ്ട് |
| വൃദ്ധാം | വയോധികയായ |
| താം | അവളെ |
| അഭിവാദ്യ, | അഭിവാദനംചെയ്തു്, |
| പപ്രച്ഛ; | ഇങ്ങിനെ ചോദിച്ചു; |
| "ത്വം കാ? | "ഭവതി ആരാണ്? |
| ഭവനം | ഭവനവും |
| ബിലം ച | ഗുഹയും |
| ഏതാനി | ഈ |
| രത്നാനി ച | രത്നങ്ങളും |
| കസ്യ? | ആരുടേതാണ്? |
| വദസ്വ!" | പറഞ്ഞാലും!" |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
പഞ്ചാശഃ സർഗ്ഗഃ = അമ്പതാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 11330; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 2078.

ഇതി പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ ഗീതേ ശ്രീമദ്രാമായണേ പഞ്ചദശേഽഹനി ഗീതാഃ ശ്ലോകാഃ സമാപ്താഃ.

ഇപ്രകാരം പണ്ട് കുശലവന്മാരാൽ ശ്രീരാമസന്നിധിയിൽ അശ്വമേധയാഗശാലയിൽവെച്ച് ഗാനംചെയ്യപ്പെട്ടതായ ശ്രീ രാമായണത്തിൽ പതിനഞ്ചാം ദിവസം ഗാനംചെയ്ത ശ്ലോകങ്ങൾ അവസാനിച്ചു.

[പുരാ കുശലവാഭ്യാം ശ്രീരാമസന്നിധാവശ്വമേധയജ്ഞവാടേ ഷോഡശേഹനി കിഷ്കിന്ധാകാണ്ഡേ ഏകപഞ്ചാശസ്സർഗ്ഗമാരഭ്യ യാവത് കാണ്ഡസമാപ്തി, സുന്ദരകാണ്ഡേ ആദിതഃ സർഗ്ഗത്രയം ച (11331—12128 ശ്ലോകാഃ) ഗീതം. തസ്മിൻ ദിനേ ഗീതാഃ ശ്ലോകാഃ 798. കിഷ്കിന്ധാകാണ്ഡേ ഗീതാഃ ശ്ലോകാഃ 460.

പണ്ട് കുശലവന്മാരാൽ ശ്രീരാമസന്നിധാനത്തിൽ അശ്വമേധയാഗശാലയിൽവെച്ച് പതിനാറാം ദിവസം കിഷ്കിന്ധാകാണ്ഡത്തിൽ 51-ാം സർഗ്ഗംമുതൽ കാണ്ഡാവസാനം വരെയും സുന്ദരകാണ്ഡത്തിൽ 1 മുതൽ 3 കൂടിയും സർഗ്ഗങ്ങൾ (11331—12128 ശ്ലോകങ്ങൾ) ഗാനം ചെയ്യപ്പെട്ടു. അന്നെ ദിവസം ഗാനംചെയ്ത ശ്ലോകസംഖ്യ 798. കിഷ്കിന്ധാകാണ്ഡത്തിൽ ഗാനംചെയ്ത ശ്ലോകങ്ങൾ 460.]

## ഏകപഞ്ചാശഃ സർഗ്ഗഃ = അമ്പത്തൊന്നാംസർഗ്ഗം.

[സ്വയംപ്രഭാകൃതമാതിഥ്യം = സ്വയംപ്രഭ ചെയ്ത അതിഥിസത്കാരം.]

ഇത്യുക്ത്വാ ഹനുമാംസ്തത്ര പുനഃ കൃഷ്ണാജിനാംബരാം
അബ്രവീത്താം മഹാഭാഗാം താപസീം ധർമ്മചാരിണീം. 1

| | | | |
|---|---|---|---|
| തത്ര | അപ്പോൾ | താം താപസീം | ആ തപസ്വിനിയെ |
| കൃഷ്ണാ-ജിനാംബരാം | കൃഷ്ണമൃഗത്തിൻതോൽ ധരിച്ച | ഹനുമാൻ | ഹനുമാൻ [നോക്കി |
| | | ഇതി ഉക്ത്വാ, | മേൽപ്രകാരം ചോദി |
| ധർമ്മചാരിണീം | ധർമ്മൈകനിരതയായ | പുനഃ | വീണ്ടും [ച്ചശേഷം |
| മഹാഭാഗാം | മഹാമഹിമയാന്ന | അബ്രവീത്. | പറഞ്ഞു. |

ഇദം പ്രവിഷ്ടാഃ സഹസാ ബിലം തിമിരസംവൃതം
ക്ഷുത്പിപാസാപരിശ്രാന്താഃ പരിഖിന്നാശ്ച സർവ്വശഃ
മഹദ്ധരണ്യാ വിവരം പ്രവിഷ്ടാഃ സ്മ പിപാസിതാഃ. 2

| | | | |
|---|---|---|---|
| "സർവ്വശഃ പ്രവിഷ്ടാഃ | "നാലുപാടും അലഞ്ഞു തിരിഞ്ഞ് | ധരണ്യാഃ | ഭൂമിയിൽ |
| | | വിവരം | നിർജ്ജനമായി |
| ക്ഷുത്-പിപാസാ-പരിശ്രാന്താഃ | വിശപ്പുകൊണ്ടും ദാഹത്താലും തളൎന്ന് | തിമിരസംവൃതം | ഇരുളടഞ്ഞ |
| | | ഇദം മഹത് ബിലം | ഈ വമ്പിച്ച ഗുഹയിൽ |
| പരിഖിന്നാ ച | തീരെ ക്ഷീണിച്ചവരായി | സഹസാ പ്രവിഷ്ടാഃ സ്മ. | പൊടുന്നനവേ പ്രവേശിച്ചവരാകുന്നു ഞങ്ങൾ. |
| പിപാസിതാഃ | വെള്ളംകൊതിച്ച് | | |

ഇമാംസ്ത്വേവംവിധാൻ ഭാവാൻ വിവിധാനദ്ഭുതോപമാൻ
ദൃഷ്ട്വാ വയം പ്രവ്യഥിതാഃ സംഭ്രാന്താ നഷ്ടചേതസഃ. 3

| | | | |
|---|---|---|---|
| "ഇമാൻ | "ഈ | ദൃഷ്ട്വാ, | കണ്ട്, |
| വിവിധാൻ | വിവിധങ്ങളും | വയം | ഞങ്ങൾ |
| അദ്ഭുതോ-പമാൻ | നിസ്തുല്യങ്ങളും ആയ | പ്രവ്യഥിതാഃ | ഏററവും നടുക്കംപൂണ്ടവരായി |
| ഏവംവിധാൻ | ഇപ്രകാരമുള്ള | സംഭ്രാന്താഃ | പരിഭ്രമിച്ച് |
| ഭാവാൻ | പദാൎത്ഥങ്ങളെ | നഷ്ടചേതസഃ. | ബുദ്ധിയററവരായിരിക്കുന്നു. |
| തു | ഇപ്പോൾ | | |

കസ്യേമേ കാഞ്ചനാ വൃക്ഷാസ്തരുണാദിത്യസന്നിഭാഃ
ഇമേ ജാംബൂനദമയാഃ പാദപാഃ കസ്യ തേജസാ 4
ശുചീന്യഭ്യവഹാര്യ്യാണി മൂലാനി ച ഫലാനി ച
കാഞ്ചനാനി വിമാനാനി രാജതാനി ഗൃഹാണി ച. 5
തപനീയഗവാക്ഷാണി മണിജാലാവൃതാനി ച
കാഞ്ചനാനി ച പദ്മാനി ജാതാനി വിമലേ ജലേ. 6

| | | | |
|---|---|---|---|
| “തരുണാദിത്യസന്നിഭാഃ | “ബാലാർക്കസദൃശങ്ങളായ | കാഞ്ചനാനി | പൊൻമയമായ |
| ഇമേ | ഈ | വിമാനാനി, | വിമാനങ്ങളും, |
| കാഞ്ചനാഃ | ശോഭിക്കുന്ന | മണിജാലാവൃതാനി | രത്നത്തിരശ്ശീലകൾ (മറകൾ) തൂക്കിയ |
| വൃക്ഷാഃ | വൃക്ഷങ്ങൾ | തപനീയഗവാക്ഷാണി | പൊൻജനലുകളാർന്ന |
| കസ്യ ? | ആരുടേതാണ് ? | രാജതാനി | രജതമയമായ |
| ച | എന്നല്ല | ഗൃഹാണി ച, | ഭവനങ്ങളും, |
| ഇമേ | ഈ | വിമലേ | നിർമ്മലമായ |
| ജാംബൂനദമയാഃ പാദപാഃ | കാഞ്ചനനിർമ്മിതങ്ങളായ തരുക്കളും, | ജലേ, | ജലത്തിൽ |
| ശുചീനി | പരിശുദ്ധങ്ങളും | കാഞ്ചനാനി | പൊൻമയമായ |
| അഭ്യവഹാര്യ്യാണി | ആഹാരയോഗ്യങ്ങളുമായ | പദ്മാനി ച, | പങ്കജങ്ങളും, |
| മൂലാനി ച | കിഴങ്ങുകളും | കസ്യ | ആരുടെ |
| ഫലാനി ച, | പഴങ്ങളും, | തേജസാ | ദിവ്യശക്തിയാൽ |
| | | ജാതാനി ? | ഉണ്ടായവയാണ് ? |

കഥം മത്സ്യാശ്ച സൌവർണ്ണാശ്ചരന്തി സഹ കച്ഛപൈഃ. 7

| | | | |
|---|---|---|---|
| “കച്ഛപൈഃ സഹ | “ആമകളോടുംകൂടി | സൌവർണ്ണാഃ | സ്വർണ്ണമയങ്ങളായി |
| മത്സ്യാഃ ച | മത്സ്യങ്ങളും | കഥം | എങ്ങിനെയാണ് |
| | | ചരന്തി ? | സഞ്ചരിക്കുന്നത് ? |

ആത്മാനമനുഭാവം ച കസ്യ ചൈതത്തപോബലം
അജാനതാം നഃ സർവ്വേഷാം സർവ്വമാഖ്യാതുമർഹസി. 8

| | | | |
|---|---|---|---|
| “ഏതത് | “ഇതു | അജാനതാം | അറിയാത്തവരായ |
| കസ്യ | ആരുടെ | നഃ സർവ്വേഷാം | ഞങ്ങൾ എല്ലാവരോടും |
| തപോബലം ? | തപഃശക്തിയാണ് ? | സർവ്വം | എല്ലാററിനെയും |
| ആത്മാനം ച | ഭവതിയെപററിയും | ആഖ്യാതും അർഹസി ” | വിശദമായി പറവാൻ കനിവുണ്ടാകേണം ” |
| അനുഭാവം ച | ഈ മഹിമയെപ്പററിയും | | |

ഏവമുക്താ ഹനുമതാ താപസീ ധർമ്മചാരിണീ
പ്രത്യുവാച ഹനുമന്തം സർവ്വഭൂതഹിതേ രതാ. 9

| | | | |
|---|---|---|---|
| സർവ്വഭൂതഹിതേ | എല്ലാ പ്രാണികളുടേയും നന്മയിൽ | ഹനുമതാ | ഹനുമാനാൽ |
| രതാ, | ആസക്തിയുള്ളവളും | ഏവം | ഇപ്രകാരം |
| ധർമ്മചാരിണീ | ധർമ്മിഷ്ഠയും ആയ | ഉക്താ | ചോദിക്കപ്പെട്ടവളായി |
| താപസീ, | ആ താപസി, | ഹനുമന്തം | ഹനുമാനെനോക്കി |
| | | പ്രത്യുവാച. | മറുപടിയരുളി. |

മയോ നാമ മഹാതേജാ മായാവീ ദാനവൎഷഭഃ
തേനേദം നിൎമ്മിതം സൎവ്വം മായയാ കാഞ്ചനം വനം. 10

| | | | |
|---|---|---|---|
| “ദാനവൎഷഭഃ | “അസുരശ്രേഷ്ഠനായ | ഇദം | ഈ |
| മയഃ നാമ | മയനെന്നവൻ | കാഞ്ചനം വനം | സ്വൎണ്ണമയമായ വനം |
| മഹാതേജാഃ | മഹാതേജസ്വിയും | സൎവ്വം | മുഴുവനും |
| മായാവീ ; | മായാവിയും ആകുന്നു ; | മായയാ | മായയാൽതന്നെ |
| തേന | അവനാൽ | നിൎമ്മിതം. | സൃഷ്ടിക്കപ്പെട്ടതാകുന്നു. |

പുരാ ദാനവമുഖ്യാനാം വിശ്വകൎമ്മാ ബഭൂവ ഹ
യേനേദം കാഞ്ചനം ദിവ്യം നിൎമ്മിതം ഭവനോത്തമം. 11

| | | | |
|---|---|---|---|
| “പുരാ | “പണ്ട് | യേന നിൎമ്മിതം | ആരാൽ നിൎമ്മിക്കപ്പെട്ടുവോ ആ മയൻ |
| ഇദം | ഈ | | |
| കാഞ്ചനം | പൊന്മയമായതും | ദാനവമുഖ്യാനാം | അസുരവരന്മാൎക്കെല്ലാം |
| ദിവ്യം | ദിവ്യവും ആയ | വിശ്വകൎമ്മാ | വിശ്വകൎമ്മാവായി |
| ഭവനോത്തമം | ഉത്തമഭവനം | ബഭൂവ ഹ. | വൎത്തിച്ചിരുന്നു. |

[“മയൻ എന്ന ത്രിപുരാധിപതി, ത്രിപുരങ്ങളും പരമേശ്വരനാൽ ഭസ്മീകരിക്കപ്പെട്ടപ്പോൾ, സ്വരക്ഷക്കായി ഈ ബിലത്തെ നിൎമ്മിച്ചതായി മാത്സ്യപുരാണത്തിൽ ത്രിപുരദഹനപ്രസ്താവത്തിൽ പറയപ്പെട്ടിരിക്കുന്നു.” ഗൊ. രാ. ഈ മയനു, താഴെ പറയുന്ന ഹേമയെന്ന അപ്സരസ്ത്രീയിൽ, മണ്ഡോദരി എന്ന പുത്രിയും മായാവി, ദുന്ദുഭി എന്ന രണ്ടു പുത്രന്മാരും (ബാലിയാൽ ഹനിക്കപ്പെട്ടവർ) ജനിച്ചതായും, മണ്ഡോദരിയെ രാവണൻ പരിഗ്രഹിച്ചതായും ഉത്തരകാണ്ഡം 12-ാം സൎഗ്ഗത്തിൽ പറയപ്പെട്ടിരിക്കുന്നു.]

സ തു വൎഷസഹസ്രാണി തപസ്തപ്ത്വാ മഹാവനേ
പിതാമഹാദ്വരം ലേഭേ സൎവ്വമൌശനസം ധനം. 12

| | | | |
|---|---|---|---|
| “സഃ | “അവൻ | ഔശനസം | ശുക്രാചാൎയ്യനെ സംബന്ധിച്ച |
| മഹാവനേ | വൻകാട്ടിൽ | | |
| വൎഷ-സഹസ്രാണി | ആയിരമാണ്ടുകൾ | ധനം സൎവ്വം തു | ശ്രേഷ്ഠധനമായ വിചിത്രനിൎമ്മാണശില്പകലയെ മുഴുവനും |
| തപഃ തപ്ത്വാ, | തപസ്സുചെയ്തു, | | |
| പിതാമഹാത് | ബ്രഹ്മാവിങ്കൽനിന്നു | വരം ലേഭേ. | വരമായി പ്രാപിച്ചു. |

വനം വിധായ ബലവാൻ സൎവ്വകാമേശ്വരസ്തദാ
ഉവാസ സുഖിതഃ കാലം കഞ്ചിദസ്മിൻ മഹാവനേ. 13

| | | | |
|---|---|---|---|
| “ബലവാൻ | “വരബലമാൎന്നവനായി | മഹാവനേ | വൻകാട്ടിൽ |
| സൎവ്വ-കാമേശ്വരഃ | വിചാരിച്ചതെല്ലാം നിൎമ്മിപ്പാൻ ശക്തിയുള്ളവനായി | വനം | വസതിയെ |
| | | വിധായ | നിൎമ്മിച്ചു |
| | | കഞ്ചിത് കാലം | കുറെക്കാലം |
| തദാ | ആ സമയം | സുഖിതഃ | സുഖമായി |
| അസ്മിൻ | ഈ | ഉവാസ. | വസിച്ചു. |

തമപ്സരസി ഹേമായാം സക്തം ദാനവസത്തമം
വിക്രമ്യൈവാശനിം ഗൃഹ്യ ജഘാനേശഃ പുരന്ദരഃ. 14

| | | | |
|---|---|---|---|
| " ഹേമായാം | " ഹേമയെന്ന | ഈശഃ | ത്രിലോകാധിപനായ |
| അപ്സരസി | അപ്സരസ്ത്രീയിൽ | പുരന്ദരഃ | ഇന്ദ്രൻ |
| സക്തം | മോഹമുൾക്കൊണ്ടവനായ | വിക്രമ്യ | ചെന്നേററ് |
| തം ദാനവസത്തമം | ആ അസുരശ്രേഷ്ഠനെ | അശനിം ഗൃഹ്യ ഏവ | വജ്രായുധത്തെകൈക്കൊണ്ടുതന്നെ |
| | | ജഘാന. | നിഗ്രഹിച്ചു. |

[" അസുരശില്പിയായ മയൻ നിത്യനായതുകൊണ്ട്, എങ്ങിനെ വധിക്കപ്പെട്ടു എന്ന് സംശയിപ്പാനില്ല; 'മയൻ' എന്ന പദം 'ഇന്ദ്രൻ' എന്ന പദംപോലെ ആ സ്ഥാനത്തിൽ വൎത്തിക്കുന്നവൎക്കെല്ലാവൎക്കുമുള്ളതാണ് എന്ന് ബോദ്ധ്യമാകുന്നു." (തിലകം).]

ഇദം ച ബ്രഹ്മണാ ദത്തം ഹേമായൈ വനമുത്തമം
ശാശ്വതാഃ കാമഭോഗാശ്ച ഗൃഹം ചേദം ഹിരണ്മയം. 15

| | | | |
|---|---|---|---|
| " ഇദം | " ഈ | ശാശ്വതാഃ | ഈടേറിയ |
| ഹിരണ്മയം | പൊന്മയമായ | കാമഭോഗാഃ ച | കാമഭോഗങ്ങളും |
| ഗൃഹം ച, | ഭവനവും | ബ്രഹ്മണാ | ബ്രഹ്മാവിനാൽ |
| ഇദം ഉത്തമം | ഈ ഉത്തമമായ | ഹേമായൈ | ഹേമയ്ക്കായ്ക്കൊണ്ട് |
| വനം ച, | വനവും, | ദത്തം. | നല്കപ്പെട്ടു. |

ദുഹിതാ മേരുസാവൎണ്ണേരഹം തസ്യാഃ സ്വയംപ്രഭാ
ഇദം രക്ഷാമി ഭവനം ഹേമായാ വാനരോത്തമ. 16

| | | | |
|---|---|---|---|
| " വാനരോത്തമ! | " വാനരശ്രേഷ്ഠ! | തസ്യാഃ | ആ |
| അഹം | ഞാൻ | ഹേമായാഃ | ഹേമയുടെ |
| മേരുസാവൎണ്ണേഃ | മേരുസാവൎണ്ണിയുടെ | ഇദം ഭവനം | ഈ ഗൃഹത്തെ |
| ദുഹിതാ | പുത്രിയായ | രക്ഷാമി. | കാത്തുകൊണ്ടിരിക്കയാണ്. |
| സ്വയംപ്രഭാ; | സ്വയംപ്രഭയാകുന്നു; | | |

[മേരുസാവൎണ്ണിയെന്ന മഹൎഷിയെ സൎവ്വഭൂതസ്രഷ്ടാക്കളായ മഹൎഷിമാരിൽ ഒരുവനായി ഭാരതം ആനുശാസനിക പൎവ്വത്തിൽ പറയപ്പെട്ടിരിക്കുന്നു. "സ്രഷ്ടാരഃ സൎവ്വഭൂതാനാം കീൎത്തിതാ ലോകപാവനാഃ സംവൎത്തോ മേരുസാവൎണ്ണോ മാൎക്കണ്ഡേയശ്ച ധാൎമ്മികഃ" ഇത്യാദി-(ആനു. 252)]

മമ പ്രിയസഖീ ഹേമാ നൃത്തഗീതവിശാരദാ
തയാ ദത്തവരാ ചാസ്മി രക്ഷാമി ഭവനോത്തമം. 17

| | | | |
|---|---|---|---|
| " നൃത്തഗീതവിശാരദാ | " നൃത്തത്തിലും ഗീതത്തിലും കുശലയായ | ദത്തവരാ അസ്മി; | ഞാൻ ആവശ്യപ്പെടപ്പെട്ടു; |
| ഹേമാ, | ഹേമ, | ച | അതിനാൽ |
| മമ | എന്റെ | ഭവനോത്തമം | ശ്രേഷ്ഠമായ ഈ ഭവനത്തെ |
| പ്രിയസഖീ; | പ്രിയസഖിയാകുന്നു; | രക്ഷാമി. | ഞാൻ സൂക്ഷിച്ചുകൊണ്ടിരിക്കുന്നു. |
| തയാ | അവളാൽ | | |

കിം കാര്യ്യം കസ്യ വാ ഹേതോഃ കാന്താരാണി പ്രപശ്യഥ
കഥം ചേദം വനം ദുർഗ്ഗം യുഷ്മാഭിരുപലക്ഷിതം. 18

| | | | |
|---|---|---|---|
| "കിം കാര്യ്യം, | "എന്തിന്നുവേണ്ടി, | കഥം ച | എങ്ങിനെയാണ് |
| കസ്യ ഹേതോഃ വാ, | ആർക്കുവേണ്ടിയാണ്, | ഇദം | ഈ |
| | | ദുർഗ്ഗം | കടക്കുവാൻ പ്രയാസ [മുള്ള |
| കാന്താരാണി | വനപ്രദേശങ്ങളെ | വനം | കാട് |
| പ്രപശ്യഥ? | നിങ്ങൾ ചുററി സഞ്ചരിക്കുന്നതു്? | യുഷ്മാഭിഃ | നിങ്ങളാൽ |
| | | ഉപലക്ഷിതം? | കണ്ടെത്തപ്പെട്ടത്? |

ഇമാന്യഭ്യവഹാര്യ്യാണി മൂലാനി ച ഫലാനി ച
ഭുക്ത്വാ പീത്വാ ച പാനീയം സർവ്വം മേ വക്തുമർഹഥ. 19

| | | | |
|---|---|---|---|
| "ഇമാനി | "ഈ | പാനീയം | പാനീയങ്ങളേയും |
| അഭ്യവഹാര്യ്യാണി | ഭക്ഷണാർഹങ്ങളായ | പീത്വാ, | കുടിച്ചശേഷം, |
| | | സർവ്വം ച | എല്ലാററിനേയും |
| മൂലാനി ച | കിഴങ്ങുകളേയും | മേ | എന്നോട് |
| ഫലാനി ച | പഴങ്ങളേയും | വക്തും അർഹഥ." | പറയുവിൻ." |
| ഭുക്ത്വാ, | ഭുജിച്ച്, | | |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ഏകപഞ്ചാശഃ സർഗ്ഗഃ = അമ്പത്തൊന്നാംസർഗ്ഗം സമാപ്തം.
ആദ്യം മുതൽ ശ്ലോകസംഖ്യ 11349; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 2097.

## ദ്വിപഞ്ചാശഃ സർഗ്ഗഃ = അമ്പത്തിരണ്ടാംസർഗ്ഗം.

[ബിലപ്രവേശകാരണകഥനം = ഗുഹയിൽ കടപ്പാനുള്ള കാരണം പറയുന്നത്].

അഥ താനബ്രവീത് സർവ്വാൻ വിശ്രാന്താൻ ഹരിയൂഥപാൻ
ഇദം വചനമേകാഗ്രാ താപസീ ധർമ്മചാരിണീ. 1

| | | | |
|---|---|---|---|
| ഏകാഗ്രാ | ഏകാഗ്രചിത്തയും | താൻ സർവ്വാൻ ഹരിയൂഥപാൻ | ആ എല്ലാ വാനരോത്തമന്മാരേയും നോക്കി |
| ധർമ്മചാരിണീ | ധർമ്മനിഷ്ഠയുള്ളവളുമായ | ഇദം വചനം | ഈ വാക്യത്തെയും |
| താപസീ, | ആ തപസ്വിനി, | അഥ | |
| വിശ്രാന്താൻ | വിശ്രമിച്ചവരായ | അബ്രവീത്. | പറഞ്ഞു. |

വാനരാ യദി വഃ ഖേദഃ പ്രനഷ്ടഃ ഫലഭക്ഷണാത്
യദി ചൈതന്മയാ ശ്രാവ്യം ശ്രോതുമിച്ഛാമി കഥ്യതാം. 2

| | | | |
|---|---|---|---|
| "വാനരാഃ! | "വാനരന്മാരേ! | മയാ | എന്നാൽ |
| ഫലഭക്ഷണാത് | പഴങ്ങൾ ഭക്ഷിച്ചതി [നാൽ | ശ്രാവ്യം യദി ച, | കേൾക്കപ്പെടാവുന്നതാണെങ്കിലും, |
| വഃ | നിങ്ങളുടെ | | |
| ഖേദഃ | ക്ഷീണം | ശ്രോതും ഇച്ഛാമി; | ഞാൻ അറിവാൻ ആഗ്രഹിക്കുന്നു; |
| പ്രനഷ്ടഃ യദി | തീർന്നിട്ടുണ്ടെന്നാലും | | |
| ഏതത് | ഈ സംഗതി | കഥ്യതാം." | പറയുവിൻ." |

തസ്യാസ്തദ്വചനം ശ്രുത്വാ ഹനുമാൻ മാരുതാത്മജഃ
ആൎജ്ജവേന യഥാതത്വമാഖ്യാതുമുപചക്രമേ. 3

| | | | |
|---|---|---|---|
| തസ്യാഃ | അവളുടെ | ആൎജ്ജവേന | വണക്കത്തോടെ |
| തത് വചനം | ആ വാക്യത്തെ | യഥാതത്വം | ഉള്ളവണ്ണം |
| ശ്രുത്വാ | കേട്ട് | ആഖ്യാതും | വിവരിപ്പാൻ |
| മാരുതാത്മജഃ | വായുപുത്രനായ | ഉപചക്രമേ. | തുടങ്ങി. |
| ഹനുമാൻ, | ഹനുമാൻ, | | |

രാജാ സൎവ്വസ്യ ലോകസ്യ മഹേന്ദ്രവരുണോപമഃ
രാമോ ദാശരഥിഃ ശ്രീമാൻ പ്രവിഷ്ടോ ദണ്ഡകാവനം
ലക്ഷ്മണേന സഹ ഭ്രാത്രാ വൈദേഹ്യാ ചാപി ഭാൎയ്യയാ. 4

| | | | |
|---|---|---|---|
| "സൎവ്വസ്യ ലോകസ്യ | എല്ലാലോകങ്ങൾക്കും | ഭ്രാത്രാ | സഹോദരനായ |
| രാജാ | നാഥനായവനും | ലക്ഷ്മണേന സഹ ച | ലക്ഷ്മണനോടുകൂടിയും |
| മഹേന്ദ്രവരുണോപമഃ | ഇന്ദ്രനും വരുണനും തുല്യനും | വൈദേഹ്യാ | വിദേഹാത്മജയായ |
| ദാശരഥിഃ | ദശരഥാത്മജനും | ഭാൎയ്യയാ അപി, | പത്നിയോടുകൂടിയും |
| ശ്രീമാൻ | ശ്രീമാനുമായ | ദണ്ഡകാവനം | ദണ്ഡകാരണ്യത്തിൽ |
| രാമഃ, | ശ്രീരാമൻ | പ്രവിഷ്ടഃ. | പ്രവേശിച്ചു. |

തസ്യ ഭാൎയ്യാ ജനസ്ഥാനാദ്രാവണേന ഹൃതാ ബലാത്. 5

| | | | |
|---|---|---|---|
| "തസ്യ | "അദ്ദേഹത്തിന്റെ | രാവണേന | രാവണനാൽ |
| ഭാൎയ്യാ | പത്നി | ബലാത് | ബലാല്ക്കാരമായി |
| ജനസ്ഥാനാത് | ജനസ്ഥാനത്തിൽനിന്ന് | ഹൃതാ. | അപഹരിച്ചുകൊണ്ടുപോകപ്പെട്ടു. |

വീരസ്തസ്യ സഖാ രാജ്ഞഃ സുഗ്രീവോ നാമ വാനരഃ
രാജാ വാനരമുഖ്യാനാം യേന പ്രസ്ഥാപിതാ വയം 6

| | | | |
|---|---|---|---|
| "സുഗ്രീവഃ നാമ | "സുഗ്രീവനെന്ന | രാജാ; | അധിപൻ; |
| വാനരഃ വീരഃ | വാനരവീരൻ | യേന | അദ്ദേഹത്താലാണ് |
| തസ്യ രാജ്ഞഃ | ആ രാജാവിന്റെ | വയം | ഞങ്ങൾ |
| സഖാ; | സുഹൃത്താകുന്നു; | പ്രസ്ഥാപിതാഃ. | പറഞ്ഞയക്കപ്പെട്ടത്. |
| വാനരമുഖ്യാനാം | വാനരശ്രേഷ്ഠന്മാൎക്ക് | | |

അഗസ്ത്യചരിതാമാശാം ദക്ഷിണാം യമരക്ഷിതാം
സഹൈഭിൎവ്വാനരൈൎമ്മുഖ്യൈരംഗദപ്രമുഖൈൎവ്വയം 7
രാവണം സഹിതാഃ സൎവ്വേ രാക്ഷസം കാമരൂപിണം
സീതയാ സഹ വൈദേഹ്യാ മാൎഗ്ഗദ്ധ്വമിതി ചോദിതാഃ. 8

| | |
|---|---|
| "അംഗദ- പ്രമുഖൈഃ | "അംഗദനെ തലവനായുള്ള |
| മുഖ്യൈഃ | പ്രധാനന്മാരായ |
| ഏഭിഃ | ഈ |
| വാനരൈഃ സഹ, | വാനരന്മാരോടുംകൂടി |
| വയം സർവ്വേ | ഞങ്ങൾ എല്ലാവരും |
| സഹിതാഃ, | ഒന്നിച്ച്, |
| 'വൈദേഹ്യാ | 'വിദേഹകുമാരിയായ |
| സീതയാ സഹ, | സീതയോടുകൂടി, |
| കാമരൂപിണം | കാമരൂപിയായ |
| രാക്ഷസം | രാക്ഷസനായ |
| രാവണം | രാവണനെ |
| മാർഗ്ഗധ്വം,' | തിരഞ്ഞു പിടിപ്പിൻ,' |
| ഇതി, | എന്ന് പറഞ്ഞു, |
| അഗസ്ത്യ- ചരിതാം | അഗസ്ത്യമഹർഷി വസിക്കുന്നതും |
| യമരക്ഷിതാം | യമനാൽ പരിപാലിക്കപ്പെട്ടതുമായ |
| ദക്ഷിണാം ആശാം | ദക്ഷിണദിക്കിലേക്ക് |
| ചോദിതാഃ. | നിയോഗിക്കപ്പെട്ട. |

വിചിത്യ തു വയം സർവ്വേ സമഗ്രാം ദക്ഷിണാം ദിശം
ബുഭുക്ഷിതാഃ പരിശ്രാന്താ വൃക്ഷമൂലമുപാശ്രിതാഃ. 9

| | |
|---|---|
| "വയം സർവ്വേ | "ഞങ്ങൾ എല്ലാവരും |
| ദക്ഷിണാം ദിശം | തെക്കെ ദിക്ക് |
| സമഗ്രാം | മുഴുവനും |
| വിചിത്യ | അന്വേഷിച്ച് |
| ബുഭുക്ഷിതാഃ | വിശന്ന് |
| പരിശ്രാന്താഃ തു | ഏററവും തളർന്നവരാ[യി, |
| വൃക്ഷമൂലം | ഒരു മരച്ചുവട്ടിൽ |
| ഉപാശ്രിതാഃ. | വന്നെത്തി. |

വിവർണ്ണവദനാഃ സർവ്വേ സർവ്വേ ധ്യാനപരായണാഃ
നാധിഗച്ഛാമഹേ പാരം മഗ്നാശ്ചിന്താമഹാർണ്ണവേ. 10

| | |
|---|---|
| "സർവ്വേ | "എല്ലാവരും |
| വിവർണ്ണവദനാഃ; | മുഖം മങ്ങിയവരായി [ഭവിച്ചു; |
| സർവ്വേ | എല്ലാവരും |
| ധ്യാന- പരായണാഃ; | ചിന്താകുലിതരായിത്തീർന്നു; |
| ചിന്താ- മഹാർണ്ണവേ | ദുഃഖമാകുന്ന വൻകടലിൽ |
| മഗ്നാഃ, | മുങ്ങിയവരായി, |
| പാരം അധി- ഗച്ഛാമഹേ ന. | ഞങ്ങൾ അക്കര കാണുന്നില്ല. |

ചാരയന്തസ്തതശ്ചക്ഷുർദൃഷ്ടവന്തോ വയം ബിലം
ലതാപാദപസംഛന്നം തിമിരേണ സമാവൃതം. 11

| | |
|---|---|
| "ചക്ഷുഃ | "ദൃഷ്ടികൾ |
| ചാരയന്തഃ | അങ്ങുമിങ്ങുമോടിച്ചുകൊണ്ടിരുന്ന |
| വയം | ഞങ്ങൾ |
| തതഃ | അപ്പോൾ |
| ലതാപാദപ- സംഛന്നം | ലതകളാലും വൃക്ഷങ്ങളാലും ചൂഴപ്പെട്ടതും |
| തിമിരേണ സമാവൃതം | ഇരുളടഞ്ഞതുമായ |
| ബിലം | ഈ ഗുഹ |
| ദൃഷ്ടവന്തഃ. | കണ്ടെത്തി. |

അസ്മാദ്ധംസാ ജലക്ലിന്നാഃ പക്ഷൈഃ സലിലവിസ്രവൈഃ
കുരരാഃ സാരസാശ്ചൈവ നിഷ്പതന്തി പതത്രിണഃ. 12

| | | | |
|---|---|---|---|
| "ഹംസാഃ ച | "ഹംസങ്ങളും | ജലക്ലിന്നാഃ | വെള്ളം നനഞ്ഞവ |
| കുരരാഃ | മീൻകൊത്തികളും (അഴകരൽപക്ഷി) | സലില-വിസ്രവൈഃ | നീരൊലുന്ന [യായി |
| സാരസാഃ | കുളക്കോഴികളും | പക്ഷൈഃ | ചിറകുകളോടുകൂടി |
| പതത്രിണഃ ഏവ | പക്ഷികളും | അസ്മാത് | ഇതിൽനിന്ന് |
| | | നിഷ്പതന്തി. | പുറത്തേക്കുവരുന്നുണ്ട്. |

സാധ്വത്ര പ്രവിശാമേതി മയാ തൂക്താ പ്ലവംഗമാഃ 13

| | | | |
|---|---|---|---|
| "'സാധു | "'നല്ലത് | പ്ലവംഗമാഃ | വാനരന്മാർ |
| അത്ര | ഇതിൽ | മയാ തു | എന്നാൽ |
| പ്രവിശാമ' | നാം പ്രവേശിക്കുക' | | |
| ഇതി | എന്ന് | ഉക്താഃ. | പറയപ്പെട്ടു. |

തേഷാമപി ഹി സർവ്വേഷാമനുമാനമുപാഗതം
ഗച്ഛാമ പ്രവിശാമേതി ഭർതൃകാര്യ്യത്വരാന്വിതാഃ. 14

| | | | |
|---|---|---|---|
| "ഭർതൃകാര്യ്യ-ത്വരാന്വിതാഃ ഹി | "സ്വാമികാര്യ്യത്തിൽ ബദ്ധപ്പെടുന്നവരായ തിനാൽ | 'ഗച്ഛാമ | 'പോവുക |
| | | പ്രവിശാമ,' | പ്രവേശിക്കുക,' |
| | | ഇതി | എന്ന |
| തേഷാം സർവ്വേഷാം അപി | അവർ എല്ലാവക്കും തന്നെ | അനുമാനം | അഭിപ്രായം |
| | | ഉപാഗതം. | ഉണ്ടായി. |

തതോ ഗാഢം നിപതിതാ ഗൃഹ്യ ഹസ്തൌ പരസ്പരം
ഇദം പ്രവിഷ്ടാഃ സഹസാ ബിലം തിമിരസംവൃതം. 15

| | | | |
|---|---|---|---|
| "തതഃ | "അനന്തരം | നിപതിതാഃ, | ഇറങ്ങുന്നവരായി |
| പരസ്പരം | അന്യോന്യം | തിമിരസംവൃതം | ഇരുട്ടടഞ്ഞ |
| ഹസ്തൌ | കൈകളെ | ഇദം ബിലം | ഈ ഗുഹയിൽ |
| ഗാഢം | മുറുകെ | സഹസാ | ഉടനെതന്നെ |
| ഗൃഹ്യ | പിടിച്ചുകൊണ്ട് | പ്രവിഷ്ടാഃ. | കടന്നു. |

ഏതന്നഃ കാര്യ്യമേതേന കൃത്യേന വയമാഗതാഃ 16

| | | | |
|---|---|---|---|
| "ഏതത് | "ഇതാണ് | കൃത്യേന | കാര്യ്യത്താലാണ് |
| നഃ കാര്യ്യം; | ഞങ്ങളുടെ കാര്യ്യം; | വയം | ഞങ്ങൾ |
| ഏതേന | ഈ | ആഗതാഃ. | വന്നിരിക്കുന്നത്. |

ആതിഥ്യധർമ്മദത്താനി മൂലാനി ച ഫലാനി ച
അസ്മാഭിരുപഭുക്താനി ബുഭുക്ഷാപരിപീഡിതൈഃ. 17

| | |
|---|---|
| "ആതിഥ്യധൎമ്മദത്താനി | "ആതിഥ്യമുറയാൽ നല്കപ്പെട്ട |
| മൂലാനി ച | കിഴങ്ങുകളും |
| ഫലാനി ച | പഴങ്ങളും |
| ബുഭുക്ഷാപരിപീഡിതൈഃ | വിശന്നുവലഞ്ഞിരുന്ന |
| അസ്മാഭിഃ | ഞങ്ങളാൽ |
| ഉപഭുക്താനി. | തൃപ്തിയോടെ ഭക്ഷിക്കപ്പെട്ടു. |

യത് ത്വയാ രക്ഷിതാഃ സൎവ്വേ മ്രിയമാണാ ബുഭുക്ഷയാ
ബ്രൂഹി പ്രത്യുപകാരാൎത്ഥം കിം തേ കുൎവ്വന്തു വാനരാഃ. 18

| | |
|---|---|
| "ബുഭുക്ഷയാ | "വിശപ്പുകൊണ്ട് |
| മ്രിയമാണാഃ | മരിക്കാറായിരുന്ന |
| സൎവ്വേ | എല്ലാവരും |
| ത്വയാ | ഭവതിയാൽ |
| രക്ഷിതാഃ; | പരിരക്ഷിക്കപ്പെട്ടു; |
| യത് | അതിനാൽ |
| തേ | ഭവതിക്ക് |
| വാനരാഃ | വാനരന്മാർ |
| പ്രത്യുപകാരാൎത്ഥം | പ്രത്യുപകാരമായി |
| കിം | എന്തൊന്നിനെയാണ് |
| കുൎവ്വന്തു ? | ചെയ്യേണ്ടത് ? |
| ബ്രൂഹി." | പറഞ്ഞാലും." |

["കിം തേ കുൎവ്വന്തു വാനരാഃ"—ഞങ്ങൾ എന്നു പറയാതെ വാനരന്മാർ എന്ന് പരോക്ഷമായി പറഞ്ഞത്, തങ്ങടേയും, സ്വയംപ്രഭയുടേയും ദേവത്വത്താലാകുന്നു. "പരോക്ഷേണ പരോക്ഷപ്രിയാ ഇവ ഹി ദേവാഃ" ദേവന്മാർ പരോക്ഷപ്രിയന്മാരാകുന്നു എന്ന് ശ്രുതി. (സ).]

ഏവമുക്താ തു സൎവ്വജ്ഞാ വാനരൈസ്തൈഃ സ്വയംപ്രഭാ
പ്രത്യുവാച തതഃ സൎവ്വാനിദം വാനരയൂഥപാൻ. 19

| | |
|---|---|
| തൈഃ വാനരൈഃ | ആ വാനരന്മാരാൽ |
| ഏവം | മേൽപ്രകാരം |
| ഉക്താ | പറയപ്പെട്ടവളും |
| സൎവ്വജ്ഞാ | എല്ലാമറിയുന്നവളുമായ |
| സ്വയംപ്രഭാ | സ്വയംപ്രഭ |
| തതഃ | അപ്പോൾ |
| വാനരയൂഥപാൻ | വാനരശ്രേഷ്ഠന്മാർ |
| സൎവ്വാൻ | എല്ലാവരേയുംനോക്കി |
| ഇദം തു പ്രത്യുവാച. | ഇങ്ങിനെ മറുപടിപറഞ്ഞു. |

സൎവ്വേഷാം പരിതുഷ്ടാഽസ്മി വാനരാണാം തരസ്വിനാം
ചരന്ത്യാ മമ ധൎമ്മേണ ന കാൎയ്യമിഹ കേനചിത്. 20

| | |
|---|---|
| "തരസ്വിനാം | "പരാക്രമികളായ |
| വാനരാണാം | വാനരന്മാർ |
| സൎവ്വേഷാം | എല്ലാവരുടെ സംഗതിയിലും |
| പരിതുഷ്ടാ അസ്മി; | ഞാൻ ഏററവും സന്തുഷ്ടയായിരിക്കുന്നു; |
| ധൎമ്മേണ | ദൈവഭക്തിയോടുകൂടി |
| ചരന്ത്യാഃ | കാലം കഴിക്കുന്നവളായ |
| മമ | എനിക്ക് |
| ഇഹ | ഇവിടെ |
| കേനചിത് കാൎയ്യം ന. | യാതൊരുകാൎയ്യവും ഒരുവനാലും ചെയ്യപ്പെടേണ്ടതായില്ല. |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ ദ്വിപഞ്ചാശഃ സൎഗ്ഗഃ = അമ്പത്തിരണ്ടാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 11369; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 2117.

# ത്രിപഞ്ചാശഃ സൎഗ്ഗഃ = അമ്പത്തിമൂന്നാംസൎഗ്ഗം.

[പ്രായോപവേശനിൎദ്ധാരണം = പ്രായോപവേശംചെയ്വാൻ തീൎച്ചപ്പെടുത്തുന്നതു്.]

ഏവമുക്തഃ ശുഭം വാക്യം താപസ്യാ ധൎമ്മസംഹിതം
ഉവാച ഹനുമാൻ വാക്യം താമനിന്ദിതചേഷ്ടിതാം. 1

| | | | |
|---|---|---|---|
| താപസ്യാ | താപസിയാൽ | ഉക്തഃ | പറയപ്പെട്ടവനായ |
| ധൎമ്മസംഹിതം | ധൎമ്മയുക്തവും | ഹനുമാൻ, | ഹനുമാൻ, |
| ശുഭം | അതിശ്ലാഘ്യവുമായ | അനിന്ദിത-ചേഷ്ടിതാം | സച്ചരിത്രസമ്പന്നയായ |
| വാക്യം | വാക്യത്തെ | താം | അവളോടായി |
| ഏവം | മേൽപ്രകാരം | വാക്യം ഉവാച. | ഒരുവാക്കു പറഞ്ഞു. |

ശരണം ത്വാം പ്രപന്നാഃ സ്മഃ സൎവ്വേ വൈ ധൎമ്മചാരിണി
യഃ കൃതഃ സമയോഽസ്മാകം സുഗ്രീവേണ മഹാത്മനാ. 2
സ തു കാലോ വ്യതിക്രാന്തോ ബിലേ ച പരിവൎത്തതാം
സാ ത്വമസ്മാദ്ബിലാത് ഘോരാദുത്താരയിതുമൎഹസി. 3

| | | | |
|---|---|---|---|
| "ധൎമ്മചാരിണി! | "ധൎമ്മനിരതയായുള്ളളേ! | ബിലേ പരിവൎത്തതാം | ഗുഹയിൽ ചുററിത്തിരിഞ്ഞുകൊണ്ടിരുന്ന |
| സൎവ്വേ വൈ | എല്ലാവരും | അസ്മാകം | ഞങ്ങൾക്കു |
| ത്വാം | ഭവതിയെ | വ്യതിക്രാന്തഃ; | കഴിഞ്ഞുപോയി; |
| ശരണം | ശരണം | ച, | അതിനാൽ, |
| പ്രപന്നാഃ സ്മഃ; | പ്രാപിച്ചിരിക്കുന്നു; | സാ ത്വം | അപ്രകാരമുള്ള ഭവതി |
| മഹാത്മനാ | മഹാത്മാവായ | ഘോരാത് | ഭയങ്കരമായിരിക്കുന്ന |
| സുഗ്രീവേണ | സുഗ്രീവനാൽ | അസ്മാത് | ഈ |
| കൃതഃ | നിയമിക്കപ്പെട്ട | ബിലാത് | ബിലത്തിൽനിന്നും |
| സമയഃ | അവധി | ഉത്താരയിതും | കരകയററുവാൻ |
| യഃ | യാതൊന്നോ | അൎഹസി. | കനിഞ്ഞരുളേണം. |
| സഃ കാലഃ തു | ആ കാലവും | | |

തസ്മാത് സുഗ്രീവവചനാദതിക്രാന്താൻ ഗതായുഷഃ
ത്രാതുമൎഹസി നഃ സൎവ്വാൻ സുഗ്രീവഭയശങ്കിതാൻ. 4

| | | | |
|---|---|---|---|
| "തസ്മാത് | "ആ | സുഗ്രീവ-ഭയശങ്കിതാൻ | സുഗ്രീവനിൽനിന്നുള്ള ഭയത്താൽ വിഹ്വലരായി |
| സുഗ്രീവ-വചനാത് | സുഗ്രീവാജ്ഞയിൽനിന്നും | ഗതായുഷഃ | ആയുസ്സൊടുങ്ങിയവരായ |
| | | നഃ സൎവ്വാൻ | ഞങ്ങൾ എല്ലാവരേയും |
| അതിക്രാന്താൻ | വ്യതിചലിച്ചവരായി | ത്രാതും അൎഹസി. | കാത്തരുളിയാലും. |

മഹച്ച കാൎയ്യമസ്മാഭിഃ കൎത്തവ്യം ധൎമ്മചാരിണി
തച്ചാപി ന കൃതം കാൎയ്യമസ്മാഭിരിഹ വാസിഭിഃ 5

| | | | |
|---|---|---|---|
| "ധൎമ്മചാരിണി! | "ധൎമ്മിഷ്ഠയായവളേ! | ഇഹ | ഇവിടെ |
| അസ്മാഭിഃ കൎത്തവ്യം | ഞങ്ങളാൽ ചെയ്യപ്പെടേണ്ടതായ | വാസിഭിഃ | കാലംകഴിക്കുന്നവരായ |
| | | അസ്മാഭിഃ | ഞങ്ങളാൽ |
| കാൎയ്യം ച | കൃത്യവും | തത് കാൎയ്യം | ആ കാൎയ്യം |
| മഹത്; | എത്രയോ മഹത്തായതാകുന്നു; | അപി | ഇനിയും |
| | | ന കൃതം ച." | ചെയ്യപ്പെട്ടിട്ടില്ല." |

ഏവമുക്താ ഹനുമതാ താപസീ വാക്യമബ്രവീത്. 6

| | | | |
|---|---|---|---|
| ഹനുമതാ | ഹനുമാനാൽ | താപസീ | താപസി |
| ഏവം | ഇപ്രകാരം | വാക്യം അബ്രവീത്. | ഇപ്രകാരം പറഞ്ഞു. |
| ഉക്താ | പറയപ്പെട്ട | | |

ജീവതാ ദുഷ്കരം മന്യേ പ്രവിഷ്ടേന നിവൎത്തിതും. 7

| | | | |
|---|---|---|---|
| "പ്രവിഷ്ടേന | "ഉള്ളിൽകടന്ന ഒരുവനാൽ | നിവൎത്തിതും | തിരിച്ചുപോകുവാൻ |
| | | ദുഷ്കരം | അസാദ്ധ്യമാണെന്നു |
| ജീവതാ | ജീവനോടെ | മന്യേ. | ഞാൻ അറിയും. |

തപസസ്തു പ്രഭാവേന നിയമോപാൎജ്ജിതേന ച
സൎവ്വാനേവ ബിലാദസ്മാദുദ്ധരിഷ്യാമി വാനരാൻ. 8

| | | | |
|---|---|---|---|
| "സൎവ്വാൻ വാനരാൻ ച, | "എല്ലാ വാനരന്മാരേയും, | നിയമോപാൎജ്ജിതേന | നിയമാനുഷ്ഠാനങ്ങളാൽ സമ്പാദിക്കപ്പെട്ട |
| അസ്മാത് | ഈ | പ്രഭാവേന തു | വൈഭവത്താൽ |
| ബിലാത്, | ഗുഹയിൽ നിന്നും, | ഏവ | ഇക്ഷണം തന്നെ |
| തപസഃ | തപസ്സിലുള്ള | ഉദ്ധരിഷ്യാമി. | ഞാൻ കയററുന്നുണ്ട്. |

നിമീലയത ചക്ഷൂംഷി സൎവ്വേ വാനരപുംഗവാഃ
ന ഹി നിഷ്ക്രമിതും ശക്യമനിമീലിതലോചനൈഃ. 9

| | | | |
|---|---|---|---|
| "വാനരപുംഗവാഃ! | "വാനരവീരന്മാരേ! | ന ശക്യം; | കഴിവുള്ളതല്ല; |
| | | ഹി | അതിനാൽ |
| അനിമീലിതലോചനൈഃ | കണ്ണടയ്ക്കാത്തവരാൽ | ചക്ഷൂംഷി | കണ്ണുകളെ |
| | | സൎവ്വേ | എല്ലാവരും |
| നിഷ്ക്രമിതും | പുറത്തുപോകുവാൻ | നിമീലയത. | അടച്ചുകൊൾവിൻ. |

തതഃ സംമീലിതാഃ സൎവ്വേ സുകുമാരാംഗുലൈഃ കരൈഃ
സഹസാഽപിദധുർദൃഷ്ടിം ഹൃഷ്ടാ ഗമനകാംക്ഷിണഃ. 10

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | സംമീലിതാഃ, | കണ്ണടച്ച്, |
| സഹസാ | ഉടൻ തന്നെ | സുകുമാരാംഗുലൈഃ | മൃദുവായ വിരലുകളാൎന്ന |
| ഗമനകാംക്ഷിണഃ | പുറത്തുവരുവാനാഗ്രഹം പൂണ്ട് | കരൈഃ | കൈകളാൽ |
| ഹൃഷ്ടാഃ സൎവ്വേ | ഹൃഷ്ടരായ എല്ലാവരും | ദൃഷ്ടിം അപിദധുഃ. | കണ്ണുപൊത്തി. |

വാനരാസ്തു മഹാത്മാനോ ഹസ്തരുദ്ധമുഖാസ്തദാ
നിമേഷാന്തരമാത്രേണ ബിലാദുത്താരിതാസ്തയാ. 11

| | | | |
|---|---|---|---|
| ഹസ്തരുദ്ധമുഖാഃ | കൈകളാൽ മൂടപ്പെട്ട മുഖങ്ങളോടു കൂടിയ | നിമേഷാന്തര- മാത്രേണ | ഒരു നൊടിയിട കൊണ്ടു് |
| മഹാത്മാനഃ | മഹാത്മാക്കളായ | ബിലാത് | ഗുഹയിൽ നിന്നു് |
| വാനരാഃ, | വാനരന്മാർ, | തയാ | അവളാൽ |
| തു | ഈ സ്ഥിതിയിൽ | തദാ ഉത്താരിതാഃ. | അപ്പോൾ കയററിക്കൊണ്ടു വരപ്പെട്ടു. |

തതസ്താൻ വാനരാൻ സർവ്വാൻ താപസീ ധർമ്മചാരിണീ
നിഃസൃതാൻ വിഷമാത് തസ്മാത് സമാശ്വാസ്യേദമബ്രവീത്. 12

| | | | |
|---|---|---|---|
| ധർമ്മചാരിണീ | ധർമ്മനിഷ്ഠയാർന്നവളായ | സർവ്വാൻ | എല്ലാ |
| താപസീ | ആ താപസി | വാനരാൻ | വാനരന്മാരേയും |
| തസ്മാത് | ആ [നിന്നും | സമാശ്വാസ്യ തതഃ | ഉത്സാഹപ്പെടുത്തിയ ശേഷം |
| വിഷമാത് | ദുർഘട സ്ഥലത്തിൽ- | ഇദം | ഇങ്ങിനെ |
| നിഃസൃതാൻ | പുറത്തെത്തിയവരായ | അബ്രവീത്. | പറഞ്ഞു. |
| താൻ | ആ | | |

ഏഷ വിന്ധ്യോ ഗിരിഃ ശ്രീമാൻ നാനാദ്രുമലതാകുലഃ
ഏഷ പ്രസ്രവണഃ ശൈലഃ സാഗരോഽയം മഹോദധിഃ. 13

| | | | |
|---|---|---|---|
| "നാനാദ്രുമ- ലതാകുലഃ | "പലവിധ വൃക്ഷങ്ങളും ലതകളുമാർന്ന | പ്രസ്രവണഃ | പ്രസ്രവണമെന്ന |
| ശ്രീമാൻ | രമണീയമായ | ശൈലഃ ഏഷഃ; | പർവ്വതമാകുന്നു ഇതു്; |
| വിന്ധ്യഃ ഗിരിഃ ഏഷഃ; | വിന്ധ്യപർവ്വതം ആകുന്നു ഇതു്; | മഹോദധിഃ | വൻജലാശയമായ |
| | | സാഗരഃ | സമുദ്രമാകുന്നു |
| | | അയം. | ഇതു്. |

[ഗിരിയുടെ മുകളിൽനിന്നു് സ്വയംപ്രഭ ദൂരെയുള്ള. പ്രസ്രവണം, സമുദ്രം മുതലായവയെ കാണിച്ചുകൊടുക്കുന്നു; ഇഷ്ടമുള്ള ദിക്കിലേക്കു് പൊയ്ക്കൊൾവിൻ എന്നു ഭാവം. (തിലകം).]

സ്വസ്തി വോഽസ്തു ഗമിഷ്യാമി ഭവനം വാനരർഷഭാഃ
ഇത്യുക്ത്വാ തദ് ബിലം ശ്രീമത് പ്രവിവേശ സ്വയംപ്രഭാ. 14

| | | | |
|---|---|---|---|
| "വാനരർഷഭാഃ | "വാനരോത്തമരേ! | ഇതി ഉക്ത്വാ | എന്നുപറഞ്ഞു് |
| വഃ സ്വസ്തി അസ്തു! | നിങ്ങൾക്കു വിജയമുണ്ടാകട്ടെ! | സ്വയംപ്രഭാ | സ്വയംപ്രഭ |
| ഭവനം | ഭവനത്തിലേക്കു | തത് ശ്രീമത് | ആ ഖ്യാതിപൂണ്ട |
| ഗമിഷ്യാമി," | ഞാൻപോകുന്നു," | ബിലം | ഗുഹയിൽ |
| | | പ്രവിവേശ. | പ്രവേശിച്ചു. |

തതസ്തേ ദദൃശുർഘോരം സാഗരം വരുണാലയം
അപാരമഭിഗർജ്ജന്തം ഘോരൈരൂർമ്മിഭിരാവൃതം. 15

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | അഭിഗർജ്ജന്തം | എരമ്പുന്നതും |
| തേ | അവർ | അപാരം | മറുകരകാണാത്തതും |
| ഘോരൈഃ | ഭയങ്കരങ്ങളായ | വരുണാലയം | വരുണന്റെ വസതിയും ആയ, |
| ഊർമ്മിഭിഃ | അലകളാൽ | ഘോരം സാഗരം | ഗംഭീരമായ സമുദ്രത്തെ |
| ആവൃതം | നിറയപ്പെട്ടതും | ദദൃശുഃ. | കണ്ടു. |

മയസ്യ മായാവിഹിതം ഗിരിദുർഗ്ഗം വിചിന്വതാം
തേഷാം മാസോ വ്യതിക്രാന്തോ യോ രാജ്ഞാ സമയഃ കൃതഃ. 16

| | | | |
|---|---|---|---|
| മയസ്യ | മയന്റെ | രാജ്ഞാ | രാജാവിനാൽ |
| മായാവിഹിതം | മായയാൽ നിർമ്മിക്കപ്പെട്ട | കൃതഃ | നിയമിക്കപ്പെട്ട |
| ഗിരിദുർഗ്ഗം | പർവ്വതഗുഹയെ | സമയഃ യഃ | അവധി യാതൊന്നോ |
| വിചിന്വതാം | തിരഞ്ഞുകൊണ്ടിരുന്ന | മാസഃ | ആ ഒരുമാസവും |
| തേഷാം, | അവർക്കു, | വ്യതിക്രാന്തഃ. | അതിക്രമിച്ചുപോയി. |

വിന്ധ്യസ്യ തു ഗിരേഃ പാദേ സംപ്രപുഷ്പിതപാദപേ
ഉപവിശ്യ മഹാത്മാനശ്ചിന്താമാപേദിരേ തദാ. 17

| | | | |
|---|---|---|---|
| തദാ | അപ്പോൾ | പാദേ | അടിവാരത്തിൽ |
| മഹാത്മാനഃ | ആ മഹാത്മാക്കൾ | ഉപവിശ്യ, | ഇരുന്നുകൊണ്ട്, |
| വിന്ധ്യസ്യ ഗിരേഃ | വിന്ധ്യ പർവ്വതത്തിലുള്ള | തു | ഇക്കാര്യത്തെപററി |
| സംപ്രപുഷ്പിത-പാദപേ | വികസിച്ച പുഷ്പങ്ങളാർന്ന വൃക്ഷങ്ങളുള്ള | ചിന്താം | ആലോചന |
| | | ആപേദിരേ. | തുടങ്ങി. |

തതഃ പുഷ്പാതിഭാരാഗ്രാൻ ലതാശതസമാവൃതാൻ
ദ്രുമാൻ വാസന്തികാൻ ദൃഷ്ട്വാ ബഭൂവുർഭയശങ്കിതാഃ. 18

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | പുഷ്പാതിഭാരാഗ്രാൻ | പുഷ്പഭാരത്താൽ നിറഞ്ഞ അഗ്രങ്ങളോടുകൂടിയവയായി |
| ലതാശതസമാവൃതാൻ | അനവധി ലതകളാൽ ചുററപ്പെട്ട | | |
| ദ്രുമാൻ | വൃക്ഷങ്ങളെ | ദൃഷ്ട്വാ, | കണ്ട്, |
| വാസന്തികാൻ | വസന്തകാലത്തിലെന്നപോലെ | ഭയശങ്കിതാഃ ബഭൂവുഃ. | ഭയത്താൽ നടുങ്ങിയവരായിത്തീന്നു. |

[“വാസന്തികാൻ” (വസന്തകാലികാൻ ഇവ) വസന്തകാലത്തിലുള്ളവ എന്നപോലെയുള്ള; ഇതിനാൽ വസന്തകാലത്തിലെ കുസുമങ്ങൾ മററു ഋതുക്കളിലും അവിടെ ഉണ്ടാകുന്നു എന്നുള്ളതായ ആ പ്രദേശത്തിന്റെ വൈഭവം പറയപ്പെടുന്നു. എന്ന് (ശിരോമണി).]

തേ വസന്തമനുപ്രാപ്തം പ്രതിബുദ്ധ്വാ പരസ്പരം
നഷ്ടസന്ദേശകാലാർത്ഥാ നിപേതുർദ്ധരണീതലേ. 19

| | | | |
|---|---|---|---|
| തേ | അവർ | നഷ്ടസന്ദേശ-കാലാർത്ഥാഃ | കല്പനയും അവധിയും കാൎയ്യസിദ്ധിയും തെററിയ കാരണം |
| വസന്തം | വസന്തകാലത്തെ | | |
| അനുപ്രാപ്തം | സമീപിച്ചതായി | | |
| പരസ്പരം | അന്യോന്യം | ധരണീതലേ നിപേതുഃ. | നിലത്തു വിണുപോയി. |
| പ്രതിബുദ്ധ്വാ | അറിയിച്ചുകൊണ്ടു്, | | |

[ഈ രണ്ടു ശ്ലോകങ്ങളിൽ വസന്തം അടുത്തിരിക്കുന്നു എന്നു പറഞ്ഞതിൽനിന്നു് ഗ്രഹിക്കേണ്ടതായ കാലത്തെപ്പററി വ്യാഖ്യാനങ്ങളിൽ ഭിന്നാഭിപ്രായങ്ങളുണ്ടു്.

ഗോവിന്ദരാജീയത്തിൽ:—വാനരന്മാർ സ്വയംപ്രഭാബിലത്തിൽനിന്നു പുറത്തുവന്നതായ ഈ സമയം ശിശിരൎത്തുവാകുന്നു. ശരത്കാലാവസാനത്തിൽ മാൎഗ്ഗശീഷമാസത്തിൽ സേനകളെ ഒരുക്കൂട്ടി പുഷ്യമാസത്തെ അവധിയായി നിശ്ചയിച്ചു്, പറഞ്ഞയക്കുന്നു; ആ പൌഷമാസവും കഴിഞ്ഞു് ഫാൽഗുനമാസം ഇപ്പോൾ തുടങ്ങിയിരിക്കുന്നതിനാൽ വസന്തം സമീപിച്ചിരിക്കുന്നു; ഇനിയും ആരംഭിച്ചിട്ടില്ല എന്നു പറയുന്നു.

ഈ അഭിപ്രായപ്രകാരം താഴെ 23-ാം ശ്ലോകത്തിൽ "വയം ആശ്വയുജേ മാസി" എന്നിത്യാദിവാക്യത്തിന്നു് ക്ലിഷ്ടകല്പനചെയ്യാതെ നിവൃത്തിയില്ലെന്നു കാണുക.

തിലകവ്യാഖ്യാനത്തിലാകട്ടെ ഇപ്രകാരം പറയുന്നു:—"ആശ്വയുജമാസം പകുതിയും കഴിയാറായപ്പോൾ സുഗ്രീവൻ സേനകളെ വരുത്തുവാൻ ദൂതന്മാരെ അയയ്ക്കുന്നു. "കാൎത്തികേ സമനുപ്രാപ്തേ ത്വം രാവണവധേ യത", എന്നു് മുമ്പു് 26-ാം സൎഗ്ഗത്തിൽ ശ്രീരാമവാക്യം കാണുക. അതിൽപിന്നെ പതിനഞ്ചുദിവസത്തിനുള്ളിൽ സൈന്യസമാഗമം; ഇപ്രകാരം ആശ്വിനമാസത്തിന്റെ രണ്ടാമത്തെ പക്ഷത്തിൽ കിഷ്കിന്ധയിൽ എല്ലാ സൈന്യവും വന്നുചേരുന്നു; കാൎത്തികമാസം സമീപിക്കാറായിട്ടും ഉദ്യമങ്ങളൊന്നും കാണായ്കയാൽ ശ്രീരാമൻ ക്രുദ്ധിച്ചതും ആ പക്ഷത്തിൽത്തന്നെ; അതിൽപിന്നെ കാൎത്തികമാസം മുഴുവനും അന്വേഷിക്കുന്നതിന്നായി സുഗ്രീവനാൽ നിശ്ചയിക്കപ്പെട്ട അവധിയാകുന്നു; ആയതുകൊണ്ടു് മാൎഗ്ഗശീഷമാസം ശുക്ലപക്ഷത്തിലാണു് വാനരന്മാർ ബിലത്തിൽനിന്നു പുറത്തുവന്നതു്. മാൎഗ്ഗമാസത്തിൽ മാവു് മുതലായവ പൂക്കുന്നതുമുണ്ടു്; അഥവാ അവിടെ വൃക്ഷങ്ങൾ പൂത്തുകണ്ടതു് അസാധാരണ സംഗതിയായുമിരിക്കാം; അപ്രകാരമുള്ള പുഷ്പോദ്ഗമത്തെ കണ്ടു് വസന്തം അടുത്തതായി അനുമാനിച്ചിട്ടാണു് വാനരന്മാർ ഭയപ്പെട്ടതു്."

'കതകം' മുതലായവയിൽ:—"അന്വേഷിപ്പാൻ അവധിയായി കൊടുത്തതു് പൌഷമാസം ആകുന്നു; കാൎത്തികമാസം കഴിഞ്ഞു് പതിനഞ്ചുദിവസത്തെ അവധിവെച്ചു് ദൂതന്മാരെ പറഞ്ഞയക്കുന്നു; വെളുത്ത വാവിനെ മാസാവസാനമായി കണക്കാക്കിയതായ മാൎഗ്ഗശുക്ലപക്ഷത്തിൽ സൎവ്വവാനരാഗമനം; പുഷ്യമാസം ആദ്യത്തെ ദിവസം വാനരസേനാപ്രസ്ഥാനം; പിന്നെ പൌഷമാസവും മാഘമാസകൃഷ്ണപക്ഷത്തിൽ കുറെ ദിവസവും കഴിഞ്ഞശേഷമാകുന്നു ഈ ബിലനിർഗ്ഗമനസംഭവം," എന്നു പറയുന്നു. ഈ കതകാദിപക്ഷത്തെ തിലകവ്യാഖ്യാതാവു് ഇപ്രകാരം ഖണ്ഡിക്കുന്നു:—"സീതയെ അപഹരിച്ചശേഷം സീതയ്ക്കു് പന്ത്രണ്ടുമാസത്തെ അവധി രാവണൻ നിശ്ചയിച്ചു എന്നതു് സ്പഷ്ടമാണു്; പമ്പയിൽ ചൈത്രമാസത്തിൽ രാമലക്ഷ്മണന്മാർ എത്തിയതായി പറഞ്ഞിരിക്കുന്നതിനാൽ സീതാപഹരണം അതിന്നുമുമ്പുള്ള ഫാല്ഗുനമാസത്തിലാകുന്നു എന്നതും സ്പഷ്ടംതന്നെ; ഇപ്രകാരമിരിക്കെ, ഇവരുടെ അഭിപ്രായപ്രകാരം മാഘമാസം കൃഷ്ണപക്ഷത്തിലൊ, ശുക്ലപക്ഷം ആദ്യത്തിലൊ ഹനുമാൻ സീതയെ സന്ദൎശിക്കുന്നതായി വിചാരിക്കേണ്ടിവരും. അങ്ങിനെ വരുമ്പോൾ, "വൎത്തതേ ദശമോ മാസോ ദ്വൌ തു ശേഷൌ പ്ലവംഗമ" എന്നു് സീത ഹനുമാനോടു് പറയുന്നതുമായി വിരോധം വരുന്നതാണു്. അതിനാൽ കതകാദികളുടെ അഭിപ്രായം സ്വീകാൎയ്യമല്ല."]

തതസ്താൻ കപിവൃദ്ധാംസ്തു ശിഷ്ടാംശ്ചൈവ വനൌകസഃ
വാചാ മധുരയാഽഽഭാഷ്യ യഥാവദനുമാന്യ ച 20
സ തു സിംഹവൃഷസ്കന്ധഃ പീനായതഭുജഃ കപിഃ
യുവരാജോ മഹാപ്രാജ്ഞ അംഗദോ വാക്യമബ്രവീത്. 21

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | കപിവൃദ്ധാൻ തു | വൃദ്ധവാനരന്മാരേയും |
| സിംഹവൃഷസ്കന്ധഃ | ആൺസിംഹം പോലെ സ്കന്ധത്തോടു കൂടിയവനും | ശിഷ്ടാൻ ഏവ | യോഗ്യന്മാരായ |
| | | താൻ വനൌകസഃ ച | ആ വാനരന്മാരെല്ലാവരേയും |
| പീനായതഭുജഃ | തടിച്ചു നീണ്ട കൈകളോടു കൂടിയവനും | മധുരയാ | ഇമ്പംകലൎന്ന |
| | | വാചാ ആഭാഷ്യ, | വാക്കിനാൽ വിളിച്ചു്, |
| മഹാപ്രാജ്ഞഃ | ബുദ്ധിമാനുമായ | യഥാവത് | വഴിപോലെ |
| സഃ അംഗദഃ | ആ അംഗദനെന്ന | അനുമാന്യ ച, | ഉപചരിച്ചു് |
| കപിഃ | വാനരനായ | തു | അതിൽ പിന്നെ |
| യുവരാജഃ, | യുവരാജാവു്, | വാക്യം അബ്രവീത്. | ഇപ്രകാരം പറഞ്ഞു. |

ശാസനാത് കപിരാജസ്യ വയം സൎവ്വേ വിനിൎഗ്ഗതാഃ
മാസഃ പൂൎണ്ണോ ബിലസ്ഥാനാം ഹരയഃ കിം ന ബുദ്ധ്യതേ. 22

| | | | |
|---|---|---|---|
| "കപിരാജസ്യ ശാസനാത് | "വാനരരാജാവിന്റെ ആജ്ഞയാലാണല്ലോ | മാസഃ പൂൎണ്ണഃ; | ഒരുമാസം കഴിഞ്ഞു പോയ്ക്കളഞ്ഞു; |
| വയം സൎവ്വേ | നാമെല്ലാവരും | ഹരയഃ! | വാനരന്മാരേ! |
| വിനിൎഗ്ഗതാഃ; | പുറപ്പെട്ടുവന്നതു്; | കിം ന ബുദ്ധ്യതേ? | എന്താണ് ഓൎമ്മിക്കാതിരിക്കപ്പെടുന്നതു്? |
| ബിലസ്ഥാനാം | ഗുഹയിലിരിക്കെ | | |

വയമാശ്വയുജേ മാസി കാലസംഖ്യാവ്യവസ്ഥിതാഃ
പ്രസ്ഥിതാഃ സോഽപി ചാതീതഃ കിമതഃ കാൎയ്യമുത്തരം. 23

| | | | |
|---|---|---|---|
| "അപി | "എന്നുമാത്രമല്ല, | പ്രസ്ഥിതാഃ; | പുറപ്പെട്ടതാണല്ലോ; |
| വയം | നാം | സഃ ച | അതും |
| ആശ്വയുജേ മാസി | ആശ്വിനമാസത്തിൽ | അതീതഃ; | അതിക്രമിച്ചുകഴിഞ്ഞു; |
| | | അതഃ | ഇനി |
| കാലസംഖ്യാവ്യവസ്ഥിതാഃ | അവധി നിൎദ്ദേശിക്കപ്പെട്ടവരായി | ഉത്തരം കാൎയ്യം | മേൽവേണ്ടുന്ന കാൎയ്യം |
| | | കിം? | എന്തൊന്നാണ്? |

["ആശ്വയുജമാസത്തിൽ ഹനുമത് പ്രേരിതനായ സുഗ്രീവനാൽ പതിനഞ്ചുദിവസത്തെ അവധിവെച്ചു് നമ്മൾ വിളിക്കപ്പെട്ടു. അതിൽപിന്നെ മാൎഗ്ഗശീൎഷമാസത്തിൽ ലക്ഷ്മണചോദിതനായ സുഗ്രീവനാൽ പത്തുദിവസത്തിലകം വരുവാൻ ആജ്ഞാപിക്കപ്പെട്ടു. അതിനുശേഷം സീതാന്വേഷണകാൎയ്യത്തിൽ പൌഷമാകുന്ന ഒരുമാസക്കാലം അവധികല്പിച്ചു് നാം പറഞ്ഞയക്കപ്പെട്ടു. ഇങ്ങിനെ ആശ്വയുജമാസം തൊട്ടു കാലാവധികൾ കല്പിക്കപ്പെട്ടു എന്നതിനെ നാം വിസ്മരിക്കുന്നതു് യുക്തമല്ല." എന്നു ഗോവിന്ദരാജീയം.]

ഭവന്തഃ പ്രത്യയം പ്രാപ്താ നീതിമാൎഗ്ഗവിശാരദാഃ
ഹിതേഷ്വഭിരതാ ഭൎത്തുൎന്നിൎവ്വിഷ്ടാഃ സൎവ്വകൎമ്മസു. 24

| | | | |
|---|---|---|---|
| " ഭവന്തഃ | " നിങ്ങൾ | ഹിതേഷു | സത്കൎമ്മങ്ങളിൽ |
| ഭൎത്തുഃ | സ്വാമിയുടെ | അഭിരതാഃ ; | ആസക്തിയുള്ളവർ |
| പ്രത്യയം | വിശ്വാസത്തെ | സൎവ്വകൎമ്മസു | എല്ലാപ്രവൃത്തികളിലും |
| പ്രാപ്താഃ | സമ്പാദിച്ചവരാകുന്നു ; | നിൎവ്വിഷ്ടാഃ. | പരിചയമുള്ളവർ. |
| നീതിമാൎഗ്ഗ-വിശാരദാഃ ; | നീതിശാസ്ത്രകുശലന്മാർ ; | | |

കൎമ്മസ്വപ്രതിമാഃ ശൂരാ ദിക്ഷു വിശ്രുതപൌരുഷാഃ
മാം പുരസ്കൃത്യ നിൎയ്യാതാഃ പിംഗാക്ഷേശപ്രചോദിതാഃ. 25

| | | | |
|---|---|---|---|
| " കൎമ്മസു | " കാൎയ്യങ്ങളിൽ | പിംഗാക്ഷേശ-പ്രചോദിതാഃ, | വാനരാധിപനാൽ ആജ്ഞാപിക്കപ്പെട്ടവരായി |
| അപ്രതിമാഃ ; | കിടയററവർ ; | | |
| ശൂരാഃ ; | ശൂരന്മാർ ; | | |
| ദിക്ഷു | എല്ലാ ദിക്കുകളിലും | മാം | എന്നെ |
| വിശ്രുത-പൌരുഷാഃ ; | പ്രസിദ്ധിയാൎന്ന പൌരുഷത്തോടു കൂടിയവർ; | പുരസ്കൃത്യ | മുൻ നിൎത്തിക്കൊണ്ടു് |
| | | നിൎയ്യാതാഃ. | പുറപ്പെട്ടു വന്നവർ. |

ഇദാനീമകൃതാൎത്ഥാനാം മൎത്തവ്യം നാത്ര സംശയഃ
ഹരിരാജസ്യ സന്ദേശമകൃത്വാ കഃ സുഖീ ഭവേത്. 26

| | | | |
|---|---|---|---|
| " ഇദാനീം | " ഇപ്പോൾ, | ഹരിരാജസ്യ | വാനരരാജാവിന്റെ |
| അകൃ-താൎത്ഥാനാം | കാൎയ്യം സാധിക്കാത്തവരായ നാം | സന്ദേശം | ആജ്ഞയെ |
| മൎത്തവ്യം ; | മരിക്കേണ്ടതാണു് ; | അകൃത്വാ | അനുസരിക്കാതെ |
| അത്ര | ഇതിൽ | കഃ | ആരാണു് |
| സംശയഃ ന ; | സംശയം തന്നെയില്ല ; | സുഖീ ഭവേത് ? | സുഖിയായിരിക്കുക? |

തസ്മിന്നതീതേ കാലേ തു സുഗ്രീവേണ കൃതേ സ്വയം
പ്രായോപവേശനം യുക്തം സൎവ്വേഷാം ച വനൌകസാം. 27

| | | | |
|---|---|---|---|
| " സുഗ്രീവേണ | " സുഗ്രീവനാൽ, | വനൌകസാം | വാനരന്മാർ |
| സ്വയം | തന്നാൽതന്നെ | സൎവ്വേഷാം | എല്ലാവൎക്കും |
| കൃതേ | നിൎദ്ദേശിക്കപ്പെട്ട | പ്രായോപ-വേശനം ച | നിരാഹാരവ്രതംപൂണ്ടു് ജീവനപേക്ഷിക്കുന്നതുതന്നെയാണു് |
| തസ്മിൻ കാലേ | ആ അവധി | | |
| അതീതേ തു, | അതിക്രമിച്ചതിനാൽ, | യുക്തം. | യോജിച്ചതായിരിക്കുക. |

തീക്ഷ്ണഃ പ്രകൃത്യാ സുഗ്രീവഃ സ്വാമിഭാവേ വ്യവസ്ഥിതഃ
ന ക്ഷമിഷ്യതി നഃ സൎവ്വാനപരാധകൃതോ ഗതാൻ. 28

| | |
|---|---|
| "സുഗ്രീവഃ | "സുഗ്രീവൻ |
| പ്രകൃത്യാ | സ്വതേതന്നെ |
| തീക്ഷ്ണഃ; | കുററങ്ങളെ ക്ഷമിക്കാത്തവനാണ്; |
| സ്വാമിഭാവേ | സ്വാമിയായി |
| വ്യവസ്ഥിതഃ; | ഇരിക്കുന്നവനുമാണ്; |
| അപരാധകൃതഃ | അപരാധികളായി |
| ഗതാൻ | മടങ്ങിച്ചെന്ന |
| നഃ സൎവ്വാൻ | നമ്മളെല്ലാവരേയും |
| ന ക്ഷമിഷ്യതി. | ഒരിക്കലും ശിക്ഷിക്കാതിരിക്കയില്ല. |

അപ്രവൃത്തൌ ച സീതായാഃ പാപമേവ കരിഷ്യതി
തസ്മാത് ക്ഷമമിഹാദ്യൈവ ഹിതം പ്രായോപവേശനം
ത്യക്ത്വാ പുത്രാംശ്ച ദാരാംശ്ച ധനാനി ച ഗൃഹാണി ച. 29

| | |
|---|---|
| "സീതായാഃ | "സീതയുടെ |
| അപ്രവൃത്തൌ | വൃത്താന്തമറിയാതിരിക്കെ |
| പാപം ഏവ | ഭയങ്കരശിക്ഷതന്നെ |
| ച | നിശ്ചയമായും |
| കരിഷ്യതി; | വിധിക്കും; |
| തസ്മാത് | അതിനാൽ |
| ഗൃഹാണി ച | ഗൃഹങ്ങളേയും |
| പുത്രാൻ ച | പുത്രന്മാരേയും |
| ധനാനി ച | ധനങ്ങളേയും |
| ദാരാൻ ച | പത്നിമാരേയും |
| ത്യക്ത്വാ | ഉപേക്ഷിച്ചും |
| പ്രായോപ-വേശനം ഏവ | പ്രായോപവേശനംചെയ്യുന്നതുതന്നെയാണ് |
| അദ്യ | ഇപ്പോൾ |
| ഇഹ | ഇവിടെ |
| ക്ഷമം | ഉചിതമായും |
| ഹിതം. | നല്ലതായും ഉള്ളതു്. |

യാവന്നോ ഘാതയേദ്രാജാ സൎവ്വാൻ പ്രതിഗതാനിതഃ
വധേനാപ്രതിരൂപേണ ശ്രേയാൻ മൃത്യുരിഹൈവ നഃ. 30

| | |
|---|---|
| "രാജാ | "രാജാവു് |
| ഇതഃ | ഇവിടെനിന്നു് |
| പ്രതിഗതാൻ | മടങ്ങിച്ചെന്നവരായ |
| നഃ സൎവ്വാൻ | നമ്മൾ എല്ലാവരേയും |
| ഘാതയേത്; | വധിക്കും; |
| യാവത് | ആകയാൽ |
| ഇഹ | ഇവിടെ |
| അപ്രതിരൂപേണ | പ്രശസ്യമായ |
| വധേന ഏവ | നാശോപായത്താൽ തന്നെ |
| നഃ | നമുക്കു് |
| മൃത്യുഃ | മരണമെന്നതു് |
| ശ്രേയാൻ. | ശ്രേയസ്കരമാണു്. |

["അപ്രതിരൂപേണ വധേന" നിസ്തുല്യമായ ചിത്രവധത്തിനേക്കാൾ, ഇവിടെത്തന്നെ മരിക്കുന്നതാണു് അധികം നല്ലതു്; എന്നും പക്ഷം.]

ന ചാഹം യൌവരാജ്യേന സുഗ്രീവേണാഭിഷേചിതഃ
നരേന്ദ്രേണാഭിഷിക്തോഽസ്മി രാമേണാക്ലിഷ്ടകൎമ്മണാ. 31

| | |
|---|---|
| "അഹം | "ഞാൻ |
| യൌവരാജ്യേന | യുവരാജ്യാധികാരത്തിൽ |
| സുഗ്രീവേണ | സുഗ്രീവനാൽ |
| ന അഭിഷേചിതഃ; | അല്ല നിയമിക്കപ്പെട്ടതു്; |
| അക്ലിഷ്ടകൎമ്മണാ | അന്യൂനചാരിത്രനായ |
| നരേന്ദ്രേണ | പുരുഷോത്തമനായ |
| രാമേണ ച | ശ്രീരാമനാൽതന്നെയാണു് |
| അഭിഷിക്തഃ അസ്മി. | വാഴിക്കപ്പെട്ടതു്. |

സ പൂർവ്വം ബദ്ധവൈരോ മാം രാജാ ദൃഷ്ട്വാ വ്യതിക്രമം
ഘാതയിഷ്യതി ദണ്ഡേന തീക്ഷ്ണേന കൃതനിശ്ചയഃ 32

| | |
|---|---|
| "മാം | "എന്നോട് |
| പൂർവ്വം | പണ്ടേതന്നെ |
| ബദ്ധവൈരഃ | വൈരമുൾക്കൊണ്ടവനായ |
| സഃ രാജാ | ആ രാജാവ് |
| വ്യതിക്രമം | ആജ്ഞാലംഘനം |

| | |
|---|---|
| ദൃഷ്ട്വാ, | കാണുകകാരണം, |
| കൃതനിശ്ചയഃ | തീർപ്പ് ചെയ്ത് |
| തീക്ഷ്ണേന ദണ്ഡേന | ഉഗ്രശിക്ഷകൊണ്ട് |
| ഘാതയിഷ്യതി. | കൊന്നുകളയുന്നതാണ്. |

കിം മേ സുഹൃദ്ഭിർവ്യസനം പശ്യദ്ഭിർജ്ജീവിതാന്തരേ
ഇഹൈവ പ്രായമാസിഷ്യേ പുണ്യേ സാഗരരോധസി. 33

| | |
|---|---|
| "ജീവിതാന്തരേ | "കൊലപ്പെട്ടതുമ്പോൾ |
| മേ | എന്റെ |
| വ്യസനം | സങ്കടത്തെ |
| സുഹൃദ്ഭിഃ | സുഹൃത്തുക്കൾ |
| പശ്യദ്ഭിഃ | കണ്ടുകൊണ്ടിരിക്കുന്നതിനാൽ |

| | |
|---|---|
| കിം ? | എന്തുപ്രയോജനമാണുള്ളത്? |
| ഇഹ ഏവ | ഇപ്പോൾതന്നെ |
| പുണ്യേ | പാവനമായ |
| സാഗരരോധസി | കടൽക്കരയിൽ |
| പ്രായം | പ്രായോപവേശത്തെ |
| ആസിഷ്യേ." | ഞാൻ കയ്ക്കൊള്ളുന്നതാണ്." |

[എന്നെ സ്നേഹിക്കുന്നവരായ നിങ്ങൾക്ക് സുഗ്രീവൻ എന്നെ ഇങ്ങിനെ വധിക്കുന്നതിനെ കണ്ട് സങ്കടം മാത്രം ഉണ്ടാകും എന്നുള്ളതല്ലാതെ മറെറന്തു പ്രയോജനമാണുള്ളതു എന്നു സാരം.

"ജീവിതാന്തരേ" (ജീവിച്ചിരിക്കുന്നതിന്നിടയിൽ), "മേ വ്യസനം" (രാജഹസ്തംകൊണ്ടുള്ള എന്റെ മൃതി) "പശ്യദ്ഭിഃ സുഹൃദ്ഭിഃ കിം കർത്തവ്യമിതി ശേഷഃ" (കണ്ടുനില്ക്കുന്ന എന്റെ സുഹൃത്തുക്കളാൽ എന്തൊന്നാണ് സാധിക്കുക.?)—എന്നു ശിരോമണി ]

ഏതച്ഛ്രുത്വാ കുമാരേണ യുവരാജേന ഭാഷിതം
സർവ്വേ തേ വാനരശ്രേഷ്ഠാഃ കരുണം വാക്യമബ്രുവൻ. 34

| | |
|---|---|
| യുവരാജേന | യുവരാജാവായ |
| കുമാരേണ | രാജകുമാരനാൽ |
| ഭാഷിതം | പറയപ്പെട്ട |
| കരുണം | ദയനീയമായ |
| വാക്യം ശ്രുത്വാ, | വാക്യത്തെ കേട്ട്, |

| | |
|---|---|
| തേ | ആ |
| വാനരശ്രേഷ്ഠാഃ | വാനരശ്രേഷ്ഠന്മാർ |
| സർവ്വേ | എല്ലാവരും |
| ഏതത് | ഇപ്രകാരം |
| അബ്രുവൻ. | പറഞ്ഞു. |

തീക്ഷ്ണഃ പ്രകൃത്യാ സുഗ്രീവഃ പ്രിയാരക്തശ്ച രാഘവഃ
സമീക്ഷ്യാകൃതകാർയ്യാംസ്തു തസ്മിംശ്ച സമയേ ഗതേ. 35
അദൃഷ്ടായാം തു വൈദേഹ്യാം ദൃഷ്ട്വാസ്മാംശ്ച സമാഗതാൻ
രാഘവപ്രിയകാമാർത്ഥം ഘാതയിഷ്യത്യസംശയം
ന ക്ഷമഃ ചാപരാദ്ധാനാം ഗമനം സ്വാമിപാർശ്വതഃ. 36

| | |
|---|---|
| "സുഗ്രീവഃ | "സുഗ്രീവൻ |
| പ്രകൃത്യാ | സ്വതേ |
| തീക്ഷ്ണഃ | കുററം ക്ഷമിക്കാത്തവൻ; |
| രാഘവഃ ച | ശ്രീരാഘവനോ, |

| | |
|---|---|
| പ്രിയാരക്തഃ ; | ഭാർയ്യയിൽ അതിപ്രേമമുള്ളവൻ; |
| വൈദേഹ്യാം | വൈദേഹി |
| അദൃഷ്ടായാം തു, | കാണപ്പെടാതിരിക്കെ, |
| തസ്മിൻ സമയേ | ആ അവധി |

| | |
|---|---|
| ഗതേ തു | കഴിഞ്ഞശേഷം |
| സമാഗതാൻ | മടങ്ങിച്ചെന്നവരായ |
| അസ്മാൻ | നമ്മെ |
| ദൃഷ്ട്വാ ച, | കണ്ടാൽ, |
| അകൃതകാൎയ്യാൻ | കാൎയ്യം സാധിക്കാത്തവരാണെന്ന് |
| സമീക്ഷ്യ, | അറിഞ്ഞ്, |
| രാഘവപ്രിയ-കാമാൎത്ഥം | ശ്രീരാഘവന്റെ ഇഷ്ടത്തിന്നുവേണ്ടി |

| | |
|---|---|
| ച | ഉടൻതന്നെ |
| ഘാതയിഷ്യതി, | കൊന്നേക്കും, |
| അസംശയം; | സംശയമില്ല; |
| അപരാദ്ധാനാം | കുററംചെയ്തവൎക്ക് |
| സ്വാമി-പാൎശ്വതഃ | യജമാനന്റെ അടുക്കൽ |
| ഗമനം ച | ചെല്ലുന്നതുതന്നെ |
| ന ക്ഷമം. | ശരിയല്ല. |

ഇഹൈവ സീതാമന്വിഷ്യ പ്രവൃത്തിമുപലഭ്യ ച
നോ ചേദ്ഗച്ഛാമ തം വീരം ഗമിഷ്യാമോ യമക്ഷയം. 37

| | |
|---|---|
| "സീതാം അന്വിഷ്യ | "സീതാദേവിയെ അന്വേഷിച്ച്, |
| പ്രവൃത്തിം ഉപലഭ്യ, | വൃത്താന്തം അറിഞ്ഞ്, |
| ച | അതിൽപിന്നെ |
| തം വീരം | ആ വീരന്റെ അടുക്കൽ |

| | |
|---|---|
| ഗമിഷ്യാമഃ; | ചെല്ലാം; |
| നോ ചേത് | അല്ലാത്തപക്ഷം |
| ഇഹ ഏവ | ഇവിടെ തന്നെ |
| യമക്ഷയം | മരണത്തെ |
| ഗച്ഛാമഃ." | പ്രാപിക്കുക." |

പ്ലവംഗമാനാം തു ഭയാൎദ്ദിതാനാം
ശ്രുത്വാ വചസ്താര ഇദം ബഭാഷേ
അലം വിഷാദേന ബിലം പ്രവിശ്യ
വസാമ സൎവ്വേ യദി രോചതേ വഃ. 38

| | |
|---|---|
| ഭയാൎദ്ദിതാനാം | ഭയത്താൽ നടുങ്ങിയ |
| പ്ലവംഗമാനാം | വാനരന്മാരുടെ |
| വചഃ ശ്രുത്വാ | വാക്യത്തെ കേട്ട് |
| താരഃ | താരൻ എന്ന വാനരൻ |
| തു | അക്കാൎയ്യത്തെക്കുറിച്ച് |
| ഇദം | ഇങ്ങിനെ |
| ബഭാഷേ; | അഭിപ്രായപ്പെട്ടു; |

| | |
|---|---|
| "വിഷാദേന അലം; | "ദുഃഖിച്ചതുകൊണ്ടു കാൎയ്യമില്ല; |
| വഃ രോചതേ യദി | നിങ്ങൾ അഭിപ്രായപ്പെടുന്നപക്ഷം |
| സൎവ്വേ | എല്ലാവരും |
| ബിലം പ്രവിശ്യ | ബിലത്തിൽ പ്രവേശിച്ച് |
| വസാമ. | പാൎക്കുക. |

ഇദം ഹി മായാവിഹിതം സുദുൎഗ്ഗമം
പ്രഭൂതവൃക്ഷോദകഭോജ്യപേയകം
ഇഹാസ്തി നോ നൈവ ഭയം പുരന്ദരാത്
ന രാഘവാദ്വാനരരാജതോഽപി വാ. 39

| | |
|---|---|
| "ഇദം ഹി | "ഈ ഗുഹയാകട്ടെ |
| മായാവിഹിതം | മായാനിൎമ്മിതവും |
| സുദുൎഗ്ഗമം | ദുഷ്പ്രവേശ്യവും |
| പ്രഭൂത-വൃക്ഷോദക-ഭോജ്യപേയകം | ധാരാളം വൃക്ഷങ്ങളും ജലവും ഭക്ഷണസാധനങ്ങളും പാനീയങ്ങളും നിറഞ്ഞതുമാകുന്നു; |
| ഇഹ | ഇവിടെ |

| | |
|---|---|
| നഃ ഭയം | നമുക്ക് ഭയമെന്നത് |
| രാഘവാത് വാ | ശ്രീരാഘവനിൽനിന്നാകട്ടെ |
| വാനരരാജതഃ അപി | വാനരരാജാവിൽ നിന്നാകട്ടെ |
| ന അസ്തി; | ഇല്ല; |
| പുരന്ദരാത് ഏവ | ദേവേന്ദ്രനിൽനിന്നു കൂടിയും |
| ന. | ഇല്ല. |

ശ്രുത്വാംഗദസ്യാപി വചോऽനുകൂല-
മൂചുശ്ച സർവ്വേ ഹരയഃ പ്രതീതാഃ
യഥാ ന ഹിംസ്യേമ തഥാ വിധാന-
മസക്തമദ്യൈവ വിധീയതാം നഃ. 40

| | | | |
|---|---|---|---|
| സർവ്വേ | എല്ലാ | ന ഹിംസ്യേമ, | നാം കൊല്ലപ്പെടാതിരിക്കമോ, |
| ഹരയഃ ച, | വാനരന്മാരും, | തഥാ | അപ്രകാരം |
| അംഗദസ്യ അപി | അംഗദന്റം | അദ്യ ഏവ | ഇപ്പോൾതന്നെ |
| അനുകൂലം | സമ്മതമായ | അസക്തം | താമസംകൂടാതെ |
| വചഃ | ഈ അഭിപ്രായത്തെ | നഃ | നമുക്ക് |
| ശ്രുത്വാ, | കേട്ട്, | വിധാനം | ഒരു ഉപായം |
| പ്രതീതാഃ, | ശരിയാണെന്ന വിശ്വാസം പൂണ്ടവരായി, | വിധീയതാം," | വിധിക്കപ്പെടട്ടെ," എന്ന് |
| "യഥാ | "എപ്രകാരമായാൽ | ഊചുഃ. | ബോധിപ്പിച്ചു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ ത്രിപഞ്ചാശഃ സർഗ്ഗഃ = അമ്പത്തിമൂന്നാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 11409; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 2157.

## ചതുഃപഞ്ചാശഃ സർഗ്ഗഃ = അമ്പത്തിനാലാംസർഗ്ഗം.

[ഹനുമതാ അംഗദഭീഷണം = ഹനുമാൻ അംഗദനെ ഭയപ്പെടുത്തുന്നത്]

തഥാ ബ്രുവതി താരേ തു താരാധിപതിവർച്ചസി
അഥ മേനേ ഹൃതം രാജ്യം ഹനുമാനംഗദേന തത്. 1

| | | | |
|---|---|---|---|
| താരാധിപതിവർച്ചസി | ചന്ദ്രനെപ്പോലെ കാന്തിമാനായ | തത് | ആ |
| താരേ | താരൻ | രാജ്യം | ഗുഹയിൽ വാഴുക എന്ന അധികാരം |
| തഥാ | മേൽപ്രകാരം | ഹൃതം | ഹൃദയംഗമമായി വിചാരിക്കപ്പെട്ടതായി, |
| ബ്രുവതി, | അഭിപ്രായപ്പെട്ടപ്പോൾ, | ഹനുമാൻ | ഹനുമാൻ |
| തു | ഇതിന്ന് വിപരീതമൊന്നും പറയാതെ | അഥ മേനേ. | അപ്പോൾ കരുതി. |
| അംഗദേന | അംഗദനാൽ | | |

["രാജ്യം ഹൃതം മേനേ" (രാജ്യം കർത്തും സാമർത്ഥ്യമസ്തീതി മേനേ) രാജ്യം ഭരിപ്പാൻ സാമർത്ഥ്യമുണ്ടെന്ന് വിചാരിച്ചു, എന്ന് (ഗോ—രാ.); "അംഗദനാൽ സുഗ്രീവനു ചേർന്നതായ കപിരാജ്യം ഹരിക്കപ്പെട്ടു എന്നു വിചാരിച്ചു," എന്ന് തിലകം; "സ്വയംപ്രഭയുടെ രാജ്യം ഹരിക്കപ്പെട്ടു എന്നു വിചാരിച്ചു" എന്നും ചിലർ.]

ബുദ്ധ്യാ ഹ്യഷ്ടാംഗയാ യുക്തം ചതുർബ്ബലസമന്വിതം
ചതുർദശഗുണം മേനേ ഹനുമാൻ വാലിനഃസുതം. 2

| | |
|---|---|
| വാലിനഃ | ബാലിയുടെ |
| സുതം | പുത്രനെ |
| അഷ്ടാംഗയാ | എട്ടംഗങ്ങളോടു കൂടിയ |
| ബുദ്ധ്യാ യുക്തം | ബുദ്ധിയോടുകൂടിയവനായി, |
| ചതുർബ്ബല- സമന്വിതം | നാലു ബലങ്ങളുമുള്ള വനായി, |
| ചതുർദശ- ഗുണം ഹി | പതിന്നാലു ഗുണങ്ങളുമുള്ളവനാണെന്നുള്ളതിനെക്കുറിച്ച് സംശയലേശമില്ലാത്തവനായി തന്നെ |
| ഹനുമാൻ | ഹനുമാൻ |
| മേനേ. | കരുതി. |

ആപൂര്യമാണം ശശ്വച്ച തേജോബലപരാക്രമൈഃ
ശശിനം ശുക്ലപക്ഷാദൌ വർദ്ധമാനമിവ ശ്രിയാ 3
ബൃഹസ്പതിസമം ബുദ്ധ്യാ വിക്രമേ സദൃശം പിതുഃ
ശുശ്രൂഷമാണം താരസ്യ ഗുരോരിവ പുരന്ദരം 4
ഭർത്തുരർത്ഥേ പരിശ്രാന്തം സർവ്വശാസ്ത്രവിശാരദം
അഭിസംധാതുമാരേഭേ ഹനുമാനംഗദം തതഃ. 5

| | |
|---|---|
| ശുക്ലപക്ഷാദൌ | ശുക്ലപക്ഷാരംഭത്തിൽ |
| ശ്രിയാ വർദ്ധമാനം | കാന്തിയാൽ വളരുന്ന |
| ശശിനം ഇവ | ബാലചന്ദ്രനെപ്പോലെ |
| തേജോബല- പരാക്രമൈഃ | തേജസ്സ്, ബലം, പരാക്രമം എന്നവയാൽ |
| ശശ്വത് ആപൂര്യമാണം ച | മേല്ക്കുമേൽ പൂരിക്കപ്പെട്ടവനും, |
| ബുദ്ധ്യാ | ബുദ്ധികൊണ്ട് |
| ബൃഹസ്പതിസമം | ബൃഹസ്പതിക്കു സമനും, |
| വിക്രമേ | പൌരുഷത്തിൽ |
| പിതുഃ സദൃശം, | പിതൃതുല്യനും |
| ഗുരോഃ പുരന്ദരം ഇവ | ബൃഹസ്പതിയുടെ വാക്യത്തെ ഇന്ദ്രനെന്നപോലെ |
| താരസ്യ | താരന്റെ |
| ശുശ്രൂഷമാണം, | വാക്യമനുസരിച്ചു നടക്കുന്നവനും, |

[“അഷ്ടാംഗയാ ബുദ്ധ്യാ”:—“ഗ്രഹണം ധാരണം ചൈവ സ്മരണം പ്രതിപാദനം ഊഹാപോഹോർത്ഥവിജ്ഞാനം തത്ത്വജ്ഞാനം ച ധീഗുണാഃ.” (മറെറാരുത്തൻ പറയുന്നതിനെ ക്ഷണത്തിൽ മനസ്സിലാക്കുന്നതു് ഗ്രഹണം; അതിനെ മനസ്സിൽ ഉറപ്പിക്കുന്നതു് ധാരണം; ഉചിതസമയത്തിൽ ഓർമ്മിക്കുന്നതു് സ്മരണം; അതിനെ മറെറാരുത്തന്നു് പറഞ്ഞു് ധരിപ്പിക്കുന്നതു് പ്രതിപാദനം; യുക്തിയുക്തമായി പറയുന്നതു് ഊഹം; മററുള്ളവരുടെ തെററായ യുക്തികളെ ഖണ്ഡിക്കുന്നതു് അപോഹവിജ്ഞാനം; മററുള്ളവർ പറയുന്നതിൽ ശരിയായ സംഗതികളെ മാത്രം എടുക്കുന്നതു് അർത്ഥവിജ്ഞാനം; വിഷയങ്ങളുടെ ആന്തരമായ സാരത്തെ അറിയുന്നതു് തത്ത്വജ്ഞാനം; ഇങ്ങിനെ ബുദ്ധിഗുണങ്ങൾ എട്ടു് അംഗങ്ങളോടുകൂടിയതാകുന്നു.

“ചതുർബ്ബല സമന്വിതം”:—(ബാഹുബലം, മനോബലം, ഉപായബലം. ബന്ധുബലം എന്നിങ്ങിനെ ചതുർബ്ബലങ്ങൾ).

“ചതുർദ്ദശഗുണം”:— “ദേശകാലജ്ഞതാ ദാർഢ്യം സർവ്വക്ലേശസഹിഷ്ണുതാ സർവ്വവിജ്ഞാനിതാ ദാക്ഷ്യമൂർജ്ജഃ സംവൃതമന്ത്രതാ. അവിസംവാദിതാ ശൌര്യം ശക്തിജ്ഞത്വം കൃതജ്ഞതാ ശരണാഗതവാത്സല്യമമർഷിത്വമചാപലം” (ദേശം, കാലം എന്നവയെ അറിയുന്നതു്; മനസ്സുറപ്പു്; എല്ലാ ക്ലേശങ്ങളേയും സഹിക്കുക; എല്ലാ വിഷയങ്ങളേയും അറിയുക; അറിയേണ്ടുന്നതിലും ചെയ്യേണ്ടുന്നതിലും വേണ്ടത്തക്കതായ സാമർത്ഥ്യം; സ്ഥിരോത്സാഹം; ആലോചനകളെ ഗൂഢമായി വെക്കുവാനുള്ള സാമർത്ഥ്യം; പറഞ്ഞവാക്കിളക്കാതിരിക്കുക; ശൌര്യം; ശക്തി എത്രത്തോളമുണ്ടെന്നറിയുക; നന്ദികേടില്ലാതിരിക്കുക; വിശ്വസിച്ചവരെ വെടിയാതിരിക്കുക; ക്ഷമ; അത്യാഗ്രഹമില്ലാതിരിക്കുക; എന്നിങ്ങിനെ പതിന്നാലു ഗുണങ്ങൾ.) ഗൊ. രാ]

| | | | |
|---|---|---|---|
| ഭർത്തുഃ | സ്വാമിയുടെ | അംഗദം | അംഗദനെ |
| അർത്ഥേ | കാര്യത്തിൽ | തതഃ ഹനുമാൻ | അപ്പോൾ, ഹനുമാൻ |
| പരിശ്രാന്തം, | മനസ്സു തളൎന്നിരിക്കുന്നവനും, | അഭിസന്ധാതും | തെറ്റായ അഭിപ്രായം നീക്കി സ്വാഭിപ്രായവശഗനാക്കുവാൻ |
| സർവ്വശാസ്ത്രവിശാരദം | സർവ്വശാസ്ത്രവിദഗ്ദ്ധനുമായ | ആരേഭേ. | മുതിൎന്നു. |

സ ചതുർണ്ണാമുപായാനാം തൃതീയമുപവർണ്ണയൻ
ഭേദയാമാസ താൻ സർവ്വാൻ വാനരാൻ വാക്യസമ്പദാ. 6

| | | | |
|---|---|---|---|
| സഃ | അദ്ദേഹം | താൻ | ആ |
| ചതുർണ്ണാം | സാമം, ദാനം, ഭേദം, ദണ്ഡം എന്ന നാലു് | വാനരാൻ | വാനരന്മാർ |
| ഉപായാനാം | ഉപായങ്ങളിൽ | സർവ്വാൻ | എല്ലാവരേയും |
| തൃതീയം | മൂന്നാമത്തേതായ ഭേദോപായത്തെ | വാക്യസമ്പദാ | തന്റെ വാക്സാമർത്ഥ്യംകൊണ്ടു് |
| ഉപവർണ്ണയൻ, | അനുഷ്ഠിക്കുന്നവനായി, | ഭേദയാമാസ. | അംഗദപക്ഷത്തിൽ നിന്നു് ഭിന്നിപ്പിച്ചു. |

[“വാക്യസമ്പദാ;” “ഹീനാശ്രയോ ന കർത്തവ്യഃ കർത്തവ്യോ മഹദാശ്രയഃ” എന്നിത്യാദി വാക്യങ്ങളെക്കൊണ്ടു്, എന്നു തിലകം.]

തേഷു സർവ്വേഷു ഭിന്നേഷു തതോഽഭീഷയദംഗദം
ഭീഷണൈർബ്ബഹുഭിർവ്വാക്യൈഃ കോപോപായസമന്വിതൈഃ. 7

| | | | |
|---|---|---|---|
| തേഷു | അവർ | ഭീഷണൈഃ | ഭയത്തെ ഉളവാക്കുന്നവയും ആയ |
| സർവ്വേഷു | എല്ലാവരും | ബഹുഭിഃ | പലവിധത്തിലുള്ള |
| ഭിന്നേഷു, | അഭിപ്രായം മാററിയാറെ, | വാക്യൈഃ | വാക്കുകളാൽ |
| അംഗദം | അംഗദനെ | തതഃ | അപ്പോൾ |
| കോപോപായസമന്വിതൈഃ | കോപചിഹ്നങ്ങളോടു കൂടിയവയും | അഭീഷയത്. | ഭയപ്പെടുത്തി. |

ത്വം സമർത്ഥതരഃ പിത്രാ യുദ്ധേ താരേയ വൈ ധുരം
ദൃഢം ധാരയിതും ശക്തഃ കപിരാജ്യം യഥാ പിതാ. 8

| | | | |
|---|---|---|---|
| “താരേയ! | “താരാസുത! | കപിരാജ്യം | വാനരാധിപത്യമാകുന്ന |
| ത്വം | അങ്ങു് | ധുരം | ഭാരത്തെ, |
| യുദ്ധേ | പോരിൽ | ദൃഢം | ഏററവും ത്രാണിയോടെ |
| പിത്രാ സമർത്ഥതരഃ; | പിതാവിനെക്കാൾ സമർത്ഥൻതന്നെ; | ധാരയിതും | വഹിക്കുന്നതിന്നു് |
| പിതാ യഥാ | പിതാവിനെപ്പോലെ തന്നെ | ശക്തഃ വൈ. | ശക്തിയുള്ളവനുമാണു്. |

നിത്യമസ്ഥിരചിത്താ ഹി കപയോ ഹരിപുംഗവ
നാജ്ഞാപ്യം വിസഹിഷ്യന്തി പുത്രദാരാൻ വിനാ ത്വയാ. 9

| | | | |
|---|---|---|---|
| "ഹി, ഹരിപുംഗവ! | "അങ്ങിനെയാണെന്നാല്ലം വാനരോത്തമ! | ത്വയാ ആജ്ഞാപ്യം | ഭവാനാൽ ആജ്ഞാപിക്കപ്പെട്ട കൃത്യത്തെ |
| കപയഃ | വാനരന്മാർ | പുത്രദാരാൻ വിനാ | ഭാര്യാ പുത്രാദികളെ ഉപേക്ഷിച്ച് |
| നിത്യം | എപ്പോഴും | ന വിസഹിഷ്യന്തി. | അനുഷ്ഠിക്കുവാൻ ശക്തരാവുകയില്ല. |
| അസ്ഥിരചിത്താഃ; | ചഞ്ചല ബുദ്ധികളോടു കൂടിയവരാണു; | | |

ത്വാം നൈതേ ഹ്യനുയുഞ്ജേയുഃ പ്രത്യക്ഷം പ്രവദാമി തേ
യഥാഽയം ജാംബവാൻ നീലഃ സുഹോത്രശ്ച മഹാകപിഃ. 10

| | | | |
|---|---|---|---|
| "അയം യഥാ | "ഈ എന്നെപ്പോലെ തന്നെ | ത്വാം | അങ്ങയെ |
| ജാംബവാൻ | ജാംബവാൻ, | ന അനുയുഞ്ജേയുഃ; | അനുവർത്തിക്കുകയില്ല; |
| നീലഃ | നീലൻ, | തേ പ്രത്യക്ഷം | ഭവാന്ന് അറിവാൻ വേണ്ടി |
| മഹാകപിഃ | കപിവര്യനായ | പ്രവദാമി ഹി. | ഞാൻ ദൃഢമായും ബോധിപ്പിക്കുന്നു. |
| സുഹോത്രഃ | സുഹോത്രൻ | | |
| ഏതേ ച, | എന്ന ഇവരും | | |

ന ഹ്യഹം ത ഇമേ സർവ്വേ സാമദാനാദിഭിർഗ്ഗുണൈഃ
ദണ്ഡേന വാ ത്വയാ ശക്യാഃ സുഗ്രീവാദപകർഷിതും. 11

| | | | |
|---|---|---|---|
| "തേ | "അപ്രകാരമുള്ള | ദണ്ഡേന വാ | അഥവാ ദണ്ഡം കൊണ്ടുതന്നെയാകട്ടെ |
| ഇമേ സർവ്വേ | ഇവരെല്ലാവരും, | സുഗ്രീവാത് | സുഗ്രീവന്റെ അധീനത്തിൽ നിന്ന് |
| അഹം ഹി | ഞാനും, | അപകർഷിതും | മാററുവാൻ |
| സാമദാനാദിഭിഃ | സാമം ദാനം തുടങ്ങിയ | ത്വയാ | ഭവാനാൽ |
| ഗുണൈഃ | ഉപായങ്ങളാലാകട്ടെ | ശക്യാഃ ന. | കഴിയപ്പെടുന്നവരല്ല. |

വിഗൃഹ്യാസനമപ്യാഹുർദ്ദുർബ്ബലേന ബലീയസഃ
ആത്മരക്ഷാകരസ്തസ്മാന്ന വിഗൃഹ്ണീത ദുർബ്ബലഃ. 12

| | | | |
|---|---|---|---|
| "ബലീയസഃ അപി, | "ബലവാനായ ഒരുവനുംകൂടി, | ആഹുഃ; | ശാസ്ത്രങ്ങൾ പറയുന്നു; |
| ദുർബ്ബലേന | ദുർബ്ബലനുമായി | തസ്മാത് | ആകയാൽ |
| വിഗൃഹ്യ, | വൈരമുണ്ടായാൽ, | ആത്മരക്ഷാകരഃ | ആത്മരക്ഷക്കായി പ്രവൃത്തിക്കുന്നവനായ |
| ആസനം | യുദ്ധംചെയ്യാതെ അവസരത്തെ പ്രതീക്ഷിച്ചുംകൊണ്ട് വർത്തിക്ക എന്ന യുദ്ധോപായത്തെ | ദുർബ്ബലഃ | ഒരു ബലഹീനൻ |
| | | ന വിഗൃഹ്ണീത. | (ബലവാനുമായി) വൈരത്തെ കയ്യേൽക്കുവാൻ പാടുള്ളതല്ല. |

[വിഗ്രഹം, ആസനം എന്നവ "ഷാഡ്ഗുണ്യം" എന്നു പറയുന്ന ആറ് യുദ്ധോപായങ്ങളിൽ പെട്ടവയാകുന്നു. (അയോദ്ധ്യാകാണ്ഡം 100-ാം സർഗ്ഗം 70-ാം ശ്ലോകം നോക്കുക). "സന്ധിം

ച വിഗ്രഹം ചൈവ യാനമാസനമേവ ച ദ്വൈധീഭാവം സംശ്രയം ച ഷഡ്ഗുണാംശ്ചിന്തയേത്സദാ" (മനു. VII. 160). ഇവയുടെ വിവരണത്തിന്ന് ആരണ്യകാണ്ഡം 72-ാംസർഗ്ഗം 12-ാം ശ്ലോകം നോക്കുക. "സ്വയംകൃതശ്ച കാര്യാത്ഥമകാലേ കാല ഏവ വാ. മിത്രസ്യ ചൈവാപകൃതേ ദ്വിവിധോ വിഗ്രഹഃ സ്മൃതഃ," സ്വന്തം കാര്യമായും മിത്രരാജാവിന്നു ചെയ്യപ്പെട്ട അപകൃതിയെ ഉദ്ദേശിച്ചും രണ്ടു പ്രകാരത്തിലാകുന്നു വിഗ്രഹം. അപ്രകാരംതന്നെ "ക്ഷീണസ്യ ചൈവ ക്രമശോ ദൈവാത് പൂർവ്വകൃതേന വാ. മിത്രസ്യ ചാനുരോധേന ദ്വിവിധം സ്മൃതമാസനം" പൂർവ്വകർമ്മഫലംകൊണ്ടോ ഐഹികങ്ങളായ പൂർവ്വപ്രവൃത്തികൾകൊണ്ടോ ഹസ്ത്യശ്വകോശാദികൾ ക്ഷീണിച്ചുപോകുമ്പോഴോ, മിത്രരാജാവിന്റെ ആവശ്യപ്രകാരമോ യുദ്ധം ചെയ്യാതെ കാത്തുനില്ക്കുക എന്ന ആസനവും രണ്ടു പ്രകാരത്തിലാകുന്നു. "യദാ തു സ്യാത്പരിക്ഷീണോ വാഹനേന ബലേന ച തദാസീത പ്രയത്നേന ശനകൈഃ സാന്ത്വയന്നരീൻ," (വാഹനവും ബലവും ക്ഷയിച്ചാൽ എന്തായാലും ആസനോപായത്തെ കയ്ക്കൊള്ളേണ്ടതാണ്) എന്ന് മനു.

യാം ചേമാം മന്യസേ ധാത്രീമേതദ്ബിലമിതി ശ്രുതം
ഏതല്ലക്ഷ്മണബാണാനാമീഷത്കാര്യം വിദാരണേ. 13

| | | | |
|---|---|---|---|
| "ഏതത് | "ഈ | ഏതത് | അപ്രകാരമുള്ള ഇതിനെ |
| ബിലം | ഗുഹ | വിദാരണേ | പിളക്കുന്ന സംഗതിയിൽ |
| ശ്രുതം ഇതി, | കണ്ടുപിടിക്കപ്പെട്ടവെ | | |
| യാം | യാതൊരു [ന്നുവെച്ച്, | ലക്ഷ്മണ-ബാണാനാം | ലക്ഷ്മണന്റെ ബാണങ്ങൾക്ക് |
| ഇമാം | ഇതിനെ | | |
| ധാത്രീം | രക്ഷാ സ്ഥാനമായി | ഈഷത് | നിസ്സാരമായ |
| മന്യസേ ച, | അങ്ങ് കരുതുന്നുവോ, | കാര്യം. | കാര്യമാണ്. |

["യാം ഇമാം" യാതൊരു സ്വയംപ്രഭയെ, "ധാത്രീ" പോററമ്മയെന്ന്—ഇത്യാദി (സ).]

സ്വല്പം ഹി കൃതമിന്ദ്രേണ ക്ഷിപതാ ഹ്യശനിം പുരാ
ലക്ഷ്മണോ നിശിതൈർബ്ബാണൈർഭിന്ദ്യാത് പത്രപുടം യഥാ. 14

| | | | |
|---|---|---|---|
| "പുരാ | "മുൻ കാലത്തിൽ | നിശിതൈഃ ബാണൈഃ | തീക്ഷ്ണ ബാണങ്ങളാൽ |
| അശനിം | വജ്രായുധത്തെ | | |
| ക്ഷിപതാ | പ്രയോഗിച്ച | പത്രപുടം | ഒരു ഇലക്കുമ്പിളിനെ |
| ഇന്ദ്രേണ ഹി | ഇന്ദ്രനാൽ തന്നെ | യഥാ | എന്നപോലെ |
| സ്വല്പം കൃതം; | ഇത് സാരമില്ലാത്തതാ | ഭിന്ദ്യാത് | കീറിക്കളയും |
| ലക്ഷ്മണഃ | ലക്ഷ്മണൻ [ക്കപ്പെട്ടു; | ഹി. | സംശയമേയില്ല. |

[മായാനിർമ്മിതമായ ഈ ബിലത്തിൽ വർത്തിച്ചിരുന്ന മയന്ന് ഇന്ദ്രന്റെ വജ്രായുധത്തിൽനിന്ന്, രക്ഷനല്കുവാൻ ഇത് കഴിവുള്ളതായില്ല എന്നു സാരം. "പത്രപുടം" കുമ്പിൾ കുത്തിയതായ ഒണക്കില" എന്നു തിലകം. "ബിലം വഃ ശുഷ്കപർണ്ണവത്" എന്നു സംഗ്രഹരാമായണം.]

ലക്ഷ്മണസ്യ ച നാരാചാ ബഹവഃ സന്തി തദ്വിധാഃ
വജ്രാശനിസമസ്പർശാ ഗിരീണാമപി ദാരണാഃ. 15

| | | | |
|---|---|---|---|
| "ഗിരീണാം ദാരണാഃ | "പർവ്വതങ്ങളെ പിളക്കുന്നവയും | തദ്വിധാഃ | അപ്രകാരമുള്ള |
| വജ്രാശനി-സമസ്പർശാഃ ച | വജ്രം, ഇടി എന്നവ എപ്രകാരമോ അപ്രകാരം കാഠിന്യമുള്ളവയും ആയ | ബഹവഃ അപി | അനവധി |
| | | നാരാചാഃ | നാരാചങ്ങൾ |
| | | ലക്ഷ്മണസ്യ | ലക്ഷ്മണന്നു |
| | | സന്തി. | ഉണ്ട്. |

അവസ്ഥാനേ യദൈവ ത്വമാസിഷ്യസി പരന്തപ
തദൈവ ഹരയഃ സർവ്വേ ത്യക്ഷ്യന്തി കൃതനിശ്ചയാഃ. 16

"പരംതപ! "ഹേ വീര!
ത്വം അങ്ങ്
അവസ്ഥാനേ ഏവ (സുഗ്രീവനമായ ഭിന്നിച്ച) ഈ അവസ്ഥയിൽ തന്നെ
ആസിഷ്യസി യദാ സ്ഥിതിചെയ്യുന്ന പക്ഷം
തദാ അപ്പോൾ
ഹരയഃ സർവ്വേ വാനരന്മാർ എല്ലാവരും
കൃതനിശ്ചയാഃ തീച്ച്യയായും
ത്യക്ഷ്യന്തി. വിട്ടൊടിപ്പോയ്ക്കളയും.

[അവസ്ഥാനേ=ഈ ബിലത്തിൽ എന്നും (ഗോ. രാ).]

സ്മരന്തഃ പുത്രദാരാണാം നിത്യോദ്വിഗ്നാ ബുഭുക്ഷിതാഃ
ഖേദിതാ ദുഃഖശയ്യാഭിസ്ത്വാം കരിഷ്യന്തി പൃഷ്ഠതഃ. 17

"പുത്രദാരാണാം "പുത്രകളത്രങ്ങളുടെ
സ്മരന്തഃ സ്മരണയാന്നവരായി
നിത്യോദ്വിഗ്നാഃ എപ്പോഴും ഭയം പൂണ്ടവരായി,
ബുഭുക്ഷിതാഃ ഭോഗകാംക്ഷികളായി
ദുഃഖശയ്യാഭിഃ ദുഃഖകരമായ കിടപ്പുകൾകൊണ്ട്
ഖേദിതാഃ ഖേദമാന്നവരായ ഇവർ
ത്വാം ഭവാനെ
പൃഷ്ഠതഃ കരിഷ്യന്തി. ത്യജിച്ചുകളയുന്നതാണ്.

സ ത്വം ഹീനഃ സുഹൃദ്ഭിശ്ച ഹിതകാമൈശ്ച ബന്ധുഭിഃ
തൃണാദപി ഭൃശോദ്വിഗ്നഃ സ്പന്ദമാനാദ്ഭവിഷ്യസി. 18

"ഹിതകാമൈഃ ച "ഹിതേച്ഛുക്കളായ അവരാലും
ബന്ധുഭിഃ ബന്ധുക്കളാലും
സുഹൃദ്ഭിഃ ച സുഹൃത്തുക്കളാലും
ഹീനഃ കൈവിടപ്പെട്ട
സഃ ത്വം, അപ്രകാരമുള്ള അങ്ങ്
സ്പന്ദമാനാത് തൃണാത് അപി ഒരു പുല്ല് ഇളകിയാൽ കൂടി
ഭൃശോദ്വിഗ്നഃ ഏററവും ഭയം പൂണ്ടവനായി
ഭവിഷ്യസി. ഭവിക്കുന്നതാണ്.

ന ച ജാതു ന ഹിംസ്യുസ്ത്വാം ഘോരാ ലക്ഷ്മണസായകാഃ
അപാവൃത്തം ജിഘാംസന്തോ മഹാവേഗാ ദുരാസദാഃ. 19

"ഘോരാഃ "ഭയങ്കരങ്ങളും
ജിഘാംസന്തഃ ശത്രുക്കളെ നശിപ്പിക്കുന്നവയും
മഹാവേഗാഃ അതിവേഗതയുള്ളവയും
ദുരാസദാഃ എതിരില്ലാത്തവയും ആയ
ലക്ഷ്മണസായകാഃ ലക്ഷ്മണൻെറ ബാണങ്ങൾ
അപാവൃത്തം എല്ലാവരും കൈവെടിഞ്ഞ
ത്വാം അങ്ങയെ
ന ഹിംസ്യുഃ കൊല്ലാതിരിക്കുമെന്നുള്ളത്
ജാതു ന ച. ഒരിക്കലും ഉണ്ടാകയില്ല.

അസ്മാഭിസ്തു ഗതം സാദ്ധം വിനീതവദുപസ്ഥിതം
ആനുപൂവ്വ്യാത് തു സുഗ്രീവോ രാജ്യേ ത്വാം സ്ഥാപയിഷ്യതി. 20

| | | | |
|---|---|---|---|
| "തു | "നേരെമറിച്ച് | ത്വാം | ഭവാനെ |
| അസ്മാഭിഃ സാദ്ധം | ഞങ്ങളോടുകൂടി | സുഗ്രീവഃ തു | സുഗ്രീവൻതന്നെ |
| ഗതം | മടങ്ങിച്ചെന്നവനായി | ആനുപൂവ്വ്യാത് | യഥാക്രമം |
| വിനീതവത് | വിനയപൂവ്വം | രാജ്യേ | രാജ്യാധികാരത്തിൽ |
| ഉപസ്ഥിതം | അപേക്ഷിക്കുന്ന | സ്ഥാപയിഷ്യതി. | നിയമിക്കുന്നതാണ്. |

ധമ്മകാമഃ പിതൃവ്യസ്തേ പ്രീതികാമോ ദൃഢവ്രതഃ
ശുചിഃ സത്യപ്രതിജ്ഞശ്ച ന ത്വാം ജാതു ജിഘാംസതി. 21

| | | | |
|---|---|---|---|
| "തേ | "അങ്ങയുടെ | സത്യപ്രതിജ്ഞഃ; | പറഞ്ഞവാക്കിളക്കാത്തവൻ; |
| പിതൃവ്യഃ | ഇളയച്ഛൻ | ച | അതിനാൽ |
| ധമ്മകാമഃ; | ധമ്മനിഷ്ഠനാണ്; | ത്വാം | അങ്ങയെ |
| പ്രീതികാമഃ; | പ്രിയത്തെ ആഗ്രഹിക്കുന്നവൻ; | ജാതു | ഒരിക്കലും |
| ദൃഢവ്രതഃ; | ദൃഢനിശ്ചയംപൂണ്ടവൻ; | ജിഘാംസതി ന. | ദ്രോഹിക്കുവാൻ ആഗ്രഹിക്കയില്ല. |
| ശുചിഃ; | സദ്വൃത്തൻ; | | |

പ്രിയകാമശ്ച തേ മാതുസ്തദത്ഥം ചാസ്യ ജീവിതം
തസ്യാപത്യം ച നാസ്ത്യന്യത് തസ്മാദംഗദ ഗമ്യതാം. 22

| | | | |
|---|---|---|---|
| "തേ | "അങ്ങയുടെ | തസ്യ | അദ്ദേഹത്തിന്ന് |
| മാതുഃ | മാതാവിന്റെ | അന്യത് | വേറെ |
| പ്രിയകാമഃ ച; | പ്രീതിയെ ആശിക്കുന്നവനുമാണ്; | അപത്യം ച | സന്തതിയും |
| അസ്യ ജീവിതം ച | ഇദ്ദേഹം ജീവിച്ചിരിക്കുന്നതുംകൂടി | ന അസ്തി; | ഇല്ല; |
| തദത്ഥം; | അതിനായ്ത്തന്നെയാണ്; | തസ്മാത് | ആകയാൽ |
| | | അംഗദ! | അംഗദ! |
| | | ഗമ്യതാം. | പോവുക." |

ഇത്യാഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ ചതുഃപഞ്ചാശഃ സഗ്ഗഃ = അമ്പത്തിനാലാംസഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 11431; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 2179.

## പഞ്ചപഞ്ചാശഃ സർഗ്ഗഃ = അമ്പത്തഞ്ചാംസർഗ്ഗം.

[വാനരാണാം പ്രായോപവേശഃ = വാനരന്മാർ പ്രായോപവേശം ചെയ്യുന്നതു്.]

ശ്രുത്വാ ഹനുമതോ വാക്യം പ്രശ്രിതം ധർമ്മസംഹിതം
സ്വാമിസത്കാരസംയുക്തമംഗദോ വാക്യമബ്രവീത്. 1

| | | | |
|---|---|---|---|
| പ്രശ്രിതം | വിനയത്തോടുകൂടിയതും | ഹനുമതഃ | ഹനുമാന്റെ |
| ധർമ്മസംഹിതം | ധർമ്മത്തിന്നനുസരിച്ചതും | വാക്യം | വാക്യത്തെ |
| | | ശ്രുത്വാ | കേട്ടു്, |
| സ്വാമി-സത്കാര-സംയുക്ത | സ്വാമിയുടെ നന്മയ്ക്കു് ഉതകുന്നതുമായ | അംഗദഃ | അംഗദൻ |
| | | വാക്യം അബ്രവീത്. | ഇപ്രകാരം പറഞ്ഞു. |

സ്ഥൈര്യമാത്മമനഃശൗചമാനൃശംസ്യമഥാർജ്ജവം
വിക്രമശ്ചൈവ ധൈര്യം ച സുഗ്രീവേ നോപപദ്യതേ. 2

| | | | |
|---|---|---|---|
| "സ്ഥൈര്യം ച | "ഉറച്ച ബുദ്ധിയും | അഥ ആർജ്ജവം | അതുപോലെതന്നെ |
| | | വിക്രമഃ | പൌരുഷവും [നേരും |
| ആത്മനഃ ശൗചം ഏവ | നിജാന്തഃകരണശുദ്ധിയും | ധൈര്യം | ധൈര്യവും |
| | | സുഗ്രീവേ | സുഗ്രീവങ്കൽ |
| ആനൃശംസ്യം ച | ദയയും | ന ഉപപദ്യതേ. | കാണപ്പെടുന്നില്ല. |

[ഈ പറയപ്പെട്ട ഗുണങ്ങൾ ഒന്നും സുഗ്രീവന്നു് ഇല്ലെന്നു് താഴെ ശ്ലോകങ്ങൾകൊണ്ടു് തെളിയിക്കുന്നു.]

ഭ്രാതുർജ്ജ്യേഷ്ഠസ്യ യോ ഭാര്യാം ജീവതോ മഹിഷീം പ്രിയാം
ധർമ്മേണ മാതരം യസ്തു സ്വീകരോതി ജുഗുപ്സിതഃ 3
കഥം സ ധർമ്മം ജാനീതേ യേന ഭ്രാത്രാ ദുരാത്മനാ
യുദ്ധായാഭിനിയുക്തേന ബിലസ്യ പിഹിതം മുഖം. 4

| | | | |
|---|---|---|---|
| "യഃ | "യാതൊരുവൻ | യേന | യാതൊരു |
| ധർമ്മേണ | ധർമ്മപ്രകാരം | ദുരാത്മനാ | ദുരാത്മാവിനാൽ |
| മാതരം, | മാതാവായവളും | യുദ്ധായ | യുദ്ധത്തിൽ |
| ജീവതഃ | ജീവനോടിരിക്കുന്ന | അഭിനിയുക്തേന | ഏല്പെട്ടിരുന്ന |
| ജ്യേഷ്ഠസ്യ ഭ്രാതുഃ | ജ്യേഷ്ഠഭ്രാതാവിന്റെ | ഭ്രാത്രാ തു | ഭ്രാതാവോടുകൂടിത്തന്നെ |
| ഭാര്യാം, | പത്നിയും, | ബിലസ്യ മുഖം | ഗുഹാദ്വാരം |
| പ്രിയാം | പ്രിയപ്പെട്ട | പിഹിതം, | അടയ്ക്കപ്പെട്ടുവോ, |
| മഹിഷീം | രാജ്ഞിയുമായവളെ | യഃ സഃ | അപ്രകാരമുള്ള അവൻ |
| ജുഗുപ്സിതഃ | എല്ലാവരാലും നിന്ദിക്കപ്പെട്ടവനായി | ധർമ്മം | ധർമ്മത്തെ |
| | | ജാനീതേ | അറിയുന്നു എന്നുള്ളത് |
| സ്വീകരോതി, | കയ്ക്കൊള്ളുന്നുവോ, | കഥം ? | എങ്ങിനെ ? |

[ഇതിൽ മനഃശൗചവും, ദയയും ഇല്ലെന്നു് കാണിക്കപ്പെടുന്നു. "ഭ്രാതൃഭാര്യോപസംഗ്രാഹ്യാ സവർണ്ണാഹന്യഹന്യപി" (ജ്യേഷ്ഠന്റെ സജാതീയയായ ധർമ്മപത്നി നിത്യം കാൽതൊട്ടു വന്ദിക്കപ്പെടേണ്ടവളാണു്). എന്നിത്യാദി (മനു).]

സത്യാത് പാണിഗൃഹീതശ്ച കൃതകർമ്മാ മഹായശാഃ
വിസ്മൃതോ രാഘവോ യേന സ കസ്യ തു കൃതം സ്മരേത്. 5

| | |
|---|---|
| "സത്യാത് | "സത്യം ചെയ്തു |
| പാണിഗൃഹീതഃ, | കയ്യടിച്ചു കൊടുത്തവനായി, |
| കൃതകർമ്മാ | താൻ പറഞ്ഞ കാര്യം സാധിപ്പിച്ചു കൊടുത്തവനായി |
| മഹായശാഃ | അതിയശസ്സാർന്ന |
| രാഘവഃ ച, | രാഘവൻ തന്നെ |
| യേന | യാതൊരുവനാൽ |
| വിസ്മൃതഃ, | വിസ്മരിക്കപ്പെട്ടുവോ |
| സഃ | അവൻ |
| കസ്യ | ആരുടെ |
| കൃതം തു | ഉപകാരത്തെയാണ് |
| സ്മരേത്? | ഓർമ്മിക്കുക? |

[ഇതിൽ ആർജ്ജവാഭാവം പറയപ്പെടുന്നു.]

ലക്ഷ്മണസ്യ ഭയാദ്യേന നാധർമ്മഭയഭീരുണാ
ആദിഷ്ടാ മാർഗ്ഗിതും സീതാം ധർമ്മസ്തസ്മിൻ കഥം ഭവേത്. 6

| | |
|---|---|
| "അധർമ്മഭയഭീരുണാ ന | "അധർമ്മത്തെ ഭയപ്പെടുന്നവനായല്ലാതെ |
| ലക്ഷ്മണസ്യ | ലക്ഷ്മണന്റെ |
| ഭയാത് | ഭയംനിമിത്തം |
| യേന | യാതൊരുവനാൽ |
| സീതാം | സീതയെ |
| മാർഗ്ഗിതും | തിരയുന്നതിന്നായി |
| ആദിഷ്ടാഃ, | പറഞ്ഞയക്കപ്പെട്ടുവോ, |
| തസ്മിൻ | അവങ്കൽ |
| ധർമ്മഃ | ധർമ്മം |
| കഥം ഭവേത്? | എങ്ങിനെയാണ് ഉണ്ടാവുക? |

[ഇതിൽ സ്ഥൈര്യവും ധർമ്മബുദ്ധിയും ഇല്ലെന്നു കാണിക്കപ്പെടുന്നു.]

തസ്മിൻ പാപേ കൃതഘ്നേ തു സ്മൃതിഹീനേ ചലാത്മനി
ആര്യഃ കോ വിശ്വസേജ്ജാതു തത്കുലീനോ ജിജീവിഷുഃ. 7

| | |
|---|---|
| "കൃതഘ്നേ | "നന്ദിയില്ലാത്തവനും |
| സ്മൃതിഹീനേ | ആചാരമില്ലാത്തവനും |
| ചലാത്മനി | ചപലചിത്തനും ആയ |
| തസ്മിൻ പാപേ, | ആ പാപിഷ്ഠനിൽ, |
| തത്കുലീനഃ | ആ കുലത്തിൽ പിറന്നവനും |
| ജിജീവിഷുഃ | മാനമായിരിപ്പാനാഗ്രഹിക്കുന്നവനുമായ |
| കഃ ആര്യഃ | ഏതൊരു യോഗ്യൻ |
| തു | തന്നെ |
| ജാതു വിശ്വസേത്? | എങ്ങിനെ വിശ്വസിക്കും? |

രാജ്യേ പുത്രഃ പ്രതിഷ്ഠാപ്യഃ സഗുണോ നിർഗ്ഗുണോഽപി വാ
കഥം ശത്രുകുലീനം മാം സുഗ്രീവോ ജീവയിഷ്യതി. 8

| | |
|---|---|
| "സഗുണഃ വാ | "ഗുണവാനാണെങ്കിലും |
| നിർഗ്ഗുണഃ അപി | ഗുണമില്ലാത്തവനാണെന്നാലും |
| പുത്രഃ | പുത്രൻ |
| രാജ്യേ | രാജ്യത്തിൽ |
| പ്രതിഷ്ഠാപ്യഃ; | വാഴിക്കപ്പെടേണ്ടവനാണ്; |
| സുഗ്രീവഃ | സുഗ്രീവൻ |
| ശത്രുകുലീനം | ശത്രുകുലജാതനായ |
| മാം | എന്നെ |
| കഥം ജീവയിഷ്യതി? | എങ്ങിനെ ജീവനോടെ വെച്ചിരിക്കും? |

ഭിന്നമന്ത്രോഽപരാദ്ധശ്ച ഹീനശക്തിഃ കഥം ഹ്യഹം
കിഷ്കിന്ധാം പ്രാപ്യ ജീവേയമനാഥ ഇവ ദുർബ്ബലഃ. 9

| | | | |
|---|---|---|---|
| " ഭിന്നമന്ത്രഃ | " രാജ്യകാൎയ്യത്തിൽ കറവുവരുത്തിയവനും | പ്രാപ്യ | ചെന്നാൽ |
| അപരാദ്ധഃ | കല്പനയെ പൂർത്തിയാക്കാത്തവനും | ഇവ | തീരെ |
| ഹീനശക്തിഃ | ശക്തി ക്ഷയിച്ചവനും ആയ | ദുർബ്ബലഃ | ധൈൎയ്യം നശിച്ചവനായി |
| അഹം | ഞാൻ | അനാഥഃ | യാതൊരു ശരണവുമില്ലാതെ |
| കിഷ്കിന്ധാം ച | കിഷ്കിന്ധയ്ക്കുതന്നെ | കഥം ഹി | എങ്ങിനെയാണ് |
| | | ജീവേയം ? | ജീവിച്ചിരിക്കുക ? |

ഉപാംശു ദണ്ഡേന ഹി മാം ബന്ധനേനോപപാദയേത്
ശഠഃ ക്രൂരോ നൃശംസശ്ച സുഗ്രീവോ രാജ്യകാരണാത്. 10

| | | | |
|---|---|---|---|
| " സുഗ്രീവഃ | " സുഗ്രീവൻ | ഉപാംശു | ഗൂഢമായി |
| നൃശംസഃ ; | ദയയില്ലാത്തവൻ ; | ബന്ധനേന | ബന്ധനത്തിലിടുക |
| ക്രൂരഃ ; | ഉഗ്രസ്വഭാവമുള്ളവൻ; | ദണ്ഡേന ഹി | ശിക്ഷയെ [യെന്ന |
| ശഠഃ ച ; | ദുഷ്ടൻ ; | മാം ഉപപാദയേത്. | എനിക്ക് പ്രാപിപ്പിക്കുന്നതാണ്. |
| രാജ്യകാരണാത് | രാജ്യാർത്ഥമായി | | |

ബന്ധനാദ്വാഽവസാദാന്മേ ശ്രേയഃ പ്രായോപവേശനം
അനുജാനീത മാം സർവ്വേ ഗൃഹാൻ ഗച്ഛന്തു വാനരാഃ. 11

| | | | |
|---|---|---|---|
| " വാനരാഃ ! | " വാനരന്മാരെ ! | മേ | എനിക്ക് |
| മാം | എനിക്ക് | പ്രായോപവേശനം | പ്രായോപവേശനമാണ് |
| അനുജാനീത ; | സമ്മതം തരുവിൻ ; | ശ്രേയഃ ; | മെച്ചമായത് ; |
| ബന്ധനാത് | തടവിൽ കിടക്കുന്നതിനെക്കാളാകട്ടെ | സർവ്വേ ച | എല്ലാവരും |
| വാ | അല്ലെങ്കിൽ | ഗൃഹാൻ | പാർപ്പിടങ്ങളിലേക്ക് |
| അവസാദാത് | കഷ്ടത്തിലകപ്പെടുന്നതിനെക്കാളാകട്ടെ | ഗച്ഛന്തു. | പൊയ്ക്കൊൾവിൻ. |

അഹം വഃ പ്രതിജാനാമി നാഗമിഷ്യാമ്യഹം പുരീം
ഇഹൈവ പ്രായമാസിഷ്യേ ശ്രേയോ മരണമേവ മേ. 12

| | | | |
|---|---|---|---|
| " അഹം | " ഞാൻ | ഏവ | ഇപ്രകാരംതന്നെ |
| പുരീം | രാജ്യത്തിലേക്ക് | മരണം | മരിക്കുക എന്നതാണ് |
| ന ആഗമിഷ്യാമി; | മടങ്ങിവരുന്നില്ല ; | ശ്രേയഃ ; | ശ്രേയസ്കരമായത് ; |
| പ്രായം | പ്രായോപവേശത്തെ | അഹം | ഞാൻ |
| ആസിഷ്യേ ; | അനുഷ്ഠിപ്പാൻപോകുന്നു ; | ഇഹ | ഈ കാൎയ്യത്തിൽ |
| | | വഃ | നിങ്ങളോടു |
| മേ | എനിക്കു | പ്രതിജാനാമി. | തീർത്തുപറയുന്നു. |

അഭിവാദനപൂൎവ്വം തു രാഘവൌ ബലശാലിനൌ
അഭിവാദനപൂൎവ്വം തു രാജാ കുശലമേവ ച
വാച്യസ്താതാ യവീയാൻ മേ സുഗ്രീവോ വാനരേശ്വരഃ. 13

| | |
|---|---|
| "അഭിവാദനപൂൎവ്വം | "നമസ്കാരപൂൎവ്വം |
| ബലശാലിനൌ | ബലശാലികളായ |
| രാഘവൌ | രഘുവീരന്മാരിരുവരും |
| തു, | പിന്നെ, |
| അഭിവാദനപൂൎവ്വം ച | നമസ്കാരപൂൎവ്വംതന്നെ |
| യവീയാൻ താതഃ | ഇളയച്ഛനും |
| വാനരേശ്വരഃ | വാനരാധിപനുമായ |
| സുഗ്രീവഃ രാജാ തു | സുഗ്രീവമഹാരാജാവും, |
| മേ | എന്റെ |
| കുശലം | സൽകൃത്യത്തെ |
| ഏവ | വഴിപോലെ [ക്കുറിച്ച് |
| വാച്യഃ. | അറിയിക്കപ്പെടേണ്ടതാണ്. |

ആരോഗ്യപൂൎവ്വം കുശലം വാച്യാ മാതാ രുമാ ച മേ. 14

| | |
|---|---|
| " മാതാ | " മാതാവായ |
| രുമാ ച, | രുമയും, |
| ആരോഗ്യപൂൎവ്വം | ആരോഗ്യപൂൎവ്വം |
| മേ കുശലം | എന്റെ കുശലത്തെ |
| വാച്യാ. | പറയപ്പെടേണ്ടവളാകുന്നു. |

മാതരം ചൈവ മേ താരാമാശ്വാസയിതുമൎഹഥ. 15

| | |
|---|---|
| " മേ താരാം മാതരം | " എന്റെ അമ്മയായ താരയേയും |
| ഏവ ച | എല്ലാപ്രകാരത്തിലും |
| ആശ്വാസയിതും അൎഹഥ. | ആശ്വസിപ്പിച്ചാലും. |

പ്രകൃത്യാ പ്രിയപുത്രാ സാ സാനുക്രോശാ തപസ്വിനീ
വിനഷ്ടം മാമിഹ ശ്രുത്വാ വ്യക്തം ഹാസ്യതി ജീവിതം 16

| | |
|---|---|
| " തപസ്വിനീ | " നിൎഭാഗ്യവതിയും |
| സാനുക്രോശാ | അലിവാൎന്നവളും |
| പ്രകൃത്യാ | സ്വതേ |
| പ്രിയപുത്രാ | പുത്രവത്സലയും ആയ |
| സാ, | അവൾ, |
| മാം | എന്നെ |
| ഇഹ | ഇവിടെ |
| വിനഷ്ടം | മൃതിപ്പെട്ടവനായി |
| ശ്രുത്വാ | അറിഞ്ഞ്, |
| വ്യക്തം | തീൎച്ചയായും |
| ജീവിതം | ജീവനെ |
| ഹാസ്യതി." | ഉപേക്ഷിക്കുന്നതാണ്." |

ഏതാവദ്വചനം ചോക്ത്വാ വൃദ്ധാനപ്യഭിവാദ്യ ച
സംവിവേശാംഗദോ ഭൂമൌ രുദൻ ദൎഭേഷു ദുൎമ്മനാഃ. 17

| | |
|---|---|
| അംഗദഃ | അംഗദൻ |
| ഏതാവത് വചനം | ഇപ്രകാരം കണിശമായ വാക്യത്തെ |
| ഉക്ത്വാ | പറഞ്ഞ്, |
| വൃദ്ധാൻ അപി | വൃദ്ധന്മാരേയും |
| അഭിവാദ്യ, | വണങ്ങിയശേഷം, |
| ദുൎമ്മനാഃ | വ്യസനാക്രാന്തനായി |
| രുദൻ | രോദനം ചെയ്തുകൊണ്ട് |
| ഭൂമൌ | നിലത്ത് |
| ദൎഭേഷു | ദൎഭകളിൽ |
| ച | ഉടൻതന്നെ |
| സംവിവേശ. | ശയിച്ചു. |

തസ്യ സംവിശതസ്തത്ര രുദന്തോ വാനരർഷഭാഃ
നയനേഭ്യഃ പ്രമുമുചുരുഷ്ണം വൈ വാരി ദുഃഖിതാഃ 18

| | | | |
|---|---|---|---|
| തത്ര | അപ്രകാരം | രുദന്തഃ വൈ | കരഞ്ഞുംകൊണ്ടു |
| സംവിശതഃ തസ്യ, | അംഗദൻ സങ്കല്പിച്ചാറെ, | നയനേഭ്യഃ | കണ്ണുകളിൽനിന്ന് |
| വാനരർഷഭാഃ | വാനരശ്രേഷ്ഠന്മാർ | ഉഷ്ണം വാരി | ചുടുകണ്ണുനീർ |
| ദുഃഖിതാഃ | ദുഃഖിക്കുന്നവരായി | പ്രമുമുചുഃ. | പൊഴിച്ചു. |

സുഗ്രീവം ചൈവ നിന്ദന്തഃ പ്രശംസന്തശ്ച വാലിനം
പരിവാര്യാംഗദം സർവ്വേ വ്യവസൻ പ്രായമാസിതും. 19

| | | | |
|---|---|---|---|
| സർവ്വേ | എല്ലാവരും | പരിവാര്യ | ചൂഴ്ന്നുകൊണ്ടും |
| സുഗ്രീവം | സുഗ്രീവനെ | പ്രായം ഏവ | പ്രായോപവേശത്തെ തന്നെ |
| നിന്ദന്തഃ | നിന്ദിക്കുന്നവരായി | | |
| വാലിനം | ബാലിയെ | ആസിതും | അനുഷ്ഠിപ്പാൻ, |
| പ്രശംസന്തഃ | കീർത്തിച്ചുകൊണ്ടും | ച ച | തൽക്ഷണം |
| അംഗദം | അംഗദനെ | വ്യവസൻ. | ഒരുങ്ങി. |

മതം തദ്വാലിപുത്രസ്യ വിജ്ഞായ പ്ലവഗർഷഭാഃ
ഉപസ്പൃശ്യോദകം സർവ്വേ പ്രാങ്മുഖാഃ സമുപാവിശൻ. 20

| | | | |
|---|---|---|---|
| പ്ലവഗർഷഭാഃ | വാനരോത്തമന്മാർ | വിജ്ഞായ, | അറിഞ്ഞു |
| സർവ്വേ | എല്ലാവരും | പ്രാങ്മുഖാഃ, | കിഴക്കോട്ടുനോക്കിക്കൊണ്ട് |
| വാലിപുത്രസ്യ | ബാലിപുത്രന്റെ | ഉദകം | ജലത്തെ |
| തത് | ആ | ഉപസ്പൃശ്യ | ആചമിച്ച്, |
| മതം | ഉദ്ദേശത്തെ | സമുപാവിശൻ. | ഉപവിഷ്ടരായി. |

ദക്ഷിണാഗ്രേഷു ദർഭേഷു ഉദക്തീരം സമാശ്രിതാഃ
മുമൂർഷവോ ഹരിശ്രേഷ്ഠാ ഏതത് ക്ഷമമിതി സ്മ ഹ. 21

| | | | |
|---|---|---|---|
| ഉദക്തീരം | (സമുദ്രത്തിന്റെ) വടക്കേക്കര | ദർഭേഷു | ദർഭകളിൽ |
| സമാശ്രിതാഃ | എത്തിയവരായ | "ഏതത് ക്ഷമം" ഇതി | "ഇതുതന്നെ യുക്തമായതു്" എന്നിങ്ങിനെ |
| ഹരിശ്രേഷ്ഠാഃ, | ആ വാനരന്മാർ | മുമൂർഷവഃ സ്മ ഹ! | മരിക്കുവാൻ സന്നദ്ധരായി ഭവിച്ചു, കഷ്ടം! |
| ദക്ഷിണാഗ്രേഷു | അഗ്രങ്ങൾ തെക്കോട്ടായുള്ള | | |

രാമസ്യ വനവാസം ച ക്ഷയം ദശരഥസ്യ ച
ജനസ്ഥാനവധം ചൈവ വധം ചൈവ ജടായുഷഃ 22
ഹരണം ചൈവ വൈദേഹ്യാ വാലിനശ്ച വധം രണേ
രാമകോപം ച വദതാം ഹരീണാം ഭയമാഗതം 23

ഏവം വദദ്ഭിർബ്ബഹുഭിർമ്മഹീധരോ
മഹാദ്രികൂടപ്രതിമൈഃ പ്ലവംഗമൈഃ
ബഭൂവ സന്നാദിതനിർഝരാന്തരോ
ഭൃശം നദദ്ഭിർജ്ജലദൈരിവോല്ബണൈഃ. 24

| | |
|---|---|
| രാമസ്യ | ശ്രീരാമന്റെ |
| വനവാസം ച | വനവാസത്തെക്കുറി |
| ദശരഥസ്യ | ദശരഥന്റെ [ച്ചും |
| ക്ഷയം ഏവ | നിര്യ്യാണത്തെക്കുറിച്ചും |
| ജനസ്ഥാനവധം ച | ജനസ്ഥാനവധത്തെക്കുറിച്ചും |
| വൈദേഹ്യാഃ | വിദേഹാത്മജയുടെ |
| ഹരണം | അപഹരണത്തെപ്പററിയും |
| ജടായുഷഃ | ജടായുസ്സിന്റെ |
| വധം ഏവ | വധത്തെക്കുറിച്ചും |
| രണേ | യുദ്ധത്തിൽ |
| വാലിനഃ | ബാലിയുടെ |
| വധം ച, | നിഗ്രഹത്തെക്കുറിച്ചും, |
| രാമകോപം ച, | ശ്രീരാമകോപത്തെപ്പ |
| ച ഏവ | തന്മൂലം [ററിയും, |
| ആഗതം ഭയം ച | നേരിട്ടിരിക്കുന്ന വിപത്തിനെക്കുറിച്ചും |
| ഹരീണാം | വാനരന്മാർ |
| വദതാം | സംസാരിച്ചുകൊണ്ടിരിക്കെ |
| മഹാദ്രികൂടപ്രതിമൈഃ | വന്മലയുടെ ശിഖരങ്ങൾക്ക് തുല്യന്മാരും |
| ഏവം | ഇപ്രകാരം |
| വദദ്ഭിഃ | പറഞ്ഞുകൊണ്ടിരുന്നവരുമായ |
| ബഹുഭിഃ | അസംഖ്യരായ |
| പ്ലവംഗമൈഃ, | ആ വാനരന്മാരാൽ, |
| മഹീധരഃ | ആ പർവ്വതം |
| ഭൃശം നദദ്ഭിഃ | ഏററവും മുഴങ്ങുന്ന |
| ഉല്ബണൈഃ | തിങ്ങിയ |
| ജലദൈഃ ഇവ, | കാർമ്മേഘങ്ങളാലെന്നപോലെ, |
| സന്നാദിതനിർഝരാന്തരഃ | മുഴങ്ങുന്ന ചോലകളോടുകൂടിയതായി |
| ബഭൂവ. | വിളങ്ങി. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
പഞ്ചപഞ്ചാശഃ സർഗ്ഗഃ = അമ്പത്തഞ്ചാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 11455 ; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 2203.

## ഷട്പഞ്ചാശഃ സർഗ്ഗഃ = അമ്പത്താറാംസർഗ്ഗം.

[അംഗദസമ്പാതിനോഃ സംവാദം = അംഗദനും സമ്പാതിയും തമ്മിൽ
സംഭാഷണം ചെയ്യുന്നത്.]

ഉപവിഷ്ടാസ്തു തേ സർവ്വേ യസ്മിൻ പ്രായം ഗിരിസ്ഥലേ
ഹരയോ ഗൃധ്രരാജശ്ച തം ദേശമുപചക്രമേ. 1

| | |
|---|---|
| തേ | ആ |
| ഹരയഃ | വാനരന്മാർ |
| സർവ്വേ ച, | എല്ലാവരും, |
| യസ്മിൻ | യാതൊരു |
| ഗിരിസ്ഥലേ | മലയടിവാരത്തിൽ |
| പ്രായം ഉപവിഷ്ടാഃ, | പ്രായോപവേശം ചെയ്തിരുന്നുവോ, |
| തം ദേശം തു | ആ പ്രദേശത്തിലേക്കു തന്നെ |
| ഗൃധ്രരാജഃ ച | ഒരു കഴുകനും |
| ഉപചക്രമേ. | വന്നെത്തി. [കഴുകനും |

സമ്പാതിർന്നാമ നാമ്നാ തു ചിരഞ്ജീവീ വിഹംഗമഃ
ഭ്രാതാ ജടായുഷഃ ശ്രീമാൻ പ്രഖ്യാതബലപൌരുഷഃ. 2

| | | | |
|---|---|---|---|
| നാമ്നാ | പേരുകൊണ്ട് | ജടായുഷഃ | ജടായുവിൻെറ |
| സമ്പാതിഃ തു | സമ്പാതിയെന്ന് | ഭ്രാതാ; | സഹോദരൻ; |
| നാമ; | പറയപ്പെട്ടുവൻ; | ശ്രീമാൻ; | പ്രഭാവമാന്നവൻ; |
| ചിരഞ്ജീവീ | ദീർഘായുസ്സോടുകൂടിയ | പ്രഖ്യാതബലപൌരുഷഃ. | വിഖ്യാതമായ ബലപരാക്രമങ്ങളോടുകൂടിയവൻ. |
| വിഹംഗമഃ; | ഒരു പക്ഷി; | | |

കന്ദരാദഭിനിഷ്ക്രമ്യ സ വിന്ധ്യസ്യ മഹാഗിരേഃ
ഉപവിഷ്ടാൻ ഹരീൻ ദൃഷ്ട്വാ ഹൃഷ്ടാത്മാ ഗിരമബ്രവീത്. 3

| | | | |
|---|---|---|---|
| സഃ, | അവൻ, | ഉപവിഷ്ടാൻ | പ്രായോപവേശംചെയ്തിരുന്ന |
| വിന്ധ്യസ്യ | വിന്ധ്യ | ഹരീൻ | വാനരന്മാരെ |
| മഹാഗിരേഃ | മഹാഗിരിയുടെ | ദൃഷ്ട്വാ, | കണ്ട്, |
| കന്ദരാത് | ഗുഹയിൽനിന്ന് | ഹൃഷ്ടാത്മാ, | സന്തോഷമാന്നവനായി |
| അഭിനിഷ്ക്രമ്യ | പുറത്തുവന്ന്, | ഗിരം | ഇപ്രകാരം വാക്യത്തെ |
| | | അബ്രവീത്. | പറഞ്ഞു. |

വിധിഃ കില നരം ലോകേ വിധാനേനാനുവർത്തതേ
യഥാഽയം വിഹിതോ ഭക്ഷ്യശ്ചിരാന്മഹ്യമിഹാഗതഃ. 4

| | | | |
|---|---|---|---|
| "ലോകേ | "ലോകത്തിൽ | മഹ്യം യഥാ ഹി | എനിക്കായിതന്നെ |
| വിധിഃ | പൂർവ്വകർമ്മഫലമെന്നത് | വിഹിതഃ | നിയമിക്കപ്പെട്ടിരിക്കുന്ന |
| വിധാനേന | നന്മതിന്മകളെ കൊടുക്കുന്നതായി | അയം ഭക്ഷ്യഃ | ഈ ആഹാരം, |
| നരം | മനുഷ്യനെ | ഇഹ | ഇതാ |
| അനുവർത്തതേ | തുടരുന്നു എന്നുള്ളത് | ചിരാത് | വളരെക്കാലത്തിനുശേഷം, |
| കില; | കേട്ടറിവുള്ള സംഗതിയാണ്; | ആഗതഃ." | ലഭിച്ചിരിക്കുന്നു." |

പരം പരാണാം ഭക്ഷിഷ്യേ വാനരാണാം മൃതം മൃതം
ഉവാചൈതദ്വചഃ പക്ഷീ താൻ നിരീക്ഷ്യ പ്ലവംഗമാൻ. 5

| | | | |
|---|---|---|---|
| പക്ഷീ | ആ പക്ഷി | മൃതം മൃതം, | മരിച്ച ഓരോന്നിനെയായി |
| താൻ | ആ | പരം | തൃപ്തിപൂണ്ട് |
| പ്ലവംഗമാൻ | വാനരന്മാരെ | ഭക്ഷിഷ്യേ," | എനിക്കു തിന്നാം," എന്നിങ്ങിനെ |
| നിരീക്ഷ്യ, | ഉററുനോക്കിയശേഷം, | ഏതത് വചഃ | ഈ വാക്യത്തെ |
| "പരാണാം | "പെരുത്ത ഉടലാന്ന | ഉവാച. | പറഞ്ഞു. |
| വാനരാണാം | വാനരന്മാരിൽ | | |

തസ്യ തദ്വചനം ശ്രുത്വാ ഭക്ഷ്യലുബ്ധസ്യ പക്ഷിണഃ
അംഗദഃ പരമായസ്തോ ഹനുമന്തമഥാബ്രവീത്. 6

| | | | |
|---|---|---|---|
| ഭക്ഷ്യലുബ്ധസ്യ | തീനിൽ കൊതിയാന്ന | ശ്രുത്വാ, | കേട്ട്, |
| തസ്യ പക്ഷിണഃ | ആ പക്ഷിയുടെ | പരമായസ്തഃ | അതിഖിന്നനായി |
| തത് | ആ | ഹനുമന്തം | ഹനുമാനെ നോക്കി |
| വചനം | വാക്യത്തെ | അഥ | ആ സമയം |
| അംഗദഃ | അംഗദൻ | അബ്രവീത്. | പറഞ്ഞു. |

പശ്യ സീതാപദേശേന സാക്ഷാദ്വൈവസ്വതോ യമഃ
ഇമം ദേശമനുപ്രാപ്തോ വാനരാണാം വിപത്തയേ. 7

| | | | |
|---|---|---|---|
| "സീതാപ- ദേശേന | "സീതയുടെ മൂലമായി | വൈവസ്വതഃ | വൈവസ്വതനായ |
| | | യമഃ | യമൻ |
| വാനരാണാം | വാനരന്മാരുടെ | ഇമം ദേശം | ഈ ദിക്കിൽ |
| വിപത്തയേ | നാശത്തിനുവേണ്ടി | അനുപ്രാപ്തഃ, | എത്തിയിരിക്കുന്നു, |
| സാക്ഷാത് | സാക്ഷാൽ | പശ്യ. | നോക്കുക. |

രാമസ്യ ന കൃതം കാൎയ്യം രാജ്ഞോ ന ച വചഃ കൃതം
ഹരീണാമിയമജ്ഞാതാ വിപത്തിഃ സഹസാഽഽഗതാ. 8

| | | | |
|---|---|---|---|
| "രാമസ്യ | "ശ്രീരാമസ്വാമിയുടെ | ഹരീണാം | വാനരന്മാൎക്കു |
| കാൎയ്യം | കാൎയ്യം | ഇയം | ഈ |
| ന കൃതം; | സാദ്ധ്യമായില്ല; | അജ്ഞാതാ | അവിചാരിതമായ |
| രാജ്ഞഃ വചഃ ച | രാജശാസനയും | വിപത്തിഃ | ആപത്ത് |
| | | സഹസാ | പെട്ടെന്ന്, |
| ന കൃതം; | നിറവേററപ്പെട്ടില്ല; | ആഗതാ. | പിണയുകയും ചെയ്തു. |

വൈദേഹ്യാഃ പ്രിയകാമേന കൃതം കൎമ്മ ജടായുഷാ
ഗൃദ്ധ്രരാജേന യത് തത്ര ശ്രുതം വസ്തദശേഷതഃ. 9

| | | | |
|---|---|---|---|
| "വൈദേഹ്യാഃ | "സീതാദേവിക്ക് | കൎമ്മ | ചെയ്യേണ്ടതായുള്ളത് |
| പ്രിയകാമേന | നന്മവരേണമെന്ന വിചാരത്തോടു കൂടിയ | യത് | യാതൊന്നോ |
| | | തത് കൃതം; | അതു ചെയ്യപ്പെട്ടു; |
| ഗൃദ്ധ്രരാജേന | ഗൃദ്ധ്രരാജാവായ | വഃ | നിങ്ങൾക്ക് |
| ജടായുഷാ, | ജടായുവിനാൽ, | അശേഷതഃ | എല്ലാം |
| തത്ര | ആ സമയം | ശ്രുതം. | കേട്ടറിവുള്ളതാണല്ലോ. |

തഥാ സൎവ്വാണി ഭൂതാനി തിൎയ്യഗ്യോനിഗതാന്യപി
പ്രിയം കുൎവ്വന്തി രാമസ്യ ത്യക്ത്വാ പ്രാണാൻ യഥാ വയം
അന്യോന്യമുപകുൎവ്വന്തി സ്നേഹകാരുണ്യയന്ത്രിതാഃ. 10

| | | | |
|---|---|---|---|
| "തഥാ | "അതുപോലെ തന്നെ | രാമസ്യ | ശ്രീരാമന്ന് |
| തിൎയ്യഗ്യോനി-ഗതാനി | തിൎയ്യക് യോനികളിൽ ജനിച്ച | പ്രിയം | സഹായത്തെ |
| സൎവ്വാണി | എല്ലാ | കുൎവ്വന്തി; | ചെയ്യുന്നു; |
| ഭൂതാനി, | പ്രാണികളും, | സ്നേഹ-കാരുണ്യ-യന്ത്രിതാഃ | സ്നേഹത്താലും കരുണയാലും വശീകരിക്കപ്പെട്ടവരായി |
| വയം യഥാ, | നമ്മെപ്പോലെതന്നെ, | അന്യോന്യം | പരസ്പരം |
| പ്രാണാൻ അപി | ജീവനെക്കൂടി | ഉപകുൎവ്വന്തി. | സഹായം ചെയ്യുന്നു. |
| ത്യക്ത്വാ, | അലക്ഷ്യമാക്കി, | | |

തതസ്തസ്യോപകാരാൎത്ഥം ത്യജതാത്മാനമാത്മനാ
പ്രിയം കൃതം ഹി രാമസ്യ ധൎമ്മജ്ഞേന ജടായുഷാ. 11

| | | | |
|---|---|---|---|
| "തതഃ ഹി, | "അതിനാൽതന്നെയാണ് | ത്യജതാ, | ഉപേക്ഷിച്ചവനും, |
| രാമസ്യ | ശ്രീരാമന്ന് | ധൎമ്മജ്ഞേന | ധൎമ്മമറിഞ്ഞവനുമായ |
| ഉപകാരാൎത്ഥം | ഉപകാരത്തെ ഉദ്ദേശിച്ച് | ജടായുഷാ, | ജടായുവിനാൽ, |
| ആത്മനാ | സ്വയമായി | തസ്യ | അദ്ദേഹത്തിന്ന് |
| ആത്മാനം | പ്രാണനെ | പ്രിയം | സഹായം |
| | | കൃതം. | ചെയ്യപ്പെട്ടത്. |

രാഘവാൎത്ഥേ പരിശ്രാന്താ വയം സന്ത്യക്തജീവിതാഃ
കാന്താരാണി പ്രപന്നാഃ സ്മ ന ച പശ്യാമ മൈഥിലീം. 12

| | | | |
|---|---|---|---|
| "വയം | "നാം | പ്രപന്നാഃ | പ്രവേശിച്ചവരായി |
| രാഘവാൎത്ഥേ | ശ്രീരാഘവന്നുവേണ്ടി | സന്ത്യക്ത-ജീവിതാഃ സ്മ; | ജീവിതം വെടിഞ്ഞവരായി ഭവിച്ചിരിക്കുന്നു; |
| പരിശ്രാന്താഃ | അത്യധികം പ്രയത്നം ചെയ്തവരായി | ച | എന്നിട്ടും |
| കാന്താരാണി | കാടുകളേയും | മൈഥിലീം | മൈഥിലിയെ |
| | | ന പശ്യാമ. | കണ്ടതുമില്ല. |

സ സുഖീ ഗൃദ്ധ്രരാജസ്തു രാവണേന ഹതോ രണേ
മുക്തശ്ച സുഗ്രീവഭയാദ് ഗതശ്ച പരമാം ഗതിം. 13

| | | | |
|---|---|---|---|
| "തു | "ഈ കാൎയ്യത്തിൽ | സുഖീ; | ഭാഗ്യശാലി; |
| രണേ | യുദ്ധത്തിൽ | സഃ | അവൻ |
| രാവണേന | രാവണനാൽ | സുഗ്രീവഭയാത് ച മുക്തഃ | സുഗ്രീവനെ പേടിക്കുവാൻ ഇടവരാതെ |
| ഹതഃ | വധിക്കപ്പെട്ട | പരമാം ഗതിം | മോക്ഷത്തെ |
| ഗൃദ്ധ്രരാജഃ | ഗൃദ്ധ്രരാജാവുതന്നെയാണ് | ഗതഃ ച. | പ്രാപിക്കുകയും ചെയ്തു. |

ജടായുഷോ വിനാശേന രാജ്ഞോ ദശരഥസ്യ ച
ഹരണേന ച വൈദേഹ്യാഃ സംശയം ഹരയോ ഗതാഃ 14
രാമലക്ഷ്മണയോർവ്വാസ അരണ്യേ സഹ സീതയാ
രാഘവസ്യ ച ബാണേന വാലിനശ്ച തഥാ വധഃ 15
രാമകോപാദശേഷാണാം രാക്ഷസാനാം തഥാ വധഃ
കൈകേയ്യാ വരദാനേന ഇദം ഹി വികൃതം കൃതം. 16

| | |
|---|---|
| "അരണ്യേ | "കാട്ടിൽ |
| സീതയാ സഹ | സീതയോടുംകൂടി |
| രാമ-ലക്ഷ്മണയോഃ | ശ്രീരാമലക്ഷ്മണന്മാൎക്ക |
| വാസഃ; | വാസം ഭവിച്ചതു്; |
| ദശരഥസ്യ രാജ്ഞഃ ച | ദശരഥരാജാവിന്റേയും |
| ജടായുഷഃ ച | ജടായുസ്സിന്റേയും |
| വിനാശേന | മരണത്തോടുകൂടി |
| വൈദേഹ്യാഃ | വൈദേഹിയുടെ |
| ഹരണേന ച | ഹരണത്താലും |
| ഹരയഃ | വാനരന്മാർ |
| സംശയം ഗതാഃ; | പ്രാണഭയം നേരിടുന്നവരായി ഭവിച്ചു എന്നതു്; |

| | |
|---|---|
| തഥാ | അതുപോലെതന്നെ |
| രാഘവസ്യ | ശ്രീരാഘവന്റെ |
| ബാണേന ച | ബാണംകൊണ്ടുതന്നെ |
| വാലിനഃ | ബാലിയുടെ |
| വധഃ; | മരണംസംഭവിച്ചതു്; |
| തഥാ | അപ്രകാരംതന്നെ |
| രാമകോപാത് | ശ്രീരാമകോപത്താൽ |
| അശേഷാണാം | ഒന്നൊഴിയാതെയുള്ള |
| രാക്ഷസാനാം | രാക്ഷസന്മാൎക്കു് |
| വധഃ; | നാശമെന്നതു്; |
| ഇദം | ഇപ്പറഞ്ഞതെല്ലാം |
| കൈകേയ്യാഃ | കൈകേയിക്കു |
| വരദാനേന ഹി | വരംകൊടുത്ത ഒന്നു |
| കൃതം | നേരിട്ടു [കൊണ്ടുമാത്രം |
| വികൃതം." | ദോഷമാണു്." |

തദസുഖമനുകീൎത്തിതം വചോ
ഭുവി പതിതാംശ്ച സമീക്ഷ്യ വാനരാൻ
ഭൃശചലിതമതിൎമ്മഹാമതിഃ
കൃപണമുദാഹൃതവാൻ സ ഗൃധ്രരാട്. 17

| | |
|---|---|
| സഃ | ആ |
| മഹാമതിഃ | ബുദ്ധിമാനായ |
| ഗൃധ്രരാട്, | ഗൃധ്രരാജാവു്, |
| ഭുവി | നിലത്തു |
| പതിതാൻ | വീണുകിടന്നിരുന്ന |
| വാനരാൻ ച, | വാനരന്മാരേയും, |
| അനുകീൎത്തിതം | അവരാൽ പറയപ്പെട്ടതും |

| | |
|---|---|
| അസുഖം | കാൎയ്യ സ്വഭാവം മുഴുവനും അറിയാത്ത വിധത്തിലുള്ളതും ആയ |
| തത് വചഃ ച | ആ സംഭാഷണത്തേ |
| സമീക്ഷ്യ, | ശ്രദ്ധിച്ചു് [യും |
| ഭൃശചലിത-മതിഃ, | അധിക മനശ്ചാഞ്ചല്യത്തോടു കൂടിയവനായി, |
| കൃപണം | ദൈന്യതയെ |
| ഉദാഹൃതവാൻ. | വിശദമാക്കി. |

തത്തു ശ്രുത്വാ തദാ വാക്യമംഗദസ്യ മുഖോദ്ഗതം
അബ്രവീദ്വചനം ഗൃധ്രസ്തീക്ഷ്ണതുണ്ഡോ മഹാസ്വനഃ. 18

തീക്ഷ്ണ-തുണ്ഡഃ } കൂൎത്ത കൊക്കുകളാൎന്നവനും
മഹാസ്വനഃ — ഗംഭീര ശബ്ദത്തോടു കൂടിയവനുമായ
ഗൃധ്രഃ, — ആ കഴുകൻ,
തദാ — അപ്പോൾ
അംഗദസ്യ മുഖോദ്ഗതം } അംഗദൻ പറഞ്ഞുവെച്ചതായ
തത് വാക്യം — ആ വൎത്തമാനത്തെ
ശ്രുത്വാ തു, — കേട്ട ഉടനെ
വചനം അബ്രവീത്. } ഇപ്രകാരം ചോദിച്ചു.

കോഽയം ഗിരാ ഘോഷയതി പ്രാണൈഃ പ്രിയതമസ്യ മേ
ജടായുഷോ വധം ഭ്രാതുഃ കമ്പയന്നിവ മേ മനഃ. 19

"മേ — "എനിക്ക്
പ്രാണൈഃ പ്രിയതമസ്യ } പ്രാണങ്ങളെക്കാൾ പ്രിയപ്പെട്ടവനായ
ഭ്രാതുഃ — സഹോദരനായ
ജടായുഷഃ — ജടായുവിന്റെ
വധം, — മരണത്തെപ്പററി,
മേ മനഃ — എന്റെ മനസ്സിനെ
കമ്പയൻ, — കുലുക്കമാറു്,
അയം ഗിരാ ഘോഷയതി; } ഇവൻ വാക്കുകൊണ്ടു് പുകഴ്ത്തുന്നു;
കഃ ഇവ? — ഇവനാർതന്നെയാണോ?

കഥമാസീജ്ജനസ്ഥാനേ യുദ്ധം രാക്ഷസഗൃധ്രയോഃ
നാമധേയമിദം ഭ്രാതുശ്ചിരസ്യാദ്യ മയാ ശ്രുതം. 20

"ഭ്രാതുഃ — "ഭ്രാതാവിന്റെ
ഇദം നാമധേയം — ഈ പേർ
മയാ — എന്നാൽ
ചിരസ്യ — വളരെക്കാലത്തിനു [ശേഷം
അദ്യ — ഇപ്പോഴാണ്
ശ്രുതം; — കേൾക്കപ്പെട്ടതു്;
ജനസ്ഥാനേ — ജനസ്ഥാനത്തിൽ
രാക്ഷസ-ഗൃധ്രയോഃ } രാക്ഷസനും ജടായുവിനും തമ്മിൽ
യുദ്ധം — യുദ്ധം
കഥം — എങ്ങിനെ
ആസീത്? — സംഭവിച്ചു?

ഇച്ഛേയം ഗിരിദുൎഗ്ഗാച്ച ഭവദ്ഭിരവതാരിതും. 21

"ഗിരിദുൎഗ്ഗാത് { "പൎവ്വതത്തിന്റെ ഈ ദുൎഘടസ്ഥലത്തിൽനിന്നു്
ഭവദ്ഭിഃ ച — നിങ്ങളുടെ സഹായത്താൽതന്നെ
അവതാരിതും — ഇറങ്ങുവാൻ
ഇച്ഛേയം. — ഞാൻ ആഗ്രഹിക്കുന്നു.

യവീയസോ ഗുണജ്ഞസ്യ ശ്ലാഘനീയസ്യ വിക്രമൈഃ
അതിദീൎഘസ്യ കാലസ്യ പരിതുഷ്ടോഽസ്മി കീൎത്തനാത്. 22

"അതിദീൎഘസ്യ കാലസ്യ, — "ഒട്ടേറെ കാലംചെന്നശേഷം
വിക്രമൈഃ — പരാക്രമങ്ങളാൽ
ശ്ലാഘനീയസ്യ — പ്രശംസിക്കത്തക്കവനായി
ഗുണജ്ഞസ്യ — ഗുണങ്ങളറിയുന്നവ[നായ
യവീയസഃ — അനുജന്റെ
കീൎത്തനാത് — പ്രശംസകൊണ്ടു്
പരിതുഷ്ടഃ അസ്മി. } ഞാൻ വളരെ സന്തുഷ്ടനായിരിക്കുന്നു.

തദിച്ഛേയമഹം ശ്രോതും വിനാശം വാനരൎഷഭാഃ
ഭ്രാതുൎജ്ജടായുഷസ്തസ്യ ജനസ്ഥാനനിവാസിനഃ. 23

| | |
|---|---|
| "തത്, | "അതിനാൽ, |
| വാനരൎഷഭാഃ! | അല്ലേ വാനരോത്തമന്മാരേ! |
| ജനസ്ഥാനനിവാസിനഃ | ജനസ്ഥാനത്തിൽ പാൎത്തിരുന്ന |
| തസ്യ ഭ്രാതുഃ | ആ സഹോദരനായ |
| ജടായുഷഃ | ജടായുസ്സിന്റെ |
| വിനാശം, | മരണത്തെപ്പററി |
| അഹം ശ്രോതും | ഞാൻ അറിയുന്നതിന്നു |
| ഇച്ഛേയം. | ആഗ്രഹിക്കുന്നു. |

തസ്യൈവ ച മമ ഭ്രാതുഃ സഖാ ദശരഥഃ കഥം
യസ്യ രാമഃ പ്രിയഃ പുത്രോ ജ്യേഷ്ഠോ ഗുരുജനപ്രിയഃ. 24

| | |
|---|---|
| "ഗുരുജനപ്രിയഃ | "ഗുരുജനവത്സലനായ |
| രാമഃ | ശ്രീരാമൻ |
| യസ്യ | യാതൊരുവന്റെ |
| പ്രിയഃ | സ്നേഹഭാജനമായ |
| ജ്യേഷ്ഠഃ | മൂത്ത |
| പുത്രഃ; | പുത്രനോ, |
| ദശരഥഃ ഏവ | ആ ദശരഥമഹാരാജാവും |
| മമ | എന്റെ |
| ഭ്രാതുഃ | അനുജനായ |
| തസ്യ | അവന്ന് |
| സഖാ | ഇഷ്ടമിത്രമെന്നതു് |
| കഥം ച? | എങ്ങിനെ? |

സൂൎയ്യാംശുദഗ്ദ്ധപക്ഷത്വാന്ന ശക്നോമ്യുപസൎപ്പിതും
ഇച്ഛേയം പൎവ്വതാദസ്മാദവതൎത്തുമരിന്ദമാഃ. 25

| | |
|---|---|
| "അരിന്ദമാഃ! | "ജയശാലികളായുള്ളവരേ! |
| സൂൎയ്യാംശുദഗ്ദ്ധപക്ഷത്വാത് | സൂൎയ്യരശ്മികളാൽ ചിറകുകറം കരിഞ്ഞിരിക്കുന്നതുകൊണ്ടു് |
| ഉപസൎപ്പിതും | അടുത്തുവരുന്നതിന്ന് |
| ന ശക്നോമി; | ഞാൻ ശക്തനല്ലാതിരിക്കുന്നു; |
| അസ്മാത് | ഈ |
| പൎവ്വതാത് | പൎവ്വതത്തിൽനിന്ന് |
| അവതൎത്തും | ഇറങ്ങിവരുന്നതിന്ന് |
| ഇച്ഛേയം. | ഞാൻ ആഗ്രഹിക്കുന്നു. |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ ഷട്പഞ്ചാശഃ സൎഗ്ഗഃ = അമ്പത്താറാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 11480; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 2228.

## സപ്തപഞ്ചാശഃ സൎഗ്ഗഃ = അമ്പത്തേഴാംസൎഗ്ഗം.

[നിഖിലരാമവൃത്താന്തകഥനം = ശ്രീരാമന്റെ ചരിത്രത്തെ മുഴുവൻ പറയുന്നതു്.]

ശോകാദ്ഭ്രഷ്ടസ്വരമപി ശ്രുത്വാ തേ ഹരിയൂഥപാഃ
ശ്രദ്ദധുൎന്നൈവ തദ്വാക്യം കൎമ്മണാ തസ്യ ശങ്കിതാഃ. 1

| | |
|---|---|
| ശോകാത് | ശോകത്താൽ |
| ഭ്രഷ്ടസ്വരം | ഇടറിയ ഒച്ചയോടുകൂടി [യ |
| തത് വാക്യം | ആ വാക്യത്തെ |
| തേ ഹരിയൂഥപാഃ | ആ വാനരന്മാർ |
| ശ്രുത്വാ അപി | കേട്ടിട്ടും |
| തസ്യ | ആ പക്ഷിയുടെ |
| കൎമ്മണാ | പ്രവൃത്തിയെക്കുറിച്ചു് |
| ശങ്കിതാഃ | ശങ്കിക്കുന്നവരായി |
| ന ശ്രദ്ദധുഃ ഏവ. | വിശ്വാസം കയ്ക്കൊണ്ടതേയില്ല. |

തേ പ്രായമുപവിഷ്ടാസ്തു ദൃഷ്ട്വാ ഗൃദ്ധ്രം പ്ലവംഗമാഃ
ചക്രുർബുദ്ധിം തദാ രൌദ്രാം സൎവ്വാൻ നോ ഭക്ഷയിഷ്യതി. 2

| | | | |
|---|---|---|---|
| പ്രായം | പ്രായോപവേശം | ഭക്ഷയിഷ്യതി," | ഭക്ഷിച്ചുകളയും," എന്ന |
| ഉപവിഷ്ടാഃ | ചെയ്തവരായ | രൌദ്രാം ബുദ്ധിം തു | ദുഷ്ടവിചാരത്തെയും [ഭക്ഷ |
| തേ പ്ലവംഗമാഃ | ആ വാനരന്മാർ | തദാ | അപ്പോൾ |
| ഗൃദ്ധ്രം ദൃഷ്ട്വാ | കഴുകിനെ നോക്കി | ചക്രുഃ | കൈക്കൊണ്ടു. |
| "നഃ സൎവ്വാൻ | "നമ്മെ എല്ലാവരേയും | | |

സൎവ്വഥാ പ്രായമാസീനാൻ യദി നോ ഭക്ഷയിഷ്യതി
കൃതകൃത്യാ ഭവിഷ്യാമഃ ക്ഷിപ്രം സിദ്ധിമിതോ ഗതാഃ. 3

| | | | |
|---|---|---|---|
| "പ്രായം ആസീനാൻ | "പ്രായോപവേശം കയ്യേറ്റവരായ | ഇതഃ | ഇതിനാൽതന്നെ |
| നഃ | നമ്മെ | ക്ഷിപ്രം | വേഗത്തിൽ |
| സൎവ്വഥാ | എന്തായാലും | സിദ്ധിം | സിദ്ധി |
| ഭക്ഷയിഷ്യതി | ഭക്ഷിക്കും | ഗതാഃ | പ്രാപിച്ചവരായി |
| യദി, | എന്നുവരുന്നപക്ഷം | കൃതകൃത്യാഃ | കൃതാൎത്ഥരായി |
| | | ഭവിഷ്യാമഃ." | നാം ഭവിക്കുന്നതാണ്" |

ഏതാം ബുദ്ധിം തതശ്ചക്രുഃ സൎവ്വേ തേ വാനരൎഷഭാഃ
അവതാൎയ്യ ഗിരേഃ ശൃംഗാദ് ഗൃദ്ധ്രമാഹാംഗദസ്തദാ. 4

| | | | |
|---|---|---|---|
| തേ വാനരൎഷഭാഃ | ആ വാനരശ്രേഷ്ഠന്മാർ | തദാ അംഗദഃ | ആ സമയം അംഗദൻ |
| സൎവ്വേ, | എല്ലാവരും, | ഗിരേഃ ശൃംഗാത് | പൎവ്വതശിഖരത്തിൽനി [ന്ന് |
| ഏതാം ബുദ്ധിം | ഈ അഭിപ്രായത്തെ | ഗൃദ്ധ്രം | കഴുകനെ |
| ചക്രുഃ; | കയ്യേറ്റു; | അവതാൎയ്യ | പിടിച്ചിറക്കി |
| തതഃ | അതിനാൽ | ആഹ. | ഇങ്ങിനെ പറഞ്ഞു. |

ബഭൂവൎക്ഷരജോ നാമ വാനരേന്ദ്രഃ പ്രതാപവാൻ
മമാൎയ്യഃ പാൎത്ഥിവഃ പക്ഷിൻ ധാൎമ്മികസ്തസ്യ ചാത്മജൌ. 5

| | | | |
|---|---|---|---|
| "പക്ഷിൻ! | "അല്ലേ പക്ഷി! | ധാൎമ്മികഃ | ധാൎമ്മികനും |
| ഋക്ഷരജഃ നാമ | ഋക്ഷരജസ്സെന്ന | പാൎത്ഥിവഃ | രാജാവുമായ അദ്ദേഹം |
| വാനരേന്ദ്രഃ | ഒരു വാനരശ്രേഷ്ഠൻ | മമ ആൎയ്യഃ; | എന്റെ പൂൎവ്വികനാകു [ന്നു; |
| ബഭൂവ; | ഉണ്ടായിരുന്നു; | തസ്യ | അദ്ദേഹത്തിന്ന് |
| പ്രതാപവാൻ | പ്രതാപശാലിയും | ആത്മജൌ ച. | രണ്ടു പുത്രന്മാർ. |

സുഗ്രീവശ്ചൈവ വാലീ ച പുത്രാവോഘബലാവുഭൌ
ലോകേ വിശ്രുതകൎമ്മാഭൂദ്രാജാ വാലീ പിതാ മമ. 6

| | | | |
|---|---|---|---|
| "വാലീ ച | "ബാലിയെന്നും | വാലീ ഏവ | ബാലിതന്നെയാണ് |
| സുഗ്രീവഃ ച | സുഗ്രീവനെന്നുമാകുന്ന | മമ പിതാ; | എന്റെ പിതാവ്; |
| ഉഭൌ | ആ രണ്ടു | രാജാ, | രാജാവായി, |
| പുത്രൌ; | പുത്രന്മാർ; | ലോകേ | ലോകത്തിൽ |
| ഓഘബലൌ; | അളവററ ബലശാലികൾ; | വിശ്രുതകൎമ്മാ | പ്രസിദ്ധപരാക്രമിയാ [യി |
| | | അഭൂത്. | വൎത്തിച്ചിരുന്നു. |

രാജാ കൃത്സ്നസ്യ ജഗത ഇക്ഷ്വാകൂണാം മഹാരഥഃ
രാമോ ദാശരഥിഃ ശ്രീമാൻ പ്രവിഷ്ടോ ദണ്ഡകാവനം 7
ലക്ഷ്മണേന സഹ ഭ്രാത്രാ വൈദേഹ്യാ ചാപി ഭാൎയ്യയാ
പിതുൎന്നിർദ്ദേശനിരതോ ധൎമ്മ്യം പന്ഥാനമാശ്രിതഃ. 8

| | |
|---|---|
| "ദാശരഥിഃ | "ദശരഥാത്മജനായ |
| രാമഃ | ശ്രീരാമൻ, |
| കൃത്സ്നസ്യ | സകല |
| ജഗതഃ | ലോകങ്ങൾക്കും |
| രാജാ, | ചക്രവൎത്തിയായി |
| ഇക്ഷ്വാകൂണാം | ഇക്ഷ്വാകുവംശത്തിലുള്ളവരിൽ |
| മഹാരഥഃ; | പ്രശസ്തിയാൎന്ന പോരാളിയായിരുന്നു; |
| ശ്രീമാൻ അപി; | ശ്രീമാനായിരുന്നു; |
| ധൎമ്മ്യം പന്ഥാനം | ധൎമ്മമാൎഗ്ഗത്തെ |
| ആശ്രിതഃ | അനുസരിക്കുന്നവനായി |
| പിതുഃ | പിതാവിന്റെ |
| നിർദ്ദേശനിരതഃ | ആജ്ഞയ്ക്കധീനനായി |
| ഭ്രാത്രാ | അനുജനായ |
| ലക്ഷ്മണേന സഹ | ലക്ഷ്മണനോടും |
| ഭാൎയ്യയാ | പത്നിയായ |
| വൈദേഹ്യാ ച, | വിദേഹാത്മജയോടും കൂടി, |
| ദണ്ഡകാവനം | ദണ്ഡകാരണ്യത്തിൽ |
| പ്രവിഷ്ടഃ. | പാൎത്തുവന്നിരുന്നു. |

തസ്യ ഭാൎയ്യാ ജനസ്ഥാനാദ്രാവണേന ഹൃതാ ബലാത്. 9

| | |
|---|---|
| "തസ്യ | "അദ്ദേഹത്തിന്റെ |
| ഭാൎയ്യാ | പത്നി, |
| ജനസ്ഥാനാത് | ജനസ്ഥാനത്തിൽ നിന്നു |
| രാവണേന | രാവണനാൽ |
| ബലാത് | ബലാല്ക്കാരമായി |
| ഹൃതാ. | അപഹരിച്ചു കൊണ്ടുപോകപ്പെട്ടു. |

രാമസ്യ തു പിതുൎമ്മിത്രം ജടായുൎന്നാമ ഗൃദ്ധ്രരാട്
ദദൎശ സീതാം വൈദേഹീം ഹ്രിയമാണാം വിഹായസാ. 10

| | |
|---|---|
| "രാമസ്യ | "ശ്രീരാമന്റെ |
| പിതുഃ | പിതാവിന്റെ |
| മിത്രം | സുഹൃത്തായ |
| ജടായുഃ നാമ | ജടായുവെന്ന |
| ഗൃദ്ധ്രരാട്, | കഴുകൎക്കധിപൻ, |
| വിഹായസാ | ആകാശമാൎഗ്ഗമായി |
| ഹ്രിയമാണാം | എടുത്തുകൊണ്ടു പോകപ്പെടുന്ന |
| വൈദേഹീം | വിദേഹകുമാരിയായ |
| സീതാം, | സീതയെ |
| തു | ഈ സ്ഥിതിയിൽ |
| ദദൎശ. | കണ്ടു. |

രാവണം വിരഥം കൃത്വാ സ്ഥാപയിത്വാ ച മൈഥിലീം
പരിശ്രാന്തശ്ച വൃദ്ധശ്ച രാവണേന ഹതോ രണേ. 11

| | |
|---|---|
| "രണേ | "പോരിൽ |
| രാവണം | രാവണനെ |
| വിരഥം | തേരില്ലാത്തവനാക്കി |
| കൃത്വാ, | ചെയ്തു, |
| മൈഥിലീം ച | മിഥിലാത്മജയേയും |
| സ്ഥാപയിത്വാ, | ധൈൎയ്യപ്പെടുത്തി, |
| വൃദ്ധഃ ച | വൃദ്ധനും |
| പരിശ്രാന്തഃ ച | ക്ഷീണിച്ചിരുന്നവനുമായ അവൻ, |
| രാവണേന | രാവണനാൽ |
| ഹതഃ. | നിഗ്രഹിക്കപ്പെട്ടു. |

ഏവം ഗൃധ്രോ ഹതസ്തേന രാവണേന ബലീയസാ
സംസ്കൃതശ്ചാപി രാമേണ ഗതശ്ച ഗതിമുത്തമാം. 12

| | | | |
|---|---|---|---|
| “ തേന | “ ആ | രാമേണ | ശ്രീരാമനാൽ |
| ബലീയസാ | ബലവാനായ | സംസ്കൃതഃ; | സംസ്കരിക്കപ്പെട്ടു്, |
| രാവണേന | രാവണനാൽ | ച ച | ഉടനെതന്നെ |
| ഏവം ഹതഃ | ഇപ്രകാരം ഹനിക്ക[പ്പെട്ട | ഉത്തമാം ഗതിം | സദ്ഗതിയെ |
| ഗൃധ്രഃ അപി, | ആ കഴുകനും, | ഗതഃ. | പ്രാപിച്ചു. |

തതോ മമ പിതൃവ്യേണ സുഗ്രീവേണ മഹാത്മനാ
ചകാര രാഘവഃ സഖ്യം സോऽവധീത് പിതരം മമ. 13

| | | | |
|---|---|---|---|
| “ രാഘവഃ | “ ശ്രീരാഘവൻ | സഖ്യം ചകാര; | സഖ്യം ചെയ്തു; |
| മമ | എന്റെ | തതഃ | അക്കാരണത്താൽ |
| പിതൃവ്യേന | ഇളയച്ഛനായ | സഃ | അദ്ദേഹം |
| സുഗ്രീവേണ | സുഗ്രീവനെന്ന | മമ പിതരം | എന്റെ പിതാവിനെ |
| മഹാത്മനാ | വീരനോടുകൂടി | അവധീത്. | വധിച്ചു. |

മമ പിത്രാ വിരുദ്ധോ ഹി സുഗ്രീവഃ സചിവൈഃ സഹ
നിഹത്യ വാലിനം രാമസ്തതസ്തമഭ്യഷേചയത്. 14

| | | | |
|---|---|---|---|
| “ സുഗ്രീവഃ | “ സുഗ്രീവൻ | തതഃ | അതിനാൽ |
| സചിവൈഃ സഹ | സചിവന്മാരോടുകൂടി | രാമഃ ഹി | ശ്രീരാമനും |
| | | വാലിനം | ബാലിയെ |
| മമ പിത്രാ | എന്റെ പിതാവിനാൽ | നിഹത്യ, | കൊന്നു്, |
| വിരുദ്ധഃ; | നാട്ടിൽനിന്നോടിക്കപ്പെട്ടിരുന്നു; | തം | അദ്ദേഹത്തെ |
| | | അഭ്യഷേചയത്. | രാജാവായി വാഴിച്ചു. |

സ രാജ്യേ സ്ഥാപിതസ്തേന സുഗ്രീവോ വാനരേശ്വരഃ
രാജാ വാനരമുഖ്യാനാം യേന പ്രസ്ഥാപിതാ വയം. 15

| | | | |
|---|---|---|---|
| “ തേന | “ ഇക്കാരണത്താൽ | സ്ഥാപിതഃ; | നിയമിക്കപ്പെട്ടു; |
| സഃ സുഗ്രീവഃ | ആ സുഗ്രീവൻ | യേന | യാതൊരു അദ്ദേഹത്താലാണു് |
| വാനരമുഖ്യാനാം | വാനരശ്രേഷ്ഠന്മാരുടെ | | |
| രാജ്യേ | രാജ്യത്തിൽ | വയം | ഞങ്ങൾ |
| രാജാ | രാജാവായി | പ്രസ്ഥാപിതാഃ. | അയക്കപ്പെട്ടിരിക്കുന്നതു്. |
| വാനരേശ്വരഃ | വാനരന്മാൎക്കധിപനായി | | |

ഏവം രാമപ്രയുക്താസ്തു മാൎഗ്ഗമാണാസ്തതസ്തതഃ
വൈദേഹീം നാധിഗച്ഛാമോ രാത്രൗ സൂൎയ്യപ്രഭാമിവ. 16

| | | | |
|---|---|---|---|
| “ ഏവം | “ ഇപ്രകാരം | രാത്രൗ | രാത്രിയിൽ |
| രാമപ്രയുക്താഃ | ശ്രീരാമനു വേണ്ടി | സൂൎയ്യപ്രഭാം ഇവ, | സൂൎയ്യപ്രഭയെ എന്നപോലെ, |
| തതഃ തതഃ | എല്ലാ സ്ഥലങ്ങളിലും | | |
| മാൎഗ്ഗമാണാഃ തു | തിരയുന്നവരായിരുന്നി[ട്ടും | ന അധിഗച്ഛാമഃ. | ഞങ്ങൾ കാണുന്നതേയില്ല. |
| വൈദേഹീം, | വൈദേഹിയെ, | | |

തേ വയം ദണ്ഡകാരണ്യം വിചിത്യ സുസമാഹിതാഃ
അജ്ഞാനാത്തു പ്രവിഷ്ടാഃ സ്മ ധരണ്യാം വിവൃതം ബിലം. 17

| | | | |
|---|---|---|---|
| "തേ | "ആ | അജ്ഞാനാത് | അറിയായ്കയാൽ |
| വയം | ഞങ്ങൾ | ധരണ്യാം | ഭൂമിയിൽ |
| സുസമാഹിതാഃ | അതി ശ്രദ്ധയോടെ | വിവൃതം | വമ്പിച്ചതായ |
| ദണ്ഡകാരണ്യം | ദണ്ഡകാരണ്യത്തെ | ബിലം | ഒരു ഗുഹയിൽ |
| വിചിത്യ തു | തിരഞ്ഞിട്ടും | പ്രവിഷ്ടാഃ സ്മ. | പ്രവേശിച്ചു. |

മയസ്യ മായാവിഹിതം തദ്ബിലം ച വിചിന്വതാം
വ്യതീതസ്തത്ര നോ മാസോ യോ രാജ്ഞാ സമയഃ കൃതഃ. 18

| | | | |
|---|---|---|---|
| "മയസ്യ | "മയന്റെ | രാജ്ഞാ, | രാജാവിനാൽ, |
| മായാവിഹിതം | മായാനിർമ്മിതമായ | സമയഃ | അവധിയായി |
| തത് ബിലം | ആ ബിലത്തെ | കൃതഃ | നിർദ്ദേശിക്കപ്പെട്ടതായ |
| ച | മുഴുവനും | യഃ മാസഃ | യാതൊരു ആ ഒരുമാ |
| വിചിന്വതാം | തിരഞ്ഞുകൊണ്ടിരുന്ന | തത്ര | അവിടെ [സവും |
| നഃ, | ഞങ്ങൾക്ക്, | വ്യതീതഃ. | കഴിഞ്ഞുപോയി. |

തേ വയം കപിരാജസ്യ സർവ്വേ വചനകാരിണഃ
കൃതാം സംസ്ഥാമതിക്രാന്താ ഭയാത് പ്രായമുപാസ്മഹേ. 19

| | | | |
|---|---|---|---|
| "തേ | "അപ്രകാരമുള്ള | സംസ്ഥാം | അവധിയെ |
| വയം | ഞങ്ങൾ | അതിക്രാന്താഃ, | അതിക്രമിച്ചവരായി, |
| കപിരാജസ്യ | വാനരേശ്വരന്റെ | സർവ്വേ | ഞങ്ങളെല്ലാവരും |
| വചനകാരിണഃ; | ആജ്ഞയനുസരിച്ച് ന ടക്കുന്നവരാണ്; | ഭയാത് | ഭയംമൂലം |
| | | പ്രായം | പ്രായോപവേശത്തെ |
| കൃതാം | നിയമിക്കപ്പെട്ട | ഉപാസ്മഹേ. | കയ്ക്കൊണ്ടിരിക്കയാണ്. |

ക്രുദ്ധേ തസ്മിംസ്തു കാകുത്സ്ഥേ സുഗ്രീവേ ച സലക്ഷ്മണേ
ഗതാനാമപി സർവ്വേഷാം തത്ര നോ നാസ്തി ജീവിതം. 20

| | | | |
|---|---|---|---|
| "തസ്മിൻ | "ആ | ഗതാനാം | തിരികെച്ചെല്ലുന്ന |
| സലക്ഷ്മണേ | സൌമിത്രിസഹിത | നഃ സർവ്വേഷാം | ഞങ്ങൾ എല്ലാവൎക്കും |
| കാകുത്സ്ഥേ, | കാകുത്സ്ഥനും, [നായ | തത്ര | അവിടെ |
| സുഗ്രീവേ ച | സുഗ്രീവനും | ജീവിതം അപി | ജീവനോടിരിക്കുക എ |
| ക്രുദ്ധേ തു, | ക്രുദ്ധരായിരിക്കുമ്പോൾ, | ന അസ്തി." | ഇല്ലതന്നെ." [ന്നതു് |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
സപ്തപഞ്ചാശഃ സർഗ്ഗഃ = അമ്പത്തേഴാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 11500; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 2248.

## അഷ്ടപഞ്ചാശഃ സർഗ്ഗഃ = അമ്പത്തെട്ടാംസർഗ്ഗം.

[ലങ്കായാം സീതാവസ്ഥാനപ്രദർശനം = ലങ്കയിൽ സീതയിരിക്കുന്നതിനെ പറഞ്ഞുകൊടുക്കുന്നത്.]

ഇത്യുക്തഃ കരുണം വാക്യം വാനരൈസ്ത്യക്തജീവിതൈഃ
സബാഷ്പോ വാനരാൻ ഗൃദ്ധ്രഃ പ്രത്യുവാച മഹാസ്വനഃ 1

| | | | |
|---|---|---|---|
| ത്യക്തജീവിതൈഃ | പ്രാണനുപേക്ഷിപ്പാനുറച്ചിരുന്ന | മഹാസ്വനഃ | ഗംഭീരശബ്ദമുള്ളവനായ |
| വാനരൈഃ | വാനരന്മാരാൽ, | ഗൃദ്ധ്രഃ, | ആ കഴുകൻ, |
| ഇതി | ഇപ്രകാരമുള്ള | സബാഷ്പഃ | കണ്ണീർ പൊഴിച്ചുംകൊണ്ട് |
| കരുണം | ദയനീയമായ | വാനരാൻ | വാനരന്മാരെ നോക്കി |
| വാക്യം | വാക്യം | പ്രത്യുവാച. | ഇപ്രകാരം മറുപടി പറഞ്ഞു. |
| ഉക്തഃ, | പറയപ്പെട്ടവനും, | | |

യവീയാൻ മമ സ ഭ്രാതാ ജടായുർന്നാമ വാനരാഃ
യമാഖ്യാത ഹതം യുദ്ധേ രാവണേന ബലീയസാ 2

| | | | |
|---|---|---|---|
| "വാനരാഃ! | "വാനരന്മാരേ! | ആഖ്യാത, | പറഞ്ഞുവോ, |
| ബലീയസാ | ബലിഷ്ഠനായ | ജടായുഃ നാമ, | ജടായുവെന്നു പേരുള്ള, |
| രാവണേന | രാവണനാൽ | സഃ | അവൻ |
| യുദ്ധേ | യുദ്ധത്തിൽ | മമ | എന്റെ |
| ഹതം | കൊല്ലപ്പെട്ടുവെന്ന് | യവീയാൻ | കനിഷ്ഠ |
| യം | യാതൊരുവനെ | ഭ്രാതാ. | സഹോദരനാണ്. |

വൃദ്ധഭാവാദപക്ഷത്വാച്ഛൃണ്വംസ്തദപി മർഷയേ
ന ഹി മേ ശക്തിരദ്യാസ്തി ഭ്രാതുർവ്വൈരവിമോക്ഷണേ. 3

| | | | |
|---|---|---|---|
| "വൃദ്ധഭാവാത്, | "വയസ്സേറിയതിനാലും, | ഹി | എന്തെന്നാൽ |
| അപക്ഷത്വാത് | ചിറകില്ലായ്കയാലും | അദ്യ | ഇപ്പോൾ |
| തത് ശൃണ്വൻ അപി | ആ വർത്തമാനം കേട്ടിട്ടും | ഭ്രാതുഃ | ഭ്രാതാവിന്റെ |
| മർഷയേ; | ഞാൻ സഹിച്ചുകൊണ്ടിരിക്കുന്നു; | വൈരവിമോക്ഷണേ | പക വീട്ടുന്നതിൽ |
| | | മേ ശക്തിഃ | എനിക്കു ശക്തി |
| | | ന അസ്തി. | ഇല്ല. |

പുരാ വൃത്രവധേ വൃത്തേ സ ചാഹം ച ജയൈഷിണൌ
ആദിത്യമുപയാതൌ സ്വോ ജ്വലന്തം രശ്മിമാലിനം. 4

| | | | |
|---|---|---|---|
| "പുരാ | "പണ്ടൊരിക്കൽ | രശ്മിമാലിനം | രശ്മികളാൽ ചൂഴപ്പെട്ട് |
| വൃത്രവധേ | വൃത്രാസുരവധം | ജ്വലന്തം | ഉജ്ജ്വലിക്കുന്ന |
| വൃത്തേ, | നടന്നപ്പോൾ, | ആദിത്യം | ആദിത്യന്റെ നേരെ |
| സഃ ച | അവനും | ഉപയാതൌ സ്വഃ. | പറന്നു ചെന്നു. |
| അഹം ച | ഞാനും | | |
| ജയൈഷിണൌ, | തമ്മിൽ വാതുവെച്ച് | | |

[“പണ്ട് വൃത്രവധം നടന്നകാലത്തിൽ, വൃത്രനെ കൊന്ന ഇന്ദ്രൻ ബലശാലിയെന്നറിഞ്ഞ്, ഇന്ദ്രനെ ജയിപ്പാനിച്ഛിച്ചവരായ ഞങ്ങൾ സ്വർഗ്ഗത്തെ പ്രാപിച്ചു. അതിനുശേഷം (ഇന്ദ്രനെ ജയിച്ച്) പിന്നെ ആദിത്യനേയും ജയിപ്പാനായി ആകാശമാർഗ്ഗത്തിൽ എത്തി,” എന്നിങ്ങിനെയാണ ഈ ശ്ലോകത്തിന്നും താഴെ ശ്ലോകത്തിന്നുംകൂടി അർത്ഥം കതകാദികൾ പറയുന്നത്. ഇതിൽ ഓരോ ശ്ലോകത്തിൽ “സ്വഃ” എന്ന പദത്തിന്ന്, സ്വർഗ്ഗം എന്നും അന്തരിക്ഷം എന്നും അർത്ഥം.

ഭാരതം വനപർവ്വത്തിൽ സംപാതിവാക്യം ഇപ്രകാരമാണ്:— “സംപാതിർന്നാമ തസ്യാഹം ജ്യേഷ്ഠോ ഭ്രാതാ ജടായുഷഃ. അന്യോന്യസ്പർദ്ധയാ*ff*രൂഢാവാവാമാദിത്യസംസദം,” എന്നിങ്ങിനെ ഇന്ദ്രനെ ജയിച്ചു എന്ന് പറയാതെ അന്യോന്യസ്പർദ്ധകൊണ്ട് ആദിത്യനുനേരെ പറന്നതായിട്ടാണ പറയുന്നത്. സംഗ്രഹത്തിലും, “അരുണസ്യ സുതാവാവാം തരുണൗ ച ഗർവ്വിതൗ നിജരാജ്യം പണം കൃത്വാ പശ്യേക്ഷാവാഹി വേഗിതാം ആവാമനുഗതൌ സൂര്യമുദയന്തമഥോദയേ ആമദ്ധ്യാഹ്നഗതേഃ ശൌര്യാത്തതോ മോഹോ മഹാനഭൂത്” എന്ന് പറയപ്പെട്ടിരിക്കുന്നു. “ഭ്രാത്രാ ജടായുഷാ പൂർവ്വമുഡ്ഡീയാഹം ബലാദ്രവിം സ്പ്രഷ്ടുകാമസ്തദാ തപ്തസ്ത്വാതോ ബന്ധുമ്മയാ സഖേ” എന്ന് ആനന്ദരാമായണം. “അഹം പുരാ ജടായുശ്ച ഭ്രാതരൌ രൂഢയൌവ്വനൌ ബലേന ദർപ്പിതാവാവാം ബലജിജ്ഞാസയാ ഖഗൌ സൂര്യമണ്ഡലപര്യന്തം ഗന്തുമുത്പതിതൌ മദാത്,” എന്ന് അദ്ധ്യാത്മരാമായണം.]

ആവൃത്യാകാശമാർഗ്ഗേണ ജവേന സ്വർഗ്ഗതൌ ഭൃശം
മദ്ധ്യം പ്രാപ്തേ സവിതരി ജടായുരവസീദതി. 5

| | | | |
|---|---|---|---|
| “ആകാശ-മാർഗ്ഗേണ | “ആകാശ മാർഗ്ഗമായി | ഗതൌ സ്വഃ; | ഞങ്ങൾ രണ്ടുപേരും [ചെന്നു; |
| ഭൃശം ജവേന | അതി വേഗത്തിൽ | സവിതരി | ആദിത്യൻ |
| ആവൃത്യ | വട്ടം ചുററിക്കൊണ്ട് | മദ്ധ്യം പ്രാപ്തേ, | നട്ടുച്ചയായപ്പോൾ |
| | | ജടായുഃ | ജടായു |
| | | അവസീദതി. | തളരുകയായി. |

തമഹം ഭ്രാതരം ദൃഷ്ട്വാ സൂര്യരശ്മിഭിരർദ്ദിതം
പക്ഷാഭ്യാം ഛാദയാമാസ സ്നേഹാത് പരമവിഹ്വലം. 6

| | | | |
|---|---|---|---|
| “ഭ്രാതരം | “അനുജനായ | ദൃഷ്ട്വാ | കണ്ട്, |
| തം | അവനെ | അഹം | ഞാൻ |
| സൂര്യരശ്മിഭിഃ | സൂര്യകിരണങ്ങളാൽ | സ്നേഹാത് | വാത്സല്യത്താൽ |
| അർദ്ദിതം | പീഡിക്കപ്പെട്ടവനായും | പക്ഷാഭ്യാം | രണ്ടു പക്ഷങ്ങൾ കൊണ്ടും |
| പരമവിഹ്വലം | പ്രജ്ഞയില്ലാത്തവനായും | ഛാദയാമാസ. | അവനെ മറച്ചു. |

നിർദ്ദഗ്ദ്ധപക്ഷഃ പതിതോ വിന്ധ്യേഽസ്മിൻ വാനരോത്തമാഃ
അഹമസ്മിൻ വസൻ ഭ്രാതുഃ പ്രവൃത്തിം നോപലക്ഷയേ. 7

| | | | |
|---|---|---|---|
| “വാനരോ-ത്തമാഃ! | “വാനരോത്തമന്മാരേ! | അസ്മിൻ | ഇതിൽ |
| അസ്മിൻ | ഈ | വസൻ | കാലംകഴിക്കുന്നവനായി |
| വിന്ധ്യേ | വിന്ധ്യാദ്രിയിൽ | ഭ്രാതുഃ | സോദരന്റെ |
| നിർദ്ദഗ്ദ്ധപക്ഷഃ | ചിറകുകൾ വെന്തവനായി | പ്രവൃത്തിം | വർത്തമാനമൊന്നും |
| അഹം പതിതഃ; | ഞാൻ വീണു; | ന ഉപ-ലക്ഷയേ.” | ഞാൻ അറിയാതെയുമായി.” |

ജടായുഷസ്സ്തേവമുക്തോ ഭ്രാത്രാ സമ്പാതിനാ തദാ
യുവരാജോ മഹാപ്രാജ്ഞഃ പ്രത്യുവാചാംഗദസ്തദാ. 8

| | | | |
|---|---|---|---|
| ജടായുഷഃ | ജടായുവിന്റെ | മഹാപ്രാജ്ഞഃ തു | ബുദ്ധിമാനും |
| ഭ്രാത്രാ | ഭ്രാതാവായ | യുവരാജഃ | യുവരാജാവുമായ |
| സമ്പാതിനാ | സമ്പാതിയാൽ | അംഗദഃ, | അംഗദൻ |
| തദാ | അപ്പോൾ | തദാ | അപ്പോൾ |
| ഏവം | മേൽപ്രകാരം | പ്രത്യുവാച. | മറുപടിപറഞ്ഞു. |
| ഉക്തഃ, | പറയപ്പെട്ട | | |

ജടായുഷോ യദി ഭ്രാതാ ശ്രുതം തേ ഗദിതം മയാ
ആഖ്യാഹി യദി ജാനാസി നിലയം തസ്യ രക്ഷസഃ. 9

| | | | |
|---|---|---|---|
| "മയാ | "എന്നാൽ | ഭ്രാതാ യദി, | ഭ്രാതാവാകയാൽ |
| ഗദിതം | പറയപ്പെട്ടത് | തസ്യ രക്ഷസഃ | ആ രാക്ഷസന്റെ |
| തേ ശ്രുതം; | അങ്ങ് കേൾക്കയുണ്ടായല്ലോ; | നിലയം | ഇരിപ്പിടത്തെക്കുറിച്ച് |
| ജടായുഷഃ | ജടായുവിന്റെ | ജാനാസി യദി | അറിയുമെങ്കിൽ |
| | | ആഖ്യാഹി. | പറഞ്ഞുതന്നാലും. |

അദീർഘദർശിനം തം വാ രാവണം രാക്ഷസേശ്വരം
അന്തികേ യദി വാ ദൂരേ യദി ജാനാസി ശംസ നഃ. 10

| | | | |
|---|---|---|---|
| "അന്തികേ വാ | "സമീപത്തിലോ | ജാനാസി യദി | അങ്ങ് ഉണ്ടെന്നറിയുന്നപക്ഷം, |
| ദൂരേ യദി, | അല്ലെങ്കിൽ ദൂരത്തിൽ | നഃ | ഞങ്ങൾക്ക് |
| അദീർഘദർശിനം | മൂഢനും [തന്നേയോ | ശംസ വാ!" | പറഞ്ഞുതന്നാൽ |
| രാക്ഷസേശ്വരം | രക്ഷോനാഥനുമായ | | കൊള്ളാം." |
| തം രാവണം | ആ രാവണനെ | | |

തതോഽബ്രവീന്മഹാതേജാ ജ്യേഷ്ഠോ ഭ്രാതാ ജടായുഷഃ
ആത്മാനുരൂപം വചനം വാനരാൻ സംപ്രഹർഷയൻ. 11

| | | | |
|---|---|---|---|
| തതഃ | അനന്തരം | സംപ്രഹർഷയൻ | സന്തോഷിപ്പിക്കുന്നവനായി, |
| ജടായുഷഃ | ജടായുവിന്റെ | ആത്മാനുരൂപം | സ്വയശസ്സിനു തക്ക[തായ |
| ജ്യേഷ്ഠഃ ഭ്രാതാ | ജ്യേഷ്ഠഭ്രാതാവായ | വചനം | വാക്യത്തെ |
| മഹാതേജാഃ | ആ മഹാൻ, | അബ്രവീത്. | ഇപ്രകാരം പറഞ്ഞു. |
| വാനരാൻ, | വാനരന്മാരെ | | |

നിർദ്ദഗ്ധപക്ഷോ ഗൃദ്ധ്രോഽഹം ഹീനവീര്യഃ പ്ലവംഗമാഃ
വാങ്മാത്രേണ തു രാമസ്യ കരിഷ്യേ സാഹ്യമുത്തമം. 12

| | | | |
|---|---|---|---|
| "പ്ലവംഗമാഃ | "വാനരന്മാരേ! | രാമസ്യ | ശ്രീരാമനു |
| അഹം | ഞാൻ | ഉത്തമം | മഹത്തായ |
| നിർദ്ദഗ്ധപക്ഷഃ | ചിറകു കരിഞ്ഞുപോയ | സാഹ്യം | സഹായത്തെ |
| ഗൃദ്ധ്രഃ; | കഴുകൻ; | വാങ്മാത്രേണ | വാക്കുകൊണ്ടെങ്കിലും |
| ഹീനവീര്യഃ; | ശക്തി കുറഞ്ഞവൻ; | കരിഷ്യേ. | ചെയ്യുന്നുണ്ട്. |
| തു, | എങ്കിലും, | | |

ജാനാമി വാരുണാൻ ലോകാൻ വിഷ്ണോസ്ത്രൈവിക്രമാനപി
ദേവാസുരവിമർദ്ദാംശ്ച ഹ്യമൃതസ്യാപി മന്ഥനം. 13

| | |
|---|---|
| "ലോകാൻ | "ലോകങ്ങളേയും, |
| വാരുണാൻ അപി | സമുദ്രത്തിന്നടിയിലുള്ള പ്രദേശങ്ങളേയും |
| വിഷ്ണോഃ | വിഷ്ണുഭഗവാന്റെ |
| ത്രൈവിക്രമാൻ ച | ത്രിവിക്രമാവതാരത്തിൽ അളന്ന മൂന്നടികളേയും |
| ദേവാസുരവിമർദ്ദാൻ ച | ദേവാസുരയുദ്ധങ്ങളേയും |
| അമൃതസ്യ മന്ഥനം അപി | അമൃതം കടഞ്ഞതിനേയും |
| ഹി | എല്ലാം |
| ജാനാമി. | ഞാൻഅറിയുന്നുണ്ട്. |

രാമസ്യ യദിദം കാര്യം കർത്തവ്യം പ്രഥമം മയാ
ജരയാഽപഹൃതം തേജഃ പ്രാണാശ്ച ശിഥിലാ മമ. 14

| | |
|---|---|
| "രാമസ്യ | "ശ്രീരാമന്റെ |
| യത് ഇദം കാര്യം | ഈ കാര്യം |
| മയാ പ്രഥമം | എന്നാൽ മുമ്പുതന്നെ |
| കർത്തവ്യം; | ചെയ്യപ്പെടേണ്ടതാണ്; |
| ച | പക്ഷെ |
| ജരയാ | ജര ബാധിച്ചതിനാൽ |
| മമ തേജഃ | എന്റെ ശക്തി |
| അപഹൃതം; | ക്ഷയിച്ചുപോയി; |
| പ്രാണാഃ | പ്രാണങ്ങൾ |
| ശിഥിലാഃ. | ശിഥിലമായിരിക്കുന്നു. |

തരുണീ രൂപസമ്പന്നാ സർവ്വാഭരണഭൂഷിതാ
ഹ്രിയമാണാ മയാ ദൃഷ്ടാ രാവണേന ദുരാത്മനാ 15
ക്രോശന്തീ രാമ രാമേതി ലക്ഷ്മണേതി ച ഭാമിനീ
ഭൂഷണാന്യപവിദ്ധ്യന്തീ ഗാത്രാണി ച വിധൂന്വതീ. 16

| | |
|---|---|
| "രാമ! രാമ! | "രാമ! രാമ! |
| ഇതി | എന്നും |
| ലക്ഷ്മണ! | 'ലക്ഷ്മണ!' |
| ഇതി ച, | എന്നും, |
| ക്രോശന്തീ, | മുറയിടുന്നവളും, |
| സർവ്വാഭരണഭൂഷിതാ | സർവ്വാലങ്കാരയുക്തയും |
| രൂപസമ്പന്നാ | സൌഭാഗ്യവതിയും |
| തരുണീ | യൌവനശാലിനിയുമായ |
| ഭാമിനീ, | ഒരു തരുണി, |
| ദുരാത്മനാ | ദുരാത്മാവായ |
| രാവണേന | രാവണനാൽ |
| ഹ്രിയമാണാ, | എടുത്തുകൊണ്ടുപോകപ്പെട്ടവളായി, |
| ഗാത്രാണി ച | അംഗങ്ങൾ |
| വിധൂന്വതീ, | കടഞ്ഞുകൊണ്ട്, |
| ഭൂഷണാനി | ആഭരണങ്ങളെ |
| അപവിദ്ധ്യന്തീ | എടുത്തെറിയുന്നവളായും |
| മയാ | എന്നാൽ |
| ദൃഷ്ടാ. | കാണപ്പെട്ടു. |

സൂര്യപ്രഭേവ ശൈലാഗ്രേ തസ്യാഃ കൌശേയമുത്തമം
അസിതേ രാക്ഷസേ ഭാതി യഥാ വാ തടിദംബുദേ. 17

| | |
|---|---|
| "തസ്യാഃ | "അവളുടെ |
| ഉത്തമം | വിശിഷ്ടമായ |
| കൌശേയം, | പട്ടുവസ്ത്രം, |
| അസിതേ | കറുത്തിരുണ്ട |
| രാക്ഷസേ, | ആ രാക്ഷസങ്കൽ, |
| ശൈലാഗ്രേ | പർവ്വതാഗ്രത്തിൽ |
| സൂര്യപ്രഭാ ഇവ | സൂര്യകാന്തിയെന്നപോലെയും |
| വാ | അഥവാ |
| അംബുദേ | മേഘത്തിൽ |
| തടിത് യഥാ | മിന്നൽ പിണരെന്നപോലെയും |
| ഭാതി. | വിളങ്ങിയിരുന്നു. |

താം തു സീതാമഹം മന്യേ രാമസ്യ പരികീൎത്തനാത്
ശ്രൂയതാം മേ കഥയതോ നിലയം തസ്യ രക്ഷസഃ. 18

| | |
|---|---|
| "രാമസ്യ പരികീൎത്തനാത്, | "ശ്രീരാമനെ വിളിച്ചു കരഞ്ഞിരുന്നതിനാൽ, |
| താം തു | അവളെത്തന്നെ |
| സീതാം | സീതാദേവിയെന്ന് |
| അഹം മന്യേ; | ഞാൻ വിചാരിക്കുന്നു; |
| തസ്യ രക്ഷസഃ | ആ രാക്ഷസന്റെ |
| നിലയം | വസതിയെപ്പററി |
| കഥയതഃ | പറയുന്ന |
| മേ ശ്രൂയതാം. | എനിക്കു ചെവിതന്നു കേൾക്കപ്പെടട്ടെ. |

പുത്രോ വിശ്രവസഃ സാക്ഷാദ്ഭ്രാതാ വൈശ്രവണസ്യ ച
അദ്ധ്യാസ്തേ നഗരീം ലങ്കാം രാവണോ നാമ രാക്ഷസഃ. 19

| | |
|---|---|
| "വിശ്രവസഃ | "വിശ്രവസ്സിന്റെ |
| പുത്രഃ; | പുത്രൻ; |
| വൈശ്രവണസ്യ | കുബേരന്ന് |
| സാക്ഷാത് ഭ്രാതാ | നേരെ അനുജൻ; |
| രാവണഃ നാമ | രാവണൻ എന്ന |
| രാക്ഷസഃ ച | ആ രാക്ഷസൻ |
| ലങ്കാം നഗരീം | ലങ്കയെന്ന നഗരത്തെ |
| അദ്ധ്യാസ്തേ. | ആണ്ടുവരുന്നു. |

ഇതോ ദ്വീപേ സമുദ്രസ്യ സമ്പൂൎണ്ണേ ശതയോജനേ
തസ്മിൻ ലങ്കാപുരീ രമ്യാ നിൎമ്മിതാ വിശ്വകൎമ്മണാ 20
ജാംബൂനദമയൈൎദ്വാരൈശ്ചിത്രൈഃ കാഞ്ചനവേദികൈഃ
പ്രാസാദൈൎഹേമവൎണ്ണൈശ്ച മഹദ്ഭിഃ സുസമാ കൃതാ
പ്രാകാരേണാൎക്കവൎണ്ണേന മഹതാ സുസമാവൃതാ. 21

| | |
|---|---|
| "ഇതഃ | "ഇവിടെനിന്ന് |
| സമ്പൂൎണ്ണേ | തികച്ച് |
| ശതയോജനേ | നൂറുയോജനയുള്ള |
| സമുദ്രസ്യ | സമുദ്രത്തിന്റെ |
| തസ്മിൻ ദ്വീപേ, | ആ ദ്വീപിൽ |
| വിശ്വകൎമ്മണാ | വിശ്വകൎമ്മാവിനാൽ |
| മഹദ്ഭിഃ | വമ്പിച്ച |
| ജാംബൂനദമയൈഃ | സുവൎണ്ണമയങ്ങളായ |
| ദ്വാരൈഃ | വാതിലുകളോടും |
| ചിത്രൈഃ | ഭംഗിയാന്ന |
| കാഞ്ചനവേദികൈഃ | സ്വൎണ്ണവേദികളോടും |
| ഹേമവൎണ്ണൈഃ | പൊൻനിറമുള്ള |
| പ്രാസാദൈഃ ച | മേൽമാടങ്ങളോടും കൂടി |
| സുസമാ | രമ്യമായി |
| കൃതാ | നിൎമ്മിക്കപ്പെട്ടതും |
| അൎക്കവൎണ്ണേന | സൂൎയ്യപ്രഭയോടുകൂടിയ |
| മഹതാ | വമ്പിച്ച |
| പ്രാകാരേണ | മതിൽക്കെട്ടിനാൽ |
| സുസമാവൃതാ | നല്ലപോലെ ചൂഴപ്പെട്ടതുമായ |
| രമ്യാ | രമണീയമായ |
| ലങ്കാപുരീ | ലങ്കാനഗരം, |
| നിൎമ്മിതാ. | കെട്ടപ്പെട്ടിരിക്കുന്നു. |

തസ്യാം വസതി വൈദേഹീ ദീനാ കൌശേയവാസിനീ
രാവണാന്തഃപുരേ രുദ്ധാ രാക്ഷസീഭിഃ സുരക്ഷിതാ. 22

| | |
|---|---|
| "കൌശേയവാസിനീ | "പൊൻപട്ടുടുത്തവളായ |
| വൈദേഹീ, | വിദേഹാത്മജ, |
| ദീനാ | ദുഃഖിതയായി |
| തസ്യാം | ആ ലങ്കയിൽ |
| രാവണാന്തഃപുരേ | രാവണന്റെ അന്തഃപുരത്തിൽ, |
| രുദ്ധാ, | തടഞ്ഞുവെക്കപ്പെട്ടവളായി, |
| രാക്ഷസീഭിഃ | രാക്ഷസികളാൽ |
| സുരക്ഷിതാ | കാവൽ കാക്കപ്പെട്ടവളായി |
| വസതി. | വാഴുന്നു. |

ജനകസ്യാത്മജാം രാജ്ഞസ്തത്ര ദ്രക്ഷ്യഥ മൈഥിലീം
ലങ്കായാമഥ ഗുപ്തായാം സാഗരേണ സമന്തതഃ 23

| | | | |
|---|---|---|---|
| "സമന്തതഃ | "നാലുഭാഗവും | ജനകസ്യ രാജ്ഞഃ | ജനകരാജാവിന്റെ |
| സാഗരേണ | സമുദ്രത്താൽ | ആത്മജാം | പുത്രിയായ |
| ഗുപ്തായാം | ചൂഴപ്പെട്ട | മൈഥിലീം | മൈഥിലിയെ |
| തത്ര ലങ്കായാം, | ആ ലങ്കയിൽ, | അഥ ദ്രക്ഷ്യഥ. | ചെന്നു കാണാം. |

സംപ്രാപ്യ സാഗരസ്യാന്തം സംപൂർണ്ണം ശതയോജനം
ആസാദ്യ ദക്ഷിണം തീരം തതോ ദ്രക്ഷ്യഥ രാവണം. 24

| | | | |
|---|---|---|---|
| "സാഗരസ്യാന്തം | "സമുദ്രതീരത്തെ | ദക്ഷിണം തീരം | തെക്കെ കരയിൽ |
| സംപ്രാപ്യ | പ്രാപിച്ച് | ആസാദ്യ, | ചെന്നാൽ, |
| സമ്പൂർണ്ണം | തികച്ചും | തതഃ | അവിടെ |
| ശതയോജനം | നൂറു യോജന അപ്പുറത്തായുള്ള | രാവണം | രാവണനെ |
| | | ദ്രക്ഷ്യഥ. | കാണാം. |

തത്രൈവ ത്വരിതാഃ ക്ഷിപ്രം വിക്രമധ്വം പ്ലവംഗമാഃ
ജ്ഞാനേന ഖലു പശ്യാമി ദൃഷ്ട്വാ പ്രത്യാഗമിഷ്യഥ. 25

| | | | |
|---|---|---|---|
| "പ്ലവംഗമാഃ! | "വാനരന്മാരേ! | ഖലു | തീർച്ചയായും |
| ത്വരിതാഃ | വേഗത്തിൽ | ദൃഷ്ട്വാ | കണ്ടെത്തിയ ശേഷം |
| തത്ര ഏവ | അവിടേക്കുതന്നെ | പ്രത്യാഗമിഷ്യഥ; | നിങ്ങൾ തിരിച്ചു വരുന്നതാണ്; |
| ക്ഷിപ്രം | താമസിയാതെ | ജ്ഞാനേന | ജ്ഞാനശക്തിയാൽ |
| വിക്രമധ്വം; | ചാടിക്കടക്കുവിൻ; | പശ്യാമി. | ഞാനറിയുന്നുണ്ട്. |

ആദ്യഃ പന്ഥാഃ കുലിംഗാനാം യേ ചാന്യേ ധാന്യജീവിനഃ
ദ്വിതീയോ ബലിഭോജാനാം യേ ച വൃക്ഷഫലാശിനഃ. 26

| | | | |
|---|---|---|---|
| "കുലിംഗാനാം | "കുരുവികൾക്കാണ് | ച; | അതുതന്നെ; |
| ആദ്യഃ | ആദ്യത്തെ | ബലിഭോജാനാം | കാക്കകൾക്ക് |
| പന്ഥാഃ; | പറക്കുവാനുള്ള അതിര് | ദ്വിതീയഃ; | രണ്ടാമത്തേത്; |
| ധാന്യജീവിനഃ | ധാന്യങ്ങൾ കൊത്തിത്തിന്നുപജീവിക്കുന്ന | യേ ച | യാതൊരു അവ |
| അന്യേ യേ | മറ്റു സാധാരണയായവയ്ക്കും | വൃക്ഷഫലാശിനഃ. | വൃക്ഷങ്ങളിലെ പഴങ്ങൾ തിന്നുന്നവയാണ്. |

ഭാസാസ്തൃതീയം ഗച്ഛന്തി ക്രൌഞ്ചാശ്ച കുരരൈഃസഹ
ശ്യേനാശ്ചതുർത്ഥം ഗച്ഛന്തി ഗൃദ്ധ്രാ ഗച്ഛന്തി പഞ്ചമം. 27

| | | | |
|---|---|---|---|
| "കുരരൈഃ സഹ | "മീൻ കൊത്തികളടക്കം | ശ്യേനാഃ | പരുന്തുകൾ |
| | | ചതുർത്ഥം | നാലാമത്തേതിനെ |
| ക്രൌഞ്ചാഃ ച | ക്രൌഞ്ചങ്ങളും | ഗച്ഛന്തി; | പ്രാപിക്കുന്നു; |
| ഭാസാഃ ച | രാജാളികളും | ഗൃദ്ധ്രാഃ | കഴുകുകൾ |
| തൃതീയം | മൂന്നാമത്തേതിനെ | പഞ്ചമം | അഞ്ചാമത്തേതിനെ |
| ഗച്ഛന്തി; | പ്രാപിക്കുന്നു; | ഗച്ഛന്തി. | പ്രാപിക്കുന്നു. |

ബലവീൎയ്യോപപന്നാനാം രൂപയൌവനശാലിനാം
ഷഷ്ഠസ്തു പന്ഥാ ഹംസാനാം വൈനതേയഗതിഃ പരാ
വൈനതേയാച്ച നോ ജന്മ സൎവ്വേഷാം വാനരൎഷഭാഃ. 28

| | | | |
|---|---|---|---|
| "ബലവീൎയ്യോപപന്നാനാം | ബലവും വീൎയ്യവുമുള്ള വയുും, | വൈനതേയഗതിഃ | വിനതാസുതന്മാരുടെ അതിരാണ് |
| രൂപയൌവനശാലിനാം | സൌന്ദൎയ്യവും യൌവനവുമാൎന്നവയുമായ | പരാ ; | എല്ലാററിലും മീതെയായുള്ളത് ; |
| ഹംസാനാം തു | അരയന്നങ്ങളുടേതാണ് | നഃ സൎവ്വേഷാം | ഞങ്ങൾ എല്ലാവക്കും |
| ഷഷ്ഠഃ പന്ഥാഃ ; | ആറാമത്തെ അതിൎത്തി; | വൈനതേയാത് ച | വിനതയുടെ പുത്രനിൽ നിന്നുതന്നെയാണ് |
| വാനരൎഷഭാഃ ! | വാനരശ്രേഷ്ഠന്മാരേ ! | ജന്മ. | ജനനം. |

ഗൎഹിതം തു കൃതം കൎമ്മ യേന സ്മ പിശിതാശിനാ
പ്രതികാൎയ്യം ച മേ തസ്യ വൈരം ഭ്രാതുഃ കൃതം ഭവേത്. 29

| | | | |
|---|---|---|---|
| "പിശിതാശിനാ | "ആ മാംസഭക്കിനാൽ | പ്രതികാൎയ്യം തു; | വിരോധം ചെയ്യേണ്ടതാണ്; |
| കൃതം കൎമ്മ | ചെയ്യപ്പെട്ട കാൎയ്യം | ച | അതിനാൽ |
| ഗൎഹിതം സ്മ, | നിന്ദിക്കത്തക്കത്, | മേ ഭ്രാതുഃ | എന്റെ ഭ്രാതാവിന്റെ |
| യേന | എന്ന കാരണത്താൽ | വൈരം കൃതം | പകവീട്ടപ്പെട്ടതായും |
| തസ്യ | അവന്ന് തന്നെ | ഭവേത്. | ഭവിക്കം. |

ഇഹസ്ഥോഽഹം പ്രപശ്യാമി രാവണം ജാനകീം തഥാ
അസ്മാകമപി സൌപൎണ്ണം ദിവ്യം ചക്ഷുൎബ്ബലം തഥാ. 30

| | | | |
|---|---|---|---|
| "അഹം | "ഞാൻ | പ്രപശ്യാമി ; | വ്യക്തമായി കാണുന്നുണ്ട്; |
| ഇഹസ്ഥഃ | ഇവിടെയിരുന്നു കൊണ്ടുതന്നെ | സൌപൎണ്ണം | ഗരുഡനുള്ള |
| | | ദിവ്യം ചക്ഷുഃ | ദിവ്യമായ കാഴ്ചയും |
| രാവണം | രാവണനേയും | ബലം | ബലവും, |
| തഥാ | അതുപോലെതന്നെ | തഥാ | അതേപ്രകാരംതന്നെ |
| ജാനകിം | ജനകാത്മജയേയും | അസ്മാകം അപി. | ഞങ്ങൾക്കും. യാണ് |

തസ്മാദാഹാരവീൎയ്യേണ നിസൎഗ്ഗേണ ച വാനരാഃ
ആയോജനശതാത്സാഗ്രദ്വയം പശ്യാമ നിത്യശഃ. 31

| | | | |
|---|---|---|---|
| "വാനരാഃ ! | "വാനരന്മാരേ ! | വയം | ഞങ്ങൾ |
| തസ്മാത് | അതിനാൽ | നിത്യശഃ | എപ്പോഴും |
| ആഹാരവീൎയ്യേണ | ആഹാരബലം കൊണ്ടും | ആയോജനശതാത് | നൂറുയോജന ദൂരത്തോളം |
| നിസൎഗ്ഗേണ ച | ജന്മസിദ്ധമായ ശക്തികൊണ്ടും | സാഗ്രാത് | ഇരിക്കുന്ന ദിക്കിൽനിന്നുതന്നെ |
| | | പശ്യാമ. | കാണുന്നു. |

അസ്മാകം വിഹിതാ വൃത്തിർന്നിസർഗ്ഗേണ ച ദൂരതഃ
വിഹിതാ പാദമൂലേ തു വൃത്തിശ്ചരണയോധിനാം. 32

| | | | |
|---|---|---|---|
| "നിസർഗ്ഗേണ | "സ്വതേ | ചരണയോധിനാം | കോഴികൾക്ക് |
| അസ്മാകം വൃത്തിഃ | ഞങ്ങളുടെ ഇര | വൃത്തിഃ | ഇര |
| ദൂരതഃ ച | ദൂരത്തിൽ തന്നെയാണ് | പാദമൂലേ തു | കാല്ക്കൽ തന്നെയാണ് |
| വിഹിതാ; | കല്പിക്കപ്പെട്ടിരിക്കുന്നതു; | വിഹിതാ. | നിയമിക്കപ്പെട്ടിരിക്കുന്നതു |

ഉപായോ ദൃശ്യതാം കശ്ചില്ലംഘനേ ലവണാംഭസഃ. 33

| | | | |
|---|---|---|---|
| "ലവണാംഭസഃ | "ലവണസമുദ്രത്തെ | കശ്ചിത് ഉപായഃ | ഒരു ഉപായം |
| ലംഘനേ | തരണംചെയ്യുന്നതിൽ, | ദൃശ്യതാം. | കണ്ടുപിടിക്കപ്പെടട്ടെ. |

അഭിഗമ്യ തു വൈദേഹീം സമൃദ്ധാർത്ഥാ ഭവിഷ്യഥ. 34

| | | | |
|---|---|---|---|
| "വൈദേഹീം | "വൈദേഹിയെ | സമൃദ്ധാർത്ഥാഃ തു | കാര്യം സാധിച്ചവരായിതന്നെ |
| അഭിഗമ്യ, | കണ്ടെത്തി, | ഭവിഷ്യഥ. | നിങ്ങൾ ഭവിക്കുന്നതാണ്. |

സമുദ്രം നേതുമിച്ഛാമി ഭവദ്ഭിർവ്വരുണാലയം
പ്രദാസ്യാമ്യുദകം ഭ്രാതുഃ സ്വർഗ്ഗതസ്യ മഹാത്മനഃ. 35

| | | | |
|---|---|---|---|
| "വരുണാലയം | "വെള്ളം നിറഞ്ഞു നില്ക്കുന്ന | ഇച്ഛാമി; | ഞാൻ അപേക്ഷിക്കുന്നു; |
| സമുദ്രം, | സമുദ്രത്തിലേക്കു, | സ്വർഗ്ഗതസ്യ | സ്വർഗ്ഗപ്രാപ്തനായ, |
| ഭവദ്ഭിഃ | നിങ്ങളാൽ | മഹാത്മനഃ | മഹാത്മാവായ |
| നേതും | എടുത്തുകൊണ്ടു പോകപ്പെടുവാൻ | ഭ്രാതുഃ | സഹോദരനു |
| | | ഉദകം പ്രദാസ്യാമി." | ഞാൻ തപ്പ്ണം ചെയ്തുകൊള്ളട്ടെ." |

തതോ നീത്വാ തു തം ദേശം തീരേ നദനദീപതേഃ
നിർദ്ദഗ്ദ്ധപക്ഷം സമ്പാതിം വാനരാഃ സുമഹൌജസഃ 36
പുനഃ പ്രത്യാനയിത്വാ ച തം ദേശം പതഗേശ്വരം
ബഭ്രുവുർവ്വാനരാ ഹൃഷ്ടാഃ പ്രവൃത്തിമുപലഭ്യ തേ. 37

| | | | |
|---|---|---|---|
| സുമഹൌജസഃ | അതി ബലശാലികളായ | സമ്പാതിം | സമ്പാതിയെ |
| വാനരാഃ | വാനരന്മാർ | തതഃ | അവിടെനിന്ന് |
| നദനദീപതേഃ തീരേ | സമുദ്രതീരത്തിൽ | ദേശം | പറയപ്പെട്ട സ്ഥലത്തേക്ക് |
| തം | ആ | നീത്വാ, | കൊണ്ടുപോയാക്കിയശേഷം, |
| നിർദ്ദഗ്ദ്ധപക്ഷം | ചിറകു കരിഞ്ഞ | | |

| | | | |
|---|---|---|---|
| തേ വാനരാഃ | ആ വാനരന്മാർ | പ്രത്യാനയിത്വാ, | തിരികെ കൊണ്ടുവന്ന്, |
| തം | ആ | പ്രവൃത്തിം തു | സംഗതിയെല്ലാം |
| പതഗേശ്വരം | പക്ഷിരാജാവിനെ | ഉപലഭ്യ ച | കേട്ടറിഞ്ഞതിനാൽ |
| പുനഃ | വീണ്ടും | ഹൃഷ്ടാഃ | അതി സന്തുഷ്ടരായി |
| ദേശം | മുമ്പിലിരുന്ന സ്ഥലത്തേക്ക് | ബഭൂവുഃ. | ഭവിച്ചു. |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ അഷ്ടപഞ്ചാശഃ സൎഗ്ഗഃ = അമ്പത്തെട്ടാംസൎഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 11357; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 2285.

## ഏകോനഷഷ്ടിതമഃ സൎഗ്ഗഃ = അമ്പത്തൊമ്പതാംസൎഗ്ഗം.

[സമ്പാതിവചനാനുവാദഃ = സമ്പാതി പറഞ്ഞതിനെ കഥിക്കുന്നതു്.]

തതസ്തദമൃതാസ്വാദം ഗൃദ്ധ്രരാജേന ഭാഷിതം
നിശമ്യ മുദിതാ ഹൃഷ്ടാസ്തേ വചഃ പ്ലവഗഷഭാഃ. 1

| | | | |
|---|---|---|---|
| തതഃ | അവിടെ | അമൃതാസ്വാദം | അമൃതമധുരമായ |
| തേ | ആ | തത് വചഃ | ആ വാക്യത്തെ |
| പ്ലവഗഷഭാഃ | വാനരശ്രേഷ്ഠന്മാർ | നിശമ്യ, | കേട്ട്, |
| ഗൃദ്ധ്രരാജേന | ഗൃദ്ധ്ര രാജാവിനാൽ | മുദിതാഃ | സന്തോഷഭരിതരായി |
| ഭാഷിതം | പറയപ്പെട്ട | ഹൃഷ്ടാഃ. | കോൾമയിർക്കൊണ്ടു. |

[ഈ സൎഗ്ഗംതൊട്ട്, 63-ാംസൎഗ്ഗം കൂടിയുള്ള അഞ്ചു സൎഗ്ഗങ്ങൾ പ്രക്ഷിപ്തങ്ങളാണെന്നു് ഗോവിന്ദരാജപക്ഷം. ശൈലി മുതലായ മററു കാരണങ്ങൾകൊണ്ടും ഈ പക്ഷത്തിന്നു് ബലാധിക്യമുണ്ടെന്നു് ചിലർ.]

ജാംബവാൻ വാനരശ്രേഷ്ഠഃ സഹ സൎവ്വൈഃ പ്ലവംഗമൈഃ
ഭൂതലാത് സഹസോത്പത്യ ഗൃദ്ധ്രരാജം തമബ്രവീത്. 2

| | | | |
|---|---|---|---|
| വാനരശ്രേഷ്ഠഃ | വാനരന്മാരിൽ വെച്ച് വയസ്സേറിയവനായ | ഭൂതലാത് | നിലത്തുനിന്ന് |
| ജാംബവാൻ | ജാംബവാൻ | സഹസാ | പൊടുന്നനവെ |
| സൎവ്വൈഃ | എല്ലാ | ഉത്പത്യ, | എഴുന്നേററ് |
| പ്ലവംഗമൈഃ | വാനരന്മാരോടും | തം | ആ |
| സഹ, | കൂടി, | ഗൃദ്ധ്രരാജം | ഗൃദ്ധ്രാധിപനെ നോക്കി |
| | | അബ്രവീത്. | വീണ്ടും ചോദിച്ചു. |

ക്വ സീതാ കേന വാ ദൃഷ്ടാ കോ വാ ഹരതി മൈഥിലീം
തദാഖ്യാതു ഭവാൻ സൎവ്വം ഗതിൎഭവ വനൌകസാം. 3

| | | | |
|---|---|---|---|
| "സീതാ ക്വ? | "സീതാദേവി എവിടെ? | തത് സൎവ്വം | ആ വിവരങ്ങളെല്ലാം |
| കേന വാ | ആരാലാണ് | ഭവാൻ | അങ്ങ് |
| ദൃഷ്ടാ ? | കാണപ്പെട്ടത് ? | ആഖ്യാതു ; | പറഞ്ഞുതന്നാലും ; |
| മൈഥിലീം | മൈഥിലിയെ | വനൌകസാം | വാനരന്മാൎക്ക് |
| കഃ വാ | ആർതന്നെയാണ് | ഗതിഃ ഭവ. | ജീവരക്ഷ നൽകിയവനായി ഭവിച്ചാലും. |
| ഹരതി ? | കട്ടുകൊണ്ടുപോകുന്നതു? | | |

കോ ദാശരഥിബാണാനാം വജ്രവേഗനിപാതിനാം
സ്വയം ലക്ഷ്മണമുക്താനാം ന ചിന്തയതി വിക്രമം. 4

| | | | |
|---|---|---|---|
| "വജ്രവേഗനിപാതിനാം | "വജ്രായുധംപോലെ ഊക്കോടെ പതിക്കുന്നവയും | ദാശരഥിബാണാനാം | ദാശരഥിയുടെ ബാണങ്ങളുടെ |
| സ്വയം | നിഷ്പ്രയാസം | വിക്രമം | ശക്തിയെക്കുറിച്ച് |
| ലക്ഷ്മണമുക്താനാം | ലക്ഷ്മണനാൽ പ്രയോഗിക്കപ്പെട്ടവയും ആയ | കഃ | ആരാണ് |
| | | ചിന്തയതി ന?" | ആലോചിക്കാതിരിക്കുന്നത്?" |

["സ്വയം ലക്ഷ്മണമുക്താനാം ദാശരഥിബാണാനാം," (തങ്ങൾ തങ്ങടെ അടയാളങ്ങൾ കൊത്തിട്ടുള്ള ദാശരഥികളുടെ ശസ്ത്രങ്ങൾക്കുള്ള) എന്ന് (സ); "ലക്ഷ്മണം ലാഞ്ഛനേ നാമ്നി" എന്ന് വിശ്വകോശം; "സ്വയം ലക്ഷ്മണം, സ്വസ്വനാമ, രാമേതി ലക്ഷ്മണേതി ച മുക്തം ശില്പിഭിര്യേഷു തേ തഥോക്താഃ." എന്ന് വിഗ്രഹവാക്യം.]

സ ഹരീൻ പ്രീതിസംയുക്താൻ സീതാശ്രുതിസമാഹിതാൻ
പുനരാശ്വാസയൻ പ്രീത ഇദം വചനമബ്രവീത്. 5

| | | | |
|---|---|---|---|
| സഃ | ആ സമ്പാതി | ഹരീൻ | വാനരന്മാരെ |
| പ്രീതഃ | സംപ്രീതനായി | ആശ്വാസയൻ | വിശ്വസിപ്പിച്ചുകൊണ്ട് |
| പ്രീതിസംയുക്താൻ | സന്തോഷപൂർവ്വം | പുനഃ | വീണ്ടും |
| സീതാശ്രുതിസമാഹിതാൻ | സീതാവൃത്താന്തത്തെ കേൾപ്പാൻ ഒരുമിച്ചു കൂടിയ | ഇദം | ഈ |
| | | വചനം | വാക്യത്തെ |
| | | അബ്രവീത്. | ഉരചെയ്തു. |

ശ്രൂയതാമിഹ വൈദേഹ്യാ യഥാ മേ ഹരണം ശ്രുതം
യേന ചാപി മമാഖ്യാതം യത്ര ചായതലോചനാ. 6

| | | | |
|---|---|---|---|
| "വൈദേഹ്യാഃ | "വിദേഹാത്മജയുടെ | യത്ര ച | എവിടെയാണിരിക്കുന്നതെന്ന് |
| ഹരണം | അപഹരണം | യേന | ആരാലാണ് |
| മമ | എനിക്ക് | മേ | എന്നോട് |
| യഥാ ശ്രുതം ച, | എങ്ങിനെ അറിവായെന്നും, | ആഖ്യാതം അപി | പറയപ്പെട്ടതെന്നും |
| ആയതലോചനാ | ആയതാക്ഷിയായ അവൾ | ഇഹ ച | ഇപ്പോൾതന്നെ |
| | | ശ്രൂയതാം. | കേൾക്കപ്പെടട്ടെ. |

അഹമസ്മിൻ ഗിരൌ ദുർഗ്ഗേ ബഹുയോജനമായതേ
ചിരാന്നിപതിതോ വൃദ്ധഃ ക്ഷീണപ്രാണപരാക്രമഃ. 7

| | | | |
|---|---|---|---|
| "അഹം | "ഞാൻ | ആയതേ | നീണ്ടുകിടക്കുന്ന |
| വൃദ്ധഃ | വാർദ്ധക്യം ബാധിച്ചവനായി | അസ്മിൻ | ഈ |
| | | ദുർഗ്ഗേ | ദുർഗ്ഗമമായ |
| ക്ഷീണപ്രാണപരാക്രമഃ, | ജീവനും ശക്തിയും ക്ഷയിച്ചവനായി, | ഗിരൌ | പർവ്വതത്തിൽ |
| | | ചിരാത് | വളരെക്കാലമായി |
| ബഹുയോജനം | അനേകം യോജനദൂരം | നിപതിതഃ. | വീണുകിടക്കയാണ്. |

തം മാമേവം ഗതം പുത്രഃ സുപാർശ്വോ നാമ നാമതഃ
ആഹാരേണ യഥാകാലം ബിഭർത്തി പതതാം വരഃ. 8

| | | | |
|---|---|---|---|
| "ഏവം | "ഇങ്ങിനെയുള്ള | സുപാർശ്വഃ നാമ | സുപാർശ്വൻ എന്നു |
| ഗതം | അവസ്ഥയിലകപ്പെട്ട | നാമതഃ പുത്രഃ | പേരോടുകൂടിയ പുത്രൻ |
| തം മാം | ആ എന്നെ | യഥാകാലം | സമയം തെററാതെ |
| പതതാം | പറവകളിൽ | ആഹാരേണ | ആഹാരത്താൽ |
| വരഃ | ശ്രേഷ്ഠനായ | ബിഭർത്തി. | പോററിവരുന്നു. |

തീക്ഷ്ണകാമാസ്തു ഗന്ധർവ്വാസ്തീക്ഷ്ണകോപാ ഭുജംഗമാഃ
മൃഗാണാം തു ഭയം തീക്ഷ്ണം തതസ്തീക്ഷ്ണക്ഷുധാ വയം. 9

| | | | |
|---|---|---|---|
| "ഗന്ധർവ്വാഃ | "ഗന്ധർവ്വന്മാർ | ഭയം തു | ഭയം തന്നെയാണ് |
| തീക്ഷ്ണകാമാഃ; | തീക്ഷ്ണമായ കാമത്തോടുകൂടിയവരാണ്, | തീക്ഷ്ണം; | കലശലായുള്ളത്; |
| ഭുജംഗമാഃ | നാഗങ്ങൾ | വയം | ഞങ്ങൾ |
| തീക്ഷ്ണകോപാഃ; | ഉഗ്രമായ കോപമുള്ളവ; | തതഃ | അതിനെക്കാളും |
| മൃഗാണാം തു | മാനുകൾക്കോ | തീക്ഷ്ണക്ഷുധാഃ. | തീക്ഷ്ണമായ വിശപ്പോടു കൂടിയവരാണ്. |

സ കദാചിത് ക്ഷുധാർത്തസ്യ മമ ചാഹാരകാംക്ഷിണഃ
ഗതസൂര്യ്യേഽഹനി പ്രാപ്തോ മമ പുത്രോ ഹ്യനാമിഷഃ. 10

| | | | |
|---|---|---|---|
| "കദാചിത് | "ഒരിക്കൽ | ഗതസൂര്യ്യേ അഹനി | സൂര്യ്യാസ്തമനസമയത്തിൽ, |
| ക്ഷുധാർത്തസ്യ | വിശപ്പുകൊണ്ടു വലഞ്ഞു | അനാമിഷഃ ഹി | മാംസമൊന്നുമില്ലാത്തവനായി തന്നെ |
| ആഹാരകാംക്ഷിണഃ | ഇരയും കാത്തുകൊണ്ടിരുന്നവനായ | മമ ച | എൻെറ അടുക്കൽ |
| മമ സഃ പുത്രഃ | എൻെറ ആ പുത്രൻ | പ്രാപ്തഃ. | എത്തി. |

സ മയാ വൃദ്ധഭാവാച്ച കോപാച്ച പരിഭർത്സിതഃ
ക്ഷുത്പിപാസാപരീതേന കുമാരഃ പതതാം വരഃ. 11

| | | | |
|---|---|---|---|
| "പതതാം വരഃ | "പക്ഷിശ്രേഷ്ഠനായ | മയാ, | എന്നാൽ, |
| സഃ കുമാരഃ | ആ പുത്രൻ, | വൃദ്ധഭാവാത് ച | വാർദ്ധക്യത്താലും |
| ക്ഷുത്പിപാസാപരീതേന | വിശപ്പിനാലും ദാഹത്താലും വലഞ്ഞിരുന്ന | കോപാത് ച | കോപത്താലും |
| | | പരിഭർത്സിതഃ. | ചീത്ത പറയപ്പെട്ടു. |

സ മാമാഹാരസംരോധാത് പീഡിതം പ്രീതിവർദ്ധനഃ
അനുമാന്യ യഥാതത്ത്വമിദം വചനമബ്രവീത്. 12

| | | | |
|---|---|---|---|
| "പ്രീതിവർദ്ധനഃ | "വാത്സല്യത്തെ വളർക്കുന്നവനായ | അനുമാന്യ, | ക്ഷമായാചനംചെയ്തുകൊണ്ട്, |
| സഃ, | അവൻ, | ഇദം വചനം | നടന്ന സംഗതിയെക്കുറിച്ച് ഇപ്രകാരം |
| ആഹാരസംരോധാത് | ആഹാരം ലഭിയ്ക്കായ്കയാൽ | യഥാതത്ത്വം | ഉള്ളപോലെതന്നെ |
| പീഡിതം മാം | ദുഃഖിക്കുന്ന എന്നോട് | അബ്രവീത്. | അറിയിച്ചു. |

അഹം താത യഥാകാലമാമിഷാൎത്ഥീ ഖമാപ്ലുതഃ
മഹേന്ദ്രസ്യ ഗിരേർദ്വാരമാവൃത്യ ച സമാസ്ഥിതഃ 13

| | | | |
|---|---|---|---|
| "'താത! | "'പിതാവേ! | ആപ്ലുതഃ, | പ്രാപിച്ച്, |
| അഹം | ഞാൻ | മഹേന്ദ്രസ്യ ഗിരേഃ | മഹേന്ദ്രപൎവ്വതത്തിലുള്ള |
| ആമിഷാൎത്ഥീ, | ഇരതേടുന്നവനായി, | ദ്വാരം ആവൃത്യ | വഴി തടഞ്ഞുംകൊണ്ട് |
| യഥാകാലം ച | ശരിയായ സമയത്തിൽ | സമാസ്ഥിതഃ. | സ്ഥിതിചെയ്തു. |
| ഖം | ആകാശത്തെ [തന്നെ | | |

തത്ര സത്വസഹസ്രാണാം സാഗരാന്തരചാരിണാം
പന്ഥാനമേകോऽദ്ധ്യവസം സന്നിരോദ്ധുമവാങ്മുഖഃ. 14

| | | | |
|---|---|---|---|
| "'സാഗരാന്തര-ചാരിണാം | "'സമുദ്രസഞ്ചാരികളായ | തത്ര | അവിടെ |
| സത്വ-സഹസ്രാണാം | പല ജന്തുക്കളുടേയും | ഏകഃ | ഏകനായി, |
| പന്ഥാനം | മാൎഗ്ഗത്തെ | അവാങ്മുഖഃ | ഒരുമ്പെട്ട് |
| | | സന്നിരോദ്ധും | തടുക്കുന്നതിന്നായി |
| | | അദ്ധ്യവസം. | ഞാനുറച്ചിരുന്നു. |

["അവാങ്മുഖഃ," (താഴോട്ടുനോക്കിക്കൊണ്ട് ഒട്ടും ശബ്ദിക്കാതെ) എന്നും.]

തത്ര കശ്ചിന്മയാ ദൃഷ്ടഃ സൂൎയ്യോദയസമപ്രഭാം
സ്ത്രിയമാദായ ഗച്ഛൻ വൈ ഭിന്നാഞ്ജനചയോപമഃ. 15

| | | | |
|---|---|---|---|
| "'തത്ര | "'അപ്പോൾ | ഗച്ഛൻ വൈ | പോയ്ക്കൊണ്ടിരുന്നവനും |
| സൂൎയ്യോദയ-സമപ്രഭാം | ഉദിച്ചുയരുന്ന സൂൎയ്യന്റെ കാന്തിയോടുകൂടിയ | ഭിന്നാഞ്ജന-ചയോപമഃ | പിളൎന്നിരിക്കുന്ന അഞ്ജനപൎവ്വതംപോലെ കറുത്തിരുണ്ടവനും |
| സ്ത്രിയം | ഒരു സ്ത്രീയേയും | കശ്ചിത് | ഒരുവൻ [ആയ |
| ആദായ | എടുത്തുകൊണ്ട് | മയാ ദൃഷ്ടഃ. | എന്നാൽ കാണപ്പെട്ടു. |

സോऽഹമഭ്യവഹാരാൎത്ഥം തം ദൃഷ്ട്വാ കൃതനിശ്ചയഃ
തേന സാമ്നാ വിനീതേന പന്ഥാനമഭിയാചിതഃ. 16

| | | | |
|---|---|---|---|
| "'തം ദൃഷ്ട്വാ, | "'അവരെകണ്ട്, | വിനീതേന | താഴ്മയോടുകൂടിയ |
| അഭ്യ-വഹാരാൎത്ഥം | ആഹാരത്തിന്നുപകരിക്കുമെന്ന് | തേന, | അവനാൽ, |
| കൃതനിശ്ചയഃ, | നിശ്ചയിച്ചുറച്ചിരുന്ന | സാമ്നാ | നല്ലവാക്കു പറഞ്ഞ് |
| സഃ അഹം, | ആ ഞാൻ, | പന്ഥാനം | വഴി വിട്ടുകൊടുക്കേണമെന്ന് |
| | | അഭിയാചിതഃ. | അപേക്ഷിക്കപ്പെട്ടു. |

ന ഹി സാമോപപന്നാനാം പ്രഹൎത്താ വിദ്യതേ ക്വചിത്
നീചേഷ്വപി ജനഃ കശ്ചിത് കിമംഗ ബത മദ്വിധഃ. 17

| | | | |
|---|---|---|---|
| "'സാമോപ-പന്നാനാം | "നല്ലവാക്കു പറയുന്നവരോട് | ക്വചിത് | എവിടേയും |
| പ്രഹൎത്താ | മെക്കിട്ടുകേറുന്നവൻ | വിദ്യതേ ന ഹി; | ഇല്ലല്ലോ; |
| നീചേഷു അപി | നീചന്മാരിലുംകൂടി | മദ്വിധഃ കിം അംഗ ബത! | എന്നെപ്പോലെയുള്ളവൻ പിന്നെ പറയേണമോ! |
| കശ്ചിത് ജനഃ | ആരുംതന്നെ | | |

സ യാതസ്തേജസാ വ്യോമ സംക്ഷിപന്നിവ വേഗിതഃ
അഥാഹം ഖചരൈർഭൂതൈരഭിഗമ്യ സഭാജിതഃ. 18

| | | | |
|---|---|---|---|
| "സഃ | "അവൻ | ഖചരൈഃ | ആകാശചാരികളായ |
| വ്യോമ | ആകാശത്തിൽ | ഭൂതൈഃ | സിദ്ധന്മാരാൽ |
| തേജസാ സംക്ഷിപൻ ഇവ | കാന്തിചിതറിക്കൊണ്ട് | അഹം | ഞാൻ |
| | | അഥ | ആ സമയം |
| വേഗിതഃ | അതിവേഗത്തിൽ | അഭിഗമ്യ | നേരിട്ടുവന്ന് |
| യാതഃ; | ചെന്നു; | സഭാജിതഃ. | കൊണ്ടാടപ്പെട്ടു. |

ദിഷ്ട്യാ ജീവതി സീതേതി ഹ്യബ്രുവൻ മാം മഹർഷയഃ
കഥഞ്ചിത് സകളത്രോऽസൌ ഗതസ്തേ സ്വസ്ത്യസംശയം. 19

| | | | |
|---|---|---|---|
| "മാം, | "എന്നെ നോക്കി, | അസൌ ഹി | ഇവനും |
| 'ദിഷ്ട്യാ | 'ഭാഗ്യവിശേഷത്താൽ | കഥഞ്ചിത് | ആപത്തിൽനിന്നു തെറ്റിച്ചുകൊണ്ട് |
| സീതാ | സീതാദേവി | | |
| ജീവതി,' ഇതി | ജീവിച്ചിരിക്കുന്നു,' | | |
| മഹർഷയഃ | മഹർഷിമാർ [എന്ന് | ഗതഃ; | കടന്നുപോയി; |
| അബ്രുവൻ; | പറഞ്ഞു; | തേ | നിണക്കു |
| 'സകളത്രഃ | 'രക്ഷിക്കപ്പെടേണ്ടവളായ ദേവിയെ കയ്ക്കൊണ്ടവനായ | സ്വസ്തി | മംഗളമുണ്ടാകും |
| | | അസംശയം.' | സംശയമില്ല.' |

ഏവമുക്തസ്തതോऽഹം തൈഃ സിദ്ധൈഃ പരമശോഭനൈഃ. 20

| | | | |
|---|---|---|---|
| "'പരമശോഭനൈഃ | "'ശുഭമതികളായ | അഹം | ഞാൻ |
| | | തതഃ | ആ സമയം |
| തൈഃ | ആ | ഏവം | മേൽപ്രകാരം |
| സിദ്ധൈഃ, | സിദ്ധന്മാരാൽ, | ഉക്തഃ. | അരുളിച്ചെയ്യപ്പെട്ടു. |

സ ച മേ രാവണോ രാജാ രക്ഷസാം പ്രതിവേദിതഃ
ഹരൻ ദാശരഥേർഭാര്യാം രാമസ്യ ജനകാത്മജാം 21
ഭ്രഷ്ടാഭരണകൌശേയാം ശോകവേഗപരാജിതാം
രാമലക്ഷ്മണയോർന്നാമ ക്രോശന്തീം മുക്തമൂർദ്ധജാം. 22

| | | | |
|---|---|---|---|
| "'മുക്തമൂർദ്ധജാം | "'തലമുടിയഴിഞ്ഞ് | ജനകാത്മജാം | ജനകനന്ദിനിയുമായ |
| ശോകവേഗപരാജിതാം | ശോകാർത്തയായി | ദാശരഥേഃ | ദശരഥാത്മജനായ |
| | | രാമസ്യ | ശ്രീരാമന്റെ |
| ഭ്രഷ്ടാഭരണകൌശേയാം | വഴുതിയ ആഭരണങ്ങളോടും പട്ടുവസ്ത്രത്തോടും കൂടിയവളും | ഭാര്യാം | ധർമ്മപത്നിയെ |
| | | ഹരൻ | അപഹരിച്ചുകൊണ്ടുപോകുന്ന |
| രാമലക്ഷ്മണയോഃ നാമ | ശ്രീരാമലക്ഷ്മണന്മാരുടെ നാമങ്ങളെത്തന്നെ | രക്ഷസാം രാജാ | രാക്ഷസരാജാവായ |
| | | സഃ രാവണഃ ച | ആ രാവണനും, |
| ക്രോശന്തീം | വിളിച്ചു നിലവിളിക്കുന്നവളും, | മേ | എന്നോട് |
| | | പ്രതിവേദിതഃ. | പറഞ്ഞറിയിക്കപ്പെട്ടു. |

ഏഷ കാലാത്യയസ്താവദിതി കാലവിദാം വരഃ
ഏതമർത്ഥം സമഗ്രം മേ സുപാർശ്വഃ പ്രത്യവേദയത്. 23

| | |
|---|---|
| " 'ഏഷഃ | " 'ഇതുതന്നെയാണ് |
| കാലാത്യയഃ താവത്,' | ഈ കാലതാമസം,' |
| ഇതി | എന്നിങ്ങിനെ |
| കാലവിദാം വരഃ | കാലോചിതമെന്നറിഞ്ഞവരിൽവെച്ച് ശ്രേഷ്ഠനായ |
| സുപാർശ്വഃ | സുപാർശ്വൻ |
| ഏതം അർത്ഥം | ഈ വിഷയത്തെക്കുറിച്ച് |
| സമഗ്രം | മുഴുവൻ |
| മേ | എന്നോട് |
| പ്രത്യവേദയത്. | അറിയിച്ചു. |

തച്ഛ്രുത്വാऽപി ഹി മേ ബുദ്ധിർന്നാസീത് കാചിത് പരാക്രമേ
അപക്ഷോ ഹി കഥം പക്ഷീ കർമ്മ കിഞ്ചിദുപക്രമേ. 24

| | |
|---|---|
| " തത് ശ്രുത്വാ അപി | " അതുകേട്ടിട്ടും |
| മേ | എനിക്ക് |
| പരാക്രമേ | ശത്രുവിനെ അക്രമിക്കേണ്ട സംഗതിയിൽ |
| കാചിത് ബുദ്ധിഃ | ഒരു തോന്നലും |
| ന ആസീത്; | ഉണ്ടായില്ല; |
| ഹി | എന്തെന്നാൽ |
| അപക്ഷഃ | ചിറകില്ലാത്ത |
| പക്ഷീ | പക്ഷിയായ ഞാൻ |
| കഥം ഹി | എങ്ങിനെതന്നെയാണ് |
| കിഞ്ചിത് കർമ്മ | വല്ലതുമൊരുകാര്യത്തെ |
| ഉപക്രമേ! | ചെയ്യുവാൻ തുടങ്ങുക! |

യത്തു ശക്യം മയാ കർത്തും വാഗ്ബുദ്ധിഗുണവർത്തിനാ
ശ്രൂയതാം തത് പ്രവക്ഷ്യാമി ഭവതാം പൌരുഷാശ്രയം. 25

| | |
|---|---|
| " മയാ, | " എന്നാൽ |
| വാഗ്ബുദ്ധിഗുണവർത്തിനാ | വാഗിന്ദ്രിയത്തേയും ബുദ്ധീന്ദ്രിയത്തേയും പ്രയോഗിച്ച് |
| കർത്തും ശക്യം | ചെയ്യാൻ കഴിവുള്ളത് |
| യത് | യാതൊന്നോ, അതിനെ |
| പ്രവക്ഷ്യാമി; | പറയാം; |
| തത് തു | അതും |
| ഭവതാം | നിങ്ങളുടെ |
| പൌരുഷാശ്രയം; | ബലത്തെ ആശ്രയിച്ചതാണ്; |
| ശ്രൂയതാം. | കേൾക്കപ്പെടട്ടെ. |

വാങ്മതിഭ്യാം തു സർവ്വേഷാം കരിഷ്യാമി പ്രിയം ഹി വഃ
യദി ദാശരഥേഃ കാര്യം മമ തന്നാത്ര സംശയഃ. 26

| | |
|---|---|
| " വാങ്മതിഭ്യാം തു | " വാക്ക്, ബുദ്ധി, എന്നവകൊണ്ടുമാത്രം |
| വഃ സർവ്വേഷാം | നിങ്ങൾക്ക് എല്ലാവർക്കും |
| പ്രിയം ഹി കരിഷ്യാമി | ഞാൻ കഴിയുന്ന ഹിതംചെയ്യുന്നുണ്ടു |
| ദാശരഥേഃ | ദാശരഥിയുടെ |
| കാര്യം | കാര്യം |
| യത് | ഏതോ |
| തത് | അതു് |
| മമ ഹി; | എൻേറതുതന്നെയാണല്ലോ; |
| അത്ര | ഇതിൽ |
| സംശയഃ ന. | സംശയമെന്നതേയില്ല. |

തേ ഭവന്തോ മതിശ്രേഷ്ഠാ ബലവന്തോ മനസ്വിനഃ
പ്രഹിതാഃ കപിരാജേന ദേവൈരപി ദുരാസദാഃ. 27

| | | | |
|---|---|---|---|
| "കപിരാജേന | "വാനരാധിപനാൽ | മനസ്വിനഃ, | സത്സ്വഭാവികളും, |
| പ്രഹിതാഃ | പറഞ്ഞയക്കപ്പെട്ടവ[രായ | ദേവൈഃ അപി | ദേവന്മാരാലും |
| തേ ഭവന്തഃ, | ആ നിങ്ങൾ, | ദുരാസദാഃ | പരാജയപ്പെടുത്തുവാൻ കഴിവില്ലാത്തവരും |
| മതിശ്രേഷ്ഠാഃ, | ഉത്തമബുദ്ധിശാലികളും, | ബലവന്തഃ. | അതിബലവാന്മാരുമാണ്. |

രാമലക്ഷ്മണബാണാശ്ച നിശിതാഃ കങ്കപത്രിണഃ
ത്രയാണാമപി ലോകാനാം പര്യാപ്താസ്ത്രാണനിഗ്രഹേ. 28

| | | | |
|---|---|---|---|
| "കങ്കപത്രിണഃ | "കഴുകിൻതൂവൽ കെട്ടപ്പെട്ട | ലോകാനാം | ലോകങ്ങളേയും |
| നിശിതാഃ | തീക്ഷ്ണങ്ങളായ | ത്രാണനിഗ്രഹേ അപി | രക്ഷിക്കുന്നതിന്നും സംഹരിക്കുന്നതിന്നുംതന്നെ |
| രാമലക്ഷ്മണബാണാഃ ച, | ശ്രീരാമലക്ഷ്മണന്മാരുടെ ബാണങ്ങളാകട്ടെ | | |
| ത്രയാണാം | മൂന്ന് | പര്യാപ്താഃ. | പ്രാപ്തിയുള്ളവയാകുന്നു. |

കാമം ഖലു ദശഗ്രീവസ്തേജോബലസമന്വിതഃ
ഭവതാം തു സമർത്ഥാനാം ന കിഞ്ചിദപി ദുഷ്കരം. 29

| | | | |
|---|---|---|---|
| "ദശഗ്രീവഃ | "ദശാസ്യൻ | സമർത്ഥാനാം | സമർത്ഥന്മാരായ |
| തേജോബലസമന്വിതഃ | ശക്തിയും പൌരുഷവും ഉള്ളവൻതന്നെ ; | ഭവതാം | നിങ്ങൾക്ക് |
| ഖലു ; | | ദുഷ്കരം | ചെയ്യാൻ കഴിയാത്തതു |
| കാമം തു, | എന്നിരുന്നാലും, | കിഞ്ചിത് അപി ന. | യാതൊന്നുംതന്നെയില്ല. |

തദലം കാലസംഗേന ക്രിയതാം ബുദ്ധിനിശ്ചയഃ
ന ഹി കർമ്മസു സജ്ജന്തേ ബുദ്ധിമന്തോ ഭവദ്വിധാഃ. 30

| | | | |
|---|---|---|---|
| "തത് | "അതുകൊണ്ട് | ഭവദ്വിധാഃ | നിങ്ങളെപ്പോലെയുള്ള |
| കാലസംഗേന അലം ; | താമസിക്കേണ്ട ; | ബുദ്ധിമന്തഃ | ബുദ്ധിമാന്മാർ |
| ബുദ്ധിനിശ്ചയഃ ക്രിയതാം | ആലോചിച്ചുറക്കപ്പെടട്ടെ ; | കർമ്മസു | കാര്യങ്ങളിൽ |
| | | ന സജ്ജന്തേ ഹി." | അമാന്തം വരുത്തുമാറില്ലല്ലൊ." |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ഏകോനഷഷ്ടിതമഃ സർഗ്ഗഃ = അമ്പത്തൊമ്പതാംസർഗ്ഗം സമാപ്തം

ആദ്യം മുതൽ ശ്ലോകസംഖ്യ 11567 ; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 2315.

# ഷഷ്ടിതമഃ സൎഗ്ഗഃ = അറുപതാംസൎഗ്ഗം.

[സമ്പാതിനാ സ്വസ്യ വൃത്താന്തകഥനം = സമ്പാതി തന്റെ ചരിത്രത്തെ കഥിക്കുന്നത്.]

തതഃ കൃതോദകം സ്നാതം തം ഗൃദ്ധ്രം ഹരിയൂഥപാഃ
ഉപവിഷ്ടാ ഗിരൌ ദുൎഗ്ഗേ പരിവാൎയ്യ സമന്തതഃ. 1

| | | | |
|---|---|---|---|
| തതഃ | അനന്തരം | തം ഗൃദ്ധ്രം, | ആ കഴുകിനെ, |
| ഹരിയൂഥപാഃ | വാനരവീരന്മാർ | സമന്തതഃ | നാലുഭാഗവും |
| സ്നാതം | സ്നാനം ചെയ്ത് | പരിവാൎയ്യ, | ചൂഴ്ന്നുകൊണ്ടു് |
| കൃതോദകം | ഉദകക്രിയ ചെയ്തു തീൎത്ത | ഗിരൌ ദുൎഗ്ഗേ | പൎവ്വത ശിഖരത്തിൽ |
| | | ഉപവിഷ്ടാഃ. | ഉപവിഷ്ടരായി. |

തമംഗദമുപാസീനം തൈഃ സൎവ്വൈൎഹരിഭിർവൃതം
ജനിതപ്രത്യയോ ഹൎഷാത് സമ്പാതിഃ പുനരബ്രവീത്. 2

| | | | |
|---|---|---|---|
| ജനിതപ്രത്യയഃ | സന്തുഷ്ടിയാൎന്നവനായ | ഉപാസീനം | സമീപത്തിൽ ഇരുന്നിരുന്ന |
| സമ്പാതിഃ | സമ്പാതി, | തം അംഗദം | ആ അംഗദനെനോക്കി |
| തൈഃ ഹരിഭിഃ | ആ വാനരന്മാർ | ഹൎഷാത് | ഉത്സാഹത്തോടെ |
| സൎവ്വൈഃ വൃതം | എല്ലാവരാലും ചൂഴപ്പെട്ടു് | പുനഃ | വീണ്ടും |
| | | അബ്രവീത്. | ഇപ്രകാരം പറഞ്ഞു. |

കൃത്വാ നിശ്ശബ്ദമേകാഗ്രാഃ ശൃണ്വന്തു ഹരയോ മമ
തത്വം സംകീൎത്തയിഷ്യാമി യഥാ ജാനാമി മൈഥിലീം. 3

| | | | |
|---|---|---|---|
| "മൈഥിലീം | "മിഥിലാത്മജയെക്കു | സങ്കീൎത്തയിഷ്യാമി; | ഞാൻ വിസ്തരിച്ചുപറയാം; |
| യഥാ | എപ്രകാരം [റിച്ചു് | ഹരയഃ! | വാനരന്മാരേ! |
| ജാനാമി | ഞാനറിയുന്നുവോ അപ്രകാരംതന്നെ | നിശ്ശബ്ദം കൃത്വാ | മിണ്ടാതെ |
| മമ | എന്റെ | ഏകാഗ്രാഃ | ശ്രദ്ധവച്ചു് |
| തത്വം | മനസ്സിലുള്ളതിനെ | ശൃണ്വന്തു. | കേട്ടുകൊൾവിൻ. |

അസ്യ വിന്ധ്യസ്യ ശിഖരേ പതിതോഽസ്മി പുരാ വനേ
സൂൎയ്യാതപപരീതാംഗോ നിൎദ്ദഗ്ധഃ സൂൎയ്യരശ്മിഭിഃ. 4

| | | | |
|---|---|---|---|
| "പുരാ | "പണ്ടു് | അസ്യ | ഈ |
| സൂൎയ്യാതപപരീതാംഗഃ | ശരീരത്തിൽ വെയിലേററവനായി | വിന്ധ്യസ്യ | വിന്ധ്യപൎവ്വതത്തിന്റെ |
| | | ശിഖരേ | ശിഖരത്തിൽ |
| സൂൎയ്യരശ്മിഭിഃ | സൂൎയ്യകിരണങ്ങളാൽ | വനേ | ഒരു വനത്തിൽ |
| നിൎദ്ദഗ്ധഃ | ദഹിപ്പിക്കപ്പെട്ടവനായി | പതിതഃ അസ്മി. | ഞാൻ വീണു. |

ലബ്ധസംജ്ഞസ്തു ഷഡ്രാത്രാദ്വിവശോ വിഹ്വലന്നിവ
വീക്ഷമാണോ ദിശഃ സർവ്വാ നാഭിജാനാമി കിഞ്ചന. 5

| | | | |
|---|---|---|---|
| “വിവശഃ | “പ്രജ്ഞയററ് | സർവ്വാഃ ദിശഃ | എല്ലാഭാഗങ്ങളിലും |
| വിഹ്വലൻ | ദീനനായി | വീക്ഷമാണഃ തു | മിഴിച്ചുനോക്കിയിട്ടും |
| ഇവ | കിടന്നകിടപ്പിൽ | കിഞ്ചന | സംഗതി ഒന്നുംതന്നെ |
| ഷഡ്രാത്രാത് | ആറു രാത്രികൊണ്ടു് | ന അഭിജാനാമി | എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. |
| ലബ്ധസംജ്ഞഃ, | ബോധംതെളിഞ്ഞു് | | |

തതസ്തു സാഗരാൻ ശൈലാൻ നദീഃ സർവ്വാഃ സരാംസി ച
വനാന്യുദധിവേലാം ച സമീക്ഷ്യ മതിരാഗമത്. 6

| | | | |
|---|---|---|---|
| “തതഃ തു | “അതിൽപിന്നെ | വനാനി ച | വനങ്ങളേയും |
| സാഗരാൻ | സമുദ്രങ്ങളേയും | ഉദധിവേലാം | കടൽക്കരയേയും |
| ശൈലാൻ | പർവ്വതങ്ങളേയും | സമീക്ഷ്യ, | ഉററുനോക്കിയാറെ |
| സർവ്വാഃ നദീഃ | എല്ലാ നദികളേയും | മതിഃ | ഓർമ്മ |
| സരാംസി ച | പൊയ്കകളേയും | ആഗമത്. | വന്നു. |

ഹൃഷ്ടപക്ഷിഗണാകീർണ്ണഃ കന്ദരാന്തരകൂടവാൻ
ദക്ഷിണസ്യോദധേസ്തീരേ വിന്ധ്യോƒയമിതി നിശ്ചിതഃ 7

| | | | |
|---|---|---|---|
| “ദക്ഷിണസ്യ | “തെക്കെ | കന്ദരാന്തര- കൂടവാൻ | ഗുഹകളും ഇടയിൽ ശിഖരങ്ങളുമുള്ളതുമായ |
| ഉദധേഃ തീരേ | കടൽകരയിൽ | അയം | ഇതു് |
| ഹൃഷ്ടപക്ഷി- ഗണാകീർണ്ണഃ | മദിച്ച പക്ഷിഗണങ്ങളാൽ നിറയപ്പെട്ടതും | വിന്ധ്യഃ ഇതി | വിന്ധ്യപർവ്വതമാണെന്നു് |
| | | നിശ്ചിതഃ. | തീർച്ചയാക്കി. |

ആസീച്ചാത്രാƒശ്രമം പുണ്യം സുരൈരപി സുപൂജിതം
ഋഷിർന്നിശാകരോ നാമ യസ്മിന്നുഗ്രതപാ അഭൂത്. 8

| | | | |
|---|---|---|---|
| “അത്ര ച | “ഇവിടെ | യസ്മിൻ | അതിൽ |
| സുരൈഃ അപി | ദേവന്മാരാലും | നിശാകരഃ നാമ | നിശാകരൻ എന്ന |
| സുപൂജിതം | കൊണ്ടാടപ്പെട്ട | ഋഷിഃ | ഒരു മഹർഷി |
| പുണ്യം | പരിശുദ്ധമായ | ഉഗ്രതപാഃ | കഠിനമായ തപസ്സ ചെയ്തുകൊണ്ടു് |
| ആശ്രമം | ഒരു ആശ്രമം | | |
| ആസീത്; | ഉണ്ടായിരുന്നു ; | അഭൂത്. | വസിച്ചിരുന്നു. |

അഷ്ടൌ വർഷസഹസ്രാണി തേനാസ്മിന്നൃഷിണാ വിനാ
വസതോ മമ ധർമ്മജ്ഞേ സ്വർഗ്ഗതേ തു നിശാകരേ. 9

| | | | |
|---|---|---|---|
| “ധർമ്മജ്ഞേ | “ധർമ്മജ്ഞനായ | അസ്മിൻ | ഇതിൽ |
| നിശാകരേ | നിശാകരമഹർഷി | വസതഃ | വസിച്ചുകൊണ്ടിരുന്ന |
| സ്വഃ ഗതേ | സ്വർഗ്ഗാരോഹണംചെയ്തശേഷം | മമ | എനിക്കു് |
| തേന | ആ | അഷ്ടൌ വർഷ- സഹസ്രാണി തു. | എണ്ണായിരമാണ്ടുകൾ കഴിഞ്ഞുകൂടി. |
| ഋഷിണാ | ഋഷിയോടു | | |
| വിനാ | കൂടാതെ | | |

അവതീര്യ തു വിന്ധ്യാഗ്രാത് കൃച്ഛ്രേണ വിഷമാച്ഛനൈഃ
തീക്ഷ്ണദർഭാം വസുമതീം ദുഃഖേന പുനരാഗതഃ. 10

| | | | |
|---|---|---|---|
| "വിഷമാത് | "ദുർഘടമായ | ശനൈഃ | പതുക്കെ |
| വിന്ധ്യാഗ്രാത് | വിന്ധ്യശിഖരത്തിൽ നിന്ന് | അവതീര്യ, | ഇറങ്ങിവന്ന്, |
| | | തീക്ഷ്ണദർഭാം | കൂർത്ത ദർഭകളുള്ള |
| കൃച്ഛ്രേണ | വളരെ പ്രയാസപ്പെട്ട് | വസുമതീം | നിലത്ത് |
| ദുഃഖേന തു | വേദനയോടുംകൂടി, | പുനഃ ആഗതഃ. | വീണ്ടും എത്തിച്ചേർന്നു. |

തമൃഷിം ദ്രഷ്ടുകാമോഽസ്മി ദുഃഖേനാഽഭ്യാഗതോ ഭൃശം
ജടായുഷാ മയാ ചൈവ ബഹുശോഽധിഗതോ ഹി സഃ. 11

| | | | |
|---|---|---|---|
| "തം ഋഷിം | "ആ മഹർഷിയെ | ഹി | എന്തെന്നാൽ |
| ഭൃശം ദ്രഷ്ടുകാമഃ | കാണേണമെന്ന് വളരെ ആഗ്രഹിച്ചാണ്, | സഃ | അദ്ദേഹം |
| | | ബഹുശഃ | വളരെപ്രാവശ്യം |
| ദുഃഖേന | കഷ്ടപ്പെട്ട് | ജടായുഷാ ച | ജടായുവിനാലും |
| അഭ്യാഗതഃ അസ്മി; | ഞാൻ ഇറങ്ങിവന്നത്; | മയാ ഏവ | എന്നാലും |
| | | അധിഗതഃ. | സേവിക്കപ്പെട്ടിട്ടുണ്ട്. |

തസ്യാശ്രമപദാഭ്യാശേ വവുർവാതാഃ സുഗന്ധിനഃ
വൃക്ഷോ നാപുഷ്പിതഃ കശ്ചിദഫലോ വാ ന വിദ്യതേ. 12

| | | | |
|---|---|---|---|
| "തസ്യ | "അദ്ദേഹത്തിന്റെ | അപുഷ്പിതഃ വൃക്ഷഃ | പൂക്കാത്ത വൃക്ഷം |
| ആശ്രമ-പദാഭ്യാശേ | ആശ്രമത്തിന്നുചുററും | കശ്ചിത് | ഒന്നുംതന്നെ |
| സുഗന്ധിനഃ | നറുമണമാന്ന | ന വിദ്യതേ; | ഉണ്ടായിരുന്നില്ല |
| വാതാഃ വവുഃ; | ഇളങ്കാററുകൾ വീശിക്കൊണ്ടിരുന്നു; | അഫലഃ വാ ന. | കായ്ക്കാത്തതുമുണ്ടായിരുന്നില്ല. |

ഉപേത്യ ചാശ്രമം പുണ്യം വൃക്ഷമൂലമുപാശ്രിതഃ
ദ്രഷ്ടുകാമഃ പ്രതീക്ഷേഽഹം ഭഗവന്തം നിശാകരം. 13

| | | | |
|---|---|---|---|
| "അഹം | "ഞാൻ | ദ്രഷ്ടുകാമഃ, | കാണ്മാൻ കൊതിച്ച്, |
| പുണ്യം ആശ്രമം | ആ പുണ്യാശ്രമത്തെ | വൃക്ഷമൂലം | ഒരു മരച്ചുവട്ടിൽ |
| ഉപേത്യ, | പ്രാപിച്ച്, | ഉപാശ്രിതഃ | ചെന്ന് |
| ഭഗവന്തം | ഭഗവാനായ | | |
| നിശാകരം | നിശാകര മഹർഷിയെ | പ്രതീക്ഷേ ച. | കാത്തു നില്ക്കയായി. |

അഥാഽപശ്യമദൂരസ്ഥമൃഷിം ജ്വലിതതേജസം
കൃതാഭിഷേകം ദുർദ്ധർഷമുപാവൃത്തമുദങ്മുഖം. 14

| | | | |
|---|---|---|---|
| "അഥ | "ആ സമയം, | അദൂരസ്ഥം | അതി ദൂരെയല്ലാതെ |
| കൃതാഭിഷേകം | സ്നാനം ചെയ്ത് | ഉദങ്മുഖം | വടക്കോട്ടു നോക്കി |
| ദുർദ്ധർഷം | ദുർന്നിരീക്ഷ്യമാംവണ്ണം | ഉപാവൃത്തം | വന്നുകൊണ്ടിരുന്നവ |
| ജ്വലിത-തേജസം | തേജസ്സുകൊണ്ടുജ്ജ്വലിക്കുന്നവനും | ഋഷിം | മുനീന്ദ്രനെ [നും ആയ |
| | | അപശ്യം. | ഞാൻ ദർശിച്ചു. |

[വിന്ധ്യന്റെ തെക്കുഭാഗത്തിലായുള്ള സമുദ്രത്തിൽ സ്നാനം ചെയ്തു്, വടക്കോട്ടായി ഋഷി മടങ്ങിവരികയായിരുന്നു. എന്നു ബോദ്ധ്യം. (തിലകം).]

തമൃക്ഷാഃ സൃമരാ വ്യാഘ്രാഃ സിംഹാ നാഗാഃ സരീസൃപാഃ
പരിവാൎയ്യോപഗച്ഛന്തി ധാതാരം പ്രാണിനോ യഥാ. 15

| | | | |
|---|---|---|---|
| "ഋക്ഷാഃ | "കരടികളും | ധാതാരം | പോററി വളൎത്തുന്ന |
| സൃമരാഃ | മാനുകളും | പ്രാണിനഃ | പ്രാണികൾ [വനെ |
| വ്യാഘ്രാഃ | പുലികളും | യഥാ, | എന്നപോലെ, |
| സിംഹാഃ | സിംഹങ്ങളും | തം | അദ്ദേഹത്തെ |
| നാഗാഃ | ആനകളും, | പരിവാൎയ്യ | ചൂഴ്ന്നുകൊണ്ടു് |
| സരീസൃപാഃ, | സൎപ്പങ്ങളും, | ഉപഗച്ഛന്തി. | വന്നു കൊണ്ടിരുന്നു. |

തതഃ പ്രാപ്തമൃഷിം ജ്ഞാത്വാ താനി സത്വാനി വൈ യയുഃ
പ്രവിഷ്ടേ രാജനി യഥാ സൎവ്വം സാമാത്യകം ബലം. 16

| | | | |
|---|---|---|---|
| "രാജനി | "മഹാരാജാവു് | ഋഷിം | മുനീന്ദ്രനെ |
| പ്രവിഷ്ടേ | എഴുന്നെള്ളിയാൽ | പ്രാപ്തം } | വന്നെത്തിയതായറി |
| സാമാത്യകം | മന്ത്രികളടക്കം | ജ്ഞാത്വാ } | ഞ്ഞു് |
| ബലം സൎവ്വം | പരിവാരങ്ങളെല്ലാം | താനി | ആ |
| യഥാ, | എപ്രകാരമോ, അപ്ര | സത്വാനി | ജീവികൾ |
| തതഃ | ആ സമയം [കാരം | യയുഃ വൈ. | കൂടെവന്നുകൊണ്ടിരുന്നു. |

ഋഷിസ്തു ദൃഷ്ട്വാ മാം തത്ര പ്രവിഷ്ടശ്ചാശ്രമം പുനഃ
മുഹൂൎത്തമാത്രാന്നിഷ്ക്രമ്യ തതഃ കാൎയ്യമപൃച്ഛത. 17

| | | | |
|---|---|---|---|
| "ഋഷിഃ | "മുനിവരൻ | മുഹൂൎത്തമാത്രാത് | ക്ഷണനേരംകൊണ്ടു് |
| മാം | എന്നെ | പുനഃ തു | വീണ്ടും |
| തത്ര | അവിടെ | നിഷ്ക്രമ്യ, | പുറത്തുവന്നു്, |
| ദൃഷ്ട്വാ, | കണ്ടു്, | തതഃ | അതിൽപിന്നെ |
| ആശ്രമം } | ആശ്രമത്തിനുള്ളിൽ | കാൎയ്യം ച | വൎത്തമാനത്തെക്കുറിച്ചു് |
| പ്രവിഷ്ടഃ } | ചെന്നു് | അപൃച്ഛത. | ഇങ്ങിനെചോദ്യംചെയ്തു. |

സൌമ്യ വൈകല്യതാം ദൃഷ്ട്വാ രോമ്ണാം തേ നാവഗമ്യതേ
അഗ്നിദഗ്ദ്ധാവിമൌ പക്ഷൌ ത്വക് ചൈവ വ്രണിതാ തവ. 18

| | | | |
|---|---|---|---|
| "'സൌമ്യ! | "'വത്സ! | തവ | നിന്റെ |
| തേ രോമ്ണാം | നിന്റെ തൂവലുകളുടെ | ഇമൌ | ഈ |
| വൈകല്യതാം } | മാററംകണ്ടു് | പക്ഷൌ | ചിറകുകൾ രണ്ടും |
| ദൃഷ്ട്വാ, } | | അഗ്നിദഗ്ദ്ധൌ; | തീവെന്തു് കരിഞ്ഞിരി |
| ന അവഗമ്യതേ; | ആരാണെന്നു് അറിയാ | ത്വക് ച ഏവ | ഉടലും [ക്കുന്നു |
| | തായി; | വ്രണിതാ. | പുണ്ണായിരിക്കുന്നു. |

ദൈ്വൗ ഗൃധ്രൌ ദൃഷ്ടപൂർവ്വൌ മേ മാതരിശ്വസമൌ ജവേ
ഗൃധ്രാണാം ചൈവ രാജാനൌ ഭ്രാതരൌ കാമരൂപിണൌ. 19

| | | | |
|---|---|---|---|
| "ജവേ മാതരിശ്വസമൌ; | "വേഗതയിൽ വായുവിന്നുതുല്യന്മാരും | കാമരൂപിണൌ | ഇഷ്ടമുള്ള രൂപമെടുപ്പാൻ കഴിവുള്ളവരും |
| ഗൃധ്രാണാം ച ഏവ | കഴുകുകൾക്കെല്ലാംതന്നെ | ഭ്രാതരൌ | സഹോദരന്മാരും ആയ |
| രാജാനൌ | രാജാക്കന്മാരും | ദ്വൌ ഗൃധ്രൌ | രണ്ടു കഴുകുകൾ |
| | | മേ | എനിക്കു [മുണ്ട്. |
| | | ദൃഷ്ടപൂർവ്വൌ. | മുമ്പുകണ്ടു പരിചയമു- |

ജ്യേഷ്ഠോ ഹി ത്വം തു സമ്പാതേ ജടായുരനുജസ്തവ
മാനുഷം വപുരാസ്ഥായ ഗൃഹ്ണീതാം ചരണൌ മമ 20

| | | | |
|---|---|---|---|
| "സമ്പാതേ! | "അല്ലേ! സമ്പാതേ! | മാനുഷം വപുഃ | മനുഷ്യരൂപത്തെ |
| ത്വം ജ്യേഷ്ഠഃ ഹി, | നീ മൂത്തവനാണല്ലോ! | ആസ്ഥായ, | കൈക്കൊണ്ട് |
| ജടായുഃ | ജടായു | മമ ചരണൌ തു | എന്റെ കാലടികളെ |
| തവ അനുജഃ; | നിന്റെ അനുജൻ; | ഗൃഹ്ണീതാം. | സേവിച്ചിട്ടുണ്ട്. |

കിം തേ വ്യാധിസമുത്ഥാനം പക്ഷയോഃ പതനം കഥം
ദണ്ഡോ വായം കൃതഃ കേന സർവ്വമാഖ്യാഹി പൃച്ഛതഃ. 21

| | | | |
|---|---|---|---|
| "തേ | "നിനക്ക് | അയം | ഇതു |
| കിം വ്യാധിസമുത്ഥാനം? | എന്തു രോഗമാണുണ്ടായതു്? | കേന കൃതഃ | ആരാൽ ഏല്പിക്കപ്പെട്ട |
| | | ദണ്ഡഃ? | ശിക്ഷയാണ്? |
| പക്ഷയോഃ പതനം | രണ്ടു ചിറകുകളും കൊഴിഞ്ഞുപോയത് | പൃച്ഛതഃ | ചോദിക്കുന്ന എന്നോട് |
| | | സർവ്വം | ഇതെല്ലാററിനേയുംപ |
| കഥം? | എങ്ങിനെ? | ആഖ്യാഹി വാ." | പറയുക." [൬൦] |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ ഷഷ്ടിതമഃ സർഗ്ഗഃ = അറുപതാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 11588; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 2336.

## ഏകഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തൊന്നാംസർഗ്ഗം.

[സ്വപക്ഷദാഹകാരണകഥനം = തന്റെ ചിറകുകൾ കരിഞ്ഞ കാരണത്തെപ്പററി പറയുന്നത്.]

തതസ്തദ്ദാരുണം കർമ്മ ദുഷ്കരം സാഹസാത് കൃതം
ആചചക്ഷേ മുനേഃ സർവ്വം സൂര്യാനുഗമനം തഥാ. 1

| | | | |
|---|---|---|---|
| "തതഃ, | "അപ്പോൾ, | തത് | ആ |
| ദുഷ്കരം | ചെയ്യാൻ പ്രയാസമുള്ളതും | ദാരുണം കർമ്മ | ഭയങ്കരകൃത്യത്തെ |
| സാഹസാത് കൃതം | ചോരത്തിളപ്പുകൊണ്ട് ചെയ്യപ്പെട്ടതും ആയ | സർവ്വം, | എല്ലാം, |
| | | തഥാ | നടന്നപോലെതന്നെ |
| സൂര്യാനുഗമനം | സൂര്യനെത്തുടർന്നുചെന്നതായ | മുനേഃ | മുനീശ്വരനോടായി |
| | | ആചചക്ഷേ. | ഞാൻ ഉണർത്തിച്ചു. |

ഭഗവൻ വ്രണയുക്തത്വാല്ലജ്ജയാ ത്വാകുലേന്ദ്രിയഃ
പരിശ്രാന്തോ ന ശക്നോമി വചനം പ്രതിഭാഷിതും. 2

| | | | |
|---|---|---|---|
| "'ഭഗവൻ! | "'ഭഗവാനേ! | പരിശ്രാന്തഃ; | ഞാൻ അവശനായിരിക്കുന്നു; |
| വ്രണയുക്തത്വാത് | ദേഹം വ്രണപ്പെട്ടതുകൊണ്ടും | തു | ഈ സ്ഥിതിയിൽ |
| ലജ്ജയാ | ലജ്ജകൊണ്ടും | വചനം പ്രതിഭാഷിതും | വിസ്തരിച്ചുപറയുന്നതിന്ന് |
| ആകുലേന്ദ്രിയഃ | ഇന്ദ്രിയങ്ങൾ തളൎന്ന് | ന ശക്നോമി. | എനിക്ക് കഴിവില്ല. |

അഹം ചൈവ ജടായുശ്ച സംഘൎഷാദ്ദൎപ്പമോഹിതൌ
ആകാശം പതിതൌ വീരൌ ജിജ്ഞാസന്തൌ പരാക്രമം 3
കൈലാസശിഖരേ ബദ്ധ്വാ മുനീനാമഗ്രതഃ പണം
രവിഃ സ്യാദനുയാതവ്യോ യാവദസ്തം മഹാഗിരിം. 4

| | | | |
|---|---|---|---|
| "'അഹം ച | "'ഞാനും | പണം, | പന്തയത്തെ, |
| ജടായുഃ ച | ജടായുവും | കൈലാസശിഖരേ | കൈലാസശിഖരത്തിൽ |
| ദൎപ്പമോഹിതൌ, | മദാന്ധന്മാരായി | മുനീനാം | മുനീന്ദ്രന്മാരുടെ |
| സംഘൎഷാത് | മാത്സൎയ്യത്തോടെ | അഗ്രതഃ | മുമ്പിൽവെച്ച് |
| പരാക്രമം | പരാക്രമത്തെ | ബദ്ധ്വാ | നിശ്ചയിച്ച് |
| ജിജ്ഞാസന്തൌ, | പരീക്ഷിച്ചറിവാനാശിച്ച് | ഏവ | അപ്പോൾതന്നെ |
| " രവിഃ | " ആദിത്യൻ | വീരൌ | പരാക്രമികളായ ഞങ്ങൾ ഇരുവരും |
| അസ്തം മഹാഗിരിം യാവത് | അസ്തമനപൎവ്വതത്തോളം | ആകാശം | ആകാശത്തിലേക്കു |
| അനുയാതവ്യഃ സ്യാത്," | പിൻതുടരപ്പെടേണ്ടവനാണ് എന്നുള്ള " | പതിതൌ. | ഉയൎന്നു. |

അഥാവാം യുഗപത് പ്രാപ്താവപശ്യാവ മഹീതലേ
രഥചക്രപ്രമാണാനി നഗരാണി പൃഥക് പൃഥക്. 5

| | | | |
|---|---|---|---|
| " അഥ | " അപ്രകാരം | നഗരാണി | നഗരങ്ങളെ |
| യുഗപത് | ഒപ്പത്തിനൊപ്പം | പൃഥക് പൃഥക് | ഓരോന്നിനേയും |
| പ്രാപ്തൌ | ചെന്നുകൊണ്ടിരുന്ന | രഥചക്രപ്രമാണാനി | തേർച്ചക്രങ്ങളോളം മാത്രം വലിപ്പമുള്ളവയായി |
| ആവാം, | ഞങ്ങൾ ഇരുവരും, | അപശ്യാവ. | കണ്ടു. |
| മഹീതലേ | ഭൂമിയിൽ | | |

ക്വചിദ്വാദിത്രഘോഷാംശ്ച ബ്രഹ്മഘോഷാംശ്ച ശുശ്രുവഃ
ഗായന്തീശ്ചാംഗനാ ബഹ്വീഃ പശ്യാവോ രക്തവാസസഃ. 6

| | | | |
|---|---|---|---|
| " ക്വചിത് | " ചില സ്ഥലങ്ങളിൽ | രക്തവാസസഃ | ചുവന്ന വസ്ത്രം ധരിച്ചവരായി |
| വാദിത്രഘോഷാൻ ച | വാദ്യഘോഷങ്ങളേയും | ഗായന്തീഃ | പാടിക്കൊണ്ടിരുന്ന |
| ബ്രഹ്മഘോഷാൻ ച | വേദധ്വനികളെയും | ബഹ്വീഃ | പല |
| | | അംഗനാഃ ച | വനിതകളേയും |
| ശുശ്രുവഃ; | ശ്രവിച്ചു; | പശ്യാവഃ. | ഞങ്ങൾ നിരീക്ഷിച്ചു. |

തൂൎണ്ണമുത്പത്യ ചാകാശമാദിത്യപഥമാസ്ഥിതൌ
ആവാമാലോകയാവസ്തദ്വനം ശാദ്വലസംസ്ഥിതം. 7

| | | | |
|---|---|---|---|
| "തത് ആകാശം | "ആ ആകാശത്തിലേ | ആവാം ച | ഞങ്ങളിരുവരും, |
| തൂൎണ്ണം | അതിവേഗത്തിൽ [ക്ക് | വനം | വനത്തെ |
| ഉത്പത്യ, | കതിച്ച്, | ശാദ്വല- } | ഒരു പച്ചപ്പുൽത്തറയെ |
| ആദിത്യപഥം | സൂൎയ്യമാൎഗ്ഗത്തെ | സംസ്ഥിതം } | ന്നപോലെ |
| ആസ്ഥിതൌ | പ്രാപിച്ചവരായ | ആലോകയാവഃ. | കാണുകയായി. |

ഉപലൈരിവ സംഛന്നാ ദൃശ്യതേ ഭൂഃ ശിലോച്ചയൈഃ
ആപഗാഭിശ്ച സംവീതാ സൂത്രൈരിവ വസുന്ധരാ. 8

| | | | |
|---|---|---|---|
| "ശിലോച്ചയൈഃ | "വലിയ പൎവ്വതങ്ങ | ആപഗാഭിഃ | നദികളോടുകൂടിയ |
| ഭൂഃ, | ഭൂമി, [ളോടുകൂടിയ | വസുന്ധരാ | ഭൂമണ്ഡലം |
| ഉപലൈഃ | ഉരുളൻകല്ലുകളാൽ | സൂത്രൈഃ | നൂലുകൾകൊണ്ട് |
| സംഛന്നാ ഇവ | മൂടപ്പെട്ടതെന്നപോ | സംവീതാ ഇവ ച | ചുററപ്പെട്ടതുപോലെ |
| | ലെയും | ദൃശ്യതേ. | കാണപ്പെട്ടു. [യും |

ഹിമവാംശ്ചൈവ വിന്ധ്യശ്ച മേരുശ്ച സുമഹാൻ നഗഃ
ഭൂതലേ സംപ്രകാശന്തേ നാഗാ ഇവ ജലാശയേ. 9

| | | | |
|---|---|---|---|
| "ഭൂതലേ | "ഭൂതലത്തിൽ | നഗഃ ഏവ | പൎവ്വതമായ |
| ഹിമവാൻ ച | ഹിമവാനും | മേരുഃ ച, | മേരുവും, |
| വിന്ധ്യഃ ച | വിന്ധ്യനും | ജലാശയേ | കയത്തിൽ |
| സുമഹാൻ | ഏററവും വമ്പിച്ച | നാഗാഃ ഇവ | ആനകളെന്നപോലെ |
| | | സംപ്രകാശന്തേ. | കാണപ്പെട്ടു. |

തീവ്രഃ സ്വേദശ്ച ഖേദശ്ച ഭയം ചാസീത്തദാऽऽവയോഃ
സമാവിശതി മോഹശ്ച ശോകോ മൂൎച്ഛാ ച ദാരുണാ. 10

| | | | |
|---|---|---|---|
| "തീവ്രഃ | "കഠിനമായ | ഭയം, | ഭയവും, |
| സ്വേദഃ ച | വിയപ്പും | ശോകഃ, | വ്യസനവും |
| ഖേദഃ ച | ക്ഷീണവും | മോഹഃ ച, | മൌഢ്യവും, |
| ആവയോഃ | ഞങ്ങളിരുവൎക്കും | ദാരുണാ | അസഹ്യമായ |
| തദാ ആസീത് ; | അപ്പോൾ ഉണ്ടായി ; | മൂൎച്ഛാ ച, | മോഹാലസ്യവും |
| ച | അതിനാൽ | സമാവിശതി. | ഏല്ക്കയായി. |

ന ദിഗ്വിജ്ഞായതേ യാമ്യാ നാഗ്നേയീ ന ച വാരുണീ
യുഗാന്തേ നിയതോ ലോകോ ഹതോ ദഗ്ദ്ധ ഇവാഗ്നിനാ. 11

| | | | |
|---|---|---|---|
| "ലോകഃ | "ലോകം | ഇവ ; | പോലെയായ്തീൎന്നു ; |
| നിയതഃ | മുഴുവനും | യാമ്യാ ദിക് ച | തെക്കു ദിക്കും |
| യുഗാന്തേ | കല്പാന്തത്തിൽ | ന വിജ്ഞായതേ; | അറിയപ്പെടുന്നില്ല ; |
| അഗ്നിനാ | പ്രളയാഗ്നിയാൽ | ആഗ്നേയീ ച ന ; | അഗ്നികോണും ഇല്ല ; |
| ഹതഃ | നശിപ്പിക്കപ്പെട്ട് | വാരുണീ ച ന. | പടിഞ്ഞാറും അറിയ |
| ദഗ്ദ്ധഃ | വെണ്ണീറാക്കപ്പെട്ടതു | | പ്പെടുന്നില്ല. |

മനശ്ച മേ ഹതം ഭൂയഃ സന്നിവർത്ത്യ തു സംശ്രയം
യത്നേന മഹതാ ബ്രഹ്മൻ പുനഃ സന്ധായ ചക്ഷുഷീ
യത്നേന മഹതാ ഭൂയോ രവിഃ സമവലോകിതഃ. 12

| | | | |
|---|---|---|---|
| "ബ്രഹ്മൻ! | "ബ്രഹ്മസാക്ഷാത്കാരമാൻനുള്ളോവേ! | മഹതാ യത്നേന | വളരെ പണിപ്പെട്ട്, |
| മേ മനഃ ച | എന്റെ ബുദ്ധിയും | ചക്ഷുഷീ സന്ധായ, | ദൃഷ്ടികളുറപ്പിച്ചുകൊണ്ട്, |
| സംശ്രയം സന്നിവർത്ത്യ | നിലതെറ്റി | രവിഃ | ആദിത്യൻ |
| ഭൂയഃ തു | കൂടെക്കൂടെ | മഹതാ യത്നേന | എത്രയോ ബുദ്ധിമുട്ടി |
| ഹതം; | ചിതറിക്കൊണ്ടിരുന്നു; | ഭൂയഃ | വീണ്ടും വീണ്ടും |
| പുനഃ, | എങ്കിലും | സമവലോകിതഃ. | നോക്കപ്പെട്ടു. |

തുല്യഃ പൃഥ്വീപ്രമാണേന ഭാസ്കരഃ പ്രതിഭാതി നൌ 13

| | | | |
|---|---|---|---|
| "പൃഥ്വീപ്രമാണേന | "ഭൂമിയുടെ പരിമാണത്തോട് | ഭാസ്കരഃ | സൂര്യഭഗവാൻ |
| തുല്യഃ | ഒത്തതായി | നൌ പ്രതിഭാതി. | ഞങ്ങൾക്ക് കാണപ്പെടുന്നുണ്ട്. |

ജടായുർമ്മാമനാപൃച്ഛ്യ നിപപാത മഹീം തതഃ
തം ദൃഷ്ട്വാ തൂർണ്ണമാകാശാദാത്മാനം മുക്തവാനഹം. 14

| | | | |
|---|---|---|---|
| "ജടായുഃ | "ജടായു | തം ദൃഷ്ട്വാ | അവനെ കണ്ട് |
| തതഃ | അവിടെനിന്ന് | അഹം | ഞാൻ |
| മാം | എന്നോട് | ആകാശാത് | ആകാശത്തിൽനിന്ന് |
| അനാപൃച്ഛ്യ | ഒന്നും പറയാതെതന്നെ | തൂർണ്ണം | അതിവേഗത്തിൽ |
| മഹീം നിപപാത; | ഭൂമിയിലേക്കിറങ്ങിത്തുടങ്ങി; | ആത്മാനം | തന്നെത്താൻ |
| | | മുക്തവാൻ. | താഴോട്ടിറങ്ങി. |

പക്ഷാഭ്യാം തു മയാ ഗുപ്തോ ജടായുർന്നാത്യദഹ്യത
പ്രമാദാത്തത്ര നിർദ്ദഗ്ദ്ധഃ പതൻ വായുപഥാദഹം. 15

| | | | |
|---|---|---|---|
| "ജടായുഃ | "ജടായു | പ്രമാദാത് | സൂക്ഷ്മക്കുറവിനാൽ |
| മയാ | എന്നാൽ | തത്ര | അവിടെവെച്ചുതന്നെ |
| പക്ഷാഭ്യാം | ചിറകുകളാൽ | നിർദ്ദഗ്ദ്ധഃ | ചുട്ടുകരിക്കപ്പെട്ടവനായി |
| ഗുപ്തഃ | മറയ്ക്കപ്പെട്ടവനായി | | |
| ന അത്യദഹ്യത; | ദഹിക്കാതെ പിഴച്ചു; | വായുപഥാത് | വായുമാർഗ്ഗത്തിൽനിന്ന് |
| അഹം തു | ഞാനാകട്ടെ | പതൻ. | താഴെവീണു. |

ആശങ്കേ തം നിപതിതം ജനസ്ഥാനേ ജടായുഷം
അഹം തു പതിതോ വിന്ധ്യേ ദഗ്ദ്ധപക്ഷോ ജഡീകൃതഃ. 16

| | | | |
|---|---|---|---|
| "തം | "ആ | അഹം തു | ഞാനാകട്ടെ |
| ജടായുഷം | ജടായു | ദഗ്ദ്ധപക്ഷഃ | ചിറകുകൾ കരിഞ്ഞ് |
| ജനസ്ഥാനേ | ജനസ്ഥാനത്തിൽ | ജഡീകൃതഃ | ജഡപ്രായനായി |
| നിപതിതം | വീണു എന്ന് | വിന്ധ്യേ | വിന്ധ്യാദ്രിയിൽ |
| ആശങ്കേ; | ഞാൻ കരുതുന്നു; | പതിതഃ. | വീണുകിടക്കുന്നു. |

രാജ്യേന ഹീനോ ഭ്രാത്രാ ച പക്ഷാഭ്യാം വിക്രമേണ ച
സർവ്വഥാ മർത്തുമേവേച്ഛൻ പതിഷ്യേ ശിഖരാദ്ഗിരേഃ. 17

| | | | |
|---|---|---|---|
| "രാജ്യേന | "രാജ്യത്തോടും | മർത്തും | മരിയ്ക്കേണമെന്ന് |
| ഭ്രാത്രാ | സഹോദരനോടും | ഇച്ഛൻ, | ആഗ്രഹിച്ചുകൊണ്ട്, |
| പക്ഷാഭ്യാം | ചിറകുകളോടും | ഗിരേഃ | പർവ്വതശിഖരത്തിൽ |
| വിക്രമേണ ച | പരാക്രമത്തോടും | ശിഖരാത് | നിന്ന് |
| ഹീനഃ ച | വേർപിരിഞ്ഞവനായി | പതിഷ്യേ." | ഞാൻ താഴോട്ടുവീഴ |
| സർവ്വഥാ ഏവ | എങ്ങിനെയെങ്കിലും | | വാൻപോകുന്നു." |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ഏകഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തൊന്നാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 11605; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 2353.

## ദ്വിഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തിരണ്ടാംസർഗ്ഗം.

[നിശാകരേണ പക്ഷപ്രരോഹാവധിനിരൂപണം = നിശാകരമഹർഷി ചിറകു മുളപ്പാനുള്ള സമയത്തെപ്പററി പറയുന്നത്.]

ഏവമുക്ത്വാ മുനിശ്രേഷ്ഠമരുദം ദുഃഖിതോ ഭൃശം
അഥ ധ്യാത്വാ മുഹൂർത്തം തു ഭഗവാനിദമബ്രവീത്. 1

| | | | |
|---|---|---|---|
| "മുനിശ്രേഷ്ഠം | "മുനീശ്വരനോടായി | മുഹൂർത്തം | അല്പനേരം |
| ഏവം ഉക്ത്വാ | ഇപ്രകാരം പറഞ്ഞ്, | ധ്യാത്വാ | ആലോചിച്ച്, |
| ഭൃശം ദുഃഖിതഃ | അതിദുഃഖിതനായി | അഥ | അനന്തരം |
| അരുദം; | ഞാൻ വാവിട്ടുകരഞ്ഞു; | ഇദം | പിൻവരുമാറ് |
| ഭഗവാൻ തു | ആ മഹാത്മാവും | അബ്രവീത്. | സമാധാനിപ്പിച്ചു. |

പക്ഷൌ ച തേ പ്രപക്ഷൌ ച പുനരന്യൌ ഭവിഷ്യതഃ
പ്രാണാശ്ച ചക്ഷുഷീ ചൈവ വിക്രമശ്ച ബലം ച തേ 2

| | | | |
|---|---|---|---|
| "'തേ | "'നിന്റെ | തേ | നിനക്കു |
| പ്രാണാഃ ച | പ്രാണങ്ങളും | പ്രപക്ഷൌ ച | രണ്ടു വൻചിറകുകളും |
| ചക്ഷുഷീ ച | ഇരുകണ്ണുകളും | പുനഃ | രണ്ടാമതും |
| വിക്രമഃ ച | പൌരുഷവും | അന്യൌ | പുതിയ |
| ബലം ച | ബലവും, | പക്ഷൌ ച | ചിറകുകളായിത്തന്നേ |
| ഏവ | മുൻപോലെതന്നെ | ഭവിഷ്യതഃ. | ഉണ്ടാവുന്നതാണ്. [യും |

പുരാണേ സുമഹത് കാർയ്യം ഭവിഷ്യതി മയാ ശ്രുതം
ദൃഷ്ടം മേ തപസാ ചൈവ ശ്രുത്വാ ച വിദിതം മമ. 3

| | | | |
|---|---|---|---|
| "'പുരാണേ, | "'പൂർവ്വകാലത്തിൽ, | കാർയ്യം | ഒരു കാർയ്യം |
| വിദിതം | പ്രസിദ്ധമായ | ഭവിഷ്യതി | സംഭവിപ്പാൻപോകു |
| സുമഹത് | അതിമഹത്തായ | | ന്നുണ്ടെന്ന് |

| | | | |
|---|---|---|---|
| മമ ശ്രുതം ച; | ഞാൻ കേട്ടിട്ടുണ്ട്; | മേ | എൻെറ |
| മയാ ശ്രുത്വാ ച | അപ്രകാരം എന്നാൽ കേട്ടറിയപ്പെട്ടശേഷം | തപസാ ഏവ | തപോ വൈഭവത്താലും |
| | | ദൃഷ്ടം. | കണ്ടറിയപ്പെട്ടിട്ടുമുണ്ട്. |

[“പുരാണേ” (നാരദാദികളാൽ പ്രോക്തമായതും മേൽ സംഭവിപ്പാൻപോകുന്നതുമായ ശ്രീരാമചരിതരൂപമായ പുരാണത്തിൽ), എന്നു തിലകം.]

രാജാ ദശരഥോ നാമ കശ്ചിദിക്ഷ്വാകുനന്ദനഃ
തസ്യ പുത്രോ മഹാതേജാ രാമോ നാമ ഭവിഷ്യതി 4

| | | | |
|---|---|---|---|
| ““ദശരഥഃ നാമ | ““ദശരഥനെന്ന | മഹാതേജാഃ | അതിതേജസ്വിയായ |
| കശ്ചിത് രാജാ | ഒരു ചക്രവൎത്തി | പുത്രഃ | ഒരു പുത്രൻ |
| ഇക്ഷ്വാകുനന്ദനഃ, | ഇക്ഷ്വാകുവംശജനായും | രാമഃ നാമ | ശ്രീരാമനെന്നും |
| തസ്യ | അദ്ദേഹത്തിന്ന് | ഭവിഷ്യതി. | ജനിക്കുന്നതാണ്. |

അരണ്യം ച സഹ ഭ്രാത്രാ ലക്ഷ്മണേന ഗമിഷ്യതി
അസ്മിന്നൎത്ഥേ നിയുക്തഃ സൻ പിത്രാ സത്യപരാക്രമഃ. 5

| | | | |
|---|---|---|---|
| ““സത്യപരാക്രമഃ | ““യഥാൎത്ഥമായ പരാക്രമത്തോടുകൂടിയ അ | അൎത്ഥേ | ഉദ്ദേശത്തോടെ |
| പിത്രാ | പിതാവിനാൽ [ദ്ദേഹം | ഭ്രാത്രാ | സഹോദരനായ |
| നിയുക്തഃ സൻ | നിയമിക്കപ്പെട്ടവനായി | ലക്ഷ്മണേന സഹ | ലക്ഷ്മണനൊന്നിച്ച് |
| ച | തന്മൂലം | അരണ്യം | വനത്തിലേക്ക് |
| അസ്മിൻ | ആ | ഗമിഷ്യതി. | വരുവാൻപോകുന്നു. |

നൈരൃതോ രാവണോ നാമ തസ്യ ഭാൎയ്യാം ഹരിഷ്യതി
രാക്ഷസേന്ദ്രോ ജനസ്ഥാനാദവധ്യഃ സുരദാനവൈഃ 6

| | | | |
|---|---|---|---|
| ““തസ്യ | ““അദ്ദേഹത്തിൻെറ | രാക്ഷസേന്ദ്രഃ | രാക്ഷസരാജാവായ |
| ഭാൎയ്യാം | ധൎമ്മപത്നിയെ | രാവണഃ നാമ | രാവണനെന്ന |
| സുരദാനവൈഃ | ദേവന്മാരാലും അസുരന്മാരാലും | നൈരൃതഃ | രാക്ഷസൻ |
| | | ജനസ്ഥാനാത് | ജനസ്ഥാനത്തിൽനിന്നു |
| അവധ്യഃ | വധിക്കപ്പെട്ടവാൻ കഴിയാത്തവനായ | ഹരിഷ്യതി. | അപഹരിച്ചുകൊണ്ടുപോകുന്നതാണ്. |

സാ ച കാമൈഃ പ്രലോഭ്യന്തീ ഭക്ഷ്യൈൎഭോജ്യൈശ്ച മൈഥിലി
ന ഭോക്ഷ്യതി മഹാഭാഗാ ദുഃഖേ മഗ്നാ യശസ്വിനീ. 7

| | | | |
|---|---|---|---|
| ““കാമൈഃ | ““ഏവനും ആഗ്രഹിക്കുന്ന | മഹാഭാഗാ | മഹാഭാഗയും |
| ഭക്ഷ്യൈഃ | സ്വാദുള്ള പദാൎത്ഥങ്ങളാലും | യശസ്വിനീ | യശസ്വിനിയുമായ |
| ഭോജ്യൈഃ | മനഃസന്തുഷ്ടിയുളവാക്കുന്ന വസ്തുക്കളാലും | സാ മൈഥിലീ | ആ മൈഥിലീദേവി |
| പ്രലോഭ്യന്തീ ച | വശീകരിപ്പാൻ ശ്രമിക്കപ്പെട്ടവളായി | ദുഃഖേ | ദുഃഖത്തിൽ |
| | | മഗ്നാ ച | മുങ്ങിയവളായി, |
| | | ന ഭോക്ഷ്യതി. | അവയെ തൊടുകപോലുമില്ല. |

പരമാന്നം തു വൈദേഹ്യാ ജ്ഞാത്വാ ദാസ്യതി വാസവഃ
യദന്നമമൃതപ്രഖ്യം സുരാണാമപി ദുർല്ലഭം. 8

| | | | |
|---|---|---|---|
| " 'തു | " 'ഈ സന്ദർഭത്തിൽ | ദുർല്ലഭം | ലഭിക്കാത്തതുമായ |
| വാസവഃ | ദേവേന്ദ്രൻ | അന്നം | ഭക്ഷണം |
| ജ്ഞാത്വാ, | കാൎയ്യം ഗ്രഹിച്ച്, | യത് | യാതൊന്നോ ആ |
| അമൃതപ്രഖ്യം | അമൃതത്തിന്നു തുല്യവും | പരമാന്നം | പരമാന്നത്തെ |
| സുരാണാം അപി | ദേവകൾക്കും കൂടി | വൈദേഹ്യാഃ | വൈദേഹിക്കായി |
| | | ദാസ്യതി. | കൊണ്ടുവന്നു നൽകും. |

തദന്നം മൈഥിലീ പ്രാപ്യ വിജ്ഞായേന്ദ്രാദിദം ത്വിതി
അഗ്രമുദ്ധൃത്യ രാമായ ഭൂതലേ നിൎവ്വപിഷ്യതി. 9
യദി ജീവതി മേ ഭർത്താ ലക്ഷ്മണേന സഹ പ്രഭുഃ
ദേവത്വം ഗച്ഛതോൎവ്വാപി തയോരന്നമിദം ത്വിതി. 10

| | | | |
|---|---|---|---|
| " 'മൈഥിലീ | " 'മിഥിലാത്മജ | ലക്ഷ്മണേന സഹ | ലക്ഷ്മണനോടു കൂടി |
| അന്നം പ്രാപ്യ, | ആ അന്നത്തെ ഗ്രഹിച്ച്, | യദി ജീവതി | ജീവിച്ചിരിപ്പുണ്ടെന്നാലും, |
| ഇദം | ഇത് | വാ | അല്ലെങ്കിൽ |
| ഇന്ദ്രാത് ഇതി | ഇന്ദ്രങ്കൽ നിന്നാണെന്ന് | ദേവത്വം | പരമപദത്തെ |
| വിജ്ഞായ, | അറിഞ്ഞ്, | ഗച്ഛതോഃ അപി | പ്രാപിച്ചിരിക്കുന്നുവെന്നാലും |
| അഗ്ര്യം | ശ്രേഷ്ഠമായ | ഇദം | ഇത് |
| തത് | അതിനെ | തയോഃ | അവരിരുവൎക്കും |
| രാമായ തു | ശ്രീരാഘവന്നു തന്നെ | അന്നം" ഇതി | ആഹാരമായ്ത്തീരട്ടെ" എന്നു പറഞ്ഞ് |
| ഉദ്ധൃത്യ, | സമൎപ്പിച്ച്, | ഭൂതലേ തു | ഭൂമിയിൽ |
| " മേ ഭർത്താ | " എന്റെ ഭർത്താവായ | നിൎവ്വപിഷ്യതി. | വെക്കും. |
| പ്രഭുഃ | ലോകനാഥൻ | | |

ഏഷ്യന്ത്യന്വേഷകാസ്തസ്യാ രാമദൂതാഃ പ്ലവംഗമാഃ
ആഖ്യേയാ രാമമഹിഷീ ത്വയാ തേഭ്യോ വിഹംഗമ. 11

| | | | |
|---|---|---|---|
| " 'തസ്യാഃ | " 'അവൾക്കായി | വിഹംഗമ! | അല്ലേ വിഹഗമേ! |
| അന്വേഷകാഃ, | തിരയുന്ന | തേഭ്യഃ | അവരോട് |
| രാമദൂതാഃ | ശ്രീരാമദൂതന്മാരായ | ത്വയാ | നിന്നാൽ |
| പ്ലവംഗമാഃ | വാനരന്മാർ | രാമമഹിഷീ | ശ്രീരാമപത്നി |
| ഏഷ്യന്തി; | വന്നുചേരും ; | ആഖ്യേയാ. | പറഞ്ഞറിയിക്കപ്പെടേണ്ടവളാണ്. |

സൎവ്വഥാ ഹി ന ഗന്തവ്യമീദൃശഃ ക്വ ഗമിഷ്യസി
ദേശകാലൌ പ്രതീക്ഷസ്വ പക്ഷൌ ത്വം പ്രതിപത്സ്യസേ. 12

| | | | |
|---|---|---|---|
| " 'ഹി | " 'അതിനാൽ | പക്ഷൌ | രണ്ടു ചിറകുകളും |
| സൎവ്വഥാ | ഒരുദിക്കിലേക്കും | പ്രതിപത്സ്യസേ; | തിരിയെ ലഭിക്കുന്നതാണ് ; |
| ന ഗന്തവ്യം ; | പോകേണ്ടതില്ല ; | | |
| ഈദൃശഃ ത്വം | ഇപ്രകാരമുള്ള നീ | ദേശകാലൌ | വിധിയേയും തക്കസമയത്തേയും |
| ക്വ | എവിടേക്കാണ് | | |
| ഗമിഷ്യസി? | പോവുക? | പ്രതീക്ഷസ്വ. | കാത്തുകൊണ്ടിരിക്കുക. |

നോത്സഹേയമഹം കർത്തുമദ്യൈവ ത്വാം സപക്ഷകം
ഇഹസ്ഥസ്ത്വം തു ലോകാനാം ഹിതം കാര്യം കരിഷ്യസി. 13

| | |
|---|---|
| "'ത്വാം | "'നിന്നെ |
| സപക്ഷകം കർത്തും | ചിറകുകളോടുകൂടിയവനാക്കിത്തീർക്കുന്നതിന്ന് |
| അദ്യ ഏവ | ഇപ്പോൾതന്നെ |
| അഹം | ഞാൻ |
| ന ഉത്സഹേയം; | തുനിയുന്നില്ല; |
| ത്വം | നീ |
| ഇഹസ്ഥഃ തു | ഈ സ്ഥിതിയിൽതന്നെ |
| ലോകാനാം | ലോകങ്ങൾക്ക് |
| ഹിതം കാര്യം | ഹിതമായ കാര്യത്തെ |
| കരിഷ്യസി. | ചെയ്യുന്നതാണ്. |

ത്വയാഽപി ഖലു തത് കാര്യം തയോശ്ച നൃപപുത്രയോഃ
ബ്രാഹ്മണാനാം സുരാണാം ച മുനീനാം വാസവസ്യ ച. 14

| | |
|---|---|
| "'തയോഃ | "'ആ |
| നൃപപുത്രയോഃ | രാജകുമാരന്മാർക്കുവേണ്ടിയും |
| ബ്രാഹ്മണാനാം ച | ബ്രാഹ്മണർക്കായ്ക്കൊണ്ടും |
| സുരാണാം ച | ദേവന്മാർക്കായ്ക്കൊണ്ടും |
| മുനീനാം | ഋഷികൾക്കായ്ക്കൊണ്ടും |
| വാസവസ്യ ച | ദേവേന്ദ്രനുവേണ്ടിയും |
| തത് | അത് |
| ത്വയാ അപി | നിന്നാൽതന്നെ |
| ഖലു കാര്യം. | നിശ്ചയമായി പൂർത്തിയാക്കപ്പെടേണ്ടതാണ്. |

ഇച്ഛാമ്യഹമപി ദ്രഷ്ടും ഭ്രാതരൌ രാമലക്ഷ്മണൌ
നേച്ഛേ ചിരം ധാരയിതും പ്രാണാംസ്ത്യക്ഷ്യേ കളേബരം. 15

| | |
|---|---|
| "'അഹം | "'ഞാൻ |
| ഭ്രാതരൌ | സഹോദരന്മാരായ |
| രാമലക്ഷ്മണൌ | ശ്രീരാമലക്ഷ്മണന്മാരെ |
| ദ്രഷ്ടും | ദർശിക്കുന്നതിന്ന് |
| ഇച്ഛാമി; | ആഗ്രഹിക്കുന്നു; |
| അപി | എന്നാലും |
| പ്രാണാൻ | ജീവനെ |
| ചിരം | വളരെക്കാലം |
| ധാരയിതും | വെച്ചുകൊണ്ടിരിക്കുന്നതിന്ന് |
| ന ഇച്ഛേ; | ഞാൻ ഇച്ഛിക്കുന്നില്ല; |
| കളേബരം | ശരീരത്തെ |
| ത്യക്ഷ്യേ.' | ഞാൻ ഉപേക്ഷിക്കുവാൻപോകുന്നു.' |

മഹർഷിസ്ത്വബ്രവീദേവം ദൃഷ്ടതത്വാർത്ഥദർശനഃ. 16

| | |
|---|---|
| "ദൃഷ്ടതത്വാർത്ഥദർശനഃ | "കാര്യത്തിന്റെ വാസ്തവസ്ഥിതികളെ ഉള്ളപോലെ കണ്ടറിഞ്ഞ |
| മഹർഷിഃ | മുനിവരൻ |
| തു | ഇതിനെ സംബന്ധിച്ച് |
| ഏവം | ഇപ്രകാരം |
| അബ്രവീത്." | അരുളിച്ചെയ്തു." |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ ദ്വിഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തിരണ്ടാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 11621; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 2369.

# ത്രിഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തിമൂന്നാംസർഗ്ഗം.

[സമ്പാതിപക്ഷപ്രരോഹഃ വാനരപ്രസ്ഥാനം ച = സമ്പാതിക്ക് ചിറക് മുളയ്ക്കുന്നതും വാനരന്മാർ പുറപ്പെടുന്നതും.]

ഏതൈരന്യൈശ്ച ബഹുഭിർവാക്യൈർവ്വാക്യവിശാരദഃ
മാം പ്രശസ്യാഭ്യനുജ്ഞാപ്യ പ്രവിഷ്ടഃ സ സ്വമാശ്രമം. 1

| | | | |
|---|---|---|---|
| "വാക്യ-വിശാരദഃ | "വാക്യകുശലനായ | വാക്യൈഃ, | വാക്യങ്ങളാലും, |
| സഃ, | അദ്ദേഹം, | മാം പ്രശസ്യ, | എനിക്ക് ഉപദേശം നൽകി, |
| ഏതൈഃ ച | ഇവയാലും | അഭ്യനുജ്ഞാപ്യ, | വിടയരുളിയശേഷം, |
| അന്യൈഃ | മററു | സ്വം ആശ്രമം | തന്റെ ആശ്രമത്തിൽ |
| ബഹുഭിഃ | പല | പ്രവിഷ്ടഃ. | പ്രവേശിച്ചു. |

കന്ദരാത്തു വിസർപ്പിത്വാ പർവ്വതസ്യ ശനൈഃ ശനൈഃ
അഹം വിന്ധ്യം സമാരുഹ്യ ഭവതഃ പ്രതിപാലയേ. 2

| | | | |
|---|---|---|---|
| "അഹം | "ഞാൻ | വിന്ധ്യം | വിന്ധ്യാദ്രിയിൽ |
| പർവ്വതസ്യ | പർവ്വതത്തിന്റെ | സമാരുഹ്യ | കയറിച്ചെന്ന് |
| കന്ദരാത് | താഴ്വരയിൽ | തു, | ഈ സ്ഥിതിയിൽ, |
| ശനൈഃ ശനൈഃ | സാവധാനത്തിൽ | ഭവതഃ | നിങ്ങളെ |
| വിസർപ്പിത്വാ, | ഇഴഞ്ഞുകൊണ്ടു, | പ്രതിപാലയേ. | കാത്തുകൊണ്ടിരിക്കുകയാണ്. |

അദ്യ ത്വേതസ്യ കാലസ്യ സാഗ്രം വർഷശതം ഗതം
ദേശകാലപ്രതീക്ഷോഽസ്മി ഹൃദി കൃത്വാ മുനേർവ്വചഃ. 3

| | | | |
|---|---|---|---|
| "ഏതസ്യ കാലസ്യ, | "ഇത്രയും കാലമായി, | വചഃ | വാക്കിനെ |
| അദ്യ ഗതം | ഇക്കഴിഞ്ഞ | ഹൃദി കൃത്വാ, | മനസ്സിൽ ഓർത്ത്, |
| സാഗ്രം വർഷശതം തു, | നൂറുകൊല്ലത്തിലധികമായി തന്നെയാണ്, | ദേശകാല-പ്രതീക്ഷഃ | അദ്ദേഹത്തിന്റെ നിയോഗപ്രകാരമുള്ള തക്കസമയത്തെ പ്രതീക്ഷിക്കുന്നവനായി |
| മുനേഃ | മഹർഷിയുടെ | അസ്മി. | ഞാൻ വർത്തിക്കുന്നു്. |

[മഹർഷി സ്വർഗ്ഗപ്രാപ്തനായശേഷം എണ്ണായിരം സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു എന്ന് 60-ാംസർഗ്ഗം 9-ാംശ്ലോകത്തിൽ പറഞ്ഞിരിക്കകൊണ്ടും, ജടായുവും സമ്പാതിയും എത്രയോ വയസ്സുചെന്നവരാണെന്ന് പറഞ്ഞിരിക്കകൊണ്ടും, "നൂറുകൊല്ലത്തിലധികം മാത്രമായി" എന്നു പറഞ്ഞതിൽനിന്ന് മഹർഷി പറഞ്ഞതായ ആ കാലത്തെ പ്രത്യേകമായ ഔത്സുക്യത്തോടുകൂടി ഈ നൂറുകൊല്ലമായി പ്രതീക്ഷിച്ചിരുന്നു, എന്നു സാരം. "സാഗ്രം വർഷശതം" എന്നതിന്ന് ആ എണ്ണായിരം കാലം എന്നർത്ഥം, എന്ന് ഗോ. രാ.]

മഹാപ്രസ്ഥാനമാസാദ്യ സ്വർഗ്ഗതേ തു നിശാകരേ
മാം നിർദ്ദഹതി സന്താപോ വിതർക്കൈർബ്ബഹുഭിർവൃതം. 4

| | |
|---|---|
| " നിശാകരേ | " നിശാകരമഹർഷി |
| മഹാപ്രസ്ഥാനം | ചരമയാത്രയെ |
| ആസാദ്യ | കയ്ക്കൊണ്ടു് |
| സ്വഃ ഗതേ തു | സ്വർഗ്ഗപ്രാപ്തനായ ശേ |
| ബഹുഭിഃ | പലവിധത്തിലുള്ള [ഷം |

| | |
|---|---|
| വിതർക്കൈഃ | വിചാരങ്ങളാൽ |
| വൃതം | ബാധിക്കപ്പെട്ട |
| മാം, | എന്നെ, |
| സന്താപഃ | അന്തസ്താപം |
| നിർദ്ദഹതി. | വ്യാകുലപ്പെടുത്തുന്നു. |

ഉത്ഥിതാം മരണേ ബുദ്ധിം മുനിവാക്യൈർന്നിവർത്തയേ
ബുദ്ധിര്യാ തേന മേ ദത്താ പ്രാണസംരക്ഷണായ തു. 5
സാ മേഽപനയതേ ദുഃഖം ദീപ്തേവാഗ്നിശിഖാ തമഃ. 6

| | |
|---|---|
| " മരണേ | " മരണത്തിൽ |
| ഉത്ഥിതാം | ഉദ്യുക്തമായ |
| മേ ബുദ്ധിം | എന്റെ ബുദ്ധിയെ |
| മുനിവാക്യൈഃ | മഹർഷിയുടെ വാക്കുകൾകൊണ്ടു് |
| നിവർത്തയേ ; | ഞാൻ തടഞ്ഞുനിർത്തു [ന്നു ; |
| തേന | അദ്ദേഹത്താൽ |
| പ്രാണ-സംരക്ഷണായ | ജീവനെ രക്ഷിച്ചുകൊള്ളുവാനായി |

| | |
|---|---|
| യാ ബുദ്ധിഃ | യാതൊരു ബുദ്ധി |
| ദത്താ, | നൽകപ്പെട്ടുവോ, |
| സാ | അതു്, |
| തു | ഈ സന്ദർഭത്തിൽ |
| മേ ദുഃഖം, | എന്റെ ദുഃഖത്തെ, |
| ദീപ്താ | ആളുന്ന |
| അഗ്നിശിഖാ | അഗ്നിജ്വാല |
| തമഃ ഇവ, | ഇരുട്ടിനെ എന്നതുപോ |
| അപനയതേ. | ദൂരീകരിക്കുന്നു. [ലെ |

ബുദ്ധ്യതാ ച മയാ വീര്യം രാവണസ്യ ദുരാത്മനഃ
പുത്രഃ സന്തർജ്ജിതോ വാഗ്ഭിർന്ന ത്രാതാ മൈഥിലീ കഥം. 7

| | |
|---|---|
| " ദുരാത്മനഃ | " ദുരാത്മാവായ |
| രാവണസ്യ | രാവണന്റെ |
| വീര്യം ച | വീര്യത്തെ |
| ബുദ്ധ്യതാ | നന്നായറിയുന്നവനായ |
| മയാ, | എന്നാൽ, |
| 'മൈഥിലി | 'മൈഥിലി |

| | |
|---|---|
| കഥം | എന്തുകൊണ്ടാണ് |
| ന ത്രാതാ ?' | രക്ഷിക്കപ്പെടാതിരുന്നതു് ?' എന്ന് |
| പുത്രഃ | പുത്രൻ |
| വാഗ്ഭിഃ സന്തർജ്ജിതഃ. | ശകാരിക്കപ്പെട്ടു. |

[സുപാർശ്വന്റെ വീര്യം രാവണന്റെ വീര്യത്തെക്കാൾ ഏറിയതാണെന്ന് സമ്പാതിക്ക് അറിവുണ്ടെന്ന് സാരം.]

തസ്യാ വിലപിതം ശ്രുത്വാ തൌ ച സീതാവിനാകൃതൌ
ന മേ ദശരഥസ്നേഹാത് പുത്രേണോത്പാദിതം പ്രിയം. 8

| | |
|---|---|
| " തൌ | " അവർ രണ്ടുപേരും |
| സീതാ-വിനാകൃതൌ; | സീതയുമായി വേർപിരിക്കപ്പെട്ടു; |
| ദശരഥ-സ്നേഹാത് | ദശരഥന്റെ പേരിലുള്ള സ്നേഹംനിമിത്തം |
| മേ പുത്രേണ | എന്റെ പുത്രനാൽ |

| | |
|---|---|
| തസ്യാഃ | അവളുടെ |
| വിലപിതം | പ്രലാപം |
| ശ്രുത്വാ ച, | കേട്ട ഉടനെ, |
| പ്രിയം | ചെയ്യപ്പെടേണ്ടതായ ഉപകാരം |
| ന ഉത്-പാദിതം." | ചെയ്യപ്പെട്ടതുമില്ല." |

തസ്യ ത്വേവം ബ്രുവാണസ്യ സമ്പാതേൎവ്വാനരൈഃ സഹ
ഉത്പേതതുസ്തദാ പക്ഷൌ സമക്ഷം വനചാരിണാം. 9

| | |
|---|---|
| വാനരൈഃ സഹ | വാനരന്മാരോടുകൂടി |
| ഏവം | ഇപ്രകാരം |
| ബ്രുവാണസ്യ | സംഭാഷണം ചെയ്തുകൊണ്ടിരുന്ന |
| തസ്യ | ആ |
| സമ്പാതേഃ, | സമ്പാതിക്ക്, |
| തദാ തു, | അപ്പോൾതന്നെ, |
| വനചാരിണാം | വാനരവീരന്മാരുടെ |
| സമക്ഷം | കൺമുമ്പാകെ |
| പക്ഷൌ | രണ്ടു ചിറകുകളും |
| ഉത്പേതതുഃ. | മുളച്ചുവന്നു. |

സ ദൃഷ്ട്വാ സ്വാം തനും പക്ഷൈരുദ്ഗതൈരരുണച്ഛദൈഃ
പ്രഹൎഷമതുലം ലേഭേ വാനരാംശ്ചേദമബ്രവീത്. 10

| | |
|---|---|
| ഉദ്ഗതൈഃ | അപ്പോൾ മുളച്ചുണ്ടായ |
| അരുണച്ഛദൈഃ | ചുവന്ന തൂവലുകളാന്ന |
| പക്ഷൈഃ, | ചിറകുകളോടുംകൂടി, |
| സ്വാം തനും | തന്റെ ശരീരത്തെ |
| സഃ | അവൻ |
| ദൃഷ്ട്വാ, | കണ്ടു്, |
| അതുലം പ്രഹൎഷം | നിസ്തുല്യമായ ആനന്ദത്തെ |
| ലേഭേ; | കൈക്കൊണ്ടു; |
| വാനരാൻ ച | വാനരന്മാരെനോക്കി |
| ഇദം | ഇപ്രകാരം |
| അബ്രവീത്. | പറയുകയുംചെയ്തു. |

നിശാകരസ്യ രാജൎഷേഃ പ്രഭാവാദമിതാത്മനഃ
ആദിത്യരശ്മിനിൎദ്ദഗ്ദ്ധൌ പക്ഷൌ മേ പുനരുത്ഥിതൌ. 11

| | |
|---|---|
| “ രാജൎഷേഃ | “ രാജൎഷിയും |
| അമിതാത്മനഃ | അമിതപരാക്രമിയുമായ |
| നിശാകരസ്യ | നിശാകരമഹൎഷിയുടെ |
| പ്രഭാവാത്, | പ്രഭാവത്താൽ, |
| ആദിത്യരശ്മിനിൎദ്ദഗ്ദ്ധൌ | സൂൎയ്യകിരണങ്ങളാൽ ദഹിപ്പിക്കപ്പെട്ട |
| മേ പക്ഷൌ | എന്റെ ചിറകുകൾ |
| പുനഃ ഉത്ഥിതൌ. | വീണ്ടും മുളച്ചുവന്നിരിക്കുന്നു. |

യൌവനേ വൎത്തമാനസ്യ മമാസീദ്യഃ പരാക്രമഃ
തമേവാദ്യാനുഗച്ഛാമി ബലം പൌരുഷമേവ ച. 12

| | |
|---|---|
| “ യൌവനേ | “ യൌവനദശയിൽ |
| വൎത്തമാനസ്യ | വൎത്തിച്ചിരുന്നവനായ |
| മമ, | എനിക്കു, |
| യഃ പരാക്രമഃ | എന്തു ശക്തി |
| ആസീത്, | ഉണ്ടായിരുന്നുവോ, |
| തം ബലം ഏവ | അതേ ബലത്തേയും |
| പൌരുഷം ച | പൌരുഷത്തേയും |
| അദ്യ ഏവ | ഇതാ പൂൎത്തിയായി |
| അനുഗച്ഛാമി. | ഞാൻ തിരികെ പ്രാപിച്ചിരിക്കുന്നു. |

സൎവ്വഥാ ക്രിയതാം യത്നഃ സീതാമധിഗമിഷ്യഥ
പക്ഷലാഭോ മമായം വഃ സിദ്ധിപ്രത്യയകാരകഃ. 13

| | |
|---|---|
| “ സൎവ്വഥാ | “ സൎവ്വപ്രകാരത്തിലും |
| യത്നഃ ക്രിയതാം; | പരിശ്രമം ചെയ്യപ്പെടട്ടെ; |
| സീതാം | സീതാദേവിയെ |
| അധിഗമിഷ്യഥ; | നിങ്ങൾ കണ്ടെത്തുന്നതാണ്; |
| മമ | എനിക്ക് |
| പക്ഷലാഭഃ | ചിറകു മുളച്ചതായ |
| അയം | ഈ സംഗതി, |
| വഃ | നിങ്ങൾക്കു |
| പ്രത്യയകാരകഃ | വിശ്വാസജനകമായ |
| സിദ്ധിഃ ” | തെളിവാണല്ലൊ.” |

ഇത്യുക്ത്വാ സ ഹരീൻ സർവ്വാൻ സമ്പാതിഃ പതഗോത്തമഃ
ഉത്പപാത ഗിരേഃ ശൃംഗാജ്ജിജ്ഞാസുഃ ഖഗമോ ഗതിം. 14

| | | | |
|---|---|---|---|
| ഖഗമഃ | ആകാശത്തിൽ ചരിക്കുന്ന | ഉക്ത്വാ, | പറഞ്ഞശേഷം, |
| പതഗോത്തമഃ | പക്ഷിശ്രേഷ്ഠനായ | ഗതിം | സ്വശക്തിയെ |
| സഃ സമ്പാതിഃ | ആ സമ്പാതി | ജിജ്ഞാസുഃ, | അറിവാനാഗ്രഹിക്കുന്നവനായി, |
| ഹരീൻ സർവ്വാൻ | വാനരന്മാരെല്ലാവരേ | ഗിരേഃ ശൃംഗാത് | പർവ്വതശിഖരത്തിൽ |
| ഇതി | ഇപ്രകാരം [യും നോക്കി | ഉത്പപാത. | മേല്പോട്ടുയൎന്നു. [നിന്നും |

തസ്യ തദ്വചനം ശ്രുത്വാ പ്രീതിസംഹൃഷ്ടമാനസാഃ
ബഭൂവുർഹരിശാർദ്ദൂലാ വിക്രമാഭ്യുദയോന്മുഖാഃ. 15

| | | | |
|---|---|---|---|
| തസ്യ | അദ്ദേഹത്തിന്റെ | പ്രീതിസംഹൃഷ്ട മാനസാഃ, | അകം കുളുൎത്തവരായി, |
| തത് | ആ | | |
| വചനം | വാക്യത്തെ | വിക്രമാഭ്യു- ദയോന്മുഖാഃ | വിജയപ്രാപ്തിയിൽ അത്യാസക്തിയാൎന്നവ |
| ശ്രുത്വാ, | കേട്ട്, | | |
| ഹരിശാർദ്ദൂലാഃ, | വാനരവീരന്മാർ | ബഭൂവുഃ. | ഭവിച്ചു. [രായി |

[“വിക്രമാഭ്യുദയോന്മുഖാഃ” വിക്രമസാദ്ധ്യമായ സീതാധിഗമനരൂപമായ അഭ്യുദയത്തിൽ (ശ്രേയസ്സിൽ) ആസക്തിപൂണ്ടവരായി; എന്ന് (തിലകം).]

അഥ പവനസമാനവിക്രമാഃ പ്ലവഗവരാഃ പ്രതിലബ്ധപൌരുഷാഃ
അഭിജിദഭിമുഖാ ദിശം യയുർജ്ജനകസുതാപരിമാർഗ്ഗണോന്മുഖാഃ. 16

| | | | |
|---|---|---|---|
| അഥ | അപ്പോൾ | പ്രതിലബ്ധ- പൌരുഷാഃ | ധൈൎയ്യത്തെ വീണ്ടും പ്രാപിച്ചവരായി |
| പവനസമാന- വിക്രമാഃ | വായുവേഗത്തോടുകൂടിയ | ജനകസുതാ- പരിമാർഗ്ഗ- ണോന്മുഖാഃ | ജനകപുത്രിയെ അന്വേഷിക്കുന്നതിൽ ആസക്തിപൂണ്ടവരായി |
| പ്ലവഗവരാഃ | വാനരവീരന്മാർ | | |
| അഭി- ജിദഭിമുഖാഃ | ജയത്തിന്നനുകൂലമായ ചിഹ്നങ്ങളോടുകൂടിയവരായി | ദിശം യയുഃ. | തങ്ങളുടെ ബുദ്ധിയെ വ്യാപരിപ്പാനുള്ള അവസ്ഥയെ പ്രാപിച്ചു. |

[“അഭിജിദഭിമുഖാഃ ദിശം യയുഃ” (അഭിജിന്നക്ഷത്രത്തെ നോക്കിക്കൊണ്ട്, അതായത് തെക്കെ ദിക്കിലോട്ടായി; അഥവാ അഭിജേതവ്യനായ, ജയിക്കപ്പെടേണ്ടവനായ രാവണന്റെ സ്ഥാനമായ തെക്കെ ദിക്കിനെ നോക്കി). എന്ന് തിലകം.

“അഭിജിത്ത്” എന്ന നക്ഷത്രം ഉത്രാടത്തിന്റെ ഒടുവിലത്തെ പതിനഞ്ചംശവും തിരുവോണത്തിന്റെ ആദ്യത്തെ നാലംശവും കൂടിയതാകുന്നു. ഉത്രാടത്തിന്നും തിരുവോണത്തിന്നും ഇടയിലുള്ള നക്ഷത്രമെന്നും പക്ഷം. അനിഴം തൊട്ട്, അഭിജിത്തുവരെയുള്ള നക്ഷത്രങ്ങൾ മററു നക്ഷത്രങ്ങളിൽനിന്നു വിട്ട് ആകാശത്തിന്റെ തെക്കുവശത്തായുള്ളവയാകുന്നു.

അഥവാ, “അഭിജിത്തെന്ന പേരുള്ളതും, പകൽ എട്ടാമത്തേതും, സർവ്വവിജയത്തെ നല്കുന്നതും ആയ മുഹൂർത്തത്തെ പ്രതീക്ഷിക്കുന്നവരായി,” എന്നും പറയാം. (ഗോ. രാ.)]

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ത്രിഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തിമൂന്നാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 11637; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 2385.

# ചതുഃഷഷ്ടിതമഃ സൎഗ്ഗഃ = അറുപത്തിനാലാംസൎഗ്ഗം.

[സമുദ്രലംഘനാലോചനം = സമുദ്രത്തെ തരണം ചെയ്യാൻ ആലോചിക്കുന്നത്.]

ആഖ്യാതാ ഗൃദ്ധ്രരാജേന സമുത്പത്യ പ്ലവംഗമാഃ
സംഗമ്യ പ്രീതിസംയുക്താ വിനേദുർഭീമവിക്രമാഃ. 1

| | | | |
|---|---|---|---|
| ഗൃദ്ധ്രരാജേന | കഴുകക്കരചനായ സമ്പാതിയാൽ | പ്ലവംഗമാഃ, | വാനരന്മാർ, |
| ആഖ്യാതാഃ | വിസ്തരിച്ചുപദേശിക്കപ്പെട്ട | പ്രീതി- സംയുക്താഃ | മനസ്സന്തുഷ്ടിയാന്നവരായി |
| | | സമുത്പത്യ, | എഴുന്നേററ്, |
| ഭീമവിക്രമാഃ | അതിശയ പരാക്രമശാലികളായ | സംഗമ്യ | ഒരുമിച്ചു ചേൎന്ന് |
| | | വിനേദുഃ. | ആൎഭാടംചെയ്തു. |

സമ്പാതേർവ്വചനം ശ്രുത്വാ ഹരയോ രാവണക്ഷയം
ഹൃഷ്ടാഃ സാഗരമാജഗ്മുഃ സീതാദൎശനകാംക്ഷിണഃ. 2

| | | | |
|---|---|---|---|
| ഹരയഃ | വാനരന്മാർ | ഹൃഷ്ടാഃ, | സന്തുഷ്ടരായി |
| രാവണക്ഷയം | രാവണൻെറ നാശത്തിന്ന് ഉപയുക്തമായ | സീതാദൎശന- കാംക്ഷിണഃ | സീതാദേവിയുടെ സന്ദൎശനത്തെ പ്രതീക്ഷിക്കുന്നവരായി |
| സമ്പാതേഃ | സമ്പാതിയുടെ | | |
| വചനം | ഉപദേശത്തെ | സാഗരം | സമുദ്രത്തിലേക്ക് |
| ശ്രുത്വാ | കേട്ട് | ആജഗ്മുഃ. | വന്നുചേൎന്നു. |

[ "രാവണക്ഷയം" (രാവണൻെറ വസതിയെക്കുറിച്ചുള്ളതായ) എന്നും (തി).]

അഭിക്രമ്യ തു തം ദേശം ദദൃശുർഭീമവിക്രമാഃ
കൃത്സ്നം ലോകസ്യ മഹതഃ പ്രതിബിംബമിവ സ്ഥിതം. 3

| | | | |
|---|---|---|---|
| ഭീമവിക്രമാഃ, | ഉഗ്രവിക്രമികളായ അവർ | കൃത്സ്നം മഹതഃ ലോകസ്യ | മഹത്തായ ലോകത്തിൻെറ |
| അഭിക്രമ്യ | ഒന്നിച്ചുകൂടി | | |
| തു | ആ സമയം | ഇവ | ചെറുതായ |
| സ്ഥിതം | വൎത്തിച്ചിരുന്നതായ | പ്രതിബിംബം | പ്രതിരൂപമായി |
| തം ദേശം | ആ പ്രദേശത്തെ | ദദൃശുഃ. | കണ്ടു. |

[ 'പ്രതിബിംബമായി കണ്ടു' എന്നു പറഞ്ഞതുകൊണ്ട്, മഹത്തായ ലോകത്തിൽ അടങ്ങിയ എല്ലാ വിശിഷ്ടവസ്തുക്കളും സമൃദ്ധമായി ആ പ്രദേശത്തിൽ ഉണ്ടായിരുന്നു, എന്നു താല്പൎയ്യം (ഗൊ.രാ) യാതൊന്നിൽ സൂൎയ്യചന്ദ്രനക്ഷത്രാദികൾ അടങ്ങിയതായ മഹത്തായ ലോകത്തിൻെറ പ്രതിബിംബം വൎത്തിക്കുന്നുവോ ആ സമുദ്രപ്രദേശത്തെ പ്രാപിച്ചു." എന്നു തിലകം.]

ദക്ഷിണസ്യ സമുദ്രസ്യ സമാസാദ്യോത്തരാം ദിശം
സന്നിവേശം തതശ്ചക്രുർഹരിവീരാ മഹാബലാഃ 4

| | | | |
|---|---|---|---|
| മഹാബലാഃ | അതിബലശാലികളായ | ഉത്തരാം ദിശം | വടക്കേക്കരയിൽ |
| ഹരിവീരാഃ, | വാനരവീരന്മാർ, | സമാസാദ്യ | എത്തിയാറെ |
| ദക്ഷിണസ്യ | തെക്കെ | തതഃ | അവിടെ |
| സമുദ്രസ്യ | സമുദ്രത്തിൻെറ | സന്നിവേശം ചക്രുഃ. | ഇരിക്കയായി. |

സത്വൈൎമ്മഹദ്ഭിൎവ്വിവിധൈഃ ക്രീഡദ്ഭിൎവ്വികൃതൈൎജ്ജലേ
വ്യാത്യാസ്യൈഃ സുമഹാകായൈരൂൎമ്മിഭിശ്ച സമാകുലം. 5
പ്രസുപ്തമിവ ചാന്യത്ര ക്രീഡന്തമിവ ചാന്യതഃ
കചിത് പൎവ്വതസംകാശൈൎജ്ജലരാശിഭിരാവൃതം. 6
സങ്കുലം ദാനവേന്ദ്രൈശ്ച പാതാളതലവാസിഭിഃ
രോമഹൎഷകരം ദൃഷ്ട്വാ വിഷേദുഃ കപികുഞ്ജരാഃ. 7

| | |
|---|---|
| കപികുഞ്ജരാഃ | വാനരവീരന്മാർ |
| ജലേ | ജലത്തിൽ |
| ക്രീഡദ്ഭിഃ | വിഹരിച്ചുകൊണ്ടിരു[ന്ന |
| വിവിധൈഃ | പല |
| വികൃതൈഃ | അത്ഭുതകരങ്ങളായ |
| മഹദ്ഭിഃ | വമ്പിച്ച |
| സത്വൈഃ ച | ജന്തുക്കളാലും |
| വ്യാത്യാസ്യൈഃ | എതിരിട്ടുവരുന്ന |
| സുമഹാകായൈഃ | ഏററവും വമ്പിച്ച |
| ഊൎമ്മിഭിഃ | അലകളാലും |
| സമാകുലം ച, | നിറയപ്പെട്ടതായും |
| കചിത് | ചിലേടം |
| പ്രസുപ്തം ഇവ, | ഉറങ്ങിക്കിടക്കുന്നപോലെയുള്ളതായും, |

| | |
|---|---|
| അന്യത്ര | മറെറാരിടം |
| ക്രീഡന്തം ഇവ, | കളിക്കുന്നതുപോലെയുള്ളതായും, |
| അന്യതഃ | ഒരു ഭാഗത്തിൽ |
| പൎവ്വതസങ്കാശൈഃ | പൎവ്വതതുല്യങ്ങളായ |
| ജലരാശിഭിഃ | തിരകളാൽ |
| ആവൃതം ച, | നിറയപ്പെട്ടതായും, |
| പാതാളതല-വാസിഭിഃ | പാതാളവാസികളായ |
| ദാനവേന്ദ്രൈഃ | അസുരശ്രേഷ്ഠന്മാരോടു |
| സങ്കുലം ച, | കൂടിയതായും, |
| രോമഹൎഷകരം | രോമാഞ്ചമുണ്ടാക്കുന്ന[തായും |
| ദൃഷ്ട്വാ, | കണ്ട്, |
| വിഷേദുഃ. | അധൈൎയ്യപ്പെട്ടു. |

ആകാശമിവ ദുഷ്പാരം സാഗരം പ്രേക്ഷ്യ വാനരാഃ
വിഷേദുഃ സഹസാ സൎവ്വേ ദുദ്രുവുശ്ച തതസ്തതഃ. 8

| | |
|---|---|
| സാഗരം | സമുദ്രത്തെ |
| ആകാശം ഇവ | ആകാശത്തെപ്പോലെ |
| ദുഷ്പാരം പ്രേക്ഷ്യ | കരയററതായി കണ്ട്, |
| വാനരാഃ | വാനരന്മാർ |
| സൎവ്വേ ച, | എല്ലാവരും, |

| | |
|---|---|
| വിഷേദുഃ; | വ്യസനിച്ചു; |
| സഹസാ | ചെയ്യേണ്ടതെന്തെന്നറിയാതെ |
| തതഃ തതഃ | അങ്ങുമിങ്ങും |
| ദുദ്രുവുഃ. | പാഞ്ഞുനടന്നു. |

വിദ്രുതാം വാഹിനീം ദൃഷ്ട്വാ സാഗരസ്യ നിരീക്ഷണാത്
ആശ്വാസയാമാസ ഹരീൻ ഭയാൎത്താൻ ഹരിസത്തമഃ. 9

| | |
|---|---|
| സാഗരസ്യ | സമുദ്രത്തെ |
| നിരീക്ഷണാത് | കണ്ടതുകൊണ്ടുതന്നെ |
| വിദ്രുതാം | അമ്പരന്ന് ഓടുവാൻ തുടങ്ങിയതായ |
| വാഹിനീം | സൈന്യത്തെ |
| ദൃഷ്ട്വാ, | കണ്ട്, |

| | |
|---|---|
| ഹരിസത്തമഃ, | വാനര ശ്രേഷ്ഠനായ അംഗദൻ, |
| ഭയാൎത്താൻ | ഭയചകിതരായ |
| ഹരീൻ | വാനരന്മാരെ |
| ആശ്വാസയാമാസ. | സമാധാനിപ്പിച്ചു. |

താൻ വിഷാദേന മഹതാ വിഷണ്ണാൻ വാനരൎഷഭാൻ
ഉവാച മതിമാൻ കാലേ വാലിസൂനുൎമ്മഹാബലഃ. 10

| | |
|---|---|
| മഹാബലഃ | അതിബലശാലിയും |
| മതിമാൻ | അതിബുദ്ധിമാനുമായ |
| വാലിസൂനുഃ, | ബാലിപുത്രൻ, |
| കാലേ | ആ സമയത്തിൽ |
| മഹതാ | വദ്ധിച്ച |
| വിഷാദേന | അധൈൎയ്യത്താൽ |
| വിഷണ്ണാൻ | ഉള്ളം കലങ്ങിയ |
| താൻ വാനരൎഷഭാൻ | ആ വാനരശ്രേഷ്ഠന്മാരെ നോക്കി |
| ഉവാച. | ഇപ്രകാരം പറഞ്ഞു. |

ന വിഷാദേ മനഃ കാൎയ്യം വിഷാദോ ദോഷവത്തമഃ
വിഷാദോ ഹന്തി പുരുഷം ബാലം ക്രുദ്ധമിവോരഗഃ. 11

| | |
|---|---|
| "വിഷാദേ | "അധൈൎയ്യത്തിൽ |
| മനഃ ന കാൎയ്യം; | മനസ്സ് വിട്ടയക്കപ്പെടരുത്; |
| ദോഷവത്തമഃ | ദോഷങ്ങളെല്ലാററിലും വെച്ച് മുഖ്യമായത് |
| വിഷാദഃ; | അധൈൎയ്യമാണ്; |
| ബാലം | ശിശുവിനെ |
| ക്രുദ്ധഃ ഉരഗഃ ഇവ, | ചീറുന്ന സൎപ്പമെന്നപോലെ, |
| പുരുഷം | ഒരുവനെ |
| വിഷാദഃ | ഭീരുത്വം |
| ഹന്തി. | നശിപ്പിക്കുന്നു. |

വിഷാദോയം പ്രസഹതേ വിക്രമേ സമുപസ്ഥിതേ
തേജസാ തസ്യ ഹീനസ്യ പുരുഷാൎത്ഥോ ന സിദ്ധ്യതി. 12

| | |
|---|---|
| "വിക്രമേ | "പരാക്രമം ഉപയോഗിക്കേണ്ട ഘട്ടം |
| സമുപസ്ഥിതേ, | സമീപിച്ചിരിക്കുന്ന സമയം, |
| വിഷാദഃ | അധൈൎയ്യം |
| യം | യാതൊരുവനെ |
| പ്രസഹതേ, | വശപ്പെടുത്തുന്നുവോ, |
| തേജസാ | പരാക്രമത്തെ |
| ഹീനസ്യ | കൈവിട്ടവനായ |
| തസ്യ, | അവന്ന്, |
| പുരുഷാൎത്ഥഃ | ഒരു പുരുഷാൎത്ഥവും |
| ന സിദ്ധ്യതി." | സിദ്ധിക്കുന്നില്ല." |

തസ്യാം രാത്ര്യാം വ്യതീതായാമംഗദോ വാനരൎഷഭഃ
ഹരിവൃദ്ധൈഃ സമാഗമ്യ പുനൎമ്മന്ത്രമമന്ത്രയത്. 13

| | |
|---|---|
| തസ്യാം | ആ |
| രാത്ര്യാം | രാത്രി |
| വ്യതീതായാം, | കഴിഞ്ഞാറെ, |
| വാനരൎഷഭഃ | വാനരശ്രേഷ്ഠനായ |
| അംഗദഃ, | അംഗദൻ, |
| ഹരിവൃദ്ധൈഃ സമാഗമ്യ, | യോഗ്യന്മാരായ വാനരന്മാരോടു കൂടി, |
| പുനഃ മന്ത്രം | വീണ്ടും അനന്തരകൃത്യത്തെക്കുറിച്ച് |
| അമന്ത്രയത്. | ആലോചനചെയ്തു. |

സാ വാനരാണാം ധ്വജിനീ പരിവാൎയ്യാംഗദം ബഭൌ
വാസവം പരിവാൎയ്യേവ മരുതാം വാഹിനീ സ്ഥിതാ. 14

| | |
|---|---|
| മരുതാം | ദേവന്മാരുടെ |
| വാഹിനീ | സൈന്യം |
| വാസവം | ദേവേന്ദ്രനെ |
| പരിവാൎയ്യ | ചൂഴ്ന്നുകൊണ്ട് |
| സ്ഥിതാ ഇവ, | നില്ക്കുന്നതുപോലെ, |
| സാ | ആ |
| വാനരാണാം ധ്വജിനീ, | വാനരസൈന്യം |
| അംഗദം | അംഗദനെ |
| പരിവാൎയ്യ | ചൂഴന്നുകൊണ്ട് |
| ബഭൌ. | പരിശോഭിച്ചു. |

കോഽന്യസ്താം വാനരീം സേനാം ശക്തഃ സ്തംഭയിതും ഭവേത്
അന്യത്ര വാലിതനയാദന്യത്ര ച ഹനൂമതഃ. 15

| | | | |
|---|---|---|---|
| താം | ആ | ഹനൂമതഃ അന്യത്ര | ഹനുമാനല്ലാതെയും |
| വാനരീം സേനാം | വാനരസേനയെ | അന്യഃ കഃ | മറെറതൊരുവനാണ് |
| സ്തംഭയിതും, | ഒതുക്കിനിർത്തുവാൻ, | ശക്തഃ ഭവേത്? | സമർത്ഥനായിഭവിക്കുക? |
| വാലിതനയാത് അന്യത്ര ച | ബാലിസൂനുവല്ലാതേയും | | |

തതസ്താൻ ഹരിവൃദ്ധാംശ്ച തച്ച സൈന്യമരിന്ദമഃ
അനുമാന്യാംഗദഃ ശ്രീമാൻ വാക്യമർത്ഥവദബ്രവീത്. 16

| | | | |
|---|---|---|---|
| അരിന്ദമഃ ച | ശത്രുസംഹാരകനും | അനുമാന്യ ച, | ബഹുമാനിച്ചുംകൊണ്ട്, |
| ശ്രീമാൻ | ശ്രീമാനും ആയ | തത് സൈന്യം, | ആ സൈന്യത്തെനോ |
| അംഗദഃ, | അംഗദൻ, | അർത്ഥവത് | സാരഗർഭമായ [ക്കി, |
| തതഃ | ആ സമയം | വാക്യം | വാക്യത്തെ |
| താൻ | ആ | അബ്രവീത്. | ഇപ്രകാരം പറഞ്ഞു. |
| ഹരിവൃദ്ധാൻ | വാനരശ്രേഷ്ഠന്മാരെ | | |

ക ഇദാനീം മഹാതേജാ ലംഘയിഷ്യതി സാഗരം
കഃ കരിഷ്യതി സുഗ്രീവം സത്യസന്ധമരിന്ദമം 17

| | | | |
|---|---|---|---|
| “ഇദാനീം | “ഇപ്പോൾ | കഃ | ആരാണ് |
| കഃ | ഏതൊരു | അരിന്ദമം | ശത്രുമർദ്ദനനായ |
| മഹാതേജാഃ | മഹാപരാക്രമശാലിയാ | സുഗ്രീവം | സുഗ്രീവനെ |
| സാഗരം | സമുദ്രത്തെ [ണ് | സത്യസന്ധം കരിഷ്യതി? | സത്യസന്ധനാക്കുക? |
| ലംഘയിഷ്യതി? | ചാടിക്കടക്കുക? | | |

കോ വീരോ യോജനശതം ലംഘയേത പ്ലവംഗമാഃ
ഇമാംശ്ച യൂഥപാൻ സർവ്വാൻ മോക്ഷയേത് കോ മഹാഭയാത്. 18

| | | | |
|---|---|---|---|
| “പ്ലവംഗമാഃ! | “വാനരന്മാരേ! | ഇമാൻ | ഈ |
| കഃ | ഏതു | യൂഥപാൻ | വാനരവീരന്മാർ |
| വീരഃ | വീരൻ | സർവ്വാൻ | എല്ലാവരേയും |
| യോജനശതം | നൂറുയോജന ദൂരം | മഹാഭയാത് | അത്യാപത്തിൽ നിന്ന് |
| ലംഘയേത? | ചാടിക്കടക്കും? | മോക്ഷയേത്? | മോചിപ്പിപ്പാൻ പോകുന്നത്? |
| കഃ ച | ഏവൻ തന്നെയാണ് | | |

കസ്യ പ്രസാദാദ്ദാരാംശ്ച പുത്രാംശ്ചൈവ ഗൃഹാണി ച
ഇതോ നിവൃത്താഃ പശ്യാമഃ സിദ്ധാർത്ഥാഃ സുഖിനോ വയം. 19

| | | | |
|---|---|---|---|
| “വയം ഏവ | “നാമെല്ലാവരും | പുത്രാൻ ച | പുത്രന്മാരേയും |
| സിദ്ധാർത്ഥാഃ, | കാര്യം സാധിച്ചവരായി | ഗൃഹാണി ച | ഗൃഹങ്ങളേയും |
| സുഖിനഃ, | സന്തുഷ്ടചിത്തരായി, | കസ്യ | ആരുടെ |
| ഇതഃ | ഇവിടെ നിന്നും | പ്രസാദാത് | സഹായംകൊണ്ടാണ് |
| നിവൃത്താഃ, | തിരിച്ചുചെന്നവരായി, | പശ്യാമഃ? | കാണുവാൻ പോകുന്നത്? |
| ദാരാൻ ച | ഭാര്യമാരേയും | | |

കസ്യ പ്രസാദാദ്രാമം ച ലക്ഷ്മണം ച മഹാബലം
അഭിഗച്ഛേമ സംഹൃഷ്ടാഃ സുഗ്രീവം ച മഹാബലം. 20

| | | | |
|---|---|---|---|
| " മഹാബലം | " മഹാബലവാനായ | കസ്യ | ആരുടെ |
| രാമം ച, | ശ്രീരാമനേയും | പ്രസാദാത് | സഹായത്താലാണ് |
| ലക്ഷ്മണം ച, | ലക്ഷ്മണനേയും | സംഹൃഷ്ടാഃ | സന്തോഷഭരിതരായ |
| മഹാബലം | ബലിഷ്ഠനായ | | നാം |
| സുഗ്രീവം ച | സുഗ്രീവനേയും | അഭിഗച്ഛേമ ? | പ്രാപിക്കുക ? |

യദി കശ്ചിത് സമർത്ഥോ യഃ സാഗരപ്ലവനേ ഹരിഃ
സ ദദാത്വിഹ നഃ ശീഘ്രം പുണ്യാമഭയദക്ഷിണാം. 21

| | | | |
|---|---|---|---|
| "സാഗരപ്ലവനേ | " സമുദ്രത്തെ ചാടിക്കട പ്പാൻ | ഇഹ, | ഇക്കാര്യത്തിൽ, |
| | | പുണ്യാം | ആശാസ്യമായ |
| സമർത്ഥഃ ഹരിഃ | സമർത്ഥനായ വാനരൻ | അഭയ- ദക്ഷിണാം, | അഭയപ്രദാന ദക്ഷിണ യെ, |
| യഃ കശ്ചിത് | ആരെങ്കിലുമൊരുവൻ | | |
| യദി | ഉള്ളപക്ഷം | ശീഘ്രം, | ഉടനെ, |
| സഃ, | അവൻ, | നഃ ദദാതു." | നമുക്കെല്ലാം നൽകട്ടെ." |

അംഗദസ്യ വചഃ ശ്രുത്വാ ന കശ്ചിത് കിഞ്ചിദബ്രവീത്
സ്തിമിതേവാഭവത് സർവ്വാ തത്ര സാ ഹരിവാഹിനീ. 22

| | | | |
|---|---|---|---|
| സാ | ആ | തത്ര | അപ്പോൾ |
| ഹരിവാഹിനീ | വാനരസൈന്യം | സ്തിമിതാ ഇവ | സ്മരണയററവരെന്ന |
| സർവ്വാ, | മുഴുവനും, | അഭവത് ; | ആയിത്തീർന്നു ; [പോലെ |
| അംഗദസ്യ | അംഗദന്റെ | കശ്ചിത് | ഒരുവനും |
| വചഃ | വാക്യത്തെ | കിഞ്ചിത് | യാതൊന്നും തന്നെ |
| ശ്രുത്വാ, | കേട്ട്, | ന അബ്രവീത്. | പറഞ്ഞതേയില്ല. |

പുനരേവാംഗദഃ പ്രാഹ താൻ ഹരീൻ ഹരിസത്തമഃ
സർവ്വേ ബലവതാം ശ്രേഷ്ഠാ ഭവന്തോ ദൃഢവിക്രമാഃ 23
വ്യപദേശ്യകുലേ ജാതാഃ പൂജിതാശ്ചാപ്യഭീക്ഷ്ണശഃ
ന ഹി വോ ഗമനേ സംഗഃ കദാചിത് കസ്യചിത് ക്വചിത് 24
ബ്രുവധ്വം യസ്യ യാ ശക്തിർഗമനേ പ്ലവഗർഷഭാഃ. 25

| | | | |
|---|---|---|---|
| ഹരിസത്തമഃ | വാനരശ്രേഷ്ഠനായ | ബലവതാം | വീര്യശാലികളിൽവെ |
| അംഗദഃ | അംഗദൻ | ശ്രേഷ്ഠാഃ, | ശ്രേഷ്ഠന്മാരും [ച്ച് |
| താൻ | ആ | വ്യപദേശ്യകുലേ | കീർത്തിപ്പെട്ട കുലത്തിൽ |
| ഹരീൻ | വാനരന്മാരെനോക്കി | ജാതാഃ ; | ജനിച്ചവരുമാണ് ; |
| പുനഃ ഏവ | വീണ്ടും | അഭീക്ഷ്ണശഃ അപി | പലപ്രാവശ്യവും |
| പ്രാഹ ; | ഇപ്രകാരം പറഞ്ഞു ; | പൂജിതാഃ ; | കൊണ്ടാടപ്പെട്ടവരുമാ |
| " ഭവന്തഃ സർവ്വേ | " നിങ്ങളെല്ലാവരും | വഃ | നിങ്ങൾക്കു [ണ് ; |
| ദൃഢവിക്രമാഃ, | ദൃഢപരാക്രമികളും, | ഗമനേ | ഗതിയിൽ |

| | | | |
|---|---|---|---|
| സംഗഃ, | തടസ്ഥം എന്നുള്ളത്, | പ്ലവഗൎഷഭാഃ! | വാനരവീരന്മാരെ! |
| കസ്യചിത് | ആൎക്കുംതന്നെ | ഗമനേ | ചാടിക്കടക്കുന്നതിൽ |
| കദാചിത് | ഒരിക്കലും | യസ്യ | ആൎക്ക |
| കച്ചിത് | ഒരേടത്തും | യാ ശക്തിഃ ച | എന്തുശക്തിയാണുള്ള |
| ന ഹി; | ഇല്ലല്ലോ! | ബ്രൂവദ്ധ്വം. | പറയുവിൻ. [തെന്ന് |

ഇത്യാൎഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
ചതുഃഷഷ്ടിതമഃ സൎഗ്ഗഃ = അറുപത്തിനാലാംസൎഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ **11661**; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ **2409.**

## പഞ്ചഷഷ്ടിതമഃ സൎഗ്ഗഃ = അറുപത്തഞ്ചാംസൎഗ്ഗം.

[സ്വസ്വശക്ത്യാവിഷ്കരണം = അവനവന്റെ ശക്തിയെപ്പററി പറയുന്നത്].

അഥാംഗദവചഃ ശ്രുത്വാ സൎവ്വേ തേ വാനരോത്തമാഃ
സ്വം സ്വം ഗതൌ സമുത്സാഹമാഹുസ്തത്ര യഥാക്രമം 1
ഗജോ ഗവാക്ഷോ ഗവയഃ ശരഭോ ഗന്ധമാദനഃ
മൈന്ദശ്ച ദ്വിവിദശ്ചൈവ സുഷേണോ ജാംബവാംസ്തഥാ. 2

| | | | |
|---|---|---|---|
| അഥ | ആ സമയം, | തേ സൎവ്വേ | ആ എല്ലാ |
| ഗജഃ | ഗജനും | വാനരോത്തമാഃ ഏവ, | വാനരശ്രേഷ്ഠന്മാരും, |
| ഗവാക്ഷഃ | ഗവാക്ഷനും | | |
| ഗവയഃ | ഗവയനും | അംഗദവചഃ | അംഗദന്റെ വാക്യ |
| ശരഭഃ | ശരഭനും | ശ്രുത്വാ, | കേട്ട്, [ത്തെ |
| ഗന്ധമാദനഃ | ഗന്ധമാദനനും | തത്ര | ആ |
| മൈന്ദഃ | മൈന്ദനും | ഗതൌ | ചാടുന്ന സംഗതിൽ |
| ദ്വിവിദഃ | ദ്വിവിദനും | സ്വം സ്വം | തങ്ങൾതങ്ങൾക്കുള്ള |
| സുഷേണഃ | സുഷേണനും | സമുത്സാഹം | പൂൎണ്ണശക്തിയെ |
| ജാംബവാൻ ച | ജാംബവാനും, | യഥാക്രമം ച | ക്രമപ്രകാരം |
| തഥാ | അതുപോലെതന്നെ | ആഹുഃ. | ബോധിപ്പിച്ചു. |

ആബഭാഷേ ഗജസ്തത്ര പ്ലവേയം ദശയോജനം
ഗവാക്ഷോ യോജനാന്യാഹ ഗമിഷ്യാമീതി വിംശതിം. 3

| | | | |
|---|---|---|---|
| തത്ര, | ആ സമയം, | ഗവാക്ഷഃ | ഗവാക്ഷൻ, |
| ഗജഃ | ഗജൻ | "വിംശതിം | "ഇരുപതു |
| "ദശയോജനം | "പത്തുയോജന | യോജനാനി | യോജനകൾ |
| പ്ലവേയം," | ഞാൻ ചാടിക്കടക്കാം" എന്ന് | ഗമിഷ്യാമി," | ഞാൻ കടക്കാം," |
| | | ഇതി | എന്ന് |
| ആബഭാഷേ; | പറഞ്ഞു; | ആഹ. | പറഞ്ഞു. |

ഗവയോ വാനരസ്തത്ര വാനരാംസ്താനുവാച ഹ
ത്രിംശതം തു ഗമിഷ്യാമി യോജനാനാം പ്ലവംഗമാഃ 4

| | | | |
|---|---|---|---|
| തത്ര, | അപ്പോൾ, | "പ്ലവംഗമാഃ! | "വാനരന്മാരേ! |
| ഗവയഃ | ഗവയൻ എന്ന | യോജനാനാം | യോജനകളുടെ സംഖ്യ |
| വാനരഃ | വാനരൻ | ത്രിംശതം തു | മുപ്പതും |
| താൻ | ആ | ഗമിഷ്യാമി," | ഞാൻ കടക്കാം" എന്ന് |
| വാനരാൻ, | വാനരന്മാരെ നോക്കി | ഉവാച ഹ. | പറഞ്ഞു. |

ശരഭോ വാനരസ്തത്ര വാനരാംസ്താനുവാച ഹ
ചത്വാരിംശദ് ഗമിഷ്യാമി യോജനാനാം പ്ലവംഗമാഃ. 5

| | | | |
|---|---|---|---|
| ശരഭഃ വാനരഃ | ശരഭനെന്ന വാനരൻ | യോജനാനാം | യോജനകളുടെ |
| താൻ | ആ | ചത്വാരിംശത് | നാല്പതിനേയും |
| വാനരാൻ | കപികളെ നോക്കി | ഗമിഷ്യാമി," | ഞാൻ കടക്കുന്നതാണ്," എന്ന് |
| തത്ര | അപ്പോൾ | | |
| "പ്ലവംഗമാഃ! | "വാനരന്മാരേ! | ഉവാച ഹ. | പറഞ്ഞു. |

വാനരാംസ്താൻ മഹാതേജാ അബ്രവീദ് ഗന്ധമാദനഃ
യോജനാനാം ഗമിഷ്യാമി പഞ്ചാശത്തു ന സംശയഃ. 6

| | | | |
|---|---|---|---|
| താൻ | ആ | പഞ്ചാശത് | അമ്പതിനെ |
| വാനരാൻ, | വാനരന്മാരെനോക്കി, | ഗമിഷ്യാമി | ഞാൻ കടക്കാം |
| മഹാതേജാഃ | മഹാതേജസ്വിയായ | സംശയഃ തു | സംശയംതന്നെ |
| ഗന്ധമാദനഃ, | ഗന്ധമാദനൻ, | ന," | ഇല്ല," എന്ന് |
| "യോജനാനാം | "യോജനകളുടെ | അബ്രവീത്. | പറഞ്ഞു. |

മൈന്ദസ്തു വാനരസ്തത്ര വാനരാംസ്താനുവാച ഹ
യോജനാനാം പരം ഷഷ്ടിമഹം പ്ലവിതുമുത്സഹേ. 7

| | | | |
|---|---|---|---|
| തത്ര | അപ്പോൾ | യോജനാനാം ഷഷ്ടിം | അറുപതുയോജനകൾ |
| മൈന്ദഃ | മൈന്ദൻ എന്ന | | |
| വാനരഃ | വാനരൻ | പ്ലവിതും | ചാടുന്നതിന്ന് |
| താൻ വാനരാൻ | ആ കപികളെനോക്കി | ഉത്സഹേ," | ഒരുക്കമുള്ളവനാണ്," എന്ന് |
| "അഹം | "ഞാൻ | | |
| പരം തു | ഏതുവിധവും | ഉവാച ഹ. | പറഞ്ഞു. |

തതസ്തത്ര മഹാതേജാ ദ്വിവിദഃ പ്രത്യഭാഷത
ഗമിഷ്യാമി ന സന്ദേഹഃ സപ്തതിം യോജനാന്യഹം. 8

| | | | |
|---|---|---|---|
| തതഃ, | അനന്തരം, | സപ്തതിം | എഴുപതു് |
| മഹാതേജാഃ | മഹാതേജസ്വിയായ | യോജനാനി | യോജനകൾ |
| ദ്വിവിദഃ, | ദ്വിവിദൻ, | ഗമിഷ്യാമി, | കടക്കുന്നതാണ്, |
| തത്ര | അക്കാര്യത്തിൽ | സന്ദേഹഃ ന," | സന്ദേഹമേയില്ല," എന്ന് |
| "അഹം | "ഞാൻ | പ്രത്യഭാഷത. | മറുപടിപറഞ്ഞു. |

സുഷേണസ്തു ഹരിശ്രേഷ്ഠഃ പ്രോക്തവാൻ കപിസത്തമാൻ
അശീതിം യോജനാനാം തു പ്ലവേയം പ്ലവഗേശ്വരാഃ. 9

| | |
|---|---|
| ഹരിശ്രേഷ്ഠഃ | വാനരശ്രേഷ്ഠനായ |
| സുഷേണഃ തു | സുഷേണനാകട്ടെ, |
| കപിസത്തമാൻ | വാനരോത്തമന്മാരെ നോക്കി |
| "പ്ലവഗേശ്വരാഃ! | "വാനരവീരന്മാരേ! |
| യോജനാനാം | യോജനകളുടെ |
| അശീതിം തു | എണ്പതിനെയും |
| പ്ലവേയം" | ഞാൻ ചാടുന്നതാണ്" എന്ന് |
| പ്രോക്തവാൻ. | അറിയിച്ചു. |

തേഷാം കഥയതാം തത്ര സൎവ്വാംസ്താനനുമാന്യ ച
തതോ വൃദ്ധതമസ്തേഷാം ജാംബവാൻ പ്രത്യഭാഷത. 10

| | |
|---|---|
| തേഷാം | അവരിൽ |
| വൃദ്ധതമഃ | ഏററവുംമുതിൎന്നവനായ |
| ജാംബവാൻ, | ജാംബവാൻ, |
| കഥയതാം | പറഞ്ഞുകൊണ്ടിരുന്ന |
| തേഷാം | അവരുടെ |
| താൻ | ആ |
| സൎവ്വാൻ | എല്ലാ വാക്യങ്ങളേയും |
| അനുമാന്യ, | ഗൌരവപ്പെടുത്തിക്കൊണ്ടു, |
| തതഃ, | അതിൽ പിന്നെ, |
| തത്ര പ്രതി ച | ആ സന്ദൎഭത്തിന്ന് അനുഗുണമായ വിധം |
| അഭാഷത. | കഥിച്ചു. |

പൂൎവ്വമസ്മാകമപ്യാസീത് കശ്ചിദ്ഗതിപരാക്രമഃ
തേ വയം വയസഃ പാരമനുപ്രാപ്താഃ സ്മ സാമ്പ്രതം. 11

| | |
|---|---|
| "പൂൎവ്വം | "മുൻകാലത്തിൽ |
| അസ്മാകം അപി | നമുക്കും |
| കശ്ചിത് | ഇത്രയെന്നില്ലാത്ത |
| ഗതിപരാക്രമഃ | ഗതിവേഗം |
| ആസീത്; | ഉണ്ടായിരുന്നു; |
| തേ | അപ്രകാരമുള്ള |
| വയം | നാം |
| സാമ്പ്രതം | ഇപ്പോൾ |
| വയസഃ | വാൎദ്ധക്യത്തിന്റെ |
| പാരം | അറുതി |
| അനുപ്രാപ്താഃ സ്മ. | എത്തിച്ചേൎന്നിരിക്കുന്നു. |

കിം തു നൈവം ഗതേ ശക്യമിദം കാൎയ്യമുപേക്ഷിതും
യദൎത്ഥം കപിരാജശ്ച രാമശ്ച കൃതനിശ്ചയൌ. 12

| | |
|---|---|
| "ഏവം | "ഈ |
| ഗതേ, | സ്ഥിതിയിൽ, |
| യത് | യാതൊരു |
| അൎത്ഥം | പ്രയോജനത്തിന്നായി |
| കപിരാജഃ ച | വാനരരാജാവും |
| രാമഃ ച | ശ്രീരാമനും |
| കൃതനിശ്ചയൌ | തമ്മിൽ വാഗ്ദത്തം ചെയ്തിരിക്കുന്നുവോ |
| ഇദം | അപ്രകാരമുള്ള |
| കാൎയ്യം | ഈ കാൎയ്യം |
| ഉപേക്ഷിതും | അവഗണിക്കുന്നതിന്ന് |
| കിം തു | എപ്രകാരവും |
| ന ശക്യം. | പാടുള്ളതല്ല. |

സാംപ്രതം കാലഭേദേന യാ ഗതിസ്താം നിബോധത
നവതിം യോജനാനാം തു ഗമിഷ്യാമി ന സംശയഃ. 13

| | | | |
|---|---|---|---|
| “ സാംപ്രതം | “ തത്സമയം | നിബോധത ; | കേട്ടുകൊൾവിൻ ; |
| കാലഭേദേന | കാലപരിണാമംമൂലം | തു | ഇപ്പോഴം |
| ഗതിഃ | ഗതിവേഗം | യോജനാനാം നവതിം | തൊണ്ണൂറുയോജനകൾ |
| യാ | യാതൊന്നോ | ഗമിഷ്യാമി | ഞാൻ കടക്കം |
| താം, | അതിനെ, | സംശയഃ ന.” | തീർച്ചതന്നെ.” |

താംസ്തു സർവ്വാൻ ഹരിശ്രേഷ്ഠാൻ ജാംബവാൻ പുനരബ്രവീത്
ന ഖല്വേതാവദേവാസീദ് ഗമനേ മേ പരാക്രമഃ. 14

| | | | |
|---|---|---|---|
| താൻ | ആ | അബ്രവീത് ; | പറഞ്ഞു ; |
| ഹരിശ്രേഷ്ഠാൻ | വാനരാധിപന്മാർ | “ ഗമനേ | “ ഗമനത്തിൽ |
| സർവ്വാൻ തു | എല്ലാവരേയുംനോക്കി | മേ പരാക്രമഃ ഏവ | എന്റെ ശക്തി |
| ജാംബവാൻ | ജാംബവാൻ | ഏതാവത് ഖലു | ഇത്രയെന്നുള്ളതു് |
| പുനഃ | വീണ്ടും | ന ആസീത്. | ഉണ്ടായിരുന്നില്ല. |

മയാ മഹാബലേശ്ചൈവ യജ്ഞേ വിഷ്ണുഃ സനാതനഃ
പ്രദക്ഷിണീകൃതഃ പൂർവ്വം ക്രമമാണസ്ത്രിവിക്രമഃ. 15

| | | | |
|---|---|---|---|
| “ പൂർവ്വം | “ പണ്ടു് | സനാതനഃ | ശാശ്വതരൂപിയായ |
| മഹാബലേഃ | മഹാബലിയുടെ | വിഷ്ണുഃ ഏവ | ശ്രീവിഷ്ണുഭഗവാൻ |
| യജ്ഞേ, | യാഗത്തിൽ, | മയാ ച | എന്നാൽ [തന്നെ |
| ത്രിവിക്രമഃ | ത്രിവിക്രമരൂപംധരിച്ചു് | പ്രദക്ഷിണീകൃതഃ. | പ്രദക്ഷിണംചെയ്യപ്പെട്ടിട്ടുണ്ടു്. |
| ക്രമമാണഃ | എങ്ങും ആക്രമിച്ചു | | |

സ ഇദാനീമഹം വൃദ്ധഃ പ്ലവനേ മന്ദവിക്രമഃ
യൌവനേ ച തദാസീന്മേ ബലമപ്രതിമം പരൈഃ. 16

| | | | |
|---|---|---|---|
| “ സഃ അഹം | “അപ്രകാരമുള്ള ഞാൻ | തദാ | അന്നു് |
| ഇദാനീം | ഇപ്പോൾ | യൌവനേ ച | യൌവനദശയിലാക |
| വൃദ്ധഃ, | വൃദ്ധനായി, | പരൈഃ | മററുള്ളവരാൽ [ട്ടെ, |
| പ്ലവനേ | ചാട്ടത്തിൽ | അപ്രതിമം ബലം | അടപ്പാൻ കഴിയാത്തതായ ബലം |
| മന്ദവിക്രമഃ ; | ശക്തി കുറഞ്ഞവനായിരിക്കുന്നു ; | മേ ആസീത്. | എനിക്കുണ്ടായിരുന്നു. |

[ത്രിവിക്രമക്രമണത്തിന്നൊപ്പം ജാംബവാൻ ചുററിയ സമയം മേരുവിൽ കാൽമുട്ടടിച്ചതിനാൽ “മന്ദവിക്രമനായി” എന്നു് പുരാണാന്തരം. (സ)]

സംപ്രത്യേതാവതീം ശക്തിം ഗമനേ തൎക്കയാമ്യഹം
നൈതാവതാ ച സംസിദ്ധിഃ കാൎയ്യസ്യാസ്യ ഭവിഷ്യതി. 17

| | | | |
|---|---|---|---|
| "ഗമനേ | "ചാട്ടത്തിൽ | തൎക്കയാമി; | കാണുന്നുള്ളു; |
| സംപ്രതി | ഇപ്പോൾ | അസ്യ കാൎയ്യസ്യ | ഈ കാൎയ്യത്തിന്റെ |
| ഏതാവതീം | ഇത്രത്തോളം | സംസിദ്ധിഃ | പൂൎണ്ണസിദ്ധി |
| ശക്തിം ച | ശക്തി മാത്രമേ | ഏതാവതാ | ഇത്രകൊണ്ടുമാത്രം |
| അഹം | ഞാൻ | ന ഭവിഷ്യതി." | ഉണ്ടാവുന്നതല്ലല്ലോ." |

അഥോത്തരമുദാരാൎത്ഥമബ്രവീദംഗദസ്തദാ
അനുമാന്യ മഹാപ്രാജ്ഞോ ജാംബവന്തം മഹാകപിം 18

| | | | |
|---|---|---|---|
| മഹാപ്രാജ്ഞഃ | അറിവേറിയവനായ | തദാ, | ആ സമയം, |
| അംഗദഃ, | അംഗദൻ, | ഉദാരാൎത്ഥം | സാരഗൎഭമായ |
| മഹാകപിം | വാനരന്മാൎക്കെല്ലാം മൂത്തവനായ | ഉത്തരം | മറുപടിയെ |
| ജാംബവന്തം | ജാംബവാനെ | അഥ | ഇപ്രകാരം |
| അനുമാന്യ, | കൊണ്ടാടിക്കൊണ്ടു്, | അബ്രവീത്. | അരുളി. |

അഹമേതദ് ഗമിഷ്യാമി യോജനാനാം ശതം മഹത്
നിവൎത്തനേ തു മേ ശക്തിഃ സ്യാന്നവേതി ന നിശ്ചിതം. 19

| | | | |
|---|---|---|---|
| "അഹം | "ഞാൻ | നിവൎത്തനേ | മടങ്ങിവരുന്ന കാൎയ്യത്തിൽ |
| ഏതത് മഹത് | ഈ പെരുത്ത | മേ | എനിക്കു് |
| യോജനാനാം ശതം | നൂറു യോജനകളും | ശക്തിഃ | ശക്തി |
| ഗമിഷ്യാമി; | ചാടിക്കടക്കാം; | സ്യാത് | ഉണ്ടാകുമോ |
| തു | പക്ഷേ, | ന വാ ഇതി | ഇല്ലയോ എന്നതു്, |
| | | ന നിശ്ചിതം." | തീൎച്ചയാക്കപ്പെട്ടതല്ല." |

തമുവാച ഹരിശ്രേഷ്ഠോ ജാംബവാൻ വാക്യകോവിദഃ
ജ്ഞായതേ ഗമനേ ശക്തിസ്തവ ഹൎയ്യൃക്ഷസത്തമ. 20

| | | | |
|---|---|---|---|
| ഹരിശ്രേഷ്ഠഃ | വാനരമുഖ്യനും | ഗമനേ | അങ്ങോട്ടു ചെല്ലുന്നതിന്നു് |
| വാക്യകോവിദഃ | വാക്യപടുവും ആയ | ശക്തിഃ | ശക്തി |
| ജാംബവാൻ, | ജാംബവാൻ, | തവ | ഭവാനുണ്ടെന്നു് |
| തം | ആ അംഗദനോടായി, | ജ്ഞായതേ. | പ്രത്യക്ഷമായറിയപ്പെട്ടതാണു്. |
| ഉവാച; | പറഞ്ഞു; | | |
| "ഹൎയ്യൃക്ഷസത്തമ! | "വാനരന്മാൎക്കും കരടികൾക്കും നേതാവായവനേ! | | |

കാമം ശതസഹസ്രം വാ ന ഹ്യേഷ വിധിരുച്യതേ
യോജനാനാം ഭവാൻ ശക്തോ ഗന്തും പ്രതിനിവൎത്തിതും. 21

| | |
|---|---|
| "യോജനാനാം | "യോജനകളുടെ |
| ശതസഹസ്രം, | നൂറായിരത്തെ, |
| വാ | എന്നല്ല |
| കാമം | എത്ര വേണമെങ്കിലും |
| ഗന്തും, | പോകുന്നതിന്നും, |
| പ്രതിനിവൎത്തിതും | തിരിച്ചുവരുന്നതിന്നും |
| ഭവാൻ | ഭവാൻ |
| ശക്തഃ; | കഴിവുള്ളവനാണ്; |
| ഹി | അപ്രകാരമായാലും |
| ഏഷഃ | നേതാവിനെ അയക്കുക എന്ന ഇത് |
| വിധിഃ | ഒരു ന്യായമായമുറയായി |
| ന ഉച്യതേ. | പറയപ്പെടുന്നില്ല. |

ന ഹി പ്രേഷയിതാ താത സ്വാമീ പ്രേഷ്യഃ കഥഞ്ചന
ഭവതായം ജനഃ സൎവ്വഃ പ്രേഷ്യഃ പ്ലവഗസത്തമ. 22

| | |
|---|---|
| "താത! | "വത്സ! |
| പ്രേഷയിതാ | കല്പിച്ചയക്കേണ്ടവനായ |
| സ്വാമീ | യജമാനൻ |
| പ്രേഷ്യഃ | കല്പിച്ചയക്കപ്പെടുന്നവനാകുന്നത് |
| ന കഥഞ്ചന, | ഒരിക്കലും വിഹിതമല്ല, |
| ഹി; | നിശ്ചയംതന്നെ; |
| പ്ലവഗസത്തമ! | വാനരോത്തമ! |
| അയം | ഈ |
| സൎവ്വഃ ജനഃ | എല്ലാ ജനവും |
| ഭവതാ | ഭവാനാൽ |
| പ്രേഷ്യഃ. | നിയോഗിച്ചയക്കപ്പെടേണ്ടവരാണല്ലോ. |

ഭവാൻ കളത്രമസ്മാകം സ്വാമിഭാവേ വ്യവസ്ഥിതഃ
സ്വാമീ കളത്രം സൈന്യസ്യ ഗതിരേഷാ പരന്തപ
തസ്മാത് കളത്രവത്തത്ര പ്രതിപാല്യഃ സദാ ഭവാൻ. 23

| | |
|---|---|
| "പരംതപ! | "ശത്രുസൂദന! |
| സ്വാമിഭാവേ | യജമാനപദവിയിൽ |
| വ്യവസ്ഥിതഃ | നിയമിക്കപ്പെട്ടവനായ |
| ഭവാൻ, | അങ്ങു്, |
| അസ്മാകം | ഞങ്ങൾക്കു് |
| കളത്രം; | രക്ഷാസ്ഥാനമാകുന്നു; |
| സ്വാമീ; | നേതാവാകുന്നു; |
| സൈന്യസ്യ | സൈന്യത്തിന്നു് |
| കളത്രം; | കോട്ടയായുള്ളതു്; |
| ഏഷാ ഗതിഃ; | ഇതാണു് മുറ; |
| തസ്മാത് | ആകയാൽ |
| ഭവാൻ സദാ | ഭവാൻ എല്ലായ്പോഴും |
| കളത്രവത് | കോട്ടയെന്നതുപോലെ |
| തത്ര | ആ സ്ഥിതിയിൽതന്നെ |
| പ്രതിപാല്യഃ. | പരിപാലിക്കപ്പെടേണ്ടവനാകുന്നു. |

[ "ഭവാൻ കളത്രം" (ഭാൎയ്യയെപ്പോലെ, സ്വന്തം എന്നുള്ള ദൃഢബുദ്ധികൊണ്ടു്, തന്നാൽ പ്രാണനുള്ളേടത്തോളം കാലം രക്ഷിക്കപ്പെടേണ്ടവൻ) എന്നു് തിലകം; "കം സുഖം, ലാതി ദദാതി, തദ്ഭവ ത്രം രക്ഷാകൎത്തൃ" സുഖദാതാവും ത്രാതാവും ആയവൻ, എന്നും (ശിരോ); "രക്ഷിക്കപ്പെടേണ്ടതായ വസ്തു" എന്നു് (ഗോ. രാ.)]

അപി ചൈതസ്യ കാൎയ്യസ്യ ഭവാൻ മൂലമരിന്ദമ
മൂലമൎത്ഥസ്യ സംരക്ഷ്യമേഷ കാൎയ്യവിദാം നയഃ 24

| | | | |
|---|---|---|---|
| "അപി ച | "എന്നുതന്നെയല്ല | മൂലം | അടിസ്ഥാനമായതു് |
| അരിന്ദമ! | ഹേ ശത്രുമർദ്ദന! | | നല്ലപോലെ കാത്തു |
| ഏതസ്യ | ഈ | സംരക്ഷ്യം; | രക്ഷിക്കപ്പെടേണ്ടതാ |
| കാര്യസ്യ | കാര്യത്തിന്നു് | | ണു്; |
| ഭവാൻ | ഭവാൻതന്നെയാണു് | ഏഷഃ | ഇതാണു് |
| മൂലം; | അണിഃവരായതു്; | കാര്യവിദാം | കാര്യകുശലന്മാരുടെ |
| അർത്ഥസ്യ | കാര്യസാദ്ധ്യത്തിന്നു് | നയഃ. | നയം. |

മൂലേ ഹി സതി സിദ്ധ്യന്തി ഗുണാഃ പുഷ്പഫലാദയഃ 25

| | | | |
|---|---|---|---|
| "മൂലേ | "വേരു് | പുഷ്പഫലാദയഃ | പുഷ്പം ഫലം മുതലായ |
| | | ഗുണാഃ | അനുഭവങ്ങൾ |
| സതി ഹി | ഉണ്ടെങ്കിൽ മാത്രമേ | സിദ്ധ്യന്തി. | ലഭിക്കപ്പെടുകയുള്ളു. |

തദ് ഭവാനസ്യ കാര്യസ്യ സാധനേ സത്യവിക്രമ
ബുദ്ധിവിക്രമസമ്പന്നോ ഹേതുരത്ര പരന്തപ. 26

| | | | |
|---|---|---|---|
| "തത്, | "ആകയാൽ, | സാധനേ | സാധിക്കേണ്ടുന്ന വിഷ |
| സത്യവിക്രമ! | സത്യമായ പരാക്രമ | അത്ര | ഇവിടെ [യത്തിൽ |
| | ത്തോടുകൂടിയവനേ! | ബുദ്ധിവിക്രമ- | ബുദ്ധിയും പരാക്രമവും |
| പരന്തപ! | ഹേ ശത്രുസൂദന! | സമ്പന്നഃ | നിറഞ്ഞ |
| അസ്യ | ഈ | ഭവാൻ | ഭവാൻതന്നെയാണു് |
| കാര്യസ്യ | കാര്യം | ഹേതുഃ. | മൂലമായിട്ടുള്ളതു്. |

ഗുരുശ്ച ഗുരുപുത്രശ്ച ത്വം ഹി നഃ കപിസത്തമ
ഭവന്തമാശ്രിത്യ വയം സമർത്ഥാ ഹ്യർത്ഥസാധനേ. 27

| | | | |
|---|---|---|---|
| "കപിസത്തമ! | "വാനരശ്രേഷ്ഠ! | ആശ്രിത്യ ച | ആശ്രയിക്കുന്നതു |
| ത്വം | ഭവാൻ | | കൊണ്ടു്, |
| നഃ ഗുരുഃ | ഞങ്ങൾക്കു വന്ദ്യനായ | അർത്ഥസാധനേ | കാര്യം സാധിക്കുന്ന |
| ഗുരുപുത്രഃ; | രാജകുമാരനാണു്; | വയം | ഞങ്ങൾ [തിൽ |
| ഹി | ആകയാൽ | സമർത്ഥാഃ ഹി." | സമർത്ഥന്മാരായി |
| ഭവന്തം ച | ഭവാനെത്തന്നെ | | ഭവിക്കുന്നതാണു്." |

ഉക്തവാക്യം മഹാപ്രാജ്ഞം ജാംബവന്തം മഹാകപിഃ
പ്രത്യുവാചോത്തരം വാക്യം വാലിസൂനുരഥാംഗദഃ 28

| | | | |
|---|---|---|---|
| അഥ | അനന്തരം | ഉക്തവാക്യം | മേൽപ്രകാരം പറഞ്ഞ |
| വാലിസൂനുഃ, | വാലിപുത്രനും, | | വനുമായ |
| മഹാകപിഃ | കപിവീരനുമായ | ജാംബവന്തം, | ജാംബവാനോടായി, |
| അംഗദഃ, | അംഗദൻ, | ഉത്തരം | അതിന്നപ്പുറം |
| മഹാപ്രാജ്ഞം | അറിവേറിയവനും, | വാക്യം | ഒരു വാക്യത്തെ |
| | | പ്രത്യുവാച. | മറുപടിയായി പറഞ്ഞു. |

യദി നാഹം ഗമിഷ്യാമി നാന്യേ വാനരപുംഗവാഃ
പുനഃ ഖല്വിദമസ്മാഭിഃ കാര്യം പ്രായോപവേശനം. 29

| | | | |
|---|---|---|---|
| “ അഹം | “ ഞാൻ | പുനഃ | പിന്നെ |
| ന ഗമിഷ്യാമി ; | പോകാതിരിക്കാം ; | അസ്മാഭിഃ | നമ്മാൽ |
| യദി | എന്നാൽ | കാര്യം | ചെയ്യത്തക്കതു |
| അന്യേ | വേറെ | ഇദം | ഈ |
| വാനരപുംഗവാഃ | വാനരശ്രേഷ്ഠന്മാരും | പ്രായോപ- | പ്രായോപവേശനം |
| ന ; | ഇല്ല ; | വേശനം ഖലു! | തന്നെയാണല്ലോ! |

ന ഹ്യകൃത്വാ ഹരിപതേഃ സന്ദേശം തസ്യ ധീമതഃ
തത്രാപി ഗത്വാ പ്രാണാനാം പശ്യാമി പരിരക്ഷണം. 30

| | | | |
|---|---|---|---|
| “ ഹി | “ എന്തെന്നാൽ | ഗത്വാ, | ചെന്നാൽ, |
| തസ്യ ധീമതഃ | ആ ധീമാനായ | തത്ര അപി | അവിടേയും |
| ഹരിപതേഃ | വാനരേശ്വരന്റെ | പ്രാണാനാം | പ്രാണങ്ങൾക്ക് |
| സന്ദേശം | ആജ്ഞയെ | പരിരക്ഷണം | രക്ഷ എന്നുള്ളത് |
| അകൃത്വാ | നിറവേററാതെ | ന പശ്യാമി. | ഞാൻ കാണുന്നില്ല. |

സ ഹി പ്രസാദേ ചാത്യർത്ഥം കോപേ ച ഹരിരീശ്വരഃ
അതീത്യ തസ്യ സന്ദേശം വിനാശോ ഗമനേ ഭവേത്. 31

| | | | |
|---|---|---|---|
| “ സഃ ഹരിഃ | “ ആ വാനരൻ | തസ്യ | അദ്ദേഹത്തിന്റെ |
| പ്രസാദേ ച | സന്തോഷത്തിലും | സന്ദേശം | ആജ്ഞയെ |
| കോപേ ച | കോപത്തിലും | അതീത്യ | ലംഘിച്ച് |
| അത്യർത്ഥം | കൈകടന്ന് | ഗമനേ | തിരിയെച്ചെല്ലുന്നതിൽ |
| ഈശ്വരഃ ; | പ്രവർത്തിക്കുന്നവ | വിനാശഃ | ആപത്ത് |
| ഹി, | അതിനാൽ, [നാണ്; | ഭവേത്. | വിളയുന്നതാണ്. |

തദ്യഥാ ഹ്യസ്യ കാര്യസ്യ ന ഭവത്യന്യഥാ ഗതിഃ
തദ്ഭവാനേവ ദൃഷ്ടാർത്ഥഃ സഞ്ചിന്തയിതുമർഹതി. 32

| | | | |
|---|---|---|---|
| “ തത് | “ അതിനാൽ | തത് | അതിനെപ്പററി, |
| അസ്യ കാര്യസ്യ | ഈ കാര്യത്തിന്റെ | ദൃഷ്ടാർത്ഥഃ | കാര്യസിദ്ധിയെക്കുറിച്ചു |
| ഗതിഃ | അവസാനം, | | അറിവുള്ളവനായ |
| അന്യഥാ | വിപരീതമായി | ഭവാൻ ഏവ | അങ്ങുതന്നെ |
| ന ഭവതി യഥാ | സംഭവിക്കാതിരിക്കത്ത | സഞ്ചിന്തയിതും | പര്യാലോചന |
| | ക്കവിധം, | അർഹതി ഹി.” | ചെയ്യാലും.” |

സോഽംഗദേന തദാ വീരഃ പ്രത്യുക്തഃ പ്ലവഗർഷഭഃ
ജാംബവാനുത്തരം വാക്യം പ്രോവാചേദം തതോഽംഗദം. 33

| | | | |
|---|---|---|---|
| തദാ | അപ്പോൾ | പ്രത്യുക്തഃ, | ഇപ്രകാരം പറയപ്പെട്ട വനായി |
| വീരഃ | വീരനും | തതഃ | ആ സമയം |
| പ്ലവഗർഷഭഃ | വാനരശ്രേഷ്ഠനുമായ | അംഗദം | അംഗദനെനോക്കി |
| സഃ | ആ | ഇദം | ഈ |
| ജാംബവാൻ | ജാംബവാൻ | ഉത്തരം വാക്യം | ഉത്തമവാക്യത്തെ |
| അംഗദേന | അംഗദനാൽ | പ്രോവാച. | ഉണർത്തിച്ചു. |

അസ്യ തേ വീര കാര്യസ്യ ന കിഞ്ചിത് പരിഹീയതേ
ഏഷ സഞ്ചോദയാമ്യേനം യഃ കാര്യം സാധയിഷ്യതി. 34

| | | | |
|---|---|---|---|
| "വീര! | "ഹേ വീര! | യഃ | യാതൊരുവൻ |
| തേ | അവിടുത്തെ | കാര്യം | കാര്യത്തെ |
| അസ്യ കാര്യസ്യ | ഈ കാര്യത്തിന്ന് | സാധയിഷ്യതി | സാധിക്കുമോ |
| കിഞ്ചിത് | ഒട്ടും | ഏനം | അപ്രകാരമുള്ള ഇവ്വ ഹത്തെ |
| ന പരിഹീയതേ; | ഹാനിയുണ്ടാവുന്നതല്ല; | | |
| ഏഷഃ | ഇതാ | സഞ്ചോദയാമി." | ഞാൻ ഉദ്യമിപ്പിക്കാം." |

തതഃ പ്രവീരം പ്ലവതാം വരിഷ്ഠ-
മേകാന്തമാശ്രിത്യ സുഖോപവിഷ്ടം
സഞ്ചോദയാമാസ ഹരിപ്രവീരോ
ഹരിപ്രവീരം ഹനുമന്തമേവ. 35

| | | | |
|---|---|---|---|
| തതഃ | അതിൽപിന്നെ | പ്രവീരം | അതിബലശാലിയും |
| ഹരിപ്രവീരഃ, | വാനരേന്ദ്രനായ ജാംബവാൻ, | പ്ലവതാം | ചാട്ടക്കാരിൽ |
| | | വരിഷ്ഠം | മുമ്പനും |
| ഏകാന്തം } | ഒരു വിജനസ്ഥലത്തിൽ | ഹരിപ്രവീരം | വാനരവീരനുമായ |
| ആശ്രിത്യ } | ചെന്ന് | ഹനുമന്തം ഏവ | ഹനുമാനെത്തന്നെ |
| സുഖോപവിഷ്ടം | സുഖമായി ഇരുന്നിരുന്നവനും | സഞ്ചോദയാമാസ. } | പ്രേരണചെയ്തു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
പഞ്ചഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തഞ്ചാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ **11697**; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ **2445.**

## ഷട്ഷഷ്ടിതമഃ സർഗ്ഗഃ = അറുപത്താറാംസർഗ്ഗം.

[സമുദ്രതരണേ ജാംബവതാ ഹനുമത്പ്രേരണം = സമുദ്രത്തെ ലംഘിക്കുന്നതിൽ ജാംബവാൻ ഹനുമാനെ പ്രേരിപ്പിക്കുന്നതു്.]

അനേകശതസാഹസ്രീം വിഷണ്ണാം ഹരിവാഹിനീം
ജാംബവാൻ സമുദീക്ഷ്യൈവം ഹനുമന്തമഥാബ്രവീത്. 1

| | | | |
|---|---|---|---|
| അഥ, | അപ്പോൾ, | സമുദീക്ഷ്യ, | കണ്ടു്, |
| അനേകശത-സാഹസ്രീം | അനേകംകോടി | ജാംബവാൻ | ജാംബവാൻ |
| ഹരിവാഹിനീം | വാനരസൈന്യം | ഹനുമന്തം | ഹനുമാനെ നോക്കി |
| വിഷണ്ണാം | ദുഃഖത്തിലാണ്ടിരിക്കുന്നതിനെ | ഏവം | ഇപ്രകാരം |
| | | അബ്രവീത്. | പറഞ്ഞു. |

വീര വാനരലോകസ്യ സർവ്വശാസ്ത്രവിശാരദ
തൂഷ്ണീമേകാന്തമാശ്രിത്യ ഹനുമൻ കിം ന ജല്പസി. 2

| | | | |
|---|---|---|---|
| "വാനര-ലോകസ്യ | "വാനരസമൂഹത്തിന്നു് | തൂഷ്ണീം | മൌനമവലംബിച്ചു് |
| വീര! | വീരനായവനേ! | ഏകാന്തം | വിജനസ്ഥലത്തെ |
| സർവ്വശാസ്ത്ര-വിശാരദ! | എല്ലാശാസ്ത്രങ്ങളിലും വിദഗ്ദ്ധനായവനേ! | ആശ്രിത്യ, | പ്രാപിച്ചു്, |
| ഹനുമൻ! | ഹനുമാനേ! | കിം ന ജല്പസി? | ഒന്നും മിണ്ടാതിരിക്കുന്നതെന്താണു്? |

ഹനുമൻ ഹരിരാജസ്യ സുഗ്രീവസ്യ സമോ ഹ്യസി
രാമലക്ഷ്മണയോശ്ചാപി തേജസാ ച ബലേന ച. 3

| | | | |
|---|---|---|---|
| "ഹനുമൻ! | "ഹനുമാനേ! | ബലേന ച | ബലംകൊണ്ടും |
| ഹരിരാജസ്യ | വാനരരാജാവായ | രാമലക്ഷ്മണ-യോഃ അപി | ശ്രീരാമലക്ഷ്മണന്മാൎക്കും |
| സുഗ്രീവസ്യ ച, | സുഗ്രീവന്നും, | സമഃ അസി ഹി. | ഭവാൻ തുല്യൻതന്നെ. |
| തേജസാ ച | തേജസ്സുകൊണ്ടും | | |

അരിഷ്ടനേമിനഃ പുത്രോ വൈനതേയോ മഹാബലഃ
ഗരുത്മാനിതിവിഖ്യാത ഉത്തമഃ സർവ്വപക്ഷിണാം. 4

| | | | |
|---|---|---|---|
| "അരിഷ്ടനേമിനഃ | "അരിഷ്ടനേമിയുടെ | ഉത്തമഃ | ശ്രേഷ്ഠനും ആയ |
| പുത്രഃ | തനയനും | ഗരുത്മാൻ ഇതി | ഗരുഡൻ എന്നു് |
| വൈനതേയഃ | വിനതയുടെ പുത്രനും | വിഖ്യാതഃ. | പ്രശസ്തിയാൎന്നവൻ |
| സർവ്വ-പക്ഷിണാം | പക്ഷികളെല്ലാററിലും വെച്ചു് | മഹാബലഃ. | അതിബലശാലിയാകുന്നു. |

ബഹുശോ ഹി മയാ ദൃഷ്ടഃ സാഗരേ സ മഹാബലഃ
ഭുജംഗാനുദ്ധരൻ പക്ഷീ മഹാവേഗോ മഹായശാഃ, 5

| | | | |
|---|---|---|---|
| മഹാബലഃ | അതിശക്തിമാനും | ഭുജംഗാൻ | പെരുമ്പാമ്പുകളെ |
| മഹാവേഗഃ | അധികവേഗതയുള്ളവനും | ഉദ്ധരൻ, | എടുത്തുകൊണ്ടുപോകുന്നവനായി, |
| മഹായശാഃ | മഹായശസ്വിയുമായ | ബഹുശഃ | പലപ്രാവശ്യവും |
| സഃ പക്ഷീ, | ആ പക്ഷി, | മയാ ഹി | എന്നാൽതന്നെ |
| സാഗരേ | സമുദ്രത്തിൽ | ദൃഷ്ടഃ. | കാണപ്പെട്ടിട്ടുണ്ട്. |

പക്ഷയോൎയ്യദ് ബലം തസ്യ താവദ് ഭുജബലം തവ
വിക്രമശ്ചാപി വേഗശ്ച ന തേ തേനാവഹീയതേ. 6

| | | | |
|---|---|---|---|
| “ തസ്യ | “ ആ ഗരുഡന്റെ | അപി, | എന്നുമാത്രമല്ല, |
| പക്ഷയോഃ | ചിറകുകൾക്ക് | വിക്രമഃ ച | പൌരുഷവും |
| ബലം | ബലം | വേഗഃ ച | വേഗതയും |
| യത് | എത്രയുണ്ടോ | തേ | ഭവാന്ന് |
| താവത് | അത്രയ്ക്കുണ്ട് | തേന | അവനേക്കാൾ |
| തവ ഭുജബലം; | ഭവാന്റെ ബാഹുബലം; | ന അവഹീയതേ. | ഒട്ടും കുറഞ്ഞതുമല്ല. |

ബലം ബുദ്ധിശ്ച തേജശ്ച സത്വം ച ഹരിസത്തമ
വിശിഷ്ടം സൎവ്വഭൂതേഷു കിമാത്മാനം ന ബുദ്ധ്യസേ 7

| | | | |
|---|---|---|---|
| “ ഹരിസത്തമ! | “ വാനരശ്രേഷ്ഠ! | സൎവ്വഭൂതേഷു | ഉള്ളവയിലെല്ലാംവെച്ച് |
| ബലം | ബലവും | വിശിഷ്ടം | ശ്രേഷ്ഠനാണെന്ന് |
| ബുദ്ധിഃ ച | ബുദ്ധിയും | ആത്മാനം | ഭവാനെ |
| തേജഃ ച | തേജസ്സും | കിം ന ബുദ്ധ്യസേ? | അങ്ങ് അറിയുന്നില്ലേ? |
| സത്വം ച | സത്ഗുണവും | | |

ആസീദപ്സരസാം ശ്രേഷ്ഠാ വിഖ്യാതാ പുഞ്ജികസ്ഥലാ
അഞ്ജനേതി പരിഖ്യാതാ പത്നീ കേസരിണോ ഹരേഃ. 8

| | | | |
|---|---|---|---|
| “ പുഞ്ജികസ്ഥലാ | “ പുഞ്ജികസ്ഥലയെന്നവൾ | അഞ്ജനാ ഇതി | അഞ്ജനയെന്നും |
| അപ്സരസാം | അപ്സരസ്ത്രീകളിൽവെച്ച് | പരിഖ്യാതാ; | മറ്റൊരു പേർകൊണ്ട് അറിയപ്പെടുന്നവൾ; |
| ശ്രേഷ്ഠാ | ശ്രേഷ്ഠയും | കേസരിണഃ | കേസരിയെന്ന |
| വിഖ്യാതാ ആസീത്; | പ്രസിദ്ധയുമായിരുന്നു; | ഹരേഃ | വാനരന്റെ |
| | | പത്നീ. | ഭാൎയ്യ. |

വിഖ്യാതാ ത്രിഷു ലോകേഷു രൂപേണാപ്രതിമാ ഭുവി
അഭിശാപാദഭൂത്താത വാനരീ കാമരൂപിണീ. 9

| | | | |
|---|---|---|---|
| “ താത! | “ വത്സ! | രൂപേണ | സൌന്ദൎയ്യത്തിൽ |
| ത്രിഷു ലോകേഷു | മൂന്നുലോകങ്ങളിലും | അപ്രതിമാ | എതിരില്ലാത്തവളായി |
| വിഖ്യാതാ, | കീൎത്തിപ്പെട്ടവളായ അവൾ, | കാമരൂപിണീ | ഇഷ്ടംപോലെ രൂപമെടുപ്പാൻ കഴിവുള്ള |
| അഭിശാപാത് | ഒരു ശാപത്തിനാൽ | വാനരീ | വാനരസ്ത്രീയായി |
| ഭുവി | ഭൂലോകത്തിൽ | അഭൂത്. | പിറന്നു. |

ദുഹിതാ വാനരേന്ദ്രസ്യ കുഞ്ജരസ്യ മഹാത്മനഃ
കപിത്വേ ചാരുസർവ്വാംഗീ കദാചിത് കാമരൂപിണീ 10
മാനുഷം വിഗ്രഹം കൃത്വാ രൂപയൌവ്വനശാലിനീ
വിചിത്രമാല്യാഭരണാ മഹാർഹക്ഷൌമവാസിനീ
അചരത് പർവ്വതസ്യാഗ്രേ പ്രാവൃഡംബുദസന്നിഭേ. 11

| | |
|---|---|
| "മഹാത്മനഃ | "മഹാത്മാവും |
| വാനരേന്ദ്രസ്യ | വാനരശ്രേഷ്ഠനുമായ |
| കുഞ്ജരസ്യ | കുഞ്ജരന്റെ |
| ദുഹിതാ | പുത്രിയും |
| കപിത്വേ | വാനരജന്മത്തിലും |
| കാമരൂപിണീ | ഇഷ്ടംപോലെ രൂപമെടുപ്പാൻ കഴിവുള്ളവളും |
| ചാരുസർവ്വാംഗീ, | സർവ്വാംഗ സുന്ദരിയും ആയ അവൾ, |
| കദാചിത് | ഒരിക്കൽ |
| മാനുഷം വിഗ്രഹം | മനുഷ്യരൂപം |
| കൃത്വാ, | കയ്ക്കൊണ്ട് |
| വിചിത്ര-മാല്യാഭരണാ | മനോഹരമായ മാലകളും ആഭരണങ്ങളും അണിഞ്ഞവളായി |
| മഹാർഹ-ക്ഷൌമ-വാസിനീ | വിലയേറിയ പട്ടുടുത്ത് |
| രൂപയൌവന-ശാലിനീ | സൌന്ദര്യവും യൌവനവും തുളുമ്പുന്നവളായി |
| പ്രാവൃഡംബുദ-സന്നിഭേ | മഴക്കാലത്തെ മേഘം പോലെയുള്ളതായ |
| പർവ്വതസ്യ അഗ്രേ | പർവ്വതശിഖരത്തിൽ |
| അചരത്. | ഉലാവിക്കൊണ്ടിരുന്നു. |

തസ്യാ വസ്ത്രം വിശാലാക്ഷ്യാഃ പീതരക്തദശം ശുഭം
സ്ഥിതായാഃ പർവ്വതസ്യാഗ്രേ മാരുതോഽപാഹരച്ഛനൈഃ. 12

| | |
|---|---|
| "പർവ്വതസ്യ അഗ്രേ | "മലമുകളിൽ |
| സ്ഥിതായാഃ | ഉലാവിക്കൊണ്ടിരുന്ന |
| തസ്യാഃ | ആ |
| വിശാലാക്ഷ്യാഃ | വിശാലാക്ഷിയുടെ |
| ശുഭം | നിർമ്മലമായ |
| പീതരക്തദശം വസ്ത്രം, | ചുകന്ന കരയുള്ള മഞ്ഞത്തുകിലിനെ |
| മാരുതഃ | വായുഭഗവാൻ |
| ശനൈഃ | അവളറിയാതെ |
| അപാഹരത്. | അഴിച്ചിട്ടുകളഞ്ഞു. |

സ ദദർശ തതസ്തസ്യാ വൃത്താവൂരൂ സുസംഹതൌ
സ്തനൌ ച പീനൌ സഹിതൌ സുജാതം ചാരു ചാനനം. 13

| | |
|---|---|
| "തതഃ, | "ആ സമയം |
| തസ്യാഃ | അവളുടെ |
| വൃത്തൌ ഊരൂ, | ഉരുണ്ട രണ്ടുതുടകളേ[യും, |
| പീനൌ | ചീർത്ത് |
| സുസംഹതൌ | ഇടതിങ്ങി |
| സഹിതൌ | ഒരുപോലെയുള്ള |
| സ്തനൌ ച | രണ്ടു സ്തനങ്ങളേയും |
| ചാരു | കൺകവരുന്ന |
| സുജാതം | മനോഹരമായ |
| ആനനം ച | വദനത്തേയും |
| സഃ | ആ വായുഭഗവാൻ |
| ദദർശ. | കണ്ടു. |

താം വിശാലായതശ്രോണീം തനുമധ്യാം യശസ്വിനീം
ദൃഷ്ട്വൈവ ശുഭസർവ്വാംഗീം പവനഃ കാമമോഹിതഃ. 14

| | |
|---|---|
| "വിശാലായത- ശ്രോണീം | "വിരിഞ്ഞുതടിച്ച നിതംബങ്ങളോടുകൂടിയവളും |
| തനുമദ്ധ്യാം | കൃശോദരിയും |
| യശസ്വിനീം | ഉത്കൃഷ്ടയും |
| ശുഭ- സൎവ്വാംഗീം | മനോഹരമായ എല്ലാ അംഗങ്ങളോടുകൂടിയവളും ആയ |
| താം ദൃഷ്ട്വാ ഏവ | അവളെക്കണ്ട ക്ഷണത്തിൽ |
| പവനഃ | വായുഭഗവാൻ |
| കാമമോഹിതഃ. | കാമാൎത്തനായിഭവിച്ചു. |

സ താം ഭുജാഭ്യാം പീനാഭ്യാം പൎയ്യഷ്വജത മാരുതഃ
മന്മഥാവിഷ്ടസൎവ്വാംഗോ ഗതാത്മാ താമനിന്ദിതാം. 15

| | |
|---|---|
| "സഃ | "ആ |
| മാരുതഃ | പവനൻ |
| മന്മഥാവിഷ്ട സൎവ്വാംഗഃ, | ശരീരം മുഴുവൽ മന്മഥനാൽ പീഡിക്കപ്പെട്ടവനായി |
| ഗതാത്മാ, | മതിമറന്നവനായി |
| താം | ആ |
| അനിന്ദിതാം | പരിശുദ്ധയായ |
| താം, | അവളെ, |
| പീനാഭ്യാം | നീണ്ട |
| ഭുജാഭ്യാം | ഇരുകരങ്ങളാലും |
| പൎയ്യഷ്വജത. | കെട്ടിപ്പുണൎന്നു. |

സാ തു തത്രൈവ സംഭ്രാന്താ സുവൃത്താ വാക്യമബ്രവീത് 16
ഏകപത്നീവ്രതമിദം കോ നാശയിതുമിച്ഛതി. 17

| | |
|---|---|
| "സുവൃത്താ | "സുചരിത്രയായ |
| സാ | അവൾ |
| തത്ര ഏവ | തൽക്ഷണം |
| സംഭ്രാന്താ | പരിഭ്രമിച്ച്, |
| 'ഏകപത്നീ- വ്രതം | പാതിവ്രത്യത്തെ |
| നാശയിതും | ഭംഗം വരുത്തുവാൻ, |
| കഃ | ആരാണ് |
| ഇച്ഛതി' | തുനിയുന്നതു' |
| ഇദം വാക്യം | ഈ വാക്യത്തെ |
| തു | ആസമയം |
| അബ്രവീത്. | പറഞ്ഞു. |

അഞ്ജനായാ വചഃ ശ്രുത്വാ മാരുതഃ പ്രത്യഭാഷത
ന ത്വാം ഹിംസാമി സുശ്രോണി മാ ഭൂത്തേ സുഭഗേ ഭയം. 18

| | |
|---|---|
| "അഞ്ജനായാഃ | "അഞ്ജനയുടെ |
| വചഃ ശ്രുത്വാ | വാക്യത്തെക്കേട്ട് |
| മാരുതഃ | വായുഭഗവാൻ |
| പ്രത്യഭാഷത; | മറുപടി അരുളിച്ചെയ്തു; |
| 'സുശ്രോണി! | 'സുമദ്ധ്യമേ! |
| ത്വാം ന ഹിംസാമി | ഭവതിയെ ഞാൻ ദൂഷ്യപ്പെടുത്തുന്നില്ല: |
| സുഭഗേ! | ഭാഗ്യവതി! |
| തേ ഭയം | ഭവതിയ്ക്കു് ഹാനി |
| മാ ഭൂത്. | ഒരിക്കലുമില്ല. |

മനസാऽസ്മി ഗതോ യത് ത്വാം പരിഷ്വജ്യ യശസ്വിനീം
വീൎയ്യവാൻ ബുദ്ധിസമ്പന്നഃ പുത്രസ്തവ ഭവിഷ്യതി. 19

| | |
|---|---|
| "'യശസ്വിനീം | "'യശസ്വിനിയായ |
| ത്വാം | ഭവതിയെ |
| പരിഷ്വജ്യ | ആലിംഗനം ചെയ്തു്, |
| മനസാ | ധൎമ്മബുദ്ധിയോടുകൂടി |
| അസ്മി | ഞാൻ [ത്തന്നെയാണു് |
| ഗതഃ; | പ്രവേശിച്ചിരിക്കുന്നതു; |
| യത് | അതിനാൽ |
| വീൎയ്യവാൻ | വീൎയ്യശാലിയും |
| ബുദ്ധിസമ്പന്നഃ | ബുദ്ധിമാനുമായ |
| പുത്രഃ, | ഒരു പുത്രൻ, |
| തവ | ഭവതിക്കു് |
| ഭവിഷ്യതി. | ജനിക്കുന്നതാണു്. |

മഹാസത്വോ മഹാതേജാ മഹാബലപരാക്രമഃ
ലംഘനേ പ്ലവനേ ചൈവ ഭവിഷ്യതി ഹി മത്സമഃ 20

| | | | |
|---|---|---|---|
| "'മഹാസത്വഃ | "'സൽഗുണസമ്പന്നനും | ഏവ | എന്നുമാത്രമല്ല |
| മഹാതേജാഃ | അതിതേജസ്വിയും | പ്ലവനേ | ചാടുന്നതിലും |
| മഹാബല- പരാക്രമഃ ച | അതിബലപരാക്രമങ്ങളോടുകൂടിയവനും ആയിരിക്കും | ലംഘനേ | ഓടുന്നതിലും |
| | | മത്സമഃ | എനിക്കു തുല്യനായും |
| | | ഭവിഷ്യതി | തീരുന്നതാണ് |
| | | ഹി.' | സംശയമില്ല.' |

ഏവമുക്ത്വാ തതസ്തുഷ്ടാ ജനനീ തേ മഹാകപേ
ഗുഹായാം ത്വാം മഹാബാഹോ പ്രജജ്ഞേ പ്ലവഗർഷഭം. 21

| | | | |
|---|---|---|---|
| "മഹാബാഹോ! | "ശക്തിമാനായ | തുഷ്ടാ | ഹൃഷ്ടയായി, |
| മഹാകപേ! | വാനരശ്രേഷ്ഠ! | പ്ലവഗർഷഭം | വാനരശ്രേഷ്ഠനായ |
| തേ ജനനീ | ഭവാന്റെ മാതാവ് | ത്വാം | ഭവാനെ |
| ഏവം ഉക്ത്വാ, | ഇപ്രകാരം പറയപ്പെട്ട | ഗുഹായാം | പർവ്വതഗുഹയിൽ |
| തതഃ | അതിനാൽ [വളായി, | പ്രജജ്ഞേ. | പ്രസവിച്ചു. |

അഭ്യുത്ഥിതം തതഃ സൂര്യം ബാലോ ദൃഷ്ട്വാ മഹാവനേ
ഫലം ചേതി ജിഘൃക്ഷുസ്ത്വമുത്പ്ലുത്യാഭ്യുദ്ഗതോ ദിവം. 22

| | | | |
|---|---|---|---|
| "മഹാവനേ | "കൊടുങ്കാട്ടിൽ | ഫലം ഇതി | പഴമാണെന്നുവെച്ച് |
| ബാലഃ | ചെറുശിശുവായ | ജിഘൃക്ഷുഃ | പറിപ്പാൻ കൊതിച്ചവനായി |
| ത്വം, | ഭവാൻ, | | |
| തതഃ | അപ്പോൾ | ഉത്പ്ലുത്യ | ഉയരെക്കുതിച്ച് |
| അഭ്യുത്ഥിതം | ഉദിച്ചുയരുന്ന | ദിവം ച | ആകാശത്തിലോട്ടായി |
| സൂര്യം ദൃഷ്ട്വാ | ബാലസൂര്യനെ കണ്ട് | അഭ്യുദ്ഗതഃ. | ഉയർന്നു. |

ശതാനി ത്രീണി ഗത്വാഽഥ യോജനാനാം മഹാകപേ
തേജസാ തസ്യ നിർദ്ധൂതോ ന വിഷാദം തതോ ഗതഃ. 23

| | | | |
|---|---|---|---|
| "മഹാകപേ! | "വാനരശ്രേഷ്ഠ! | തസ്യ തേജ- സാ നിർദ്ധൂതഃ, | അദ്ദേഹത്തിന്റെ ചൂടിനാൽ ആക്രമിക്കപ്പെട്ടിട്ടും, |
| യോജനാനാം ത്രീണി ശതാനി | മുന്നൂറുയോജന ദൂരം | തതഃ അഥ | അപ്പോഴുംകൂടി |
| | | വിഷാദം | തളർച്ച |
| ഗത്വാ, | ചെന്നശേഷം, | ന ഗതഃ. | ഉണ്ടായതേയില്ല. |

താവദാപതതസ്തൂർണ്ണമന്തരിക്ഷം മഹാകപേ
ക്ഷിപ്തമിന്ദ്രേണ തേ വജ്രം ക്രോധാവിഷ്ടേന ധീമതാ. 24

| | | | |
|---|---|---|---|
| "മഹാകപേ! | "വാനരോത്തമ! | ധീമതാ | വിവരം ധരിച്ച് |
| അന്തരിക്ഷം | ആകാശത്തിലേക്ക് | ക്രോധാവിഷ്ടേന | അരിശംകൊണ്ട |
| തൂർണ്ണം | വേഗത്തിൽ | ഇന്ദ്രേണ, | ഇന്ദ്രനാൽ, |
| ആപതതഃ, | പറന്നുചെല്ലുന്നവനാ | വജ്രം | വജ്രായുധം [റിയപ്പെട്ടു. |
| തേ, | ഭവാന്റെ പേരിൽ [യി | താവത് ക്ഷിപ്തം. | ഊക്കെല്ലാംവെച്ച് എ- |

തദാ ശൈലാഗ്രശിഖരേ വാമോ ഹനുരഭജ്യത. 25

| | | | |
|---|---|---|---|
| “തദാ ശൈലാഗ്രശിഖരേ | “അപ്പോൾ പൎവ്വതശിഖരത്തിൽ തട്ടി | വാമഃ | ഇടത്തെ |
| | | ഹനുഃ | കവിൾത്തടം |
| | | അഭജ്യത. | തകൎക്കപ്പെട്ടു. |

തതോ ഹി നാമധേയം തേ ഹനുമാനിതി കീൎത്ത്യതേ 26

| | | | |
|---|---|---|---|
| “തതഃ ഹി | “അക്കാരണത്താൽതന്നെയാണ് | തേ | ഭവാന്റെ |
| | | നാമധേയം | പേർ |
| ഹനുമാൻ ഇതി | ഹനുമാൻ എന്ന് | കീൎത്ത്യതേ. | പറയപ്പെടുന്നത്. |

തതസ്ത്വാം നിഹതം ദൃഷ്ട്വാ വായുൎഗ്ഗന്ധവഹഃ സ്വയം
ത്രൈലോക്യേ ഭൃശസംക്രുദ്ധോ ന വവൌ വൈ പ്രഭഞ്ജനഃ. 27

| | | | |
|---|---|---|---|
| “ഗന്ധവഹഃ | “സുഗന്ധത്തെവഹിക്കുന്നവനും, | സ്വയം | താൻതന്നെ |
| | | ദൃഷ്ട്വാ, | കണ്ട്, |
| പ്രഭഞ്ജനഃ | വൻകാററായി അടിക്കുന്നവനും ആയ | തതഃ | അതിനാൽ |
| | | ഭൃശസംക്രുദ്ധഃ | അതികുപിതനായി |
| വായുഃ, | പവനൻ, | ത്രൈലോക്യേ | മൂന്നുലോകത്തിലും |
| ത്വാം നിഹതം | ഭവാനെ പരുക്കേല്പിക്കപ്പെട്ടവനായി | ന വവൌ വൈ. | ഒട്ടും വീശാതിരുന്നുകളഞ്ഞു. |

സംഭ്രാന്താശ്ച സുരാഃ സൎവ്വേ ത്രൈലോക്യേ ക്ഷോഭിതേ സതി
പ്രസാദയന്തി സംക്രുദ്ധം മാരുതം ഭുവനേശ്വരാഃ. 28

| | | | |
|---|---|---|---|
| “ത്രൈലോക്യേ ക്ഷോഭിതേ സതി, | “മൂന്നുലോകവും ക്ഷുഭിതമാക്കപ്പെട്ടപ്പോൾ | സംഭ്രാന്താഃ, | പരിഭ്രമിച്ച്, |
| | | സംക്രുദ്ധം | ഏററവും ക്രോധിച്ചിരുന്ന |
| സൎവ്വേ | എല്ലാ | മാരുതം | വായുവിനെ |
| ഭുവനേശ്വരാഃ | ദിക്പാലകന്മാരും | പ്രസാദയന്തി. | സമാശ്വസിപ്പിക്കയായി. |
| സുരാഃ ച, | ദേവന്മാരും, | | |

പ്രസാദിതേ ച പവനേ ബ്രഹ്മാ തുഭ്യം വരം ദദൌ
അശസ്ത്രവദ്ധ്യതാം താത സമരേ സത്യവിക്രമ. 29

| | | | |
|---|---|---|---|
| “സത്യവിക്രമ! | സത്യമായപരാക്രമത്തോടുകൂടിയവനേ! | തുഭ്യം | ഭവാന്നായിക്കൊണ്ട് |
| | | സമരേ | യുദ്ധത്തിൽ |
| താത! | വത്സ! | അശസ്ത്രവദ്ധ്യതാം ച | ആയുധംകൊണ്ടു മരണമില്ലെന്നുള്ള അവസ്ഥയേയും |
| പവനേ | വായു | | |
| പ്രസാദിതേ, | പ്രസാദിപ്പിക്കപ്പെട്ടപ്പോൾ, | വരം | വരമായി |
| ബ്രഹ്മാ | ബ്രഹ്മാവ്, | ദദൌ. | നൽകി. |

വജ്രസ്യ ച നിപാതേന വിരുജം ത്വാം സമീക്ഷ്യ ച
സഹസ്രനേത്രഃ പ്രീതാത്മാ ദദൌ തേ വരമുത്തമം 30
സ്വച്ഛന്ദതശ്ച മരണം തേ ഭൂയാദിതി വൈ പ്രഭോ. 31

| | | | |
|---|---|---|---|
| "വജ്രസ്യ | "വജ്രായുധത്തിന്റെ | തേ | ഭവാന്ന് |
| നിപാതേന ച | പ്രഹാരത്താലുംകൂടി | മരണം | മരണം |
| വിരുജം | ഹാനിപററാത്ത | തേ | ഭവാന്റെ |
| ത്വാം | ഭവാനെ | സ്വച്ഛന്ദതഃ ച | ഇഷ്ടപ്രകാരം മാത്രമേ |
| സഹസ്രനേത്രഃ ച | ദേവേന്ദ്രനും | ഭൂയാത്,' | സംഭവിക്കുകയുള്ളു,' |
| | | ഇതി | എന്നിങ്ങിനെ |
| സമീക്ഷ്യ | കണ്ട് | ഉത്തമം | ഉത്തമമായ |
| പ്രീതാത്മാ, | ഹൃഷ്ടചിത്തനായി | വരം വൈ | വരത്തേയും |
| 'പ്രഭോ! | 'അതുലവിക്രമ! | ദദൌ. | നൽകി. |

സ ത്വം കേസരിണഃ പുത്രഃ ക്ഷേത്രജോ ഭീമവിക്രമഃ
മാരുതസ്യൌരസഃ പുത്രസ്തേജസാ ചാപി തത്സമഃ. 32

| | | | |
|---|---|---|---|
| "ഭീമവിക്രമഃ | "അത്യുഗ്രപരാക്രമി | മാരുതസ്യ | വായുവിന്റെ |
| സഃ | അപ്രകാരമുള്ള [യായ | ഔരസഃ പുത്രഃ; | സ്വന്തം പുത്രൻ; |
| ത്വം | ഭവാൻ, | തേജസാ ച | തേജസ്സുകൊണ്ടും |
| കേസരിണഃ | കേസരിയുടെ | തത്സമഃ അപി. | അദ്ദേഹത്തിന്നു തുല്യനാകുന്നു. |
| ക്ഷേത്രജഃ | ഭാര്യയിൽ പിറന്ന | | |
| പുത്രഃ; | പുത്രനാകുന്നു; | | |

വയമദ്യ ഗതപ്രാണാ ഭവാനസ്മാത്തു സാംപ്രതം
ദാക്ഷ്യവിക്രമസംപന്നഃ പക്ഷിരാജ ഇവാപരഃ. 33

| | | | |
|---|---|---|---|
| "അദ്യ | "ഇപ്പോൾ | ദാക്ഷ്യവിക്രമസമ്പന്നഃ | സാമർത്ഥ്യവും ബലവും നിറഞ്ഞവനുമായ |
| വയം | ഞങ്ങൾ | ഭവാൻ | അങ്ങ് |
| ഗതപ്രാണാഃ; | പ്രാണൻപോയനിലയി | നഃ | ഞങ്ങളെ |
| അപരഃ | മറെറാരു [ലിരിക്കുന്നു; | സാംപ്രതം | ഈ സമയത്തിൽ |
| പക്ഷിരാജഃ ഇവ | പക്ഷിരാജാവിനെപ്പോലിരിക്കുന്നവനും | ത്രാതു. | രക്ഷിച്ചാലും. |

ത്രിവിക്രമേ മയാ താത സശൈലവനകാനനാ
ത്രിഃസപ്തകൃത്വഃ പൃഥിവീ പരിക്രാന്താ പ്രദക്ഷിണം. 34

| | | | |
|---|---|---|---|
| "താത! | "വത്സ! | പൃഥിവീ, | ഭൂമി, |
| ത്രിവിക്രമേ, | ത്രിവിക്രമാവതാര | ത്രിഃസപ്തകൃത്വഃ | ഇരുപത്തൊന്നുവട്ടം |
| മയാ | എന്നാൽ [ത്തിൽ, | പ്രദക്ഷിണം | പ്രദക്ഷിണമായി |
| സശൈലവനകാനനാ | മലകളും തോപ്പുകളും കാടുകളും അടങ്ങിയ | പരിക്രാന്താ. | ചുററിവരപ്പെട്ടു. |

തഥാ ചൌഷധയോഽസ്മാഭിഃ സഞ്ചിതാ ദേവശാസനാത്
നിഷ്പന്നമമൃതം യാഭിസ്തദാഽഽസീന്നോ മഹദ്ബലം. 35

| | | | |
|---|---|---|---|
| " തഥാ | " അപ്പോൾ | അമൃതം | അമൃതം |
| അസ്മാഭിഃ ച | നമ്മാൽതന്നെ | നിഷ്പന്നം ; | ഉണ്ടായത് ; |
| ഓഷധയഃ | ഓഷധികളും | തദാ | ആ സമയം |
| ദേവശാസനാത് | ദേവാജ്ഞയാൽ | നഃ | നമുക്ക് |
| സഞ്ചിതാഃ ; | ശേഖരിക്കപ്പെട്ടു ; | മഹത് ബലം | മഹത്തായ ശക്തി |
| യാഭിഃ | യാതൊരു അവയിൽ നിന്നാണ് | ആസീത് . | ഉണ്ടായിരുന്നു. |

സ ഇദാനീമഹം വൃദ്ധഃ പരിഹീനപരാക്രമഃ
സാംപ്രതം കാലമസ്മാകം ഭവാൻ സൎവ്വഗുണാന്വിതഃ. 36

| | | | |
|---|---|---|---|
| " സഃ | അപ്രകാരമുള്ള | സാംപ്രതം കാലം | ഇപ്പോൾ |
| അഹം, | ഞാൻ, | ഭവാൻ | ഭവാൻതന്നെയാണ് |
| ഇദാനീം | ഇപ്പോൾ | അസ്മാകം | നമ്മളിൽവെച്ച് |
| വൃദ്ധഃ | വൃദ്ധനായി | സൎവ്വഗുണാന്വിതഃ. | സൎവ്വഗുണസമ്പന്നനായത്. |
| പരിഹീന–പരാക്രമഃ ; | ശക്തി കുറഞ്ഞവനായിരിക്കുന്നു ; | | |

തദ്വിജൃംഭസ്വ വിക്രാന്തഃ പ്ലവതാമുത്തമോ ഹ്യസി
ത്വദ്വീൎയ്യം ദ്രഷ്ടുകാമേയം സൎവ്വവാനരവാഹിനീ. 37

| | | | |
|---|---|---|---|
| " പ്ലവതാം | "വാനരന്മാരിൽവെച്ച് | ത്വദ്വീൎയ്യം ഹി | ഭവാന്റെ വീൎയ്യത്തെത്തന്നെ |
| ഉത്തമഃ | ഏററവും | ദ്രഷ്ടുകാമാ ; | കാണ്മാനാഗ്രഹിക്കുന്നു; |
| വിക്രാന്തഃ അസി ; | ശൂരനായവനാകുന്നു ഭവാൻ ; | തത് | അതിനാൽ |
| ഇയം | ഈ | വിജൃംഭസ്വ. | മുതിന്നാലും. |
| സൎവ്വവാനര-വാഹിനീ | വാനരസൈന്യമെല്ലാം | | |

ഉത്തിഷ്ഠ ഹരിശാൎദ്ദൂല ലംഘയസ്വ മഹാൎണ്ണവം
പരാ ഹി സൎവ്വഭൂതാനാം ഹനുമൻ യാ ഗതിസ്തവ. 38

| | | | |
|---|---|---|---|
| " ഹനുമൻ ! | " ഹനുമാനേ ! | ഹരിശാൎദ്ദൂല ! | വാനരവീര ! |
| തവ ഗതിഃ | ഭവാന്റെ ഗമനശക്തി | ഉത്തിഷ്ഠ ; | എഴുന്നേററാലും ; |
| യാ ഹി | യാതൊന്നോ അത് | മഹാൎണ്ണവം | വൻ സമുദ്രത്തെ |
| സൎവ്വഭൂതാനാം പരാ ; | എല്ലാ പ്രാണികളുടേതിനേക്കാളും അധികരിച്ചതാണ് ; | ലംഘയസ്വ. | തരണംചെയ്താലും. |

വിഷണ്ണാ ഹരയഃ സൎവ്വേ ഹനുമൻ കിമുപേക്ഷസേ
വിക്രമസ്വ മഹാവേഗോ യഥാ വിഷ്ണുസ്ത്രിവിക്രമഃ. 39

| | | | |
|---|---|---|---|
| " ഹനുമൻ ! | " ഹനുമാനേ ! | മഹാവേഗഃ | മഹാസത്വവാനും |
| കിം ഉപേക്ഷസേ ? | എന്താണ് ഉപേക്ഷ കാണിക്കുന്നത് ? | വിഷ്ണുഃ | സൎവ്വവ്യാപിയും ആയ |
| സൎവ്വേ ഹരയഃ | എല്ലാവാനരന്മാരും | ത്രിവിക്രമഃ | വാമനമൂൎത്തി |
| വിഷണ്ണാഃ ; | ധൈൎയ്യംപോയവരായാണ് ഇരിക്കുന്നത് ; | യഥാ | എപ്രകാരമോ അപ്രകാരം |
| | | വിക്രമസ്വ." | വൎദ്ധിച്ചാലും." |

തതസ്തു വൈ ജാംബവതാ പ്രചോദിതഃ
പ്രതീതവേഗഃ പവനാത്മജഃ കപിഃ
പ്രഹർഷയംസ്താം ഹരിവീരവാഹിനീം
ചകാര രൂപം മഹദാത്മനസ്തദാ. 40

| | |
|---|---|
| തതഃ | അവിടെവെച്ച് |
| ജാംബവതാ | ജാംബവാനാൽ |
| പ്രചോദിതഃ | പ്രാർത്ഥിക്കപ്പെട്ടവനായ |
| പവനാത്മജഃ | വായുപുത്രനായ |
| കപിഃ, | വാനരൻ, |
| പ്രതീതവേഗഃ | വിഖ്യാതവേഗതപൂണ്ടവനായി |
| താം | ആ |
| ഹരിവീര-വാഹിനീം | വാനരവീരസേനയെ |
| പ്രഹർഷയൻ | കോൾമയിർക്കൊള്ളിച്ചുകൊണ്ട് |
| ആത്മനഃ രൂപം | തന്റെ ശരീരത്തെ |
| തദാ തു | അക്ഷണംതന്നെ |
| മഹത് ചകാര വൈ. | വൎദ്ധിപ്പിച്ചു. |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ ഷട്ഷഷ്ടിതമഃ സർഗ്ഗഃ = അറുപത്താറാംസർഗ്ഗം സമാപ്തം.

ആദ്യംമുതൽ ശ്ലോകസംഖ്യ 11737; കിഷ്കിന്ധാകാണ്ഡം ആദ്യംമുതൽ ശ്ലോകസംഖ്യ 2485.

## സപ്തഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തേഴാംസർഗ്ഗം.

[സമുദ്രതരണായ ഹനൂമതാ മഹേന്ദ്രശിഖരാരോഹണം = സമുദ്രതരണത്തിന്നായി ഹനുമാൻ മഹേന്ദ്രശിഖരത്തിൽ ആരോഹണം ചെയ്യുന്നത്.]

തം ദൃഷ്ട്വാ ജൃംഭമാണം തേ ക്രമിതും ശതയോജനം
വീര്യേണാപൂര്യമാണം ച സഹസാ വാനരോത്തമം 1
സഹസാ ശോകമുത്സൃജ്യ പ്രഹർഷേണ സമന്വിതാഃ
വിനേദുസ്തുഷ്ടുവുശ്ചാപി ഹനുമന്തം മഹാബലം. 2

| | |
|---|---|
| ശതയോജനം | നൂറുയോജന |
| ക്രമിതും | ചാടിക്കടക്കുന്നതിന്നായി |
| സഹസാ | പെട്ടെന്ന് |
| ജൃംഭമാണം, | വൎദ്ധിച്ചുതുടങ്ങിയവനും, |
| വീര്യേണ ച | വീര്യംകൊണ്ടും |
| ആപൂര്യമാണം, | വൃദ്ധിപ്രാപിക്കുന്നവനും ആയ |
| തം | ആ |
| വാനരോത്തമം | വാനരശ്രേഷ്ഠനെ |
| ദൃഷ്ട്വാ, | കണ്ട്, |
| തേ, | അവർ |
| സഹസാ | ഉടനെ |
| ശോകം | ദുഃഖത്തെ |
| ഉത്സൃജ്യ, | വെടിഞ്ഞ്, |
| പ്രഹർഷേണ | അത്യുത്സാഹത്തോടെ |
| സമന്വിതാഃ, | ഒത്തൊരുമിച്ച് |
| വിനേദുഃ; | ആർത്തു; |
| അപി ച, | കൂടാതെ, |
| മഹാബലം | അതിബലവാനായ |
| ഹനുമന്തം | ഹനുമാനെ |
| തുഷ്ടുവുഃ. | പുകഴ്ത്തുകയുംചെയ്തു. |

# पर्वताकार हनुमान्‌जी



.............................. । सुनतहिं भएउ पर्बताकारा ॥
कनक बरन तन तेज बिराजा । मानहुँ अपर गिरिन्ह कर राजा ॥

HE GITA PRESS, GORAKHPUR.

പ്രഹൃഷ്ടാ വിസ്മിതാശ്ചൈവ വീക്ഷന്തേ സ്മ സമന്തതഃ
ത്രിവിക്രമകൃതോത്സാഹം നാരായണമിവ പ്രജാഃ. 3

| | |
|---|---|
| പ്രഹൃഷ്ടാഃ ച, | അത്യാനന്ദമുൾക്കൊണ്ടവരായി, |
| വിസ്മിതാഃ, | ആശ്ചൎയ്യഭരിതരായി, |
| ത്രിവിക്രമകൃതോത്സാഹം | ലോകങ്ങളെ മൂന്നടിയായളക്കവാൻ മുതിന്ന |
| നാരായണം | ശ്രീനാരായണനെ |
| പ്രജാഃ | ജനങ്ങൾ |
| ഇവ ഏവ, | എന്നപോലെതന്നെ |
| സമന്തതഃ | നാലു ഭാഗങ്ങളിൽനി |
| വീക്ഷന്തേ സ്മ. | നോക്കിനിന്നു. [ന്നും |

സംസ്തൂയമാനോ ഹനുമാൻ വ്യവൎദ്ധത മഹാബലഃ
സമാവിദ്ധ്യ ച ലാംഗൂലം ഹൎഷാച്ച ബലമേയിവാൻ. 4

| | |
|---|---|
| മഹാബലഃ | അതിബലവാനായ |
| ഹനുമാൻ, | ഹനുമാൻ, |
| സംസ്തൂയമാനഃ, | പുകഴ്ത്തപ്പെട്ടവനായി, |
| ഹൎഷാത് | ഉത്സാഹത്താൽ |
| ലാംഗൂലം ച സമാവിദ്ധ്യ, | വാലിനേയും ഇട്ടടിച്ച്, |
| ബലം ഏയിവാൻ; | ശൌൎയ്യത്തെ കയ്ക്കൊണ്ടു; |
| വ്യവൎദ്ധത ച. | വൎദ്ധിക്കകയും ചെയ്തു. |

തസ്യ സംസ്തൂയമാനസ്യ സൎവ്വൈൎവ്വാനരപുംഗവൈഃ
തേജസാഽഽപൂൎയ്യമാണസ്യ രൂപമാസീദനുത്തമം. 5

| | |
|---|---|
| വാനരപുംഗവൈഃ | വാനരോത്തമന്മാർ |
| സൎവ്വൈഃ | എല്ലാവരാലും |
| സംസ്തൂയമാനസ്യ | കൊണ്ടാടപ്പെട്ടവനും |
| തേജസാ | തേജസ്സിനാൽ |
| ആപൂൎയ്യമാണസ്യ | വൎദ്ധിച്ചുതുടങ്ങിയവനുമായ |
| തസ്യ | ആ ഹനുമാന്റെ |
| രൂപം | സ്വരൂപം |
| അനുത്തമം | അത്യുൽകൃഷ്ടമായി |
| ആസീത്. | കാണപ്പെട്ടു. |

യഥാ വിജൃംഭതേ സിംഹോ വിവൃദ്ധോ ഗിരിഗഹ്വരേ
മാരുതസ്യൌരസഃ പുത്രസ്തഥാ സംപ്രതി ജൃംഭതേ. 6

| | |
|---|---|
| ഗിരിഗഹ്വരേ | ഗിരിഗുഹയിൽ, |
| വിവൃദ്ധഃ | കൊഴുത്ത |
| സിംഹഃ | സിംഹം |
| വിജൃംഭതേ യഥാ, | ജൃംഭിക്കുന്നത് എപ്രകാരമോ, |
| തഥാ | അപ്രകാരം |
| മാരുതസ്യ | വായുഭഗവാന്റെ |
| ഔരസഃ പുത്രഃ | സ്വന്തം പുത്രൻ |
| സംപ്രതി | തത്സമയം |
| ജൃംഭതേ. | വൎദ്ധിക്കയായി. |

അശോഭത മുഖം തസ്യ ജൃംഭമാണസ്യ ധീമതഃ
അംബരീഷമിവാദീപ്തം വിധൂമ ഇവ പാവകഃ. 7

| | |
|---|---|
| ജൃംഭമാണസ്യ | വൎദ്ധിച്ചുതുടങ്ങിയ |
| ധീമതഃ തസ്യ | ധീമാനായ ആ ഹനുമാ |
| മുഖം, | മുഖം, [ന്റെ |
| ആദീപ്തം | ചുട്ടുപഴുപ്പിച്ച |
| അംബരീഷം ഇവ | പൊരിക്കലമെന്നപോ |
| വിധൂമഃ | പുകയററ [ലെയും, |
| പാവകഃ ഇവ | അഗ്നിയെന്നപോലെ |
| അശോഭത. | വിളങ്ങി. [യും, |

ഹരീണാമുത്ഥിതോ മദ്ധ്യാത് സംപ്രഹൃഷ്ടതനൂരുഹഃ
അഭിവാദ്യ തതോ വൃദ്ധാൻ ഹനുമാനിദമബ്രവീത്. 8

| | | | |
|---|---|---|---|
| ഹനുമാൻ | ഹനുമാൻ | വൃദ്ധാൻ | മുതിന്നവരെ |
| ഹരീണാം | വാനരന്മാരുടെ | അഭിവാദ്യ, | വന്ദിച്ച് |
| മദ്ധ്യാത് | ഇടയിൽനിന്ന് | തതഃ | അതിൽപിന്നെ |
| ഉത്ഥിതഃ, | എഴുന്നേററു | ഇദം | ഇപ്രകാരം |
| സംപ്രഹൃഷ്ടതനൂരുഹഃ, | സന്തോഷത്താൽ പുളകാങ്കിതനായി | അബ്രവീത്. | പറഞ്ഞു. |

അരുജത് പൎവ്വതാഗ്രാണി ഹുതാശനസഖോഽനിലഃ
ബലവാനപ്രമേയശ്ച വായുരാകാശഗോചരഃ. 9

| | | | |
|---|---|---|---|
| "ഹുതാശനസഖഃ | "അഗ്നിയുടെ സഖാവും | അപ്രമേയഃ, | അളവററവൻ; |
| അനിലഃ | പ്രാണസന്ധാരകനും | ആകാശഗോചരഃ; | അകവും പുറവും നിറഞ്ഞവൻ; |
| വായുഃ | വായുഭഗവാൻ [മായ | പൎവ്വതാഗ്രാണി ച | പൎവ്വതശിഖരങ്ങളേയും |
| ബലവാൻ; | അതിബലവാനാകുന്നു; | അരുജത്. | തകൎത്തിട്ടുണ്ട്. |

തസ്യാഹം ശീഘ്രവേഗസ്യ ശീഘ്രഗസ്യ മഹാത്മനഃ
മാരുതസ്യൌരസഃ പുത്രഃ പ്ലവനേ നാസ്തി മത്സമഃ. 10

| | | | |
|---|---|---|---|
| "അഹം | "ഞാൻ, | തസ്യ മാരുതസ്യ | ആ വായുഭഗവാന്റെ |
| ശീഘ്രവേഗസ്യ | അതിശക്തനും | ഔരസഃ പുത്രഃ; | ഔരസപുത്രനാണ്; |
| ശീഘ്രഗസ്യ | അതിവേഗതയുള്ളവനുമായ | പ്ലവനേ | ചാട്ടത്തിൽ |
| മഹാത്മനഃ | മഹാത്മാവായ | മത്സമഃ ന അസ്തി. | എനിക്കുസമനായി ആരുമില്ല. |

ഉത്സഹേയം ഹി വിസ്തീൎണ്ണമാലിഖന്തമിവാംബരം
മേരും ഗിരിമസംഗേന പരിഗന്തും സഹസ്രശഃ. 11

| | | | |
|---|---|---|---|
| "വിസ്തീൎണ്ണം | "വിശാലമായ | അസംഗേന | തടസ്ഥമൊന്നുംകൂടാതെ |
| അംബരം | ആകാശത്തെ | സഹസ്രശഃ ഹി | ആയിരംവട്ടം വേണമെന്നാലും |
| ആലിഖന്തം | സ്പൎശിച്ചുകൊണ്ടിരുന്ന | പരിഗന്തും | ചുററുന്നതിന്ന് |
| മേരും ഗിരിം | മേരുപൎവ്വതത്തെ | ഉത്സഹേയം. | എനിക്ക് കഴിവുണ്ട്. |
| ഇവ | മുഴുവനും | | |

ബാഹുവേഗപ്രണുന്നേന സാഗരേണാഹമുത്സഹേ
സമാപ്ലാവയിതും ലോകം സപൎവ്വതനദീഹ്രദം 12

| | | | |
|---|---|---|---|
| "സപൎവ്വതനദീഹ്രദം | "പൎവ്വതങ്ങളും നദികളും കയങ്ങളുമാന്ന | സാഗരേണ | സമുദ്രത്താൽ |
| ലോകം, | ഭൂതലത്തെ | സമാപ്ലാവയിതും | മുക്കുന്നതിന്ന് |
| ബാഹുവേഗപ്രണുന്നേന | കൈവീശൽകൊണ്ട് ഇളകി മറിയുന്ന | അഹം | ഞാൻ |
| | | ഉത്സഹേ. | സമൎത്ഥനാണ്. |

മമോരുജംഘവേഗേന ഭവിഷ്യതി സമുത്ഥിതഃ
സമുച്ഛ്രിതമഹാഗ്രാഹഃ സമുദ്രോ വരുണാലയഃ. 13

| | | | |
|---|---|---|---|
| "മമ | "എന്റെ | സമുത്ഥിതഃ | പൊങ്ങിവരുന്നതായി, |
| ഊരുജംഘ-വേഗേന, | തുട, മുഴങ്കാൽ ഇവയുടെ വീശൽകൊണ്ടു്, | സമുച്ഛ്രിത-മഹാഗ്രാഹഃ | പുറത്തുതള്ളപ്പെട്ടു് പുരളുന്ന വലിയ സ്രാവുകളോടുകൂടിയതായി, |
| വരുണാലയഃ | വരുണന്നിരിപ്പിടമായ | ഭവിഷ്യതി. | തീരും. |
| സമുദ്രഃ, | വാരാശി, | | |

പന്നഗാശനമാകാശേ പതന്തം പക്ഷിസേവിതേ
വൈനതേയമഹം ശക്തഃ പരിഗന്തും സഹസ്രശഃ. 14

| | | | |
|---|---|---|---|
| "പക്ഷി-സേവിതേ | പക്ഷികൾ സഞ്ചരിക്കുന്ന | വൈനതേയം, | ഗരുഡനൊപ്പം, |
| ആകാശേ, | ആകാശത്തിൽ, | സഹസ്രശഃ | ആയിരം പ്രാവശ്യം |
| പതന്തം | പറക്കുന്ന | പരിഗന്തും, | വട്ടം ചുററുന്നതിന്നു് |
| പന്നഗാശനം | നാഗാശനനായ | അഹം | ഞാൻ |
| | | ശക്തഃ. | ശക്തനാണു്. |

ഉദയാത് പ്രസ്ഥിതഞ്ചാപി ജ്വലന്തം രശ്മിമാലിനം
അനസ്തമിതമാദിത്യമഭിഗന്തും സമുത്സഹേ. 15

| | | | |
|---|---|---|---|
| "ഉദയാത് | "ഉദയഗിരിയിൽനിന്നു് | ആദിത്യം ച, | ആദിത്യദേവനെതന്നെ, |
| പ്രസ്ഥിതം, | പുറപ്പെട്ടവനായി, | അനസ്തമിതം അപി | അസ്തമിക്കുന്നതിന്നു് മുമ്പ് |
| രശ്മിമാലിനം | രശ്മികളാൎന്നു് | അഭിഗന്തും | കടന്നുചെല്ലുന്നതിന്നും |
| ജ്വലന്തം | ഉജ്ജ്വലിക്കുന്ന | സമുത്സഹേ. | ഞാൻ ശക്തനാണു്. |

തതോ ഭൂമിമസംസ്പൃശ്യ പുനരാഗന്തുമുത്സഹേ
പ്രവേഗേനൈവ മഹതാ ഭീമേന പ്ലവഗൎഷഭാഃ. 16

| | | | |
|---|---|---|---|
| "പ്ലവഗൎഷഭാഃ! | "വാനരോത്തമന്മാരേ! | മഹതാ പ്രവേഗേന ഏവ | തീക്ഷ്ണവേഗതയോടുകൂടിത്തന്നെ, |
| തതഃ | അവിടെ നിന്നും | | |
| ഭൂമിം | ഭൂമിയെ | | |
| അസംസ്പൃശ്യ, | തൊടാതെ | പുനഃ ആഗന്തും | തിരിച്ചു വരുന്നതിന്നും |
| ഭീമേന | ഭയങ്കരമായ | ഉത്സഹേ. | എനിക്കു കഴിയും. |

ഉത്സഹേയമതിക്രാന്തും സൎവ്വാനാകാശഗോചരാൻ
സാഗരം ശോഷയിഷ്യാമി ദാരയിഷ്യാമി മേദിനീം. 17

| | | | |
|---|---|---|---|
| "സൎവ്വാൻ | "എല്ലാ | ഉത്സഹേയം; | എനിക്കു കഴിയും; |
| ആകാശ-ഗോചരാൻ | ജ്യോതിൎമ്മാൎഗ്ഗങ്ങളേയും | സാഗരം | സമുദ്രത്തെ |
| | | ശോഷയിഷ്യാമി; | ഞാൻ വററിക്കാം; |
| അതിക്രാന്തും | കടന്നു അപ്പുറം ചെല്ലുന്നതിന്നു. | മേദിനീം | ഭൂമിയെ |
| | | ദാരയിഷ്യാമി. | പിളൎന്നേക്കാം. |

പൎവ്വതാൻ കമ്പയിഷ്യാമി പ്ലവമാനഃ പ്ലവംഗമാഃ
ഹരിഷ്യേ ചോരുവേഗേന പ്ലവമാനോ മഹാൎണ്ണവം. 18

| | |
|---|---|
| "പ്ലവംഗമാഃ! | "വാനരന്മാരേ! |
| പ്ലവമാനഃ, | ചാടുന്നവനായി, |
| പൎവ്വതാൻ | പൎവ്വതങ്ങളെ |
| കമ്പയിഷ്യാമി; | ഞാൻ പൊടിപെടുത്താം; |
| പ്ലവമാനഃ | ചാടുന്നവനായി |
| ഊരുവേഗേന | തുടവീശൽ കൊണ്ടു് |
| മഹാൎണ്ണവം ച | വൻ കടലിനേയും |
| ഹരിഷ്യേ. | വലിച്ചുകൊണ്ടു പോകാം. |

ലതാനാം വിവിധം പുഷ്പം പാദപാനാം ച സൎവ്വശഃ
അനുയാസ്യന്തി മാമദ്യ പ്ലവമാനം വിഹായസാ
ഭവിഷ്യതി ഹി മേ പന്ഥാഃ സ്വാതേഃ പന്ഥാ ഇവാംബരേ. 19

| | |
|---|---|
| "അദ്യ | "ഇപ്പോൾ |
| വിഹായസാ | ആകാശമാൎഗ്ഗമായി |
| പ്ലവമാനം മാം, | ഉയൎന്നു പോകുന്നവനായ എന്നെ, |
| പാദപാനാം | വൃക്ഷങ്ങളുടേയും |
| ലതാനാം ച | ലതകളുടേയും |
| വിവിധം പുഷ്പം | പലവിധത്തിലുള്ള [പുഷ്പം |
| സൎവ്വശഃ ഹി, | എല്ലാംതന്നെ |
| അനുയാസ്യന്തി; | പിൻതുടൎന്നുവരുന്നതാണു്; |
| അംബരേ | ആകാശത്തിൽ |
| മേ പന്ഥാഃ | എന്റെ മാൎഗ്ഗം |
| സ്വാതേഃ | സ്വാതിനക്ഷത്രത്തിന്റെ |
| പന്ഥാഃ ഇവ | മാൎഗ്ഗംപോലെ |
| ഭവിഷ്യതി. | പരിലസിക്കുന്നതാണു്. |

[സ്വാതിനക്ഷത്രത്തിനു ചുററും ചെറുതായ നക്ഷത്രങ്ങൾ ലസിക്കുന്നതുപോലെ, ആകാശത്തിൽ ചരിക്കുന്നവനായ എനിക്കു ചുററും പുഷ്പങ്ങൾ പരിലസിക്കുന്നതാണു് എന്നു സാരം. ആകാശത്തിലുള്ള ഏററം പ്രഭയുള്ള നക്ഷത്രങ്ങളിൽ ഒന്നാമത്തേതു് പുണർതവും, രണ്ടാമത്തേതു് സ്വാതിയും ആകുന്നു. അതു് ചോരത്തുള്ളിപോലെ ചുകന്നതാകയാലും ദീപ്തിയേറിയതാകയാലും ഹനുമാന്നു് സാമ്യം. സ്വാതിപഥത്തിന്നു് ഛായാപഥമെന്നു പറയുന്നു എന്നു് തിലകം.]

ചരന്തം ഘോരമാകാശമുത്പതിഷ്യന്തമേവ വാ
ദ്രക്ഷ്യന്തി നിപതന്തം ച സൎവ്വഭൂതാനി വാനരാഃ. 20

| | |
|---|---|
| "വാനരാഃ! | "വാനരന്മാരേ! |
| ആകാശം | ആകാശത്തിലേക്കു് |
| ഉത്പതിഷ്യന്തം ഏവ | ഉയൎന്നുചെല്ലുന്നതിനേയും |
| ഘോരം | അതിവേഗത്തിൽ |
| ചരന്തം വാ | പോകുന്നതിനേയും |
| നിപതന്തം ച | താഴോട്ടിറങ്ങുന്നതിനേയും |
| സൎവ്വഭൂതാനി | എല്ലാപ്രാണികളും |
| ദ്രക്ഷ്യന്തി. | കാണുന്നതാണു്. |

മഹാമേരുപ്രതീകാശം മാം ദ്രക്ഷ്യഥ പ്ലവംഗമാഃ
ദിവമാവൃത്യ ഗച്ഛന്തം ഗ്രസമാനമിവാംബരം. 21

| | |
|---|---|
| "പ്ലവംഗമാഃ! | "വാനരന്മാരേ! |
| മാം | എന്നെ |
| മഹാമേരുപ്രതീകാശം | മഹാമേരുതുല്യനായി |
| ദിവം | ആകാശത്തെ |
| ആവൃത്യ | മറച്ചുകൊണ്ടു് |
| ഗച്ഛന്തം | ചെല്ലുന്നവനായി |
| അംബരം | വാനാകെ |
| ഗ്രസമാനം ഇവ | വിഴുങ്ങുന്നവനെന്നപോലെ |
| ദ്രക്ഷ്യഥ. | നിങ്ങൾ കണ്ടുകൊൾവിൻ. |

വിധമിഷ്യാമി ജീമൂതാൻ കമ്പയിഷ്യാമി പർവ്വതാൻ
സാഗരം ശോഷയിഷ്യാമി പ്ലവമാനഃ സമാഹിതഃ. 22

| | | | |
|---|---|---|---|
| **"സമാഹിതഃ** | "മനസ്സുവെച്ച് | **പർവ്വതാൻ** | പർവ്വതങ്ങളെ |
| **പ്ലവമാനഃ,** | ചാടുന്നവനായ ഞാൻ | **കമ്പയിഷ്യാമി;** | കുലുക്കുന്നുണ്ട്; |
| **സാഗരം** | സമുദ്രത്തെ | **ജീമൂതാൻ** | മേഘങ്ങളെ |
| **ശോഷയിഷ്യാമി;** | വററിക്കുന്നുണ്ട്; | **വിധമിഷ്യാമി** | ചിതറിക്കുന്നുണ്ട്. |

വൈനതേയസ്യ സാ ശക്തിർമ്മമ യാ മാരുതസ്യ വാ. 23

| | | | |
|---|---|---|---|
| **"വൈനതേയസ്യ** | "ഗരുഡൻെറയും | **യാ** | യാതൊന്നോ |
| **മാരുതസ്യ** | വായുവിൻെറയും | **സാ** | അതു |
| **ശക്തിഃ** | ശക്തി | **മമ വാ.** | എനിക്കുമുണ്ട്. |

ഋതേ സുപർണ്ണരാജാനം മാരുതം വാ മഹാജവം
ന തദ്ഭൂതം പ്രപശ്യാമി യന്മാം പ്ലുതമനുവ്രജേത്. 24

| | | | |
|---|---|---|---|
| **"മഹാജവം** | "അതിവേഗതയുള്ള | **യത്** | യാതൊന്നു |
| **സുപർണ്ണരാജാനം** | ഗരുഡനേയും | **അനുവ്രജേത്,** | അനുഗമിക്കുമോ, |
| **മാരുതം വാ** | വായുവിനേയും | **തത്** | അപ്രകാരമുള്ള |
| **ഋതേ** | ഒഴികെ, | **ഭൂതം** | ഒരു പ്രാണിയെ |
| **പ്ലുതം** | പറന്നുചെല്ലുന്നവനായ | **ന പ്രപശ്യാമി.** | ഞാൻ അറിയുന്നില്ല. |
| **മാം** | എന്നെ | | |

നൂനം നേഷ്യാമി വൈദേഹീം രാമസ്യ മഹിഷീം പ്രിയാം
മഹാസന്നാഹനോപേതൌ മഹാന്തൌ പുരുഷർഷഭൌ
ഋശ്യമൂകം പുനഃ ശൈലം പ്ലവേയം രാമലക്ഷ്മണൌ. 25

| | | | |
|---|---|---|---|
| **"രാമസ്യ** | "ശ്രീരാമൻെറ | **പുരുഷർഷഭൌ** | പുരുഷോത്തമന്മാരും |
| **പ്രിയാം മഹിഷീം** | പ്രിയതമയായ | **മഹാന്തൌ** | മഹാത്മാക്കളുമായ |
| **വൈദേഹീം** | വൈദേഹിയെ | **രാമലക്ഷ്മണൌ** | ശ്രീരാമലക്ഷ്മണന്മാരുടെ അടുക്കൽ |
| **നേഷ്യാമി;** | ഞാൻ എടുത്തുകൊണ്ടു വരുന്നുണ്ട്; | **ഋശ്യമൂകം ശൈലം** | ഋശ്യമൂക പർവ്വതത്തിലേക്ക് |
| **നൂനം** | ഇപ്പോൾ തന്നെ | **പുനഃ** | തിരിയെ |
| **മഹാസന്നാഹനോപേതൌ** | അതി പ്രയത്നശാലികളും | **പ്ലവേയം.** | ചാടിപ്പോകുന്നുണ്ട്. |

നിമേഷാന്തരമാത്രേണ നിരാലംബനമംബരം
സഹസാ നിപതിഷ്യാമി ഘനാദ്വിദ്യുദിവോത്ഥിതാ. 26

| | | | |
|---|---|---|---|
| **"ഘനാത്** | "മേഘത്തിൽ നിന്നു് | **നിരാലംബനം** | ആലംബനമൊന്നുമില്ലാത്ത |
| **വിദ്യുത്** | മിന്നൽ | **അംബരം** | ആകാശത്തെ |
| **ഉത്ഥിതാ ഇവ,** | ഉളവായ പോലെ, | **സഹസാ** | ക്ഷണത്തിൽ |
| **നിമേഷാന്തരമാത്രേണ** | ഒരു നിമിഷത്തിനുള്ളിൽ | **നിപതിഷ്യാമി.** | ഞാൻ കടക്കുന്നുണ്ട്. |

ഭവിഷ്യതി ഹി മേ രൂപം പ്ലവമാനസ്യ സാഗരേ
വിഷ്ണോർവ്വിക്രമമാണസ്യ പുരാ ത്രീൻ വിക്രമാനിവ. 27

| | | | |
|---|---|---|---|
| "പുരാ | "പണ്ടു് | സാഗരേ | സമുദ്രത്തിൽ |
| ത്രീൻ വിക്രമാൻ | മൂന്നടികളെ | പ്ലവമാനസ്യ | ചാടിക്കടക്കുന്ന |
| വിക്രമമാണസ്യ | അളക്കുന്നവനായ | മേ ഹി | എന്റേതും |
| വിഷ്ണോഃ | മഹാവിഷ്ണുവിന്റെ | ഭവിഷ്യതി. | ആയ്ത്തീരുന്നതാണു്. |
| രൂപം ഇവ, | രൂപം എന്നപോലെ, | | |

ബുദ്ധ്യാ ചാഹം പ്രപശ്യാമി മനശ്ചേഷ്ടാ ച മേ തഥാ
അഹം ദ്രക്ഷ്യാമി വൈദേഹീം പ്രമോദധ്വം പ്ലവംഗമാഃ. 28

| | | | |
|---|---|---|---|
| "അഹം | "ഞാൻ | അഹം | ഞാൻ |
| വൈദേഹീം | വൈദേഹിയെ | ബുദ്ധ്യാ | നിശ്ചയബുദ്ധികൊണ്ടും |
| ദ്രക്ഷ്യാമി ; | കണ്ടെത്തും ; | പ്രപശ്യാമി ; | ആലോചിച്ചുകാണുന്നു; |
| മേ | എന്റെ | പ്ലവംഗമാഃ ! | വാനരന്മാരേ ! |
| മനശ്ചേഷ്ടാ ച | അന്തഃകരണവൃത്തി | ച | അതിനാൽ |
| തഥാ ; | അപ്രകാരം അറിയിക്കുന്നു ; | പ്രമോദധ്വം. | സന്തോഷിപ്പിൻ. |

[“സതാം ഹി സന്ദേഹപദേഷു വസ്തുഷു പ്രമാണമന്തഃകരണപ്രവൃത്തയഃ” എന്ന പ്രകാരം, സംശയമുണ്ടാകുന്ന ഘട്ടങ്ങളിൽ സജ്ജനങ്ങൾക്കു് അന്തഃകരണവൃത്തിതന്നെ വാസ്തവത്തെ ഉദ്ബോധിപ്പിക്കുന്നു.

ശാസ്ത്രങ്ങളിൽ ‘അന്തരംഗങ്ങൾ’ നാലായി പറയപ്പെട്ടിരിക്കുന്നു. മനസ്സ് (സങ്കല്പം വികല്പം എന്നിവയോടു കൂടിയതു; സംശയാത്മകം); ബുദ്ധി (അദ്ധ്യവസായം ചെയ്യുന്നതു; ആലോചിച്ചു് തീർച്ചയാക്കുന്നതു്; നിശ്ചയാത്മകം); ചിത്തം (ഓർമ്മയ്ക്കു് കാരണമായതു്); അഹങ്കാരം (അഭിമാനിക്കുന്നതു്), എന്നിപ്രകാരമാകുന്നു “മനോ ബുദ്ധിരഹങ്കാരശ്ചിത്തമിത്യന്തരാത്മനഃ. ചതുർദ്ധാ ദൃശ്യതേ ഭേദോ വൃത്ത്യാ ലക്ഷണരൂപയാ” (ഭാഗവതം). “ബുദ്ധിരദ്ധ്യവസായായ സംശയം കുരുതേ മനഃ അഭിമാനേ ത്വഹങ്കാരഃ ചിത്തം സ്മരണകാരണം” (സ്കാന്ദം) ]

മാരുതസ്യ സമോ വേഗേ ഗരുഡസ്യ സമോ ജവേ
അയുതം യോജനാനാം തു ഗമിഷ്യാമീതി മേ മതിഃ. 29

| | | | |
|---|---|---|---|
| "വേഗേ | "ഊക്കിൽ | യോജനാനാം അയുതം തു | അസംഖ്യം യോജനകൾ |
| മാരുതസ്യ സമഃ, | വായുവിന്നുതുല്യനായും, | ഗമിഷ്യാമി ഇതി | ഞാൻ കടന്നുചെല്ലുമെന്നാണു് |
| ജവേ | വേഗതയിൽ | മേ | എന്റെ |
| ഗരുഡസ്യ സമഃ | ഗരുഡന്നു സമനായും, | മതിഃ. | ഉറപ്പു്. |

വാസവസ്യ സവജ്രസ്യ ബ്രഹ്മണോ വാ സ്വയംഭുവഃ
വിക്രമ്യ സഹസാ ഹസ്താദമൃതം തദിഹാനയേ. 30

| | | | |
|---|---|---|---|
| "സവജ്രസ്യ | "വജ്രായുധത്തോടുകൂടിയ | സഹസാ | അലക്ഷ്യമായി |
| വാസവസ്യ വാ | ഇന്ദ്രന്റെയും | വിക്രമ്യ, | എതിർത്തു പൊരുതി, |
| സ്വയംഭുവഃ | സ്വയംഭുവായ | തത് അമൃതം | ആ അമൃതത്തെ |
| ബ്രഹ്മണഃ | ബ്രഹ്മാവിന്റെയും | ഇഹ ആനയേ. | ഇവിടെ ഞാൻ കൊണ്ടുവന്നേക്കാം. |
| ഹസ്താത്; | കൈയിൽനിന്നു്, | | |

തേജശ്ചന്ദ്രാദ്ധി ഗൃഹ്ണീയാം സൂര്യാദ്വാ തേജ ഉത്തമം
ലങ്കാം വാപി സമുത്ക്ഷിപ്യ ഗച്ഛേയമിതി മേ മതിഃ. 31

| | | | |
|---|---|---|---|
| "ചന്ദ്രാത് ഹി | "ചന്ദ്രങ്കൽനിന്ന് | ലങ്കാം അപി | ലങ്കയെത്തന്നേയും |
| തേജഃ, | തേജസ്സിനേയും | സമുത്ക്ഷിപ്യ വാ | തീരെ പുഴക്കിയെടുത്ത് |
| സൂര്യാത് വാ | സൂര്യങ്കൽനിന്ന് | ഗച്ഛേയം, | തിരിയെ വന്നേക്കാം, |
| ഉത്തമം | ശ്രേഷ്ഠമായ | ഇതി | എന്ന് |
| തേജഃ | തേജസ്സിനേയും, | മേ | എനിക്ക് |
| ഗൃഹ്ണീയാം; | ഞാൻ കൊണ്ടുവന്നേക്കാം; | മതിഃ." | ഉറപ്പുണ്ട്." |

തമേവം വാനരശ്രേഷ്ഠം ഗർജ്ജന്തമമിതൌജസം
പ്രഹൃഷ്ടാ ഹരയസ്തത്ര സമുദൈക്ഷന്ത വിസ്മിതാഃ. 32

| | | | |
|---|---|---|---|
| ഹരയഃ, | വാനരന്മാർ | ഗർജ്ജന്തം | ഗർജ്ജിക്കുന്ന |
| തത്ര | അപ്പോൾ | അമിതൌജസം | അമിതപരാക്രമിയായ |
| വിസ്മിതാഃ | ആശ്ചര്യഭരിതരായി | തം വാനരശ്രേഷ്ഠം, | ആ വാനരശ്രേഷ്ഠനെ |
| പ്രഹൃഷ്ടാഃ, | പ്രസന്നതയാർന്നവരായി, | സമുദൈക്ഷന്ത. | കൌതുകത്തോടെ നോക്കിനിന്നു. |
| ഏവം | ഇപ്രകാരം | | |

തസ്യ തദ്വചനം ശ്രുത്വാ ജ്ഞാതീനാം ശോകനാശനം
ഉവാച പരിസംഹൃഷ്ടോ ജാംബവാൻ ഹരിസത്തമം. 33

| | | | |
|---|---|---|---|
| ജ്ഞാതീനാം | ബന്ധുജനങ്ങളുടെ | പരിസംഹൃഷ്ടഃ | ഉത്സാഹം വളർച്ചവനായ |
| ശോകനാശനം | ദുഃഖത്തെതീർക്കുന്നതായ | ജാംബവാൻ, | ജാംബവാൻ, |
| തസ്യ | ഹനുമാന്റെ | ഹരിസത്തമം | വാനരശ്രേഷ്ഠനെ നോക്കി |
| തത് വചനം | ആ വാക്കു | | |
| ശ്രുത്വാ, | കേട്ട് | ഉവാച. | പറഞ്ഞു. |

വീര കേസരിണഃ പുത്ര ഹനുമൻ മാരുതാത്മജ
ജ്ഞാതീനാം വിപുലഃ ശോകസ്ത്വയാ താത പ്രണാശിതഃ 34

| | | | |
|---|---|---|---|
| "വീര! | "ഹേ വീര! | താത! | വത്സ! |
| കേസരിണഃ പുത്ര! | കേസരിപുത്ര! | ജ്ഞാതീനാം | ബന്ധുജനങ്ങളുടെ |
| | | വിപുലഃ ശോകഃ | വലുതായ ദുഃഖം |
| മാരുതാത്മജ! | വായുകുമാര! | ത്വയാ | ഭവാനാൽ |
| ഹനുമൻ! | ഹനുമാനേ! | പ്രണാശിതഃ. | ഇല്ലാതാക്കപ്പെട്ടു. |

തവ കല്യാണരുചയഃ കപിമുഖ്യാഃ സമാഹിതാഃ
മംഗളാന്യർത്ഥസിദ്ധ്യർത്ഥം കരിഷ്യന്തി സമാഹിതാഃ 35

| | | | |
|---|---|---|---|
| "തവ | "ഭവാന്റെ | അർത്ഥസിദ്ധ്യർത്ഥം | കാര്യസിദ്ധിക്കായി |
| കല്യാണരുചയഃ | ഗുണകാംക്ഷികളായ | മംഗളാനി | മംഗളാശംസകളെ |
| കപിമുഖ്യാഃ, | വാനരശ്രേഷ്ഠന്മാർ, | സമാഹിതാഃ | ഏകാഗ്രമനസ്സോടെ |
| സമാഹിതാഃ | ഒന്നിച്ചു ചേർന്ന് | കരിഷ്യന്തി. | ചെയ്യുന്നതാണ്. |

ഋഷീണാം ച പ്രസാദേന കപിവൃദ്ധമതേന ച
ഗുരൂണാം ച പ്രസാദേന പ്ലവസ്വ ത്വാം മഹാർണ്ണവം. 36

| | |
|---|---|
| "ഋഷീണാം | "മുനിശ്രേഷ്ഠന്മാരുടെ |
| പ്രസാദേന ച, | പ്രസാദത്താലും, |
| കപിവൃദ്ധമതേന ച, | വൃദ്ധവാനരന്മാരുടെ അനുമതിയാലും, |
| ഗുരൂണാം | ഗുരുജനങ്ങളുടെ |
| പ്രസാദേന ച, | അനുഗ്രഹത്താലും, |
| ത്വാം | ഭവാൻ |
| മഹാർണ്ണവം | വൻ കടലിനെ |
| പ്ലവസ്വ. | ചാടിക്കടന്നാലും. |

സ്ഥാസ്യാമശ്ചൈകപാദേന യാവദാഗമനം തവ
ത്വദ്ഗതാനി ച സർവ്വേഷാം ജീവിതാനി വനൌകസാം. 37

| | |
|---|---|
| "തവ ആഗമനം യാവത് | "അങ്ങ് തിരിച്ചുവരുന്നതുവരെ, |
| ഏകപാദേന ച | ഒററക്കാലിൽ തന്നെ |
| സ്ഥാസ്യാമഃ; | ഞങ്ങൾ നിന്നുകൊണ്ടിരിക്കും; |
| വനൌകസാം | വാനരന്മാർ |
| സർവ്വേഷാം | എല്ലാവരുടേയും |
| ജീവിതാനി ച | പ്രാണങ്ങൾ |
| ത്വദ്ഗതാനി." | ഭവാനെ ആശ്രയിച്ചാണിരിക്കുന്നത്." |

തതസ്തു ഹരിശാർദ്ദൂലസ്താനുവാച വനൌകസഃ
നേയം മമ മഹീ വേഗം ലംഘനേ ധാരയിഷ്യതി. 38

| | |
|---|---|
| തതഃ | അനന്തരം |
| ഹരിശാർദ്ദൂലഃ, | വാനരശ്രേഷ്ഠനായ ഹനുമാൻ, |
| താൻ | ആ |
| വനൌകസഃ | വാനരന്മാരെ നോക്കി |
| ഉവാച; | പറഞ്ഞു; |
| "ലംഘനേ | "ചാട്ടത്തിൽ |
| മമ വേഗം | എൻെറ ഊക്കിനെ |
| ഇയം മഹീ തു | ഈ ഭൂമിയും |
| ന ധാരയിഷ്യതി. | താങ്ങുകയില്ല. |

ഏതാനീഹ നഗസ്യാസ്യ ശിലാസങ്കടശാലിനഃ
ശിഖരാണി മഹേന്ദ്രസ്യ സ്ഥിരാണി ച മഹാന്തി ച. 39

| | |
|---|---|
| "ഇഹ | "ഇവിടെ |
| അസ്യ | ഈ |
| ശിലാസങ്കടശാലിനഃ | കൽപാറകൾ നിറഞ്ഞ |
| മഹേന്ദ്രസ്യ നഗസ്യ | മഹേന്ദ്രപർവ്വതത്തിൻെറ |
| ഏതാനി | ഈ |
| ശിഖരാണി, | ശിഖരങ്ങൾ, |
| മഹാന്തി ച | വമ്പിച്ചവയും |
| സ്ഥിരാണി ച. | ഉറപ്പേറിയവയുമായിരിക്കുന്നുണ്ട്. |

ഏഷു വേഗം കരിഷ്യാമി മഹേന്ദ്രശിഖരേഷ്വഹം
നാനാദ്രുമവികീർണ്ണേഷു ധാതുനിഷ്യന്ദശോഭിഷു. 40

| | |
|---|---|
| "നാനാദ്രുമവികീർണ്ണേഷു | "പലവിധവൃക്ഷങ്ങളിടതിങ്ങിയവയും |
| ധാതുനിഷ്യന്ദശോഭിഷു | ധാതുക്കൾ നിറഞ്ഞ് പരിലസിക്കുന്നവയും [ആയ |
| ഏഷു | ഈ |
| മഹേന്ദ്രശിഖരേഷു | മഹേന്ദ്രപർവ്വതശിഖരങ്ങളിൽവെച്ച് |
| അഹം | ഞാൻ |
| വേഗം കരിഷ്യാമി. | ചാടുവാൻ തുടങ്ങാം. |

ഏതാനി മമ നിഷ്പേഷം പാദയോഃ പ്ലവതാം വരാഃ
പ്ലവതോ ധാരയിഷ്യന്തി യോജനാനാമിതഃ ശതം. 41

| | | | |
|---|---|---|---|
| "പ്ലവതാം വരാഃ! | "വാനരശ്രേഷ്ഠന്മാരേ! | പാദയോഃ | കാലുകളുടെ |
| ഇതഃ | ഇവിടെനിന്ന് | നിഷ്പേഷം, | ചവിട്ടിനെ, |
| യോജനാനാം ശതം | നൂറുയോജനകൾ ദൂരം | ഏതാനി | ഇവ |
| പ്ലവതഃ മമ | ചാടുവാൻ തുടങ്ങുന്നവനായ എന്റെ | ധാരയിഷ്യന്തി." | താങ്ങിക്കൊള്ളും." |

തദേവം വാനരശ്രേഷ്ഠോ ഹനുമാനുദ്ഗിരദ്വചഃ. 42

| | | | |
|---|---|---|---|
| വാനരശ്രേഷ്ഠഃ | വാനരശ്രേഷ്ഠനായ | തത് | ആ |
| ഹനുമാൻ | ഹനുമാൻ | വചഃ | വാക്യത്തെ |
| ഏവം | മേൽപ്രകാരമുള്ള | ഉദ്ഗിരത്. | ഘോഷിച്ചു. |

തതസ്തം മാരുതപ്രഖ്യഃ സ ഹരിർമ്മാരുതാത്മജഃ
ആരുരോഹ ഗിരിശ്രേഷ്ഠം മഹേന്ദ്രമരിമർദ്ദനഃ. 43

| | | | |
|---|---|---|---|
| തതഃ, | അതിൽപിന്നെ, | സഃ ഹരിഃ, | ആ വാനരൻ, |
| മാരുതപ്രഖ്യഃ | വായുതുല്യനും | തം മഹേന്ദ്രം | ആ മഹേന്ദ്രമെന്ന |
| മാരുതാത്മജഃ | പവനാത്മജനും | ഗിരിശ്രേഷ്ഠം | ശ്രേഷ്ഠപർവ്വതത്തിൽ |
| അരിമർദ്ദനഃ | ശത്രുനാശകനുമായ | ആരുരോഹ. | കയറി. |

വൃതം നാനാവിധൈർവൃക്ഷൈർമൃഗസേവിതശാദ്വലം
ലതാകുസുമസംബാധം നിത്യപുഷ്പഫലദ്രുമം 44
സിംഹശാർദ്ദൂലചരിതം മത്തമാതംഗസേവിതം
മത്തദ്വിജഗണോദ്ഘുഷ്ടം സലിലോത്പീഡസങ്കുലം 45
മഹദ്ഭിരുച്ഛ്രിതം ശൃംഗൈർമ്മഹേന്ദ്രം സ മഹാബലഃ
വിചചാര ഹരിശ്രേഷ്ഠോ മഹേന്ദ്രസമവിക്രമഃ. 46

| | | | |
|---|---|---|---|
| നാനാവിധൈഃ | പലവിധ | മത്തദ്വിജഗണോദ്ഘുഷ്ടം | മദിച്ച പക്ഷിഗണങ്ങളാൽ ശബ്ദിക്കപ്പെട്ടതും |
| വൃക്ഷൈഃ | വൃക്ഷങ്ങളാൽ | സലിലോത്പീഡസംകുലം | വെള്ളച്ചാട്ടങ്ങൾ അധികമുള്ളതും |
| വൃതം, | ചൂഴപ്പെട്ടതും, | മഹദ്ഭിഃ ശൃംഗൈഃ | വലിയ ശിഖരങ്ങളാൽ |
| മൃഗസേവിതശാദ്വലം | മാനുകളുള്ള പുൽത്തറകളോടുകൂടിയതും | ഉച്ഛ്രിതം | ഉയൎന്ന് കാണപ്പെടുന്നതുമായ |
| ലതാകുസുമസംബാധം | ലതകളും പുഷ്പങ്ങളും നിറഞ്ഞതും | മഹേന്ദ്രം, | മഹേന്ദ്രപർവ്വതത്തിൽ, |
| നിത്യപുഷ്പഫലദ്രുമം | പുഷ്പങ്ങളും ഫലങ്ങളും എന്നും നൽകുന്ന വൃക്ഷങ്ങളുള്ളതും | മഹേന്ദ്രസമവിക്രമഃ | മഹേന്ദ്രതുല്യപരാക്രമിയും |
| സിംഹശാർദ്ദൂലചരിതം | സിംഹങ്ങളും പുലികളും സഞ്ചരിക്കുന്നതും | ഹരിശ്രേഷ്ഠഃ | വാനരശ്രേഷ്ഠനുമായ |
| മത്തമാതംഗസേവിതം | മദിച്ച ആനകൾ വസിക്കുന്നതും | സഃ മഹാബലഃ | ആ മഹാബലവാൻ |
| | | വിചചാര. | ചാടിത്തിരിഞ്ഞു. |

പാദാഭ്യാം പീഡിതസ്തേന മഹാശൈലോ മഹാത്മനഃ
രരാസ സിംഹാഭിഹതോ മഹാമത്ത ഇവ ദ്വിപഃ. 47

| | | | |
|---|---|---|---|
| മഹാത്മനഃ | ആ മഹാത്മാവിന്റെ | സിംഹാഭിഹതഃ | സിംഹത്താൽ പീഡിക്കപ്പെട്ട |
| പാദാഭ്യാം | കാലുകൾകൊണ്ടു് | മഹാമത്തഃ | ഏററവും മദിച്ച |
| പീഡിതഃ | അമൎത്തപ്പെട്ടതായ | ദ്വിപഃ ഇവ, | ആനയെന്നപോലെ, |
| മഹാശൈലഃ, | ആ വൻമല, | തേന രരാസ. | അതിനാൽ വിറച്ചു. |

മുമോച സലിലോത്പീഡാൻ വിപ്രകീൎണ്ണശിലോച്ചയഃ
വിത്രസ്തമൃഗമാതംഗഃ പ്രകമ്പിതമഹാദ്രുമഃ 48
നാഗഗന്ധൎവ്വമിഥുനൈഃ പാനസംസൎഗ്ഗകൎക്കശൈഃ
ഉത്പതദ്ഭിശ്ച വിഹഗൈർവിദ്യാധരഗണൈരപി 49
ത്യജ്യമാനമഹാസാനുഃ സംനിലീനമഹോരഗഃ
ചലശൃംഗശിലോദ്ഘാതസ്തദാഽഭവത് സ മഹാഗിരിഃ. 50

| | | | |
|---|---|---|---|
| സഃ | ആ | നാഗഗന്ധൎവ്വമിഥുനൈഃ | നാഗങ്ങളുടേയും ഗന്ധൎവ്വന്മാരുടേയും മിഥുനങ്ങളാലും |
| മഹാഗിരിഃ | വൻമല | വിദ്യാധരഗണൈഃ അപി | വിദ്യാധരഗണങ്ങളാലും |
| തദാ | അപ്പോൾ | ഉത്പതദ്ഭിഃ | ഉയരെ പറക്കുന്ന |
| വിപ്രകീൎണ്ണശിലോച്ചയഃ | ചിതറിയ കല്ലുകളോടുകൂടിയതായി, | വിഹഗൈഃ ച | പക്ഷികളാലും |
| സലിലോത്പീഡാൻ | ജലപ്രവാഹങ്ങളെ | ത്യജ്യമാനമഹാസാനുഃ | ഉപേക്ഷിക്കപ്പെട്ട താഴ്വരകളോടുകൂടിയതായും |
| മുമോച; | സ്രവിപ്പിച്ചു; | സംനിലീനമഹോരഗഃ | പതുങ്ങിക്കിടക്കുന്ന പെരുമ്പാമ്പുകളോടുകൂടിയതായും |
| വിത്രസ്തമൃഗമാതംഗഃ | ഭയന്ന മാനുകളോടും ആനകളോടും കൂടിയതായി | ചലശൃംഗശിലോദ്ഘാതഃ | പുഴങ്ങിമറിഞ്ഞ ശിഖരങ്ങളും പാറകളുമുള്ളതായും |
| പ്രകമ്പിതമഹാദ്രുമഃ | കുലുക്കപ്പെട്ട വന്മരങ്ങളാൎന്നതായി | അഭൂത്. | ഭവിച്ചു. |
| പാനസംസൎഗ്ഗകൎക്കശൈഃ | മധുപാനത്തിലും സംഭോഗത്തിലും അത്യൌത്സുക്യംപൂണ്ട | | |

നിശ്വസദ്ഭിസ്തദാ തൈസ്തു ഭുജംഗൈരൎദ്ധനിഃസൃതൈഃ
സപതാക ഇവാഭാതി സ തദാ ധരണീധരഃ. 51

| | | | |
|---|---|---|---|
| തദാ തൈഃ | ആ ചവിട്ടിനാൽ ചതഞ്ഞു് | ഭുജംഗൈഃ | സൎപ്പങ്ങളാൽ |
| | | സഃ ധരണീധരഃ | ആ പൎവ്വതം |
| നിശ്വസദ്ഭിഃ തു | ചീറുന്നവയും | സപതാകഃ ഇവ | കൊടികൾ കെട്ടപ്പെട്ടതുപോലെ |
| അൎദ്ധനിഃസൃതൈഃ | പകുതി പുറത്തേക്കുവന്നവയും ആയ | തദാ | ആ സമയം |
| | | ആഭാതി. | പ്രകാശിക്കയായി. |

ഋഷിഭിസ്ത്രാസസംഭ്രാന്തൈസ്ത്യജ്യമാനഃ ശിലോച്ചയഃ
സീദന്മഹതി കാന്താരേ സാർത്ഥഹീന ഇവാദ്ധ്വഗഃ. 52

| | | | |
|---|---|---|---|
| ത്രാസ-സംഭ്രാന്തൈഃ | പേടിച്ചുവിവശരായ | മഹതി കാന്താരേ | വൻകാട്ടിൽ |
| ഋഷിഭിഃ | മുനിമാരാൽ | സാർത്ഥഹീനഃ | സംഘത്താൽ വിട്ടുപിരിയപ്പെട്ട |
| ത്യജ്യമാനഃ | വെടിയപ്പെട്ടതായ | അദ്ധ്വഗഃ ഇവ | വഴിപോക്കനെന്നപോലെ |
| ശിലോച്ചയഃ, | ആ പർവ്വതം, | സീദത്. | ആയി. |

സ വേഗവാൻ വേഗസമാഹിതാത്മാ
ഹരിപ്രവീരഃ പവനാത്മജഃ കപിഃ
മനഃ സമാധായ മഹാനുഭാവോ
ജഗാമ ലങ്കാം മനസാ ഹനൂമാൻ. 53

| | | | |
|---|---|---|---|
| പവനാത്മജഃ | വായുസൂനുവും | സമാധായ | സ്ഥിരപ്പെടുത്തിക്കൊണ്ട് |
| ഹരിപ്രവീരഃ | വാനരന്മാരിൽ ശ്രേഷ്ഠനും | വേഗസമാഹിതാത്മാ, | വേഗം ചെല്ലുന്നതിൽ മനസ്സർപ്പിച്ചവനായി |
| കപിഃ | കപിയും | ലങ്കാം | ലങ്കയെ |
| വേഗവാൻ | വേഗവാനും | മനസാ | മനസ്സുകൊണ്ട് |
| മഹാനുഭാവഃ | മഹാനുഭാവനുമായ | ജഗാമ. | പ്രാപിച്ചു. |
| സഃ ഹനൂമാൻ, | ആ ഹനുമാൻ, | | |
| മനഃ | മനസ്സിനെ | | |

ഇത്യാർഷേ ശ്രീമദ്രാമായണേ വാല്മീകീയേ ആദികാവ്യേ കിഷ്കിന്ധാകാണ്ഡേ
സപ്തഷഷ്ടിതമഃ സർഗ്ഗഃ = അറുപത്തേഴാംസർഗ്ഗം സമാപ്തം.

ആദ്യം മുതൽ ശ്ലോകസംഖ്യ 11790; കിഷ്കിന്ധാകാണ്ഡം ആദ്യം മുതൽ ശ്ലോകസംഖ്യ 2538.

ഇതി കിഷ്കിന്ധാകാണ്ഡം സമാപ്തം.

അസ്യാനന്തരം സുന്ദരകാണ്ഡം ഭവിഷ്യതി—തസ്യായം ആദ്യഃ ശ്ലോകഃ

തതോ രാവണനീതായാഃ
സീതായാഃ ശത്രുകർശനഃ
ഇയേഷ പദമന്വേഷ്ടും
ചാരണാചരിതേ പഥി.

ശുഭം ഭൂയാത്.

# ശുദ്ധിപത്രം.

## ശ്ലോകങ്ങളിൽ

| ഭാഗം | സ. | ശ്ലോ. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|---|---|
| 104 | 10 | 4 | 1 | നൃപഃ | നൃപ |
| 171 | 16 | 22 | 1 | സമഭിഗമ്യ | സമഭിക്രമ്യ |
| 340 | 30 | 59 | 1 | വിനാദിതാ | വിനാദിതാഃ |
| 352 | 31 | 20 | 1 | പരീതാംഗഃ | പരീതാംഗാഃ |
| 365 | 32 | 18 | 2 | അഥ | അത |
| 369 | 33 | 18 | 2 | ആവാൎയ്യമാണഃ | അവാൎയ്യമാണഃ |
| 375 | 33 | 38 | 2 | സലക്ഷ്മണാ | സലക്ഷണാ |
| 375 | 33 | 39 | 1 | സമീക്ഷൈവ | സമീക്ഷ്യൈവ |

## അന്വയാൎത്ഥത്തിൽ

| ഭാഗം | സ. | ശ്ലോ. | പംക്തി. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|---|---|---|
| 280 | 26 | 29 | 2 | 1 | ഭൈക്ഷഃ | ഭൈക്ഷ്യഃ |
| 304 | 28 | 36 | 1 | 2 | വണ്ടിണ | വണ്ടിന |
| 305 | 28 | 38 | 2 | 1 | വീണ | വീണ |
| 314 | 29 | 6 | 1 | 1 | നിശ്ചിതാൎത്ഥം | നിശ്ചിതാൎത്ഥഃ |
| 436 | 40 | 51 | 2 | 3 | സഹസ്രശിഖരം | സഹസ്രശിരസം |
| 565 | 58 | 29 | 2 | 1 | പ്രതികാൎയ്യം | പ്രതികാൎയ്യം |